കലക്കത്തു കുഞ്ചൻനമ്പ്യാരുടെ

തുള്ളക്കഥകൾ.

ശ്രേയസ്

ഭാരതത്തിന്റെ ആദ്ധ്യാത്മികജ്ഞാനവും സാംസ്കാരികപൈതൃകവും പരിപോഷിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന മഹദ്ഗ്രന്ഥങ്ങൾ, അവയുടെ മൂല്യവും വ്യക്തതയും ഒട്ടും ചോർന്നുപോകാതെതന്നെ, നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പരിരക്ഷിക്കുകയും ജിജ്ഞാസുകൾക്ക് സൗജന്യമായി പകർന്നുകൊടുക്കുകയും ചെയ്യുക എന്ന ശ്രേയസ് ഫൗണ്ടേഷന്റെ ലക്ഷ്യ സാക്ഷാത്കാരമാണ് ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറി.

ഗ്രന്ഥശാലകളുടെയും ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെയും വ്യക്തികളുടെയും സഹകരണത്തോടെ കോർത്തിണക്കിയിരിക്കുന്ന ഈ ഓൺലൈൻ ലൈബ്രറിയിൽ അപൂർവ്വങ്ങളായ വിശിഷ്ടഗ്രന്ഥങ്ങൾ സ്കാൻചെയ്ത് മികവാർന്ന ചെറിയ പി ഡി എഫ് ഫയലുകളായി ലഭ്യമാക്കിയിരിക്കുന്നു. ഇവ കമ്പ്യൂട്ടറിലോ പ്രിന്റ് ചെയ്തോ എളുപ്പത്തിൽ വായിക്കാവുന്നതാണ്.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയിൽ ലഭ്യമായ ഗ്രന്ഥങ്ങൾ വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി സൗജന്യമായി ഉപയോഗിക്കാവുന്നതാണ്. എന്നാൽ വാണിജ്യപരവും മറ്റുമായ കാര്യങ്ങൾക്കായി ഇവ ദുരുപയോഗം ചെയ്യുന്നത് തീർച്ചയായും അനുവദനീയമല്ല.

ഈ ഗ്രന്ഥശേഖരത്തിന് മുതൽക്കൂട്ടായ ഈ പുണ്യഗ്രന്ഥത്തിന്റെ രചയിതാവിനും പ്രകാശകർക്കും നന്ദി രേഖപ്പെടുത്തുന്നു.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയെക്കുറിച്ചും ശ്രേയസ് ഫൗണ്ടേഷനെക്കുറിച്ചും കൂടുതൽ വിവരങ്ങൾ അറിയാനും പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും ശ്രേയസ് വെബ്സൈറ്റ് സന്ദർശിക്കുക.

http://sreyas.in

കുഞ്ചൻനമ്പ്യാർ

അമ്പലപ്പുഴെ ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിൽനിന്നും മൂന്നുനാലുവിളിപ്പാടു തെക്കായി "നമ്പ്യാർമഠം" എന്നു പേരുള്ള ഒരു ചെറിയ ഭവനം ഉണ്ടു്. അവിടം ഇപ്പോൾ ഒരു പരദേശബ്രാഹ്മണന്റെ കൈവശമാണെന്നു തോന്നുന്നു. ഏകദേശം ഒന്നരശ്ശതവൎഷത്തിനു മുമ്പു് അവിടെ വസിച്ചിരുന്ന ആൾ ഇപ്പോഴത്തെ കൈവശക്കാരനിൽനിന്നും വളരെ ഭിന്നനായിരുന്നു. ഇപ്പോൾ അദ്ദേഹം യശശ്ശരീരനായി മലയാളഭാഷാസംസ്ഥാനത്തിൽ ജീവിക്കുന്നു. ഉന്മേഷവത്തായ പ്രജ്ഞാശക്തികൊണ്ടു കേരളീയരുടെ ഭാഷയ്ക്കു വികാസവും വിശാലതയും സാഹിത്യത്തിനു് അസാമാന്യസമ്പത്തുകളും സമ്പാദിച്ചുകൊടുത്തിട്ടുള്ള ഈ മഹാന്റെ വാസസ്ഥാനമായിരുന്ന പ്രസ്തുത ഭവനത്തെ, ഷേക്സ്പീയർ, വേർഡ്സ്വത്തു് മുതലായ ആംഗലകവിശ്രേഷ്ഠന്മാരുടെ വാസസ്ഥലം മുതലായവയെ സാഹിത്യരസികന്മാർ ചെന്നു സന്ദൎശിക്കുന്നതുപോലെ ഭാഷാഭിമാനികൾ ഇപ്പോൾ ചെന്നുകണ്ടു ബഹുമാനിക്കമാറില്ല. ഈയിടയ്ക്കു തുഞ്ചത്തെഴുത്തച്ഛന്റെ സ്മരണയെ നിലനിൎത്തുന്നതിനുവേണ്ടി തിരൂർ എന്ന സ്ഥലത്തു ചെയ്തുവരുന്നതായ യത്നങ്ങൾക്കു സദൃശമായി ഒരാരംഭവും അമ്പലപ്പുഴെ കാണ്മാനില്ല. എങ്കിലും അനേകം ഓട്ടന്തുള്ളക്കാർ മുൻപറഞ്ഞ ഭവനത്തിൽചെന്നു പ്രദക്ഷിണംവെച്ചു തൊഴുതുപോകുന്നതു കണ്ടിട്ടുള്ളതായി ഇപ്പോൾ ജീവിച്ചിരിക്കുന്ന ആളുകൾ വളരെപ്പേർ എന്നോടു പറഞ്ഞിട്ടുണ്ടു്. അഥവാ ഭാഷാകവിതയാകുന്ന നഭോമണ്ഡലത്തിൽ അതിപ്രകാശമാനമായി നിന്നു ജനങ്ങളെ ആഹ്ലാദഭരിതന്മാരാക്കിത്തീൎക്കുന്ന ഈ നക്ഷത്രത്തിനു ബാഹ്യങ്ങളായിരിക്കുന്ന ബഹുമാനപ്രകടനങ്ങൾ ഇല്ലെങ്കിൽ എന്തു ഹാനിയുള്ളു? ഈ മഹാനാകട്ടെ ഭാഷയിൽ പുതുതായൊരു സാഹിത്യസംസ്ഥാനം നിൎമ്മിച്ചു് അതിന്റെ അധിപതിയായിനിന്നു ഭാഷാഭിമാനികളുടെ മാനസികശ്രദ്ധാരൂപമായ കപ്പത്തെ കൈപ്പററിവരുന്നു. ഇതിനു് ഇദ്ദേഹത്തിനുള്ള അവകാശങ്ങൾ എന്തെല്ലാമെന്നു നിൎണ്ണയിക്കുന്നതിനാകുന്നു ഇതിനുപരി യത്നിച്ചുകൊള്ളുന്നതു്. ഈ മഹാന്റെ ആദരണീയമായ നാമധേയം കുഞ്ചൻനമ്പ്യാർ എന്നാകുന്നു എന്നു് ഇപ്പോഴേക്കും നിങ്ങൾ ഗ്രഹിച്ചിരിക്കുമല്ലോ.

കവികളുടെ ജീവചരിത്രത്തെക്കുറിച്ചു പ്രകൃത്യാ ജനങ്ങൾ ജിജ്ഞാസുക്കളാകുന്നു. നമ്മോടു സരസമായി അരമണിക്കൂർ സംസാരിക്കുന്ന ഒരുവനെപ്പററി നമുക്കെല്ലാമോ ജിജ്ഞാസയുണ്ടാകുന്നസ്ഥിതിക്കു രസാത്മകങ്ങളായ വാക്യങ്ങളെക്കൊണ്ടു വ്യാപാരംചെയ്യുന്ന കവികളെപ്പററി ജനങ്ങൾക്കിപ്രകാരം ആകാംക്ഷ അങ്കുരിക്കുന്നതു ഏററവും ന്യായമായിരിക്കുമല്ലോ. കുഞ്ചൻനമ്പ്യാരുടെ ജന്മദേശം കിള്ളിക്കുറിച്ചിമംഗലമാകുന്നു. കിള്ളിക്കുറിച്ചി, കിള്ളിക്കുറിച്ചി എന്നു ഭാവിച്ചു് അതിനു സംസ്കൃതത്തിൽ ശുകപുരം എന്നും ഒരു നാമധേയം കാണുന്നുണ്ടു്. കിള്ളിക്കുറിച്ചിയും അതിനടുത്തുള്ള തിരുവില്വാമലയും നമ്പ്യാരുടെ ജനനകാലത്തു കൊച്ചിരാജാവിന്റെ വകയായിരുന്നു; പക്ഷേ കിള്ളിക്കുറിച്ചി പിന്നീടു ടിപ്പുവിന്റെ ആക്രമക്കൊടുങ്കാററു് ഉത്തരകേരളത്തിൽ ചുററിയടിച്ചതിനോടുകൂടിയാണെന്നു തോന്നുന്നു, ചിന്നിച്ചിതറി നയജ്ഞരായ ബ്രിട്ടീഷുകാരുടെ കൈവശത്തിൽപെട്ടു. തിരുവില്വാമല ഇപ്പോഴും കൊച്ചീസംസ്ഥാനത്തു ചേൎന്നതാകുന്നു. കവിയുടെ ജനനം കൊല്ലം ൮൮൦-മാണ്ടിടയ്ക്കാകുന്നു. അദ്ദേഹത്തിന്റെ അച്ഛൻ ഒരു നമ്പ്യാരുതന്നെ. കുഞ്ചന്റെ സഹോദരനായി ദാമോദരൻ എന്നൊരു നമ്പ്യാരും അദ്ദേഹത്തിനു് അനന്തിരവരുണ്ടായിരുന്നസ്ഥിതിക്കു സഹോദരിയായി ചുരുങ്ങിയപക്ഷം ഒരു നങ്ങ്യാരുമുണ്ടായിരുന്നു. അഭിജ്ഞാനശാകുന്തളം ആട്ടക്കഥയായി രചിച്ചിട്ടുള്ള രാഘവൻനമ്പ്യാർ കുഞ്ചൻനമ്പ്യാരുടെ ഒരു ഭാഗിനേയനാണെന്നു ചിലൎക്കു് അഭിപ്രായമുള്ളതായി കാണുന്നു. കുഞ്ചൻനമ്പ്യാരുടെ ബാല്യത്തിലെ കഥാനങ്ങൾ എന്നു വിചാരിപ്പാനിടയുള്ള കൃതികൾ നോക്കിയതിൽ അദ്ദേഹത്തിന്റെ ആദ്യവിദ്യാഭ്യാസം കാവ്യനാടകാലങ്കാരപൎയ്യന്തം ജന്മദേശത്തുതന്നെയായിരുന്നെന്നു സ്പഷ്ടമാകുന്നു. വിശിഷ്ടമായ സരസ്വതീവിലാസം ദിവ്യജനപ്രസാദംകൊണ്ടല്ലാതെ ഉണ്ടാകയില്ലെന്നു വിശ്വസിക്കുന്ന

ല നമ്പ്യാരെപ്പററിയും കഥകൾ ഉണ്ടാക്കിയിട്ടുണ്ട്. പുത്രികളെ
ൻ യാചിച്ചുണ്ടാക്കിയ സല്പധനവുംകൊണ്ടു കിള്ളിക്കുറിച്ചിയിൽ
സാധു ബ്രാഹ്മണൻ പണക്കിഴി കുളക്കടവിൽ വച്ചിട്ടു കുളിച്ചുകൊ
ആ വഴി കടന്നുപോയ ഒരു പശു കിഴിയുടെ മുകളിൽതന്നെ അതു മൂട
ച്ചും ചാണകമിട്ടെന്നും നമ്പൂരി കുളിച്ചുകഴിഞ്ഞപ്പോൾ കിഴി കാണായ്കയാൽ വള
ദുഃഖിച്ച് അമ്പലത്തിൽ പോയിരുന്നെന്നും അനന്തരം നമ്പ്യാരുടെ മാതാവായ ന
ങ്യാർ ഗോമയം വാരുവാൻ ചെന്നപ്പോൾ കണ്ടുകിട്ടിയ കിഴി ഉടമസ്ഥനായ ബ്രാഹ്മണ
കൊണ്ടക്കൊടുത്തു എന്നും അതുകൊണ്ടു സന്തുഷ്ടനായ അദ്ദേഹം "പ്രസിദ്ധനായ പു
ത്രനുണ്ടാകട്ടെ" എന്നു നങ്യാരെ അനുഗ്രഹിച്ചു എന്നുമാണ് ഒരു കഥ. ഇനിയൊരു
കഥയുള്ളതു സംസ്കൃതത്തിലാകയാൽ കുറേ കൂടി ഗൌരവഭാവമുള്ളതാണ്. "അതു മ
ഹാശചരിതം" എന്നൊരു ഗ്രന്ഥത്തിൽ നമ്പ്യാരെ ഉദ്ദേശിച്ചിട്ടുള്ളതാണെന്നു പറഞ്ഞ് ഒ
രാൾ അമ്പലപ്പുഴ, തലവടിയിൽനിന്നു എനിക്ക് അയച്ചുതന്നിട്ടുള്ളതാകുന്നു. "ക
ദാചിൽ സസപ്തവാർഷികോ ഗുരുഗൃഹം പ്രതിഗച്ഛൻ മദ്ധ്യമാർഗ്ഗം കുത്രചിൽ ഗിരിതട
പ്രദേശേ ഗരമൂർച്ഛിതേന ഗരിഷ്ഠകാളസർപ്പേണ വാമപാദമദ്ഗുഷ്ഠേ സൻദഷ്ടചേതനഃ ഛി
ന്നമൂലസ്തരുരിവ പപാത. തദാ തദൈവ ചിന്തിതസന്താനലതയാ മഹിതയാ തയാ മഹാ
ദേവതയാ ശരച്ചന്ദ്രചന്ദ്രികാനിന്ദന ജഗദാനന്ദമന്ദഹാസമരന്ദസാന്ദ്ര സുന്ദരവദനാരവിന്ദ
യാ കന്ദുകസ്തനകാരവിന്ദയാ തത്രാഗതിരകാരിഷ്ട. തതശ്ച അത്ഭുതസുകുമാരീ കുമാരമി
വ പ്രേമാതിരേകേണ കടാക്ഷചന്ദ്രികയാ ശിശിരീകൃത്യ ഹസ്താംബുജേന ഗൃഹീതപാദാലിം
ഗ്യ നിജകനകകമണ്ഡലുസ്ഥന പയസാ ഭിഷിച്യ ദിവ്യം പയഃ പായയിത്വാന്തർദ്ധേ തദാ
പ്രഭൃതി,, ഇതിനു മലയാളത്തിൽ പറയുമ്പോൾ "അവനേഴുവയസ്സുള്ളപ്പോൾ ഒരിക്കൽ ഗു
രുഭവനത്തിലേയ്ക്കു പോകവേ വഴിയിൽ മലഞ്ചരിവിൽവച്ചു വിഷമൂർച്ഛയുള്ള ഒരു പാമ്പി
നാൽ ഇടത്തുകാലിൽ കടിക്കപ്പെട്ടു, വേരററ മരംപോലെ വീണു എന്നും; അപ്പോൾതന്നെ
പുഞ്ചിരിപ്പുനിലാവു പൊഴിയുന്ന മുഖപ്രസാദത്തോടുകൂടി ഭഗവതിവന്നു കൈകൊണ്ടെടു
ത്തു ആലിംഗനം ചെയ്തു കൈയിൽ ഇരുന്ന പൊൻകിണ്ടിയിലെ പാലുകൊണ്ട് അഭിഷേ
ചിച്ചു ദിവ്യമായ പാലു കുടിപ്പിച്ചു മറഞ്ഞു, എന്നും അർത്ഥമാകുന്നു. ഇപ്രകാരം ദേവി
യാൽ അനുഗ്രഹിക്കപ്പെട്ട നമ്പ്യാർ ഗുരുവിൻെറ അടുക്കൽ ചെന്നപ്പോൾ "ഗുർവ്വർത്ഥമ-
ർത്ഥിശ്രുതപാരദൃശ്വാ" എന്നു തുടങ്ങുന്ന രഘുവംശശ്ലോകത്തെ സരസമായി വ്യാഖ്യാനിച്ചു
ഗുരുവിനെ കേൾപ്പിച്ചുപോലും

നമ്പ്യാരുടെ ഗുരുനാഥനാരെന്നുള്ള വിചാരത്തിൽ ഭാഷാചരിത്ര കർത്താവിനു സ
ല്പം പരുങ്ങൽ നേരിടുന്നതായി തോന്നുന്നു.

"നേന്ദ്രകാടവിനായകൻ ഗുരുബാലരവിപരദൈവതം
നന്ദിനൽകണമെനുക്കു തിരുക്കുന്നുകരിപൂരഭഗവതി"

എന്നു ത്രിപുരദഹനത്തിൻെറയും,

"ക്ഷോണീമണ്ഡലം തന്നിലൊക്കവെ പുകൾന്നോരു
ക്ഷോണീവാനവൻ വീരൻ ദ്രോണമ്പള്ളിയാചാര്യൻ
ആചാര്യോത്തമൻ ബാലരവിയെന്നു പുകൾന്നോരു
ശ്രീപരമസാത്രുപൻെറ ചരണാംഭോരുഹംരണ്ടും"

എന്നു സഭാപ്രവേശത്തിൻെറയും,

"ദിക്കുപത്തും പുകൾന്നോരു ദ്രോണമ്പള്ളി

....

കണ്ണിണകൊണ്ടൊന്നനുഗ്രഹിക്കേണമേ"

എന്നു സ്യമന്തകോപാഖ്യാനത്തിൻെറയും ആരംഭത്തിൽ നമ്പ്യാർതന്നെ പറ
ഞ്ഞിരിക്കെ, ഈ വിഷയത്തിൽ അധികം പതറിട്ടു കാര്യമില്ല. ഇവിടെ "ദ്രോണമ്പള്ളി"
എന്നു പറഞ്ഞിരിക്കുന്നതു "ഓണേപ്പള്ളി" എന്നു വചനപ്പേരുള്ള ഒരുബ്രാഹ്മണനെയാകു
ന്നു. അദ്ദേഹത്തിൻെറ ഭവനവും ഭവനക്കാരും ഇപ്പോഴും അമ്പലപ്പുഴ നെടുമുടി പ്രവൃ
ത്തിയിൽ ഉണ്ട്. ദ്രോണാചാര്യവംശ്യന്മാരെന്നു പറയുന്ന ഇവരാകുന്നു കലാവിദ്യകളിലും
യുദ്ധോപദേശത്തിലും മാത്തൂർപണിക്കർക്കു ഗുരുസ്ഥാനം വഹിക്കുന്നതു. ദ്രോണമ്പള്ളി നാ
യ്ക്കരുടെ മൂലഭവനം ദക്ഷിണ കന്നടകെ ജില്ലയിൽ ഉടുപ്പിക്കടുത്തുകളിലാകുന്നു. അവിടെ

നിന്നും അവർ അമ്പലപ്പുഴെ വരുവാനുണ്ടായ കാരണത്തെ കാണിക്കുന്നതായും ഒരു ഐതിഹ്യമുണ്ടു്. പണ്ടു് ആയുധാഭ്യാസത്തിനായി അമ്പലപ്പുഴെ തെക്കുംകൂർ മുതലായ രാജ്യങ്ങളിൽ നിന്നു് അനേകംപേർ ഉടുപ്പിയിൽ ചെന്നു ദ്രോണമ്പള്ളിയുടെ അടുക്കൽ പഠിക്കപതിവായിരുന്നു. ഈ കൂട്ടത്തിൽ ഒരിക്കൽ മാത്തൂർ നിന്നു് ഒരു പണിക്കരും ഉണ്ടായിരുന്നു. പണിക്കർ ആയുധാഭ്യാസത്തെക്കാൾ പശുവിനെ തീററുക, വെള്ളംകോരുക മുതലായി അന്തർജ്ജനങ്ങൾ ആവശ്യപ്പെടുന്ന ദാസ്യവേലകൾ ശീലിച്ചുപോന്നിരുന്നു. ഇങ്ങനെയായി ശിഷ്യരെ പിരിച്ചയക്കേണ്ട കാലം വന്നപ്പോൾ ആയുധപ്രയോഗനിപുണന്മാരായ മററു ശിഷ്യരുടെ കൂട്ടത്തിൽ പണിക്കരും ഗുരുദക്ഷിണകഴിച്ചു. യാത്രവഴങ്ങി മററുള്ളവരെപ്പിരിഞ്ഞു പണിക്കർ അന്തർജ്ജനത്തോടു യാത്ര ചോദിക്കാൻ ചെന്നപ്പോൾ അഭ്യാസമൊന്നും വശമാകാതെ തിരിച്ചുപോകേണ്ടിവന്ന പരിഹാസ്യമായ തന്റെ സങ്കടസ്ഥിതിയെക്കുറിച്ചു കരഞ്ഞുപറകയും "കരുണാശീതളസ്വാന്ത"യായ ആ സ്ത്രീരത്നം ദ്രോണമ്പള്ളിയുടെ കുലദേവതയായ ഭഗവതിയുടെ ബിംബം ഭർത്താവറിയാതെ എടുത്തുകൊടുത്തു് "ഇതു കൊണ്ടുപോയി പ്രതിഷ്ഠിച്ചു പൂജിച്ചാൽ അതു നിനക്കു ഐശ്വര്യമായിരിക്കു"മെന്നു് അനുഗ്രഹിക്കുകയും ചെയ്തു. പണിക്കർ പോന്നശേഷം കുലദേവതയെ അപഹരിച്ച ശിഷ്യനെത്തേടി ആചാര്യൻ തിരിച്ചു് അമ്പലപ്പുഴെ വന്നുകൂടുകയും ചെമ്പകശ്ശേരിരാജാവിന്റെ അനുനയംകൊണ്ടും പണിക്കരുടെ ആശ്രിതഭാവം കൊണ്ടും താൻ ശിഷ്യന്റെ അപരാധത്തെ ക്ഷമിച്ചു്, സ്വയംബിംബപ്രതിഷ്ഠകഴിച്ചു് അതിന്റെ പൂജയ്ക്കായി നെടുമുടിയിൽ പണിക്കർ തീർപ്പിച്ചുകൊടുത്ത ഭവനത്തിൽ പാർപ്പുതുടങ്ങുകയും ചെയ്തു. ഇങ്ങനെയാകുന്നു മാത്തൂർ ഭഗവതിയുടെ ആഗമം. ദ്രോണമ്പള്ളിക്കു നമ്പ്യാർ ഗുരുസ്ഥാനം കൊടുത്തതു് തുള്ളലെന്ന കലാപ്രവർത്തകനായിട്ടാണെന്നും, അല്ലാതെ അക്ഷരവിദ്യാഭ്യാസവിഷയമായിട്ടല്ലെന്നും ചിലർ പറയുന്നതിൽ വളരെ യുക്തിയുണ്ടെന്നുതോന്നുന്നു. എന്തുകൊണ്ടെന്നാൽ നമ്പ്യാരുടെ ആദ്യത്തെ തുള്ളൽ "കല്യാണസൌഗന്ധികം" ആണെന്നുള്ള സാധാരണജനബോധം വളരെ സംഭാവ്യമാകയാൽ ആ കൃതിയിൽ 'മന്ദാരദാരുവാം ബാലരവിയെ [അതായതു് ഉണ്ണിരവിക്കുറുപ്പിനെ] കുറിച്ചു പറഞ്ഞിരിക്കുന്ന സ്ഥിതിക്കു്, ബ്രാഹ്മണഭക്തനായ കവി ദ്രോണമ്പള്ളി തന്റെ അക്ഷരവിദ്യാഗുരുവായിരുന്നെങ്കിൽ അദ്ദേഹത്തിനെക്കുറിച്ചു മൂകനായിരുന്നിരിക്കുമോ? ആകയാൽ ദ്രോണമ്പള്ളിയെ തന്റെ ഗുരുവായി നമ്പ്യാർ വരിച്ചതു തുള്ളലിനു പ്രസിദ്ധി വന്നശേഷം അതൊരു കലാവിദ്യയെന്നു വിചാരിച്ചാണെന്നു തോന്നുന്നു. നമ്പ്യാർക്കു സംസ്കൃതത്തിൽ വ്യാകരണപര്യന്തം പാണ്ഡിത്യമുണ്ടായിരുന്ന സ്ഥിതിക്കു് അദ്ദേഹം ഈ വകയൊക്കെയും അഭ്യസിച്ചതു് ഉണ്ണിരവിക്കുറുപ്പിന്റെ പക്കൽനിന്നാണെന്നു വന്നുകൂടുന്നു. ഈ കുറുപ്പു് തകഴിയിൽ കണ്ടങ്കരിമുറിയിൽ നന്ദികാട്ടുവീട്ടിലെ ഒരാളായിരുന്നു. വീടും വീട്ടുകാരും ഇപ്പോഴും ഉണ്ടു്. അക്കാലത്തു് വ്യാകരണാദി വിഷയങ്ങളിൽ പാണ്ഡിത്യമുള്ള നായന്മാർ അമ്പലപ്പുഴെ ഉണ്ടായിരുന്നോ എന്നു തർക്കിക്കുന്നവരോടു സമാധാനമായി പണ്ടു നായന്മാരുടെ കൂട്ടത്തിൽ അനേക വിദ്വാന്മാർ അവിടെ ഉണ്ടായിരുന്നെന്നും ഇപ്പോഴും അനേകം തറവാടുകളിലെ ഗ്രന്ഥപ്പുര പരിശോധിച്ചാൽ വ്യാകരണം, വേദാന്തം, ജ്യോതിഷം, തന്ത്രം, മന്ത്രം, മുതലായ വിഷയങ്ങളെ പ്രതിപാദിക്കുന്ന അനേക പ്രൌഢഗ്രന്ഥങ്ങൾ കാണ്മാനുണ്ടെന്നും മഹാജനങ്ങളുടെ ഉദാരമായ കടാക്ഷമുണ്ടാകുന്ന പക്ഷം ഇപ്പോൾ അപ്രസിദ്ധങ്ങളായ അനേകം കാവ്യങ്ങളെ പ്രകാശിപ്പിക്കുവാൻ ഞാൻ തന്നേ ശക്തനായിത്തീരുമെന്നും മാത്രം തൽക്കാലം പറഞ്ഞുകൊള്ളുന്നു. എന്നാൽ അമ്പലപ്പുഴെ വരുന്നതിനുമുമ്പു് സ്വദേശത്തു വച്ചു നമ്പ്യാരെ അക്ഷരാഭ്യാസം ചെയ്യിച്ചതാരെന്നുള്ളതു ഇനിയും അന്ധകാരമായിരിക്കുന്നു. വിദ്യാഭ്യാസശേഷം നമ്പ്യാർ വടക്കോട്ടു കുറെ ദേശസഞ്ചാരം ചെയ്തിട്ടുള്ളതായി കാണുന്നു. പക്ഷെ, ഇക്കാലത്തായിരിക്കാം ഒരിക്കൽ കോലത്തുനാട്ടിൽ ചെന്നു പട്ടിണി കിടക്കാനിടയായ കവി,

കോലഭൂപസ്യനഗരേ വാസരാഹരിവാസരാഃ
മശകൈർമ്മത്കുണൈശ്ചാപി രാത്രയഃ ശിവരാത്രയഃ

എന്ന പ്രസിദ്ധ ശ്ലോകംകൊണ്ടുകോലത്തുനാട്ടു രാജാവിനെ ആരാധിച്ചു ഭിത്തിയിൽ എഴുതിവച്ചതു്. ഇതിനുശേഷം അദ്ദേഹം ഗുരുവായൂർ, വടക്കാഞ്ചേരി മുതലായ സ്ഥലങ്ങളിൽ പോയി പരിചയപ്പെട്ടിട്ടുള്ളതായി വിചാരിക്കേണ്ടിയിരിക്കുന്നു. തൃശ്ശി

സ്വയംവരാരംഭത്തിൽ "ഇന്ദുകാനനസ്ഥലേ വിളങ്ങിടുന്നോരംബികെ" (ഇന്നു കാണുന്ന സ്ഥലേ എന്നതു അച്ചടിപ്രമാദം) എന്നു കാണുന്നതു വടക്കാഞ്ചേരിക്കു സമീപമുള്ള തിങ്കൾക്കാട്ടു എന്ന സ്ഥലത്തെ ഉദ്ദേശിച്ചാണെന്നു് ഇപ്പോൾ തിരുവനന്തപുരം രാജകീയ കോളേജിൽ മലയാളപണ്ഡിതരായ മിസ്റ്റർ കൃഷ്ണപ്പിഷാരടി പറയുന്നു. 'തിങ്കൾക്കാടു' ഇപ്പോൾ 'ഇങ്കക്കാട്ടു' എന്നു ബഹുജനങ്ങളുടെ സംസാരത്തിൽ രൂപഭേദം വന്നുപോയിരിക്കാമല്ലോ.

ഹരിണാങ്കാടക ചാരണീശോഭിത

ഭരണായരംഭുവിഹരിണാസദ്ഭാരൻ എന്നു നളചരിതാരംഭത്തിൽ അച്ചടിച്ചുകാണുന്നതു "ഹരിണാങ്കാടവീചാരണി" എന്നു തിരുത്തേണ്ടതായി തോന്നുന്നു. അങ്ങനെയാണെങ്കിൽ "ഇന്ദുകാനനത്തെപ്പറ്റി" നളചരിതത്തിലും നമ്പ്യാർ ഭക്തിയെ വ്യക്തീകരിച്ചതായി വിചാരിക്കാവുന്നതാകുന്നു. പ്രസ്തുത തിങ്കൾക്കാട്ടു ഒരു ഇല്ലത്തു നമ്പ്യാർ കുറേക്കാലം പാർത്തിരുന്നതായും അവിടത്തെ അന്തർജനങ്ങളുടെ ആവശ്യം പ്രമാണിച്ചു കൈകൊട്ടിക്കളിക്കു ചേരുന്ന രുഗ്മിണീസ്വയംവരം പാട്ടുവൃത്തം അവിടെവച്ചു് ഉണ്ടാക്കിയതായും കൂടി മിസ്റ്റർ പിഷാരടി പറയുന്നു.

അനന്തരം നാം നമ്പ്യാരെ കാണുന്നതു് അദ്ദേഹത്തിന്റെ അച്ഛൻനമ്പ്യാരുമായി കിടങ്ങൂർ താമസിക്കുന്നതായിട്ടാകുന്നു. അവിടെ അച്ഛൻനമ്പ്യാർക്കു ക്ഷേത്രത്തിൽ എന്തോ ചില ജോലിയുണ്ടായിരുന്നു. കിടങ്ങൂർ താമസിച്ചിരുന്നപ്പോൾ നമ്പ്യാർ കുമാരനെല്ലൂർ കുടമാളൂർ മുതലായ ദേശങ്ങളിൽ കൂടിപോകയും അവിടെ തെക്കേടത്തുഭട്ടതിരി ചെമ്പകശ്ശേരി രാജാവു മുതൽപേരുടെ പരിചയം സമ്പാദിക്കയും ചെയ്തിരുന്നതായി തോന്നുന്നു. രുഗ്മിണീസ്വയംവരം തുള്ളലിൽ കുടമാളൂർ വേട്ടയ്ക്കൊരുമകനെപ്പറ്റി പ്രസ്താവിച്ചുകാണുന്നുണ്ടു്. ഇങ്ങനെ താമസിച്ചിരുന്നപ്പോൾ കുമാരപുരേശചരിതസ്തോത്രം എന്നൊരു കീർത്തനം ആദ്യമായി നമ്പ്യാരുണ്ടാക്കിയതായി കാണുന്നു. മാതൃകയ്ക്കു് ഒരു ഭാഗം താഴെ ചേർത്തുകൊള്ളുന്നു.

ശ്രീകുമാരാലയംതന്നിൽവിളങ്ങുന്ന

....

പിന്നെയായിജ്ജനമോർത്തുകണ്ടാൽ.

നമ്പ്യാർ അമ്പലപ്പുഴെ വന്നുചേർന്നതു കിടങ്ങൂരിൽ നിന്നാണെന്നു ഇപ്പോൾ അവിടെയുള്ള ഗ്രാമവൃദ്ധന്മാരുടെ അറിവു്. ഇതു വാസ്തവമായിരിപ്പാൻ വളരെ ഇടയുണ്ടു്. ഇങ്ങനെ വന്നുചേർന്നതു കിടങ്ങൂർ താമസിച്ചിരുന്നപ്പോൾ ചെമ്പകശ്ശേരിരാജാവു തെക്കേടത്തുഭട്ടതിരി മുതൽപേരുമായി താൻ സമ്പാദിച്ചിരുന്ന പരിചയംവഴിയോ അഥവാ ഇപ്പോഴും കോട്ടയം മുതലായ ദിക്കുകളിൽനിന്നും കൂത്തിനായിട്ടു് അമ്പലപ്പുഴെ വരുന്ന പതിവുള്ളസ്ഥിതിക്കു കിടങ്ങൂർ നിന്നോ മറ്റോ കൂത്തിനുപോയ വല്ല ചാക്യാർക്കും സഹായമായിട്ടോ ആയിരിക്കണം. ചാക്യാരും നമ്പ്യാരും തമ്മിൽ വൈരം അങ്കുരിച്ച പ്രസിദ്ധമായ ആ കൂത്തിനു നമ്പ്യാർ മിഴാവു കൊട്ടുവാനിടയായതു പതിവായി മിഴാവുകൊട്ടി വന്നിരുന്ന നമ്പ്യാർക്കു് ആശൌചം നേരിട്ടതുകൊണ്ടായിരുന്നെന്നു പറയുന്നവരും ഇല്ലെന്നില്ല. പക്ഷേ ൻ൭൦൦മാണ്ടിടയ്ക്കു കോട്ടയം വടക്കുംകൂർ മുതലായ രാജ്യങ്ങൾ മാർത്താണ്ഡവർമ്മമഹാരാജാവു് ആക്രമിച്ചതോടുകൂടി കിടങ്ങൂർമുതലായ ദിക്കിലെ വാസം അസുഖമായിട്ടു നമ്പ്യാർ അമ്പലപ്പുഴയ്ക്കു പോയതായിരിക്കുമോ? അമ്പലപ്പുഴെ വന്നതിൽ ആദ്യം നന്ദികാട്ടു് കുറുപ്പിനേയും പിന്നീടു ചെമ്പകശ്ശേരി രാജാവു് മാത്തൂർപണിക്കർ ഇവരേയുമാശ്രയിച്ചു നമ്പ്യാർ പാർത്തിരുന്നു. കല്യാണസൌഗന്ധികത്തിൽ നന്ദിക്കാട്ടുകുറുപ്പ് നമ്പ്യാരുടെ കല്പകവൃക്ഷമായി കല്പിക്കപ്പെട്ടിരിക്കുന്നു. ഇതു കൂടാതെ തകഴിയിലും അദ്ദേഹം കുറേനാൾ പാർത്തിരുന്നതായി തെളിവുണ്ടു്. അമ്പലപ്പുഴെ താമസിച്ചിരുന്നപ്പോൾ അദ്ദേഹം പ്രവർത്തിച്ചിട്ടുള്ളതായും പറഞ്ഞിട്ടുള്ളതായും അനേകം ഫലിതങ്ങൾ കേട്ടുകേൾവിയുള്ള ആളുകൾ ഇപ്പോഴും പറയാറുണ്ടു്. ജിജ്ഞാസുക്കളുടെ കൌതുകനിവൃത്തിക്കുവേണ്ടി അവയിൽ ഒന്നു ഇവിടെ പ്രസ്താവിക്കാം. ചെമ്പകശ്ശേരി രാജാവിന്റെ ഭൃത്യവർഗ്ഗത്തിൽ കൈപ്പിഴ എന്നൊരു നമ്പൂരിയുണ്ടായിരുന്നു. രാജാവിനു് കാഴ്ച വരുന്ന പദാർത്ഥങ്ങളെല്ലാം ഇദ്ദേഹം എടുത്തുകൊണ്ടുപോവുക പതിവായിരുന്നതുകൊണ്ടു അനുഭവങ്ങൾക്കു കുറവു നേരിട്ട രാജപരിചാരകന്മാരുടെ അപേക്ഷാനുസരണം നമ്പ്യാർ

കൈപ്പിഴയെ രാജാവിൽനിന്നു മറെക്കുവാൻ ഉദ്യോഗിച്ചു. ഒരു ദിവസം രാജാവും അദ്ദേഹത്തിന്റെ നിഴലെന്നപോലെ സൎവ്വദാ സഹവാസം ചെയ്തുകൊണ്ടിരുന്ന കൈപ്പിഴയുംകൂടി ഒരുമിച്ചിരുന്നപ്പോൾ സമൎത്ഥനായ നമ്പ്യാർ എന്തോ പാത്രവും എടുത്തുകൊണ്ടു രാജാവിന്റെ മുമ്പിൽകൂടി കടന്നുപോകയും മനഃപൂൎവ്വമായി പാത്രം താഴെ ഇടുകയും ചെയ്തപ്പോൾ ശബ്ദം കേട്ട് അതെന്താണെന്നു രാജാവു ചോദിക്കയും 'കൈപ്പിഴ വന്നതുകൊണ്ടുള്ള ഗ്രഹപ്പിഴയാണെ'ന്നു നമ്പ്യാർ ഉത്തരം പറകയും ചെയ്തപ്പോൾ. ഇംഗിതജ്ഞനായ രാജാവിനും അദ്ദേഹത്തിന്റെ ബുദ്ധിമാനായ ഗുരുവിനും നമ്പ്യാരുടെ അന്തൎഗതം മനസ്സിലാകയും അതിനുശേഷം കൈപ്പിഴ നമ്പൂരിയുടെ ലോഭചാപല്യങ്ങൾക്കു വളരെ ശമനമുണ്ടാകയും ചെയ്തുവത്രെ. ചെമ്പകശ്ശേരിരാജാവിനു അമ്പലപ്പുഴെ പന്ത്രണ്ടു പ്രവൃത്തികളിലും കൊട്ടാരങ്ങളും മഠങ്ങളും ഉണ്ടായിരുന്നതുകൊണ്ടു രാജാവിന്റെ എഴുന്നള്ളത്തോടുകൂടി സഞ്ചരിച്ചിരുന്ന നമ്പ്യാൎക്കു ആ സ്ഥലങ്ങളിൽ ഒക്കെയും താമസിക്കാൻ ഇടയുണ്ടായിരുന്നു. സത്യാസ്വയംവരത്തിലും കുംഭകൎണ്ണവധത്തിലും, ത്രിപുരദഹനത്തിലും കല്ലുൎക്കോട്ടു ഭഗവാനെ സ്തുതിച്ചു കാണുന്നുണ്ടു. തകഴിയിൽ ശാസ്താവിനേയും മാത്തൂർ ഭഗവതിയേയും മിക്ക തുള്ളക്കഥകളിലും നമ്പ്യാർ സവിശേഷം വൎണ്ണിക്കുന്നു. പുറക്കാട്ടുള്ള വാസംകൊണ്ടു പറങ്കികളുടെയും ചെട്ടികളുടെയും മറ്റും പരിചയവും നമ്പ്യാൎക്കു സിദ്ധിച്ചിരുന്നു. എങ്കിലും കവിയുടെ മുഖ്യതാമസം അമ്പലപ്പുഴെയും തകഴിയിലും നെടുമുടിയിലും ആയിരുന്നു.

ചെമ്പകശ്ശേരി രാജ്യം ൯൨൫-ാമാണ്ടു തിരുവിതാംകോട്ടേക്കു അടങ്ങിയതോടുകൂടി മാത്തൂർപണിക്കർ മുഖാന്തരം തിരുവനന്തപുരത്തു വന്നു വിക്രമശാലിയായിരുന്ന മാൎത്താണ്ഡവൎമ്മമഹാരാജാവിന്റെ ആശ്രിതസ്ഥാനത്തെ അനേക പണ്ഡിതന്മാരുടെ കൂട്ടത്തിൽ നമ്പ്യാരും സ്വീകരിച്ചു. തിരുവനന്തപുരത്തുവച്ചും നമ്പ്യാർ അനേക ഫലിതങ്ങൾ പ്രവൎത്തിച്ചിട്ടുള്ളതായി കേൾവിയുണ്ടു. 'കാതിലോല' 'നല്ലതാളി' 'നമ്പിയാരെ'ന്നുത്തരം പറഞ്ഞതു 'കറി കലക്കിയ കുളത്തിൽ കളിച്ചതു' ഇത്യാദി കഥകൾ ഇന്നും പ്രസിദ്ധങ്ങളാണല്ലോ. ഈ കൂട്ടത്തിൽ അധികം പ്രസിദ്ധമല്ലാത്ത ഒരു കഥകൂടിപ്പറയാം. ഒരിക്കൽ ശ്രീപത്മനാഭക്ഷേത്രത്തിൽ പുതുതായി ഒരു കമ്പവിളക്കു പണിയിച്ചതിന്നപ്പോൾ അതു കാണുന്നതിലേക്കായി മഹാരാജാവു എഴുന്നള്ളി. അവിടുത്തെ ആശ്രയിച്ചു താമസിച്ചിരുന്ന കവികളും എഴുന്നള്ളത്തോടു കൂടിയുണ്ടായിരുന്നു. വിളക്കിന്റെ പണികണ്ടു മഹാരാജാവു സന്തോഷിച്ചതിന്റെ ശേഷം കൂടെ ഉണ്ടായിരുന്ന കവികൾ ഓരോരുത്തരും അതിനെ വൎണ്ണിച്ചു ശ്ലോകങ്ങളുണ്ടാക്കുവാൻ കല്പിച്ചു. ശബ്ദാലങ്കാരവും അൎത്ഥാലങ്കാരവും തിക്കിച്ചെലുത്തി, മററുള്ളവർ എല്ലാം പദ്യങ്ങൾ രചിച്ചശേഷം നമ്പ്യാർ 'ദീപസ്തംഭം മഹാശ്ചൎയ്യം, നമുക്കും കിട്ടണം പണം. ഇത്യൎത്ഥം ഏഷാം ശ്ലോകാനാം അല്പാതൊന്നും അവിഷ്യതേ' എന്ന ചെറിയ ശ്ലോകം കൊണ്ടു മററു ശ്ലോകങ്ങളുടെ അലങ്കാരാഡംബരത്തേയും അവയുണ്ടാക്കിയവരുടെ അത്യാഗ്രഹത്തേയും ഏകകാലത്തിൽ അപഹസിച്ചു.

"അരുതുചൊരുതുകൊൾവാൻ കൊട്ടണത്തൊനെനിക്കു", എന്നു കവി സങ്കടം പറഞ്ഞതുകൊണ്ടു അദ്ദേഹത്തിനു മഹാരാജാവു പക്ഷത്തു ഊണാക്കിയതായി കാണുന്നു. ൯൩൩-ൽ ആശ്രിതവത്സലനായ മഹാരാജാവു നാടുനീങ്ങിയതിന്റെ ശേഷവും നമ്പ്യാർ തിരുവനന്തപുരത്തുതന്നെ താമസിച്ചു അയ്യപ്പൻമാൎത്താണ്ഡപ്പിള്ള ദളവാ, കാൎത്തികതിരുനാൾ രാമവൎമ്മമഹാരാജാവു മുതൽപേരെ കുറേക്കാലത്തേക്കുകൂടി ആശ്രയിച്ചുപോന്നു. തിരുവനന്തപുരത്തു താമസിച്ചുകൊണ്ടിരുന്നപ്പോഴും ഇടയ്ക്കിടെ മാത്തൂർപോയി താമസിക്കാറുണ്ടായിരുന്നു. മഹാരാജാവിന്റെ എഴുന്നള്ളത്തോടൊരുമിച്ചു നമ്പ്യാർ, ശുചീന്ദ്രം കന്യാകുമാരിമുതലായ ദേശങ്ങളിൽ പോയിരുന്നു. ഏകദേശം ൯൪൦-ാമാണ്ടു കഴിഞ്ഞു രാമവൎമ്മമഹാരാജാവിനോടു അനുവാദവും വാങ്ങി അമ്പലപ്പുഴെ പോയി സ്ഥിരമായി താമസംതുടങ്ങുകയും മൂന്നുനാലുകൊല്ലങ്ങൾക്കുള്ളിൽ മരിക്കുകയും ചെയ്തതായി തോന്നുന്നു. അയ്യപ്പൻമാൎത്താണ്ഡൻപിള്ളയ്ക്കു മുമ്പും പിമ്പും ദളവകളായിരുന്ന രാമയ്യന്റെയും സുബ്ബയ്യന്റെയും കാലത്തു നമ്പ്യാൎക്കു സിദ്ധിച്ചുവന്നിരുന്ന പ്രോത്സാഹനം വളരെ വലുതായിരുന്നിരിക്കാനിടയില്ല. പോരെങ്കിൽ കാൎത്തികതിരുനാൾരാമവൎമ്മമഹാരാജാവു കഥകളിയിൽപക്ഷപാതിയായിരുന്നതുകൊണ്ടു തുള്ളക്കഥക്കാരനായനമ്പ്യാൎക്കു സാമാന്യമായനിരസംകൂടി തോന്നിയിരിക്കാം. മരിക്കുമ്പോൾ നമ്പ്യാൎക്കു വാൎദ്ധക്യമായിരുന്നതുകൊണ്ടു ഏകദേശ

൯൦—൯൫ വയസ്സുണ്ടായിരുന്നിരിക്കണം. നമ്പ്യാർ മരിച്ചതു് ഒരു പേപ്പട്ടികടിച്ചാണെന്നാണു ജനവിശ്വാസം. പേപ്പട്ടി കടിച്ചതിന്റെ ശേഷം ചികിത്സയ്ക്കായി നമ്പ്യാർ മാത്തൂർപോയി താമസിച്ചു ചികിത്സകൾ ചെയ്തുവന്നിരുന്നു. പേപ്പട്ടിയുടെ വിഷം പൂർണ്ണമായി ശമിക്കുന്നതിനു വിധിച്ചിട്ടുള്ള മൂന്നുമാസം കഴിയുന്നതിനു മുമ്പായി സഭ്യപ്രിയനായ കവി നെടുമുടിയിൽനിന്നു് അമ്പലപ്പുഴെ തിരുമല്ലാടിന്റെ കോവിലകത്തുണ്ടായിരുന്ന ഒരു മാസമടിയന്തിരത്തിനു പോയിരുന്നുവെന്നും സദ്യ ഉണ്ണുകൊണ്ടുണ്ടായ അപഥ്യം ഹേതുവായിട്ടു സുഖക്കേടു വീണ്ടും കടുക്കുകയും അതു മരണമായി പരിണമിക്കുകയും ചെയ്തു എന്നും വിശ്വസിക്കത്തക്കവണ്ണം പറഞ്ഞുകേൾവിയുണ്ടു്. ഇതാകുന്നു പ്രസ്തുത കവിയുടെ ജീവചരിത്രസംക്ഷേപം. നമ്പ്യാരുടെ ശിഷ്യന്മാരായി അനേകം ഓട്ടൻതുള്ളൽക്കാർ ഉണ്ടായിരുന്നു. ഇവരിൽ പ്രധാനൻ ഉമ്പുക്കാട്ടു് അച്ചോമ്മച്ചാർ എന്നൊരുവനായിരുന്നു. നമ്പ്യാർക്കു് അമ്പലപ്പുഴക്ഷേത്രത്തിൽനിന്നു ഇരുനാഴി പായസവും രണ്ടപ്പവും താലൂക്കിൽനിന്നു മാസം ഒന്നുക്കു് പതിനഞ്ചുപണം അടുത്തൂണും മഹാരാജാവുതിരുമനസ്സുകൊണ്ടു് അനുവദിച്ചിരുന്നു. എന്നാൽ ൯൪൨-ാമാണ്ടു് ചൊക്കട്ടൂമണ്ഡപത്തിലിരുന്നു മഹാരാജാവും തെക്കേടത്തുഭട്ടതിരിയും മേലെഴുത്തുപിള്ളയും ഇഷ്ടിനമ്പൂതിരിപ്പാടുംകൂടി വ്യവസ്ഥയാക്കിയ പായസപ്പകർച്ചക്കണക്കിൽ നമ്പ്യാരുടെ ഇനം കാണാതിരിക്കകൊണ്ടു് അപ്പോഴേക്കും നമ്പ്യർ മരിച്ചിരിക്കുന്നതായി വിചാരിക്കാമെന്നു തോന്നുന്നു. പക്ഷേ "കുഞ്ചൻ നമ്പ്യാരുടെ കാലം' എന്ന പ്രസംഗത്തിൽ നമ്പ്യാരുടെ ചരമഗതി കൊല്ലവർഷം ൯൪൫ മിഥുനമാസത്തിലാണെന്നു മിസ്റ്റർ ഡി. ഡി. ഡേവിഡ് വാദിക്കയും അതിന്നാധാരമായി

"കൊല്ലംതൊള്ളായിരത്തഞ്ചിരുപതുമിരുപത്താറുമേവഞ്ചപത്തും
ചെന്നിട്ടുന്നോരുകാലം മിഥുനമുപഗതേ ഭാസ്കരേ ധന്യധന്യഃ
കൃഷ്ണേപക്ഷേ ചതുർത്ഥീചതയയുതദിനേ മംഗലഃകൃഷ്ണനാമാ
വിഷ്ണോസ്സായൂജ്യമാപ്തോവിഹിതഹരിനമസ്യാദിഭോഗോപഹീനം.

എന്നൊരു ശ്ലോകം ഉദ്ധരിക്കയും ചെയ്തിരിക്കുന്നു. മിസ്റ്റർ ഡേവിഡ് പറയുന്നതുപോലെ പ്രസ്തുതപദ്യം നമ്പ്യാരുടെ ഭവനത്തിൽ ഇപ്പോഴുമുള്ള ഒരു ഗ്രന്ഥത്തിൽ എഴുതിയിട്ടുള്ളതാണെന്നു് എന്റെ അന്വേഷണത്തിലും അറിയുന്നു. പക്ഷേ, ഇതിൽ പറയുന്ന "കൃഷ്ണനാമാ' കുഞ്ചൻ നമ്പ്യാരാണോ എന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. കുഞ്ചൻനമ്പ്യാരുടെ സാക്ഷാൽ നാമധേയം രാമൻ എന്നായിരുന്നെന്നു അർത്ഥമാകത്തക്കവണ്ണം മിസ്റ്റർ എസ്സ്; ടി. റെഡ്യാരുടെ തുള്ളക്കഥാസമുച്ചയത്തിന്റെ രണ്ടാംപതിപ്പിലുള്ള മുഖവുരയിൽ മി. നാണുപിള്ള ആശാൻ കിള്ളിക്കുറിച്ചിമംഗലത്തു ക്ഷേത്രത്തിലെ ബലിക്കൽപ്പുര കുഞ്ചൻനമ്പ്യാർ പണിയിച്ചതാണെന്നു കാണിപ്പാൻ

"ശ്രീബലിപ്രസ്തരശ്ശുംഭോഃ ശ്രീശുകാലയവാസിനഃ
രാമേണപാണിവാദേനകാരിതോഭൂതയേധ്രുവം

എന്നൊരു ശ്ലോകമുള്ളതായി പറയുന്നു. ഇതു ശരിയാണെങ്കിൽ നമ്പ്യാരുടെ പേരു രാമൻ എന്നായിരുന്നതായി വിചാരിക്കണം. മിസ്റ്റർ ഡേവിഡിന്റെയോ, മിസ്റ്റർ ആശാന്റെയോ, ശരിയായ അഭിപ്രായം എന്നു ഖണ്ഡിച്ചു പറവാൻ സാമഗ്രികൾ കൈവശമില്ല. ൯൪൫-ൽ ആണു നമ്പ്യാർ മരിച്ചതെങ്കിൽ ൯൪൨-ലെ പായസക്കണക്കിൽ നമ്പ്യാരുടെ ഇനം കാണാതിരിക്കുന്നതിനുള്ള കാരണവും വ്യക്തമാകുന്നില്ല. അനന്തരം കുഞ്ചൻനമ്പ്യാരുടെ അനന്തിരവനായ കൃഷ്ണൻനമ്പ്യാരെന്നൊരാളവന്നു് അമ്പലപ്പുഴെ താമസിച്ചിരുന്നതായും ഈ അവകാശങ്ങൾ പററിയിരുന്നതായും ൯൫൯-൯൬൦-ഈയാണ്ടുകളിലെ ദേവസ്വം കണക്കുകൊണ്ടു തെളിയുന്നു. ഒടുവിൽ പറഞ്ഞ കൊല്ലത്തിൽ ടി നമ്പ്യാർ മരിച്ചു വസ്തുക്കളും പാത്രങ്ങളും മററും അന്യംനില്പായി മുതൽക്കൂട്ടുവാനാരംഭിച്ചപ്പോൾ കിള്ളിക്കുറിച്ചിയിൽ നിന്നു പാർവ്വതിനങ്ങിയാർ എന്നൊരു സ്ത്രീവന്നു് അവകാശം ബോധിപ്പിച്ചനുവദിപ്പിക്കയും ൯൮൧-ൽ അവരുടെ മരണശേഷം മുൻപറഞ്ഞ പതിവുകൾ അതേ കുടുംബത്തിൽ രാമൻനമ്പ്യാർ എന്നൊരാളിന്റെ പേരിൽ ഗവർമ്മെണ്ടു പതിച്ചു കൊടുക്കയും ചെയ്തു.

നമ്പ്യാരുടെ കൃതികൾ എന്തെല്ലാമെന്നാണു് ഇനി നമുക്കിവിടെ നോക്കാനുള്ളതു്.
(1) രുഗ്മിണീസ്വയംവരം പത്തുവൃത്തം, (2) ഭഗവദ്ദൂത്, പതിനാലുവൃത്തം, (3)

ഭാഗവതം, ഇരുപത്തിനാലുവൃത്തം, (4) ശീലാവതി, നാലുവൃത്തം. ഇവയും (5) നളചരിതം കിളിപ്പാട്ട്, (6) ചാണക്യസൂത്രം കിളിപ്പാട്ട് മുതലായവയും നമ്പ്യാരുടെ യൌവനത്തിലെ കവനങ്ങൾ ആകുന്നു. (7) കുമാരപുരേശ്വരീസ്തോത്രത്തിന്റെ കഥ മുമ്പുതന്നെ പറഞ്ഞുവല്ലോ. തുള്ളക്കഥകളായി ൬൦-എണ്ണം ഉള്ളവയിൽ ഒട്ടുവളരെ അമ്പലപ്പുഴെവച്ചുണ്ടാക്കപ്പെട്ടിട്ടുള്ളവയാണ്. ഈ കൂട്ടത്തിൽ കല്യാണസൌഗന്ധികം, കിരാതം, ബാല്യുത്ഭവം ഗണപതിപ്രാതൽ, പുളിന്ദീമോക്ഷം ഗജേന്ദ്രമോക്ഷം ത്രിപുരദഹനം അഹല്യാമോക്ഷം ഹിഡിംബവധം, രാമാനുകരണം, നളചരിതം പാത്രചരിതം, ഐരാവതപൂജ, കാർത്തവീര്യവിജയം, ശീലാവതിചരിതം, സത്യാസ്വയംവരം, രുഗ്മിണീസ്വയംവരം, ലങ്കാമർദ്ദനം; പ്രഹ്ലാദചരിതം, സുന്ദോപസുന്ദോപാഖ്യാനം, ഘോഷയാത്ര, രാവണോത്ഭവം മുതലായവ ഉൾപ്പെടുന്നതാകയാൽ ഇവയുടെ നിർമ്മിതികാലം ഏകദേശം ൯൧൦-നും ൯൨൫-നും മദ്ധ്യേയായിരിക്കണം. കീചകവധം പറയൻതുള്ളലിൽ കിള്ളിക്കുറിച്ചി മഹാദേവനെയും അമ്പലപ്പുഴെ കൃഷ്ണനെയും തകഴിയിൽ ശാസ്താവിനേയും സ്തുതിച്ചുകാണുന്നതല്ലാതെ തിരുവിതാംകൂർ മഹാരാജാവിനെയോ തെക്കൻ ക്ഷേത്രങ്ങളേയോ പരാമർശിച്ചിട്ടില്ലാത്തസ്ഥിതിക്ക് ഈ കൃതിയും ൯൨൫ നു മുമ്പു വിരചിതമായിരിക്കണം. സഭാപ്രവേശം, കൃഷ്ണലീല, കാളിയമർദ്ദനം, നളകൂബരമോക്ഷം ധ്രുവചരിതം, പൌണ്ഡ്രകവധം, ഹരിണീസ്വയംവരം, പഞ്ചേന്ദ്രോപാഖ്യാനം, കുംഭകർണ്ണവധം, പഞ്ചതന്ത്രം മുതലായവ മാർത്താണ്ഡവർമ്മമഹാരാജാവിന്റെ രാജ്യഭാരകാലത്തു രചിതങ്ങളാണ്. കൃഷ്ണലീല, കാളിയമർദ്ദനം, നളകൂബരമോക്ഷം ഇവ തുടർന്നെഴുതപ്പെട്ടിട്ടുള്ളവയാകുന്നു. കാളിയമർദ്ദനം പടനായർകളുടെ വച്ചുണ്ടാക്കീട്ടുള്ളതാണ്. ഇത് അയ്യപ്പൻ മാർത്താണ്ഡൻപിള്ള അവർകളുടെ ആവശ്യപ്രകാരം രചിക്കപ്പെട്ടിട്ടുള്ളതാണെന്നു കാണുന്നതുകൊണ്ടും പടനായർകളുടെ നടക്കാവുണ്ടാക്കിച്ചതു ടി. ആളെക്കൂടി ചേർന്നിട്ടായിരുന്നതുകൊണ്ടും കൃഷ്ണലീല എഴുതിയപ്പോൾ മാർത്താണ്ഡവർമ്മമഹാരാജാവു ജീവിച്ചിരുന്നുവെന്നു അതിൽനിന്നു സൂക്ഷ്മമായി ഗ്രഹിക്കാവുന്നതിനാലും കൃഷ്ണലീല മുതലായിട്ടുള്ള കവിതകൾ ൯൨൫-നും ൯൩൩-നും മദ്ധ്യേ ഉണ്ടാക്കിട്ടുള്ളവയാകുന്നു. കൃഷ്ണലീല ൯൨൫-ാമാണ്ടിൽ തിരുവവതാരം ചെയ്ത അശ്വതിതിരുനാൾ തിരുമനസ്സിലെ ബാലലീലകളെക്കൂടി ഉദ്ദേശിച്ചു രചിക്കപ്പെട്ടിട്ടുള്ളതായിരിക്കുമോ? ഹരിണീസ്വയംവരവും ഹനുമദുല്പത്തിയും പടനായർകളുടെ വച്ച് ഉണ്ടാക്കിയിട്ടുള്ളവയാണ്. സഭാപ്രവേശാരംഭത്തിൽ 'വിക്രമാദിത്യന്മാർ കൊണ്ടരിപുതിരാജ്യമശേഷമേ ആക്രമിച്ചുടനാകവേ പരിപാലനേന മഹോത്സവം ശക്രലോകസമാനമാക്കി വരുത്തി വാണരുളീടിനാൻ അർക്കതുല്യഭുജപ്രതാപനശേഷഗുണനിധി പാർത്ഥിവൻ" എന്നു പറഞ്ഞുകാണുന്നതുകൊണ്ട് ഏകദേശം ൯൨൭-ാമാണ്ടിടയ്ക്ക് ഇതു നിർമ്മിച്ചിരിക്കാമെന്നു തോന്നുന്നു. ൯൨൭-ൽ ശ്രീപത്മനാഭനായി രാജ്യം സമർപ്പിച്ചശേഷം രചിച്ചിട്ടുള്ളതാണു പഞ്ചേന്ദ്രോപാഖ്യാനം എന്നു കാണിക്കുവാൻ ഭാഷാചരിത്രകർത്താവുദ്ധരിക്കുന്ന 'പത്മനാഭസമർപ്പിതരാജ്യധനാജനൻ ധരണീശ്വരൻ ഇത്യാദിഭാഗം എന്റെ കൈവശമുള്ള 'പഞ്ചേന്ദ്രോപാഖ്യാനം' ഗ്രന്ഥത്തിൽ കാണ്മാനില്ല. പഞ്ചതന്ത്രത്തിന്റെ രചന ഇതിനുമുമ്പായിരിക്കാം. എന്തുകൊണ്ടെന്നാൽ അതിൽ പാകത്തിലുണ്ണുന്നതിനെപ്പറ്റി കവി അസന്തുഷ്ടനായി കാണപ്പെടുന്നതുകൊണ്ട് അയ്യപ്പൻമാർത്താണ്ഡപ്പിള്ള മുതൽപേർ അന്നു കവിയെ പ്രോത്സാഹിപ്പിക്കാൻ തുടങ്ങീട്ടില്ലെന്നു തോന്നുന്നു. പാഞ്ചാലീസ്വയംവരം; നാളായണീചരിതം, പഞ്ചേന്ദ്രോപാഖ്യാനം ഈ കൃതികളും തുടർന്നു വിരചിച്ചിട്ടുള്ളവയാണ്. പാഞ്ചാലീസ്വയംവരം അവസാനഭാഗത്ത്

> അടുത്തുസന്ധ്യയുമിപ്പോളട്ടുന്നാളേനിശ്ശേഷം
> കട്ടത്തക്രൂരിതട്ടും വന്നടുത്തുനേരമില്ലിപ്പോൾ

എന്നു പറഞ്ഞിരിക്കുന്ന കഥയെ തുടർന്നു നാളായണീചരിതാരംഭത്തിൽ 'പിറ്റേന്നാളുദിക്കുമ്പോൾ ദ്രുപദൻപാണ്ഡവന്മാരും മറ്റുള്ള നൃപന്മാരും ധരണീനിർജ്ജരന്മാരും"

എന്നു പ്രസ്താവനയോടുകൂടി കഥതുടരുന്നു. നാളായണീചരിതത്തിൽ മൌദ്ഗല്യനും നാളായണിയും തമ്മിൽനടന്ന പലവിധമായ രതിലീലകളെ വർണ്ണിച്ചശേഷം പിന്നെ

ഷ്ഠം അലാഭാവം ലഭിക്കാതിരുന്ന മൌല്ഗല്യൻ ശപിക്കുന്ന ഭാഗംകൊണ്ടു് കഥ സമാപ്തി ചെയ്യുന്നു. അതിനെ തുടന്നു്

താപസപ്രവരൻ കൊട്ടത്തൊരുശാപവാക്കുകൾകേട്ടുടൻ
....
കല്യൻവ്യാസനുമങ്ങുമറഞ്ഞുമംഗലംസിദ്ധം

എന്നു് അവസാനിക്കയും ചെയ്യുന്നു; അതുകൊണ്ടു ശേഷമുള്ള കഥ, വാസ്തവത്തിൽ പഞ്ചേന്ദ്രോപാഖ്യാനമല്ല. "പഞ്ചേന്ദ്രോപാഖ്യാനം രണ്ടാംകളം" എന്ന പേരിട്ടു മിസ്റ്റർ റെഡ്ഡ്യാർ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന കഥയ്ക്കു പാഞ്ചാലീപരിണയമെന്നപേർ കുറേക്കൂടി യുക്തമായിരിക്കും. ഹരിശ്ചന്ദ്രചരിതം നൃഗമോക്ഷം ഇത്യാദി തുള്ളലുകളും ശംബരവധം ബാണയുദ്ധം (അപ്രസിദ്ധം) കൈലാസയാത്ര, ഗോവർദ്ധനയാഗം, സ്യമന്തകം മുതലായ ചില ആട്ടക്കഥകളും കാർത്തികതിരുനാൾ രാമവർമ്മമഹാരാജാവിന്റെ കാലത്തു് ഉണ്ടാക്കീട്ടുള്ളവയാകുന്നു.

രാമതുല്യൻമഹാവഞ്ചിരാമവർമ്മന്ദ്രഭൂപാലൻ
....
സഞ്ചിതമഞ്ചിതമാക്കിസ്സന്തതംസംജയിക്കുന്ന

എന്നു ഹരിശ്ചന്ദ്രചരിതാരംഭത്തിൽ ചെയ്തിരിക്കുന്ന രാജാരാധനം നോക്കുക.

ഇതുകൂടാതെ ശ്രീകൃഷ്ണവിലാസം മണിപ്രവാളകാവ്യവും രാമചന്ദ്രവിലാസം എന്നൊരു സംസ്കൃതകാവ്യവും അനേകമൊററശ്ലോകങ്ങളും കീർത്തനങ്ങളും പാട്ടുകളുംകൂടി നമ്പ്യാരുണ്ടാക്കീട്ടുണ്ടു്. രാമചന്ദ്രവിലാസം മുഴുവൻ വായിച്ചുനോക്കാൻ എനിക്കു് ഇടയൊഴികയാൽ അതിനെപ്പററി ഒരഭിപ്രായവും ഈ പുസ്തകത്തിന്റെ മുൻപതിപ്പുകാലത്തു പറയാൻ ഞാൻ തുനിഞ്ഞില്ല. നമ്പ്യാരുടെ കൃതിയായ രാമചന്ദ്രവിലാസമാണെന്നുപറഞ്ഞു ഒരാൾ എനിക്കയച്ചുതന്ന ഒരു ഗ്രന്ഥം അന്നും എന്റെ കൈവശം ഉണ്ടായിരുന്നു. ആദിഭാഗത്തു് അന്നു കുറെ വായിച്ചുനോക്കിയപ്പോൾ അതു ലളിതകവിതാരീതികൊണ്ടു നമ്പ്യാരുടെ കൃതിതന്നെയായിരിക്കുമെന്നു ഞാൻ വിശ്വസിച്ചിരുന്നു. പക്ഷേ കൃതിയുടെ ഒടുവിൽ,

ശ്രീനാരായണഭട്ടപാദഗുരുപാദാനാം പ്രസാദോദയാ-
ദേതത് കിഞ്ചന രാഘവീയമിതി യത്കാവ്യം കൃതം കേനചിത്
അപ്രജ്ഞതാവശാദമുഷ്യ മഹതോ ദോഷാനശേഷാനിധോ
രക്ഷേയുർത്ഥബലാച്ച തത്രസുലഭോ ദോഷോ ബുധൈഃ ക്ഷമ്യതാം

എന്നുകാണുന്ന സ്ഥിതിക്കു് അതിന്റെകർത്താവു നാരായണഭട്ടതിരിയുടെ ശിഷ്യനായ ഒരാളെന്നു സ്പഷ്ടമാകുന്നു. പ്രസ്തുതശ്ലോകത്തിൽ പറയപ്പെടുന്ന നാരായണഭട്ടപാദർ പ്രസിദ്ധനായ മേല്പുത്തൂർ നാരായണഭട്ടതിരിയാണെങ്കിൽ, ഈ കൃതി നമ്പ്യാരുടേതാവാൻ ഒരുതരവുമില്ല. നമ്പ്യാരുടെ ഗുരുക്കന്മാരുടെകൂട്ടത്തിൽ ഒരു നാരായണഭട്ടതിരിയുണ്ടായിരുന്നതായി മറെറാരുവിധത്തിൽ അറിവുപെടുന്നുമില്ല. പിന്നെയും എന്റെകൈവശംകിട്ടിയകാവ്യത്തിന്റെപേർ "രാഘവീയം" എന്നു സർഗ്ഗാവസാനങ്ങളിലും ഗ്രന്ഥാവസാനത്തിലും കാണുന്ന സ്ഥിതിക്കു രാമചന്ദ്രവിലാസം എന്ന ഒരു കൃതിയുണ്ടെങ്കിൽ അതു ഇതല്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. രാഘവീയം എന്നു പേർപറഞ്ഞ പ്രസ്തുത കൃതിയുടെ കർത്താവു് രാഘവൻ എന്നു പേരായ ഒരു കവിയാണെന്നൂഹിക്കുക കുറേക്കൂടി യുക്തമായിരിക്കും. രാഘവീയം അച്ചടിച്ചിട്ടുള്ളതായി അറിയാത്തതുകൊണ്ടു് അതിലെ കവിതാരീതിയെ ഉദാഹരിക്കാൻ ഏതാനും ശ്ലോകങ്ങൾ ഇവിടെ ഉദ്ധരിക്കാം.

ദശരഥന്റെ അനന്തരസന്താപവർണ്ണനം.

"അഥാന്തരാധിപ്രസരോ മഹീപതേ രസൂചി വക്ത്രേണ ഭൃശം വിശുഷ്യതാ
വനസ്പതേഃ കോടരരന്ധ്രമാശ്രിതഃ പ്രസൂനജന്മേവ യഥാ ദവാനലഃ

വനവർണ്ണനം.

ഘനലതാനികുരംബകരംബിതേ പതതി യത്ര വിപിനേ ന രവിത്വിഷഃ
തമപി തത്ര തമോ വിജൃംഭതേ ഖചരണീചരണാനിലിധിതാനധോ

രാമാശ്രമവർണ്ണനം.

തുംഗൈരൈരാവതസ്ത്വമൂക്ഷ്യ ഉദ്ഗ്രീവൈർഗ്ഗജരാജയുവഭിഃ

ശങ്കേസ്മരഃ ശങ്കരനേത്രവഹ്നൗ വപുഃ സ്വകീയം ജ്ജുഹവാംബഭൂവ.
സീതാസൌന്ദൎയ്യവൎണ്ണന.
അരാളനീലാളകകാളികാളീകളീകൃതാഗ്രസ്യ ലലാട നാമ്നഃ
അൎദ്ധസ്യ ചന്ദ്രസ്യ തമാലപത്രം തസ്യാഃ കളങ്കാൎദ്ധതുലാം ബിഭൎത്തി
വൎഷവൎണ്ണന.
തസ്യാ നിൎജ്ജിതനിജശ്രിയഃ ശ്രിയം നിൎജ്ജയാൎത്ഥമിവ സജ്ജകാൎമ്മുകൈഃ
ആസ്യമാനനവശീകരാശ്രുഗൈഃ പ്രാവൃഷേണ്യജലദൈരുദസ്യത
ലംബമാനജലവിന്ദുമൌക്തികൈസ്സ്തദ്ഗുധതടിദ്ഘടാചതുൎഭിഃ
നൃത്യതാമനുവനം കലാപിനാം അംബരേ ബത ധൃതാ വിതാനതാ

ഇവയിൽ ശ്രീരാമൻെറ അംഗവൎണ്ണനയിലെ ഒരു ശ്ലോകം ഇവിടെ ഉദ്ധരിച്ചതു നളചരിതം കിളിപ്പാട്ടിൽ നളൻെറ അംഗസൌഭാഗ്യം വൎണ്ണിക്കുന്ന

പുഷ്പബാണൻ തൻെറ സൎവ്വാംഗമംഗിക്ക
നിഷ്പ്രകാശത്വം ഭവിക്കുമെന്നോൎക്കയാൽ

ഇത്യാദിഭാഗത്തിലെ ആശയം തന്നെയാണെന്നുള്ളതു വിസ്മരിക്കത്തക്കതല്ല. എന്നാൽ ആ ആശയസാദൃശ്യം നമ്പ്യാർ രാഘവീയം വായിച്ചിട്ടുണ്ടായിരുന്നതുകൊണ്ടു സംഭവിച്ചതാണെന്നു വ്യാഖ്യാനിക്കുന്നതിൽ അപാകമൊന്നുമില്ല. ഇതുകൂടാതെ പ്രസ്തുതകൃതി കുഞ്ചൻനമ്പ്യാരുടേതാണെന്നു വാദിപ്പാൻ വല്ലതും സഹായിക്കുമെങ്കിൽ അതു ഈ കൃതിയുടെ ലാളിത്യസാരള്യാദി ഗുണങ്ങളും പ്രാസവിചാരവും മാത്രമാകുന്നു. കുഞ്ചൻനമ്പ്യാരുടെ സാക്ഷാൽ നാമധേയം രാഘവൻ എന്നായിരുന്നിരിക്കുമോ, കുഞ്ചൻ എന്നു ചെറുപ്പത്തിൽ ഓമനപ്പേരായി വിളിച്ചു സ്ഥിരപ്പെട്ടുപോയതാണോ, ശ്രീനാരായണഭട്ടപാദർ എന്നു പറഞ്ഞതു് ഒരുപക്ഷേ ഗുരുവായ രാണനമ്പൂരിയുടെ പേരായിരിക്കുമോ എന്നും മററുമുള്ള സന്ദേഹങ്ങളും ഈ വിഷയത്തിൽ തീരെ ബാധിക്കുന്നില്ലെന്നുമില്ല.

ഉത്തരരാമചരിതം കിളിപ്പാട്ടു് കുഞ്ചൻനമ്പ്യാരുടെ കൃതിയാണെന്നു ഭാഷാചരിത്രകൎത്താവു നിവിശങ്കം അഭിപ്രായപ്പെട്ടുകാണുന്നു. എന്നാൽ അനേക ഭാഗങ്ങൾ കൊണ്ടു് അതു് അന്യന്മാരുടെതല്ലെന്നും എഴുത്തച്ഛൻെറതന്നെയല്ലയോ എന്നും തക്കം തോന്നിപ്പോകുന്നു. നളചരിതം കിളിപ്പാട്ടു നമ്പ്യാരുടെ തന്നെയാണെന്നുള്ളതിനു തക്കമില്ല. 'ശുകപുരകൃതസ്ഥിതേ, ശൂലപാണേ' എന്ന നളചരിതാവസാനത്തിലെ മുദ്രതന്നെ കാണുക. നളചരിതത്തിൻെറ കവിതാരീതിയിൽ നിന്നും പ്രത്യക്ഷമായി ഭിന്നമാകുന്നു ഉത്തരരാമായണകവിതാരീതി. 'യാഗം ചെയ്യിപ്പാനായേ' ഇത്യാദി ഉത്തരരാമായണപ്രയോഗങ്ങളിൽ അന്ത്യമായി കേൾക്കുന്ന (ഏ) എന്ന നിപാതം കുഞ്ചൻെറ കാലത്തു് വളരെ പ്രചാരത്തിൽ ഇരുന്നിരുന്നു. 'മുററുവിചാരംകൊണ്ടുകളഞ്ഞേ' 'ശ്രുരണതല്പരരായേ' ഇത്യാദി കുഞ്ചൻശപ്രയോഗങ്ങൾ ദൃഷ്ടാന്തങ്ങളാകുന്നു. ഈ നിപാതത്തിൻെറ പ്രയോഗം എഴുത്തച്ഛൻെറകാലത്തിലും സാമാന്യമായുണ്ടു്.

കീകസാത്മജകുല നാശകാരിണിയായേ
താദൃശാത്മജനായേവന്നുഞാൻ പിറന്നീടും

ഇത്യാദി രാമായണപ്രയോഗങ്ങൾ തന്നെ ഈ വാദത്തെ ആധരിക്കും. എന്നാൽ കുഞ്ചൻനമ്പ്യാരുടെകാലത്തു ഇതുമാതിരിപ്രയോഗങ്ങൾ നിലച്ചിരിക്കുന്നതുപോലെതോന്നുന്നു. 'വൃഗ്രിച്ചു' എന്നനാമധാതു ഉത്തരരാമായണത്തിലും ഇരുപത്തിനാലുവൃത്തത്തിലും കാണുന്നുണ്ടു്. പിന്നെയും താഴെവരുന്ന ഉത്തരരാമായണ ഭാഗങ്ങൾക്കു് എഴുത്തച്ഛൻെറ കവിതയുമായുള്ള സാദൃശ്യം വളരെ ഗണ്യമായിട്ടുള്ളതും പ്രസ്തുത ഗ്രന്ഥത്തിൻെറ കൎത്തൃത്വം എഴുത്തച്ഛനിൽ തന്നെ ചുമത്തിക്കേണ്ടതാണെന്നു തെളിയിപ്പാൻ പൎയ്യാപ്തമായിട്ടുള്ളതുമാകുന്നു.

൧. ദേവിയുമനുജനും വാനരപ്പടയുമായ്, (ഉത്തരരാമായണം)
ദേവിയുമനുജനും വാനരപ്പടയുമായ് (അദ്ധ്യാത്മരാമായണം)
൨. ഉത്സാഹമുണ്ടുനനക്കെങ്കിലവൎണ്ണനം (ഉ)
ഉത്സാഹമുണ്ടുനിനക്കെങ്കിലിക്കാലം (അ)
൩. ബന്ധുസൽക്കാരംപരിഗ്രഹിച്ചാദരാൽ (ഉ)
ബന്ധുസൽക്കാരംപരിഗ്രഹിച്ചുനാഥ (അ)

൫. ഗതചാപിതാമഹം നതചാരസസംഭ്രമം (ഉ)
ഗതചാമുഷ്ഠർ നമസ്കൃതചാസസോദരം (അ)
൬. അഗ്രജൻ തന്നെ പരിചരിച്ചിട്ടുകനിത്യം (ഉ)
അഗ്രജൻ തന്നെപ്പരിചരിച്ചെപ്പൊഴും (അ)
൭. പാന്ഥന്മാർ പെരുവഴിയമ്പലംതന്നിൽവന്നു
താന്തരായിരുന്നുടൻപിരിഞ്ഞുപോകുംപോലെ (ഉ)
പാന്ഥർ പെരുവഴിയമ്പലംതന്നിലേ
താന്തരായ് കൂടിവിയോഗംവരുമ്പോലെ (അ)
൮. ചതുരാനനനിതിസ്തുതിചെയ്തുനേരം (ഉ)
ചതുരാനനനിതിസ്തുതിചെയ്തുനേരം (അ: ബാല)
൯. വൃത്തമെൻപതിന്നാലുപേരുമുണ്ടറിഞ്ഞിട്ട് (ഉ)
എന്നിവർപതിന്നാലുപേരുമുണ്ടറിഞ്ഞിട്ട് [ഭാരതം]
൧൦. രക്തവുമാറായൊഴുകിപലവഴി (ഉ)
ചോരയായുള്ളൊരു വാരിപ്രവാഹവും
പെയ്തുപെയ്തൊക്കെനിറഞ്ഞുനദികളായ്
ഓരോരോ വഴിയെ (ഭാരതം)
൧൧. ജ്ഞാനമാചാര്യനരീശനുമൊന്നായി
മാനസേതോന്നിവരുന്നിതുമാമകേ (ഉ)
ഈശനുംപ്രപഞ്ചവുംദേശികൻതാനും ജ്ഞാനം
ഈശന്റെ കാരുണ്യത്താൽ കേവലമൊന്നായ് കാണ്മൻ (ഭാഗവതം)
൧൨. ത്യാഗവും വധവുമൊക്കെനിരൂപിച്ചുകണ്ടാൽ (ഉ)
ഇത്യാഗവും വധവുമൊത്തുഫലമേതിനു [ഇരുപത്തിനാലുവൃത്തം]
൧൩. ഓരോന്നുതമ്മിൽപറഞ്ഞിരിക്കുന്നതിന്മദ്ധ്യേ
ആരാനുംവരികിൽനീയവരെവധിക്കേണം (ഉ)
മന്ത്രാന്തരമദ്ധ്യാഗതനെക്കൊല്ലണമിന്നീയെങ്കിലോ [ര. വൃത്തം]

ഇതുപോലെ ഇനിയും പത്തുനാല്പതു ദൃഷ്ടാന്തങ്ങൾകൂടി എന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ട്. ഇത്രമാത്രം സാദൃശ്യം കാണുന്ന സ്ഥിതിക്ക് ഇതു് എഴുത്തച്ഛന്റെ കൃതിയല്ലെന്നു പറയുന്നതു എങ്ങനെയെന്നു മനസ്സിലാകുന്നില്ല.

ഇങ്ങനെ സാദൃശ്യങ്ങൾ കാണുന്നതു് ഉത്തരരാമായണം എഴുതിയ കവി എഴുത്തച്ഛന്റെ കവിതകൾ ദൃഢമായി പഠിച്ചിട്ടുണ്ടായിരുന്നതുകൊണ്ടാണെന്നു വരുമോ എന്നിവിടെ ഒരു വാദം വല്ലവരും ഉത്ഭാവനം ചെയ്തേക്കാം. എന്നാൽ ആ വാദത്തിനു ബലമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ സാധാരണയായി ഒരു കവി, മറെറാരു കവിയിൽനിന്നു വിശേഷപ്പെട്ട ആശയങ്ങളെയോ വിശേഷപ്പെട്ട വാചകങ്ങളെയോ അല്ലാതെ സ്വീകരിക്കാറില്ല. മുൻദൃഷ്ടാന്തങ്ങളാൽ യാതൊരു വിശേഷവുമില്ലാത്ത ആശയങ്ങളും വാചകങ്ങളും സദൃശങ്ങളായിരിക്കുന്നതു പ്രത്യക്ഷമാണല്ലോ. ഒരു കവിയുടെ കൃതികൾ നന്നായി പഠിച്ചിട്ടുള്ള മറെറാരു കവിയുടെ കവിതയിൽ പൂർവ്വകവിയുടെ വാചകങ്ങൾ അറിയാതെ കടന്നുകൂടുകയോ ചിലപ്പോൾ ഇതു കൂടാതെതന്നെ യാദൃച്ഛികമായി രണ്ടു കവികൾ സദൃശപാഠകകളായിത്തീരുകയോ ചെയ്യാവുന്നതാണെന്നുള്ള സംഗതി ഞാൻ വിസ്മരിക്കുന്നില്ല. ആധുനികമായ ഒരു ഉദാഹരണത്തിനു, "സന്താപക്ലാന്തസകലജഗതാം സ്കന്ദനേവന്ദനംചെയ്തേ"ന്നുള്ള മയൂരസന്ദേശശ്ലോകപാദത്തിനു "സന്താപക്ലാന്തസകലജഗതാം ശാർങ്ഗചാപാഭിരാമം" എന്ന ചമ്പൂരാമായണശ്ലോകപാദവുമായി അറിയാതെതന്നെ സംഭവിച്ചിരിക്കാനിടയുള്ള സാദൃശ്യം മതിയാവും. പക്ഷേ മുമ്പു കൊടുത്തിരിക്കുന്നിടത്തോളം സാദൃശ്യങ്ങൾ യാദൃച്ഛികമായോ അറിയാതെയോ സംഭവിക്കുമെന്നു വിശ്വസിപ്പാൻ തരമില്ല. ഉത്തരരാമായണകർത്താവു നമ്പ്യാരുതന്നെ എന്നും മേല്പടി സാദൃശ്യങ്ങൾ എഴുത്തച്ഛന്റെ കവിതയുമായുള്ള പരിചയംകൊണ്ടു പററിയതാണെന്നും വാദത്തിനുവേണ്ടി സമ്മതിക്കുന്നപക്ഷവും ഇതുപോലെ സാദൃശ്യം നമ്പ്യാരുടെ അന്യകവിതകളിലും കാണേണ്ടതല്ലേ? എന്നൊരു ചോദ്യത്തിനു വല്ല അവകാശം സിദ്ധിക്കുന്നു. നമ്പ്യാരുടെ എഴുത്തച്ഛന്റെ കൃതികളു പരിചയമുണ്ടായിരുന്നെന്നു സാധിപ്പാൻ മാർഗ്ഗമുള്ള മൂന്നു

നാലു ഭാഗങ്ങൾ എൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടു്. എന്നാൽ അവ സർവ്വസന്ദേഹവിമുക്തമെന്നു പറയുവാൻ നിർവ്വാഹമില്ല. ഉദാഹരണത്തിന്നു രണ്ടുഭാഗങ്ങൾ എടുക്കാം.

൧ നീലമഹാമലയുടെമുകളിൽനിന്നഥ
കോലാഹലമൊടുമരുവിവരുംപടി (ഐരാവതപൂജ)
നീലപർവ്വതത്തിൻെറ മുകളിൽ നിന്നു ചാടി
നാലഞ്ചു വഴിവരുമരുവിയാറുപോലെ (അദ്ധ്യാത്മരാമായണം)

൨ ആരവാരങ്ങളും സിംഹനാദങ്ങളും
....
പെരിയരഥമലറിയുടനിളകമതിഘോഷവും
ബാണയുദ്ധം തുള്ളൽ (റെഡ്യാരുടെ പതിപ്പു്)
തകിൽമുരശുപറപടഹതുടികളൊടുശംഖവും
....
ചെണ്ടമദ്ദളത്തോടുകാഹളികൾനാദവും (ഭാരതം ഭീഷ്മം)

ഇവിടെ ഒന്നാംഭാഗത്തിൽ ഐരാവതപൂജയിൽ അർജ്ജുനൻെറ ബാണംകൊണ്ടു കാലൻെറ ദംഷ്ട്രയും മററും ചതഞ്ഞു ചോര ശരീരത്തിലൊലിച്ചതും ലക്ഷ്മണൻ കുചനാസികാച്ഛേദം ചെയ്തതുകൊണ്ടു ശൂർപ്പണഖയുടെ ദേഹത്തിൽ രക്തം പ്രവഹിച്ചതുമാണു നീലമലയുടെ മുകളിൽനിന്നുള്ള വെള്ളച്ചാട്ടത്തോടു സാദൃശ്യപ്പെടുത്തിയിരിക്കുന്നതു്. യമനേയും ശൂർപ്പണഖയേയും നീലമലയോടുപമിക്കാൻ രണ്ടു കവികൾക്കും സ്വയമേവ തോന്നുവാനിടയുള്ളതാകുന്നു. ശൂർപ്പണഖയുടെ കാതുകൾ കുചങ്ങൾ മുതലായ ദിക്കുകളിൽനിന്നു രക്തമുത്ഭവിക്കയാൽ നാലഞ്ചുവഴി വരുന്ന അരുവി, എന്നു് എഴുത്തച്ഛൻെറ പ്രയോഗത്തിലും യമൻെറ ഗുഹാപ്രായമായ മുഖത്തിൽനിന്നു ചോരയൊലിച്ചതുകൊണ്ടു നമ്പ്യാരുടെ പ്രയോഗത്തിലും സ്വതന്ത്രമായ യുക്തിയും കാണ്മാനുണ്ടു്, ആകയാൽ നമ്പ്യാർ എഴുത്തച്ഛൻെറ പ്രയോഗത്തെ സ്വീകരിച്ചിരിക്കണമെന്നു നിഷ്കർഷമായി വാദിക്കാവുന്നതല്ല. രണ്ടെന്നുള്ള അക്കത്താൽ ലക്ഷിതമായ ഭാഗങ്ങൾ തമ്മിലുള്ള സാമ്യം അസാമാന്യമായിരിക്കുന്നു:

“ചോരായമപാഹരതികവിഃ പദമേകംപാദമേകമർദ്ധം വാ
സകലനിബന്ധനഹർത്രേ സാഹസകർത്രേ നമസ്തുഭ്യം”

എന്ന ശ്ലോകത്താലുദ്ദേശിക്കുന്ന പുച്ഛത്തിനു ബാണയുദ്ധം തുള്ളപ്പാട്ടിൻെറ കവി പാത്രീഭവിക്കാതെ കഴികയില്ലെന്നു തോന്നിപ്പോകുന്നു. പക്ഷേ പരൻെറ കവിത സ്വകവിതയാക്കുന്ന “ദുഷ്ടചികണ്ടകന്മാരെ സമക്ഷത്തൊരേടത്തു കണ്ടുപോയെന്നാൽ കുളിച്ചു പുണ്യാഹാദികൊണ്ടു തന്നംഗം വിശുദ്ധമാക്കീടണം” എന്നു നിർദ്ദയമായി അന്യകാവ്യങ്ങൾ കരണ്ടുതിന്നുന്ന കവിമൂഷികന്മാരെ നമ്പ്യാർ ആക്ഷേപിക്കുന്ന സ്ഥിതിക്കു്, ഈ സാഹസത്തിനു് അദ്ദേഹം സ്വയം പുറപ്പെട്ടുമെന്നെങ്ങനെ വിചാരിക്കാം. അച്ചടിക്കാർക്കും തുള്ളൽക്കാർക്കും സഹജമായുള്ള പ്രമാദം ഈ സാമ്യത്തെ വ്യാഖ്യാനിക്കാൻ ഒരുമാതിരി ഉതകുമെന്നു തൽക്കാലം വിചാരിക്കേണ്ടിയിരിക്കുന്നു.

ഉത്തരരാമായണവും അദ്ധ്യാത്മരാമായണാദി ഗ്രന്ഥങ്ങളും തമ്മിലുള്ള സാദൃശ്യം അനേകം കവിതകൾ ഉണ്ടാക്കിയിട്ടുള്ള കവികൾക്കു സാധാരണ സംഭവിക്കാറുള്ള തരത്തിൽപ്പെട്ടതാകുന്നു. ഷേക്സ്പീയർ, കാളിദാസൻ, എഴുത്തച്ഛൻ, നമ്പ്യാർ, മുതലായവർ അനേകമാശയങ്ങളേയും വാക്യങ്ങളേയു ആവർത്തിച്ചു പ്രയോഗിച്ചിട്ടുള്ളതു സുപ്രസിദ്ധമാണല്ലോ. കവിതയിൽ പ്രമാദങ്ങൾ നമ്പ്യാർക്കും എഴുത്തച്ഛനും പററിയിട്ടുണ്ടു്. ഉദാഹരണമായി ദമയന്തിയുടെയും അവളുടെ മാതൃഷ്വസാവായ ചേദിരാജമാതാവിൻെറയും ചാർച്ച നളചരിതം കിളിപ്പാട്ടിൽ തെററിച്ചിരിക്കുന്നതു കാണുക. പക്ഷേ,

കിന്നുപാപം കൃതംപൂർവ്വം
കോവാദാരൈർവിയോജിതഃ॥

എന്ന ഉത്തരരാമായണഭാഗത്തെ

ഞാൻ മുന്നമനേകമാനുഷരെ ദുഃഖിപ്പിച്ചു
കാന്ത്യദാരങ്ങളോടുവേർപെടുത്തതിൻഫലം
ഞാനിപ്പോളനുഭവിച്ചീടുന്നതു

എന്നു തർജ്ജിമചെയ്തിരിക്കുന്നതിൽ കാണുന്നതുപോലെയുള്ള നിസ്സാരക്കുറവുകൾ നമ്പ്യാരുടെ കവിതയിൽ അധികം കണ്ടിട്ടില്ല.

"മാതരു" "വെന്നി" "ആവല്ല" മുതലായി ഉത്തരരാമായണത്തിൽ കാണുന്ന പദങ്ങളും പ്രയോഗങ്ങളും നമ്പ്യാരുടെ കൃതികളിൽ കാണ്മാനില്ല. ആകയാൽ പ്രസ്തുതകൃതി നമ്പ്യാരുടേതെന്നു പറയുന്നതു് എന്തോ അബദ്ധമായ ഐതിഹ്യത്തെ മാത്രമാസ്പദമാക്കിയാണെന്നു തോന്നിപ്പോകുന്നു. "ചാണക്യസൂത്രം" കിളിപ്പാട്ടിന്റെ കർത്തൃത്വവും സംശയിതമായിട്ടുള്ളതാകുന്നു. അതു കുഞ്ചക്കുളങ്ങര രാമപ്പിഷാരടിയുടെ കൃതിയാണെന്നു ചിലർക്കുള്ള ഭാവത്തെ ഭാഷാചരിത്രകർത്താവും ഏകദേശം സമ്മതിക്കുന്നു. മിസ്റ്റർ രാമക്കുറുപ്പു ബി. ഏ. ചാണക്യസൂത്രം നമ്പ്യാരുടെ ബാല്യകവിതകളിൽ ഒന്നാണെന്നു അഭിപ്രായപ്പെട്ടുകാണുന്നു. ഈ അഭിപ്രായം ശരിയാണെന്നു വിചാരിക്കാൻ വളരെ ന്യായങ്ങൾ ഉണ്ടു്. ചാണക്യസൂത്രം കിളിപ്പാട്ടു് പ്രാചീനതരകൃതിയായ ചാണക്യസംഗ്രഹത്തേയും മുദ്രാരാക്ഷസനാടകത്തേയും ആസ്പദമാക്കി രചിക്കപ്പെട്ടിട്ടുള്ളതാകുന്നു. ചില ദിക്കുകളിൽ തർജ്ജിമയ്ക്കു് അവ്യക്തതയും ചില ദിക്കിൽ തർജ്ജിമ ചെയ്യുന്നതിനു കവിയുടെ അശക്തിയും കവിതാഗുണത്തിന്റെ അസ്ഫുർത്തിയും വ്യക്തമാകകൊണ്ടു് ഒരു ബാല്യകവിത എന്നു പറയുന്നതു യുക്തമായിരിക്കുന്നു.

> കള്ളക്കാരങ്ങളിനെത്തള്ളിയിഴച്ചുടൻ
>
> ....
>
> മെയ്യുക്കമൂട്ടിലുണ്ണാനതിവീരന്മാർ.

ഇങ്ങനെയുള്ള ചാണക്യസൂത്രപ്രയോഗങ്ങൾ നമ്പ്യാരുടെ കവിതാപ്രപഞ്ചത്തിന്റെ അങ്കുരങ്ങൾ പോലിരിക്കുന്നു. മുദ്രാരാക്ഷസം നമ്പ്യാർക്കു പരിചിതമായിരുന്നു എന്നുള്ളതിനു അനേകലക്ഷ്യങ്ങൾ ഉണ്ടു്.

> ധീയതേബാലിശസ്യാപി സൽക്ഷേത്രപതിതാകൃഷിഃ
>
> നശാലേസ്തംബകരിതാവാപ്തുർഗ്ഗുണമപേക്ഷതേ,

എന്ന മുദ്രാരാക്ഷസശ്ലോകം സ്യമന്തകംതുള്ളലിന്റെ ആദ്യം ഉദ്ധരിച്ചുകാണുന്നു. പിന്നെയും

> ഭൂഷണാദ്യുപഭോഗേന പ്രഭുർഭവതിനപ്രഭുഃ
>
> പരൈരപരിഭൂതാജ്ഞസ്ത്വമേവപ്രഭുരുച്യസേ

എന്ന മുദ്രാരാക്ഷസശ്ലോകത്തെ

> സർവാഭരണം അലങ്കരിച്ചാൽനൃപൻ
>
> ഉർവീപതിയാകയില്ലെന്നുനിർണ്ണയം
>
> ആജ്ഞയ്ക്കൊരന്തരം കൂടാതെനിത്യവും
>
> പ്രാജ്ഞനായുള്ള രാജാവുരാജാവല്ലൊ.

എന്നു തർജ്ജിമ ചെയ്തിട്ടുണ്ടു്. ഈ ആശയംതന്നെ പതിനാലുവൃത്തത്തിലും പ്രയോഗിക്കപ്പെട്ടിരിക്കുന്നതായി കാണുന്നു.

> കടകമണികാഞ്ചിമകുടമിവയെല്ലാം
>
> ....
>
> നരശനരൻതാൻ പ്രണതമുകുന്ദം,

ഇങ്ങനെയുള്ള സംഗതികൾകൊണ്ടു ചാണക്യസൂത്രം നമ്പ്യാരുടെ കൃതിയെന്നു പറയുന്നതിനു വളരെ സാംഗത്യമുണ്ടെന്നു തോന്നുന്നു. കൃഷ്ണാർജ്ജുനവിജയം ഓട്ടൻതുള്ളൽ നമ്പ്യാരുടെ കവിതകളുടെ കൂട്ടത്തിൽ തന്നെ ഭാഷാചരിത്രകാരനാൽ ഗണിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഈയിടെ ഇതു അമ്പാട്ടു പണിക്കരുടെ കൃതിയാണെന്നു ചിലർക്കു് അഭിപ്രായമുള്ളതായി കാണുന്നു. പദങ്ങൾ പ്രയോഗിക്കുന്ന കാര്യത്തിൽ നമ്പ്യാർ വളരെ സ്വാതന്ത്ര്യം കാണിക്കാറുണ്ടെങ്കിലും കൃഷ്ണാർജ്ജുനവിജയത്തിൽ കാണ്മാനുള്ളതുപോലെ 'കംബീരുഖൻ വിയപതി (വിയൽപഥെ) വിജമാർഗ്ഗണ ക്രൂരുഭുജസുതൻ (ക്രൂരുഭുകസുതൻ) എന്നതിനുപകരം മംഗലദേവതകാമുകൻ' എന്നൊക്കെ വ്യാകരണവിരുദ്ധമായും ഗോഷ്ഠിയായും നമ്പ്യാർ,ശബ്ദങ്ങളെ പ്രയോഗിക്കുമെന്നുവിശ്വസിക്കുവാൻതരമുണ്ടെന്നു തോന്നുന്നില്ല. തനയൂർ എന്ന ദേശത്തെപ്പററി നമ്പ്യാരുടെ കൃതികളിൽ ഒരു പ്രസ്താവവുമില്ലെന്നുള്ളതും പ്രസ്താവയോഗ്യമാകുന്നു.

ഈ പുസ്തകത്തിൻെറ മുൻപതിപ്പുകാലത്തു അറിവില്ലാതിരുന്നതും പിന്നീടു കരുനാ
ഗപ്പള്ളിൽ പാവറയിൽ ചക്കാട്ടുവീട്ടിലെ ഗ്രന്ഥപ്പുരയിൽ നിന്നു കണ്ടുകിട്ടിയതും ഭാഷാ
പോഷിണിമാസികയിൽ എന്നാൽ പ്രസിദ്ധീകരിക്കപ്പെട്ടതും ആയ കൃഷ്ണാർജ്ജുനയുദ്ധം അ
ഥവാ മാധവലീല എന്ന കൃതിയിലെ കഥതന്നെ കൃഷ്ണാർജ്ജുനവിജയം തുള്ളൽക്കഥയാക്കി
യതാണെന്നു് അനായാസേന കാണാവുന്നതാകുന്നു. ഈ സംഗതിയും കൃഷ്ണാർജ്ജുനവിജ
യത്തിൻെറ കർത്താവു നമ്പ്യാരല്ലെന്നു തെളിയിക്കുന്നതിനു നമ്മേ സഹായിക്കുന്നു.

പ്രസിദ്ധ പുസ്തകവ്യാപാരിയായ മിസ്റ്റർ എസ്. റ്റി. റെഡ്ഡ്യാർ നമ്പ്യാരുടെ കൃതി
കളായി ചേർത്തിപ്പിച്ചിട്ടുള്ള തുള്ളൽക്കഥയുടെ കൂട്ടത്തിൽ കാണുന്നതെല്ലാം നമ്പ്യാരുടെ കൃ
തി തന്നെയാണോ എന്ന ശങ്ക നിവർത്തിക്കുവാൻ ആ പതിപ്പിൻെറ പ്രസാധകന്മാർതന്നെ
സാധിച്ചിട്ടില്ലെന്നു കാണുന്നു. ആ കൂട്ടത്തിൽ അംബരീഷചരിതവും നിവാതകവചകാ
ലകേയവധവും പ്രസിദ്ധനായ പൂന്തോട്ടം നമ്പൂരിയുടെ കൃതികളാണെന്നു മിസ്റ്റർ കൊട്ടാ
രത്തിൽ ശങ്കുണ്ണിയ്ക്കു നിസ്സംശയം അറിയാമെന്നു പറഞ്ഞിരിക്കുന്നു. നിവാതകവചകാല
കേയവധത്തിൻെറ കാര്യത്തിൽ മി: എസ്. പരമേശ്വരയ്യരും ടി കൃതി നമ്പ്യാരുടേതല്ലെ
ന്നു പറയുന്നതിൽ യോജിക്കുന്നു. 'കിള്ളിക്കുറിച്ചി പരബ്രഹ്മമൂർത്തിയെ കുള്ളംവെടിഞ്ഞുവ
ണങ്ങുമടിയൻെറ' എന്നുള്ള കിള്ളിക്കുറിച്ചിദേവസ്തുതിയും

മ. ഉർവ്വശിയിൽ നിന്നൊരു സുന്ദരമർത്ത്യൻ സു
....
വ. ഗാണ്ഡീവചാപവും ദിവ്യബാണങ്ങളും
ഖാണ്ഡവം ചുമപ്പതുപോലെഭവിച്ചുതേ

ഇത്യാദി സൗസാദൃശ്യയോഗങ്ങളും നിവാതകവചവധം നമ്പ്യാരുടെ കൃതിയാണെന്നു
പ്രഥമദൃഷ്ട്യാ ഒരു ശങ്ക ജനിപ്പിക്കുമെങ്കിലും ആന്തരികമായ കവിതാരീതിഭേദം ആക്കാ
ര്യത്തെ വ്യക്തപ്പെടുത്തുന്നു. മി. റെഡ്ഡ്യാരുടെ പതിപ്പിൽകാണുന്ന ഗോവർദ്ധന
ചരിതം, കിർമ്മീരവധം, ബകവധം, ധേനുകവധം ഇത്യാദി കൃതികളിൽ വിശിഷ്ടങ്ങളായ
കവിതാഗുണങ്ങൾ വളരെയൊന്നും കാണുന്നില്ലെന്നും പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

രുഗ്മിണീസ്വയംവരം, ലങ്കാമർദ്ദനം, പ്രഹ്ളാദചരിതം, ഈ മൂന്നു കൃതികളിലും ഗു
രുവായൂരപ്പനെ സ്തുതിച്ചുകാണുന്നുണ്ടു്. ഈ മൂന്നുകൃതികളുടെ ആരംഭവും ഒരേമാതിരി
യുള്ളതാണു്. ഈ കാരണങ്ങളാലും നമ്പ്യാർക്കു ഗുരുവായൂരപ്പനെപ്പററി വിശേഷപ്രതി
പത്തിക്കു കാരണം കാണാത്തതുകൊണ്ടും ഈ കൃതികൾ മററു വല്ലവരുടേയുമായിരിക്കുമോ
എന്നൊരു സംശയത്തിനു വകയുണ്ടു്. പക്ഷേ സൂക്ഷ്മമായി ആലോചിച്ചാൽ ഇവിടെയും
ഭ്രമത്തിനു് അവകാശമില്ല. രുഗ്മിണീസ്വയംബരത്തിൽ അമ്പലപ്പുഴ കൃഷ്ണനേയും, കടമാ
ളൂർ വേട്ടക്കൊരുമകനേയും സ്തുതിച്ചുകാണുന്നതിൽനിന്നു് ആ കൃതി നമ്പ്യാരുടെ തന്നെയാണെ
ന്നു വ്യക്തമാകുന്നുണ്ടു്. കടമാളൂർ എന്നു പറയുന്നതു് അമ്പലപ്പുഴ രാജാവായിരുന്ന
ചെമ്പകശ്ശേരി നമ്പൂരിയുടേയും അദ്ദേഹത്തിൻെറ മന്ത്രിയായിരുന്ന തെക്കേടത്തുഭട്ടതിരിയു
ടേയും നാടാകുന്നു. ലങ്കാമർദ്ദനത്തിൽ വില്വമലനാഥനേയും അമ്പലപ്പുഴ കൃഷ്ണനേയും,
ഹരിപ്പാട്ടു സുബ്രഹ്മണ്യനേയും (ഹരിഗീതാലയം) പ്രാർത്ഥിച്ചിരിക്കുന്നതിൽ നിന്നു ഗ്രന്ഥക
ർത്താവു് ആരെന്നു തെളിയുന്നുണ്ടു്.

നമ്പ്യാർ മലയാള സാഹിത്യത്തിൽ മുഖ്യമായി ഗണിക്കപ്പെടുന്നതു തുള്ളക്കഥകളുടെ
പ്രഥമനിർമ്മാതാവു് എന്നുള്ള നിലയിലാണല്ലോ. അദ്ദേഹം തുള്ളക്കഥയുണ്ടാക്കുന്നതിനു
ഹേതുവായ സംഗതി സുപ്രസിദ്ധമാകുന്നു. ചാക്യാരാൽ അപഹസിക്കപ്പെട്ട നമ്പ്യാർ തു
ള്ളക്കഥകൾ നിർമ്മിച്ചു ചാക്യാരെ ലജ്ജിപ്പിച്ചു എങ്കിലും ഈ മത്സരത്തിൻെറ അവസാനം
നമ്പ്യാർക്കു അത്ര ശുഭമായിരുന്നില്ല എന്തുകൊണ്ടെന്നാൽ ഇവരുടെ കലഹത്തെപ്പററി
സങ്കടപ്പെട്ടു ചാക്യാരുടെ മുഖത്തിൽനിന്നു തന്നേ ചെമ്പകശ്ശേരിരാജാവു് അറിഞ്ഞതി
ൻെറ ശേഷം, കൂത്തും തുള്ളലും കൂടി ഒരുദിക്കിൽവച്ചു നടക്കുക അസാദ്ധ്യമാണെന്നുകരു
തി, അമ്പലപ്പുഴ ക്ഷേത്രത്തിൽ അന്നുമുതൽ തുള്ളൽ പാടില്ലെന്നു കല്പിച്ചു, ഇന്നും അമ്പ
ലപ്പുഴ അമ്പലത്തിൽ തുള്ളൽക്കഥ പതിവില്ല. അങ്ങനെ കല്പന ഉണ്ടായതുകൊണ്ടായി
രിക്കാം നമ്പ്യാർ തുള്ളൽക്കഥ അഭിനയിക്കുന്നതിനു തകഴിയിൽ ക്ഷേത്രം ഒരു പ്രധാന രം
ഗമാക്കിത്തീർത്തതു്. എന്നാൽ ആട്ടക്കഥ കൊട്ടാരക്കരരാജാവും സാമൂതിരിപ്പാടും തമ്മിൽ
പിണങ്ങിയതിൽ നിന്നുണ്ടായി എന്നു പറയുന്നതുപോലെതന്നെ ആകുന്നു ചാക്യാരും ന

മ്പ്യാരും തമ്മിൽ പിണങ്ങിയതുകൊണ്ടു തുള്ളക്കഥകൾ ഉത്ഭവിച്ചു എന്നു പറയുന്നതും. ഇ
തുകൊണ്ടു തുള്ളൽക്കഥയുടെ നിദാനം എന്തെന്നറിവാൻ നാം അശക്തന്മാരാകുന്നു. ദ
ക്ഷൻ ആക്ഷേപിച്ചതുകൊണ്ടു കോപിഷ്ഠനായ ശിവൻ ജട നിലത്തടിച്ചപ്പോൾ വീരഭ
ദ്രൻ ചാടിവീണതുപോലെ ചാക്യാരാൽ അധിക്ഷിപ്തനായ നമ്പ്യാർ അമ്പലപ്പുഴെ എണ്ണ
കളിത്തട്ടിൽ കയറി നിന്നപ്പോൾ തുള്ളലിനുവേണ്ടതായ സകല സാമഗ്രികളും വന്നുകൂടി
എന്നു ഭാവിക്കുന്നതു ഭാഷയുടെ പൂർവ്വചരിത്രത്തെക്കുറിച്ചു ദയനീയമായ അജ്ഞതയെ പ്രദർ
ശിപ്പിക്കയാകുന്നു; തുള്ളലിനു വേണ്ടതായ വൃത്തം എവിടെ നിന്നുണ്ടായി? തുള്ളൽക്കവി
തയുടെ കവിതാരീതി എവിടെനിന്നു കിട്ടി? ഈ കവിതാരീതി ജനങ്ങൾക്കു് ആദരണീ
യമായി തോന്നുവാൻ കാരണമെന്തു്? ഇങ്ങനെയൊക്കെ ചില ചോദ്യങ്ങൾക്കു് ഉത്തരം പ
റയുക എന്നുള്ള ദുർഘടമായ കൃത്യം തുള്ളൽക്കഥകളെപ്പററി നിരൂപിക്കുവാൻ പുറപ്പെടുന്ന
ഒരുവനിൽ നിൽക്കാതെ കഴികയില്ല. ഈ അംശങ്ങളെക്കുറിച്ചു് ആകയാൽ ഇതിനുകീ
ഴിൽ യത്നിച്ചുകൊള്ളുന്നു. ഒന്നാമതായി തുള്ളൽക്കഥകൾക്കു മുമ്പായി നമ്മുടെ സാഹിത്യ
ത്തിൻെറ സ്ഥിതിതന്നെ നോക്കുക. എഴുത്തച്ഛൻെറ കൃതികളായ കിളിപ്പാട്ടുകളേയും ഇ
രുപത്തുനാലുവൃത്തം മുതലായവയേയും മാതൃകയാക്കി കിളിപ്പാട്ടുകളും മററും നിർമ്മിക്കുകയാ
യിരുന്നു അക്കാലത്തെ കവിതയുടെ മുഖ്യലക്ഷ്യം. കൊട്ടാരക്കരെ രാജാവിൻെറയും കോട്ടയ
ത്തു രാജാവിൻെറയും മററും കഥകളിപ്പാട്ടുകൾ വളരെ പ്രചാരത്തിൽ ഇരുന്നിരുന്നു എന്നും
ആട്ടം അക്കാലത്തെ മുഖ്യവിനോദങ്ങളിൽ ഒന്നായിരുന്നു എന്നും സ്പഷ്ടമാകുന്നുണ്ടു്. സം
സ്കൃതവിദ്യാഭ്യാസം വളരെ പ്രാബല്യത്തിൽ ഇരുന്നു. സംസ്കൃതകവനവും വളരെ കാ
ര്യമായിരുന്നു. ചമ്പൂക്കളുടെ കാലം അന്നു കഴിഞ്ഞിരുന്നതുപോലെ തോന്നുന്നു. സംസ്
കൃതകവികളെ, പ്രത്യേകിച്ചു്, അർത്ഥത്തെക്കാൾ ശബ്ദത്തിനു പ്രാധാന്യം കല്പിക്കുന്ന അവാ
ചീനകവികളെ അനുസരിച്ചു കാവ്യങ്ങളും ശ്ലോകങ്ങളും ഉണ്ടാക്കിവന്നിരുന്നതായും തെളി
യുന്നു. ശുകസന്ദേശം ചാതകസന്ദേശം യുധിഷ്ഠിരവിജയം ഉത്തരനൈഷധം നാരായ
ണീയം മുതലായ കൃതികൾ ഇക്കൂട്ടത്തിൽ വളരെ ശ്രേഷ്ഠപ്പെട്ട ഉദാഹരണങ്ങൾ ആകുന്നു. കൃ
ത്രിമങ്ങളായ നിയമങ്ങളേയും അർത്ഥശൂന്യങ്ങളായ സങ്കേതങ്ങളേയും ഗണ്യമാക്കാതെ സ്വ
തന്ത്രമായി കവിതചെയ്യാനുള്ള ധൈര്യം സാമാന്യകവികൾക്കിനിയും ഉണ്ടായിട്ടില്ല. ചു
ററും നടക്കുന്ന സംഗതികളെ ലക്ഷ്യമാക്കി വർണ്ണിക്കുന്നതിനു ചില സംസ്കൃതകവികളുടെ
സമ്പ്രദായങ്ങളെക്കുറിച്ചുള്ള ആദരവു സമ്മതിക്കാതിരിക്കയോ മനോധർമ്മവിലാസം കവി
കൾക്കു ചേരാതിരിക്കയോ ചെയ്തിരുന്നതായി തോന്നുന്നു. സംസ്കൃതത്തിൽ പറഞ്ഞാൽ
എന്തും പ്രമാണം, സംസ്കൃതത്തിൽ പറയുന്നതു സകലവും സരസം, എന്നൊക്കെ ഭാവി
ക്കുന്ന ആളുകൾ ഇപ്പഴും നമ്മുടെ ഇടയിൽ അവിടവിടെ അവശേഷിച്ചിട്ടുണ്ടല്ലോ. ഈ
സ്ഥിതിയുടെ അസഹ്യത നമ്പ്യാരുടെ കാലത്തു, പ്രത്യേകിച്ചു ചെമ്പകശ്ശേരി രാജാവി
ൻെറ രാജധാനിയിൽ വളരെ പ്രബലമായി പ്രവർത്തിച്ചിരിക്കാം. സാമൂതിരിപ്പാട്ടിലെ സ
ദസ്സിൽ ഭാഷാകവിയായ പുനംനമ്പൂരി അരക്കവിയായിരുന്നുള്ളു. അക്കാലത്തെ രാജ
സദസ്സുകളിൽ പലദിക്കുകളിൽനിന്നു വിദ്വാന്മാർ വന്നുകൂടി വേദാന്താദിവിഷയങ്ങളെ അ
ധികരിച്ചു വാദപ്രതിവാദങ്ങൾ നടത്തുകയും ജയിക്കുന്നവർക്കു വിരുതുകൾ ലഭിക്കയും ചെയ്തു
പോന്നിരുന്നു. വിദ്വാന്മാരെന്നും ശാസ്ത്രിമാരെന്നുമുള്ള സമ്മതി ഇങ്ങനെയുള്ള സദസ്സുകളി
ൽവച്ചായിരുന്നു ലഭിച്ചുവന്നിരുന്നതു്, ഇതു ത്രിപുരദഹനത്തിൽ നമ്പ്യാരുതന്നെ സൂചിപ്പിക്കു
ന്നു. സംസ്കൃതകവികളുടെ അനുകരണം ദുസ്സഹമായിവന്നുതുടങ്ങിയപ്പോൾ വേറെമാർഗ്ഗത്തിൽ
പ്രവർത്തിക്കാം എന്നു വിചാരിച്ചിരുന്നാൽ കിളിപ്പാട്ടുകൾ എന്നും കഥകളിപ്പാട്ടുകൾ എന്നും
രണ്ടു കവിതാപ്രകാരങ്ങൾ അല്ലാതെ അന്നു തുറന്നിട്ടുണ്ടായിരുന്നില്ല. ഈ രണ്ടുരീതികൾക്കും
ഉള്ള വൈകല്യങ്ങൾ അവയിലേക്കു നമ്പ്യാരെ ആകർഷിക്കാതിരുന്നതായിരിക്കണം. മഹാ
നായ എഴുത്തച്ഛൻെറ കിളിപ്പാട്ടിനു വിഷയീകരിച്ച ദിവ്യങ്ങളും, പരിശുദ്ധങ്ങളും ആയ
വിഷയങ്ങളും അദ്ദേഹത്തിൻെറ സരളബന്ധങ്ങളായ വാക്യങ്ങളും പാകവും കാണുന്ന ഒരു
കവിക്കു്, ആ പന്ഥാവിൽ പ്രവേശിച്ചു സ്വാതന്ത്ര്യം കാണിക്കാമെന്നോ, എഴുത്തച്ഛനുതു
ല്യനായിക്കൊള്ളാമെന്നോ ഒരു ദുർമ്മോഹവും ജനിക്കയില്ല. കാവ്യരചന കഴിഞ്ഞു ന
മ്പ്യാർതന്നെ ചാണക്യസൂത്രം, നളചരിതം ഇവ കിളിപ്പാട്ടായിട്ടെഴുതിയിട്ടു് അതുപ്പന്നൊ
പോലെ ആ രീതിയിൽനിന്നു വിരമിച്ചതായി തോന്നുന്നു. പഞ്ചതന്ത്രം എഴുതാൻ ഇട
യായതു വല്ല പ്രേരണയാലും ആയിരിക്കാം, കൃഷ്ണഗാഥാകർത്താവിൻെറ വൃത്തത്തിൽ കവി

ത എഴുതാം എന്നുവിചാരിച്ചു നമ്പ്യാർ കുമാരപുരേശ്വരിസ്തോത്രവും ശീലാവതിയും കു റെ എഴുതിയതായി കാണുന്നു. എന്നാൽ ചെറുശ്ശേരിയുടെ ഇഴഞ്ഞുകട്ടു, ചൊടിപ്പുകുറയുന്ന നമ്പ്യാർക്കു വളരെ പിടിച്ചിരിക്കാൻ ഇടയില്ല. ഇരുപത്തിനാലുവൃത്തം മുതലായവയുടെ മുഖ്യവൈഷമ്യം ഓരോ ശ്ലോകത്തിനും ഓരോ ആശയം ഉണ്ടായിരിക്കേണ്ടതാകയാൽ ക്രമപ്രവൃദ്ധമായും നിരന്തരമായും ഒരുകാര്യത്തെ പ്രതിപാദിക്കുവാൻ ആ രീതിയിലുള്ള നിർവ്വാഹശൂന്യതയാകുന്നു. ഇരുപത്തിനാലുവൃത്തം മുതലായവ അനേകമണികൾ കോർത്തിട്ടുള്ള മാലകൾ പോലെയാണ്. ജപിക്കുമ്പോൾ നാം ഓരോമണിയും എണ്ണേണ്ട ആവശ്യമുള്ളതുപോലെ ഓരോ ശ്ലോകത്തിലും നാം നിൽക്കേണ്ടതായി വരുന്നു. വെള്ളമൊഴുകുമ്പോഴുള്ള ധാരപോലെ കവിക്കു ഒരു ഗതി അതിൽ അസാദ്ധ്യമാകുന്നു. പിന്നെയും കിളിപ്പാട്ടുമുതലായ മുൻപറഞ്ഞ കവിതകൾക്കുള്ള ഒരു കുറവു് അതിൽ നാടകാദികളെപ്പോലെ പ്രത്യക്ഷമായും പ്രബലമായും കണ്ടു രസിക്കത്തക്കവിധത്തിൽ രസപുഷ്ടി വരുത്തുവാൻ പാടില്ല എന്നുള്ളതാണ്. ഈ അംശം ആട്ടക്കഥകളിലും ചാക്യാർ കൂത്തിലും ഉണ്ടു. ആട്ടക്കഥ കണ്ടുരസിക്കുവാൻ ആട്ടക്കാരനും, കാണാൻചെല്ലുന്നവനും, അഭ്യാസം വേണ്ടതാകുന്നു. പോരെങ്കിൽ ആട്ടക്കഥകളുടെ വിഷയങ്ങൾ സ്വർഗ്ഗലോകത്തും, പാതാളത്തും, ഹസ്തിനപുരത്തും, ദ്വാരകയിലും സംഭവിച്ചതായി കവികൾ ഭാവിക്കുന്നതിനപ്പുറമേ ചുറ്റുംനടക്കുന്ന സംഗതികളുടെ ഒരു ഛായ കൂടി സ്വകൃതികളിൽ പതിക്കുവാൻ ആട്ടക്കഥാകർത്താക്കൾ സമ്മതിക്കുന്നുമില്ല. നീരസങ്ങളായ സങ്കേതങ്ങളും ആട്ടക്കഥാകവികൾ അനേകം അനുഷ്ഠിക്കേണ്ടതായിട്ടുണ്ടു്. സംസ്കൃതകാവ്യങ്ങൾ പഠിച്ചു ആട്ടക്കഥാകവികളുടെ ബുദ്ധി കല്ലിച്ചുപോയതുകൊണ്ടായിരിക്കാം മലയാളപദങ്ങളെ ഉപയോഗിക്കുന്നതിൽ അവർ വളരെ വിരസന്മാരായി കാണപ്പെടുന്നതു. ചാക്യാർകൂത്തു പൊതുജനങ്ങളാൽ ഗ്രാഹ്യവും പ്രത്യക്ഷരസപുഷ്ടിയും ആകുന്നു. എന്നാൽ പറഞ്ഞുതീരുന്നതോടുകൂടി അതു നശിച്ചുപോകുന്നതും ശ്രവണേന്ദ്രിയവിഷയമായ സംഗീതരസം അതിനു ലേശവും ഇല്ലാത്തതും ആണെന്നുള്ള രണ്ടു മുഖ്യ ആക്ഷേപങ്ങൾ ഇതിലും കാണുമാറുണ്ടു്. ആകയാൽ കിളിപ്പാട്ടുകളിലെപ്പോലെ വല്ല വൃത്തനിയമത്തെ അനുസരിച്ചു സംഗീതരസം കൊടുക്കുന്നതും ആട്ടത്തിലെപ്പോലെ സരസം സ്പഷ്ടമായി അഭിനയമുള്ളതുമായ ഒരു കൂത്തു കണ്ടുപിടിച്ചാൽ അതു ഒരു പുതിയ സാഹിത്യമാർഗ്ഗമായിരിക്കുമെന്നുള്ള ബുദ്ധി നമ്പ്യാർക്കു് ഉണ്ടായിരുന്നിരിക്കണം. വസ്തുതത്തിൽ തുള്ളക്കഥകൾ വൃത്തനിയമത്തോടുകൂടി അഭിനയിക്കപ്പെടുന്ന ചാക്യാർകൂത്തുകളാകുന്നു. ശീതങ്കൻ, ഓട്ടൻ, പറയൻ എന്നു മൂന്നുതരം തുള്ളൽപ്പാട്ടുകളും എഴുതിയിരിക്കുന്ന വൃത്തങ്ങൾ ഭാഷാചരിത്രത്തിൽ ഉണ്ടായിരുന്നവതന്നെയാണു്. അവയെ നമ്പ്യാർ സ്വകൃതികളിൽ പ്രയോഗിച്ചു എന്നല്ലാതെ സൃഷ്ടിച്ചതായി പറയാവുന്നതല്ല. ചെമ്പകനാട്ടിന്നു ചക്രവർത്തിനാം തമ്പുരാൻ ദേവനാരായണസ്വാമിയും’ എന്ന ശീതങ്കൻവൃത്തം

രാജ്യം നിനക്കെനിക്കു വിപിനവും
പൂജ്യനാം താതൻ വിധിച്ചതു മുന്നമേ

എന്ന കിളിപ്പാട്ടു വൃത്തത്തിൽ നിന്നു ഭേദം ഉള്ളതല്ല. “മുല്ലപ്പൂംപൊടിയേറ്റുകിടക്കും കല്ലിനുമുണ്ടാമൊരു സൌരഭ്യം” എന്ന ഓട്ടൻതുള്ളൽവൃത്തം കേരളത്തിലെ ഒരു പ്രാചീനവൃത്തമാകുന്നു. ഇതിൽ രണ്ടടിചേർന്നതാകുന്നു കണ്ണശ്ശന്റെ നിരണവൃത്തം. “വന്ദിച്ചേൻ ഗണനായകനാകിയ പരമേശ്വരകോമളനാട്ടു വാണീമാനസം” എന്ന പദംതന്നെ കാണുക. നമ്പ്യാരുടെ കാലമായപ്പോഴേക്കും ഈ നീണ്ട പദത്തെ രണ്ടായി മുറിക്കാൻതുടങ്ങി എന്നും ലക്ഷ്യങ്ങൾ ഉണ്ടു്. തുള്ളപ്പാട്ടുണ്ടാകുന്നതിനു മുമ്പായി നമ്പ്യാർതന്നെ അതു പ്രയോഗിച്ചിട്ടും ഉണ്ടു്. ചമ്പുക്കളിലെ ഗദ്യവും ഈ വൃത്തമാകുന്നു.

പരമിഹ സംപ്രീതിക്കുള്ളവനാം
പരമസഖാർത്ഥമപാർത്ഥൻതാനും

എന്ന പതിനാലുവൃത്തത്തിലെ ആദിപ്പാദം ഓട്ടൻതുള്ളൽവൃത്തമല്ലെങ്കിൽ പിന്നെ എന്താണെന്നു മനസ്സിലാകുന്നില്ല. ഇതുപോലെതന്നെ “മോഹനമകരന്ദപാനവുംചെയ്തു” എന്ന കിളിപ്പാട്ടുവൃത്തത്തെ നടുവെ മുറിച്ചുണ്ടാകുന്ന “ഏണനയനേ ദേവി, വാണിക്കുളത്തമ്മേ” എന്ന വൃത്തം “ചെ[illegible] വളർത്തണം” എന്ന പാദൻവൃത്തം പതിനാലുവൃത്തത്തിലെ [illegible]തന്നെയാകുന്നു. ഇതു സംസ്കൃതത്തിലെ മല്ലികാവൃത്തംതന്നെയാണ്. ഇതിനു മാത്രമേ [illegible] മലയാളത്തിൽ പ്ര

യോഗിക്കാറുണ്ടു്. "മിത്രബാന്ധവലോകരൊക്കെയുമത്രപോന്നുവരംവിധൌ" ഇത്യാദി ഭുജംഗപ്രയാതത്തിനാലുവൃത്തത്തിൽ ഇതു് എഴുത്തച്ഛനാലും ഉപയോഗിക്കപ്പെട്ടിട്ടുള്ളതാകുന്നു. "നമസ്തേ വിഷ്ണുരാജമാവേ, നമസ്തേ വിശ്രുതാത്മാവേ" എന്ന പറയൻവൃത്തം ശീതങ്കനിലും നമ്പ്യാർ പ്രയോഗിക്കുന്നുണ്ടു്. ഇതു അമ്പലപ്പുഴെ വേലകളിയുടെ താളരീതിയിൽ ആകുന്നു. വേലകളിയെ പരിഹസിച്ചു കുട്ടികൾ ചൊല്ലാറുള്ള "വെള്ളത്തേരിൽ പടകേറി മുണ്ടുകീറി തുണികീറി" എന്ന ഈരടിക്കു് ഇതുമായുള്ള സാമ്യം പ്രത്യക്ഷമാകുന്നു. "ചെമ്പകകമലായതലോചനനഞ്ചിതമഞ്ജുളശീലൻ" ഇത്യാദി പതിനാലുവൃത്തത്തിലെ വൃത്തംതന്നെയാകുന്നു "ഉജ്ഝിതമതിനരപതിതന്നുടെ വാക്കുകൾകേട്ടു" ഇത്യാദി കല്യാണസൌഗന്ധികഭാഗം. ഇങ്ങനെ വേറേയുള്ള വൃത്തസാമ്യങ്ങളും ബുദ്ധിമാന്മാർ കണ്ടുകൊള്ളുമല്ലോ

നമ്പ്യാരുടെ കവിതയേപ്പററി എന്തെങ്കിലും പറയുന്നതിനു മുമ്പായി അദ്ദേഹം അന്യകവികൾക്കു എത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്നു സാമാന്യമായെങ്കിലും ഒന്നുപരിശോധിക്കേണ്ടതായുണ്ടു. എഴുത്തച്ഛൻ ചെറുശ്ശേരി മുതൽപേരുടെ വൃത്തം നമ്പ്യാൎക്കു പരിചിതമായിരുന്നെന്നു മുമ്പുതന്നെ തെളിഞ്ഞല്ലോ. കൃഷ്ണഗാഥയും ശ്രീകൃഷ്ണചരിതവുംതമ്മിൽ വളരെ സാദൃശ്യങ്ങൾ കാണുന്നതു രണ്ടു കവികളും കൃഷ്ണകഥാമൂലഗ്രന്ഥമായ ഭാഗവതത്തിൽനിന്നു ആശയങ്ങളെ സ്വീകരിച്ചിട്ടുള്ളതുകൊണ്ടാണെന്നു തോന്നുന്നു. നമ്പ്യാരുടെ കഥകളെല്ലാം ഭാരതം ഭാഗവതം മുതലായവയിൽ പറഞ്ഞിട്ടുള്ളവയാകുന്നു. എന്നാൽ ഇവയിൽ ഒട്ടുവളരെ എണ്ണം ചാക്യാന്മാരുടെ പാഠകത്തിനു ഉപയോഗിക്കുന്ന പ്രബന്ധങ്ങളെ ആധാരപ്പെടുത്തിയിട്ടുള്ളവയാണു്. ഇങ്ങിനെയുള്ള പ്രബന്ധങ്ങൾ ഇപ്പോൾ വളരെ ദുർല്ലഭങ്ങളാകയാൽ ഈ അഭിപ്രായത്തിനു വേണ്ട പ്രകാശതയില്ലെന്നു സമ്മതിച്ചുകൊള്ളുന്നു. കിരാതം പ്രബന്ധത്തിൽ പാർവതി കാട്ടാളസ്ത്രീ ആയപ്പോൾ;

ഉരോജയോഃ കുഞ്ജരകുംഭതുല്യയോഃ ഭൃശം ഗുഞ്ജാഫലദാമബിഭ്രതീ

എന്നു വർണ്ണിച്ചുകാണുന്നു. ഈ ഘട്ടത്തിൽ

കുന്നിമണികളുമതിനനുകൂലം
കുന്നിക്കുരു കലമാലയണിഞ്ഞു

എന്നു കിരാതം തുള്ളലിലും കാണുന്നുണ്ടു്. ഇതുകൂടാതെ ഭൃംഗീരടി, ഭൃംഗി മുതൽപേരുടെ യാത്ര, നായാട്ടു് ഇത്യാദി കാൎയ്യങ്ങളിലും പ്രബന്ധവും തുള്ളലും തമ്മിൽ വളരെ സാദൃശ്യം ഉണ്ടു്, തുള്ളൽകഥകളിൽ ഉപകഥകളായി അനേകം കാണുമാറുണ്ടു്. ഘോഷയാത്രയിൽ എലിയും പൂച്ചയും തമ്മിൽ ഇഷ്ടമായതും കേളപ്പുറം കുറുക്കനും ആനയും തമ്മിൽ ഉള്ള കഥയും ധ്രുവചരിതത്തിലെ വസുലക്ഷ്മിയുടെ കഥയും പ്രദോഷമാഹാത്മ്യത്തിലെ ശിവശർമ്മാവിന്റെ കഥയും സത്യാസ്വയംവരത്തിലെ ചിരികണ്ടച്ചാരുടെ കഥയും കുംഭകർണ്ണവധത്തിൽ മുല്ലയ്ക്കൽവീട്ടിലെ മൂത്തകുറുപ്പിന്റെ കളത്രത്തിന്റെ കഥയുംമററും ഇതിനു ഉദാഹരണങ്ങളാകുന്നു. ഇങ്ങനെയുള്ള ഉപകഥകൾ മിക്കവാറും നമ്പ്യാൎക്കു അന്യകവികളിൽനിന്നും സിദ്ധിച്ചിട്ടുള്ളവയാണു്. അന്യദിക്കുകളിൽനിന്നും താൻ ഈപ്രകാരംകഥകളെ സ്വീകരിക്കുമ്പോൾ ഔചിത്യബുദ്ധികൊണ്ടു അവയ്ക്കു വേണ്ടതായ ഭേദഗതികൾ വരുത്തുന്നതിൽ നമ്പ്യാർ വളരെ ശ്രദ്ധിക്കാറുണ്ടു്. കാട്ടാളന്റെ വലയിൽ പെട്ടതായ മാർജ്ജാരത്തെ കാട്ടാളൻ വരുന്നതിനു സ്വല്പം മുമ്പു് ഒരു എലി ചെന്നു രക്ഷിച്ചതായും പിന്നൊരിക്കൽ എലിയെ പൂച്ച സ്നേഹഭാവത്തോടുകൂടി ചെന്നു വിളിച്ചപ്പോൾ ഒരു കാൎയ്യവശാൽ നാം ഇഷ്ടമായിരുന്നു എങ്കിലും ആ കാൎയ്യം അവസാനിച്ചതോടുകൂടി പണ്ടത്തെപ്പോലെ നാം ശത്രുക്കളായിത്തീർന്നിരിക്കുന്നു എന്നു എലി പറയുന്നതായും ഘോഷയാത്രയിൽ പറഞ്ഞിരിക്കുന്ന കഥ കഥാസരിത്സാഗരത്തിൽ യോഗേശ്വരനോടു യൌഗന്ധരായണൻ പറയുന്നതാകുന്നു. എന്നാൽ ഔചിത്യവിശേഷംകൊണ്ടു അതുപോലെതന്നെ നമ്പ്യാർ ആ കഥയെ സ്വീകരിക്കുന്നില്ല. ഒരു മൂങ്ങയും, ഒരു കീരിയും ഒരു എലിയും ഒരു പൂച്ചയുംകൂടി കാട്ടിൽ ഒരു മരത്തിന്റെ പല ഭാഗങ്ങളിലായി വസിച്ചിരുന്നു എന്നും ഒരു മൂന്നു ജന്തുക്കളുടേയും ഭക്ഷണസാധനമായ എലി ആ ജന്തുക്കൾ മൂന്നും ഇല്ലാതിരുന്ന സമയത്തു വെളിയിലിറങ്ങി സഞ്ചരിച്ചുകൊണ്ടിരിക്കവേ കാട്ടാളന്മാരുടെ വലയിൽ പെട്ട പൂച്ച രക്ഷിക്കണമെന്നായി എലിയോടു യാചിച്ചു എന്നും എന്തുചെയ്യേണ്ടു എന്നു എലി വിചാരിച്ചുനിൽക്കുമ്പോൾ മൂങ്ങയും കീരിയും വരുന്നതുകണ്ടു എലി ഓടി ഓടി പൂച്ചയുടെ അടുക്കൽ പോയി വല്ല കണ്ണിയുമറ്റായി പല്ലുകൊണ്ടു ആരംഭിച്ചു, നേരം വെളുത്തു, വേ

ടൻ വരുന്നതുകണ്ടു വല മുറിച്ചുതീർത്തു എന്നും വേടനെക്കണ്ടു പൂച്ച ഓടിപ്പോയി എന്നും എലി ഇപ്രകാരം മററു മൂന്നു ജന്തുക്കളിൽനിന്നും രക്ഷപ്പെട്ടതിന്റെശേഷം, ഒരിക്കൽ ആഹാരം കിട്ടാതെ വലഞ്ഞു പൂച്ചത്തടിയൻ എലിയേ കളിപ്പിക്കാനായി കൂട്ടുകാരാ! കൂട്ടുകാരാ! എന്നു വിളിച്ചു എന്നും ഈ കൌശലം ഗ്രഹിച്ചു എലി കാൎയ്യവശാൽ തനിക്കു പൂച്ചയുമായുണ്ടായിരുന്ന സ്നേഹം കാൎയ്യമവസാനിച്ചതോടുകൂടി അവസാനിച്ചുപോയി എന്നു പറഞ്ഞുവെന്നും ആകുന്നു കഥാസരിത്സാഗരത്തിലെകഥ. ഇതിൽ മൂങ്ങായുടേയും കീരിയുടേയും കാൎയ്യം നമ്പ്യാർ ഉപേക്ഷിച്ചുകളഞ്ഞു. ധ്രുവചരിതത്തിലെ ധനദത്തവസുലക്ഷ്മിമാരുടെ കഥയും കഥാസരിത്സാഗരത്തിൽനിന്നും എടുത്തിട്ടുള്ളതാകുന്നു. മൂലഗ്രന്ഥത്തിൽ ധനദത്തന്റെ സ്ഥാനത്തിൽ സമുദ്രദത്തനെന്നും വസുലക്ഷ്മിയുടെ സ്ഥാനത്തിൽ വസുദത്തയെന്നും പേരുകൾ കാണുന്നു. വസുദത്തയുടെ ജാരഭൎത്താവിനു കഥാസരിത്സാഗരകാരൻ ഒരു പേരും ഇട്ടിട്ടില്ല. എങ്കിലും നമ്പ്യാർ അവനു കണ്ടച്ചനായരെന്നു പേരിട്ടു കഥക്കു ഒരു വാസ്തവസ്വഭാവം വരുത്തിയിരിക്കുന്നു. ഇതിനും പുറമേ രാജാവു ധനദത്തനെ വിളിച്ചുപറയുന്നതായും മൂലഗ്രന്ഥത്തിൽ യാതൊന്നും കാണ്മാനില്ല. കേളച്ചാരും കറുക്കനും ആനയും ഉൾപ്പെടുന്നതായി ഘോഷയാത്രയിൽ ഉള്ള കഥ പഞ്ചതന്ത്രം രണ്ടാം തന്ത്രത്തിൽ ബ്രാഹ്മണസ്ത്രീ എള്ളുകൊടുത്തു എള്ളു വാങ്ങിച്ചതു എന്ന ഭാഗത്തിൽ പറയപ്പെട്ടിട്ടുള്ള ഒരു കഥയെ സ്വല്പം ഭേദപ്പെടുത്തിയിട്ടുള്ളതാകുന്നു. ഇപ്രകാരം ശേഷമുള്ള ഉപകഥകൾക്കും പ്രായേണ മൂലം അന്യ കവിതകളാണെന്നു തെളിയിക്കാവുന്നതാണ്. സ്വകവിതയിൽ അവിടവിടെയായി അനേകം സംസ്കൃതശ്ലോകങ്ങളും നമ്പ്യാർ തൎജ്ജമചെയ്തു ചേൎത്തിട്ടുണ്ട്.

കണ്ഠാരുണ്ഡുളമന്തരേണരണിതംഗാഢസ്വകാക സ്വയം

എന്നു തുടങ്ങുന്നശ്ലോകം കിരാതത്തിലും,

കഃകാലഃകനിമിത്രാണി കോദേശഃകൌവ്യയാഗമൌ
കശ്ചാഹംകാചമേശക്തിരിതിചിന്ത്യം മുഹുർമ്മുഹുഃ

എന്ന ശ്ലോകം സത്യാസ്വയംവരത്തിലും തൎജ്ജമചെയ്തുകാണുന്നു; താഴെ വരുന്ന ഭാഗങ്ങൾ നമ്പ്യാരുടെ വിശാലമായഗ്രന്ഥപരിചയത്തെയും ഹൃദയംഗമമായ ഭാഷാന്തരീകരണരീതിയേയും വിശദമാക്കുവാൻ നല്ല ദൃഷ്ടാന്തങ്ങളായിരിക്കും

ഗംഗാജലൈർഭുവിഭഗീരഥയത്നലബ്ധൈഃ
കിംതൎപ്പണംനവിദധാതിജനഃപിതൃണാം (ഭോജചമ്പു)
മുന്നംഭഗീരഥൻ പാരം പണിപ്പെട്ടു
....
മജ്ജനംചെയ്യുന്നു തൎപ്പണം ചെയ്യുന്നു (കല്യാണസൗഗന്ധികം)

൨. നഹിവന്ധ്യാ വിജാനാതി
ഗുൎവ്വീം പ്രസവവേദനാം (കുവലയാനന്ദം)
ഈററനോവിന്റെ പരമാൎത്ഥമൊക്കെയും
പെററപെണ്ണുങ്ങൾക്കു തന്നേയറിയാവൂ (ഗണപതിപ്രാതൽ)

൩. ഘൃതകുംഭസമാനാരീ
തപ്താംഗാരസമഃ പുമാൻ (സുഭാഷിതം)
ഇശ്ശുണ്ട പുരുഷന്മാർ നെയ്ക്കുടംപോലെതന്നേ
മശ്ശുണ്ണിമാരെല്ലാരും തീക്കട്ടതന്നെപ്പോലെ (കിരാതം)

൪. ശ്രിതാസി ചന്ദനഭ്രാന്ത്യാ
ദുൎവ്വിപാകം വിഷദ്രുമം (ഉത്തരരാമചരിതം)
ചന്ദനമെന്നോൎത്തു വൃക്ഷം
കാഞ്ഞിരമായ് വന്നിതിപ്പോൾ (ത്രിപുരദഹനം)

൫. ശരാസനം ശാതമഖം നവാനാം
അംഭോമുചാമാഭരണം ബഭൂവ (ബാലഭാരതം)
ചണ്ഡമതാകിനകോദണ്ഡം മമ
മണ്ഡനമാക്കി മേഘങ്ങൾക്കു (നളചരിതം)

൫. സ്രജമപി ശിരസ്യന്ധഃ ക്ഷിപ്താം
ധുനോത്യഹിശങ്കയാ (ശാകുന്തളം;
മാലയെന്നു നിനച്ചേററം വിശ്വസിച്ച ധനാമെല്ലാം
കാളസർപ്പങ്ങളായ്ത്തീർന്നു കാലദോഷത്തിന്റെ മൂലം (ത്രിപുരദഹനം)

൬. ദേഹീതിവചനം ശ്രുത്വാ ദേഹസ്ഥാഃ പഞ്ചദേവതാഃ;
ദേഹാൻ നിർഗ്ഗത്യ ഗച്ഛന്തി ശ്രീഹ്രീധീധൃതികീർത്തയഃ
ദേഹിയെന്നക്ഷരം ചൊല്ലും ജനത്തിന്റെ
ദേഹത്തിൽനിന്നുമാറും മഹാലക്ഷ്മിയും (പഞ്ചതന്ത്രം)

൭. കാളിന്ദീജലജനിതശ്രീഃ ശ്രയന്തേ
വൈദഗ്ധീമിഹ സരിതഃ സുരാപഗായാഃ (മാഘം)
കാളിന്ദിയും ഗംഗയുമേകഭാഗേ
മേളിച്ചകാന്തിപ്രസരം കലർന്നു (മണിപ്രവാളം)

൮. ചാതകസ്ത്രിചതുരാൻ പയഃകണാൻ
യാചതേ ജലധരം പിപാസയാ
സോഽപി പൂരയതി വിശ്വമംഭസാ
ഹന്തഹന്ത! മഹതാമുദാരതാ (സുഭാഷിതം)
"ഇക്ഷിതിമണ്ഡലമേവുന്നൊരുവേഴാമ്പലെന്നുള്ള
പക്ഷികൾക്കുവഴിപോലെ മാരികോരിച്ചൊരിഞ്ഞാലും
കുക്ഷിപൂർത്തിവരുത്തീടുന്നില്ലയോ വാരിവാഹങ്ങൾ
രക്ഷചെയ്യും ജനത്തിന്റെ ലക്ഷണമങ്ങനെയുള്ള (സഭാപ്രവേശം)

൯. അധുനീത ഖഗസ്സനൈകധാ തനുമുത്ഫുല്ലതനൂരുഹീകൃതാം
കരയന്ത്രണദന്തുരാന്തരേ വ്യലിഖച്ചഞ്ചുപുടേന പക്ഷതിം
അയമേകതമേന പക്ഷതേരധിമധ്യാർദ്ധഗജാംഘ്രിണാ
സ്ഖലനക്ഷണ ഏവ ശിശ്രിയേ ധൃതകണ്ഡൂയിതമൗലിരാലയം
സഗതേ ചനദുർഗ്ഗദുർഗ്രഹാൻ കടകീം ഗതഃ സതഃ ക്വചിൽ
നഖദേതനകണ്ഡുപണ്ഡിതഃ പടുചഞ്ചുപുടകോടികുട്ടനൈഃ (നൈഷധം
"മന്നവനിങ്ങനെയുരചെയ്തപ്പോൾ
....
ചെറുകിളിത്തതിനടനതുടങ്ങി (നളചരിതം)

൧൦. അലമേവീരയുഗസ്യ നഖപാടനസംഭൃതം
....
വ്യാഘ്രാണാനഖനിർഭേദനാരാഭഃ പരിതുഷ്യതി (ബാലരാമായണം നാടകം)
ആനകൾതങ്ങളിൽ പാഞ്ഞേറ്റങ്ങനെ
....
പിന്നെയുംപിന്നെയുമുണ്ടെനിക്കാഗ്രഹം (സുഭദ്രാപസുഭദ്രാഖ്യാനം)
ആബദ്ധകൃത്രിമസടാജടിലാംസഭിത്തി
....
നാടംകരിഷ്യതികഥം ഹരിണാധിപസ്യ (ഭർത്തൃഹരി)
പട്ടിണിപട്ടങ്ങുമാങ്ങും നടക്കുന്ന പട്ടിക്കുതാടിയും മീശയും ദംഷ്ട്രയും
... ...
വേഷത്തിനൊത്തൊരു ശബ്ദം പുറപ്പെടാ ബബ്ബൌയിതെന്നൊരു.
[ശബ്ദംപുറപ്പെട്ടം (പൌണ്ഡ്രകവധം)

ഇപ്രകാരം വളരെ ഉദാഹരണങ്ങൾ ഇനിയും ഉണ്ട്. കൃഷ്ണചരിതത്തിൽ വളരെ ഭാഗങ്ങൾ ഭാഗവതത്തിൽനിന്നും നളചരിതം കിളിപ്പാട്ടിൽ വളരെഭാഗങ്ങൾ നൈഷധം രഘുവംശം (സ്വയംബരഘട്ടം) ഇവയിൽനിന്നും പ്രതിഫലിതങ്ങളാകുന്നു. മുകളിൽ കൊടുത്തിരിക്കുന്നഭാഗങ്ങളിൽ ചിലതു മൂലകവിയുടെആശയത്തിന്റെഛായമാത്രവും, ചിലതു നിഷ്കർഷമായ തർജ്ജിമയും ചിലതു തർജ്ജിമയ്ക്കുപുറമെ ചുറവുമുള്ള സംഗതികളുടെ ചമൽക്കാരംകൊണ്ടു പരിഷ്കൃതവും ആയിരിക്കുന്നതു വായനക്കാർ ധരിച്ചിരിക്കുമല്ലോ, ഒരു

കവിക്കുവേണ്ടുന്ന സൎവ്വതോമുഖമായ സാമാന്യജ്ഞാനം നമ്പ്യാൎക്കു സമൃദ്ധമായുണ്ടായിരുന്നു. ജ്യോതിഷം, മന്ത്രവാദം, തന്ത്രം, വൈദ്യം, വ്യാകരണം, വേദാന്തം, സംഗീതം, ശില്പിശാസ്ത്രം നാട്ടുനടപ്പുകൾ മുതലായ കാൎയ്യങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന സാമാന്യജ്ഞാനം സ്വകൃതികളിൽ പ്രതിബിംബിച്ചുകാണ്മാനുണ്ട്. പ്രശ്നരീതി പ്രദോഷമാഹാത്മ്യത്തിൽ സൂചിപ്പിച്ചുകാണുന്നു. യക്ഷിപീഡ, മാടക്കം ഇളക്കൽ മുതലായ മന്ത്രവാദകാൎയ്യങ്ങളും ശക്തിപൂജ മുതലായ തന്ത്രകാൎയ്യങ്ങളും 'ഛിന്നചന്ദനശുണ്ഠ്യംബുപുഷ്പദേശേരസാധിതം' ഇത്യാദി യോഗശ്ലോകങ്ങളും അസനവില്വാദി, ഭൃംഗാമലകാദിപ്രഭൃതി എണ്ണകളും പഞ്ചതന്ത്രോപാഖ്യാനത്തിൽ പരാമൎശിക്കപ്പെട്ടിരിക്കുന്നു. പ്രക്രിയാകൌമുദി, സിദ്ധാന്തകൌമുദി, പ്രക്രിയാമഞ്ജരി, കാശികാവൃത്തി, പ്രക്രിയാസാരം, പ്രക്രിയാസൎവ്വസ്വം മനോരമ, പദ്യമഞ്ജരി, ശബ്ദകൌസ്തുഭം, ധാതുവൃത്തി, ദുൎഘടവൃത്തി, വൃത്തിരത്നം, ധാതുപാഠം, വാക്യപദീയം മുതലായ വ്യാകരണഗ്രന്ഥങ്ങൾ അദ്ദേഹത്തിനു പരിചിതമായിരുന്നെന്നു ധ്രുവചരിതാരംഭത്തിൽനിന്നു തെളിയുന്നു. 'ഊട്ടുണ്ടെന്നാൽ യങ്ങൾക്കില്ല' എന്നൊക്കെ വ്യാകരണംകൊണ്ടു നേരംപോക്കു പറയാൻകൂടി നമ്പ്യാൎക്കു വൈഷമ്യമുണ്ടായിരുന്നില്ല.

ജസ്സു ഹസ്സു ങിസ്സു കിസ്സു യങ്ങളുക്കുതുണപ്പെടും
ജെപ്പു ജിപ്പു തിപ്പു ശിപ്പുതമങ്ങളെന്നും ചമങ്ങളെന്നും
ഹവ്യപദപച്ചകിടപഞ്ചവ്യാകരണമേച്ചോക്ഷമേവം

എന്നിപ്രകാരം വ്യാകരണസങ്കേതങ്ങളെ ദക്ഷയാഗം പറയൻതുള്ളലിൽ വൎണ്ണിച്ചിരിക്കുന്നു.

മാലതീമാധവം, ശാകുന്തളം, വേണീസംഹാരം, മുദ്രാരാക്ഷസം, മാഘം, നൈഷധം ഭട്ടികാവ്യം, കിരാതാൎജ്ജുനീയം, വിഷ്ണുപുരാണം, കൂൎമ്മപുരാണം, ഭോജചമ്പു മുതലായ പ്രസിദ്ധകൃതികൾക്കുപുറമേ മല്ലികാമാരുതം കൎപ്പൂരമഞ്ജരി പ്രിയദൎശിക യുധിഷ്ഠിരവിജയം മുതലായ അപ്രസിദ്ധകൃതികൾ കൂടി അദ്ദേഹം വായിച്ചിരുന്നതായി ധ്രുവചരിത്രത്തിൽനിന്നും ദക്ഷയാഗത്തിൽനിന്നും മറ്റും അനുമാനിക്കേണ്ടിയിരിക്കുന്നു. നമ്പ്യാരെപ്പോലെ പഴഞ്ചൊല്ലുകൾ ഉപയോഗിക്കുന്ന വേറെ ഒരു മലയാളകവി ഉണ്ടെന്നു തോന്നുന്നില്ല. സംസ്കൃതത്തിലും മലയാളത്തിലും ദൃഢമായ പാണ്ഡിത്യത്തിനുപുറമേ പ്രാകൃതവും നാടോടിത്തമിഴും നമ്പ്യാൎക്കു സാമാന്യം പരിചിതമായിരുന്നു; സഭാപ്രവേശത്തിലും ത്രിപുരദഹനത്തിലും പ്രാകൃതഭാഷയിൽ കവിത ചെയ്തുകാണുന്നു. ഈ ഒടുവിൽ പറഞ്ഞ കൃതിയിൽ തമിഴ്ഭാഷയും ഒരു ഭാഗം കാണുന്നുണ്ട്,

മലയാളകവികളുടെ കൂട്ടത്തിൽ നമ്പ്യാൎക്കുള്ള ഒരു മുഖ്യബഹുമാനഹേതു പൂൎവ്വകവിസങ്കേതങ്ങളേയും മാമൂലുകളേയും വിട്ടു സ്വബുദ്ധിയിൽ ചുറ്റുമുള്ള അവസ്ഥകൾ നിഴലിച്ചുണ്ടായിട്ടുള്ള പ്രതിബിംബങ്ങളെ സ്വാതന്ത്ര്യമായും നിശ്ശങ്കമായും പ്രതിപാദിക്കുന്ന ധീരമായ ഒരു രീതി അദ്ദേഹം ഏൎപ്പെടുത്തി എന്നുള്ളതാകുന്നു. ഗുരുഭക്തനായ എഴുത്തച്ഛനു പൂൎവ്വാചാരങ്ങൾ വിട്ടുനടക്കുക പരമവൈമനസ്യമത്രെ. കൃഷ്ണഗാഥാകൎത്താവു സ്വാതന്ത്ര്യം വളരെയുള്ള ആളാണെങ്കിലും പൂൎവ്വമാതൃകകളെ കേവലം ധിക്കരിച്ചുനടക്കുന്ന കൂട്ടത്തിലല്ല. ചമ്പൂകൎത്താക്കൾക്കു അതിലും സ്വാതന്ത്ര്യം കുറവെന്നു പറയാം. നമ്പ്യാൎക്കു ചെറുപ്പത്തിൽ തുടങ്ങിത്തന്നെ തന്റെ അനുഭവത്തിലും ബുദ്ധിയിലും തോന്നുന്നതുപോലെ കവിതചെയ്യണമെന്നുള്ള മോഹം പ്രത്യക്ഷമായി കാണുന്നുണ്ട്. ഈ മോഹം കവിക്കു വാൎദ്ധക്യമായപ്പോഴേക്കും വളരെ പടൎന്നു സ്ഥിരീഭവിക്കയും ചെയ്തിരിക്കുന്നു. പ്രഭാതവൎണ്ണനയ്ക്കു പങ്കജങ്ങളുടെ വികാസവും ചക്രവാകപ്പക്ഷികളുടെ സന്തോഷവും സൂൎയ്യകാന്തക്കല്ലുകളുടെ ജ്വലനവും; അതുപോലെതന്നെ സന്ധ്യാവൎണ്ണനയ്ക്കു ചന്ദ്രകാന്തക്കല്ലിന്റെ അലിവും കോകങ്ങളുടെ വിയോഗവും സംസ്കൃതകവികളിൽ ചിലൎക്കു ഒഴിച്ചുകൂടാത്ത ഉരുപ്പടികളാകുന്നു. ചക്രവാകങ്ങളും ചന്ദ്രകാന്തക്കല്ലും മറ്റും എവിടെ കിട്ടുമോ? നമ്പ്യാരും ഈവക ചിലപ്പോൾ ഉപയോഗിക്കാറുണ്ടെങ്കിലും അവയ്ക്കു് അത്യന്തം തുച്ഛമായ സ്ഥാനമേ അദ്ദേഹം അനുവദിക്കുന്നുള്ളു. നമ്പ്യാരുടെ ബാല്യകവിതകളിൽ ഒന്നായ ശീലാവതിയിൽ പ്രഭാതവൎണ്ണന ചെയ്തിരിക്കുന്നതു് ഇപ്രകാരമാകുന്നു.

നാലാമിടവസമുദിച്ചുദിശിവെയിലും പാരെങ്ങും പരന്നു
വിപ്രന്മാരുക്കളുടങ്ങിത്തുടങ്ങളെപ്പോഴുതുമനിങ്ങിയടങ്ങി

താമരപ്പൂക്കൾവിരിഞ്ഞുളുചിതാമരസിയാതെവിളങ്ങി
ഹോമങ്ങൾനിലെത്തുടങ്ങിയപ്പോൾ ധൂമങ്ങൾപൊങ്ങിത്തുടങ്ങി
എല്ലാരും വാതിൽതുറന്നു ഗൃഹമെല്ലാം അടിച്ചുതളിച്ചു
ദേവാലയങ്ങളിൽ പൂജാബലിശീവേലിഘോഷം തുടങ്ങി.
സ്ത്രീകളൊക്കെത്തന്നിൽചെന്നുപാകാദികർമ്മം തുടങ്ങി
ചോരന്മാരോടിയൊളിച്ചുനൽകുമാരന്മാർചാടിക്കളിച്ചു

ഒരു കേരളീയഗ്രാമത്തിലെ സൂര്യോദയം ഇതുപോലെ വർണ്ണിച്ചിട്ടുള്ള ഒരു കവിയും ഉണ്ടെന്നു തോന്നുന്നില്ല. ഈ വിധം സ്വാനുഭവവിഷയങ്ങളെക്കൊണ്ടു വർണ്ണിക്കുവാനുള്ള ശീലം കവിയുടെ വാർദ്ധക്യകാലത്തെ കൃതികളിൽ ഒന്നായ കൃഷ്ണലീലയിലെ പ്രസിദ്ധമായ സന്ധ്യാവർണ്ണനം നോക്കിയാൽ എത്രമാത്രം പ്രബലപ്പെട്ടിട്ടുണ്ടായിരുന്നു എന്നു കാണാവുന്നതാണ്.

കനലിൽപുടമിട്ടെടുത്തൊരു കനകച്ചഷകംപോലെ
ദിനകരനുടെ ബിംബം തുടുതുടെനിറംതേടി
ചരമമാം പർവ്വതത്തിൻമുകളിലങ്ങെഴുന്നള്ളി
പരിശോഭസ്ഥിതിപ്പൂണ്ടടുത്തുകാണായിവന്നു.
വിരിഞ്ഞ താമരപ്പൂക്കൾ വിരിഞ്ഞങ്ങനെ കൂമ്പുന്നു.
പിരിഞ്ഞു ചക്രവാകങ്ങൾ കരഞ്ഞങ്ങനെനടക്കുന്നു

ഇങ്ങനെ പൂർവ്വരീത്യാ ചിലതു് ഉപന്യസിച്ചിട്ടു പിന്നെ പറയുന്നതൊക്കെയും തിരുവനന്തപുരം മുതലായ പട്ടണങ്ങളിൽ അക്കാലത്തു ഒരു സന്ധ്യാസമയത്തു നടന്നിരിക്കാൻ ഇടയുള്ള സംഗതികൾ അല്പം അതിശയോക്തിയിൽ 'കുടുക വരുത്തിട്ടുള്ളതു്' മാത്രമാകുന്നു. വീടുകൾതോറും വിളക്കു വച്ചിരിക്കുന്നു, യുവതിമാർ മുല്ല മുതലായ പൂക്കൾ ഒരുക്കുന്നു. കാമിനിമാർ പടിക്കൽചെന്നു 'വലാതി കിടക്കുന്ന' നായർവിടന്മാരെയും വേശ്യമാരെത്തേടി നിർല്ലജ്ജമായി 'പൂട്ടെരിച്ചു പിടിച്ചു' കൊണ്ടു നടക്കുന്ന പച്ചപ്പരദേശിമാരെയും മറ്റും അവരുടെ ഗൂഢവ്യാപാരത്തിലശ്ലീലനീക്കി ജനസമക്ഷം കൊണ്ടുവന്നു നിർഭയമായി വർണ്ണനാവ്യാജേന കവി മർദ്ദിക്കുന്നു. നമ്പ്യാരുടെ അലങ്കാരങ്ങളും ചുറുചുറുക്കുള്ള സംഗതികളെ സ്ഥാപിച്ചാകുന്നു. ശ്ലേഷാഗർഭങ്ങളായ ഉപമകൾകൊണ്ടു് ചില സംസ്കൃതകവികൾ എന്തിനെയും വേറെ എന്തിനോടും സദൃശപ്പെടുത്താറുണ്ടു്. കത്തുന്ന വിളക്കു് ഒരു മഹാരാജ്യതുല്യമാണെന്നു് ഞാൻ ശ്ലേഷംകൊണ്ടു തെളിയിക്കാം. ഒരു മഹാരാജ്യവും വിളക്കും ചക്രവത്തിപ്രകാശിതമാണല്ലോ, പക്ഷേ വിളക്കു വട്ടത്തിലിരിക്കുന്ന തിരികൊണ്ടു ശോഭിച്ചതെന്നും രാജ്യം ചക്രവർത്തിയെക്കൊണ്ടു ശോഭിച്ചതാണെന്നും ആണ് എന്റെ വിവക്ഷ. ഈ പ്രകാരം വാക്കുകൊണ്ടുള്ള ചെപ്പടിവിദ്യകൾ നമ്പ്യാർക്കു വളരെ ചുരുക്കമാകുന്നു. കാർത്തവീര്യാർജ്ജുനൻ കൈകൾ കൊണ്ടു നർമ്മദാനദിയിൽ ചിറകെട്ടിയിരുന്നതു മാററിക്കളഞ്ഞപ്പോൾ വെള്ളത്തിൽ ഒഴുകിപ്പോയ രാവണൻ ഇരുപതുതണ്ടു് വച്ചുമുറുക്കിയ വഞ്ചിപോലെ പോയി എന്നും, കാളിയൻ ശ്രീകൃഷ്ണനെപാഞ്ഞടുത്തപ്പോൾ

ഉച്ചണ്ഡമാംഫണാമണ്ഡലമാകവേ
ഉച്ചത്തിലങ്ങുയർത്തിപ്പിടിച്ചങ്ങിനെ
മെച്ചത്തിലോട്ടുന്നവഞ്ചികണക്കിനേ
കൊച്ചുഗോവിന്ദനെപ്പാഞ്ഞടുത്തീടിനാൻ

എന്നുമാണ് കവി ഉപമ ചെയ്യുന്നതു്.

ബലവീര്യപരാക്രമമില്ലാത്ത കൈകൾ 'പേരാൽതന്നുടെ വേരുകണക്കെ' കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ട രാവണൻ 'വലയിൽപെട്ട കുരങ്ങുകണക്കെ' ഐരാവതപൂജയിൽ അർജ്ജുനൻ യുദ്ധത്തിനു വരുമ്പോൾ ഞങ്ങൾ യുദ്ധംചെയ്യാമെന്ന ഭാവത്തിൽ 'ആകാമെന്നു പറഞ്ഞവരെല്ലാം ഊമൻമുട്ടിട്ടതുപോലെ' കററപോലവൻ നിൽക്കുന്നവർ 'കുററികണക്കെ' നിസ്സാരനായ ഒരുവൻ മേയാന്തിയുമായിരിക്കുന്നതു 'നല്ലമിനുത്ത കുടുമിക്കാരൻ മുല്ലപ്പൂമലർ ചൂടിയപോലെ' യുദ്ധത്തിൽ തോററവർ 'ചാട്ടാപിഴച്ച കപിക്കൂട്ടംകണക്കെ' പുരോചനനെ ഭീമൻ ചവുട്ടിയപ്പോൾ 'പഞ്ഞികണക്കേ മുഞ്ഞിയരഞ്ഞു', യുദ്ധത്തിനായി പടയിൽ വന്നു ചാടിയവർ 'കോരുകൾ പൊട്ടിക്കരപോലിട്ടമൊരാററിലെ വെള്ളത്തിരകൾകണക്കേ നീററിൽനക്കമുതലകൾപോലെ ചീററിയടുക്കുകെ' ത്രിപുരന്മാർക്കു വെയിലുതട്ടി ശരീരങ്ങൾ 'കോലു

പോലെ ചമഞ്ഞൊരുത്തി തേച്ചുകുളിച്ചുഴിഞ്ഞിട്ടും ശീലമേതും പകന്നില്ല' 'വണ്ണാൻവാഴക്കണക്കെ തടിച്ചൊരു പെൺതടിയനതാകിയളിമൻ' 'കുറിക്കചക്കക്കണ്ടിക്കും കണ്ണക്കൊക്കുംമയമെപ്പേരുംമെരുക്കി' എന്നും മററും പരിചിതവസ്തുക്കളുമായുള്ള ഉപമകളും

'നീററിൽനടക്കുംനക്രം ചീററിയടുക്കുന്നേരം
ആററിലേക്കുഴുനാസ്സ്ൾ മാററുവാൻമതിയാമോ'
'ഇരുമ്പുകട്ടിയെ അട്ടിമറിക്കാമെന്നു ഭാവിച്ചാൽ
ഉറുമ്പിൻകൂട്ടത്തിനുണ്ടോ തരിമ്പുംസാദ്ധ്യമാകുന്നു.' (കുംഭകർണ്ണവധം)
'തീയേററുപാമ്പിനങ്ങളാണൊരു പാററയ്ക്കുഭിലാഷം.' (ഫര വൃത്തം)
'രവിയോടെതിരാകുമോ മിന്നാമിനുങ്ങെന്നുള്ളജന്തുക്കൾ' (സഭാപ്രവേശം)

ഇങ്ങനെയുള്ള അപ്രസ്തുതപ്രശംസകളും ആണ് നമ്പ്യാരുടെ കവിതാവനിതയുടെ അലങ്കാരങ്ങൾ. നമ്പ്യാരുടെ വേറെ ഒരു വിശേഷം വർണ്ണനയുടെ ഊർജ്ജിതത്വവും തന്മയത്വവും കൊണ്ടു് വർണ്ണ്യവിഷയങ്ങളെ സാക്ഷാൽകരിക്കുന്നതിനുള്ള ശക്തിയാകുന്നു. 'ഭ്യാഭോഭ്യാഭോഭോശരവൃഷ്ടം ചെയ്തു' പുച്ഛങ്കൾ 'കകകകകംസൻ' 'കികികികിച്ചുണ്ണൻ' പുപുപുപുപു പൂതന' എന്നു തുടങ്ങുന്ന വിക്കന്മാർ 'ഘ്ണംഘ്ണമേഘ്ണമായ മണികൾ' 'സരിഗമപ നിസ' എന്നു തുടങ്ങുന്ന പാട്ടുകാർ ഒരു ചൊവ്വദോഷം കാൺമാനുണ്ടു്' എന്നും മററും പറയുന്ന കണിയാന്മാർ 'ഘനചന്ദനാത്തുഞ്ചുംബു പച്ചടോശീരസാധിതം' ഇത്യാദി പറിച്ചു് സഞ്ചരിക്കുന്ന വൈദ്യന്മാർ, 'ഭീഷ്മന്നു' കൊള്ളുന്ന ശരങ്ങൾ, ഇപ്രകാരം തന്മയങ്ങളായ പാത്രങ്ങളേയും പദാർത്ഥങ്ങളേയും കൊണ്ടാണു് അദ്ദേഹത്തിന്റെ പെരുമാററം. ഒരു വസ്തുവിന്റെ പ്രതീതിയുണ്ടാക്കുവാൻ അതിനെ കവി കേവലം പകത്തുകയല്ലെന്നും ആ വസ്തു ഉണ്ടായിരിക്കുന്നതിന്നു് അവശ്യംവേണ്ട ഘടകാംശങ്ങളെ കണ്ടുപിടിച്ചു പ്രതിപാദിക്കുകയാണെന്നും നാം പ്രത്യേകം ഓർത്തിരിക്കണം. യാതൊരു ഭാഗങ്ങളെ വർണ്ണിച്ചാൽ ഒരു വസ്തുവിന്റെ ബോധമുണ്ടാകുമോ അവയെ കണ്ടുപിടിക്കാൻ, ചില കാര്യങ്ങളിൽ നമ്പ്യാർക്കു പ്രത്യേക വാസനയുണ്ടു്.

'മെലിഞ്ഞ കൈകാലുകളെക്കൊണ്ടു ചെറിഞ്ഞുതാമ്രമെഴുപ്പുരം കൊഴിഞ്ഞമേനിയും ചുക്കിച്ചുളിഞ്ഞു കണ്ണിലെകാഴ്ചയുംമറഞ്ഞുപീളയും വന്നുനിറഞ്ഞു' കടന്നിരുന്ന കല്യാണസൌഗന്ധികത്തിലെ മൂത്തകുരങ്ങിന്റെ വർണ്ണന പ്രസിദ്ധമാണല്ലോ. ഇപ്രകാരം തന്നെ ബാല്യത്തിൽ ബാലന്മാരെ വർണ്ണിക്കുമ്പോൾ അവ അങ്ങോട്ടുമിങ്ങോട്ടും ചാടുന്നതും, വാല്യത്തിനടക്കുന്നതും കാഞ്ഞിരക്കുരു ചപ്പിക്കൊണ്ടു നടക്കുന്നതും സ്ത്രീകളെ പല്ലിളിച്ചു കാണിക്കുന്നതും മററുമാണു് നമ്പ്യാരുടെ ദൃഷ്ടിയിൽ പെടുന്നതു്. പിന്നെയും മൂക്കിൽ ഈയം ഉരുക്കിയൊഴിച്ചു് കുംഭകർണ്ണൻ ഉണരുന്നതിനെ കവി വർണ്ണിക്കുന്നു.

'കണ്ണുതുറന്നു കിഞ്ചന ചഞ്ചല രണ്ടുചാണികളും കടഞ്ഞഥ കോട്ടുവാപൂനരിട്ടുടൻ രണ്ടു കയ്യുമിളക്കിയൊന്നുവലിച്ചു മുഞ്ഞിചുളിച്ചുടൻ' ഇത്യാദി. ദേവേന്ദ്രന്റെ ദുഷ്പ്രഭുത്വമൂർഛയെ കാണിപ്പാൻ ഇന്ദ്രൻ അപ്സരസ്സുകളുടെ നാടകംകാണ്മാൻ പോയിരുന്നപ്പോഴും വെററിലക്കാരനും പങ്കത്തെ യജമാനന്മാർക്ക അവശ്യം വേണ്ടിയിരുന്ന കാര്യങ്ങളെക്കാരനും വേണമെന്നു സിദ്ധാന്തിച്ചതായി കവി വർണ്ണിക്കുന്നു. പിന്നെയും നാടൻപട്ടിയുടെ സ്വഭാവം കവി വർണ്ണിക്കുന്നതു കാൺക

പുള്ളിച്ചേവകനെന്നുണ്ടൊരു പട്ടി മമവീട്ടിൽ
....
ഞൊണ്ടുപോയാലെന്നപിന്നെക്കുള്ളനേക്കാണുകയില്ല (ഹരിശ്ചന്ദ്രചരിതം)

ചിലപ്പോൾ വളരെ സംക്ഷിപ്തമായും ചിലപ്പോൾ പടർത്തിയും നമ്പ്യാർ വർണ്ണിക്കാറുണ്ടു്.

കേട്ടീലയോനിങ്ങളുത്താനപാദന്റെ
വീട്ടിലെക്കോലാഹലങ്ങളിന്നൊക്കവേ
ജ്യേഷ്ഠത്തിയുംമജത്തിയുംതങ്ങളിൽ
ചട്ടികലങ്ങളും കൂടെപ്പൊരുത്തുപോൽ

എന്നു് ഉത്താനപാദന്റെ ഗൃഹച്ഛിദ്രവർണ്ണനകണ്ടു് ഈ ഭാഗം വളരെ വിവരിച്ചു് ധ്രുവചരിതം തുള്ളപ്പാട്ടുണ്ടാക്കിക്കൊണ്ടു ചെന്ന വേറെ ഒരു കവിയുടെ കൃതി മഹാരാജാവു തീയിലിട്ടുചുട്ടുകളഞ്ഞതായി ഒരു കേൾവിയുണ്ടു്.

കണ്ണിണകൊണ്ടു കടുകുവറക്കുന്ന
പെണ്ണിനെക്കണ്ടാലടങ്ങുമോ പുരുഷൻ

എന്നു സ്ത്രീകളുടെ വശീകരണശക്തിയെ സുന്ദോപസുന്ദോപാഖ്യാനത്തിൽ വർണ്ണിച്ചിരിക്കുന്നു. പിന്നെ ഗന്ധമാദനം വർണ്ണിക്കുമ്പോൾ എന്തെല്ലാമോ കാട്ടുംപടലും കവിവർണ്ണനയിൽ ഉൾപ്പെടുത്തിക്കാണുന്നു എന്നതും പ്രസ്താവയോഗ്യമാകുന്നു. ചിത്രമെല്ലാം വരച്ചുകഴിഞ്ഞു ജീവചൈതന്യം വരുത്തുവാൻ മുഖത്തും മറ്റും ചിത്രകാരന്മാർ ചില മിനുക്കുവേലകൾ ചെയ്യാറുള്ളതുപോലെ നമ്പ്യാർക്കു ചില പൊടിക്കൈകൾ ഉണ്ടു്. വിശന്നു വന്നപ്പോൾ കഞ്ഞികിട്ടാതെ വന്ന നായർ വെറുതെയിരുന്ന കുഞ്ഞുങ്ങളുടെ തലയിൽ കഞ്ഞുകണ്ണ വെള്ളമെല്ലാം ഒഴിക്കയും ചിരവ എടുത്തെറിക്കയും അരകല്ലു കിണററിലെറികയും മററും കഴിച്ചു് ഉറഞ്ഞുകൊണ്ടു പുരയുടെ ചുററും മണ്ടിനടന്നപോലും! പ്രദോഷമാഹാത്മ്യത്തിൽ ഗാന്ധർവ്വവേളികൊണ്ടു സാധാരണ കല്യാണത്തിനു വേണ്ട പന്തൽ, സദ്യ, കരക്കാരുടെയും പടകക്കാരുടെയും ആരാധനം, ബ്രാഹ്മണർക്കു ദക്ഷിണ മുതലായി അനേകമെണ്ണങ്ങൾ വേണ്ടിവന്നില്ലെന്നു പറഞ്ഞു. അദ്ദേഹം ആറാമത്തെ ലാഭമായി പറഞ്ഞിരിക്കുന്നതു് "കണിയാർക്കു രണ്ടു ചക്രം കവടി കാണ്മാൻ കൊടുക്കേണ്ടാ" എന്നുള്ളതാണു്. പിന്നെയും പലവെന്നു കയറിയാലുള്ള വൈഷമ്യങ്ങൾ കാണുക.

കണ്ടഗൃഹത്തിൽ കലവുംതവിയും
കണ്ടെന്നാലവർകേറിയെടുക്കും

എന്നുതുടങ്ങി ബ്രാഹ്മണരേയും അന്തർജ്ജനങ്ങളേയും ഉപദ്രവിക്ക, വീടിനു തീവെയ്ക്കു, വാഴ്ച്ച്, ഉരുളി ആഭരണങ്ങൾ, അതിന്നിടയിൽ ഒരാളിന്റെ വക ഓട്ടുകിണ്ടി, മുണ്ടു്, കന്നുകാലി, ഇവയ്ക്കു നാശം, ഇത്യാദികൾ പുറമെ,

കണ്ടച്ചാരുടെ മുണ്ടുംപോയി
....
ചെങ്ങാതിക്കൊരു പ്ലാവുംപോയി

ഇങ്ങനെ അവസാനിക്കുന്നു. നമ്പ്യാരുടെ വേറെ ഒരു ഗുണം അദ്ദേഹത്തിന്റെ അതിദൃഢമായ ഔചിത്യബുദ്ധിയാകുന്നു. ഇതും അദ്ദേഹത്തിന്റെ അന്യഗുണങ്ങളെപ്പോലെ തന്റെ കവിത വായിക്കുവാനും കേൾക്കുവാനും ഉള്ള ജനസാമാന്യത്തിന്റെ പാണ്ഡിത്യവും ബുദ്ധിശക്തിയും ഇത്രമാത്രമേ ഉള്ളു എന്നു് അദ്ദേഹത്തിനു് അറിവുണ്ടായിരുന്നതിന്റെ ഫലമാകുന്നു. മുൻപറഞ്ഞ ഔചിത്യം മൂന്നുവിധത്തിൽ കാണുന്നുണ്ടു്. ഒന്നാമതായി ഭാഷ.

സംസ്കൃതത്തിൽ വ്യാകരണപര്യന്തം വൈദുഷ്യമുണ്ടായിരുന്ന ഒരാൾ അക്കാലത്തു തന്റെ പാണ്ഡിത്യം പ്രകടിപ്പിക്കാതെ നമ്പ്യാരെപ്പോലെ ലളിതമലയാളത്തിൽ കവിതയുണ്ടാക്കുവാൻ യത്നിച്ചിരിക്കയില്ല.

ഭടജനങ്ങടെ നടുവിലെഴുന്നള്ളാത്ത പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരളഭാഷതന്നെ ഉചിതംവരൂ

എന്ന ബോധം നമ്പ്യാർക്കു ചെറുപ്പത്തിൽ തന്നെ ഉണ്ടായതായി തോന്നുന്നു. ആകയാൽ സംസ്കൃതം അധികം കലരാതിരിക്കണം എന്നതിൽ അദ്ദേഹത്തിനു പ്രത്യേകം നിഷ്ഠയുണ്ടായിരുന്നു. ഭാഷാകവനത്തിനു താൻ തുനിയുന്നതു സംസ്കൃതഭാഷാവിഷയമായ അപാണ്ഡിത്യംകൊണ്ടല്ലെന്നും ശ്രോതാക്കളുടെ പ്രീതിക്കും രീതിക്കും ഭാഷയായാൽ ഉചിതമാകയുള്ളു എന്നും നമ്പ്യാർ കീചകവധത്തിൽ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു. എങ്ങനെയെന്നാൽ,

ഭാഷയായ് പറവാനുമടിയനു സംസ്കൃതത്തിലുമെന്നപോൽ
ദോഷഹീനപരിചയമല്ലുമിപ്പൊഴുതുണ്ടിവിടിന്നതിൽ
ശേഷിയില്ലഭടജ്ജനങ്ങൾ ധരിച്ചിടാ കടുസംസ്കൃതം
ഭാഷയായ് പറയാമതിൽ ചില ദൂഷണംവരുമെങ്കിലും

എങ്കിലും ആദ്യം സ്വല്പം സംസ്കൃതം കൂടുതലായിത്തന്നെ കാണ്മാനുണ്ടു്.

ധർമ്മജന്മവരാചകാരക കിമകുർവ്വത
മനോവ വചാംസി കഥയമാചാര്യമേ

ഇത്യാദി സംസ്കൃതസ്പർശംകൊണ്ടും മററും അല്പം ചവർപ്പുള്ള പ്രയോഗങ്ങൾ കാലക്രമത്തിൽ പരിപാകങ്ങളായി കോമളവിന്യാസങ്ങളായി

കണ്ടായോ കനിവൊട്ടു ചൂതവൃക്ഷമേ നീ
കണ്ടാലങ്ങെഴുകടയോത്ത ചാതുരൂപം
തണ്ടാർബാണനുമവനോട്ടുതുല്യനല്ലെ-
ന്നുണ്ടാകുംമാനസിതവാപികയ്ക്കതാകിൽ

ഇത്യാദി മധുരവാക്യങ്ങളായി പരിണമിക്കുന്നു. നമ്പ്യാരെപ്പോലെ മലയാളഭാഷയ്ക്കു അയവും വിശാലതയും വരുത്തീട്ടുള്ള വേറൊരു കവിയുണ്ടെന്നു തോന്നുന്നില്ല. ദുർഗ്രഹമായ വേദാന്തവും തുച്ഛങ്ങളായ ലൌകികകാര്യങ്ങളും പ്രതിപാദിക്കുന്നതിന് അദ്ദേഹത്തിന്റെ ഭാഷ ഒരുപോലെ പ്രയോജനപ്പെടും. വർണ്ണ്യവസ്തുവനുസരിച്ചു ഭാഷയ്ക്കു ഗൌരവം വരുത്തുന്നതിൽ കവി സശ്രദ്ധനാണ്. ഉദാഹരണമായി കാളിയമർദ്ദനത്തിൽ കാട്ടുതീ പിടിക്കുന്നതു അദ്ദേഹം വർണ്ണിക്കുന്നു;—

സതതരതരമത്തമതംഗജകടതടപുടമദശബളം
ഉദ്ധതപരിബാധമഹാനലകടുതരചടപടബഹളം
ജൃംഭിതമദസംഭ്രമചംക്രമസരഭസമിളദലിതരളം
കമ്പിതബഹുശാഖപലാശകഘനകഷരതരതരളിതം

ശബ്ദാലങ്കാരത്തിലും അർത്ഥാലങ്കാരത്തിലും കവിക്ക് ആദ്യമുണ്ടായിരുന്ന ഭ്രമം കാലക്രമേണ ക്ഷയിച്ച് അവസാനകൃതികളിൽ പദങ്ങളുടെ ശുദ്ധിയും സുശ്രാവതയും അർത്ഥപുഷ്ടിയും കവിതക്കാർ സശ്രദ്ധം പരിപാലിക്കേണ്ടതാണെന്നുള്ള ഭാവത്തിൽ പരിണമിക്കുന്നു. എങ്കിലും എഴുത്തച്ഛൻ, ചെറുശ്ശേരി, ഉണ്ണായിവാര്യർ മുതലായവരെപ്പോലെ നമ്പ്യാരും ഭാഷാകവിതയ്ക്കു പ്രാസം വേണമെന്നു കൂട്ടാക്കുന്നു. പക്ഷേ വശ്യവാക്കായ ഒരു കവിയും പ്രാസത്തിനു ബുദ്ധിമുട്ടാറില്ല.

രാമാപദീരാമസംഭോഗസാരംഭ
സാമോദനാരംഭശൃംഗാരപാരസികൾ”

ഇത്യാദി ചില ദിക്കിൽ പ്രാസത്തിനു സംസ്കൃതത്തെക്കൂടി സഹായത്തിനു വിളിക്കുന്നുണ്ടെങ്കിലും

ഇടിയുമുടനടലിടിയുമതുവൊരുവെടിയുമൊരുവിധമടികളും
തടിയനുടെതടിയുമുടയിടിയുമിടിപൊടിതധിമിതികടുതരകടികളും
ഈരേഴുലകെന്നുപേരാംമരത്തിന്റെ
....
സാരമാംഭക്തിവിശ്വാസമില്ലായ്ക്കയറാൽ

ഇങ്ങനെ ഭാഷാപദപ്രാസത്തിനും അദ്ദേഹത്തിനു ക്ലേശമില്ല. പരിഹാസരസത്താൽ പരിതപ്തമായുരുകിയൊഴുകുന്ന ഭാഷാസുവർണ്ണപിണ്ഡം ചില ദിക്കിൽ ചുഴന്നു കട്ടിപിടിച്ച ലോകോക്തിരൂപത്തിൽ സർവദാ കാവ്യപുരുഷന്റെ കൈവിരലിലെ കനകമോതിരം പോലെ പരിശോഭിക്കുന്നതാണ്. (ക) ഗതികെട്ടാൽ പുലി പുല്ലും തിന്നും (ഖ) തോണികണ്ടോനാൽ തുഴകൊണ്ടു (ഗ) കനകംമൂലം കാമിനിമൂലം കലഹം പലവിധമുലകിൽ സുലഭം (ഘ) കടിയാപ്പട്ടി കുരയ്ക്കുമ്പോളൊരു വടിയാൽ പിൽക്കുമതല്ലാതെന്തിഹ (ങ) ചോരകളെന്തു വരുന്നോർത്തു കൂട്ടത്തോടെ (ച) കണ്ടുകിട്ടിയ കനകമുപേക്ഷിച്ചീടും കൊതിയനിച്ഛിക്കേല്ലാ (ഛ) ഉറക്കത്തിൽ പണിക്കനും തനിക്കുമെനിക്കുമില്ല ഇത്യാദി ഈ വകയിൽ ഏതാനും മാത്രമാകുന്നു. രണ്ടാമതായി പ്രതിപാദനരീതി അന്യകവികൾ സാമാന്യം കൊണ്ടും തന്മാത്രഗുണങ്ങൾകൊണ്ടും വർണ്ണിക്കുന്നതു, നമ്പ്യാർ വിശേഷംകൊണ്ടും ധ്വനികളെക്കൊണ്ടും വർണ്ണിക്കുന്നു. ഇതുകൊണ്ടും പറയുന്നതിനു ക്ലിഷ്ടതയില്ലെന്നു ശൈലിയാൽ അതിനൊരുഭംഗികൂടി ചേരുന്നു. കിരാതാർജ്ജുനീയകാവ്യത്തിൽ

തപസാനിപീഡിതകൃശസ്യ
വിരഹിതസഹായസമ്പദഃ
സപദിവിഹിതാതുലംബുദ്ധ്യോ
[illegible]

എന്നു ശിവൻ പറയുന്നതിന്റെ സ്ഥാനത്തിൽ പക്ഷെ ഇതിന്റെ അർത്ഥംതന്നെ എഴുത്തു കിരാതം തുള്ളലിൽ,

എലിയെപ്പോലെയിരിക്കുന്നവനൊരു
പുലിയെപ്പോലെവരുന്നതുകാണാം
നേരററുവിശന്നുകിടക്കുംഫൽഗുന-
നേററുവരുമ്പോൾശ്രീകലുങ്ങും

എന്നു നമ്പ്യാർ പറയുന്നതിനു കൂടുതൽ സ്ഫുടതയും ശക്തിയുമുണ്ടു്. സാമാന്യ വിശേഷങ്ങളെക്കൊണ്ടു വർണ്ണിക്കുന്ന രീതിയേയും ഉദാഹരിക്കാം.

അക്കാലംരൈവതകമായപർവ്വതത്തിങ്കൽ
....
പുഷ്കരാക്ഷികൾകോപ്പിട്ടേററവുംഫലിപ്പിച്ചു

എന്നു് എഴുത്തച്ഛന്റെ അന്തർഭാഗത്തിലെ ഉത്സവം വർണ്ണിക്കുന്നതിൽ കൂടുതലായി ഒരംശം ചേർപ്പാൻ കാണുന്നില്ല. നമ്പ്യാരുമൊരുത്സവം വർണ്ണിക്കുന്നുണ്ടു്. അതിൽ എഴുത്തച്ഛൻ പറയുന്നതിൽ കൂടുതലൊന്നുമില്ല. പക്ഷെ വാദിത്രാദിഘോഷങ്ങളെ എഴുത്തച്ഛൻ പറയുന്നതിന്റെ സ്ഥാനത്തു ചെണ്ട, തിമില, ശംഖ്, മദ്ദളം മുതലായ വാദ്യങ്ങളും അതു കൊട്ടുന്ന കൊമരി, കേളൻ മുതൽപേരെയും

കാളമെടുത്തു വിളിക്കണമെന്നാൽ
കേളനെവച്ചിട്ടൊരുവനുമില്ല
മേളംകൂട്ടുകിലങ്ങവനല്ലും
താളംതെററുമതുണ്ടൊരുദോഷം

എന്നും മററും അവരുടെ സ്വഭാവവും കൂടി നമ്പ്യാർ വർണ്ണിക്കുന്നു. ഉത്സവത്തിനു ആളുകൾ വന്നു് ആൽത്തറമേൽ കേറുന്നു. ആ കൂട്ടത്തിൽ മണ്ണാപ്പാടൻമുണ്ടു നീട്ടിയുടുത്തു 'വടിയും കയ്യിലെടുത്തു വരുന്നൊരു തടിയൻ പുറകെയൊരുത്തിയുമുണ്ടേ' ഇതിനിടയിൽ ഉത്സവത്തിൽ മേളക്കാരുടെ കൂട്ടത്തിൽ പോരു ചാത്തിയാൽ ഒന്നുമില്ലെങ്കിലും ശാപ്പാടെങ്കിലും കഴിയുമല്ലോ എന്നു വിചാരിച്ചു ചെന്നിട്ടുള്ളവരെ കവി കണ്ടുപിടിച്ചു് 'ഊട്ടിനുവന്നു കിടക്കുന്നവരുടെ കൂടക്കാരെ ചാത്തുകയില്ല' എന്നു നേരത്തെ അവർക്കു മുന്നറിവു കൊടുക്കുന്നു; ഇങ്ങനെ ഓരോന്നും പ്രത്യേകമെടുത്തു അതിൽ വല്ലതും പരിഹാസത്തിനു വകയുണ്ടോ എന്നു പരിശോധിച്ചാണു നമ്പ്യാരുടെ വർണ്ണനാരീതി. വർണ്ണനയ്ക്കു മൂർച്ചകൂടി 'ഭോഗഗാരാത്തു്' എന്ന ചരിത്രകാരനെപ്പോലെ തലയിൽ ഒരു ചെറിയ പോറൽ ഉണ്ടെന്നു പറയേണ്ട ദിക്കിൽ തല മുറിഞ്ഞുപോയി എന്നുപറഞ്ഞു കലാശിപ്പിക്കുന്നതിനും കവി മടിക്കുന്ന കൂട്ടത്തിലല്ല. ദുഷ്പ്രഭുക്കന്മാരെക്കുറിച്ചു മുമ്പു പറഞ്ഞിട്ടുള്ളതു് ഇതിനു നല്ല ദൃഷ്ടാന്തമാണു്. അന്യ സുന്ദരികളെക്കുറിച്ചു തിലോത്തമയുടെ അസൂയ വർണ്ണിക്കുമ്പോൾ അവൾക്കു് 'പല നാരികളെക്കണ്ടാൽ തലനോവു തുടങ്ങീടും' എന്നു കവി തട്ടിവിടുന്നു. [കാളിയമർദ്ദനം]

ഹരിണീസ്വയംവരം തുള്ളലിൽ ലക്ഷ്മീസ്വയംവരം നാടകം അഭിനയിക്കുന്നതിനു ചിത്രസേനൻ ഉർവ്വശ്യാദികളായ അപ്സരസ്സുകളോടു പറയുന്നു.

അങ്ങുമിങ്ങുംനോക്കിവല്ലതുംകാട്ടിയാൽ
....
വാടീടുമെന്നുടെകാരണംചൊൽകെടോ

ഇത്യാദി വായിക്കുന്നവർക്കു അച്ചികുറുപ്പും അടിച്ചുതളിക്കാരും തമ്മിലുള്ള ഇടപാടല്ലാതെ സരസന്മാരായ അപ്സരസ്ത്രീകളുടെ രമണീയകമോ സൌകുമാര്യമോ മനസ്സിൽ സ്ഫുരിക്കുന്നതല്ല

ഔചിത്യബുദ്ധിയുടെ ഫലമായി മൂന്നാമതൊരു ഗുണം സങ്കല്പശക്തിയുടെ ഗതിവിശേഷമാകുന്നു. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ലോകത്രയവും താൻ അമ്പലപ്പുഴയും തിരുവനന്തപുരത്തും കണ്ട തരത്തിലുള്ള ജനങ്ങളെക്കൊണ്ടു പരിപൂർണ്ണമായിരുന്നു. ദുര്യോധനൻ, ദേവേന്ദ്രൻ, രാവണൻ മുതൽപേർ അക്കാലത്തെ പ്രഭുക്കന്മാരുടെയും രാജാക്കന്മാരുടെയും, ഉർവശി, ദമയന്തി മുതലായവർ കുട്ടനാട്ടുസ്ത്രീകളുടെയും ഛായകളായിട്ടാണ് ആ ദേഹത്തിന്റെ സങ്കല്പം. ഉപമാദികളായ അലങ്കാരപ്രയോഗംകൊണ്ടു വർണ്ണ്യവസ്തുവിന്റെ പൂർണ്ണ പ്രതീതിയുണ്ടാക്കുന്നതിനുള്ള ശക്തിക്കും പല ഉദാഹരണങ്ങളെ ഉദ്ധരിക്കാം.

നന്മദാജലപ്രവാഹത്തിൽ ഒഴുകിപ്പോയ രാവണനെ ഇരുപതു തണ്ടുവച്ചുമുറുക്കിയ വഞ്ചിയോടുപമിച്ചതു മുൻപുതന്നെ പ്രസ്താവിച്ചുവല്ലോ. ഉപമയിൽ കൈകളെ തണ്ടുകളോടു സദൃശീകരിച്ചു് അവയ്ക്കു പ്രാധാന്യം കല്പിച്ചതു രാവണൻ വെള്ളത്തിൽ ഒഴുകിപ്പോകാതെയിരിക്കുന്നതിലേക്ക കൈത്തണ്ടുകൾകൊണ്ടു വളരെ തുഴയുകയും കുഴയുകയും ചെയ്തു എന്ന സംഗതിയെ ലക്ഷീകരിച്ചാകുന്നു. പിന്നെയും പൌണ്ഡ്രകവധം തുള്ളലിൽ, കൃഷ്ണനും പൌണ്ഡ്രകനും തമ്മിലുള്ള പരിഹാസകരമായ ആളുമാറാട്ടവഴക്കിൽ കൃഷ്ണനെക്കുറിച്ചു പൌണ്ഡ്രകന്റെ ആക്ഷേപം.

> അച്യുത! നീ എന്റെകോപ്പുകളാകവെ
> ......
> കൊച്ചുഗോപാലന്റെ ദുർമ്മാഹാത്മ്യം

ഇവിടെ കള്ളിൽ കോലത്തോടു കൃഷ്ണനെ ഉപമിച്ചതിൽനിന്നുള്ള രസം അനവധി വാക്യജാലങ്ങളെക്കൊണ്ടു വർണ്ണിച്ചാലും സിദ്ധിക്കുന്നതല്ല. ഈ ഭാഗത്തെ സമർത്ഥിക്കാൻ വേറൊരു ഉദാഹരണംകൂടി ഉദ്ധരിക്കുന്നു. മിക്ക തുള്ളക്കഥകളിലും സദ്യയേയും സദ്യ ഉണ്ണുന്നവരേയും നമ്പ്യാർ വർണ്ണിക്കുന്നുണ്ടു്.

> പരാന്നം പ്രാപ്യദുർബുദ്ധേ മാപ്രാണേഷുദയാംകുരു
> ദുർല്ലഭാനിപരാന്നാനി പ്രാണാഃജന്മനിജന്മനി

എന്ന തത്വത്തെ പ്രമാണമാക്കി സദ്യയുണ്ണാൻ നടക്കുന്ന പാത്രാളകുക്ഷികളായ ജനങ്ങളോടു നമ്പ്യാർക്കു സ്വല്പമായ ഈർഷ്യയും അതുകൊണ്ടുള്ള വൈരവുംകൂടി ഉണ്ടായിരുന്നിരിക്കാം. പാഞ്ചാലീപരിണയത്തിലെ സദ്യവിസ്താരത്തിൽ അത്താഴക്കാർക്കു ഭക്ഷ്യപദാർത്ഥങ്ങളോടുള്ള പരാക്രമത്തെ പ്രതിപാദിക്കുന്ന കൂട്ടത്തിൽ,

> രണ്ടുവല്ലം നിറച്ചുള്ള പപ്പടത്തെപ്പൊടിച്ചിട്ടു
> രണ്ടുകൊട്ടപ്പഴംകൂടി തൊലിച്ചിട്ടൊന്നമർത്തീട്ടു
> അഷ്ടഗന്ധം പോലെയാക്കിയൊട്ടുശേഷിപ്പിച്ചിട്ടതിന്നും
> പട്ടരുണ്ണുന്നതു കണ്ടാൽ ഗോഷ്ഠിയല്ലാതൊന്നുമില്ല

എന്നു വർണ്ണിച്ചിരിക്കുന്നു. ഇവിടെ അതിശയോക്തികൊണ്ടുള്ള വർണ്ണനക്കു പുറമേ പപ്പടവും പഴവുംകൂടി കുഴച്ചു ഉദരോപരിഭാഗത്തു ഭിത്തികെട്ടിയ ഊണുകാരെക്കുറിച്ചു് അഷ്ടഗന്ധോപമകൊണ്ടു വേറെ ചില സംഗതികൾകൂടി ധ്വനിക്കുന്നു. അഷ്ടഗന്ധപ്രയോഗം സാധാരണ ബിംബപ്രതിഷ്ഠകളിലാണു്. അതുകൊണ്ടു പ്രസ്തുത സദ്യ ഊണുകളിൽ പപ്പടപ്പഴക്കൂട്ടമായ അഷ്ടഗന്ധം നിറച്ചു എന്നു പറയുമ്പോൾ മേപ്പടിയാന്മാർ അകമേ തിക്കിക്കയറിയ ചരക്കിന്റെ ഭാരംനിമിത്തം കരിങ്കൽപ്രായത്തിൽ നിശ്ചലന്മാരായിരുന്നു എന്നുകൂടി കവി സൂചിപ്പിക്കുന്നു.

ഹസ്തിനപുരത്തും ദ്വാരകയിലും ലങ്കയിലും നായന്മാരുതന്നെ പാർക്കുന്നു. അവിടെ ഒക്കെ കേളച്ചാരും ഇട്ടിച്ചാരും ചിരികണ്ടച്ചാരും കണ്ടച്ചനായരും വാളും പരിചയും ചുരികയും വില്ലും മറ്റുമെടുത്തു പിടിച്ചുകൊണ്ടു നടക്കുന്നു. സ്വർഗ്ഗത്തിൽ കാളിപ്പെണ്ണും നീലിപ്പെണ്ണും വിലസുന്നു. നളന്റെ ഭടന്മാർ കുണ്ഡിനനഗരത്തിൽ ചെന്നപ്പോൾ 'ഗണപതിപ്പട്ടർക്കുമുപ്പണവും പലിശയുമങ്ങു കൊടുപ്പാനുണ്ടു്' എന്നുള്ള കാര്യത്തെപ്പറ്റിയാണു സംഭാഷണം ചെയ്യുന്നതു്. ബാണന്റെ നഗരത്തിൽ കൃഷ്ണന്റെ പടചെന്നപ്പോൾ 'വടി ഇങ്ങാട്ടെട്ട് കഞ്ഞിപ്പെണ്ണേ വടി ഞാനിവിടെ കണ്ടില്ലെന്നും പിലേക്കിട്ടുകിടക്കുമിതെന്നും' മറ്റും ലഹള നടക്കുന്നു. ഹസ്തിനപുരത്തിൽ കോമളപ്പുറം, കോശ്യപ്പള്ളി, വാളക്കോട്ടു്, വള്ളിക്കോട്ടു മുതലായ തമ്പുരിമാർ വസിക്കുന്നു അഷ്ടവസുക്കൾ കറിക്ക അറുക്കുന്നു. കൃഷ്ണൻ മുതലായ രാജാക്കന്മാർക്കു കൂട്ടുവാൻ ചിലപ്പോൾ വല്ല ചീരയോ താളോ ഒക്കെയാം ചിറ്റപ്പാകം. തിലോത്തമ സൃഷ്ടികാലത്തു ഒരു ശില്പിയെപ്പോലെ 'അംഭോജസംഭവൻ താനങ്ങു മുഖത്തു കണ്ണാടിവച്ചങ്ങു നോക്കിരസിക്കയും' ചെയ്യുന്നു. കുംഭകർണ്ണൻ ഉറങ്ങി എഴുന്നേൽക്കുമ്പോൾ ശാപ്പാടിനു കുറെ കോഴി, ആടു്, പോത്തു ഇവയൊക്കെ ഒരുക്കിനിന്നു. ദുര്യോധനന്റെ ഭടന്മാരായ നായന്മാർക്കു 'കടൽപ്പഴക്കാർക്കറിയില്ലാതെ' ഊണുകഴിക്കാൻ കഴികയില്ല. ചോറു് സമയത്തു കിട്ടിയില്ലെങ്കിൽ അവർ കുട്ടിപ്പട്ടരെ എത്തമിടിക്കുന്നവരാണു്, ഇങ്ങനെയൊക്കെ ചുറ്റുമുള്ള ജനങ്ങളും സംഭവങ്ങളും സങ്കല്പശക്തികൊണ്ടു ദൂരദേശങ്ങളിലും സ്വർഗ്ഗാദികളിലുംകൂടി വ്യാപിക്കപ്പെട്ടിരിക്കുന്നു,

ഔചിത്യബുദ്ധിയെ ഇനിയും ഉദാഹരിക്കാം. കാർത്തവീര്യാർജ്ജുനവിജയത്തിൽ രാവണൻ പുഷ്പവിധിസമയത്തു ചിത്രയോധിയോടു സംഭാഷണം ചെയ്യുന്നതു് സംസ്കൃതമാ

ഷയിലാണ്. ആ അവസരത്തിൽ മലയാളഭാഷ ഉപയോഗിച്ചാൽ ഭക്തിക്കും പൂജയുടെ ശുദ്ധിക്കും കുറവുതട്ടുമെന്നു വങ്കനായ രാവണനുള്ള നാട്യത്തെ കവി ഇതിനാൽ സരസമായി ആക്ഷേപിക്കുന്നു. ഇതുപോലെ നാളായണീചരിതത്തിൽ മൌൽഗല്യൻ ആഢ്യബ്രാഹ്മണനായി ആശ്രമത്തിൽ വസിക്കുമ്പോൾ ഇന്ദ്രസേനയോട് സംസ്കൃതത്തിലെ സംസാരിക്കാൻ ഭാവമുള്ളു. ആ ദമ്പതിമാർ പാണ്ടിയിൽ ചെന്നപ്പോൾ തമിഴിലും തെലുങ്കനാട്ടിൽ ചെന്നപ്പോൾ തെലുങ്കുഭാഷയിലും കർണ്ണാടകരാജ്യത്തു എത്തിയപ്പോൾ കർണ്ണാടകത്തിലും കൊങ്ങിണിമാരായപ്പോൾ കൊങ്ങിണിഭാഷയിലും, ലാടന്മാരായപ്പോൾ ലാടഭാഷയിലും ആണ് ഭാഷണം ചെയ്യുന്നതു്.

ചിലപ്പോൾ കവിയുടെ മനോധർമ്മം വളരെ വികടമായ വിധത്തിലും വിചാരിക്കാത്ത മാർഗ്ഗത്തിലുമാണ് പ്രവർത്തിക്കുന്നതായി കാണപ്പെടുന്നതു്. വായുവില്ലാതായാലുള്ള വൈഷമ്യങ്ങൾ, കാലനില്ലാതായാലുള്ള ദുർഘടങ്ങൾ, ഈവക വിഷയങ്ങൾ നമുക്കു ബോധം ജനിക്കത്തക്ക വിധത്തിൽ വർണ്ണിപ്പാൻ നമ്പ്യാർക്കു ഒരു പ്രത്യേക സാമർത്ഥ്യമുണ്ടു്. വായുവില്ലാതായപ്പോഴത്തെ വൈഷമ്യങ്ങൾ കവി ഇപ്രകാരം വർണ്ണിക്കുന്നു.

ധാത്രിയിലുള്ളോരു ജന്തുക്കളാകവേ
....
തെങ്ങുകേറുന്നവൻ തെങ്ങേലിരിക്കുന്നു.

ഇത്യാദി ഹാസ്യോൽപത്തി. പഞ്ചേന്ദ്രോപാഖ്യാനത്തിലെ 'കാലനില്ലാത്തകാലം' എന്ന ഭാഗം ഞാൻ തന്നേ 'ഭാഷാപോഷിണി'യിലും രസികരഞ്ജിനിയിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. എങ്കിലും അതു പുസ്തകരൂപേണ അച്ചടിച്ചിട്ടില്ലായ്കയാൽ ചില അംശങ്ങൾ താഴേ ചേർക്കുന്നു.

വൃദ്ധന്മാരുടെ കൂട്ടം നിറഞ്ഞു ഭൂതലംതന്നിൽ
....
സമർത്ഥനെങ്ങുമേ പണ്ടാലൊരർത്ഥംകിട്ടുകയില്ല

ഇത്യാദി

നമ്പ്യാരുടെ കവിതാഗുണം പറയുമ്പോൾ 'നേരമ്പോക്കിനും വീരശൃംഗാരാദി രസവർണ്ണനകൾക്കും തുല്യനായി ഇതരകവിയില്ലെന്നു' ഭാഷാചരിത്രകാരൻ പറയുന്നു. ഇവിടെ നേരമ്പോക്ക് എന്നു പറഞ്ഞതിൽ നിഷ്കർഷക്കുറവുണ്ടു്. ഹാസ്യരസത്തിന്റെ സാധാരണ ഹേതു വിചാരിച്ചിരിക്കാതെ സംബന്ധമില്ലാത്തവ തമ്മിൽ സംബന്ധം ഉത്ഭാവനം ചെയ്കയാകുന്നു. ത്രിപുരന്മാരുടെ ഉപദ്രവം കൊണ്ടു ദേവലോകത്തുണ്ടായിരുന്നതെല്ലാം അവിടെയില്ലാതെയായി എന്ന സംഗതിയെ, സങ്കടപ്പെട്ട ദേവന്മാർ ശംഭുകോണേ കൃതം പാപം കുംഭകോണേ വിനശ്യതി എന്ന ശ്ലോകാർത്ഥത്തോടുപമിക്കുന്നു. ഇവിടെ ഉപമാനോപമേയങ്ങളുടെ ഘടന നാം തീരെ വിചാരിക്കാത്തതാകുന്നു. ഓരോ കാര്യങ്ങളിലും ഉള്ള അസംബന്ധങ്ങളും അനനുരൂപങ്ങളും ആയ അംശങ്ങളിൽ പരിഹാസരസികനായ കവിയുടെ ദൃഷ്ടി ഝടിതി പതിക്കുന്നു. ഇതിൽ നമ്പ്യാരുടെ വാസന ബഹുകുശലമാകുന്നു. സത്യാസ്വയംവരത്തിനു എത്രയോ ആളുകൾ പോകുന്ന കൂട്ടത്തിൽ നമ്പ്യാർ ഒരു മുതുക്കൻ നമ്പൂരിയെപ്പിടിച്ചു്

'എഴുപതെട്ടു വയസ്സു തികഞ്ഞൊരു
കിഴവബ്രാഹ്മണനിത പോകുന്നു.
കൊടുവെയിൽ തട്ടിച്ചുട്ടു കഷണ്ടിയിൽ
ഒരുപിടി നെല്ലാൽ മലരു പൊരിക്കാം'

എന്നു വർണ്ണിക്കുന്നു. ത്രിപുരന്മാരുടെ പടഭൂമിയിൽ വന്നപ്പോൾ വിഷമിച്ചവരുടെ കൂട്ടത്തിൽ ഒരു സാധു പരദേശബ്രാഹ്മണനെ പിടികൂടുന്നു.

കുട്ടികളെപ്പിടിച്ചോരോ കുട്ടകത്തിനകത്താക്കി
....
പടയിൽ പട്ടരുകൈക്കെന്നാശൌല്യമെന്നതറിയാമൽ

ഇങ്ങനെ വർണ്ണിക്കുന്നു. ഐരാവതപൂജയിൽ അർജ്ജുനന്റെ ശരം കൊണ്ടു കുഴഞ്ഞവരുടെ കൂട്ടത്തിൽ നമ്പ്യാർ കടമയറനായ കുബേരന്റെ പരുങ്ങലും ഓടാൻവഹിയായ്കയും കണ്ടുപിടിക്കുന്നു. ബാണയുദ്ധത്തിൽ ഇതുപോലെതന്നെ കടമയറനായ ഗണപതിയുടെ പരുങ്ങൽ പ്രത്യേകം കവി എടുത്തുപറയുന്നു, പിന്നെയും രുഗ്മിണിയെ വിവാഹം ചെയ്യാൻ കൊള്ളേറുന്നവർക്കുള്ള ആക്ഷേപങ്ങൾ കാൺക;

ഉലതിരമ്യമൊരുത്തനുകാൽക്കൊരു
മുടവുണ്ടവനുനടക്കുന്നേരം
മററുംപലഗുണമുണ്ടെന്നാലും
കുററംവരുമിതുഗുരുനിന്ദകളാൽ

[രുഗ്മണീസ്വയംവരം]

ഈവിധം ദോഷങ്ങൾ കണ്ടുപിടിക്കാനുള്ള സാമർത്ഥ്യം കൊണ്ടു ഹ്യൂഡിബ്രാസ് (Hudibrar) എന്ന ഗ്രന്ഥത്തിന്റെ കർത്താവായ (Butler) എന്നകവിയെപ്പോലെനമ്പ്യാരും ദോഷങ്ങൾ കാണുന്നവൎക്കു ഒരു പബ്ലിക്ക് പ്രോസിക്യൂട്ടർ എന്നുതന്നെ പറയാം.

വൎണ്ണനാവിഷയത്തിൽ നമ്പ്യാരുടെ നൈപുണ്യപൂൎണ്ണതയെ കാണിപ്പാൻ ഏതാനും ഉദാഹരണങ്ങൾകൂടി ചുവടെ ചേൎക്കുന്നു. അതി സൌഭാഗ്യവതിയായി സകലസുഖസമ്പൽസമൃദ്ധയായിരുന്ന പാഞ്ചാലിയുടെ വിധിദുൎവിപാകത്തെയും വിരാടനാട്ടിൽ പ്രവേശിച്ചപ്പോൾ അവൾക്കുണ്ടായ ഭാവഭേദത്തെയും ഇപ്രകാരം വൎണ്ണിക്കുന്നു. പാഞ്ചാലിയുടെ കൃത്യങ്ങളുടെ കൂട്ടത്തിൽ

മുററമൊക്കെയടിച്ചുളുത്തുതളിച്ചുമംഗിവരുത്തണം
....
ശൂപ്പവയ്യർവെറുത്തു ചെയ്തിട്ടുമട്ടഹാസമതേൽക്കണം
വെപ്പുകൌശലമുണ്ടയാൾക്കതിൽമെച്ചമുണ്ടതുമോൎക്കണം

ഇത്യാദി കീചകവധം

ഇവിടെ പാഞ്ചാലിയുടെ ദയനീയമായ സ്ഥിതിഭേദം വൎണ്ണിതമായിരിക്കുന്നു. പക്ഷേ അതോടുകൂടിത്തന്നെ ഭിന്നമായ മറെറാരു രസംകൂടി ഉള്ളതു വിസ്മരിക്കത്തക്കതല്ല: പാഞ്ചാലിയുടെ കഷ്ടപ്പാടിനെ പ്രതിപാദിച്ചിരിക്കുന്നതിനാലേ തന്നെ വിരാടരാജധാനിയിലെ അരിവെപ്പുകാരൻ പട്ടരുടെ ദുഃഖവും മേല്പുകാരനായ ശൂപ്പവയ്യന്റെ ശുണ്ഠിയും അസത്തുക്കളായ ദാസിമാരുടെ ഉദാസീനതകളും രാജസ്ത്രീജനങ്ങളുടെ പ്രൌഢിയും മററും കൂടി അളവേ വൎണ്ണിക്കപ്പെടുകയും അവയെപ്പററി വായനക്കാൎക്കു ചെറുതായി ഒരു പുച്ഛരസം തോന്നുകയും ചെയ്യുന്നു.

നിൎദ്ദിഷ്ടമായ ലക്ഷ്യത്തെ ഭേദിച്ച് അൎജ്ജുനൻ പാഞ്ചാലിയെ സ്വയംബരം ചെയ്തശേഷം പഞ്ചപാണ്ഡവൎക്കായി പാഞ്ചാലിയെ വിവാഹം ചെയ്യണമെന്ന് ധൎമ്മപുത്രൻ ദ്രുപദരാജാവിനോടാലോചിക്കുന്നു. സ്ത്രീനിമിത്തമായി അധൎമ്മമായി ഇപ്രകാരമൊരു കാൎയ്യം ധൎമ്മപുത്രർ പോലും പറഞ്ഞല്ലോ എന്നു ദ്രുപദൻ അത്ഭുതപ്പെടുന്നു. ആ ഘട്ടത്തിൽ സ്ത്രീ നിമിത്തമായുണ്ടാകുന്ന ഭാവഭേദം വൎണ്ണിക്കുന്നു.

അഞ്ചുപത്തുവെള്ളപ്പിനേറുകളിച്ചുമന്നവുമിട്ടവൻ
... ...
തിത്തൈയെന്നുടനേപിടിച്ചുമറിച്ചു നമ്മുടെമന്മഥൻ

ഇവിടെ ധൎമ്മപുത്രരുടെ മതിദാൎഢ്യം എത്ര കലാശൽ! പക്ഷേ കാമദേവന്റെ കൌശല്യം ഇത്ര സാധുവായ ആ മഹാത്മാവിനെക്കൂടി ഞാണിന്മേൽ കളിക്കാരന്റെ കരണം മറിച്ചിലുപോലെ തലകീഴായ് മറിച്ചല്ലോ എന്നു ദ്രുപദന്റെ അത്ഭുതം സരസമായി വൎണ്ണിച്ചിരിക്കുന്നു.

അസഹ്യകോപാന്ധം വിവേകഹീനനുമായ ഒരുവന്റെ ശകാരപ്രകാരത്തിനു ഒരു ഉദാഹരണംകൂടി കാണിച്ചു ഈ ഭാഗത്തെ നിൎത്തുന്നു. ശിവസ്സദസ്യരോടുകൂടി യാഗം നിശ്ചയിച്ച ദക്ഷനോടു വൈശ്രവണൻ ശിവനേ ക്ഷണിക്കേണ്ട ആവശ്യം കാണിച്ചു വളരെ ഗുണദോഷിക്കുന്നു. അതിനുത്തരമായി ദക്ഷന്റെ ഈൎഷ്യ.

ഇപ്രകാരം വൈശ്രവണൻപറഞ്ഞൊരുമൊഴികേട്ടു
....
തൽക്ഷണംപോയവനോടൊരക്ഷരവുംപറയാതെ

ഇവിടെ കോപാവേശം പിടിപെട്ട ദക്ഷന്റെ ശകാരവും മാനിയായ വൈശ്രവണന്റെ നിശ്ശബ്ദമായ കോപപ്രകാരവും അസാമാന്യസ്ഫുടിമയോടുകൂടി വൎണ്ണിക്കപ്പെട്ടിരിക്കുന്നു.

നമ്പ്യാരുടെ ശൃംഗാരവൎണ്ണനയെപ്പററി എനിക്കു വളരെബഹുമാനമില്ല. മററു കവികളെപ്പോലെ സ്ത്രീകളുടെ കേശാദിപാദവൎണ്ണന നമ്പ്യാരും ചെയ്യാറുണ്ട്. പക്ഷേ അവരുടെ സംഭാഷണങ്ങളും മനോഗതികളും വൎണ്ണിക്കുമ്പോൾ ഒന്നുകിൽ സ്ത്രീസ്വഭാവത്തിനു സ

ഹജമായ മർദ്ദവം പ്രത്യക്ഷപ്പെടാതെയോ അല്ലെങ്കിൽ അവരുടെ മനോഗതിയിലുള്ള രസ്യ ത്വം നമുക്കു കിട്ടാതെയോ പോകുന്നു. കേവലം അപരിഷ്കൃതയായ ഒരു നാടൻ സ്ത്രീയുടെ സംഭാഷണംപോലെ തോന്നിപ്പോകുന്നു. ദമയന്തിയുടെ സംഭാഷണം. സാധാരണമായി അന്യോന്യസ്പർദ്ധയുമുള്ളവരും ആക്ഷേപരസികകളും ആയിട്ടാണ് നമ്പ്യാരുടെ സ്ത്രീകൾ കാണപ്പെടുന്നത്. രണ്ടു സ്ത്രീകൾ ഒരുമിച്ചു കൂടിയാൽ മൂന്നാമതൊരു സ്ത്രീയെക്കുറിച്ചും അനേകം സ്ത്രീകൾ കൂടിയാൽ പൊതുശത്രുവായ പുരുഷജാതിയെക്കുറിച്ചും ആയിരിക്കും ആക്ഷേപമെന്ന് ഒരു പ്രസിദ്ധപാശ്ചാത്യഗദ്യകാരനുള്ള അഭിപ്രായത്തെ പിൻതാങ്ങുവാൻ നമ്പ്യാരും ഏറെക്കുറെ സന്നദ്ധനായി കാണപ്പെടുന്നു. മൃദുലങ്ങളായ ഭാവങ്ങൾ വർണ്ണിക്കുന്നതിനു അദ്ദേഹം കുറെ പിന്നോക്കമെന്ന് എനിക്കു തോന്നുന്നു. കട്ടമഷിയിലെഴുതിയാണ് അദ്ദേഹത്തിന്റെ പരിചയം. സൂക്ഷ്മരേഖകളെക്കൊണ്ടും മൂടുച്ഛായകളെക്കൊണ്ടും ശീതളഭാവത്തിൽ ചിത്രമെഴുതുവാൻ അദ്ദേഹം പഠിച്ചിട്ടുണ്ടെന്ന് തോന്നുന്നില്ല.

അന്യ മലയാളകവികൾക്കെന്നു മാത്രമല്ല സംസ്കൃത കവികൾക്കും ഇല്ലാത്തതായ ഒരംശം നമ്പ്യാരിൽ വളരെ അഭിവൃദ്ധമായി കാണ്മാനുണ്ട്. ഇതു അദ്ദേഹത്തിന്റെ പരിഹാസകവനമാകുന്നു. ഇതിനു ഇംഗ്ലീഷിൽ 'Satire' (സററയർ) എന്നു പറയുന്നു. ഈ വിധം കവിതയുടെ ഉദ്ദേശ്യം ജനസമുദായത്തെയും ജനങ്ങളുടെ കൃത്യങ്ങളെയും പരിഹാസം കൊണ്ടാക്ഷേപിച്ചു സന്മാർഗ്ഗരീതി മുതലായവയെ ഉപദേശിക്കയാകുന്നു. ഇത്തരം കവിതക്കാർ പുരാതന ഗ്രീസിലും (ഉദാഹരണം ആർച്ചിലോക്കസ്സ്, അരിസ്റ്റോഫെനീസ്സ്) പുരാതന റോമാരാജ്യത്തും, (ഉം, ല്യൂസിലിയസ്സ് ജുവെനൽ) ഇംഗ്ലണ്ടിലും ഉ-ഡ്രൈഡൻ. സ്വിഫ്റ്റ്, പോപ്പ്, ആഡിസൺ,) ഫ്രാൻസിലും (ഉം. മാളിയർ, വാൾട്ടയർ,) ഉണ്ടായിരുന്നു. പരിഹാസകവനം റോമിൽ ഉത്ഭവിച്ചതും ഇവിടെ ഉത്സവാവസരത്തിൽ കൂത്തിൽ നിന്നും തുള്ളലുണ്ടായതു പോലെ, റോമിൽ ഉത്സവത്തിനു കൂടിവന്നിരുന്ന ജനങ്ങളെ വിനോദിപ്പിക്കുവാൻ അഭിനയിച്ചുവന്നിരുന്ന രൂപകങ്ങളിൽ നിന്നായിരുന്നു. പരിഹാസ കവനത്തിനു പറ്റപ്പെടുന്ന ഒരു കവിയുടെ മുഖ്യമായ ആയുധം രസികതയാകുന്നു. ഇതു നമ്പ്യാർക്ക് ധാരാളമായുണ്ടായിരുന്നു എന്നുള്ളതു മുമ്പു തന്നെ തെളിഞ്ഞിട്ടുണ്ടല്ലോ. പരിഹാസകവനങ്ങളിൽ പ്രത്യേകിച്ച് ജനസമുദായോദ്ദേശകമായി പ്രവർത്തിക്കുന്നവയിൽ കവിയുടെ കാലത്തെ സമുദായസ്ഥിതിയും സന്മാർഗ്ഗികാവസ്ഥയും ആചാരങ്ങളും സ്ഫുരിക്കുന്നതാണ്. നമ്പ്യാരുടെ കാലത്തെ സമുദായസ്ഥിതി തുള്ളക്കഥകളിൽ ഭംഗിയായി പ്രതിഫലിച്ചിട്ടുണ്ട്. ഇവയെത്തന്നെയാണ് നമ്പ്യാർ പുരാണകഥാവ്യാജേന വർണ്ണിക്കുന്നതും. അക്കാലത്തുണ്ടായിരുന്ന ദുഷ്പ്രഭുക്കളും അല്പരാജാക്കന്മാരും ആണ് നമ്പ്യാരുടെ പ്രധാന വിഷയം. അക്കാലത്തിന്റെ അവസ്ഥയും കാണുക. തിരുവിതാംകൂർ രാജ്യം അനേകം അല്പരാജ്യങ്ങളായി കിടന്നിരുന്നു. അവയുടെ ഭരണകർത്താക്കളിൽ ഓരോരുത്തരും സ്വാതന്ത്ര്യംകൊണ്ടുള്ള അഹംഭാവചാപല്യങ്ങൾ കാണിച്ചിരുന്നതും ക്രമേണ മഹാപ്രതാപനായിരുന്ന മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ആക്രമണത്തിനു ലക്ഷീഭവിച്ചു വലഞ്ഞിരുന്നതും നമ്പ്യാർക്കു തന്നെ കാണ്മാൻ സംഗതിവന്നു.

കാരിയക്കാരനായ് പണ്ടു കോലകത്തുമാളികമേൽ
നാരിയെക്കൊണ്ടുപോയ് വച്ചു സുഖിച്ചു വാണവനിപ്പോൾ
അരിയച്ചെട്ടിയെച്ചെന്നു കാൽപിടിച്ചുകിടക്കുന്നു
കാരിയം രണ്ടുപറെറങ്ങാൻകിടച്ചെങ്കിൽചത്തുതന്നെ.

ഇങ്ങനെ നമ്പ്യാർ വർണ്ണിക്കുന്നത് അക്കാലത്തെ അല്പരാജാക്കളും അവരുടെ പ്രഭുക്കളും സ്വരാജ്യസ്വാതന്ത്ര്യം ഒഴിഞ്ഞുപോയശേഷം അനുഭവിച്ച ഭാഗ്യപ്പകർച്ചയെ ചൂണ്ടിയാണെന്നു സ്പഷ്ടമത്രെ. അക്രമരീതികൊണ്ടു പശ്ചാകുലമായും അസ്വസ്ഥമായും ചമഞ്ഞിരുന്ന അക്കാലത്തു രാജ്യങ്ങളുടെ അധഃപതനം കേവലം സ്വപ്നത്തിൽ എന്നതുപോലെ അത്ര ഝടിതി സംഭവിച്ചുകൊണ്ടിരുന്നു. ഇന്നലെ സ്വതന്ത്രനായിരുന്ന രാജാവ് ഇന്ന് അടുത്തൂൺ പററുന്നുവെന്നോ ബന്ധനസ്ഥനാക്കപ്പെടുന്നുവെന്നോ അന്നു കേൾക്കുമായിരുന്നു. ഇപ്രകാരമുള്ള കാലദേശാവസ്ഥകൾ നമ്പ്യാരുടെ പ്രജ്ഞയെ ഉന്മേഷപ്പെടുത്തുന്നതിനും ആപപ്പെടുത്തുന്നതിനും വളരെ പ്രയോജനപ്പെട്ടിരിക്കണം. കല്യാണസൗഗന്ധികത്തിൽ ഭീമന്റേയും കിരാതത്തിൽ അർജ്ജുനന്റേയും രാമാനുകരണത്തിൽ ശത്രുഘ്നന്റേയും, രുഗ്മിണിയുടേയും, ഘോഷയാത്രയിലും സഭാപ്രവേശത്തിലും, ദുര്യോധനന്റേയും, കാർത്തവീര്യാർജ്ജുനവിജയത്തിലും മററും രാവണന്റേയും പഞ്ചേന്ദ്രോപാഖ്യാനത്തിൽ ദേവേന്ദ്രന്റെയും ഐരാവതപൂജയിൽ ദേവന്മാരുടേയും, ദുഷ്പ്രഭുത്വവും അഹംഭാവവും എത്രമാത്രമാ

യിരുന്നു എന്നും അവ എങ്ങനെ ശമിച്ചു എന്നും ഊർജ്ജിതാശയനായ കവി വർണ്ണിക്കുന്നു. 'തന്നെത്താനറിയാത്ത മഹാപാപികളൊഴിയന്മാരെ'പ്പോലെ നിന്ദ്യന്മാരും പുരുഷത്വമുള്ളവരെപ്പോലെ ശ്ലാഘ്യന്മാരും ആരുമില്ലെന്നത്രെ അദ്ദേഹത്തിന്റെ പരിഹാസങ്ങളിൽ സ്ഫുരിക്കുന്ന ആശയം. കാർത്തവീര്യാർജ്ജുനവിജയം, ഘോഷയാത്ര മുതലായവയിൽ ഏഷണിക്കാരെയും സുന്ദോപസുന്ദോപാഖ്യാനം കുംഭകർണ്ണവധം സത്യാസ്വയംവരം മുതലായവയിൽ സ്ത്രീ നിമിത്തമുള്ള കലഹങ്ങളെയും കവി പരിഹസിക്കുന്നു. നമ്പ്യാർക്കു പരദേശബ്രാഹ്മണരോടു പ്രത്യേകം വൈരമുണ്ടായിരുന്നുവെന്നു പറയുന്ന ഒരു കഥയുണ്ട്. ഇതു വാസ്തവമാണോ എന്ന് എനിക്കു നിശ്ചയമില്ല. അങ്ങനെ ഒരു കാരണമില്ലാതെതന്നെ അദ്ദേഹം അവരെ ആക്ഷേപിക്കുമായിരുന്നു. എന്തുകൊണ്ടെന്നാൽ നമ്പ്യാരുടെ അഭിപ്രായത്തിൽ ബ്രാഹ്മണർ ഈശ്വരഭക്തന്മാരായും, വൈദികകർമ്മാനുഷ്ഠാനതല്പരന്മാരായും മാത്രമേ ഇരിക്കാവൂ എന്നു കാണുന്നു. പരദേശബ്രാഹ്മണരിൽ ചിലർ അന്നു ചെയ്യാറുണ്ടായിരുന്നതുപോലെ പണം പലിശയ്ക്കു കൊടുത്തു വലിയ പലിശ വാങ്ങുക, കെട്ടുംചുമടുമെടുത്തുകൊണ്ടു നടന്ന് അങ്ങുമിങ്ങും കച്ചവടം ചെയ്ക മുതലായ ജീവികാമാർഗ്ഗപ്രവൃത്തികൾ നമ്പ്യാർക്കു വളരെ പുച്ഛമായിരുന്നു. ഇതുപോലെ ഇതരസമുദായങ്ങളെയും അദ്ദേഹം ആക്ഷേപിക്കുന്നുണ്ട്; നായന്മാർ അടക്കമില്ലാത്തവരാണെന്നും, അവരിൽ കാരണവന്മാർ തറവാട്ടു മുടിക്കുന്നവരാണെന്നും ചിലർക്കു മദ്യപാനവും കറുപ്പും കഞ്ചാവും മറ്റു ദോഷങ്ങളും ഉണ്ടെന്നും ആക്ഷേപിച്ചുകാണുന്നു. നമ്പൂരിമാരും എമ്പ്രാന്മാരും അമ്പലവാസികളും ഭീരുക്കളാണെന്ന് അപഹസിക്കുന്നു. ദാനവും പ്രതിഗ്രഹവും അന്വേഷിച്ചു നമ്പൂരിമാർ നടക്കുന്നതിനേയും ആക്ഷേപിച്ചിരിക്കുന്നു. നായന്മാരെ ആക്ഷേപിക്കുന്നതിനു ഹേതുവായിത്തീർന്നതു, തകഴിയിൽവച്ചു കുറെ നായന്മാർകൂടി നമ്പ്യാരെ അടികലശൽ ചെയ്ത സംഭവമാണെന്നു ചിലർ പറയുന്നു. ചമ്പക്കുളത്താററിൽകൂടി നമ്പ്യാർ ഒരിക്കൽ പോയപ്പോൾ പള്ളിക്കടവിൽ കൂടിനിന്നിരുന്ന ചില ക്രിസ്ത്യാനികൾ അദ്ദേഹത്തെ ആക്ഷേപിക്കയോ കല്ലെറിയുകയോമറ്റോ ചെയ്തതുകൊണ്ട് അവരെ ആക്ഷേപിക്കുന്നതായും ഒരു തുള്ളൽകഥ എഴുതിയിട്ടുള്ളതായി കേട്ടിട്ടുണ്ട്. ഇതൊക്കെ യഥാർത്ഥമെന്നു സ്ഥാപിക്കാൻ വേണ്ട തെളിവുകൾ കാണുന്നില്ല. കലികാലപ്രഭാവംകൊണ്ടു ജനങ്ങൾക്കു വളരെ ഭാവപ്പകർച്ച വന്നുപോയി എന്നും, എല്ലാവരും ഈശ്വരഭക്തന്മാരായി, ധർമ്മനിഷ്ഠന്മാരായി വ്യാജവും പരിഹാസങ്ങളുമില്ലാത്ത കൃഷി മുതലായ തൊഴിലുകളിൽ മാത്രം പ്രവർത്തിച്ചുകൊള്ളണമെന്നും ആണു കവിയുടെ സർവ്വ കൃതികളേയും വ്യാപിച്ചിരിക്കുന്ന ആശയം. കാട്ടിലെ വേരുകളെല്ലാം കഷായത്തിനും കൽക്കത്തിനും കുറിക്കുന്ന വൈദ്യന്മാരെയും 'ചട്ടിച്ചുമത്തിവിരുത്തെടുക്കുന്ന' ആട്ടക്കാരെയും 'ജാതകം നോക്കി കൈതവം പറയുന്ന' ജ്യോതിഷക്കാരെയും ചുങ്കക്കടവുകളിൽനിന്നു ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ചുങ്കപ്പിള്ളമാരേയും അഞ്ചിടങ്ങഴി മൂന്നിടങ്ങഴിയാക്കാൻ സാമർത്ഥ്യമുള്ള കണക്കെഴുത്തുകാരേയും ഏഷണികൂട്ടി ഭീഷണികൾ കാണിക്കുന്ന യജമാനന്മാരേയും ദുർമ്മന്ത്രവാദികൾ, വെളിച്ചപ്പാടന്മാർ മുതൽപേരേയും ആയുധമില്ലാത്ത നായന്മാരേയും യുദ്ധം എന്നു കേൾക്കുമ്പോൾ തുടളുള്ളവരേയും "വെറ്റിലതിന്നു മുഴുപ്പിച്ചുകൊണ്ടു"നടക്കുന്ന രസികന്മാരെയും സ്ത്രീലമ്പടന്മാരേയും അപരാധികളുടെ കൂട്ടത്തിലുൾപ്പെടുത്തി പിൽക്കാലക്കാരുടെ മുമ്പിൽ അദ്ദേഹം നിരത്തിനിറുത്തുന്നു. വക്കീലന്മാരും മല്ലാമ്പികളും അന്നില്ലാതിരുന്നതു അവരുടെ മഹാഭാഗ്യമത്രെ.

"കോൽത്തേനൊലേണമോരോ പദമിഹയിൽ നറുമ്പാലിൽ നീരെന്നപോലെ" ഇത്യാദി ശ്ലോകത്തിനാൽ കവിതയുടെ രീതി ഇന്നവിധമായിരിക്കണമെന്നു നമ്പ്യാർ നിർദ്ദേശിക്കുന്നു. തുള്ളൽകഥയുടെ വിഷയത്തിൽ തനിക്കുണ്ടായിരുന്ന രചനാലോചനകളെയും അദ്ദേഹം പ്രകാശിപ്പിച്ചിട്ടുണ്ട്. എങ്ങനെയെന്നാൽ, പാഞ്ചാലീചരിതത്തിൽ

മാധുര്യഗുണങ്ങളും അക്ഷരവ്യക്തിയുംവേണം

....

ചിതജ്ഞന്മാരറിഞ്ഞെല്ലാം സഹിക്കേണം വണങ്ങുന്നേൻ

കവിതാവനിതാമൊട്ടുമിക്കവാറും ഇതിൽ അന്തർഭവിച്ചിട്ടുണ്ടെന്നുതന്നെ പറയാം. ശബ്ദങ്ങളെക്കൊണ്ടു പ്രവർത്തിക്കുന്ന കവിശില്പിക്കു ആദ്യമെ സാധുക്കളും മധുരങ്ങളും ആയ പദങ്ങളെ സമ്പാദിക്കേണ്ടതാണ് ആവശ്യകത. അനന്തരം ആ പദങ്ങൾ തന്റെ ആശയങ്ങളെ ആവിഷ്കരിക്കാൻ പര്യാപ്തമായിരിക്കേണ്ടതാകുന്നു. ഇതുതന്നെയാകുന്നു ബോധിക്കാനറിവുള്ള കൗശലമെന്നു നമ്പ്യാർ പറയുന്നത്. പിന്നീടു കവിയുടെ ആശയങ്ങൾ

ഏതുതരത്തിലുള്ളവയായിരിക്കണമെന്നുള്ള വിചാരത്തിൽ നാവ ബോധമുള്ളവക്കു അതായതു വിദ്വാന്മാൎക്കു ബഹുമാനം തോന്നുന്നവയായിരിക്കണമെന്നു സിദ്ധാന്തിക്കുന്നു. കേവലം പാമരന്മാൎക്കു പ്രീതികരങ്ങളായ ആശയങ്ങൾ കവിതയിൽ അസമീചീനമാകുന്നു. വിദ്വജ്ജനങ്ങളുടെ സന്തോഷകമ്പമായ സംപ്രീതിയെയാണ് കവി കണക്കാക്കേണ്ടതു്. ഇതുതന്നെ കാളിദാസനും "ആപരിതോഷാദ്വിദുഷാം നസാധുമന്യേ പ്രയോഗവിജ്ഞാനം" ഇത്യാദി ശാകുന്തളാരംഭത്തിൽ പ്രതിപാദിക്കുന്നു. "ഹാസത്തിനെന്തുമാർഗ്ഗം" ഇത്യാദി ശ്ലോകം മറ്റും ഭാഗങ്ങൾ കൊണ്ടു സ്വകവിതാരീതിയേയും നമ്പ്യാർ സൂചിപ്പിച്ചിരിക്കുന്നു. പരിഹാസരസികത സ്വകവിതയ്ക്കു അവർജ്ജ്യമായ ആഭരണമായി നമ്പ്യാർ അംഗീകരിച്ചിട്ടുണ്ടെന്നു മുൻപ്രസ്താവിച്ചതിൽനിന്നു സ്പഷ്ടമാണല്ലോ. തുള്ളൽക്കഥകളിൽ പരിഹാസസാരസമായ കവിതയ്ക്കു പ്രകാശം സിദ്ധിക്കയുള്ളൂ എന്നു നമ്പ്യാൎക്കു അനുഭവസിദ്ധമായ സംഗതിയാകുന്നു. ഹരിണീസ്വയംവരത്തിൽ അദ്ദേഹം പറയുന്നു,—

കലികാലങ്ങളിലുള്ള കാണികൾക്കു കഥകേട്ടാൽ

....

സ്മരിപ്പാൻ ഭാവമില്ലാൎക്കുമെന്തോ മനീമ്മരിയാദ

ഈവകവിചാരംകൊണ്ടു തന്നെയായിരിക്കണം സഭ്യൎക്കു ഹാസ്യരസോദ്ദീപകമായി തുള്ളൽക്കഥകളിൽ വളരെ ഉപകഥകൾകൂടി ചേൎത്തു അദ്ദേഹം കവിതാവിതാനത്തിനു ഉപയോഗിച്ചിട്ടുള്ളതു്. പക്ഷെ അത്തരം പരിഹാസാഖ്യാനങ്ങൾ കേവലം ഹാസത്തിനായി സാഹസപ്പെട്ടു സൃഷ്ടിക്കപ്പെട്ടവ മാത്രമല്ല, ജനസമുദായത്തിനു ഗുണദോഷവിചാരമുണ്ടായി വിവേകവും സന്മാർഗ്ഗജാഗ്രതയും ജനിക്കണമെന്നുകൂടി കവിക്കു താല്പൎയ്യമുള്ളതാകുന്നു. തന്റെ പരിഹാസരസംകൊണ്ടു് ആൎക്കും വിശേഷാൽ വേദന ജനിപ്പിപ്പാൻ താൻ തുനിയുന്നില്ലെന്നും അതുനിമിത്തം തന്നോടു് അനാവശ്യമായി വല്ലവൎക്കും വിരോധം തോന്നിയാൽ തന്മൂലം തനിക്കു തരിമ്പും കൂസലില്ലെന്നും അദ്ദേഹം സധൈൎയ്യം പറയുന്നു. പാമരന്മാരുടെ ഹിതാഹിതങ്ങളെ നോക്കിയല്ല താൻ കവിതയ്ക്കു തുടങ്ങുന്നതെന്നു്,

ഒരുത്തൎക്കും ലഘുതചേൎത്തുവാൻ മോഹമില്ല

ഒരുത്തനു പ്രിയമായിപ്പറവാനും ഭാവമില്ല

എന്ന ഭാഗം കൊണ്ടു അദ്ദേഹം സ്പഷ്ടമാക്കിയിരിക്കുന്നു.

അന്നത്തെ സമുദായസ്ഥിതിയും നോക്കുക. ജനങ്ങളുടെ മുഖ്യമായ ഉപജീവനമാർഗ്ഗം കൃഷിയായിത്തന്നെ കാണപ്പെടുന്നു. എന്നാൽ കൃഷിക്കാൎക്കു നിലങ്ങൾ തങ്ങളുടെ വകയെന്നു വിചാരിക്കത്തക്കവണ്ണം ഉടമസ്ഥതയ്ക്കു അത്ര ഭദ്രതയുണ്ടായിരുന്നില്ല. നാടുവാഴിക്കും, യജമാനന്മാൎക്കും അപ്രീതി തോന്നിയാൽ ഒരുവന്റെ വസ്തു എടുത്തുകളയുന്നതും വിലക്കം ചെയ്യുന്നതും ദുഷ്കരമല്ലായിരുന്നു. "എങ്കിലസ്സു സുയോധനൻ മമ വസ്തുവന്നു വിലക്കമോ" എന്നു സഭാപ്രവേശത്തിലെ ബ്രാഹ്മണൻ ചോദിക്കുന്നു. പക്ഷെ ഈപ്രകാരം ഉടമസ്ഥതയുടെ അസ്ഥിരത്വം ചിരത്തിവ്യവസ്ഥയുടെ സഹജമായ ഫലമായിരുന്നിരിക്കാം. രാജ്യത്തിലേക്കുവേണ്ടി യുദ്ധം ചെയ്യുന്നവരും സൎക്കാർപണിക്കാൎക്കും ഇങ്ങനെയുള്ള ദേവസ്വം ആനമേയ്ക്കുന്നവരും പാത്രം തേയ്ക്കുന്നവരുംകൂടി ചിരുത്തിയേൎപ്പാടിൽ നിലവും പുരയിടവും വിട്ടുകൊടുക്കുകയായിരുന്നുവല്ലൊ പ്രതിഫലം. ഭടന്മാരായി ജോലിചെയ്യുന്നതിനു ജനങ്ങൾ അന്നു ഗവൎമ്മെണ്ടിനാൽ നിർബന്ധിക്കപ്പെട്ടുപോന്നിരുന്നു. ഓരോ കൂട്ടം ഭടന്മാരെ ഭരിപ്പാൻ യജമാനന്മാരുണ്ടായിരുന്നു. ഇവർ തങ്ങളുടെവക കളരികളിൽ ആളുകളെ കടകം ഓതിരം മുതലായ അടവുകളും വെട്ടും തടയും മറ്റും അഭ്യസിപ്പിച്ചിരുന്നതായി കാണുന്നു. വില്ലു, അമ്പു, വാളു, പരിച, ചുരിക, കുന്തം, കട്ടാരം, കട്ടുതല, മുസ്സുണ്ഠി, വേലു്, പലമാതിരി കത്തികൾ, വടികൾ, തോക്കു് മുതലായ ആയുധങ്ങളും തകിൽ പെരുമ്പറ, മുരശു, തമ്പേർ, കുഴൽ, കൊമ്പു, കാഹളം ചെണ്ടകൾ മുതലായ വാദ്യവിശേഷങ്ങളും യുദ്ധസാമഗ്രികളിൽ പ്രധാനങ്ങളാണ്. യുദ്ധയാത്രയ്ക്കും മറ്റുമാരംഭിക്കുമ്പോൾ ആളുകളെ സംഭരിക്കുന്ന രീതി ഇങ്ങനെയായിരുന്നു.

നാട്ടിലിരിക്കും നായന്മാരെ കൂട്ടിസ്സംഭരിച്ചീടുകവിരവൊടു

....

നസ്രാണികളും ജോനകർ പത്തുസഹസ്രാധികമിഹ വന്നീടേണം

അണിവെടിവെച്ചു ഭടന്മാർ യുദ്ധത്തിനു നിരക്കുന്നതും അതിൽ ചിലർ അഭ്യാസരീത്യാ താണുകളിച്ചു വെട്ടുന്നതും മററു യുദ്ധവിധങ്ങളും നമ്പ്യാർ വൎണ്ണിക്കുന്നുണ്ടു്, (സത്യാസ്വയംവരം)

പട ധന്നു കേറിയാലുള്ള ഉപദ്രവങ്ങളും ദ്രോഹങ്ങളും പ്രദോഷമാഹാത്മ്യത്തിലും ത്രിപുരദഹനത്തിലും ബാണയുദ്ധത്തിലും മറ്റും വിവരിക്കപ്പെട്ടിരിക്കുന്നു. നായന്മാരുടെ ശൌര്യത്തിനും ധീരതയ്ക്കും നമ്പ്യാർ തന്നെ സാക്ഷി. ചിത്രസേനനെ ഭയന്നു ഉരുണ്ടു പെണ്ടകത്തു കേറിയൊളിച്ചവരും കരിയില കൊണ്ടു ശരീരം മൂടി ചത്തതുപോലെ കിടന്നവരും ത്രിപുരന്മാരെ ഭയന്നു ഉത്തരത്തിൽ കേറി താനൊരു പാവയാണെന്നുള്ളമട്ടിൽ ഇരുന്നവരും,

തിട്ടകം വന്നടുക്കുമ്പോൾ മിടുക്കൻ നമ്മുടെ ചേട്ടൻ
പൊട്ടക്കെന്നു പുറപ്പെട്ടു അട്ടകളെക്കൊണ്ടു
കിടപ്പെല്ലാമവനിപ്പോൾ അട്ടപ്പിലന്നതും കേട്ടു

എന്നു വർണ്ണിക്കപ്പെട്ടിട്ടുള്ളവരും നായന്മാരുടെ കൂട്ടത്തിലുണ്ടായിരുന്നെങ്കിലും

എങ്കിൽ വാടാ കഴുവേറി നിൻകഴുത്തു പിളപ്പൻ ഞാൻ
അങ്കമൊന്നു പൊരുതണം ശങ്ക കൂടാതുര ചെയ്തു
ശങ്കരച്ചാരെഴുന്നേറ്റുതൊരങ്കവാളും പരിചയും
തങ്കരത്തിലിളക്കിക്കൊണ്ടങ്കണത്തിൽ ചാടിനിന്നു
മുറവുമൊന്നു തുടങ്ങീട്ടു പാറിനിന്നു കളിച്ചപ്പോൾ
അറ്റമില്ലാതസുരന്മാർ തേറവുമങ്ങടിക്കാട്ടുപുക്കു

ഇങ്ങനെ ത്രിപുരദഹനന്മാരേക്കൂടി ഓടിക്കത്തക്ക ശൂരന്മാരും അവരുടെ കൂട്ടത്തിലില്ലാതിരുന്നില്ല. നമ്പ്യാരുടെ കവിതയുടെ ഓരോ പുറത്തും നായന്മാരുടെ വാളുകൾ മിന്നുന്നു. കച്ചവടം ചെട്ടികൾ മുതലായ ജാതിക്കാരുടെ മുഖ്യതൊഴിലായി കാണപ്പെടുന്നു. "ലന്ത പറങ്കിയും ഇങ്കിരിയേസ്സും" തിരുവിതാംകോട്ടു പ്രവേശിച്ചിരിക്കുന്നു. പരദേശത്തുനിന്നു ജവുളിക്കച്ചവടക്കാർ നാട്ടിൽ നാനാ വാണിഭം തുടങ്ങിയിരിക്കുന്നു. നമ്പൂരിമാർ എമ്പ്രാന്മാർ മുതൽപേർക്ക ജപഹോമാദികർമ്മാനുഷ്ഠാനത്തിൽ താല്പര്യം അത്രവളരെ ശിഥിലീഭവിച്ചിട്ടില്ല. നെൽകൃഷികൊണ്ടും അച്ചിങ്ങ, പീച്ചിങ്ങ, പാവയ്ക്ക, കോവയ്ക്ക മുതലായ സസ്യസമൃദ്ധികൊണ്ടും സമ്പന്നമായിക്കാണുന്നു ഭൂമി. നാട്ടുവഴികളുടെ [illegible] പ്രവൃത്തികൊണ്ടു സ്ഥാവരവസ്തുക്കൾക്കു അസ്ഥിരത വന്നിട്ടില്ലപോലെ ജംഗമങ്ങളുടെ ഉടമസ്ഥന്മാർ കള്ളന്മാരെക്കുറിച്ചുള്ള ഭയം അതികലശലായിരുന്നു. രാജശിക്ഷ അതിതീക്ഷ്ണവും അവ്യവസ്ഥവുമായി കാണപ്പെടുന്നു. നികുതിക്കു പുറമേ രാജഭോഗങ്ങളിൽ അങ്കം, ചുങ്കം, മുപ്പറ, കാഴ്ചകൾ, അടിയോടികളിൽനിന്നു കരം, ഇത്യാദിയും ഉൾപ്പെടുന്നു. കൊടി, കുട, തഴ, ചാമരം ഇത്യാദിയോടും, അകമ്പടിക്കാർ തുടങ്ങി വെറ്റിലച്ചെറുക്കൻ കാല്യത്തെക്കാരൻ വരെയുള്ള പരിചാരകന്മാരോടും കൂടിയുള്ള എഴുന്നള്ളത്തുകളും യാത്രകളും എത്ര പ്രമാദപ്പെട്ടവയായിരുന്നിരിക്കണം.

ചെല്ലുന്നനൃപതിക്കു തല്ലുന്നു സചിവന്മാർ
തല്ലുന്നനൃപതിക്കു കൊല്ലുന്നു സചിവന്മാർ

എന്ന മട്ടിൽ നിന്നിരുന്ന മന്ത്രിമാരും

പാലുകുടിച്ചു തടിച്ചൊരു കൂട്ടം
[illegible]

എന്നു പരിഹസിക്കപ്പെട്ട യജമാനന്മാരും നാലുപണം വയ്ക്കുമ്പോൾ വിഴുങ്ങുന്നതു [illegible] ചിരിക്കുന്നു, കണ്ണുകെട്ടുക, കാണെഴുതുക, കൈക്കൂലിവാങ്ങിക്കുക ഈ വകകളിൽ [illegible] ഉദ്യോഗസ്ഥന്മാർ ഭയങ്കരന്മാർ തന്നെയായിരുന്നു.

[illegible]

... ...

ഇക്കുസവന്മാരു തന്നെ നിന്നു കെട്ടിച്ചമയ്ക്കുന്നു

[illegible] കൃഷി, കച്ചവടം മുതലായവയെപ്പോലെ രാജസേവകരുടെ തൊഴിലായിരുന്നെ[illegible] പക്ഷേ,

കേട്ടാലുമിക്കുറ്റമെന്തൊന്നു ചെയ്യേണ്ടു

....

കോട്ടണച്ചോറും കടിച്ചുകിടക്കയോ?

എന്നീ ഭേദങ്ങൾ ബ്രാഹ്മണവിനോട്ടു സങ്കടമുണർത്തിക്കുന്നതിൽ നിന്നു നമ്പ്യാരുടെ [illegible] രാജസേവയുടെ സ്ഥാനം [illegible] യിരുന്നെന്നും സ്പഷ്ടമാകുന്നുണ്ടു.

[illegible] കൊണ്ടും വിദ്യാഭ്യാസംകൊണ്ടും ആ കാലത്തിനു ശേഷമായി [illegible] വിവാഹബന്ധം എത്രമാത്രം ദുഷിച്ചിട്ടുണ്ടെന്നും തെളിയുന്നു

ണ്ടു്. ജനസമുദായാവസ്ഥയെ കൂലങ്കഷമായി പ്രതിഫലിപ്പിപ്പാൻ ശ്രമിച്ചതിൽ, ഇതു ഹേതുവായിട്ടു്, നമ്പ്യാരുടെ കവിതയിൽ ചില ഭാഗങ്ങൾ ഇപ്പോൾ അസഭ്യങ്ങളായിത്തീൎന്നിട്ടുണ്ടു്. എന്നാൽ അതു പരിഹാസരസികനായ കവിയുടെ അപരാധമല്ലെന്നുള്ളതു് ഇംഗ്ലീഷിൽ ബൈറന്റെ ഡ്യാൺജ്യുവാൻ മുതലായ കൃതികൾ വായിച്ചിട്ടുള്ളവരോടു പ്രത്യേകം പറയേണ്ടതില്ല. സഭ്യതയ്ക്കു ഹാനികരമായ സംഗതികൾ വൎണ്ണിക്കാനതിനു് അസാമാന്യമായ വൈമനസ്യം കവിക്കുണ്ടായിരുന്നു എന്നുള്ളതും പ്രസ്താവയോഗ്യമാകുന്നു. കീചകവധത്തിൽ കീചകൻ പാഞ്ചാലീനിൎദ്ദിഷ്ടമായ സങ്കേതരംഗത്തിൽ പ്രവേശിച്ചതിൽ പിന്നെയുള്ള കഥയെ പററി കവി പറയുന്നു—

ദോഷമായശകുനത്തെശകലം ഗണ്യമാക്കാതെ

....

ദൂഷണംവന്നിടുമെന്നുശങ്കകൊണ്ടു ചുരുക്കുന്നു.

ഇങ്ങനെ സന്മാൎഗ്ഗബുദ്ധികൊണ്ടു് കവി നിബദ്ധനായിക്കാണുന്നു.

കോട്ടുക്കച്ചി, മണ്ണപ്പാടൻ മുണ്ടു്. മുതലായവ പൊതുജനങ്ങളുടെയും പച്ച, പാലാവു, ഉറുമാൽ, ചന്ദ്രകാവി, ഇത്യാദി പട്ടുകളുടെയും അലങ്കാരങ്ങളിൽ പ്രധാനമാണു്. നായാട്ടു, നായന്മാരുടെ ഒരു പ്രിയ വിനോദമായിരുന്നു. ഇതു കൂടാതെ ആട്ടം, മോഹിനിയാട്ടം, ചാട്ടം, വാളേറു്, തട്ടുമ്മേൽക്കളി, കൂത്തു പാഠകം, അമ്മാനയാട്ടം, തിരുവാതിരകളി, കുടംപൂജ, ഏഴാമത്തുകളി, ചതുരംഗം പകിട തായംകളി മുതലായി അനവധിയുണ്ടായിരുന്ന അനേകവിനോദങ്ങളിൽ മിക്കതും ഇപ്പോൾ ക്ഷീണാവസ്ഥയിലായിത്തീൎന്നിരിക്കുന്നു. ഓണം വിഷു ഇത്യാദി വിശേഷദിവസങ്ങൾ വളരെ പ്രധാനങ്ങളായിരുന്നു. ജനങ്ങളിൽ ചിലർ വഴിയൂട്ടു കഴിക്കുന്നു. ചിലർ ദാനധൎമ്മാദികൾ ചെയ്യുന്നു. മരുമക്കത്തായികൾ അമ്മാവന്മാരെ ദുഷിക്കാനും അമ്മായിമാരെ പഴിക്കാനും തുടങ്ങിയിരിക്കുന്നു.

ഇപ്രകാരമുള്ള ജനസമുദായത്തെ, വിശിഷ്യ അതിലുള്ള 'ചെണ്ടക്കാരേയും' 'തണ്ടുതപ്പികളേയും' 'തെണ്ടന്മാരേയും' 'പോക്കളേയും' 'മാററികളേയും' 'മരഞ്ചാടികളേയും' 'രസികച്ചാരന്മാരേയും' 'പാഴന്മാരേയും' 'കുഴിയരേയും' 'തുടത്തുള്ളുന്നവരേയും' 'ആണത്തമില്ലാത്തവരേയും' 'ദുഷ്കവികണ്ടകന്മാരേയും' അശാന്തമായ പുച്ഛരസത്തോടെ കടാക്ഷിച്ചുകൊണ്ടു നില്ക്കുന്നൊരുൽഫുല്ലിതാശയനായ കവി തുള്ളക്കഥകളിൽ നിന്നുകൊണ്ടു ഒന്നര ശതവൎഷകാലമാകുന്ന ജവനികയുടെ ഇടയിൽക്കൂടി നമ്മെ നോക്കുന്നതുപോലെ തോന്നുന്നു.

ഒരുവരുമിളകാതങ്ങൊരു കോണിലിരുന്നേച്ചാൽ
പരിഹാസംനടത്തുന്ന നമ്മൾക്കുവകയില്ല

എന്ന സങ്കടത്തോടുകൂടിയാണെങ്കിലും, 'കോണിലങ്ങൊതുങ്ങിച്ചോരുണ്ണപോലെ ഇരിക്കാനോ ഉരിയാടാതിരിക്കാനോ' കവി പഠിച്ചില്ല. തീരത്തടിച്ചും വളരെച്ചുടിച്ചും അല്ലാതെ അരോഗദൃഢഗാത്രനായ ഇദ്ദേഹം,

പിടിയാതവരുടെ വികൃതികൾകണ്ടാൽ
മടിയാതവരുടെതല മുടിച്ചുററി
പ്പിടിയാതവനതി ഭോഷൻ; വടികൊ-
ണ്ടടിയാതവനതിനേക്കാൾ ഭോഷൻ

എന്ന പ്രസംഗത്തിനനുരൂപമായി 'ചെപ്പടിയ്ക്കു' ബലംകൊടുപ്പാൻ 'ചെപ്പടി-പൊടി'ക്കാരനും മടിക്കുന്ന കൂട്ടത്തിലല്ല. ഇന്ദ്രനേയും ചന്ദ്രനേയും 'വകവയ്ക്കാതിരിക്കുന്ന കവിക്കു് ശത്രുക്കളായിരുന്നു് ആക്ഷേപം കെട്ടിച്ചമച്ചിട്ടുള്ളവരുമില്ലെന്നില്ല. കുററം നോക്കിപ്പറവാൻ കുററികണക്കെ നിന്നിരുന്നവരെ അദ്ദേഹം സ്വഭാഷാവജ്രത്തിനുള്ള ഉഗ്രപാതത്തിന്റെ സ്വാദറിയിപ്പിക്കാതെ വിട്ടിട്ടില്ല. നമ്പ്യാർ സന്മാൎഗ്ഗനിഷ്ഠനും ഈശ്വരഭക്തനും ഗുരുജനവത്സലനുമായിരുന്നു. ആക്ഷേപത്തിൽ ശാന്തമനസ്സായിരുന്ന ഈ ജനസാമാന്യകവിക്കു് ആദ്യം തുടങ്ങി അന്ത്യംവരെ ഉണ്ടായിരുന്ന ഈശ്വരഭക്തി ഒരു പ്രത്യേകംതന്നെ ആയിരുന്നു. വിശേഷിച്ചു വാൎദ്ധക്യമായപ്പോഴേക്കും 'ജലത്തിലെ പോളകളെന്നപോലെ ചലം മനുഷ്യൎക്കശരീരബന്ധം' എന്ന തത്വം കാണാതെ അഹങ്കരിച്ചിരുന്ന അസത്തുക്കളെ വിട്ടു് അദ്ദേഹത്തിന്റെ മനസ്സു ഹിമാദ്രിസ്വരൂപണം കൊണ്ടു് ദീപംപോലെ അചഞ്ചലമായിക്കാണുന്നു. അദ്ദേഹത്തിന്റെ ആത്മാവിനു പ്രപഞ്ചശില്പി പ്രശാന്തിയെ പ്രദാനം ചെയ്യട്ടെ.

പി. കെ. നാരായണപിള്ള ബി. എ., ബി. എൽ.

കലക്കത്തു കുഞ്ചൻനമ്പ്യാരുടെ

തുള്ളക്കഥകൾ.

ഒന്നാംഭാഗം—ശീതങ്കൻതുള്ളലുകൾ.

൧. കല്യാണസൗഗന്ധികം.*

കുലഗിരിസമമായ കുലയാനത്തലവന്റെ
കുലമെല്ലാമൊരുമ്പാടേ കൊലചെയ്തോരുമാകാ-
[ന്തൻ
കുലുങ്ങാതെകരിവേഷം കലർന്നാശുവിരവോടേ
മലമകൾപിടിയായി മലമൂട്ടിൽകളിക്കുമ്പോൾ
മലർബാണംതറച്ചാശു മലതന്റെര ടംതന്നിൽ
മദനാരിയെഴുന്നള്ളിപ്പലനേരംരമിക്കുമ്പോൾ
ഉലകിന്റെശുഭകർമ്മഫലമാശുവരുത്തുവാൻ
അലസാതെപിറന്നാശു(1)ബാലനായിട്ടിരിക്കു-
[ന്ന
പരദൈവംഗണനാഥൻ(2)കലവിയോടടിയ-
[ന്റെ
കലുഷത്തെക്കളഞ്ഞാശുപലനേരംതുണയ്ക്കേണം.

കലയേഹംനമസ്കാരംകലയേഹംനമസ്കാരം
കളവാണീസരസ്വതീതെളിവോടേമനക്കാമ്പിൽ
വിളയാടിക്കളിക്കേണംകളങ്കങ്ങളകറ്റേണം.
കളികൾക്കുള്ളൊരുവിഘ്നംകളഞ്ഞെന്നെത്തുണ-
[യ്ക്കേണം
ഹരിഹരസുതനയ്യൻതിരുവടിയടിയന്റെ
മനതാരിൽപരിഭവമകലുവാൻതുണയ്ക്കേണം.
(3) വാനോർനദീപുരേവാണരുളീടുന്ന
ദീനാനുകമ്പിയാംകൃഷ്ണൻതിരുവടി
ദീനാംകുട്ടഞ്ഞെന്നെരക്ഷിച്ചുകൊള്ളണ-
മാനന്ദമുള്ളിൽവളരേവളർത്തണം
ചെമ്പകനാട്ടിന്നലങ്കാരഭൂതനാം
തമ്പുരാൻ(4)ദേവനാരായണസ്വാമിയും

---

* കല്യാണസൗഗന്ധികം എന്നാൽ കല്യാണവർണ്ണമായ സൗഗന്ധികം എന്നർത്ഥമാകുന്നു. കല്യാണം=സ്വർണ്ണം. "കല്യാണം അർജ്ജുനം കളധൌതം ഗൈരികം ഭൂരിചന്ദ്രം വസു" എന്ന് സ്വർണ്ണപര്യായങ്ങളിൽ ക്ഷീരസ്വാമി കല്യാണവർണ്ണം ആയ സൗഗന്ധികം എന്നു വേണ്ടിടത്ത് മദ്ധ്യമപദലോപിയായി വർണ്ണശബ്ദം ലോപിപ്പിച്ചു കല്യാണസൗഗന്ധികം എന്ന്, "ശാകപാർത്ഥിവാദി" പോലെ സമാസം. കല്യാണസൗഗന്ധികത്തെ അധികരിച്ചു ചെയ്തിരിക്കുന്ന ഗ്രന്ഥത്തിനു കല്യാണസൗഗന്ധികമെന്നു സംജ്ഞ.

(1) ആശുബലൻ എന്നു പാഠാന്തരം സ്വീകാര്യം. ആശുബലൻ=വേഗത്തിൽ ബലവാനായവൻ. "ക്ലീബേ ശീഘ്രാദ്യസത്വേസ്യാൽ-ത്രിഷ്വേഷാം സത്വഗാമിയൽ" എന്നുള്ളതുകൊണ്ട് ആശുശബ്ദത്തിനു വാച്യലിംഗത്വംസിദ്ധം; "മേരുമേത്യമരുദാശുവാഹനഃ" എന്നു കുമാരസംഭവത്തിൽ കാളിദാസപ്രയോഗവും കാൺക.

(2) കളി. "സംഭാഷണകലവിവളക്കുന്നത്രുഡാളിമാനം" എന്നു കല്യാണസൗഗന്ധികം ചമ്പു. "അലമലം പരിഹാസകലവികളാലേ" എന്ന് ഉണ്ണായിവാര്യർ.

(3) വാനോർനദീപുരേ=അമ്പലപ്പുഴെ എന്നർത്ഥം. അംബരപ്പുഴ എന്ന ശബ്ദത്തിൽനിന്ന് 'അമ്പലപ്പുഴ' നിഷ്പാദിച്ചതായി സങ്കല്പിച്ചിങ്ങനെ പ്രയോഗിച്ചിട്ടുള്ളതാണ്.

(4) ദേവനാരായണൻ എന്നുള്ളതു ചെമ്പകശ്ശേരി രാജാക്കന്മാരുടെ സ്ഥാനപ്പേരായിരുന്നു. "ഭാതിശ്രീദേവനാരായണധരണിപതിർമ്മന്ദഹാസാമൃതാംശു" എന്നു നാരായണഭട്ടതിരി.

ക[illegible]ഞ്ഞാനെരക്ഷിച്ചുകൊള്ളണം
[illegible]നാനിന്നുതമ്പലംഭോജനം.
(5) ന[illegible]കാരണ്യമാംമന്ദിരേവാഴുന്ന
[illegible]ഭവാംബാലരവിയുടെ
ന[illegible]ചരത്തുന്നകണ്ടങ്കരിക്കാവി-
ലി[illegible]പ്രിയേ! വന്ദേഭഗവതി!
[illegible]രംമമമാനതിത്തുടൻ
വ[illegible]ഭതന്നിലൊന്നുവിലസണം.
ക[illegible]റിസ്സിയെന്നുള്ളപൂരംതന്നി-
ലുള്ളപരദൈവമുള്ളത്തിൽവന്നുടൻ
ക[illegible]ളാകവേതള്ളിപ്പുറത്താക്കി
വെള്ളത്തിലേപോലെതള്ളിപ്പുരക്കുന്ന
വെ[illegible]സരസ്വതീവള്ളിപീർപ്പുങ്ങളും
പുള്ളിവിസർഗ്ഗമെന്നുള്ളവകകൾക്കൊ-
ന്നെള്ളോളമില്ലൊരുകള്ളംവരാതെക-
ണ്ടുള്ളിൽസലാതിരവുള്ളംഭവിക്കണം.
തുള്ളൽക്കളങ്ങളിൽപള്ളികൊള്ളേണമേ
ഭാഷയായിട്ടുചമയ്ക്കുന്നവാക്കുകൾ
ദോഷമകന്നുവരുത്തുവാൻദുർഘടം;
ശേഷമുള്ളോർകൾകേട്ടുനന്മെകൊണ്ടു
ദൂഷണംകെട്ടിച്ചമയ്ക്കുന്നാകയാൽ,
ഘോഷമായുള്ളോരെനിക്കുകനക്കവേ
ദൂഷണമെന്നുമനസ്സിലുറയ്ക്കുന്നു.

ഏറത്തുടങ്ങിയാലൊന്നുംപറയുവാൻ
വാറില്ലവാക്കിനെന്നെല്ലാവരുമിനി-
ക്കുറുള്ളവർകൾക്കുമോർമിച്ചിൽതുടങ്ങണി-
പ്പോറത്തമേറെപ്പറഞ്ഞുതുടങ്ങിയാൽ,
ആളൊരാലെങ്കിലുംകോരിവിളമ്പിയാൽ
സ്വാദില്ലയെന്നുവരുമിനിനിന്ദയും.
പഞ്ചസാരപ്പൊടിയേറംചെലുത്തിയാൽ
നെഞ്ചകത്തെരുചിയുംകുറഞ്ഞുപോം!
ചൊല്ലുന്നതൊക്കെക്ഷമിച്ചംബനന്നുറച്ചിട്ടു
പല്ലവാധരെണ്ണുവാനിച്ഛതുടങ്ങിയോ,
നെല്ലുംപണങ്ങളുമുണ്ടെന്നുറച്ചിട്ടു
കല്ലിലുംപുല്ലിലുംമുക്കിത്തുടങ്ങിയോ
നല്ലതെബുദ്ധിമാന്മാരിക്കഥാസാരം
എല്ലാമറിഞ്ഞുനിറഞ്ഞസഭതന്നി-
ലുല്ലാസമോടേപ്രയോഗിച്ചുകണ്ടെങ്കിൽ
കല്യാണമല്ലോകവികൾക്കുസന്തതം
അംഭോജനാളത്തിലുന്മീലിതം(6)പൊരു-
ളൻപതുപത്തുരണ്ടിൽപെരുക്കീട്ടറു-
പഞ്ചാക്ഷരത്തടിശാഖാലതാപുഷ്പ-
സഞ്ചയത്തിൽമറഞ്ഞുനികരുന്ന
സന്താനവേദപ്പൊരുളുകൾവെച്ചിട്ടു,
(7)താമരസാക്ഷന്റെമെത്തേടെതാഴത്തു
താങ്ങിക്കിടക്കുന്നവനെച്ചുമക്കുന്ന,

(5) നന്ദികാരണ്യം=നന്ദിക്കാട്. ഇതു തകഴിപ്രവൃത്തിയിൽ കണ്ടംകരിമുറിയിൽ ഉള്ള ഒരു വീടാണ്. വീട് ഇപ്പോഴുമുണ്ട്. അവിടുത്തെ ഉണ്ണിരവിക്കുറുപ്പ് നമ്പ്യാരുടെ ഒരു ഗുരുസ്ഥാനമുണ്ടായിരുന്നു. "ഉണ്ണിരവിയെന്നുപേരായപൂരുഷൻ പുണ്യപൂരാകരൻനമ്മുടെദേശികൻ" എന്നു സുന്ദോപസുന്ദോപാഖ്യാനത്തിലും, "നന്ദിക്കാടവിവാസിയാം ഗുരുബാലരവി പരദൈവതം" എന്നു ത്രിപുരദഹനത്തിലും നമ്പ്യാർതന്നെ പറഞ്ഞിരിക്കുന്നതു കാൺക. ഉണ്ണിരവി എന്നതിനെ സംസ്കൃതീകരിച്ച് ബാലരവി എന്നിവിടെ പ്രയോഗിച്ചിരിക്കുന്നു.

(6) 'ഉന്മീയതിൻപൊരുൾ' എന്നു കാണുന്ന പാഠം ദുഷ്ടം എന്നു ശങ്കിക്കുന്നു. അംഭോജനാളത്തിൽ ഇത്യാദി ഭാഗം താഴെപ്പറയുന്നതുപോലെ വ്യാഖ്യാനിക്കേണ്ടതാകുന്നു. താമരത്തണ്ടിൽ ഉന്മീലിതമായ (വികാസിത) പൊരുളിനെ (സാരത്തെ അതായത് ഇതളിനെ) അമ്പതുപത്തുരണ്ടിൽ പെരുക്കീട്ട് (ആയിരമാക്കീട്ട്) അറുന്ന (അവസാനിക്കുന്ന) തായ പഞ്ചാക്ഷരത്തടിശാഖാലതാപുഷ്പസഞ്ചയത്തിൽ മറഞ്ഞുനികരുന്ന (ലീനമായി വ്യാപിച്ചിരിക്കുന്ന) സന്താനവേദപ്പൊരുളുകളെ (സ്വാമീസ്വരൂപങ്ങളായ വേദവാക്യാർത്ഥങ്ങളെ) വെച്ചിട്ടു (തൽക്കാലത്തേക്ക് ഒഴിച്ചുവെച്ചിട്ട്)

ഷട്ചക്രങ്ങൾക്ക് ഉപരിസ്ഥിതമായ സഹസ്രദളപത്മത്തിൽ ശിവനും പാർവ്വതിയും കൂടി വിലസുന്നതായിപ്പറയുന്ന യോഗസിദ്ധാന്തം ഇവിടെ സൂചിപ്പിച്ചിരിക്കുന്നു.

ഗന്ധർവ്വസിദ്ധവിദ്യാധരശ്രേണിയും
ഗന്ധവാഹാഗ്നിവിത്തേശനുംപാശിയും
അർക്കചന്ദ്രന്മാരുമശ്വിനേയന്മാരു-
മഷ്ടവസുക്കളുമന്യവർഗ്ഗങ്ങളും
ഒക്കവേചെന്നങ്ങുകേളീരംഗസ്ഥലേ
മിക്കനാളുംനിറഞ്ഞത്രവാണീടിനാർ;
നൃത്തംതുടങ്ങുവാൻഭാവിച്ചൊരുത്തമ
സുസ്ത്രീജനങ്ങൾക്കുനാടകംചാർത്തുനാം
ചിത്രസേനൻവന്നുകല്പനകേൾപ്പിച്ചു
ചിത്രലേഖാദ്യരംഭാതിലോത്തമേ
ലക്ഷ്മീസ്വയംവരമെന്നുള്ളനാടകം
ലക്ഷണങ്ങൾക്കൊരുന്നീക്കമുണ്ടാകാതെ
തൽക്ഷണംനിങ്ങൾനടിക്കണമായതു
വീക്ഷണംചെയ്യുവാൻനമുക്കുണ്ടുകൌതുകം;
താളംകഴപ്പാത്തപാട്ടുകാരുംനല്ല
മേളംകഴപ്പാത്തമദ്ദളക്കാരരും
നിളംപെരുത്തുള്ളകാലങ്ങളിൽവേണ-
നാളങ്ങളിൽനിന്നുനല്ലനാളങ്ങളും
എല്ലാമൊരുമിച്ചുകൂടിമേളിച്ചെങ്കിൽ
എല്ലാജനങ്ങൾക്കുമുണ്ടാംകുതൂഹലം
അല്ലാതെമേളംകലമ്പിത്തുടങ്ങിയാൽ
വല്ലാതെവന്നുഭവിച്ചുപോമിന്നൊരോ
കാലുംകരങ്ങളുംകണ്ണുംപുരികവും
നാലുംപരസ്പരംചേർന്നുവന്നീടുകിൽ
പാലുംമധുവുംകുളംപോലെസാരപ്പെടി
നാലുംകലർന്നപോലുണ്ടുമാധുര്യവും
നാട്യങ്ങൾകാട്ടുന്നതിനുംവിശേഷിച്ചു
ഭംഗിയുണ്ടെങ്കിലേകണ്ടാൽസുഖംവരൂ
അങ്ങുമിങ്ങുംനോക്കിവല്ലതുംകാട്ടിയാൽ
ലംഗനമാരെന്നുവെയ്ക്കുകില്ലേഷഞാൻ
തെല്ലുംമടിക്കാതെവെള്ളിത്തടികൊണ്ടു
തല്ലുംതലയ്ക്കിട്ടുതന്നെമടിക്കാതെ
ചൊല്ലുകേളാതെനടക്കുംപരിഷയ്ക്കു
തല്ലുകൊള്ളുന്നതിന്നാവതില്ലേതുമേ
വാടീതിലോത്തമേനിന്റെമുഖമൊന്നു
വാടീടുവാനെന്തുകാരണംചൊൽകെടോ!
ആടിപ്പരിചയമില്ലാത്തനാടകം
ആടിഫലിപ്പിക്കവൈഷമ്യമെന്നതോ
പേടിനിനക്കെന്തുവൈഷമ്യമാരെയും
പേടിനിനക്കുതരിമ്പില്ലനിർണ്ണയം
മോടികൂട്ടിക്കൊണ്ടുചെന്നങ്ങരങ്ങത്തു
കേറിയാൽനിന്നെജയിപ്പതിന്നാരെടോ
സുന്ദോപസുന്ദരെത്തങ്ങളിൽതല്ലിച്ചു
കൊന്നൊരുമന്ദസ്മിതവുംകടാക്ഷവും
ഇന്നുംപുകഴ്ത്തുന്നുമാലോകരായതി-
ലൊന്നിലർദ്ധംകൊണ്ടിവിടെജയംവരും;
നാരായണോരുപ്രദേശേപിറന്നൊരു
നാരീശിരോമണേവന്നാലുമുർവ്വശീ
ഓരായിരക്കോടിദേവിമാരുണ്ടു
പാരാതെനാണംകെടുത്തയച്ചോരുനീ
പോരാത്തപെണ്ണല്ലവിണ്ണോർക്കധീശ്വര-
നോരായിരംകണ്ണിലൊന്നുരണ്ടെങ്കിലും
പാരാതെമറവുള്ളദേവിമാരിൽചെന്നു
ചേരുവാൻനീയയക്കില്ലെന്നുനിർണ്ണയം
പൌരവംശേന്ദ്രൻപുരൂരവാമന്നവൻ
പൌരുഷാഗ്രേസരൻനിന്നുടെവല്ലഭൻ
നിൻകൃത്തുകാണ്മതിന്നാഗ്രഹംകൊണ്ടിന്നു
പൊൻകൂത്തുകാണ്മാൻപുറപ്പെട്ടുനിർണ്ണയം
പാലാഴിമങ്കേടെവേഷംചമഞ്ഞുനീ
ലീലാകടാക്ഷങ്ങൾകൊണ്ടുമനോജ്ഞമാം
ആലാപവിഭ്രമംകൊണ്ടുംപതുക്കവെ
നീലാളിവർണ്ണന്റെചിത്തംകുളുർപ്പിച്ചു
മാലയിട്ടീടണമുർവ്വശീ!ബാലികേ!
കാലാഴികെട്ടിക്കടകംപാദകവും
മാലാകലാപവുമെല്ലാമണിഞ്ഞുനീ
കാലുംകലാശവുംകൺമിഴിപ്രൌഢിയും
കാലോചിതംനല്ലചില്ലിവില്ലാട്ടവും
കോലാഹലങ്ങൾതുടങ്ങുംമദാന്തരേ
കാലാരിദേവനുംനമ്മുടെനാഥനും
നാലാനനന്താനുമാലോകനംചെയ്തു
നല്ലഭാഗങ്ങളിൽനിന്നുകൂത്താട്ടമേ
കാലംകളയാതെകഞ്ജാക്ഷിമാർനിങ്ങൾ
മാലോകർവന്നുനിറഞ്ഞുസഭാന്തരേ
മാലൊട്ടുകൂടാതെനൃത്തംതുടങ്ങുവിൻ!

ഇത്തരമത്ഭുതവാക്യമ്പസനകേട്ടനേരം-

[ദേവാളം

സതപരതരമമരവധൂജനമമ്പൊടുസംഭ്രതമോദം
കൊത്തുവളതരിവളപിരിയളകാഞ്ചനകഞ്ചോ-

[കചാ...

മുത്തുപവിഴമണിമാലകളരമണിവിരൽമോ- [തിരവും
മുത്തുമുലകളിലവിരളമിളകിനസുരതരുകുസു- [മകലാപം
കുറുനിരകളിലുരുതരപരിമളകോമളമസൃണം
താടങ്കനാളകനകമണിമയമണ്ഡലകുണ്ഡല- [മിതം
തരുണികളുടെതടമുലതലമതിലമലമുലപ്പട- [ബന്ധം
ഇളകിനചിലങ്കംഗിവരത്തിവിളങ്ങിനമംഗല- [വേഷം
തിങ്ങിനസുരചാരണകിന്നരമനസിമഹാപ- [രിതോഷം
അംഗനമാരഴകോടണഞ്ഞുസുമംഗളകങ്കണ- [ഘോഷം
തുംഗകനകരംഗമനോജ്ഞതരംഗിതകാന്തി [വിശേഷം
തിങ്ങിക്കളിക്കുമ്പോൾ കൂട്ടംകെട്ടുമെട്ടുമട്ടും
മങ്ങിനാട്ടുമാട്ടുമുരതരമുരളികൾമുഖവീണകളും
തിങ്ങിനിതമഥിമദ്ദളകഥിമികിട്ടധണ്ണത- [ത്തിങ്ങിണതോം
തത്തുംതകതതിങ്ങണതതിംതണതോം
ഇപ്രകാരമിളകിനകളികളില വിരളകളകള- [ഘോഷം
സൽപ്രമോദമെരമയുജനപതതരനാടനവി- [ലാസം
അപ്രമേയരസമനുപമതിലതിശയമതില്ല- [മനേകം
തൽപ്രഭാവതിനതിപ നിഹണിപതിമ- [തിപറവതിനു
പാടിമലർപന്തുവരാടിമുഖരിവരാടിസുരുട്ടി
തോടിനാട്ടലഹരിബേലഹരിമോഹനമാക- [ലിരാഗം
തൈരവികാമോദരിമാളവികല്യാണിയുമന്തരിയും
സാരംഗംപേകടധന്യാസികന്നടമധ്യമണ്ടാരം
ഇന്ദിരമലരിനളമിനളമാത്തന്നീലാംബരിയും,
എന്നിവപലപലരാഗംപരിചൊടുപാടിയുമാ- [ടിയുമധികം
നിന്നിഹചിലകരണംചാരിയുമാടിയുമാടലകന്നും
സുന്ദരമുഖിമാരുടെനാടകനടനമിതെത്ര്യമ- [നോജ്ഞം
കളവമ്പുരളിവിളിച്ചുകളിച്ചുകളിച്ചുപുളച്ചും
തളവുകളിളകിനകളികളിലുള്ളൊരതല്ലല്ല- [ലിച്ചും
കളർമുലകളുന്നിശമിടഞ്ഞുതടഞ്ഞുമുലഞ്ഞു- (മലഞ്ഞും
കളർമതിയൊടുപടപൊരുതുന്നമുഖങ്ങളെവി- (യർത്തുതളർന്നും
സുരതരുവരകുസുമസമൂഹസുഗന്ധമനന്തമുയർന്നും
കരിമുകിൽനിറമുടയൊരുതലമുടിവടിവിലഴി- (ഞ്ഞുകിഴിഞ്ഞും

പുരികുഴൽമണിനടുവിലണിഞ്ഞസുമങ്ങളുമ- (ങ്ങുപൊഴിഞ്ഞും
പരിചൊടുചടുചടരവമൊടുപദതലപാതമി- (യന്നും
അംബരചരതരുണികലോത്തമസുമുഖിതി- (ലോത്തമയെങ്ങ്?
ശംബരരിപുശരവരസന്നിഭരംഗമപാംഗവി- (ലാസ-
ഡംബരഹരമമരജനങ്ങളുടെപലവഴിവിലസ- (ണമിങ്ങോൾ;
കിംബഹുതവകിമപിവിളംബനമംബുജകോ- മളനയനേ!
ജംഭശമനകരീവരകുംഭസമാനസ്തനശ്ചഞ്ച- (ലങ്ങളേ!
സംഭൃതരസമുടയവളേനളഭുവബന്ധപരി- (രംഭേ!
സംഭ്രമമതിഹാവകളികളിൽമരന്നിതംബി (നിരംഭേ!
സംപ്രതിമാസവിധവരികവരോരവിരാ- (ജിതരംഭേ!
നിർമ്മലാംഗി! നിന്നുടെവിതളുകളിന്നവലി- (രണമെങ്കിൽ
മർമ്മരാളമിങ്ങിനെവിരവൊടുനിന്നപ്രയോ- (ഗിച്ചാലും
മർമ്മസാരമറിയുംപരിഷകളിന്നിഹബഹുമാ- (നിക്കും
ദുർമ്മദേനചിലതുദ്വേഷിക്കുമതെന്തിനചിന്തിക്ക- (ന്നു?

കാരികതാളം.

നാരികളെല്ലാനിഹനാടകമാട്ടും
ശാരികപോതലകളവാണികളോടും
തംബുരുവീണാമുഖവീണകളോടും
ശംബരവൈരിപ്രിയശാരികളോടെ
കരതലവലയാവലികളുകളുമോടെ
തരളിതചന്ദ്രനഖങ്ങളുപരിചമോടെ
വിചലിതമണികുണ്ഡലവിലസിതമോടെ
വികസിതകുസുമങ്ങടെസുരഭിതയോടെ
കുചഭരപരികമ്പഹാരസമോടെ
കുചഭരബന്ധബന്ധനവിഘടനമോടെ
അവിരതമിളകിനകാഞ്ചികളോടെ
അവിരളപുളകാവലിശോഭനമോടെ
പടുതരപദതാഡനകേളികളോടെ
തടമുലയിളകുന്നനിജാളികളോടെ
തുടുതുടെയധരപ്രഭയുടെവടിവോടെ
കിലതകചില്ലികളുടെകളിയോടെ
ചഞ്ചലനയനാഞ്ചലവിലസിതമോടെ
സഞ്ചിതരസമോഹനവിഹസിതമോടെ
കുഞ്ചിതകുരളാവലിവിചലനമോടെ
വഞ്ചിതജനമാനസവരഗുണമോടെ
സുരകല്പകമണിജനതാണ്ഡവമേവം
സുരുചിരമദനോദയമഞ്ജുളമേവം

പരിചൊടുബതകണ്ടഥദേവസമൂഹം
വെറുകിന്നതിപൂണ്ടിതുപരിധൃതമോഹം;
ലഘുലഘുലഘുഗുരുയുതകാരികതാളം
ലഘുതരമിതുമാത്രംപഞ്ചകയുക്തം
മറ്റുള്ളതാളമിടയ്ക്കുകളെത്തുടനൊത്തുകിൽഞാൻ
വിദ്യകളെല്ലാംകൊണ്ടുമിന്നിഹവിരവിലെടുത്തിടാം
ചാട്ടുകൾവെച്ചുപലങ്ങളുമാട്ടകപാട്ടുകനി
പാട്ടുകചാരുവിധങ്ങളിലോട്ടകഫാരതരം
നാടകപാഠവുമുള്ളോരതനാകനിതംബിനിമാർ
പാട്ടുകയില്ലൊരുതെല്ലതുമൊരേടവുമില്ലഭേദം
കൃത്തികൃസലുമുള്ളവർഥരവുംപറയുമ്പോൾ
ഭേതരമെന്നൊരുഭൂഷണമൊക്കേറസാരന്മാർ;
ഭനുത്തുവരുന്നജനങ്ങളെലധൃത്തുനിലപ്പതിനും
ഭപത്തുവിധങ്ങളനേകമെടുപ്പതിനുണ്ടറിവിൻ
ജംഭനെയങ്ങുവധിച്ചൊരുവമ്പനുമുമ്പിലഹോ
ഡുംഭുപറഞ്ഞുമതിമതിരംഭേ!വരികരികേ
സംഭ്രമരഹിതമൊരഭിനയമൻപൊടുകാട്ടുകനീ
കണ്ടനാച്ചിതാളമകമ്പുമായമോളവുമിങ്ങിനെ
രണ്ടുകൂട്ടവുമൊത്തുവരണം
കണ്ടവർക്കൌതുകമുണ്ടതാതമൈത്ര്യമായതു
കൊണ്ടുനല്ലകീർത്തിയുമുണ്ടാം
ചെണ്ടകൊട്ടുമീവകകണ്ടതാളമൊക്കെയെട്ടു-
(ത്തിഹ
കൊണ്ടുവന്നുകൂട്ടിയടുത്താൽ
പണ്ടുകണ്ടറിഞ്ഞതുകൊണ്ടുപോരുമെന്നുമതം-
(പുന-
രണ്ടരിൽചിലർക്കിതുകൊള്ളും
പന്തിരണ്ടുമാത്രയാഗിനുപണ്ടുകല്പിതമിങ്ങിനെ
യെന്നിവണ്ണമുള്ളോരുതാളം
മാനിലുള്ളവർക്കിതുതന്നിലുള്ളപാടവമേറുമ-
തെന്നതേറുംമാനിനിമാരേ!
സദ്രുതാലഘുചയീസദ്രുതലഘുത്രയിചിമ്പട
സദ്രുതാലഘുചയിപിടനാ
സദ്രുതംപ്ലുതംപുനരിതരംസ്വരൂപമതാകിന
ചന്ദ്രതാനിതെന്നറിയണം
കുംഭതാളമിതുമതിമതാംജനബഹുമതംകേഷ-
കുംഭനതാംഗികളേ!തിങ്ങാ
ജംഭവൈരിയുടെയുവതിമാരിംഹഭവതി-
ചരിതിഗിപിമ്പമിയന്നിതുവിൻ
രംഭയുമവളുടെസഖികളുംമതിമുഖികളും-
(ഗതസംഭ്രമമിന്നുടനേ
സംഭ്രമരസമൊടുകളികളുകേൾവിളികളുമി-
ഹസംപ്രതിചെയ്യുശുഭം
ലഘുലഘുലഘുലഘുലഘുകളും ദ്രുതയുഗളവുംല-
(ഘുമൂന്നദ്രുതഭേദവും
ലഘുഗുരുഗുരുലഘുലഘുകളുംലഘുലഘുലഘുരു-
(ത്തുമൂന്നമശബ്ദമിടം
ലക്ഷ്മിയുടെലഘുലക്ഷണവുമിഹലക്ഷിതമാ-
ണുരുമതിനമുതിരുന്നു
ലക്ഷണമേറിനതരുണികളെയിതുശിക്ഷയി
(ലധുനാപിടിച്ചുകളിതുടരാം

മററെല്ലാമതിലളിതമഹോയിതുപറവുകവിഷ-
(മംനമുക്കനടനവിധൌ
കറാംവന്നുടനിടകൂടാമിതുതറവുകിലുടനേ-
(ചിരിക്കുമഖിലജനം
രണ്ടുലഘുഗുരുരണ്ടുദ്രുതംലഘുഗുരുവുംലഘുവും-
(ലഘുദ്രുതഭേദം
സലഘുദ്രുതലഘുമൂന്നുദ്രുതംലഘുരണ്ടതിനഗ്രേ-
(ലഘുത്രയമശബ്ദം
ഇരുപതുമാത്രകളിതിനുമാതു പരിചൊടുമ-
(നസാൽധരിച്ചുകൊള്ളേണം
സുരനാരീജനങ്ങനെമിളംതാതിഹരസംസുര-
(സാമ്യസഭയിലഭിനയം

ദുർമ്മദനെന്നൊരുഗന്ധർവ്വനേകദാ
ദുർമ്മദത്തോടെനടക്കുമ്പോളന്നേരം
ഉർവ്വശീദേവിയെക്കണ്ടുകാമിക്കയാൽ
ഉർവ്വശിദ്രുതചേതോവൃത്തിയാമവൻ
ഗർവ്വിലൻമഹാമൂഢൻമഹാജളൻ
നിർവ്വിശങ്കംചെന്നുചോദിച്ചോരളവിനം
ക്രുദ്ധിച്ചുധിക്കരിച്ചാളുപോയാളവൾ
ബുദ്ധിക്ഷയംപൂണ്ടുമാറിഹദാശരൻ
സിദ്ധിക്കുമെന്നുള്ളമോഹമാനസ
വർദ്ധിച്ചുകാമേനപിന്നെയുംപിന്നെയും
മൂർദ്ധാവുകൊണ്ടുവണങ്ങിയാചിച്ചിട്ടു
മൂർദ്ധചമാക്കീട്ടയച്ചീടിനാളുർവ്വശി.
ധൂർത്തനപിന്നെയുംമോഹംനിലച്ചില
ക്രൂരമാരാശുഗമെയ്യിൽതറയ്ക്കയാൽ
കൃത്തുകാണാമാനവൻചെന്നങ്ങവളുടെ
കത്തുമുലകളുംവക്ത്രാരവിന്ദവും
പാർത്തുകണ്ടാനന്ദമുൾക്കൊണ്ടുമേവിനാൻ
കൃത്തികലേതുമിടയില്ലദോഷന്ന്
നൃത്തകോലാഹലമെല്ലാംപതുക്കവേ
നിർത്തിയനേരംപിരിഞ്ഞുമഹാജനം
സൌമ്യൻറെപുത്രൻപുരൂരവോനാമം
സൌന്ദര്യസാഭാവസ്ത്രവാശീദേവിയും
തങ്ങളിൽദൃഷ്ടികൊണ്ടുദ്യാനവാടിയിൽ
സംഗമസ്ഥാനംകുറിച്ചുപിരിഞ്ഞിതു;
പെൺമണിയാളുടെവക്ത്രാംബുജത്തെൻറ
കൺമണിരണ്ടുമുറപ്പിച്ചുനില്ക്കുന്ന
ദുർമ്മദൻബോധിച്ചുസങ്കേതകല്പന
മർമ്മംഗ്രഹിച്ചാനവരണ്ടുബുദ്ധിയും;
എങ്കിലിന്നുർവ്വശിപ്പെൺകിടാവിനുള്ള-
ഹംഭാവമിന്നുഞാൻമാറിവച്ചീടുവൻ.
സങ്കേതവാടിയിൽഞാൻചെന്നു പൂക്കു
പങ്കേരുഹാക്ഷിയെചെന്നുകെട്ടിച്ചുടനേ
പാരംകൊതിച്ചുള്ളകാമിനീസംഗമം
പാരാതെസാധിച്ചുപോരുന്നതുണ്ടുതാൻ
ദുർമ്മദൻചിന്തതെളിവുമുറച്ചുകൊ-
ണ്ടുവമയെന്നൊരുവിദ്യാധരിയോടു
ചെമ്മേവിജനേവിളിച്ചുപറഞ്ഞിതു
"മന്മൊഴികേൾക്കെടോമാനിനീരത്നമേ!
മന്മഥാവേശംസഹിക്കാവതല്ലെടോ!

മന്മനോമോഹസംപൂർത്തിവരുത്തുക!
എത്രനാളുണ്ടു ഞാനെന്നുറക്കവും
ഗാത്രസംസ്കാരമാംസ്നാനവുംപാനവും
എല്ലാമുപേക്ഷിച്ചുപാർക്കുന്നുഹാഹന്ത!
കൊല്ലാനൊരുമ്പെട്ടുനില്ക്കുന്നുമന്മഥൻ
മല്ലാക്ഷിമാർമണിനീയെന്റെമാനസേ
വല്ലാത്തശല്യമൊഴിച്ചുരക്ഷിക്കണേ;"
മങ്കമാർമൌലിയാമുന്മദതാനുമീ
സങ്കടംകേട്ടുവിചാരിച്ചുമാനസേ,
എങ്കിലുമുള്ളാഗ്രഹംകൊണ്ടുപറകയോ
ശങ്കയുണ്ടെല്ലാമറിയാംപതുക്കവേ;
ഇങ്ങിനെചിന്തിച്ചുചൊല്ലിനാളുന്മദാ
"അങ്ങിനെമോഹംതനിക്കെങ്കിലായതി-
നിങ്ങൊരുസംശയമില്ലിന്നുരാത്രിയി-
ലങ്ങുവന്നാലുമാരുംഗ്രഹിക്കാതെടോ?"
സല്ലാപമിങ്ങിനെകേട്ടുഗന്ധർവ്വനും
വല്ലാത്തഭാവംനടിച്ചുചൊല്ലീടിനാൻ
"കല്യാണിനമ്മുടെചിത്തത്തിലുള്ളൊരു
ശല്യമൊഴിഞ്ഞതേതിന്നുമല്ലെന്നില്ല
മധ്യന്നിയാളാകുമുർവ്വശിനമ്മളെ
ധിക്കരിച്ചീടുന്നതിങ്കൾബിംബാനനേ!
ചിക്കെന്നവളെപ്പരിഗ്രഹിച്ചാശ്രുത-
നൾക്കബിലേശർവ്വുപോക്കേണമിന്നെടോ-
നന്ദനാരാമനരേന്ദ്രൻബുധാത്മജൻ
ചന്ദനപ്പൂങ്കാവിൽവന്നീടുമിന്നെടോ
മുന്നമേചെന്നങ്ങുപാർത്തിട്ടുമുർവ്വശി-
ക്കുള്ളസാരംഗ്രഹിച്ചുഞാനുന്മദേ
ഉർവ്വശിവേഷംധരിച്ചുനീയങ്ങുചെ-
ന്നുവീശനെപ്പരിതാമസിപ്പിച്ചുടൻ
യത്രകുത്രാപിഭൂപാലനോടൊന്നിച്ചു
ചിത്തസംഭോഗേനകാലംകഴിക്കനീ,
അത്രാന്തരേഞാൻപുരൂരവസ്സിൻവേഷമാൽ
തത്രചെന്നുർവ്വശീസംപ്രയോഗോത്സവം
സാധിച്ചുകൊണ്ടിങ്ങുപോരുന്നതുണ്ടിന്നു
ബോധിക്കരുതിതുമററാരുമുന്മദേ
ഉർവ്വശീസംഗമമുക്കുലഭിച്ചീട്ടു-
മുർവ്വീശസംഗംനിനക്കുംലഭിച്ചിട്ടും
ഈവണ്ണമുള്ളൊരുകൌശലംലോകത്തി-
ലേവനുതോന്നുംപിദുർമ്മദനെന്നിയേ
ദുർമ്മദനിത്ഥംപറഞ്ഞുംഹൃദി
സമ്മോദമേററംനിറഞ്ഞു,ഉദ-
മുന്മദാകേട്ടുതെളിഞ്ഞുപുറപ്പെട്ടുതന്മതമെല്ലാമ-
[റിഞ്ഞു
തന്നുടെവേഷംമറച്ചു,അവ-
ളുർവ്വശീവേഷംധരിച്ചു,അതി
സുന്ദരമോടിയുംക്രൂട്ടിനടനുകളിച്ചുചിരിച്ചുതിരിച്ചു
കുത്തുമുലകളിൽചേരും,നല്ല
കസ്തൂരിചന്ദനച്ചാറും,പല
വസ്തുപരിമളഭംഗിവിളങ്ങിനശൃംഗാരമോടിക
[ളേറും
ഭൂവേഷംവിശേഷമിയന്നു,ചരി-

തോഷവുമാശുവളർന്നു,സവി-
ശേഷവിലാസവിലോലവിലോകനകേളികളോ-
[ടെന്നന്നു
നന്ദനപ്പൂങ്കാവിൽചെന്നു,ഹരി
ചന്ദനവാടിയിൽനിന്നു,ബുധ-
നന്ദനനാകിയസുന്ദരമന്നനെത്തന്നുള്ളിലോർത്തു
[സുഖിച്ചു
മല്ലികവാടിയിൽചെന്നു,തത്ര
നല്ലശിലാമേലിരുന്നു;അവ-
ളുല്ലാസത്തോടെപദങ്ങളുംപാടിരസിച്ചുകളിച്ചുവ-
[സിച്ചു
ഇന്ദിശരാഗവുംപാടി,നല്ല
കുന്ദകുസുമത്താൽചൂടിസുഖ-
മിന്ദിരാദേവിയെപ്പോലെമനോഹരസുന്ദരമാ-
[ക്രീഡമോടി
പന്തുവരാടിവരാടി,അതിൽ
ചിന്തുംപദങ്ങളുംപാടി,ഉള്ളിൽ
ചെന്താർശരന്റെശരങ്ങളെക്കൊണ്ടുള്ളസന്താ-
[പംപൂണ്ടുടൽവാടി
അന്നേരംവന്നുനരേന്ദ്രൻ,അങ്ങു
മന്ദിരംതന്നിൽമഹേന്ദ്രൻ,സുര-
സുന്ദരിമാരുടെമാനസമാംകന്നകൈരവങ്ങൾ-
[ക്കൊരുചന്ദ്രൻ
കങ്കേളിബാണന്റെബാണംകൊണ്ടു
സങ്കടംപൂണ്ടതിക്ഷീണാ,ലത്ര
സങ്കേതഭൂമീതലംനോക്കിപ്പോയുടൻ
സന്താനവാടിയിൽചെന്നു
സംഗതികൂടാതെദൂരെ,ഒരു
സംഗീതമന്നേരംകേട്ടു,അവൻ
സങ്കേതമാർഗ്ഗംപിഴച്ചോനമുക്കെന്നു
ശങ്കിച്ചവിടേക്കുചെന്നു
ഉർവ്വശീവേഷംചമഞ്ഞു,മേവു-
മുന്മദയെയത്രകണ്ടുഇവ-
ളുർവ്വശീതാനെന്നുചിന്തിച്ചുമന്നവ-
നന്തികസീമനിചെന്നു
ഉന്മദചെന്നുവണങ്ങി,നല്ല
സമ്മോദത്തോടങ്ങിണങ്ങിനാഥാ
നിന്മുഖപങ്കജംകാണാഞ്ഞുകേണുഞാൻ
നിന്നെത്തിരഞ്ഞിങ്ങുവന്നേൻ
എന്തിത്രതാമസമയ്യോ!നന്മെ
ചിന്തിച്ചുചിന്തിച്ചുഞാനും,അത്ര
സന്ധിക്കയില്ലെന്നുറച്ചുപുറപ്പെട്ടു
സങ്കേതദേശത്തവിട്ടു;
പത്തുനൂറായിരംകോടിസ്ത്രീക-
ളെത്തുന്നമാർഗ്ഗത്തിൽക്രീഡിഭവാ-
നത്തുംഗപീനസ്തനിമാരെക്കണ്ടു,
കൊതിച്ചങ്ങുതാമസിച്ചായോ?
പൊൺമണിമാർനിന്നെക്കണ്ടു,നല്ല
കൺമണിപ്പാശങ്ങൾകൊണ്ടു,നിന്നെ
വെൺമയോടാശുവരിഞ്ഞങ്ങുബന്ധിച്ചു
കൊണ്ടങ്ങുപോകയില്ലല്ലീ!

മാറുള്ളമാനിനിമാരോടെന്റെ
കുറ്റംപറഞ്ഞുചിരിച്ചുകൊണ്ട്
ഒരെറെന്നുനേരംകഴിഞ്ഞതറിഞ്ഞീലാ
കുറ്റമല്ലേതുംമഹീശ!
എങ്കിലുമെന്നുടെമോഹങ്ങൾക്കു
നിങ്കൽകുറവില്ലകാന്താ, അങ്ങു
സങ്കേതഭൂമിയിലോളംനടപ്പാനി-
നിക്കക്ഷമയില്ലതെല്ലും;
മല്ലികാമണ്ഡപംതന്നിൽ, ഇന്നു
മെല്ലെന്നുചെന്നകംപുക്കു,നല്ല
മുല്ലക്കണയുംകരിമ്പുവില്ലുംകര-
പല്ലവംതന്നിലൊതുക്കും;
കന്ദർപ്പൻതന്റെനിയോഗം,പുന-
രൊന്നൊഴിയാതിനിവേഗംബുധ-
നന്ദന!നാമിനിയാമിനീ
തന്നിലനുഷ്ഠിക്കവേണമിദാനീം;
കൈകേയവംശ്യപ്പെൺമണിതന്റെ,ബഹു
കൈതവസല്ലാപംകേട്ടു,നിജ
ചേതസിനേരെന്നുറച്ചുമഹീപതി
കൗതുകമോടെചടുക്കെ
കള്ളപ്പെണ്ണാളെപ്പുണർന്നു,തന്റെ
ഉള്ളത്തിൽകാമനണഞ്ഞുനല്ല
വെള്ളപ്പുടവവിരിച്ചുശയിച്ചുകൊ-
ണ്ടുള്ളവിനോദങ്ങളെല്ലാം
സാധിച്ചുസൌമ്യതനൂജൻഏതും
ബോധിച്ചീലന്നേരംവ്യാജംകന്ദ-
ർപ്പാധിപിടിപെട്ടെഴലുംപുരുഷനു
ബോധവിവേകമുണ്ടാമോ?
മന്മഥസന്താപത്തോടെ,ചിര-
മുന്മത്തനാമന്നേരംഹേളി
സമ്മോദംപൂണ്ടുരമിച്ചുതനിക്കു
സ്വപ്നത്തിൽപോലുമസാദ്ധ്യം
രോഹിണിയാത്മജൻതന്റെ,അതി
മോഹനമായശരീരം,ചാരം
മോഹിച്ചുപോർമുലമാറിലണച്ചു
പുണർന്നുപുണർന്നുസുഖിച്ചു
ദുർമ്മന്താനംപുത്രരവാമന്റെ
ഹൃദ്യമായുള്ളോരുവേഷംധരിച്ചുടൻ
ദുർമ്മതിചെന്നങ്ങുസങ്കേതമണ്ഡപേ
മന്മഥാവേശംസഹിച്ചുമേവീടിനാൻ;
കട്ടിന്മേൽചെന്നുകിടക്കുംക്ഷമിക്കാഞ്ഞു
പെട്ടെന്നെഴുന്നേറ്റിരിക്കുംമദനന്റെ
കോട്ടമ്പുകൊണ്ടുസഹിക്കാഞ്ഞുമണ്ഡപേ
വട്ടത്തിലോടിനടക്കുംമഹാജളൻ
പെട്ടെന്നിറങ്ങുംഭയപ്പെട്ടുമാറുമ-
ങ്ങൊട്ടല്ലസങ്കടംസങ്കേതഭൂമിയിൽ
കുട്ടിനകരായമൊച്ചക്കരങ്ങളിന്റെ
കൂട്ടഘോഷോക്തികൾകാട്ടുംപലതരം;
മട്ടോൽമൊഴിതൻവഴിനോക്കുവാൻവെക്ക-
മെട്ടെട്ടുമെങ്ങുചെന്നിങ്ങോട്ടുമാറിയും
മട്ടനെപ്പോലെകിടന്നുഴന്നീടുന്ന
ദുഷ്ടന്റെചേഷ്ടകൾകണ്ടാൽചിരിവരും;
കാമാന്ധിതമെല്ലവേപൌർണ്ണമാസിതന്നി-
ലേണാങ്കബിംബമുദിക്കുംകണക്കിനെ
ശോണാധരിതൻമുഖാംഭോജമൻപോടു
ചേണാർന്നമന്ദസ്മിതാമൃതോല്ലാസിതം
മാലതീബാണന്റെനീലത്തഴപോലെ
നീലമേഘാവലിപോലെനിറംകോലു-
മാലോലകുന്തളംചന്തമോടേകണ-
ങ്കാലോളമങ്ങുകവിഞ്ഞുവീണീടുന്ന
നീലാളകംകൊണ്ടുശോഭിച്ചിരിക്കുന്ന
ഫാലാന്തരേനല്ലചാന്തുംകുറികളും
ബാലേന്ദുമദ്ധ്യേകളങ്കരേഖാബിന്ദു
പോലെവിളങ്ങുന്നകസ്തൂരിലാഞ്ഛനം
മല്ലീശരൻതന്റെവില്ലിനെവെല്ലുന്ന
ചില്ലീയുഗത്തിന്റെനല്ലവില്ലാട്ടവും.
നല്ലകരിംകുവളപ്പൂവിനുള്ളതി-
നല്ലൽപെടുക്കുന്നസല്ലോചനങ്ങടെ
കല്ലോലഹല്ലോഹലങ്ങൾപോലുള്ളൊരു
നല്ലവിലാസങ്ങളെല്ലാംമനോഹരം
വല്ലഭമേറും തിലകുസുമത്തിനെ
തല്ലിയോടിക്കുന്നനാസികാഭംഗിയും
ഉല്ലസൽകുണ്ഡലംകർണ്ണപാശദ്വയം
മല്ലായുധൻതന്റെതൂണീരസന്നിഭം
പല്ലവംപോലെയുംവിദ്രുമംപോലെയും
നല്ലതൊണ്ടിപ്പഴംപോലെയുമേറ്റമ-
ങ്ങുല്ലാസമേറുന്നബിംബാധരംനല്ല
മുല്ലമൊട്ടിന്നിടർചൊല്ലുന്നപല്ലുകൾ;
കല്യമായുള്ളോരുചന്ദ്രപ്രഭാജാല
തുല്യമായുള്ളോരുമന്ദസ്മിതോദയം
സ്ഫുല്ലപത്മത്തിനുംപൂർണ്ണചന്ദ്രനുമ-
ങ്ങല്ലൽവളർക്കുംമുഖത്തിന്റെശോഭയും
ശംഖിനുതന്നുടെഭംഗിപോയെന്നുള്ള
ശങ്കാവിഷാദംവരുത്തുംഗളാന്തരേ
തങ്കപ്പതക്കങ്ങൾമുത്തുംപവിഴവും
സംഘടിച്ചീടുംകരാംഭോജയുഗ്മവും;
ഉത്തുംഗമാംകുചകുംഭദ്വയത്തിന്റെ
വിസ്തൃതമാംജഘനസ്ഥലത്തിന്റെയും
മദ്ധ്യസ്ഥമായോരുദരംകൃശംപരം
അസ്തിവാനോനാസ്തിവാസന്ദേഹഗോചരം
മത്തഗജത്തിന്റെമസ്തകാഡംബരം
കുത്തിക്കവർന്നങ്ങുസംഹരിച്ചീടുന്ന
തത്താദൃശപ്രകാശംകടീഭാഗവും
ചിത്താഭിരാമംദുകൂലസംവേഷ്ടനം
അഞ്ചിതാനേകരത്നപ്രഭാമണ്ഡലീ
സഞ്ചിതംകാഞ്ചനകാഞ്ചീകലാപവും
പഞ്ചബാണന്നുവസിപ്പതിനായുള്ള
മഞ്ചമായുള്ളോരുകാഞ്ചീപദത്തിനു-
മഞ്ചൽപ്രകാശംമണിസ്തംഭവിഭ്രമം
തഞ്ചുംസുചാരുവാമൂരുകാണ്ഡദ്വയം
രംഭായുഗത്തിന്റെഡംഭാതിരേകത്തി-
നമ്പോടുഭംഗംവരുത്തുമെന്നിഞ്ഞയം

കേതകീമൊട്ടിനു ഖേദമുണ്ടാക്കുവാൻ
ചാതുൎയ്യമേറും കണങ്കാൽ വിലാസവും
ആനന്ദപാരമഭിരാമം പദദ്വന്ദ്വ-
മാനന്ദശോഭം നഖേന്ദുസന്ദോഹവും
ആപാദചൂഡമനോജ്ഞമായുള്ളൊരു
രൂപാമൃതം മുദാ വൎണ്ണിച്ചു ചൊല്ലുവാൻ
ശ്രീപത്മനാഭന്റെ പള്ളിമെത്തയ്ക്കുമി-
ന്നാവതില്ലെന്നു ചൊല്ലുന്നു മഹാജനം
തണ്ടാർകുലങ്ങളിലുണ്ടാം മധുഗ്രഹണം
തെണ്ടിപ്പറന്നങ്ങുമിങ്ങും നടക്കുന്ന
വണ്ടിന്റെ വൃന്ദങ്ങൾ വണ്ടാർകുഴലിതൻ
കൊണ്ടൽക്കുനിര കണ്ടു [illegible]
കൊണ്ടും മുരണ്ടുമിരണ്ടു ഭാഗേ ചെന്നു
കൊണ്ടു നിറയുന്ന കണ്ടാൽ മനോഹരം
രണ്ടു കരങ്ങളും വീശി മൃദുനട-
കൊണ്ടു പതുക്കവേ ചെന്നു കൊണ്ടുർവ്വശി
കണ്ടകനാകുന്ന ദുർമ്മദൻ കൈതവം-
കൊണ്ടു പുരൂരവസ്സായി വസിക്കുന്നു;
കണ്ടു നിജപ്രിയനെന്നു കല്പിച്ചവൾ
കണ്ഠേ കരങ്ങളെക്കെട്ടിപ്പിടിച്ചുടൻ
രണ്ടു കുചങ്ങളും കള്ളന്റെ മാറത്തു
കൊണ്ടുപോയ് ചേർത്തു പുണർന്നു നിന്നീടിനാൾ
പണ്ടേ വളരെക്കൊതിച്ചു ലഭിക്കാതെ
കണ്ടു കിടക്കുന്ന കാമങ്ങളൊക്കെയും
തണ്ടുതപ്പിക്കലഭിക്കകൊണ്ടങ്ങുള്ളി-
ലുണ്ടായ സന്തോഷമെന്തു ചൊല്ലാവതും?
തൊണ്ടിപ്പഴത്തിനഴകിണങ്ങൽ വളർക്കുന്ന
ചുണ്ടിന്റെ ശോഭകൾ കണ്ടു വിശേഷിച്ചു-
മുണ്ടാമനംഗാർത്തി കൊണ്ടു മനക്കാമ്പി-
ലിണ്ടലും പാരമങ്ങുണ്ടാകയാലവൻ
കംബുകണ്ഠീമണി തന്നുടെ കോമളം
ബിംബാധരേ മുദാ ചുംബനം ചെയ്കയും
താംബൂലപൂഗങ്ങൾ ചർവ്വണം ചെയ്കയും
ജാംബൂനദാഭമംഗം പുണർന്നവൾ
തന്മൂലമുണ്ടായ മോഹങ്ങളൊക്കവേ
താമസം കൂടാതെ സാധിച്ചു ദുർമ്മദൻ
ദുർമ്മദം കൊണ്ടൊരു ഹാസമുണ്ടായ്വന്നു
ഉർവ്വശി തന്നുപരിഹാസമെന്നോർത്തവൾ
എന്തു മൂലം ചിരിപ്പാനെന്നു ചോദിച്ചു?
ഏതുമല്ലെന്നവനുത്തരം ചെയ്തു
ഹേതു കൂടാതെ ചിരിക്കുമോ [illegible]
കൈതവമെന്തിതു ചൊല്ലുക വല്ലഭ!
ഏതാനുമിന്നു [illegible]-
[illegible]
[illegible]
ചാതുൎയ്യമേറുന്ന [illegible]!
[illegible]
[illegible]
[illegible]
[illegible]
[illegible]

തുറ്റവർക്കില്ലാമട്ടത്തതോന്നവ!
കറ്റക്കുഴൽമണിയാളാകുമുർവ്വശി-
ക്കേറ്റമില്ലാത്തുള്ള താപവും കോപവും;
പറ്റി മനക്കാമ്പിലായതു കാരണ-
മേറ്റു പുറപ്പെട്ടു മിണ്ടാതെ കണ്ടവൾ
മുറ്റത്തിറങ്ങി നടന്നു ഗമിച്ചിതു
ചെറ്റും ചതി പറ്റിയെന്നതോർക്കാതവൾ;
തക്കത്തിലായതു നേരത്തു ദുർമ്മദൻ
പൊക്കത്തിലുള്ളൊരു മണ്ഡപേ നിന്നുടൻ
ചിക്കെന്നു ചാടിത്തിരിച്ചു മണ്ടിപ്പുരം
പുക്കൊളിച്ചങ്ങു കിടന്നുറങ്ങീടിനാൻ;
മൈക്കണ്ണിമാർമണി താനും വിചാരിച്ചു
മല്ക്കാന്തനെന്നിൽ കനിവു കുറഞ്ഞിതോ?
ഉൾക്കാമ്പിലങ്ങേക്കു കോപമുണ്ടായ്വരാൻ
തക്കൊരു കുറ്റം നമുക്കില്ല നിർണ്ണയം
മുന്നമിക്ഷോണീന്ദ്രനിങ്ങനെയല്ലതാ-
നെന്നെച്ചൊല്ലി കലഹിച്ചു മാറീടുകിൽ
പിന്നാലെ വന്നു കരഞ്ഞു പറഞ്ഞുകൊ-
ണ്ടെന്നുടെ കാല്ക്കൽ നമസ്കരിച്ചീടുവോൻ
അന്നേരമേറ്റം പ്രസാദിച്ചു ഞാനും ചു-
ണ്ടന്നീട്ടു മറ്റുണ്ടു വേണ്ടും വിധങ്ങളിൽ;
ഇന്നെന്തു കാരണം പിമ്പേ വരാഞ്ഞതും?
മന്നവൻ മറ്റൊരു മോഹമായ്വന്നിതോ
എന്നെപ്പിരിഞ്ഞൊരു നാഴിക പോലുമീ
മന്നവാധീശനിരിപ്പാനെളുതല്ല;
എന്നുടെ കോപഭാവങ്ങൾ കാണുംവിധൌ
നിന്നു വിറച്ചു വിയർത്തു വീർത്തിങ്ങിനെ
ഖിന്നഭാവത്തോടനുസരിക്കും കനി-
ഞ്ഞന്യഭാവം വെടിഞ്ഞെന്റെ പദേ കുമ്പിടും
കന്ദർപ്പതാപം സഹിക്കാഞ്ഞു മാനസേ
മന്ദഭാവം പൂണ്ടു നില്ക്കുമെന്നന്തികേ
മുന്നമീവണ്ണമേ കണ്ടു പോരുന്നവൻ
തന്നുള്ളിലാശ കുറഞ്ഞിതോ ദൈവമേ!
ഇത്യാദി ചിന്തിച്ചു നില്ക്കുന്ന നേരത്തു
വിദ്യാധരിയെയും കാണായതന്നാളും
വിദ്യോതമാനനാം ദുർമ്മദനെന്നെയും
സദ്യോ വിലോകനം ചെയ്തു താനുർവ്വശി
കിഞ്ചന നേരം വിചാരിച്ചുറച്ചിതു
വഞ്ചന ചെയ്തു മഹാശഠൻ ദുർമ്മദൻ!
[illegible] കണ്ടാലറിയാവതന്റെ
വാഞ്ഛിതം സാധിച്ചു ചാടി മണ്ടീടിനാൻ
അഞ്ചിതാകാരനാമെന്നുടെ കാന്തനെ
വഞ്ചിച്ചു ദുഷ്ടയാമുന്മദാദേവിയും
ഇത്തരം ചിന്തിച്ചു നില്ക്കുന്ന ദേവിയെ
സത്വരം പ്രാപിച്ചു ചോദിച്ചിതന്നവൻ;
ചിത്തരംഗേ നിനക്കെന്തൊരു സന്താപ-
മുത്തമാംഗോപാംഗഭംഗി മനോഹരേ!
എന്നെപ്പിരിഞ്ഞൊരു [illegible]-
[illegible]
എന്നതു കേട്ടു [illegible]
[illegible] ജളൻ

ദുർമ്മദനെന്നൊരു ഗന്ധർവ്വൻ താൻ
നിർമ്മലതമൻ നിന്റെ വേഷം ചമഞ്ഞവൻ
നമ്മെച്ചതിച്ചു നിരൂപിച്ച കാര്യവും
ചെമ്മേ ലഭിച്ചു തിരിച്ചു വിലക്ഷണം
ഉന്മദയെന്നൊരു വിദ്യാധരാംഗന
നമ്മുടെ വേഷം ചമഞ്ഞു ഭവാനെയും
ചെണ്ട കൊട്ടിച്ചു ഗമിച്ചു വെന്നാലിനി
രണ്ടുപേരേയും ശപിച്ചു ഞാനിന്നൊരു
കണ്ടിലാ ഞാനതും കണ്ടു കൊൾക ഭവാൻ
രണ്ടുപക്ഷം നമുക്കില്ല മഹീപതേ!
രൂക്ഷതയേറുന്ന ദുർമ്മദൻ ഭൂമിയിൽ
രാക്ഷസനായ്‌ പിറന്നീടേണമിപ്പൊഴേ
കാൽക്ഷണം കൊണ്ടിവൻ താഴത്തു വീഴുന്ന-
തീക്ഷണം ചെയ്യാലുമിന്ദുപുത്രാത്മജ!
ഉന്മദപ്പെണ്ണിതാ വിന്ധ്യധരിത്രിയിൽ
ജന്മദുഃഖം ഭവിച്ചീടേണമഞ്ജസാ
കർമ്മദോഷത്താൽ വരുന്ന രോഗങ്ങൾക്കു
ചെമ്മേ കഷായം കുടിച്ചാൽ ഫലിക്കുമോ
എത്രയും ദുർബ്ബുദ്ധിയാമിവൾ ധാത്രിയിൽ
ക്ഷത്രിയപുത്രിയായ്‌ വന്നു പിറക്കണം
അത്രയല്ലേകനെക്കാംക്ഷിച്ചിരിക്കുമ്പോൾ
തത്ര വന്നന്യൻ കരസ്ഥമാക്കീടണം
ഇത്ഥം ശപിച്ചെന്നു കേട്ടങ്ങിരുവരും
ഇത്ര ചെന്നങ്ങുടനുന്മദാ ദുർമ്മദൌ
താപമോടു ശ്രീപാദേ നമിച്ചുടൻ
ശാപമോക്ഷത്തെക്കനിഞ്ഞപേക്ഷിച്ചിതു
കോപം കളഞ്ഞതു തെളിഞ്ഞു കൊണ്ടാദരാൽ
ശാപമോക്ഷം കൊടുത്തീടിനാളുർവ്വശി
ഉന്മദേ കേളെടൊ നിന്നുടെ പുത്രനായ്
ദുർമ്മദൻ വന്നു ജനിക്കും കനക്കവേ
നമ്മോദമാഹീരനരാധീശമന്ദിരേ
നിന്മകൻ വെട്ടി മരിക്കും രണാങ്കണേ
നിന്നുടെ ഭർത്താവുമപ്രകാരം തന്നെ
ഇന്നാകണേ മരിച്ചീടുമെന്നോർക്കനീ
അന്നു നീയഗ്നിപ്രവേശവും ചെയ്തിങ്ങു
വന്നു കൊണ്ടാലും ജവേന വിദ്യാധരി!
നിന്നുടെ വിദ്യുന്നവെട്ടി മരിച്ചൊരു
നിന്നുടെ പുത്രനീ ദുർമ്മദൻ താനുടൻ
പാപമൊഴിഞ്ഞു സ്വർഗ്ഗപദേ നിന്നുടെ
ഭൂപനാകുമെന്നു സന്ദേഹം കൂടാതെ ചെയ്‌
രണ്ടുപേരും നടന്നാലുമെന്നിങ്ങിനെ
അണ്ടർ പെൺ ശാപമോക്ഷം കൊടുത്തുടൻ;
കൊണ്ടൽവേണീമണി കാന്തനോടൊന്നിച്ചു-
കൊണ്ടിന്ദ്രലോകേ സുഖിച്ചു വാണീടിനാൾ.

രുഗ്മിണീസ്വയംവരം ഒന്നാംകളം

സമാപ്തം.

—൩൦—

രണ്ടാംകളം.

വേദമഞ്ജുധരണിയിൽ പതിച്ചാളുന്മദാദേവി
വേഗവാനെന്നു പേരാകും വിദേഹക്ഷോണിപാ-
[ലന്റെ
ഭാര്യതന്റെ ജഠരത്തിൽ പ്രവേശിച്ചാളതുനേരം
വീര്യമേറും വിദേഹേന്ദ്രൻ പ്രസാദിച്ചു പഴി-
[പോലെ
ഗർഭരക്ഷാപ്രകാരങ്ങളൊക്കവേ ചെയ്യിത്തുനല്ലോ-
രർഭകാത്മജ വിക്കേണമെന്നു മോഹിച്ചിരിക്കുന്നു;
വിപ്രവർഗ്ഗങ്ങളെക്കൊണ്ടു ജപം ഹോമം നാമ-
[സ്മരണ
ക്ഷിപ്രമങ്ങു തുടങ്ങിച്ചു വിത്തദാനം പശുദാനം
ഇപ്രകാരം പലവസ്തു തുടങ്ങാതെ തുടങ്ങിച്ചു
തൽപ്രദേശങ്ങളിലൊക്കെ കൊട്ടില്ലു കെട്ടിയ-
[ങ്ങാകെ
സപ്രമോദം നിന്നു തന്നെ സദ്യനീളെത്തുടങ്ങേണം
വിപ്രമോദം കൊണ്ടു വേണം സുപ്രജാസംഭവം-
[മെലിഞ്ഞ്
കെല്പിനോടങ്ങമാത്യന്മാർ നാട്ടിലുള്ള ജനത്തോടു
കല്പനാഗൌരവത്തോടെ പറഞ്ഞു ധരിപ്പിച്ചു:
ഊട്ടിനുള്ള പലർത്ഥങ്ങളു നമ്മെന്യേ വരുത്തേണം
വീട്ടിലങ്ങു വിനോദിച്ചു കൊണ്ടിരുന്നാൽ തരമല്ല
നാട്ടിലുള്ള കമ്പളങ്ങൾ ചേന വാഴക്കയുമോരോ
കൂട്ടമെല്ലാം ഞെന്നു തെണ്ടിക്കൊണ്ടു മണ്ടിവന്നി-
[ടേണം
കൂട്ടിലിട്ട കിളിപോലെ കുശാലിശകലമ്പുന്ന
കൂട്ടമോരോ തടിയന്മാർ മടിയന്മാരെങ്ങുടെ ഠാ-
ചേട്ടകൾക്കു നാണമില്ല തടി കൊണ്ടു താങ്ങാനാകാ
കൂട്ടിയല്ലാതിവരിങ്ങു പാട്ടിലാവാനെളുതല്ല
തമ്പുരാന്റെ ചോറു തിന്നു മുടിപ്പാനെന്നറിയേ-
[ണം
കൊമ്പരാകുമിവരെക്കൊണ്ടൊരു വസ്തു പാടില്ല;
ചെമ്പിലന്നം നിറച്ചങ്ങു കൊണ്ടു ചെല്ലുന്നാളുകൾ-
[ക്കൊട്ടും
മുമ്പിൽ വന്നു സ്ഥലം വെച്ചു കാല്ക്കൽ വെച്ചു നിന്നു-
[കൊള്ളും
വമ്പുപാരം പട്ടരോടെ വെച്ചതെല്ലാം വിളമ്പാ-
[ഞ്ഞാൽ
തമ്പുരാന്താനെന്ന ഭാവം ഭക്ഷണത്തിനായിരിക്കു-
[മ്പോൾ
നമ്പിമാർ നമ്പൂരിമാർ പട്ടേരിമാരെന്നിവർ പ-
[ന്നാൽ
മുമ്പിൽ വെച്ച കാലെടുത്തു പിമ്പിൽ വെപ്പാൻ മടി-
[ച്ചീടും
വമ്പടയ്ക്കു പുറപ്പെട്ടു കോട്ടവാതിലടക്കുമ്പോൾ
പിമ്പിലൊന്നൊതുങ്ങിയാൽ കടക്കയില്ലിവർ-
[ക്കും
ചോറ്റുതിന്നു പാർക്കുന്ന കൂട്ടമെല്ലാം കൂമ്പാരം-

ഞാം പടിക്കാരെന്നുപേരുകിട്ടിയിട്ടുപേക്ഷിച്ചു
പെമ്പിറന്നോരങ്ങുകഞ്ഞികുടിക്കാതെകിടക്കുന്നു
താമ്പിറന്നതെങ്ങുനിന്നെന്നാക്കമന്വേഷണം-
[നാസ്തി;
കള്ളത്തെണ്ടിനടപ്പാനേകാലമുള്ളതൻറെകയ്യി-
ലുള്ളതെല്ലാംവകയാക്കിക്കൈക്കുടഞ്ഞുപുറപ്പെട്ടു
കള്ളമെന്നുള്ളതിനൊരുംകുറവില്ലാതനിക്കുള്ള
പിള്ളയെക്കൂടവേവിറ്റുതിന്നില്ലായ്കിലതും-
[കൊള്ളാം
തള്ളമാരെപ്പേടിപ്പിക്കാനുള്ളകള്ളക്കശ്മലൻറെ
ഉള്ളുകണ്ടാലെന്നുരണ്ടുതൊഴിപ്പാനാരുമില്ലല്ലോ
അച്ചിവീട്ടിലിരുന്നോരോവീരവാദംപറഞ്ഞും-
[കൊ-
ഞ്ചച്ചിമാരെപ്പലിപ്പിക്കാനുമുള്ളസമർത്ഥന്മാർ
മുച്ചൂളുള്ളോരുവാളെടുത്തൊരുത്തനെതിർത്തു-
[വന്നെങ്കിൽ
പൂച്ചയെക്കണ്ടെലിപോലെവിറച്ചങ്ങൊളി-
[ച്ചീടും
ഉടയ്ക്കുനല്ലവരാരുംപടയ്ക്കുനല്ലവരല്ല
പടയ്ക്കുവന്നവരാരുമിടയ്ക്കുനല്ലവരല്ല
ഇടയ്ക്കുമ്പടയ്ക്കുനടപ്പുള്ളഭടന്മാർശൂരന്മാരല്ലോ
തടിക്കുമാത്രകേടോടുകിടക്കുന്നാകിലീരാജ്യം
പൊട്ടുകെന്നുപുകഴ്ത്തിവെക്കംഉട്ടക്കാനുംഭുജിപ്പാ-
[നും
കൊട്ടപ്പാനുംമടിയില്ലകൊട്ടക്കംകെട്ടക്കൻചിറവു
മുട്ടിക്കുംകടിക്കുമുള്ളപിടിക്കമടിക്കംതമ്മിൽ
തട്ടുകുമ്മിട്ടുകൊമ്പരെപടയ്ക്കങ്ങുകൊണ്ടുചെ-
[ന്നാൽ
അനർത്ഥമിജ്ജനങ്ങൾക്കുവടക്കന്മാർക്കുമിക്കൂട്ടം
പിടിക്കാതങ്ങിനെതിരുകൂട്ടക്കനാട്ടുകാർവൈരി
പടയ്ക്കങ്ങടുക്കുന്നേരമ്മടക്കംമുടക്കംവന്നാ-
ലങ്ങോട്ടുകൊടുക്കംവെക്കന്തടിച്ചുള്ളഭടന്മാരും
തടിച്ചുള്ളതടിക്കുണ്ടാൽചിതക്കാരനെന്നതോന്നും
നടിച്ചുള്ളമിട്ടുകൂണ്ടാനടക്കുന്നുനമുക്കെല്ലാം
എന്തുകാര്യംശകാരിച്ചാലപ്രിയമെന്നതത്തീരു
ജന്തുധർമ്മമുപേക്ഷിപ്പാനാർക്കുമാർക്കുംവശമല്ല;
ബന്ധുവെന്നുംശത്രുവെന്നുംവിചാരിക്കാത്തവ-
[രോട്ടും
ബന്ധുരമയ്യൂരചെയ്താലെന്തുകാര്യംവരാനുള്ള
സന്തതിയില്ലായ്കകൊണ്ടുതമ്പുരാനുംപ്രജക-
[ൾക്കും
സന്തതമുള്ളഴലെല്ലാമന്തമില്ലെന്നറിഞ്ഞാലും!
അന്തരങ്ങളെത്തുമൂലംവന്നുപോമെന്നിരിക്കുമ്പോ-
ളെന്തുകൊണ്ടെന്നറിഞ്ഞീലപൂർവ്വപുണ്യങ്ങളേ-
[ക്കൊണ്ടോ
അന്തണന്മാരുടെനല്ലദേവസേവാവൈഭവംകൊണ്ടോ
ചന്ദ്രചൂഡജനത്തിന്റെമനസ്സിന്റെനേരുകൊ-
[ണ്ടോ
തമ്പുരാൻറെപരദൈവങ്ങളിലുള്ളഭക്തികൊ-
[ണ്ടോ
തമ്പുരാട്ടിതിരുവയർവാണവെന്നുള്ളതുംകേട്ടു

അമ്പിനോടെശുഭമായിട്ടുള്ളതെല്ലാംതുടങ്ങേണം
അമ്പലത്തിൽനെയ്വിളക്കുമ്മാലയുംപൂജയുംപി-
[ന്നെ
ശർക്കരപ്പായസംനല്ലപഞ്ചസാരപ്പായസവും
നിഷ്ഠിഷിച്ചുലസാതെവെച്ചുനേദിക്കയുംവേണം
ഉച്ചയാകുന്നതിനുമ്പേനമ്മയോടെകറിനാലും
വെച്ചുകൊണ്ടുനമസ്കാരംബ്രാഹ്മണരെഭുജിപ്പിച്ചു
മെച്ചമോടെവെററിലപാക്കംപണവുംദക്ഷിണ-
[ചെയ്തു-
ഞ്ഞെച്ചിലേറിമടിസ്സാനംഗർഭിണിക്കുലഭിക്കേണം
നിച്ചലുമിങ്ങനെകോയ്മിക്കലുംസദ്യതുടങ്ങേണം
പച്ചടിയുംപരിപ്പുംഞാറെന്നിതെല്ലാംചമയ്ക്ക-
[ണം
പച്ചമാങ്ങാക്കറിയിഞ്ചിപ്പച്ചടിവേപ്പിലകൂട്ടി
കിച്ചടിനല്ലെരിശ്ശേരിപുളിശ്ശേരിപ്രഥമനും
ശർക്കരപ്പുരിയുഞ്ചക്കപ്രഥമനുംവിശേഷിച്ചു
ശർക്കരതേമ്പഴംനെയ്യുംപപ്പടംപഞ്ചതാരയും
ചുക്കമിട്ടുമോരുകാച്ചിജീരകവുംപൊടിച്ചിട്ടു
വെക്കമങ്ങുകൊണ്ടുചെന്നുവിളമ്പേണംമടിക്കാ-
[തെ
ഇക്കണക്കരിപ്പാനുംപരിപ്പുകാർപലർവേണം
കൈക്കണക്കപിഴയ്ക്കാത്തപിള്ളമാർനിന്നെഴുത-
[ണം
ഒക്കവേനമ്മുടെചന്ദ്രക്കാരനിന്നുശ്രമിച്ചെന്നാൽ
നീക്കമൊന്നുംവരാനില്ലനീളെയെത്താന്തടവില്ല
അങ്ങുമിങ്ങുനടക്കുന്നമടപ്പള്ളിക്കാരരെല്ലാ-
മിങ്ങുതന്നേവിളിച്ചാക്കിചാർത്തിവെപ്പിക്കയുംവേ-
[ണം
തങ്ങളിൽശാസ്ത്രമിട്ടുവെപ്പുകോരിക്കഴപ്പിച്ചാൽ
പൊങ്ങുമെന്നല്ലിനിനാട്ടിൽനിന്നുതന്നെപുറ-
[ത്താക്കം
കഞ്ഞിവേണ്ടുന്നവർക്കെല്ലാംകഞ്ഞിവെച്ചുവിള-
[മ്പേണം
മുഞ്ഞിവീർപ്പിച്ചുകൊണ്ടങ്ങുദുർമ്മുഖംകാട്ടുന്നോരും
കൊട്ടിലിലങ്ങിലവെച്ചാലൊട്ടുമേതാമസിക്കാ-
[തെ
കൊണ്ടുചെന്നുവിളമ്പേണംകാരിയക്കാർമടി-
[ക്കാതെ;
ഉണ്ടിരിക്കുന്നവർക്കേതുംമുഷിച്ചിൽസംഭവിക്കാതെ
വേണ്ടതെല്ലാംവേണ്ടുവോളംകോരിവാരിക്കൊ-
[ടുക്കേണം
മുണ്ടുവന്നുപിടിച്ചാലുമൊഴിച്ചുപോരികേവേണ്ടു;
ശാസ്ത്രായിട്ടുകലമ്പാതെവിളമ്പിപ്പോന്നുകൊള്ള-
[ണം
കണ്ടുനിന്നുപ്രയോഗിച്ചാലാവലാതിവരാനില്ല
കണ്ടകന്മാരൊരുകൂട്ടമേഷണിക്കാരുമുണ്ടാകും
കണ്ടുകൂട്ടക്കാരർതമ്മിൽതാഡനംതുടങ്ങാ-
[ലും
കണ്ടീലെന്നായുടൻമാറിക്കൊള്ളുകനല്ലനമുക്കെ-
[ല്ലാം
രണ്ടുപക്ഷത്തിലുംചെന്നുകടികടിത്തുടങ്ങുമ്പോൾ

കണ്ടുനില്ക്കുന്നവർകൂടെക്കടന്നുഗോഷ്ഠികൾകാ- [ട്ടും;
അത്രപോയിമുഴക്കുമ്പോൾസത്രമെല്ലാംകുഴപ്പാകും
ശത്രുമന്നന്മാർക്കുനല്ലോരുത്സവമായ്വരുമെന്നാൽ
എത്രപാരംപണിപ്പെട്ടുവട്ടമെല്ലാമുളവാക്കി
സത്രമങ്ങുതുടങ്ങുന്നുഅത്രദോഷംവരുത്താമോ,
അത്രമാത്രംപറഞ്ഞേക്കാമറിവുള്ളജനമെല്ലാ-
മത്രവന്നുശ്രമിച്ചീടുമതിനുശാസനവേണ്ടാ
ചൊല്ലിയാലുംവടികൊണ്ടുതല്ലിയാലുംപിടിച്ചങ്ങു
തള്ളിയാലുമൊഴിച്ചങ്ങുതുള്ളിയാലുമനങ്ങാത്ത
കള്ളനെക്കൊണ്ടൊരുവേലയെടുപ്പിപ്പാനെളുതല്ല
വള്ളമേറിക്കടലിലങ്ങുതിവച്ചീടുവാന്തോന്നും
മന്ത്രികളേവമിരുന്നുപറഞ്ഞു
മാലോകർവന്നുപുരത്തിൽനിറഞ്ഞു
അന്തണന്മാരുംപലരുംവരുന്നു
ആകുംവണ്ണംജപങ്ങൾതുടർന്നു
പൊന്നുംപണവുംനിരത്തിത്തുടങ്ങി
പോരാത്തതെല്ലാംവരുത്തിത്തുടങ്ങി
അന്നദാനത്തിന്റെവട്ടങ്ങൾകൂട്ടി
ആഗന്തുകന്മാരുംവന്നിടകൂടി
ചോറുംകറികളുംവച്ചുചമച്ചു
ചോമാതിരിമാരുംവന്നുശ്രമിച്ചു
ഭട്ടതിരിമാരുംനമ്പൂതിരിമാരും
പട്ടന്മാരുംതുളുനമ്പിമാരും
ഊട്ടുപുരയിൽസ്ഥലംവെച്ചിരുന്നു
നാട്ടുപട്ടന്മാർപുറത്തുമിരുന്നു
നീളെയിലവെച്ചുചോറുംനിരന്നു
നീക്കംവരാതങ്ങുസദ്യകഴിഞ്ഞു
വെററിലപാക്കുംപണങ്ങളുംനൽകി
വേണ്ടുന്നപട്ടുംപുടകയുംനൽകി
നിത്യവുമിങ്ങനെചട്ടങ്ങളെല്ലാ-
മെത്രയുംവിസ്മയമെന്നുചൊല്ലാം
പത്തുമാസങ്ങൾതികഞ്ഞുനൃപന്റെ
പത്നിക്കമപ്പോൾപ്രസവമടുത്തു
ഇഷ്ടജനങ്ങളോടൊന്നിച്ചുമെല്ലെ
ഈററില്ലംതന്നിലകത്തുകടന്നു
അച്ചിമാർവന്നുനിറഞ്ഞുതുടങ്ങി
മച്ചിമാരങ്ങുമറഞ്ഞുതുടങ്ങി
വൃദ്ധന്മാർവന്നുകലമ്പിത്തുടങ്ങി
ബദ്ധപ്പെട്ടോരോന്നുരത്തുതുടങ്ങി
നെല്ലുമരിയുംനിറപറവെച്ചാൻ
തെല്ലുമെൻമക്കളേതാമസിക്കേണ്ടാ
ഈററനോവങ്ങുവരുന്നൊരുനേരം
ഏറവുനില്ലേണ്ടാമകളേ! പതുക്കെ
കാററുകൊള്ളാതങ്ങിരുന്നാലുമിപ്പിള്ളേ
ചോററിന്നുട്ടതെന്നുതോന്നുന്നുകണ്ടാൽ
താണുവയറൊന്നിടിഞ്ഞുകൂടി
താമസമില്ലിനിത്താഴെക്കിടക്കാം
അയ്യോചരിഞ്ഞുകിടക്കൊല്ലപിള്ളേ
കയ്യൊന്നുകുത്തിയപ്പൊക്കിക്കൊൾക
കാലുരണ്ടുമൊറുനീട്ടിക്കൊണ്ടാലും
കാലമായില്ലകരയെക്കമിപ്പിൻ
കത്തിയിരുന്നുപ്രസവിച്ചുവെന്നാൽ
കുഞ്ഞിന്റെമുഞ്ഞിനിലംകുത്തിപ്പോമേ
പിമ്പിലിരുന്നുമുതുകുപിടിപ്പാൻ
ചെമ്പിറന്നോരാരുമില്ലേകണക്കിൽ?
എന്തൊരുകഷ്ടമിപ്പെണ്ണുങ്ങൾക്കിപ്പോൾ
എന്തെന്നുമേതെന്നുമില്ലൊരുവസ്ഥ,
വേദനയങ്ങുതുടങ്ങുന്നനേരം
വേഗേനചെന്നുപുറംതിരുമ്മേണം
മേല്പോട്ടുശ്വാസമയക്കുന്നതിപ്പോൾ
മെല്ലവേകീഴ്പ്പോട്ടമർത്തുകൊണ്ടാലും
കമ്പിട്ടിരുന്നാലപായവുമുണ്ടല്ലോ
തമ്പുരാട്ടിക്കുംചെറുപ്പമിതല്ലോ
അച്ചിമാരെന്തോന്നനങ്ങാത്തതിപ്പോൾ
പച്ചിലകൊണ്ടന്നുതാഴെപ്പിടിപ്പിൻ
പിള്ളത്തലചെറ്റുകണ്ടുതുടങ്ങി
പിന്നോട്ടുമാറിയിരിക്കെന്റെപിള്ളേ
പ്രസഭമിങ്ങിനെനാരീജനത്തിന്റാരവ- [ങ്ങൊക്കെ
പ്രസവമന്ദിരമങ്ങുമുഴങ്ങുന്നുപുഴങ്ങുന്നു,
പ്രസവകാലവുംവന്നുലഗ്നമുള്ളസമയത്തിൽ
പ്രസവിച്ചുരാജപത്നിപ്രയാസമെന്നിയേതന്നെ
പുത്രനല്ലപിറന്നതുംപുത്രിയെന്നിങ്ങിനെകേട്ടു
തത്രമേവുന്നതരുണിമാർപറഞ്ഞങ്ങുമഹാരാജൻ
പുത്രിയെന്നാലതുതന്നെവേണ്ടതിപ്പോളിനി- [മേലിൽ
പുത്രരുണ്ടാമിവൾക്കിപ്പോൾചെറുപ്പമല്ലയോ- [ചൊൽവിൻ
എത്രയുംപ്രീതിയുണ്ടായിനമുക്കെന്നുവേഗമാ- [ന്നേ
ചിത്തമേററംപ്രസാദിച്ചുപെട്ടകങ്ങൾതുറന്നാശു
വന്നുകേൾപ്പിച്ചവർക്കെല്ലാംപൊന്നുകൊണ്ടുവരി- [ഷിച്ചു
മന്നിലുള്ളമഹീദേവന്മാർക്കുപട്ടുംപുടകയും
പൊന്നുകൊണ്ടുള്ളലങ്കാരമ്പിന്നെയുമ്പിന്നെ- [യുംനൽകി
പൊന്നണിഞ്ഞഗോസഹസ്രംപ്രദാനംചെയ്തിതു- [ഭൂപൻ
ജാതകർമ്മാദിയായുള്ളകർമ്മമെല്ലാമനുഷ്ഠിച്ചു
ജാതകത്തെഗണിതക്കാരോട്ടുചെമ്മേവിചാ- [രിച്ചു
ഏതുമില്ലദോഷമെന്നങ്ങവരുംചൊല്ലിനാര- [പ്പോൾ
പ്രീതിപൂണ്ടുവേഗവാരുംവസിച്ചുകൌതുക- [ത്തോടെ
ഹരിണവണ്ണമുള്ളോരുമകൾജനനമായപ്പോൾ
ഹരിണിയെന്നുപേരിട്ടുവിരവിലാദരവോടെ
ക്രമത്താലാറുമാസത്തിൽചോറുമുണ്ടുടൻകാട്ടു- [ന്നോരങ്ങു
സമർത്ഥസ്ത്രീകളെക്കൊണ്ടുവളർത്തുകൊള്ളുക- [illegible]

ചമച്ചുമോതിരമ്മിങ്കൈയരഞ്ഞാണങ്കാൽചില
[മ്പും
ലാളിച്ചുമന്നവന്തന്റെപുത്രിതന്റെഗുണങ്ങൾകൊണ്ടു
സമത്തിലുള്ളൊരുബാലപ്പെൺകിടാങ്ങളോടുകൂടി
സമസ്തക്രീഡയുമാടിക്രമത്താലെവളരുന്നു
തരുണന്മാരുടെചിത്തംകവർന്നുകൊള്ളുവാൻ
ഗുരുവൈദഗ്ദ്ധ്യമുള്ളൊരുയൗവനംവന്നുകമ്പുക്ക
ചരണപാണിപത്മങ്ങളധരവുമിവയെല്ലാം
അരുണകോമളമായിവിരിഞ്ഞുമാറിടംതിങ്ങി
ച്ചുരുങ്ങിമദ്ധ്യമന്നേരംകനത്തുശ്രോണിബിംബ-
(വും
മുഴുത്തുകൊങ്കകൾമാറിൽത്താമരമൊട്ടുകൾ-
(പോലെ
ഉരുണ്ടുകൈകളുംകാലുംനയനങ്ങളിടമ്പെട്ടു
വരേണ്ടുന്നഗുണമെല്ലാംവന്നുചേർന്നവഴിപോലെ
അക്കാലമങ്ങുഹിരണ്യപുരത്തിനി-
ല്പുക്കോട്ടുമേവുന്നദീർഘജംഘാഖ്യനാം
നക്തഞ്ചരാധിപൻതന്നുടെപുത്രനാ-
യ്ക്കുംജനിച്ചിതുദുർമ്മദൻദുർമ്മതി,
തുംഗഘോരാകാരനായുള്ളപുത്രനു-
പിംഗാക്ഷനെന്നുപേരിട്ടുനിശാചരൻ
അംഗങ്ങളെല്ലാമൊരഞ്ജനക്കുന്നിന്റെ
ശൃംഗങ്ങൾപോലെകറുത്തിരുണ്ടങ്ങിനെ,
ചെമ്പിച്ചകേശങ്ങൾവമ്പിച്ചമസ്തകം
ചെമ്പരത്തിക്കുസുമങ്ങൾപോൽകണ്ണുകൾ
അമ്പിളിപോലെവളഞ്ഞുള്ളദംഷ്ട്രങ്ങ-
ളമ്പനത്താലങ്ങൾപോലെകരങ്ങളും,
കൊമ്പൻകൊലയാനതന്റെകൂർത്തുള്ള
കൊമ്പുകൾരണ്ടുംപിടിച്ചുപൊക്കിക്കൊണ്ടാ-
നമ്പത്തുചുററിയെറിഞ്ഞുമ്പിടിച്ചുകാ-
ളിമ്പംതുടങ്ങിചെറുപ്പത്തിലേശാൻ;
ഉമ്പർകലത്തിനുംമർത്ത്യവൃന്ദത്തിനും
കമ്പമനക്കാമ്പിലേററംവളർന്നിതു
സമ്പത്തശേഷംനശിപ്പിപ്പതിന്നൊരു
ചെമ്പൻപുറപ്പെട്ടുപിംഗാക്ഷരാക്ഷസൻ
ദീർഘജംഘാഖ്യനാമച്ഛനെപ്രാപിച്ചു
ദീർഘംനമസ്കൃതിചെയ്തുപിംഗാക്ഷനും,
മൂർഖതയോടെപറഞ്ഞുതുടങ്ങിനാൻ
"കേൾക്കമേവാക്കുകൾതാത!മഹാമതേ!
ഭക്ഷണമല്ലാതെമറെറന്തുകക്ഷിക്കു
രക്ഷണംജീവജന്തുക്കൾക്കുഭൂതലേ
ലക്ഷണംനോക്കിപ്പുറപ്പെട്ടുഞാനിനി
തൽക്ഷണംമന്നിലുംമററുള്ളദിക്കിലും
രാക്ഷസന്മാരോടുകൂടെപ്രവേശിച്ചു
രൂക്ഷകർമ്മങ്ങൾതുടങ്ങാതടങ്ങുമോ?
കാൽക്ഷണംകൊണ്ടുമനുഷ്യരെക്കൊല്ലുന്ന-
തീക്ഷണംചെയ്യേണമെങ്കിൽപുറപ്പെടാം
മാനുഷന്മാരുടെമാംസവുംചോരയും
ഞാനശിക്കുമ്പോൾകണികാട്ടുവാനിങ്ങു
മാനിച്ചുകൊണ്ടുവരുന്നുണ്ടുതാത.നി-
സ്ഥാനംതപിതന്നാലുമായോടേസമം

താടിയുംനീട്ടിത്തപംചെയ്തിരിക്കുന്ന
താപസന്മാരെപ്പിടിച്ചുനിർത്തിക്കൊണ്ടു
താഡിച്ചുതാഡിച്ചുകൊല്ലുന്നനേരത്തു
പേടിച്ചുപേടിച്ചുമണ്ടുന്നതാപസ-
ശ്രേഷ്ഠമാങ്കുണ്ണിമാരേയുംപിടിപെട്ടു
കണ്ടാലവർക്കൊട്ടുജന്മിതമുണ്ടെങ്കിൽ
വേണ്ടാനമുക്കെന്നുപേക്ഷിക്കയില്ലഞാൻ
മിണ്ടാതെനില്ലെന്നുചൊല്ലിപ്പിടിച്ചിങ്ങു
കൊണ്ടുവരുന്നുണ്ടുകണ്ടുകൊൾകഭവാൻ
കഷ്ടതമേറുന്നമർത്ത്യപ്പുഴുക്കളെ
കണ്ടെത്തുമെങ്കിൽകരസ്ഥമാക്കിക്കൊണ്ടു
കണ്ഠത്തിൽനല്ലപാശംകൊണ്ടുബന്ധിച്ചു
കണ്ഠത്തിലിട്ടിഴയ്ക്കുന്നതുമുണ്ടുഞാൻ
പണ്ടുപണ്ടേനമുക്കുള്ളകൃത്യങ്ങളെ
കണ്ടുഗ്രഹിച്ചിതോതാതനെന്നുനമ്മൊടു
കണ്ടുനില്ക്കുംകൊലകിങ്കരന്മാർകരം
കൊണ്ടുതൊഴുതുചോദിക്കമാറാകുവൻ
വേണ്ടുംവിധങ്ങളിലുണ്ടുപ്രയോഗങ്ങൾ
കണ്ടുഗ്രഹിച്ചങ്ങുകൊണ്ടുപോവാൻരുചി-
പ്പൂണ്ടചപലജനമുണ്ടുനടക്കുന്നു
തണ്ടുതപ്പിത്തരംകൊണ്ടുഫലമില്ല;
മണ്ടിയൊളിക്കുന്നകണ്ടിവർകേറിയ-
തെണ്ടിപ്പിടിപെട്ടുകൊണ്ടിങ്ങുപോന്നുഞാൻ
ശണ്ഠിതമോരോന്നുമണ്ടിത്തുടങ്ങിയാ-
ലണ്ടിച്ചപ്പിക്കുന്നതുണ്ടിന്നുനിന്നയം
രണ്ടുകാലങ്ങളെക്കൊണ്ടുംപുണരുവാ-
നുണ്ടുമനസ്സെങ്കിലിങ്ങുവരുത്താതെ
രണ്ടുനേരന്നിറയുണ്ടുവാണീടുവാൻ
വേണ്ടുന്നതൊക്കവേകൊണ്ടന്നുനൽകുവൻ
ശൃംഗാരലീലകൾപിംഗാക്ഷനില്ലെന്നു
ചെങ്ങാതിമാരായനിങ്ങൾശങ്കിക്കേണ്ട
ഞങ്ങളൊന്നോരോതരങ്ങാതിരിക്കുംക-
രങ്ഗാക്ഷിമാരന്റെശൃംഗാരമോടിയും
സംഗീതസാഹിത്യഭംഗിവിധങ്ങളും
മങ്ങാതെകണ്ടെങ്കിലംഗീകരിപ്പതി-
ന്നെങ്ങുംതടവില്ലനംഗനുപോലുമീ-
ഭംഗിവരത്തില്ലഭംഗിവാക്കില്ലെടോ!
ഇത്ഥംപറഞ്ഞുനിശാചരന്മാരൊടു
മൊത്തുപുറപ്പെട്ടുപിംഗാക്ഷരാക്ഷസൻ
ഉദ്ധതാഡംബരംമന്നിലുംവിണ്ണിലും
ബദ്ധരോഷാതടംസഞ്ചരിച്ചീടിനാൻ
വൃദ്ധബാലാദിയാംമർത്ത്യവൃന്ദത്തിന്റെ
മൂർത്തിപിടിച്ചുകടിച്ചുപിളർന്നുടൻ
ക്രൂരദന്തങ്ങളിൽകോർത്തുകൊണ്ടങ്ങിനെ
പാർത്തലംനീളവേപാഞ്ഞുനടക്കയും
താർത്തേൻമിഴികളെത്തേടിപ്പിടിച്ചുകാ-
മാർത്തതവന്നടിച്ചാർത്തമോദംമഹാ-
ധൂർത്തനാമാശരഞ്ചേർത്തുപുണർന്നന്ത-
ന്നാർത്തിയെല്ലാമശ്രുതീർത്തുവിടുകയും
തീർത്ഥസ്ഥലങ്ങളിൽമൂത്രംപൊഴിക്കയും
തീർത്ഥകന്മാരെപ്പിടിച്ചുഭക്ഷിക്കയും

പാർത്ഥിവന്മാരുടെപത്തനംകത്തിത്ത-
കത്ത്രുതിമത്തുടൻതീവെച്ചെരിക്കയും
സത്രങ്ങളിൽചെന്നുസത്രംവിരോധിച്ചു
തത്രമേവുംബഹുശ്രോത്രിയന്മാരെയും
ശാസ്ത്രിജനത്തെയുംസാത്വികളായുള്ള
ധാത്രിസുരേശ്വരന്മാരെയുംനിഗ്രഹി-
ച്ചാർത്തുവിളിച്ചുകളിച്ചുപുളച്ചുകൊ-
ണ്ടേറ്റംകോലാഹലംസഞ്ചരിച്ചീടുന്ന
രാത്രിഞ്ചരേന്ദ്രൻറെദുഷ്ടകർമ്മംകൊണ്ടു
ധാത്രിതലങ്ങളിൽധർമ്മവുംകർമ്മവും
നഷ്ടമായെന്നല്ലനല്ലപെണ്ണുങ്ങളും
ശിഷ്ടജനങ്ങളുംനെല്ലുംധനങ്ങളും
തുഷ്ടിയുംപുഷ്ടിയുമഷ്ടിയുമിഷ്ടിയും
വൃഷ്ടിയുംകൃഷിയുംനഷ്ടമായ്വന്നിതു
നഷ്ടിപിടിപെട്ടനാനാജനങ്ങളും
കാട്ടിലുംവീട്ടിലുംനിന്നുപുറപ്പെട്ടു
കാട്ടിലുംകോട്ടിലുമോരോതരംമല-
മൂട്ടിലുംതോട്ടിലുംപുക്കൊളിച്ചീടിനാർ
ശക്രൻറനാട്ടിലുംചെന്നുനക്തഞ്ചരൻ
വിക്രമമോരോന്നുകാട്ടിത്തുടങ്ങിനാൻ
നിഷ്കുടംപുക്കുടൻദുർഘടൻദുർമ്മുഖൻ
മർക്കടംപോലെമുടിച്ചുതുടങ്ങിനാൻ
ഇക്കണക്കുള്ളൊരുദുഃഖത്തിനൊക്കവേ
മുഖ്യന്നിയാളാകുമുർവ്വശിതന്നുടെ
ഉഗ്രമായുള്ളശാപംനിമിത്തമെ-
ന്നിക്കഥകൊണ്ടുദ്ദീക്ഷിക്കനുദേവകൾ;
പിന്നെയുംപോന്നിതുപിംഗാക്ഷരാക്ഷസൻ
കന്നിടംതന്നിൽനടക്കുംദശാന്തരേ
ഉന്നതമാകുംവിദേഹരാജാവിന്റെ
മന്ദിരംതന്നിലുംചെന്നുപുക്കീടിനാൻ
അന്നേരമങ്ങുഹരിണീകുമാരിയും
തന്നുടെചങ്ങാതിമാരുമൊരുമിച്ചു
ചന്ദനപ്പൂങ്കാവുതന്നിൽകളിക്കുന്നു
ഉത്സവംതങ്ങളുമേറ്റുസുഖിക്കുന്നു
പന്തുകളാടുന്നുപുഷ്പങ്ങൾചൂടുന്നു
ചിന്തുകൾപാടുന്നുമേളങ്ങൾകൂട്ടുന്നു
ചന്തമോടിങ്ങനെമേവുംഹരിണിതൻ
കാന്തിവിശേഷങ്ങൾകണ്ടുനിശാചരൻ
പഞ്ചബാണൻറെശരങ്ങളേറ്റന്തികേ
സന്താപമുൾക്കൊണ്ടൊളിച്ചുനിന്നാനവൻ
പന്തണിക്കൊങ്കപാർമൌലിയിവൾമമ
കാന്തയായ്വന്നെങ്കിലെത്രമഹോത്സവം
ചിന്തിച്ചുസംഭോഗമെല്ലാമിനിക്കിന്നു
സാധിക്കമാറുള്ളസംഗതിവന്നിതു
ഏന്തിവരുതാമസിക്കുന്നുഞാനെന്നുകൊ-
ണ്ടന്തികേനിന്നുപറഞ്ഞുബോധിപ്പിച്ചു
സമ്മതത്തോടെലഭിക്കയോവേണ്ടതു
നിർമ്മരിയാദംപിടിക്കയോവേണ്ടതു
സമ്മതമെങ്കിലതുതന്നെയെന്നിയേ
സമ്മതമല്ലെങ്കിലാശുഹരിക്കയും
മന്മനോമോഹംലഭിക്കാതെപോയെങ്കിൽ
മന്മഥൻനമ്മെത്തരംകെടുക്കുംശഠൻ
ഇത്തരംചിന്തിച്ചുനക്തഞ്ചരാധമൻ
സത്വരംചെന്നുപറഞ്ഞുതുടങ്ങിനാൻ
ഉത്തമസ്ത്രീമണേ!കന്യകാരത്നമേ!
നക്തഞ്ചരേന്ദ്രനാമെന്നെനീകാൺകെടോ
എത്രയുംസുന്ദരൻഞാനെന്നറികനീ
നേത്രാംബുജങ്ങൾമിഴിച്ചുനോക്കീടുക
രാത്രിഞ്ചരന്മാർക്കെജമാനനേഷഞാൻ
ധാത്രിയുംപാതാളദേവലോകങ്ങളും
ഇത്രിലോകങ്ങളെല്ലാംജയിച്ചീടുന്ന
ശക്തിമാനാമെൻറഭാര്യയായ്വാഴ്കനീ
സക്തിയുള്ളൊരുപിംഗാക്ഷനാമെങ്കൽ
വിരക്തികാട്ടീടൊലാകഞ്ജായതേക്ഷണേ!
സംഗാഗ്രഹംകൊണ്ടിവണ്ണംപറയുന്ന
പിംഗാക്ഷനെക്കണ്ടുപേടിച്ചുകന്യയും
ചങ്ങാതിമാരുംഭയന്നുവിയർത്തീട്ടു-
മംഗംതളർന്നുകരഞ്ഞുവിരണ്ടഹോ
തിങ്ങിനസങ്കടംപൂണ്ടങ്ങെഴുന്നേറ്റു
മങ്ങിനഭാവേനപോവാൻതുടർന്നപ്പോ-
ളിങ്ങുവാടീ!മഹാമോഷിയായുള്ളനീ
എങ്ങുപോവാൻതുടങ്ങുന്നുമമപ്രിയേ!
എന്നുപറഞ്ഞുകരത്തിലെടുത്താശു
കന്യയെക്കൊണ്ടുതിരിച്ചിതുമേല്പോട്ടു
ആകാശമാർഗ്ഗത്തൂടെയന്നുനിശാചരൻ
ഹാകാരമോടുകരഞ്ഞിതുകന്യകാ
അയ്യോ!ജനക!ജനനി!സഖികളേ!
അയ്യോ!ശിവശിവ!ദേവീ!വിശ്വംഭരേ!
അയ്യോ!ഗൃഹോദ്യാനദേവതാവർഗ്ഗമേ
അയ്യോ!മഹാമഹീദേവവൃന്ദങ്ങളേ
അയ്യോ!ഗുരുവരന്മാരേനമുക്കിന്നു
ദുർയോഗമിങ്ങനെവന്നുകപ്പെട്ടിതോ!
അയ്യോമഹാഘോരരാക്ഷസൻതന്നുടെ
കയ്യിലായ്വന്നുഞാനിന്നുമാലോകരേ!
ഏവംവിളിച്ചുകരയുന്നകന്യയെ
ദേവമാർഗ്ഗേണകൊണ്ടങ്ങുമണ്ടിദ്രുതം
കേവലംനല്ലൊരുകാട്ടിൻനടുവിലെ
ഭൂവലയത്തിലിറക്കിപ്പതുക്കവേ
ഏറ്റംമിനുപ്പുള്ളപാറമേലന്മോടു
കേറിയിരുത്തിക്കനിവോടുരാക്ഷസൻ;
മാറ്റിത്തമുള്ളവൻകന്യകാരോദനം
മാറ്റിവെയ്പാൻപ്രയത്നംതുടങ്ങീടിനാൻ;
അക്കാലമിങ്ങയോദ്ധ്യാപുരംവാഴുന്ന
ചൊല്ക്കൊണ്ടമന്നരിൽമന്നൻമഹാരഥൻ
ശക്തൻവസുമനസ്സെന്നുപേരായവൻ
മുക്തസന്ദേഹൻമുകുന്ദസേവാപരൻ
വിത്തസമ്പത്തിനാൽവിത്തേശസന്നിഭൻ
നിത്യധർമ്മംകൊണ്ടുധർമ്മരാജോപമൻ
തത്വബോധത്താൽബ്ബൃഹസ്പതിക്കൊത്തവൻ
സത്വഗുണംകൊണ്ടുവിഷ്ണുതുല്യോദയൻ
ശാസ്ത്രവിജ്ഞാനേനശംഭുതുല്യൻനല്ല
ശസ്ത്രാസ്ത്രവിദ്യയാർഭാർഗ്ഗവൻതാനവൻ

ഗാത്രസൗന്ദൎയ്യേണകാമദേവോപമൻ
ഗോത്രശുദ്ധ്യാപരമേഷ്ഠിക്കുസന്നിഭൻ
വീൎയ്യവുംവിദ്യാവിവേകവുംശൗൎയ്യവും
കാൎയ്യബോധങ്ങളുംധൈൎയ്യഗാംഭീൎയ്യവും
വൈൎയ്യപായംവരുത്തീടുവാനെത്രയും
ക്രൌൎയ്യവുംകീൎത്തിയുമോൎത്താൽമഹീതലേ
സൂൎയ്യവംശത്തിൽജനിച്ചതിന്നേതുമെ
പോരായ്കയില്ലെന്നുചൊല്ലുന്നുസജ്ജനം
മന്ത്രജ്ഞനാകുംമഹീശനുചേരുന്ന
മന്ത്രീശ്വരന്മാരുമാരുംകുറവില്ല
ബന്ധുക്കളുംനല്ലസേനാപതികളും
സിന്ധുപ്രമാണംപുരുഷകാരങ്ങളും
പൂജ്യതപമേറുംദ്വിജന്മാരുമുള്ളൊരു
രാജ്യത്തിനേതുമനൎത്ഥമില്ലെങ്ങുമേ;
ആജ്യവുമന്നവുംതങ്ങളിലുള്ളൊരു
യോജ്യംകണക്കേന്നുപരംപ്രജകൾക്കും
ചേൎച്ചയുണ്ടെന്നാകിൽനാട്ടിലൊരേടവും
ചോൎച്ചയുണ്ടാകയില്ലെന്നതുനിൎണ്ണയം
ചാൎച്ചയുള്ളാളുകൾവന്നുകലമ്പുന്ന
തോൎച്ചയുണ്ടാകിലേരാജ്യശുഭംവരൂ;
പെണ്ണുങ്ങളോടുവിചാരിച്ചകാൎയ്യങ്ങൾ
നിൎണ്ണയിച്ചീടുംപ്രഭുക്കളെക്കാൾപച്ച-
മണ്ണുകൊണ്ടുള്ളകുടത്തിനാപ്പേറു-
മെന്നുചൊല്ലുന്നുമഹത്വമേറുന്നവർ;
കാൎയ്യാധികാരിയെക്കണ്ടാൽനമുക്കിന്നു
കാൎയ്യങ്ങൾസാധിക്കവൈഷമ്യമായ്വരും
നാണിയെക്കണ്ടാലെളുപ്പമാമെന്നൊരു
നാണിയംനാട്ടിൽനടത്താതിരിക്കണം;
നാട്ടിന്നധീശനാകുമ്പോൾനടേതന്നെ
പാട്ടിലാക്കേണംവിചാരമുള്ളോൎകളെ;
നാട്ടിലെവാൎത്തകളെല്ലാമവരോടു
കേട്ടുഗുണദോഷമെല്ലാംവിചാരിച്ചു
പട്ടാങ്ങുചേരുന്നപോലെനടത്തുവാ-
നഷ്ടാംഗയോഗിക്കുപോലുമെളുതല്ല
കേട്ടതുംകണ്ടതുംകാട്ടിത്തുടങ്ങിയാൽ
കാട്ടുകോഴിക്കെന്തുസംക്രാന്തിയെന്നപോൽ
നാട്ടുകാരാരുംയജമാനനെച്ചെറു
കൂട്ടാക്കുകില്ലെന്നുവന്നുപോകുംക്രമാൽ;
കൂട്ടങ്ങളീവകയൊന്നുംവസുമതീ
ശ്രേഷ്ഠഭൂപാലന്റെനാട്ടിലില്ലെങ്ങുമേ
വേട്ടയ്ക്കുവേണ്ടുന്നവട്ടങ്ങളൊക്കവേ
കൂട്ടിപ്പുറപ്പെട്ടുഭൂപാലപുംഗവൻ;
നാട്ടിൽനായന്മാരശേഷംവിളികൊണ്ടു
വീട്ടിൽനിന്നൊക്കെപ്പുറപ്പെട്ടൊരുങ്ങുന്നു;
കാക്കരെന്മാരെങ്ങുപോയിതനിക്കുള്ള
തോക്കുംനമുക്കുതരാമോതനിക്കെടോ?
തോക്കതൊന്നങ്ങൊരുകൊങ്ങിണിച്ചെട്ടിക്കു
ള്ളുക്കപ്പുകയിലക്കായിട്ടുവിറ്റുപോയ്
എന്തിനുപാഴിൽകുരളപറയുന്നു
കോന്തിപ്പണിക്കരെച്ചെന്നുകൊടുത്തൊരു
കുന്തംപകരമായ്മേടിച്ചുതാനതു
ചന്തമില്ലെന്നിട്ടുവെച്ചിരിക്കുന്നുപോൽ;
തമ്പുരാൻകല്പിച്ചുവൈകാതെവേട്ടയ്ക്കു
വമ്പരായുള്ളവർവന്നീടണമെന്നു
വമ്പിനിക്കുണ്ടെന്നുതമ്പുരാൻബോധിച്ചു
വമ്പുലിയെപ്പണ്ടുകുത്തിപ്പിളൎക്കയാൽ,
ജന്നിച്ചുതാൻപണ്ടുവേട്ടയ്ക്കുപോയന്നു
പന്നിയെക്കണ്ടുപടലിലൊളിച്ചുതാൻ
അന്നുപിടിച്ചകുഴലപ്പനിതനി-
ക്കിന്നുംപൊറുത്തീലമിണ്ടാതിരിക്കെടോ!
പാൎത്താലുമിന്നുഞാൻപന്നിത്തടിയനെ
കൂൎത്തുള്ളകുന്തത്തിനഗ്രമുനകൊണ്ടു
കോൎത്തുകളിപ്പിച്ചതില്ലെങ്കിലെന്റപേർ
കൊമ്മച്ചനെന്നങ്ങുചൊല്ലാമിണങ്ങരേ!
ലന്തക്കുഴലൊന്നുകിട്ടിയതെങ്കിലോ
തന്തപ്പുലിയെവെടിവെച്ചുകൊല്ലുവാ-
നന്തരമില്ലെന്റവില്ലുംകണകളും
വെന്തുപോയീവീടുപണ്ടുദഹിച്ചന്നു
കാട്ടുജന്തുക്കളെക്കൊല്ലുവാൻനല്ലൊരു
ചാട്ടുകുന്തംപണ്ടുകൊണ്ടുഞാനായതും
ചേട്ടനൊരുകുറിവേട്ടയ്ക്കുകൊണ്ടുപോ-
യ്ക്കാട്ടിൽകളഞ്ഞേച്ചുവീട്ടിൽവന്നാനവൻ
ആയുധംകൂടാതെതാനെന്തെടോകാട്ടിൽ
നായാട്ടിനായ്പുറപ്പെട്ടതുനായരേ
വായുംപിളൎന്നുകടുവാവരുന്നേര-
മായുധമുണ്ടെങ്കിലോട്ടുവാൻദുൎഘടം;
വീട്ടിലിരുന്നുപൊറുപ്പാനിനിക്കിടം
വീട്ടിയല്ലാതെചിതംവരത്തില്ലെടോ!
പട്ടരച്ചൻവന്നുപാടുപാൎക്കുംപണം
കിട്ടാതപോകയില്ലദ്ദേഹമിന്നുഞാൻ
വേട്ടയ്ക്കുപോവാനൊരുങ്ങുന്നനേരത്തു
പട്ടരച്ചൻമരിപ്പാൻവരുമപ്പൊഴേ
എട്ടുരാശിപ്പണമിപ്പോളിരട്ടിച്ചു
മുട്ടിച്ചുപോകുന്നതുകുറവല്ലെടോ
കല്പനവന്നതുകേട്ടിലയോനിങ്ങൾ
കാരിയക്കാരൻകലമ്പിത്തുടങ്ങിയാൽ
നില്പാനൊരേടത്തുസംശയിക്കില്ലെടോ!
സത്ഭാവമാരുംതുടങ്ങേണ്ടിണങ്ങരെ
നായ്ക്കളെയെല്ലാംവിളിച്ചുവരുത്തുവിൻ
നായാട്ടിനങ്ങുനടപ്പിൻമടിക്കാതെ
കേളനെന്നുള്ളനായെങ്ങുതനിക്കുള്ള
കാളനെന്നുള്ളനായെങ്ങെടോനമ്മുടെ
വാലുമുണ്ടന്നായ്ക്കുകാലുമുടക്കമായ്
നാലുമാസമുണ്ടനങ്ങാതെപാൎക്കുന്നു;
വട്ടച്ചെവിയനെക്കൊണ്ടുപുറപ്പെട്ടു
വേട്ടയ്ക്കിറങ്ങുന്നനേരന്തനിക്കുള്ള
കുട്ടിപ്പുലിയനെക്കെട്ടഴിച്ചെങ്കില-
പ്പട്ടികൾതമ്മിൽകടിതുടങ്ങീടുമേ

വട്ടക്കണ്ണനുകണ്ടംചാത്തനുംകുരുമനും
കുട്ടിപ്പാണ്ടനുമ്പിന്നെക്കുറുമോന്തപ്പട്ടിതാനും
കൊട്ടുകാലനുംവാലുമുറിയനുംവെള്ളനായും
കുട്ടിത്തൊമ്മനുംകൂടിക്കുരച്ചുകൊണ്ടടുക്കുമ്പോ-

ളെട്ടടിക്കിലുമങ്ങുജനമെല്ലാംനോട്ടങ്ങടിപ്പോ–
മൊട്ടുംസംശയംവേണ്ടാനടന്നാലുംഭടന്മാരെ
നായാട്ടിന്നൊരുമ്പെട്ടുനടകൊണ്ടുപലക്കൂട്ടം
നായന്മാരൊരുമിച്ചുപറകൊട്ടിപ്പുറപ്പെട്ടു
നായുംക്കൂട്ടവുംനല്ലവലക്കെട്ടുംവലക്കോലും
ആയുധങ്ങളുംകയ്യിലിളക്കിക്കൊണ്ടവർചെന്നു
കോയിക്കല്പുകംപുക്കുതമ്പുരാന്മുഖംകാട്ടി
സ്ഥായിക്കൊരിവരുന്നതിരുവുള്ളംവഴിപോലെ
പോയിക്കാനനന്തന്നിൽവലകെട്ടിയുറപ്പിച്ചു
നായാടിപ്പരിഷകൾനടേതന്നെപലക്കൂട്ടം
ഭൂമിപാലനുമുന്നംവരുണന്താൻകൊടുത്തൊരു
ജീമൂതാഖ്യമാംദിവ്യക്കുതിരയുണ്ടതിരേകം
വേഗമേറുമശ്വത്തിൻമുതുകേറിമഹീപാലൻ
വേഗേനവനമ്പുക്കുവേട്ടയാടസ്സഞ്ചരിച്ചു;
പന്നികൾകരടികൾപുലികളുങ്കടുവായും
ചെന്നായ്ക്കുലകളുംവലകളിലകപ്പെട്ടു
മാനുകൾമഹിഷങ്ങൾശരഭങ്ങൾതരക്ഷുക്കൾ
ആനകളനവധിമഹാസിംഹങ്ങളുമിന്നെ
വള്ളിക്കഴകൾവള്ളിപ്പുലിപുള്ളിപ്പുലികളും
തുള്ളിച്ചാടിയോടുന്നമുയലുകൾമയിലുകൾ,
മുള്ളമ്പന്നികൾകള്ളക്കുറുനരിചെറുപന്നി
വെള്ളപ്പന്നികൾനിലക്കരങ്ങുകളിവയെല്ലാം
വള്ളിക്കൂട്ടുകൾകാട്ടുമ്പടലുംപുല്ലുകൾകല്ലും
തള്ളിക്കൊണ്ടങ്ങുമിങ്ങുംഭയപ്പെട്ടുമണ്ടുമപ്പോൾ
പക്ഷിവില്ലുലയേററിനരപതിശരമെയ്തു
കൊള്ളിച്ചുമൃഗങ്ങളെത്തുള്ളിച്ചുകടുഞ്ചോര–
ത്തുള്ളികളൊപ്പിനത്തിമുള്ളിലൊക്കവേചേർത്തു
പുല്ലിക്കാട്ടിലുംമുള്ളുവള്ളിക്കോട്ടിലുംതേടി
കണ്ടെത്തുംമൃഗത്തിന്റെകണ്ഠത്തിൽകണകൊണ്ടു
കണ്ടിച്ചുംകളിക്കുന്നുവില്ലന്മാരൊരുക്കൂട്ടം;
മല്ലന്മാർപലദിക്കിൽചെല്ലുന്നമൃഗങ്ങളെ
കൊല്ലുന്നുപിടിക്കുന്നു ചന്തക്കാരൊരുവക
കനക്കാരൊരുദിക്കിൽചത്തപന്നിയെച്ചെന്നു
കുത്തിക്കൊണ്ടോട്ടുകന്നുമലകളിലൊളിക്കുന്നു
കടുപുലികരികിടിപല പലകരടികൾ
വലകളിലകപ്പെട്ടുവലയുന്നുണ്ടൊരുദിക്കി–
ലലയുന്നുണ്ടൊരുദിക്കില്ലലശലിങ്ങിനെകാട്ടിൽ
പലവിധമിഴലുന്നവലപൊട്ടിച്ചോടീടുന്നു
തടിക്കാരനായിട്ടങ്ങൊരുത്തമ്പന്നിയെക്കണ്ടു
പേടിച്ചുപടലിൽപുക്കൊളിച്ചുകൊണ്ടിരിക്കു–
[മ്പോൾ
മോടിക്കാരനായിട്ടങ്ങൊരുത്തൻചെന്നുസൂക്ഷിച്ചു
താഴികണ്ടുടൻനിലക്കരങ്ങെന്നുനിരൂപിച്ചു;
മുഖത്തങ്ങുകഴൽചേർത്തുവെടിവെച്ചുകൊന്നുചെ–
[ന്നു
നോക്കുമ്പോളെന്റെചേട്ടൻപെട്ടുവെന്നുമുറയി–
[ട്ടാൻ;
പൊക്കത്തിൽകേറിനിന്നുകടുവായെവെടിവെ–
[പ്പാൻ
തക്കത്തിലുറപ്പിച്ചുപാർത്തിരുന്നാനൊരുവീരൻ
പൊക്കത്തിലൊന്നുചാടിക്കടുവാവന്നുടത്തപ്പോൾ
ചിക്കെന്നുഭയപ്പെട്ടുവിറച്ചുബോധവുംകെട്ടു
കാട്ടുപോത്തിനെക്കണ്ടുവിരണ്ടുംകൊണ്ടുമണ്ടുന്നു
കാട്ടാളനൊരുപൊണ്ണൻവലയിൽചെന്നകപ്പെട്ടു
കാട്ടുപന്നിയെന്നോർത്തുമറെറാരുത്തൻചെന്നു–
[കുത്തി
കോർത്തുപാർത്തുകണ്ടപ്പോൾചെണ്ടകൊട്ടിയെ–
[ന്നായി
തടിച്ചപന്നികൾപാഞ്ഞങ്ങടുക്കുമ്പട്ടികൾചാടി–
ക്കടിക്കുഞ്ചത്തുവീണങ്ങുകിടക്കുമ്പന്നിയെക്കെട്ടി
എടുക്കുംമറെറാരുക്കൂട്ടംമുടക്കുംതങ്ങളിൽതന്നെ
തടുക്കുംശണ്ഠയുമിട്ടുനടക്കുംതങ്ങടെനല്ല
മിടുക്കുംവീര്യവുമേററംതടിക്കുകള്ളമങ്ങൊട്ടു
കുടിക്കുംകാട്ടിൽവീണങ്ങുപിടിക്കുംമാംസവും–
[നന്നായ്
കിടയ്ക്കുമായത്തുകൊണ്ടുകടുക്കക്കോപമന്നേര–
മടിക്കുന്നമ്മിലിവണ്ണംഭടന്മാർക്കുള്ള ചട്ടങ്ങൾ

ഇപ്രകാരംപള്ളിവേട്ടയാടിക്കൊണ്ടു
തൽപ്രദേശങ്ങളിൽസഞ്ചരിച്ചിടുന്ന
വിപ്രദേവപ്രിയൻവീരൻമഹീപതി
വിപ്രലാപംതത്രകേട്ടുവനാന്തരേ
ക്ഷിപ്രംകുതിരമേലേറിനടക്കുന്ന
സുപ്രതാപൻനൃപൻചെന്നുനോക്കുംവിധൌ
അപ്രമേയാകാരശോഭാമൃതങ്ങൾകൊ–
ണ്ടപ്രദേശത്തെപ്രകാശമാക്കിടുന്ന
കന്യകാരത്നത്തെവീക്ഷണംചെയ്തിതു
ഖിന്നതപൂണ്ടുകരഞ്ഞുകൊണ്ടങ്ങിനെ
പിന്നെക്കുരുത്തിരുണ്ടഞ്ജനക്കുന്നോട്ടു
സന്നിഭനാകുന്നനക്തഞ്ചരനെയും
ധന്യനാഭൂപൻനരേന്ദ്രനരുൾചെയ്തു
“കന്യാശിരോമണേ!ഖേദിക്കവേണ്ടനീ
ഇന്നുഞാനീദുരാചാരനാംദുഷ്ടനെ
കൊന്നുടൻനിന്നെരക്ഷിക്കുന്നുണ്ടെടോ!
സൌരഭ്യമേറുന്നമുല്ലമാലാഗുണം
ക്രൂരനായുള്ളപുലിക്കുവേണ്ടുന്നതോ?
ആരെടാമൂഢാ!നിശാചരനില്ലെടാ!
പാരിടമെല്ലാമ്മുടിക്കുന്നനിന്നുടെ
അന്തകാലംവന്നടുക്കയാലീവണ്ണ–
മന്ധകാരംനിനക്കുള്ളിൽനിറഞ്ഞിതു;
അന്തകന്തന്നുടെവീട്ടിലേക്കുള്ളൊരു
പന്ഥാവുനോക്കിപ്പുറപ്പെട്ടനീശാം
ചാരത്തിൽമൂടിക്കിടക്കുന്നതീക്കട്ട
വാരിക്കരത്തിലെടുത്തുകൊണ്ടിങ്ങനെ
ദൂരത്തുനിന്നുവന്നിക്കാലമെന്നുടെ
ചാരത്തുനിന്നനീഭസ്മമാകുംദൃഢം.”
പെട്ടെന്നുഭൂപാലവാക്യങ്ങൾകേട്ടുടൻ
പൊട്ടിച്ചിരിച്ചുരചെയ്തുപിംഗാക്ഷനും
വിഡ്ഢിത്തമോരോന്നുരയ്ക്കാതെനില്ലെടാ
വഡ്ഢിക്കരങ്ങടിക്കൂട്ടുന്നതുണ്ടുഞാൻ
രക്ഷിപ്പതിന്നായിവന്നൊരുനിന്നെഞാൻ
ഭക്ഷിപ്പതിന്നായൊരുമ്പെട്ടുമാനുഷാ
ഇക്ഷിതിപാലനെത്തിന്നുനമുക്കിന്നു

കുക്ഷിപൂർത്തികൊൾകയോഗമുണ്ടായഹോ!
പെണ്ണിനെക്കണ്ടുകൊതിക്കകൊണ്ടിങ്ങിനെ
പൊണ്ണൻജളതപറഞ്ഞുപലവിധം
മണ്ണുന്തുരന്നുകിണററിൽകിടക്കുന്ന
മണ്ഡൂകമെന്തോന്നുകണ്ടറിയുന്നതും
മണ്ണിലുംവിണ്ണിലുംമററൊരേടത്തുമീ
പെണ്ണിനോടൊക്കുന്നപെണ്ണുങ്ങളില്ലെന്നു
ഖണ്ഡിച്ചുതന്നെകഥിക്കാംവൃഥാനിന്നു
ഭണ്ഡിച്ചുകൊള്ളാതെപൊയ്ക്കൊൾകനല്ലു നീ
കന്യയെപ്പാലിപ്പതിന്നുമോഹിച്ചു
കാലനൂർപോവാൻതുടങ്ങുന്നതത്ഭുതം
തന്നുടെശക്തിയറിയാതെനമ്മോട്
വന്നുകയർത്തുപറഞ്ഞതുംവിസ്മയം
നില്ലെടാനിന്നെകൃതാന്തനുനൽകുവാൻ
വില്ലെടാതെതന്നെസാധിക്കമിന്നെടാ
പല്ലിടതന്നിൽപിടിച്ചമർത്തിച്ചോര-
തെല്ലിടംതെകുടിച്ചീടുന്നതുണ്ടുഞാൻ.

മാനുഷകുലകീടകനിന്നുടെമൈഥിരമിത്രമ-
[തിമതികേൾ
ഞാനൊരുപശുവല്ലെടനിന്നുടെകടുമൊഴി-
[കേട്ടുസഹിപ്പാൻ
മാനമുടയനിശിചരകുലപതിതന്നുടെനന്ദന-
[നാകും
മാനുഷകുലകണ്ടകനക്ഷീണപിംഗാക്ഷാശര-
[വീരൻ
‘‘ജ്ഞാനതപൊരുകീടിനകുടിലനിശാചരനി-
[ല്ലെടമൂഢ!
വങ്കണികുഴൽമണിയെവലിച്ചുപിടിച്ചുവലി-
[ച്ചതുമൂലം
കണ്ടകതവകണ്ഠവിലുണ്ടാനമിന്നിഹവന്നുഭവി-
[ച്ചു
കണ്ടകപാടവികടകഠോരതകൊണ്ടിതുസംഗ-
[തിവന്നു
കുംഭിനികരകുംഭതടത്തിലടിച്ചുകടിച്ചുപിളർക്കും
ജൃംഭിതബലമുടയൊരുസിംഹമടുത്തുകടുത്തു-
[വരുമ്പോൾ
മുമ്പിലധികചപലതപെരുകിനകുറുനരിമറു-
[തലയാമോ?
വമ്പുകളിളമതിമതിമാനുഷ!ഭീഷണിനമ്മൊ-
[ടുക്രൂടം’’
‘‘നിശിചരകുലകീടക!നിന്നുടെവികൃതശരീ-
[രമിതിപ്പോൾ
നിശിതശിലീമുഖമുഖമേററു മുറിഞ്ഞുമുറിഞ്ഞു-
[പതിക്കും
ദിശിദിശിമരുവുന്നജനങ്ങടെസങ്കടമിന്നുശമിക്കും
ശശിമുഖിയുടെഹരണമിതുംബഹുഗുണഫലമെ-
[ന്നതുവന്നു
ഇത്തരമധമോത്തരവാക്കുകൾതമ്മിലുരത്തുക-
[യത്തും
യുദ്ധരസമിയന്നുമുതിർന്നമടിച്ചുപിടിച്ചുമുറിച്ചും
സത്വരതരമടവീതടങ്ങളിലുൾക്കടപടുരവ-
[ഘോഷം
തത്രകിമപിസമയമജായതസംഗരമധിക-
[വിശേഷം
മന്നവകുലമകുടശിഖാമണിവില്ലുകുലച്ചുവലിച്ചു
വഹ്നിശകലകലിതമതാകിനബാണമെടു-
[ത്തുതൊടുത്തു
ഉന്നതഗിരികഠിനനിശാചരവക്ഷസിവിര-
[വൊടുവിട്ടു
ഭിന്നാംഗനകളേബരനാമവനവനിയിൽവീണ-
[ടിപെട്ടു
അടവിതടവിടപികളഖിലമൊടിഞ്ഞുപൊ-
[ടിഞ്ഞുതകർന്നു
ചടചടകടുരടിതവുമുടനുടനവിടെനിറഞ്ഞു-
[കവിഞ്ഞു
പൊടിപടലികളുടമയിലുപരികിളർന്നുവളർന്നു-
[പരന്നു
വടിവൊടുപലകുലശലമൂലകതിലമ്പൊടുസം-
[ഭൂതമപ്പോൾ
നിശിചരവധമിങ്ങിനെചെയ്തൊരുഭൂതലപാ-
[ലനശീലൻ
ശശിമുഖിയുടെസവിധേചെന്നുകനിഞ്ഞുപറ-
[ഞ്ഞുപതുക്കെ
‘‘കൃശതനു!നനുഭീതികളഞ്ഞുതെളിഞ്ഞുവസി-
[ക്കസുശീലേ
വശഗതനാഹമഹിമകരാന്വയജാതമഹീപ-
[തിപുത്രൻ
തവപുനരിഹമെന്തൊരുകാരണമിങ്ങിനെസം-
[ഗതിവന്നു
കുവലയദളനയനേനിന്നുടെകുലമേതെന്നതു-
[ചൊൽക
അവികലഗുണശാലിനിനിന്നുടെതാതനുമമ്മ-
[യുമെങ്ങു
സുവിശദമതുചൊല്ലുകമമഹൃദികൗതുകമുണ്ട-
[തുകേൾപ്പാൻ

കാരികതാളം.

‘‘നിരുപമരൂപതേമമനിശമയവചനം
നരവരനയനാമൃതരസശരീര!
വിമലയശോരാശി വിദേഹനരേന്ദ്രൻ
മമജനകൻകേവലമവനിമഹേന്ദ്രൻ;
മമപുരിമലർവാടിയിലാളികളോടേ
സമമതിമതിമോഹനകേളികളോടേ
കിമപിസുഖിച്ചങ്ങിനെമേവിനനേരം
കുമതിനിശാചരനിവനുരുതരഘോരം
ഖലമതിചതിയാൽമമമുന്നിലടുത്തു
തലമുടിബതപിടിപെട്ടടനെയെടുത്തു
കുലമലയൊടുസന്നിഭനാകിനപാപീ,
പലപലകടുവാക്കുപറഞ്ഞിതുകോപീ,
വനതലഭുവികൊണ്ടിഹവന്നുദുരാശൻ
നനുതവശരമേററുമരിച്ചുനിരാശൻ
അനുപമകരുണാമൃതസാഗരസുമതേ!

...കുലമണിഭൂഷണ! സുന്ദര! നൃപതേ!
താവകകൃപകൊണ്ടിഹജീവിതലാഭം
കേവലമധുനാമമവന്നുസുശോഭം
പാവനചരിതെ! ഭവാന്മമശരണം
ജീവിതസമ! വിരവൊടുവരമാസ്വരണം.
പുരന്തന്നിൽമരുവുന്നജനകനുംജനനിയും
നരന്മാർനാരിമാരെന്നൊത്തിരയുന്നുകരയുന്നു
ചിരമോടെല്ലാരത്തിൻറെചരിതംപ്രശമി- [പ്പിപ്പാൻ
...തസിലെന്നെയങ്ങുകൊണ്ടുചെന്നുവഴി- [പോലെ
...സാസങ്കടംതീർത്തുപുനരെന്റെവിവാഹത്തെ
...ചൊടേഭവാന്തന്നെചെയ്തുകൊൾകമഹീ- [പാല!
പരമാനന്ദമെന്നാലെജനകനുംജനനിക്കും
പുരവാസിജനങ്ങൾക്കുംനമുക്കുംസംഭവിച്ചീടും
...പാലനരചെയ്തുനളിനദലലോചനേ! ബാലേ
...ന്നിനുടെഭാവമനുകൂലമിദമെങ്കിൽ
...നായിവരേണംഞാനെന്നുതന്നെമമമോഹം
...ന്നോരീസമേ! നിങ്കലനുരാഗമധികമമ
പരമന്തന്നോമലിവ്യത്തുരഗമുണ്ടിനിക്കിപ്പോൾ
...വാണിമണേനിന്നെപ്പുരിതന്നിലാക്കൊണ്ടു- [ചെന്നു
...വോടേവസിപ്പിച്ചുവരുമിങ്ങുസുഖമോടേ
...മൃകപാലേ! തരസാകോമളശീലേ!
...ഭ്രൂലതേ! നിന്റെസ്വയംവരംമഹാ- [ഘോഷം
...ണ്ടാനങ്ങുവളരെത്താമസമില്ല
...ണീനീനരേന്ദ്രന്മാർകണ്ടിരിക്കെകനിവോടേ
...ണെച്ചെയ്കവേണമമാന്നുനീയിന്നുപോ- [യാലും"
...സംഭ്രമിപാലന്റെഗിരകേട്ടുപ്രസാദിച്ചു
...ണിവാജിമേലേറിവസിച്ചുയാത്രയുംചൊല്ലി,
...ഗംധാവതിചെയ്തുവിദേഹന്റെപുരത്തിന്നിൽ
...ഞെന്നുനിന്നപ്പോളിറങ്ങികന്യകതാനും
...ഞ്ഞുപോന്നിതുവേഗാൽതുരഗംഭൂപതി- [തന്റെ
...കിൽവന്നുനിന്നപ്പോൾകരേറിമന്നവ- [ന്താനും
...ങ്ങളയോദ്ധ്യാമന്ദിരന്തന്നിലകംപൂക്കു
വസിച്ചു...സുരമാംവണ്ണംവസുമനോമഹീ- [പാലൻ

അന്നേരമങ്ങുവിദേഹന്റെമന്ദിരേ
കന്യയെക്കാണാഞ്ഞുകേണുഴന്നീടുന്ന
...ന്നവൻവേഗവാൻമാതാവുമപ്പുരി
...ന്നിലുള്ളോരുബാലവൃദ്ധജനങ്ങളും
കണ്ണുനീർവാർത്തുംകരങ്ങൾകരകൊണ്ടു
തിണ്ണമുരസ്സിലടിച്ചുവിലാപിച്ചു;
...ണ്ണിൽകിടന്നങ്ങുരുണ്ടുമിരണ്ടുമീ-
പെണ്ണമാക്കമൊരുദുഃഖേനാടേയൊരു
പെണ്ണിനുമാണിനുമുണ്ടായറിവില്ല;
പുണ്യമില്ലാതൊരുക്രൂരത്തെയിങ്ങിനെ
പുണ്ഡരീകോത്ഭവന്തീർത്തതെന്തീശ്വരാ!
എണ്ണമില്ലാത്തഗുണങ്ങളോടേയൊരു
പെണ്ണിനെതീർത്തുപണിപ്പെട്ടുഞങ്ങടെ
കണ്ണിന്നുകാട്ടിക്കവർന്നുകൊണ്ടാലെത്ര
ഖണ്ഡംജനങ്ങൾക്കഹോഹന്ത! ദൈവമേ!
ചണ്ഡസ്വഭാവമെന്തിങ്ങിനെകാട്ടുന്നു
ക്രൂരമോടേമുറയിട്ടുകൊണ്ടിങ്ങിനെ
കാട്ടിലുംനാട്ടിലുംവീട്ടിലുംപോട്ടിലും
കോട്ടിലുംമേലമൂട്ടിലുംമേട്ടിലും
കാട്ടിലെല്ലാടവുംകൂട്ടുകിണററിലും
പിന്നെക്കുളത്തിൽകുളത്തിൽതളത്തിലും
ചെന്നുതിരഞ്ഞടങ്ങിപ്പാർക്കുമന്തരേ
കന്യകപന്തിഹഗോപുരദ്വാരേണ
മന്ദിരന്തന്നിൽകടന്നുവന്നിങ്ങിനെ
ചെന്നുകാവല്ക്കാരറിയിച്ചനേരത്തു
തന്നുടെമെയ്യിലണിഞ്ഞുള്ളകോപ്പുക-
ളൊന്നൊഴിയാതെകാവല്ക്കാർക്കുനൽകിനാൻ
മന്നവൻകന്യയെച്ചെന്നെടുത്താദരാൽ
തന്നുടെപള്ളിമാടകമേററിക്കൊണ്ടു
തന്നുടെഭാര്യയുംതാനുംസഖികളും,
പിന്നെയുംപിന്നെയുംഗാഢംപുണർന്നുടൻ
കണ്ണുനീർകൊണ്ടുകുളിപ്പിച്ചുകന്യയെ;
രണ്ടരനാഴികനേരമൊരക്ഷരം
മിണ്ടുവാൻമേലാഞ്ഞുകണ്ണുനീരുംവാർത്തു
കണ്ടിവർകേശിയെക്കണ്ടിരുന്നുനൃപൻ
മുണ്ടുകൊണ്ടാനനംതോർത്തുപതുക്കവേ
ചുംബനക്കിപ്പരവശനായ്ത്തുടർന്നു
കണ്ടുഹരിണീവിരഹിനോടേതനി-
ക്കുണ്ടായവൃത്താന്തമെല്ലാമറിയിച്ചു
കൊണ്ടാടിവിസ്മയംപൂണ്ടുനരേന്ദ്രനും
ലോകങ്ങൾമൂന്നിലുംവിശ്രുതനായുള്ള
സാകേതമന്നവന്തന്റെകൃപകൊണ്ടു
രാകാശശിമുഖിയാകുമെൻപുത്രിയെ
ചാകാതെകിട്ടിനമുക്കെന്നുവേഗവാൻ;
ചിത്തേനിനച്ചു "വസുമനസ്സാകുന്ന
പൃഥ്വീപതിക്കെന്റെപുത്രിയെനൽകണം;
പൃഥ്വീതലങ്ങളിലെല്ലാമറിയിച്ചു
പാർത്ഥിവന്മാരെവരുത്തിസ്വയംവരം
പാർത്തിരിയാതിങ്ങുഘോഷിക്കയുംവേണ-
മത്തിരമിപ്പിച്ചുവന്നുകൊടുക്കയും;
പ്രത്യക്ഷമിങ്ങുവരുത്തിക്കൊടുത്താകി-
ലത്യന്തമന്യഭൂപന്മാർകയർത്തുപോം
ഒക്കവേവന്നാൽനമുക്കൊരുകുററംഭ-
വിക്കയില്ലാരുംദുഷിക്കയുമില്ലിനി
മക്കൾക്കുചേർന്നൊരുമാലയിട്ടാലത്ര
മാതാപിതാക്കൾക്കുകുററമായീടുമോ?
കൊച്ചുപെണ്ണിന്നുതെളിഞ്ഞവനേമാല-
വെച്ചുപോരുന്നതുകണ്ടാൽബഹുജനം
അച്ഛന്റെനിച്ചിരിയിത്തമിതെന്നുദു-
ഷിച്ചുപറഞ്ഞാലപവാദമെന്നേവരൂ;

പെണ്ണിന്റെകണ്ണിൽപൊരുത്തമില്ലാത്തുള്ള
ദണ്ണംകൊണ്ടെന്നെച്ചമച്ചതെന്തീശ്വരൻ!
എന്നുവിധിയെദ്ദുഷിക്കയല്ലാതെപി-
ന്നൊന്നുംചിതംവരാമററുള്ളവൎക്കിനി-
കന്നനാമുക്കൊരുപെണ്ണുള്ളരാജാക്ക-
ളൊന്നുരണ്ടല്ലൊരുനൂറുനൂറായിരം
മൂന്നാലിവളെമുറിച്ചുപക്ഷക്കയൊ
മുന്നുവേണ്ടുന്നതു നേരുമറിഞ്ഞീലാ
വാശ്ശ്രുതുംകാണാമതുനേരമെല്ലാൎക്കു-
മീശ്വരനല്ലോപ്രമാണമാകുന്നതും
വിശ്വാധിനാഥനാംശ്രീപത്മനാഭനെ
വിശ്വസിക്കുന്നവൎക്കെന്തഹോസങ്കടം?”
ഇത്രമാത്രംവിചാരിച്ചുമഹീപതി,
പത്രമെഴുതിപ്പലപലദിക്കിലും:
ധാത്രീപതികൾക്കുദൂതവൃന്ദങ്ങളെ
ധാത്രീതലത്തിലോടിച്ചുവേഗവാൻ
“വൃശ്ചികമാസമിരുപതാംതീയതി
നിശ്ചിതമായിഹരിണീസ്വയംവരം
ഇച്ഛയുള്ളജനമെല്ലാമിവിടത്തി-
ലിച്ചൊന്നതിയതിക്കെത്തേണ”മിങ്ങിനെ
വാചകംപ്രത്യേകമായ് ലേഖനംചെയ്തു
വാചികന്മാരെപ്പറഞ്ഞയച്ചീടിനാൻ.
യാചകന്മാരായ് വരുന്നജനങ്ങൾക്കു
രോചകമായുള്ളഭോജനംനൽകുവാൻ
നാല്പത്തുമെമ്പതുംവാസരംസജ്ജ്യ
കോപ്പുകൾക്കൂട്ടുവാൻകല്പിച്ചുമന്നവൻ
അല്പരമെല്ലാമലങ്കരിച്ചീടുവാൻ
താല്പയ്യമേറുന്നമന്ത്രീശ്വരന്മാരെ
എല്ലാംവരുത്തിവിചാരിച്ചുനില്ലവേ-
ചെല്ലുന്മനോവേഗമുള്ളനായന്മാരെ
നില്ലാതെകണ്ടുനിയോഗിച്ചനന്തരം
കല്യാണഘോഷംപുകഴ്ന്നുമഹീതലേ-
അംഗരാജാവുംകലിംഗഭൂപാലനും
വംഗരാജന്താനവന്തിഭൂപാലനും
കണ്ണാടഭൂപതികാശ്മീരഭൂമിപൻ
ശാണ്ണാധിരാജൻനിഷധപതീശ്വരൻ
കേകയൻകോസലൻസൌവീരമന്നവൻ
സാകേതഭൂപൻവസുമനോനായകൻ
കുന്തിഭൂപാലനുമാരട്ടരാജനും
കുന്തിഭോജൻകുരുപാഞ്ചാലമാഗധൻ
സിന്ധുഭൂപാലനുമാന്ധ്രഭൂപാലനും
സിന്ധുഷേണാധിപൻചേദിഭൂവല്ലഭൻ
സൌരാഷ്ട്രമന്നവൻകന്നൽക്കണ്ണിനും
ശൂരസേനാധിപൻസിംഹളാധീശ്വരൻ
മാദ്രൻമഹാരാഷ്ട്രമന്നവൻപാണ്ഡ്യനും
ഭോട്ടകേരളൻവിദേഹരാജേന്ദ്രനും
ആനൎത്തരാജൻത്രിഗൎത്തൽപുളിന്ദനും
ഗോനൎദ്ദരാജനുംകാശിരാജേന്ദ്രനും
മാത്സ്യനുംഗാന്ധാരരാജനുംപുണ്ഡ്രനും
മാഹാത്മ്യശാലിയാം ഹൈഹയാധീശനും
മാളവക്ഷോണീമഹേശനുംഗൌളനും
കാരൂഷനാഥനുംകാമരൂപേശനും
കാംഭോജരാജനുംബാൽഹീകമന്നനും
കന്യകുബ്ജേശനുംകാശ്മീരരാജനും
അന്യരാജ്യങ്ങളിലുള്ളരാജാക്കളും
കന്യാഗുണങ്ങളെക്കേട്ടുകാമാൎത്തിപൂ-
ണ്ടന്യകാൎയ്യങ്ങളെയെല്ലാമുപേക്ഷിച്ചു
തന്നുടെതന്നുടെസമ്പത്തിനൊത്തൊരു
സന്നാഹമൊക്കവേക്കൂട്ടിപ്പുറപ്പെട്ടു
വമ്പുള്ളകമ്പടിക്കാരുംകുടതഴ
കൊമ്പുകുഴൽവിളിമേളവാദ്യങ്ങളും
കൊമ്പൻഗജങ്ങളുംതേരുമശ്വങ്ങളു-
മമ്പതിനായിരംകാലാൾപ്പടകളും
പെട്ടകംപെട്ടികളുംവെള്ളിപ്പടിക്കവും
കുട്ടകഞ്ചട്ടകംചെമ്പിക്കിടാരവും
പട്ടുരഞ്ചുക്കളുംപള്ളിക്കിടക്കയും
പട്ടമേൽക്കെട്ടിയുംപട്ടുപധാനവും
കട്ടിയുംപല്ലക്കുമാലവട്ടങ്ങളും
കെട്ടിയെടുക്കുംഭടന്മാർപലവിധം
ചെട്ടികോമട്ടിപള്ളിച്ചിവിയാന്മാരും
നട്ടുവമ്പാട്ടുവാൻദാസീജനംദീപ-
യഷ്ടിപിടിക്കുംപുരുഷവൃന്ദങ്ങളും
പുഷ്ടിവരുത്തിപലപ്രകാരങ്ങളിൽ
തുഷ്ടികലൎന്നുനടന്നുപലവഴി
വിഷ്ടപവാസികളീശ്വരന്മാർതദാ
ദിക്കുകൾനാലിലുംനിന്നുവരുന്നചേ-
രൊക്കവേവൈദേഹരാജേന്ദ്രമന്ദിരേ
തെക്കുംവടക്കുംകിഴക്കുംപടിഞ്ഞാറു-
മിക്കണ്ടഗോപുരനാലിലുമുൾപ്പുക്കു
തിക്കിത്തിരക്കിത്തടഞ്ഞുപിടഞ്ഞുക-
ടക്കുന്നനേരമ്മിടുക്കുന്നടിച്ചങ്ങ-
ടക്കമില്ലാതെനടക്കുംനൃപന്മാൎക്കു
മിക്കവാറുംചെന്നുതിക്കുന്നവൎക്കു-
ട്ടുകൻതകൎന്നുമ്പതക്കംമറിഞ്ഞുമ്പ-
തക്കേട്ടുവന്നുഞ്ചിതക്കേട്ടുവന്നുന്ത-
രക്കേട്ടുവന്നുംപരക്കെത്തള്ളൎന്നുംപ-
ത്തുക്കക്കടന്നങ്ങകംപുക്കനന്തരം;
പൊക്കത്തിലുള്ളോരുമഞ്ചങ്ങളിൽചെന്നു
ചിക്കെന്നുകേറിത്തനിക്കുള്ളപൌരുഷ-
മൊക്കവേകാട്ടിപ്പരാക്രമംഭാവിച്ചി-
രിക്കുന്നകണ്ടുചിരിക്കുന്നിതു ചിലർ
ചഞ്ചലംക്കൂടാതെമന്നവന്മാർമണി
മഞ്ചങ്ങൾതോറുംനിരന്നങ്ങിരിക്കുന്നു
ചഞ്ചലാക്ഷീമണിയാകുംഹരിണിയെ
നെഞ്ചിലോൎത്തുംഗംപിയത്തുതളരുന്നു
പഞ്ചബാണാതങ്കമേററംവളരുന്നു
സഞ്ചലൽകുണ്ഡലാലങ്കാരശൃംഗാര
മഞ്ചിതാഭോഗംവിളങ്ങുന്നഭൂപാല
സഞ്ചയമെല്ലാമുദഞ്ചൽകുതൂഹലം
അന്തണന്മാരുടെവൃന്ദങ്ങളെല്ലാ-
മന്തരംക്കൂടാതെവന്നുതുടങ്ങി;
അന്തൎജ്ജനത്തോടുയാത്രയുംചൊല്ലി

കുടയുംകുറിമുണ്ടുമെല്ലാമെടുത്തു
കക്ഷത്തിലോരോകരിമ്പടക്കെട്ടും
വക്ഷസ്സിൽകെട്ടിമുഷിഞ്ഞുള്ളപട്ടും
ലക്ഷത്തിലേററംജനങ്ങളൊരുമിച്ചു
തൽക്ഷണംതിക്കിത്തിരക്കിവരുന്നു;
തങ്ങളിൽതങ്ങളിലോരോവിശേഷം
സംഗതിവിട്ടുപറഞ്ഞുംചിരിച്ചും
അങ്ങുന്നുമിങ്ങുന്നുംവന്നിങ്ങിടകൂടി
തിങ്ങിപ്പുഴങ്ങിനടന്നുവരുന്നു;
"താനിപ്പോളെങ്ങുന്നുപോന്നുവരുന്നു
ഞാനെന്റെയില്ലത്തുനിന്നുവരുന്നു
തന്നുടെചേട്ടന്റെവേളിക്കുവന്നു
ഞാനന്നുകണ്ടേപ്പിന്നിപ്പോൾകാണുന്നു
കേട്ടില്ലയായയെന്താനില്ലത്തെഘോഷം
കേട്ടില്ലതാനിപ്പോളുള്ളവിശേഷം
ചേട്ടാനരച്ചിയെക്കൂട്ടിച്ചുകൊണ്ടന്നു
കെട്ടിന കത്തെപ്പുരയലിരുത്തി
ചേട്ടത്തിവന്നുകലമ്പിത്തുടങ്ങി
ചേട്ടന്നുചോറുകൊടുക്കില്ലെന്നായി;
ചേട്ടൻകയത്തങ്ങടുക്കളയിൽചെന്നു
ചട്ടികലങ്ങളുംതല്ലിത്തകർത്തു;
ആനേരംചേട്ടത്തികോപിച്ചുവന്നു
അച്ചിടെമുത്തിക്കരണ്ടുതൊഴിച്ചു
ചൊന്നതുചേട്ടനുംചേട്ടത്തിയുംതമ്മിൽ
[illegible]ട്ടിക്കഴുത്തുപറഞ്ഞു;
[illegible]വേളിച്ചുവരുന്നിച്ചെ-
[illegible]ച്ചുകളഞ്ഞതി
[illegible]ചേട്ടന്റെചേട്ടാ
[illegible]ങ്ങോക്കിത്തിരിച്ചു
നമ്പൂ[illegible]ള്ളത്തുപാർക്കുന്നചെക്കൻ
[illegible]ചെപ്പുതാനുണ്ടോകേട്ടു
നമ്പൂ[illegible]തറിയാതെയക്കള്ളൻ
[illegible]പത്തായംചെന്നുതുറന്നു
[illegible]പൊന്നെല്ലുമന്നിക്കെടുത്തു
[illegible]ർക്കുമുമ്മാംകൊടുത്തു
[illegible]മാസംകഴിഞ്ഞപ്പോളഗ്രജൻ
[illegible]ചെന്നങ്ങവനെത്തടുത്തു
[illegible]ത്രിയൊളിച്ചങ്ങുമാറി
[illegible]കോലേക്കോയിക്കലേററി
[illegible]കോയിമ്മസ്ഥാനംപിടിച്ചവൻ
നമ്പൂ[illegible]ളെല്ലാംവിലക്കി
[illegible]ചേട്ടനക്കോയിക്കൽചെന്നു
[illegible]പ്പിച്ചുകാരിയക്കാരോടവസ്ഥ
[illegible]ണ്ടത്തെമുപ്പറനില്ക്കുന്ന-
[illegible]ള്ളുന്നാൽവിലകൊടുത്തേക്കാം;
[illegible]കെട്ടിങ്ങുചേട്ടനുമേലിൽ
[illegible]നമ്മൾപൊറുക്കേണ്ടു? കഷ്ടം!
[illegible]ള്ളപകടങ്ങൾനമ്മുടെ
[illegible]ബോധിച്ചിട്ടില്ലയിതൊന്നും,
[illegible]രിമകനിട്ടിവാസു
[illegible]രിമകനോടുംകൂടി
ഏങ്ങാനിരുന്നുചതുരംഗംവെച്ചവൻ
തങ്ങളിൽതാഡിച്ചുപൂണൂലുപൊട്ടിച്ചു
അപ്പൻകിഴവനുമേറവുചെന്നങ്ങ്
ബഹളമെന്നുശകാരംതുടങ്ങി.
അപ്പോളിരുവരുമൊന്നിച്ചിട്ടപ്പന്റെ
മൊട്ടക്കഷണ്ടിയിലബ്ഭളമ്പോട്ടി-
കാരിയക്കാരൻനമ്പൂതിരിയച്ചൻ
വാരിയപ്പെണ്ണിനുടുപ്പാൻകൊടുത്തു;
കാരിയക്കാരന്റെമുഷ്ക്കുകൊണ്ടന്നിക്ക
വാരിയത്തേക്കാരുമല്ലാതെയായി,
ഉണ്ണിനമ്പൂതിരിമാരിലൊരുത്തൻ
പെണ്ണിനെസേവിച്ചുകൂടിപ്പതുക്കെ
പൊണ്ണബ്രാഹ്മണനില്ലത്തുപോയപ്പോ-
ളുണ്ണിബ്രാഹ്മണനുള്ളിൽകടന്നു
അപ്പോളെജമാനൻവന്നുകരേറി,
കെല്പോടുവാതില്ക്കൽതട്ടിവിളിച്ചു;
അപ്പെണ്ണുമന്നേരമുണ്ണിനമ്പൂരിയെ
വമ്പിച്ചപെട്ടിയിലിട്ടങ്ങുപൂട്ടി;
ഏതുമമടിക്കാതവളദ്ദേഹത്തെ
വാതിൽതുറന്നങ്ങകത്തുകരയേററി
ഊതിക്കെടുത്തവിളക്കുകൊളുത്തിവെ-
ച്ചാദരവോടേവിനോദംതുടങ്ങി
വെററിലമെല്ലെത്തെറുത്തുകൊടുത്തു
വെട്ടിഅടയ്ക്കായുംകയ്യിൽകൊടുത്തു;
പെട്ടിതുറന്നോരുവസ്ത്രമെടുക്കേണ-
മെങ്ങെടീതാക്കോലെന്നദ്ദേഹംചൊല്ലി
"പെട്ടിക്കകത്തെന്റെനമ്പൂരിയച്ഛാ
കുട്ടിച്ചാത്തൻവന്നുകൂടികൊണ്ടല്ലോ
മുട്ടിനമുക്കെല്ലാമങ്ങുട്ടെവീട്ടിലെ
മൂപ്പന്റെദുർമ്മന്ത്രവാദമിതെല്ലാം
കൊണ്ടിപ്പുറമ്പിൽകണിയാരെച്ചെന്നു
കൊണ്ടിങ്ങുവന്നുവിചാരിച്ചുഞങ്ങൾ
വേണ്ടാസനംകൊണ്ടൊരുദേഹംവിട്ടൊരു
കുട്ടിച്ചാത്തന്മാർപലരുണ്ടുകാണ്മാൻ
പെട്ടകമുണ്ടെങ്കിലായതിൽകാണാം
പെട്ടിയിൽകാണാംകുടങ്ങളിൽകാണാം
പെട്ടിതുറന്നങ്ങുനോക്കുന്നനേരം
കുട്ടിദ്വിജന്റെവടിവായിക്കാണാം
ഇങ്ങിനെപ്രശ്നംപറഞ്ഞുകണിയാൻ
എങ്ങിനെയെന്നുനമുക്കറിവില്ല;
നിങ്ങൾനിനച്ചാലൊഴിക്കാതവല്ലായ്കി-
ലെങ്ങുമൊഴിയാത്തതെന്നേവരാവൂ
വാരിയപ്പെണ്ണിന്റെകള്ളപ്രയോഗം
മ്പാട്ടുകൊലഭടന്മാരെടുക്കംപാരാവുംബന്ധം
കെട്ടുകാരാഘനംനാനാടുഷ്ടക്കംകാൽകരംത–
[ല്ലി
മുടക്കുംമൂർഖരെച്ചെന്നുപിടിക്കുമൊഞ്ഞിയുംമ്മുക്കം
കടിക്കുംകായവുംതല്ലിപ്പൊടിക്കുമുഷ്ടികൾകൊ–
[ണ്ട–
ങ്ങടിക്കുംസിംഹനാദംകൊണ്ടിടിക്കുള്ളെരഹംഭാ–
[വം
മുടക്കുംതൃക്കംപാരംചൊടിക്കുംപല്ലിറുമ്മിനിന്നെ–
ല്ലൂരിക്കുംഭംഗമുണ്ടാക്കുമിട്ടുകവീഴ്ത്തുവൃകമെന്നാ
നകേൾപ്പുനരകൻമാർകടക്കനോരമെല്ലാർക്കും
മടക്കംവന്നുപോമാതമടക്കൊല്ലുന്നാണെദ്രവ്യം
ചൊടിക്കുന്നതന്മാർക്കുകരുണ്ണുചൂവക്കപോം–
ഇളക്കിക്കംവന്നുചോദമേറമിട്ടുകള്ളഭവാന്മാർക്കും.

കേൾപ്പാംകലരന്നാര ശ്രീ സുരേന്ദ്രന്റെ
പാപംഭേദിച്ചൊരുഭൂപാലകൻഗജൻ
പാപമോഹംകണ്ടുകൃപാംബ്രവേശിച്ചു
തപംചെന്നാൾകീട്ടമാപതനഭേദം
ശ്രോപിച്ചുവൃത്താന്തംകേൾക്കണംപിള്ളമാ–
രുള്ളവണ്ണംഗ്രഹിച്ചീലയോചൊല്ലുവിൻ
ഉള്ളത്തിലാശങ്കചപടമതെന്റെ
പിള്ളമാരെപ്പൊഗ്രഹിക്കേണമിക്കഥ
തെള്ളുമെന്തായാടുമേറുന്നനിങ്ങടെ
ഉള്ളലേശംഫലിക്കയില്ലേതുമേ
തെള്ളരാനൊകൊണ്ടുകണ്ണീർതുടിച്ചിച്ചു
കൊള്ളുന്തിരിക്കേണമെൻപിള്ളമാരഹോ!
കള്ളമൊഴിലുള്ളക്രൂരമിനിങ്ങളെ–
ന്തെങ്ങുള്ളാളവുംശങ്കയില്ലിങ്ങുബാലരേ
ഉള്ളത്തിലേഭയംകൊണ്ടന്താണിനി
മുള്ളുചാറയുന്നതെന്നുബോധിക്കണം
പള്ളുനേരാളുകളില്ലെൻപിള്ളമാ–
റൊത്തുകണ്ടാലെത്രലക്ഷത്തിലപ്പുറം
കള്ളംകണക്കുംകതത്തുംഹൃതതാപവും
മെയ്യിന്റെപുഷ്ടിയുംബുദ്ധികൌശല്യവും
നെയ്ക്കുട്ടുവാനിവർക്കേവെവേറെ
പള്ളിനെക്കൊണ്ടുകൊടുത്തിട്ടുമുണ്ടവൻ
ചെട്ടന്റെസേവയുണ്ടായതുമൂലമീ–
ച്ചേട്ടകൾക്കാരെയുംശങ്കയില്ലൊട്ടുമേ
മൂപ്പിലെകല്പനാക്രമംപോലേരത്തു
പാപ്പിക്കപോലുംനാമുകവേണ്ടതും
ഒന്നുമാത്രംപറഞ്ഞേക്കാമെന്നേരത്തു
ചെന്നുകലശലുണ്ടാക്കാതിരിക്കണം;
ബ്രഹ്മസ്വമാതംകഭ്യമാക്കീടൊല
ധർമ്മസ്വരൂപംനിരൂപിച്ചുകൊൾകെടോ!
ധർമ്മങ്ങൾകൊണ്ടേജയംവരുന്നിന്നു
ധർമ്മത്തിനെന്നാകവേവേദംപ്രമാണവും
വേദങ്ങൾനാലിനുമാധാരമായതൊ
വേദിയന്മാർതന്നെയെന്നതുനിശ്ചയം
എന്നതുകാരണംവേദിയന്മാർകളെ
വന്ദിച്ചുതന്നെവസിക്കേണമേവരും
വിപ്രനോടപ്രിയംചെയ്യുന്നമർത്ത്യൻ
ക്ഷിപ്രംനശിക്കുമെന്നോർത്തുകൊള്ളണമേ
ഇപ്രകാരംഗജശ്രേഷ്ഠൻപറഞ്ഞില്ലയോ
വിപ്രശാപത്തിനുസംഗതിവന്നതും
ദേവേന്ദ്രനായതുംദേവകളായതും
ദേവാദിദൈവമായദേവനായതും
മുക്കണ്ണനായതുംനാന്മുഖനായതും
അർക്കചന്ദ്രാദിഗ്രഹങ്ങളായുള്ളതും
ഒക്കവേവിപ്രകൾശ്രേഷ്ഠരെന്നുള്ളതോർ
മക്കളേനിങ്ങൾധരിക്കേണമാദരാൽ
കാര്യമെന്തുപോൽജീവിതകെടോ
നാരിയെക്കാമിച്ചുനാട്ടിൽനടക്കാതെ
കാരിയംകൊണ്ടുമാത്രംവിചാരിച്ചു
നേരായമാർഗ്ഗത്തിലാകേണമെങ്കിലോ
കാലത്തെഴുന്നേറ്റുനോക്കണമെന്നത്രേ
താലത്തിലന്നംകണികണ്ടില്ലെങ്കിൽ
ചാലത്തരണിയെത്തള്ളിപ്പൂത്തനി
ചൊലത്തുനിന്നിതക്കുന്നവനാണെന്റെ
ശൌര്യപ്രതാപങ്ങളോരമല്ലാതെ
കാര്യത്തിനെത്തുന്നനേരമെടുക്കവും
ആരെപ്പുലർത്തുവാനിക്കുട്ടികളൊന്നെ
കാരിയക്കാരെന്നുചൊല്ലിനടക്കുന്നു
ചെക്കനുംചെട്ടരുംചെട്ടകംചെട്ടിയും
ചക്കലുള്ളോരുവെള്ളിപ്പിടികത്തിയും
ഒക്കവേകെട്ടിപ്പുറപ്പെട്ടുനേരത്തു
ശക്രനാകുളംപ്രളതാതനിന്നു
മസ്തകത്തിനെഫലിപ്പിപ്പതിന്നതാ–
നാനകളുടനടക്കുന്നനേരത്തു
വക്കാണമേതുവാൻവൈരികൾവന്നൊരു
ലിക്കിൽക്കടന്നുവെടിതുടങ്ങുംവിധൗ
അക്കരിയക്കാരനെക്കണ്ടറിഞ്ഞീല
തെക്കോട്ടുപോമോവടക്കോട്ടുപോമോ

ാചക്കാരനെയുംവേണ്ടപട്ടരെയുംവേണ്ട
ങ്കളെയുംവേണ്ടമററാരെയുംവേണ്ട
ജീവനെകിട്ടിയാൽപോരുമെന്നിങ്ങനെ
ധാവനംചെയ്യുന്നമന്ത്രിക്കമന്നവൻ
ത്രാക്ഷിക്കവേണ്ടുന്നചോറുംകറികളും
ചട്ടിക്കരുട്ടിക്കൊട്ടത്തെങ്കിലുത്തമം,
തള്ളയ്ക്കുനേരെവരുന്നൊരുവഹ്നിയെ-
പ്പിള്ളയെക്കൊണ്ടുതടുക്കുമന്നേരമെ-
ന്നുള്ളപഴഞ്ചൊല്ലുപാഴിലായിട്ടഹോ
കൊള്ളാമിതെല്ലാമനർത്ഥംവരുത്തുവാൻ
എല്ലാവരുംപോരുമായതുതീപ്പുതി-
നല്ലാസമെന്നുള്ളതാക്കുംനഹിനഹി
ഇപ്പോളധികാരിയായിട്ടൊരുത്തനെ
കല്പിച്ചൊരേടത്തുവിട്ടവെന്നാലവൻ
അക്കാരക്കാരെപ്പിഴപ്പിച്ചുരാശിയും
ചക്രവുംനെല്ലുംകരസ്ഥമാക്കിക്കൊണ്ടു
പൊക്കംപിടിപ്പിച്ചയക്കുംപ്രജകളെ
പ്പൊക്കണംകെട്ടിക്കമേവനെന്നാകിലും
രണ്ടുപണംകയ്യിലുള്ളപുരുഷനെ-
ക്കൊണ്ടുപലതരംശിക്ഷകളിപ്പിക്കും
ഉണ്ടായതൊക്കെപ്പിടുങ്ങുമെന്നല്ലൊരു
രണ്ടായിരത്തിനാസ്ഥാനംവാങ്ങുമ്പോൾ
കണ്ടാലെളേക്കവേകണ്ടെഴുതിക്കൊണ്ടു
പണ്ടാരമാക്കിക്കൃഷിയുംതുടങ്ങിച്ചു
പണ്ടാരമേൽക്കാത്തപാട്ടമെയ്യാമയേ
യുണ്ടാക്കിനെല്ലളപ്പിച്ചുസമ്പാദിച്ചു
തമ്പുരാന്മാക്കൊരുകാശുകൊടുക്കാതെ
തൻപുരംരണ്ടിലടക്കിപ്പതുക്കവേ
വിറ്റുപിരിച്ചുകൊണ്ടച്ചിവീട്ടിൽചെന്നു
പാറവമച്ചുണ്ടൊരിമണ്ടതവൾക്കങ്ങു
കൊററിനുംകോപ്പിനുമൊക്കെച്ചിലവിട്ടും
മുററുംമുതലുള്ളതെല്ലാംമുടിച്ചുടൻ
മററുള്ളമാലോകരോടിരന്നീടിനെ

കൊററുംതിരഞ്ഞുനടക്കുമാറായിതും;
കുററങ്ങൾനോക്കിപ്പറഞ്ഞുതുടങ്ങിയാ-
ലററമില്ലേതുംമതിമതിദൂഷണം
ഇപ്പറഞ്ഞീടുന്നദോഷങ്ങളൊന്നുമ-
കപ്പെടാതെകണ്ടിരിക്കേണമെങ്കിലോ
വിപ്രവര്യന്മാരിലത്യന്തഭക്തിയും
വിശ്വാസവുംബഹുമാനവുംദാനവും
അപ്രിയംചെയ്യാതിരിക്കയുംനല്ലൊരു
സുപ്രിയമെന്തെന്നറിഞ്ഞുസേവിക്കയും
ഇപ്രകാരംഗുണംചെയ്തുകൊണ്ടാൽനമു-
ക്കപ്രമേയൻമഹാവിഷ്ണുവിശേശ്വരൻ
ക്ഷിപ്രംപ്രസാദിക്കുമെന്നാൽവരേണ്ടുന്ന
തെല്ലപ്പുരുമാശുലഭിക്കുംശുഭംശുഭം
ആപത്തുകൂടാതിരിക്കണമെങ്കിലോ
ശ്രീപത്മനാഭനെസ്സേവിച്ചുകൊള്ളുവിൻ
ശ്രീകാന്തനുംനല്ലഭൂമിദേവന്മാരു-
മേകസ്വരൂപമെന്നോർത്തുകൊണ്ടീടുവിൻ
വിഷ്ണുസന്ദർശനംകൂടാതെപോയനാൾ
വിപ്രസന്ദർശനംചെയ്തുകൊണ്ടാൽമതി
ബ്രാഹ്മണൻദൈവതംമൂന്നുജാതിക്കുമ-
ബ്രാഹ്മണർക്കുംമഹാബ്രാഹ്മണൻദൈവതം
ബ്രാഹ്മണാരാധനംകൊണ്ടേശുഭംവരൂ;
ബ്രാഹ്മണക്ഷത്രാദിനാലുവർഗ്ഗത്തിനും
ബ്രഹ്മനുംവിഷ്ണുവുംശ്രീമഹാദേവനും
ബ്രാഹ്മണന്മാരിൽവസിച്ചരുളീടുന്നു
ബ്രാഹ്മണന്മാരുടെവന്ദനമായവർ
മൂന്നുപേർക്കുംപ്രിയമാണെന്നുസമ്മതം
നന്ദനന്മാരെധരിച്ചാലുമിങ്ങനെ
നന്ദഗോപാത്മജൻനാരായണൻപരൻ
നന്നായരുൾചെയ്തുതന്നുടെപാരകം-
മന്ദിരംതന്നിൽവസിച്ചരുളീടിനാൻ
നന്ദനന്മാരോടുകൂടിനാരായണൻ.

ഇതി ശീതങ്കൻതുള്ളൽ, സമാപ്തം.

---

൧൪. ധേനകവധം.

അക്കാലമിച്ചവരുംവിധൌരാമകൃഷ്ണന്മാരും
വൈകാതെഴുന്നേററുബാലകന്മാരുമാ-
യുൾക്കനിവേറുംബലഭദ്രനുമായി
ഗോക്കളെമേയ്പാൻവനത്തിനെഴുന്നള്ളി
സല്ക്കഥചൊല്ലിക്കളിച്ചുരസിച്ചുടൻ
നല്ലസുമങ്ങളണിഞ്ഞുവനാന്തരേ
മിക്കതുമോടക്കുഴലുംവിളിച്ചങ്ങു
നില്ക്കുന്നനേരത്തുചാരത്തുകാണായി
ശ്രീദാമാവെന്നൊരുഗോപാലനപ്പോൾ

മോദേനചെന്നവൻരാമരനോടു
സാദരമേവംപറഞ്ഞുതുടങ്ങിനാൻ;
സോദരനായബലദേവൻതന്നോടും
ബാലകന്മാരിതുബോധിച്ചരുളണം
താലവനമുണ്ടരികത്തനവധി
നീലനിറംതേടുംനല്ലഫലങ്ങളു-
മാലസ്യംതീരുന്നതിനതിജലങ്ങളും
മാലോകർക്കുംഫലമില്ലതുകൊണ്ടു
കാലനെപ്പോലെയൊരുത്തനിരിക്കയാൽ

താലവനത്തിൽ സുഖിച്ചു വസിക്കുന്നു
ബാലവേധേനുകനെന്നൊരു ദാനവൻ
ഗർദ്ദഭംതന്നുടെ വേഷം ചമഞ്ഞവൻ
ഗർജ്ജനം ചെയ്തു വനത്തിൽ നടക്കുന്നു
ദുഷ്ടനാമേവനെപ്പിടിപെട്ടു
മർദ്ദനം ചെയ്യുമാറൊരുത്തനെക്കണ്ടീലാ
ഗോകുലരാജനെത്തന്നെയും ധേനുകൻ
മർദ്ദരത്തെപ്പോലെ കൊന്നതിന്നീട്ടുന്നു
നിർദ്ദയനാമേവനെന്നിനച്ചാകിൽ
ദുഷ്ടനാമായിച്ചമയും നമുക്കെല്ലാം
കൂട്ടത്തിലേററം മനുജന്മാരുണ്ടവർ
ക്രോഷ്ടാവിൻ വേഷം ധരിച്ചു നടക്കുന്നു
ദുഷ്ടരെക്കൊണ്ടിഹ താലവനം തന്നിൽ
ശിഷ്ടജനത്തിന്നടുപ്പാൻ വശമില്ല.
കൂട്ടത്തിലുള്ള കുറുനരിക്കൂട്ടത്തെ
കൂട്ടിക്കൊണ്ടോടി നടക്കുന്നു ധേനുകൻ
കൂട്ടാക്കകില്ലവൻ കാട്ടുമൃഗങ്ങളെ
കൂട്ടിപ്പിടിച്ചു കടിച്ചു പൊടിക്കുന്നു
നാട്ടുപെരുവഴി തന്നിൽ നടക്കുമ്പോൾ
ആട്ടിപ്പിടിക്കുന്നു പാന്ഥജനങ്ങളെ
നാട്ടിലും വീട്ടിലും മുട്ടെ നടക്കുന്നു
കാട്ടിലിണങ്ങുന്ന ക്രോഷ്ടാക്കളുമായി
കാട്ടിലിരിക്കുന്ന കേസരിവീരരെ-
ക്കാട്ടിലവനു ബലമുണ്ടു നിർണ്ണയം;
കാട്ടിലതൊക്കെയും കാണുന്നു നാം നമു-
ക്കൊട്ടുമുപായമറിയില്ലത്രമേ.
ശ്രീദാമാവിന്നുടെ വാക്കുകൾ കേട്ടപ്പോൾ
ശ്രീകൃഷ്ണൻ ജ്യേഷ്ഠനോടൊത്തു ചൊല്ലീടിനാൻ:-
താലഫലങ്ങൾ പറിച്ചു കൊടുത്തവ
ബാലജനത്തിന്റെ തൃപ്തി വരുത്തേണം
കാലം കളയാതെ പോക നാമഗ്രജ
കാലികളെയും തെളിക്ക വിരവോടെ
ബാലനീവണ്ണമരുൾ ചെയ്തു സാദരം
താലാങ്കനോടും പശുപജനത്തോടും
കാലികളോടുമിടചേർന്നു ചെന്നുടൻ
താലവനത്തിലകം പുക്കനന്തരം
താലങ്ങളൊക്കെപ്പിടിച്ചു കുലുക്കിയും
ലീലയ്ക്കു ചൊന്ന വാക്യമുരയ്ക്കയും
താലഫലങ്ങളുലച്ചു കടിക്കയും
താലമൂലങ്ങളിൽ ചെന്നു കിടക്കയും
കോലൊടിച്ചോരോ മരത്തെയടിക്കയും
ഹേലയാ കൂക്കുവിളിച്ചു കളിക്കയും
ബാലന്മാരങ്ങനെ താലവനം പുക്ക
കോലാഹലങ്ങൾ തുടങ്ങും ദശാന്തരേ;

കാരികതാളം.

ഗർദ്ദഭരൂപനാകിന ധേനുകനുഗ്രൻ
ഗർജ്ജനമതുകേട്ടുടനതിരമുദഗ്രം
[illegible]ഖാഗ്രം
ഉത്ഭടമിവഘോരതരരവസമഗ്രം
ചടുലതരസടഘടിതകടുകടരടനം
ചടചടരവചരളിതവികടിതഭുവനം
ദൃഢതരമുഖമുരുതരഖരഖുരനികരം
കടുഗളപുടവിഗളിതഘുരുഘുരരവം
നിജവപുരിമതിഘനമതിതരാ പരുഷം
നിജനിജനിപതനഭയപരിഗതപുരുഷം
നിജഗൃഹഹതഗിരിതടമതിരതവിക്ഷതം
നിജജനയുതമപഹതകൃതബഹുനികൃതം
കുറുനരികളുടെ കൂട്ടവുമൊക്കെയിളക്കി
കുറുപടലുകൾ ചാടിനടന്നു കുലുക്കി
കുറുകുറെയൊരു ചാട്ടവുമോട്ടവുമാക്കി
ചെറുവകചിലകുട്ടികൾ കാട്ടിലുടക്കി
പടകളുമിടകൂടി നടന്നു തുടങ്ങി
പൊട്ടപ്പൊടെയൊരു ഘോഷമുടിച്ചുതുടങ്ങി
പൊടിപടലവുമങ്ങു നിറഞ്ഞു തുടങ്ങി
സ്ഫുടതരഗിരികന്ദരമൊന്നു മുഴങ്ങി
ചിലവക നിജചല്ലു കടിച്ചു തുടങ്ങി
ചിലവക നിജമല്ലു നടിച്ചു തുടങ്ങി
ചിലവക പലകല്ലു പൊടിച്ചു തുടങ്ങി
വനതലമതു നേരമുലഞ്ഞു തുടങ്ങി
വനമൃഗമതി ഘോരമലഞ്ഞു തുടങ്ങി
വനഗജകുലക്കൂട്ടവുമൊക്കെ നടുങ്ങി
വനചരജനഹുംകൃതിഘോഷമടങ്ങി
പനകളുടെയിടയിൽ ചിലകൂട്ടമിറങ്ങി
പനകളിലുടനെ പൊട്ടുപാഞ്ഞു തുടങ്ങി
ഘനതരമൊരു കൂട്ടമടുത്തു തുടങ്ങി
ഘനരവമൊട്ടു ചെന്നു തടുത്തു തുടങ്ങി
ഉരുതരനഘധേനുകദാനവനപ്പോൾ
തെരുതെരെയുടനോടിയടുത്തു തുടങ്ങി
കുറുനരികളെയൊക്കെ വിളിച്ചു തുടങ്ങി
കുറവരുതിനിയെന്നു മുരച്ചു തുടങ്ങി
സകലമുടനങ്ങു കടഞ്ഞു തുടങ്ങി
പടുതരമഥ വാലുമെടുത്തു തുടങ്ങി
കടുരവമൊട്ടു ചാടിനടന്നു തുടങ്ങി
പടകളൊടിടകൂടിയടുത്തു തുടങ്ങി
ഹലധരനതുനേരമടുത്തു തടുത്തും
ഹലമതു കരതാരിലെടുത്തു പിടിച്ചും
പലവക പശുപാലകജാലമുരത്തും
ഫലകുലമതുമൊക്കെയെടുത്തു പിടിച്ചും
ഉരുതരബലനാം കഴനായതു നേരം
കുറുനരിനികരത്തോടെതിർത്തു തുടങ്ങി
പെരുകിന നരമണ്ഡലഖണ്ഡനമിപ്പോൾ
പരിചൊടു ഖരമൊരു കാലമടുത്തു
സരഭസമിവരോടു പിണങ്ങണമിപ്പോൾ
പെരുകിന മദമൊക്കെയടക്കണമിപ്പോൾ
തെരുതെരെയൊരു കൂട്ടമടക്കണമിപ്പോൾ
ചിരതരമുടൽ ചെന്നു കിടക്കണമിപ്പോൾ
വനതലമതിൽ വന്നതിധൃഷ്ടതയോടേ
പനകളിലിവരങ്ങു കുലുക്കിയുലച്ചാർ
ഘനതരഫലജാലമശേഷമുടച്ചാർ
പുനരപി ജലപൂരമെടുത്തു കുടിച്ചാർ
ഘനഘനരവമോടു കടന്നു നടന്നാർ
പൊട്ടപ്പൊടെ വനമൊക്കെയിളക്കിയൊളിച്ചാർ

ഉടനുടനിഹനമ്മുടെമുന്നിലണഞ്ഞാർ
ഝടഝടഝടിനെന്നുചവിട്ടിവളഞ്ഞാർ
ഉടലുകളൊടിവോളമടിച്ചുമറിപ്പിൻ
കടുതരമപിവാലുകൾകൊണ്ടുകൊട്ടിപ്പിൻ
പിടരികളിടനോക്കിയടുത്തുകടിപ്പിൻ
തുടുതുടെയിടകൂടിനചോരകുടിപ്പിൻ
ഗൂഢതരമഥജംബുകവൃന്ദമൊടിത്ഥം
ഗാഢമതിരിഹധേനുകവീരനുരത്തും
പുനരപിബലഭദ്രനെനോക്കിയുരത്താൻ
പലവിധമിതിലനവധായകരുത്തൻ

പഞ്ചാരി.

നല്ലതിനല്ലിഹനിങ്ങടെമല്ലുകളെന്നറിവിൻ
കില്ലതുമില്ലിനിയിങ്ങിഹകൊല്ലുവനെന്നചിലം
അല്ലലുമില്ലിഹകിഞ്ചനവല്ലവബാലകരേ
എല്ലുകൾതല്ലിയൊടിപ്പതിനില്ലൊരുകില്ലധുനാ
കുഞ്ഞുകുട്ടിനടക്കണ്ടേചങ്ങാതികൾനിങ്ങളഹോ
പണ്ടൊരുനാളിലുമിങ്ങിനെകണ്ടിലഞാനപരം
തൊണ്ടരിൽമുമ്പരതാകിനകണ്ടജനങ്ങളുമായ്
കണ്ടവനത്തിൽനടന്നിഹമണ്ടിയടുത്തതിനാൽ
ചെണ്ടപിണഞ്ഞതുനിങ്ങളുകണ്ടിലബാലകരേ
തെണ്ടിനടന്നുനടന്നൊരുകണ്ടിൽമറിഞ്ഞുവൃഥാ
നീണ്ടുവളഞ്ഞൊരുപല്ലുകൾകൊണ്ടുകടിച്ചധുനാ
തണ്ടെലൊടിപ്പതിനുണ്ടൊരുകൗതുകമിങ്ങറിവി-
[ൻ
താലവനത്തിൽവിളങ്ങിനധേനുകദാനവനെ
കാലനുമൊന്നിഹപേടിയതെന്നുമറിഞ്ഞിലയോ
താലഫലങ്ങൾകൊതിച്ചുനടോടിനടന്നുവരും
ബാലജനങ്ങളുമൊക്കെവെഹന്തനശിച്ചുമുദാ
ചണ്ഡനരാവലിഖണ്ഡനപണ്ഡിതനാംദനുജൻ
ചണ്ഡതയോടിഹകാനനമണ്ഡിതതാലവനാ-
[ന്തരതാണ്ഡവചണ്ഡനഹം
നിഷ്ഠുരധേനുകനെന്നതുകേട്ടൊരുനേരമുടൻ
എട്ടുദിഗന്തരമമ്പൊട്ടുമെട്ടെണ്ണമെന്നറിവിൻ
എട്ടുകുലാചലമിപ്പൊഴുമട്ടിയടർത്തിടുവൻ
ഒട്ടുമെനിക്കിഹചേതസിഞെട്ടലുമില്ലറിവിൻ
ധേനുകപാലകനെന്നിഹധേനുകനോട്ടടനെ
ദീനതവിട്ടുരണത്തിനുപാഞ്ഞണയുന്നുബലാൽ
മാനിഹമാനവകീടകമൊക്കെയടക്കിടുവാൻ
കാനനസീമനിവന്നതുമാരുഷബാലകരേ.

മന്മതാളവും ലക്ഷ്മീതാളവും കൂടി

നില്ലെടമൂഢനിൻമനമല്ലൊന്നൊട്ടുകൂടാ-
[നല്ലേ
ല്ലുഗജത്തൊടുചടപെടൊരുതീടിനധേനുക-
[ദാനവനാണതുഞാനറിക
ഞാനെന്നുടെനേരെനില്പാൻപോരുന്നതുനേരേ-
[ധീരാ
ഘോരമട്ടുത്തുടനിടിപൊടിയാക്കവന്നുൾക്കട-
[വിക്രമധിക്കൃതശക്രനഹം
ചണ്ഡംമമതുണ്ഡംകണ്ടോരപിണ്ഡീകൃതമുണ്ഡം
[ധൃഷ്ടതയ
ണ്ഡമെട്ടൊന്നൊരുയമഭടമണ്ഡലകാണ്ഡരക്ത-
[നാസുന്തതകന്നമുഖം
നില്ലാതിതുചൊല്ലാമെന്നെൻറഹല്ലോഹലമെല്ലാം-
[മിപ്പോൾ
നല്ലരണത്തിനുവിരുതുപെരുത്തൊരുശത്രുജന-
[ത്തിനെയെതിർത്തിടുവൻ
ജംഭാന്തകനോടുംചെന്നാലബ്ബോധവനോടുംനല്ല
വല്ലഭമൊരുടെതലമുടിചെന്നുപിടിച്ചുവലിച്ചു-
[കളിച്ചുപുളച്ചിടുവൻ
കംസൻതിരുവമ്പൻനല്ലഹിംസയ്ക്കൊരുമുമ്പ-
[ൻഎന്നെ
ത്താലവനത്തിനുകുടിമതിയാക്കിയതെന്നതു-
[മൊന്നിഹമന്ദനറിഞ്ഞിലയോ

മന്മതാളം.

സംഭൃതഭയജംഭനിഷൂദനകമ്പിതചട്ടുചാടരടിത
സംഭൃതനളസംഭ്രമകാരിണിജൃംഭിതഘടചടരടിത
സ്തംഭിതമദശുംഭമഹാവൃഷഭജനിതഘനനനി-
[നാദേ
ഡിംഭനികരഡംഭനിവാരിണിതുംഭിതവനീ-
[തരുധരണേ
ചണ്ഡമരുജഷണ്ഡകളേബരഖണ്ഡനരതജി-
[തിതനയേ
മുണ്ഡകബളരുണ്ഡനികൃന്തനചണ്ഡിതതര-
[സമരപഥേ
തുണ്ഡജകുലമണ്ഡിതശോണിതഖണ്ഡപരി-
[ഹിതമഹീവലയേ
പിണ്ഡിതഭുജദണ്ഡവിരോധിനിതാണ്ഡവമ-
[റഹിതരമയേ
ഉദ്ധതമതിധേനുകദാനവനിത്ഥമുരത്തുനേരം
സത്വരമഥരാമനമൃത്തരമിത്തരമതുളിച്ചുച്ചു
മത്തതയൊടടുത്തൊരുനിന്നുടെശക്തികളൊക്കെ-
[യെടുത്താൽ
ചിത്തകുതുകമെത്തുമെനിക്കിഹദുർമ്മദദുർഘന-
[സത്താൽ
ഭാഷണമിതുദൂഷണമാമിതുമെന്നതുഭോഷ! നി-
[നച്ചോ
ഭീഷണികളുമേഷണികളുമിഹനിന്നുടെഭീഷ-
[ണവാക്കും
രോഷണജനതോഷണമാകിനസംഗരഘോ-
[ഷമടുത്താൽ
മൊഷണപരഭൂഷണമാംതവസാരമശേഷമട-
[ങ്ങും
ദാരുണമയദാരണസാരനിവാരണകാരണഭൂതം
വൈരിണിരണവിക്രമകാരിണിചേരമദുദ്ധത-
[സാരം
ചോരണരതഭീരുജനങ്ങളിലൊന്നുമിതല്ലിനി-
[ച്ചാൽ

തീരണഞ്ഞിനിന്നിടെതെല്ലുമൊന്നോടേറ്റതുമൂലം
ഇങ്ങിനെയവർതങ്ങളിലമ്പോടുരത്തുപൊരുത്തൊരുകോപം
തിങ്ങിനമഥമോടുരണത്തിന്നൊരുങ്ങിയടുത്തുതുടങ്ങി
തങ്ങളിലിടപൊരുതുമടിച്ചുമിടിച്ചുമെടുത്തുമറിച്ചും
തുംഗതതരുനാമരങ്ങളുമങ്ങുപറിച്ചുപിടിച്ചും
ഭൂതലമതുനേരമശേഷമലച്ചുവിറച്ചുതുടങ്ങി
ഭീതിയുമടിപെട്ടുമൃഗങ്ങളുമോടിനടന്നുതുടങ്ങി
ഭൂധരകുലമൊക്കെയുമമ്പിലിടിഞ്ഞുപൊടിഞ്ഞുതുടങ്ങി
ഭുജഗവരകൊമ്പുകളൻപൊടുതമ്മിലിടഞ്ഞുതുടങ്ങി
അപ്പൊഴുതതിലുൾപ്രീതനാം ബലഭദ്രനണഞ്ഞതിഘോരം
കെല്പൊടുപടതേടിനധേനുകദാനവനെപ്പിടിപെട്ടു
ഉടനെമൊരുതാലമരത്തൊടടിച്ചുതടിച്ചശരീരം
മുപ്പതുമുറിയാക്കിവനത്തിലെറിഞ്ഞുകളഞ്ഞുഹനിന്നാൻ
വന്നൊരുകുനരികളെയൊക്കെയുമൊന്നൊഴിയാതെഹനിച്ചാൻ
ചെന്നഥപശുപാലകജാലമൊടങ്ങിടകൂടിവസിച്ചാൻ
ഉന്നതബലവിക്രമമിങ്ങിനെകണ്ടൊരുദേവകളെല്ലാം
ഇന്നുമതിസമ്മതമോടികീർത്തിച്ചുവസിച്ചു
അംബരചരസുന്ദരിമാരഞ്ചിതകൗതുകമോടെ
അംബരതലമൊക്കെനിറഞ്ഞുടനൊത്തൊരുകൃത്തുതുടങ്ങി
അംബുജദലലോചനനാകിനകൃഷ്ണനുമഗ്രജനോടും
നന്മൊഴിയരുൾചെയ്തുസുഖിച്ചുടനൻപൊടുഗോക്കളെമേച്ചും
അക്കണമുടനസ്തമനത്തിനുകാലമടുത്തൊരുനേരം
നൽക്കനകനിറംതടവിട്ടുപശ്ചിമഗിരിയിലണഞ്ഞു
ഗോക്കളൊടൊരുമിച്ചുമുകുന്ദനുമൻപൊടുബാലകരോടും
അഗ്രജനോടുമാശ്രുനന്നിജാലയമങ്ങെഴുന്നള്ളി
സുന്ദരവരനാകിനനന്ദനനൻപൊടുനിലയമതന്നും
മന്ദചലിതകങ്കണസംകുലമോടുകടന്നൊരുനേരം

സുന്ദരികളുമൊന്നിച്ചുനവധിവന്നുനിറഞ്ഞുതുടങ്ങി
സുന്ദരതരവാക്കുകളുംചിലരങ്ങുപറഞ്ഞുതുടങ്ങി
കണ്ടുമുഴുവനോടിനടന്നുടനുണ്ണികളെന്തിനുപാഴിൽ
പാടുപെട്ടൊന്നുമൃഗങ്ങളെക്കൂട്ടമിതെന്നതുപോലെ
മാടുകളുടെപൂഴിയണഞ്ഞൊരുമോടികളിങ്ങനെകണ്ടാൽ
ആടലധികമാണിഹഞങ്ങടെമാനസതാരിലമന്ദം
നീണ്ടധികവിരണ്ടുചുരുണ്ടൊരുകൊണ്ടൽവണ്ടുകൾപോലെ
കുണ്ടപൊടിയിലിട്ടുപിരട്ടിമുഷികകണ്ടതെന്തൊരുകഷ്ടം!
തണ്ടലർശരനിണ്ടൽപെട്ടപ്പതിനല്ലൊരുകോമളരൂപം
കണ്ടതുമതിയെന്നതൊരിക്കലുമില്ലകതാരിൽനമുക്ക
കാഞ്ചനമണികങ്കണകിങ്കിണിനല്ലൊരുപൊന്നരഞ്ഞാണം
കാഞ്ചീവലയഹാരഗണങ്ങളുമോതിരമെന്നിവയെല്ലാം
അഞ്ചിതമിതണിഞ്ഞുവിളങ്ങിനനിന്നുടെഭംഗിവിശേഷം
പുഞ്ചിരികളുമൊക്കെനിനച്ചിഹഞങ്ങടെദിനങ്ങൾകഴിച്ചു
ധേനുകദനുജാധിപനെക്കൊലചെയ്തതുഞങ്ങളുകേട്ടു
ധേനുകപരിപാലനശാലികളമ്പൊടുവന്നുപറഞ്ഞു
കാനനതലവാസിജനത്തിനുമതലശേഷമകന്നു
പീനമധുരതാലഫലങ്ങളുമങ്ങുലഭിപ്പതായി
ബഹുതരമിതിയുവതിജനങ്ങളുമപിബഹുരസമതിസരസം
ബഹുമതിയൊടുമതിതരരതിയൊടുമുടനുടനഞ്ചിതകൗതുകം
ബഹുവിധശിതമനസിജശരശതപരവശതകളോടുമുടനെ
ബഹുളമധുരതരംചെയ്തുനമ്പൊടുനിജനിജമന്ദിരഗാരം

ധേനുകവധം, ശീതങ്കൻതുള്ളൽ, സമാപ്തം.

൧൩. ഹനൂമദുത്ഭവം.

കല്യാണശീലനാം കാശീശദേവനും
കല്യാണിയായുള്ള പാർവ്വതീദേവിയും
നല്ലോരുനാഗനാഗവുംപിടിയുമായ്
നല്ലോരുകാനനാന്തത്തിലകംപൂക്കു;
ഉല്ലാസമോടെകളിച്ചുചെല്ലുവിധം
മുല്ലായുധപ്പോർതുടങ്ങിനോരനന്തരം
കല്യമാംമാതംഗരാജാനനത്തോടു
തുല്യമാമാനനത്തോടുംപിറന്നൊരു
ഫുല്ലാരവിന്ദായതാക്ഷൻഗണാധീശ-
നെല്ലാജനങ്ങൾക്കുമാരംഭവിഘ്നങ്ങ-
ളില്ലാതെയാക്കുന്നദേവൻമയാശില-
നല്ലാതൊരാധാരമില്ലെനിക്കെപ്പോഴും
വെല്ലവുംപാലുംപഴംപഞ്ചസാരയും
നല്ലോരുമാതൾനാരങ്ങാമധുഗ്ഗുള-
മെല്ലാംതിരുക്കാഴ്ചവച്ചുകൊണ്ടിന്നുഞാൻ
ചൊല്ലാൻതുടങ്ങുന്നവൈകാതൊരുകഥ
ചൊല്ലുംപ്രബന്ധത്തിനെങ്ങുംതടവുകൾ
തെല്ലുംവരായ്വാനനുഗ്രഹിക്കേണമേ!
സല്ലോകസംസാരസന്താപഹാരിയാ-
യുള്ളൊരുകാരുണ്യമൂർത്തേ!നമോസ്തുതേ!
കുന്ദേന്ദുഗൌരപ്രകാശേ സരസ്വതി
വന്ദേഹമിന്ദീവരാക്ഷി!തേപാദാര-
വിന്ദേവിശേഷേണവിദ്യാവിനോദേഷു
മന്ദനാകുന്നഞാനെങ്കിലുമിന്നൊരു
സന്ദേഹമില്ലനിൻകാരുണ്യപീയൂഷ-
സന്ദോഹമെങ്കൽപതിക്കുംദശാന്തരേ
മന്ദേതരപ്രസാദപ്രബന്ധാവലീ
സന്ദർഭകർമ്മപ്രഗത്ഭനാകുംധ്രുവം;
ഉള്ളിൽകൃപാശാലിമൽഗുരുനാഥനും
കിള്ളിക്കുറിശ്ശിമഹേശ്വരസ്വാമിയും
തുള്ളൽകവിപ്രബന്ധങ്ങളെച്ചൊല്ലുവാ-
നുള്ളോരുവൈദഗ്ദ്ധ്യമേകീടവേണമേ!
നിത്യംപടാർകുളംവാണരുളീടുന്ന
മൃത്യുഞ്ജയസ്വാമിദേവനുംവിഷ്ണുവും
അത്യന്തഭക്ത്യാഭജിക്കുന്നനമ്മുടെ
വൃത്തിക്കുശുദ്ധിയുണ്ടാക്കീടവേണമേ!
നിത്യൻനിരാമയൻകല്ലോട്ടുസപ്പേശ്വ-
രത്തമേൽപള്ളികൊണ്ടീടുംതിരുവന-
ന്താലയേശ്രീപത്മനാഭനുംനമ്മുടെ
പാലനംചെയ്തരുളേണമേസന്തതം
ബാലമാർത്താണ്ഡധർമ്മേന്ദ്രവീരക്ഷമാ-
പാലചൂഡാമണിപ്രേരണാകാരണം
ലീലാരസജ്ഞനാംമെയ്പ്പുമാർത്താണ്ഡ-
ബാലമന്ത്രിപ്രവീരന്റെനിദേശാനു-
രൂപമായുള്ളവിനോദപ്രമേയമി-
ക്കാലങ്ങളിൽപ്രകാശിക്കേണമീശ്വരാ!
ശൈലേന്ദ്രകന്യകേ!കന്യാകുമാരിയാ-
മാലയേവാണരുളുംപരദേവതേ!
ബാലേന്ദുശേഖരാ!സ്ഥാണോ!ശുചീന്ദ്രാഖ്യ
കൈലാസവാസിൻ!നമസ്തേ!നമോസ്തുതേ!
വില്ലാളിവീരനാംശ്രീരാമചന്ദ്രന്റെ
വല്ലഭയായുള്ളവൈദേഹിയെപ്പണ്ടു
വല്ലാതെവഞ്ചനചെയ്തുകൊണ്ടുപോയ-
ന്നല്ലൽപെടുത്തൊരുനക്തഞ്ചരേന്ദ്രന്റെ
പത്തനമാകവേചുട്ടുപൊടിച്ചൊരു
ശക്തനായുള്ളൊരുശ്രീഹനുമാന്റെ
ഭക്തനായുള്ളഞാൻതജ്ജന്മവൃത്താന്ത-
തത്വംകുറഞ്ഞൊന്നറിഞ്ഞപോലെമഹാ-
സത്തുക്കളേറുംസഭാന്തരേചൊല്ലുവാൻ
അത്തൽകൂടാതെത്തുടങ്ങുന്നുസാമ്പ്രതം;
ചിത്തപ്രസാദേനസർവ്വഭൂമീസുരപ-
ർവ്വോത്തമന്മാരനുഗ്രഹിക്കേണമേ!

കലികാലങ്ങളിലുള്ളകവികൾക്കുകഥകേട്ടാൽ
ഫലിതമുള്ളതെന്നല്ലപലർക്കുമതിനെത്തന്നെ;
വലിപ്പമുള്ളവർകൾക്കുംവയസ്സുചെന്നവർക്കുംനൽ-
കുലത്തിലുള്ളവർകൾക്കുംനാരിമാർക്കുംശിശുക്കൾ-
[ക്കും
ചിരിപ്പാൻസംഗതിയുള്ളകവിതകൾചൊല്ലി-
[യെങ്കിൽ
ചിരിപ്പാനാഗ്രഹമുണ്ടാമെന്നിയേസൽക്കഥ-
[കേട്ടാൽ
ചിരിപ്പാനെന്തൊരുമാർഗ്ഗമെന്നുനോക്കുന്നവരേ-
[ള
മരിപ്പാനൊട്ടടുത്താലുംമാധവന്റെപാദാംഭോജം
സ്മരിപ്പാൻഭാവമില്ലാക്കുമൊരുനിർമ്മരിയാദം
മരപ്പാവകണക്കിനെചരടിട്ടുവലിക്കുമ്പോൾ
നിരപ്പോടെകാലിളക്കുംകയ്യിളക്കുംമെയ്യിളക്കും
ചിരിപ്പാനുംശയിപ്പാനുമിരിപ്പാനുംശക്തിതോ-
[ന്നും
ചരടങ്ങുവിട്ടുനേരംചത്തുവീഴുന്നതുംകാണാം
ചരിതങ്ങളിവയെല്ലാമീശ്വരന്റെകളിയത്രേ!
ഒരുവിദ്യപ്രയോഗിച്ചാലതിന്റെസാരമെന്തെ-
[ന്നു
ധരിക്കാത്തജനംവന്നുവസിക്കുന്നടിക്കിൽനിന്നു
സരസംവിദ്യകാട്ടുന്നപുരുഷനെത്രയുംദോഷൻ
കുരുടന്റെമുമ്പിൽനിന്നുകൃത്തുകാട്ടുന്നതുപോലെ
പരമാർത്ഥമറിയുന്നപരിഷകളിരിക്കുന്ന
പരിഷത്തിൽപ്രയോഗിച്ചേകവിതയ്ക്കുഫലമുള്ളൂ
വിളവില്ലാത്തകണ്ടത്തിൽവിത്തുവാരിവിതയ്ക്കുന്ന
ജളന്മാർക്കുകെടുകാര്യമെന്നിയേമറ്റൊന്നുമില്ല;
വളരെക്ലേശവുംചെയ്തുപഠിക്കുന്നവിദ്യപാഴിൽ
കളയുന്നതിനീമൂഢന്മാരുടെകിക്കിലെത്തിട്ടു
തലകുത്തിമറിഞ്ഞാലുംഫലമില്ലെന്നറിഞ്ഞാലു-
ന്തലക്കുത്തുപിടിക്കുന്നോരൊരുത്തനിക്കൊന്നുംചലിപ്പില്ല;

ധനമേറുംപ്രഭുക്കന്മാരുടെസേവമുഴുത്താലും
തനിക്കുദ്രവ്യമുണ്ടാവാൻകർമ്മമുണ്ടെങ്കിലേകിട്ടൂ
ധനമതിൻറകലത്തിൽസഹിതംപൂണ്ടിരിക്ക-
[ന്ന
മനസിജാന്തകസ്വാമിഭിക്ഷയേറുനടക്കുന്നു
ഉടുപ്പാൻവസ്ത്രമില്ലാഞ്ഞുപുലിത്തോൽകൊണ്ടുടു-
[ക്കുന്നു
കുടിപ്പാൻപാലുകിട്ടാഞ്ഞുവിഷംതന്നെകുടിക്കുന്നു
അലങ്കാരങ്ങളില്ലാഞ്ഞങ്ങസ്ഥിമാലധരിക്കുന്നു
ചിലമ്പുംകാഞ്ചിയുമെല്ലാംപാമ്പിനെക്കൊണ്ടുള്ള-
[വാക്കി
കളഭകുങ്കുമകസ്തൂരിയുമെങ്ങുമേലഭിയാഞ്ഞു
പൊളിയല്ലവെള്ളച്ചാരവുംപൂശിനടക്കുന്നു
മതിക്കുചേർന്നൊരുനല്ലവാഹനത്തെലഭിയാഞ്ഞു
മുതുക്കൻകാളമേലേറിപ്പുറമെസ്സഞ്ചരിക്കുന്നു
തനിക്കുഭക്ഷണത്തിന്നുവകയില്ലാഞ്ഞിരിക്കുന്നു
തനിക്കുതാൻപോന്നവർക്കുംഭവിക്കുംജാതകമോ-
[ഷം
ഇരക്കുന്നജനങ്ങൾക്കുവേണ്ടതൊക്കെക്കൊടു-
[പ്പാനാ-
യിരിക്കുന്നപുരവൈരിഭഗവാൻശ്രീമഹാദേവൻ
ഇപ്പോളിപ്പരിഷയ്ക്കുസമനായ്സഞ്ചരിക്കുന്നു
മഹിമയെങ്ങിനെയാർക്കുമറിയാമോവിചാരിച്ചാൽ?
ധനമുള്ളജനത്തിന്റെസേവകൊണ്ടുഫലമില്ല
ജനനരാശിയിലുള്ളഫലമൊന്നേതനിക്കുള്ളൂ
ധനവാനായ്വരുവാനുംദരിദ്രനായ്വരുവാനും
ഘനമാംപൂർവ്വകർമ്മത്തിൻപരിണാമമതുതന്നെ
തനുമാന്മാർക്കൊരുമൂർഷംവരുവാൻമോഹമെ-
കിൽശ്രീ
ഹനൂമാനെമനക്കാമ്പിലുറപ്പിച്ചുഭജിച്ചാലും!
രഘുവംശാധിപശ്രീമദ്രാമഭദ്രസ്വാമിതന്റെ
മനോമോദാമൃതത്തിന്നുപാത്രമാംവാനരശ്രേ-
[ഷ്ഠൻ
ഹനൂമാനഞ്ജനാസൂനുവായുപുത്രൻമഹാവീരൻ
ഹനൂമാൻധൈര്യഗംഭീരസ്ഥൈര്യശൌര്യാദി-
[യാംസർവം
അനന്തബ്രഹ്മരൂപന്റെജന്മവൃത്താന്തമാധുര്യം
മനോജ്ഞംപാപസംഹാരംപറഞ്ഞീടാംകുറേ-
[നേരം.

എങ്കിലോപണ്ടുപരബ്രഹ്മരൂപിയാം
തിങ്കൾക്കലാമൌലിദേവൻമഹേശ്വരൻ
അങ്കമാർമൌലിയാംദേവിയെത്തന്നുടെ
അങ്കസ്ഥലേവസിപ്പിച്ചുരസിപ്പിച്ചു;
സങ്കലാനന്ദംനമിപ്രസ്ഥരാകുന്ന
സംക്രന്ദനാദിയാംവാനവന്മാരുടെ,
സംഘങ്ങളേയുംമുനീശ്വരന്മാരെയും
പങ്കജോൽഭൂതനാംദേവനേയുംതദാ
സംഭാവനംചെയ്തുകൊണ്ടുയഥാക്രമം
സംപൂർണ്ണമോദംവസിച്ചരുളീടിനാൻ.
അംഭോജബാണാരിവൈരിസംഘാതസം-
രംഭോദയഖഞ്ചംസലീലാപരായണൻ
കുംഭീനസാധിപൻവാസുകിതക്ഷകൻ
കുംഭീന്ദ്രവക്ത്രനുംതാരകാരാതിയും
കുംഭോദരൻഭൃംഗിസിംഹോദരൻനന്ദി-
കുംഭാണ്ഡകൂശ്മാണ്ഡകുണ്ഡോദരാദിയും
ഭൂതാധിനായകൻവേട്ടയ്ക്കൊരുമകൻ
ഭൂതജാലങ്ങൾമറ്റുള്ളവൃന്ദങ്ങളും
വേതാളപാളിയുംകാളിയുംകൂളിയും
ഏതാനുമല്ലൊരുപത്തുനൂറായിരം
കൈലാസശൈലംനിറഞ്ഞുവഴിഞ്ഞൊരു-
കോലാഹലങ്ങളുമെത്രമനോഹരം!
ഹാലാഹലങ്ങളെസംഭരിച്ചീടുന്ന
കാലാരിദേവന്റെനാനാപ്രകാരമാം
ലീലാചരിത്രങ്ങൾപാടുന്നഗന്ധർവ-
ബാലാംഗനാജനത്തിന്റെകളികളും;
നാലാനനൻതന്റെവേദഘോഷങ്ങളും
ശാലാശതങ്ങളിൽഗാനസ്തവങ്ങളും
കായാമ്പൂവർണ്ണസചത്രപനാകുംവിഷ്ണു-
മായാകുമാരൻവളർത്തുരക്ഷിക്കുന്ന
നായാട്ടുനായ്ക്കുടെകൂട്ടംകുരച്ചാർത്തു
വായുംപിളർന്നുവരുന്നതുകണ്ടുടൻ
പേടിച്ചുമണ്ടുന്നഭൃംഗീരിടിചെന്നു
ചാടിമറിഞ്ഞുവീഴുന്നകാൺകയാൽ,
പെട്ടെന്നുഭൂതങ്ങളുമ്മിങ്ങുംകരം
കൊട്ടിച്ചിരിക്കുന്നഘോഷമൊരുദിശി;
പുററുകൾകത്തിരകത്തുപൊടിച്ചാർത്തു
ക്രൂരന്റെക്രുദ്ധുള്ളകൊമ്പിൻമുനകളിൽ
ചുററിക്കരേറുന്നവമ്പിച്ചപാമ്പിന്റെ
ഫൂല്ക്കാരശബ്ദങ്ങൾകേൾക്കായൊരുദിശി
വേലായുധൻതന്റെവാഹനമായുള്ള
മൈലുകളൊരുദിശിവന്നുപതുക്കവേ
പീലിപരത്തിനിന്നാടുന്നകൂത്തുക-
ളുലോകനംചെയ്തുനില്ക്കുന്നിതുചിലർ,
ഏവംമനോജ്ഞമാംകൈലാസപർവ്വതേ
ദേവഗന്ധർവ്വാദിവൃന്ദങ്ങളൊക്കെയും
സേവാർത്ഥമായിട്ടുചുറ്റുംനിറഞ്ഞങ്ങു
ഷമവുംശാന്തരേദേവൻമഹേശ്വരൻ
കുന്നിൻമകളുടെനല്ലൊരുപോർമുല-
ക്കുന്നുകൾരണ്ടുമണച്ചുപുണരുവാൻ
ഒന്നുമതിന്നുചുഴലവുംദേവകൾ
കണ്ണുംമിഴിച്ചങ്ങുനില്ക്കുന്നതുകണ്ടു
സാദ്ധ്യമല്ലായ്കയാലെങ്ങിനെവേണ്ടുവ-
നുൾത്താരിലോർത്തുടൻനിശ്ചയിച്ചാദരാ-
ത്തുകൺമുനകൊണ്ടറിയിച്ചുദേവിയോ-
ടുൾക്കാമ്പിലുള്ളമനോരഥംശ്രദ്ധമായ്
മസ്തുണ്ണിയാളോടൊരുമിച്ചുശങ്കരൻ
തക്കത്തിലാശുമറഞ്ഞരുളീടിനാൻ
വാനരീവേഷംധരിച്ചുമഹേശ്വരൻ
വാനരീവേഷംധരിച്ചുമഹേശ്വരീ
കാനനേനില്ക്കുന്നവൃക്ഷമുകളേറി
മാനിനിയോടുംരമിച്ചുവാണുശിവൻ,
ഇന്ദ്രാദിദേവഗന്ധർവ്വാദിവൃന്ദങ്ങൾ

ചന്ദ്രാർദ്ധചൂഡനെക്കാണ്മാനുഴന്നങ്ങു
മന്ദരംതോറുമാകന്ദരംതോറുമ-
ത്യുന്നതപ്രൌഢശൃംഗങ്ങൾതോറുംനട-
ന്നന്വേഷണംചെയ്തുകണ്ടുകിട്ടായ്കയാൽ
ഖിന്നതപൂണ്ടുവിചാരിച്ചുമാരുതൻ
തന്നെപ്പറഞ്ഞയച്ചീടിനാർതേടുവാൻ
തന്നെക്കണക്കെമറ്റാർക്കുമില്ലഭ്രമം;
ചെന്നുതിരഞ്ഞുഗ്രഹിച്ചുവരികെടോ!
മന്നിലുംവിണ്ണിലുംമറ്റുള്ളദിക്കിലും
എന്നതുകേട്ടുപുറപ്പെട്ടുമാരുതൻ
കുന്നുകൾകാടുകൾനാടുകൾതോടുക-
ളൊക്കവേവീശിനടന്നങ്ങൊരുവനം
പുക്കുമരങ്ങളിളക്കിത്തുടങ്ങിനാൻ
പൊക്കത്തിൽനിൽക്കുമൊരുമരത്തിൽചെന്നി-
ളക്കുവാനായിപ്രയത്നങ്ങൾചെയ്തവൻ
പൊക്കമായ്നിന്നതേയുള്ളതരിമ്പുക-
ലുക്കമില്ലമരക്കൊമ്പുകൾക്കൊന്നല്ല
നിൽക്കുന്നപത്രങ്ങൾപോലുംകുറഞ്ഞൊര-
നക്കംതുടർന്നതില്ലെന്തൊരുവിസ്മയം!
ദുർഘടമെന്തെന്നുനോക്കുംവിധൌരണ്ടു
മർക്കടന്മാരിരിക്കുന്നതുകണ്ടു
ശങ്കിച്ചുനിശ്ചയിച്ചീടിനാൻമാരുതൻ
മർക്കടന്മാരല്ലിവരെന്നുനിർണ്ണയം;
മുക്കണ്ണദേവനുംപാർവ്വതീദേവിയും
മർക്കടാകാരേണവാണരുളീടുന്നു
ഉൾക്കാമ്പിലിത്ഥമുറച്ചങ്ങുചെന്നുടൻ
തൃക്കാൽവണങ്ങിത്തൊഴുതുനിന്നീടിനാൻ
മൃത്യുഞ്ജയനതുനേരംതിരിക്കനേ
പ്രത്യക്ഷനായിട്ടരുൾചെയ്തുമെല്ലവേ
"മർക്കടപ്പെണ്ണേ!നിജസ്വരൂപത്തെധ-
രിക്കുനീനമ്മെഗ്രഹിച്ചുപോയ്മാരുതൻ
നാണിച്ചുനിന്നങ്ങരുൾചെയ്തുപാർവ്വതി!
നാഥനെമുക്കൊരുവൈഷമ്യമുണ്ടിഹ
ഗർഭമുണ്ടായിച്ചമഞ്ഞുപിറന്നീടു-
മർഭകൻമർക്കടത്താനാസ്യരൂപംദൃഢം
മർക്കടത്താനെങ്കിലെന്തുവേണ്ടുനിന്റെ
മക്കളിലേകൻകുരങ്ങായിരട്ടെടോ!
ഇത്തരംദേവൻചിരിച്ചരുൾചെയ്തതി-
നിത്തരംദേവിയുംകോപിച്ചരുളിനാൾ
വാനരത്തെപ്രസവിക്കില്ലഞാനെന്റെ
മാനക്ഷയംവരുത്തുന്നതെന്തേഭവാൻ?
ആനത്തലവനെപ്പെറ്റുഞാൻപിന്നെയ-
ഞ്ചാറുമുഖമുള്ളവനെപ്രസവിച്ചു
വാനരത്തെയിനിപ്പെറ്റാൽചിതംവന്നി-
താനകളിപ്പാൻവഴിവീണലോകർക്കു
ഞാനിന്മകളുടെ കുഞ്ഞുങ്ങളുള്ളതി-
ലൊന്നില്ലഗോഷ്ഠികൂടാതെയിന്നിങ്ങനെ
ഇങ്ങുമാത്രംതന്നെയല്ലനാണക്കേടു
നിങ്ങൾക്കുമുണ്ടാമതോർക്കുന്നതില്ലയോ?
എന്നതുകേട്ടരുൾചെയ്തുശങ്കര-
നെന്നാൽമരുത്തിന്റെകൈക്കൽകൊടുക്കണ്ടു
ഗർഭത്തിൽനിന്നുടനാകർഷണംചെയ്തു
കെല്പോടുകൊണ്ടുപോയാലുംപ്രഭഞ്ജന!
അർഭകനെക്കൊണ്ടുചെന്നൊരുപെണ്ണിന്റെ
ഗർഭത്തിലാക്കിജ്ജനിപ്പിച്ചുകൊൾകനീ
ഉത്ഭവിക്കുംനിന്റെപുത്രനായത്യ-
മത്ഭുതനേകപ്രഭാവനാംവിഗ്രഹൻ
ചാരുതീവ്രപ്രതാപോൽകൃഷ്ടനാമവൻ
മാരുതിയെന്നുപ്രസിദ്ധനാകുംധ്രുവം
വാരിധിലംഘനംചെയ്തുനിശാചര-
ന്മാരുടെനിഗ്രഹംചെയ്യുംപലതരം
മിത്രന്റെവംശേദശരഥൻതന്നുടെ
പുത്രനായിജ്ജനിക്കുംമധുസൂദനൻ
ശ്രീരാമനെന്നുപേരാകുമവൻതന്റെ
ഭാര്യയായുള്ളൊരുജാനകീദേവിയെ
ചോരണംചെയ്യുംദശഗ്രീവനായതു
കാരണംനിശ്ശേഷരാക്ഷസസമൂഹത്തെ
മാരണംചെയ്യിപ്പതിന്നുംസഹായമാ-
യ്മാരുതിവീരൻപ്രയത്നങ്ങൾചെയ്തിടും
ശങ്കാവിഹീനംസമുദ്രസംലംഘനം
കങ്കേളികാനനത്തിന്റെവിഭഞ്ജനം
ലങ്കാപുരീദാഹമത്രതന്നേയല്ല-
ഹങ്കാരമേറുന്നലങ്കാധിനാഥനെ
ഗണ്ഡസ്ഥലങ്ങളിലുപതിലുംക്രമാൽ
ചണ്ഡമാകുംകരാഗ്രംകൊണ്ടുതാഡനം
എന്നുവേണ്ടാസുരന്മാർക്കുമസാദ്ധ്യമാ-
കുന്നകാര്യങ്ങളെച്ചെയ്യുംബഹുവിധം
എന്നതുകൊണ്ടുപറഞ്ഞുനിനക്കൊരു
നന്ദനനുണ്ടാംജഗത്ത്രയവിശ്രുതൻ
ചന്ദ്രാവതംസന്റെശാസനംകേട്ടുടൻ
വന്ദനംചെയ്തുപവനൻമുദാഗിരി
നന്ദിനീതന്നുടെഗർഭംപ്രവേശിച്ചു
മന്ദംമഹാദേവിയ്ക്കുമാംബാലനെ
ആകർഷണംചെയ്തുകൊണ്ടുനടന്നിതേ
ലോകമാതാവുംപ്രസാദിച്ചുതൽക്ഷണം
കാലാരിദേവനോടൊന്നിച്ചുമെല്ലവേ
കൈലാസപർവ്വതേവാണരുളീമുദാ
മാരുതനന്നാശുകേസരിതന്നുടെ
ഭാര്യയാമഞ്ജനാദേവിയെപ്രാപിച്ചു
അഞ്ജനാഗർഭത്തിലദ്രീശപുത്രനെ
രഞ്ജനംചെയ്തിങ്ങുപോന്നോരനന്തരം
അഞ്ജനാദേവിക്കുഗർഭമുണ്ടായ്വന്നി-
തഞ്ജസാപെറ്റുകുമാരനുണ്ടായിതു
അപ്പോഴെതന്നെമകനെയുപേക്ഷിച്ചു
മേല്പോട്ടുയർന്നുതിരിച്ചുജനനിയും!
അപ്സരസ്ത്രീയാമവൾക്കൊരുശാപമ-
കപ്പെട്ടുപോകയാൽവാനരസ്ത്രീയായി,
തദ്രൂപമവുന്നിട്ടു ഞാൻപെറ്റപുത്രന്റെ
വക്ത്രാബ്ജലോകനശാപമൊഴിഞ്ഞിതു
അഞ്ജനതന്നുടെരൂപംവെടിഞ്ഞവ-
ളങ്ങുനടന്നുടൻപോയോരനന്തരം
പുത്രനന്നേരംമുലകുടിയില്ലാഞ്ഞു

വക്ത്രംപിളർന്നുകരഞ്ഞുതുടങ്ങിനാൻ
എത്രയുംപാരംവിഷണ്ണനായങ്ങനെ
അത്രവസിച്ചിതുകേസരിവാനരൻ
തൊണ്ടിപ്പഴംപോലെശോഭിക്കമക്കനെ-
ക്കണ്ടുപുലർകാലേമാരുതിബാലകൻ
മൂത്തുപഴുത്തപഴമെന്നുചിത്തതി-
ലോർത്തുകുതിച്ചങ്ങുചാടികുമാരകൻ;
അന്നേരമക്കബിംബംഗ്രസിച്ചീടുവാൻ
വന്നോരുരാഹുവെക്കണ്ടോരുമാരുതി
ഇപ്പഴത്തേക്കാൾപെരുതിപ്പഴമെന്നു
കല്പിച്ചുരാഹുവേനേരിട്ടുചാടിനാൻ
മക്കടത്തെക്കണ്ടുപേടിച്ചുരാഹുവും
ശക്രന്റെപേർവിളിച്ചാക്രന്ദനംചെയ്തു
ശക്രനുമൈരാവതത്തിൻഗളമേറി
വെക്കംപുറപ്പെട്ടുവജ്രവുമായുടൻ
പൊന്നാനയൈരാവതത്തെവിഴുങ്ങുവാ-
നണ്ണിക്കുരങ്ങുകുതിച്ചുചാടീടിനാൻ
വിണ്ണോരധീശ്വരൻവജ്രംപ്രയോഗിച്ചു
ഖണ്ഡനംചെയ്തുവധിച്ചുകുമാരനെ
ഗണ്ഡഭാഗേവജ്രമേറ്റുമരിച്ചിങ്ങു
മന്നിൽപതിച്ചോരുപുത്രനെക്കണ്ടുടൻ
താപവുംകോപവുംവർദ്ധിച്ചുമാരുതൻ
താമസംക്രൂടാതെപുത്രനെച്ചെന്നെടു-
ത്തഞ്ജസാപാതാളലോകത്തിലങ്ങുചെ-
ന്നഞ്ജനാപുത്രനേത്തന്മടിതന്നിൽകി-
ടത്തിപ്പുതുക്കെത്തലോടിത്തലോടിജ-
ഗത്തിൽനടക്കുന്നവായുക്കളൊക്കവേ
ആകർഷണംചെയ്തുതന്നുള്ളിലാക്കിവെ-
ച്ചേകാന്തഭാവേനിരുപ്പുവാണീടിനാൻ;
ധാത്രിയിലുള്ളൊരുജന്തുക്കളൊക്കവേ
ചിത്രമെഴുതിയതുപോലെചമഞ്ഞിതു
നില്ക്കുന്നജന്തുക്കളപ്പാടെനിന്നുകി-
ടക്കുന്നജന്തുക്കളപ്രകാരംതന്നെ
ഉണ്ടിരിക്കുന്നവൻകയ്യിലുരുളയും
വെച്ചങ്ങുവായുംപിളർന്നുവാണീടുന്നു;
കണ്ടിരിക്കുന്നവൻകണ്ണുംതുറന്നൊരു
കല്പാവപോലെയനങ്ങാതിരിക്കുന്നു;
മുങ്ങുന്നചെങ്ങാതിമുങ്ങിക്കിടക്കുന്നു
തെങ്ങുകേറുന്നവൻതെങ്ങേലിരിക്കുന്നു
ഊക്കുന്നഭൂസുരൻകൈകളിൽവെള്ളവു-
മാക്കിപ്പിടിച്ചങ്ങനങ്ങാതെനില്ക്കുന്നു;
നാരിയെക്കെട്ടിപ്പുണരുംപുരുഷനും
നാരിയുംകെട്ടിപ്പിണഞ്ഞങ്ങിരിക്കുന്നു
യാഗാദികർമ്മങ്ങൾനിത്യകർമ്മങ്ങളും
യോഗംതപോവ്രതനിഷ്ഠവ്രതങ്ങളും
വേഗേനസർവ്വംനശിച്ചതുകാരണം-
ലാകുലപ്പെട്ടുമഹേന്ദ്രാദിദേവകൾ
സത്യലോകേചെന്നുവൃത്താന്തമൊക്കെയും
സത്യമാംവണ്ണംവിരിഞ്ചനെക്കേൾപ്പിച്ചു
സത്വരംബ്രഹ്മനുംദേവവൃന്ദങ്ങളും
തത്രനിന്നാശുപുറപ്പെട്ടുചെന്നുടൻ
പാതാളലോകംപ്രവേശിച്ചനന്തരം
വാതാത്മജാകൃതികണ്ടുപിതാമഹൻ
ഒട്ടുംമടിക്കാതെനാലുകരംകൊണ്ടു
തൊട്ടുതലോടിത്തുടർന്നോരനന്തരം;
കണ്ണുംതുറന്നെഴുന്നേറ്റുവാതാത്മജൻ
പുണ്ഡരീകോത്ഭവനെത്തൊഴുതീടിനാൻ;
വായുഭഗവാൻപ്രസാദിച്ചുലോകത്തിൽ
വായുസഞ്ചാരംതുടങ്ങിച്ചുസാദരം
ഭാരതീകാന്തനരുൾചെയ്തുപിന്നെയും
മാരുതിയാകുംമഹാവീര്യബാലക!
ശത്രുശസ്ത്രാസ്ത്രങ്ങളൊന്നുമേനിന്നുടെ
ഗാത്രത്തിലേല്ക്കയില്ലെന്നുധരിക്കനീ;
അത്രയല്ലായുരന്തംനിനക്കില്ലസ-
വ്വത്രകാലങ്ങളിൽ ജീവിച്ചിരിക്കനീ
ദംഭോളികൊണ്ടുഹനുവിന്റെഹനുസ്ഥാന
സംഭേദമുണ്ടാകകൊണ്ടുജഗത്ത്രയേ
ശ്രീഹനുമാനെന്നുപേരുംപ്രസിദ്ധമാം
ബാഹുവീര്യംകൊണ്ടുവിശ്വംജയിക്കനീ,
ഏവംപറഞ്ഞുമറഞ്ഞുവിധാതാവും
ദേവാദിവൃന്ദംമുനീന്ദ്രവൃന്ദങ്ങളും
താതനെവന്ദിച്ചനുഗ്രഹവുംവാങ്ങി
ഭൂരിവീര്യാംബുധിശ്രീഹനുമാൻമുദാ
ഭൂതലംനോക്കിഗ്ഗമിച്ചരുളീടിനാൻ
ഭൂതേശവീര്യജൻവീര്യൻസുമംഗലം.

ഹനുമദുത്ഭവം, ശീതങ്കൻതുള്ളൽ, സമാപ്തം.

---

൧൬. പൌണ്ഡ്രകവധം.

മാത്തുരാലയംതന്നിൽമരുവും മംഗലാകാരേ!
കാത്തുകൊൾകനീകേളീകളരീവാസിനീകാളീ
ഒത്തുനാലിവനിന്നൊരുപോലെപുകഴ്ത്തുന്ന
ഓർത്തുകണ്ടറിവാനുമൊരുവൻശക്തനല്ലേതും
നൃത്തംപാട്ടുമെന്നുള്ളകൗതുകക്രീഡനങ്ങളിൽ
കുത്തുംദൂഷണഘോഷംകുടിലന്മാർതുടങ്ങുമ്പോൾ
കൂടെദ്ദൂഷണംചൊൽവാൻകുറവില്ലവരുന്നേരം
മൂഢന്മാർപരിഹാസമുടനേകെട്ടിയുണ്ടാക്കും
വാടാതെപ്രയോഗിപ്പാൻസാഹസാവന്നതു-

[കൊള്ളുമേ

പ്രൗഢന്മാരുടെമുന്നിൽപ്രകടിപ്പാനൊരുചണി
മൂഢന്മാർമതിയാതോമുഷിഞ്ഞുപോമതുകേട്ടാൽ
ഗാഢസ്നേഹമുള്ളൊരുഗുരുവിൻറകൃപകൊണ്ടേ
മൂഢത്വമൊഴിഞ്ഞീടുമിനിമാർക്കെങ്കിലുംനൂനം
തന്നുടെഗുരുക്കന്മാരുനിക്കലൈ : തമെന്നു
തന്നെത്താനറിയുന്നതന്മാനമാർധരിക്കുന്നു
ധന്യന്മാരവരെന്നുധരിക്കേണമതല്ലാതെ
നിന്ദ്യന്മാരവരെന്നുള്ളതിനുസംശയമില്ല
മറ്റുള്ളജനങ്ങൾക്കുമനതാരിലനുരാഗം
പെറുന്നപ്രബന്ധങ്ങൾപരിചോടെപ്രയോഗി- [ച്ചാൽ
ചെറുതുംദൂഷണമില്ലചതുരന്മാർപ്രസാദിക്കും
തോറുകൊൾകയില്ലെങ്ങുംതെളിവോടെവി- [നോദിക്കും
കൊറ്റുംവിട്ടുമെല്ലാടംകൊതിയുള്ളജനങ്ങൾക്കു
മുറ്റുംമൃതിയുംനൽകുംമുകിൽവർണ്ണൻമുരാരാതി
തെറ്റെന്നുമുകുന്ദൻറെതെളിവേറുംകഥാശേഷം
മറ്റൊന്നുംനിനയ്ക്കാതെമനസാകേട്ടുകൊണ്ടാലും

പങ്കജാക്ഷൻപതിനാറായിരത്തെട്ടു
മങ്കമാർമൗലിമാണിക്യരത്നങ്ങളെ
കുങ്കുമാലേപനംകൊണ്ടുമനോജ്ഞമാം
കൊങ്കകൾതാവിലണച്ചുപുണർന്നുതൻ
വെൺകളിമാടങ്ങൾതോറുംമഹാനന്ദ-
സംകലക്രീഡാവിശേഷേണസന്തതം
തൻകഴൽപങ്കജംസേവിപ്പവരുടെ
സങ്കടംതീർത്തുസുഖിച്ചുമേവുംവിധൌ
ളുങ്കുതികൊണ്ടുമഹാപാപിപൌണ്ഡ്റകൻ
ശങ്കകൂടാതെമുരാരാതിദേവനോ-
ടങ്കംപൊരുതുവാനാഗ്രഹംകൊണ്ടുടൻ
കിങ്കരനെപ്പറഞ്ഞയച്ചീടിനാൻ
വൻകടൽതന്നുടെമദ്ധ്യേവിളങ്ങുംവി-
ശങ്കടമാകുമാദ്വാരകാമന്ദിരേ
പങ്കജലോചനൻവാണരുളുംഗൃഹേ
ശങ്കാവിഹീനംകടന്നുചെന്നീടിനാൻ
കിങ്കരൻതാനവൻദേവദേവാരാതിത-
നംഘ്രിപാദപംകണ്ടിട്ടുനിന്നുടൻ
തങ്കലപ്രാഭവത്തോടെമുകുന്ദനോ-
ടെങ്കിലോകേട്ടാലുമെന്നുരത്തീടിനാൻ
പാരിൽപ്രസിദ്ധനാംപൌണ്ഡ്റകാഖ്യൻ- [നൃപൻ
പോരിൽപരാക്രമിവീരചൂഡാമണി
ഭൂരിപ്രതാപവാൻഭൂലോകവാസവൻ
വൈരിലോകാരണ്യഘോരദാവാനലൻ
വിത്തസമ്പത്തിനാൽവിത്തേശസന്നിഭൻ
ചിത്തഗാംഭീര്യേണരത്നാകരോപമൻ
മൂർത്തിസൌന്ദര്യേണപഞ്ചശരോപമൻ
കീർത്തികൊണ്ടർജ്ജുനശ്രീരാമസന്നിഭൻ
പാർത്തലംതന്നിലെപ്പാർത്ഥിവന്മാർവന്നു
പോത്തലംതന്നിലണഞ്ഞുപണിഞ്ഞുവാൻ
നേർത്തുകൊണ്ടാർത്തുതകർത്തുവശംവിധൌ
കൂർത്തുമൂർത്തുള്ളബാണങ്ങൾകൊണ്ടംഗങ്ങൾ
കോർത്തുധരിത്രിയിലിട്ടരുട്ടിപ്പൊടി-
ച്ചാർത്തുകൾകൊണ്ടണിയിച്ചുമാലേയങ്ങൾ
ചേർത്തുതാന്തൻറെമന്ദിരത്തിൽചെന്നു
പാർത്തുകൊൾവാനയച്ചുനൃപാലകരി
ഇക്കാലമിക്ഷിതിപാലൻറെവൈരികൾ
ദുഷ്ടാലമെന്നാച്ചുങ്ങമറിതല-
പൊക്കാതെകൊണ്ടൊളിച്ചുങ്ങുമിങ്ങുംതാ
നൾക്കാനിലത്തിൽപിടിച്ചുമുതലുള്ള
തൊക്കെയുംവിറ്റുതിന്നുംകളിക്കൊന്നീയം-
യെക്കുറിക്കുള്ളരാഷ്ട്രവൃദ്ധിക്കുവേണ്ടിട്ടു
വിഢ്ഢിത്തമോരോന്നുകാട്ടിചലിക്കുന്നു
വട്ടിയുംകൊട്ടയുംചട്ടികലങ്ങളും
കെട്ടിച്ചുമന്നങ്ങുകാട്ടിൽനടക്കുന്നു
കാട്ടിയഗോഷ്ഠികളെല്ലാംതമ്പലമി-
പ്പാട്ടിൽകിടന്നുതിരിഞ്ഞുതൽപ്രാണനാ-
ക്കൂട്ടിലിങ്ങുള്ളനാൾനമ്മുടെപേരുള്ള
വീട്ടിൽകടപ്പുന്നതാരംവരത്തില്ലെന്നു
തങ്ങളിൽതങ്ങളിൽമന്ത്രിക്കയുംചിലർ
തങ്ങളിൽതങ്ങളിൽചാടുമറികയും
ഇങ്ങിനെയൊരുരാജാക്കളെനാട്ടിൽനി-
ന്നങ്ങേതേലിക്കലെയ്യാട്ടികളഞ്ഞൊരു
രാജരാജാധിരാജാധിരാജൻമഹാ-
രാജൻമഹാസാമിപൌണ്ഡ്റകക്ഷോണിപൻ
വീതസന്ദേഹമിസ്സന്ദേശവാക്യങ്ങ-
ളോതുന്നുകേട്ടുകൊണ്ടാലുംമഹാമതേ
ആഴികളേഴുമകപ്പെട്ടുക്ഷോണിക-
മൂഴികൾക്കൊക്കെയേനായകൻപൌണ്ഡ്റകൻ
പാഴിൽപ്പുള്ളുവെന്നുഭാവിച്ചിരിക്കാതെ
കോഴകൊണ്ടന്നുനമുക്കുതന്നീടുകിൽ
ആഴിക്കുമദ്ധ്യത്തിലത്രമാത്രേദികിൽ
വാഴാനിനിക്കൊരുചൊല്ലുമില്ലിങ്ങതോ
ദോഷമൊന്നെന്നാലുടനതാനതാളിക-
ത്താഴത്തുമുണ്ടുംവിരിച്ചുശയിക്കയും
ആയുധംകൊണ്ടനേകമ്പടികൂട്ടന
നായരെക്കൊണ്ടുനടക്കാതിരിക്കയും
ആയുധക്കോപ്പുകളൊക്കവേമങ്ങങ്കി-
ലായതെല്ലാംകൊടുത്തിങ്ങയയ്ക്കയും
കുത്തുവിളക്കുംകുടയുംകുതിരയും
കത്തുംമണിച്ചപയക്കിയുംപക്ഷിയും
ഇത്യാദിരാജചിഹ്നങ്ങളൊക്കെവെടി-
ഞ്ഞത്യാദരംനമ്മെവന്നുഭജിക്കയും
ഉൾക്കണ്ടകിങ്കരന്മാരെക്കണ്ടാലിനെ
പക്കത്തിലൊക്കിക്കഴിച്ചുപോക്കയും
മച്ചുണ്ണിമാർപതിനാറായിരങ്ങളിൽ
വക്കണതെല്ലുള്ളപെണ്ണുങ്ങളെത്തിര-
ഞ്ഞൊക്കവെനമ്മുടെദാസദാസകൾക്കുപ്പതി-
നല്പംവികല്പമില്ലെങ്കിൽകനകവെ-
ച്ചപ്പവുംതന്നുപൊകുക്കൊന്നിനക്കിനി
കപ്പലുംപാരുംപിടിച്ചതിത്യാദികൾ
കെല്പോടുകണ്ടുമേരക്കലക്കൂട്ടങ്ങ-
ളെപ്പേർതമിങ്ങുള്ളഭണ്ഡാരമാത്രവും

മുപ്പുറവിത്തുപാടെന്നുള്ളതുംനമു-
ക്കൊപ്പിച്ചുള്ളന്നുബോധിപ്പിക്കയുംവേണം
ഇപ്രകാരംതാനാടങ്ങിയൊത്തുങ്ങിയ-
ങ്ങപ്രിയംചെയ്യാതിരുന്നുകൊണ്ടെങ്കിൽനി
ൻപ്രസാദത്തിനുപാത്രമാമല്ലെങ്കി-
ലപ്പൊടെടുത്തുമരിക്കുമീപൌണ്ഡ്രകൻ
പൊയ്യല്ലകൃഷ്ണാമഹാമൂഢനായുള്ള
നീയല്ലവാസുദേവൻമഹീമണ്ഡലേ
വാസവപ്രൌഢസമ്പന്നനാംപൌണ്ഡ്രകൻ
വാസുദേവൻമഹാവിഷ്ണുസ്വരൂപവാൻ
കങ്കണാലംകൃതംനാലുബാഹുക്കളും
ശംഖുചക്രാംഗദാപത്മചിഹ്നങ്ങളും
ശ്രീവാസമായുള്ളവക്ഷസ്ഥലേമമ
ശ്രീവത്സകൌസ്തുഭംവന്യമാലാഗുണം
ഊർദ്ധ്വപുണ്ഡ്രംമകരാകൃതികുണ്ഡലം
ഊർദ്ധ്വഭാഗേനല്ലപൊന്നുംകിരീടവും
പീതാംബരംരത്നകാഞ്ചീകലാപവും
ശീതാംശുഭാസ്കരാകാരനേത്രങ്ങളും
ലക്ഷ്മിയുംഭൂമിയുംപാർശ്വഭാഗങ്ങളിൽ
പക്ഷീന്ദ്രനുംഫണിരാജനനന്തനും
വെള്ളിശൈലംപോൽവെളുത്തൊരനന്തനാം
പള്ളിമെത്തയ്ക്കുമുകളിൽഞാനെപ്പോഴും
പള്ളികൊള്ളുന്നുമൽപാർശ്വഭാഗങ്ങളിൽ
പുള്ളിമാൻകണ്ണിമാർഭൂമിയുംലക്ഷ്മിയും
മൂന്നാമേപൌണ്ഡ്രകശ്രീവാസുദേവന്റെ
ചിഹ്നങ്ങളൊക്കവേകണ്ടുമോഹിച്ചുനീ
സന്നാഹശീവണ്ണമാക്കിച്ചമച്ചതും
നന്നനന്നെത്രയുംകള്ളത്തൊഴിലുകൾ
നമ്മോടുകൂടുകില്ലെന്നുബോധിക്കനീ
നിർമ്മരിയാദപ്രയോഗങ്ങളിങ്ങനെ
ശങ്കകൂടാതെനീതങ്കലുണ്ടാക്കിയ
ശംഖചക്രാദിയാംചിഹ്നങ്ങളൊക്കവേ
എങ്കഴൽപങ്കജേകൊണ്ടന്നുവച്ചുകൊ-
ണ്ടെന്നെപ്രദക്ഷിണംവെച്ചുവണങ്ങുകിൽ
ഇക്കാലമെങ്ങാനിരുന്നുപൈരുതിക്ക
മുക്കാലരിക്കവകയെഴുതിത്തരാം
ഇക്കാരിയക്കാർക്കിതുംസമ്മതമല്ല
പോകയെയസ്തുണാമെന്നിവക്കാഗ്രഹം
ശ്വാക്കളെക്കെട്ടിഭരിക്കയെന്നാകിലും
ഗോക്കളെമേച്ചുചരിക്കയെന്നാകിലും
കാക്കയാട്ടീടുവാനെങ്കിലുമൊന്നുക-
ലാക്കേണമെന്നുംനടുനമ്മുടെമാനസേ
കാട്ടിൽപശുക്കളെമേച്ചുനടക്കുന്ന
കൂട്ടത്തിലേക്കപ്രധാനിയായുള്ളനി
കാട്ടിക്കിടക്കുന്നഗോഷ്ഠിത്തരങ്ങളെ
കേട്ടാൽചിരിക്കാതിരിക്കാവതല്ലെടോ
വെണ്ണയുംപാലുംകവർന്നുഭക്ഷിക്കയും
പെണ്ണുങ്ങളോടടികൊണ്ടുകിടക്കയും
സമ്മാനമേകവാനങ്ങുവരുത്തിയോ-
രമ്മാവനെപിടിപെട്ടുവധിക്കയും
നിർമ്മരിയാദങ്ങളിങ്ങിനെചെയ്യൊരു
ദുർമ്മതിയാകുന്നനിന്നെപ്രഹരിച്ചു
നമ്മുടെനാട്ടിൽനിന്നാട്ടിക്കളയാതെ
നന്മവരികയില്ലെന്നുണ്ടൊരുമതം
പൌരുഷംകൊണ്ടുപരക്കെപ്പുകഴ്ന്നൊരു
പൌണ്ഡ്രകവാസുദേവൻഞാൻമഹാരഥൻ
വീരനാമെന്നോടുനേർത്തുനില്പാനിഹ
പാരിടംതന്നിലൊരുത്തരുമില്ലെന്നു
വിണ്ണവർനാട്ടിലെപ്പെണ്ണുങ്ങളുംകൂടെ
വർണ്ണിച്ചുനമ്മെഭ്രമിച്ചുവാണീടുന്നു
ഖണ്ഡിച്ചുതന്നെകഥിക്കാംവൃഥാവന്നു
ഉണ്ടിച്ചുതോറ്റുമടങ്ങിത്തിരിക്കാതെ
നമ്മുടെകാൽപിടിച്ചാശ്രയിച്ചീടുവിൻ
നമ്മോടുമത്സരിച്ചീടുന്നമൂഢരെ
ബാണങ്ങൾകൊണ്ടുപരാക്രമിപ്പാൻപാരി-
ലാണുങ്ങളാരാനുമുണ്ടെങ്കിലിന്നുതൽ
പ്രാണങ്ങളിൽകൊതിയെല്ലാംവെടിഞ്ഞൊരു
ക്ഷീണങ്ങൾകൂടാതെവന്നടുത്തീടുവിൻ
ബാണന്റെബാഹുക്കളെസ്സമുറിച്ചൊരു
ബാണങ്ങളുംകൊണ്ടുവാടാശഠാനിന്നെ
നാണംകെടുത്തയച്ചില്ലയെങ്കിൽഞാ-
നാണായ്നടക്കുന്നതില്ലഗോപാലകാ,
പ്രാണാഭിലാഷമുണ്ടെങ്കിൽമടിക്കാത-
ത്തേണാക്ഷിമാർപതിനാറായിരത്തെട്ടും
ചേണാർന്നപൊന്നുംപണങ്ങളുംനിൻപുരേ
കാണായവസ്തുക്കളൊക്കവേകൊണ്ടന്നു
ചൊല്ലേറാണ്ടപൌണ്ഡ്രകവാസുദേവന്റെ
തൃക്കാക്കൽവച്ചുവലംവച്ചുവന്ദി-
ച്ചിളക്കാതെനില്ക്കാംനിനക്കെങ്കിലിക്കാല-
മൊക്കെക്ഷമിക്കാംനമുക്കെന്നുനിന്നോടു
ചെല്ലപറവാൻമഹാരാജനെന്നോടു
കല്പിച്ചയച്ചിതുവമ്പനാംപൌണ്ഡ്രകൻ
സന്ദേശവാക്കുകൾക്കുത്തരംചിന്തിച്ചു
സന്ദേഹമെന്യേപറകഭവാൻതന്നെ
എന്നാലതുംചെന്നുണർത്തിച്ചുകൊള്ളുവ-
നെന്നാലതല്ലാതെമറെറാന്നുസാദ്ധ്യവും
ഇത്തരംദൂതൻപറയുന്നവാക്കുകൾ-
ക്കുത്തരംതാൻഞാൻപറഞ്ഞീടവേണമെ-
ന്നുദ്ധതന്മാരായവൃഷ്ണിവീരന്മാരു-
മത്യന്തരൂക്ഷരാംമന്ത്രീശ്വരന്മാരു-
മൊക്കവേവന്നുദൂതന്റെചുഴലവും
തിക്കിക്കടന്നങ്ങുനിന്നോരനന്തരം
തൃക്കാൽവണങ്ങുന്നസാത്യകിവീരനെ
ത്തൃക്കണ്ണുകൊണ്ടുകടാക്ഷിച്ചുമാധവൻ
ചിക്കെന്നുതാണുതൊഴുതുമുകുന്ദനെ
തക്കത്തിൽനിന്നുപറഞ്ഞിതുസാത്യകി
ധിക്കാരമേറുന്നദൂതാവരികനീ
സല്ക്കാരയോഗ്യംകഥിക്കുന്നുസാത്യകി
ചൊല്ലേറാണ്ടപൌണ്ഡ്രകൻകല്പിച്ചവാക്കിന്നു
നീക്കംവരുത്തുവാനാക്കുള്ളപൌരുഷം
കപ്പവുംകൊണ്ടുവരുന്നുണ്ടുഞാൻനിന-
ക്കപ്പവുംതിന്മാൻതരുന്നുണ്ടുഞാനെടാ

അപ്പൌണ്ഡ്റകൻതന്റെമസ്തകംഖണ്ഡിച്ചു
കൊല്ലോട്ടുകല്ലേലടിച്ചുപൊളിച്ചതി-
നുള്ളിൽകിടക്കുംതലച്ചോറെടുത്തൊരു
വെള്ളിക്കിടാരത്തിലിട്ടുവരുത്തുകൊ-
ണ്ടപ്പുറമാക്കിത്തീർത്തുനിങ്ങളെത്തിരുവം-
നല്ലംവികല്പംനമുക്കില്ലകിങ്കരാ
പാരായതൊക്കവേപാലനംചെയ്യുന്ന
നാരായണസ്വാമിദേവന്റെവിഗ്രഹം
ചാരുകമേലശ്യാമളംകോമളം
ചാരാഭിരത്തിന്നമാത്രയംശാശ്വതം
ശ്രീവാസമന്ദിരംശ്രീവത്സശോഭിതം
ശ്രീവത്സകൌസ്തുഭശ്രീവനമാലികം
ശ്രീപാഞ്ചജന്യാബ്ജകൌമോദകീചക്ര-
ചാപാദിലാഞ്ഛിതശ്രീപാണിപങ്കജം
ശ്രീപാദപങ്കജംകുപ്പുംജനത്തിന്റെ
പാപാന്ധകാരസംഹാരമായുള്ളൊരു
രൂപമതത്തെപ്പരിഹസിപ്പാൻപര-
പ്പാവയെപ്പോലെകരങ്ങൾനാലുണ്ടാക്കി
വേഷവുംകെട്ടിച്ചമഞ്ഞുതുള്ളുന്ന
ഭോഷണകാരനാംഭോഷന്റെദുർവാദ-
ഘോഷങ്ങളൊക്കവേദൂഷണമെന്നല്ല
ശേഷമുള്ളോർക്കുപരിഹാസമായ്വരും
പട്ടിണിപെട്ടുമരിക്കുംനടക്കുന്ന
പട്ടിക്കുതാടിയുംമീശയുംമുക്ക്റയും
കെട്ടിച്ചമയിച്ചുകേസരിയെന്നുനാ
കാട്ടിൽസഞ്ചരിമൃഗങ്ങളൊഴിഞ്ഞീടൽ
കേട്ടിട്ടുകൂട്ടത്തിൽനിന്നുകണ്ഠീരവ-
[illegible]ന്റെചേഷ്ടനോക്കംപരത്തോ പരതോ?
വേഷത്തിനൊത്തൊരുശബ്ദംപുറപ്പെടാ-
ഞ്ഞൊരുവേയിതെന്നൊരുശബ്ദംപുറപ്പെട്ടും
മന്ദംമൃഗപ്രവീരന്റെമസ്തകം
കൊത്തിപ്പിളർന്നുകിളർന്നുചാടീടുന്ന
രക്തംകുടിച്ചുതടിച്ചുതകർത്തുകൊ-
ണ്ടുത്തുംഗകോപംകലർന്നസിംഹത്തിന്റെ
കണ്ഠത്തിൽനിന്നുമുഴങ്ങിപ്പുറപ്പെട്ടും
കണ്ഠാഹീനമാംനാദംകണ്ണക്കിനെ
ശ്ശബ്ദംപുറപ്പെടീച്ചീട്ടുമേചൊൽകനി
ച്ചുറ്റിലുംചുപ്പിക്കിടക്കുന്നപട്ടിതൻ
ന്ചുരിയപ്പട്ടിപ്പൂവുംതറവുകൊ-
ണ്ടൊട്ടുനാപട്ടിതന്നൊച്ചകേട്ടാലൊന്നു
പേടിച്ചുപട്ടിക്കുമാറിത്തകേവരു
പുള്ളിപ്പുലികൾവരിയൻപുലികളും
പുലിക്കിടാങ്ങളുംകണ്ടാലൊരുവിധം
എന്നാൽപുലികളോടങ്കംപൊരുതേണ-
മെന്നുള്ളമോഹമീപ്പുച്ചയ്ക്കുചേരുമോ
കൊക്കാചിരാകംനമുക്കുമുണ്ടല്ലോപ-
റക്കുന്നക്കൂട്ടത്തിൽഞാനംഗരുഡനോ-
ടൊക്കുമെന്നുള്ളൊരുമോഹംനിനച്ചുടൻ
കാക്കനമെല്ലെച്ചെന്നുമറ്റൊരുകാകനെ
അക്കാലത്തിലങ്ങുവിളിച്ചുചോദിച്ചിതു
ചൊൽക്കൊണ്ടതാർക്ഷ്യനനമ്മളേക്കാളേറ-
മുൽകർഷമുണ്ടെന്നുകേൾക്കുന്നതെന്തെടോ;
ഭോഷ്കെന്നുതന്നെനമുക്കുതോന്നീടുന്നു
ഭോഷ്കല്ലയോമഹാവമ്പൻപതത്രീശ-
നാക്കുമവനെജയിച്ചുകൂടാസഖേ!
സ്വർഗ്ഗലോകത്തുപോന്നുചെന്നുദേവ-
വർഗ്ഗത്തെയൊക്കെജ്ജയിച്ചുമഹാബലൻ
ശക്രന്റെമന്ദിരേചെന്നമൃതിനെ
കയ്ക്കലാക്കിക്കൊണ്ടുപോന്നുപോലുംപുരാ
എന്തെടോക്കുപ്പാപ്പഴക്കഞ്ഞിയേക്കാട്ടി-
ലെന്തുവിശേഷമമൃതിനുചൊൽകെടോ
വമ്പനാംകാരിയക്കാരന്റെവീട്ടി-
ലകംപൂക്കുകട്ടുതന്നിൽക്കരേറിയൻ
അച്ചിമാരെല്ലാമൊളിച്ചുണ്ടുനായക്ക
വച്ചിരിക്കുംപഴങ്കഞ്ഞിയുംപാവുമേ
ഒച്ചകൂടാതെഞാൻകൊക്കിലാക്കിക്കൊണ്ടു
മെച്ചത്തിൽമാറിപ്പറന്നിങ്ങുപോരുവൻ
അച്ചിമാരെച്ചീച്ചുംകൊണ്ടുവരുന്നേര-
മുച്ചത്തിൽനിന്നുപറന്നുചെന്നങ്ങിനെ
നിച്ചലുംനിച്ചലുമെച്ചിലുംകൊത്തിവെട്ടു
ങ്ങിച്ചുകൊണ്ടച്ചിമാരെച്ചതിക്കുന്നഞാൻ
വിണ്ണവർനാഥനെപ്പോരിൽജയിച്ചീട്ടു-
മണ്ഡജരാശനെക്കാട്ടിൽസമർത്ഥനി
പെണ്ണുങ്ങളെച്ചതിക്കുട്ടിവാനൊരു
ഉണ്ടമില്ലാതൊരുകാകൻമഹാരഥൻ
അക്കാണക്കാഴ്ചവന്നുസംസാരമിക്കണ്ട
ധിക്കാരികൾക്കൊരുവാലുംതലയുമി-
ല്ലിന്നാരവന്നുസമക്ഷത്തുചൊല്ലാവൂ
എന്നൊരുതെല്ലുംവിചാരമില്ലാതായി
അക്കാളിക്കുന്നനേരത്തെഴുന്നേറ്റു
ചക്രായുധനായിരംമന്ത്രംജപിച്ചങ്ങു
ചൊൽക്കൊണ്ടകാര്യത്തിനായിപ്പുറപ്പെട്ടു
തക്കത്തിലിപ്പുരംപൂക്കതിനിന്നുമം
മാറ്റിത്തരോത്തരാചിതിങ്ങനെസംഗതി
മാററിവയ്ക്കാനിനിസാധിക്കയില്ലെടോ
മാറാലർമന്നനാംപൌണ്ഡ്റകൻതന്നുടെ
ക്രൂരുകാരൻമഹാമൂഢനായുള്ളനീ
നൂറെറ്റക്കൂട്ടംവിധംപാഞ്ഞെങ്കിലും
മന്നാറുവട്ടപ്രവികോപംവരു
ഒട്ടുമേശാമസംക്രുടാതെ ചെന്നുനീ
ദുഷ്ടനാംപൌണ്ഡ്റകൻതന്നോടുകേൾപ്പിക്ക
എട്ടുനാൾക്കിപ്പുറംകപ്പംതരാനുള്ള
വട്ടവുംകൂട്ടിവരുന്നുണ്ടുവൃഷ്ണികൾ
വട്ടങ്ങളെന്തെന്നുവാളുംകടുത്തില
വട്ടപ്പരിശകൾകുന്തംചവളവും
ചട്ടയുംതൊപ്പിയുംചാപാശരങ്ങളും
പട്ടസംതോമരംഭിണ്ഡിപാലങ്ങളും
അന്തമില്ലാതുള്ളലന്തക്കുഴലുകൾ
ചന്തമേറീടുന്നചാട്ടുകുന്തങ്ങളും
ദന്തിപ്പടകൾകുതിരപ്പടകളും
പന്തിനിരക്കുന്നകാലാൾപ്പടകളും
അന്ധകന്മാർവൃഷ്ണിയാദവന്മാർവീര

ജരിഭോജന്മാർകുരുകുലമുഖ്യരും
സിന്ധുപ്രമാണംപുരുഷരിൽമുമ്പുള്ള
സാത്യകിവീരൻസമർത്ഥൻമഹാരഥൻ
അൎജ്ജുനൻതന്നുടെശിഷ്യനാകുന്നവൻ
ദുർജ്ജനദ്ധ്വംസനംചെയ്യുന്നവീരനവൻ
യുദ്ധത്തിനുപോരുന്നപൌണ്ഡ്രകപ്പാളയെ
പോർക്കളംതന്നിലടുത്തുതടുത്തുടൻ
കുത്തുമുത്തുള്ളശരംകൊണ്ടവരുടെ
മുത്താകെകുത്തുവധിച്ചുപതിപ്പിച്ചു
കീർത്തിയുംകൊണ്ടിങ്ങുപോരുന്നുണ്ടവൻ
പാർത്ഥിവരായതവർപറഞ്ഞാലുമിങ്ങനെ
കല്പംകൊതിച്ചങ്ങിരിക്കുന്നവർപോലി
കല്പനതും കണ്ടുകർക്കശനിലയോ
ളുപ്പപോരത്തെയഞ്ചുനാമൊഴിയ്ക്കയി-
ല്ലാതതിൽവില്ലുഗോവിന്ദനാണെങ്കം.

മർമ്മതാളം.

സാത്യകിയുടെവചനമതിങ്ങിനെകേട്ടപ്പൊ
[പൌണ്ഡ്രകനൃപൻ
സഹോദരസമുള്ളിലുടിച്ചൊരുവിശ്വസ്തരോടിതമൊ-
[ഷം
ശത്രുക്കളെചൊല്ലിനെന്നുള്ളകടന്നുള്ളൂ
ശത്രുപക്ഷമരക്കലുംകാണുവന്നചാപത്തില-
[ങ്ങളു
പാർത്ഥിവരുടെപരതന്ത്രിൽചെന്നവരങ്ങുവി-
[ശേഷമശേഷം
പാർത്ഥിവരുടെശിഷ്യനായതങ്ങളുമവിടെകയറി-
[വിച്ചു
പാർക്കുമതികഠിനമതനെപാട്ടുകേട്ടുപറഞ്ഞു-
[ണ്ഡ്രകനൃപൻ
ചിത്തകലഹകലുഷതപൂണ്ടുകയർത്തുപറഞ്ഞുള്ള-
[ഞ്ഞി
നേരുകയറ്റുവിട്ടിസമ്മതമശേഷമതായനാൾ
[ഷത്ത
ജനാർദ്ദനപുരിപുക്കവസിപ്പതിനിനിപലരോതി-
[ക്കുടി
ജനപൌരകിടിനക്കൂട്ടമവരുടെകൂട്ടമെ-
[ല്ലാം
സമരവിദ്യാഭ്യാസമതിനകത്തുകടന്നുകിടന്നെങ്ങും
പ്രതിഭടന്മാരുടെപടകളുമുടനടിപൊടിയാക-
[ണമിപ്പോൾ
ജനപടപാളയംവന്നികരമുതിർത്തിരിത്തു-
[ലഞ്ഞേ
ചതിപാടുകളുംപരവകളുംതന്നെമതിക്കുറിച്ചു
[നില്ലാ
ചതിരാതിമതിരമെത്തിപ്പുതിയനെന്നുമാ-
[ണ്ടമിതാൻ
കോട്ടകളിലെപുരവുമതൊട്ടുമാറ്റിയുമുറ്റിക്കേണം
കോട്ടമതത്തുകിടപ്പിനമുക്കിനിമെത്തിഴമനവധി
[വേണം
ഭാഗ്യതിരമഹാളിനാദിനാദിപാടകിടക്കും-
[വേണം

ചേട്ടകളുടെവരമ്പിലമുനമിതെക്കയൊത്തക്കി-
[ടേണം
കാശിസൂപന്മവെന്തപടകളുമഖിലമൊത്ത-
[ഭിഷേണം
നരശികലിഴന്നുവധിച്ചക്രമെടുത്തുചാരിഞ്ഞി-
[ടേണം
കാന്ത്രപണവുമരിനെല്ലുണ്ണുമിഹസമുല്ലകരി-
[ടേണം
ക്ലേശമതുചിലവിട്ടുവതിനിഹകേശവനോട്ടു-
[പിണങ്ങാൻ
വെടിവപ്പതിനങ്ങളതന്നുകളൊത്തപക്ഷികളുംകളു
ഝടുതിവരുത്തിസാചാരകന്മാരെരശിക്കുന്നു-
[കണ്ടെ
പടവെട്ടംനായകന്മാർക്കിഹപൂകളിലകളുംകാവുമ്പും
കൊടുതകിനകങ്ങോവെന്നിവലഭരെവരുത്ത-
[ടേണം
ചട്ടികളുംകുലവുംകടവുംവട്ടികളുംകൊട്ടകളും
പട്ടികളുംകുട്ടികളുംബഹുപാളയമതിലധികതരം
ചെട്ടികളുംകോമട്ടികളുംകൊങ്ങിണിപട്ടന്മാരും
കൊട്ടിലുമിഹകെട്ടിപ്പുരിചോറ്റുവാങ്ങിപ്പൊതിയുമട-
[ക്കേണം
ശത്രുകുലമെ ഭസ്മമാകിനാശിരങ്ങിനോക്കളും
കൊത്തളമതിലേറിയതന്നറിവുള്ളനങ്ങളകളിട്ടും
പത്തനമുവിച്ചഴവവുമൊപ്പട്ടുവച്ചുനിരത്തിടേണം
പത്തിരചാതുമുപ്പുതുമാളുകൾകാത്തിഹപാർത്തിടേ-
[ണം
കൂടലർകുലമവനിയിൽനാശമുപരനാവന്നൊരു-
[നേരം
കൂട്ടണമിഹപൊട്ടുപാടെവെടികളുമിടിയുടെ-
[കലശലുപോലെ
പാടകളുടെനികടത്തിൽസ്ഥനായർപാർവ്വുന്നോരം
ഭടകളുടെകൂകളിലിതന്നുചിലവെടിവച്ചീടേണം
ആനകളുടെമസ്തകമമ്പുകൾകൊണ്ടുപിളർന്നീടേ-
[ണം
സേനകളുടെതടിപ്പുന്നടിമുടിവെട്ടിയരുക്കിടേ-
[ണം
ആനകുപടഹാദികളനവധികൊട്ടിമുഴക്കിടേണം
പാനകമദ്യമാംസംകഴിച്ചുകടിച്ചുപടതുടരേണം.

കാരികതാളം.

ഇതിബഹുവചനംപൂനരതിമദവചനം
ക്ഷിതിതലപതിപൌണ്ഡ്രകനതിശയകപി-
[തൻ
പലവിധമുരചെയ്തൊരഖിലമതുവരുവോൻ
നലമൊടുബഹുമന്ത്രികളവിടെയിരിന്നു
പലപലമതിചിലവപാളയമിട്ടു
മലകടെനട്ടുവേചിലവാടികൾകെട്ടി
ജലമതുമൊരുപന്തികിടങ്ങുകഴിച്ചു
നിലകളിലരികെപാലകനുചൊല്ലു
മല്ലനടിച്ചുചിലർമണ്ടിനടന്നു
പല്ലുകടിച്ചുചിലർപാഞ്ഞുതുടങ്ങി
വില്ലുകലച്ചങ്ങിനെതെല്ലുവലിച്ചു

നല്ലശരംകയ്യിലെടുത്തുതൊടുത്തും
ഖഡ്ഗമെടുത്തൊന്നുപിടിച്ചുകളിച്ചും
മുൽഗ്ഗരശൂലായുധവർഗ്ഗമെടുത്തും
ചട്ടയുമിട്ടരയുംകെട്ടിമുറുക്കിപ്പല
ചട്ടമൊരുക്കിപ്പലരവിടെനിറഞ്ഞു
കൊട്ടുമുഴക്കിപ്പടയേട്ടുമതിന്നുള്ളൊരു
വട്ടവുമിട്ടങ്ങണിയിട്ടുനിരന്നു
പുരുഷകാരമനാവധിപരിഷകൾക്കുടിയിരവൊട്ട
പരുഷകോപമുടയോരുനരവരനാഗരെ
പരിചിനൊടുപലമിഴിപരിശവാളുമവരവർ
കരുതിവന്നുബഹുവിധമിവിടെയുറച്ചു
കാത്തുശമനനവൻതന്നുടെകല്പന-
യ്ക്കു[illegible]മൊരുതരൻമവൃത്തനിന്നീടുമോ?
രഥരംകുതിരകളാനപ്പടകളും
[illegible]വട്ടങ്ങൾക്കൂട്ടിപ്പടജ്ഞനം
പോരിന്നൊരുക്കംമുതിന്നുനിന്നീടിനാർ
പാരിൽ[illegible]പുരുഷകാരങ്ങളും
വൈരി[illegible]നോക്കിക്കൊണ്ടു
പാരിയിതുല്യംനിന്നുനിന്നുമുടൻ.

രണ്ടാംകളം.

ഉപാരകൂറ്റങ്ങളെവണ്ണെത്തമിടുന്ന
വീരപൃഥ്വീമണിശ്രീവാസുദേവനും
[illegible]കളുടുവും
[illegible]ങ്ങളും
[illegible]
[illegible]
[illegible]
[illegible]ച്ചുനാ[illegible]
[illegible]വും[illegible]
[illegible]പുഴകളും
[illegible]പൌണ്ഡ്രകനാമനാ-
[illegible]ശ്രവേശിച്ചു
[illegible]പൌരുഷകാരംചെന്ന
[illegible]വെള്ളങ്ങളുറപ്പിച്ചു
[illegible]കോട്ടകൊട്ടിച്ചു
[illegible]കൊള്ളയിട്ടീടിനാർ
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]ങ്ങളും
[illegible]മണ്ഡലങ്ങളും
[illegible]വാടിയും
[illegible]ങ്ങളും
[illegible]ങ്ങളും
[illegible]ഗോപുരങ്ങളും
[illegible]ഗോപുരവും
[illegible]ലയങ്ങളുംവെങ്കളിമാടവും
[illegible]ലയങ്ങളുംവൈദ്യാലയങ്ങളും

മണിയരകളണിയരകൾപണിയരകൾതുണിയര-[കൾ
വിട്ടുവിട്ടുനടവിട്ടുപടവിട്ടുപടവിട്ടു
കെട്ടുപതിനെട്ടുപലതട്ടുചിലകൊട്ടിലുകൾ
കുട്ടിലുമെത്തയുമേറ്റംപലവിധം
പട്ടംപൊരിച്ചുംകരിച്ചുംപൊരിച്ചുമ-
ങ്ങൊട്ടുമടിക്കാതെസർവ്വംനശിപ്പിച്ചു
പട്ടണംപാരടച്ചുതുടങ്ങിനാർ;
പെട്ടെന്നുയരുമൊരാരവംമൊരൊരു-
മൊട്ടല്ലകോലാഹലംമഹാസംഗരം
വെള്ളത്തിരപോലെതുള്ളിക്കളിച്ചങ്ങു
തള്ളിക്കരേറുന്നവെള്ളത്തിരകൾ
കൊള്ളയിട്ടീടുന്നപുള്ളിക്കിടങ്ങിടെ-
യുള്ളിക്കടന്നങ്ങുതുള്ളിത്തകർക്കയും
പള്ളിമാടങ്ങളിൽകൊള്ളിവയ്ക്കുന്നേര-
മുള്ളിൽകിടക്കുന്നപുള്ളിമാൻകണ്ണിമാർ
തുള്ളിപ്പിടച്ചുംവിറച്ചുമാക്കണ്ണുനീർ-
ത്തുള്ളികൊണ്ടംഗംനനച്ചുമനക്കാമ്പി-
ലുള്ളോരുസങ്കടംസംഭവിച്ചീടവാ-
നല്ലപ്രതാപംനമുക്കില്ലയൊരാമ!
വെള്ളപ്പളുങ്കുകൊണ്ടുള്ളപുരങ്ങളും
വെള്ളിപ്പുരങ്ങളുംപൊന്നമ്പുരങ്ങളും
കൊള്ളിക്കിരയാക്കിനില്പുമാനോരങ്ങളും
കൊള്ളിക്കുതാതെ പറക്കുടിതരം.
ഇപ്രകാരംപുരംതന്നിൽകടന്നുള്ള
വിപ്രകാരങ്ങളെക്കണ്ടുസഹിയാഞ്ഞു
ക്ഷിപ്രംപുറപ്പെട്ടുപൌണ്ഡ്രകക്ഷ്മാപാല-
നപ്രമേയപ്പടക്കൂട്ടവുംകോപ്പുകൾ-
ക്കപ്പുറംചാടിപ്പടതുടങ്ങീടിനാ-
[illegible]ഘോഷങ്ങൾകോലാഹലം
[illegible]മിടയിൽകടുത്തുകോപ[illegible]
[illegible]
തട്ടിയുന്നിന്നുതാൻചിപ്പുമെത്തുന്നവൊന്നാക്കലങ്കു
തൊട്ടുതൊട്ടുക്രൂരന്മാർകൂട്ടൊതെകെട്ടുന്നുസംപ്രഹാരം.
[ങ്ങൾ
ചിരിച്ചുംചിലർകരിച്ചുംചിലർ
പൊരിച്ചുംചിലരടിച്ചുംതരി-
പൊടിച്ചുംഉഭപിടിച്ചുംപൊടി-
തുടച്ചുംചിലർമരിച്ചുംചിലർ
തിരിച്ചുംചിലർപിരിച്ചുംചിലർ[illegible]രിച്ചുംചില[illegible]-
[illegible]ച്ചുംചില-
തെളിച്ചുംചിലർവിളിച്ചുംചിലർതെളിച്ചുംചിലർ-
[illegible]ച്ചുംചിലർ
വധിച്ചുംചിലർവിധിച്ചുംചിലർ[illegible]ച്ചുംചിലർനാ-
[ടിച്ചുംചിലർ
വലിച്ചുംഭയമുളച്ചുംമതിമുടിച്ചുംതെളിപറഞ്ഞും-
[ചില-
തറഞ്ഞുംഉൾതിർകറഞ്ഞുംവേതമറിഞ്ഞുംചിലർമറ-
[ഞ്ഞുംചിലർ

ഇത്ഥംമുഴുത്തൊരുയുദ്ധപ്രപഞ്ചത്തി-
ലെത്തുംപടജ്ഞനംചത്തുംമറിഞ്ഞുമ-

ന്മുത്തുംഗർവ്വോൽഷംപെരുത്തുംമനസ്സിൽക-
രുത്തുള്ളവീരൻകയർത്തുംകണകൊണ്ടു
ശീർത്തുംകനക്കേത്തിമത്തുംകടന്നങ്ങെ-
തിർത്തുംതകർത്തുംതിമർത്തുംബഹുവിധം
വില്ലുംമുറിഞ്ഞുപോയെല്ലുംതകർന്നുപോ-
യുള്ളുംതകർന്നുപോയ്തല്ലുംതലയ്ക്കിട്ടു
തെല്ലുംപിഴയ്ക്കാതെകല്ലുമരങ്ങളും
പുല്ലുംതകർന്നങ്ങുചെല്ലുംമിടുക്കരേ-
യെല്ലാമതല്ലെന്റെവില്ലുംപിടിച്ചോടി-
ച്ചുല്ലാസമോടെമടിക്കുന്നിതുചിലർ
കാശ്യരാജനുംകാശിരാജേന്ദ്രനും
ഭേദമേറിപ്പുറപ്പെട്ടുവേഗേന
ഉച്ചൈർബാണങ്ങൾതൊട്ടുപ്രയോഗിച്ചു
വീരവാദങ്ങൾപറഞ്ഞുതുടങ്ങിനാർ;
ആരെടാപൌണ്ഡ്രകപ്രൗഢനാമെന്നോടു
നേരിടാമെന്നുമോഹിക്കുന്നുമ്മതേ
പാർത്തിടംതന്നിലിപ്പൌണ്ഡ്രകാധീശനെ
ഭൂപരിൽജയിപ്പതിന്നാരുമില്ലാദ്ധം;
ഘൃതംദധിപുളിവെണ്ണയുംക്ഷീരവും
ഭോജനംചെയ്യുന്നഗോപാലബാലന്റെ
ഗർവ്വത്തിനുള്ളകാലമോരാത്തിന്റെ
കാരണംനമ്മുടെനാട്ടിൽവന്നിങ്ങനെ
പാരമാംചെയ്തിവണ്ണപ്പന്തിയും
ഞങ്ങളെന്നോർപുരമെല്ലാംനശിപ്പിച്ചു
തിങ്ങിനാനിന്നവൻസൗരതിക്കാല-
ഗിരാണ തന്നിലിളപ്പെട്ടുനീതാം
വാസുദേവൻഞാനല്ലാതെകേശവ
വാസുദേവൻകൃഷ്ണാധിപൻപൌണ്ഡ്രകൻ
വാസുദേവാകാരചിഹ്നങ്ങൾപൌണ്ഡ്രക-
വാസുദേവാംഗേഷുകണ്ടുകൊൾകഭവാൻ
ശംഖചക്രംഗദാശാർങ്ഗവുംനാന്ദകം
പങ്കജംവക്ഷസിശ്രീവത്സകൗസ്തുഭം
മണ്ഡലാകാരമായുള്ളോരുകുണ്ഡലം
പങ്കജാധീശനായുള്ളോരുവാഹനം
പെണ്ണുങ്ങൾരണ്ടുണ്ടുലക്ഷ്മിയുംഭൂമിയും
എണ്ണങ്ങളെല്ലാമെനിക്കുണ്ടുമാധവാ
അച്യുതനീയെന്റെകോപ്പുകളൊക്കവേ
പച്ചകെട്ടിച്ചമഞ്ഞിങ്ങിനെനമ്മോടു
മെച്ചംപിടിച്ചുപിണങ്ങുവാൻവന്നൊരു
പിച്ചക്കളികളൊഴിച്ചൊടുക്കപ്പെടാദ്ധം;
കച്ചിൽകൊണ്ടുണ്ടാക്കിനെല്ലുകുത്തീടുവാൻ
വച്ചിരിക്കുന്നോരുകോലംകണക്കിനേ
വച്ചുകെട്ടിച്ചമഞ്ഞിങ്ങിനോതുള്ളുന്ന
കൊച്ചുഗോപാലന്റെദുർമ്മോഹമത്രയും
അച്ചിമാരെക്കളിപ്പിക്കാമിതുകൊണ്ടു
ചിൽസ്വരൂപൻഭവാനല്ലെന്നറിഞ്ഞയം.
കച്ചിനിടമൊക്കെമല്ലാദേപങ്കജ
വച്ചുകമ്പിട്ടുപോയ്ക്കൊൾകയാദവാ
ഇത്തരംദുർവ്വാക്കരത്തോരുഭൂപനോ-
ടുത്തരംസാത്യകിവീരൻപറഞ്ഞിതു
സർവ്വാധിനാഥനാംശ്രീവാസുദേവനെ-

ദ്ദുർവ്വാക്കുരക്കുന്നദുർബ്ബുദ്ധിമൂഢന്റെ
ഗർവ്വാദിമാനംശമിപ്പിപ്പതിന്നുഞാൻ
സർവ്വാത്മനാപോരുമെന്നുബോധിക്കനീ
ആട്ടത്തിലീശ്വരന്മാരുടെവേഷവും
കെട്ടിപ്പുറപ്പെട്ടപിള്ളരെപ്പോലെയീ-
ക്കട്ടിതചക്രോടമരംകൊണ്ടുകൂട്ടിച്ചു
കെട്ടിക്കിരീടവുംപൊട്ടുകൊണ്ടിങ്ങനെ
ഒട്ടുംമടിക്കാതെനേരിട്ടുവന്നതേ-
ത്തട്ടുമേലേറിക്കളിക്കുന്നദുർമ്മദാ
കിട്ടുംതലയ്ക്കിട്ടുതല്ലുന്നതല്ലിനു
വെട്ടുംതരുന്നുണ്ടുകണ്ടുകൊൾകാരണം
കണ്ടത്തിലായാകിലിപ്പോഴെനിന്നുടെ
കണ്ഠത്തിലമ്പുതറച്ചുമറിച്ചൊരു
കണ്ടത്തിലിട്ടുപിരട്ടുന്നതുണ്ടിനു
കണ്ടെത്രെഞാനിന്നുവന്നുവെകേറിയിനി-
ങ്ങിണ്ടുകൊണ്ടാലുംപ്രയോഗങ്ങളെന്നോടു
കൊണ്ടുകൊണ്ടാലുംപ്രഹരങ്ങളൊക്കവേ
പണ്ടുപണ്ടുള്ളോരുദൈവങ്ങളൊക്കെയും
രണ്ടുക്ഷണംകൊണ്ടുപോക്കുന്നതുണ്ടുഞാൻ
തണ്ടുതപ്പിത്തരംകാട്ടുന്നനിങ്ങളെ
കൊണ്ടുകപ്പിക്കുന്നതുണ്ടുഞാൻക്രൂരേണ
കൊണ്ടുവന്നിട്ടുമുണ്ടേകപ്പംതരാൻ
വേണ്ടുന്നവസ്തുക്കളൊക്കെയൊന്നാകവേ
തണ്ടുമാപ്പാശവുംകൊണ്ടങ്ങുകാലനാർ
കണ്ടപ്പുറംവന്നുപോക്കുന്നുഗോപുരേ
മിണ്ടാതെതോക്കിനാകത്തിരിക്കുന്നോര-
ണ്ടുണ്ടപ്പുഴംഗളത്തിന്മാർതരുന്നുണ്ടു
പണ്ടങ്ങുകംസന്റെകപ്പംകുറിച്ചൊരു
പണ്ടാരമപ്പൊണ്ടുകൊണ്ടുവന്നിട്ടുഞാൻ
സന്തംകൂട്ടത്തിലുപചാരങ്ങൾശൂലങ്ങ-
ളന്തമില്ലായുധക്കൂട്ടങ്ങളെന്നതിൻ
എന്തൊന്നുകൊണ്ടുകപ്പംതരേണ്ടുമൊ-
ന്നെന്നാകിലുംതരാമായുധത്താലെ
കപ്പംകൊതിക്കുന്നകശ്മലൻനീയിങ്ങു-
കപ്പമായുംകണ്ടുകൊള്ളണമെല്ലാരും
നേരാൽപ്പൊണ്ടുമീശ്വരന്മാരെദ്ദുഷിക്കുന്ന
ദുഷ്ടനേ!ദുർമ്മുഖാമൂഢാധരാധമാ
അന്തരംകൂടാതെനിന്നെപ്പിടിച്ചുഞാ-
നന്തകൻവീട്ടിൽപുലിക്കൂട്ടിലാക്കുവൻ
ചന്തവുംനിന്റെചമയങ്ങളെല്ലാംകണ്ടു
സന്തുഷ്ടനായ്വരുംധർമ്മരാജാവുടൻ
ഇത്ഥംപറഞ്ഞാശുവില്ലുംകുലച്ചുടൻ
യുദ്ധംതുടങ്ങിമഹാരഥസാത്യകി
ക്രുദ്ധനാംപൌണ്ഡ്രകന്താനുംതനിച്ചൊരു
യുദ്ധനായുള്ളോരുകാശീനരേന്ദ്രനും
രണ്ടുമഹാരഥന്മാരുംശരങ്ങളെ-
ക്കൊണ്ടുടൻസാത്യകിവീരന്റെവിഗ്രഹേ
വർഷംതുടർന്നോരുനേരംമുരാരിയും
കർഷംമുഴുത്തുകലങ്ങിതുകണ്ണുകൾ
ഉച്ചണ്ഡമാർത്താണ്ഡമണ്ഡലത്തെക്കാളു-
മുച്ചപ്രകാശപ്രഭാവങ്ങളുള്ളോരു

ഞ്ഞുച്ചക്രമപ്പോട്ടുവന്നുമുകുന്ദന്റെ
തൃക്കയ്യിലാമ്മാറുകാണായിതൽക്ഷണം
വക്രനാംപൌണ്ഡ്റകാഖ്യന്റെഗളാന്തരേ
ചക്രംപ്രയോഗിച്ചുചക്രായുധൻക്രുധാ
ചക്രപ്രഹാരേണഭിന്നനാംപൌണ്ഡ്റകൻ
ശക്രലോകത്തെഗ്ഗമിച്ചുയഥാസുഖം
വാസുദേവൻഞാനിതെന്നുഭാവിച്ചോരു
വാസനാശക്തിപ്രഭാവംനിമിത്തമായ്
ഭാസുരശ്രീവിഷ്ണുലോകംപ്രവേശിച്ചു
വാസംലഭിച്ചുസുഖിച്ചുമേവീടിനാൻ
മോഹംനിമിത്തമെന്നാകിലുംമാനസേ
സോഹംമുകുന്ദൻമുകുന്ദനെന്നിങ്ങനെ
വിഷ്ണുസ്വരൂപംസ്മരിക്കയാൽപൌണ്ഡ്റകൻ
വിഷ്ണുസായൂജ്യംലഭിച്ചുമനോഹരം
കെല്പോടുവൈരംമുഴുക്കെക്കാണെങ്കിലു-
മെപ്പോഴുമീശ്വരധ്യാനംമുടങ്ങാതെ
യുൾപ്പൂവിലുണ്ടെങ്കിലെല്ലാജ്ജനങ്ങളും
ചിൽപൂരുഷാന്തികംപ്രാപിക്കുമുത്തമം
കാശിരാജാവിന്റെമസ്തകംഖണ്ഡിച്ചു
കാശിരാജ്യത്തെയ്യുരിഞ്ഞുസുദർശനം
കേശവദ്വേഷിയാംപൌണ്ഡ്റകക്ഷ്മാപന്റെ
ദേശവുംനാട്ടുംനഗരങ്ങളൊക്കവേ
നാശംവരുത്തിപ്രകാശമാക്കിപ്പുരി-
ദ്വാരങ്ങളെല്ലാമൊഴിച്ചുലോകങ്ങൾക്ക-
ധീശനായുള്ളോരുവാസുദേവന്തന്റെ
ദേഹംപ്രവേശിച്ചുപുഷ്ടിവിരാമാത്ത-
ദാസാംഗതന്നിൽപ്രമോദപ്രപഞ്ചപ്രു-
കാലംകഴിഞ്ഞുകൊണ്ടന്നുസന്തോഷ-
മാത്രസംഭൃതമാംവണ്ണംസുഖിച്ചുലോ-
കോപനോടൊന്നിച്ചുവാണൊശ്ശുഭംശ്ശുഭം.

കാശീമന്നവൻതന്റെകാമിനീമാരതുനേരം
കാശീമന്ദിരംതന്നിൽകളിയാടിനടക്കുമ്പോൾ
കാശീമന്നവന്തന്റെകാന്തമസ്തകംവന്നാ-
കാശേനിന്നുടൻവീണുകാമിനിമാരുടെമുമ്പിൽ
കേശകുന്തളംകൊണ്ടുവിളങ്ങുന്നമുഖാംഭോജം
ദീപ്തകുണ്ഡലവന്നുപതിച്ചീടുന്നതുകണ്ടു
കാമിനീജനങ്ങൾക്കുകരളിൽഭീതിശങ്കാദി
കാമകൂട്ടുവായികളിയെല്ലാമുപേക്ഷിച്ചു
കാമിനീഗൌരവംകൊണ്ടുംകമനീയതചങ്ങൾ-
[ക്കൊണ്ടും
കാന്തന്റെമുഖമെന്നുകരളിൽനിശ്ചയംവന്നു
ബന്ധമിളിച്ചുഴലുന്നോരളസാപാംഗിമാരെല്ലാ-
ബന്ധാദിനിറത്തോടെയുഴൽപൂണ്ടുകരയുന്നു.

ഹാഹാമഹാരാജരാജീവലോചനാ
ഹാഹാമഹീലോകസന്താപമോചനാ
ഹാഹാമഹീപാലലോകൈകസുന്ദരാ
ഹാഹാമഹാവീരകാശീപുരന്ദരാ
ഞങ്ങളെയെല്ലാമുപേക്ഷിച്ചഹോഭവാ-
നെങ്ങുപോയീടിനാനേകാന്തവല്ലഭാ
സംഗതികൂടാതെസംസാരമോചനം
സംഭവിപ്പാനെന്തുബന്ധംമഹാമതേ!
അംഗനമാരായഞങ്ങളെക്കൈവെടി-
ഞ്ഞങ്ങൊരുദിക്കിൽഗമിച്ചതുകാരണം
മംഗലാകാരാഭവാന്റെവിനാശവും
മംഗല്യഹാനിഞങ്ങൾക്കുംകനക്കവേ
ഇങ്ങനെവന്നുഭവിച്ചുപോവാനെന്തു
സംഗതിഹാഹാഹന്തഹാഹന്തദൈവമേ
രാകാശശാങ്കനെക്കാളുംമനോജ്ഞമാ-
മേകാന്തസുന്ദരംനിന്റെമുഖാംബുജം
ആകാശമാർഗ്ഗേണവന്നുഭൂമണ്ഡലേ
ആപതിച്ചീടുവാനെന്തുമൂലംവിഭോ!
ആഴിക്കുമൂഴിക്കുമീശനാക്കിക്കൊണ്ടു
വാഴിക്കുമീശ്വരൻനിന്റെകളേബരം
പാഴിൽകളയിച്ചതെന്തിനയ്യോമനം
കേഴിക്കുമാറാക്കിഞങ്ങളെക്കൊണ്ടുനീ
പൂഴിക്കുമീതിലീവണ്ണംമുഖാംബുജം
വീഴിക്കയെന്നുള്ളതയ്യോകിനാവിലും
കീഴിൽകഴിഞ്ഞനാളോർത്തില്ലഞങ്ങളി-
ങ്ങേഴികലത്താണദോഷ്ഠ്യുള്ളദൈവമേ
തങ്ങാർശരാകാന്തനായുള്ളകാന്തന്റെ
കണ്ഠാന്തഭിന്നമാമാനനാംഭോരുഹം
കണ്ടായിപ്പൂണ്ടൊരുവണ്ടാർകുഴലിമാർ
കുണ്ഠാരരാഗേണകേണാരൊരുവിധം
പണ്ടാക്കിവണ്ണമുള്ളോരവസാന-
മുണ്ടായറിവില്ലതോഴിമാരേഹന്ത
കണ്ടാലുമയ്യോമുഖങ്ങൾനാലുള്ളോന്റെ
വേണ്ടാസനാമഹാദുഷ്ഷണംദൂഷണം
പാതകംചെയ്തുപിറന്നൊരുനമ്മുടെ
ജാതകത്തിന്റെമഹാദോഷമിങ്ങനെ
ജാതമായിട്ടുവാൻബന്ധംനമുക്കെടോ
കാതരാക്ഷീമണിമാരെവരികെടോ
എന്തിനുജീവിച്ചിരിക്കുന്നുനാമിനി-
ച്ചെന്തീയെരിച്ചതിൽചാടിമരിക്കയോ
മന്ത്രീന്ദ്രനെക്കൊണ്ടുകുത്തിച്ചുചാകയോ
ചിന്തിച്ചുചൊല്ലുവിൻനല്ലാർമണികളേ
ആണുങ്ങളായിപ്പിറന്നുനാമെങ്കിലീ
പ്രാണങ്ങളെത്യജിപ്പാനെന്തുദുർഘടം
ബാണചാപങ്ങളുംകൊണ്ടുശത്രുക്കൾ
വാണിരിക്കുംദിക്കിലെത്തിപ്രയോഗിച്ചു
തന്നുടെജീവനെക്കൈവെടിഞ്ഞീടുവാ-
നൊന്നുകൊണ്ടുംപരാധീനമില്ലേതുമേ
പെണ്ണുങ്ങളോർത്താലസാദ്ധ്യമക്കാര്യമീ-
വണ്ണംകരഞ്ഞിട്ടിരിക്കയേയുള്ളുനാം
വേശ്യമാരെപ്പോലെജീവിക്കനന്നല്ല
വാശ്ശതെന്നാലുംശരീരംത്യജിക്കണം
ഈശ്വരാനുഗ്രഹമില്ലാത്തനമ്മളെ-
ക്കശ്മലൻകാലനുംകൈവെടിഞ്ഞോനഹോ
ഭൂമിയിൽവീണുരുണ്ടുകരയുന്ന
കാമിനിമാരുടെശബ്ദങ്ങളിങ്ങനെ
ആകർണ്ണനംചെയ്തുകാശീശനന്ദനൻ
വേഗേനവന്നുകുമാരൻസുദക്ഷിണൻ
അച്ഛന്റെമസ്തകംകണ്ടുവിഷാദിച്ചു

മൂർഛിച്ചുവീണുവിഷാദിച്ചെഴുന്നേററു
കോപംകലന്നുപകന്നുശരീരവും
ചാപംകരത്തിലെടുത്തുകുലച്ചുടൻ
അച്യുതനാണമ്മയാണായുധത്താണതാ-
നിച്ചതിചെയ്യോരുക്രൂരൻപോഴന്റെ
കണ്ഠംശരംകൊണ്ടുഖണ്ഡിച്ചുമസ്തകം
കുണ്ഡത്തിലിട്ടുഞാൻപന്തടിച്ചീടുവൻ
കണ്ടുകൊണ്ടാലുംജനനിമാരെല്ലാരും
കണ്ണീരതെല്ലാംവെടിഞ്ഞുപാർത്തീടുവിൻ
രണ്ടരനാഴികയ്ക്കുള്ളിലാക്കള്ളന്റെ
കണ്ഠംമുറിച്ചിങ്ങുകൊണ്ടുപോന്നീടുവൻ
ആണിന്നുതന്നെപിറന്നുള്ളതൊന്നെന്റെ
പ്രാണനിക്കുട്ടിക്കിനിക്കനാകേണ്ടു
ഇങ്ങനെവൈരികൾക്കാർക്കുമാർക്കുംതലപ്പ-
പൊക്കുവാൻയോഗംവരുത്തുന്നതല്ലഞാൻ
വംശപ്രതിഷ്ഠാപമേവംസുദക്ഷിണൻ
സംശയംകൂടാതെതാനുമാശീരന്റെ
വംശംമുടിക്കാതടങ്ങുമോലോകപാ-
ലാംശമല്ലോമഹാക്ഷത്രിയന്മാർക്കുമോ
ഇത്ഥംപറഞ്ഞുനിൽക്കുന്നനേരത്തു
സത്വരംപോയിച്ചുമണ്ടിവരുന്നൊരു
ചെക്കന്മാർപട്ടുകോരിയകാരനും
മക്കളുംമറ്റുള്ളകമ്പടിക്കൂട്ടവും
ഒക്കെയുമങ്ങുവന്ദിച്ചുണർത്തിച്ചു
തൽക്ഷണവൃത്താന്തമുണ്ടാമതിങ്ങിനെ
കേശവൻപൌണ്ഡ്രകക്ഷ്മാപനെക്കൊന്നതും
കാശിരാജാവിന്റെകണ്ഠംമുറിച്ചതും
കാരൂശരാജ്യങ്ങളെല്ലാംനശിച്ചതും
ശീരകളൊക്കവേചെത്തിയരിച്ചതും
വാരിജലോചനൻകൃഷ്ണൻജയിച്ചുടൻ
ദ്വാരകാമന്ദിരംതന്നിൽഗമിച്ചതും
പാരാതിതൊക്കെയുംകേട്ടുസുദക്ഷിണൻ
ഘോരംവിയർത്തുവിചാരിച്ചുമാനസേ
ക്രൂരൻപോഴനെസ്സംഹരിച്ചീടുവാൻ
ക്ഷുദ്രംചെയ്കതന്നേഉചിതംവരൂ
ശ്രദ്ധയോടുള്ളപ്രയോഗങ്ങൾകൊണ്ടുഞാൻ
മൂഢനെക്കൊന്നുമുടിച്ചീടുവൻദൃഢം
ദുർമ്മന്ത്രവാദങ്ങൾചെയ്യാൻവിരുതുള്ള
കർമ്മിദ്വിജന്മാരെയെല്ലാംവരുത്തിനാൻ
കർമ്മങ്ങൾചെയ്യിച്ചുകാമാരിയെപ്പരം
ശർമ്മംവരുത്തിപ്രസാദംലഭിച്ചുടൻ
നിർമ്മതിയാളുകൾചെയ്യശത്രുക്കളെ
നിർമ്മൂലനാശംവരുത്തുന്നതുണ്ടുഞാൻ
ഇത്ഥംവിചാരിച്ചുറച്ചുസുദക്ഷിണൻ
മൃത്യുഞ്ജയാരാധനത്തിന്നുവേണ്ടുന്ന
തത്തൽപദാർത്ഥങ്ങളെല്ലാംസമ്പാദിച്ചു
ധാത്രീസുരേശ്വരന്മാരെവരുത്തിനാൻ
ആഭിജാത്യമേറുന്നവർ കാണെത്രയും
ശോഭിതന്മാരായഭൂസുരന്മാരിവർ
ആഭിചാരക്രിയകൊണ്ടുമഹേശ്വര-
നാഭിമുഖ്യംവഴിപോലെവരുത്തണം

സംഹാരരുദ്രൻപ്രസാദിച്ചുടൻവൈരി
സംഹാരമപ്പോട്ടുചെയ്തീടുവാനന്ത-
സംഹാരദേവതാരൂപത്തെവൈകാതെ
സംഭവിപ്പിപ്പാൻപ്രയത്നംതുടങ്ങുവിൻ
നമ്മുടെകാര്യംവരുത്തുവാൻവിപ്രന്മാ-
നമ്മുടെരാജ്യത്തിലർദ്ധംതരുന്നുണ്ടു
മമതമിവ്വണ്ണമാകുന്നുനിങ്ങൾക്കു
സമ്മതമെങ്കിൽക്രിയതുടങ്ങീടുവിൻ
കാശീശപുത്രന്റെവാക്കുകേട്ടപ്പോഴെ
ശീഘ്രമാക്കേണമെന്നങ്ങതിൽചിലർ
രാശിപണംകിട്ടുമെന്നാലതിങ്കലും
ക്ലേശിക്കയെന്നോവരുമെന്നതിൽചിലർ
രാജ്യാർദ്ധലാഭംകൊതിക്കുന്നതാരിന്നോ-
രാജ്യാഹൃതിക്കുതുടങ്ങുന്നതാട്ടമേ
യോഗ്യമല്ലെന്നതേറ്റുമന്ത്രവാദിക്കു
പൂജ്യതയില്ലാതെപോമെന്നതിൽചിലർ
നല്ലതെന്നാകിലുംതീയതെന്നാകിലും
വല്ലതുംചെയ്യാംപണംകിട്ടുമെന്നാകിൽ
ഇല്ലത്തുപാരംപരാധീനമുണ്ടിപ്പോൾ
നെല്ലെത്തുമഞ്ചാറുമാസത്തിലിപ്പൂരം
ക്ഷേത്രങ്ങളിൽചെന്നുശാന്തിചെയ്യുംമാത്രം
മാത്രംലഭിക്കുമിക്കാലമതിനാഞാൻ
പാത്രമല്ലാതെയായ്വാതംപിടിപെട്ടു
ഗാത്രംമുടങ്ങിക്കിടപ്പായ്വരുംക്രമാൽ
മൂത്രകൃച്ഛ്രത്തിന്റെബാധവുംതെല്ലുണ്ടു
മൂത്തനമ്പൂരിക്കുമൊട്ടുംസുഖമില്ല
നേത്രരോഗംകൊണ്ടിളയനമ്പൂരിക്കു
രാത്രിപകലുംതിരിച്ചറിവാൻമേല
കാശിരാജ്യംപാതികിട്ടുമെന്നാകിൽഞാനോ
വാശിപിടിക്കാതെപോരുതെന്നാകിലും
ക്ലേശിക്കയെന്നങ്ങുറച്ചുതനിക്കതി-
നാശയില്ലെങ്കിൽഗമിച്ചുകൊൾകവൻ
ദുർമ്മന്ത്രവാദങ്ങൾചെയ്യാൻതനിക്കുള്ള
കർമ്മങ്ങളൊക്കവേഭംഗംവരുംദൃഢം
ധർമ്മംപിഴയ്ക്കുന്നധാത്രീസുരന്മാർക്കു
ശർമ്മമില്ലെന്നല്ലസർവ്വംനശിച്ചുപോം
അർദ്ധരാജ്യംതരാമെന്നുപറഞ്ഞതു
മൂർഖപ്രധാനൻമഹാലുബ്ധൻസുദക്ഷിണൻ
തോണികടന്നാൽതുഴകൊണ്ടുപിന്നെയ-
ന്നാണിയമുള്ളതുതാനറിഞ്ഞീലയോ
കാര്യംലഭിച്ചാലൊടുക്കംതനിക്കൊരു
കാശുപോലുംതരാകാശിരാജാത്മജൻ
എന്നുപറഞ്ഞവർവഞ്ചിച്ചുചൊന്നാകി-
ലെന്നുമേമന്ത്രവാദത്തിന്റെശക്തിയാൽ
സംശയംകൂടാതെകാശീശപുത്രന്റെ
വംശമശേഷമസ്തമാക്കീടുവൻ
ക്രൂരപാത്രംകൊണ്ടുകാര്യങ്ങൾതീർക്കുന്ന
മൂഢന്റെവംശംമുടിഞ്ഞുപോംനിശ്ചയം
തങ്ങൾചെയ്യിക്കുന്നദുർമ്മന്ത്രവാദങ്ങൾ
തങ്ങൾക്കുതന്നെവിനാശമൂലംധ്രുവം
ഇത്ഥംപരസ്പരംമന്ത്രിച്ചുനില്ക്കുന്ന

പ്രൗഢീസുരേശ്വരന്മാരോടുപിന്നെയും
സാമദാനങ്ങളെക്കൊണ്ടുസുദക്ഷിണൻ
ഭാസിപ്പതങ്ങനുസരിപ്പിച്ചിതേ
ഭൂമിദേവന്മാർകളിച്ചവന്നാദരാൽ
ഭൂമിയിൽ കുണ്ഡംകുഴിച്ചുതീയിട്ടുടൻ
ഹോമംതുടങ്ങിജപംതുടങ്ങീതദ്ര-
ന്ദ്രാമമന്ത്രാഹുതികർമ്മംതുടങ്ങിനാർ
ചണ്ഡമായുള്ളൊരുമന്ത്രപ്രഭാവേന
കുണ്ഡത്തിൽനിന്നുപുറപ്പെട്ടുവേഗേന
മൃത്യുഞ്ജയൻതന്റെഭൃത്യനായുള്ളൊരു
കൃത്യാഗ്നിദേവതാമൂർത്തിഭൂതേശ്വരൻ
ചെമ്പിച്ചകേശവുംതാടിയുംമീശയും
വമ്പിച്ചവക്ത്രവുംവക്രദന്തങ്ങളും
ചെമ്പരത്തിക്കുസുമംപോലെകണ്ണുകൾ
ചെഞ്ചിട്ടാഭാരവുംഘോരനാദങ്ങളും
കാട്ടുതീപാറിജ്വലിക്കുംമഹാദ്രിയെ
കാട്ടിൽകിളർന്നൊരുദേഹവിസ്താരവും
താലങ്ങൾപോലെനെട്ടത്തകരങ്ങളിൽ
ശൂലങ്ങൾചക്രങ്ങൾഭിണ്ഡിപാലങ്ങളും
നാലുഭാഗങ്ങളിൽഭൂതജാലങ്ങളും
നാനാപ്രകാരേണകാളിയുംകൂളിയും
തീക്ഷ്ണമാം ചട്ടത്തുറുക്കണ്ണിൽനിന്നാശു
തീക്കനൽക്കട്ടകൾ പൊട്ടിത്തെറിക്കയും
[illegible]ച്ചത്തിലട്ടഹാസങ്ങളും
[illegible] പ്രകാശിച്ചുവഹ്നിയിൽ
[illegible]
[illegible]ങ്ങളും
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]ട്ടിപ്പിളർക്കയുംകണ്ടുഭയപ്പെട്ടു
[illegible]വാസികൾചെന്നുമുകുന്ദനെ
[illegible]വന്ദിച്ചുണർത്തിച്ചവാർത്തകൾ
[illegible]
[illegible]

തൃക്കാൽവണങ്ങിസ്സമീപത്തുനിൽക്കുന്ന
ചക്രത്തെയൊന്നുതൃക്കൺപാർത്തുമാധവൻ
അക്കാലമുത്തപ്രഭാജാലംജ്വലിച്ചോരു
തല്ക്കാലതേജോവിശേഷപ്രകാശേന
ചക്രായുധശ്രേഷ്ഠനംഭോജനേത്രന്റെ
തൃക്കാൽവണങ്ങിപ്പുറപ്പെട്ടുതൽക്ഷണം
കത്തിജ്വലിക്കുന്നകൃത്യാഗ്നിമൂർത്തിയോ-
ടെത്തിപ്പിടിപ്പാനടുത്തോരുനേരത്തു
കുഞ്ചിതംപൂണ്ടുവിരണ്ടുപുറകോട്ടു
മണ്ടിത്തിരിച്ചിതുകൃത്യാമഹാനലൻ
പേടിച്ചുമണ്ടുന്നകൃത്യയെതത്ര നി-
ന്നോടിച്ചുപിമ്പേനടകൊണ്ടു ചക്രവും
കൃത്യാമഹാഗ്നിയുംഭൂതവൃന്ദങ്ങളും
ഭീത്യാപലായനംചെയ്തുകാശീശന്റെ
മെന്തിതുചൊന്നാലില്ലവസാനം
ദന്തികളനവധികാലാളുകളും
പന്തിനിരന്നൊരുകുതിരപ്പടയും
ലന്തത്തോക്കുപതാകിതോക്കുകൾ
കുന്തംചവളംവില്ലുംശരവും
ആയുധവാഹനവിഭവംപറവാ-
നായിരമാനനമുള്ളവനുംപണി;
മായവിതന്നുടെകാലംമന്നവ-
നായതനയൻവാണൊരുകാലം
നായന്മാരുടെവീടുകൾതോറും
മായാഭഗവതിവിളയാടുന്നു
കായസ്ഥന്മാർച്ചന്മാർക്കൊരു
കായക്ലേശവുമില്ലക്കാലം
അഞ്ചുപറയ്ക്കുള്ളൊരുകണ്ടത്തിൽ
പുഞ്ചവിതച്ചുവിളഞ്ഞുകൊയ്താൽ
അഞ്ചുജനത്തിനുചെലവുകഴിക്കാ-
മഞ്ചാറേഴാമാസംമുഴുവൻ
ത്തഞ്ചിലവുകളുംവിത്തുംകൂലിയു-
മഞ്ചാതെകണ്ടങ്ങുകഴിച്ചാൽ
അഞ്ചോപത്തോവാശ്ശികൊട്ടപ്പാൻ
വാഞ്ഛിച്ചാലതുമതിലുണ്ടാകും
കണ്ടങ്ങളിലുഴവെന്നതുകൂടാ-
തുണ്ടാമനവധിനെല്ലതുകാലം
കണ്ടങ്ങളിലുളവാംവിളവളവേ
കണ്ടവരില്ലധികാരന്മാർ;
പ്രജകളെരക്ഷിപ്പാൻവിരുതുള്ളോ-

യജമാനന്മാരതിസരസന്മാർ
ദ്വിജവരഭക്തിയുമേറ്റവിശേഷാ
ദ്വിജയസമർത്ഥന്മാരവരെല്ലാം
ന്മാരികളോട്ടുവിചാരിച്ചിട്ടൊരു
കാര്യക്ലേശവുമന്നില്ലത്രേ
നേരല്ലാതൊരുസംസാരങ്ങളി-
ലാരംഭങ്ങളുമില്ലക്കാലം
അപരാധികളോടർത്ഥംവാങ്ങി-
ട്ടപരാധത്തെമറയ്ക്കയുമില്ല
ഉപകാരംചെയ്യവരെത്തന്നെ
കൃപകൂടാതെചതിക്കയുമില്ലാ;
ദൂഷണമുള്ളൊരുധനവാനെങ്കിൽ
ദൂഷണമെന്നൊരുഭാവവുമില്ല
ഭൂഷണികെട്ടിട്ടജമാനൻചില
ഭീഷണികാട്ടുകയില്ലതുകാലം
ജാതിയർഹതയില്ലാതുള്ളതു
ചെയ്തിട്ടന്യജനങ്ങളുമില്ലാ
കോട്ടക്കച്ചകണ്ണപ്പടൻചുക
കോട്ടാറൻപലതുപ്പട്ടികളും
കട്ടിക്കവണികൾപട്ടുതരങ്ങളു-
മെട്ടുമുളംപലസോമൻമുറിയും
കെട്ടിക്കാച്ചിയമുണ്ടുകളെന്നിവ
കെട്ടിയെടുക്കുംപെട്ടന്മാർചിലർ
നാട്ടിൽനടന്നൊരുവാണിഭമെന്നു
കേട്ടിട്ടില്ലക്കാലത്തിങ്കൽ
പുഴവെള്ളപ്പിന്നോറുകളിച്ചൊരു
ചാഴവരാതെക്കൃഷിക്കന്നിയമം
താഴുകയില്ലൊരുമഴിക്കില്ലെന്നൊ-
മൂഴിയിലുള്ളമഹാവിപ്രന്മാർ
ഉലകിനിവണ്ണംപൊലിമവരുത്തി
ഖലബലഭൂഷണമുലകടെചെരുമാൽ
ചലാചലമന്ത്രികളോടിടകൂടി
ചലസുഖസുമുഖംവാണരുളുന്നാൾ
ഒരുദിനമരശൻനരവരശാലയിൽ
പരിചൊടുമണിസിംഹാസനമേറി
പൂരിതരാകിനമന്ത്രികളോടം-
ളരുളിച്ചെയ്താനതിതോഷാൽതാൻ.
“മധുരയിൽമന്നവനെന്നൊടുചെയ്യൊരു
അതികപടങ്ങളശേഷമിദാനീം
മതിമാന്മാരാംമന്ത്രിവരന്മാർ
മതിയിൽമറന്നിഹമരുവീടുകയോ
മതിയാകില്ലവനൊക്കാലെചെയ്യും-
ന്നിതിലൊരുപൗരുഷമെന്നൊരുമതമോ?
മതിമതിയെന്തിനിനർത്ഥം?മിതെന്നൊരു
മതിമാന്ദ്യമവാപിച്ചീടുകയോ
അരിനിര[illegible]ചതിയിടുവാനൻ
മതിയല്ലെന്നൊരുദുർബ്ബോധംകൊ-
ണ്ടതിജായിട്ടെസന്നാഹത്തിനു
മതിമാന്മാരുമടിച്ചീടുകയോ?
തുലരൈവരെവെട്ടിക്കൊന്നൊരു
പാറകിയവാപാചനിപടിഞ്ഞ-

പ്രേതപുരത്തിലിരിക്കണമിന്നതി-
നേതുമെനിക്കൊരുസംശയമില്ലാ.
ക്ഷോണീപതിയെന്നിങ്ങനെയുള്ളൊരു
നാണിയമിങ്ങുനശിച്ചുതുടങ്ങി
നാണംകെട്ടൊരുകോണിലിരിപ്പാൻ
ആണുങ്ങൾക്കുതുഗുണമാസ്സുരുമോ
ഊണുമുറക്കവുമെന്ന്യെയൊരുതൊഴിൽ
കാണുന്നില്ലിഹയജമാനന്മാ-
ർക്കേണവിലോചനമാരേപ്പോലെ
വാണാൽമതിയോ?മതിമാന്മാരേ
ഊണുകഴിപ്പാനടവിയിലുടനേ
നാണുനടക്കുംക്രോഷ്ടാവുംമതി;
ആണുങ്ങൾക്കപിറന്നവനീവിധ-
മൂണുകളൊന്നുമെത്രേണായിലാ
ക്ഷീണമകന്നുടനരിഭടപടയെ
ബാണംകൊണ്ടുതകർത്തവരുടെ
ശോണിതശോണമതാകിനദേഹം
ക്ഷോണിയിലിട്ടുപിരട്ടിശ്ശപാവിനൊ-
ത്തൂണിയനൽകിസ്വാമിയെവന്നഥ
താണുവണങ്ങിത്തരസാകിട്ടുമൊ-
രേണപ്പുകയുകുട്ടുതുടങ്ങളവാ-
മൂണമത്രേപുനരുണ്ണെന്നറിവിൻ”
ഇത്ഥംനൃപനുടെവാക്കുകൾകേട്ടതി
വ്യഥനതാകിനമന്ത്രിപ്രവരൻ
സത്വരമെഴുനേറ്റടിമലർകൂപ്പീ-
ട്ടുത്തരമിത്ഥമൊന്നറിയിച്ചാൻ:—
“അരുളിച്ചെയ്തതുസത്യമിതൊന്നും
നിരുപിക്കായ്കയുമല്ലടിയങ്ങൾ;
കുരുസുതരാകിനനൂറുവരെപ്പോ-
ലരുതൊരുസാഹസമെന്നൊരുപക്ഷം;
നരപതിധർമ്മജനനുജന്മാരും
പരിചൊടുവിപിനവാഴ്ക്കാലം
ഉരഗധ്വജനുംസഹജന്മാരും
തരസാതങ്ങടെവിഭവംകാട്ടാൻ
പെരുകിനപടയുംകുടയുംതഴയും
കരിതുരഗങ്ങളുമെന്തൊരുഘോഷം
നിരുപമപൌരുഷമവിടെച്ചെന്നാർ
നിരുപിക്കാതൊരുനാണക്കേടഥ
വിരവൊടുകിട്ടിത്തലയുംതാഴ്ത്തി
പുരിപുക്കാരതുകേട്ടിട്ടില്ലേ?”
അരുളിച്ചെയ്താനലകടെപൈതൽ
“അതുമാത്രംഞാൻകേട്ടിട്ടില്ലാ
പെരുകിനകൗതുകമുണ്ടതുകേൾപ്പാൻ
പരിചൊടുതൽക്കഥകഥനംചെയ്ക
അരുളപ്പാടതുകേട്ടൊരുസചിവൻ
കരതളിർകൂപ്പികഥനംചെയ്താൻ;—
“എങ്കിലൊരുന്നാളുരഗധ്വജനും
ഹുങ്കൃതിമേറിനശകുനിയുമുടനേ
പങ്കജലോചനപാദാംബുജമധു-
ഭൃംഗമതാകിനധർമ്മാത്മജനെ
കള്ളച്ചൂതുകൾകൊണ്ടുചതിച്ച-

കള്ളന്മാരുടനടവിയിലാക്കി;
വെള്ളക്കുടയും പടയും രാജ്യവു-
മുള്ള പദാർത്ഥമശേഷമടക്കി
കള്ളച്ചൂതടിച്ചു തടിച്ചു മദം കൊ-
ണ്ടുള്ളു നിറഞ്ഞു കവിഞ്ഞീടും മല-
വെള്ളത്തിരപോലിരവും പകലും
തള്ളിയലയ്ക്കും പരിതോഷത്താ-
ലുള്ളത്തിൽ പുനരത്തമ്പുരുഷാരി-
ലെള്ളോളം ബഹുമാനം കൂടാ-
തുള്ള ശഠന്മാരോടിടകൂടി
തള്ളലിയന്നു വസിക്കും കാലം;
ധർമ്മതനൂജനുമനുജന്മാരും
പെൺമണിയാളാം ദ്രൗപദിതാനും
നിർമ്മലരാകിന വിപ്രന്മാരും
ശർമ്മമൊടാകിന ധർമ്മാരണ്യേ
നിർമ്മലതീർത്ഥജലങ്ങളുമാടി
ധാർമ്മികരാകിന താപസവരരുടെ
സമ്മാനത്തെ ലഭിച്ചു ലഭിച്ചും
കിർമ്മീരാസുരനിധനാനന്ത-
രന്തരിതാഖിലചിന്താഭാരം
സന്തോഷാംബുധിവൻതിരനീന്തി
ശാന്തന്മാരവരന്തണരോടേ
ഹന്ത സുഖിച്ചു നിതാന്തമനോഹര-
കാന്താരേ നിജകാന്താസഹിതം
ക്ലാന്തിവെടിഞ്ഞതികാന്തിയുതന്മാ-
രന്തസ്സുഖമൊടു ചെന്താർമകളുടെ
കാന്തൻ തന്നുടെ കാന്തൻ തിരുവടി
ചിന്തിച്ചധിഗതസന്തതമോദമ-
നന്തരമന്തനിരന്തരമാംഭവ-
സിന്ധുതരംഗനിബന്ധനമൻപൊടു
സന്താരണം ചെയ്തുവിടെ വസിച്ചാർ.

അക്കാലം ദുര്യോധനൻ ചൊല്ലിക്കൊണ്ടനുജന്മാ-
[രും

[illegible]രാത്മജൻ കർണ്ണനുമധികം ക്രൂരൻ ശകുനിയും
[illegible]ക്കാമ്പിലുള്ള വൈരമൊക്കെ പ്രകാശിപ്പിച്ചു
[illegible]ങ്ങളിലൊരു ദിക്കിലൊക്കെത്തികഞ്ഞു കൂടി
[illegible]ത്തിലുള്ള പുരിപ്പുക്കാംശ്ശു ചെന്നിരുന്നു
[illegible]ലവും ചെയ്തു സൽകൗതുകവും പൂണ്ടു
[illegible]ടെ കൈക്കു പിടിച്ചു മെല്ലെ
[illegible] പലവാക്കുകളുരചെയ്തു
[illegible] ദുര്യോധനൻ, ഇക്കണ്ട നമുക്കെല്ലാം
ഇക്കാലം നിരൂപിച്ചതൊക്കെ സഫലമായി;
[illegible] ബാധിക്കേണം ഒക്കുമ്പോളിപ്രയോഗം
[illegible]ന്നതല്ലോ; പാർക്കാതവരെക്കാട്ടി-
ലാക്കാനുള്ളുപദേശമൊന്നും മാതുലനല്ലാ-
താർക്കാനും സാധിക്കുമോ?
ഊക്കുള്ള ഭീമസേനൻ താനല്ലൊ മിത്രനാളും
ആർക്കും നിനച്ചില്ലതും ഇക്കാലം സാധിച്ചല്ലോ.

വണ്ണൻ വാഴക്കുണക്കുതടിച്ചൊരു
പൊണ്ണൻ മാരുതിയുടെമട്ടിൽ
[illegible]

മണ്ണിൽ മലർന്നുകിടന്നുഴലുന്നതു
കണ്ണുകൾ കൊണ്ടതു കണ്ടുരസിപ്പാൻ
കണ്ണാ! കൗതുകമിയലുന്നില്ലീ?
കണ്ണസുഖം പുനരവരുടെ വാർത്താ-
കർണ്ണനമാത്രമതും മതിതാനും
ഓട്ടന്മാരിലൊരുത്തനെ വിരവൊടു
വിട്ടീടുക നാമെങ്കിലിദാനീം
കാട്ടിൽ ചെന്നവനവരുടെ ചേഷ്ടികൾ
ഒട്ടൊഴിയാതെ ഗ്രഹിച്ചു വരേണം;
കാട്ടിൽ നടക്കും കാട്ടുമൃഗത്തെ-
ക്കാട്ടിൽ പരവശഭാവത്തോടെ
പട്ടിണിയിട്ടു നടക്കുന്നവരുടെ
ചട്ടമശേഷം കേട്ടു രസിക്കണ-
മെട്ടും താമസമരുതരുതതിനിഹ
വട്ടം കൂട്ടുക വടിവൊടു കർണ്ണ!
കോട്ടമതില്ലാതൊട്ടനയുടനേ
കേട്ടിന്നു പോവാൻ വിട്ടീടുക നീ,
നന്നാലുകുതിരിവുള്ളൊരു പുരുഷനെ-
യിന്നു നിയോഗിച്ചീടണമതിനായ്,
ഒന്നും തിരിയാത്താളുകളങ്ങിഹ
മന്ദന്മാരേ ചാരന്മാരാക്കൊല്ലാ;
തിന്നു മുടിപ്പാനല്ലാതെവരാൽ
ഒന്നുമെനിക്കൊരു ലാഭമതില്ലാ,
ഒന്നിനയച്ചാലതു സാധിക്കി-
ല്ലെന്നല്ലമ്മിയുമൊന്നുവരുത്തും,
തന്നത്താനറിയാത്തൊരു കൂട്ടം
വന്നു നിറഞ്ഞു നമ്മുടെ നാട്ടിൽ
എന്നുടെ മുതലു മുടിപ്പാനെപ്പോഴു-
മെന്നുടെ ഭൃത്യന്മാർ മുതിരുന്നു,
അക്ഷികുണക്കിനു കൂടാഞ്ഞാലവർ
കട്ടിപ്പുട്ടരെദയത്തമിഴിക്കും,
പട്ടിണിയെന്നതു നമ്മുടെ പിള്ളേ-
ർക്കൊട്ടും തന്നെ സഹിപ്പാൻ മേലാ,
വെട്ടമെടുക്കും മുമ്പേ ചക്കികൾ
ചെട്ടിസ്സാദമെടുത്തു ഭുജിക്കും
കട്ടത്തൈരും കൂട്ടിയുരുട്ടിയ-
തൊട്ടല്ലൂതുമൊരു പഞ്ചപ്രസ്ഥം,
കൊററുകഴിച്ചൊരു തെക്കൻ മുണ്ടും
ചുററിയുടുത്തൊരു തൊങ്ങലുതൂക്കി
വെററിലതിന്നു മുഴപ്പിച്ചും കൊ-
ണ്ടേറൂതിരിക്കും രസികന്മാരായ്,
കററക്കുഴൽമണിമാരുടെ വീടുകൾ
പററിപ്പുകിട പറഞ്ഞു രസിച്ചും
മെററ പിടുങ്ങിത്തിന്നുടനവരുടെ
കറാമുറച്ചു ചിരിച്ചുതിരിച്ചും,
പകയുള്ളവരെപ്പഴചെയ്യിച്ചൊരു
വകയുണ്ടാക്കും പുകഴില കൊൾവാൻ
പകച്ചും രായുമഹങ്കാരത്തിനു
മികവുള്ളവരാമവരെന്തൊരു കഷ്ടം!
തിരുവുള്ളക്കേടരിവരൊന്നാൽ-
[illegible]കയില്ലറിവുള്ളവരും;

തിരിയാത്തവരിവരൊരുവക്കുംവഴി-
തിരിയംപെരിയജനത്തിനുപോലും;
മുടിയന്മാരിവരാകൃതികണ്ടാൽ
തടിയന്മാരൊരുവേലയെടുപ്പാൻ
മടിയന്മാർപലജനമുണ്ടിഹകാ-
ക്കടിയന്മാരവരൊന്നിനുമാകാ,
ചോറുകൊടുക്കുംയജമാനങ്കൽ
കൂറുള്ളവരിഹപാരംകുറയും
മാറുകയില്ലപറഞ്ഞാലെന്നാ-
ല്ലേറുകളേവരുമിവസംതോറും,
ഏറുകൊടുപ്പാൻതോന്നുമെനിക്കി-
പ്പോറകളുടെധിക്കാരംകണ്ടാൽ;
ത്തുജനത്തിലൊരുത്തനുനേര-
ല്ലീവരുന്നതുപെരുതോകഷ്ടം!
തോണികടന്നാൽത്തുഴകൊണ്ടൊന്നൊരു
നാണിയമുണ്ടതുമോഷ്ടിക്കേത്രം,
ഊണുകഴിച്ചു തിരിച്ചാലവരെ
ക്കാണുകയില്ലൊരുദിക്കിൽപോലും,
കാണുകയില്ലെന്നല്ലതിരഞ്ഞാ-
ലേണാക്ഷികളുടെവീട്ടിൽകാണാം.
അത്താഴത്തിന്നിലവെയ്ക്കുമ്പോൾ
എത്താത്തവരുടെപിലകൊണ്ടീടാം;
ചത്താലുംവരുമഷ്ടിയടുത്താൽ
ഓർത്താലിഞ്ഞുവെറുപ്പാകുന്നു.
കൂറില്ലാത്തവരെങ്കിലുമിവരുടെ
ചോറുമുടക്കാൻമടിയാകുന്നു.
നീറുംക്ഷുത്തുവളർന്നീടുമ്പോൾ
ആരുംഭേദമതില്ലെന്നറിക
ഊഴിയമോരോന്നുരചെയ്യുന്നാൽ
കേവലമിതിനൊനേരവുമുള്ള
വൈദികമുള്ളൊരുദൂതനെവിരവൊടു
പോവതിനാശുനിയോഗിച്ചാലും"
അതുകേട്ടൻപൊടുരാധാതനയൻ
മതിമാനാകുമൊരോട്ടനെവിരവൊടു
ഹിതമൊടുമെല്ലെവിളിച്ചുവരുത്തി
ക്ഷിതിപതിശാസനമെന്നുരചെയ്താൻ.

ഓട്ടൻവചനമതുകേട്ടൻപൊടുസരസ-
നൊട്ടുംമടികൂടാതെഓട്ടംതുടങ്ങിയൊരു
കോട്ടംവരാതെചെന്നുകാട്ടിലങ്ങകംപുക്കു
കാട്ടുമൃഗങ്ങളുടെക്കൂട്ടത്തെയവനേറ്റും
കൂട്ടാക്കാതെകണ്ടോരോകോട്ടിൽതിരഞ്ഞുമല-
മുട്ടിൽനടന്നുപലതോട്ടിൽചിലവലിയ
മേട്ടിൻമുകളിലോരോകോട്ടിൽമുനികളുടെ
കൂട്ടത്തെക്കണ്ടുകണ്ടാങ്ങൊട്ടുനേരംചെന്നപ്പോൾ
കേട്ടുദ്വൈതകമെന്നകാട്ടിൽമരുവിടുന്നു
ശ്രേഷ്ഠന്മാരായുള്ളയുധിഷ്ഠിരാദികളെന്നു

ദ്വൈതേതരസുഖരസികന്മാരായ്
ദ്വൈതവനത്തിൽവസിച്ചരുളീടും
ശീതകിരണകുലതിലകന്മാരാം
ഭൂതലനുതനച്യുതശരന്മാർ
പാർത്ഥന്മാരവരമിതാനന്ദക്ക-
തർത്ഥന്മാരതിപാവനമാകിന
തീർത്ഥസ്നാനംചെയ്തുസുഖിച്ചൊരു-
നർത്ഥംകൂടാതിഹവിലസുന്നു.
വാർത്തകളിങ്ങനെശ്രദ്ധമറിഞ്ഞതി
ധൂർത്തനതാകിനകുരുസുതതൻ
പാർത്തിരിയാതെതിരിച്ചുനടന്നഥ.
പാർത്ഥിവനഗരംപുക്കാനുടനെ
കുന്നാളികളൊടുകൂടിസ്സഭയിൽ
സ്വർണ്ണാസനവരമേറിവസിക്കും
കർണ്ണജപനാംധൃതരാഷ്ട്രജനുടെ
കർണ്ണേചെന്നുപറഞ്ഞറിയിച്ചാൻ

ആനന്ദഭൈരവി—ചെമ്പട.

"കേട്ടാലുംവീര! കേട്ടാലും! (പല്ലവി)
കേട്ടാലുംദുരിതശാന്തികേവലംനമുക്കുണ്ടാകും
കുരുകുലാക്ഷപാരമഭാഗ്യമുള്ളവനൊരു
ദൂരാധിവരികയില്ലമന്നവ! (കേട്ടാലും)
കൌന്തേയന്മാർക്കുസന്തോഷം
കാന്താരേവസിക്കുമ്പോളും
സന്താപമവർക്കില്ലേതും
കനിവിയന്നമുനിജനങ്ങളോടവരു-
നിശമേവചുനശമേനചേർന്നിതു (കേട്ടാലും)
ദ്വൈതകാരണ്യമേവുന്നു,
കൈതവങ്ങളവരോടു
ചെയ്തതൊന്നുംഫലിച്ചില്ല
കരുണയുള്ളനരകവൈരിതന്നുടെ-
ചരണമുണ്ടുശരണമിന്നവർക്കിഹ (കേട്ടാലും)
തീർത്ഥങ്ങൾതോറുംപാർത്ഥന്മാർ
സാർത്ഥമാക്കിനാർപാപംപുരു-
ഷാർത്ഥമവരാത്തമോദം
സാരസിജാക്ഷചരിതസാരമാകീർത്തനവിരുത-
മായി
ദുരിതമായതൊക്കവേ (കേട്ടാലും)
കാടുകൾതന്നെവീടുകൾ
തോടുകൾനദികൾനല്ലകോടുകൾപലതുണ്ടു
അരിവിയരുമരികെയുണ്ടുനല്ലൊരു
വരിയിൽവേണ്ടുമരിയുമുണ്ടുകൊററിനു
(കേട്ടാലും)
ജന്തുക്കളെല്ലാംബന്ധുക്കൾ
അന്തികമുച്ചകംവന്നോ-
ക്കത്താഴംപ്രാതലുനൽകും
അടവിവാസമടവുനന്നുനന്നൊരു
കടവുമില്ലതടവുമില്ലവർക്കിഹ (കേട്ടാലും)
ഉത്സാഹംപൂണ്ടുമേവുന്നു
മത്സരംകൂടാതവർക്കുവത്സരംപതിനൊന്നായി
വിരവിലിങ്ങുവരുവതിന്നുസംഗതിവരുമവർക്കു
കരുതിവണ്ണംകൊള്ളുക!
ഓട്ടൻവന്നുപറഞ്ഞൊരുവാക്കുകൾ
കേട്ടുകയർത്തുരചെയ്തുസുയോധനൻ
"ഒട്ടുമകംപുറമില്ലാതുള്ളൊരു
യക്ഷീ! നില്ലുനിനക്കെന്തറിയാം!

നിന്നോടവരുടെഗുണദോഷങ്ങളി-
ലൊന്നുംഞാനിഹചോദിച്ചീലാ
ഒന്നിനയച്ചാലക്കഥമാത്രം
വന്നുപറഞ്ഞീടുകിലതുപോരും
പോടാനിന്നുടെദുസ്സാമർത്ഥ്യം
കൂടാനമ്മോടുകുടിലകഠോര!
പാടവമേറിനപാണ്ഡുസുതന്മാ-
രോടിടകൂടിനടന്നാലുംനീ;
നമ്മുടെചോർതിന്നുണ്ണൊരുദുഷ്ടൻ
നമ്മുടെവൈരികളിൽബഹുമാനം
നമ്മുടെദോഷവുമവരുടെഗുണവും
വെണ്മയിലുരചെയ്തീടിനമൂഢ!
കാട്ടിൽചെന്നുടനവരൊടുകൂടി
കായ്കനിതിന്നുകിടന്നാലുംനീ
കൂട്ടുകാരെക്കൂറില്ലാതൊരു-
ചേട്ടുകാരനൊരിടയില്ലേതും
ചോറൊരിടത്തിൽകൂറൊരിടത്തിൽ
വേറുതിരിച്ചുഗ്രഹിപ്പോറായി
ഏറിപ്പോംപറയുമ്പോളിക്കഴ-
വേറിക്കിട്ടുതൊഴിപ്പാൻതോന്നും.
മററാരിൽകനിവേററമതുള്ളൊരു
കൂററാരേക്കാൾമാററാർനല്ലൂ
ഉപ്പുപിടിച്ചപദാർത്ഥത്തേക്കാൾ
ഉപ്പിനുപുളികറയുംപറയുമ്പോൾ
അപ്രിയമായ്‌വരുമതുകൊണ്ടുംഭയ-
മിപ്പരിഷക്കൂതരിമ്പില്ലറിവിൻ!
ഇക്കൂട്ടത്തിൽപരിചയമുള്ളവ-
നക്കൂട്ടംഹിതമെന്നിഹതോന്നും
അക്കൂട്ടത്തിൽചെന്നിടപെട്ടാ-
ലിക്കൂട്ടംഹിതമെന്നുംതോന്നും
ദുഷ്ക്കരുള്ളമഹാപാപികളവ-
ന്നിക്കൂട്ടത്തിൽനിറഞ്ഞുകഴിഞ്ഞു;
ദോഷമുള്ളൊരുവനെവിശ്വാസംപുന-
[illegible]കാലത്തുനമുക്കില്ലേതും
[illegible]നമൊന്നിനിറങ്ങുന്നേരം
[illegible]തിനൊരുദൂഷണമേശും.
[illegible]നതുപാരംകറയും
[illegible]കളുറെസ്സഭയിൽ
ഇ[illegible]നൊരുവനുപക്ഷം
അ[illegible]നുപക്ഷം
ഇതു[illegible]ചില
[illegible]
കള്ളച്ചൂതുകൾമാതുലന[illegible]-
നുള്ളതുഞാനോകേട്ടിട്ടില്ലാ.
കള്ളന്മാരുടെവാക്കുകളെല്ലാം
കള്ളന്മാർക്കേബോധമതുള്ളു.
ഹേതുകഥിക്കാമന്തകതനയന്
ചൂതുകൾപൊരുവാൻവാസനയില്ലാ,
കൌതുകമെന്നതുപാരംതാനും
വാതുകൾപറവാൻകാരണമതുതാൻ,
വാതുപറഞ്ഞുകൊടുത്തതശേഷം
മാതുലനിങ്ങുകരസ്ഥമതാക്കി
കൈതവമെന്നതുമാതുലനിവിടെ
ചെയ്തതിലൊന്നുംതോന്നുന്നീലാ.
പണയംതന്നതുവാങ്ങരുതെങ്കിൽ
പണയംപറയുന്നെന്തിനുചൂതിൽ?
പണമെന്നുള്ളതിനോടിടപെട്ടാൽ
പ്രണയംകൊണ്ടൊരുഫലമില്ലേതും
ഗുണവാന്മാരൊരുബലംചെയ്താൽ
തുണചെയ്യവനുമബലക്കാരൻ;
പണമുള്ളവനെപ്പാട്ടിൽവരുത്താൻ
പണിചെയ്യുന്നതുപാർത്ഥിവധർമ്മം;
ചൂതിൽചെകതിപിണഞ്ഞൊരുനേരം
കൈതവമെന്നൊരുവാക്കുനടത്തി
ഏതുംതിരിയാത്തവർപറയുന്നതി-
ലേതുമെനിക്കൊരുഭീതിയുമില്ലാ.
ഇവരുംപുനരതുനേരെന്നോർത്തി-
ട്ടവരുടെഗുണഗണമുരചെയ്യുന്നു.
ഭേതുനമുക്കതിലുംനഹിഖേദം
ഇവനല്ലീശ്വരനെന്നെവലപ്പോൻ"
ഇത്തരമങ്ങുകയർത്തുപറഞ്ഞതി-
നുത്തരമവനൊന്നുരചെയ്തീലാ
സത്വരമവനിയിൽവീണവണങ്ങീ
ശ്ലോഭവുംകോപവുമൊന്നായമിച്ചു,
ഗാന്ധാരീസുതനുടനേപുനരപി
ഗാന്ധാരജികളോടുരചെയ്താൻ
"കൌന്തേയന്മാരേവർപുനരിനിയും
കാന്താരാടനമങ്ങുകഴിഞ്ഞാൽ
മററാരവരിഹമാററാരുകൂട്ടം
കൂററാർചിലരെക്കൂട്ടിക്കെട്ടി
ഏററംകോപിച്ചിഹവന്നൊരുപട-
യേററെന്നാലിനിനില്പാൻവിഷമം.
കാററിൻമകനൊരുവൻപുലിപോലെ
ചീററിയണഞ്ഞുപിണങ്ങുന്നേരം
തോററുമടങ്ങുകയില്ലല്ലീനാം?
ഊററക്കാരവർപലരുണ്ടല്ലോ,
ഇക്കൂട്ടത്തിനൊരമളിപിണപ്പാൻ
നോക്കിയിരിക്കുന്നുണ്ടിഹപലരും;
തെക്കുവടക്കുകിഴക്കുപടിഞ്ഞാർ
ദിക്കതുമുള്ളതിൽവൈരികളേറും
ഇക്കാലംചിലകലശലുകൂട്ടാ-
നൊക്കെക്കൂടിവിചാരിക്കുന്നു
ഇക്കണ്ടാളുകളൊക്കെവരുമ്പോൾ
ഇക്കഥയൊന്നുമറിഞ്ഞേപാവൂ"
ദുര്യോധനനുടെവചനംകേട്ടഥ
വീര്യഗുണാംബുധികർണ്ണനുരത്താൻ
"ധൈര്യംപൂണ്ടുവസിച്ചരുളേണം
കാര്യംകൊണ്ടുവിഷാദിക്കേണ്ടാ
നേരത്തുവരുംപരിപന്ഥിജനങ്ങടെ
ധൂർത്തുകളൊന്നുംനമ്മോടുകൂടാ
കൂർത്തശരാവലികൊണ്ടുടനവരുടെ
മൂർത്തിപിളർപ്പാൻഞാനൊരുവൻമതി,

മറുപക്ഷത്തുവരുന്ന ജനങ്ങളെ
അറുതിപെടുപ്പാനെന്തിഹ ബന്ധം
കുറുനരിലക്ഷം കൂടുകിലും ഒരു
ചെറുപുലിയോടു ഫലിക്കില്ലേതും;
അറിവുള്ളവനിഹ നമ്മുടെ വിരുതുക-
ളറിയുവതിന്നൊരു സംശയമില്ല.
അറിവില്ലാത്തവർ ദൂഷണവാക്കുകൾ
പറയുന്നതിനൊരു സങ്കടമില്ല,
കണ്ടാലറിയാതുള്ള ശഠന്മാർ
കൊണ്ടാലറിയും കേളിയല്ലരശാ!
വേണ്ടാതതിന്നു തുടങ്ങരുതാരും
വേണ്ടാസനമൊന്നൊന്നോടു കൂടാ;
ഈറ്റികടിച്ചു പടയ്ക്കു വരുന്നൊരു
ചണ്ടിപ്പുരിഷാകാർ മണ്ടിയൊളിക്കും.
യുദ്ധതുടങ്ങാലത്തിന്നൊരതിശയ-
മുണ്ടു നമുക്കതു ബോധിക്കേണം,
ക്ഷുദ്രന്മാരിനിയവനിഹ നേർത്താൽ
ചെണ്ടകൊട്ടാനൊരു ചേതമുണ്ടാം.
പണ്ടേക്കാൾ പലവിക്രമപൌരുഷ-
മുണ്ടിപ്പോൾ മമ കൗരവവീരാ"!
ശകുനിയുമപ്പോളുരചെയ്താൻ "മരു-
മകനേ! മതിമതി ഭീതികളെല്ലാം
പ്രകൃതിഗഭീരന്മാർക്കിങ്ങനൊരു
വികൃതിവരുത്തുവതിന്നു സമർത്ഥൻ,
പാർത്ഥന്മാരിനിയാണല്ലെടനേ
തീർത്തുരചെയ്യാമില്ല വിചാരം
തീർത്ഥസ്നാനമൊരാപതുവർഷം
പാർത്ഥന്മാർക്കിനിയും കല്പിക്കാം.
പിന്നെ വരുമ്പോൾ പിന്നെയുമുണ്ടാ-
മെന്നുടെ കൗശലമതിലുമൊരധികം
ചേട്ടാമനുജമനുജന്മാരും
ചേട്ടകളെവരുമുള്ളൊരു കാലം
കാട്ടിലിരുന്നു പിരിഞ്ഞീടേണം
നാട്ടിൽ കേറാനിനിയെളുതല്ലാ"
ഇങ്ങിനെ ശകുനിയുമുരചെയ്തപ്പോൾ
അങ്ങിനമോദം മനസി ജനിച്ചു
തുംഗമഹാമാനകരം പൂണ്ടു ഭു-
ജംഗമപങ്കജനയനനുരചെയ്താൻ;
"കാട്ടിലിരിക്കും പാർത്ഥന്മാർക്കിഹ
കാട്ടീടേണം നമ്മുടെ വിഭവം
കൂട്ടീടേണം ബഹുപുരുഷാരം
കേട്ടീടേണമിതെല്ലാജ്ജനവും.
കൊട്ടീടേണം ഭേരീധാരം
ഞെട്ടീടേണം ഭുവനമശേഷം
തട്ടീടേണമകമ്പടിവടിയൊട്ടു
പൊട്ടീടേണം കലഗിരികുഹരം
ചട്ടകൾ തൊപ്പികളിട്ടു മുറുക്കി
ചട്ടററീടിന വട്ടം കൂട്ടി
തട്ടിനടത്തിക്കൊട്ടി മുഴക്കി
പെട്ടികളും പലപെട്ടകവും ചില
കുട്ടകമെന്നിവ കെട്ടിയെടുപ്പി-
ച്ചോട്ടകവും ചില പട്ടിക്കുതിരകൾ
പട്ടാണികൾ പലചെട്ടികളും കോ-
മട്ടികളും പലപട്ടന്മാരും
വട്ടം കൂട്ടി വനത്തിനു പോവാൻ-
നൊട്ടും താമസമരുതിനി നമ്മുടെ
പുഷ്ടശ്രീഭരപൗരുഷമവരെ
കാട്ടുവതിന്നു നമുക്കുത്സാഹം;
നായന്മാരെ വരുത്തിടുവതിനു
പോയാലും ചിലർ വേഗമിദാനീം;
ആയുധവാഹനകോപ്പുകളെല്ലാ-
മായതുപോലെ വരുത്തീടേണം,
നാട്ടിലൊരുത്തനിതിന്നു വരാഞ്ഞാൽ
വീട്ടിൽ ചോദ്യം കല്പിക്കേണം;
കേട്ടവർ കേട്ടവർ കൂട്ടത്തോടെ
കോട്ടയിലെത്തിസ്സമ്പ്രാപിക്കേണം;
എങ്ങിനി നമ്മുടെ ചന്ത്രക്കാരൻ?
ചങ്ങാതിക്കൊരുണച്ചയുമില്ലാ
അങ്ങാടിത്തെരുവിൽ ചെന്നരിയും
തേങ്ങാ മുളകും വാഴക്കായും
നായന്മാർക്കിഹ ചോറുകൊടുപ്പാ-
നായതിനുള്ള പദാർത്ഥമശേഷം
വിരവൊടു കൊണ്ടുവരേണമതിന്നായ്
ഇരുനൂറുജനം പോയീടേണം
പുകയില വെററില കഞ്ചാവും പല
വകയിൽ കള്ളുകരുപ്പും വേണം
സകലപദാർത്ഥവുമിങ്ങു വരുത്തി
സ്സന്നാഹം പല കൂട്ടീടേണം"
എന്നതു കേട്ടൊരു രാജഭടന്മാ-
രൊന്നൊഴിയാതെ പദാർത്ഥം കൂട്ടി
സ്സന്നാഹന്മാർ കല്പന പറവാ-
നൊന്നുമതിന്നു നടന്നു തുടങ്ങി;
പുരുഷാരത്തെയറിപ്പാനായി-
പ്പുരുഷന്മാരെയയച്ചു തുടങ്ങി;
വിരുതന്മാരവർ നാട്ടിലശേഷം
നരപതികല്പനയങ്ങു നടത്തി;
കല്പന കേട്ടൊരു നായന്മാരും
കെല്പൊടു വന്നു നിറഞ്ഞു തുടങ്ങി;
അൽപമതല്ലൊരു ജലധികണക്കേ
തല്പരസീമ്നി പരന്നു നിരന്നു
തങ്ങളിലങ്ങു പറഞ്ഞു തുടങ്ങി:—
"സംഗതിയെന്തിതു കേട്ടോ ക്രൂവാ!
ഇങ്ങനെ പുരുഷാരത്തെ വരുത്തി-
ട്ടെങ്ങു പടയ്ക്കു തുടങ്ങീടുന്നു?
കുട്ടവാപനികളേതാൻ തലമേൽ
വെടികൊണ്ടെങ്ങാൻ വീണിട്ടുണ്ടോ
ഉടനേ മുതലേ നാട്ടേ പിടിപ്പാൻ
പടയും കൂട്ടി മുടുക്കന്നുണ്ടോ?
പടയിൽ ചെന്നു മരിപ്പാനിങ്ങൊരു
മടികൊണ്ടല്ല പറഞ്ഞീടുന്നു:
കടമുണ്ടമ്പതു പുത്തനിനിക്കതു
തടവുണ്ടതുകൊണ്ടവസരമില്ലേ;

ത്തുക്കപ്പുകേലതരിമ്പില്ലാഞ്ഞ-
ത്തോക്കൊരുളിക്കിൽപണയംവെച്ചു
മാക്കോച്ചൻതന്റെമരുമകനിന്നൊരു
തോക്കത്തരാമെന്നൊട്ടുചൊല്ലി
ആക്കാരണമുള്ളൊരുതോക്കുംകൊണ്ടുപ-
ടയ്ക്കായ്ചെന്നുമരിച്ചെന്നാകിൽ
തോക്കവർക്കെണ്ടുതിരികെപ്പോന്നുക-
ടക്കാർവീട്ടിൽപാട്ടകിടക്കും.
ഉചട്ടൻ പണ്ടുപടയ്ക്കുമരിച്ചതു
കേട്ടിട്ടില്ലേനിങ്ങളിലാരും?
ഏട്ടുജനങ്ങളെവെട്ടിക്കൊന്നൊരു
കോട്ടപിടിച്ചപ്പിന്നെമരിച്ചു
മണ്ടുന്നേരംപിടരിക്കൊരുവെടി
കൊണ്ടുമരിച്ചെന്നുണ്ടൊരുകേളി;
വാളില്ലെന്നല്ലെന്നുടെവീട്ടിലൊ-
രാളില്ലിന്നിതുകൊണ്ടുനടപ്പാൻ
കാളകൃഷികൾനടക്കയിതെന്യേ
കേളച്ചാർക്കൊരുതൊഴിലില്ലിപ്പോൾ
നായന്മാരായ്വന്നുപിറന്നാൽ
ആയുധമൊന്നുതനിക്കാവേണം
ആയതിനൊരുവകയില്ലാഞ്ഞവരുടെ
കായംകൊണ്ടൊരുഫലമില്ലറിവിൻ!
നെല്ലുംപണവുംമോഹിച്ചെന്നുടെ-
വില്ലുംകണയുംപണയംവെച്ചു
നല്ലചിതക്കാരൻഞാൻതാനിനി
ഇല്ലംവിറ്റുകൂപ്പതിനും
ഇല്ലെന്നല്ലിതുമുടിയന്മാരുടെ
ഇല്ലത്തില്ലനശിച്ചേനിൽപ്പും.
വല്ലാതുള്ളവിശപ്പുവരുമ്പോൾ
വല്ലതുമിറ്റുംകൊറ്റുകഴിക്കാം;
ഇക്കഥയെല്ലാംമതിമതിനാകിനി
വെക്കംചെന്നുമുഖംകാട്ടേണം
ഒന്നാകെനമ്മുടെയജമാനന്മാർ
പക്കാണിക്കമതോർത്തീടേണം.
രാവുംപകലുംകല്പനകേൾക്കും
നായന്മാർക്കൊരുകാശുകൊടുപ്പാ-
നീയജമാനന്മാർക്കുമനസ്സി-
ല്ലായതുചൊന്നാൽകുറവുമുണ്ടാം;
ഇങ്ങനെചെന്നുപറഞ്ഞുമരിപ്പാൻ
മട്ടുമടിയില്ലാത്തസമർത്ഥരു
കിട്ടുംപലകറിപട്ടുംവളയും;
വെട്ടുംകൂട്ടമനിഷ്ടമുരത്താൽ;
പണമുള്ളവനെപ്പാട്ടിൽവരുത്തി
ഗുണദോഷങ്ങൾപറഞ്ഞുപതുക്കെ
പണമെപ്പേരുംകൈക്കലുമാക്കും
ക്ഷണമവനെത്തൻവീട്ടിലുമാക്കും;
അമ്മാവൻകൃഷികൊണ്ടുനടന്നാ-
നുമ്മാനില്ലെന്നറിയുന്നീലാ
നമ്മുടെകാലത്തിനുംപിന്നെ
ജന്മാന്തരമായ്ചെല്ലുന്നീല;
ഇപ്പോൾനമ്മുടെകണ്ടമെടുപ്പാൻ
കല്പനവന്നെന്നൊരുവഴികേട്ടു
കല്പനപറയുന്നാൾക്കൊരുകാശുകൊ-
ടുപ്പാനിങ്ങൊരുവകയില്ലിപ്പോൾ,
പണ്ടുപ്രവൃത്തിനടത്തിയപരിഷകൾ
ഉണ്ടെന്നാലിതുവരികില്ലറിയ!
കണ്ടച്ചാരുടെകണ്ടമെടുത്തു
കണ്ടനിവരവുണ്ടെന്നോർത്തു,
കണ്ടംപോയതുകൊണ്ടുനമുക്കൊരു
കഞ്ഞിതരില്ലിനിയുണ്ടാമൊരുനാൾ;
കണ്ടംപോയാലുണ്ണാകില്ലതു-
കൊണ്ടുകരഞ്ഞൊന്നുണ്ടുവിഷാദം.
കണ്ടാലറിയാംകണ്ടവർകൂട്ട-
നുണ്ടിതിനോഷണിചെണ്ടപിണപ്പാൻ
ചണ്ടികൾപലരുമുരുണ്ടുകരേറി-
ക്കൊണ്ടുമരിക്കന്നുണ്ടിഹനാട്ടിൽ"
ഇങ്ങിനെപലപലവാക്കുകൾചൊല്ലി-
ച്ചങ്ങിനെവന്നിടകൂടിഭടന്മാർ
തിങ്ങിനപടയുടെസംഖ്യഗണിപ്പാ-
നെങ്ങിനെകാലമതിയാകുന്നു!
തോക്കുള്ളവർപുനരവരൊക്കെച്ചെന്നുവെ-
ടിക്കോട്ടയ്ക്കൽപാർക്കണമുടനേ
ആക്കംപൂണ്ടുവെടിക്കുതകന്നാകെ-
ടുക്കുന്നുണ്ടുതിട്ടക്കുമതൊക്കും;
തിക്കംവലിയതിരക്കംപലപല
വാക്കംചിലരുടെമുഷ്ക്കുംചുട്ടമിഴി-
നോക്കംചിരവാട്ടുവാദ്യംവികൃതിക-
ളാക്കുംപറവതിനാക്കംപോരാ;
ഇത്തരമൊരുമിച്ചഘോഷംപലവിധ-
മെത്രയുമത്ഭുതമെന്തൊരുചൊല്ലാം;
ഹസ്തിരഥാദികൾവസ്തുസമസ്തം
ഹസ്തിനപുരമതിലെത്തിനിറഞ്ഞു
നായന്മാർക്കിലവച്ചുതുടങ്ങി,
ആയതുപറവാനവസരമില്ലാ
ആയിരമായിരമോരോകൊട്ടിലി-
ലായുധപാണികളിലവെപ്പിപ്പാൻ
പന്തിനിരത്തിയിരുത്തുവതിന്നായ്
മന്ത്രികൾപലരുംകൂടിയിറങ്ങി
ഉന്തിയലച്ചുപിടിച്ചുവലിച്ചൊരു
പന്തിപരാക്രമമൊക്കെയെടുത്തു.
പാലുകുടിച്ചുതടിച്ചജനത്തിനു
നാലുപടംവെയ്ക്കുമ്പോൾവിയർക്കും
വെയിലുംകാറ്റുംകൊള്ളാതുള്ളവർ
പോലുമിതിന്നുക്രമിച്ചചോറ്റും;
ഇലവച്ചങ്ങുനിരന്നുതുടങ്ങി
വലിയരിവെച്ചുവെളുത്തൊരുചോറും,
പലപലകറിയുംപഴവുംനെയ്യും
നലമൊടുവളരെവിളമ്പീടുന്നു;
വട്ടങ്ങൾക്കരചേർത്തുകലക്കി
പട്ടംകൂട്ടിനതേങ്ങാപ്പാലും
ഒട്ടല്ലണിനുവട്ടംപലവിധ-
മിഷ്ടമറിഞ്ഞുകൊടുത്തീടുന്നു.

കടെപ്പഴയ്ക്കാക്കറിയുണ്ടൊരുവക
ഭോജനമതുകൂടാതില്ലാ;
പടിപൊട്ടഭക്ഷണമങ്ങുപിരിഞ്ഞഥ
പടഹമടിച്ചുവിളിച്ചൊരുമിച്ചു
ധരാപതിസുതനാം ദുര്യോധനനഥ
തത്സോദരനുടെസഹജന്മാരെ
പേരുചൊല്ലിച്ചെന്നുവിളിപ്പിച്ചപ്പോൾ
നേരത്തെരെയവരുംവരവുതുടങ്ങി;
ദുശ്ശാസനനും,ദുർദ്ധർഷണനും,
ദുഷ്പ്രധരനും, ദുർമ്മർഷണനും,
ദുർമ്മുഖനും, ദുഷ്കർണ്ണനുമഥദു–
ർമ്മദാവുംദുഷ്പ്രസഹൻതാനും;
ദുർമ്മതിയുംജലസന്ധൻകുണ്ഡൻ
ദുഷ്പ്രധർഷിയുമഥദുർബോധകനും
ചിത്രൻവികടൻചിത്രരഥൻതാൻ
ചിത്രധ്വജനുംകനകധ്വജനും
ചിത്രശരാസനചിത്രകനുംസുവി–
ചിത്രൻപിന്നെചിത്രാംഗദനും
നന്ദൻപുനരുപനന്ദൻപിന്നെ
കുണ്ഡോദരനുംദൃഢവർമ്മാവും
കുണ്ഡധരൻപിന്നെമഹാകുണ്ഡധരൻതാൻ
കുണ്ഡവിഭേദിയുമപരാജിതനും
ദീർഘഭുജൻതാൻദീർഘധ്വജനും
ദീർഘൻദീർഘരഥൻദീർഘാക്ഷൻ
ദീർഘരന്ധ്രനുംവ്യൂഢോരസ്കൻ
ദീർഘായുസ്സുംബഹ്വാശനനും
ഭീമരഥൻദൃഢഹസ്തൻഭീമൻ
ഭീമപരാക്രമനഭയൻതാനും
എന്നുതുടങ്ങീട്ടുള്ളനുജന്മാർ
തൊണ്ണൂറ്റൊൻപതുപേരുംവന്നാർ
വിരവൊടുഭോജനമങ്ങുകഴിച്ചവർ
പരിചൊടുകോപ്പുകളിട്ടുതുടങ്ങി
പരിമളമേറിനകളഭമെഴുക്കി
പുരികുഴൽമാലകൾകൊണ്ടുമുറുക്കി
പെരുകിനകുറിതിലകങ്ങളൊരുക്കി
ഘനമൊട്ടുതലമുടിചിക്കിമിനുക്കി
തരിവള,പിരിവള,കാഞ്ചി,പതക്കം
വിരുതുകൾപലവകവിരൽമോതിരവും,
ഹാരമണി,കടമണി,തുടർമണി,കങ്കണ–
മരഞ്ഞാണം,ചിലതോൾപ്പൂട്ടുകളും,
മകുടം,കടകം,മണികുണ്ഡലവും
വികടകിരീടം,വിദ്രുമഹാരം,
വികസിതസുരഭിലമലർമാലകളും
സകലമണിഞ്ഞുതെളിഞ്ഞുനടന്നാർ
പട്ടുകൾപലതുംകെട്ടിയുടുത്തു–
ട്ടെട്ടുമുളംചിലചേലകൾചുറ്റി
പട്ടുറുമാലുംതലയിൽകെട്ടി
തട്ടുപുഴുകുമഥനാടൻപുഴുകും
തൊട്ടുമുഖത്തിനുഭംഗിവരുത്തി
ചട്ടംപലവകകൂട്ടിത്തരസാ
പെട്ടികൾപെട്ടകമെന്നിവപലതിൽ
ചട്ടറ്റിടിനകനകപ്പൊടികളു–
മിട്ടുനിറച്ചതുകെട്ടിയെടുപ്പി–
ച്ചെട്ടുദിഗന്തംപൊട്ടുംപടിപല
കൊട്ടുംവെടിയുംതട്ടിമുഴക്കി
ത്തട്ടിനടത്തിനടന്നുതുടങ്ങി.

ഉച്ചത്തിലുള്ളഘോഷംമെച്ചത്തിൽകേട്ടനേരം
അച്ചിമാരൊക്കെക്കൂടികാഴ്ചയ്ക്കുപുറപ്പെട്ടു
"നിച്ചിരിയത്തിനിന്റെകൊച്ചിനെഎവിടത്തി–[ൽ
വച്ചേച്ചുപുറപ്പെട്ടുകാഴ്ചയ്ക്കുതാനേതന്നെ
അച്ചനുചെവിവെടിവച്ചാലുംകേട്ടുകൂടാ
ഉച്ചയ്ക്കുപോലുംകീഴ്‌വെച്ചാൽകണ്ണുകാണാ
കൊച്ചിനെന്നാരാകേറിക്കടിച്ചെങ്കിലിമുതുക്ക–
നൊച്ചപോലുംകേൾക്കില്ലെന്നച്ചിമാരുടെഘോ–[ഷം.
എന്തൊരുപുറപ്പാടെന്നോതാനുംബോധിച്ചേതെ
എന്തൊന്റെചേട്ടത്തീഞാനേതുമേബോധിച്ചീല
ഇപ്പോൾതിരുമാടംപുറപ്പാടെന്നെന്റെപക്ഷം
ഇപ്പോളല്ലതുപണ്ടുകെല്പോട്ടുകഴിഞ്ഞല്ലോ
മൂപ്പുവാഴ്ചയ്ക്കുള്ളൊരുകോപ്പുകൾകൂട്ടുകയോ
മൂപ്പുമൂത്തൊരാക്കുറ്റിരിപ്പോണ്ടുമരിച്ചില്ലാ;
എങ്കിൽപടയ്ക്കുള്ളൊരുസന്നാഹമെന്നുവരും
ശങ്കയില്ലെനിക്കതുസംഗതിയിപ്പോളില്ലാ
ബാണങ്ങൾപടക്കങ്ങൾചെണ്ണാമ്പുകുറ്റികൾ
ഏണാക്ഷിമാരുംചിലവീണക്കാർപാട്ടുകാരും
വേണമോപടയ്ക്കായിപ്പോണെങ്കിലെന്റെ–[ത്തേജി
കാണാനെമുക്കുവെക്കംപോണംപുറപ്പെട്ടാലും.

അങ്ങേക്കൂറ്റുള്ളച്ചികളെല്ലാം
അങ്ങുനടന്നിതുകാഴ്ചകൾകാണ്മാൻ
നിങ്ങൾചമഞ്ഞുംചന്തംനോക്കിയു–
മിങ്ങനെതന്നിതുചിരികേയുള്ളു
ഘോഷമതെല്ലാംപിരിയുന്നേരം
ഭോഷികളവിടെച്ചെന്നിഹചാട്ടം
ഭാഷിപ്പാൻപിരുതുള്ളജനത്തിനു
ശേഷിയതാമൊരുകൂട്ടമശേഷം;
ചിററമ്മയ്ക്കിതുപത്തുപിറന്നു
മറെറാരുപൂതരമില്ലെൻവീട്ടിൽ
പെറെറന്നാകിലൊരാമലിയതാസ്സുരു–
മീററില്ലത്തിലിരുന്നോപോവ്വു"
മറെറാരുനാരിപറഞ്ഞാളപ്പോൾ
മറെറാരുചിന്തനമുക്കില്ലേതും.
"മറെറാരുപുരുഷൻവീട്ടിൽവരുമ്പോൾ
ഏററംനമ്മുടെനായർകലമ്പും
കററംപാർപ്പതുമൊന്നുണ്ടാക്കി
കൊററുമുടക്കാൻമടിയില്ലവനും
പെററമ്മയ്ക്കിട്ടടിക്കൂട്ടുന്നവർ
മററുള്ളവരൊടുനേരാസ്പുരുമമോ?
മുള്ളില്ലാതൊരുവാക്കില്ലങ്ങേ–
ള്ളിൽക്കുറെന്നുള്ളതുമില്ലാ;
ഉള്ളൊരുനെല്ലുംപണവുംപാടേ

കള്ളുകുടിച്ചുകുടിച്ചുമുടിച്ചു
കഞ്ഞികുടിപ്പാനില്ലാഞ്ഞെന്നുടെ
കുഞ്ഞുകളേറുനടക്കാതായി
ഇങ്ങനെതലയിലെഴുത്തെന്നാകില-
തൊന്നെന്നാനതൊഴിച്ചീടേണ്ടു”
അതുകേട്ടപ്പോളൊരച്ചിപറഞ്ഞാൾ
“ഇതുകേട്ടാലുംകൊച്ചുനിയത്തി
അതിയായിട്ടൊരുവീട്ടുപുലത്താൻ
മതിയായിട്ടൊരുനായരെനിത്താൻ
അമ്മയ്ക്കാഗ്രഹമുണ്ടായപ്പോൾ
അമ്മാവിക്കതുസമ്മതമല്ലാ
അമ്മാവന്റെമനസ്സുമറിപ്പാൻ
അമ്മാംപാപ്പിക്കെത്രവിശേഷം
വല്ലാതൊരുഭോഷച്ചാർനമ്മെ
ഇല്ലത്തേക്കുംകൊണ്ടുതിരിച്ചാൻ
നെല്ലുകൊടുത്തുകുരുപ്പുംതിന്നൊരു
കല്ലുകണക്കിനുകുത്തിയിരിക്കും
കണ്ണുരുളാകെന്നുള്ളതുമില്ലി-
പ്പെണ്ണുങ്ങൾക്കൊരുബോധവുമില്ലാ
കിണ്ണംകിണ്ടിമുരിത്ത്യാലികളിലെം-
രെണ്ണംകൊണ്ടികാണ്മാനില്ലാതായ്;
അരിയുംകറിയുംവച്ചുകൊടുപ്പാൻ
അരുതാതായിനമുക്കുംപിന്നെ
ഒരുസുഖമെന്നതുഞാനറിയുന്നി-
ല്ലൊരുകൂറാരുമിനിക്കില്ലിപ്പോൾ
അങ്ങനെകൂറുള്ളച്ചികളില്ലാ-
മിങ്ങോട്ടേക്കവിരോധംതന്നെ
ഉരിയരിപോലുംചോദിച്ചാലവർ
തരികില്ലെന്നല്ലാനകളിക്കും
തിരിയാതെവന്നൊട്ടുഞാനുമൊരക്ഷര-
മുരിയാടാറില്ലെന്തിനുപാഴിൽ
പരിഹാസത്തിനുവകയില്ലാഞ്ഞവർ
പെരുവഴിനോക്കിയിരുന്നീടുന്നു”
ഇങ്ങനെയോരോവാക്കുപറഞ്ഞുട-
നംഗനമാരുംവന്നുനിറഞ്ഞു
അങ്ങാടികളിലുമാൽത്തറമേലും
ഭംഗ്യാനിന്നിതുഘോഷംകാണ്മാൻ.

കുരുപതിതാനുമനുജന്മാരും
പെരുകിനപടകളുമിളകിമെല്ലെ
പെരുവഴിതിങ്ങിവിങ്ങിനടന്നീടുന്നു
തുടിപറകിടുമുടിപടഹങ്ങളും
പൊട്ടപ്പൊട്ടെവെടികളുമുടയോടേ
ഇടിപൊടിതകൃതമൊരാരവുടനെ
വടിവൊടുനന്നിതുപടകളെല്ലാം
കടലൊടെവടിവൊരുകലശലഹോ
പടലുടനടവികളിടിഞ്ഞുടനേ
പൊടിയുടെപടലവുമുലകിലെല്ലാം
പടുതരമുയരുന്നുപലവഴിയിൽ
കടതഴകൊടികളുമിടകലരും
ഭടജനപടകടനടനവിധൌ
തടമുലതടവിനതരുണികളും
മട്ടമലർമലരവൽചൊരിഞ്ഞീടുന്നു.
അനവധികുതിരകളതിനിടയിൽ
ഘനരുചികരികളുമളവില്ലതും
ധനജനവിഭവങ്ങളിവണ്ണംകണ്ടാൽ
ധനപതിഭയപ്പെട്ടങ്ങൊളിച്ചുമണ്ടും.

കനകമണിഞ്ഞൊരുകരിവരകമ്പേ
കനിവൊടുകേറിയിരുന്നാൻകുരുപതി
പനിമതിസമമൊരുവെള്ളക്കുടയും
കനകാഞ്ചിതമാംവെൺചാമരവും
അനവധിതഴയുംമുത്തുക്കുടയും
ധനവിഭവങ്ങളനേകമനേകം
അനുജന്മാരുടെമോടിയുമെന്നിവ
മനുജന്മാർക്കുമനോഹരമെല്ലാം
ആട്ടകയുംചിലർപാട്ടുകയുംചില-
രോട്ടുകയുംചിലർചാട്ടുകയുംചിലർ
വാട്ടുകയുംചിലർതേട്ടുകയുംചിലർ
ചോട്ടുകൾവെച്ചിടക്കൂട്ടുകയുംചിലർ
വീട്ടുകളുംപലനാട്ടുകളുംപല-
തോട്ടുകളുംപലകോട്ടുകളുംപല—
കാട്ടുകളുംപലമാട്ടുകളുംമല-
മൂട്ടുകളുംമലർവാടികളുംപല
മേട്ടുകളുംപലവേട്ടുകളുംപല
പാടവമോട്ടുകടന്നുകടന്നവ-
രാടലകന്നുതകൃത്തുതിമിർത്തുമ-
ഹാടവിപുക്കഗമിക്കുന്നേരം
ബന്ധൂകദ്യുതിബന്ധുരമാകിന
സന്ധ്യാസമയംവന്നിടകൂടി
അന്ധതമാകിനതിമിരംവന്നനു-
ബന്ധിച്ചടവിതടങ്ങൾനിറഞ്ഞു
ഗന്ധർവന്മാർക്കുള്ളൊരുസമയം
ചന്തമൊടവിടെസ്സംഗതമായി
ഗന്ധർവന്മാരതിസുഖമോടെ
പന്തണിമുലമാരോടിടകൂടി
കാന്താരത്തിലിറങ്ങിക്കനിവൊടു
ചെന്താമരമലർവാപികൾതോറും
സന്തോഷേണജലക്രീഡാദിനി-
തന്തോന്മാദമിയന്നാദരവായം
കുന്തീതനയന്മാരുവീടിന
കാന്താരാന്തികഭൂമൌചെന്നാർ
ഗാന്ധാരീതനയന്മാർപടയും
ഗാന്ധാരേശ്വരനംഗാധിപനും
വഞ്ചനശീലനതാകിനകുരുപതി
പുഞ്ചിരിപൂണ്ടുപറഞ്ഞാനുടനെ—
“നെഞ്ചിൽനമുക്കൊരുപായംതോന്നി
കിഞ്ചിൽഗുണമതിനുണ്ടാമിപ്പോൾ
നാഞ്ചുകലക്കണമിവിടത്തിൽപല
വഞ്ചോലകളിലെവാരിയിലെല്ലാം
ചഞ്ചലമിന്നിഹപാണ്ഡുസുതന്മാ-
രഞ്ജുജനങ്ങളുമതികുടിലന്മാർ
പാഞ്ചാലിയുമുടനമ്പുകുടിച്ചിഹ
പഞ്ചതയെപ്രാപിച്ചീടേണം;

നാശകലക്കവി”നെന്നിവണ്ണം
പഞ്ചമഹാപാപിപറഞ്ഞപ്പോൾ
പാപികളെന്തവകരാജഭടന്മാർ
പാപികൾതന്നിൽമരുന്നുകലക്കി
കോപികളായവർ കാട്ടിയതെല്ലാം
പാപത്തിന്നൊരു വഴിയായ്‌വരുമേ.
വൃത്രനെക്കൊന്നവന്റെ മിത്രമായുള്ളവൻ
ചിത്രസേനഗന്ധർവൻ യാത്രയിലങ്ങിറങ്ങി
രാത്രിയിൽ തന്റെ ചാരുഗാത്രിമാരോടു കൂടി
തത്ര ചെന്നൊരു ശരത് പത്രിണീതോയംതന്നിൽ
ചിത്രമാം കേളികൾക്കു പാത്രമായവനപ്പോൾ
മാത്രാധികാനന്ദവിചിത്രം വിഹരിക്കുമ്പോൾ
വെള്ളപ്പളുങ്കിനൊത്ത വെള്ളത്തിൽ നഞ്ചിട്ടുവാ-
നുള്ളൊരുത്സുകം കൊണ്ടു തള്ളിവരുന്ന ചില
കള്ളന്മാരെക്കണ്ടപ്പോളുള്ളംകയർത്തുബല-
മുള്ള ചിത്രസേനൻതാൻ വെള്ളത്തിൽനിന്നുകേറി
“കള്ളക്കടിലന്മാരേ! കൊള്ളാമിക്കൂട്ടത്തനി-
ലുള്ളമുനികളുടെ വെള്ളത്തിൽനഞ്ചിട്ടുവാ-
നുള്ളൊരുത്സാഹമിപ്പോൾ
കള്ളുകുടിച്ചുവന്നുള്ളൊരടിക്കുംനിങ്ങൾ
തുള്ളുന്നതെല്ലാമിത്രേയുള്ളു എന്നിങ്ങുരച്ചു
കൊള്ളും പ്രഹരമതിനുള്ളവഴികൾ വീണ
കൊള്ളിവാക്കുകൾ കൊണ്ടു തുള്ളിക്കുന്നുണ്ടു പിന്നെ
കൊള്ളിക്കുന്നുണ്ടു ചൊണ്ണം കൊള്ളിക്കും ബഹുമാന-
മെള്ളോളമില്ലെന്നോർപ്പിൻ!
കുരുകുലമൂഢന്മാരേ നിങ്ങടെ
പാരാർത്ഥം ഞാനഖിലമറിഞ്ഞേൻ
തരമില്ലിങ്ങിനെ ചതിയുംകൊതിയും
തരസാമമതിലേറെമുഴുത്താൽ
കൗരവകുലമതിലഴകേറീടിന
വീരന്മാരാം പാർത്ഥന്മാരോടു
വൈരം മനസ്സിൽ മുഴുത്തതിനാൽ നിങ്ങൾ
പൌരുഷമവരെക്കാട്ടുവതിന്നായ്
പൌരന്മാരും പടയും കുടയും
പാവണപ്പടയും കൂട്ടിക്കൂട്ടി
പ്പൂരിതൊക്കെ മുഴക്കിവരുന്നതു
നേരായ് വരികില്ലധമന്മാരേ!
അഞ്ചിതമാകിന ശുദ്ധജലങ്ങളിൽ
നഞ്ചിട്ടുവാനായ് വന്നൊരു നിങ്ങടെ
നെഞ്ചകമെന്നതു കല്ലോ ശിവ ശിവ!
പഞ്ചമഹാപാതകിമാർ നിങ്ങൾ;
നേരേ നിന്നു പ്രയോഗിപ്പാനായ്
ഭീരുക്കൾക്കൊരു വൈഭവമില്ലാ,
നേരല്ലാതെ ചതിപ്പാൻ പെരുവഴി
യോരോന്നിങ്ങിനെ നോക്കി നടന്നാൽ
ദൈവക്കേടുകൾ വളരെ വരുമ്പോൾ
ആരുമൊരാശ്രയമില്ലാതാകും
നീരസമല്ലാതുള്ള പ്രയോഗം
പാരം കുറയും നിങ്ങൾക്കിപ്പോൾ
തന്നേക്കാൾബലവിക്രമമുള്ളൊരു
ധന്യന്മാരോടു ചെന്നിഹ നേർത്താൽ
ഒന്നുംതരമായ്‌വരികില്ലതുകൊ-
ണ്ടെന്നും തീരാദുഷ്കീർത്തികളും
ആണുങ്ങൾക്കു പിറന്നവരെങ്കിൽ
പ്രാണൻ കളവിൻ നമ്മുടെ നേരേ
ബാണം കൊണ്ടു സഹിക്കാഞ്ഞുടനേ
നാണംകെട്ടു നടക്കും നിങ്ങൾ
ഇക്കൂട്ടത്തിനു ചേതമില്ലെന്നൊരു
ധിക്കാരം കൊണ്ടിവിടെ വരുന്നു
വക്കാണത്തിനടുക്കുന്നേരം
കൈക്കാണം ഞാൻ വാങ്ങുകയില്ലാ
വാക്കിനുവാക്കും പാപിക്കുവമ്പും
മുഷ്ടിക്കു മുഷ്ടിയും മുള്ളിനു മുള്ളും
നോക്കിനു നോക്കും തല്ലിനു തല്ലും
ഗോഷ്ടിക്കു ഗോഷ്ടിയുമെനിക്കുണ്ടറിവിൻ
കള്ളന്മാരാം നിങ്ങളെ ഞങ്ങൾ-
ക്കൊള്ളൊരു ബഹുമാനമതില്ലാ.
ഉള്ളം താനിഹ ഭാവം കണ്ടു-
കൊള്ളുന്നേരമുൾബ്ഭയമതാകും
പുള്ളിപ്പുലിയുടെമുന്നിൽ ചെന്നിഹ
തുള്ളി നടക്കും കുറുനരിയെപ്പോൽ
കൊള്ളാം നീയിഹ കൌരവമൂഢാ!
കള്ളാ നിന്നുടെ നാശമടുത്തു”
ഇത്തരമുള്ളൊരു ദുഷ്ടിവാക്യം ബത
സത്വരമാർപ്പൊടു കേട്ടൊരു നേരം
ക്രുദ്ധനതാകിന ധൃതരാഷ്ട്രാത്മജ-
നക്ഷരമുഖരിതമാമുരത്താൻ—
“നില്ലെടമൂഢമതിമതിനിന്നുടെ
വല്ലാതുള്ളൊരു വാക്കുകളെല്ലാം
മല്ലടിച്ചു ചൊടിച്ചു പറഞ്ഞാൽ
കൊല്ലുവതിന്നൊരു സംശയമില്ലാ;
ജളനാം നിന്നുടെ കരളിലഹമ്മതി
കളവാൻ വിരവിലഹമ്മതി ഭോഷാ
വളരെപ്പറവാൻ കുറവില്ലെന്നൊരു
വെളിവുണ്ടുള്ളിൽനിനക്കു വിഫലം
പെണ്ണുങ്ങൾക്കൊരു ബഹുമാനത്തിനു
പൊണ്ണൻ പലവകജല്പിക്കുന്നു
വിണ്ണവർനാട്ടിലെ വിരുതും കൊണ്ടിഹ
വന്നു പറഞ്ഞാലിവിടെ ഫലിയാ
മന്നാട്ടിന്നൊരു വിരുതൻ വന്നിഹ
തിന്മൊട്ടിനു ഫലിപ്പിക്കുന്നതു
കുറയുമതോർത്തു പറഞ്ഞീടുക നീ
കുറവുവരുത്തിയയയ്ക്കും ഞങ്ങൾ;
സംഗതി കൂടാതുള്ളൊരു വാക്കുകൾ
നിങ്ങടെ നാട്ടിൽ തന്നേ നല്ലൂ;
ഇങ്ങനെയുള്ളൊരു നല്ല സമക്ഷ-
ത്തെങ്ങും നിങ്ങടെ വിദ്യകളൊക്കാ
പൊട്ടക്കളവുവിട്ടുതിരിച്ചാ-
ലൊട്ടല്ലൊരു ഗതിയില്ലെന്നറിക!
യക്ഷികളുടെ ഭയമില്ലകരയ്ക്കും
ചട്ടികടിക്കില്ലെന്നു പ്രസിദ്ധം
ഗന്ധർവൻ നീയെങ്കിലുമിങ്ങനെ

ബന്ധംക്രൂടാതുരചെയ്യെന്നാൽ
ബന്ധവിഹീനനതാകിനനിന്നെ
ബന്ധിച്ചീടുന്നുണ്ടിഹഞങ്ങൾ
പന്തണിമുലമാരാകിവകൾക്കൊരു
സന്താപത്തിനുസംഗതിയില്ലാ
ചന്തമിയന്നൊരുപുരുഷന്മാർപല
ബന്ധുതചെയ്യാനിവിടെയുമുണ്ടാം
അഞ്ചാറുജന്മാരുനമുക്ക-
ണ്ടഞ്ചായുധനെക്കാൾവിരുതന്മാർ
അഞ്ചാതവരൊടുക്രൂടിവസിക്കാം
കഞ്ജത്താർമിഴിമാരേ! വരുവിൻ
കണ്ടകനാമിക്കണവൻകേറി
ശണ്ഠായിടുന്നതുശങ്കിക്കേണ്ടാ
ശുണ്ഠികടിച്ചാൽഫലമില്ലവനതു
കണ്ടാലൊരുകോണിലിരിക്കേയുള്ളൂ;
നടുമിററത്തൊരുകുററിതറച്ചൊരു
നെടുപാശംകൊണ്ടതിൽമുറുക്കി
തടിയനെയതിനൊടുബന്ധിക്കുന്നു
ണ്ടുടനൊരുമൃതകരക്കുതപോലെ
വാടാനിന്നുടെവിരുതുകളെന്നൊടു
കൂടാമൂഢാ! കുടിലകശീലാ!
പാടവമോടിഹപടപൊരുതിടുക
നാടകമല്ലിതുവീരവിനോദം"
"കണ്ണാനീയിതുകേൾക്കുന്നീലേ
കർണ്ണാരുന്തുദമിവനുടെവചനം
കർണ്ണാന്ത്രസ്ഥമതാക്കുകപാപം
കീർണ്ണമതാക്കണമിവനുടെഗർവ്വം
ഘോരശരങ്ങളെടുത്തുതൊടുത്തൊരു
മാരികണക്കിനെവർഷിച്ചാലും!
വടിവൊടുഖേചരഖേടൻതന്നുട-
ലടിമുടിപൊടിയാക്കീടുകകണ്ണാ!
ദുശ്ശാസനനാംദുർമ്മുഖനാംപുന-
രിശ്ശാസനനാമമനിച്ചാലും!
പാശുതമെന്നൊരുപേക്ഷകണക്കി-
ഖ്ഖിശ്ശാനെകൊലചെയ്യേപോവൂ
നമ്മുടെനേരേവന്നൊരുക്രൂട്ടം
നിർമ്മരിയാദംജല്പിക്കുന്നൊരു
ദുർമ്മതിയാമിവനുള്ളിലിരിക്കുമ-
ഹമ്മതിയിന്നുശമിപ്പിക്കേണം
രണ്ടുശരങ്ങൾകണക്കിനുകൊണ്ടാൽ
മണ്ടുംവിരവൊടുമുതലവീരൻ
തൊണ്ടന്മാരിവർപടയെന്നുള്ളൊരു
രണ്ടക്ഷരമതുകേട്ടിട്ടില്ലാ.
ശണ്ഠായിടാനെല്ലാതൊരുവസ്തു
ചെണ്ടക്കാരവർഗ്രഹിച്ചിട്ടില്ല,
ചണ്ടികൾപറയുന്നതിനെക്രൂടെ
കൊണ്ടാടാൻചിലമൂഢരുമുണ്ടു"

"അടുക്കാവിരവൊടുതടുക്കചിലർചെന്നു
പിടിക്കശരവരമെടുക്കപരിചൊടു
കൊടുക്കയിവനുടെമിടുക്കുകൊണ്ടുതന്നെ
നടക്കമെന്നരുചി മുടക്കവതിനിന്നു
മടിക്കരുതുശതി മുടക്കിമടക്കരു-
മടക്കിയുടനെതിർപട്ടക്കാരൊരുപെരുംപടയ്ക്കുതുടരുക
പൊട്ടക്കെന്നിവനുടെമിടുക്കുപാലിക്കരുതു
നടക്കയില്ലെന്നാകിലടക്കമതുകൊണ്ടു
നടക്കമിനിക്കില്ലപടുക്കളിവരെല്ലാ-
മൊട്ടുക്കംതോററുമണ്ടും

ഇങ്ങനെയുള്ളൊരുദുർഭാഷണമവർ
തങ്ങളിലങ്ങുപറഞ്ഞൊരുശേഷം
സംഗരമാശുതുടങ്ങിപ്രകടശ-
രങ്ങൾചൊരിഞ്ഞുമറഞ്ഞിതുഗഗനം;
ചാലേറീടിനഭഗവാൻനിജ
വില്ലുവലിച്ചുപൊഴിക്കിടചേർത്തു
നല്ലശരങ്ങളുതിർത്തുതുടങ്ങി
നല്ലൊരുസാമർത്ഥ്യംതാനേവേണ്ടൂ;
ഊററക്കാരവർക്രൂരാമുവരെല്ലാം
ഏറാംചാടിയടുത്തുതുടങ്ങി;
കററുകതട്ടിക്കേപാറീടുമൊ-
രാററിലെവെള്ളത്തിരകൾകണക്കെ
കേററംപാരംതാണുംപുന-
രേററംപേടിയുമുടനേക്രൂടി
തെററുതിരിച്ചുതുടങ്ങിപതുക്കെ
പ്പാററകൾപോലെപടങ്ങുന്നെല്ലാം
മററലർബാണഗണങ്ങളുമുടനേ-
നേറുമറിഞ്ഞുമറിഞ്ഞഥവീണു,
ഏറുതിരിച്ചൊരൊളുതല്ലാഞ്ഞവ-
രേററംഭൂമിയിൽവീണുമുരുണ്ടും
പേടികലർന്നൊരുനായന്മാര-
ങ്ങോടിച്ചെന്നവരുടെമുട്ടിൽ
ക്രൂടിക്കരിയിലകൊണ്ടുശരീരം
മൂടിയൊളിച്ചുശയിച്ചാരഥതേ.
നായന്മാരുടനോട്ടന്നേര-
ത്തായുധമെല്ലാംവഴിയിൽപോയി
ആയതുപിന്നെയുമുണ്ടാക്കീടാം
കായംകിട്ടുകിലതുബഹുലാഭം
മലയുടെഗുഹയിൽചെന്നുകടന്നാർ
ചിലരന്നേരംപ്രാണഭയത്താൽ
വലിയൊരുപുലിവന്നടിയുംകൂട്ടി
തലയുംകൊണ്ടുതിരിച്ചന്നപ്പോൾ
കലഹംതൊന്തംവരുമൊരുമാർഗ്ഗേ
വലയുംകെട്ടിക്കാട്ടാളന്മാർ
മലയിലൊളിച്ചിഹപാർക്കുന്നേരം
വലയിൽചെന്നുവലഞ്ഞാനൊരുവൻ
വലയിൽപെട്ടതുകണ്ടൊരുവേടൻ
കലയെന്നോർത്തൊരുബാണമയച്ചാൻ
തലയിൽകൊണ്ടുതറച്ചതുകണ്ടാ-
മലയൻവന്നിഹനോക്കുന്നേരം
കലയല്ലിവനൊരുവലിയൊരുതടിയൻ
മലയാളത്തിലൊരുപുരുഷനൊരുവൻ
വലയീന്നിങ്ങുവലിച്ചുപതുക്കെ
തലയീന്നമ്പുപറിച്ചാൻവേടൻ
പേടിത്തൊണ്ടൻമററൊരുമാനുഷ-

നോടിപ്പോംവഴിയറിയാതാക്കി
കാട്ടുതകരത്തൊരുവാരിക്കുഴിയിൽ
ചാടിയൊളിച്ചുകിടന്നാനപ്പോൾ;
ഉള്ളത്തിൽഭയമേറുകമൂലം
വെള്ളത്തിൽചിലർചാടിയൊളിച്ചു,
വള്ളിക്കെട്ടുകൾതോറുംചെന്നതി—
നുള്ളിൽപൂക്കിതുപലജനമപ്പോൾ,
മണ്ണിൽപലപലകുഴിയുണ്ടാക്കി-
പ്പെണ്ണുങ്ങൾചിലരവിടെയൊളിച്ചു,
കണ്ണടച്ചുപുതച്ചുകിടന്നൊരു-
വണ്ണമുറക്കവുമങ്ങുതുടങ്ങി;
കൊമ്പുകുഴൽക്കാർചെണ്ടക്കാരരു—
മമ്പുഭയപ്പെട്ടോടിനടന്നാർ,
കൊമ്പന്മാരുടെകൊമ്പുമരത്തിൽ
കൊമ്പുതടഞ്ഞുടനമ്പതുഭിന്നം,
മട്ടമരായിലുറപ്പിച്ചീടിന
വിളചാനോട്ടകപാരംഭേസം.
മട്ടുമഞ്ഞൊരുകാട്ടിലെറിഞ്ഞി—
ട്ടിട്ടിക്കിന്നഥധാരംവതിചെയ്തു.
ഒരുഭാഗത്തെത്തോലുപിളർന്നി-
ട്ടൊരുവൻചെണ്ടയ്ക്കുകമേപുക്കാൻ,
പെരുവഴിതന്നിലുരണ്ടുതിരിച്ചാൻ
പെരുതായുള്ളൊരുചെണ്ടക്കാരൻ
ഉടുക്കംകൊട്ടിക്കൊണ്ടുനടക്കുന്നമേള[ക്കാരൻ
ഉടുക്കംമുണ്ടുംകളഞ്ഞുമിടുക്കംഭാവിച്ചുമണ്ടി
തിടുക്കംപൂണ്ടൊരുവീട്ടിലൊളിച്ചാൻഭാവിക്ക-[ന്നേരം
കടുത്തനായർതാൻവന്നാതടുത്താനത്രയുമല്ലാ;
മുടിക്കുപിടിച്ചുനാലഞ്ചടിക്കുന്നഘോഷംകേട്ടു
പെട്ടുകൊണ്ടുകാട്ടിലുക്കുകിടക്കുന്നനായന്മാർവ-
ന്നട്ടക്കുന്നകോലാഹലംകൂട്ടുന്നതുണ്ടൊരുദിക്കിൽ
പടയ്ക്കുതോറ്റുമണ്ടുന്നഭടന്മാർവന്നുകേറുമ്പോൾ
പടിക്കൽകാവലുംവച്ചുകടപ്പാനെളുതല്ലെന്നും
വനത്തിൽനിന്നോടിവന്നജനത്തിന്റെഭാവം-[കണ്ടു
മനസ്സിൽനിന്ദിക്കുംനാരീജനത്തിന്റെവാക്കു-[ണ്ടായി
വമ്പന്മാരായമീശക്കൊമ്പന്മാരെല്ലാമോരോ
വമ്പുംപറഞ്ഞുവില്ലുമമ്പുമെടുത്തുംകൊണ്ടു
തമ്പുരാന്മാക്കുതിരുമുമ്പിലകമ്പടിക്കാ-
ക്കിമ്പംകലർന്നുചെന്നുവമ്പിച്ചകാനനത്തിൽ
ഗന്ധർവന്മാരെപ്പേടിച്ചന്ധന്മാരായനിങ്ങ-
ളെന്തിപ്പോളോടിപ്പോരാൻബന്ധമെൻഭോഷ-[ന്മാരേ!
ചന്തംപെരിയതൊങ്ങൽക്കുന്തംകളഞ്ഞുവീണു
മന്ത്രങ്ങളുംതകർന്നാഎന്തൊരുസാഹസങ്ങൾ
തോല്ക്കുന്നകൂട്ടംനിങ്ങൾതോക്കുംകളഞ്ഞുപോന്നാ-
ത്തോക്കെടുത്തതല്ലിതേക്കുമ്പോൾചിരിയാകും
നേക്കംമാറ്റാരൊട്ടുപോരേച്ചുന്നനേരംപല
ചാക്കുംമുറിവുംപുനരക്കുംവരാത്തതല്ലാ;
ചാട്ടംപിഴച്ചുകപിക്കൂട്ടംകണക്കേനിങ്ങൾ
കൂട്ടംപിരിഞ്ഞുപാരംകോട്ടംപിണഞ്ഞമൂലം
ഓട്ടംതുടങ്ങിയതുവാട്ടംവരുവാൻതന്നെ
കേട്ടാലുടനേതന്നെനാട്ടാർപരിഹസിക്കും;
കാട്ടിൽനിന്നോടിപ്പോന്നുവീട്ടിലൊളിക്കയെ-
ക്കാട്ടിൽമരിക്കനല്ലു കേട്ടീലേനായന്മാരേ
ഗോഷ്ഠികൾപതിന്നാലുനാട്ടിലുംകേൾക്കുമല്ലോ!
കാട്ടിയകർമ്മമേതുംപാട്ടിലായതുമില്ലാ
പെണ്ണുങ്ങളുടെവാക്കീവണ്ണംകേൾക്കുന്നചില
പൊണ്ണന്മാർവീടുകളിൽകണ്ണടച്ചിരുന്നാർ;
കർണ്ണൻദുര്യോധനൻവികർണ്ണൻദുശ്ശാസനനും
കണ്ണുംചുവത്തിച്ചാപദണ്ഡംകുലച്ചുംകൊണ്ടു
ചണ്ഡമായുള്ളശരഷണ്ഡമുതിർത്തുംകൊണ്ടു
തത്രവന്നടുക്കുന്നചിത്രസേനന്റെകൂട്ട-
മെത്രവളരെയുണ്ടുമിത്രന്മാരവരോടു
യുദ്ധംതുടങ്ങിയവരിത്ഥംപറഞ്ഞീടുന്നു
ക്രുദ്ധന്മാരായകുരുവൃദ്ധന്റെനന്ദനന്മാർ"

"ഗന്ധർവന്മാരാകിനനിങ്ങടെ
ഗന്ധംപോലുംനാറസ്ഥിയതാമൊരു
ബന്ധംകൂടാതിങ്ങിനെനേർപ്പാ-
നെന്തൊരുകാരണമധമന്മാരേ!
അംബരചാരികളാകിനനിങ്ങടെ
ഡംബരമിന്നുശമിക്കുമശേഷം
സംഗരമിവിടെച്ചെയ്‌വതിനുള്ളൊരു
സംഗതിവന്നിതുനന്നിതുകാലം
അംഗമഹീപതികർണ്ണൻഞാനതു
നിങ്ങളറിഞ്ഞീലെങ്കിലറിവിൻ!
അംഗങ്ങളിലുടനമ്പുകൾകൊണ്ടിഹ
ഭംഗംവരുമളവറിയാമെല്ലാം;
നിങ്ങടെവീരതകളൊന്നുമിദാനീം
ഞങ്ങടെനേരെചലിക്കയുമില്ലാ;
കുരുകുലതിലകൻദുര്യോധനനൃപ-
നരികുലശലഭദവാനലസമൻ
കരബലശാലികളനുജന്മാരും
പരബലമാശുതകർക്കുമശേഷം".

ശ്ലോകം.

കുംഭീന്ദ്രപ്രൌഢകുംഭസ്ഥലദലനകലാ
ചണ്ഡദോർദ്ദണ്ഡസാരാൻ
ഗംഭീരാരാവഘോരാൻകിമുശശനികര
സ്സംഹരേത്സിംഹവീരാൻ
കിംഭോ!ഗന്ധർവ്വവൃന്ദംസകലമപിസമം
സംഗതംസംഗരാന്തേ
ഡംഭോപേതംവിജേതുംപ്രഭവതിവിമതോൽ
കർത്തനാൻധാർത്തരാഷ്ട്രാൻ.

ശ്ലോകംകൊണ്ടുപറഞ്ഞതറിവാൻ
ആകുലമെങ്കിൽപൊരുളതുചൊല്ലാം
ലോകരശേഷംബോധിക്കേണം
ലൌകികമിതുകഥനംചെയ്യുന്നു
ആനത്തലവന്മാരുടെമസ്തക-
മാശുപിളർന്നുകിളർന്നൊരുരുധിരം
പാനംചെയ്തുമദിച്ചുനടക്കും

പൌരുഷമതാകിനസിംഹകുലത്തെ
ത്താനേചെന്നൊരുകൂട്ടംമുയലുകൾ
ബാധിച്ചാശുവധിപ്പാൻമതിയോ;
അതുപോലെബഹുഗന്ധർവ്വന്മാ-
രതുലപരാക്രമശാലികളാകും
ധൃതരാഷ്ട്രാത്മജരോടമർചെയ്വാൻ
മതിയാമോബതശിവശിവ!മോഹം
കൂടലർകുലബലമറുതിപെടുക്കും
കൂട്ടംകുരുകുലമെന്നുധരിപ്പിൻ!
ആടലശേഷമകന്നുപരിഷ്കൃതി-
പാടവമേറിനകണ്ണാളികളൊടു
കൂടാനിങ്ങടെനിഷ്കൃതികളെന്നും
പാടാവേചരമൂഢാ!രണഭുവി
പാടാണ്ടങ്ങളിലൊരുവൻപോരും
പ്രൌഢാഹംകൃതിഹുംകൃതിയാലതി
മൂഢന്മാരുടെവൻകീർത്തിവള്ളം
ഗൂഢമതല്ലിഹപൊരുളതുകിഞ്ചിൽ”.
മിത്രനന്ദനസുയോധനവൃന്ദം
ത്രപവന്നുനടുത്തശായം
ചിത്രസേനനഘസേനകളോട-
ണ്ടൊത്തുകൂടിയവരോട്ടുരചെയ്വാൻ:—
“നില്ലുനില്ലെടസുയോധന!കണ്ണാ!
നിങ്ങൾചൊന്നമൊഴിനിന്ദിതമെല്ലാം
ചില്ലെടുത്തുവിളയാടിനഞങ്ങൾ-
ക്കില്ലതെല്ലുമൊരുവാട്ടമിദാനീം
കൂത്തുമൂത്തശരവാരികളെല്ലാം
വെച്ചുപേർത്തുടനെതിർത്തുതുടങ്ങാൽ
ചീർത്തമൂർത്തികളിലാശുസമസ്തം
കോർത്തുകോർത്തുശകലീകൃതമാകും;
ധാർത്തരാഷ്ട്ര!കുടിലാശയ!നിന്റെ
ധൂർത്തുകൊണ്ടുഫലമില്ലെട!മൂഢ!
ഓർത്തുകൊൾകമമബാഹുബലംനീ
നേർത്തുവന്നതതിസാഹസമല്ലോ;
ഊർദ്ധ്വചാരിവരരോടമർചെയ്വാ-
നൂർദ്ധ്വമാമവനിചാരികളെല്ലാം
മൂർദ്ധഭാഗമതിലമ്പുകളേറ്റി-
ട്ടൂർദ്ധ്വലോകഗതിവന്നുഭവിക്കും;
കാട്ടിൽവന്നുനിജപൌരുഷഭാവം
കാട്ടുവാനിഹതുടർന്നൊരുകള്ള-
ക്കൂട്ടമിങ്ങനെതിമിർത്തുമൂലം
കോട്ടമിന്നുവരുവാൻവഴികൂട്ടി;
നൂറുപേരുമിഹനിങ്ങളശേഷം
കൂറുകാരുമുടനൻപൊടുപോരിൽ
തോറ്റുപോംഝടിതിയത്രയുമല്ലാ
കാറ്റുപോലെദ്രുതമാശുപറക്കും
അക്ഷികഴിച്ചുതിമിർത്തുനടക്കും
യക്ഷികളൊരുവകകൂർച്ചിനയന്മാർ
രക്ഷിവരാനൊരുവഴിയുംനോക്കി
കക്ഷിച്ചങ്ങനെപടയുംകൂട്ടി
കെട്ടിച്ചുറ്റിയണിഞ്ഞുതെളിഞ്ഞിഹ
കൊട്ടിഘോഷിച്ചാർത്തുവിളിച്ചും,
പെട്ടികളുംചിലപെട്ടകവുംപല-
ചട്ടമതിങ്ങനെവട്ടംകൂട്ടി
ചെട്ടികളുംചിലകുട്ടികളുംകോ-
മട്ടികളുംപലപട്ടന്മാരും
നാട്ടിലിരിക്കുംപ്രജകളെയെല്ലാം
കൂട്ടിസപരിച്ചെന്തൊരുകാര്യം?
കാട്ടിൽവരാനിഹകുടിലന്മാരേ!
കാട്ടിയവിരുതുകളൊക്കെയബദ്ധം
കാട്ടിലിരിക്കുംപാർത്ഥന്മാരെ-
ക്കാട്ടീട്ടുവതിനിങ്ങനെനിങ്ങടെ
ഗോഷ്ഠികളോർത്താൽചിരിയാകുന്നു;
ഗോഷ്ഠവിലോകനമെന്നൊരുകപടം
പുഷ്ടിനടിക്കുംനിങ്ങളെയിപ്പോൾ
പട്ടിക്കുംബഹുമാനംനാസ്തി;
കൊട്ടിക്കൊണ്ടിഹവരുവാനിങ്ങനെ
സൃഷ്ടിച്ചാനൊരുകുസൃതിക്കാരൻ
രാഷ്ട്രവിനാശത്തിന്നുടനേധൃത-
രാഷ്ട്രസുതന്മാർനിങ്ങൾപിറന്നു
നാട്ടിന്നാശംനിങ്ങടെമൂലം
നാണക്കേടിതുനല്ലൊരുമാർഗ്ഗം
പടയുംനിങ്ങടെപടവികളുംപല-
കുടയുംകൊടിയുംതഴചാമരവും
പടഹത്തുടിപറകൊമ്പുംകുഴലും
പടുതരഘോഷമശേഷവുമിപ്പോൾ
ഝടിതിനശിച്ചിതുജളരേ!നിങ്ങടെ
തടിമാത്രംശേഷിച്ചിതുസമരേ;
തടിയന്മാരേ!പടപൊരുതീട്ടക
കുടിലന്മാരേ!മൂഢന്മാരേ!
മടിയന്മാരുടെമലവുംമതവും
പടതുടരുമ്പോൾതീരുമതറിവിൻ!
ഇത്ഥംപറഞ്ഞുകൊണ്ടുയുദ്ധംതുടങ്ങിയത്രെ
ചിത്രസേനാദികളുംധാർത്തരാഷ്ട്രാദികളും,
അസ്ത്രങ്ങളനവധിശസ്ത്രങ്ങൾപലവിധം
ചിത്രപ്രകാരമതുമാത്രംപറവാൻമേല,
വെട്ടുംതടവുംചിലമുട്ടുംമുറികൾപുന-
രൊട്ടുംകുറവില്ലാത്തകൊട്ടുംകുഴൽവിളിയും;
എട്ടുദിഗന്തങ്ങളുംപൊട്ടുംപ്രകാരംപട-
വെട്ടുംകുരുക്കളെമ്പത്തെട്ടുംമുപ്പതുംനാലു-
മെട്ടുംതളർന്നുവില്ലുമിട്ടുംകളഞ്ഞുനല്ല
പട്ടുംവെടിഞ്ഞുപുറകോട്ടുതിരിച്ചനേരം
കൂട്ടംകലമ്പിപ്പടക്കൂട്ടംപലവഴിക്കും
ഓട്ടംതുടങ്ങിപ്പലകോട്ടങ്ങൾകണ്ടുനില്ക്കും
ധീരൻചിത്രസേനൻഗഭീരൻഗന്ധർവ്വരാജ-
വീരൻനൂറുപേരുടെനേരേപറഞ്ഞിതാശു
“അരേരേ!മൂഢരേ!നിങ്ങളാരേക്കാണ്മാനോട്ടുന്നു
പോരാടുവാൻമിടുക്കപോരാത്തനിങ്ങളിപ്പോൾ
ആരുചൊല്ലിത്തങ്ങടെപൌരുഷംകാട്ടാൻവന്നു?
നില്പിൻതരിമ്പെങ്കിലുംകെല്പില്ലാത്തവർനിങ്ങൾ
ജല്പിപ്പാൻമാത്രംകൊള്ളാംഅല്പന്മാരശ്ലോകങ്ങളും
ചൊല്ലൊണ്ണുംദേവരാജൻകല്പിച്ചുവന്നുഞങ്ങൾ
സല്പഥചാരജന്റെക്കൂട്ടമെപ്പേരുമിന്നുതന്നെ

സ്വർഗ്ഗത്തിൽവന്നീടണംഭർഗ്ഗപ്പാപറയുന്നു
പട്ടുംവളയുമെല്ലാംകിട്ടുമത്രയുമല്ലാ
വീരശൃംഖലനിങ്ങൾക്കോരോന്നൊക്കെക്കപോട്ടും
പാരാതെപോന്നുകൊൾവിൻവീരാളിപ്പട്ടും—
[കിട്ടും.

ഇത്തരംമൊഴിപറഞ്ഞുസമർത്ഥൻ
ചിത്രസേനനതിവേഗമടുത്തു,
തോററുപോരുമഥയാവതിചെയ്തും
നൂററുപേരെയുമടുത്തുതടുത്തു
വാറുകൊണ്ടുടനടിച്ചുപിടിച്ചു-
കയറുകൊണ്ടുടൽവരിഞ്ഞഥകെട്ടി
തേരിലെക്കൊടിമരത്തോടുകൂടി-
ച്ചേരുമാറുപലകെട്ടുമുറുകി
ക്ഷിപ്രമംബരതലത്തിലുയർന്നാൻ
അപ്രമേയബലനാകിനദിവ്യൻ
ധാർത്തരാഷ്ട്രശതവുംപുനരപ്പോൾ
ആർത്തരായിമുറയിട്ടുതുടങ്ങി:—
"ധൂർത്തരാമരികൾഞങ്ങളെയെല്ലാം
ഒത്തടത്തിലുടനിട്ടുവരിഞ്ഞു
ഊർദ്ധ്വപഥിക്കിനിഹകൊണ്ടുതിരിച്ചു
പാർത്തുകാണ്കമമധർമ്മതനൂജ!
പാർത്ഥ!ഹാ!നകുല!ഹാ!സഹദേവ!
കാത്തുകൊൾകകനിവോടതിവേഗാൽ;
ഭീമസേന! വരികാശ്ശുതെളിവും
താമസിക്കരുതുനിങ്ങളിദാനീം
സ്ഥായിയില്ലമമസങ്കടമയ്യോ!
ധീരതാംവര!യുധിഷ്ഠിരവീര!

(ഇന്ദിശരാഗം, കണ്ടനാച്ചിതാളം)

തടിച്ചോരുഗന്ധർവ്വന്മഹാകശ്മലന്മാരടിച്ചു
പിടിച്ചുകെട്ടിക്കൊണ്ടുതിരിച്ചുശിവ!ശിവ!
ഒരുത്തൻവരുത്തുന്നൊരനർത്ഥങ്ങളാൽ
കരത്തിന്നൊരുകരുത്തുമില്ലാഞ്ഞങ്ങൾക്കനാകെത്ര—
[ംകെട്ടു
വലഞ്ഞുവശംകെട്ടുവയ്യകേവലംവലയ്ക്കുന്നു
പതിച്ചുമൃഗങ്ങളെക്കണക്കെശിവശിവ!
സഖേ!ധർമ്മജ!വീരസമീരാത്മജ!സരസപാർത്ഥ!
നകുല!സഹദേവ!വരികവിരവോടെ;
നിരാധാരമായുള്ളജനങ്ങൾക്കഹോനിങ്ങളെ—
ന്നിയേമറെറാരുജനമില്ലശരണമതുദ്ധ്രുവം
കുരുക്കൾക്കുവന്നീടുംതരക്കേടഹോകുലത്തി—
ലുള്ളജനങ്ങൾക്കൊക്കെത്താനേസമമെന്നറികെ-
ടോ!"

ഇത്തരമുള്ളൊരുമുറവിളികൊണ്ടഥ
പത്തുദിഗന്തരമൊക്കെമുഴങ്ങി
സത്വരമതുകേട്ടധികദയാനിധി
സത്വഗുണാംബുധിധർമ്മതനൂജൻ
ഗന്ധവഹാത്മജനോടുരചെയ്തു:—
"ഗന്ധർവന്മാർവന്നിഹനമ്മുടെ
ബന്ധുജനങ്ങളെയെല്ലാംവിരവോടു
ബന്ധിച്ചുംകൊണ്ടങ്ങുതിരിച്ചു
[illegible]
നന്ധതരാനൊരുകാരണമിപ്പോൾ;
അന്ധൻജനകനുമിക്കഥകേട്ടാൽ
അന്തസ്താപംകൊണ്ടുമരിക്കും;
എന്തെങ്കിലുമുടനനുജന്മാരുടെ
സന്താപങ്ങളൊഴിക്കണമിപ്പോൾ
അന്തരമില്ലതുചെയ്തീലെന്നാൽ
എന്തിനുനമ്മുടെധർമ്മവിചാരം?
ദുര്യോധനനുംദുശ്ശാസനനും
ദുഷ്കർമ്മമനവധിചെയ്തവരെങ്കിലു-
'മയ്യോ!ഞങ്ങൾവലഞ്ഞേ'ന്നിങ്ങനെ
കയ്യുംമെയ്യുംവശമല്ലാഞ്ഞവര
നമ്മെവിളിച്ചുകരഞ്ഞതുകേട്ടിഹ
ചുമ്മായിരിപ്പതുചിതമോസഹജ!
ധർമ്മംനൃപതികൾക്കാശ്രിതരക്ഷണ
കർമ്മമതല്ലോസഹജന്മാരേ;
ദുർമ്മദമിപ്പോളരുതരുതരുത-
ദുരിതംവരുമതിനനവധിമേലിൽ"
അഗ്രജവചനംകേട്ടൊരുനേരമു-
ഗ്രപരാക്രമിയാകിയഭീമൻ
അഗ്രേനിന്നുപറഞ്ഞുതുടങ്ങിസ-
മഗ്രമഹംകൃതിശാലിഗഭീരൻ;
"അടിയങ്ങൾക്കിഹനാലുജനത്തിനു-
മതുളിച്ചെയ്യൊരുകല്പനകേൾപ്പാൻ
മടിയെന്നുള്ളതുമില്ലിഹധർമ്മം
പിടിപാടില്ലാത്താളുകളല്ലോ;
കള്ളച്ചൂതുകൾകൊണ്ടുചതിച്ചോരു
കള്ളന്മാരുടെകപടമതോർത്താൽ
ഉള്ളംതന്നിലൊരല്പംകനിവേ-
ന്നുള്ളതുസംപ്രതിതോന്നുന്നീലാ;
തള്ളലുമവരുടെതുള്ളലുമൊരുവക
ഭള്ളുംപെരുകിനകള്ളവുമോർത്താൽ
കൊള്ളാമിതൊഴിൽതാനേവന്നതു
കോലാഹലമെന്നൊരുപക്ഷം;
ഗന്ധർവ്വന്മാർസരസന്മാരവർ
എന്തെന്നില്ലാത്താളുകളല്ലവർ
ബന്ധംകൂടാതുള്ളവരിവരെ-
ബ്ബന്ധിച്ചങ്ങനെകൊണ്ടുതിരിച്ചു;
പാലുകുടിച്ചുതടിച്ചൊരുകൂട്ടം
വാലില്ലാത്തകുരങ്ങച്ചന്മാർ
നാലഞ്ചല്ലൊരുനൂറുജളന്മാർ
നാട്ടുമുടിപ്പാൻവന്നുപിറന്നു
ചന്തംകാട്ടിനടക്കുന്നവരുടെ
ദന്തംതല്ലിയുതിർപ്പാൻനല്ലൊരു
ബന്ധംകണ്ടാണിങ്ങുവസിക്കും
ഗന്ധർവ്വന്മാർക്കിന്നുകണക്കിൽ
ബന്ധിപ്പാനൊരുസംഗതിവന്നതു
സന്ധിക്കാതവർവിട്ടുകയുമില്ലവ-
രെന്തെങ്കിലുമൊന്നാരംഭിച്ചാൽ
അന്തരമില്ലതുചെയ്യേനിൽപൂ
വിണ്ണവർനാട്ടിലിരിക്കുംവേശ്യ-
[illegible]

പെണ്ണുങ്ങളെചിലർകൊള്ളാമവരുടെ
പെണ്ണുങ്ങടെവിടുപണിചെയ്യിക്കാം;
കാളിപ്പെണ്ണുങ്ങളിക്കാനേരം
താളിപതയ്ക്കാനൊരുവൻകൊള്ളാം;
നീലിപ്പെണ്ണിനുനിദ്രാസമയേ
കാലിണതൈക്കാനപരൻകൊള്ളാം
ഉൎവ്വശിതന്റെപെട്ടികയെടുപ്പാൻ
ഉൎവ്വിയിലുള്ളവരിവർചിലർകൊള്ളാം;
അരുമയർമൌലിതിലോത്തമതന്നുടെ
പുരമുറ്റമടിപ്പാനൊരുവൻകൊള്ളാം,
സ്വൎഗ്ഗസ്ത്രീകടെവൃഷലികൾവേലക–
ളെടുക്കേണ്ടുന്നതിനിവരെക്കൊള്ളാം,
പച്ചിലയുള്ളൊരുപലവികളുടെ
എച്ചിലെടുപ്പാനിവർചിലർകൊള്ളാം,
ചന്ത്രക്കാരനുമെററതെറുപ്പാൻ
ചന്തക്കാരരിലൊരുവൻകൊള്ളാം,
കുട്ടിപ്പട്ടന്മാരുടെചുമടുകൾ
കെട്ടിപ്പേറാനൊരുവകകൊള്ളാം,
കല്പകവൃക്ഷംകാപ്പാനുള്ളൊരു
കല്പനകേൾപ്പാനൊരുവകകൊള്ളാം,
ആമ്പടികൂടുന്നവരുടെവീട്ടിൽ
തുമ്പക്കിളപ്പാനുംചിലർകൊള്ളാം,
ഗോക്കളെമേപ്പാനുംചിലർകൊള്ളാം,
ചാക്കളെനോക്കാനുംചിലർകൊള്ളാം,
കാക്കവരുമ്പോളവകളോടിപ്പാ–
നാക്കണമെങ്കിലതിനിവരെക്കൊള്ളാം;
ഈവകവിടുപണിചെയ്യിപ്പാനിഹ
ദേവകൾചൊല്ലാൽഗന്ധൎവ്വന്മാർ
ഇവരെക്കെട്ടിക്കൊണ്ടുതിരിപ്പാ–
നവകാശമിതെന്നറിയണതോന്നി;
മറെറാരുകാൎയ്യക്ലേശംചെയ്യാൻ
ആററിലൊരുത്തനുമില്ലിഹനൂനം;
മാററികളെപ്പുനരെന്തിനുനാമിഹ
മാററിക്കൊരുവാൻപണിചെയ്യുന്നു!
കണ്ടച്ചാരുടെമക്കളെയൊക്കെ
തെരുതെരെമന്ദഗദാകൊണ്ടടികൂട്ടി
പരിചൊടുകൊന്നുമുടിപ്പാനായി–
പ്പുലകറിയടിയൻഭാവിച്ചപ്പോൾ
അരുതരുതെന്നിഹജ്യേഷ്ഠൻനമ്മോടു
തിരുവുള്ളക്കേടായതുമൂലം
കുററംവരുമെന്നോർത്തടനടിയൻ
മുറവുമടങ്ങിപ്പാർക്കുന്നിപ്പോൾ
മറെറാരുകൂട്ടക്കാർവരമേററി–
ന്നൂറുവരേയുംകൊണ്ടുതിരിച്ചു
മാറുന്നെന്തിനുനല്ലകണക്കിലി–
ങ്ങേററമൊഴിപ്പാനെന്തവകാശം?
താനൊന്നാലുംകല്പിക്കയുമില്ലിഹ
താനേവന്നതുമൊക്കെമുടക്കും;
ജ്ഞാനികളാകിനനിങ്ങടെജ്യേ–
ഷ്ഠാനിങ്ങളെയോരമൂഢൻതീൎന്നു
ജ്യേഷ്ഠനുമനുജന്മാരുംകൂടി
കാട്ടിലിരുന്നുതപംചെയ്താലും!
ശാന്തന്മാരൊടുകൂടിയിരിപ്പതു
താന്തോന്നിക്കിഹതരമില്ലിപ്പോൾ
തടിയൻഭീമൻഞാനിനിനിങ്ങടെ
ഇടയിലിരുന്നുതരങ്ങൾകെടാതെ
വാദ്യോരുകളിക്കുംപോകയുള്ളൂ
വാച്ചൊരുപരിഭവമൊഴിയണമുടനെ
ഗദയുംകൈയ്യിലെടുത്തൊരുപൊന്നിൻ
ഉദയേകുളിയുംപുഷ്പാഞ്ജലിയും
ഉപവാസങ്ങളുമുപരിതുടൎന്നാൽ
അപവാദങ്ങൾനമുക്കുഭവിക്കും
ചേട്ടനുമനുജന്മാരുംചെന്നാ–
ച്ചണ്ടക്കാരുടെദീനമൊഴിച്ചുട–
നവരുടെദിക്കിനയയ്ക്കേ,വേണ്ടു
ഭവനേചെന്നവർകേറുംമുൻപേ
കാററിന്മകനുടനവിടെച്ചെന്നിഹ
നൂററിനെയുംപൊടിഭസ്മമതാക്കി
കാലത്തിങ്ങുവരുന്നുണ്ടവരെ
കാലപുരത്തിൽചെന്നാൽകാണാം"

കടുതരവാക്കുകളുരത്തുഭീമൻ
കരതലഗദയെടുത്തുവെക്കം
നടപ്പതിന്നുതുടർന്നനേരം;
"കടുപ്പമായുള്ളൊരുമടക്കമില്ലാ
തടുത്തസോദരരുടങ്ങേലാനീ,
പൊട്ടക്കണക്കഥയൊട്ടുക്കുകന്നതു
നടുക്കയില്ലിഹദിക്കെന്നെങ്കിലും
ഒടുക്കമൻപൊട്ടമടക്കവുംചില–
മുടക്കാവുംവരുമടക്കമെത്തുഭ–
മിടയ്ക്കുസോദര!പടയ്ക്കുകാലമ
തടുക്കുമന്നിതുനടക്കുമായതു
തടുക്കയില്ലഹമെടുക്കിലുംഗദ
മുടിക്കിലുംപുനരടിക്കിലുംപൊടി–
പെടുക്കിലുംപുരമടക്കിലുംവധി
വടക്കുതെക്കിഹനടക്കിലുംതവ
മതംനമുക്കുമമതംവൃകോദര!
ഹിതംപറഞ്ഞതുചിതംഗ്രഹിക്കനീ.

കുരുകുലമതിലിഹജാതന്മാരവർ
ഒരുനൂറുംനാമൈവരുമല്ലോ,
ഒരുമനമുക്കുമവർക്കുംതങ്ങളിൽ
വരുവാൻവിഷമമതെങ്കിലുമിപ്പോൾ
മാററാർവന്നുവിരോധിക്കുമ്പോൾ
നൂററഞ്ചുംപുനരൊന്നേവരൂ.
ഊററക്കാൎക്കുവരുമൊരബലം
ക്രൂരരാർവേണമൊഴിപ്പതിനപ്പോൾ,
ക്രൂരന്മാരൊരുവരുമല്ലാതെ ദുരിശ്രി
മാററാരെങ്കിലുമുപകൃതിചെയ്യും.
കാററിന്മകനേ!മടിയാതവർകളെ
മാററിക്കൊണ്ടിഹവരികകുമാര!
പണ്ടൊരുപൂച്ചയുമെലിയുംതങ്ങളി–
ലുണ്ടായ്വന്നുസഖിത്വമൊരുനാൾ
മലയുടെമൂട്ടിൽകാട്ടാളന്മാർ

വലയുംകെട്ടിയുറപ്പിച്ചങ്ങനെ
കലയുംമാനുംപുലിയുംവന്നതിൽ
വലയുന്നേരംകൊലചെയ്വാനായ്
കരളിൽശിപാർത്തിട്ടുപകൽകഴിവോളം
ഒരുമൃഗമന്നിഹവന്നതുമില്ല.
വരുമിനിരാത്രിയിൽനാളെവെളുത്താൽ
പിടിപെട്ടുവന്നുവധിക്കാമെന്നവർ
കരുതിത്തങ്ങടെഭവനേചെന്നു-
ന്നൊരുമിച്ചവിടെയുറക്കവുമായി
ഒരുമാർജ്ജാരംവനഭുവിരാത്രിയി-
ലിരയുംതേടിനടക്കുന്നേരം
തരസാചെന്നൊരുവലയിൽചാടി
കരവുംകാലുമിളക്കാൻമേലാ
പരവശനപ്പോൾമ്യാവൂമ്യാവൂ
കരവൃതുംചെയ്തവിടെവലഞ്ഞു
അരികെയുണ്ടൊരുപൊട്ടിലിരിക്കും
ചെറുതായുള്ളൊരുമൂഷികനപ്പോൾ
അരിയായുള്ളൊരുപൂച്ചത്തടിയൻ
കരയുന്നതുകേട്ടൊന്നുവിരണ്ടു,
ഉരിയാടാതെമുഖംകാട്ടുന്നതു-
മൊരുകരികണ്ടാൽപൂച്ചയുമപ്പോൾ
സരസതയോടുവിളിച്ചാനവനെ-
പ്പരവശനായ്ഞാൻമൂഷികവീര!
വലയിൽചാടിവലഞ്ഞുഞാനൊരു
ഫലമില്ലാതെമരിപ്പാറായി,
കുലമാൻപന്നികൾവന്നുപതിച്ചാൽ
വലയരക്കുത്തിമാൻകൊള്ളാം,
പിടിപെടിയാതൊരുപൂച്ചലഭിച്ചാൽ
വലയന്മായതുതിന്മാനാമോ.
തലയിലെഴുത്തിൻബലമതുകൊണ്ടിഹ
വലയിൽപെട്ടുവലഞ്ഞുസഖേ!ഞാൻ
എലിയുംപൂച്ചയുമന്യോന്യംബഹു
കലഹികളെന്നൊരുചൊല്ലതുകൊള്ളാം
കലഹമെനിക്കുഭവാനോടില്ലതു
നലമൊടുനീയിഹബോധിക്കേണം.
വലയുടെചരടുകടിച്ചുമുറിപ്പാൻ
പലപലകൌശലമങ്ങുണ്ടല്ലോ.
വലയൻചെന്നുവരുന്നതിൽമുമ്പേ
വലകണ്ടിപ്പാൻകനിവിയലേണം
വലയുന്നവരെപ്പാലനമല്ലോ
വലിയജനങ്ങടെധർമ്മമതറിക!
എലിയെന്നല്ലഭവാനൊരുദശയിൽ
പുലിയെക്കാളതിവൻപനതാകും”
ഇവ്വിധമിങ്ങനെമാർജ്ജാരകനുടെ
പരവശവാക്കുകൾകേട്ടൊരുനേരം
എലിയതുബോധിച്ചരികേചെന്നഥ
വലകണ്ടിപ്പാൻവട്ടംകൂട്ടി
ഓരോരോചരടുകടിച്ചുമുറിപ്പാ-
നോരോനാഴികനേരംവേണം;
തെരുതെരെയങ്ങുകടിച്ചുമുറിച്ചാൽ
തരമല്ലെന്നുണ്ടെലിയുടെഹൃദയേ;
മെച്ചമിവന്നിതുചെയ്വാനൊന്നതു
പൂച്ചയറിഞ്ഞാലുപകാരത്തിനു
താഴ്ചവരാനുണ്ടെന്നുകനക്കെ
കാഴ്ചയവന്നുണ്ടെന്നതുമൂലം
താമസമായതുകണ്ടൊരുപൂച്ച-
ക്കുമയമേറിക്ലേശവുമേറി
“തെരുതെരെവേണമതല്ലെന്നാലിഹ
വരുമതിദുഷ്ടൻവലയപ്പാഴൻ
പുലരുന്നേരംവലയന്മാരും
പലരുംകലശല്യക്കൂട്ടംമുൻപേ
വലകണ്ടിച്ചുവിടേണംനീയേ”—
ന്നെലിയോടുപൂച്ചപറഞ്ഞുതുടങ്ങി-
വെട്ടപ്പെട്ടൊരുസമയേമൂഷിക-
നൊട്ടുംതാമസിയാതെവലയും
പൊട്ടിച്ചൻപൊടുപൊട്ടിലൊളിച്ചു
ദുഷ്ടൻപൂച്ചയുമങ്ങുനടന്നു
ഒട്ടുദിനങ്ങൾകഴിഞ്ഞൊരുദിവസം
കിട്ടീലെങ്ങുമൊരേടത്തശനം
അഷ്ടിക്കൊന്നൊരുവകയുള്ളെന്നിഹ
കാട്ടിൽനടന്നപ്പൂച്ചത്തടിയൻ
കൂട്ടസഖിത്വംപ്രാപിച്ചെലിയുടെ
പോട്ടിന്നരികേചെന്നുവിളിച്ചാൻ
“പണ്ടുപകാരംചെയ്തൊരുമൂഷിക-
നുണ്ടോസുഖമിരുന്നീടുന്നോ!”
എലിയതുകേട്ടുവിലത്തിന്നുള്ളിൽ
തലകാട്ടാതെവസിച്ചുപറഞ്ഞാൻ:—

ശ്ലോകം

“കാര്യാർത്ഥമാപദോയോസ്യ
ത്വസ്ഥിതാവസിതേപുനഃ
മാർജ്ജാര! ത്വംഹി മാർജ്ജാരോ
മൂഷികോഹഞ്ചമൂഷികഃ”

കാര്യംകൊണ്ടിഹനീയുംഞാനും
കനിവൊടുസഖ്യംചെയ്തിതുമുന്നം
കാര്യംതന്നുകഴിഞ്ഞുപിരിഞ്ഞു
വൈരമതിനിയുംമുന്നേപ്പോലെ
പൂശകനാംനീപൂശകനിനിമേൽ
മൂഷികനാംഞാൻമൂഷികനിനിമേൽ,
ഇനിനാംതങ്ങളിലെത്തുന്നേരം
കനിവുമതില്ലൊരുചേർച്ചയുമില്ല”
ഇങ്ങനെയുള്ളൊരുശ്ലോകംചൊല്ലീ-
ട്ടങ്ങുനടന്നിതുമൂഷികനുടനേ
എന്നതുകൊണ്ടുപറഞ്ഞുവൃകോദര-
നന്നിതുമാറ്റംനയശാലികളാൽ
നന്ദിതമല്ലിതുനിന്ദിതമെത്രേ.
ചെന്നുടനവരുടെമോചനമുചിതം
ഇന്നിസ്സങ്കടമൊട്ടുതീർത്താൽ
പിന്നെനമുക്കെപ്പോലെതന്നെ
കൌന്തേയന്മാർകൌന്തേയന്മാർ
കൌരവ്യന്മാർകൌരവ്യന്മാർ”
“ആര്യനിദാനീമരുളിച്ചെയ്തതു
കാര്യ”മിതെന്നുരചെയ്തിതുനകുലൻ,

"ഏഷണി പറവാൻ വിരുതു പെരുത്തവ-
നോഷ്ഠസ്യയോധനനാഭജന്മാരും
ദൂഷണമിങ്ങനെ വരുവാനൊക്കയു-
മേഷണിദോഷമിതെന്നറിയേണം.

ശ്ലോകം.

പ്രൌരാകശ്വന്ദഗോമായുർ
ദുരാഗ്രഹവശംവദഃ
പരാൻ വിനാശയൻ ഭൂയോ-
ദുരാപദമുപേയിവാൻ"

പണ്ടൊരു കുറുനരി തിന്മാനുള്ളതു-
തെണ്ടിനടന്നു മനസ്സും മുട്ടി-
ക്കണ്ടകമുള്ള വനങ്ങളിലെല്ലാം
മണ്ടിനടന്നു തളർന്നു ശരീരം
കണ്ടാനൊരു ദിശി നല്ല കരിമ്പുക-
ളുണ്ടാക്കിപ്പല വേലികൾ കെട്ടി
കാത്തുകിടപ്പാൻ പുരയും കെട്ടി
പ്പാർത്തീടുന്നൊരു നായരുമുണ്ട്.
കേളപ്പാരെന്നവനെപ്പേരും
കേട്ടു ഗ്രഹിച്ചാൻ കുറുനരിയൊരു നാൾ
കേളപ്പാരൊടു ചെന്നു പറഞ്ഞു
"കേളപ്പാ! ഞാനൊരു ചൊല്ലുന്നതു
നാളെപ്പുലരും മുമ്പേ
കോളല്ലൊരു ദൂഷണമുണ്ടാം
കാട്ടിൽ നടക്കും വമ്പന്മാർ
കേട്ടു കരിമ്പുകളുള്ള വിശേഷം
ഭക്ഷിപ്പിവിടെ വളർന്ന കരിമ്പുകൾ
ഭക്ഷിപ്പാനായ് വരുമറിയേൻ.
രക്ഷിക്കേണം നീയതു കൂടെ
ഭക്ഷിക്കാതെ തടഞ്ഞു കഴിച്ചു"
ഇതു കേട്ടപ്പോൾ നേരന്നോർത്തൊരു
മൂഢൻ കേളപ്പാരൊന്നവിരണ്ടു
"ചെറുതായുള്ളൊരു കൌശലമുണ്ടിഹ
കുറുനരി ഞാനതു ബോധിപ്പിക്കാം.
അമ്പുകൾ ചുട്ടു പഴുപ്പിച്ചെയ്താൽ
കൊമ്പിയിലെ വമ്പനെ വധിക്കാം.
ചെറുവടക്കൊരു വെളിക്കു പോകിന
പുറം തിരിഞ്ഞു കെച്ചെന്നു പതുക്കെ
പാറിക്കൊണ്ടാലമ്പുകളവരുടെ
നെറുകിൽ കിട്ടി പ്രയോഗിച്ചീടാം
പത്തു വെളുപ്പിനു മുമ്പേ ഇവിടെ-
ക്കെത്തിക്കൊണ്ടാൽ ഇതു സാധിക്കാം"
എന്നതു കേട്ടഥ കേളപ്പാരതു
നന്നെന്നോർത്തു നടന്നവിടെപ്പോന്നാൻ
കുറുനരി ചെന്നു ഗജവരനോടെ-
ന്നറിയിച്ചാനതു സമയത്തന്നു.
"കരിമ്പു തിന്മാൻ കരിവര നിപ്പോൾ
തരിമ്പു മോഹമതുണ്ടെന്നാകിൽ,
തരം വരുത്താം പത്തു വെളുപ്പിനു
വരമ്പിനുള്ളിൽ ചെന്നാലവിടെ
കരിമ്പു കാണാമായതു തുമ്പി-
ക്കരത്തി...

നൊരുത്തൻ പിടിയണമെന്നീയിഹ ഞാനു-
ണ്ടകമ്പടിക്കായ് മുന്നിൽ നടപ്പാൻ"
ഇത്തരമോരോ ചൊല്ലീടിന കുറുനരി
മത്തഗജത്തെ കൊണ്ടു വരുമ്പോൾ
"പത്തൻ പതുളി വസന്തിൽ ഭക്ഷണ-
മിത്തിരിയെൻ ദശരിരം മതിയാം-
മിത്തൊഴിൽ നല്ല കണക്കിനു കൂടി-
ക്കേളപ്പാരുടെ തടി കൊണ്ടിന്നും
നാളേക്കും തടവില്ല ഭുജിപ്പാൻ"
എന്നു വിചാരിച്ചു വരുന്നതിലവിടെ
ചെന്നാരാൽ കരികിലൊളിച്ചു ഫെരു നിന്നാൻ,
വന്നുടനാനകരിമ്പു തകർത്തഥ
തിന്നു തുടങ്ങിയൊരു സമയേ കേളൻ,
ചുട്ടു പഴുത്തൊരു ശരവും വില്ലും
വട്ടം കൂട്ടിപ്പാതിരനേരം
പുറവു മേലൊരു കാലും വച്ചഥ
തെറ്റെന്നങ്ങെയ്തിട്ടൊരു നേരം
മസ്തകമാകെ പൊണ്ണം കൊണ്ടൊരു
മത്തകരീന്ദ്രൻ ചത്തു മറിഞ്ഞു.
വമ്പനതാകിന കേളപ്പാരെ
പാമ്പു കടിച്ചു നിവരും ചത്തു.
പത്തിപ്പാമ്പിൻ വില്ലിൻ മുനയതു
കുത്തുക കാരണമപ്പാമ്പും ചത്തു
ഒക്കെച്ചത്തതു കണ്ടു പ്രസാദി-
ച്ചക്കുറുനരിയരികെ ചെന്നുടനെ,
അക്കലവിക്കിൻ മുനമേലുള്ളൊരു
രക്തം ചെന്നഥ നക്കും നേരം
ചാപ്പുകൾ തട്ടി മുറിഞ്ഞിതു ഞാണും
വില്ലു നിവർന്നുടനെ വന്നവന്റെ വായിൽ
കൊണ്ടു കരേറി കുറുനരി ദോഷൻ
രണ്ടു പിളർന്നുടനവനും ചത്തു.
ഏഷണിയുള്ളവനിങ്ങനെ വരുമതു
ദോഷങ്ങളിലതി ദോഷം നിയതം;
ദോഷങ്ങൾക്കതു കാരണമിപ്പരി-
വേഷണമിങ്ങനെ സംഗതി വന്നു."
അഥ പുനരഗ്രജനരുളിച്ചെയ്തു:—
"കഥകൾ പറഞ്ഞഥ കാലം പോയാൽ
രഥമതിലധുനാ യന്ത്രിതരാമവ-
രതിദൂരം ഗതരായെന്നു വരും
വിരവൊടു പോക കൃപാകര വീര!
ഹരിസൂനുവുമിയം കൂടിച്ചെല്ലുക.
ഇരുവരുമൊരുമിച്ചും വെരുവോരെ
പരിചൊടു ചെന്നു ജയിച്ചും കൊണ്ടഥ
കരസുതനാരും വീണ്ടും കൊണ്ടിഹ
വരിക തരിമ്പു വിചാരം വേണ്ടാ"
ഗുരുശാസനമതു കേട്ടഥ ഇരുവരു-
മൊരു രഥമേറിച്ചെന്നു വിളിച്ചു.

ചമ്പരാഗം.

"ഗഗനചരമൂഢരേ! ഗന്ധർവ്വകീടരേ!
ഗമനമിതു വിരവിനൊടു വിഫലതരമാക്കുവിൻ!
വിരുതുകളിതൊക്കവേ വിരതതരമാക്കുവിൻ!

ചക്രയുദ്ധം പൊരുവതിനു പെരികമദശാലരോ
ഖഡ്ഗചർമ്മധരരോടെതിരെത്തു സാഹസം
കരികളോടു പൊരുവതിനു കരുനരികൾ പോരു-
[മോ
ഹരിതനയനുള്ളിലൻപൊടു ശമിതദുർമ്മനാൻ
പക്ഷതരശരനികരനിരകളെ ചൊരിയുംവിധൗ;
ഝടിതി പൊടിഭസ്മമാംകുടിലകലമെന്നവേ
പടപൊതികിലുടലുടയുമുടവുമുടനേവരും
പടയിലധികാളൻ പട്ടമതിവൃകോദരൻ
കഠിനതരഗദയുടെ കരുമനകൾകൊണ്ടുടൻ
അടിതുടരുമാഹവേ പൊടിയുമുടനാകവേ
അടിമുടികളുമിലയപിതിലതുലിതമായ് വരും
ഇത്ഥം പറഞ്ഞുകൊണ്ടു യുദ്ധം തുടങ്ങി പാർത്ഥൻ
ഉൾഖേലപ്രദേശങ്ങളിൽ ക്രുത്തുള്ള സായകങ്ങൾ
ചേർത്തു പ്രയോഗിച്ചു നേർത്തു പോകാതെ കൊണ്ടു
കോർത്തു ഗന്ധർവ്വന്മാർക്കു ആർത്തു കൂടാതെയാക്കി-
ത്തീർത്തു വിജയനിനി യുദ്ധം ഫലിക്കയില്ലെ-
ന്നോർത്തു ചിത്രസേനനുമാർത്തു വിളിച്ചടുത്തു;
മാരികണക്കെ വീരന്മാരിലസ്ത്രങ്ങളങ്ങു
പാരിച്ചൊരിഞ്ഞു വ്യോമചാരി ഗന്ധർവ്വരാജൻ
പോരിനുടനേ വലവൈരിതനയനപ്പോൾ
ക്രൂരാസ്ത്രങ്ങൾകൊണ്ടു ദൂരീകരിച്ചു സർവ്വം
ദിവ്യൻ പലവിധത്തിൽ ദിവ്യാസ്ത്രം പ്രയോഗിച്ചു
സവ്യസാചിതാനതു സർവ്വം തടുത്തു നിന്നു,
പന്നഗങ്ങളെ വെന്നു തടുപ്പാനുമ-
ന്നിന്നു കഴിയില്ലെന്നു കമ്പം തുടങ്ങി ദിവ്യൻ
വിട്ടുപോവാനും വഴി കിട്ടുന്നതില്ലാ; പട-
വെട്ടുവതിനു പുനരൊട്ടുമെളുതുമല്ലാ;
പെട്ടെന്നു നാമിവിടെ പെട്ടുപോമെന്നുറച്ചു
കൊട്ടും ഘോഷവും നിർത്തി ഒട്ടും താമസിക്കാതെ
തേരും പടയും തെറ്റു പോരും താനും ഭൂമിയിൽ
ചേരുവാൻ വന്നിറങ്ങി ചാരു ഗന്ധർവ്വരാജൻ
ഭ്രാതാവജനതു നേരം പറഞ്ഞു പാർത്ഥാ!
പോരും കലഹമിനി ചേരുകയെന്നോ വേണ്ടു
പാരം വലഞ്ഞു നിന്റെ ക്രൂരമ്പു കൊണ്ടിക്കൂട്ടം
വൈരം വെടിഞ്ഞിവരെ സ്വൈരം സംഭാവിക്കേ-
[ണം
ഭീമസേനന്റെ വാക്കുകേട്ടു സവ്യസാചി
നാമസംക്രുടംതെ കണ്ടായുധമങ്ങുവച്ചു;
ഭൂമിയിലിറങ്ങുക വൈകാതെ ചിത്രസേന!
നാമിരുവരുമമ്മിലേതും കലഹമില്ല."
ഗന്ധർവ്വരാജവിജയന്മാരൊട്ടു
സന്ധിയാധിപനിരുവരും ചെയ്തു;
ബന്ധുപ്രീതിബലം കൊണ്ടുപരെ
ബന്ധിപ്പതിനിഹ ബന്ധം വന്നു
ചിന്തവസ്തുപിടിപാടില്ലാത്തൊരു
അന്ധനൃപസുതന്മാരിവർ നൂനം.
വിരുപണമില്ലാജള പ്രളാപം
ചെയ്താക് വന്നശിരസ്സിൽ കേറി
ഓടും നമ്മുടെ വില്യകൾക്കും
ഓളുവകൾക്കെനിന്നിതെന്നും

ഏറ്റം മടക്കമുള്ള ശേഷം
മാറ്റങ്ങളെന്നിട്ടഹമിതി ചൊല്ലും
വീരവൃകോദര! വരികധനഞ്ജയ!
വൈരം നമ്മോടുകരുതീടൊല്ലാ
വൈരിജനങ്ങളെ ബന്ധനമോക്ഷം
വിരവൊടു ചെയ്ക വൃകോദര വീര!"
എന്നതു കേട്ടു വൃകോദരനുടനെ
സ്യന്ദനമേറിച്ചെന്നു പതുക്കെ
കെട്ടുകളൊക്കെയഴിപ്പാൻ രഥമതി-
ലിട്ടു പിരട്ടിയുരുട്ടി ചിലരുടെ
കുടുമ പിടിച്ചു വലിച്ചും ചിലരുടെ
പിടരി പിടിച്ചു തിരിച്ചും ചിലരുടെ
താടി പറിച്ചും മീശ മുറിച്ചും
മോടി കുറച്ചും തട്ടി മറിച്ചും
കെട്ടഴിയാഞ്ഞതു പൊട്ടിച്ചും പണി-
പെട്ടു രഥത്തിൽനിന്നു നിലത്തേ-
ക്കിട്ടു തുടങ്ങി മടങ്ങാതെ തല-
തൊട്ടെണ്ണി സ്വരൂപിച്ചങ്ങരുളി.
"ദുര്യോധനനും ദുശ്ശാസനനും
ദുർമ്മുഖനും ദുശ്ശേശപരനിവനും
ദുർമ്മർഷണനും ദുർമ്മേധാവും
ദുർല്ലക്ഷണനും ദുർഭാഷണനും
ദുർവ്വിക്ഷണനും ദുഷ്കണ്ടകനും
ദുസ്സഹൻ ദുർബ്ബുദ്ധി വീരൻ
എന്നു തുടങ്ങിയതെമ്പിപ്പാൻ ബല-
ളുണ്ടധമിനിക്കിഹ കൈ തളരുന്നു
ഉണ്ണി! വരികധനഞ്ജയ! നീയിനി
എണ്ണിയൊരിക്കൽ സൂക്ഷിക്കേണം
അണ്ണൻ തമ്പിയുമവരുടെ തമ്പിയു-
മെണ്ണത്തിൽ പിഴ കൂടാതെണ്ണുക!
കണ്ണില്ലാത്തൊരു ജനകനിനിതൊ-
ട്ടെണ്ണിയൊരേടത്താക്കണനേരം
തൊണ്ണൂറ്റൊൻപതിലേറാം കുണ്ടി-
ലെന്നുള്ളിളിവരാതെയിരിപ്പാൻ
ധൂർത്തന്മാരെയൊരോലയിലൊക്കെ-
ച്ചാർത്തിവിടാഞ്ഞാൽ ദൂഷണമുണ്ടാം
കാണേണ്ടീല കണക്കപ്പിള്ളകൾ
മേനോക്കിച്ചന്മാരുമതില്ലാ
നല്ല പിതാവിൽക്രൂരിനമുക്കെള്ളു-
തല്ലിനിയിവരുടെ വേരുതിരിപ്പാൻ"
എന്നു പറഞ്ഞു ചിരിച്ചു വൃകോദര-
നൊന്നൊന്നാഴിയാതിഹ നൂറുവരേയും
കെട്ടുമഴിച്ചുവിട്ടു പതുക്കെ
തൊട്ടു തലോടിക്കൊണ്ടുര ചെയ്താൻ;—
"ദുര്യോധന! ശൃണു വചനം നിന്നുടെ
ദുര്യോഗം കൊണ്ടിങ്ങനെ സംഗതി-
വന്നു ഭവിച്ചതുനന്നായ് വരുമിനി
നിന്നുടെ ദുർമ്മദമൊട്ടു ശമിക്കും
ആയതു വരുവാൻ നിമിഷം നിന്നാ-
മയമതുണ്ടോ മാറീടുന്നു
നായുടെ വാലൊരു പന്തീരാണ്ടു—

ക്കായതമാകിനകഴലതിലാക്കി
ചിന്തൊയെട്ടത്തുനോക്കുന്നേരം
മുന്നേപ്പോലെവെളങ്ങെയിരിപ്പൂ.
വെൺമതികുലമതിലീശ്വരനാകിന
ധൎമ്മാത്മജനുടെചരണസമീപേ
ചെന്നുവണങ്ങിയരെവും കൃപ്പി
മൂന്നുവലത്തുംവെച്ചുപതുക്കെ;
"പൊയ്ക്കൊണ്ടാലുംഹസ്തിനപുരമതി-
ലിക്കണ്ടനുജന്മാരൊട്ടുകൂടെ"
ഇങ്ങനെയുള്ളൊരു കോമളവചനം
തിങ്ങിനനാണംകൊണ്ടുമുഖത്തെ
താഴ്ത്തിക്കൊണ്ടാകേട്ടുമനസ്സിലൊ-
രാത്തിമുഴുത്തു സുയോധനനന്നേ
ഉത്തരമുരിയാടാതെതന്നെ
സത്വരമനുജന്മാരൊട്ടുകൂടി
ഹസ്തിനപുരവഴിനോക്കിനടന്നാൻ
അസ്ഥിരമതിയാമതിശയകടിലൻ
വിരവൊടുവീരൻവായുതനുജൻ
നരനൊട്ടുകൂടെച്ചെന്നുവനാന്തേ
നരപതികുലപതിയാകിനതങ്ങടെ
ഗുരുവരനാകിനധൎമ്മാത്മജനുടെ
ചരണസമീപേചെന്നുവണങ്ങി
പരമാനന്ദമയാകൃതിയാകിന
മുരരിപുഭഗവാൻതന്നുടെരൂപ-
സ്മരണംചെയ്തുവസിച്ചിതുഭദ്രം
ചിത്രസേനനുംവൃന്ദവുമെല്ലാം
ചിത്തസമ്മദംപൂണ്ടുഗമിച്ചു
വൃത്രവൈരിയെച്ചെന്നുവണങ്ങി
തത്രമേവിനാനത്തുമതിഭദ്രം.

ഘോഷയാത്ര, ഓട്ടൻതുള്ളൽ, സമാപ്തം

൩. ഹിഡിംബവധം.

കരകാണാതൊരു കടലിനുസമമാം
നരകവിനാശനപാണ്ഡവചരിതം
പരിചൊടുസജ്ജനസഭയിലിറങ്ങി-
പ്പറവതിനായി [illegible]ഞാൻ;
ഹസ്തിരഥാദിസമൃദ്ധ[illegible]ചരകം
ഹസ്തിനപുരമതി[illegible]സുഖമൊടു
നിസ്തുലധൃതിധൃതരാഷ്ട്രമഹീപതി
നിസ്തുലഭൂപതിവാഴുംകാലം;
ദുൎയ്യോധനനും ദുശ്ശാസനനും
ദുഃശ്ശാസനനും ദുൎമ്മുഖ[illegible]നും
ദുൎമ്മേധാവും ദുൎമ്മ[illegible]
ദുശ്ശീലനനും [illegible]
ധൃഷ്ടതയേറ്റം[illegible]മാം-
രെട്ടുജനങ്ങളുമനു[illegible]
അന്ധനതാകിയ[illegible]നുടെ-
യന്തികസീമനി[illegible]ങ്ങി
പന്തിനിരക്കെ[illegible]
ച്ചിന്തിതമൊട്ടുപറ[illegible];
"അച്ഛനതല്ലാ[illegible]കനിവത്രു
തുച്ഛമതാവുമാനെ[illegible]?
കുന്തീസുതരെക്കു[illegible]
നെന്തൊരുബാധ[illegible]കണ്ണേ;
വണ്ണൻവാഴകണ[illegible]നൊരു
പെണ്ണത്തടിയ[illegible]ഭീമൻ
ഉണ്ണികളാകിയ[illegible]
മണ്ടിപ്പിക്കുന്നിതു[illegible]!
കണ്ണറിയാതെ[illegible]തെന്നും
കണ്ടറിവാനുംവ[illegible]ല്ലാ
പെണ്ണുങ്ങൾഭീമനു[illegible]ച്ചോ-
റുണ്ണണമെന്നാലതുമതിയല്ലാ
ഉണ്ണികളാകിയ നമ്മെക്കണ്ടാൽ
കണ്ണുരുട്ടിയൊരുഭാവംകാട്ടും
അതുകാണുമ്പോൾഞങ്ങൾഭയപ്പെ-
ട്ടുഴവഴിമണ്ടിയൊളിക്കേയുള്ളൂ;
ചെമ്പിൽചോറുകടത്തീട്ടമ്പോൾ
മുമ്പിൽകൊണ്ടിലവെയ്ക്കുംഭീമൻ
വമ്പുള്ളവനെച്ചെമ്പിനിങ്ങുവി-
ളമ്പിയചോർമതിയല്ലെന്നാകിൽ
ചെമ്പുപിടിച്ചങ്ങിലയിൽമറിപ്പാൻ
ചങ്ങാതിക്കൊരുസംശയമില്ലാ
ചക്കപ്പുഴമാറാൻകൊണ്ടുചന്നാ-
ലൊക്കെമുറിച്ചുചെലുത്തുംഭീമൻ
ഇക്കണ്ടുണ്ണികൾഞങ്ങൾക്കായതു
വെക്കമൊരത്തിരികിട്ടുകയില്ലാ
ചക്കച്ചോറുംകാളൻകറിയും
ചക്കച്ചുകണിയുമെന്നിവയല്ലാം
തിക്കത്തുങ്ങൾക്കൊരുസുഖഭോജന-
മിക്കാലങ്ങളിലില്ലിഹതാതാ;
എന്തിനുവളരെപ്പറയുന്നു
കുന്തീസുതരുംഞങ്ങളുമിവിടെ
സന്ധിച്ചിനിമരുവീട്ടുകയെന്നതു
ചിന്തിച്ചാലെളുതല്ലിനിമേലിൽ
ദുരിതഹരദൎശനൻദുൎവ്വാസതാപസൻ
ചരിതമിഹമന്ദിരേചെന്നുകേറീടിനാൻ;
സകലകനകാസനംനൽകിയിരുത്തിനാൻ
വചനമിതമോതിനാൻപരിജനപ്രിയൻ
ഹരിഹരസമൻഭവാനത്രഗമിക്കയാൽ
കരിപുരമിതെത്രയുംശുദ്ധമായീടുധം;
വിരവൊടുഭവാനിനിസ്നാനകൎമ്മാദിയും
വിധിവിഹിതമൊക്കെയുംചെയ്തുവന്നാദരാൽ
സരസമിഹഭിക്ഷചെയ്തീടവേണംഭവാൻ;
ഇതിനൃപതിഭാഷിതംകേട്ടയോഗീശ്വരൻ
മതിതളിർതെളിഞ്ഞുതൻശിഷ്യരോടുംമുദാ
വിരവൊടുകുളിച്ചുതൻദൈവകാൎയ്യങ്ങളും
പരമശിവപൂജയുംചെയ്തുവന്നീടിനാൻ.
പൊന്നുംതളികകളൊരുപതിനായിര-
മൊന്നുവിശേഷിച്ചതിരമണീയം
സ്വൎണ്ണക്കോരികകൊണ്ടതിലെല്ലാം
അന്നംവെള്ളവെള്ളയഞ്ഞു വിളമ്പി;
ഭിക്ഷയ്ക്കുള്ളപദാൎത്ഥമശേഷം
ശിക്ഷയിൽവട്ടംകൂട്ടിമുനീശൻ
തൽക്ഷണമനവധിശിഷ്യരുമായി
ഭക്ഷണമങ്ങുകഴിഞ്ഞൊരുസമയേ
ശ്രീദുൎവ്വാസമുനീശ്വരനപ്പോൾ
പ്രീതിമുഴുത്തുടനരുളിച്ചെയ്തു;
ഒട്ടുംഭവതുസുയോധനനമ്മുടെ
ഭക്ഷണമെത്രമനോഹരമായി;
സമ്മാനിപ്പാൻനിന്നെപ്പോലൊരു-
ധൎമ്മികളില്ലിതുബോധിച്ചാലും;
എന്നാലിനിഞാൻപോകുന്നുതവ
സന്നാഹ്യമെന്നരുളിച്ചെയ്തു
കേട്ടുവണങ്ങിദുൎയ്യോധനനും
കേവലമാഗ്രഹമൊന്നറിയിച്ചു
ജ്യേഷ്ഠൻനമ്മുടെധൎമ്മാത്മജൻ
കാട്ടിലിരുന്നുതപംചെയ്യുന്നു;
നാട്ടിലിരുന്നാൽനാടുഭരിപ്പാൻ
നമ്മുടെജ്യേഷ്ഠനൊരാഗ്രഹമില്ല;
അഞ്ചുവെള്ളപ്പിടനോരൂകളികളെ-
മഞ്ചാതൊരുവിജനത്തിലിരിക്കണ-
മുച്ചക്കൊരുകളിരാത്രിക്കൊരുകളി
നിത്യവുമിങ്ങനെജ്യേഷ്ഠനനേകം
ഹോമംജലവുംപുഷ്പാഞ്ജലിയും
നാമജപങ്ങൾനമസ്കാരങ്ങളു-
മിങ്ങിനെകഴിയുംരാവുംപകലും
എങ്ങിനെകാൎയ്യംക്ലേശിക്കുന്നു!
ബൌദ്ധന്മാരകണ്ടാൽദേഹമ-
ശുദ്ധമതൊന്നുകുളിച്ചേപോവൂ
ശുദ്ധിപരീക്ഷകളകലപ്പോഴും
ശുദ്ധിവരുത്തിവരുത്തിയന്നുടെ
ബുദ്ധികൊരുവെളിവില്ലാതായതു
വൎദ്ധിക്കേപൂതമുള്ളമുനീന്ദ്ര!
എന്നതുകാരണമിവിടെവസിച്ചാൽ
തന്നുടെദിനകൃത്യങ്ങൾമുടങ്ങും
ഉണ്ണീ! വരികസുയോധന! നീയും
കുഞ്ഞനമമ്മാവനുമായ് നമ്മുടെ

നാടും നഗരവുമൊക്കം പുക്കും
വീടും കുടിലുകളെന്നിവയെല്ലാം
ക്ലേശിച്ചിവിടെ വസിക്കുന്നമുക്കിതു
ക്ലേശിപ്പാനെളുതല്ലെന്നിങ്ങനെ
നമ്മുടെജ്യേഷ്ഠൻ നമ്മോടു കല്പി-
ച്ചങ്ങുവനത്തിനു യാത്രയുമായി;
അങ്ങിനെ ജ്യേഷ്ഠൻ കല്പിച്ചാൽ പുന-
രെങ്ങിനെ അടിയനുപേക്ഷിക്കേണ്ടു;
ഭീമജ്യേഷ്ഠനുമെല്ലാതല്ലിപ്പോൾ
ഭൂമിയെരക്ഷിപ്പാനാളുകൊണ്ടു
ഭാരമിതെല്ലാമിങ്ങു പിണഞ്ഞു
നേരംപോക്കല്ലിതു പരമാർത്ഥം;
ജ്യേഷ്ഠന്മാരനുജന്മാരവർ നാൽവർ
ജ്യേഷ്ഠത്തിയുമായ് കാട്ടിൽ പോയി;
രാത്രിവിനോദത്തിനൊരുപാധി
[illegible]സ്ത്രീബ്രാഹ്മണർ കൂടെപ്പോയി
കാട്ടിലിരിക്കും പരിഷകളെല്ലാ-
മൂട്ടിനു വേണ്ടും സാധനമെല്ലാം
അരിയും മോരും തൈരും പഴവും
കറിവസ്തുക്കളിലകളെല്ലാം
മടികൂടാതെ സകലവുമവിടെ-
ക്കടിയൻ തന്നെ കൊടുത്തുവിടുന്നു
നിന്തിരുവടിയും ശിഷ്യരുമായി
കുന്തികുമാരർ വസിക്കും വനത്തിൽ
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]സ്സന്തോഷമെഴുന്നള്ളിപ്പുന-
[illegible]സമ്മാനത്തെ ലഭിച്ചട-
നവരെയനുഗ്രഹമേകുവതി-
നവകാശം വരുമെന്നാകിലിദാനീം;
[illegible]വിപ്രജനങ്ങൾക്കെല്ലാം
ചോറുവിളമ്പിട്ടുണ്ടിക്കുന്നതു
[illegible]പലിതാനൊന്നുള്ളതു കേട്ടു
ഭൂപതികളുമായങ്ങിനെപോലും!
പാഞ്ചാലയുടെ ഭക്ഷണമതുക-
ഴിഞ്ഞേയവിടെയെഴുന്നള്ളാവൂ;
അല്ലെന്നാകിൽ വിശന്നു വലഞ്ഞവ-
രെല്ലാവർക്കും വേണ്ടും വണ്ണം
വെച്ചുവിളമ്പി ഭുജിപ്പാനും
കൊച്ചുകുടുംബിനിയാളാവില്ല;
[illegible]തേവാരം മറ്റൊരുദിക്കിൽ
തെളിവൊടു നിങ്ങൾ കഴിച്ചും കൊണ്ടു
കിളിമൊഴിയാളുടെ ഊണുകഴിഞ്ഞെ-
ന്നളവേ കണ്ടാലവിടെച്ചെല്ലാം”.

ഇത്ഥം പറഞ്ഞു കുരുപുത്രന്റെ കൈതവത്താൽ
മൂഢൻ മുനീന്ദ്രനപ്പോൾ തത്വം വിചാരിച്ചില്ല;
സത്യമെന്നോർത്തുകൊണ്ടത്യന്തമോദത്തോടും
യാത്രയും ചൊല്ലി മെല്ലെ യാത്ര തുടങ്ങി തന്റെ
ശിഷ്യന്മാരോടുകൂടി തുഷ്ട്യാ നടന്നു പല
കാടും മലയും കുന്നും തോടും കടന്നു സുഖ-
മാടും മയിലുകളും പാടും കുയിലുകളും
ഓടും മൃഗങ്ങളും ചാടും [illegible]ങ്ങളും
ഓടും വരാഹങ്ങളും മാനും മഹിഷങ്ങൾ ച-
ന്നായും നൽസിംഹങ്ങളും [illegible]വും പക്ഷമിത-
ട്ടായുള്ള[illegible]കളും.

ഇങ്ങനെയുള്ള പ്രദേശശേഷവു-
മങ്ങു നടന്നു കടന്നു മുനീന്ദ്രൻ;
കുന്തികുമാരർ വസിക്കും വനമതി-
ലന്തികസീമനി ചെന്നു പതുക്കെ
ദിവ്യൻ മുനികുലവര്യൻ തന്നുടെ
ദിവ്യമതാകിന നേത്രം കൊണ്ടു
സൂക്ഷിച്ചപ്പോൾ ദ്രൗപദി തന്നുടെ
ഭക്ഷണമങ്ങു കഴിഞ്ഞതറിഞ്ഞു
ലക്ഷണമുള്ള ജനത്തിനു [illegible]-
നിരീക്ഷണമെന്നതിനെന്തൊരു ബന്ധം
പത്തുസഹസ്രം ശിഷ്യന്മാരോടു-
മൊത്തു മഹാമുനി ദുർവ്വാസാവു്
മന്നവവരനാം ധർമ്മാത്മജനുടെ
മുന്നിലെഴുന്നള്ളീടിന സമയേ
ശീഘ്രം നരപതി ധർമ്മതനൂജൻ
ദീർഘനമസ്കൃതി ചെയ്തു വണങ്ങി
അന്തണനെപ്പൂജന[illegible]-
[illegible]
നിർമ്മലമാനസനാകിന ഭൂപതി
ധർമ്മതനൂജൻ തൊഴുതു ചൊല്ലി:
“ആനന്ദാമലമൂർത്തേ! ഭവാൻ
സ്നാനം ചെയ്തുവരാനെഴുന്നള്ളാം
പാനം ഭോജനമെന്നിവകൊണ്ടൊരു
ദീനമശേഷമൊഴിഞ്ഞല്ലാതെ
കുശലപ്രശ്നം തരമല്ലിപ്പോ-
ളശനാനന്തരമല്ലോ ഉചിതം;
നരപതിവാക്കുകൾ കേട്ടു മുനീന്ദ്രൻ
വിരവൊടു ശിഷ്യസമൂഹത്തോടും
ഗിരിവരനദിയിൽ സ്നാനം ചെയ്വാൻ
പരിചിനൊടങ്ങു ഗമിച്ചൊരു ശേഷം”
ഭൂപതിവരനാം ധർമ്മതനൂജൻ
ദ്രൗപദിയോടു വിളിച്ചരുൾ ചെയ്തു
പാഞ്ചാലാധിപതനയേ! നമ്മുടെ
വാഞ്ഛിതമിപ്പോളഖിലം വന്നു
ശ്രീദുർവ്വാസാവെന്നു പ്രസിദ്ധൻ
ശ്രീപതിഭക്തജനങ്ങളിൽ മുമ്പൻ
പത്തുസഹസ്രം ശിഷ്യന്മാർക്കും
ക്ഷുത്തും ദാഹവുമധികമവർക്കു്
നമ്മുടെ സുകൃതം കാരണമവരെ
സമ്മാനിപ്പാൻ സംഗതി വന്നു;
സ്നാനം ചെയ്തീടവരും വരുവാൻ
ഞാനങ്ങവർകളെ യാത്രയയച്ചു;
തേവാരത്തിനു പൂവും ചന്ദന-

ദീപികയോടൊക്കെയന്തിക്കുടേണം
നാളികേരത്തിനു പാല്പായസവും
തേങ്ങയും ശർക്കരകളിപ്പഴവും
ഭക്ഷ്യങ്ങളുള്ള പലഹാരമശേഷം
ഭിക്ഷയിൽ വട്ടം കൂട്ടിടേണം
നലമൊടു ശിഷ്യന്മാർക്കാസാരെ-
ത്തിലയും വെച്ചിപ്പോൾ തീർക്കേണം;
എന്നായിപ്പറികേട്ടനേരത്തിൽ
തീപ്പിടിപെട്ടുകണ്ണുകൾ കൊണ്ടപോൽ
തന്നുടെ പതിയെ നോക്കിക്കൊണ്ടു
ചിന്തവെച്ചു പാഞ്ചാലി ചൊന്നാൾ.
"അയ്യോ! കഷ്ടമൊന്നുമില്ല ഞങ്ങ-
ൾക്കുള്ളതൊക്കെ ഭക്ഷിച്ചിതല്ലോ;
മുനിമാർ വന്നുവിളിച്ചിതു സംഭ്രമ
മുള്ളിൽ ശിവശിവ! കിം കരണീയം
കോപാതുരനായ മുനി
താപം ഹൃദി നമ്മുടെ പേരിൽ
ശാപമിട്ടിച്ചിക്കരുതെന്നാകം
വ്യസനിക്കണമെന്നോ സർവ്വനാശം;
ഉപദേശിച്ചാൽ പിന്നൊരു
വിധമൊന്നുമില്ലെന്നുടെ കാന്താ!
താപം പറഞ്ഞൊരു കാരണമിത്തം
സന്താപമോടെ സംവദിച്ചു
ഭീമന്മാരെല്ലാവരും
ശോകക്കുഴിയിൽ വീണുവലഞ്ഞു.
അന്നേരമെല്ലാവരും വിരഞ്ഞു
ഭഗവാനായ കൃഷ്ണനെ നിനച്ചു-
കൊണ്ടിന്നുനിന്നു മോദം വിളിച്ചു
ഉള്ളിലന്നു കണ്ണടച്ചു കൂപ്പി
നിൽക്കുന്നവേളയത്രയും കൂടി
മംഗലമൂർത്തിമുകുന്ദനെയവൾ
മനതാരിൽ ഭക്തിയോടു ചൊല്ലുന്നു"

ദ്വിജാവന്തിരാഗം—ചാപ.

ജയ ജയ മുകുന്ദ മാധവ ഹരേ ഭവാംബുരാശിയുടെ
... ഭക്തജനരക്ഷണം ചെയ്യുന്നവനേ!
... ചെയ്തതൊഴിക
... ബത! കദനം നീക്കണം
... കാരുണ്യം കൊണ്ടു നീ നിന്നുപോരുന്നവൻ
... ദിക്കിൽ ... അല്ലോ
... ഹേ! നിരാധാരയാകുമെന്റെ
... ഒഴിച്ചു അനുകമ്പാ സുമതേ!

മുറിയടന്ത.

പാഹി പാഹി പങ്കജാക്ഷ!
പാഹി പാഹി പരമേശ്വരാ
പാഹി പാഹി പരമാനന്ദ! പാലയ ശൗരേ!
ഉള്ളിലന്നു കണ്ണടച്ചു കൂപ്പി
നിൽക്കുന്നവേളയത്രയും കൂടി
മംഗലമൂർത്തിമുകുന്ദനെയവൾ
മനതാരിൽ പൊട്ടിവിളിച്ചപ്പോൾ
...മുകുന്ദൻ
പാഞ്ചാലിക്കാശ്രയമേകിച്ചു.

ദ്വൈകടരാഗം—മുറിയടന്താളം.

"വാരണഗാമിനി! ഭാമിനി! പാഞ്ചാലി!
വാരിജചാരുമുഖി! മമ
പാരം വിശക്കുന്നു പാത്രത്തിലേതാനു-
മുണ്ടെങ്കിൽ തന്നാലും നീ
കൃഷ്ണനെയോർത്തു വിളിച്ചതിനാലെ ഞാനിങ്ങു
വന്നതു രാജസ്ത്രീയേ! നി-
ന്നെത്രയും ഞാൻ കഴിവന്നില്ലിന്നലെ
സത്യം പറയുന്നു ഞാൻ
വെള്ളം കുടിയാതെ ഞാൻ ...
കള്ളം പറകല്ലെടോ നീ
കൊള്ളപോലൊന്നും ... എന്നോടെന്തോ
വെള്ളം കുടിച്ചു കൊള്ളാം;
'ഹേ! കമലാക്ഷ! ... കരുണാ!
... ഭക്ഷിച്ചു പോയി ഇനി
അന്നമിപ്പാത്രത്തിലുണ്ടാകുമോ? ...
ല്ലെന്നു ... വാക്യം;
പാത്രമെടുത്തിങ്ങു കൊണ്ടുവരികനീ
പാഞ്ചാലി വൈകിടാതെ;
അത്രമാത്രമെന്നാകിലുമന്ന-
ലിലുണ്ടാകുമെന്നിശ്ചയം;
പാത്രമെടുത്തവൾ നോക്കുന്നനേരത്തു
പറ്റിക്കിടന്നിരുന്നാ ശാകപത്രമെടുത്തു
ഭുജിച്ചു ... ഭക്ഷിച്ചു കൃഷ്ണൻ
പാത്രം പറ്റിയ ചീരയിലക്കറി
മാത്രമെടുത്തു ഭുജിച്ചു മുകുന്ദൻ
യാത്രയുമരുൾചെയ്തു ... ഗമിച്ചു-
മോർത്താലെന്തൊരു ചരിതം തന്നെ;
ഭക്താവലി ... ചെയ്യുന്ന
യാത്രയാ ... ചിതം
ക്ഷേത്രം ... പാഞ്ചാലി ...
പാത്രം ... ലോകനാഥ ...;
ഗോത്രാരിപ്രതിമൻ മുകിൽവർണ്ണൻ
മാത്രം ... വിദ്യേനാ
ഏവം ചിന്തിച്ചുടനെ ... പാണ്ഡി
താപം പൂണ്ടു വസിക്കും സമയേ.

[illegible]—ചമ്പ.

അന്നു മുനിപുംഗവൻ ശിഷ്യരോടുമൊത്തു
വനനദിയിൽനിന്നു കുളിച്ചു പോന്നും ...
... ബഹുളമതികൊണ്ടു ... പുരമേ
... നിദ്രയാക്കിയതെന്തൊരു വിസ്മയം
... സന്താനവും പൂവൻപഴങ്ങളും
... കളിർതെളിഞ്ഞ പാൽപായസങ്ങളും
... പലതുമധികമവർക്കുള്ളിയിൽ
... സന്തോഷം കിളുർത്തുതുടങ്ങിനാർ;
അതിചപലമതി ദുര്യോധനൻതന്റെ
ചെയ്തികൊണ്ടു ... ഭവൻമായകൾ
... ഓർത്തു ... രാളികൾ
... അനുസരിച്ചു മുനീന്ദ്രനും
അന്നു ... നിയമാനന്ദമൂർത്തിയും
പാണ്ഡവന്മാർ ... ലോഗരായി

പാർത്ഥിവതാപസശിരോമണിധർമ്മജ-
നാർത്തിയോടും നിജസോദരരോടും
ഭാമിനിയോടും താമുനി തന്നുടെ
കഴലിണ ഭൂമിയിൽ വീണുവണങ്ങി
കാരുണ്യാംബുധിയായ മുനിവരനും
ഭാരതഭൂപതിതന്നുടെ മൂർദ്ധനി
പരമാനന്ദമൊടനുഗ്രഹമേകി-
പ്പരമേശാരാധനമിതരുൾചെയ്തു;
തുംഗപരാക്രമരാമീ നൃപവര
മംഗളമാശു ഭവിക്കനിനക്ക്;
മംഗലമൂർത്തിമുകുന്ദനനിങ്ങളി-
ലങ്ങുളവാകിയ വാത്സല്യത്താൽ
ഇംഗിതമൊക്കെ ലഭിച്ചീടുന്നതു
മിങ്ങു ധരിച്ചേൻ ധർമ്മതനൂജാ
പതിവ്രതയാമ്മേ! പാഞ്ചാലി! യവർ
ചതിവുപറഞ്ഞതറിഞ്ഞില്ലാഞാൻ
സോമകലാധരനിരമണനുമാതടെ
കാമവിലോചിതമാസ്ഥലമിതിക്ക-
നാമോദം വരമാമരുൾ ചെയ്തു
താപസമൈന്ദ്രയാത്രപറഞ്ഞു;
ശിഷ്യന്മാരൊടുമൊന്നിച്ചമ്മുനി
ശിഷ്യന്മെല്ലമറഞ്ഞാനപ്പോൾ.

പാത്രചരിതം, ഓട്ടൻതുള്ളൽ, സമാപ്തം.

൭. കിരാതം.

ഹരിഹരതനയൻ തിരുവടിശരണം
ഹിതവാക്കുകവിചൊൽവാൻ വരമരുളേണം
മതഭരടിയനോടടൽ കരുതാതാൻ
കരുണ്ണോർകരുണാമൃതസിന്ധോ,
കരികരടികൾകടുവാപുലിസിംഹം
വനമതിൽനിന്നു വസിച്ചതുപോലെ,
[illegible]മ്മയെഴിമതൾവിത്യം
[illegible]സിക്കുന്നവരെല്ലാം,
[illegible]
[illegible]കളുമെല്ലാം
[illegible]
[illegible]
[illegible]കിയമലാകതാനും
[illegible]മിപ്പുനായി
[illegible]കവിവരമിഥുനതായി
[illegible]കിനവിഷയസുഖത്തിൽ
[illegible]രസികന്മാരവർ
[illegible]കളുംവാക്കുകളും
[illegible]പ്പുകാവിൽ
[illegible]ളിച്ചുകളെട
[illegible]വിക്കനാരം
[illegible]കനായ്
[illegible]മൂർത്തിവിശേഷം
[illegible]മൊഴിപ്പാൻ
[illegible]
[illegible]തിരുവടിയടിയങ്ങ
[illegible]ചെയ്തിട്ടില്ലെന്നാകിൽ
[illegible]വാൻ
[illegible]സംശയമില്ലും
[illegible]കഴിഞ്ഞതിലങ്ങൊരു
[illegible]പുനരുണ്ടായില്ലും,
[illegible]ബഹുമാനവുമില്ല;
[illegible]സഭയിൽ വരുമ്പോൾ
പരമാർത്ഥം പറയുമ്പൊഴിയൊന്നങ്ങ
പരനിന്ദാളികളനായില്ലതില്ലും;
പരിചോടുസന്തതമംബരതടിനീ
പുരിയിൽ വസിച്ചരുളീടിന ഭഗവാൻ
പരമാനന്ദമയാകൃതികൃഷ്ണൻ
പരദൈവതമടിയനാശ്രയം
നരപതികുലപതിലോകസുരപതി
നിരവധിഗുണഗണനിധിപതിനാളൻ
[illegible]ചമ്പകനാടാകുന്നൊരു
[illegible]തിലകാരമരത്താ
പരിജനപാലനപരിചയശീലൻ
പരിപാലിച്ചരുളീടുകധീശൻ
[illegible]ഗുണഗണമേറിയ
ധരണിസുരോത്തമനരുളുകമൂലം
സരസകഥാകഥനത്തിനൊന്നിപ്പോൾ
പെരുവഴിമാത്രംകാണ്മനായി.

കിള്ളിക്കുറിശ്ശിമഹാശിവചരണം പൂന-
തള്ളിലിരുന്നരുളുന്നു [illegible]
തുള്ളലിലുള്ളരസങ്ങളറിഞ്ഞവ-
രുള്ളംതന്നിൽ രസിച്ചീടേണം.
വെള്ളിച്ചുരികയിളക്കിപ്പലപല
പുള്ളിപ്പുലികടുവാമാനിഷാളിക-
ളുള്ളവനങ്ങളിൽ വേട്ടയുമാടി
പള്ളിക്രീഡാതല്പരനാകിന
തകഴിയിൽ വാണരുളീടിന ഭഗവാൻ
അകളങ്കാകൃതിയാം ഹരിഹരതനയൻ
സകലവരപ്രദനപ്രതിമാനൻ
സുകൃതിഗുണങ്ങൾ വരുത്തീടേണം;
കവിമാതാവേ! ദേവി സരസ്വതി!
കവിതാഭാവേ കാക്കരുളേണം,
സജ്ജനസഭയുടെ സുഭഗതചേർക്കാ-
ണിജ്ജനമൊന്നു പ്രയോഗിക്കുമ്പോൾ
ദുർജ്ജനമെങ്കിലുമതിനെക്കൊണ്ടൊരു

ഭൂഷണമൊരുവൻ ചൊല്ലുകയില്ല;
നല്ലജനങ്ങടെ സഭയിൽ ചെന്നാൽ
വല്ലതുമവിടെച്ചോളിതമാകും
മുല്ലപ്പൂമ്പൊടിയേറ്റുകിടക്കും
കല്ലിനുമുണ്ടാമൊരുസൌരഭ്യം
സുജനഗുണംകൊണ്ടുളവാകുംബഹു-
ജനവിശേഷംവരുമെന്നുള്ളതു
ജ്ഞാനാചാര്യംചൊല്ലാമായതു
പാമരരെല്ലാംകേട്ടറിയേണം.
"കസ്തൂരതനുമന്തരേണരണിതം
ഗാഹസ്പകാകസ്പക്ഷം
രാകാരാകരശേലിനമിഹ-
ത്പാംസമേഹേശകാകിലം;
രത്നാണീസ്ഥലവൈതീവനകദളിപി-
ചസ്ഥൂരികസ്ഥൂരികാം
നേപാളക്ഷിതിപാലമാലപതിതേ
പങ്കേനാശങ്കേതകഃ"
"നേപാളക്ഷിതിതന്നിൽവസിക്കും
ഭൂപാലന്റെവലിപ്പംപറവാൻ
പണ്ടൊരുകവിതക്കാരൻപദ്യ-
മുണ്ടാക്കിസ്തുതിചെയ്തതുകേൾപ്പിൻ
ചിത്രപിനദ്ധതയൊത്തിതന്മാൻ
കൊതിയേറുന്നൊരുകാക്കക്കോൾനി
ക്കൂരിരുൾപോലെകറുത്തശരീരം
ക്ഷമാധിപശ്രേഷ്ഠ! നിന്നെപ്പോലും
പരമാനന്ദംകേൾക്കണ്ടോർക്കു
മനസ്സിലില്ലാതൊരുസൌഖ്യമിതാണീ
കസ്തൂരിക്കുരുകൾക്കൊരുനാരം
ചുണ്ണാമ്പുറൊമ്പുതരപ്പുളപോലെ
മുറിയാതൊരുതേനാവികൾ
മരുവുന്നാകിൽനിനക്കിതുകാമ്യ,
പേരതുമിട്ടൊരുപൂണമുണ്ടായ്വരു-
മതുതാനിതുപാകപ്പുസ്വവോതാൻ
കയിലുംകാക്കകളെന്നിയെന്നു
നേരറിയില്ലതിനാലേക്കംബേദം
നാമംകൊണ്ടേനിങ്ങളുതമ്മിൽ
ഭേദമതുള്ളു വല്ലിഭോഷ്ഠവോ!
പാലിന്നഗ്രേചെന്നുവസിച്ചാൽ
കാകൻതിരുമേകോകിലമാകും;
കാണികൾനിന്നെക്കയറിൽക്കയറിട്ടൊരു
നാണിയമുണ്ടുനടത്തിക്കൊള്ളും
അങ്ങനെതുപരമൊന്നൊരുസംശയ-
മെന്നാൽതിൽപുനരെണ്ണിക്കണ്ടാൽ.
നേപാളക്ഷിതിതന്നിൽവസിക്കും
ഭൂപാലന്റെലലാടന്നിൽ
ചെറുപിരണ്ടുകളെലക്കുവില-
യേറില്ലാത്തൊരുകസ്തൂരിക്കറി,
ഏതുമല്ലാതൊരുജന്മാക്കും,
തനിക്കില്ലവിചാരിക്കുമ്പോൾ;
കാക്കക്കണിയുംതിരുനെറ്റിക്കൊരു
പങ്കംപിരൾവാനെന്തവകാശം?

ശങ്കരശിവ!ശിവ!ചേരാത്തുള്ളൊരു
ശങ്കിച്ചവനൊരുബാധക്കാരൻ;
ഏറെപ്പോന്നുജനങ്ങടെപാലയ
ചേരുന്നുള്ളതിനെന്തവകാശം?
ചതിയെന്നുള്ളൊരുദോഷംപോലും
കളിയായ്വിപ്പറവാനുംമേലാ;
ജളനെന്നാലുംധനലാഭംകൊ-
ണ്ടുളവാകുംഗുണമെന്നിതിനർത്ഥം"
ശാസ്ത്രങ്ങൾവ്യാകരണംസൂത്രങ്ങൾനല്ലതർക്ക-
വാദങ്ങൾപിന്നെധർമ്മശാസ്ത്രങ്ങൾപുരാണങ്ങൾ
വേദംഗണിതംജ്യോതിഷംചികിത്സാഗ്രന്ഥ-
ഭേദംശാസ്ത്രവിദ്യാവിനോദമിനിയവകളും
ആട്ടംകൂത്തുകൾപിന്നെപാട്ടുംഞാണിന്മേലേറി
ഓട്ടംതുള്ളലുംപലകൂട്ടംഗ്രഹിച്ചവനും
കോട്ടംകൂടാതെകവിക്കൂട്ടംചമച്ചുണ്ടാക്കി
വാട്ടംകൂടാതെവിദ്വൽക്കൂട്ടങ്ങൾബോധിപ്പി-
[പ്പോൻ
കഷ്ടമെളുതല്ലെന്നതൊട്ടുംസംശയംകണ്ടാൽ
മുട്ടമെന്നസ്സുപാരംചുട്ടുപഠിച്ചതെല്ലാം
വിട്ടുപോമത്രയല്ലാകിട്ടുംപരിഹാസങ്ങൾ;
കെട്ടുംകവികൾചിലർകെട്ടുംപ്രയോഗിക്കുമ്പോൾ
തട്ടുംമേലോരുന്നോരംതട്ടമവർക്കെന്നേ
ഇഷ്ടംചിലർക്കില്ലെന്നിട്ടുവെടിക്കുംതാനും;
ഇതുംവിചാരിക്കുമ്പോളിത്തൊഴിലെളുതല്ലാ
ചിതംഗ്രഹിക്കുന്നവരിൽനിത്യമുറപ്പിക്കുന്ന
സത്തുകൾക്കൊരുഭാഗ്യമെത്തുമെന്നതേവേണ്ടൂ.
ഉലകുടെപെരുമാൾവാഴുംകാലം
പലകുടിയില്ലധരിത്രിയിലെങ്ങും
വിലപിടിയാത്തജനങ്ങളുമില്ല,
ചെലവിടുവാൻമടിയൊരുവനുമില്ല,
തലമുടിചാടിയുംപല്ലുംമുഖവും
മുലയുംകണ്ടാലഴകില്ലാത്തൊരു
പാമിഴിമാരിലൊരുത്തരുമില്ല,
മലയാളംപരദേശങ്ങളിലും;
സ്ഥലമില്ലാത്തഗൃഹങ്ങളുമില്ല,
ജലമില്ലാത്തകുളങ്ങളുമില്ല,
ഫലമില്ലാത്തമരങ്ങളുമില്ല,
ഫലമില്ലാത്തകവിവാക്കുമില്ല,
ശാന്തിയില്ലാത്തമഹീസുരരില്ല,
ശ്രുതമില്ലാത്തനരന്മാരില്ല,
ചോറില്ലാത്തകൃഷിക്കാരില്ല,
ചാർത്തില്ലാത്തധനവ്യയമില്ല;
ഉള്ളുപറഞ്ഞുനടക്കുന്നവരും,
കള്ളുകുടിച്ചുമുടിക്കുന്നവരും,
പൊള്ളുപറഞ്ഞുഫലിപ്പിപ്പവരും
ഉള്ളിലസൂയമുഴുക്കുന്നവരും,
കള്ളന്മാരുംകൊള്ളജാതികൾ
ഉള്ളൊരുദിക്കുകൾകാണ്മാനില്ല;
എള്ളുംനെല്ലുംപൊന്നുംപണവും
എങ്ങുമൊരേടത്തില്ലാതില്ല;
ഉത്തമഗുണനാമുലകുടെപെരുമാൾ

ഇത്തരമവനിസുഖത്തെവെടിഞ്ഞി
പത്തനസീമനിപരമാനന്ദം
സപ്രസ്ഥതയോടുവസിക്കുംകാലം,
ശാസ്ത്രിബ്രാഹ്മണനൊരുവൻവന്നഥ
ശാസ്ത്രമൊരല്പംവായിച്ചമ്പൊടു
ധാത്രീശ്വരനെബോധിപ്പിച്ചതു-
മാത്രംഞാനിഹകഥനംചെയ്യും.
ശ്രീമദ്ധസ്തിനനഗരശിരോമണി!
സോമകുലാംബുധിപൂർണ്ണശശാങ്കൻ,
ഭൂമിപുരന്ദരനായയുധിഷ്ഠിര
ഭൂമിപനടവിയിലാദരവോടെ
ഭീമാദികളുമവരജരോട്ടും
കാമിനിയാകിയദ്രൗപദിയോട്ടും
ആ മുനിമാരുടെവേഷംപൂണ്ടഥ
യാമിനിതന്നിലുറക്കമിളച്ചു
“രാമഹരേവരദേ”തിമുദാനിജ
നാമജപങ്ങൾമുടങ്ങീടാതെ
ആമയഹരരുചിതീർത്ഥജലങ്ങളി-
ലമലന്മാരായിനടന്നു;
കൈതവരഹിതന്മാരവർസുഖമൊടു
ദ്വൈതവനത്തിലിരിക്കുംകാലം
കൈതവമിയലുംകുരുകുലപതികൾ
ചെയ്യുന്നകള്ളച്ചൂതുനിമിത്തം
[illegible]താകിനവൈരമൊഴിപ്പാം-
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]ക്ഷത്രിയവരവുംവാങ്ങി
[illegible]വരേണം[illegible]
[illegible]പോട്ടപ്പോകെ[illegible]ചെയ്യിടിന
[illegible]ത്തെക്കേട്ടഥവിജയൻ
[illegible]നവുംചെയ്തുകരത്തിൽ
[illegible]പ്പിച്ചുമെടുത്തുതിരിച്ചു
[illegible]ഗാണ്ഡീവംബാണങ്ങളൊന്നൊഴി
[illegible]കളിൽചെന്നുകരേറി
[illegible]സലിലേമുഴുകി
[illegible]
[illegible]നാമം
[illegible]
പഞ്ചാഗ്നികളുടെനടുവിലനാരത-
[illegible]കണ്ടവിടെ[illegible];
പഞ്ചാനനസമധീരനതാകിന
പഞ്ചാലീപതിപാണ്ഡുതനൂജൻ
പഞ്ചേന്ദ്രിയവുമടക്കിമനസ്സിൽ
സഞ്ചാരത്തിനുവഴികൾമുടക്കി
ചഞ്ചലഭാവവുമഖിലമകന്നക-
ഞ്ചലയുഗളംമുകളിതമാക്കി;
കിഞ്ചനസംശയമടികൂടാതെ
നെഞ്ചിലുറച്ചുശിവോഹമതെന്നു്
സഞ്ചിതമാംപരിശുദ്ധജ്ഞാനവു-
മഞ്ചിതമാകിനശിവനുടെരൂപം
അഞ്ചുംമൂന്നുംമൂർത്തികളുള്ളൊരു
സഞ്ചിതഗുണനാമഖിലേശ്വരനുടെ
ചെഞ്ചിടമുടിയുംനിടിലത്തടവും
സഞ്ചിതപാവകനേത്രത്രയവും
ചഞ്ചലഫണിമണികുണ്ഡലയുഗവും
പുഞ്ചിരിതഞ്ചിനതിരുമുഖവടിവും
ഗരളസ്ഫുരിതമഹാഗളതലവും
പരിലസിതംഫണിതതിമാറിടവും
പരശുമൃഗാഭയവരമെടുത്തുടി
ശരശൂലാഞ്ചിതകരനാളികയും
കരിചർമ്മാവൃതവികടകടീതട
പരിലസിതോരഗമണിമേഖലയും
പരിമൃദുതുടകളുമടിമലരിണയും
പരിചൊടുചേതസിചേർത്തുകിടീടി
പരമാനന്ദസമുദ്രേമുഴുകി
പരമേശ്വരനാമമെന്നുമുറപ്പി-
ച്ചുരുതരഭക്തിമുഴുത്തുമുനീശ്വര-
ചരിതത്തെക്കാളൊന്നുകവിഞ്ഞു;
ഫലമൂലാദികൾഭക്ഷണമില്ലാ,
ജലപാനത്തിനുമാഗ്രഹമില്ലാ
നിലമതിലൊരുകാലൂന്നിക്കൊണ്ടൊരു
നിലയുംനിഷ്ഠയുമെത്രസുഘോരം!
വലരിപുസുതനുടെജടയുടെനടുവിൽ
പലപലപക്ഷികൾകൂടുകൾകെട്ടി;
കലപുലിപന്നികളെന്നിവവന്നു,
പലരുംചെന്നുവണങ്ങീടുന്നു:
ചുറ്റുംവള്ളികൾവന്നടനിടയിൽ
ചുറ്റുന്നതുമവനറിയുന്നില്ലാ
പുറ്റുചുഴന്നുകിളുർത്തിതുകാലേ,
ചുറ്റുന്നതുമവനറിയുന്നില്ലാ;
ചുറ്റുംപാമ്പുകൾവന്നുനിറഞ്ഞു,
മുറ്റുംജീർണ്ണമരത്തെച്ചമഞ്ഞു:

ചന്ദ്രക്കലാധരന്റെസാന്ദ്രമാംസേവചെ- [യ്യുന്ന
ചന്ദ്രപ്രതിമൻവീരൻസാന്ദ്രപ്രസാദത്തോടേ,
അന്നുള്ളചങ്ങലകളഞ്ചുംവെവ്വേറെയാക്കി,
ആറിൽകടന്നുപിന്നെയേഴിലുമാഗ്രഹത്തോടേ,
എട്ടുള്ളപെട്ടകങ്ങളൊട്ടുംതുറന്നുവച്ചു,
ഒൻപതാംവാതിലപ്പോൾബന്ധനംചെയ്തുധീരൻ
പത്തുള്ളദിക്കിൽകൂടെചേർത്തുംസഞ്ചാരംചെയ്തു
ആയിരമിതളുള്ളതാമരയിതൾപാല-
[illegible]ംഗംപൊന്നുപലട്ടുംഭിക്കയുമുള്ളൊരു
പിംഗലയിടത്തിൽപിന്നെസുഷുമ്നതന്നിൽ
[illegible]ടെന്നുപിന്നെ[illegible]നാഡികളും,
ജിഹ്വാഗ്രബന്ധത്തിന്റെഅഗ്രംകടന്നുവീരൻ
സൂര്യന്റെദിക്കിൽചെന്നുസൂര്യപ്രതിമൻധീരൻ
പഞ്ചാരപ്പായസങ്ങൾകുടിക്കലുറ്റിട്ടുള്ള
തഞ്ചാതെസേവചെയ്തപായസപ്രിയസഖൻ

അത്രഭയങ്കരമായതപസ്സിന്ന
പാത്രമതാകിയപാർത്ഥൻതന്നുടെ
വാർത്തകൾകേട്ടുമഘവാസവനുള്ളിൽ
ചീർത്തൊരുഭീതിമുഴുത്തുതുടങ്ങി.
പാർത്ഥൻദിവവരനിവനെന്നുടെരാജ്യം
പാർത്തിരിയാതെകരസ്ഥമതാക്കും
പാർത്ഥിവമാകെയടക്കിസുയോധന-
നോർത്താലിനിയതുവരുമൊന്നല്ലും,
സപത്നരശേഷമതാക്കാമെന്നൊരു
ദുർഗ്ഗ്രഹമുന്നമതേകന്തുടങ്ങി,
ദുർഗ്ഗനെവന്നതപസ്സും തുടങ്ങി,
ദുർഗ്ഗതിതീർക്കുമെന്നുമുറച്ചു;
തൻകഴൽവന്നുവണങ്ങുന്നവരുടെ
സങ്കടമൊക്കെയൊഴിക്കണമെന്നു,
ശങ്കരനൊന്നുകടാക്ഷിക്കുമ്പോൾ,
കിങ്കരരാമ്പുരമിന്ദ്രാദികളെല്ലാം;
നിർജ്ജരരാജൻവീഴ്ചിനിമേൽ
അർജ്ജുനനിഹ ഞാൻവാളുക കൊണ്ടു
അച്ചുതനരികിലിരിക്കവേണ്ട
വെച്ചുള്ളോപൊളെന്നാഗിരീശൻ
കല്പിച്ചുകിലൊരാനൊന്നല്ലാം-
തിപ്പുരിഷമ്യൂന്നരിയാമേ?
ഉരത്തൊഴിലൊക്കെവരുത്തുംനമ്മുടെ
പുത്രൻമൽഗ്ഗുണനെത്രസമർത്ഥൻ!
ധനാധനമുള്ളതുമോഹിക്കുമ്പോൾ,
വിനയമൊരുത്തനുമില്ലിഹനൂനം
തനയൻജനകനെവഞ്ചനചെയ്യും
ജനകനതനയനെവധവുംചെയ്യും
അനുജൻജ്യേഷ്ഠനെവെട്ടിക്കൊല്ലും
മനുജന്മാരുടെമർത്ത്യമിതെല്ലാം
കനകംമൂലംകാമിനിമൂലം
കലഹംപലവിധമുലകിലനേകം;
ഉഗ്രതപംകൊണ്ടുഗ്രതരാക്ഷന്മാരാമജ-
നഗ്രജനാകിയധർമ്മാത്മജനുടെ
നിഗ്രഹമല്ലാതുള്ളൊരുതൊഴിലുക-
ളൊക്കെയെടുത്തുനടത്തുമലച്ചും
പലതരംകാണിച്ചെട്ടോപടിതന്നുടെ
തലമുടിപിടിപെട്ടിഴിയുംക്കുട്ടി
സാടിതിരിപൊളിച്ചുംപുടവയഴിച്ചും
പൊടിയിലിഴച്ചുംപൂജകഴിച്ചും
ദുശ്ശാസനനെന്നവനെപ്പോലെ
കശ്മലനായിട്ടൊരുവനുമില്ലാ;
മദ്യംമദ്ധ്യനടക്കണമെന്ന
ദുരിതംയാധനനൊരുവൻവ്യർത്ഥമില്ല;
ജ്യേഷ്ഠാനിരിക്കെക്കരവംശത്തിൽ
ജ്യേഷ്ഠൻതന്നെന്നവനുടെഭാവം,
ജ്യേഷ്ഠനെനാട്ടിൽകണ്ടെന്നാകിൽ
ചേട്ടകൾതല്ലിപ്പല്ലുപൊഴിക്കും;
നാട്ടുംനഗരവുമൊക്കെവെടിഞ്ഞിഹ
കാട്ടിൽവാണവസിച്ചയുധിഷ്ഠിരൻ
അവനുടെതമ്പിധനഞ്ജയനിപ്പോൾ
ശിവനെഭക്ത്യാവന്നുടങ്ങിപ്പതുകേ;
ഭുവനംമൂന്നുമടക്കിവസിപ്പാ-
നവനുണ്ടാഗ്രഹമതുസാധിക്കും
ശിവനുംപിന്നെസേവിപ്പോരെ
ശിരസികരേറാനൊന്നുമടിയില്ലം;
കുടിലതയുള്ളൊരുചന്ദ്രകലയെയും,
മുടിയിലെടുത്തുനടക്കുന്നില്ലേ?
ഭുവനദ്രോഹംചെയ്യാനായി
ശിവനെഭജിച്ചസുരന്മാർമിത്രം,
ഭവനംമൂന്നുചമച്ചപുരന്മാർ
ഭുവനംമൂന്നുംഭസ്മമതാക്കി;
നമ്മുടെമകനെന്നാകിലുമിങ്ങനെ,
നിർമ്മര്യാദംഭാവിച്ചാലതു
സമ്മതമല്ലനമുക്കൊരുനാളും
തന്മതഭംഗംചെയ്തേപോരു.
തള്ളയ്ക്കിട്ടൊരുതല്ലുവരുമ്പോൾ,
പിള്ളയെടുത്തുതടുക്കേയുള്ളു;
തനിക്കേറ്റംപ്രിയമുള്ളജനത്തിന്
തന്നുടലിനുപിറന്നതുപോലും;
വല്ലാമക്കളിലില്ലാമക്കളി-
തെല്ലാവർക്കുംസമ്മതമല്ലോ
എന്നുമനസ്സിലുറച്ചുടനേസുര-
സുന്ദരിമാരെവിളിച്ചുവരുത്തി;
"സുരകുലതരുണമനോഹരമാകിയ
സുരുചിരതരുണീതിലോത്തമയെങ്ങു?
ഉർവശിയെങ്ങു? മേനകയെങ്ങു?
സർവ്വഗുണംബുധിരംഭയുമെങ്ങു?
സർവരുമിങ്ങുവരട്ടേനിങ്ങടെ
സാരസ്യാംശിഗുണങ്ങളെന്തെങ്ങികൾ
പാരാതൊരുമിക്കാട്ടുണമെങ്കിൽ,
സംഗതിവരുമൊരുപുരുഷന്റെവ്രത-
ഭംഗംചെയ്യാനൊരുവഴിയുണ്ടാം;
നമ്മുടെമകനാമർജ്ജുനനിപ്പോൾ,
മന്മഥഹരനെസേവതുടങ്ങി,
നമ്മുടെരാജ്യമടക്കിവസിപ്പാ-
നെന്മകനുള്ളിലൊരാശതുടങ്ങി;
ഭക്തപ്രിയനാംഭഗവാനും പുന-
രൊത്തവരങ്ങൾകൊടുക്കുംനിയതം;
സത്വരമവനുടെചിത്തമിളക്കാ-
നിത്തിരിപണിയെന്നാകിലുമുടനേ,
ചെന്നതുസാധിച്ചില്ലെന്നാൽപുന-
രെന്നുടെപൗരുഷമൊക്കെനശിക്കും,
ഉല്ലാസത്തോടേനിങ്ങളെല്ലാമവിടെച്ചെന്നു
വില്ലാളിവീരനോടുസല്ലാപംചെയ്തുകൊണ്ടു
മല്ലീവിശിഖനുടെവില്ലിനെതിരായുള്ള
ചില്ലീവിലാസംകൊണ്ടുതല്ലിവശംകെടുപ്പിൻ
കല്ലോലംപോലെയുള്ളനല്ലൊരുകൺമുനകൾ
മെല്ലെന്നവന്റെനേരെചെല്ലുന്നനേരമുള്ളിൽ
തെല്ലുംവികാരമുണ്ടായില്ലെന്നുവരത്തില്ലാ;
മുല്ലമൊട്ടിന്റെഭംഗിവെല്ലുംനിങ്ങടെനല്ല
പല്ലുംചൊടിയുംമിഴിതെല്ലുംകാണുന്നനേരം

കല്പമെയങ്ങളിപ്പോമെന്നല്ലേജഗൽപ്രസിദ്ധം;
കില്പനമുക്കുചെറവുംഇല്ലിതുനിങ്ങളെങ്ങു
ചൊല്ലുന്നതാമസമതല്ലാത്തമററൊന്നില്ല;
നല്ലാർമണികൾനിങ്ങളല്ലാതിന്നൊരുത്തരു-
മില്ലാനമുക്കെന്നുള്ളതെല്ലാരുംബോധിക്കേണം;
വല്ലാതെശങ്കിച്ചിങ്ങുനില്ലാതെചെന്നാട്ടത്തു
നല്ലകടാക്ഷംകൊണ്ടുകൊല്ലാക്കൊലചെയ്യേണം;
നല്ലപാട്ടുകൾക്കൂത്തുമെല്ലാംപ്രയോഗിക്കുമ്പോൾ,
നല്ലരസികൻപാർത്ഥൻമെല്ലവേകണ്ണിഴിപ്പൂ;
കല്യാണിമാരെക്കണ്ടാലില്ലാതെയാകുംധൈര്യം,
ചൊല്ലാമന്നേരംകാര്യമെല്ലാംനമുക്കുവന്നു".
ഏവമരുൾചെയ്തൊരുദേവാധിരാജന്റെ
ഭാവമറിഞ്ഞുടനെദേവസ്ത്രീകൾപറഞ്ഞു
"നിന്തിരുവടിയുടെചിന്തിതംസാധിപ്പിപ്പാൻ
ദന്തിഗാമിനിമാർക്കെന്തുസന്ദേഹംനിന്റെ
അന്തികേസർവകാര്യംസാധിച്ചുപോരുംഞങ്ങൾ.
ചെന്തീയിൽചെന്നുചാടിനിന്തിടാൻകല്പിച്ചെ-
[ന്നാൽ
ഹന്തരംഗത്തിലേതുംഅന്തരമില്ലതിനു
കുന്തീസുതന്റെചിത്തഭ്രാന്തിവരുത്താനൊരു
ചന്തികൾനിരൂപിച്ചാൽസാധിക്കുന്നതുമല്ല;
എന്നുവരികിലുമതിനുമടിക്കൂടാതെ
ചെന്നുസാധിച്ചുപോരുമെന്നുധരിച്ചീടേണം,
കിന്നരഗാനംകൂടപ്പെട്ടിന്നാലെപോന്നീടേണം,
[illegible]മുന്നിൽനടന്നീടേണം;
[illegible]ചൊന്നവരം
[illegible]"എന്നുചൊല്ലി,
കണ്ണിണ[illegible]പോലെ,
[illegible]ച്ചുപുറപ്പെട്ടു[illegible];
സുരതരുണികളങ്ങുനടന്നു,
സുരഗിരികടകങ്ങൾകടന്നു,
[illegible]വചനങ്ങൾതുടർന്നു,
[illegible]ചൊട്ടമനമൊന്നുവിടിർന്നു,
[illegible]ണിജനങ്ങടെതലമുടി
[illegible]ഴികയും,മലർപൊഴികയും,
[illegible]മ്പാടുവിലസുകയും,
ഹരിസുതനുടെമുന്നിലടുത്തു,
കരതലമതിൽവീണയെടുത്തു,
സരസിജശരനൊന്നുകയർത്തു,
പരിചൊട്ടമലരമ്പുതൊടുത്തു,
വിധമെന്നുപകൻവിളങ്ങിനകാലം,
പുലികരടികളുംകുറുനരികളും
[illegible]മാങ്കൾപന്നികളും
[illegible]ച്ചുകിനടന്നുമടങ്ങി,
[illegible]തടമൊന്നുതുടങ്ങി
[illegible]പുനരെക്കെയടങ്ങി,
[illegible]ഴികളുമൊക്കെമടങ്ങി,
[illegible]ന്ദരിമാരതലമലംഹരിബലഹരി
[illegible]പാട്ടുകയുംചിലരാടുകയും,
[illegible]വീണകളോതുകയും,
[illegible]മിഴിയുടെഭംഗിവരുത്തി,
തെളിവൊട്ടചിലർച്ചൂതുനിരത്തി,
കളിപുതുമതുടങ്ങിയൊരുത്തി,
കളമൊഴികളെമുന്നിലിരുത്തി,
കനിവൊട്ടതുമന്നിതുപട്ടുതര-
മൊരുവകതാളവും,ചിലമേളവും,
ചിലകൊട്ടുകൾപാട്ടുകളും
ഒരുകാമിനിയവററിലതെവുത്തു,
ഒരുസുന്ദരിപുഷ്പമറുത്തു,
ഒരുവൾക്കഥപാതികൊടുത്തു,
ഒരുവൾക്കതുകണ്ടുവെറുത്തു,
ഒരുവൾക്കഥമുഞ്ഞികറുത്തു,
പലഭാവവുമിങ്ങനെകാട്ടുന്നു,
കനിയുന്നുകാട്ടുംപലരും
സുരതരുണികളങ്ങനെതളർന്നു,
നരവീരനെമാടിവിളിച്ചും,
സരസംപുനരൊന്നുകളിച്ചും,
വിരവോടൊരുദിക്കിലൊളിച്ചും,
ചിലരമ്പൊടുനെററിചുളിച്ചും
കലഹിച്ചുപറഞ്ഞിതു,
കൊട്ടിനുംപാട്ടിനുംകഴലൂത്തിനും,
ഒട്ടുംവിജയ,നിനക്കുരസമില്ലേ?
അതിമോഹനമെന്നുടെയാനം,
അതിമോഹനമെന്നുടെഗാനം,
ചിതമല്ലിതുനിന്നുടെമാനം,
അതിലൊക്കെനിനക്കഭിമാനം;
ഇതിനെന്തൊരുസംഗതികണ്ടാലുംകളിയല്ലേ?
തങ്ങൾമിഴിമാരെയശേഷമിഹവന്നു,
തവകണ്ണുകളൊട്ടുതുറക്കൂ!,
നവലീലമനസ്സിലുറക്കൂ!,
ശിവസേവയിലാശകുറക്കൂ!,
അവമാനമിതൊക്കെ,നിനക്കൂ!,
നരവീരധനഞ്ജയവന്നാലും!വിരവോടേ;
വാമാക്ഷിമാരെവിരഞ്ഞിങ്ങുവിഹരിക്കാം.
വല്ലഭ,നാരിമാരെക്കണ്ടാൽ
നല്ലവാക്കുപറഞ്ഞിടേണം,
മുല്ലസായകതുല്യനാകിയ
നല്ലസുന്ദരനല്ലയോനീ
കുന്തീനന്ദനനായഭവാൻ
എന്തിനിങ്ങനെദുഃഖിക്കുന്നു?
പന്തണിക്കുളുർകൊങ്കമാരുടെ
ചന്തമമ്പൊടുകണ്ടാലുംനീ,
കണ്ണുകളായിരമുള്ളവനും
കണ്ണനുംപ്രിയനായഭവാൻ
കണ്ണടച്ചുതപസ്സിലുള്ളൊരു
പെണ്ണുങ്ങൾക്കതിഖണ്ഡമല്ലേ!
ഖാണ്ഡവത്തെക്കരിച്ചവനെ,
ഗാണ്ഡീവത്തെധരിച്ചവനെ,
പാണ്ഡവകുലപാണിമാരുടെ
താണ്ഡവങ്ങളെക്കണ്ടുകൊൾക!;
വാശിയൊന്നുംതുടങ്ങാതെ
വേശ്യമാരെപരിഗ്രഹിക്ക

ഈശസേവയിലാശവേണ്ടന്നു
രേശനന്ദന, ക്ലേശമല്ലോ!.
　ഇങ്ങനെപലവിധമുരചെയ്തുപുരു-
രംഗജശരതതിയേറുവലഞ്ഞും
അംഗനമാരവർചെയ്തൊരുയത്നം
ഭംഗമതായിമനസ്സുംമുട്ടി;
അഥഫല്ഗുനഭാവസമാധിയുറപ്പി-
ച്ചവിടെസ്ഥിതനാമർജ്ജുനവീരൻ
ഇക്കഥയൊന്നുമറിഞ്ഞതുമില്ലവ-
നുൽക്കടധൈര്യപയോധിഗഭീരൻ;
അർജ്ജുനമാനസബാധമഴിപ്പാൻ,
ഇജ്ജനമോർത്താലെളുതല്ലെന്നിഹ
നിർജ്ജരനാരികളെല്ലാംതരസാ,
ലജ്ജിതമാരായങ്ങുനടന്നു;
ഹസ്തിനപുരമതിലൊരുകാലംപല-
രൊത്തുവിചാരവുമൊന്നുണ്ടായി;
കാട്ടിലിരിക്കുംധർമ്മജരോടെ
പാട്ടിലിരിക്കുംബ്രാഹ്മണർചൊല്ലി-
ക്കേട്ടുവിശേഷംദുര്യോധനനും;
കൂട്ടക്കാരുംകുരുസഭതന്നിൽ
മന്ത്രികളുംയജമാനന്മാരും
യന്ത്രികളാകിനകുന്ത്രൻശകുനി,
"അന്തണവരരെ, കാട്ടിലിരിക്കും
കുന്തീസുതരുടെവാർത്തകൾപറവിൻ!
നാട്ടിലവർക്കുപുരസ്ഥിതിയെക്കാൾ
കാട്ടിൽചെരുകിനപാരമാനാം;
കാററിനകരുടെകായമതിപ്പോൾ
കാററുംമഴകളുമേറ്റുവലഞ്ഞു;
കൊററിന്നുവകയില്ലാഞ്ഞിട്ടൊരു
കൊററിപ്പക്ഷികണക്കെമെലിഞ്ഞു,"
"കൊററിന്നുവകയില്ലെന്നോ? ശിവശിവ!
മാററികൾനിങ്ങൾക്കെന്തറിയാവൂ
ഊററക്കാരെക്കൊരിടത്തുംചെന്നാൽ.
ഊനംവരുമാറില്ലെന്നറിവിൻ!
ഫലമൂലാദികൾവളരെതിന്നാം
മലയിലതല്ലാതെന്തോന്നുള്ളു
ഫലമില്ലാത്തവിഷാദംകൊണ്ടിഹ
കലഹിക്കുന്നതുമെന്തിനുവെറുതേ?
കറിനാലുംകൂടാതൊരുഭക്ഷണ-
മറിയുന്നില്ലവനങ്ങളിലെങ്ങും
"കറിവെപ്പാനെന്തുള്ളതുകാട്ടിൽ?
ചീരകിനുമാത്രംമുട്ടില്ലവിടെ;
അരിയുംമോരുംപാത്രവുമിവക-
യൊരുവസ്തുക്കളുമവിടെക്കിട്ടാ,
കൂറുപറഞ്ഞാൽബോധംവരുമോ?
ചോറുണ്ണുന്നവരുണ്ടോകാട്ടിൽ?
ചോറുതരുംയജമാനന്മാരിൽ
കൂറുണ്ടായതുകാരണമതല്ലേ"
"കാര്യംപറയാമറിയണമെങ്കിൽ.
സൂര്യനവർക്കൊരുപാത്രംനൽകി;
എന്തൊരുവസ്തുനിരൂപിച്ചെന്നാൽ
അന്തരമില്ലതിലുണ്ടാമപ്പോൾ!
അരിയുംവേണ്ടാവിറകുംവേണ്ടാ,
കറിവെപ്പാനായൊന്നുംവേണ്ടാ,
ഉപ്പുംവേണ്ടാമുളകുംവേണ്ടാ.
വെപ്പാനുള്ളവരാരുംവേണ്ടാ
നിരൂപിക്കുമ്പോൾചോറുംകറിയും
പരിചൊടുപാത്രംതന്നിൽകാണാം
എലയുംമോരുംപഴവുംതൈരും,
ചെലവഴിയാതങ്ങവിടെക്കാണാം"
　"തോരൻപരിപ്പുചാറുംചീരക്കറിയുമിഞ്ചി-
ത്തൈരുംപച്ചടിയതിൽചേരുംവേപ്പിലകട്ടി,
നാനാതരങ്ങളാചിലനേരംനറുപ്പാടിങ്ങനെ
ഓരോദിവസമോരോരോഘോഷംവിശേഷിച്ചുണ്ടാം
കുന്നുംപഴവുംപൊന്നിൻകിണ്ണംനിറച്ചുപാലും
വെണ്ണയുമല്ലചാറുമുണ്ണാതെപോകുന്നോന്തോ?
പൊണ്ണാവന്നാലുമെന്നാവണ്ണംവിളിക്കുംഭീമൻ
തിണ്ണംവഴിമേൽവന്നുകണ്ണിൽകണ്ടോരെയെല്ലാം
ചക്കപ്രഥമനൊടുവക്കാണിക്കുന്നവരെ
തക്കത്തിൽവിളിച്ചിലവെക്കുന്നുഭീമസേനൻ
ഒക്കെപ്പറവതിനുവാക്കിനുഭംഗിപോരാ;
പാക്കിനുംവെററിലക്കുംചുക്കുപുകയിലക്കും
ആക്കംഭക്ഷിച്ചിലില്ലപാക്കംപരിഷകൾക്ക
ഭോഷ്ക്കല്ലവിടെയുള്ളസൌഖ്യത്തിനെതിരില്ല.
　സമ്പത്തിക്കല്യാപത്തിക്കല്യ-
മെമ്പത്തെട്ടുസഹസ്രംബ്രാഹ്മണ-
രെപ്പൊഴുമവരൊടുകൂടിനടക്കു-
തില്ലൊരുമൈന്നൊരുഭാഗ്യംവേണ്ടൂ.
ഇപ്പോളർജ്ജുനനവിടെയില്ലാ
അല്പംനീരസമതുകൊണ്ടുണ്ടു്."
"എങ്ങുഗമിച്ചുഫല്ഗുനനിപ്പോൾ?"
"നിങ്ങളതൊന്നുംബോധിച്ചില്ലേ?
പാരാശര്യൻവന്നുരചെയ്തു;
പാരാതേകണ്ടർജ്ജുനനിപ്പോൾ,
മാരാന്തകനുടെചരണാംഭോരുഹ-
മാരാധിച്ചുതപംചെയ്തുടനേ,
പശുപതിതന്നൊടുപാശുപതാസ്ത്രം
ശരവുംവാങ്ങിശത്രുജയത്തിനു
വരവുംവാങ്ങിവരണംവിജയൻ,
അല്ലാതേകണ്ടരികളെയെല്ലാം
കൊല്ലാനെളുതല്ലെന്നുരചെയ്തു;
തെല്ലുംമടികൂടാതേപാർത്ഥൻ
വില്ലുംശരവുമെടുത്തുതിരിച്ചു
കൈലാസാചലമൂലേചെന്നഥ
കാലാന്തകനെസ്സേവതുടങ്ങി;
ശരവുംവാങ്ങിക്കൊണ്ടുധനഞ്ജയ-
നൊരുമാസത്തിനകത്തുവരുമ്പോൾ
കുരുവംശത്തെമുടിപ്പാനുള്ളൊരു
പെരുവഴിയാമെന്നൊരുസംശയമില്ലാ,"
　അന്തണരുടെമൊഴികേട്ടുസുയോധന-
നന്തസ്താപംവളരെമുഴുത്തു;
കൗന്തേയന്റെതപസ്സുമുടക്കു-

നെന്തൊരുശങ്കസ്ഥിതിവിചാരിക്കേണ്ടു?
അമ്മാവന്റെപ്രയത്നമതെന്യേ
നമ്മാലൊരുകഴിവില്ലെന്നറിവിൻ
ധർമ്മാത്മജനുംസഹജന്മാർക്കും
ദുർമ്മാനംപകയില്ലെന്നല്ലവർ
സമ്മാനങ്ങളുമങ്ങുതുടങ്ങി
സമ്മോദത്താൽമരുവുന്നിതുപോലും
നിർമ്മാനുഷവിപിനത്തിലിരുന്നവർ
ധർമ്മംചെയ്തുതുടങ്ങീതുകൊള്ളാം;
അതിനെക്കാളൊരുദുർഘടമിപ്പോൾ
അതിയായിട്ടുനമുക്കുലഭിക്കും:
ഹരനെച്ചെന്നുതപസ്സുചെയ്തൊരു
ശരവുംവാങ്ങിവരുമ്പോൾവിജയൻ
കുരുവംശത്തെമുടിപ്പാനുള്ളൊരു
പെരുവഴിയാമെന്നുസംശയമില്ലാ"
ചീരതൻശകുനിപറഞ്ഞൊന്നപ്പോൾ
"മരുമകനേനീഖേദിക്കേണ്ടാ
നമ്മുടെകൂട്ടിൽപ്രാണനിരിക്കെ
ധർമ്മജനിവിടെവരത്തില്ലുണ്ണീ,
മർമ്മംനോക്കിക്കൊണ്ടുചതിപ്പാൻ
നമ്മെപ്പോലൊരുമാനുഷനില്ലാ;
മൂതലതലപോകാതെയിരിപ്പാൻ
മരുമകനെ, ചിലവിദ്യയെടുക്കാം
ആരുതികെട്ടുപ്പാൻകൂടില്ലെങ്കിൽ
[illegible]
[illegible]
[illegible]
[illegible]
മാതുലനോടുവിരുതുണ്ടോ[illegible]"
കണ്ണുമരുമകനോട്ടൊന്നുപറഞ്ഞു —
"[illegible]സുഖംപെറകല്ലനരേന്ദ്രാ!
പൊട്ടന്മാരതിചോരിൽമടങ്ങും
അണ്ണൻധർമ്മജനങ്ങനെതന്നെ
[illegible]കൾനകുലൻസഹദേവന്മാരി-
ട്ടെപ്പൊഴുമുഴുവിതൊക്കെയുമകൊം,
പാശുപതാസ്ത്രംവാങ്ങിപ്പാർത്ഥനാ-
നാളുവരുമ്പോളിത്തിരിവിഷമം,
ചക്രശത്തിനുപുനരുള്ളൊന്നോടൊരു
വിശാലതിനതാൻകുറകയുമില്ലാ
ഈശപ്രീതിലഭിച്ചുവരുമ്പോൾ
ആശുതടുപ്പാനാരുംപോരാ;
കീചകജനങ്ങളെചിത്തതിലാക്കാൻ
കൗശലമെന്തുചിന്തിച്ചാലും
കിങ്കരഭടരെയയച്ചുടനെ പരുടെ
അങ്കരസേവമുടക്കാമെങ്കിൽ,
സങ്കടമൊന്നുലഭിക്കയുമില്ലിഹ
ശങ്കവെടിഞ്ഞുനിയോഗിച്ചാലും.
ആമതുകേട്ടുപറഞ്ഞുസുയോധന-
"നാമതിനൊരുപ്രയത്നംചെയ്യാൻ
നായന്മാരെക്കൊണ്ടേതരമാമി-
പ്പായമുള്ളവർതന്നെചതുക്കം

കള്ളുകുടിപ്പാനല്ലാതൊന്നിനു
കൊള്ളരുതാത്തജളന്മാരേവം
തടിയന്മാരിവർവീട്ടിലശേഷം
മുടിയന്മാർചിലരൊടിയന്മാരും
കുടിയന്മാരിവരെന്തിനുകൊള്ളാം, ,
'കാപ്പൂതിന്നാനവൻവരുമ്പോൾ
വെറുപ്പപാരംനമുക്കുതോന്നും
കറപ്പുതാനെങ്കിലുംകൂണക്കേ
പുറത്തുനില്ലെന്നിറക്കിനിർത്തും
മറത്തുവന്നാലവന്റെകാര്യം
അറത്തുകൊൾവാൻമടിക്കയില്ലാ
ചെറുപ്പകാലത്തുഞാൻവരുത്തി
പൊരുപ്പതിനുംകൊടുത്തുപെട്ടികൾ
തുറപ്പതിനുംനമുക്കുവെററില
തെറുപ്പതിനുംതെളിഞ്ഞുനിൽക്കും
ചെറുക്കന്മാർകുടിച്ചുവന്നാൽ
കുറുക്കനെപ്പോലടിച്ചുകൂറെ
പ്പുറക്കുമാററംപ്രകാരം
മറക്കുവോളംപുറത്തുനാട്ടിൽ
കറുത്തുകീറിപ്പറിച്ചുമുണ്ടും
തെരുത്തുകെട്ടിത്തിരക്കെടേണം
തരത്തിലവൻപുരത്തിലിപ്പോൾ
കരുത്തരായിട്ടൊരുത്തനില്ലാ
സമർത്ഥരെന്നുനടിച്ചുപാരം
തിമിർത്തുനില്ലുംജനങ്ങളെക്കൊ-
ണ്ടനർത്ഥമല്ലാതിരിക്കയില്ലില്ല,
പെരുത്തകാര്യംവരുത്തുവാനി-
ന്നൊരുത്തനെന്നൊരുത്തുവിട്ടാൽ
ഒരപ്പണംപോലെനിക്കുകിട്ടു-
നിരപ്പിലെല്ലാംകരസ്ഥമാകും
കടുത്തൊരിക്കൽപിടിച്ചുകെട്ടി
കടുത്തവെയിലിൽകിടത്തുമപ്പോൾ
അടുത്തനമ്പിയടുത്തവാളാ-
ണ്ടടുത്തുടൻവേർപെടുത്തുകൊള്ളും"
"കുററമൊരേടത്തുണ്ടാകുമ്പോൾ
മററവരെദ്ദുസ്സഹിച്ചുപൊറുക്കാം,
ജ്യേഷ്ഠനതിരുവുള്ളക്കേടൊന്നു
കേട്ടാലനുജന്മാരഞ്ചാറാലോ
കാട്ടുന്നോരഞ്ചായവരുടെ
പാട്ടിലതാസ്ഥയുമെന്നതുമൂലം
കൂട്ടത്തിൽചിലരുണ്ടാകുന്നതു
കോട്ടംനമ്മുടെകൂട്ടുകാർക്ക്:
നാട്ടിലിരിക്കുംപരിഷകളേഷണി
കൂട്ടിത്തമ്മിൽകലഹിക്കുമ്പോൾ.
ചോറുകൊടുക്കുംയജമാനനെയൊരു
കൂറില്ലാക്കുംനമ്മുടെനാട്ടിൽ:
ഏറുകൊടുപ്പാൻതോന്നുമെനിക്കി-
പ്പോറാകൾകാട്ടുംതൊഴിലുകൾകണ്ടാൽ,
ഒരപരാധംവരുമ്പോളിന്നതുചെയ്യരു-
തെന്നുനമുക്കില്ലെന്നുടെകണ്ണാ,
എന്തിനപരാധംചെയ്യായിട്ടുണ്ണീ!

കുന്തീസുതന്മാരുടെസേവമുടക്കാം–
എന്നൊരുപായമതെന്നല്ലാതൊരു
ചിന്തനമുക്കിഹചിതമല്ലിപ്പോൾ
„മൂകാസുരനെച്ചൊല്ലിയയച്ചാം-
ലോകാന്തരമൊഴിയല്ലിഹജ്യേഷ്ഠാ!
ഉല്ലംഘനസാധിക്കുമവൻ'. ഇതി
ദുർല്ലംഘനനാംവന്നുരചെയ്തു.
„എങ്കിൽച്ചെന്നുവിളിച്ചുവരത്തിൻ”
മൂകൻവന്നുവണങ്ങിച്ചൊന്നാൻ—
മൂകൻഞാനിഹകല്പനകേട്ടു-
ലോകെച്ചെന്നുജയിച്ചുവരുന്നേൻ
നാകംമേദിനിപാതാളവുമിഹ
ലോകംമൂന്നിലുമുള്ളജനത്തിനു
പാകംവരുവാനുള്ളവിധങ്ങളി-
ലാകെപ്പോലുംഗ്രഹിയാതില്ലാ”
„ഏവംനീപറഞ്ഞതുകൊള്ളാംമൂകാ
ശകുനംകൊള്ളാമിന്നിനിയാച്ചാൽ
ചലമാരക്കൂട്ടുകവന്നാലുടനേ
തപപോതമെന്നുബോധിച്ചാലും
നിർമ്മലമാകിനഹിമഗിരിവനമതി-
ലുള്ളുന്നന്ദനതാപംചെയ്യുന്ന
അവനെച്ചെന്നുജയിച്ചുവരാനട-
നവകാശംവരുമെങ്കിലിദാനീം
കെല്ലാമേതുഗതിഗമിക്കവനിഹ
കല്പനയാൻപറയുന്നിതുമൂകാ!'
അതുകേട്ടവനാമോദിച്ചു
„ഞാൻതാൻസാധിച്ചീടുവനെന്നോൻ
ചതിക്രീടനേരമൊട്ടൊട്ടിൽ
ക്ഷിതിയിലൊരുത്തരുമില്ലാതൊരു
തടിയൻകിടിയുടെവടിവുധരിച്ചുട-
നടിയൻചെന്നിടമടിക്കൂടാതെ
കണ്ണടച്ചുതപംചെയ്യുന്നൊരു
പാണ്ഡുകുമാരൻതന്റെശരീരം
പിളരെവെട്ടിച്ചെന്നുപിളർന്നുവരുന്നു..
അരനിമിഷംകൊണ്ടസുരവരൻഞാൻ
ഇത്തരമവനൊടുസമയംചെയ്തു
മത്തനതാകിയമൂകൻവലിയൊരു
പന്നിത്തടിയനതായിച്ചെന്നൊരു
കുന്നിൻമുകളിലൊളിച്ചുവസിച്ചു.

അമരവരതനയനുടെയുഗ്രതരതപോബലത്താൽ
ആകെദഹിച്ചുതുടങ്ങിമഹീതലം
കരടികരിഹരിഹരിണശരഭമഹിഷങ്ങളും
കാട്ടുതീതട്ടിമരിക്കുംകണക്കിനെ,
മനുജനുടെപരവശതയിരവിനൊടുകണ്ടുടൻ
മാമുനീന്ദ്രന്മാർപുറപ്പെട്ടുമെല്ലവേ
തരണിമുനി,ഹരിണമുനി,കശികമുനിയെന്നി-[വർ
വാമദേവൻ;ഭണ്ഡി,നാരദൻ,വ്യാസനും
കലശഭവമുനിതിലക,നധികനിശിതൻതഥാ
കണ്വൻപുലസ്ത്യനുംപിന്നെവാല്മീകിയും,
പരമമുനികളിവരധികമതിരയമിയന്നുടൻ
പാർവ്വതീകാന്തനെകാണ്മാൻപുറപ്പെട്ടു
വിരവിനൊടുരജതഗിരിയുടെമുകളിലേറിനാർ
വിശ്വൈകനാഥനെവാഴ്ത്തിനിന്നീടിനാർ
ഭുവനപതിഭവനമതിലിയലുമതിവീരരാം
ഭൂതങ്ങൾചെന്നങ്ങുണർത്തിച്ചുമെല്ലവേ,
„അരവകുലതിലകമണിയുമഖിലേശ്വര,
ആവലാതിക്കാർവരുന്നുണ്ടൊരുവിധം
രുചിരതരജടമുടിയുമധികമിഹതാടിയും,
ചാരുരുദ്രാക്ഷവുംയോഗപട്ടങ്ങളും
സുരമുനികൾപലരുമുടനുചിതജലപാത്രവും
മാമുനിമാരുടെവേഷംമനോഹരം
പരവിനൊടുമുനികൾതവകഴലിണവണങ്ങു-[വാൻ
കാലവുംപാർത്തുവാഴുന്നുപാരാതങ്ങുന്നേ

ഇങ്ങനെയുള്ളൊരുഗിരമാകർണ്യ
കഞ്ജശരാരിയുമരുളിച്ചെയ്തു—
„ആശ്രിതരാകിനതാപസവരരെ
ആശുവരുത്തുകവിരവിനൊടേപോയ്
കിങ്കരവരരതുകേട്ടുടനേമുനി-
സംഘങ്ങളെയുംചെന്നുവരുത്തി;

മുനിവരരുമതുപൊഴുതുമുഹുരപിനമിച്ചുടൻ
മൃഗേന്ദുചൂഡനോടേവമോതീടിനാർ:—
“പരമശിവ,പുരമഥന,വരദ,കരുണാനിധേ,
പാർവ്വതീകാന്ത!നമസ്തേ!നമോസ്തുതേ!
കനകനിറമുടയഫണിനികരമണികുണ്ഡല,
കാലാരിദേവ,നമസ്തേ!നമോസ്തുതേ!
നിടിലതടനയനപുടനിഹതകുസുമായുധ!
നിർമ്മലാകാര,നമസ്തേനമോസ്തുതേ!
സകലസുരമുനിമനുജദനുജകുലവന്ദിത!
സർവ്വേശ,ശങ്കര,നമസ്തേനമോസ്തുതേ!”

‘ദന്തിമഹാസുരനിധനംചെയ്തൊരു
നിന്തിരുവടിയിവിടപ്പോളറിയേണം!
കുന്തീസുതനുടെനിയമമതാകിന
ചെന്തീകനലതിലല്ലോ!ശിവ!ശിവ!
വെന്തീടുന്നുജഗത്ത്രയമെല്ലാം
നിന്തിരുവടിയറിയാത്തതുമല്ലാ,
ചിന്തിതമാകിയവരദാനത്തിനു-
മെന്തിഹതാമസമഖിലാധീശ?
ഭവനാംഭഗവാൻത്രിപുരന്മാരുടെ
ഭവനംമൂന്നേചുട്ടതുമുള്ളൂ;
തവപദസേവകനാകിയപാർത്ഥൻ,
ഭുവനംമൂന്നുംഭസ്മമതാക്കും;
അവനുംപാരംമേനിമെലിഞ്ഞു,
ശിവനേ!ഒരുപിടിയല്ലോഉള്ളൂ,
ലിവനുംതോലുംക്ലാന്തനായാൽപുന-
രവസാനംവരുവാനുമടുത്തു;
വരമവനേകീലെന്നാലവനുടെ
മരണവുമാശുവരുത്തിമഹേശൻ;
തരമല്ലാത്തവനെസ്സേവിക്കുന-
തെന്നൊരുദൂഷണമങ്ങുഭവിക്കും;
എന്തിനുശിവനെസ്സേവിക്കുന്നു?

ചിന്തിതമെന്നാലതിനൊരു കുറവില്ല,
അന്താവരവൊന്നെല്ലതാം നമ്മുടെ
കുന്തീസുതനുപിണഞ്ഞതുപോലെ,
ശത്രുജയത്തിനു ശിവനെക്കണ്ടാൽ,
എത്രയുമെളുതെന്നോരു മുനി ചൊല്ലി.
ആയതു നേരെന്നോർത്തൊരു ഭോഷൻ
വായുംപകലും മടികൂടാതെ,
കായക്ലേശം ചെയ്തുതുടങ്ങി,
കായും കനിയും കൂടെ വെടിഞ്ഞു,
ഊണുമുറക്കവുമൊക്കെ വെടിഞ്ഞൊരു
ഫൽഗുനനേകനിന്നു ഭജിച്ചു.
ഏതുമൊരിവനെക്കണ്ടതുമില്ലവ-
നിങ്ങനെ നിന്നു മരിക്കേയുള്ളൂ,
സേവിച്ചവരെക്കൂറില്ലാത്തൊരു
ദേവന്മാരെച്ചെന്നു ഭജിച്ചാൽ,
ഏവം ഫലമെന്നുള്ളൊരു പാഠം
കേവലമിന്നു ഭവാനു ഭവിക്കും.
നികലപശ്രുതി കേൾക്കും പൊഴുതിൽ,
സങ്കടമടിയങ്ങൾക്കു മഹേശാ,
ശങ്കര, ശംഭോ, ശതമഖതനയനു
സങ്കടനായി വരേണം ഭഗവാൻ".

ഹരഹര പുരഹര പരമശിവ,

(ലക്ഷ്മീതാളം)

"ശ്രീകണ്ഠ, ശ്രീകണ്ഠ, ശംഭോ ശരണം
ഫണിഭൂഷണ, ജയ ജയ!
[illegible], [illegible], [illegible],
പ്രസീദ [illegible] ജയ ജയ!"

(കുംഭതാളം)

"പരിഹൃതസുരരിപുമണ്ഡല, ഫണികുണ്ഡല,
പരിപാലയ! പാണ്ഡുസുതം,
ജയ ജയ! മനസിജമദഭരഖണ്ഡന,
ശശിമണ്ഡന, മദവാരണദണ്ഡധര,"

(മർമ്മതാളം)

"ഡമരുകവും മൃഗവും പരശുവും,
തിങ്കളുംതിരുനീർ ഫണികളും,
ഗംഗയും ജടയും പലവിധം
മംഗലാഭരണം തവ വിഭോ,
ജയ ജയ, ഹരഹര,
പുരഹര, പരമശിവ,
ജയ ജയ, ഹരഹര,

(കുണ്ടനാച്ചിതാളം)

"മനകാമ്പിലുറയ്ക്കുന്നവർക്കെല്ലാം കൊടുക്കും,
മടികൂടാതെ വരം നീ മഹാദേവ,
പടുത്വം മിടുക്കുണ്ടായി വരുത്തീടുവാനസ്ത്രം,
കൊടുക്കാതിരിപ്പാനെന്തുഹോ കാരണം! ജയ-
ജയ!"

(ചമ്പതാളം)

"കരബലം തടിക്കും കരബലം മുടിക്കും
സുരകുലം പുകഴ്ത്തും വരബലം കരുത്തും
പലഗുണം വരുത്തും വിജയനു"

(പഞ്ചാരിതാളം)

"വിജയകരം വിപുലതരം
വിശിഖവരം വിമതഹരം
വിമലതരം വിതര, പരം
വിഹിതവരം ജയ ജയ!
ഹരഹര, പുരഹര, പരമശിവം".

(അടന്തതാളം)

"തപവരവരബലം കൊണ്ടും,
ഉരുതരം ശരബലം കൊണ്ടും,
പുനരവൻ കരബലം കൊണ്ടും
ഘനതരം ഹരിബലം കൊണ്ടും,
ഹരിസുതൻ വരബലം കൊണ്ടും
വിരുതനായി വരുമതേ വേണ്ടൂ."

ഇത്ഥം മുനികളുടെ സിദ്ധാന്തമെല്ലാം
മുഗ്ദ്ധേന്ദുചൂഡൻ മന്ദസ്മിതവും തൂകി,
ഉത്തരമൊന്നവർകൾക്കൊന്നും തിരുവാ[illegible]
അത്രമാത്രമെങ്കിലുമൊന്നരുൾ ചെയ്തില്ലെന്നു:
മറവും തിരുമനസ്സിൽ പരുന്നഭാവമെല്ലാം
കാറാം വരാതെ കണ്ടു തെറ്റെന്നു പോക നല്ലൂ
വമ്പുള്ള ഗിരിജാദേവി വന്നു പുറത്തിരിക്കും,
മുമ്പേ ഗമിച്ചുകൊൾക നല്ലൂ നമുക്കെന്നവർ;
കുമ്പിട്ടു കൂപ്പി തിരുമുമ്പിൽ നിന്നാശു പോന്നു
വമ്പിച്ച താപസന്മാരെല്ലാരുമൊരുമിച്ചു
ചിന്തിച്ചുറച്ചവരും പാർവ്വതീദേവിയുടെ
അന്തികേ ചെന്നു നിന്നുണർത്തിച്ചു വൃത്താന്ത-
[ങ്ങൾ:—

"കുന്തീതനയനെത്ര നാളുണ്ടു സേവിക്കുന്നു?
നിന്തിരുവടിയേതും ബോധിച്ചില്ലയോ ദേവി?
ചെന്തീക്കണ്ണനവൻ്റെ ദേഹം ജ്വലിച്ചീടുന്നു
സന്തീപ്തമായല്ലോ മൂന്നു ഭുവനങ്ങളും,
ഇന്നു മുനികളങ്ങൾ ചെന്നുണർത്തിച്ചിട്ടും,
[illegible] ചെയ്തുകൊണ്ടു [illegible] എല്ലാരും;
കനിവോടു തിരുവുള്ളം [illegible] ചെന്നുണർത്തിച്ചെന്നാൽ
[illegible] ഫലിക്കുമെന്നു തോന്നുന്നു ഞങ്ങൾക്കു—
[ള്ളിലും

[illegible] മുനികൾ കൊണ്ടു വക്കാണിക്കുന്ന നേരം
മുക്കണ്ണൻ തമ്പുരാനെൻ മുമ്പിലൊന്നുതാനും പോകും;
ഇക്കണ്ട പുരുഷന്മാരെല്ലാം ഒരുപോലെ തന്നെ,
പെൺകള്ളിമാരെല്ലാരും തീക്കട്ടയെന്നപോലെ,
ചൊല്ലേറുള്ളോർ വിടന്മാരുരയ്ക്കുന്ന വാക്കിനു-
[ണ്ടോ

ഭോഷ്ക്കാണ്ടു തിരുനാഥിയെങ്കിലും കാതിരുന്നാൽ ചേരും;
ശ്രോത്രപ്രിയം പാക മാത്രമല്ലിതു നിൻ്റെ
നേത്രപ്രസാദമതു മാത്രം പ്രസിദ്ധമല്ലോ;
നേത്രം മൂന്നുള്ളവൻ്റെ ഗാത്രം പാതി മേടിപ്പാൻ
പാത്രമായല്ലോ നീയും ഗോത്രാധിരാജപുത്രീ,"
എന്നതു കേട്ടു ഗിരിനന്ദിനി ഭഗവതി,
മന്ദഹാസവും ചെയ്തു മന്ദമായരുൾ ചെയ്തു:—
ഇന്നൊരാൾ അടിയാർ തപസ്സിന്നു ചന്ദ്രശേഖരനോടു
എല്ലാമുണർത്തിച്ചീടാമൊന്നൊഴിയാതെ തന്നെ-
എന്നാലറിയാമല്ലോ എന്നു പറഞ്ഞു കൂട്ടു

ഏറ്റോട്ടുകോപിച്ചെങ്കിലന്നേരംമാറിപ്പോരാം”
ഇന്നവൾചെയ്തുദേവിചെന്നുഗിരീശൻമുമ്പിൽ
വന്ദനംചെയ്തുനിന്നാൾമന്ദഹാസവുംതൂകി;

പദം.

“നിരുപമഗുണവസതെ, ശ്രീനീലകണ്ഠ
നിശമയ മമ വചനം!
സുരപതിസുതനെന്തേവരമരുളീടാഞ്ഞു?
പുരഹരനാഥാ, വിഭോ, (നിരുപമ)
പെരികക്കാലമുണ്ടിജ്ജനൻ ഭക്ത്യാ ഭവ-
പരിചോടേസേവിക്കുന്നു;
സുരപതിസുതനുടെപരിഭവംപോക്കുവാൻ
പെരികെയുണ്ടെനിക്കാഗ്രഹം (നിരുപമ)
ഘോരനിയമങ്ങൾകാരണംപാർത്ഥന്റെ
ദേഹംപാരംമെലിഞ്ഞുപോയല്ലോ!
പാരാതെചെന്നവനുപാശുപതാസ്ത്രം
നൽകീടണമിന്ദുശേഖര, (നിരുപമ)
ഊണുമുറക്കവുമെല്ലാംവെടിഞ്ഞുകാട്ടിൽ
വാണുതപംചെയ്തീടുന്നു;
പ്രാണങ്ങൾപോകുമെന്നേബാണംകൊടു-
ത്തീടണംബാണന്റെവാതൽകാത്തവനേ
(നിരുപമ)
തിരുവുള്ളമെങ്കലുണ്ടെങ്കിൽതാമസിയാതെ,
സുരപതിസുതനേകണം
അരക്ഷണാൽനാഴികപോലുമിളയ്ക്കാതിരു-
ന്നപായാൽതരക്കേടുവന്നുകൂടും (നിരുപമ)

ഗിരിവരകന്യകയുടെവചനം
പരിചോടുകേട്ടതിനുപുരമഥനൻ
സാദരമധുരവചനമരുളിമുദാ:—
“സരസിജായതമലസമനയനേ,
സുരവരസുതനുടെമനസ്സിൽമദം
പെരുതരതുകുതുകഗിരിതനയേ,
പരവശമവനൊരുതരിമ്പുമില്ലാ
കരളതിലഹമ്മതികുറവുമില്ലാ;
സുരകുലവരനുടെതനയനെന്നും,
സരസിജശരനൊടുസദൃശനെന്നും
സരസചരിതങ്ങളിൽപടുതമനെന്നും,
മരുത്തിന്റെമകനുടെസഹജനെന്നും,
ധരപതികളിലേറ്റംപ്രസിദ്ധനെന്നും,
മരുത്തിന്റെമകനെക്കാൾവലിപ്പമെന്നും,
കരുത്തുള്ളപരീക്ഷയിലധീശനെന്നും,
ഗുരുതപമുള്ളവർകളിൽപ്രഥമനെന്നും,
കരത്തിൽവില്ലെടുത്തോരിൽമുമ്പനെന്നും,
ഗുരുക്കന്മാരെക്കാട്ടിൽപ്രഥിതനെന്നും,
നരകമഥനനൊടുസഖിത്വമെന്നും,
നരപതികളിലേറ്റംപ്രസിദ്ധനെന്നും,
തരുണീകുലമണികൾക്കാമനെന്നും,
കരുണാഗുണമുടയപുരുഷനെന്നും,
അപാരതതിനതിതരാംവിരതനെന്നും.
പടുതരമമരരാൽഭരിതനെന്നും.
ഇത്തരമുള്ളൊരുഗർവ്വുമിപ്പോൾ
ഇത്തിരിപാകംവന്നേതീരൂ.
യുദ്ധംചെയ്തുതളച്ചുവരുമ്പോൾ
ബുദ്ധിയിലിന്നല്ലവിവേകവുമുണ്ടാം;
പാരംവന്നുപഴുത്തൊരുകുരുവിൻ
നീരുംകെട്ടിയുറച്ചുചമഞ്ഞാൽ,
ക്ഷാരംവച്ചുപഴുപ്പിച്ചവിടെ
ഭാരംവച്ചുമുട്ടുതപംവന്നാൽ,
വ്യാധിയെടുത്തുകളഞ്ഞതിനകമേ,
ശോധനവന്നാലുടനേതന്നെ,
വരളാനുള്ളകുഴമ്പുമതിന്മേൽ
പുരളുന്നേരംതാനേവരളും;
തരളാംബുജദളനയനേ, നിന്നോ,
കരളേപറഞ്ഞിട്ടെന്തൊരുകാര്യം
ദുഷ്ടകിടക്കേവരട്ടുംവ്രണമതു
പൊട്ടുംപിന്നെയുമൊരുസമയത്തിൽ
ഒട്ടുംവൈകാതവനൊടുയുദ്ധം
പെട്ടെന്നുണ്ടതുകണ്ടാലുംനീ
എലിയെപ്പോലെയിരിക്കുന്നവനൊരു
പുലിയെപ്പോലെവരുന്നതുകാണാം;
നേരേവിശന്നുകിടക്കുംപാൽക്കുന-
നേരേവരുമ്പോൾഭ്രമിക്കുമുള്ളം;
കാറ്റിന്മകനുടെസോദരനാമതു
കാട്ടിത്തരുവൻകണ്ടാലുംനീ;
കാട്ടാളാകൃതികൈക്കൊണ്ടിഹഞാനൊരു
വേട്ടയുമാടിനടക്കുന്നേരം,
കോട്ടംക്രൂരതവനൊടുസമരം
കൂട്ടുവതിനുംസംഗതിയുണ്ടാം.
മട്ടോലുംമൊഴിയാളേ, നീയൊരു
കാട്ടാളസ്ത്രീവേഷമെടുക്ക;
കൂട്ടക്കാരിവർഭൂതഗണംപല-
കാട്ടാളന്മാർകൂടെവരേണം.
കുംഭോദരനും, കുംഭീരനും,
കുംഭാണ്ഡകനുംകുംഭിലകനും,
സിംഹീരണനും, ശൂലാംഘ്രിപനും,
ശൂലാവൃതനും, കുംഭനികുംഭൻ,
കുണ്ഡീവരദൻ, കുഞ്ജരജംഘ-
ഉഗ്രൻവീരൻ, ഗണ്ഡുകകർണ്ണൻ,
കണ്ഠീരവനും, ഭൃംഗിരിടിയും,
ചണ്ഡാരവനും, ചിപ്പീരജനും,
തുംഗരാജനും, സുരമർദ്ദനഭദ്രൻ,
വീരഭദ്രന, തിഭദ്രനു, ഭദ്രൻ,
ഭൈരവൻ, മണിവരൻ, മണികണ്ഠൻ,
നാലികേശചരനിവർക്കജമാനൻ,
നന്ദിതൊക്കെയനുചാരികളാവർ;
ശ്വാക്കളായിചിലരൊട്ടുകരച്ചും,
പോക്കുപോലെചിലരൊട്ടുതടിച്ചും,
വെക്കമെങ്ങുംനടപ്പിനശേഷം,
തക്കംനിന്നുമഹാവേട്ടകളാടാൻ”.

ഇത്തരമരുളിച്ചെയ്തുമഹേശൻ
സത്വരമങ്ങൊരുവനചരനായി,
തത്രസുവർണ്ണകവർണ്ണശരീരൻ
തത്രവിളങ്ങിവിശേഷമനോജ്ഞതം;

ജടമുടിനല്ലൊരുതലമുടിയായി,
നിടിലത്തിരുമിഴിതിലകമതായി,
ഫണിമണിമാലകൾപീലികളായി,
ഫണിപതിവാസുകികടകമതായി,
ജലധികൾശംഖാഭരണവുമായി,
അത്തൊഴിൽകണ്ടാലെത്രമനോജ്ഞം;
കരിത്തോൽനല്ലകരത്തൂക്കുലം,
വരിത്തോൽഭുജഗംപൊന്നരഞ്ഞാണം
വെണ്മഴുശൂലംചാപംശരവും
വെണ്മയിലവപൂനരങ്ങനെയല്ലോ;
കുന്നിൻമകളുമതിന്നനുകൂലം
കുന്നിക്കുരുകലമാലയണിഞ്ഞു;
ഒട്ടുകറുത്തൊരുപുടവയുടുത്തു
കൊട്ടയെടുത്തൊരുകോലുമെടുത്തു
ശങ്കരഭാമിനികൈകളിലങ്ങ
ശംഖുംമുട്ടുവുകൾകൊണ്ടുനിറച്ചു
മെച്ചമിയന്നൊരുകൈവിരൽമുഴുവൻ
പിച്ചളമോതിരമിട്ടുവിളങ്ങി;

നടന്നുകാനനതടത്തിലമ്പോടു
കടന്നുവേട്ടകൾതുടങ്ങി,നല്ലൊരു
കുറത്തിപ്പട്ടുകളുടുത്തുകൊണ്ടിരു-
ചൂറത്തുതെരഞ്ഞലുനിരത്തിയമ്പൊടു
ഉരത്തകാർമ്മുകമെടുത്തുതാൻകണ-
ത്തൊട്ടുകാനനതടത്തിലെത്തിന
കടുത്തപന്നികളുടുത്തപോത്തുകൾ,
[illegible]നടക്കമാനുകൾ,
[illegible]മൃഗങ്ങളിവവിട-
ത്തുടങ്ങിലീലകളോടങ്ങിനെകഴകൾ.

പാണ്ടൻനായുടെപല്ലിനുശൌര്യം
പണ്ടേപ്പോലെഫലിക്കുന്നില്ല,
പണ്ടിവനൊരുകടുവായൊരുപുലിയെ-
ക്കണ്ടിച്ചതുഞാൻകണ്ടറിയുന്നേൻ;
കാടൻനായുംകാട്ടിൽവരുമ്പോൾ,
കോളല്ലാതൊരുപേടിതുടങ്ങും,
വീട്ടിൽവരുന്നവരെപ്പലരെക്കടി-
ക്കൂട്ടിയചെണ്ടക്കാരനൊരാനൊരു
ക്കുട്ടിലതാക്കിച്ചങ്ങലയിട്ടഥ
പൂട്ടിപ്പിന്നെക്കഞ്ഞികുടിക്കും;
വെള്ളപ്പാവം എന്നുവിളിച്ചാൽ
തൊള്ളതുറന്നുപറന്നുവരുംതാൻ.
കള്ളനതുള്ളിക്കഞ്ഞികൊടുപ്പാ-
നുള്ളൊരുപായംകാണുന്നില്ലാ:
കാരുംകൊണ്ടവനെപ്പൊഴുമിങ്ങനെ
കുറുകൻപോലിറയത്തുകിടക്കും
തിന്മാനല്ലാതൊന്നിവപോലും
നമ്മുടെവീട്ടിലെകാണ്മാനില്ല.
വണ്ണൻവാഴക്കുലക്കടിച്ചൊരു
പൊണ്ണൻനായുണ്ടെന്നുടെവീട്ടിൽ,
അണ്ണനുമാത്രംചോറുണ്ടവിടെ-
ക്കുണ്ണുമ്പോൾനല്ലുരുളകൊടുക്കും;
പന്നിയിറച്ചികൾപാണ്ടൻവേണ്ടം
ദുന്നിലകൊണ്ടൊരുപൊറുതിയുമില്ലാ,
കുറിച്ചെവിയൻനായെക്കൊണ്ടൊരു
കുററംപറവാൻകാണ്മാനില്ല,
വേട്ടയ്ക്കായിവിളിക്കുന്നേരം
ചേട്ടക്കാരനചെവിയുംകേളാ
വേട്ടക്കാർക്കുവിളിച്ചുകൊടുത്താൽ
ചേട്ടൻകേട്ടാൽകലശലുകൂട്ടും;
ഇത്തരമോരോവകകാട്ടാളന്മാർ,
ചിത്തരസേനപറഞ്ഞുചിരിക്കും;
ഒക്കെച്ചാടിക്കാടുതകർത്തും
ബലപ്പെട്ടുനടന്നുതിമിർത്തും
ചാടിവരുന്നമൃഗങ്ങളെയെല്ലാം
കുത്തിക്കൊന്നുകളിച്ചുപുളച്ചും,
മത്തമൃഗത്തെക്കെട്ടിയെടുത്തും,
മത്തഗജത്തെച്ചെന്നുതടുത്തും,
വരിയൻപുലിയെച്ചുരികകൾകൊണ്ടും,
കരടിമൃഗത്തെപ്പരിഘംകൊണ്ടും,
ദന്തികുലത്തെക്കുന്തംകൊണ്ടും,
ബാലമൃഗത്തെവേലുകൾകൊണ്ടും,
വ്യാഘ്രകുലത്തെചക്രംകൊണ്ടും,
വ്യാളമൃഗത്തെവാളുകൾകൊണ്ടും,
മർക്കടവരരെക്കർക്കടകൊണ്ടും,
ഗന്ധമൃഗത്തെഗദയെക്കൊണ്ടും,
ഖഡ്ഗമൃഗത്തെഖഡ്ഗംകൊണ്ടും,
കണ്ഠീരവരെമുസൃണ്ഠികൾകൊണ്ടും,
കാട്ടുംപടലുംകുട്ടത്തിലുകൊണ്ടും,
തെരുതെരെയങ്ങുവധിച്ചുതുടങ്ങി.
വിരുതുപെരുത്തൊരുഹരഭൃത്യന്മാർ,
തടിയൻപന്നിയെവെടിവെപ്പാനാ-
യൊരുവൻചെന്നൊരുപടലിലൊളിച്ചു;
പടലിൽക്കണ്ടതുപന്നിയതെന്നൊരു
ഭടനൊരുവെടിയുംവെച്ചാനുടനേ,
തടിയൻവെടികൊണ്ടവിടെമറിഞ്ഞു:
ഓടിച്ചെന്നിതുവെടിവച്ചവനും,
മർക്കടനല്ലിവനയ്യോ! നമ്മുടെ
മർക്കടമാതുലനിങ്ങനെകർമ്മം!
മലയന്മാരൊരുദിക്കിൽചെന്നു
വലയുംകെട്ടിപ്പാക്കുന്നേരം,
കലയെക്കണ്ടുഭയപ്പെട്ടൊരുവൻ
തലയുംകുമ്പിട്ടോടിപ്പോയി;
വലയിൽപെട്ടുവലഞ്ഞതുകണ്ടു
മലയനൊരമ്പുപ്രയോഗിച്ചുടനേ,
തലയിൽക്കൊണ്ടുതെറിച്ചുവിറച്ചൊരു
ഫലമില്ലാതെമരിച്ചാൻഭോഷൻ.
നായന്മാരുടെനായാട്ടിങ്കല-
പായംപലവിധമിങ്ങനെയുണ്ടാം,
ആയതിനൊന്നുംസംഗതിയല്ല,വി-
നായകജനകൻകളിയാടുമ്പോൾ,

കാട്ടാളരാജന്മാരുംകാട്ടാളസ്ത്രീയുംതന്റെ
കൂട്ടാളിവൃന്ദത്തോടേവേട്ടവിനോദംപൂണ്ടു,
കുന്തീകുമാരനുടെയന്തികംതന്നിൽചെന്നു

പന്തിനിരന്നുനിന്നങ്ങന്തിയുംവന്നണഞ്ഞു;
തടിച്ചോരുപന്നിവേഷംനടിച്ചോരുമൂകാസുരൻ
കൂട്ടത്തോടൊരുകോപത്തോടങ്ങെടുത്തുപാർത്ഥനെ- [ക്കൊൽവാൻ
ഉരത്തപന്നിക്രൂരന്റെപെരുത്തഘോഷങ്ങൾ- [കേട്ടു
കരുത്തുള്ളർജ്ജുനൻതന്റെഗുരുത്വംകൊണ്ടതു- [നേരം
അഴിച്ചുസമാധിനേത്രംമിഴിച്ചുനോക്കുന്നനേരം
ഉറച്ചുതന്നുടെദേഹംമറച്ചുകൊണ്ടൊരുശത്രു
ചതിച്ചുനമ്മെക്കൊല്ലുവാൻകൊതിച്ചുവന്നിതു- [മൂഢൻ
വധിപ്പാൻവരുന്നവനെവധിച്ചാൽമദ്ഗുരു- [നാഥൻ
വിധിച്ചകർമ്മങ്ങൾക്കേതുംവിരുദ്ധവുമില്ലനൂനം
പട്ടതാമോദേവംചിന്തിച്ചെടുത്തുഗാണ്ഡീവം- [കൈയി-
ലെടുത്തുനല്ലൊരുബാണംതൊടുത്തുകോപം- [നടിച്ചു

ഘോരണിത്തടിനനെയൊക്കിയയച്ചൊരു
ബാണമതുൽക്കടമക്കിടിതന്നുടെ
ഘോണാംചെന്നുപിളന്നുനേരം
പ്രാണങ്ങൾക്കുപ്രയാണമടുത്തു
സംഗതികൊള്ളാമെന്നുമുറച്ചി-
ട്ടംഗജരിപുവുംബാണമയച്ചു;
പ്പോത്രേചെന്നുതറച്ചൊരുബാണം
പൃഷ്ഠംഝടിതിപിളന്നുതിരിച്ചു
വന്നുപതിച്ചെന്നോർത്തുകിരീടി
ചെന്നുകരത്തിലെടുത്തൊരുസമയം
വന്നുസമീപേനിന്നുകിരാതൻ
ഒന്നുകയർത്തുപറഞ്ഞുതുടങ്ങി—
"നമ്മുടെബാണംമോഷ്ടിപ്പാനോ
ദുർമ്മതിവന്നുതപംചെയ്യുന്നു
അമ്പുകളില്ലനിനക്കെന്നാലതി-
നമ്പുകൾകൊണ്ടുവരത്തിക്കേനീ
അമ്പൊടുനമ്മോടുയാചിച്ചാൽപ-
ത്തമ്പതുകണകൾതരുന്നുണ്ടിഹഞാൻ
കട്ടുകവന്നാലുടനേതന്നെ
വെട്ടുംതരുമതുസംശയമില്ലാ;
ഉള്ളുനിനച്ചിഹകണ്ണുമടച്ചൊരു
കള്ളൻനിന്നുതപംചെയ്യുന്നു
കൊള്ളാമിതുമിന്നിതുവഴിപോകും
കള്ളധനങ്ങൾപിടിച്ചുപറിപ്പാൻ
പകൽകഴിവോളംകപ്പാനെന്നും
കഴിവില്ലാഞ്ഞുതപോധനഭാവം,
അക്കൻപോയിമറഞ്ഞൊരുസമയേ
തസ്കരണത്തിനുസമയംനോക്കും
ദിക്കുകളൊക്കെനടന്നുദിനേശ-
നുദിക്കുംമുമ്പേവന്നുകുളിക്കും
കണ്ണുമടച്ചുവിചാരിക്കുന്നതു
പൊന്നുള്ളേടംപണമുള്ളേടം
പെണ്ണുള്ളേടമതല്ലാതിന്നൊരു
നിനവില്ലനിനക്കെന്തൊരുകഷ്ടം!
നാണംകൂടാതയ്യോ! നമ്മുടെ
ബാണംകട്ടവനേതിനുകൂട്ടു?
ആണുങ്ങൾക്കുപിറന്നവനെങ്കിൽ
പ്രാണനെക്കാൾനാണംവലുതേ,"
വ്യാധവചസ്സുകൾകേട്ടനപ്പോൾ
ക്രോധമിയന്നുരചെയ്തുകിരീടി:—
"നില്ലെടവേടാ! നിന്നുടെപല്ലുകൾ
തല്ലിയുതിർപ്പാൻഞാൻമതിയാകും
ഇല്ലൊരുസംശയ"മെന്നുപറഞ്ഞു
വില്ലുവലിച്ചുകുലച്ചുകിരീടി
നല്ലൊരുബാണമെടുത്തുകുലച്ചു
മുല്ലശരാരിക്കിട്ടഥവിട്ടു
തെല്ലുംപിഴയാതവനുടെനേരേ
ചെല്ലുന്നതുകണ്ടംബരചാരികൾ
അല്ലൽമുഴുത്തുവിരണ്ടുതുടങ്ങി,
തെല്ലുകുലുങ്ങീലന്തകവൈരി;
വില്ലിൻമുനകൊണ്ടവനുടെബാണം
തല്ലിയൊടിച്ചുപൊഴിക്കണകണ്ടു;
അതുകണ്ടപ്പോളതിപൗരുഷത്തോ-
ടതിലധികംശരവരിഷംചെയ്തു;
അതിശയമവനുടെശരനികരത്താൽ
കതിരവനുടെകിരണങ്ങൾമറഞ്ഞു;

നാട്ടുനടുങ്ങിനാലുനിലയുംകുലുങ്ങിമാനം
കലയുംനടുങ്ങിതമ്മിൽകലഹംമുഴുത്തനേരം
മലമകളതുനേരംതലയുമഴിഞ്ഞുകുത്തു-
മുലയുംതുളുമ്പിച്ചെന്നുകലഹംശമിപ്പിക്കാനായ്
പലവാക്കു മരുൾചെയ്തുഫലമില്ലെന്നോർത്തുമാറി
പരിചോടേപാർവ്വതിയും, കലശൽപിന്നെയുണ്ടോ

മലമകൾഭഗവതിപുനരരുൾചെയ്തു
വലരിപുസുതനുടെബാണമശേഷം
മലർസമമാകെന്നരുളിച്ചെയ്തു
മലർശരനായിമഹേന്ദ്രതനൂജൻ
ശരധിയിലൊരുശരമില്ലാതാകെ-
ന്നരുൾ ചെയ്തു ഗിരിനന്ദിനിയപ്പോൾ
ഇല്ലെന്നാകിൽശരവുംവേണ്ടാ
നല്ലതരംപുനരെന്നുകിരീടി
വില്ലുവലിച്ചഥതല്ലുതുടങ്ങി
മുല്ലശരാരിയെവിരവൊടുപാർത്ഥൻ
ഹരനുടെജടയിൽകുടികൊണ്ടീടിന
സുരനദിയാകിയഭഗവതിയപ്പോൾ
വലരിപുസുതനുടെവില്ലുപിടുങ്ങി-
ത്തരസാതന്നുടെതിരയിലൊളിച്ചു:
ചാപംപോയൊരുസമയേവിജയൻ
കോപംപൂണ്ടുമരങ്ങൾപറിച്ചു
താപസവന്ദിതനാകിയശിവനെ
താഡനപീഡനമങ്ങുതുടങ്ങി,
ത്ര്യക്ഷനുംഹരിസുതനുംതമ്മിൽ
വൃക്ഷംകൊണ്ടുമടിച്ചുപിടിച്ചും
വട്ടംതിരികെചവിട്ടുകുമുട്ടുക

കട്ടയിലിട്ടുചവുട്ടിയുരുട്ടുക
തുള്ളുകകിള്ളുകതങ്ങളിലിങ്ങനെ
തുള്ളിയലഞ്ഞുവലഞ്ഞുകിരീടി.
തല്ലുംചവിട്ടുംകൊണ്ടങ്ങെല്ലുംപൊടിഞ്ഞുപിന്നെ
പല്ലുംകൊഴിഞ്ഞുമദമെല്ലാംശമിച്ചുപാർത്ഥൻ,
വല്ലാതെഭ്രമംവീണാൻവില്ലാളിമാരിൽമുമ്പൻ,
അല്ലൽമുഴുത്തുപാർത്ഥനുള്ളിൽവിചാരംപൂണ്ടു;
ചാരുമൂർത്തേ,ഗൗരീനാഥ,കാരുണ്യാംബുരാശേനാഥാ
കാരുണ്യംകുറവാനെന്തുകാരണംശംഭോ?
എത്രനാളുണ്ടയ്യോ!ഞാനുംസേവിച്ചുകൊണ്ടിരിക്കുന്നു
ഇത്രനാളുമെന്റെകാമംപൂരിച്ചില്ലയ്യോ!
കേടനേകമുണ്ടെന്നാലുംകേവലംനീശിക്ഷിയാതേ,
വേടനെക്കൊണ്ടെന്നെത്തല്ലിക്കൊല്ലിക്കുന്നെന്തേ?
ഇത്രയല്ലകാട്ടാളന്റെതല്ലുകൊണ്ടുംകുത്തുകൊണ്ടും
എത്രയുംതളർന്നുദേഹംധാത്രിയിൽവീണു.
നാൽവർകൂട്ടുംസഭതന്നിൽവാലെടുപ്പാനുള്ളമൂലം,
ബാലചന്ദ്രചൂഡാ,നീതാൻകാരണംശംഭോ
കർണ്ണനുംശകുനിയുമാകർണ്ണംചെയ്യുന്നനേരം
കർണ്ണസൗഖ്യംവന്നുകൂടുംകൗരവന്മാർക്കും;
ഉററകാരൻപാർത്ഥൻപോരിൽ
തോററുപോൽവേടനോടെന്ന-
തേററവുംകുറവായുള്ളന്നുററവർകേട്ടാൽ;

"ക്ഷതചാമൃത്തികയാകഥഞ്ചനപൃഥാപുത്രസ്സ്വി
ണോത്രാകൃതിം
ഭക്ത്യായോതിസമർച്ച്യനുത്രകൃതവാൻപത്രാണി
തത്രാദരാൽ
ചിത്രംതത്രകിരാതപുംഗവശിരോഭ്രഷ്ടാനിസ
ന്ദൃഷ്ടവാൻ
താന്ത്രേന്ദുകലാജടോപിചമുദോധാനോരണ്യ-
ചഷ്യംച്ചനാൽ"

മൃത്തികകൊണ്ടൊരുശിവലിംഗത്തെ
[illegible]ധരിത്രിയിലങ്ങുളവാക്കി
[illegible]പഴുത്തുകൊഴിഞ്ഞുകിടക്കും
പ[illegible]വെട്ടിത്തുടനർച്ചനചെയ്തു;
മൃത്തികലിംഗംതങ്കൽവണങ്ങി
മൃത്യുഞ്ജയനെസ്സേവതുടങ്ങി;
മൃത്യുഞ്ജയജയ!ശങ്കരശംഭോ;
[illegible]തൊഴുതുവണങ്ങിനപാർത്ഥനു
[illegible]തെല്ലുംവേടൻതന്നുടെ
[illegible]കണ്ടാരായി
[illegible]വിസ്മയമെന്നുവിചാരി-
[illegible]മവുംവേടനെ
[illegible]നാക്കിക്കാണുന്നേരം
[illegible]ടിയതി-
[illegible]ടതിരയതിൽ

മുഴുകുംചന്ദ്രകലയുംതുമ്പയു-
മളികനടേതിരുമിഴിയുടെവടിവും
തിരുനാസികയുംതൃക്കണ്ണിണയും
തിരുമുഖവുംമൃദുമന്ദസ്മിതവും
ഗളരുചിതലവുംതിരുമാറിടവും
ഉദരംനാഭീകുഹരംകടിതട-
മതിരമണീയംഫണികാഞ്ചിഗുണം
കരിചർമ്മാംബരമുരുചയവും
പരിമൃദുജാനുകജംഘായുഗവും
തിരുവടിമലരുംനഖപംക്തികളും
ഗിരിമകൾതാനുംകരിമുഖനറുമുഖ-
നുടനേഹരിഹരസുതനുംവേട്ട-
യ്ക്കൊരുമകരംബഹുഭൂതഗണങ്ങളു-
മൊരുമിച്ചങ്ങനെകണ്ടാരായി;
"പംകജശരനുടെഹുംകൃതിതീർത്തൊരു
ശങ്കര,ജയജയ!സങ്കടമപഹര,
ഏതുംഗ്രഹിയാതെഞാൻചെയ്തോരപരാധങ്ങൾ
എല്ലാംക്ഷമിച്ചുകൊൾക!കല്യാണകര,ശംഭോ,
അംഗങ്ങളടിയത്തിനെങ്ങുമിളകാവല്ല;
അങ്ങുവന്നുവന്ദിപ്പാനിങ്ങുശക്തിയുമില്ല;
മഞ്ജുളനേത്രാ,വന്ദേ!ഗംഗാഭൂഷണാ,വന്ദേ!
തുംഗാനുഭാവ,വന്ദേ!മംഗല്യാകാര,വന്ദേ!"
അതിശയഭക്ത്യാവിവശനതാകിയ
ഹരിനരവചനംകേട്ടുഗിരീശൻ,
മതിതളിർതെളിവൊടുചെന്നുകരംകൊ-
ണ്ടതിമോദേനപിടിച്ചെഴുനീല്പി-
ച്ചംഗമശേഷംതൊട്ടുതലോടി
തുംഗപരാക്രമപുഷ്ടിവരുത്തി;
പുംഗവകേതനനാകിയഭഗവാ-
നംഗജശാസനനിദമരുൾചെയ്തു:—
വത്സ!ധനഞ്ജയ,തുംഗകളേബര,
വത്സരമനവധിജീവിച്ചീടുക!
മത്സരമുള്ളരിപുക്കളെയെല്ലാം
ഭസ്മമതാക്കാൻനീമതിയാകും;
ഭീമസഹോദരനാകിയനിന്നുടെ
ഭീമപരാക്രമമറിവാനായി,
ഭീമകിരാതശരീരംപൂണ്ടു,
ഭീമതരംബഹുയുദ്ധംചെയ്തു;
സോമകുലോത്തമനാകിയനിങ്കൽ
പ്രേമപ്രീതിവരുന്നുനമുക്കു;
കാമാധികസുഖമാരാനിന്നെ,—
ക്കാണ്മാനിത്തൊഴിലൊക്കെയെടുത്തു
പാശുപതാസ്ത്രംവാങ്ങുകതവഹിത-
മാശുലഭിക്കുംഫൽഗുനവീര,
കർണ്ണസുയോധനഭീഷ്മാദികളാം
അർണ്ണവമാശുകടപ്പാൻനല്ലൊരു
കപ്പൽമരക്കലമെന്നുടെബാണം
കെല്പൊടുകൊണ്ടുഗമിക്കധനഞ്ജയ;"
പുരരിപുഭഗവാനിദമരുൾചെയ്തു
ശരവുംവരവുംദാനംചെയ്തു

ഗിരിമകളോടുംപ്രമഥാളികളോടു-
മങ്ങുഗമിച്ചുമറഞ്ഞളവായം
തിരയിൽമറച്ചോരവിപ്ലവമിപ്പാൻ
സുരനിമ്നഗയെസ്സേവതുടങ്ങി;
നമസ്തേഗൗരാഗൗരിയെത്തുഷ്ട്യംജ്ഞാനത്തിൽമയാ-
[ക്രുതമാം
സമസ്താപരാധമെല്ലാംക്ഷമിച്ചുവരംനൽകേണം;
അരികളെവെൽവതിനായ്പരമശിവൻനൽ-
[കിയ;
ശരമിതുപാശുപതംപഴുതേയാംവില്ലില്ലാ-
[ഞ്ഞാൽ"
ഇത്തരംസ്തുതികേട്ടുസതീവരംപ്രസാദിച്ചു
ഉത്തമനാമവനോടുമുത്തരമരുൾചെയ്തു:—
"വില്ലാളിവീരപാർത്ഥാ!വില്ലിതാധരിച്ചാലും!
മല്ലീശരാന്തകനെസ്സേവിച്ചുവസിച്ചാലും!"
ഇത്തരംവരംനൽകിസതീവരംമറഞ്ഞവൾ;
സുരവരനരുളാൽരഥവുംകൊണ്ടു
സുരവരസൂതൻമാതലിവന്നു,
പെരുകിനമോദംകൈക്കൊണ്ടുടനേ
സുരവരസൂതരഥമതിലേറി
സുരലോകംപ്രതിയാത്രതുടങ്ങി
കുരുകുലകമലദിനേശൻപാർത്ഥൻ.
മംഗലമിക്കഥകേൾക്കുന്നോർക്കും,
മംഗലമനവധിവന്നുഭവിക്കും.

കിരാതം, ഓട്ടൻതുള്ളൽ, സമാപ്തം.

വ്യ. നിവാതകവചവധം.

മഹിതമഹാഗുണരാശിധനഞ്ജയ-
നഹിതനിഷൂദനനിരതനരൻ
അഹിവരഭൂഷണനോടുതപോബല-
ബഹുമതികൊണ്ടുടനസ്ത്രംവാങ്ങി
സഹിതമനോരഥനവനിഹചിലനാൾ
തുഹിനമഹാഗിരിതന്നിൽവസിച്ചു.
അക്കാലത്തമരാധിപനൊരു നാ-
ളിക്കഥസർവ്വമറിഞ്ഞുതമോദം
ഉൾക്കമലത്തിൽവളർന്നാരമമോ-
ദക്കാനാളില്ലാതെ ചമഞ്ഞു
മക്കടെവീര്യപരാക്രമമെല്ലാം
കേൾക്കുന്തോറുംജനകനുമചിരാതെ
ങ്ങിൽക്കാതുളവാംകൌതുകമെന്നപ-
രക്കെസ്സമ്മതമെന്തായാലും
വിക്രമജലനിധിയാകിയവിജയനെ-
യിക്കാലംപുനരിവിടെവരുത്തി
ഇക്കണ്മിഴികൾക്കാനന്ദത്തിനു
തക്കൊരുഭാജനമാക്കാംപിന്നെ
ഊക്കേറുന്നനിശാചരകൂടരുടെ
മുഷ്കുശമിപ്പിച്ചിടാമതിനുപ-
രാക്രമമെന്നാലുക്കുറവില്ലവന-
ച്ചക്രായുധസചിവാംകനിമിത്തം;
ചേതസിചിന്തിച്ചുടനേവംപുരു
ഹൂതൻതന്നുടെസാരഥിയാകും
മാതലിതന്നെവരുത്തിത്തരസാ
പ്രീതിമുഴുത്തിദമരുളിച്ചെയ്തു
പശുപതിതന്നെസ്സേവിച്ചൻപൊടു
പാശുപതാസ്ത്രംവാങ്ങിപ്പുരിചിനൊ-
ടാശുഗനന്ദനസോദരനർജ്ജുന-
നാശുവസിച്ചീടുന്നിതുനിയതം
ആശയമതിലിനിയവനെക്കണ്മാ-
നാശനമുക്കവളർന്നീടുന്നു
ആശുതരനീവിജയനിരിക്കും
ദേശംനോക്കിനടന്നീടേണം.
തത്രചെന്നദ്ഭുതമിന്നുഭവാന്മൽ-
പുത്രനാകുമവനോടുമദീയം
വർത്തമാനമുരചെയ്കിലവൻപുന-
രത്രപോരുമുടനെന്നതുനൂനം.
പാർത്ഥിവോത്തമകുമാരകരന്നൻ
പാർത്ഥനെന്നുഭുവനങ്ങളിലെല്ലാം
കീർത്തിമാന്തവളരുന്നുപരന്മാ-
ക്കാർത്തിയുംബതവളർന്നുതുടങ്ങി
പാർത്തലത്തിലവനോടുസമാനൻ
പാർത്തുകാണ്കിലിന്നൊരുവനുമില്ല.
ഇത്രിലോകപതിയായിട്ടൊന്നൊരു
ദൈത്യവൈരിപുരുഷോത്തമനോടുസ-
ഖിത്വമുണ്ടവനിതെന്നുജഗത്തിലൊ-
രുത്തരുംബതധരിക്കാതില്ല
ഇത്തരംബലപരാക്രമനായമ-
ത്തനുജസഹജൻതാനിന്നുക-
രത്തിൽവില്ലൊടുശരങ്ങളുമേന്തിയു-
രത്തുവന്നുസമരത്തിലടുത്തൊരു
മാത്രകൊണ്ടുധൂർത്തരാംരിപുക്കടെ
ചിത്തവീർത്തഗാത്രമാത്രനല്ലൊരു
ക്രുദ്ധമൂർത്തശസ്ത്രസംഘമയേനവി-
ക്ഷതമാക്കിയാത്രചെയ്യുതിനൊ-
രുതലില്ലപാർത്ഥനൊന്നുനമ്മുടെ
ചിത്തതാരിലോർത്തുകൊൾകസാദരം
ഇത്തരംബഹുപരാക്രമനാകിയ—
പുത്രനെസ്സപദികാണ്മാൻമോഹം
ചിത്തതാരിൽവളർന്നതിനാൽനീ
തത്രപോയിവരണംബതശീഘ്രം
വീരനാകുമവനെക്കൊണ്ടന്നിഹ
കാര്യമുണ്ടുപലതുംസാധിപ്പാൻ

ഘോരമിന്നതിനുവേണ്ടുവോളംബല-
വീര്യവുംമമ ഭക്തന്മാർക്കുണ്ടു്
സാരഥേ! കിമപി താമസിയാതെ
തേരിലേറി നടകൊൾക സമോദം.

ഇന്ദ്രന്റെകല്പനകളീവണ്ണംകേട്ടുസൂതൻ
സാന്ദ്രാനന്ദംവണങ്ങിസ്യന്ദനംതന്നിൽകേറി
മന്ദേതരംനടന്നുസ്വർല്ലോകംതന്നിൽനിന്നു
ഉല്ലാസമോടുഗിരിവല്ലഭൻതന്റെപാർശ്വേ
ചെല്ലുമ്പോൾപാർവ്വതിയമെല്ലാമവിടെക്കണ്ടു
സിദ്ധന്മാരോടുചിലവിദ്യാധരന്മാർസുര-
സാദ്ധ്യന്മാരുമത്യുഗ്രശാക്കിമാരുംപല
ഗന്ധർവന്മാരുംദൈത്യബന്ധുകാദരിമാരും
സന്തോഷമോടുമൊരോടത്തുവസിച്ചീടുന്നു
യക്ഷന്മാരോടുംചിലരക്ഷന്മാർമുനിമാരും
അക്ഷികളടച്ചുംകൊണ്ടക്ഷമാലപിടിച്ചു
രക്ഷിതാവൈരിയെധ്യാനിച്ചക്ഷീണഭക്തിയോടും
തൽക്ഷണംമേവുന്നതുംകണ്ടാനന്നൊരുദിക്കിൽ
വീണാലാപിനികടെ വീണാപ്രയോഗത്തിലും
വാണീഗുണങ്ങളിലും പ്രീണിച്ചുകൊണ്ടുചിലർ
വാണീടുന്നതുംതത്ര കണ്ടാനന്നൊരുദിക്കിൽ
കാന്തന്മാരോടുകലഹിച്ചുഗമിച്ചീടുന്ന
പൂന്തേന്മൊഴിമാരെത്തിരഞ്ഞുടൻവല്ലഭന്മാർ
കാന്താരംതന്നിലുന്നുനടന്നുകണ്ടറിയാഞ്ഞു
സന്താപമായിവന്നു കൂടിസംഭ്രമമൂലം
സല്ലാപ്രദേശങ്ങളിൽ ചെന്നുതിരയുമപ്പോൾ
സംപൂർണ്ണവർണ്ണത്തിൽകാണാവുന്നവരശ്ശേഷവും
വെള്ളിക്കൊടുമുടിക്കിൽ ചെന്നുതിരയുമപ്പോൾ
വെള്ളവർണ്ണത്തിലവിടേയുംപലരെക്കാണാം
നീലക്കല്ലുള്ളദിക്കിൽ ചാലെത്തിരയുമപ്പോൾ
നീലവർണ്ണത്തിലവിടേയുംപലരെക്കാണാം
സാക്ഷാൽതന്നുടെഭാര്യേക്കണ്ടറിയാഞ്ഞേറാം
ദൂഷിച്ചുകാന്തന്മാർനടന്നീടുന്നൊരുദിക്കിൽ
കാട്ടാളന്മാർകരുത്തർ ചട്ടകളുമുടലി-
ലിട്ടുമുറുക്കിത്തന്റെ കൂട്ടങ്ങളോടുമഞ്ഞു
പെട്ടെന്നു ചിരിച്ചുമിടി വെട്ടുംകണക്കെപാരം
കാട്ടിൽചെന്നുടനൊരു കോട്ടിൽവലകൾനായ്
ക്കെട്ടിയുറപ്പിച്ചുനായ്ക്കൂട്ടങ്ങളോടുമഞ്ഞു
പേട്ടയ്ക്കിറങ്ങുന്നതുംകണ്ടാനന്നൊരുദിക്കിൽ
...ഴിലുകളും പാട്ടുംകോഴിലുകളും
...പീടകളും പേരിമുഴുത്തന്റെ
...പേടിഞ്ഞുശീഘ്രമോടുന്നതുംഒരുദിക്കിൽ
...ങ്ങളുടെമസ്തകതലങ്ങളിൽ
...ചതത്തിടുന്ന ഹസ്തങ്ങൾകൊണ്ടടിച്ചു
...രാശീയുടനേമെത്തിയൊഴുകുംചോര
...കുടിച്ചുദര പൂർത്തിവരുത്തിപ്പിന്നെ
...കൊണ്ടു കുത്തിപ്പിളർന്നതിലെ
...കേസരികവിരലി ലിട്ടുകളിച്ചുസിംഹം-
...കളുന്നടക്കുന്നനേരം
...കൊണ്ടുക്കുസികം ചുവട്ടതിരിഞ്ഞുടനേ
...ചിതിനെ താഡനംചെയ്യാനായി
...കുത്തുവഴിതേടിനടന്നീടുമ്പോൾ
മഞ്ഞുകൾകൊണ്ടുരകതം മഞ്ഞുവഴികളുമ-
റിഞ്ഞുകൂടാഞ്ഞവർകരിഞ്ഞമുഖങ്ങളോടും
അക്കസാനില്ലപോൽതെളിഞ്ഞുകാണായിതത്ര
വൃക്ഷങ്ങൾതോറുംമൃഗസത്തമന്മാരുടയ
...ങ്ങളിൽനിന്നു മുക്തങ്ങളായുള്ളൊരു
മുത്തുമണികൾകണ്ടു ചിത്തംതെളിഞ്ഞുടനേ
എത്തിവേടന്മാർചെന്നെടുത്തുകണ്ടകളും പു-
യോജിപ്പതുംകണ്ടാനന്നൊരുദിക്കിൽ

പലവിധമിങ്ങനെ പർവതസീമനി
വലരിപുസൂതൻകണ്ടുടനേറാം
കലിതകുതൂഹലമാശുനടന്നിതു
നലമൊടുവിജയനിരിക്കുംദിക്കിൽ
തേരുവഹിച്ചുംകൊണ്ടീഹനമ്മുടെ
നേരേ ചെന്നുവരുന്നൊരുവീരൻ
ആരെന്നതുമറിഞ്ഞില്ലവനൊരു
വീരാധിപമണിയെന്നതുമുണ്ടോ
കരുണാപാരിധികൃഷ്ണൻതാനോ
കരുണാഭൂഷണഹേ വന്നീടുകയോ
അന്തകൻതാനേവരികയോകാർമ്മൻ
വന്നെന്നുവഴിതെറ്റീടുകയല്ലീ
കാട്ടിൽകുലകീടിച്ചങ്ങനെപാർത്ഥൻ
തരസാതത്രവസിപ്പതുനേരം
സുരപതിസൂതനരികിലണഞ്ഞു
പെരികിനകൗതുകമോടുപറഞ്ഞു

ഭൂമിപാലകമൌലിമണേ! ഗുണ-
ഭീമസാഹസധന്യ! ഗുണരാശേ
ധീരതാപരധനഞ്ജയനിന്നുടെ
ഭീമായുധഭുജവൈഭവമതിനാൽ
കാമവൈരിപരിതുഷ്ടനതായ് രണ-
ഭൂമിതന്നിൽനിന്നാദരവോടെ
കാമിതങ്ങൾവരനൽകിയതുംസുര-
ധാമനിവാസിമഹേന്ദ്രൻതന്നുടെ
കാതിലിതിമണികൾകീർത്തിക്കുന്നു
രമണീയകരുണാകരസിംഹോ!
പരിക്ഷേപനിജജനങ്ങളശേഷം
കണ്ടുനിൽക്കവെദുർദ്ധരമാംവില്ല്
കൊണ്ടുപാഞ്ചവിരികൾതൊടുത്തുട-
നിങ്ങനെനിയതമൊസിപലതും
പൂണ്ടുനില്ക്കുമൊരുലാക്കുറിച്ചു
കൊണ്ടൽവേണിയെഹരിച്ചൊരുവീര.

പദം.

ദേവാധിപനാദനി! കേൾക്കനീ
കേവലമെൻവചനം
ദേവദേവൻപരന്റെഭക്തശിരോമണേ!
ദേവകീസുതസഖേ! സാമോദം (ദേവാ)
ഇന്ദ്രമിത്രാണിദേവിക്കുംനിൻമുഖ-
ചന്ദ്രനെക്കാണ്മാൻമോഹംനിതാന്തം
ഇന്ദുകുലമണിദീപമേമാനസേ
നന്നായുള്ളതീടുന്നുനിയതം (ദേവാ)
കൈതവമല്ലിതുകേൾക്കഭവാൻതന്നെകാ-
ണ്മതിനായിമുദാഭൂശംതവ

താതന്റെസന്ദേശംകൊണ്ടിങ്ങുവന്നാൻഞാൻ
മാതലീമെന്നറികമഹാത്മൻ (ദേവാ)
തേരിൽക്കരയേറീട്ടെന്നോടുകൂടവേ
പോരേണമിന്നവിടേ!വിജയാ!നീ
ചാരുതരമോരോവസ്തുവിശേഷങ്ങൾ
നേരമ്പോക്കായിക്കാണാമല്ലോസുരാലയേ
ദേവാധിപനന്ദനകേൾക്കനീ
കേവലമെൻവചനം

മാതലിതന്നുടെവാക്കുകളിങ്ങനെ
ഭൂതലതിലകൻകേട്ടോരുനേരം
മതിയിൽവളർന്നൊരുകൌതുകമോടെ
ഇതിപുനരങ്ങുപറഞ്ഞുതുടങ്ങി
ജനകൻതന്റെനിയോഗംകൊണ്ടിഹ
കനിവൊടുനിന്നെക്കണ്ടതുമൂലം
അനവധിസുഖമിന്നിപ്പോൾമാമക-
മനതാരിങ്കൽവളർന്നീടുന്നു
സാരഥികസഖേ!നീതേരിൽക്കേറുക
സുരലോകത്തിനുപോയീടുകനാം
പെരുവഴിതന്നിൽകുശലപ്രശ്നവു-
മുരചെയ്തുകൊണ്ടാശുഗമിക്കാം
അച്ഛൻതന്നെക്കാൺമാൻചപലനാ-
യിച്ഛിച്ചിങ്ങനെമേവുന്നിതുഞാൻ
ഉച്ചംസംശയമില്ലിഹകണ്ടാ-
ലിച്ഛിക്കുന്നവരങ്ങൾലഭിക്കും
ഇങ്ങനെചൊന്നഥമാതലിയോടും
തിങ്ങിനസുഖമൊടുതേരിൽക്കേറി
മംഗലരൂപൻപാർത്ഥനമൊന്നി-
ച്ചങ്ങുതിരിച്ചുപുനരതിവേഗം.

ചമ്പതാളം.

സുരവരനുസൃതനുംസുരവരകുമാരനും
ത്വരിതഗതിയോടവർതേരുംവഹിച്ചുടൻ
സുരനദികടന്നുടൻസ്വർഗ്ഗംപ്രവേശിച്ചു
സുരവരപുരാന്തികേചെന്നുനിന്നീടിനാർ
സുരവരനുമതുപൊഴുതുസുരഗണസമേതനായ്
ഗോപുരസന്താനതരമേവുംമഠാന്തരേ
പിരിവിനൊടുവിജയനഥസവിധമുപചെന്നു-[ടൻ
പിന്നെനമസ്കരിച്ചീവണ്ണമോതിനാൻ
ജനക!ജയ!ജഗദധിപ!ജയജയ!നമോസ്തുതേ!
ജംഭനിഷൂദന!നിൻപാദദർശനാൽ
ജനനഫലമടിയനിഹകരതലസമാഗതം
ജാതമോദേനമാംകാത്തുകൊള്ളേണമേ
ഗുരുജനകൃപാമൃതംകൊണ്ടുതാനേറ്റണാം
പരമഖിലമിതിവിബുധവാക്കുകൾകേൾക്കുന്നുഞാൻ
കരുണയോടുമടിയനെയനുഗ്രഹിക്കേണമേ
കാരുണ്യമൂർത്തേ!നമസ്തേ!നമോസ്തുതേ.

ഇത്ഥംഭക്തിമുഴുത്തുടനേപല
കീർത്തനമൊടുചെയ്തുജയന്തനോ-
ടൊത്തുസമീപേമേവുംവിജയനി-
ലത്യന്തംകൃപപൂണ്ടുമഹേന്ദ്രൻ
അത്യാദരമരികിലണച്ചുപുണർന്നു
പുത്രസ്നേഹവശംഗതനായി
അർദ്ധാസനവുംനൽകിയിരുത്തി
ബദ്ധാമോദമിതരുളിച്ചെയ്തു
ഉണ്ണീ!കേൾക്കധനഞ്ജയ!മകനേ!
പൂർണ്ണായുസ്സുംനിനക്കുലഭിക്കും
ചണ്ഡരിപുക്കളെവെൽവാനുള്ളൊരു
പാണ്ഡിത്യവുമുളവാംസ്ഥിതമല്ലോ
കണ്ണിൽപരിചൊടുനിന്നെക്കാണ്മാൻ
കൌതുകമോടുവസിക്കുന്നോൻഞാൻ
കണ്ണായിരമുള്ളതുകൊണ്ടിന്നിഹ
പൂർണ്ണാനന്ദമെനിക്കുഭവിച്ചു
ധർമ്മതനുജനുസുഖമോ?തനയ!
ധർമ്മതനുജനുസൌഖ്യംതാതാ
ധർമ്മവുമവൻപൊടുചെയ്തീടുന്നോ?
ധർമ്മവുമവൻപൊടുചെയ്തീടുന്നു.
അമ്മയ്ക്കുംസുഖമല്ലീ?തനയ!
അമ്മയ്ക്കുംസുഖമെന്നേവേണ്ടൂ
ഭീമനുമനുജന്മാർക്കുംസുഖമോ?
ഭീമനുമനുജന്മാർക്കുംസൌഖ്യം
കൃഷ്ണയുമമ്പൊടുമരുവീടുന്നോ?
കൃഷ്ണയുമമ്പൊടുമരുവീടുന്നു
കൃഷ്ണനെയുണ്ടോസേവിക്കുന്നു?
കൃഷ്ണനെഞങ്ങളുസേവിക്കുന്നു
ഭൃത്യന്മാരുംനിങ്ങളൊടൊരുമി-
മൊത്തുസുഖേനവസിച്ചീടുന്നോ?
ഭൃത്യന്മാരുംഞങ്ങളൊടൊരുമി-
മൊത്തുസുഖേനവസിച്ചീടുന്നു
കുരുടച്ചാരുടെമക്കളുകാട്ടിയ
കുസൃതികൾകൊണ്ടിഹനിങ്ങളുശേഷം
കാട്ടിൽവസിച്ചീടുന്നെന്നുള്ളതു
കേട്ടിതുഞാനക്കഥകളുശേഷം
കള്ളച്ചൂതുകളിട്ടുകളിച്ചുട-
നുള്ളതശേഷംകൈക്കലതാക്കി
തള്ളിവനത്തിലയച്ചുടനേറാവു-
മുള്ളിലഹമ്മതിയോടുപലവക
ഭള്ളുപറഞ്ഞുതെളിഞ്ഞുവസിക്കും
കള്ളന്മാരുടെനാടുംനഗരവു-
മുള്ളതശേഷംനാശംവരുമാ-
റുള്ളൊരുകാലമടുത്തുകുമാര!
ചെന്താർമാനിനികണവൻതൻപാദ-
ചെന്താരടിയിണയുണ്ടുസഹായം
ചിന്തയിലായതുറപ്പിച്ചങ്ങിനെ
സന്തതമമ്പൊടുസേവിച്ചെന്നാൽ
ചിന്തിതമഖിലംസാധിക്കുംപുന-
രന്ത്യേമോക്ഷവുമാശുലഭിക്കും
ഭൂഭാരങ്ങളൊഴിപ്പാനല്ലോ
ഭൂമിയിലവതാരംചെയ്തിങ്ങിനെ
ഭൂപാലാകൃതിപൂണ്ടൊരുദേവൻ
ഗോപാലാഹ്വയനെന്നറിയേണം
ഇത്ഥംഭൂമിളമഹാഗന്ധർവൻ
തത്ഭാംഗിരമുരചെയ്തുപതുക്കെ
പുത്രനെയാത്രയുമാക്കിത്തരസാ
തത്രമറഞ്ഞിതുമഹിതചരിത്രൻ.

മട്ടുമാറി.

ആനപ്പടകളോടുംസേനാഭടന്മാരോടും
നാനാവൃന്ദങ്ങളോടുംകൂടിമേളിച്ചുനല്ല
മോടികലർന്നുവനവാടികടന്നുമേളം
കൂടിനടന്നുചെന്നുശക്രാനുജാവനേക-
ചക്രാദേശത്തുമേവുംവിപ്രാത്മജൻറെപാദേ
വീണുനമസ്കരിച്ചുമാതാവിനേയുംചെന്നു
ജാതമോദേനവീണുവന്ദിച്ചുവഴിപോലെ
സീതാവല്ലഭനോടുതുല്യൻനൃപതിപുത്രൻ
സന്തോഷവാരിധിയിൽനീന്തുന്നമാതാവിനെ
ഗന്ധർവകന്യകയുംചെന്നുനമസ്കരിച്ചു;
വൈദർഭരാജ്യംതന്നിൽചെന്നുകൊണ്ടടിയങ്ങൾ
വൈരിയെജ്ജയിച്ചിങ്ങുവൈകാതെവരുന്നുണ്ടു
അത്രനാളുമെൻമാതാവത്രവസിക്കവേണ്ടു
തത്രവിരോധംതീർന്നാലത്രഗമിച്ചുകൊള്ളാം.

മട്ടുമാറി.

ഇങ്ങനെയത്രപറഞ്ഞുകുമാരൻ
തിങ്ങിനപൗരുഷമാരത്തോടുകൂടെ
ഭങ്ഗിയിലങ്ങുനടന്നുതുടങ്ങി
ഭങ്ഗമകന്നിതുസാലോചനമപ്പോൾ;
അഗ്രജനാകിനഭൂസുരസുതനെയു-
മഗ്രേസപദിനടത്തിക്കൊണ്ടഥ
ഉഗ്രതപെരുകിനഗന്ധർവാദിസ-
മഗ്രബലേനസമേതനുമാരൻ;
കൊട്ടുംകുഴൽവിളികോലാഹലമിട-
മൊട്ടുംകുറവുവരാതെദിഗന്തര-
മെട്ടുംഝടിതിമുഴക്കിക്കൊണ്ടണി-
യിട്ടുംപൊട്ടുപൊടെവെടിയുംവച്ചഥ
കോട്ടകടന്നുവിദർഭമഹീപതി
നാട്ടുപൂകണ്ടുവിളിച്ചുപറഞ്ഞു:—
"മാട്ടുകളാട്ടുകൾവിപ്രന്മാരും
മാടണിമുലമാർബാലന്മാരും
മറെറാരുദിക്കിന്നുമാറിക്കൊൾവിൻ
മറെറന്നാളിഹവന്നുപൊറുക്കാം;
പടയിൽപരനാഭടന്മാരിൽചില-
രിടയില്ലാതെയുമുണ്ടാമവയവർ
ഝടിതികടന്നുകലമ്പിക്കലശലി-
ലടിയേപിടിയേഇങ്ങനെപിണയും;
അതുതരുതെന്നുവിലക്കാമെല്ലാ-
മെജമാനന്മാരറിയുംമുൻപേ
തെരുതെരെബഹുപൗരുഷമാകുന്നത-
ന്നുതരമാപത്തുളവാക്കീടും
പിന്നെനിനച്ചാൽഫലമില്ലീവക-
മുന്നേതന്നേകരുതീടേണം

ഞായംനോക്കിനടപ്പാൻനമ്മുടെ
നായന്മാരുപഠിച്ചിട്ടില്ലാ,
നായുംനായരുമൊക്കമിനിക്കൊരു-
പായംപെരുമെന്നുള്ളവിചാരം
രണ്ടുവിധത്തിനുമില്ലതരിമ്പതു
മിണ്ടുകിലായവർശുണ്ഠികടിക്കും;
കണ്ടഗൃഹത്തിൽകലവുംതവിയും
കണ്ടെന്നാലവർകേറിയെടുക്കും;
അന്തർജ്ജനമെന്നുള്ളൊരുശങ്കയു-
മന്തണരെന്നൊരുബഹുമാനവുമി-
ജ്ജന്തുക്കൾക്കുതരിമ്പില്ലവരുടെ-
ബന്ധുക്കൾക്കുമതങ്ങിനെതന്നെ;
കള്ളനടിച്ചുനടക്കുന്നവരു
കള്ളുകുടിച്ചാൽമറെറാരുമാർഗ്ഗം
മുള്ളുപറഞ്ഞുപലർക്കുംചിലരൊട്ടു
കൊള്ളുംപ്രഹരവുമങ്ങിനെയുള്ള;
കൊള്ളയിടാനുംവീടുകളൊക്കെ-
ക്കൊള്ളികൾവച്ചുദഹിപ്പിക്കാനും
ഉള്ളതുകത്തിക്കാനുംപുന-
രെള്ളോളംമടിയൊരുവനുമില്ലാ;
അവരുടെയജമാനന്മാർക്കുംപുന-
രവരെയടക്കാൻഭാവവുമില്ലാ;
കലഹത്തിലൊരുപാതികൊടുത്താ-
ലവരുമതിന്നുസഹായംതന്നെ;
എന്തുകാരണമിന്നുംനാളെയു-
മെന്നുടെനാട്ടിൽപ്പാർക്കുന്നോരും
പെണ്ണുംപിള്ളകളാഗോബ്രാഹ്മണരും
കണ്ണുംചെവിയുമതില്ലാത്തവരും
ഉണ്ണികളുംചിലമുടവന്മാരും
ദണ്ഡംകൊണ്ടുകിടക്കുന്നവരും;
പടയെന്നുള്ളതുകേൾക്കുന്നേരം
തുടതുള്ളുന്നമിടുക്കന്മാരും
അമ്പലവാസികളുംപ്രാന്തിരിമാ-
രായുധമില്ലാത്തൊരുനായന്മാർ
അങ്ങിനെയുള്ളവരെല്ലാംവിരവിനൊ-
ടങ്ങൊരുനാട്ടിനുമാറിക്കൊൾവിൻ:
തങ്ങടെകോപ്പുകൾപാത്രങ്ങളുമിവ
തങ്ങടെകൈക്കലിരിക്കേവേണ്ടു;
നമ്മുടെവീട്ടിൽകിണ്ടികൾനാലും
നാല്പതുനാഴിച്ചെമ്പുംപോയി,
നമ്മുടെയില്ലത്താത്തന്മാരുടെ
ചിറവുംചെറുതാലികളുംപോയി,
ഇല്ലത്തൻചതുർഗ്രന്ഥംപോയി
നെല്ലുകിടന്നതശേഷംപോയി,
എന്നുടെവീട്ടിലൊരോട്ടുകിണ്ടിയു-
മൊന്നരവട്ടുംകലവുംപോയി.
അയ്യോനമ്മുടെകന്നുകളോടും
ചാളെന്നുചത്തുമരിക്കപ്പോയി,
അപ്പംവിറകുംശർക്കരവിറകും
അപ്പനൊരാളുംപണമുണ്ടാക്കിയ-
തിപ്പോൾനമ്മുടെനിർഭാഗ്യതകൊ-
ണ്ടപ്പോരുംപടതന്നിൽനശിച്ചു;
ചിരുതപ്പെണ്ണവൾമിന്നുംമുട്ടകം
കരുതിപ്പോകാഞ്ഞിട്ടുകളഞ്ഞു
ഇളയച്ചിക്കുള്ളാഭരണത്തെ
കളയിച്ചതുമപ്പട്ടരുതന്നെ;
കോതപ്പെണ്ണിനുകാതിലപോയി
നീലിപ്പെണ്ണിനുതാലികൾപോയി
ചക്കിപ്പെണ്ണിനുചരടുംമിന്നുമ-
ലക്കിയതോരൻമുണ്ടുംപോയി
ഇട്ടിപ്പെണ്ണിനുകട്ടിലുപോയി
നെട്ടിപ്പെണ്ണിനുപെട്ടികൾപോയി;
കണ്ടച്ചാരുടെമുണ്ടുംപോയി;
ചെണ്ടക്കാരുടെചെണ്ടകൾപോയി;
കേളച്ചാരുടെവാളുംപോയി;
കാളൻനായുടെചങ്ങലപോയി;
ചിരികണ്ടച്ചാർപടയിൽചാടി
ച്ചുരികകളഞ്ഞേച്ചോടിപ്പോന്നു;
കോന്തിച്ചെട്ടനുകന്നുംപോയി
കോന്തിക്കവരുടെകൊട്ടുവാൾപോയി;
ചേമ്പുകിളച്ചുനടുമ്പോൾനമ്മുടെ
ചങ്ങാതിക്കൊരുതൂമ്പാപോയി,
എന്നെല്ലാംചിലദൂഷണവാക്കുകൾ
പിന്നെക്കേൾക്കാംപടപിരിയുമ്പോൾ
പണവുംപൊന്നുംപാത്രപ്പെട്ടോരോ
പ്പണയങ്ങളുമണിയാഭരണങ്ങളും
ഒന്നുംപാഴിൽകളയാതൊക്കെയു-
മിന്നൊരുദിക്കിനുമാറിക്കൊൾവിൻ"
ഇങ്ങനെയങ്ങുവിളിച്ചുപറഞ്ഞഥ
തിങ്ങിനബന്ധുപ്പടയുംപെരുകിന
ഗന്ധദ്വിപ്പടതേരുംകുതിരകൾ
പത്തിപ്പടകളുമങ്ങുകരേറി
കുണ്ഡിനപുരിയുടെഗോപുരസീമനി
കുപിതനതാകിനരാജകുമാരൻ
ചണ്ഡശരാസമെടുത്തുകുലച്ചതി
ഖണ്ഡനചതുരൻപുനരുരചെയ്തു:—
"നമ്മുടെജനകനെവെട്ടിക്കൊന്നിഹ
നമ്മുടെനഗരമടക്കിയിരിക്കും
ദുർമ്മതിയാകിയസാല്വാനിക്കല-
ഹമ്മതിയുള്ളതുകാണണമിപ്പോൾ;
തന്നൊത്താനറിയാത്തൊരുനിന്നുടെ
തടിപുനരടിമുടിപൊടിയാക്കുന്നിഹ
വിട്ടുമോഞാനിഹതടിയാമുടിയാ!
വിടുഭോഷാ!നീയെന്തിനുകൊള്ളാം?
ദുസ്ഥിതിനന്നിതുപരരാജ്യങ്ങൾക്ക-
രസ്ഥമതാക്കാനുള്ളൊരുമോഹം;
അർത്ഥമടങ്ങുകയില്ലനിനക്കൊരു-
നർത്ഥംവന്നിഹതലയിൽകേറി;
വ്യർത്ഥംനിന്നുടെവിക്രമവീരതക-
ളർത്ഥിതമാകുവനാഥമിഹമൂഢാ!
അത്രവസിക്കുംവിപ്രകുലംതവ
പുത്രകളത്രസമൂഹംപിന്നെ

മന്ത്രംപാഠമതിലംഭേക്കു
ക്ഷത്രിയനിന്നുനാശിക്കുമാറാകും
കൊമ്പൻകരിയുടെലിക്കപിടിപ്പും
നൻപെരുകുന്നരിക്കൂട്ടെല്ലെന്നക-
ലമ്പിയടുത്തൊലെല്ലതാനൊന്നിവ-
ശംഖിണ്ടമന്നാരുടെക്രൂരമന്ദം
കേസരിവരമടൈഗിരികന്ദരങ്ങിൽ
കേവലമന്തമുത്തുപാനമൂലം
കേറിയിരിക്കാൻമോഹിക്കുമ്പോൾ
കേട്ടവരത്ത്ചിരികാളുള്ളു!
പോരാനമ്മുടെപ്പുരയിലിരിപ്പോൻ
കൂടാതെവപ്പാടപൊരുതിടുവതിന്
പാടേനാമുപേക്ഷേനാമിനി
കൂപാമ്നമ്മുതന്നെയുള്ള തിൻ
ഇതിനാലിപ്പൊഴവിടെമിരുന്ന
വീരമ്മാരെല്ലാരുമിങ്ങൊരി
കാര്യമതിനുവിചാരമതിങ്കൽ
വേറെകാണുന്നു ഇക്കൂട്ടത്താലേ''

മട്ടുമാറി.

ഇത്തരമുള്ളിക്കണോലമന്ത്രിപ്രവരൻറെവാക്യം
ധർമ്മത്തെക്കാത്തകർമ്മത്തിനനുകൂലം
കേട്ടപ്പോൾഭയപ്പെട്ടസാലചന്ദ്രക്കൂട്ടക്കാരും
ക്കൂട്ടക്കാരിങ്ങിരുന്നാൽകേടുംവരികയുള്ളൂ.
ഗന്ധപരമാനന്ദരൂപന്മാരാമിക്കന്മാരും
നിസ്തുലന്മാരാകുംസ്വജനങ്ങളും
എന്തിനുപുനരുടെനാവിപ്രതിക്കാനവരും
ഇപ്പട്ടണംനാമൊഴിഞ്ഞുപോകുന്നതാണേറെ നല്ലൂ!
ഇറക്കാരായുള്ളോരാമനാരോടെതിർപ്പതു-
ഏറുമനസ്സുംമുട്ടിത്തോറ്റുമടങ്ങുമാരം
മാറ്റിക്കണ്ടന്മാരെന്നുമാലോകർപറകെട്ടക്കം
മാറ്റിക്കൊള്ളുകയേനല്ലൂനമ്മുടെപ്പാടമെല്ലാം
പെന്നാളെത്തുകയെക്കാൾഒന്നിനാകെടുക്കനല്ലൂ
എന്നുള്ളചൊല്ലിനിപ്പോൾശങ്കയെനിക്കില്ലൈല്ല;
തന്നെക്കാൾവലിയോനെത്താണുസേവിച്ചിടു-(ഞാൽ
പിന്നൊരന്തർഭയമായിപിന്നോക്കംപോകേ-(യുള്ളൂ
അന്യൻറെരാജ്യംകിട്ടാനാഗ്രഹിക്കുന്നവനു
തന്നുടെരാജ്യംകൂടെതനിക്കുപാർക്കുമാത്രം
ഈവണ്ണംവിചാരിച്ചുസാലചന്ദ്രബന്ധുകളും
സേവിക്കതന്നെനല്ലൂ എന്നങ്ങുനിശ്ചയിച്ചു
വെള്ളക്കൊടിയുംകൊണ്ടുവേഗേനപുറപ്പെട്ടു
വെള്ളക്കടയുംതുറന്നുവേഷംപകർന്നപോലെ
പട്ടുപെണവുംപൊന്നുംകെട്ടിയെടുപ്പിച്ചുംകൊ-
ണ്ടൊട്ടുംതാമസിക്കാതെകാട്ടുംവഴകളുംമാറി
കൊടിയക്കാറ്റെന്നപോലെആന്ധ്രരാജകൂടി
വൈരിയെക്കണ്ടണായിവൈകാതെതത്ര-(ചെന്നു;
വൈദർഭനാമവൻറെവൈരസ്യംപോക്കീടുവാൻ
പ്രവൈദഗ്ധ്യമുള്ളസാലചൻവന്ദിച്ചുവഴിപോലെ

മട്ടുമാറി.

''വൈദികന്മാരായുള്ളോർശിവശിവ!
വളരെവയസ്സേറുന്നളവാനിഹ
നിരിക്കാതെയിതന്നാളുത്തമതി
നിഖിലംപിഴകളുമിങ്ങുപൊറുക്കാം.''
എന്നുപറഞ്ഞുവിലക്കുമവൻതൻ
ചെന്നുപിടിച്ചുപുണർന്നുപതുക്കെ
തന്നുടെജനനിക്കിലിരുത്തിക്കഥകളു-
മൊന്നൊഴിയാതെപറഞ്ഞറിയിച്ചു
സന്തോഷിച്ചുമഹാസാലചന്ദ്രൻ
സകലദ്രവ്യവുമങ്ങുകൊടുത്തു
മന്ത്രികളോടുംകൂടിയനന്ദര-
മഭിഷേകത്തിന്നുമുതിർന്ന
ആഘോഷത്താൽവിധിപോലെ
അദ്ദേഹത്തിനുതന്നെകൊടുത്തു;
പിന്നെയഭിഷേകിച്ചുനായകർപട്ടും
പൊന്നുംപണവുംമണിഭൂഷണവും
സമ്മാനിച്ചിതുസാലചന്ദ്രനും
സാലചൻതന്നുടെകാര്യക്കാർക്കും
സമ്മാനിച്ചുമഹാസാലചനൃപതി
സമയംചെയ്തുനോക്കിപുനരിങ്ങനെ
തമ്മിൽകലഹിക്കരുതെന്നാളും
ജന്മികൾനാമിതവാനിനിമേൽ''തി
ചിത്രംപറഞ്ഞുനന്നുമഹീപതി
ഗോത്രമഹത്തരനാകിനസാലചൻ
പല്ലക്കുംകുതിരയുംകൊണ്ടഥ
പടയുംകുടയുംമേളഘോഷത്തോടെ
നല്ലമുഹൂർത്തത്തിൽപുരിപൂക്കുട-
നല്ലൊരുസേനാസുഖിച്ചുവസിച്ചു.
കണ്ഠിനനാഗരംപൂകിയുള്ളനങ്ങൾ
മണ്ഡിതനാകിനരാജകുമാരൻ
കുണ്ഡലമങ്ങാടികളുമണിഞ്ഞഥ
മണ്ഡപമേറിവസിച്ചുമഹീശൻ
ഗന്ധർവാധിപമകളുടെദിവ്യസു-
ഗന്ധമനോഹരപാടശരീരം
ഹന്തപുണർന്നുരമിച്ചുരസിച്ചുട-
നന്തഃപുരമതിൽപണ്ടേസുഖിച്ചു.
സുപ്രിയഹിതനായുള്ളശുചിവ്രത-
വിപ്രനൊരില്ലംതീർത്തുകൊടുത്തഥ
നെല്ലുംപണവുംധനധാന്യങ്ങളു-
മെല്ലാമനവധിദാനംചെയ്തു
കനിവൊടുഭൂസുരമേശേഷവും
ജനനിയെവേഗാലിങ്ങുവരുത്തി
പുനരപിപുനരപിതൊഴുതുവണങ്ങി
എന്നതരക്കതിനിശേഷത്തോടേ
അനാകുലതാകിനകനകഗ്രഹത്തിൽ
കനിവിലടുത്തുപരിപാലിച്ചു.
പ്രിയസുതനായശുചിവ്രതനുള്ളിൽ
പ്രിയമായുള്ളതുദാനംചെയ്തു
നിയമമിയന്നുപ്രദോഷവ്രതങ്ങളി-
ലുപവാസത്തിനുഭേദഗവുമില്ല.

പുരഹര! ശങ്കര! ശങ്കര! ശിവനേ!
ഹര! ഹര! ശശധരശേഖര! ശംഭോ!
ഗിരിജാവല്ലഭ! ഗിരിശ! മഹേശ്വര!
പരിപാലയ മാം! പരിപാലയ മാം!
ഇങ്ങനെ ശിവന്റെ പാദസരോജേ
തിങ്ങിന ഭക്ത്യാ വന്ദനം ചെയ്തു
മംഗലശാലി ഹിമഗിരിപുത്രി
മങ്ങാതവിടെ വസിച്ചു സുഖിച്ചു
ഇത്ഥം ശൈവം പ്രദോഷമഹത്വം
സാദരമേവ കഥിക്കുന്നവരും
മോദമിയന്നിതു കേൾക്കുന്നവരും
വേദമയാകൃതി പരമേശ്വരന്റെ
പാദസരോജേ ചേർന്നു സുഖിച്ചു
മോദം കൂടാതവിടെ വസിക്കും;
വേദിയകുലപതിമകുടമവരുടെ
പാദസരോജം ശരണം ശരണം

ഇതി പ്രദോഷമാഹാത്മ്യം ഓട്ടൻതുള്ളൽ സമാപ്തം.

൧൧. ഗോവർദ്ധനചരിതം.

ധരണീശരൊഴിച്ചുള്ളാനവകൾ
കരുണാകരനാം നാരായണനോടു
പരിതാപങ്ങൾ പറഞ്ഞതിമൂലം
പരമാനന്ദൻ ശ്രീമുകുന്ദൻ
പരിചൊടു ദേവകിതന്നുടെ സുതനായ്
ധരണിയിൽ വന്നവതാരം ചെയ്തു
പിരിയാതഗ്രജനാകിന രാമൻ
തിരുവടിയോടും സഹിതാദരത്തോ
പരിതോഷം ഗോകുലത്തിൽ വിളയാടി-
പ്പരിതോഷമുള്ള ഗോപീജനാനാം
നൃജനകാന്തി [illegible] വ-
നന്ദിതമാം [illegible]
ഉന്നതമാം വൃന്ദാവനമതിലെ-
മന്ദമഗോകുലമേച്ചിതനൊത്തും
തന്നുടെ സുതനെന്നോർത്തു മിതാം പ്രതി
വന്നൊരു സമ്മദമേറ്റം ചെയ്വു.
നാരികളും ഗോപാലന്മാരൊ-
ടൊന്നിച്ചോരോ ലീലകൾ ചെയ്തും
സന്തോഷം പൂണ്ടു മുരളിയുമൂതി
സുന്ദരമൂർത്തി വസിച്ചുള്ളൊരുനാൾ
നാരികളും ഗോപാലന്മാ-
രിന്ദ്രപ്രീതി വരുത്തുവതിന്നാ-
യൊന്നിച്ചൊരു മഖമാരംഭിച്ചിതി-
ന്നൊന്നൊഴിയാതെ കോപ്പുകൾ കൂട്ടി
പുഷ്പം ചമതകൾ ഫലവിധകളും
നല്ലവെളുത്ത ദധിപൃഷ്ഠാദികളും
ചൊല്ലേറുന്നൊരു നറുനെയ് ശർക്കര
എള്ളും കദളിപ്പഴവും തേനും
എല്ലാമിവകളൊരോരോ ദിക്കി
മെല്ലെ വരുത്തി നിരക്കെക്കൂട്ടി
ചൊല്ലാംബുജദളനയനൻ കൃഷ്ണനി-
തെല്ലാം കണ്ടറിയാതെ കണക്കേ
നല്ലൊരു സഭയേ നാരികളോടു
മെല്ലെയണഞ്ഞിതി മമതയിൽ ചൊല്ലി
ഹന്ത ഭവാന്മാരച്ഛന്മാരിതി-
ച്ചെന്തൊരു കാര്യനിമിത്തമിദാനീം
അന്തരമെന്യേ പലവക കോപ്പുകൾ
സന്തതമിവിടെ വരുത്തീടുന്നു
ഹന്ത കഥിക്കാമെങ്കിൽ ചൊല്ലുക
ചിന്തിച്ചറിയാനാളല്ലിഹ ഞാൻ
അന്ധന്മാരായുള്ള കിടാങ്ങൾ
ക്കെന്തു തിരിഞ്ഞിട്ടെന്നു മനസ്സിൽ
ചിന്തിക്കുന്നു ഭവാന്മാരെങ്കിൽ
ഉന്നതം നമ്മുടെ ചോദ്യം പാഴതേ
തന്നുടെ മകനുടെ വാക്കുകളിങ്ങനെ
നന്ദൻ കേട്ടു മനസ്സു തെളിഞ്ഞു
മന്ദം മടിയിലുയർത്തിത്തഴുകി
മന്ദസ്മിതമൊടിവണ്ണം ചൊന്നാൻ.

പുന്നാഗവരാളി—മുറിയടന്ത.

കടൽവർണ്ണ! തനയാ! കണ്ണ! കേൾക്കമേ വാചം
കമനീയഗുണനിലയ!
എന്നുണ്ണിക്കിതവാകുന്നിനോടു പറയാതെ
മന്നിലൊന്നില്ലെന്നു നന്നായ് ധരിച്ചാലും (കടൽ)
വൃഷ്ടിക്കുദാതാ സസ്യപുഷ്ടികൾക്കവിധാതാ
കഷ്ടം മനുഷ്യരെല്ലാം നഷ്ടപ്പെട്ടുഴലുന്നു (കടൽ)
പുല്ലും വെള്ളവും നല്ല പല്ലവാദികളൊന്നു-
മില്ലാതെ പശുക്കൂട്ടം വല്ലാതെ വലയുന്നു (കടൽ)
എന്നതുകൊണ്ടു നമ്മൾ നന്നായി യജിക്കേണം
ഇന്ദ്രനും പ്രസാദിച്ചു തന്നീടും വരമെല്ലാം (കടൽ)

അച്ഛനിങ്ങനെ പറഞ്ഞതു കേട്ടു ചി-
രിച്ചുകൃഷ്ണനതൽ ചെയ്തപലുകെ
വാച്ച മൂഢതരാ ചെയ്തതുപോലെ-
ന്നച്ഛനിങ്ങനെ പറഞ്ഞതു ചിത്രം
ചേർച്ചയില്ലിതിനു ചെറുതെന്നിക്കൊരു
നിശ്ചയം മനസി വന്നതുമില്ലാ
മന്നിടത്തിൽ മഴ പെയ്യിക്കുന്നതു-
മിന്ദ്രനാണിഹ കഥിച്ചതു കൊള്ളാം
മന്ദനായവനവാസികൾക്കിനേര-
ല്ലെന്നുതന്നെയറിയാം മനതാരിൽ
ഇന്നുകാട്ടുകളിലും മലതോറും
നിന്നിട്ടുന്നൊരു തരുക്കളശേഷം
ഇന്ദ്രനായ് ബലികൊടുപ്പതുമാർക്കും

മുന്നമെങ്ങുമൊരുകേൾവിയുമില്ലാ
സർവ്വസമ്മതമട്ടഷ്ടബലത്താ-
ച്ചർച്ചിതന്നിൽമഴപെയ്യിക്കുന്നു
ഗർവ്വുകൊണ്ടുപറയുന്നതുമല്ലിതു
നിർവ്വിവാദമതുവേണ്ടതുചൊല്ലാം
ഗോകുലമല്ലോകുലധനമായതു
ഗോപജനങ്ങൾനമുക്കെല്ലാർക്കും
ആകുലമതിനുഭവിക്കുമ്പോൾനാ-
മാകെപ്പരവശരായിത്തീരും
നല്ലൊരുജലവുംപുല്ലുംതളിരുക-
ളില്ലെന്നാകിൽപശുകുലമുടനെ
അല്ലൽമുഴുക്കംജീവനകാരണ-
മെല്ലാവർക്കുംഭോജനമല്ലോ
ചൊല്ലേറുന്നൊരുഗോവർദ്ധനഗിരി-
യെല്ലാനാളുംപശുവൃന്ദത്തിനു-
തെല്ലുംകുറവുവരാതതൃണാദിക-
ളെല്ലാംസേനകൊടുത്തിടുന്നു
അരുവികൾതന്നിലെജലമൊരുദിവസം
പിരികിൽപരവശമിപ്പശുവൃന്ദം
പെരുകിനഗുഹമുഖങ്ങളിൽനിന്നൊരു
പരിഭവവുംപുനരില്ലിവിടത്തിൽ
ജീവനപൂർത്തികൊടുക്കുന്നവനെ
കേവലമവനമർച്ചിക്കേണം
സേവിക്കാതെദിനംപ്രതിഗോക്കൾ-
ക്കാവശ്യപ്രദനാകനിമിത്തം
ഭാവിക്കേണ്ടതിനേതുംവിമുഖത
സേവിക്കേണ്ടതുമവനെന്നതിനാ
ഗോവർദ്ധനഗിരിയത്രെനമ്മുടെ
ശ്രീവർദ്ധിപ്പാൻകാരണഭൂതൻ
എന്നതുകൊണ്ടീപർവ്വതരാജനു
നന്നായിട്ടൊരുബലിനൽകേണം
വന്നപദാർത്ഥംപഴുതാക്കീടാ-
തിന്നേതുമൊരുകപർവ്വതയാഗം
തന്നുടെമൂർത്ത്യാഗോവർദ്ധനഗിരി
വന്നുഹവിർഭാഗവുമിഹവാങ്ങും
മാമൻതാനീചൊന്നതശേഷം
നന്ദനനുള്ളിൽതോന്നുന്നെങ്കിൽ
സന്ദേഹങ്ങൾതുടങ്ങുവിനതിനാ-
ലന്നൊരുതനിയാംപരമാർത്ഥം
അന്ധതകൊണ്ടുജഗല്പതിതന്നെ-
ന്നന്തർഗ്ഗർവംവാസവനുള്ളതു-
മന്തരമെന്യേകളവാനൊരുവഴി
ചിന്തിച്ചംബുജനാഭനിവണ്ണം
സന്ധിച്ചുരചെയ്തനവധിയുക്തികൾ
ഹന്തമുടക്കീവാസവയജ്ഞം
സന്തോഷിപ്പിച്ചദ്രിമഖത്തിനു-
മെന്തൊരുചിത്രമുറപ്പിച്ചവരെ

നന്നിപ്പറഞ്ഞതെന്നുനന്ദാദിഗോപവൃന്ദം
നന്ദിച്ചുസംഭാരങ്ങളൊന്നിച്ചെടുപ്പിച്ചുടൻ
ചെന്നുഗോവർദ്ധനാദ്രിസന്നിധൌമഖത്തിന്റെ
സന്നാഹംപലവിധമൊന്നൊന്നായാരംഭിച്ചു
ഒരുനാളുംകാണാത്തുള്ളഗിരിരാജമഖംകാൺമാൻ
തരസാപോകണമെന്നുകരുതിഗോപികമാരും
നിരയെഭൂഷണമണിഞ്ഞൊരുമിച്ചുപുറപ്പെട്ടു
തരസായശോദയോടുഗിരിസാനുവിങ്കലെത്തി
കൊണ്ടൽനേർവ്വർണ്ണനിപ്പോൾപണ്ടില്ലാതൊരുയാ-
മുണ്ടുതുടങ്ങീട്ടെന്നുകണ്ടവർചൊല്ലിക്കേട്ടു [ഗം
കണ്ടുകൊള്ളുവിനുള്ളിലുണ്ടായസന്തോഷത്താ-
ലിണ്ടലറിയാതാത്തുമണ്ടീമഹീസുരന്മാർ
കുണ്ഠതയെന്യേചെന്നുവേണ്ടക്രിയകളെല്ലാം
കൊണ്ടാടിക്കഴിപ്പാനായ്ക്കൊണ്ടുടനുദ്യോഗിച്ചു
ഉത്തമപൂരുഷന്റെചിത്തമറിയുംമുനി-
സത്തമന്മാരുംപലരെത്തിയവിടെയപ്പോൾ
പാർത്തലവാസികളുംമർത്ത്യന്മാരനവധി
ചീർത്തമോദേനവന്നുപാർത്തുമഖത്തെക്കാൺമാൻ
ആർത്തിനാശനൻജഗന്മൂർത്തികൃഷ്ണന്റെമായാ
വിസ്താരംനിരൂപിച്ചാലെത്രയുംചിത്രമത്രെ.

ചിലമുനികൾകുളിച്ചുജപിച്ചു
പലക്രിയകളുമങ്ങുകഴിച്ചു
നലമൊടുമറയോതിരസിച്ചു
കുലഗിരിവരമന്ത്രമുരച്ചു
കുംഭതാലംബലിപൂജകളെന്നിവ
ബഹുവിധവിധികൾതുടങ്ങിയുംപെര-
വാങ്ങിയുംചിതമായവർചെയ്തു ചില
ചലമിഴികളശേഷമൊരുങ്ങി
പലപുതുമകളോടുമിറങ്ങി
ബലിവിധിയതുകണ്ടുതുടങ്ങി
അലർശരനുടെകീർത്തിവിളങ്ങി
അതിമോഹനമവരുടെ അനുപമഗുണഗണശീ-
[ലവും
ശുഭശീലവുംകുടിലേക്ഷണവീക്ഷണവും
മഖവിധിയതുകണ്ടുമിരുന്നും
സഖിമാരൊടുസപദിനടന്നും
സുഖമിടയിടെലീലതുടർന്നും
പരിതോഷവിധങ്ങൾപകർന്നും

ഗിരീന്ദ്രബലിയതുകണ്ടാൾപ്രകൃതികള-
മന്ദമോദം ചെയ്യുന്നളവിൽ
മഹേന്ദ്രജാലത്തിലുമിതുനന്നെ-
ന്നുപേന്ദ്രനവരെബോധിപ്പിപ്പാൻ
നിനച്ചുമാനസതാരിലുപായവു-
മുറച്ചുമായാമൂർത്തിവസിച്ചു
ഉരച്ചുമന്ത്രപുരസ്സരമദ്രിയെ
വരിച്ചുബലിനൽകുന്നൊരുസമയേ
ധരിച്ചുതാനേ പർവ്വതവേഷം
ധരിച്ചുചെന്നാസദസിസമക്ഷം
ഗ്രഹിച്ചുമോദാൽതന്നുടെബലിയതു
തിരിച്ചുപോന്നഥസപദിമറഞ്ഞു
കടുത്തൊരൽഭുതമിങ്ങനെകണ്ടു-
വടുത്തുനിന്നമഹാജനമെല്ലാം
തടുത്തുദാമോദരനോടുചൊല്ലിയ
പടുതപശാലികൾഗോപന്മാരും
പെരുത്തവിശപ്പാസേനവിചിത്രം

വിചിത്രമിങ്ങിനെപണ്ടൊരുനാളും
ഒരുത്തരാൽഭുവികണ്ടിട്ടില്ലീ-
ത്തരത്തിലുണ്ടോമറ്റൊരുയാഗം
നമസ്കരിപ്പിൻഗോവർദ്ധനഗിരി
നമുക്കതിനൊരുസംശയമില്ലം
മിടുക്കനുണ്ണികൃഷ്ണൻചൊല്ലിയ-
തൊക്കെയുമത്രെബോധിച്ചുള്ളൂ
ഏട്ടത്തിവണ്ണംവാഴ്ത്തിബലിയതി
നുത്തമദക്ഷിണയുംബഹുചെയ്തു
മുകുന്ദനംബലദേവൻനന്ദന-
മഹാമോദാൽഗോപന്മാരും
പുരോഹിതശ്രീവിളയുംഗോകുല-
ജനന്നിജനിജഭവനംപുക്കാർ.

അന്നുമഹേന്ദ്രൻദേവകളോടും
വന്നുസുധർമ്മയിൽവാഴുംകാലം
തന്നുടെയാഗത്തിനുവിഘ്നം
നന്ദാത്മജൻചെയ്തതറിഞ്ഞു
വന്നൊരുകോപാൽകണ്ണുകളായിര-
മൊന്നുചുകന്നുരുണ്ടുമറിഞ്ഞു
മനംവിറച്ചുകറുത്തമുഖത്തൊടു
മിന്നൊരുദേവകളോടരുൾചെയ്തു
കഷ്ടംകഷ്ടം!ഗോകുലവാസികൾ
ഒക്കെറിയുന്നോനിങ്ങളിന്നീ
മൂഢന്മാരാംനന്ദാദികളെ
ഉണ്ണിക്കൃഷ്ണൻചൊല്ലിമയക്കി
വട്ടമുടക്കിയയാഗമശേഷം
മുട്ടിച്ചെന്നെയുമവമാനിച്ചു
ദുഷ്ടാചാരംചെയ്തവരെല്ലാം
ഗോഷ്ഠികൾപലതുംകാട്ടീടുന്നു
കെട്ടിക്കാരംഗൃഹമതിൽനിത്യവു-
മിട്ടുകിടക്കുംഗോഷ്ഠപ്രവരരെ
വിട്ടുവരുത്തുകഗോകുലമിടെ
ഗോഷ്ഠംജലമയമാക്കീടേണം
യജ്ഞമുടക്കിയതിന്നുടെഫലവും
വൃഷ്ണികൾകൊണ്ടിഹരമിത്തീടണം

നടക്കുംമേഘങ്ങൾചെന്നാ-
മെട്ടുകരോധിയിൽവെള്ളം
കോരികുടഗോകുലവർഷം:
കുട്ടകമാഗാരസപാത്രം
മുടിഞ്ഞുസസ്യങ്ങളെല്ലാം
മുടക്കംസഞ്ചാരംചെറ്റും
മുടക്കംവീടുകളെല്ലാം-
മടങ്ങുംമിന്നലുംചേർന്നോ-
രിടികളുംകാറ്റുമെന്നിയേ.

ലക്ഷ്മീതാളം.

അനന്തരംഗോപന്മാർ
നന്ദാത്മജനോടടുത്തുവരുമെങ്കിൽ
വരുത്തിയൊരാപത്തതു
ഉരുത്തിരിന്നേറിവജ്രം
കരത്തിലെടുത്തുനല്ല
തരത്തിൽപെയ്തുതുടങ്ങ-
പുരത്തിൽനന്ദാത്മജനെ
ഇരുത്തികോപശാന്തിയെ
വരുത്തികീർത്തിയെപ്പാരിൽ
പരത്തീടുവൻനിയതം
കണ്ണന്മാർക്കവമാനംവന്നോ
ബഹുമാനമെന്നതുളവാകും.

ഇങ്ങിനെയാഗവുമിങ്ങുമുടങ്ങിയതുകണ്ടിങ്ങു
നങ്ങിനാമല്ലാമിപ്പോളടങ്ങിപ്പാർത്തിരിക്കിൽനമ്മെ
വണങ്ങീടാതവരിനംവണങ്ങീമാനുഷരെല്ലാം
ഇണങ്ങിയാഗങ്ങൾമേലിൽമുടങ്ങുമെന്നറിഞ്ഞാലും
വിട്ടാലുംപിന്നതിപ്പിൻ
ഒട്ടുമടിയാതെമേഘനിവഹരെ

മർമ്മതാളം.

സംഭൃതബഹുരോഷമിവണ്ണം
ജംഭനിഷൂദനവാക്യം
സംഭ്രമമോടുകേട്ടുനടന്നിതുപുഷ്കലസംവർത്തകശേഷം
മുന്നോബഹുകാലഗ്രഹമതിൽഭ്രമമേഷമിട്ടുകിടക്കും
വമ്പേറിടിനമേഘപ്രവരരെ
യമ്പൊടുവിട്ടാനുടനെ
ഉലകഖിലമഴിപ്പതിനുന്നുമൊ-
രലസതയില്ലാഞ്ഞവർപോയ്
ചലചലനമിജലധികളിൽ
ജലമനവധിസപദികുടിച്ചും
കലശിഖരികൾപോലെതടിച്ചു
കറുത്തുമികത്തൊരുനൃത്യം
ചൊലിമയൊടുടനംബരമിന്നി
പൊങ്ങിനിരക്കെക്കാണായ്
അഞ്ജനഗിരിപലതൻമുകളിൽ
പറന്നുനടക്കുംപോലെ
മഞ്ജുളനിറമൊടുമുകിൽമാലകൾ
വന്നുനിറഞ്ഞുതരസാ
പൊടിപടലമൊടൊരുകാറ്റും-
കാറ്റടിയുംമരകൊമ്പുകളേൽക്കിൽ
പൊട്ടിയുമ്പരുപക്ഷികൾചെവികൾ-
മടയുംചുനാരടികളാൽ
പ്രളയാംബുനിവഹേമന്നു-
നൊളിവാകുന്നതുകണ്ടപ്പോൾ
കളിയല്ലതമസ്സുംനിറഞ്ഞൊരു
വെളിവില്ലാരാത്രിയതിൽ
കരിരാജകരങ്ങൾകണക്കെ
ചൊരിഞ്ഞൊരുധാരാവർഷം
പരിതോഖിലഗോകുലസീമനി
വാരിദനിരകൾചൊരിഞ്ഞും
തെരുതെരെനിരവധിചൊരിയുംപ്പോൾ
വാരികൾധരണിനിറഞ്ഞുകവിഞ്ഞുവഴിഞ്ഞുതഥാ
തരുനിരകളിൽപുരികളുമാഴിക്കു
പെരുകിജ്ജലമയമായിഗന്ധം
കരകാണാതാൽകാലികളെല്ലാം
കരചരണങ്ങൾമുറിഞ്ഞുവലഞ്ഞു
അരണകളാലിപ്പുഴമെത്തതിന്
മരണംപ്രാപിച്ചോർക്കൊരയാടുകൾ

ഗിരിവിപിനങ്ങളിൽമരുവീടുന്നൊരു
കിരികളുമാനകൾകരടികൾപുലിയും
തെരുതെരെവാരിയിലൊഴുകിനശിച്ചും
പുരകളശേഷംമുഴുകിനശിച്ചും
പെരികെവളർന്നതരുക്കളുമെല്ലാം
മുരടുപറിഞ്ഞുപതിച്ചുനിരക്കെ
കരുമനയിങ്ങനെപലതുംവന്നു
പറവാനുരഗപതിക്കുംവിഷമം
അച്ചികൾനായന്മാരുംവീടുമൊ-
ഴിച്ചുടനോടിക്കുന്നുകൾതോറും
കൊച്ചുകിടാങ്ങളെമടിയിലിരുത്തി
വിറച്ചുകയച്ചുപറഞ്ഞുതുടങ്ങി
കുണ്ടച്ചാരേവല്യതായിട്ടൊരു
ചെണ്ടപിണഞ്ഞതറിഞ്ഞില്ലേതാൻ
മണ്ടിപ്പോരുന്നേരത്തെന്നുടെ
പണ്ടേയുള്ളൊരുതാലിക്കൂട്ടം
കൊണ്ടിഹപോന്നില്ലയ്യോവീട്ടില-
ത്തുണ്ടോകള്ളൻകൊണ്ടുഗമിച്ചോ?
ഉണ്ടലെനിക്കിനിനസ്സൂന്തോറും
ഉണ്ടാക്കാൻഞാനാളല്ലിനിമേൽ
കുണ്ടച്ചാരുപറഞ്ഞു ൟനേരം
വേണ്ടിനിമോഹംതാലിയിലേതും
വെള്ളംകേറിപ്പോയില്ലെങ്കിൽ
കള്ളൻകൊണ്ടുഗമിച്ചുനൂനം
കള്ളംകാട്ടികണ്ടജനങ്ങളെ-
ട്ടുള്ളധനങ്ങൾപിടിച്ചുപറിക്കും
കള്ളികളുടെമുതലിങ്ങനെപോണം
കള്ളത്തൊഴിലുകളുടെഫലമത്രേ
പരമതിനെന്തിനുദുഃഖിക്കുന്നു
പുരുഷന്മാരിനിയുംപലരുണ്ടാം
തരുമവരിൽചിലർപൊന്നുംപണവും
തരമായിനിയുംതീർപ്പിച്ചീടാം
പരനാരികളാംനിങ്ങൾക്കെല്ലാം
പരധനജീവനമല്ലോധർമ്മം
ചിരുതേകോപിക്കരുതേവെറുതേ
പെരുതേനിന്നുടെധൂളിത്തങ്ങൾ
നിന്നുടെതോഴിഇട്ടിക്കാളി
പ്പെണ്ണാവളുടെഭവനേചരിപ്പാൻ
ഇന്നലെരാത്രിയിൽമഴചൊരിയുമ്പോൾ
ചെന്നുകരേറിയട്ടപ്പുരയിൽഞാനും
ഒച്ചയുമൊളിയുംകേൾക്കാതങ്ങു
വിറച്ചുപുറത്തുകിടക്കുന്നേരം
വന്നൊരുസരസനറക്കറവാതിലു
മന്ദംമുട്ടിവിളിച്ചുതുടങ്ങി
ഇട്ടിക്കാളിയുമപ്പോളുറങ്ങി-
ട്ടുക്കഥയേതുംബോധിച്ചീല
ഉഷ്ണാലത്താലവളുടെഗ്ഗുണദോ-
ഷക്കാരൻകുഞ്ഞിട്ടിയുണർന്നു
തെരുതെരെവാതലുമുട്ടുന്നതുകേ-
ട്ടുരിയാടാതെപതുക്കെയിരുട്ടിൽ
പരിചൊടുകതകതുറന്നൊരുകോണിൽ
തരവുംപാർത്തഥനിന്നിതുവിരുതൻ
ഗാത്രംമഴയിൽനനഞ്ഞതശേഷം
തോർത്തിയുണക്കിധൂർത്തൻകേളൻ
പാർത്തിടാതെകട്ടിൽകരേറീ-
ട്ടാർത്തികളഞ്ഞുപുണർന്നയഥേഷ്ടം
സരസിജമുഖിഞാൻമുന്നംചൊല്ലിയ-
പിരിയൻവളയിതുമേടിച്ചാലും
ഉരിയാടാതെകിടക്കുന്നെന്തിഹ
പരിഭവമൊക്കെക്കളകസുശീലേ!
ഇരുടൻകുഞ്ഞിട്ടിക്കിതുപോലേ
കരമതിലില്ലൊരുപൊന്നുംപണവും
വരികയുമില്ലവനീയിടെയെങ്ങും
വരികിലുമാട്ടിക്കളയണമുടനേ,
വിരസതയെന്യേതുടരുകവേഗാൽ
സരസിജശരനുടെലീലകൾപോലേ!
പററിക്കേട്ടഥകുഞ്ഞിട്ടിയുമതു
ചെററുംമനസിപൊറുക്കാഞ്ഞതിനാൽ
ചീററിച്ചെന്നുകുട്ടമ്മപിടിച്ചു
ചുററിവലിച്ചഥതാഴത്തിട്ടു
തെറെറന്നവനുടെചെവിയുമറുത്തു
പറെറച്ചെത്തികുട്ടമ്മയുമുടനേ
മാററിയെമാറത്തിട്ടുതൊഴിച്ചു
മാററിത്തംപലതെന്നേവേണ്ടൂ;
ക്രൂരന്മാരുടെകലശലുകേട്ടു
മുററുമുണർന്നിക്കാളിയുമപ്പോൾ
തെററിപ്പോയെന്നോർത്തുടനോടി-
ത്തെററുവതിനായ്ഭാവിച്ചപ്പോൾ
നല്ലകുടുംബക്കാരാനിസ്സീ-
വല്ലാത്തവരോടുചേർന്നുകൊള്ളാം
നില്ലുരജാംകുഞ്ഞിട്ടിയിവളെ-
ക്കൊല്ലരുതേനീമാറുകവേഗാൽ
മതിമാൻനീയിക്കാളിയൊടിനിമേൽ
മതിയാക്കേണംചപലതയെല്ലാം
അതിസാഹസമരുതെന്നുവിലക്കി
കുഥമചികുഞ്ഞിട്ടിയെവശമാക്കീ-
ട്ടൊരുമിച്ചവനൊടുമററൊരുവീട്ടിൽ
തരസാചെന്നുകിടന്നുപുലന്നു
കുമരിയൊടവളുംപിരിയൻവളയതു
വിമുഖതയെന്യേവാങ്ങിക്കൊണ്ടു
മമതമുഴുത്തുവസിച്ചെന്നിപ്പോ-
ളുമയന്നുരിക്കാളിപറഞ്ഞു
അതുകൊണ്ടത്രേഞാൻപറയുന്നു
മതിമോഹത്താൽനിങ്ങൾക്കെല്ലാം
അതിയായിട്ടുള്ളമളികൾപിണയും
മതിമതിചിരുതേദുസ്സാമർത്ഥ്യം
ഇങ്ങിനെതങ്ങളിലവർപറയുമ്പോ-
ളങ്ങൊരുകുഴിവിപറഞ്ഞുതുടങ്ങി
നങ്ങേലിക്കുകുടിഞ്ഞൂൽഗർഭം
സംഗതമായിതുപത്താംമാസം
എങ്ങുംമാറാതുള്ളൊരുമഴയിതി-
ലെങ്ങിനെപേറുകഴിച്ചീടേണ്ടൂ

പിറകംവേത്രംമഞ്ഞളുമുള്ളിയും
ചെറുകട്ടകെന്നിവകൊണ്ടുവരാനും
തിറമുള്ളാളുകളുണ്ടെന്നാലും
പുറമേപോവതിനെളുതല്ലേതും
എന്തൊരുകാരണമെന്നുടെമകനേ
സന്തതമിങ്ങനെമഴപെയ്തീടാൻ
എന്തെങ്കിലുമൊരുകാരണമുണ്ടിതു
ചിന്തിച്ചെന്നോടുചൊല്ലീടേണം;
അമ്മപറഞ്ഞതുകേട്ടഥമകനും
ചെമ്മേചെവിയിൽച്ചെന്നുപറഞ്ഞു
നിർമ്മായംഞാൻകേട്ടവിശേഷമി-
തമ്മയൊഴിഞ്ഞുഗ്രഹിക്കരുതാരും
നാമാലികളിവിടാരംഭിച്ചോ-
രിന്ദ്രമഖത്തെമുടക്കീകൃഷ്ണൻ
എന്നതുകൊണ്ടതിവൃഷ്ടിഭവിച്ചു
എന്നോടുഗൂഢംചിലരുപറഞ്ഞു
അതുനേരത്താവൃദ്ധപറഞ്ഞു
മതിമതികാരണമിതുനേരത്രേ
ചതിചേരുന്നകിടാവാംകൃഷ്ണൻ
മതിയാസ്സുതമതിനെന്നുമുറയ്ക്കു
വല്ലാമകളിലില്ലാമകളി-
തെല്ലാവർക്കുംസമ്മതമല്ലോ,
എന്നതുകേട്ടഥമകനുരചെയ്തു
നന്ദാത്മജനതിമാനുഷനത്രേ
ഇന്നിതിനൊരുകഴിവുണ്ടാക്കീടും
സന്ദേഹംചെററില്ലിതിനമ്മേ
ഒന്നിച്ചീവകചപലതുംതങ്ങളിൽ
മന്ദതയോടുകഥിച്ചുതുടങ്ങി
രോഷമിയന്നമഹേന്ദ്രനെവേഗാൽ
തോഷിപ്പിക്കണമെന്നുനിനച്ചു
ഘോഷിച്ചംബുദനിരകൾചൊരിഞ്ഞും
ഇടിത്തീവീണുഗൃഹങ്ങൾദഹിച്ചും
ഝടിതിമരങ്ങളെരിഞ്ഞുപതിച്ചും
ഇടിവെട്ടേററുപശുക്കൾമരിച്ചും
കിടുകിടെമിന്നലുകണ്ടുവിറച്ചും
ഉൽക്കകൾമിന്നിവരുന്നതുകണ്ടി-
ട്ടുൾക്കരളിൽബഹുഭീതിവളർന്നും
ഒക്കെജ്ജലമയമായൊരെടത്തും
നില്പുതരാഞ്ഞുപകച്ചുനടന്നു
ഗൃഹഭരണത്തിനുകൂട്ടിയവട്ടവു-
മഹഹഗൃഹങ്ങളുമൊഴുകിനശിച്ചു
ബഹുവിധമുള്ളപശുക്കൾജലത്തിൽ
മുഹുരപിമുങ്ങിപ്പൊങ്ങിവലഞ്ഞും
വലുതായുള്ളവിപത്തുപൊറാഞ്ഞൊരു
നിലവിളിയായിത്തീർന്നതുനേരം
അലസതപൂണ്ടപ്പശുപന്മാരുടെ
കലവുംനന്ദനുമൊരുമിച്ചവിടെ
ചലമിഴിമാരൊടുകൂടിയണഞ്ഞഥ.
ബലദേവാനുജനോടുരചെയ്തു.

ഇന്ദിര—മുറിയടന്ത.

പാലയപാലയ കൃഷ്ണ!
ബാലക! നീഞങ്ങളെയും
കാലികളേയുംവൈകാതെപാലിച്ചീടേണം
കഷ്ടമിപ്പോളതിവൃഷ്ട്യാവിഷ്ടപങ്ങൾക്കുണ്ടു
ഗോഷ്ഠവാസികളുമെല്ലാംനഷ്ടരാകുന്നു
ഇടികൾവന്നുവീണിട്ടുള്ളകെടുതിനീളുംകണ്ടിട്ടു- [ഭയം
ഝടിതിമേഘോഷംമന്നിൽവന്നുകൊടിയസന്താപം
ഇന്ദ്രനെത്തെളിയിക്കാഞ്ഞുമന്ദമായിഭാഗ്യമെന്നാൽ
ഒന്നറിയാവതുമല്ലാവന്നുവൈഷമ്യം
പശുകുലത്തിനുംഞങ്ങൾക്കു-
മശുഭമെല്ലാംകളഞ്ഞാശു
കുശലമേകീടണംകൃഷ്ണാപശുപാലക!
പാഹിപാഹിദയാസിന്ധോ!
ദേഹിസൌഖ്യംദീനബന്ധോ!
സാഹസംചേർപ്പെട്ടതാലുംമോഹനകീർത്തേ!

പങ്കജനേത്രൻനന്ദാദികളുടെ
സങ്കടമിങ്ങിനെകേട്ടുതെളിഞ്ഞു
ശങ്കവെടിഞ്ഞിദമരുളിച്ചെയ്തു
ശങ്കരനാണിതുസത്യംകേൾപ്പിൻ
ദുർമ്മദമോടിന്നമരാധീശൻ
നിർമ്മരിയാദംകോപിച്ചാലും
നമ്മൊടുതരസാബലിവാങ്ങീടിന-
വന്മലയുണ്ടുനമുക്കുസഹായം
അമ്മയുമച്ഛനുമഖിലജനങ്ങളു-
മുന്മേഷത്തോടാധികൾകളവിൻ
എന്നരുൾചെയ്തുമുകുന്ദൻതിരുവടി
ചെന്നഥഗോവർദ്ധനഗിരിവരനെ-
ത്തന്നുടെകയ്യിലെടുത്തുസലീലം
മന്ദമുയർത്തിസ്ഥാപിച്ചുപിടിച്ചു
അന്നേരംപശുപാലകരുംപശു-
വൃന്ദവുമതിനുടെകീഴേചെന്നു
നന്ദാത്മജനെച്ചുററിവസിച്ചു
മറന്നുപീഡകളൊക്കെമനസ്സിൽ
നിറഞ്ഞുകൌതുകമെല്ലാവർക്കും
ഖിന്നതയെന്യേഗോവർദ്ധനഗിരി
കൊണ്ടൊരുകുടയുളവാക്കിമുകുന്ദൻ
ഇണ്ടലകററിസ്സകലജനാനാം
പണ്ടേതിലുമതിസുഖമായ്വന്നു
വലുതായുള്ളൊരുഗോവർദ്ധനഗിരി
അലസതയെന്യേകയ്യിലെടുത്ത-
ന്നിലയിളകാതെവസിക്കുന്നതുകണ്ട-
ലസാക്ഷികളുംപശുപന്മാരും
ഈശ്വരബുദ്ധ്യാകേശവനിൽബഹു-
വിശ്വാസത്തോടുകൂടെച്ചേർന്നു
വിശ്വേശ്വരനുടെമായയിൽമുഴുകീ-
ട്ടച്ഛൻനന്ദനുമമ്മയുമപ്പോൾ
കൊച്ചുകിടാവിനുപീഡവരായ്വതി-
നീശ്വരനോടുബഹുനേർച്ചകൾനേർന്നു
ഒരുകൈകൊണ്ടാഗ്ഗിരിയെയുയർത്തി-
ട്ടരികിൽവരുന്നൊരുഗോക്കളെമെല്ലെ
മറുകൈകൊണ്ടുചൊറിഞ്ഞുതലോടി

പ്പുരധ്വനങ്ങൾനിന്നുമകന്നൻ
ഇഷ്ടന്മാരാംഗോപന്മാരൊടു
ത്തുഷ്ടിവരംപടിവെടികൾപറഞ്ഞു
കട്ടിനിന്നിങ്ങിളെപ്പിൻഞാൻപോം,
യഷ്ടികഴിച്ചുവരാമിങ്ങടനെ
ഇഷ്ടിതരതന്നമ്മളശേഷം
തൊട്ടുകൾപോലെഞെട്ടിപ്പോകം
ധൃഷ്ടവചസ്സുകൾകേട്ടശിശുക്കടെ
കൂട്ടംകയ്യുമുയൎത്തിച്ചെന്നു
കൂപ്പംതാണിയനേരംകുണ്ണ-
ല്ലുംകയ്യുമെല്ലയച്ചു
പച്ചവെലിയെത്തലയുംടകനമി-
ത്തെപ്പുറന്മാങ്ങൾക്കെല്ലാമേല്ലും
കപ്പുവിവിളുകാനന്നിന്നോ-
ട്ടുംനാല്പുനതിതിലക്കം
കൃഷ്ണപ്പാമവൃതചന്തുതൽഫലമെന്നി-
പ്പുണിപോരംഭേദ്രവെമെ
മുലകടിമാറതുള്ളെതബാലൻ
മലകരതരിതെരുഞെന്നുള്ളു
ഉലകതിൽഭൂന്നകെട്ടറിഞ്ഞുനി-
ക്കുലഗലരംക്കരിമറിമറ്റം
ചലയിശതിനിഞ്ഞെളളയെപ്പും
മലനിതണെയെടുക്കുന്നേരം!
മിട്ടുജനപാക്കളിരെനേരെതൽ
ഗിരുവരംകൃഷ്ണൻകേട്ടതെളിഞ്ഞു
ചലതരയെന്നിതിയെത്തി-
പ്പുളുചപ്പാരെതരിപ്പിച്ചു
അരിപ്പൂൎപ്പാമെമറിമറിമറിന
തിരുമിറങ്ങോപന്മാരും
കതിരിരമരസികൎമാറുള്ളവരം
പ്പതിമിന്നവിരെവരിച്ചുസ്ഥിച്ചു-
ങ്ങളക്കുറിചിലരാട്ടകയും ചിലർമൂള
ങ്ങനെപിടിക്കുട്ടകയും
ചാട്ടകയുംചിലരാട്ടകയുംചിലർ
പട്ടതയെടവിളയാട്ടകയും
ചാട്ടകളുംചിലവിട്ടകളുംബഹുവല്ലു
ഗ്ലണമുടയമാട്ടകളും
ചലളകച്ചിലപാളികളുംബഹുളകവിതന
കരട്ടവിചലിമാലികളും
ഇതരകയുംകതൻകയുംപുതിനിറമൊട്ടു
മാരികപോട്ടകയും

നാട്ടക്കുറിഞ്ഞി—ചമ്പ.

ഷഡ്ഗുണയൊരുഴിമതികൾകൈപ്പിനിനയതവർ
ഞങ്ങൾക്ക് അത്രപാൎത്തിമഴയഴനാൾ
നളിനിയുടെരമണനടതെളിവിനൊടുകാണാ-
നാനായ് തെളിഞ്ഞിഗോപന്മാരൊക്കയും ചി
ചുരമപനനാവരിചരമനിയതിൽവച്ചങ്ങു
ചുണനാക്കണ്ണനേറ്റെപ്പിച്ചുസകലവൻ
ആയതമിഴിയാളായയശോദയും-
മായാസംശകുന്നണ്ടടണോരഞ്ഞതു
യശസ്സൂരംതിരുപതിനായ്

പായസവുംപാൽവെണ്ണകളിവ
പ്രായമകന്നൊന്നുപുത്രന്നേകം
ലായകണക്കെകൊട്ടത്തുപ്പുണ്ണന്നു
നന്ദജനുമടനേകൃഷ്ണനെവേഗാൽ
മന്ദംമടിയിലിരുത്തിതഴുകി
ഇന്നിവരുടെയീസാഹസകൎമ്മം
നിന്നാവരെല്ലാംകണ്ടൊകനിയിതം
വന്നിതെതൊരുതനരമിന്മോഷമ്പ-
മെന്നുനിനച്ചതിനായിലലാടേ
നന്നായ്ഗോമയതിലകവുമിട്ടു
മന്ദമുഴിഞ്ഞുചണ്ടുവിൻപൊലെ
മണിമന്ത്രാളികൾകൊണ്ടുസുചിരം
പണിപെട്ടിട്ടിനരക്ഷകൾചെയ്തു
അണിയിച്ചുരെഗോകുലതരക്ഷക-
മവനവനനവധിദാനംചെയ്തു
ഗോപികമാരുംഗോപന്മാരും
ശ്രീപതിതന്നുടെപുറവുംചെന്നു
ആപദിരങ്ങളെരക്ഷിച്ചിങ്ങനെ
താപമകറ്റുകയാൽതവമേലിൽ
മംഗലമഖിലംമെന്മേൽവരുമെന്നു
മംഗംചൊല്ലിമെല്ലെരൊന്നും
മംഗലരീലാസീവിളയാട്ടക
ങ്ങളെമവനംമേവുംനിത്യം
ആനന്ദവിവിധമാകിപ്പലവിധ-
മിങ്ങനെവച്ചുതെളിവൊടുതിന
ആനന്ദവനാതെഴിപ്പാനവിടെ-
ക്കെത്തിയലോകരശേഷവുമപ്പോൾ
ഉത്തമപുരുഷനെവച്ചിരുഞങ്ങൾ
പത്തനനിറകളിലങ്ങുഗമിച്ചു
ആമൊഴിച്ചുപാപശ്രമന്മാരും
കാമനൊരുമാനന്ദരാകികളും
ക്ഷേമമൊപനകിനമേഘഘോഷവിശേഷങ്ങൾ
മാമെമരനടെലീലകൾസകലവും
മകോരമുരളീനാദംകേട്ടും
ശ്യാമളതിനവുടൽനോക്കിരസിച്ചും
ആമയമെന്നൊരുകഥയറിയാതെ
കാമിതലാഭത്തോടുവസിച്ചു
ശതമുഖനതുപൊഴുംദധികളയാൽ
പതറിയമനമൊടുപരവശനായ്
പരമപുരുഷനുടെപാദയുഗത്തെ
പരിചൊടുകളയണമിതികരുതി
സുരുചിരംകനകകലശനിരയിൽ
സുരനദിയിലെജലമരനിമിഷാൽ
സുരകരികരംതന്നിലെടുപ്പിച്ചുടൻ
സുരഭിയെവിരവൊടുനടത്തിക്കൊണ്ടു
ധരണിയിൽവിരവൊടുവിറച്ചിറങ്ങി
ശരണമെന്നിയിണപണിവതിന്നായ്
മനമതിൽമമുടനടനകന്നു
വിനയബഹുമതികളിടകലൎന്നു
പിഴകൾപലതുമതിശയനാൽമതി
തൊഴുവതിനിഹമകഴിവരുമോ

ദുഗ്ദ്ധാംഭിപലവകളിനിനച്ചു
ഹേഹേനയനജലമപിപൊഴിച്ചു
ശ്രീനിധിഹരിയുടെയരികിൽ ചെന്നു
ചെല്ലലയമൊടടിമലരിൽവീണു.

ലക്ഷ്മീതാളം.

അനന്തരം സുരഭിമുദാ ചെന്നു
ച്യുതശോകംതമനന്തസവിധമതിൽ
നിന്നീടുന്നമരാരാധ്യനായ് ചൊരിയും
പൂരണാപാൽകൊണ്ടു
സേചിപ്പിച്ചഭിഷേകംചെന്നുടനംബരജാ–
ലങ്കങ്ങളിലവർ ചെയ്തു
ശരണമുതൽക്കണ്ടായിതിന്നു
ഗോവിന്ദനെന്നതിന്നാമം
സുരതടിനിതീർത്ഥത്താൽസുര–
കരിവരനുംകഴിച്ചിതഭിഷേകം
സുരപതിയുംപുനരടരാനസുഖമൊ–
ടെങ്ങനെയുമിന്നുസ്തുതിചെയ്തു.

മോഹനം—മുറിയടന്ത.

കൃഷ്ണസച്ചിദാനന്ദ! കൃഷ്ണ!
ലോകത്രയപാലനശൌരെ!
നാം കൃത്യമായിത്തെളിഞ്ഞരുളാനന്ദം
ചെയ്യുവതെന്തെന്നറിയേണം (കൃഷ്ണസ)
ജ്ഞാതിയാംകുലംഭേദമ–
ഗോതിയെന്നിൽപ്രതികൂലം
കനിവു ചെയ്യാതെപോരുന്നതുരക്ഷിപ്പതി–
നന്യനൊരുവനുമില്ലെന്നറിയണം (കൃഷ്ണസ)
മാനനായിട്ടെനിക്കനിത്യ–
മായതുളസിവരന്നി
ക്ലേശമൊഴിച്ചരുളേണംപരമതി–
നാത്മതത്ത്വനാനന്ദതൊഴുന്നോം (കൃഷ്ണ)

ശ്ലോകം.

വൃത്രാരാതിവനാന്തരാളിയിൽവീ–
ണിതമംചൃകൃഷ്ണനോടെ
ഭൂതാധാരമവൈകുണ്ഠവപ്പുരാരിയിൽ
ബലാൽനീലാജസാരം
കൃത്യാകാംക്ഷയിൽ ദൃഷ്ടിയിൽക്കരുണയിൽ
പ്രീത്യാപോന്നാവനെ
കൃത്യംതങ്ങളൊഴിയുംശിവസുരഭികൃഷ്ണസ്തോത്ര
ങ്ങൾ ചെയ്തുടൻ ഹിതം.

മോഹനം—മുറിയടന്ത

നാഥ!ഹരേ!കൃഷ്ണ!നാഥ!ഹരേ
പാരംവളർന്നുഭൂമിഭാരം ഒഴിപ്പതിന്നായ്
നാരായണൻ നീ സാക്ഷാൽ പാരിലവതരിച്ചു– (നാഥ)
ഗർഭത്തിൽകിടക്കുന്നവർക്കെന്നാപിട്ടപ്പോ–
ളൂഴിയിൽജനിച്ചുകരുതാവിക്കലേശകോപം (നാഥ)
കണ്ടതുവിശേഷിച്ചുനിന്നെനോക്കിക്കൊണ്ടു
ശരേതരയാംഭക്തിയന്തിമേണം നിന്പാദേ (നാഥ)
എന്നതുമൂലംഭവാൻ വൃന്ദാരകാധിപനെ
തന്നോടനുഗ്രഹിച്ചു ഞാനോയുമധ്യേണം (നാഥ)

കരുണാകരനാം മാധവനപ്പോൾ
സുരഭിയെമെല്ലെത്തഴുകിക്കൊണ്ടു
ശരണാഗതനാമിന്ദ്രനെനോക്കി
ചെറുചിരിയോടിദമരുളിച്ചെയ്തു
വരികരികേ സുരനാഥ! മഹേന്ദ്രാ
നിരുപമഗുണഗണഭാഗ്യപയോധേ!
സുരജനവന്ദ്യതയേറുമെനിക്കു
പരിഭവമിന്നുഭവാനോടെന്നോരെ
വരുവാൻകാരണമില്ലനിനച്ചാൽ
പരിചൊടുകരുകമനാസതാരിൽ
പരമേശകാര്യംസാംഗതിയുണ്ടതു–
മറിവാനായമരുചെയ്തീടാം
സർവ്വജനത്തിനുമുടയവനെന്നൊരു
ഗർവ്വംമനസിഭവാനുളതെങ്ങി
ഗീർവ്വാണാധിപ ഞാനെന്നോർത്തി–
ട്ടീവഴിയെക്കൈവരുത്തിക്കൂട്ടി
ഗർവ്വംവളരുകിലാരെന്നാലും
മൂർച്ഛിയമോരേനാരംഭിക്കും
ആവഴികണ്ടാൽനിന്ദിച്ചീടും
സർവ്വജനങ്ങളുമുടനേതന്നെ
ഗർവ്വമതേറിയുള്ളമുനീന്ദ്രൻ
ദുർവാസസ്സുംപണ്ടൊരുകാലം
ദുരമേറുംമജനാഭാഗതനാം–
മുനിപതിയോടുകാരണമെന്യേ
നിർവ്വൈരങ്ങൾതുടങ്ങിയവനതിനാ
ഗർവ്വുനിമിത്തമിതറിയുന്നില്ലേ
എന്നതുപോലെയിനാഭവാനും
വന്നീടരുതെന്നോർത്തിട്ടിക്കളവാൻ
ഇന്നീതൊഴിലുതുടങ്ങീടാനും
വന്നുഭവാനുംശാന്തിമനസ്സിൽ
എന്നാൽത്രിദിവേ ചെന്നുഭവാനിനി
എന്നെയുമുള്ളിൽമറന്നിടാതെ
സാന്ദ്രസുഖേനവസിച്ചാലുംതവ
വന്നീടുംനൽഭക്തിയുമധികം
നന്ദിനിമാതാവേസുരഭീനീ
ഇന്ദ്രനോടും ചെന്നാപുരമതിൽ
വൃന്ദാരകജനവാഞ്ഛിതമൊക്കെ–
മൊന്നൊഴിയാതെകൊടുത്തുവസിക്ക
നന്ദനജനങ്ങളെയോരാലിപ്പാൽകൊ–
ണ്ടിന്നിനിവള്ളൂകേട്ടതെളിന്തൂ
നന്ദിനിസുരഭിയെ ചേർത്തിട്ടവനെ
മൂന്നുവലത്തുംവെച്ചുവണങ്ങി
മന്ദംചിലതുംവാഴ്ത്തിക്കൊണ്ടു
ചെന്നമരാപുരിപൂകിയശേഷം
സാന്ദ്രസുഖേന വസിച്ചൂ സതതം
മംഗലശീലൻകൃഷ്ണൻതിരുവടി
ഇംഗിതവേദികളായസഖിമാരോടും
തുംഗഗുണംപൂണ്ടിയവ്രജജനത്തോടും
സംഗതമായവാടിയിലനിശം
മംഗളദേവതതന്നോടുകൂടാതാൻ
ഭംഗ്യാകളിവിളയാടിവസിച്ചു

൫൮. രുക്മിണീസ്വയംവരം.

ഒന്നാം കളം.

അഖിലഭുവനകന്ദം ഹാസനിർദ്ധൂതകന്ദം
ശമിതവിമതവൃന്ദം ധൎമ്മമാണാരവിന്ദം
സമുചിതമുചുകുന്ദം പൂതപാദാരവിന്ദം
സുരവരതടിനീന്ദം സാധുവന്ദേമുകുന്ദം

ഭൂപാളി.

ഇന്ദുകാന്തരസ്ഥലേവിളങ്ങീടുന്നൊരംബികേ
ഇന്ദിരമനസ്സൊടൊരുകടാക്ഷമരുളിയടിയനിൽ- [ദ്ധം
ചന്ദ്രബിംബസന്നിഭാനനേ ഭവപ്രിയതമേ!
പാദമലരാചിത്തമതനതൽതീൎക്കണംമഹേശ്വരി!
പന്നാഗാധിനാഥശായിതന്നുടെസഹോദരി!
പാദമലരാചിത്തമതനതൽതീൎക്കണംമഹേശ്വരി!
മന്നെതിൽദുരിതദുഃഖതിക്കുജനനി! നീയൊരു
മാനിയായ് ഭവിച്ചെനിക്കുസൽഭൂതിനൽകണം

പദം

കൊണ്ടാടിയുടൻകുടമാളൂരമന്ന വേട്ടയ്ക്കൊരുമക- [നേ
കൊണ്ടാടേണമേകവിതയ്ക്കിന്നമന്ദമോദം പരി- [ചോടുമേ
കണ്ടാലനിശംസുഖമേറുംകളേബരത്തെമധുരതരം
കണ്ടാവിതുണ്ടൊന്നൊരുനാളിൽകനത്തമോദം വരു- [വതിനായ്
കുട്ടുമവൻപടതട്ടുപ്രതിന്നൊട്ടുക്കമെന്നിയേപട്ട- [ത്വവും
ഉടുകിയനുകൾത്തൊട്ടുത്തുവമ്പൊട്ടുപടകളങ്ങളില- [ട്ടക്കയും
കാന്തിരാത്രമൊട്ടുനടനമൂടനുടനെ (കൊണ്ടാടി
പടിവിലിടകുലരുമടവുടയോനേ
കല്യാണഗുണാകരനേ! നീകനത്തകീൎത്തിയരുളേ- [ണമേ
കല്യാണമുനികരുളേണംകളങ്കമെല്ലാംകളയേണ- [മേ
കിള്ളുന്ന കഠൂകമുറയ്ക്കണംകളത്ത് ശോഭകൾനിറ- [യ്ക്കണം
കളിച്ചുകൊണ്ടിഹവസിക്കണംമമമുളച്ചസമ്മതമ- [ടുക്കണം
പെരുവുമരുളുമമകരളിലരുളുഗതി
അരുണചരണയുഗമതുമമശരണം (കൊണ്ടാടി
ഗുണകടമാടിഹതുണയ്ക്കണംവണക്കമെന്നുടൻഗ- [ണിക്കണം
ഗുണത്തിൽവന്നിഹവസിക്കണം
ഗുണക്കമൊട്ടുണമണയ്ക്കണം
വെളിവിലെഴുന്നരുളിവെള്ളവെള്ളെവിലസിന
മാനവരമാടിഹവിലസണമനിശംകൊ- [ണ്ടാടി

വണ്ടാർകുഴലോടിടചേരും
കരണ്ഡമാലാവിലസിതനാം
തണ്ടാർശരമംപരിതാപം
വളൎത്തുമംഗികടയോനേ!
സുഗന്ധചന്ദനവിലേപവും
സുബന്ധുരാനനവിലാസവും
സുബന്ധമാകിനകിരീടവുംവില-
സുഗന്ധിയാകിനശരീരവും
വിമലകരവലയചലനകിലികിലിത-
പലസമലനതതിവിലസിതഗതിയും (കൊണ്ടാടി

ഫണിപതിഭൂഷണനാകിനമംഗലവാ-
നണികലയാണമഹേശ്വരനൊരുനാൾ
ഗുണവതിയാകിയപാൎവ്വതിയോടും
ഗുണമിയലുന്നൊരുകരിവടിവാൎന്നി
അടവിയിലങ്ങുകടന്നുനടന്നും
മടിക്രൂടമതെകളിച്ചുരസിച്ചും
തരുണിയെവിരവിലടുത്തുവിളിച്ചും
പെരുകിനസരസസുഖേനകളിച്ചും
മരുവിനമലർശരഹരനതുബീജം
ഉരുതരമുടനതുകരിമുഖമായി
ധരണിയിൽവന്നുപിറന്നൊരുമൂൎത്തേ!
കരിവദനഭവാൻകാത്തരുളേണം
വാണീഭഗവതി! കല്യാണി! ഘനവേണി! സു-
ശ്രോണി! സുന്ദരി! ശുകവാണി! വാരിജപാണി!
കാണിപിരിഞ്ഞീടാതെവാണീടേണംനീയെന്റെ
വാണിയിൽവഴിപോലെതാണുവണങ്ങുന്നേൻ [ഞാൻ
ഏണാങ്കാനനയമേ! വേണംനിൻകൃപയെങ്കൽ
നാണമകററിമമക്ഷീണമൊഴിച്ചീടേണം
ക്ഷോണീവാസികൾക്കൊരുഭൂഷണമെന്നപോ- [ലെ
വാണീവിശേഷംകൊണ്ടങ്ങാനന്ദിക്കേണംദേവി!
അംബരനദീവാസനാംബുജവിലോചനൻ
ചിന്മയൻജഗന്മയൻകന്മഷവിനാശനൻ
തുംബുരുനാരദാദിസേവിതൻമഹാവന്ദ്യൻ
ശംബരാരിപിതാതൻകാത്തുകൊൾകടിയനെ
പീലിതിരുമുടിയുംമാലയുംചില്ലികളും
നീലോല്പലത്തെവെല്ലുംലോചനപ്രഭാവവും
ചേലൊത്തനാസികയുംബാലതരുണിമാർതൻ
ചേതസ്സെവഞ്ചിച്ചീടുംലോലമാമധരവും
കുണ്ഡലങ്കാരമത്സ്യകുണ്ഡലവിലാസവും
കണ്ണാടിവെല്ലുന്നൊരുഗണ്ഡസ്ഥലവുംനല്ല-
പൂൎണ്ണചന്ദ്രനുംപുനരണ്ണോജവുംനമിക്കും
പൂൎണ്ണമായീടുന്നൊരുസച്ചൎണ്ണരമ്യാനനവും
ഓമൽകഴുത്തിൽമുത്തുമാലയുംവനമാല

ശ്രീമൽപ്രകാശങ്ങളും ശ്രീവത്സകൗസ്തുഭവും
ചേരുന്ന മാറിടവും ചേർച്ചയുള്ളുദരവും
ചാലേ വിളങ്ങീടുന്നോരോമനക്കൈകൾ രണ്ടും
മഞ്ഞപ്പട്ടുടയാടകാഞ്ചിയും കലാപവും
മഞ്ജുളമായുള്ളൊരു പാദപങ്കജങ്ങളും
ശോഭിച്ച കരങ്ങളിൽ ചേരും ചമ്മട്ടി ശംഖും
ചാലേ ധരിച്ചു രഥമേറി ത്തിരിച്ചു പണ്ടു
പാരാതെ വിജയന്റെ തേരു തെളിച്ച കൃഷ്ണൻ
പാലിച്ചീടേണമെന്നെ ഞാനിതാ വണങ്ങുന്നേൻ
ഏവം സുഖിച്ചു വസുദേവൻ വസിച്ചു ബല-
ദേവൻ വിവാഹമൊന്നു ചെയ്യുന്നു ഞാനെന്നുറച്ചു
രേവതാത്മജയാകും രേവതിയുടെ വേളി
ആവോളം ഘോഷത്തോടെ ആശു കഴിച്ചു കൊണ്ടു
ഭാവം തെളിഞ്ഞു തത്ര മേവുന്ന കാലമങ്ങു
ഭീഷ്മകനെന്നുള്ളൊരു ഭൂമിപാലേന്ദ്രൻ പാരം
ഊഷ്മയുള്ളൊരു വീരൻ ഊഴി വാഴുന്ന കാലം
രുക്മിയെന്നൊരു പുത്രനുണ്ടായി ഭീഷ്മകനു
രുക്മിക്കനുജന്മാരും മൂന്നു പേരുണ്ടായ് പിന്നെ
രുക്മിണിയെന്നു പേരായുള്ളൊരു കന്യകയും
രുക്മപ്രകാശം പോലെ രൂപപ്രകാശത്തോടും
ഉണ്ടായിതവൾ പിന്നെ കണ്ടാലെത്രയും സുഖ-
മുണ്ടാമാകൃതി കണ്ടു തണ്ടാർമാനിനി തന്റെ
രണ്ടാമവതാരം പോൽ വണ്ടാർവേണിമാരൊക്കെ
കൊണ്ടാടി സ്തുതിക്കുന്നു കണ്ടാൽ തൃപ്തിയുമില്ല;
വണ്ടിനുമകതാരിലിണ്ടലുളവാക്കുന്ന
കൊണ്ടൽ പുരികുഴൽ ചുരുണ്ടു വിളങ്ങീടുന്നു
തൊണ്ടിപ്പഴങ്ങൾ മണ്ടിമണ്ടിയൊളിച്ചീടുന്ന
ചുണ്ടിന്റെ ഭംഗിയതു കണ്ടുവെന്നാകിലുടൻ
രണ്ടു കൺമുനകളെക്കൊണ്ടു കടാക്ഷമതു
കണ്ടു പുരുഷന്മാർ വിരണ്ടു വശംകെടുന്നു.
മല്ലീശരന്റെ പടവില്ലിൻ വിലാസമൊക്കെ
തല്ലിയമർക്കും ഭ്രൂചില്ലിയുഗവും നല്ല
മുല്ലമുകുളം പോലെ പല്ലും മന്ദസ്മിതവും
ഉല്ലാസമേറുന്നൊരു നല്ലൾമണി ജനങ്ങ-
ളെല്ലാമവളെ വന്നു നില്ലാതെ വണങ്ങേണം;
അല്ലാതെയൊന്നുമിന്നു ചൊല്ലുവാനെളുതല്ല
ചൊല്ലേറുമവളുടെ കല്യാണകാലം വന്നു
നല്ലൊരു പുരുഷനു നൽകീടവേണമെന്നു-
ങ്ങെല്ലാവരോടും ഭൂപനുല്ലാസഭാവത്തോടെ
മെല്ലെന്നു ചോദിച്ചിതു നല്ല കൗതുകത്തോടെ.

കുണ്ഡിനവാസികൾ ബോധിക്കേണം
പെണ്ണിനു പത്തുവയസ്സും തികഞ്ഞു
മന്നിൽ പലഗുണമുള്ളൊരു പുരുഷനു
മന്മകളെ പ്രതിപാദിക്കേണം
ജാതിശ്രേഷ്ഠതമുമ്പിൽ വരേണം
ജാതിഗുണങ്ങളിണങ്ങീടേണം
ശില്പവിധങ്ങളിൽ നിപുണത വേണം
കല്പനതകളുറപ്പും വേണം.
കണ്ടാൽ നല്ലൊരു രൂപഗുണം പുന-
രുണ്ടായ്വരികിൽ വിശേഷാവശ്യം
ധനസമ്പത്തും ഗുണസമ്പത്തും
ജനസമ്പത്തും ജയസമ്പത്തും
കനിവേറീടിന ശാസ്ത്രജ്ഞാനവു-
മനുപമമായുധവിദ്യാവിധവും
കനിവും കാന്തിയുമതിസരസതയു-
മിനിയും പലഗുണമുണ്ടായ്വരണം
കീർത്തികൾ വേണം കുശലത വേണം
പൂർത്തികൾ വേണം പൂജ്യത വേണം
ശത്രുജനത്തെയമർപ്പാനുള്ളൊരു
ശക്തി വിശേഷിച്ചുണ്ടായ്വരണം
നാടകകാവ്യപുരാണാദികളിൽ
പാടവമവനുണ്ടായി വരേണം
തർക്കവ്യാകരണാദികളിൽ പടു-
ക്കൾശബ്ദവിചാരം വേണം;
കവിതകൾ കേൾക്കുന്നേരം തന്നെ
ചെവിയുള്ളോർക്കാനന്ദം വേണം
കവിക്രിയയിൽ വിദഗ്ദ്ധത വേണം
കവിയണമീവകമറ്റുള്ളവരെ
സംഗീതം പുനരധികം വേണം
ഭംഗിയിലോരോ കുശലത വേണം
വൈദ്യം വേണം ഗണിതം വേണം
വൈദികവിധി ബഹുമാനിക്കേണം
ദേവബ്രാഹ്മണവിശ്വാസത്തിനു
കേവലമവനൊരു പാത്രത വേണം
രത്നപരീക്ഷ കനകപരീക്ഷ
യത്നം ചെയ്തു വരുത്തീടേണം
എന്തിനു പലവിധമുരചെയ്യുന്നു
ചിന്തിതമിനിയും പലവിധമുണ്ടു
സകലഗുണങ്ങളുമുള്ളവനൊന്നുടെ
മകളെ വിവാഹം ചെയ്യാനുചിതൻ
ഇങ്ങിനെയുള്ളവനവനിതലങ്ങളി-
ലെങ്ങാനും പുനരുണ്ടെന്നാകിൽ
അവനെ വരുത്തുവിനാദരവോടെ
അവനു കൊടുപ്പാൻ മടിയില്ലേതും
അല്ലാത്തുള്ളവരാരും മകളുടെ
കല്യാണത്തിനു യോഗ്യരതല്ല
മടിയന്മാരും തടിയന്മാരും
മുടിയന്മാരും കുടിയന്മാരും
ജരഠന്മാരും ജാരന്മാരും
മുണ്ടന്മാരും മുരണ്ടന്മാരും
ചെണ്ടക്കാരും ചെകിടന്മാരും
ശണ്ഠയിടുന്നൊരു ശുണ്ഠിക്കാരും
ശണ്ഠികൾ നല്ല കുഷണ്ഠിക്കാരും
ദുഷ്ടുവികെട്ടി നടക്കുന്നവരും
ദോഷം പറഞ്ഞു നടക്കുന്നവരും
ദുസ്സാമർത്ഥ്യക്കാരും പലവക
ദുസ്തർക്കം പറയുന്ന ജനങ്ങളും
ഏഷണി പറയുന്നവരും ചിലരൊടു
ഭീഷണി കാട്ടി വലയ്ക്കുന്നവരും
ദൂഷണവാക്കുകൾ ഘോഷിക്കുന്നൊരു
ദോഷന്മാരും വിഷമന്മാരും
ഇങ്ങിനെയുള്ളവരാരും മകളുടെ

മംഗലകർമ്മം മോഹിക്കേണ്ട
രുക്മിണിതന്നുടെ സോദരനാകിയ
രുക്മി പറഞ്ഞു പിതാവിനോടപ്പോൾ
"കേററം കൂടാതുള്ള നരന്മാർ
കുറയും ഭൂമിയിലെന്നുടെ താത!
ലക്ഷം മാനുഷർ കൂട്ടുമ്പോളതി
ൽ ലക്ഷണമുള്ളതിലൊന്നോ രണ്ടോ
ഉടലതിരമ്യമൊരുത്തനു കാൽക്കൊരു
മുടവുണ്ടവനു നടക്കുന്നേരം
മറെറാരു പുരുഷൻ സുന്ദരനെങ്കിലു
മൊറ്റക്കണ്ണനതായതു ദോഷം;
പേച്ചുകൾ പലതുണ്ടൊരുവനു കിഞ്ചിൽ
വിക്കലുണ്ടെന്നൊരു ദോഷം
കാഴ്ചക്കൊരു ചിരിച്ചതുകേട്ടും
പേച്ചുസ്വരവും ചിതമല്ലപ്പോൾ
ചൊല്ലാമൊരുവിലോചനനുടെ വായിൽ
പല്ലുകളൊന്നും കാൺമാനില്ല
പലഗുണമുള്ളൊരു പുരുഷനവന്റെ
തലമുടിയൊക്കെ നരച്ചു വെളുത്തും
തിലകക്കുറിയും ചാർത്തിയുംകൊള്ളും
തലയിലവന്നൊരു രോമവുമില്ല,
ശാസ്ത്രജ്ഞത്വം പാരമൊരു പുരുഷനു
ഗാത്രം കണ്ടാലേറ്റം വികൃതം
നേത്രം രണ്ടും വെളിവെച്ചാലൊരു
മാത്രംപോലും കേൾപ്പാനെളിയ;
[illegible]
[illegible]
പാകിയ പലിതവുമുണ്ട[illegible]
[illegible]ണ്ടെന്നൊരു ദോഷം,
തിക്കം പലതും കണ്ടവനൊരുവനു
പക്ഷത്തില്ലശരീരം കൊണ്ടാൽ
ദീക്ഷിതനൊരുവനു[illegible]ലോകം-
തിങ്കൾകൊണ്ടുപലരും ഗ്രഹിക്കും;
വിക്കൽകൊണ്ടു[illegible]
സങ്കടമുള്ളവരറിയുന്നൊരു[illegible]
[illegible]കിക്കിളിക്കുന്നു
[illegible];
നല്ലൊരു[illegible]
[illegible]പ്പുണങ്ങളുമുണ്ടു
[illegible]
[illegible]പ്പൊഴിട്ടിട്ടും
[illegible]
[illegible]മല്ലാ
ഗണിതം ഗ്രന്ഥം കൈവല്യമുണ്ടതി-
ല്ലുണ്ടവനൊരു[illegible]
ലോകത്തിൽ[illegible]ഗുണികളായി-
ല്ലൊരു[illegible]
കണ്ടാൽ നല്ലൊരു പുരുഷനവന്നു
വേണ്ടാസന്താപം കോപവുമേറും
കണ്ടജനത്തെ[illegible]കടിച്ചും
രണ്ടാംപാക്കിൽ കേറിയടിച്ചും

മീശകൊമ്പും ലന്തക്കുഴലും
ദേശത്തെക്കാരുമുമ്പും വമ്പും
ഊശാന്താടിയുമുള്ളവനൊരു
കാശിക്കപ്പിടിയൻ പടയിൽ ചെന്നാൽ
പഞ്ഞികണക്കെ നരച്ചൊരു വൃദ്ധനു
കുത്തികടിപ്പാനൊരു വകയില്ല
മുത്തിയതങ്ങിനെ മൂക്കും താടിയു-
മൊന്നിച്ചമ്പതു വർഷമതായി
അക്കിഴവച്ചാർക്കിന്നും പടകളിൽ
വക്കാണിപ്പാനൊരു കുറവില്ല
തോക്കമെടുത്തു നടക്കതിന്നും
ചാക്കന്നുള്ളതുമവർക്കില്ല;
ഊട്ടുകളിൽ ചെന്നഷ്ടി കഴിക്കും
പാട്ടും പാടിനടക്കുമതിക്കൽ
വീട്ടിലിരുന്നാൽ കടമുണ്ടമ്മത്തു
വീട്ടികൊടുപ്പാൻ മുതലും നാസ്തി;
അമ്മാവൻ പണ്ടക്ഷരവിദ്യയി-
ലെമ്മാത്രം പിടിപെട്ടൊരു ദേഹം
സമ്മാനക്കവി ചൊൽവാനുചിതൻ
ഉന്മാദം ചെറുകയില്ലെന്നല്ല
അമ്മാവികളുമവർക്കും പല
സമ്മാനങ്ങൾ കൊടുത്തു പുലർത്തി
തിമ്മാനില്ലാതിങ്ങിനെയാക്കിയ-
തമ്മാപാപി പിണച്ചോരനർത്ഥം;
ഇങ്ങിനെ പൂർവന്മാരെക്കൊണ്ടൊരു
മംഗീകാരം മോഷിക്കുന്നു.
മറ്റും പലഗുണമുണ്ടെന്നാലും
കുറ്റം വരുമിഗ്ഗുണനിരകളാൽ
അടിയനിതൊക്കെ വിചാരിച്ചാലി-
ന്നടിയന്മാർ പലരുള്ളതിലിപ്പോൾ
മടിയാതൊരുവനു പെൺകൊടിയാളെ
ഝടിതി കൊടുപ്പാൻ തോന്നുന്നില്ല,
ശിശുവാമെന്നുടെ സോദരിതന്നെ
ശിശുപാലനു കൊടുത്താൽ കൊള്ളാം;
ശിശിരാചലപതി തന്നുടെ മകളെ
ശിശുശശിചൂഡനു വേൾപ്പാൻ നൽകി
ചേദിമഹീപതിയെന്നതുപോലെ
നന്നായ് വരുമവനോടിവൾ ചേർന്നാൽ
വേദിയർ പലരും ബഹുമാനിച്ചു
ആളിയിലവനുടെ ജനനമരായം
ജനനീഗർഭേ നിന്നു ജനിച്ചുട-
നവനിതലേ വീഴുന്നേരം
അവനു പൊരുതു മൂന്നാലു ഭുജങ്ങളു-
മഹോ വടിരാളിയുമെത്ര വിചിത്രം
അവനുടെ വൈരിയൊരുത്തൻ ചെന്നാ-
ലവനെ മടിയിലെടുത്തൊരു സമയേ
മൂന്നാം ഭുജമതു സപദി മറഞ്ഞും
മൂന്നലകൊക്കെ നിറഞ്ഞൊരു ശസ്ത്രം
അതിശയമുള്ളൊരു പുരുഷനവൻ പുന-
രതിബലവീര്യപരാക്രമശാലി
പ്രതിഭടപടലമശേഷമടപ്പാൻ

മതിമാനവനിഹമതിയാമൊരുവൻ
മതിലുംഗോപുരമെത്രമനോഹര-
മതിലുംവിസ്മയമെഴുനിലമാടം
മതിയുടെമണ്ഡലമതുലംചെപ്പാൻ
മതിയുള്ളോരുമഹാസൗധങ്ങളും
അതിരേകംധനധാന്യസമൃദ്ധിയും
മതിലൊരുപാതിനമുക്കില്ലർത്ഥം
അതിമാരകനവനവനീവല്ലഭ-
നതിസുന്ദരനവനതിസുകുമാരൻ
ഗതിയുംനല്ലൊരുമതിയുംരാജ്യ-
സ്ഥിതിയുംശ്രീധരതിയുംകണ്ടാൽ
അരുതാപെട്ടമരസുരപതിയുംധനപതി
ജനപതിമാരുംമാറ്റുനിമാരും
മതിമുഖിയാകിനരുക്മിണിതന്നുടെ
പതിയാവാനുചിതൻശിശുപാലൻ
ഇങ്ങിനെനിന്നുടെമാനസമെങ്കിലു-
തങ്ങിനെയെന്നുചിതംവരുമൾചെയ്തു.
രുക്മിണിതന്നുടെസഖിമാരക്കഥ
രുക്മിണിയോടുംചെന്നറിയിച്ചു
നരപതികന്യേ!നിന്നുടെവേളി-
ക്കൊരുനരപാലനെവേണമതതി
ശിശുവാംനിന്നുടെഭർത്താവാവാൻ
ശിശുപാലൻതാനെന്നുംകേട്ടു
ശ്ലിഷ്ടംപുനരെളമയുമങ്ങിനെ
കല്പിക്കാനുപലരുംകേട്ടു
നാളുകഴിയെവരാനായുൽപി-
ച്ചാളെയയച്ചുനിന്നുടെയച്ഛൻ
നീളെക്കേളിതുടരിതുമതിമുഖി-
യാളേനിന്റെവിവാഹവിശേഷം
മേദിനിപതികളിലഴകേറുന്നൊരു
ചേദിമഹീശ്വരനെന്നുംകേട്ടു
ഖേദിക്കരുതേരുക്മിണിനിന്മന
മോദിക്കേണമടുത്തുവിവാഹം;

ഇപ്പൂണ്ണമവർകൾപറഞ്ഞതുനേരംതന്നാ
വിഷണ്ണഭാവംപൂണ്ടുവിളിച്ചൂമതിമുഖി
തളർന്നുതരളതവളർന്നവിധതേ
ഗളിച്ചകണ്ണുനീരിൽകുളിച്ചുപനിനീരും
തളിച്ചുസഖിമാരുംവിളിച്ചുരുക്മിണിയെ
എടുത്തുമടിതന്നിൽകിടത്തിവിശറിയു-
മെടുത്തുതെല്ലുവീശിത്തുടങ്ങിതവരെല്ലാം
അടങ്ങിയിരുന്നപ്പോൾപറഞ്ഞുകണ്ണുനീരും
നിറഞ്ഞുശകതിപാരംകരഞ്ഞുമതിമുഖി
വിരഞ്ഞുനിങ്ങൾചെന്നിതറിഞ്ഞുവെക്കണമൊരു
സമർത്ഥൻഭൂസുരനെയണച്ചീടേണമിപ്പോൾ;
തെരുതെയതുകേട്ടുതരത്തിൽപുറപ്പെട്ടു
പുരത്തിലന്വേഷിച്ചുവരുത്തിയഥകില-
ങ്ങിരുത്തിഭൂസുരനെയണഞ്ഞിരുക്മിണിയു-
മിണങ്ങിവിപ്രനോടുപറഞ്ഞുപലമൊഴി

വേദിയശ്രേഷ്ഠ!കേട്ടാലുംമേലേമുദ്ധക്കിലുള്ളതെല്ലാം
സോദരനുംതാതൻതാനുംമറ്റൊരുമ-
ന്ത്രികളുംകൂടിമന്ത്രിക്കുന്നുപോലുമളോ;
യന്ത്രികളെല്ലാരുംനമ്മെവഞ്ചിച്ചീടുന്നു
അത്ഭുതമൂർത്തിയായുള്ളൊരു
ശിശുപാലനുകല്പിച്ചപോൾ
ശിശുവാമെന്നെദാനംചെയ്യുവാൻ
ശിവശിവശംഭോപാപമൻകുല്ലിൽ
പത്തുവയസ്സേപ്പൂൺപാരിപിന്നൊടേകന്നപോലെ
പറയുന്നിതുകേൾക്കന്നൊരുമാരുഷരെല്ലാം;
കരുണയില്ലേൻമാതാവിനുംഗുരുവിനുംസോദര-
[ന്മാർക്കും
മരണഖേദംപോലെഖേദംമനസിമമജാതം
കരുണാസിന്ധുകൃഷ്ണൻതൻപാദപങ്കജങ്ങൾ-
[രണ്ടും
ശരണംതന്നെരുക്മിണിക്കായവരണരികാലം
പാരാതെനീഭൂമിദേവ!ദ്വാരവതിതന്നിൽചെന്നു
നാരായണനോടെൻമോഹംബോധിപ്പിക്കേണം
വാരിജാക്ഷ!നീയല്ലാതെപാരിലൊരുത്തില്ലാധാരം
നാരികയാംരുക്മിണിക്കെന്നറിയിച്ചീടണം;
വൃഷ്ണിവംശശശാങ്കനാംകൃഷ്ണനായിലെനിക്കേ-
ഇഷ്ടമേറ്റവൽവർദ്ധിക്കുന്നുഭൂസുരാധീശാ [രാം
വരനായിട്ടെൻഗോവിന്ദനെ
വരണംചെയ്യുന്നേൻകൂടില്ലെങ്കിൽ
മരണംതന്നെരുക്മിണിക്കെന്നറിയിച്ചീടണം
മരനാകംപീൻതൻതൻരക്തനാക്കാൻകൊണ്ടു-
[കൊണ്ടു
പാരമല്ലാകേണിട്ടുന്നുരുക്മിണിയെന്നു
ഊണുമില്ലുറക്കമില്ലകാണികൊണ്ടമഴൊട്ടുമില്ല
പ്രാണനാഥ!ഗോപീനാഥ!പാഹിമാമെന്നും
കേശവനിന്നുടെപാദംകേശാദിപാദാന്തംകാ-
[ന്തം
നൈശ്ചയംനൽകണമേയെന്നുണ്ടുമാനസം
ആശയമൊറ്റിലില്ലമമ ആശയില്ലുവമ്പുദേവ!
ആശുവന്നിനിയെന്നെനീയൊന്നുപോകേണം
ശിശുനാമകംശിശുപാലൻകണ്ടിരിക്കെയെന്നെ-
[യെന്നെ
കൊണ്ടുപോകേണംനീകൃഷ്ണ!വിവാഹന്നാടെ
ഇപ്രകാരമെല്ലാമങ്ങുചെന്നുകൃഷ്ണനെബോധിപ്പിക്ക
വിപ്രദേവ!നിന്നെത്തന്നെവിശ്വസിക്കുന്നേൻ

രുക്മിണിതന്നുടെവാക്കുകളിങ്ങനെ
രുചിരമിതാമ്പാടുംകേട്ടൊരുവിപ്രൻ
രുക്മിണി!നിന്നുടെമനസിവസിച്ചൊരു
രുചിപൂരമയൂനസാധിച്ചീടും
പരിചൊടുശിശുപാലന്റെമുഖത്തൊരു
കരിതേപ്പിപ്പാൻഞാൻമതിരുക്മിണി!
കാർമ്മുകിൽവർണ്ണനെവിരവിനൊടിങ്ങു-
നാനയിക്കണിയെക്കൊണ്ടിഹവരവൻ
ക്ലേശംമതിമതിമതിമുഖി!നിന്റെനീ-
ദേശംകേൾപ്പാൻമോഹവില്ല
കേശവനാണേശിശുപാലനെഞാൻ
നിശകരിച്ചുവിട്ടീടുന്നുടനെ;
കേശവനിന്നുവരുമ്പോൾനൃപതികൾ
പേശകനെക്കണ്ടൊളികൾകണ്ടെ

നാരത്തിന്നവകാശംവാരമൊരു
വീരത്തിന്നുംവിലപിടിയാത്തോർ;
ആട്ടക്കാരുടെ കൂട്ടൊരു കൂട്ടം
കൂട്ടക്കാരൊടു കൂടിവരുന്നൊരു
ചേട്ടക്കാരെപ്പാടെപിടിച്ചു-
ക്കോട്ടക്കാരനുവിറേറപോവും
ചാട്ടക്കാരുവിളക്കിന്മീതേ
ചാടിച്ചത്തുപതിക്കുംപോലെ
കൂട്ടത്തോടെശിശുപാലാദിക-
ളെല്ലൊട്ടൊഴിയാതെനശിക്കുമിദാനീം
കേട്ടീടുകനീയദുകുലവരനെ
കൂട്ടിക്കൊണ്ടുവരുന്നുണ്ടിഹഞാൻ
ഒട്ടുംതാമസമില്ലനമുക്കൊരു
കൂട്ടംവേണ്ടവഴികരിവേണ്ട;
ഊട്ടുള്ളേടത്തൊട്ടികഴിക്കാം
ചൂട്ടുമെരിച്ചുനടക്കാംരാവും
കടയുംപിന്നൊരുകറിമുണ്ടു്മതി
മടിയിലിരിക്കാംവെററിലപാക്കും
ഇടയിൽതെല്ലുചരിഞ്ഞുകിടപ്പാ-
നിടമുള്ളാൽത്തറകേറിക്കൊള്ളാം;
മടിയിലിരിക്കുംവെററിലപുകയില
ചെല്ലയെടുത്തുംനേരത്തേതും
മടികൂടാതെയിരന്നുംതിന്നാ-
മതിനൊരുസംശയമില്ലനമുക്കു്;
സഞ്ചിയെടുക്കാൻചെക്കൻപോന്നാൽ
സദാചാരത്തിന്നസഹ്യതയുണ്ടാം
സഞ്ചിക്കാരനുചോർകിടയാഞ്ഞാ-
ലിഞ്ചിക്കാരനവൻതാനപ്പോൾ
പുണ്യക്കാരനുവാശ്ശേടത്തും
ഊണുകഴിപ്പാൻതടവില്ലേതും
ചെക്കനുചോറുകൊടുക്കരുതെന്നൊ-
ചക്കമടുക്കാളൊക്കനവരൊട്ടു
ചക്കാണത്തിനുവട്ടംകൂട്ടിന-
ക്കക്കനമ്മുടെചന്ത്രക്കാരൻ;
നായന്മാർക്കുംചോറുകൊടുപ്പാൻ
കോയിമ്മയ്ക്കുത്തുസമ്മതമല്ല;
പട്ടന്മാരുടെസദ്യകഴിഞ്ഞാൽ
കിട്ടുംഭക്ഷണമെന്നാണ്ടൊരുവക
പട്ടിണിയിട്ടുപതിററടിയോളം
പാത്തുടന്മാർചാടിപ്പെടുന്നു;
അച്ചികൾവന്നുവിളിച്ചെന്നാകിലെ-
ളിച്ചുകൊടുക്കുംചോറുംകറിയും
വച്ചതുമിക്കതുമെത്തുമ്പോളില-
വെച്ചുണ്ണുന്നതുംനായന്മാർക്കു്;
കഞ്ഞിയൊഴിച്ചൊരുകറിയുണ്ടാക്കും
നിവെള്ളമൊഴിച്ചൊരുമോരുണ്ടാക്കും
പാട്ടിമിവണ്ണമടുക്കളയെല്ലാം
പട്ടന്മാർക്കുമാറുകയില്ല;
പൊട്ടന്മാരെയെടുത്തുമറിപ്പാൻ
പട്ടന്മാർക്കേതിരാതുംപോരാ;
പിള്ളേർകൂടെപ്പോന്നാലവരെ
പള്ളവിശന്നുനടക്കേയുള്ളൂ.
നല്ലതുതാനേകടയുമടുത്തിനി
വല്ലതുമങ്ങൊരിരിപ്പൂനമുക്ക

യദുവരനിലതികുതുകമിയലുമവളോടുടൻ
യാത്രയുംചൊല്ലിപ്പുറപ്പെട്ടുഭൂസുരൻ;
നഗരികളുമടവികളുമചലതടഭാഗവും
നാട്ടുംകടന്നുനടന്നുചെന്നങ്ങിനെ
കടലുടയതടനികടഭുവിഝടിതിചെന്നവൻ
കപ്പലേറിക്കടന്നക്കരെച്ചെന്നുടൻ
കനകമണിഭവനശതമനച്ഛമണിമാടങ്ങ-
ളങ്ങാടിവാടിപ്പൂങ്കാവുംപുരങ്ങളും,
മണിയറകളണിയറകളനഘധിധനങ്ങളും
മാണിക്യവൈഡൂര്യപത്മരാഗങ്ങളും
തെരുവുകളുമിരുപുറവുമൊരുകുറവുകൂടാതെ
തെങ്ങുംകവുങ്ങുംപുലാവുചൂതങ്ങളും
മതിലുകളുമതിലുപരിമരതകപുരങ്ങളും
മാടമഞ്ചങ്ങളുമാളികാജാലവും
ഇവപലതുമവനിസുരനഴകിനൊടുകണ്ടുട-
നിന്ദിരാകാന്തൻ്റെമന്ദിരേചെന്നുടൻ
പരിചിനൊടുനരകരിപുസതതമപിവാഴുന്ന
പള്ളിമാടംകേറിയങ്ങുചെല്ലുംവിധൌ
വിരവിനൊടുമുരമഥനനരികിലഥചെന്നുടൻ
വിപ്രനെപ്പൂജിച്ചുസൽക്കരിച്ചാദരാൽ
രചിതസുഖമതിസുമുഖനവനിസുരനെത്തദാ
രത്നസിംഹാസനത്തിലിരുത്തീടിനാൻ;
അതികുശലമതിസുഗുണമവനിസുരപുംഗവാ!
ആഗമിപ്പാനുള്ളകാരണംചൊൽകെടോ?
കടലുടയനടുവിലിഹമമനഗരമിന്നുനിൻ
കാൽപ്പൊടികൊണ്ടഹോശുദ്ധമായിവിഭോ?
വിമലതരഗുണമുടയവിനയഗുണശീലരാം
വിപ്രരല്ലോനമുക്കീശരന്മാർസഖേ!
അതിസരസമഖിലപതിവചനമതുകേട്ടുട-
നാനന്ദമോടേപറഞ്ഞുഭൂമീസുരൻ.
വല്ലവിമാരുടെവല്ലഭനാകുന്ന
മല്ലാരിപോ!ഭഗവൻകൃഷ്ണ
മല്ലവിലോചന!പാപവിമോചന!മാമകവാക്യമിദം
കുണ്ഡിനമന്ദിരേനിന്നുവരുന്നതാം-
നണ്ഡജവാഹനകേളൊരുപെണ്ണിൻ്റെ
ദൂതുംപാവനൊരുമ്പെട്ടുവന്നിതുനന്ദസുതാ!
കണ്ണിൻ്റെകാര്യംവരുത്തേണമെങ്കിലാ-
പെണ്ണിൻ്റെരൂപഗുണങ്ങൾകാൺമാൻ
ഉണ്ടിച്ചുകൊള്ളേണമേവനെന്നാകിലും
ഖണ്ഡിച്ചുചൊല്ലാമിദം
മണ്ണിലുംവിണ്ണിലുംമററുള്ളലകിലും
മേവുന്നസുന്ദരിമാരിനു
കുണ്ഡിനഭൂപൻ്റെനന്ദിനിയാകുമ-
പ്പെണ്ണിനെക്കുമ്പിടേണം;
ഉർവ്വശീമേനകരംഭതിലോത്തമ
മുമ്പായനാരിമാരുമിപ്പോ-
ളുർവീശപുത്രിയെക്കണ്ടുവെന്നാകി-
ലെല്ലാമിച്ചുനടക്കേയുള്ളൂ,

നീണ്ടങ്ങിരുണ്ടുചുരുണ്ടതലമുടി
കണ്ടാൽമനോഹരിരോമാവലി-
വണ്ടിന്റെവണ്ണവുംമണ്ടിയൊളിച്ചൊരു
കണ്ടിൽപതിക്കേയുള്ളു
തൊണ്ടിപ്പഴത്തിന്നിണ്ടൽവളർക്കുന്ന
ചുണ്ടിന്റെശോഭകളുംകണ്ണു
രണ്ടിന്റെഭംഗിവിലാസങ്ങളും
നല്ലചില്ലികൾവില്ലാട്ടവും
പൂർണ്ണശശാങ്കനെത്തൂർണ്ണംജയിക്കും
മുഖാംബുജസൌന്ദര്യവും
ഹേമപ്രകാശവുമംഗപ്രകാശവുമെത്രമനോജ്ഞം-
പങ്കജമൊട്ടിനൊടങ്കംപൊരുതു [മഹോ!
ജയിപ്പാൻവിരുതുംകെട്ടിമാർവ്വിൽ
കൊങ്കകൾവന്നടനംകുരിച്ചീടുന്നു
പങ്കജനാഭവിഭോ!
പഞ്ചശരന്തന്റെപഞ്ചശരങ്ങളെ
അഞ്ചാതെകയ്യിലാക്കിവന്നു
സഞ്ചരിച്ചീടുന്നുകാമുകന്മാരുടെ
നെഞ്ചുപിളർന്നീടുവാൻ
പങ്കജബാണനശേഷനൃപന്മാരെ
ശങ്കകളിപ്പിക്കുന്നൊരു
ശങ്കയില്ലേതവൾതങ്കലേകല്പന
കേൾപ്പാനൊരുമ്പെടുന്നു,
രുക്മിണിയെന്നുപുകഴ്ന്നോരുപെണ്ണിന്റെ
സോദരനുണ്ടൊരുവൻദുഷ്ടൻ
രുക്മനെന്നാണവനെപ്പേരുള്ളവനൊട്ടും
നേരില്ലേനാരായണ!
മൂഢനായുള്ളശിശുപാലമന്നന-
ക്കന്യകാദാനംചെയ്യാൻഅതി
ശ്രദ്ധപ്രയത്നംതുടങ്ങിമഹാശഠൻ
കൂടെപ്പലരുമുണ്ടു്
അച്ഛനുമമ്മയ്ക്കുമിച്ഛയില്ലെങ്കിലു-
മായതുസമ്മതിപ്പാൻ,വഴി
വെച്ചുപാലിച്ചതിൽകൂട്ടിച്ചമച്ചതി-
കശ്മലൻമൂഢനവൻ,
അക്കഥകേട്ടിട്ടുദുഃഖിച്ചിരിക്കുന്നു
രുക്മിണിതാനുമഹോ!ഒരു
തക്കത്തിലെന്നെപ്പറഞ്ഞുനിയോഗിച്ചു
നിന്നോടുണർത്തിടുവാൻ
രാമസഹോദര!നിൻഗുണമൊക്കവേ
കേട്ടവൾമുമ്പേതന്നെപാരം
കാമപരവശയായ്മരുവീടുന്നു
കാമിനീരുക്മിണീതാൻ
ഗോവിന്ദമുകുന്ദമുരാന്തക!
ഗോപാലഹരേ!മധുസൂദന!
നീവന്നുവിവാഹംചെയ്യണ-
മെവമവൾക്കഭിമതമധുനാ
കരുണാകരമാധവ!നിന്നുടെ
ചരണാംബുജയുഗളമവൾക്കൊരുശരണംഭുവി
ശശിബിംബാനന!വരണംചെയ്തതി-
നധുനാനീവരണംമേരുചിരം

വിരവൊടുമരണംവരുമല്ലെന്നാകിൽ
മറ്റൊരുഗതിയില്ലനമുക്കു
മധുസൂദന!ബോധിച്ചാലും
ഉററവരുംവിപരീതംമമ
പെററമ്മയുമച്ഛനുമേവം
കുററംവരുമവരറിയുമ്പോൾ
കുടിലന്മാരവരെല്ലാരും
തെറെറന്നുഹരിക്കുഹരേഗുണ-
മേററംവരുമതുചെയ്യെന്നാൽ
ശിശുപാലജരാസന്ധാദികളുദ്ഭടന്മാർ
നോക്കിയിരിക്കെശിശുവാമൊരുമറി-
മാൻപേടയെപഞ്ചാനനനെന്നതുപോലെ.
വന്നുഹരിച്ചീടുകവിരവൊടു
വരഗുണഗണഭൂഷണഭഗവൻ”
എന്നിങ്ങിനെരുക്മിണിചൊന്നതു
വന്നിഹഞാനുരചെയ്യുന്നേൻ
അവളുടെഹൃദിവിവശതശിവ!ശിവ!
അവയവമതിയായിമെലിഞ്ഞു.
നവശശികലപോലേകൃശതനു
തവവിരഹംകൊണ്ടുതളർന്നു
ഊണില്ലുറക്കവുമില്ലാ
ഉരിയാട്ടവുമെന്നുകരഞ്ഞു:
കാണുന്നനമുക്കുംചേതസി
കളിയല്ലവിഷാദമനേകം
നിന്നുടെയുടലടിമുടിപരിചൊടുനിരുപി-
ച്ചോരുനെടുവീർപ്പുകളും
ഖിന്നതയുംപാരവതിനിഹഫണി
നിന്നുടെകൃപതാനിഹശരണം

ധരണീസുരേന്ദ്രനുടെസരസവാക്കുകൾകേട്ടു
തരസാസന്തോഷത്തോടെനരകാരിയരുൾചെയ്തു
“വരവാണിരുക്മിണിയെവിരവോടുചെന്നുക- [ണ്ടു
വരുവാനെനിക്കുമോഹംപെരുതായുള്ളതിന്നിട്ടു
സുരതാപംവളരുന്നുപെരുതായിടുന്നുപണ്ടേ
സ്മരിച്ചുംകൊണ്ടെപ്പൊഴുംഞാനിരിക്കുന്നുഭൂമിദേ- [വ
തെരിക്കെന്നുചെന്നുഞാനുംവരിക്കുന്നനേരംകണ്ടു
ങ്ങിരിക്കുന്നരാജാക്കന്മാരൊരിക്കലേകോപമുണ്ടാ- [ടെ
അടുത്തുകൈകളിൽവില്ലുമെടുത്തുസായകങ്ങളും
തൊടുത്തുവലിച്ചുവന്നുതടുത്തുവെന്നാകിലൊ- [ന്നും
മടങ്ങുകയില്ലയുദ്ധംതുടങ്ങുമന്നേരമവർ
ഒടുങ്ങുംനായന്മാരെല്ലാമൊടുങ്ങുമെന്നാലതുവേണ്ടു,
ഒട്ടുക്കംരാജാക്കൾമണ്ടിത്തിരിക്കുംബ്രാഹ്മണരെല്ലാം
ചിരിക്കുമന്നേരംനാണിച്ചിരിക്കുംസംശയംവേ- [ണ്ട
“കൊണ്ടാലാരുക!തേരുംകുതിരകൾ
മണ്ടിനടപ്പാനടികൂട്ടീടുക
രണ്ടാമ്പടിമാർമാത്രം,മതിപുന-
രുണ്ടാമാളുകൾപെരുവഴിതോറും
തേരിൽക്കേറുകവിപ്രാ!താനിനി

നേരംപോക്കുപറഞ്ഞുഗമിക്കാം"
തേരിൽനമുക്കുകരേറുകവിഷമം
തേരിൽനടന്നൊരുപരിചയമില്ല
നമ്മുടെപാണിപിടിച്ചുകരേറുക
സമ്മതമെങ്കിലതങ്ങിനെചെയ്യാം,
തേരിഹതെരുതെരെയോട്ടുന്നേരം
തേരിലുറച്ചിഹനില്പാൻവിഷമം"
"കൊടിമരമാശുപിടിച്ചുമുറുകി
പ്പടിമേൽവന്നുവസിക്കരുതായോ!
"കൊടിമരമിളകിമുറിഞ്ഞെന്നാകിൽ
പൊടിയാമെന്നുടെദേഹമശേഷം"
"മരണഭയംപുനരെന്തിനു? വിപ്രാ!
നരനുവിനാശംനിശ്ചയമല്ലോ"
"പത്തുപണത്തിനുമുതലില്ലാതെ
ചത്തുമറിഞ്ഞാലെന്തിനുകൊള്ളാം"
"പാത്രമനുഷ്യനുവിത്തംകൊണ്ടൊരു
കൃത്യമതുണ്ടോപ്പറക മഹീശ്വര!"
"പിണ്ഡംവെപ്പാനാളുണ്ടാകുക
ബന്ധമതാംധനമില്ലെന്നാകിൽ"
"സുതനുണ്ടെന്നാലവനിഹതന്നുടെ
പിതൃപിണ്ഡത്തിനുമടിയുണ്ടാമോ?"
"വെള്ളികഴിപ്പാൻമുതലില്ലാത്തൊരു
വെളിയനുണ്ടോസുതനുണ്ടാവൂ?"
ഇങ്ങനെയവനീസുരനുംകൃഷ്ണനു-
മിങ്ങനെയുള്ളൊരുവചസ്സുടനെ
അന്തഃപുരമതിലേറിനടന്നു
ചിത്രരഥസേനാവനങ്ങൾകടന്നു
അണ്ഡജവാഹനനാകിയഭഗവാൻ
കുണ്ഡിനനഗരംപ്രാപിച്ചുടനെ
കുണ്ഡിനനരപതിഭീഷ്മകനപ്പൊട്ടു
കുണ്ഡികതന്നിൽനിറച്ചൊരുജലവും
പുഷ്പംദീപംധൂപംചന്ദന-
ലേപനമെന്നിവയാൽപൂജിച്ചും
ശ്രീപതിയെബ്ബഹുമാനിച്ചുഴകെട്ടേ
പാദതളിർക്കുനമസ്കൃതിചെയ്തു
കാമിനിമാർഗണശോഭിതമാംമണി-
മണ്ഡപമതിലിരുത്തിവണങ്ങി
വിപ്രൻചെന്നുരുക്മിണിയോടും
സുസ്ഥിരമാകിനവാചംചൊല്ലി.
രുക്മിണിസുന്ദരീ വീരരുക്മിണി
രുക്മീസോദരിനിന്നുടെ ഹിതമതു സാദ്ധ്യമായ്വന്നു
(രുക്മിണി
സ്വസ്ഥതയിനോരു... മേലിൽ
കാമിനി ... പുരിതന്നിൽപാരാതെയകംപുക
നാരായണനെന്നുടെഗുണമെന്തെങ്ങനാം
(രുക്മിണി
ഭൂസുരവരനിന്നെന്റസന്ദേശമറിയിച്ചു
സരോജമിഴിനി വേണ്ടസാരസനയനേ (രുക്മിണി
അക്കാരമുഖേനിന്നുനിന്മൊഴിശ്രവിച്ചപ്പോൾ
പങ്കജാക്ഷി പൂണ്ടോരാമോദങ്ങൾ ഗോവിന്ദൻ
(രുക്മിണി

ചന്തമേറിനനിന്റെചാരുരൂപസൗന്ദര്യം
ചിന്തിച്ചുപുറപ്പെട്ടുചിരംതാമസിയാതെ (രുക്മിണി
കുണ്ഡിനപുരംതന്നിൽവന്നുനിന്നുടെകാന്തൻ
കുണ്ഠിതംകളകനീകുവലയനയനേ? (രുക്മിണി

ഭൂസുരവരനുടെവാക്കുകളിങ്ങനെ
ഭാസുരസുഖമൊടുകേട്ടൊരുസമയേ
ഭൂമിപനന്ദിനിപിന്നെയുമേറ്റം
ഭൂമിയിൽവീണുവണങ്ങിച്ചൊന്നാൾ
"അത്യുപകാരംചെയ്തുഭവാനൊരു
പ്രത്യുപകാരംചെയ്യുതിനിപ്പോൾ
ക്ഷിതിതലമുടനേകംചെയ്താലും
മതിയാകയെന്നുതോന്നുന്നില്ല;
കൈതൊഴുകെന്നിയെമറ്റൊരുമാനം
ചെയ്യുകതെന്നെയൊഴിപ്പാൻവിഷമം
കൈതവമല്ലിതുനിന്തിരുവടിയെ
ചെയ്തുപകാരമസാരവുമല്ലാ
അറിവുള്ളോരുനീചെയ്തുപകാരം
മറവില്ലെന്നുടെമനസി മഹാത്മൻ,
കുറവില്ലിനിമേൽകാര്യമശേഷം
തിരമൊടുസാധിച്ചീടും ഭൂസുര!"
കന്യകചൊന്നതുകേട്ടുരചെയ്താൻ
ധന്യതചേരുകിനായണിസുരേന്ദ്രൻ
"നിന്നുടെരൂപമുണ്ടെന്നാലേതുമക-
ന്നെന്നുടെജന്മംസഫലമിദാനീം
അന്തർമ്മോദവുമൊരുമിച്ചിന്നമ്മുടെ
ബന്ധുക്കളുമടിയാർകുടിയാരും
സന്തതിയുംബ്രാഹ്മസ്വവുമെല്ലാം
സന്തതമിഹതവ തായതനധീനം;

ഇല്ലതെച്ചിലവിന്നൊല്ലംപണവുമിവ-
യെല്ലാമിക്കോയിക്കൽനിന്നല്ലാകൊണ്ടുപോക-
അല്ലാതൊരാശ്രയവുമില്ലരുക്മിണീ! നിങ്ങ- (ളോ
ളല്ലാതൊരാശ്രയവുമില്ലാനമുക്കുപിന്നെ
വല്ലാതെവെള്ളത്തിങ്കൽവല്ലോരോട്ടുംചോദിച്ചാൽ
ഇല്ലാസവർണ്ണമാളുകൾചൊല്ലുകയുമില്ലിപ്പോൾ
തെല്ലുപേടിയുമിവൾക്കില്ലമിന്നാമയമിത്ര
വല്ലാത്തദേഹമൊന്നുവല്ലതിപ്രഭോഗിക്കം
നമ്പൂരിയച്ഛനോട്ടവമ്പുതുങ്ങളിതെല്ലാം
തമ്പുരാൻതന്റെതിരുവുള്ളത്തിൽക്കനമേകം
തമ്പുരാൻതന്നിലതിനമ്പുരാനറിയിച്ചും-
ഞാനൊരുകെല്ലിപ്പോഴൊരുതരിമ്പുംസംശയമില്ലാ
ഏന്നുള്ളതുബഹുമാനമിന്നിനിനമുക്കുതന്നെ-
ന്നിതുകേരവിലുള്ളതന്നെനമുക്കുവേണ്ടു;

സത്കരിപ്പാൻപോകുന്നിതിഞാൻ-
നല്ലനമുക്കില്ലവന്നൊരൊട്ടും
വിളമ്പാനാളെത്തുന്നാനില്പാൻ
വിളമ്പാനാളുകളുമില്ല;
ഇങ്ങനെരുക്മിണിയോടുപറഞ്ഞു-
ടനങ്ങുഗമിച്ചുഭൂസുരേന്ദ്രൻ.

രുക്മിണീസ്വയംവരം.

രണ്ടാംകളം.

അക്കാലത്തദ്വാരകതന്നിൽ
ചൊല്ക്കൊണ്ടീടിന ബലഭദ്രൻതാൻ
ചക്രായുധനാകുമനുജനൊടേകം-
വൽക്കാരേട്ടു വാക്കണവുമേറി,
"എന്നമ്മുടെ സോദരനെങ്ങു ഗമിച്ചു?
നമ്മെയൊളിപ്പാനെന്തവകാശം?
നിങ്ങൾഗ്രഹിക്കാതെങ്ങിനെ പോവാൻ
സംഗതിയില്ലതിനില്ല വിവാദം;
ചാരന്മാരാം പറയന്മാർ നിങ്ങടെ
ശിരസ്സികലപ്പൂ പൊടിപ്പിപ്പൻ ഞാൻ
ഇന്നാലെയസ്തമയത്തിനുമുമ്പേ
അക്കാര്യത്തെയറിവിടെക്കണ്ടു
അവനെങ്ങാനുംപോരായെന്നാലീ
നായന്മാരിവരെന്തറിയുന്നു?
കള്ളന്മാരിവർ മൂക്കോളം ബത!
കള്ളുകുടിച്ചു കുടിച്ചു മയങ്ങി
...ഉറങ്ങീടുന്നിട-
...
...
നിങ്ങടെ നേരേ ...
ഇങ്ങിനെയുള്ള ജളന്മാരല്ലാ-
തിങ്ങാതെ ...തെല്ലുമതില്ല.
തിന്നാളിങ്ങിനെ ...
വന്നുപിറന്നു നമ്മുടെ നാട്ടിൽ
കാര്യം കല്പിച്ചാലതു ചെയ്യാ-
തൊന്നിനുമില്ലാ ...തിപ്പുറം.
...പുലത്തുന്നവരെ വണങ്ങണ-
മെന്നുള്ളൊരുചിതമറിയുന്നില്ല;
ഞങ്ങടെ ഞങ്ങടെ സാമർത്ഥ്യം കൊ-
ണ്ടിങ്ങിനെ ചിലവു കഴിച്ചിട്ടെന്നു-
മെന്നൊരു ... വയ്ക്കണമെന്നു-
മൊന്നുകലമ്പുംനേരത്തറിയാം.
പട്ടിണിയങ്ങു കിടക്കുന്നേരം
പട്ടികളേക്കാൾ പരവശമാവും
കാട്ടിനടക്കും കാര്യം തിന്നാൽ
ഗോഷ്ടികൾ മുന്നേപ്പോലെ തുടങ്ങും;
...കളിച്ചു ശകാരിച്ചാലെന്ത
...തിരിച്ചെന്തുമില്ലാതായി
കണ്ടാലറിയാത്തോർക്കു കൊണ്ടി-
കൊണ്ടാലറിയുംപോലൊരു കാലം
കൊണ്ടാലും പുനരറിയാത്തവനെ-
ക്കൊണ്ടൊരു വേലയെടുപ്പിക്കാമോ
കണ്ടകവാക്കുകൾ പറയുന്നവനിഹ
ചെണ്ടക്കാരനതെന്നു ഭവിക്കും
കംസാന്തകനവനെങ്ങെന്നുള്ളതു
സംസാരികളും നിങ്ങൾ കഥിപ്പിൻ!
സംശയമില്ലതു ചൊല്ലീലെന്നാൽ
വംശമൊടുക്കും ബലഭദ്രൻ ഞാൻ"
ഇങ്ങിനെ ഭഗവാൻ നീലാംബരനഥ
തിങ്ങിന കോപാലരുൾചെയ്യുമ്പോൾ
ഭീതന്മാരാമൊരു ദൂതൻ വിരവൊടു
കൈതൊഴുതുരചെയ്യുന്നതു നേരം.
"ഇന്നാലെ നിശി ശശിയുടെ ബിംബമു-
ദിച്ചു വിളങ്ങുന്നേരം
വന്നൊന്നൊരു കുടയും നല്ലൊരു മേ-
ല്ക്കുടവെച്ചുമായൊരുവൻ
നമ്മുടെ മണിമാളികമേൽ
ചെന്നു കരേറിയിരുന്നു
വന്നതിനൊരു കാരണമാരണ-
നാഥനൃപനോടറിയിച്ചു
കുണ്ഡിനപുരിതന്നിൽ വിളങ്ങിന
കുന്ദരതിമുഖി രുക്മിണിയാം
പെണ്ണിന്റെ ഗുണഗണമഖിലവു-
മാശു പറഞ്ഞറിയിച്ചു,
സോദരനും ജനനിയുമച്ഛനു-
മിച്ഛ മറിച്ചു തുടങ്ങി.
സാദരമഗ്രജനാമവർ ...
കൊണ്ടാണെന്നവർ പക്ഷം
ആയതു കേട്ടു ...പിടിച്ചുവ-
...മിപ്പോളുഗ്രൻ
ആരതമിഴിയാകിയ രുക്മിണി
...വിപ്രൻ
മാരകനെ വിളിച്ചു പറഞ്ഞയ-
ച്ചരികെയണഞ്ഞിതു മുകുന്ദൻ
അതുമവിടെച്ചെന്നു ...
ങ്ങിനിമിഴിമാരെല്ലാം
...യൊരുമിച്ചു ബോധിച്ചു
ചെന്നഥ രഥമേറി
അവരുടെ കഥ ...ചെയ്തു
കളിച്ചു രസിച്ചു തിരിച്ചു
...കണ്ടീഹ...
...ചതിനപ്പോൾ
അടിക്രൂരമതിന്നൊരു സംശയ-
മുണ്ടുവേദിക്കയുമില്ല
ഇങ്ങിനെയവരങ്ങു ഗമിച്ചു
കുണ്ഡിനനഗരം നോക്കി
ഇങ്ങിനെ പരമാർത്ഥമിതിൻ പര-
മൊക്കെ വിചാരിച്ചാലും"

ഇങ്ങിനെ ...മൊഴികളും പല വഴികളും
പരമാർത്ഥമറിഞ്ഞളവേ
സത്വരമുടനഥ ഹലധരൻ ഭുജബലധരൻ
പുരുഷോത്തമപൂർവ്വഭവൻ
യദുകുലപതികടെ പടകളും ഗജഘടകളും
നലമേറിന മന്ത്രികളും

നലമൊട്ടുബഹുജനപതികളുംകലപതികളും
പലരോടിടചേർന്നടേ
ചിന്തിച്ചുചിരകാലംചിന്തയിലിയലുന്ന
ഭാവമതുൾചെയ്തു
ആരാനുംഅറിയുന്നോആരുംഗ്രഹിയാതൊരാ
പോയീമമസഹജൻ
വൈദർഭീവരണാർത്ഥംവൈദികൾമരു-
വുന്നകുണ്ഡിനംപുക്ക
കഷ്ടന്മാർകുടിലന്മാർകുമതികൾപലരും
കൊതിച്ചിരിക്കുന്നു
കണ്ണാടൻശിശുപാലൻകണ്ണൻകുരുപുംഗവൻ
ജരാസന്ധൻ
അന്നേരംഅനുജൻതാൻഅരുവയർമണിയെ
സ്വയംഹരിക്കുമ്പോൾ
എല്ലാരുംഎഴുന്നേൽക്കുംവില്ലുംശരവുംതൊടുത്തു
പടതുടരും
ബാലൻമേസഹജൻതാൻബന്ധുവിഹീനൻ
വലഞ്ഞുപോകില്ലല്ലീ?
നാട്ടിലിരിക്കുംനായന്മാരെ
കൂട്ടിസ്വരൂപിച്ചീടുകവിരവൊടു
കൊട്ടിഘോഷിച്ചാർത്തുവിളിച്ചു
കൂട്ടിക്കൊണ്ടുവരേണമിദാനീം
ആയുധപാണികളായിട്ടനവധി
നായന്മാരുമമാത്യന്മാരും
കാര്യസ്ഥന്മാരെജമാനന്മാ-
രായിരമായിരമാൾക്കധിപന്മാർ
പട്ടാണികൾപലകുതിരക്കാരും
കോട്ടപ്പടിയിൽകാവൽക്കാരും
കാട്ടാളന്മാർമുക്കോപ്പരിഷകൾ
കോട്ടക്കാരന്മാരുംപലവക
നസ്രാണികളുംജോനകർപത്തുസ-
ഹസ്രാധികമിഹവന്നീടേണം
നീലാംബരനുടെശാസനയിങ്ങിനെ
നീളെനടത്താനാദരവോടെ
ഭൃത്യന്മാരെയയച്ചുവെക്കുമ-
മാത്യന്മാരിലധിപൻസാത്യകി-
കല്പനപറവാൻകുറവില്ലാത്തവർ
കൊല്ലാത്തനാട്ടിൽനടന്നുപറഞ്ഞു;
കേട്ടവർകേട്ടവർവരവുതുടങ്ങി
കൂട്ടമിതന്നുപറഞ്ഞുതുടങ്ങി.
"നായന്മാരെവരുത്താനെന്തോ-
നായതുതാനതുകേട്ടോകൂട്ടേ"!
"കല്പനയെന്നതുമാത്രംകേട്ടു
അതിൽപരമുള്ളതെനിക്കറിയാമോ?"
"ദ്വാരാവതിപുരിവെട്ടിയടക്കാൻ
വൈദികരാവരവുണ്ടെന്നതുകേട്ടു"
നാരായണനുടെനഗരമടക്കു-
ന്നാരെന്നാകിലുമെളുതല്ലിപ്പോൾ
"എന്തിനുതാനിഹക്ലേശിക്കുന്നു
തമ്പിരുവടിയുടെകല്പനയെന്നാൽ
എന്തെങ്കിലുമതുസാധിക്കാഞ്ഞാ-
ലെന്തിനുകൊള്ളാമിങ്ങനമെല്ലാം"
"വീട്ടിലൊരമ്മിനമുക്കുണ്ടായതു
കേട്ടില്ലെങ്കിൽപറയാമല്ലും
മാക്കോച്ചാരുടെമകനുംനമ്മുടെ
മൂക്കച്ചാരുംതമ്മിലടിച്ചു
നാലുപണംകൊണ്ടേടപാട്ടത്തു-
മൂലംതങ്ങളിലിങ്ങനെനേപ്പാൻ
ഊക്കുംകോപമടക്കരുതാഞ്ഞവർ
മൂക്കുകടിച്ചുമുടിക്കുപിടിച്ചു
ഇങ്ങിനെയുള്ളോരുകലശല്കേട്ടട-
നങ്ങേക്കുറുറച്ചിരികണ്ടച്ചാർ
ഓടിയടുത്തങ്ങവരുടെയിടയിൽ
ചാടിക്കൈക്കുപിടിച്ചുവലിച്ചു
വണ്ണാൻവാഴക്കുണക്കെയിഴച്ചാ-
ല്പൊണ്ണന്മാരെപ്പുറമേനീക്കി;
നായന്മാർചിലരക്കഥയെല്ലാം
കോയിക്കൽചെന്നങ്ങറിയിച്ചു;
കാര്യക്കാരതുകേട്ടുടനെനാ-
ലാഴ്ചപ്പട്ടന്മാരെയയച്ചു
പട്ടന്മാർവന്നെന്നുടെവീട്ടിൽ
തൊട്ടതശേഷംതള്ളിമുടക്കി
തിരുവാണയുമിട്ടായവരോരോ
കുമനചെയ്തതുപറവാൻവിഷമം
ഒന്നിനുപോയിട്ടില്ലനമുക്കതു
വന്നുഭവിച്ചതുമെന്നറിയേണം
ആരാൻതമ്മിലടിച്ചതിനെന്നൊടു
ചേരാനെന്തവകാശംപാർത്താൽ
വീട്ടിൽവരുന്നവർകാട്ടിയദോഷം
വീട്ടിലെനായക്കെന്നുവരാമോ
ഇങ്ങിനെയുള്ളതിട്ടുകംവന്നാ-
ലെങ്ങിനെകല്പനകേട്ടിടേണ്ടു
കല്പനകേൾക്കാത്തവനോനിന്നു
പൊറുപ്പാനുംപുനരെളുതല്ലല്ലോ'
പത്തുവിതച്ചാലതുപത്തുംവിളയുംകണ്ടം
പത്തുപറയ്ക്കുള്ളതെടുത്തുമറ്റാക്കാനുംകൊ-
ടുത്തുയജമാനന്മാർപത്തുപണംകയ്യിലെ-
ടുത്തുകൊടുത്തെന്നാൽപൊറുത്തുഅതെല്ലന്നാൽ
റത്തുപോമൊന്നല്ലാരുത്തുപണിതുടങ്ങും, [ദു-
ശത്രുക്കളോട്ടുപടയെത്തുന്നനേരമത്ര
പത്തുമറിഞ്ഞെന്നാകിലസ്സുപിന്നെയിങ്ങൊരു
വസ്തുക്ലേശവുമില്ലെന്നോർത്തുനടന്നാനേകൻ:
ഇത്ഥംപറഞ്ഞുമറ്റൊരുത്തൻ"നമുക്കുന്തൂ-
പുത്തൻകടമുണ്ടതിൽപത്തെങ്കിലുമിപ്പോൾകൊ-
ടുത്തേച്ചുപോയാൽപിന്നെപത്തെങ്കിലുംനമുക്കൊ-
രുത്തൽവിശേഷിച്ചുവരത്തില്ലനായന്മാരേ!
ത്രക്കപ്പുകയിലസ്സുതോക്കുപണയംവെച്ചു
പാക്കുകൊട്ടത്തക്കംപോക്കുന്നതുണ്ടൊന്നൊരു
വാക്കുംപറഞ്ഞുംകൊണ്ടുപാക്കുന്നുകണ്ടച്ചേട്ടൻ
തോക്കുംകൂടാതെചെന്നാൽതോല്ക്കുമെബലക്കാര
വായ്ക്കുന്നപടത്തിൽനേക്കുന്നനേരംപല- [ൻ
ചാക്കുംമുറിവുമുണ്ടാമാക്കമറിഞ്ഞുകൂടാ;

കല്യാണത്തിന്നുവീട്ടിൽനെല്ലുംപണവുമൊന്നു-
മില്ലാഞ്ഞുരണ്ടുവാളുംവില്ലുമെട്ടത്തുവിററു
നെല്ലുംപണവുംവാങ്ങികല്യാണവുംകഴിച്ചു
വില്ലാളിവീരന്മാരെല്ലാംപടയ്ക്കൊരുങ്ങി.
ച്ചെല്ലാൻകല്പനവന്നുവല്ലാതെനാണംകെട്ടു-
വല്ലോചണ്ടത്തിനിങ്ങൾക്കെല്ലാമായുധമുണ്ടോ?
രണ്ടുകൈകളുംവീശിക്കൊണ്ടുപടയ്ക്കുചെല്ലും
തണ്ടുതപ്പിക്കവെടികൊണ്ടുമരിക്കയല്ലാ-
തുണ്ടോമറെറാരുകാര്യം? ചെണ്ടക്കാരെന്നുപേരും
കൊണ്ടുകാലന്റെവീട്ടിൽമുണ്ടുവിരിച്ചിരിക്കും
പണ്ടുള്ളപരാക്രമംകൊണ്ടുള്ളകീർത്തികൾക്കു-
മുണ്ടാമിളപ്പമയ്യോകുണ്ഠാല്യംകാലദോഷം'

ഇങ്ങനെപലപലനായന്മാർവ-
ന്നങ്ങുപുരത്തിൽനിറഞ്ഞൊരുസമയേ
ഉദ്ധവർസാത്യകികൃതവർമ്മാവുസ-
മതചയദ്രുപ്രവരന്മാരോട്ടും
മത്തഗജപ്പടകുതിരപ്പടകളു-
മൊത്തുരഥങ്ങളുമനവധികൂടി;
ബലദേവൻനിജകുലബലസംഹിതൻ
തോല്പിപ്പാൻതുടങ്ങുന്നതാല്പര്യമില്ലാതവർ [മില്ല

കെട്ടാതെതന്നെപെണ്ണുതരണ്ടെന്നുവരുമെന്നാം
മട്ടല്ലപരിഹാസംരുന്നാളുംതീർച്ചയില്ലാം [ൽ
കണ്ടാലുംകർമ്മദോഷംകേനിവില്ലതമ്പുരാനും
പണ്ടാരംപറയാത്തപണയത്തെപ്പാകയാൽ
കണ്ടിവർകഴലിക്കകണവനായിട്ടൊരുത്തൻ
ഉണ്ടാകയില്ലകഷ്ടംരുബന്ധുക്കളുമില്ല
വല്ലാത്തതനേരംവന്നുപിറന്നോരുപെൺകിടാവേ
കൊല്ലാതെകൊല്ലാനിപ്പോൾതുടങ്ങുന്നുതമ്പുരാ
വല്ലാത്തപണയവുംവലിച്ചിട്ടുതമ്പുരാനി- [ന്മാർ
നെല്ലാക്കുംശകാരിപ്പാൻവഴിവീണവഴിപോലെ
എന്നാവേണ്ടെങ്കിലെന്റെകന്നംവിഴങ്ങേണംതാ
എന്നുള്ളസംസാരമായ്‌വന്നാല്ലാതോഴിമാരെന്റ
പെണ്ണിനെക്കുറില്ലാത്തകൂട്ടത്തിൽവന്നുചാടി
ഖണ്ഡിച്ചുപറഞ്ഞിടാംകളിയല്ലകണ്ടുകൊൾവിൻ
ഇങ്ങനെതന്നിരുന്നുനരയ്ക്കുയുള്ളികന്യക
എങ്ങനെഭർത്താവുണ്ടായ്‌വരവേണ്ടുനാരിമാരെ
കാളകളേഴുംകൂട്ടികയർകൊണ്ടുബന്ധിപ്പാനി-
ന്നാളുണ്ടായ്‌വരത്തില്ലെന്നറിഞ്ഞാലുംപെണ്ണുങ്ങളെ
താളംപിഴച്ചുപോയാൽതരമാകയില്ലപിന്നെ
കോളപ്പാത്തുള്ളമാർഗ്ഗംകൊട്ടുതായിവന്നുചേർന്നു.

മതികെട്ടിങ്ങനെമരുവുംനേരം
മതിമുഖിപാർശ്വമുള്ളൊരുദേഹത്തെ
പതിയാക്കീട്ടുകരാറോയായതു
ഗതികെട്ടാൽപുലിപുല്ലുംതിന്നും
ചതിപെട്ടുലതൊഴിപ്പാൻമററൊരു
ഗതിയെന്തെന്നതുതോന്നുന്നില
അതിയായിട്ടൊരുസങ്കടമിങ്ങനെ
മതിയാംവണ്ണമിവൾക്കുലഭിച്ചു
വിധിയുടെകല്പനനീക്കാവതിനി-
ക്ഷിതിയിലൊരുത്തൻഗതിയായ്‌വരുമൊ
പെണ്ണിനുപത്തുവയസ്സുതികഞ്ഞു
കണ്ണിനുചിരിവുംവന്നുതുടങ്ങി
തലമുടിവടിവിലുരുണ്ടുചുരുണ്ടു
മുലയുംവന്നുകരുത്തുതുടങ്ങി
അരുചിയറഞ്ഞുചുരുങ്ങിക്കടിതട
മുരുതാമൊന്നുകനത്തുതുടങ്ങി
തുടകളുരുണ്ടുതടിച്ചുപതുത്തു
അടിമലരിണതുടുത്തുടെചിലസുനാ
രണ്ടുകരാംബുജമതിമൃദുസരസം
പണ്ടിവളെപ്പോൽമററൊരുകന്യക-
യുണ്ടായില്ലധരിത്രിയിലെങ്ങും
കണ്ടുംകേട്ടുംകാമശരാഹളി
കൊണ്ടുതറച്ചുവിറച്ചുനൃപന്മാർ
മണ്ടിവരുമ്പോൾക്രൂരന്മാരിലും
കണ്ടുവിരണ്ടുവിഷണ്ണതയോടെ
കുന്റിതരാം,ചിലക്രൂരന്മാരോടു
ശൃംഗികടിച്ചുപിടിച്ചിഹകെട്ടാൻ
ഉത്തിരിതാവിച്ചുടനങ്ങവരുടെ
കുത്തുംകൊണ്ടുമയങ്ങിപ്പോയി
ഉത്തരമാപത്തുണ്ടാകനൊരു
ദുസ്ഥിതിസൃഷ്ടിച്ചതുബഹുകഷ്ടം

ഊററക്കാരുടെകല്പനകൾകൂടാതെ
ന്നരിയാട്ടകിലിഹകുററവുമുണ്ടാം
ക്രൂരന്മാരുടെകുത്തുകൾകൊണ്ടവർ
കുറവുപറഞ്ഞാലുത്തരമുണ്ടോ.

ചമ്പതാളം.

തരുണികുലമഖിലമിതിപരവശതകാരണം
തങ്ങളിൽത്തങ്ങളിൽചൊല്ലിനില്ക്കുംവിധൌ
സരസിരുഹനയനനാഥസകലപതിമാധവൻ
സത്യാസ്വയംബരാഡംബരംകേൾക്കയാൽ
പരിചിനൊടുതിരുമനസികുതുകമുളവാകയാൽ
പാർത്ഥനുംതാനുംപുറപ്പെട്ടുമെല്ലവേ
തെളിവിനൊടുവിജയനുടെകരമതുപിടിച്ചുടൻ
തേരിൽകരേറിത്തിരിച്ചുനാരായണൻ
കൊടികൾകുടതഴകളിടകലരുമൊരുഘോഷേണ
കോസലാധീശന്റെരാജ്യംപ്രവേശിച്ചു
നരകരിപുവരവുമഥവിരവൊടുധരിച്ചുടൻ
നഗ്നജിൽമന്നവൻതാനായ്‌പ്രസാദിച്ചു
പുരിയുടയനികടഭുവിമരുവുമഖിലേശനെ
പൂജിച്ചുവന്ദിച്ചുകൊണ്ടുപോന്നാദരാൽ
മണികനകകല്പണിപടലവിലസിതമതായൊരു
മഞ്ചേവസിപ്പിച്ചുകൂപ്പിനിന്നീടിനാൻ,
ചിരവിനൊടുവിജയനഥനരപതിയെവന്ദിച്ചു
വില്ലുംനിലത്തൂന്നിനിന്നാൻമഹാരഥൻ
കുതുകമൊടുമുരമഥനചരണയുഗളത്തിനെ
ക്കൂപ്പിപ്പറഞ്ഞിതുകോസലാധീശ്വരൻ
മമസുകൃതമധികമിഹഫലിതമയിയദുവിഭോ!
മാധവ!നിൻപാദപത്മസന്ദർശനാൽ.
ദുരിതശതമഖിലമപിമമവിലയമാപതേ
ഭൂരമേശനീതിവിശുദ്ധനായേനഞാൻ
അടിയനൊരുപണയമിഹപഴുതിലുണ്ടുചെയ്തക
ആധിമാത്രംഫലംസാധിക്കുമിപ്പോഴും [യാൽ
മകളുടയപരിണയനമതിവിഷമമായ്‌വന്നു
മന്നവന്മാരൊക്കെമാറിത്തിരിച്ചിതു
പുരുഷവരനികരമതിലൊരുവനമഹോ!നാസ്തി
പുംഗവന്മാരെപ്പിടിച്ചുകെട്ടീടുവാൻ
വരജലജമുരമഥനവരശരണഗതൻഞാൻ
വന്ധ്യപ്രതിജ്ഞനായല്ലോരമാപതേ
സരസിരുഹനയനതവകരുണയുള്ളതിനാൽ
സാധിക്കുമിന്നുടൻസത്യാസ്വയംബരം
പരിചിനൊടുതവകരുണതരണതിലടക്കയും
പാഞ്ചാലിയെപ്പണ്ടിവൻവേട്ടമാർഗ്ഗനൽ [ൽ

മന്ദസ്മിതവുംതൂകിമാധവനരുൾചെയ്തു
മന്നവ!നിന്റെകാര്യംവന്നീടുമിന്നുതന്നെ
സപ്തവൃഷഭങ്ങളെസത്വരംപൂട്ടിക്കെട്ടി
സത്യയെവേൾപ്പാൻതന്നെസത്യംഞാനിഹവന്നു
ക്രൂരന്മാരോടുനേർത്തുതോററുമടങ്ങിപ്പോയോ—
രൂരാക്കാരെല്ലാംവന്നുചുററുംനില്ക്കേതന്നെ
ചെററുംശങ്കകൂടാതെതെററെന്നുകാളകളെ
ചുററിപ്പിടിച്ചുകെട്ടിമുററത്തുകളിപ്പിക്കാം
മാററികൾവന്നുപടയേററെന്നാലവരേയി
കാററിൻമകന്റെതമ്പിപാററപോലുറപ്പിക്കും.

നീററിൽകിടക്കുംനക്രംചീററിയടുക്കുന്നേരം
ആററിലെക്കഴുനാസ്ത്രൎകമാററുവാൻമതിയാമോ
തടിച്ചകാളകളെച്ചെന്നടിച്ചുകൊണ്ടുവരുവാൻ
മടിച്ചുനില്ക്കവേണ്ടാഞാൻപിടിച്ചുകെട്ടുന്നുണ്ടു
മിടുക്കുംശൌൎയ്യവുമേററംനടിച്ചുശത്രുക്കൾവന്ന
അടുക്കുന്നനേരമേററംചൊടിക്കുംനമ്മുടെപാൎത്ഥ
[ൻ
കടുക്കുംവക്കാണത്തിന്നായെടുക്കുംഗാണ്ഡീവംകൈ
[യ്യിൽ
തൊടുക്കുംബാണങ്ങൾപാഞ്ഞടുക്കുംവൈരിക-
[ളെക്കൊ
ന്നൊടുക്കുംവിശങ്ങളെല്ലാംഞെടുക്കുംനാടുകൾ
[വെട്ടി
അടക്കുംഇവനെആരുമടുക്കുവാൻഭാവിക്കേണ്ട

ഇത്തരമരുളപ്പാടതുകേട്ടു
സത്വരമരചൎകലോത്തമനേററം
ചിത്തമതാശ്രുകളുത്സുഖത്തോടെ
കൈത്തളിൎക്കൂപ്പിവണങ്ങിച്ചെന്നഥ
മൂന്നേകാളതികോലാഹലമൊടു
സന്നാഹങ്ങൾതുടങ്ങീപുരങ്ങളിൽ
നിറപറമലരവലടകളപൂപം
തറകളിലണിമണിദീപം
നിറമെഴുമച്ചൎകലശൊരുമണികുംഭം
തിറവിയലുന്നതകനകസ്തംഭം
കിടുപിടിതുടികടചടചടരടിതം
നടഭടവിടരടനൊടസുഘടിതം
പൊട്ടുപൊടെവെടികളുമിടിയൊടുതുലിതം
തടമുലതടവിനനടികടലളിതം
അരുവയൎമണികടെകരവകളൊരുദിശി
നരവരപടകൂടെവിരുതുകളൊരുദിശി
ധരണിസുരനികരവരവുകളൊരുദിശി
തരുണിപുരുഷൎകലവിലസിതമൊരുദിശി
കുട്ടികളൊരുദിശിമുട്ടികളൊരുദിശി
ചെട്ടികളൊരുദിശിപട്ടികളൊരുദിശി
തട്ടുകളൊരുദിശികൊട്ടുകളൊരുദിശി
കൊട്ടിലുമഥകാട്ടിലുമൊരുകലശല്യ
നാട്ടിലുമഥവീട്ടിലുമഥകലശല്യ
പുഷ്ടിബഹളതുഷ്ടിഭവതുശിവശിവ:

വിപ്രന്മാരുടെപരവുതുടങ്ങി
വിരവൊടുതമ്മിലുരത്തുതുടങ്ങി
ഓടുന്നെന്തിന്നുതാനിഹവിപ്രാ
ക്കുടെവരുന്നുതങ്ങളുമെല്ലാം
“സത്രാവളരെവരുന്നതിൽമുമ്പെ’
തത്രകടന്നൊരുദിക്കിലിരിപ്പാൻ
ഓരോരാശിപ്രതിഗ്രഹമുണ്ടാം”
‘ആരതറിഞ്ഞുകണ്ടാലറിയാം
ആരാകുന്നതുകാളകൾകെട്ടാൻ
‘നാരായണനെന്നുണ്ടിഥകേൾപ്പാൻ’
മററുള്ളരചന്മാരെപ്പോലെ,
മാററിത്തംമുകിൽവൎണ്ണനുവരുമോ
ശിവശിവ!താനതുശങ്കിക്കേണ്ടാ
ഭുവനപതിക്കൊന്നരുതാതുണ്ടോ
കൊച്ചായന്നോകണ്ണനുകന്നിനെ
മേച്ചിട്ടുള്ളൊരുപരിചയമേറും
ആയതുകൊണ്ടാമികാളകളുടെ
വക്കാണങ്ങൾസഹിക്കാമ്പുരുമോ
ക്രൂരന്മാരുടെകരുമനയോൎത്താൽ
ഊററക്കാൎക്കുമൊരുതളിഭവിക്കും
നമ്മുടെനിൎഭാഗ്യതയോൎത്തെന്നാൽ
അംബുജനേത്രനുമമളിവരേണം
ഇപ്പെണ്ണിന്റെവിവാഹംമൂലം
വിപ്രന്മാരുനടന്നുവലഞ്ഞു
ഇപ്പോൾകിട്ടുംപണമെന്നിട്ടൊരു
മുപ്പതെട്ടുപ്പിഹവന്നിതുഞാനും
എപ്പൊഴുമിങ്ങനെമണ്ടിനടപ്പാൻ
കെല്പനമുക്കുകുറഞ്ഞുധരിപ്പിൻ
മൂത്തുവിപ്രന്മാർപണമെന്നോൎത്താൽ
പുതുവിപ്രൻതാനെന്നൊരുഭാവം
കാശിക്കപ്പുറമെങ്കിലുമിന്നൊരു
കാശിനുവകയുണ്ടെന്നാൽമണ്ടും
എഴുപത്തെട്ടുവയസ്സു തികഞ്ഞൊരു
കിഴവബ്രാഹ്മണനിതുപോകുന്നു
കൊട്ടവെയിലിൽതട്ടിച്ചുട്ടുകഷണ്ടിയിൽ
ഒരുപിടിനെല്ലാൽമലരുപൊരിക്കാം
കുടയുംനാസ്തിചുമച്ചുചുമച്ചൊരു
വടിയുംകുത്തിക്കൂനുകുനിഞ്ഞിഹ
പൊടിയുമണിഞ്ഞഥവന്നാലിങ്ങൊരു
കാശുംകിട്ടാതങ്ങുഗമിച്ചാൽ
മൂടിയുംചുട്ടവനൊന്നുശപിച്ചാൽ
മുടിയുംകോസലരാജ്യവുമതിനാൽ
അപ്പൻസംപൂരിക്കപണത്തിനൊ-
രല്പവുമാശകുറഞ്ഞില്ലതും
ഇപ്പൊഴുമൊരുപുത്രൻപണമോൎത്താൽ
മുപ്പതുവഴിമണ്ടാൻതടവില്ല
കീഴാണ്ടത്തെധനുമാസംപതി-
നേഴാംതീയതിതിരുവാതിരനാൾ
വേളിമഹോത്സവമുണ്ടന്നിങ്ങനെ
കേളിനടന്നതുകേട്ടപ്പൊഴെ
ഞാനുംമൂസ്സതുമവിടേക്കെത്തി
സ്നാനവുമൎഘ്യവുമാശുകഴിച്ചഥ
കൊട്ടിലിൽവന്നുസ്ഥലംവച്ചപ്പോൾ
കേട്ടുപുറത്തൊരുകോലാഹലവും
മാളവരാജകുമാരനെനമ്മുടെ
കാളകൾകുത്തിക്കാല്ലുമുടക്കി
വേളിയുമില്ലപ്രതിഗ്രഹമൂൎഖം
വേഗംപൊയ്ക്കോൾകവനിസുരന്മാർ
അങ്ങനെകേട്ടുഭയപ്പെട്ടോടി
തങ്ങടെയില്ലംപുക്കുദ്വിജന്മാർ
അനുഗമിച്ചൊരുഞാനുംമൂസ്സതു
മിന്നുംവന്നുപണംമോഹിച്ചു
ഇന്നത്തെത്തൊഴിലെന്താകുന്നു
ഒന്നുഗ്രഹിച്ചെന്നാകിൽകൊള്ളാം

ഇന്നുവിവാഹം നിശ്ചയമെന്നതു
സന്ദേഹം മമ തോന്നുന്നില്ല
നന്ദകുമാരനുമർജ്ജുനനും പുന-
രൊന്നിച്ചിവിടെപ്പണി ചെയ്യുന്നാൽ
പട്ടക്കുറവന്മാരായിരമെങ്കിലു-
മുടനെ ബന്ധിപ്പാൻ തടവില്ല
അക്ഷികഴിക്കാം പണവും കിട്ടും
യക്ഷികളെന്തിന്നമളിക്കുന്നു
വൃഷ്ടികണക്കിന്നുരാശിപണം ചില-
വിട്ടീടുന്നതിനില്ല വിവാദം
കോസലമന്നവനു ചിലവിടുവാനൊരു
കുസൽ തരിമ്പും കേൾക്കുന്നില്ല
നമ്മുടെ മാററിത്തം കൊണ്ടര ചന-
ധമ്മം ചെയ്യാൻ മടി തുടരേണം
പെൺമക്കളിനിയൊന്നില്ലല്ലോയിതു
വെൺമയിലൊന്നു കഴിച്ചേ പോവൂ

ഇത്ഥം പറഞ്ഞുംകൊണ്ടു പൃത്ഥ്വീസുരന്മാരെല്ലാം
എത്തിത്തികഞ്ഞിരുന്നു പൃത്ഥ്വീശന്മാരും വന്നു
കുറവന്മാർ വസിക്കുന്ന കൂട്ടുകളേഴും തത്ര
തെറെറന്നു കൊണ്ടുവന്നു മുററത്തുറപ്പിച്ചപ്പോൾ
ചിക്കെന്നു കാളക്കാർ ചെന്നൊക്കവെ തുറന്നിട്ടു
അക്കുറവന്മാരുമപ്പോളാകാശത്തിൽ ചാടിവന്നു
വക്കാണത്തിനു പാഞ്ഞടുക്കുന്നനേരം കൃഷ്ണൻ
സപ്തവൃഷഭങ്ങളെ സത്വരം ബന്ധിപ്പാനായ്
സപ്തവിഗ്രഹം പൂണ്ടു സത്വരമെഴുന്നള്ളി
കുറവന്മാരേഴിനേയും കൂട്ടി ബന്ധിച്ചു നിത്തി
മററാരും ഗ്രഹിച്ചീലാ മായാപ്രയോഗമൊന്നും
ഏകസ്വരൂപനായിനിന്നരുളിനാൻ പിന്നെ
ലോകനാഥന്റെ മായ ലോകർക്കറിഞ്ഞീടാമൊ
ഗോപാലകൃഷ്ണൻ തന്റെ രൂപസൌന്ദര്യം കണ്ടു
ഭൂപാലപുത്രിക്കുള്ളിലുണ്ടായ സന്തോഷങ്ങൾ
വർണ്ണിപ്പാനനന്തനും വൈഷമ്യമെന്നേ വേണ്ടു
കണ്ണിന്റെ ഫലം വന്നു കന്യകാരത്നത്തിനും

പീലിക്കാറണി കുന്തളമഴകിന
നീലാംബുജരുചി തിരുനയനങ്ങളു-
മാലോലാമല ചില്ലീലതകളു-
മളികതടേ ഗോരോചനതിലകവു-
മിളകിന മകരാകൃതി മണികുണ്ഡല-
കുസുമോപമ തിരുനാസികയും മുററു
സുലളിതബിംബഫലാധരവടിവും
ദന്തമണിദ്യുതി മന്ദസ്മിതവും
ചന്തമെഴുന്ന മുഖേന്ദുവിലാസവു-
മുരുഘനനിറമാം തിരുമാറിടമതി-
ലരുണമഹാമണി കൌസ്തുഭവും മുററു
കരലളിതം വനമാലാഹാരവു-
മരമണി കിങ്ങിണി പൊന്നരഞ്ഞാണം
അരയാലിലപോലുദരപ്രഭയും
തരളിതകങ്കണകരകമലാഞ്ചിത
മുരളീശംഖവിശങ്കരുചിയും
കടിതടസീമനി പീതാംബരമ-
ങ്ങടിയോളമവലംബിതമങ്ങനെ
പടുമുട്ടൂരുജംഘായുഗളവു-
മടിമലർവടിവും മണിനൂപുരവും
തിരുമുടി തൊട്ടങ്ങടിമലരോളം
തിരുവുടൽ കണ്ടഥ നരവരനന്ദിനി
മനസിജശരശതമേറ്റു മയങ്ങി
കനിവൊടു സഖിമാരോടു കൂടി
കനകാംബുജമലർമാലയുമായി
കഥമപി ചെന്നു മുകുന്ദസമീപേ
പൃഥുകടിതടമുടയോരു വിലാസിനി
ലളിതമനോഹരനാകിന വരനുടെ
ഗളമതിൽ മാലയുമിട്ടു വണങ്ങി
പുളകിതതനുലതയായവൾ നിന്നാൾ
അളികുലകളകളസുലളിതവേണി
കിളിമൊഴിമണിയുടെ കരകമലത്തെ
തെളിവൊടു സപദി പിടിച്ചു മുകുന്ദൻ
കളിമൃദുപുഞ്ചിരി തൂകിപ്പരിചൊടു
വടിവിലെഴുന്നരുളീടിന സമയേ
പൃഥയുടെ നന്ദനനാകിന വീരൻ
രഥവും കൊണ്ടഥ ചെന്നു വണങ്ങി
മധുമുഖിയോടു സമേതൻ മാധവ-
നതികുതുകേന രഥത്തേലേറി
കോസലനൃപനൊടു യാത്രയുമരുളി
ഭൂസുരവരനികരത്തൊടു കൂടി
ഭാസുരവേഷവിശേഷമനോഹര-
നാം സുരകുലപതി യാത്ര തുടങ്ങി
കുടയും തഴയും കൊടി ചാമരവും
പടയും കുതിരകളാനകളനവധി
കടകാംഗദമണിഹാരകിരീടം
കടർമണി തുടർമണി കനകാദികളും
പുടവകൾ പട്ടും മണിമെത്തകളും
തടമുലതടവിന തരുണീകുലവും
പടുതരമാകിന കോസലമന്നവ-
നടനേ കൃഷ്ണനു നൽകി വണങ്ങി
സ്ത്രീധനമിങ്ങിനെ പലവക വാങ്ങി
മാധവനൻപൊടു പാർത്ഥസമേതൻ
സാധുമഹോത്സവഘോഷത്തോടേ
സപദിയെഴുന്നരുളുന്നാദശായാം
പട്ടുകൾ പൊന്നും പണവുമിതെല്ലാം
രെട്ടുകൾ കൊണ്ടങ്ങിരുമുടിയാക്കി
കെട്ടിത്തലയിലെടുത്തും കൊണ്ടൊരു-
കൂട്ടം പെരുവഴി പോകും ബ്രാഹ്മണർ
നാട്ടിൽ നടന്നു പ്രശംസിക്കുന്നതു
കേട്ടു നൃപന്മാർ സഹിയാഞ്ഞനവധി
കൂട്ടം കൂടി കോസലനൃപനുടെ
കോട്ടപ്പുറമേ ചെന്നു നിറഞ്ഞു
തങ്ങളിലങ്ങു പറഞ്ഞു തുടങ്ങി
‘നിങ്ങളിതൊന്നും കേൾക്കുന്നില്ലേ’
എങ്ങിഹ നമ്മുടെ വംശമഹീശനു
മംഗാധിപതി കലിംഗനരേന്ദ്രൻ
കുന്തളഭൂപൻ കുരുനരപാലൻ
കുന്തിനരേന്ദ്രനവന്തിമഹീപതി

ക്ഷാന്തിഹീനിങ്ങളുറങ്ങുന്നേരത്ത
ശാന്തിക്കാരെക്കാണുന്നാണവുമില്ലം
കേട്ടുവിശേഷമെന്തെൻസത്യയെ
വേട്ടുഗമിച്ചുതുടന്നിതുപോലും
ഞാരാണവളെവിവാഹം ചെയ്തു”
നാരായണനെന്നൊരുവഴികേട്ടു”
നാരായത്തുചരവൻമടിയുണ്ടാം
രായത്തുചലതുണ്ടിഹ കേൾപ്പാൻ”
ചോരുള്ളതുകൊള്ളാമെവനുടെ’
ളതെന്നിഹകേട്ടോതന്നിഹ’
മതെന്നതുക്ലേശിച്ചെന്നാൽ
കലവുംതാമിയുംകളകേവേണ്ടു’
ത്രകിളിഞ്ഞവനെന്നാൽസ്വപനൈ
ത്രിയെവേൾപ്പാനൊരുഹതയുണ്ടോ?
ത്രചകന്നുകാലവിശേഷമ-
ളരെപാമരോറിയുന്നില്ലെ
ചാരത്തിനതാഴ്ചവരുമ്പോൾ
ചിപ്പൂരിഷകൾതലയിൽകേറും
ന്നിരവകയില്ലെന്നാൽശൂദ്രൻ
ളലൊന്നുകഴതേൽപോറ്റും
ന്തിരിയായ് മറുനാട്ടിൽച്ചെ-
ന്നപലമരിശ്ശാന്തിതുടങ്ങും
തിരിമാർചോമാതിരിമാർ
മരൊന്നിച്ചക്ഷിതുടങ്ങും
ലരള്ളിലുമിയാടതൊരു
കിലന്നർത്ഥമതില്ല
മികഫമതിയാകാമതി.
നസ്യതോസനയുണ്ടോ”
ലൊരുവചരെചെയ്യാന്നിഹ
ണങ്ങളുകേട്ടാലറിയാം.
രിലൊരുത്തൻകരിവര-
ണിയുടെവേളികഴിച്ചു
യുംകൊണ്ടുതിരിച്ചു-
ത്തനെകനുണ്ടു
മതുലനൊക്കലചെയ്യോരു
നവനെന്നതുചോരു
പരത്തുമൂലം
ന്നതുവർദ്ധിക്കുന്നു
ചടയുംകടയും
ചിടിച്ചുചോടിച്ചുതകൻതഥ
ണിയെഹരിപ്പതിനിപ്പോൾ
ത്തനടപ്പിനശേഷം
കളെകളായുള്ളവർ
ലന്നകുട്ടത്രമതാമോ
മണിമാണിക്യം
മേൽചേപ്പതുമുണ്ടോ
മാലധരിപ്പാനിന്നമ-
ക്കിഹാസംഗതിവരുമോ
കളത്രയൊട്ടുകൂടിവസിപ്പാൻ
മരമത്തരമായ് വരുമോ
കെല്ലേറ്റെചെന്നുഹരിപ്പതിനിന്നവി-
കല്പമൊരല്പമെനിക്കില്ലറിവിൻ
ഇങ്ങനെവിരവാദംതങ്ങളിലുരചെയ്തു
തിങ്ങിനഘടകൂട്ടംതങ്ങളിൽവട്ടംകൂടി
വില്ലുംകലച്ചുംകൊണ്ടുതെല്ലുംമടികൂടാതെ
പല്ലുംകടിച്ചുചലമല്ലംനടിച്ചുപുന-
രൊട്ടുംകുറകൂടാതെകൊട്ടുംവെടിയുംമുല-
ക്കെട്ടുംമുഴക്കിത്തുടങ്ങീട്ടുവരിചപല
ക്കൂട്ടംഗൂഢന്മാർവന്നുകോട്ടപ്പുറംനിറഞ്ഞു
കുട്ടത്തുള്ളകോപാടതൊടങ്ങുകൂട്ടത്തുകൃഷ്ണനെച്ചെന്നു
തടുത്തുദുർഭാഷണങ്ങളെടുത്തുരുക്കിത്തുടങ്ങി
നില്ലെടകൃഷ്ണാനിന്നാടകസ്ത്രീകൾ
നല്ലവെല്ലിതുവല്ലവനാകില-
മില്ലൊരുകില്ലിഹവല്ലവ! നിന്നുടെ
വല്ലഭയല്ലിവളെ വരിക്ക
നല്ലൊരുവംശേ വന്നുപിറന്നൊരു
നല്ലാർകുലമണിരാജകുമാരിയെ
വല്ലാതൊരുകുടിലൻ പുനരിങ്ങനെ
കല്യാണത്തിനുകാംക്ഷിച്ചതിനാൽ
പല്ലുകളിരുപത്തെട്ടുംനാലും
എല്ലാമിന്നുതകർത്തിട്ടുംതട-
വില്ലാതുള്ളൊരുവീരന്മാർപല
വില്ലാളികളൊരുമിച്ചുവരുമ്പോൾ
മല്ലാളികളെക്കൊന്നപരാക്രമ-
മല്ലതൊരുവീരതില്ലനിനക്കതു-
മെല്ലാമറിയാമമ്മാവനെയും
കൊല്ലാൻമടിയില്ലാതൊരുമൂഢാ-
ചൊല്ലാമിനിയുംപൂതനയെന്നൊരു
മല്ലാക്ഷിയെയുംവധചെയ്തൊരുനീ
നല്ലവനോയിവിനരപതിസഭയിൽ
ചെല്ലുന്നൊരുചിതമില്ലനിനക്കട,
നോക്കടനീപുനരവികൾതോറും
ഗോക്കളെമേച്ചുനടന്നവനല്ലേ
ഗോപാക്കടെകുട്ടികലത്തിട്ടേച്ചും
പാൽതൈരാതിമനീപാത്രത്തെന്നും
വെണ്ണകവർന്നുമൊളിച്ചുതിരിച്ചും
പെണ്ണുങ്ങടെമുണ്ടുകൾമോഷ്ടിച്ചും
കണ്ണിൽകണ്ടതുകട്ടുമുടിച്ചോരു
കണ്ണാനിന്നുടെകപടമിതെല്ലാം
കണ്ടുംകേട്ടുംപെരുവഴിനിന്നെ-
ക്കൊണ്ടുദുഷിക്കുംജനമേയുള്ളു
പെണ്ണുങ്ങളൊരുകൂട്ടംയക്ഷികൾ
ഉണ്ടിഹനിന്നൊബഹുമതിനൽപ്പാൻ
അണ്ടികൾചപ്പിയഹസ്തകഴിക്കും
ചണ്ടികളാരുവക ഗോപാലന്മാർ
പണ്ടിവനെപ്പോൽമറ്റൊരുമാനുഷ-
രുണ്ടായീലെന്നിങ്ങനെചൊല്ലി
ക്കൊണ്ടാടുന്നോരിടയന്മാരെ
കണ്ടാലുടനെകൂട്ടാൻതോന്നാം
വേണ്ടാസനമെന്നൊരുതൊഴിലെയിവ-
നുണ്ടായെന്നോയറിയുന്നുള്ളു
ഏതൊരുജാതിയിലുള്ളവരെന്നതു-

മേത്തരമൊരുത്തനുമപിടിപാടില്ലാ.
ആയുധവിദ്യയുമഭ്യാസങ്ങളു-
മായതിവർക്കറിവാൻവശമില്ല
വീര്യവുമില്ലൊരുശൗര്യവുമില്ലൊരു
കാര്യാകാര്യവിചാരവുമില്ല
ധനവുമില്ലജനവുമില്ലിവർക്കൊരു
ഘനവുമില്ലിനിനവുമില്ലനല്ലൊരു
ഗുണവുമില്ലപണവുമില്ലബാന്ധവ-
ഗണവുമില്ലിഗുണസാഗരമിങ്ങനെ
സമർത്ഥനെന്നൊരുനടിപ്പുമുണ്ടതി-
ലനർത്ഥമെന്തുവരാത്തില്ലിഹ
കിമർത്ഥമിങ്ങനെതിമിർത്തുവമ്പട
തകർത്തുവന്നതുതട്ടിപ്പതിന്നൊരു
മിടുക്കുമില്ലിഹനമ്മിപ്പിനെമ്പോട്ടു
പടുക്കളെന്നുകരുതുന്നൊരിവ-
നൊരുത്തനില്ലതിനൊരുത്തവനൊരു
മരത്തിനല്ലവരുത്തുവാനൊരു
പരാക്രമോന്മത്തുതനിക-
നട്ടിആസാമനെടുത്തുഫൽഗുന-
നടുത്തുവച്ചുനരാത്തുനിന്നുടെ
പടുതപെട്ടവുമെടുത്തുചില്ലിന്നു
കൊടുത്തതിൻകണമെടുത്തുപോവതിനടുത്തുരു-
[ണ്ടുവി
ഖുദാംപറഞ്ഞുംകൊണ്ടുയുദ്ധംതുടങ്ങീടുവാൻ
നെന്നതന്നുപരമെന്നെടുത്തുഗാണ്ഡീവവുമെടു-
ത്തുകോപവുമുള്ളിലടുത്തുവിരവിനോട-
ടുത്തുചെന്നടുത്തുപട്ടതച്ചുമുള്ളഫൽഗുനൻ
കുടിലന്മാരേ, മതിമതിനിങ്ങടെ
ചടുലതപെരുകിനചാപലവാക്കുകൾ
പിടിപിടിപിടിയെന്നതിനെക്കൊണ്ടാൽ
വിട്ടുമുനിവർകന്യകയെപ്പുന-
രെന്നൊരുമൊഴിയിതുകണ്ടുജളന്മാർ
വന്നുവളത്തുപിളർത്തുകൊള്ളാം
നമ്പിത്തുനിങ്ങടെദേഹകാരമ-
തിന്നാമിക്കപാർത്തീടണം
ക്രൂരന്മാരുടെകൃത്തുകൾകൊണ്ടഥ
തോററുഗമിച്ചുസമർത്ഥന്മാരുടെ
മററിതുപുനരിതുപടക്കോർത്താൽ
മററിക്കാരവമന്നുതല്ലേതും
കാനനമിക്ഷണംവന്നാചരിപ്പാനെ
ചെറുപുലിയോടുപിണങ്ങാനെളുതോ
മുറിമുഖന്മാരാകിനനിങ്ങടെ
മറിമായംകൊണ്ടെന്തുഫലിക്കും
പൊരുതികെടുപ്പാൻമോഹിച്ചവരുടെ
അരുതിപെടുപ്പാനർജ്ജുനനിഹഞാനെൻ
ശരങ്ങളെബാണമയയ്ക്കുന്നേരം
തെരുതെരെമുങ്ങിയൊളിക്കുംനിങ്ങൾ
കർണ്ണൻശകുനിസുയോധനനുംപുന-
ർണ്ണവമിവബഹുസഹജന്മാരും
കർണ്ണാടാദികളാകിനപലപല
കർണ്ണേജപരാകുമരചന്മാരും

ദുർജ്ജനവൃന്ദമശേഷമണഞ്ഞിഹ
ഗർജ്ജനഘോഷംചെയ്കനിമിത്തം
അർജ്ജുനനുടെശരവഹ്നിയിൽവീണിഹ
ഭഞ്ജനമിന്നുഭവിപ്പാറായി
ഇജ്ജനമാരെന്നുള്ളവിചാരവു-
മിജ്ജളരാകിനനിങ്ങൾക്കില്ല
ലജ്ജയുമില്ലലഘുത്വവുമില്ല
സജ്ജനദുർജ്ജനഭേദവുമില്ല
പിടിയാത്തവരുടെവികൃതികൾകണ്ടാൽ
മടിയാതവരുടെതലമുറിച്ചുററി-
പ്പിടിയാത്തവനതിരോഷൻവടിയേം-
ങ്ങടിയാത്തവനതിനേകാൾരോഷൻ
മുടിയാനൊരുവകനോക്കിട്ടൊരുവക
തടിയന്മാരിവർവന്നിഹചാടി
കടിയാപ്പട്ടികൾനിന്നുകുരച്ചാൽ
വടിയാലെന്നുതിരിച്ചാൽമണ്ടും
ചതിയന്മാരിവർകന്യാമണിയെ
കൈതിയന്മാരായ്വന്നതുമൂലം
മതിയാംവണ്ണംമനക്കേടുക-
ളതിയായിട്ടുലഭിച്ചേപോവൂ
ഋഷിജനവന്ദിതനാംഭഗവാനെ
ദൂഷിവാക്യങ്ങൾപറഞ്ഞോരന്മാർ
ഋഷിയിൽകെട്ടകാര്യങ്ങൾപിണഞ്ഞതു
കൃഷികാരന്മാരെന്നതുപോലെ
കഞ്ഞികുടിപ്പാൻവകയില്ലാഞ്ഞവർ
മുഞ്ഞിമഞ്ഞിമുടങ്ങിയടങ്ങി
പഞ്ഞികൾപോലൊരുപശയില്ലാതെ
പഞ്ഞതളർന്നുനടന്നീടണം
ആർക്കുംപറവാൻചിതമല്ലാതൊരു
വാക്കുകൾവന്നുപറഞ്ഞൊരുനിങ്ങടെ
നാക്കുകൾകണ്ടിച്ചതുപുനരഗ്നിയി-
ലാക്കിയെരിച്ചേമതിയാവുള്ളൂ
ലാക്കുമുറിച്ചതുപോലെനിങ്ങടെ
മൂക്കുമുറിപ്പാനിന്നിഹഫൽഗുന-
നൂക്കുണ്ടെങ്കിലതുംവരുമെന്നു
മൂർഖന്മാർബോധിക്കേണം
ആർക്കുപിറന്നവർനിങ്ങളഹോ! കഷ്ട-
മോർക്കമ്പൊഴുതുകഴപ്പുമിതെല്ലാം
പോർക്കുവിളിച്ചുരിപുക്കൾവരുമ്പോൾ
പോക്കക്കണക്കിനെഓടിയൊളിക്കും
ഉശിരുള്ളോർക്കുപിറന്നോമകളെ-
മുചിതസ്ഥാനേചേർന്നരമിപ്പൂ
അശുഭന്മാർക്കുപകാരനിമിത്തം
പശുവെപ്പോലൊരുവസ്തുതിരിയാ
കിട്ടിയതെല്ലാംഭക്ഷിക്കുമൊരു
പട്ടിക്കുംബഹുമാനവുമില്ലാ
നാട്ടുമുടിപ്പാൻവന്നുജനിച്ചവർ
നാലഞ്ചല്ലൊരുനാല്പതുലക്ഷം
കാട്ടുമുടിക്കുംകപികൾകണക്കെ
നാട്ടുകളൊക്കെനിറഞ്ഞുചമഞ്ഞു
ഇത്തരമർജ്ജുനവചനമിതെല്ലാം

സത്വരമൻപൊട്ടുകേട്ടുകയത്ഥ
പാർത്ഥിവവീരന്മാർവിരവോടെ
പാർത്ഥനെനേത്തുരചെയ്തുതുടങ്ങി
ആക്കപിറന്നവരെന്നുപറഞ്ഞൊരു
പോക്കനിനക്കുപിഴച്ചിതുപാർത്ഥാ
നിങ്ങടെക്രൂട്ടപലക്കുപിറന്നവർ
ങ്ങടെകുലമതിലില്ലിഹമൂഢാ
കന്യകപെററൊരുദേഹംതന്നുടെ
തമ്പിവിവാഹംചെയ്തൊരുസുന്ദരി
തന്നെപ്പൂണ്ടവനനുജനിച്ചൊരു
തനയൻനിന്നുടെതാതൻപാണ്ഡു
ചേട്ടൻകുരുടനവന്നുസുതന്മാർ
ചിലരുണ്ടായതുമിങ്ങിനെകൊള്ളാം
അനുജൻപിന്നെവിവാഹംചെയ്തി-
ട്ടതിലുണ്ടായവരെചർഭവാന്മാർ
നിങ്ങടെതാതൻനല്ലൊരുസുഭഗൻ
നിങ്ങടെജനനിയുമങ്ങിനെതന്നെ
വെളികഴിഞ്ഞെപ്പിന്നവർതങ്ങളിൽ
മേളിച്ചൊരസുഖമുണ്ടായില്ല
ഭർത്താവവളെത്തൊട്ടിട്ടില്ലവൾ
ഭർത്താവിനെയുംതൊട്ടിട്ടില്ല
മക്കളവൾക്കൊരുനാലഞ്ചുളവായ്
തൊക്കപിറന്നെന്നാരറിയുന്നു.
കാട്ടാളന്മാരെന്യേമററൊരു-
കൂട്ടക്കാററരുമില്ലാതുള്ളൊരു
കാട്ടിലിരിക്കുംകാലമവളുടെ
ഗോഷ്ഠികളാരാനറിയുന്നുണ്ടോ;
അന്നുപിറന്നവരൈവരുമായതി-
ലൊന്നൊരുതടിയനൊരാനകണക്കെ
അങ്ങനെയുള്ളവരഞ്ചുജനങ്ങളു-
മിങ്ങനെവന്നവളന്നൊരുശേഷം
വെളികഴിച്ചാരൈവരുമായൊരു
പൂളിപ്പെണ്ണിനെമടിക്കൂടാതെ
ചേട്ടനുമനുജന്മാർകളുമവളുടെ
പാട്ടിലൊതുങ്ങിവസിക്കുന്നിപ്പോൾ
ചേട്ടയ്ക്കുംപുനരില്ലൊരുനാണം
ചേട്ടനുമനുജരുമെല്ലാമൊക്കും
ഇങ്ങനെയുള്ളൊരുവിജയനീയിഹ
ഞങ്ങടെദോഷംഘോഷിക്കുന്നോ
തന്റെപെരിക്കാൽമണ്ണിലൊളിച്ചു-
പരന്റെപെരിക്കാൽകണ്ടുചിരിക്കും
ദുർജ്ജനപട്ടവാമർജ്ജുനനിന്നുടെ
ഗർജ്ജനമിതുമതിപോരുംനന്നു
തന്നത്താനറിയാത്തജളന്മാർ
തന്നുടെഘനമതുതാനേകളയും

കഃകാലഃകാനിമിത്രാണി
കോദേശഃകൌ വ്യയാഗമൌ
കശ്ചാഹംകാചമേശക്തി-
രിതിചിന്ത്യം മുഹുർമ്മുഹുഃ

കാലമമശുഭമോനമ്മുടെ
മൂലംഭുവിഗുണമോസാംപ്രത-
മാലംബനമുളവാമോഅനു-
കൂലംപരദൈവമെനിക്കുപ-
ദേശംഫലസിദ്ധിവരാനിതു
ദേശംഹിതമായിതുകൊണ്ടൊരു
നാശംലഭിയാതെവരാനവ-
കാശംവരുമോപുനരിന്നൊരു
കാശ്രുംകിടയാതെനമുക്കൊരു
മോശംവരുമോഇന്നിനല്ലപ്ര-
കാശംഫലമോധനധാന്യവി-
നാശംബലമോശിവശങ്കര
ആയതുഞാനുംനമ്മുടെപേ-
രായതുമെന്തയ്യോരുപേ-
രായതുമാരാകുന്നതുപേ-
രായിരമുള്ളോനെന്നുടെനാ-
രായണനല്ലാതിങ്ങൊരുപാ-
രായണമെന്നുള്ളതുപാ-
രാത്തവനാരാകുംബഹുപോ-
രാത്തവനെന്നല്ലോവരനേ-
രായവഴിക്കൊണ്ടിന്നഥ
ചേരാത്തവഴിക്കോവന്നിഹ
പാരാതെസമസ്തംസന്തത-
മോരാതെനടക്കുംയക്ഷികൾ
തീരാതൊരുദുർഘടസങ്കട
വാരാന്നിധിതന്നിലുഴന്നിട്ടു-
മാരെങ്കിലുമിങ്ങനെയിതിനുടെ
സാരംപൊരുളെന്നുധരിപ്പിൻ

ഇത്തരമൊരുപരിദേവവചനമുരത്തുമടുത്തുത
[ട്ടും
സത്വരമഥസകലമഹീപതിചണ്ഡവിക്രമമോടേ
ഉദ്ധതശരനികരമുതിർത്തുമുതിർത്തുമകത്തുതിളിത്തു
യുദ്ധാധികമഹിതഭയങ്കരകളികളമത്രതുടങ്ങി
കൊട്ടുകൾപലകുഴൽവിളിനിലവിളിശംഖുകളു
[ണ്ടൊരുളിക്കിൽ
വെട്ടുകൾചിലതട്ടുകൾമുട്ടുകൾതടവുകൾമററൊ
(രുളിക്കിൽ
അടികളുമപിടികളുമിടികളുമിളകിനപൊടികൾ
(ളുമൊന്നെ
അടിമുടിതടിപൊടിയുമൊരടവുകളുമനേകം
(രുളിക്കിൽ
വില്ലുകളുടെവിളയാട്ടംപട്ടതല്ലുകളെല്ലതകർത്തും
കല്ലുകൾമരമൊരുവക വല്ലുകൾപല്ലുകടിച്ചുപൊടി
(ച്ചും
പരിചകളുടെചടചടപടരവമൊരുദിശിയൊട്ടു
(പൊടവെടിയും
കരികടെകട്ടരടിതവുമലതിലിടിപൊടിഘോഷ
(ടഘോഷം
ചന്തമുടയകുന്തമെടുത്തുപിടിച്ചുകളിച്ചുപുളച്ചും
ദന്തികളുടെദന്തമണച്ചുപിടിച്ചുവലിച്ചുമൊടിച്ചും

തുരുതുരെവരുമുരുനരശരവരനിരകളുമൊരുമിച്ചിബ്ബഹളം
നരവരകുലവിരുതുകൾചിലരതുകരുതിനപാണ്ഡുതനൂജൻ
ഗാണ്ഡീവമഥവില്ലതെടുത്തുകുലച്ചുവലിച്ചുപിടിച്ചും
പാണ്ഡവനൊട്ടുപടപൊരുവാൻവിരുതുള്ളവരൊക്കെവരേണം
പാണ്ഡവവചനമതൊട്ടുചുട്ടുപൊടിച്ചമിടുക്കനെടുക്കം
താണ്ഡവമിഹരണഭുവിവിരവൊടുകാണുവിനരചന്മാരെ

കുംഭതാളം.

പലപലവിരുതുകൾപറകയുംചിലരുറകയും
ബഹുദൂഷണഭാഷണവുംപിന്നെ
പരിഭവമുടയൊരുപടകളുംപലകുടകളും
കൊടിയുംപടവില്ലുകളുംതേരും
കുതിരകളനവധികരികളുംപുനരരികളും
നിജപൌരുഷവിരുതുകളുംഎല്ലാം
മതിമതിയുടെകൊതികളുംചിലചതികളും
ഇളമൊക്കയുമിഹവിഫലം
പോരിന്നവരികരിഖേടരെഅതിമൂഢരെ
അവിവേകികളായവരെഇനി
പാരിടമതിലതിവീര്യവുംഭുജശൌര്യവും
രിപുനരചംക്രമവിക്രമവുംഇപ്പോൾ
മരുതിസഹജനിലേക്കുമെമ്പതതോൽക്കമോ
രിപുഖണ്ഡനചണ്ഡനഹംഏററം
ഭാരുണശരവരകൊടിയുംപരിപാടിയും
പരിചോടിഹകാൺമതുമൂലം
ഇത്തരമതികടുഭാഷണവും
ഇടിയൊടുസമമഗ്ഘോഷണവും
സതപരമതുമൊരുപകട്ടുഷണവും
സകലമിളകിമണിഭൂഷണവും
ഉലതമൊരുമിശിവെട്ടുകളും
ഉരുതരമൊരുവകകൊട്ടുകളും
ഉലതപെരുകിനമുട്ടുകളും
മുഷ്ടരപികരതലതട്ടുകളും
തങ്ങളിലൊരുമിശിതല്ലുകളും
തടവുകളടവുകളുള്ളകളും
തിങ്ങിനശംപടവില്ലുകളും
തെരുതെരെയൊരുവഴികല്ലുകളും
കുത്രചിലരികടെചാക്കുകളും
കുഹചനപലപലവാക്കുകളും
ക്ഷത്രിയവരരുടെനോക്കുകളും
ക്ഷണമുടനൊരുമിശിനീക്കുകളും
വിക്രമമൊട്ടുപടക്രുട്ടുകയും
വിരവിനൊട്ടുചിലരുടനോട്ടുകയും
അക്രമമൊരുവകപാട്ടുകയും
അതിശയമൊട്ടുചിലർചാട്ടുകയും
താഡനമൊരുവകകൊള്ളുകയും
തടിമുടിപിടിയൊട്ടുതള്ളുകയും
പാടവമൊട്ടുചിലർതുള്ളുകയും
കട്ടുക്കനെച്ചിലരട്ടുക്കയും
കരത്തിലായുധമെടുക്കയും
കടന്നുവെട്ടുകൾകൊട്ടുക്കയും
കരങ്ങൾകൊണ്ടുതട്ടുക്കയും
ഇടയ്ക്കിടെച്ചിലർനടക്കയും
ചിലരിരിക്കയുംചിലർതിരിക്കയും
ചിലർമരിക്കയുംചിലരുരയ്ക്കയും
കളിക്കയുംചിലരൊളിക്കയും
ചിലരിളിക്കയുംചിലർപുളയ്ക്കയും
ചിലർതെളയ്ക്കയുംചിലർതുള്ളുകയും
ചിലർതളിക്കയുംചിലരടിക്കയും
ചിലർപിടിക്കയുംചിലർപൊടിക്കയും
ചിലർകടിക്കയുംചിലർമടിക്കയും
ചിലർമുടിക്കയുംമധുകുടിക്കയും
ചിലർമരിക്കയുംചിലർതിരിക്കയും
വമ്പുകൊണ്ടുനേർത്തടുത്തുവന്നവ-
നമ്പുകൊണ്ടുകോർത്തുവീർത്തുവീഴുക
തമ്പുരാനകമ്പടിക്കുവന്നവർ
മുമ്പിൽവീണുരുണ്ടുരുണ്ടുകപ്പുക
രണ്ടുകാലുരണ്ടുകൈകളുംകണ
കൊണ്ടുകോർത്തുവണ്ടുപോലുഴന്നുതു
തണ്ടുതപ്പിരണ്ടുനാലുനാഴിക
കൊണ്ടുകണ്ടുകണ്ടിൽവന്നുചാടുക
വില്ലുകൊണ്ടുതല്ലുകൊണ്ടൊരുത്തനു
പല്ലുമെല്ലമൊക്കവേതകന്നിതു
കല്ലുകൊണ്ടെറിഞ്ഞുകൊല്ലുക
കില്ലുകന്നുമുഷ്ടികൊണ്ടുകുത്തുക
മുട്ടുകൊണ്ടുമൂക്കുപോയിവീഴുക
വെട്ടുകൊണ്ടുവേഗമോട്ടമണ്ടുക
പെട്ടുപോയഭൂമിപാലരെച്ചിലർ
പട്ടുകൊണ്ടുമൂടിയങ്ങെടുത്തൊരു
കട്ടിന്മീതിലിട്ടുകൊണ്ടുകെട്ടുക
വട്ടമിട്ടടുത്തുവന്നുകുത്തുക
വാട്ടമററുവാളെടുത്തുവെട്ടുക
കൂട്ടമോടണഞ്ഞുടൻപിണങ്ങുക
ഇങ്ങനെയുള്ളൊരുസമരാരംഭേ
തിങ്ങിനകോപമിയന്നൊരുപാർത്ഥൻ
തുംഗമതാകിനഗാണ്ഡീവചാപം
ഭംഗിയിലങ്ങുകുലച്ചുവലിച്ചഥ
ബാണമെടുത്തുതൊടുത്തുടനേതിരു-
വാണെയുമിട്ടുരണാങ്കതുടങ്ങി
സായകനികരംകൊണ്ടൊരുനൃപന്മാ-
രായുധമമ്പതുനുറുനുറുങ്ങി
കായത്താലൊരുമുറിവെന്നുള്ളതു-
മായവനെങ്ങുമതുണ്ടായില്ല.
നായന്മാരുടെച്ചട്ടകൾതൊപ്പികൾ
ആയിരശകലമതാക്കിമുറിച്ചു
കാതിലണിഞ്ഞകടുക്കൻപോയി
കാതിന്നുഹാനിഭവിച്ചതുമില്ല
കടകംപോയികരംപോയില്ല

കടിസൂത്രങ്ങളശേഷംപോയി
കടീതടഭംഗംവന്നതുമില്ല
ഉടലിലൊരമ്പുതറച്ചതുമില്ല
വെൺമയിലവരുടെകോപ്പുകളെല്ലാം
എൺമണിപോലെഅറുങ്ങിപ്പോയി
അസ്ത്രസമൂഹംകൊണ്ടങ്ങവരുടെ
വസ്ത്രമശേഷവുമാശുതകർന്നു
ഭഗ്നമനോരഥനീശന്മാർ
നഗ്നന്മാരായ് നാണംകെട്ടഥ
ഭാവക്ഷയവുംപൂണ്ടുടനഖിലം
ധാവതിചെയ്തുധരണീതലാന്തേ

നഗ്നജിത്പുത്രിതന്നിൽമഗ്നന്മാരായിവന്നു
ഭഗ്നമാനമായനല്ലനഗ്നന്മാരായിനിങ്ങൾ
നാണംകെട്ടുവെന്നുനാണവുംകെട്ടുനല്ലോ
രാണിമാപുരന്മാരല്ലെന്നുംവന്നുനിങ്ങൾ
ഊണിനുമാത്രംകൊള്ളാമൂഴിക്കുനാഥന്മാരായ്
വാണീടുന്നതിനല്ലാവല്ലാത്തഭോഷന്മാരെ
പാണിയിലുള്ളവില്ലുംബാണവുംകളഞ്ഞോരോ
കോണിലൊളിച്ചുകൊണ്ടുവാണീടാമിനിമേലിൽ
പ്രാണങ്ങൾപോയെങ്കിലൊപ്രാണവംപോകയില്ല
ആണുങ്ങളാതവർക്കുണ്ടോത്രയതുസാധിക്കുന്നു
കാളകൾകൂട്ടിബന്ധിപ്പാനെളുതല്ലാതായനിങ്ങൾ
കോളില്ലാതെകണ്ടോരോരോഗോഷ്ഠികൾഭാവിച്ചതു
തുള്ളമില്ലാതെതാന്തേളുകളെന്നപോലെ
നാളേക്കുമാകുംനിങ്ങൾനീളേക്കുമാകാനിങ്ങൾ
പാഴിലോരാട്ടായുധംഭാവിച്ചതോററനിങ്ങൾ
കാശിക്കുപോയ്ക്കോണ്ടാലുംകുശലപ്പേഴന്മാരെ
ക്ലേശിക്കുന്നെന്തേനല്ലരാശിക്കുപിറക്കാഞ്ഞാൽ
മീശയ്ക്കുവീഴ്ച്ചയെന്തുവീരത്തിനില്ലാതാകും
പെണ്ണിന്റെരൂപംകണ്ടുകാംക്ഷിച്ചുനിങ്ങൾക്കി- (പ്പോൾ
കണ്ണിന്റെമറ്റെന്നതാൾകാണ്മാനുംക്രുടക്കി
പെണ്ണുങ്ങളെന്നുമൂലംപോരിനുവന്നതിനു (ട്ടോ
കണ്ണന്റെവൈരികൾക്കാരിന്നുമറിവാനൊ
ഗാണ്ഡീവംച്ചുറ്റെറിച്ചപാണ്ഡവവീരൻതന്റെ
ഗാണ്ഡീവചാപത്തിന്റെതാണ്ഡവംഗ്രഹി (പ്പാനൊ
അല്ലെല്ലോഭോഷന്മാരെ! അല്ലല്ലോമൂഢന്മാരെ
പൊല്ലില്ലനിങ്ങളിടെയുള്ളതെളുതന്നുംക്രൂടം

ഇത്തരമുള്ളോരവിപ്രന്മാരുടെ
സത്തപരിഹാസോക്തികൾകേട്ടഥ
ക്ഷത്രിയരെല്ലാംചെവിയുംപൊത്തി
ക്ഷണമിഹധാവതിചെയ്തൊരശേഷം
ഭീമസഹോദരനാകിയവിജയൻ
രാമസഹോദരസഖിയൊടുചേർന്നഥ
താമസരഹിതംതാണുവണങ്ങി
താമരസേക്ഷണനോടുചൊല്ലിനാൻ;—
ദേവമുകുന്ദജയജയദേവമുകുന്ദ
കേവലപുരുഷാകേട്ടരുളീടുക

കേവലമെൻമൊഴികേശവശൗരേ!—ദേവമു- (കുന്ദ
പങ്കജനാഭനവാരുടെകിങ്കരനടിയൻ
ശങ്കവിട്ടുവരുന്നനരപതിസംഘമശേഷംജയിച്ചുര- (ണഭുവി
നിൻകടാക്ഷബലേനവിജയമസങ്കടമിങ്കൾക്കി
(വ്രപിനഹിനഹി—(ദേവമുകുന്ദ
അസ്ത്രങ്ങൾപോയിഅവർക്കുശസ്ത്രങ്ങൾപോ- (യി
അത്രയല്ലിട്ടുക്കണ്ടവസ്ത്രങ്ങളതുംപോയി
ഗാത്രങ്ങൾമൂടീടിലുമാത്രമുള്ളോരുലാഭം—ദേവ (മുകുന്ദ
സരസച്ഛനാഭസനാതനസരസിജനാഭ
ചരമവാരിധിതന്നിൽപരിചോടുവിളങ്ങുന്ന
പുരിതന്നിലകംപൂക്കമരവുക—ദേവമുകുന്ദ
സത്യാവിവാഹംകാണ്മാൻനമുക്കത്യന്തംമോഹം
സത്യസാഗരനാഥ; നിത്യ, നിർമ്മലാകാര
നരകമോചനനളിനലോചന
നന്ദനന്ദനസുന്ദരാനന—ദേവമുകുന്ദ
വിരതസന്ദേഹംഹരേകൃഷ്ണാ
വരദ! വന്ദേഹംതരണമേശ്രീസമാശ്രിത! തവ
കരുണവേണമനാരതംമയി
ചരണപങ്കജമേവതേമമ
ശരണമതുമമവരണമഴകൊട്—ദേവമുകുന്ദ
ദ്വാരാവതിപുരിതന്നിൽവസിക്കും
പൗരജനങ്ങളുമംഗനമാരും
സീരവരായുധനാംബലദേവനു-
മാരണവൃന്ദവുമെന്നിവരെല്ലാം
കേളിപരായണനാകിനകൃഷ്ണൻ
വേളികഴിച്ചൊരുസുന്ദരിയോടെ
മേളിതനായിയെഴുന്നള്ളുന്നൊരു
കേളിനടന്നതുകേട്ടതിമോദാൽ
മാളികമണിഗൃഹവാടികൾമേടകൾ
കേളിമഹാമണിമണ്ഡപവീധികൾ
കാളിനികേതനമങ്ങാടികളും
പാളികളെന്നിവമന്ദിരമെല്ലാം
വെള്ളികൾകൊണ്ടുംകനകംകൊണ്ടും
വെള്ളപ്പുടവകൾപട്ടുകൾകൊണ്ടും
വെള്ളരിമലരവലെന്നിവകൊണ്ടും
വെള്ളക്കൊടികോടികൾകൊണ്ടും
സ്ഫടികതരമഖിലമലംകൃതമാക്കി
പടുപടഹങ്ങളടിച്ചുമുഴക്കി
ഭടജനപടകളുമിടചേർന്നൻപൊടു
കടലുടെതടമതിൽവന്നുനിറഞ്ഞു
പടവുകൾവഞ്ചികൾവള്ളംതോണികൾ
പടവേറുഞ്ചിലകപ്പലുമെന്നിവ
കടലിലിറക്കിപ്പായുംകെട്ടി
അടനമ്പുകളുംതണ്ടുകളുംപുന-
രിടയിൽനെടുത്തകഴക്കോലുകളും
വടിവിലെടുത്തുതുഴഞ്ഞുംകൊണ്ടഥ
ഭടജനമനവധികടലുടനെട്ടവെ

കൂടൽനിറമുടയൊരു പുരുഷനകമ്പടി
കൂടുവതിന്നുടനക്കരപാറി
കാട്ടുകൾവെട്ടിവെളുപ്പിച്ചുടനെ
കോട്ടുകളൊക്കെനിറഞ്ഞഥനിന്നാർ
പാടവമേറ്റുംയദുപ്രവരന്മാർ
കോടക്കാർമുകിൽവർണ്ണൻമാധവ-
നതികുതുകേനരഥത്തേലേറി
കോസലനൃപനൊടുയാത്രയുമരുളി
ഭൂസുരവരനികരത്തൊടുകൂടി
ഭാസുരവേഷവിശേഷമനോഹര
നാസുരകുലരിപുയാത്രതുടങ്ങി
കോടക്കാർമുകിൽവർണ്ണൻതന്നുടെ
കൂടിവരുന്നൊരുകന്യാമണിയുടെ
മോടികൾകാണ്മാൻപൌരസ്ത്രീകളു-
മോടിവിയർത്തഥവരവുതുടങ്ങി
മാടണിമുലമാരുടനേവെൺകളി
മാടങ്ങളിലുംമണിമേടകളിലു-
മാടലകന്നുകരേറിയിരുന്നിതു
പേടമൃഗീമിഴിമണിയെക്കാണ്മാൻ
താച്ചപ്പെൺകൊടിമാരവരപ്പോൾ
പൂച്ചക്കതകുതുറന്നഥനോക്കി
ച്ചേർച്ചക്കാരൊടുമല്ലാതുള്ളൊരു
ചാച്ചക്കാരൊടുമുരചെയ്യുന്നു
നല്ലൊരുപെണ്ണിവൾകൊച്ചനുജത്തി
തെല്ലൊരുദോഷംപറവാനില്ലാ
പല്ലുംചൊടിയുംകണ്ണുംമുഖവും
എല്ലാമെത്രയുമതിരമണീയം
കാതുകൾതലമുടിമുലയിണയുംപുന-
രേതുമവൾക്കൊരുകുറവില്ലറിവിൻ
കാതിലമോതിരമാമത്താലികൾ
ആഭരമോടിഹകോപ്പുകളെല്ലാം
കൌതുകമുണ്ടിതുകാണ്മാൻനല്ലൊരു
ജാതകമെന്നേപറവാനുള്ളൂ
മാധവദേവനുമഹിഷിയതാകം-
നേതുംകുറവില്ലെന്നുധരിപ്പിൻ
തണ്ടാർശരനുംരതിയുംതങ്ങളി-
ലുണ്ടായുള്ളൊരുചേർച്ചകണക്കിനെ
വണ്ടാർകുഴൽമണിയാളാമിവളെ
ക്കൊണ്ടാടീടിനമധുസൂദനനെ
ക്കണ്ടാൽനല്ലൊരുപരമാനന്ദമു-
ണ്ടാമഖിലജനത്തിനുമിപ്പോൾ
പണ്ടുള്ളവരിലൊരുത്തനുമിക്കഥ
കണ്ടുസുഖിപ്പാൻകഴിവന്നില്ല
തലയിലെഴുത്തിനുഗുണമുണ്ടെങ്കിൽ
തരമായുള്ളൊരുപുരുഷനുമുണ്ടാം
തലയുംമുലയുംനന്നെങ്കിലുമൊരു
വിലപിടിയാത്തവർനാമെല്ലാരും
നമ്മുടെനായക്കൊരുതെളിവില്ല
ദുർമ്മുഖമല്ലാതില്ലൊരുനേരം
മറ്റൊരുപുരുഷൻവീട്ടിൽവരുമ്പോൾ
നെററിചുളിച്ചുവിളിച്ചുതുടങ്ങും
കുററംവരുമതുപേടിച്ചവനഥ
വെറുതെകൊട്ടപ്പാനിങ്ങെളുതല്ല
കള്ളനവൻമുതലുള്ളതശേഷം
കള്ളുകുടിച്ചുകുടിച്ചുമുടിച്ചു
പള്ളപൊറുപ്പാനില്ലാഞ്ഞവനുടെ
തള്ളയിരന്നുനടന്നീടുന്നു
കാളകൃഷിക്കവനാളല്ലേതും
വാളെല്ലാംപണയത്തിലുമാക്കി
പാളപിടിച്ചുനടക്കെന്ന്യേഇനി
നാളെക്കൊരുവഴികാണുന്നില്ല
എന്നതുകേട്ടുപറഞ്ഞൊരുനാരീ
എന്നുടെസങ്കടമാരറിയുന്നു
ഇയ്യിടനമ്മുടെനായർപിണച്ചൊരു
വയ്യാവേലികൾവളരെവിശേഷം
അങ്ങേനില്പോളെന്നൊടുതെല്ലും
ചങ്ങാതിത്തമതില്ലെന്നല്ല
എങ്ങാനുംഞാൻപോയിമുടിഞ്ഞാൽ
മംഗലമെന്നൊരുഭാവവുമായി
നിച്ചരിയച്ചൊരിനാളെന്നുടെ
മച്ചിനകത്തുകടന്നഥവന്നു
കച്ചവലിച്ചതുതീയിലെരിച്ചും
കൊച്ചിനെവന്നുപിടിച്ചുവലിച്ചും
കൈകൾപിടിച്ചുംതമ്മിലടിച്ചുമ-
ട്ടുക്കളെപുക്കകലങ്ങളുടച്ചും
തക്കത്തിൽചിലകുടിപിടികൂടി
ഒച്ചത്തിൽചിലർകൂക്കിവിളിച്ചും
കോയിക്കൽചെന്നങ്ങറിയിച്ചും
സ്ഥായിക്കാർചിലരെന്ന്യേവേണ്ടും
കാര്യക്കാരതുകേട്ടുടനേനാ-
ലാൾപ്പട്ടന്മാരെയയച്ചു.
പട്ടന്മാർവന്നെന്നുടെവീട്ടിൽ
തൊട്ടതശേഷംതച്ചുമുടക്കി
അമ്മാവന്മാർക്കുമ്പക്കിളച്ചി-
ട്ടമ്മാത്രംമുതലുള്ളതശേഷം
അമ്മാപാപികൾകൊണ്ടുതിരിച്ചു
ഉമ്മാനില്ലാതായീനമുക്കും
ഊററക്കാരവരെങ്കിലുമങ്ങേ-
ക്കുറവുള്ളോർക്കൊരുബലംവന്നു
ചിരികണ്ടച്ചൻചെയ്തതുകേട്ടാൽ
ചിരിയാമെന്നേപറവാനുള്ളൂ
അങ്ങേക്കുറെറക്കൊച്ചിളയച്ചി-
ക്കങ്ങോൻപാതിപ്പടവേകൊടുത്തു
തിങ്ങളിലെട്ടോപത്തോപുത്തനു-
മങ്ങേനവിടെച്ചിലവുമിടീക്കും
അങ്ങനെവാഴുംകാലംനായ-
ക്കങ്ങൊരുകാര്യക്ലേശമതായി
ട്ടിങ്ങുവരാറില്ലെന്നതുകേട്ടി-
ട്ടിന്നാലഞ്ചൊരുമോടിക്കാരൻ
പൊളിയല്ലിതുമിളയച്ചിപ്പെണ്ണിനു
ളളിശയനത്തിനുപട്ടുംകൂട്ടി
കതകുമടച്ചവരിരുവരുമായി

ച്ചുരയിൽപുക്കവിനോദിക്കുമ്പോൾ
ചിരികണ്ടച്ചാർചുരികയുമായി
പുരവാതുക്കൽചെന്നുകരേറി
ആയതുകേട്ടഹാസ്യക്കാരൻ
നായർകിടന്നുവിറച്ചുതുടങ്ങി
പുരമുറിതന്നുടെകോണിൽകാണാം
പെരുതായുള്ളൊരുമങ്ങലിയപ്പോൾ
നായരെയങ്ങുപിടിച്ചുവലിച്ചവ-
ളായതിനുള്ളിലൊതുക്കിയിരുത്തി
പായുംതുണിയുംകൊണ്ടതുമൂടി
പ്പുരവാതാവുമടക്കിക്കൊണ്ടവൾ
കതകുതുറന്നാൾപെൺകൊടിതാനും
കൈത്തുകരേറിവെട്ടമെരിച്ചവർ
വെററിലതിന്മാൻവട്ടംകൂട്ടി
വസിക്കുന്നേരംമങ്ങലിതന്നിൽ
മടിഞ്ഞുകിടക്കുംചങ്ങാതികൾ
വലഞ്ഞുതുടങ്ങിവിയർപ്പുമടങ്ങി
വിയർത്തിനുള്ളിൽപാർപ്പാൻവശമ-
ല്ലാഞ്ഞുപതുക്കെയിളകുമ്പോൾ
ഇളയച്ചീമ്പുടിമങ്ങലിയിളകാ-
നെന്തൊരുകാരണമെന്നിതുചിരികണ്ടൻചോദി
കാടൻപൂച്ചകലങ്ങളുടച്ചു (ച്ചു
പാട്ടെപട്ടത്തിട്ടുനിരുത്തിപ്പാൻ
കൊതിയൻപൂച്ചത്തടിയനൊരൊന്നൊരു
ചതിയാലിതുപിടിച്ചതിലാക്കി
എന്നാലവനെക്കാണണമിന്നേ-
[illegible]നമനസ്സിലുറച്ചൊരു
തിരിയുംകത്തിച്ചുരികേചെന്നട-
ന്നൊരുകൈകൊണ്ടുതുറന്നതുനോക്കി
പൂച്ചക്കാടനുതലമുടിയുണ്ടോ
പൂത്തുമലർചൂടിനമോടിയുമുണ്ടോ
പാറ്റിയതുമെന്നാതലമുടിചുററി
വലിച്ചുപുറത്തുമറിച്ചുടനവനുടെ
മാറത്തൊന്നതൊഴിച്ചതുകൊണ്ടു
മാറിലവനുടെകോപംപിന്നെ
തിരികൊണ്ടവനുടെമീശകരിച്ചു
ചിരികണ്ടച്ചാരൊന്നതുകണ്ട-
ച്ചിചികയത്തോടിടയിൽചാടി
കച്ചവലിച്ചുകഴുത്തിൽകെട്ടി
അച്ചിരികണ്ടനെയവിടെയിഴച്ചുമ-
റിച്ചുമുടിച്ചുപിടിച്ചുമടിച്ചും
അങ്ങനെയുള്ളൊരുകലശല്യകൂട്ടി-
ട്ടങ്ങനെയവിടെപ്പാകംവന്നു
ളളയച്ചീനീചൊന്നതുകേൾക്കാം
പൊളിയല്ലെന്നൊക്കൊല്ലൊരുതിതിനുടെ
പരമാർത്ഥത്തെച്ചൊല്ലുകയെന്നാ-
ച്ചിരികണ്ടച്ചാരഭയംപുക്കാൻ
ചൊല്ലാമിതിനുടെപരമാർത്ഥംഞാൻ
വല്ലാത്തുള്ളൊരുപൂച്ചത്തടിയനെ
വല്ലകണക്കുംകണിയിൽപെട്ടവാ-
ണുള്ളൊരുകൌശലമിന്നുണ്ടാക്കി
മങ്ങലിതന്നിൽകണിയുംവച്ചേ-
ച്ചങ്ങുകളിപ്പാൻപോയിതുഞാനും
ഇങ്ങുവരുമ്പോൾകണിയിൽപെട്ടോ
എങ്ങനെയെന്നതറിഞ്ഞതുമില്ല
മങ്ങലിതന്നിലനക്കംകേട്ട്
അപ്പോളതുഞാൻമൂടിക്കെട്ടി
ഇങ്ങിനെയിതിനുടെസംഗതിയെന്നവൾ
ഭംഗിപറഞ്ഞറിയിച്ചതുകേട്ടഥ
പരമാർത്ഥംതാനെന്നാക്കൊതിയൻ
ചിരികണ്ടച്ചാർക്കുംബോധിച്ചു
എങ്ങനെകൃപാതാനുംവന്നി
മങ്ങലിതന്നിൽസംഗതിവന്നു
നായർപറഞ്ഞറിയിച്ചാനപ്പോൾ
മായമെനിക്കില്ലെന്നുടെചട്ടം
മുന്നംഞാനൊരുമുനിയുടെമുന്നിൽ
ചെന്നൊരുമാനിനെവെട്ടിക്കൊന്നൊരു
ഖേദമൊരെപ്പോലേതമ്മുടെ
പേമൃഗത്തെക്കൊന്നതുമൂലം
കാടൻപൂച്ചയതായിപ്പോനീ
മൂഢാഎന്നുശപിച്ചുമുനീന്ദ്രൻ
താപസേന്ദ്രനൊടുഞാനുമിരന്നു
കോപമനൊപ്പാടുകളഞ്ഞരുളേണം
ശാപമോക്ഷമടിയനുതരേണം
പാപമൂലമിഹവന്നുഭവിച്ചു
ചിരികണ്ടച്ചാരെന്നൊരുസുന്ദര
പുരുഷൻഭൂമിയിലുളവാമിനിമേൽ
കൊച്ചിളയച്ചിയുമട്ടോടത്തി-
ന്നച്ചിയതായുരുമായതുകാലം
പൂച്ചത്തടിയൻനീയവരുടെ
മച്ചിലിരിക്കുംമങ്ങലിതന്നിൽ
എന്നൊരുനാളിൽചെന്നുപതിക്കും
അന്നുനിനക്കുശമിക്കുംശാപം
തന്നുടെവേഷംവന്നുലഭിക്കും
എന്നുമുനീശ്വരനരുളിച്ചെയ്തു
എന്നൊരുമാർഗ്ഗവുമരുളിമുനീന്ദ്രൻ
വന്നതുകൊള്ളാമിന്നുനമുക്കും
ചിരികണ്ടച്ചാരായതുകേട്ടു
ചിരിച്ചുപിടിച്ചുപുണർന്നരചെയ്തു
മുനിവരനിങ്ങനെയരുളിച്ചെയ്തതു-
ലിനിയെന്തിങ്ങൊരുസംശയമിപ്പോൾ
അനുജാനീയുംഞാനുംകൂടി-
ട്ടിവളെട്ടേമേലിൽകൂടിനടക്കാം
ഇങ്ങനെതമ്മിൽസമയംചെയ്തവർ
തങ്ങളിലവിടെച്ചേർന്നുപിരിഞ്ഞു
ഇത്തരമോരോകഥകൾപറഞ്ഞും
ചിത്തരസേനമുകന്ദാഗമനം
കണ്ടുസുഖിച്ചാരംഗനമാരവർ
രണ്ടുവശത്തുംമേളികമീതെ.

സത്യാസ്വയംവരം ഓട്ടൻതുള്ളൽ സമാപ്തം.

൯൭. രാമാനന്ദചരിതം.

കാരണപൂരുഷനാകിയ ഭഗവാൻ
വാരണവദനൻ വാരിജനയനൻ
ദ്വാരാവതിപുരി തന്നിലുദാരം
ദാരങ്ങളൊടു സമൂഹത്തോടും
സ്വൈരം വാണരുളീടിന കാലം
നാരദമുനിവരനൊരു ദിനമമ്പൊടു
നാരായണനെക്കാണ്മതിനവിടെ
പ്പാരാതങ്ങെഴുനള്ളി നിഗൂഢം
പതിനാറായിരമെട്ടും സ്ത്രീകടെ
പതിയാകുന്ന പരമ്പൂരുഷൻ താൻ
അതിമാനുഷനിവനെങ്കിലുമനവധി
മതിമുഖിമാരൊടു കൂടി രമിപ്പാൻ
മതിയാമെത്രമൊരുത്തനൊരുവൻ പുന-
രതിനുടെ കൌശലമുണ്ടറിയേണം
പ്രതിദിനമോരോ നാരികളോടും
രതിസുഖമനുഭവമെന്നു വരുമ്പോൾ
ഉഴവില്ലാതൊരു പുല്ലുകിളുത്തൊരു
പഴനിലമെന്നകണക്കേ സ്ത്രീകൾ
ക്രൂശം വരുവാൻ വളരെക്കാലം
പാഴിലിരുന്നേ സംഗതി കൂടൂ
മുപ്പതുമെട്ടുമൊരഞ്ചും വർഷം
മാസം പത്തും ദിവസമൊരെട്ടും
അങ്ങുകഴിഞ്ഞാലൊരു ദിനമവനൊടു
സംഗമമംഗനമാർക്കു ലഭിക്കും,
രണ്ടാം കുറി വരുമളവേ നാരികൾ
കണ്ടാലാകാതെത്രമപ്പോൾ
തണ്ടാർമാതിൻ കണവനുമായവർ
വേണ്ടാതെത്രമക്കാലത്തു
തലമുടിയൊക്കെ വെളുത്തു നരച്ചും
മുലയിണ തൂങ്ങിയുലഞ്ഞു ചമഞ്ഞും
ചിലപല്ലിന്നിളക്കം വരുമൊരു
വിലപിടിയാതവളാത്രമപ്പോൾ
ആയവർ പൊറുതിപ്പെണ്ണിന്നാൽ പുന-
രവളും പൊറുതുടങ്ങുമതിങ്ങിനെ
മകളും മകനും മരുമകൾ മകനും
പകപലതിങ്ങിനെ തീർന്നാലവിടെ
സുഖമില്ലെന്നും വന്നു ഭവിക്കും
കാളിയമഥനൻ വളരെ സ്ത്രീകളെ
വേളികഴിച്ചതുചിതമായില്ല;
കേളിക്കും സുഖമില്ലിസ്ത്രീകളെ
ലാളിക്കുന്നതുമെങ്ങിനെ കൃഷ്ണൻ
മുറമൊരുത്തിയെ ലാളിക്കുമ്പോൾ
മററപ്പെണ്ണിനു മുഞ്ഞി കറുക്കും
തെററന്നവളെസ്സമ്മാനിച്ചാൽ
കുററം മററവളൊന്നുണ്ടാക്കും
അററമതില്ലാതംഗനമാർക്കിഹ
കൊറുകൊറുത്തും കോപ്പുകൾ തീർത്തും
പേററിനു കടുകും മഞ്ഞളുമുള്ളിയു-
മേററം പലവക ചിലവുകളിട്ടും
വളരെ സ്ത്രീകളെ വെച്ചു പുലർത്തും
ജളപുരുഷൻ മുതലുള്ളത ശേഷം
കളവാനുള്ളൊരു സംഗതിയാകും
കളവാണികളിൽ കാംക്ഷ മുഴുത്താൽ
നളിനവിലോചനനാകിയ കൃഷ്ണനു-
നാരികളനവധിയുണ്ടായതിനാൽ
കളിപറകല്ലൊരു നേരവുമുള്ളിൽ
തെളിവില്ലെന്നും വന്നു ഭവിക്കും
വാസ്തുതമസ്സു നമുക്കെന്നതിനാൽ
ഈശ്വരവിലസിതമാർക്കറിയാവൂ
നന്ദകുമാരൻ ബോധിക്കാതെ
ചെന്നുപതുക്കെയൊളിച്ചൊരു ദിക്കിൽ
നിന്നുടനൊന്നു വിശേഷമറിഞ്ഞ-
ങ്ങിന്നു നമുക്കു ഗമിച്ചീടേണം"
ഇത്ഥം നാരദമാമുനി തന്നുടെ
ചിത്തം തന്നിൽ വിചാരിച്ചങ്ങൊരു
പുത്തൻ മണിമാളികമുകളേറി
പുരുഷോത്തമനുടെ ശയനഗൃഹത്തിൽ
ജാലകവാതിൽ പഴുതിൽക്കൂടെ
ചാലെയൊളിച്ചഥ നോക്കുന്നേരം
ഉത്തമപുരുഷൻ വെററിലയും തി-
ന്നുത്തമകാമിനി മണിയൊടു ചേർന്നു
മെത്തകയേറി മനോഭവലീലകൾ
ചിത്തസുഖേന കഴിപ്പതു കണ്ടു
ഇന്നു മുരാന്തകനിവളൊടു കൂടി
ചേർന്നു ശയിക്കും ദിവസമതല്ലോ
എന്നതറിഞ്ഞു മുനീന്ദ്രൻ മററൊരു
മന്ദിരസീമനി ചെല്ലുന്നേരം
അവിടത്തിൽ പുനരംബുജനേത്രനു-
മവികലസുന്ദരിയായൊരു പെണ്ണും
പകിടകളിച്ചും കൊണ്ടു രസിച്ചും
വികടവിനോദം വാണരുളുന്നു;
മററൊരു ഭവനേ ചെന്നു മുനീന്ദ്രൻ
പററിയൊളിച്ചഥ നോക്കുന്നേരം
കററക്കുഴൽമണിയൊരുവൾ മുകുന്ദനു
വെററതെറുത്തു കൊടുപ്പതു കണ്ടു
എതിർഗേഹാന്തേ ചെന്നു മുനീന്ദ്രൻ
കതകിൻ നികടേ നോക്കുന്നേരം
ചതുരൻ കൃഷ്ണനുമൊരു സുന്ദരിയും
ചതുരംഗം വെയ്ക്കുന്നതു കണ്ടു
വീണാധരമുനി മററൊരു ഭവനേ
കാണാതവിടെയൊളിച്ചഥ നോക്കി;
ചേണാർന്നിടിന മധുസൂദനനും
ഏണായതമിഴിയാകിന പെണ്ണും
വീണാവേണുവിനോദത്തോടെ

കാണായവിടെരമിക്കുന്നതുമഥ
ചാരെഭവനാന്തേചെന്നുമുനീന്ദ്രൻ
പാമപുമാനെയുമവിടെക്കണ്ടു
പരിമളമിളകിനമലയജമൊഴുകും
പാട്ടുതമൊഴിയുടെകുചഭരയുഗളം
പരിചൊടുതിരുമാറിടമീതേചേർത്തഥ
പാരമസുഖേനപുണർന്നീടുന്നു
പ്രാണാധിപനാംമാധവനിങ്ങനെ
ഏണമിഴിയുടെപാദസരോജേ
വീണാശ്രുവണങ്ങിടുന്നതുമഥ
കാണായ്വന്നിതുമറ്റൊരുഭവനേ
നലമൊടുമറ്റൊരുഗേഹേകൃഷ്ണൻ
ചലമിഴിയെനിജമടിയിലിരുത്തി
തലമുടിചിക്കിചിടിത്തീടുന്നതു
സുലളിതമവിടെക്കാണായ്വന്നു,
കലിതകുതൂഹലമന്യഗൃഹത്തിൽ
കലിമുനിചെന്നുകരേറുംനേരം
ജലജദളേക്ഷണനേവംനല്ലൊരു
ചലമിഴിയേനിജമടിയിലിരുത്തി
മലയജപങ്കിലകുംകുമകളഭം
മുലകളിലണിയിക്കുന്നതുകണ്ടു
കലഹപ്രിയമുനിതാനഥമറ്റൊരു
നിലയംതന്നിൽചെല്ലുന്നേരം
വലാരിപുസഹജനൊരംഗനതന്നുടെ
മുലയിണമെല്ലെത്തൊട്ടുതലോടി
"കലഹിക്കരുതേകാമിനി! നിന്നുടെ
മുലയിണയാണമറ്റൊരുനാരിയെ
ബലനാംചെയ്തില്ലാശ്രുസുശീലേ!
കലുഷതകളകകളമൊഴിമൗലേ
കുലദൈവതമേവരികസമീപേ"
ബലഭദ്രാനുജനിങ്ങനെയവളോടു
ചലമൊഴിഹന്തകനിഞ്ഞുപറഞ്ഞു
കലഹംതീർത്തുടനവിടെലലാടേ
തിലകക്കുറിചേർക്കുന്നതുകണ്ടു;
തട്ടിന്മേൽമറ്റൊരുഗേഹേകൃഷ്ണൻ
മട്ടലമൊത്തിപ്പദവുംപാടി
പട്ടുംചൊല്ലിപ്പൊരുളരുളീടിന
വിദ്യവിനോദവിലീനൻകണ്ടാൻ
ലോകമനാഥമറ്റൊരുഭവനവി-
ശേഷമതറിവാൻചെല്ലുന്നേരം.

മല്ലാരിദേവനൊരുഫുല്ലാക്ഷിയോടുംകൂടി
മുല്ലായുധകേളിയിലുല്ലാസത്തോടുംകൂടി
മെല്ലെപ്പരിഷ്കൃതവില്ലതൂനിനമലർ
വില്ലന്തിവരുന്നൊരുമല്ലൻമദനനെന്നെ
കൊല്ലുന്നതിന്മുമ്പേതെല്ലുംമടികൂടാതെ
വെല്ലുംപഞ്ചസാരയുംവെല്ലുമധരമതും
മെല്ലെന്നുതരികനീകില്ലൊന്നുമിനുവേണ്ടാ
നല്ലതിനെന്നതെവല്ലതിയുണ്ടാക്കാതെ
നില്ലനികേമനാശികില്ലതിയുഴല്ലന്നീ?
മുല്ലവിശിഖന്മാരെമല്ലാട്ടത്തിനുകാമ-
വല്ലീ! നീയെന്ന്യേഗതിയില്ലല്ലോനമുക്കിന്നു

ഇങ്ങിനെയൊരുപുരിതന്നിൽമുകുന്ദനൊ-
രംഗനയോടരുൾചെയ്തതുകേട്ടഥ
തിങ്ങിനമോദാൽനാരദമാമുനി
യെങ്ങുമൊരേടമിളച്ചിടാതെ
ഉൾക്കേറുംഹരിചരിതംകണ്ടഥ
മുക്കോൽവിടലുംവെച്ചുനടന്നു
നിരക്കെപ്പതിനാറായിരമെട്ടു-
മിതൊക്കെക്കണ്ടുസുവർണ്ണഗൃഹത്തിൽ
എല്ലാശയനഗൃഹങ്ങളിലുംബത
മല്ലാന്തകനുംമഹിഷിയുമായി
സല്ലാപാദിസുഖേനശയിപ്പതു-
മുല്ലാസാലഹകണ്ടുമുനീന്ദ്രൻ
കൃഷ്ണഹരേമധുസൂദനമാധവ!
വൃഷ്ണികുലേശ്വരവിശ്വംഭരജയ
വിസ്മയമീശ്വരതവമറിമായം
തസ്മിൻസ്വാമിൻനാഥനമസ്തേ!
സുസ്മിതനാകിയനാരദനിങ്ങിനെ
വിസ്മിതനായിവണങ്ങീട്ടുടനേ
രുക്മിണിതാനഥവാണരുളീടിന
രുക്മനികേതേചെന്നുമുനീന്ദ്രൻ
ഒട്ടുംമടിയാതെക്ഷണിപറവാൻ
വട്ടംകൂട്ടിവസിച്ചരുൾചെയ്തു

വരികവിരവൊടുവിധിതനൂജ!
വരഗുണശാലിനിവാരണഗമനേ!
ഹരിവല്ലഭിമാർപതിനാറായിര-
മരുണാധരിമാരതിസുന്ദരിമാർ
അതിലധികംപുനരെട്ടുനതാംഗിക-
ളതിലുംസുന്ദരിനീയുംഭാമയും
അതിശയമാകിനഹരികാമിനിമാ-
രതിനൊരുസംശയമില്ലസുശീലേ!
അതിലുംഹന്തനിനക്കുവിശേഷി-
ച്ചതിസൗഭാഗ്യമിതെന്നുപ്രസിദ്ധം;
എന്നിഹപലരുംപറയുന്നതുകേട്ടി-
ങ്ങിനെതന്നെനമുക്കുംബോധം

സത്യഭാഷിണിരുക്മിണിനീയും
സത്യഭാമയുംസംപ്രതിതുല്യം
സത്യസന്ധനാംകൃഷ്ണനുനിങ്ങളിൽ
നിത്യരാഗമൊരുനീക്കവുമില്ലം;
എങ്കിലുംകിമപിസംശയമല്പം-
മെങ്കലുള്ളതിഹഞാനുരചെയ്യാം
മങ്കമാർമണേനിങ്കലുറച്ചൊരു
പങ്കജാക്ഷനൊരുകലതാക്കാൻ
സത്യഭാമതാനൊന്നുമുതിന്നതു
സത്യബുദ്ധിയാംനീയറിയുന്നോ
ശ്രദ്ധമന്ത്രേഃകിമപിയവൾക്കൊരു
ശ്രദ്ധതന്ത്രമൊളണ്ടതുനൂനം;
പ്രൗഢനാകിയഹരിക്കവൾതങ്കൽ
ഗാഢരാഗമുളവായിതുകാലം
പാരിനിശനമരേന്ദ്രബലത്തെ
പോരിലൻപൊടുജയിച്ചുമുകുന്ദൻ
പാരിജാതമപിഹന്തഹരിച്ചു

പാരിടത്തിലത്ര കൊണ്ടിഹ ചൊന്ന
ആരുമാരുമറിയാതൊരുതളിക്കിൽ
പേരമാറിവിധമൊന്നു പകർത്തി
തത്ര നട്ടു വളമിട്ടു നനച്ചു
ചിത്രരത്നശിലകൊണ്ടു പടുത്തു
പത്മരാഗത്തണവും മണവും ബഹു
പത്മനാഭനുടെ ഭാമിനിയാകും
സത്യഭാമയുടെ മന്ദിരമിപ്പോൾ
സത്യലോകസുരലോകസമാനം
ഇരിക്കുന്ന ജനങ്ങൾക്കു നിരക്കുന്ന ദ്രവ്യമെല്ലാം
തെരിക്കെന്നു ഭഗവാൻ ചെയ്തു തന്നൊരിക്കലും കുറവി
[ല്ലാം
ഉരിക്കഞ്ഞി രണ്ടു വാറു മൊരിക്കൽ ഭുജിച്ചുകൊണ്ടു
മരിപ്പോളം കിടക്കുന്നോരിരപ്പാളിക്കൂട്ടമെല്ലാം
നിറപ്പൊടു പാരിജാതത്തരു പ്രൗഢനോട്ടം-
[ചെന്ന-
ഞെളിഞ്ഞിരിക്കുന്നോരമ്മേതന്റെ പാർക്കുന്നൊരു കൊമ്പുകളി-
ലിരിക്കുന്ന പട്ടും പൊന്നും
പൊരുക്കുന്നതെല്ലാം വിത്തും
കൊതിക്കുന്നതെല്ലാം താഴെ
പതിക്കുന്നതാശു കാണാം
ഉടുപ്പാനില്ലാത്തവൻ പ-
ട്ടുടുത്തു കങ്കണം കയ്യിൽ
തൊടുത്തു കാതുരണ്ടിലും
കടുക്കൻ പോട്ടു കൊണ്ടൊരോ
മിടുക്കന്മാർ നെല്ലുരിയും
പൊടുക്കുന്നു ചാക്കിൽ കെട്ടി
നടക്കുന്നു വീട്ടിൽ കൊണ്ടെ
കിടക്കുന്ന നാരിമാർക്കും
കൊടുക്കുന്നു വേണ്ടതെല്ലാം
കടക്കാരും പോന്നു വന്നു
തടുക്കാതെ ദ്രവ്യം വാങ്ങി
അടക്കം പൂണ്ടങ്ങുമാറി
നടക്കുന്നു സന്തോഷിച്ചു
കൊടുക്കുന്നോർ വേലയെല്ലാ-
മെടുക്കുന്നവർക്കു കൂലി
കൊടുക്കുന്നതിന്നു മേലും
മടിക്കുന്നോരില്ല കാലം
തരുണീകുലമണി ഭാമ വസിക്കും
പുരമതിൽ മരുവിന്നൊരു തരുണീ സുരതരു
ധനവസനാദികളെല്ലാം കൊരുത്തും
തെരുതെരെയങ്ങു കൊടുക്കും താനും
തെരുവുകൾ വീടുകൾ നാടുകളെല്ലാം
പെരികിന ധനധാന്യാദികൾ കണ്ടിഹ
പരിപൂർണ്ണമ്മൃതമായ് വന്നിതു ബത
സരസതരസുന്ദരി രുക്മിണി ബാലേ!
ഇത്തരമുത്തരസുരപുഷ്പത്തെ
സത്വരമിങ്ങിഹ കൊണ്ടുവന്നിപ്പോൾ
പത്തുസഹസ്രവുമാറുസഹസ്രവു-
മുത്തമകാമിനിമണികളിലാർക്കും
ഉത്തമപൂരുഷൻ ദാനം ചെയ്തി-
ല്ലത്തൊഴിൽ കൊള്ളാമായതു പോട്ടെ;
ഏട്ടവധുക്കളിലേററം മുരഹര-
നിഷ്ടയതായൊരു രുക്മിണി നിന്നുടെ
വീട്ടിലെ മുററത്തമരദ്രുമമതു
നട്ടുനനപ്പാൻ നിന്നുടെ വല്ലഭ-
നൊട്ടും കനിവില്ലാഞ്ഞതു കഷ്ടം!
ഹന്ത നിനക്കു തരാഞ്ഞതിനേക്കാ-
ളന്തസ്താപമവർക്കു കൊടുത്തതു:
കൊന്നതിനേക്കാൾ കരത ചിറകൽ
ചെന്നുവിളിക്കുന്നതു ബഹുദുഃഖം"
ഇത്തരമേഷണി കൂട്ടി മുനീന്ദ്രൻ
സത്വരമങ്ങു ഗമിച്ചൊരു ശേഷം
ബുദ്ധിക്ഷയവും പൂണ്ടഥ രുക്മിണി
ക്രുദ്ധിച്ചവിടെത്തന്നുടെ ഭവനേ;
കതകുമടച്ചു കിടക്കുന്നേരം
കടൽനിറമുടയവനങ്ങെഴുനള്ളി

(പദം)

ബന്ധൂകാധരിമാർ കൂപ്പും ബന്ധുരാംഗി! പാരാ
ബന്ധിച്ചു കിടപ്പാനൊരു ബന്ധം ബാലേ [ൽ
അന്തിനേരവുമിരുട്ടും വന്നു കൂടി നിന്റെ
അന്തികേ ശയിപ്പാനല്ലോ വന്നതൊരും.
എന്തിനു കോപിക്കുന്നു കല്യാണാംഗി! കൃഷ്ണൻ
എന്തൊരു പിഴ ചെയ്തിപ്പോളെന്നു ചൊൽക മാ-
രന്റെ ശരങ്ങളേറ്റുമാഴ്കുന്നെടി ചിത്തം
ആരെന്റെ മാലറിയുന്നു നീയല്ലാതെ
പന്തിടഞ്ഞ പോർമുലകൾ പുൽകാനല്ലോ വന്നു
ദന്തിഗാമിനി! നിൻകാന്തൻ വാസുദേവൻ
മററുള്ള മാനിനിമാരെ കൈവെടിഞ്ഞിങ്ങാനും
മറ്റും നിന്നോടു രമിപ്പാനല്ലോ വന്നു
കുററമെന്തിനിക്കു ബാലേ! ക്രൂരിയില്ലാതായ് വന്നു
തെററെന്നു കതകടപ്പാനെന്തു മൂലം
പാരമുണ്ടു പരിതാപം പങ്കജാക്ഷി ബാലേ
പാരാതെ വാതിൽ തുറക്ക രുക്മിണി നീ
ഇങ്ങനെ മധുരിമ തന്നുടെ വചനം
തിങ്ങിന കലഹത്തോടെ കേട്ടഥ
മങ്ങിന മുഖവും താഴ്ത്തിയിരുന്നു കൊ-
ലങ്ങിനവചസാ രുക്മിണി ചൊന്നാൾ

പദം

"വേണ്ടാർകുഴലിമാരെക്കൊണ്ടാടിവീണോളി
(പ്രാണ-
പണ്ടൊരു വേഷമല്ലല്ലൊ പണ്ടൊരു വേഷമില്ലല്ലോ
അംബുജമധുപാനമാരിക്കുന്നോ ഭൃംഗം
നിംബത്തെ കാംക്ഷിച്ചീടുമോ?
നിർമ്മലാകാരനിംബത്തെ കാംക്ഷിച്ചീടുമോ?
പാരാതെ തന്നൊപ്പമിന്നാരായിരം നാരിമാർ
വേറായ് നിനക്കുണ്ടല്ലോ
പോയൊന്നാലുമെന്തേ; വേറായ് നിനക്കുണ്ടല്ലോ
പാരിജാതത്തെക്കൊണ്ടു ചിന്താമിച്ചു വച്ചിരിക്കും
പാരിജാതമിങ്ങൊന്നുമില്ലല്ലോ
വാരിധിവർണ്ണ! വാരിജാക്ഷിമാരല്ലല്ലോ;
ദിവ്യസ്ത്രീയോടു കൂടി ദിവ്യകുസുമം ചൂടി

നിർവ്യാജക്രീഡചെയ്യാലുംനീരജനേത്ര!
നിർവ്യാജക്രീഡചെയ്യാലും
സാരങ്ങളായുള്ളോരുദാരങ്ങൾനിൻവരവും
പാരംകൊതിച്ചുമേവുന്നു
പാരാതെലോകപാരംകൊതിച്ചുമേവുന്നു
ഭീഷ്മകമകളുടെവചനമിതിങ്ങിനെ
ഊഷ്മളതരമഥകേട്ടുമുകുന്ദൻ
ശാന്തിദവാക്കുകൾചെയ്തുപതുക്കെ
ശാന്തതകിമപിവരുത്തിക്കൊണ്ടഥ
വാതിൽതുറപ്പിച്ചാശുഗൃഹോപ-
സ്കാരാദിപറഞ്ഞുകളഞ്ഞുതെളിഞ്ഞൊരു
ഭാവമിയന്നൊരുഭാമിനിയോടും
ഭഗവാനത്രശയിച്ചുരമിച്ചു
അവശതകൾപറഞ്ഞുകളഞ്ഞു
അവളുടെമുഖമാശുതെളിഞ്ഞു
കുളർമുലകളണച്ചുപുണന്നു
ഇതിപലവിധലീലതുടന്നു
രതിരമണൻബാണമിണങ്ങി
മതിമുഖിയുടെകോപമടങ്ങി
മധുമലർഗണമാശുപൊഴിഞ്ഞു
തലമുടിവടിവോടുമഴിഞ്ഞു
പരിചോടുടനേവീടിനകന്നു
രജനിയതുകഴിഞ്ഞുപുലന്നു.
രജനികഴിഞ്ഞുപുലന്നൊരുസമയേ
രുചിരസുഖേനമുകുന്ദൻഭഗവാൻ
നിജകൃത്യങ്ങൾകഴിച്ചുഭുജിച്ചഥ
നിജമണിഭവനേചെന്നുവസിച്ചു
ഉള്ളിൽനിനച്ചിതുരുക്മിണിദേവി-
ക്കുള്ളിലഹമ്മതികൊണ്ടിഹകിഞ്ചിൽ
ഉള്ളനതാംഗിജനങ്ങളിലതിശയ-
മുള്ളവൾഞാനെന്നുണ്ടൊരുഭാവം
എങ്കിലതൊട്ടുശമിപ്പിക്കാഞ്ഞാ-
ലെങ്കലൊരുന്നതവരുമിനിമേലിൽ,
എന്നുമനസ്സിലുറച്ചുമുകുന്ദൻ
തന്നുടെവാഹനമാകിയഗരുഡനെ
ചിരവൊടുചിന്തിച്ചീടിനസമയേ
ഗരുഡനുമമ്പൊടുവന്നുവണങ്ങി
അരുളിച്ചെയ്തുമുകുന്ദൻഭഗവാൻ
"ഗരുഡാ!വരികസമീപേസുമതേ!
കദളീവനത്തിലിരിക്കുന്നുണ്ടിഹ
കപിവിചക്ഷണനാകിയഹനുമാൻ
മദനാന്തകനുടെബീജമവൻദശ-
വദനപുരത്തെദഹിപ്പിച്ചോരവൻ
രഘുനായകനുടെഭക്തൻമാരുതി
ലംഘ്യതരലംഘിതലവണസമുദ്രൻ
സുഗ്രീവപ്രിയനംഗദസേവ്യൻദശ-
ഗ്രീവന്റെകപോലസ്ഥലമതി-
ഉഗ്രനഖാവലികുലിശകരാളക-
രാഗ്രംകൊണ്ടടിക്കൂട്ടിയവീരൻ
അഞ്ജനതന്നുടെതനയൻനിശിചര-
ഭഞ്ജനമമ്പൊടുചെയ്തൊരുവീരൻ
അക്ഷകുമാരനെവിരവൊടുതന്നുടെ
കക്ഷംതന്നിലമർത്തിഞെരിച്ചുവ-
ധിച്ചുവിചക്ഷണനായ്മരുവീടിന
മാരുതസുതനുടെവീക്ഷണമായതു
പാരാതിങ്ങുലഭിച്ചീടേണം;
ദക്ഷനതായഭവാനതിനധുനാ
പക്ഷികുലോത്തമപോയ് വരവേണം.
"ഗന്ധമാദനമഹാഗിരിമുകളിൽ
ഗന്ധവാഹനതനുജനിരിക്ക-
ന്നൈന്ദ്രവാഹനസഹസ്രബലനാ-
ബന്ധുവാകുമവനാശുവരേണം
മർക്കടാധിപനെയിങ്ങുവരുത്താൻ
ദുർഘടംതവഭവിക്കയുമില്ല
മൽകടാക്ഷമവനാഗ്രഹമുണ്ടതു
നീക്കമില്ലവരുമിങ്ങുനിനച്ചാൽ;
പണ്ടുരാമനുടെചാരുകടാക്ഷം
കൊണ്ടുമൽപ്രിയനതാംഹനുമാനെ
കണ്ടുകൊൾവതിനുകൌതുകമിപ്പൊ-
ളുണ്ടുമേമനസിപക്ഷികുലേന്ദ്ര!
രണ്ടുനാലുദിവസത്തിനകംനീ
കൊണ്ടുവന്നുമമകാട്ടുകവേണം
രണ്ടുപക്ഷമതിനില്ലഭവാനെ
ക്കണ്ടുവെങ്കിലവനിങ്ങിഹപോരും.
അരുളപ്പാടതുകേട്ടുഗരുഡൻമുകുന്ദന്റെ
തിരുപ്പാദമവിടെക്കുപ്പിസ്തുതിച്ചുസന്തോഷ-
[ത്തോടെ
ചിറകുംപരത്തിക്കൊണ്ടുയർന്നുമാരുതവേഗ-
മിയന്നുഗഗനത്തിങ്കൽപരന്നുവടക്കുനോക്കി-
പ്പറന്നുനാടുകൾകാടുംകടന്നുഗന്ധമാദന-
മണഞ്ഞുകീഴ്പോട്ടുനോക്കിയറിഞ്ഞുമാരുതിവീര-
നിരിക്കുംകദളികൊണ്ടുല്ലസിക്കുംപ്രദേശത്തുചെ-
ന്നിറങ്ങിയരികേയങ്ങുനിറഞ്ഞവാഴക്കൂട്ടത്തിൽ
നിറഞ്ഞൊരുമണ്ഡപത്തിലിരിക്കുംശ്രീഹനുമാനെ
സ്മരിക്കുംമാനുഷർക്കുള്ളിലിരിക്കുംപാപങ്ങളെല്ലാം
തെരിക്കെന്നുനഷ്ടമാക്കുംദരിക്കലേതന്നെനൂനം
ഇങ്ങിനെയുള്ളൊരുശ്രീഹനുമാനെ
തിങ്ങിനമോദാൽകണ്ടൊരുനേരം
പതംഗപുംഗവനാകിയഗരുഡൻ
കപികുലപുംഗവനോടരുൾചെയ്തു
"ജനകസുതാപതിദൂതസഖേമണി-
കനകസുകുണ്ഡലമണ്ഡിതഗണ്ഡ
അനല്പമതേശൃണുമാമകവചനം
വിനതാസുതനഹമണ്ഡജവീരൻ
അരുണസഹോദരനധികവിനീതൻ
കരുണാകരനുടെവാഹനഭൃതൻ
അരുണാംബുജദളലോചനനാകിയ
ഹരിയുടെദൂതൻഞാനിഹവന്നു
അരുളിച്ചെയ്തുനിയോഗിച്ചിതുമാം
കാളിൽകനിവൊടുകാർമുകിൽവർണ്ണൻ
സുരപുരിസമമാംദ്വാരകതന്നിൽ
സുരുചിരവാസംചെയ്തരുളുന്ന

യദുകുലനാഥൻകൃഷ്ണൻതിരുവടി
സദുപാംശ്രീമൃദുചരണസരോജൻ
അഞ്ജനതന്നുടെമകനാകുന്നനി-
രഞ്ജനഹൃദയനതായഭവാനെ
അഞ്ജനവർണ്ണനുകാണ്മാനാഗ്രഹ-
മധികമതുണ്ടെന്നറികയിദാനീം
തൻതിരുവടിതാനെന്നെയയച്ചു
ചിന്തിതമെന്തെന്നാക്കറിയാവൂ;
പംക്തിമുഖാലയദാഹകനെദ്രുത-
മന്തികസീമനികൂട്ടിക്കൊണ്ടിഹ
വരികെന്നെന്നെനിയോഗിച്ചിതുഹരി
പെരികെക്കൌതുകമോടിതുകാലം
വിരവൊടുപോന്നീടുകനീകപിവര!
ഹരിവരമരുളുംഹന്തനിനക്കും.”
അരുണാത്മജസഹജനുടെവചനമതുകേട്ടുടൻ
അഞ്ജനേയൻകപിശ്രേഷ്ഠൻപറഞ്ഞിതു
“പശുപകുലമതിൽമരുവുമശുഭമെന്നിയേമവൻ
പാർത്ഥനുതേർതെളിപ്പാനിരിക്കുന്നവൻ
തെളിവുമൊരുവെളിവുമവനകമലരിലില്ലെടോ!
വെണ്ണയുംപാലുംകവർന്നുഭുജിപ്പവൻ
അവനുടയഭവനമതിൽവരികയുചിതമല്ലെടോ!
അഞ്ജനാപുത്രനാമിക്കപിശ്രേഷ്ഠനു
വൃഷലികളുടെവികൃതിബതശിവശിവനമുക്കഹോ
വീക്ഷണംചെയ്യാൻമനസ്സില്ലതെല്ലുമേ
ചടുലമിഴിപടലികളുടെവിടപണികൾചെയ്യുമ-
ച്ചങ്ങാതിയെച്ചെന്നുകാൺമാൻചിതംനഹി
രഘുനൃപതികുലതിലകനലഘുഭുജവിക്രമൻ
രാമഭദ്രസ്വാമിദേവൻസദൈവതം
അവനുടയചരണമൃദുകമലയുഗമാശ്രയം
അന്യനെസ്സേവിക്കയില്ലഞാനണ്ഡജാ.
മർക്കടവരനുടെവാക്കുകൾകേട്ടുട-
നുൾക്കടരോഷമിയന്നഥഗരുഡൻ
ഘനോൽക്കടമൃത്തകരങ്ങളുച്ചാരേ,
ധിക്കാരംമമകേൾക്കരുതിപ്പോൾ
ശക്രാദികളുംവന്നുവണങ്ങും
ചക്രായുധനെക്കൊണ്ടുദുഷിക്കും
വക്രാത്മാവേനിന്നോടുകിഞ്ചന
വക്കാണിച്ചേമതിയാവിപ്പോൾ
അക്കനുതുല്യമശേഷജഗത്തിലി-
തൊക്കെപ്പൊലിമവരുത്തിയിരിക്കും
വിക്രമജലനിധിവിശ്വജനേശ്വര-
നക്കടൽവർണ്ണൻകസ്തൂരിസഖി
മൽകുലദൈവതമദ്ദേഹത്തെനി-
നക്കുദുഷിപ്പാൻയോഗ്യതയുണ്ടോ?
മർക്കടകീടാ നിന്നുടെ
മസ്തകമിന്നുതകർത്തേപോവൂ
ഉഷ്ണമരത്തിടെകായുംകനിയും
തൊള്ളയിലിട്ടുകടിച്ചുഭുജിച്ചഥ
പള്ളനിറച്ചുമരത്തേലേറി
പല്ലുമിളിച്ചുപുളച്ചുനടക്കും
കള്ളക്കൂട്ടംകപിചപലന്മാർ
മുള്ളുപറഞ്ഞാലതുപൊഴുതുടനടി
കൊള്ളുമെടാമതികലഹംനിന്റെ
തള്ളയുമുടനേതീരുമശേഷം
കൊള്ളിവലിച്ചുതലയ്ക്കിട്ടുടനടി-
കൊള്ളിക്കുംഞാൻവാലുപിടിച്ചിഹ
തുള്ളിക്കുന്നുണ്ടത്രയുമല്ലിനി
വള്ളികൾകൊണ്ടുവരിഞ്ഞുകിണററിൽ
തള്ളിമറിച്ചൊരുതടികൊണ്ടുടലുകൾ
തല്ലിഞെരിച്ചുതടിച്ചകരങ്ങളിനെ
യെള്ളിനുതുല്യംപൊടിയാക്കാതെ-
നുള്ളിൽകോപമടങ്ങുകയില്ല;
തന്നെത്താനറിയാതെദുഷിക്കും
നിന്നെത്താമസിയാതെവധിച്ചേ
പന്നഗരിപുവിനുമതിയാകുള്ളു
പന്നഗഭക്ഷണപാടതാണെ”
എന്നതുകേട്ടരുൾചെയ്തുഹനൂമാ-
“നെന്നുടെനിധനംചെയ്യുതിനിപ്പോൾ
മന്നിലൊരുത്തരുമില്ലിഹപിന്നെ
പന്നഗലോകംതന്നിലുമില്ലാ
വിണ്ണിലുമില്ലെന്നറിയാമെന്നുടെ
ഉണ്ണികയക്കുന്നെന്തിനുപഴതേ
കണ്ണനുവേണ്ടികലഹിച്ചാൽനി-
ൻറണ്ണനുതുല്യമതാകുംനീയും
അണ്ഡജമൂഢാനിന്നുടെജ്യേഷ്ഠനെ-
രണ്ഡജനല്ലേസൂര്യനുസാരഥി?
പൊണ്ണനുതുടയിണയിലകൾമുറിച്ചൊരു
വണ്ണൻപാഴകുണക്കേരവിയുടെ
തേരുതെളിച്ചുനടക്കുന്നിപ്പോ-
ളരുമിതറിയാതില്ലിഹഗരുഡ!
ഊരുവിഹീനൻതന്നുടെതമ്പി-
ക്കൂരുമുറിഞ്ഞുനടപ്പാറായി,
മാരുതിയോടുമരുത്തുവരുന്നവ-
രാരുംതോററുമടങ്ങാതില്ലാ
പോരുംനിന്നുടെപൌരുഷവാക്കുകൾ
ചേരുന്നില്ലിഹചെറുമിദാനീം
പോരതുനോംജയിപ്പാൻമാത്രം
പോരുംഞാനെന്നാഗ്രഹമെങ്കിൽ
ആരംഭിക്കുണമാഹവമെന്നോടു
സാരംവെച്ചുപറഞ്ഞതുമതിമതി
കൊക്കുംമുഖവുംനഖവുംചിറകുമി-
നിക്കണ്ടായുധമമർചെയ്യുതിനെ-
ന്നുൾക്കമലത്തിൽനിനക്കൊരുഷ്ഠംകൃതി
നില്ക്കുംരണ്ടടികൊള്ളുന്നേരം
മുഷ്ക്കുശമിച്ചുടനിയൽകണാകെ
പറക്കുംനീപടയേറെന്നാകിൽ
മിക്കജയിച്ചൊരുരാവണവീര-
നിരിക്കുംചങ്ങാനശരംചുട്ടു-
കരിച്ചൊരുകരുമനകൂട്ടുവരാരും
ഇക്കപിവീരനെതിർക്കയുമില്ലാ
മക്കെയറിഞ്ഞൊരുപക്ഷിക്കൊന്നയ-
മക്കാമെന്നുമതിന്നതുകൊള്ളാം;

നിന്നെക്കൊല്ലുകയില്ലേ ഹനുമാൻ
പിന്നെദ്ദോഷം വരുമതുമൂലം
കിന്നരചാരണസന്നുതനീശാര-
ന്നെന്നുടെ നാഥൻ ശ്രീനാരായണ-
ദേവൻതന്നുടെ വാഹനമാകിയ
ഖഗദേഹത്തെ നശിപ്പിച്ചെന്നാ-
ലദ്ദോഷം മമ തീരുകയില്ലെ-
ന്നുദ്ദേശിച്ചു പറഞ്ഞിതു ഞാനും
സർപ്പാശനനായുള്ളൊരു നിന്നുടെ
ദർപ്പമടക്കിയയപ്പാനല്പം
സംഗരമിവിടെച്ചെയ്യാം പുന-
രങ്ങെപ്പുറമേതും ഭാവവുമില്ലാ."
ഇങ്ങിനെയുള്ളൊരു പവനാത്മജനുടെ
ഭംഗികലർന്നൊരു മൊഴി കേട്ടിട്ടും
സംഗരമെല്ലതല്ലെന്നു ഹൃദാ വി-
ഹംഗമരാജനതൊന്നീലേതും;
"കുരുതിക്കൊള്ളുട കപികുലകീടാ!
പൊരുതിക്കൊള്ളുട പൊണ്ണത്തടിയാ
തരുമൃഗമാകിയ നിന്നുടെ തടിയൊരു
പെരുമലപോലെ തടിച്ചു തുടിച്ചു-
തടിച്ചുരുളച്ചു പിടിച്ചു മിഴിച്ചു മെ-
തിത്തുവരുന്ന സമർത്ഥൻ ഗരുഡൻ
ധൂർത്തു പെരുത്ത കുരങ്ങച്ചാരേ!
ക്രൂർത്തു വളഞ്ഞൊരു കൊക്കിൻമുകളിൽ
കോർത്തും കൊണ്ടു പറന്നു തിരിച്ചു-
കാർത്ത്യായനിയുടെ സോദരനാകിയ
കീർത്ത്യാ വിലസിന സുലളിത കോമള
മൂർത്ത്യാ നന്ദജനാർത്ത്യാലിഹരൻ
മുരരിപു ഭഗവാൻ വാണരുളുന്ന
പുരത്തിൽ കൊണ്ടെത്താക്കി വരാതിഹ
തൻ തിരുമുമ്പിൽ കാഴ്ചയതായ് വ-
ച്ചന്തരമെന്യേ തൊഴുതീടുന്നേൻ"
ഇത്ഥം പറഞ്ഞു ചെന്നു യുദ്ധം തുടങ്ങി പാരം
ക്രുദ്ധൻ ഗരുഡനതിശുദ്ധൻ താനെന്നേ വേണ്ടൂ
ശക്തന്മാരായുള്ളൊരു നക്തഞ്ചരേന്ദ്രന്മാരെ
കുത്തിക്കൊല ചെയ്തൊരു ശക്തിയിൽ പാതി വേണ്ട
മരുത്തിന്റെ പുത്രനാകും കരുത്തൻ ഹനുമാനെന്നു
പരമാർത്ഥമറിയാതെ ഗരുഡൻ പട തുടങ്ങി
ചൊടിച്ചും ചിറകുകൾകൊണ്ടടിച്ചും
കൊക്കുകൾകൊണ്ടു കടിച്ചും
വട്ടത്തിൽ പത്തണഞ്ഞും
വല്ലാത്ത വാക്കു പറഞ്ഞും
തങ്ങളിൽ കെട്ടിപ്പിണഞ്ഞും
ദൂഷണം ചൊല്ലിപ്പഴിച്ചും
ഘോഷിച്ചുരുണ്ടുകടിച്ചും
പോരാടുന്നേരം കലുങ്ങി
ഗന്ധമാദനം കുലുങ്ങി
വാരിധി നാലും മുടങ്ങി
മൃഗസഞ്ചാരം നടുങ്ങി
ഭൂചക്രവാളം മടങ്ങിടാതെ
തങ്ങളിൽത്തുടങ്ങി മുഷ്ടിയുദ്ധങ്ങൾ

അടികളുമിടികളുമുടനുടനെ
കടിപിടികലശലുമിഹച്ചടനെ
വടിതടിയെക്കൊയ്യുമടവുകളും
പൊട്ടുപൊടെരിതവും വിരുതുകളും
കലനാവിധങ്ങളൊന്നു പകർന്നീടുന്നു
കടലിവിപിനമൊക്കെത്തകർന്നീടുന്നു
മലകടെ ഗുഹകളും മുഴങ്ങീടുന്നു
കലചൂലികളുമേറ്റം കുഴങ്ങീടുന്നു
കലഹരസികൻ മുനി രസിച്ചീടുന്നു
കപിതതികളുമതിഹസിച്ചീടുന്നു
ഭയമുടയവരൊക്കെത്തിരിച്ചീടുന്നു
ഭയമില്ലാത്തവർ കണ്ടു രസിച്ചീടുന്നു
വരഗിരിസമമൊന്നു വളർന്നീടുന്നു
പരിചൊടു കയ്യും കാലും തളർന്നീടുന്നു
ഗരുഡനുമദമൊന്നു കുറഞ്ഞീടുന്നു
ഗഹനഭുവതിൽനിന്നു പറന്നീടുന്നു
തെല്ലുകഴിഞ്ഞൊരു മാരുതസുതനുടെ
തല്ലുകൾകൊണ്ടു തളർന്നു ശരീരം
അല്ലൽമുഴുത്തുടനരുണസഹോദര-
നാശു പറന്നു തിരിച്ചു തുടങ്ങി
ഒന്നു വിളിച്ചരുൾചെയ്തു ഹനൂമാ-
നെന്നുടെ ഗരുഡൻ ഖേദിക്കേണ്ടാ
എന്നെപ്പൊരുതു ജയിപ്പാനിപ്പോൾ
മന്നിലൊരുത്തരുമതിയാകില്ലാ
എന്നതു കാരണമെന്നോടു തോറ്റതി-
നെന്നുടെ ഗരുഡനൊരവമതി വേണ്ടാ
ഭവദപരാക്രമമില്ലാതല്ലിഹ
ഭംഗം വന്നു ഭവിച്ചു സഖേ! തവ
തുംഗപരാക്രമനാകിയ മമ കല-
പുംഗവരാമസ്വാമികടാക്ഷം-
കൊണ്ടു നമുക്കു വിശേഷതയുള്ളതു
കൊണ്ടു ഭവാനുമറിഞ്ഞീടേണം
രണ്ടുവിധം വാക്കില്ല നമുക്കു
പണ്ടുമിതാനീകപിനാഹിതമേ
ശൃണു വാമെന്നുടെ രഘുകുലനാഥൻ
ഭവാനിപ്പോൾ ചൊല്ലിയയച്ചാൽ
വരുവാൻ സംശയമില്ലിങ്ങാവതു-
നൊരു വാക്കങ്ങറിയിപ്പിക്കേണം
സജ്ജനസഭയിലിരുന്നരുളുകിലും
ദുർജ്ജനസഭയിലിരുന്നരുളുകിലും
അർജ്ജുനകസുതാപതിയരുൾചെയ്യു-
ളവിടെ നമുക്കു വരാൻ കുറവില്ലാ"
ഇത്തരമുള്ളൊരു മാരുതി വചനം
ചിത്തരസത്തോടു കേട്ടഥ ഗരുഡൻ
സത്വരമങ്ങു പറന്നു തിരിച്ചു-
ങ്ങുത്തരമുരിയാടാതെ ഗമിച്ചു;
കാരണപുരുഷൻ വാണരുളീടിന
ദ്വാരാവതിപുരി പുക്കഥ ഗരുഡൻ
വന്ദനചെയ്തിഹ നിന്നൊരു സമയേ
നന്ദകുമാരൻ ചോദ്യം ചെയ്തു
"എന്നുടെ ഗരുഡൻ വന്നോ? ബത പുന-

രെങ്ങുഹനൂമാൻപിറകെവരുന്നോ!
നിന്നോടുകൂടിവരാതെയിരിപ്പാൻ
സംഗതിയില്ലവനെന്തിഹവൈകി
മൽക്കവരനിഹഗോപുരസീമനി
പാൎക്കുന്നോന്തിരുപഴുതിലിദാനീം;
വെക്കംവരുവാൻചൊല്ലീടവനെ
അക്കപിവരനവസരമറിയേണം"
അജ്ജനസഖിയുടെവചനംകേട്ടിഹ
ലജ്ജിതനാകിയവിനതാതനയൻ
അഞ്ജലികൂപ്പിയുണൎത്തിച്ചാന-
ഞ്ജനതന്നുടെമകനുടെവചനം
"ഉല്പലലോചനനിന്തിരുവടിയുടെ
കല്പനഞാൻചെന്നവനോടുചൊന്നേൻ
അല്പംബഹുമാനിച്ചീലെന്നാ-
ല്ലപ്രിയവചനമുരച്ചുഹനൂമാൻ
നിന്തിരുവടിയെക്കൊണ്ടുദുഷിച്ചതു
ചിന്തിച്ചാലതികഠിനംകഠിനം
ഹന്തനമുക്കതുണൎത്തിപ്പാനെള്ളു-
തല്ലമുകുന്ദമുകുന്ദനമസ്തേ!
ഇടയിച്ചാത്തന്മാരാകുമെം-
രിടയന്മാരുടെനടുവിൽവസിക്കും
മുടിയൻചൊല്ലിയയച്ചിഹവന്നൊരു
തടിയൻനീയെന്തറിയും? മൂഢാ!
മടയൻചൊല്ലിയവിടുപണിയെല്ലാം
മടികൂടാതെയെടുത്തുപൊറുക്കും
പിടിയാത്തവരൊടുപരിയപ്പെട്ടോ-
രടിയാനല്ലിക്കപികുലവീരൻ
കടിയാപ്പട്ടികരയ്ക്കുമ്പോളൊരു
വടിയാൽനിൽക്കാതുള്ളതെന്തിഹ
വട്ടുവാവനെന്നേപ്പേടിയുമില്ലി-
പ്പട്ടവംപവനതനൂജമതിച്ചപ്പോൾ
കട്ടതായ്ശബ്ദിക്കുംകുറുനരിയെ
കടുവായുണ്ടോപേടിക്കുന്നു?
ചൊല്ലേറുംരാഘവനായകനല്ലാ-
തില്ലൊരുദൈവമെനിക്കിഹഭുവനേ
കല്യാണാംഗീസീതാരമണൻ
ചൊല്ലിയയച്ചെന്നാലവിടത്തിൽ
ചെല്ലുവതിന്നൊരുസംശയവുംപുന-
രില്ലനമുക്കതുബോധിച്ചാലും!
വല്ലതുമെങ്കിലുമസ്തുനമുക്കൊരു
വല്ലഭശൌരിക്കുവെല്ലുകയുമില്ല
പുല്ലുംനിന്നുടെസ്വാമിയുമൊക്കും
ചൊല്ലുകനീചെന്നവനോടിതെല്ലാം
വെല്ലുകവന്നുഭുജിച്ചുനടക്കും
കണ്ണൻചൊല്ലിയയച്ചുവിശേഷം
കണ്ണുംകൊണ്ടുശ്രവിക്കയുമില്ലി-
യണ്ണവതരണംചെയ്തൊരുഹനുമാൻ
അക്കപിയിങ്ങനെനിന്തിരുവടിയെ
ധിക്കാരേണപറഞ്ഞൊരുവാക്കുസ-
ഹിക്കാഞ്ഞടിയൻതടിയൻകപിയൊടു
വക്കാണത്തിനുവട്ടംകൂട്ടി
കൊക്കുംചിറകുമുയൎത്തിച്ചെന്നഥ
കൊത്തുംതല്ലുമടികളുമിടികളു-
മിത്തരമഖിലവിധങ്ങളിലവനോടു
യുദ്ധംചെയ്തുകുറഞ്ഞൊരുനേരം
ഉദ്ധതനാകിയമാരുതസുതനൊടു
കുത്തുംതല്ലുമിടിയുംകടിയും
തൊഴിയുംപൊഴിയുംകൊണ്ടുടനടിയൻ
മണ്ടിപ്പോന്നിഹഭവനംപുക്കേൻ
പണ്ടൊരുനാളുമിവണ്ണമൊരവമതി-
യുണ്ടായിട്ടറിവില്ലടിയനു
പണ്ടാരമുതൽതിന്നുമുടിക്കും
പണ്ടങ്ങൾക്കിതുകേട്ടാൽപരിഭവ-
മുണ്ടെന്നാകിൽതഴയുംകഴുത്തിൽ
കൊണ്ടുപുറപ്പെട്ടീടുകവേണം
യജമാനന്മാരെങ്ങു? നിന്നുടെ
യജമാനത്വമിതെന്തിനുകൊള്ളാം?
തങ്ങടെസ്വാമിയെയിന്നൊരുമൂത്ത
കുരങ്ങച്ചൻദുഷിച്ചുപറഞ്ഞാൽ
എങ്ങനെകേട്ടുപൊറുത്തീടുന്നു?
ചങ്ങാതിക്കിതുചിതമായ്വരുമോ?
ലന്തക്കുഴലുംവില്ലുംകുണയും
കുന്തവുമേന്തിനടക്കുംനിങ്ങടെ
ചന്തംകാണ്മാനല്ലജമാനൻ
ചോറുംതന്നുപൊറുപ്പിക്കുന്നു
എന്തെങ്കിലുമൊരുപടയിൽചെന്നുട-
നന്തംവരികിലിതല്ലേനല്ലൂ
അന്തരമില്ലജനിച്ചപ്പോഴേ
അന്തവുമുണ്ടുധരിച്ചീടേണം
കൾഗ്ഗശൂലമുസുണ്ഡികളെന്നിവ
യൊക്കെയെടുത്തുപടയ്ക്കുപുറപ്പെ-
ട്ടുൾക്കടരോഷംമലമുകളേറി
ദിക്കുകളൊക്കെമുഴക്കിച്ചെന്നാൽ
അക്കപിയെങ്ങനെനിന്നുപൊറുപ്പൂ?
ചുറ്റുംനിന്നുശരങ്ങളെയെയ്യാം
എറ്റുംപിടിയുംകലശലുകൂട്ടാം
കൊട്ടാക്കൊട്ടുകൾകുറുമുടക്കാം
മുറവുമവന്റെപരാക്രമമപ്പോൾ
ചെറുതുംസംശയമതിനില്ലിപ്പോൾ
കുറവുംകൂടാതവനെച്ചെന്നിഹ
കുത്തിക്കൊന്നുനമുക്കിഹപോരാം.

ഗരുഡനുടെഭാഷിതംകേട്ടുമന്ദസ്മിതം
മുറുവനോപങ്കജേക്ഷണതമാഷീമുദാ
മുരമഥനരുചിചൊൽ"നേരെന്തടോനിന്നുടെ
കരളിലൊരുസാഹസമിങ്ങിനെതോന്നുവാൻ?
അസുരസുരസംഘവുംദൈത്യസംഘങ്ങളും
അഖിലമൊരുമിച്ചുചെന്നാഹവംചെയ്കിലും
അഖിലബലവീര്യനാമഞ്ജനാപുത്രന്റെ
വയമിതെളുതല്ലെടോ! വൈനതേയസഖേ!
മതിമതിമനോഹരമെന്മൊഴികേൾക്കനീ
മതിവിഭവശാലിയാംമാരുതിവാനരൻ
രജനിചരഭഞ്ജനൻരാമചന്ദ്രപ്രിയൻ

സലിലനിധിലംഘനൻസാരതേജോമയൻ
സുഖഗതവിഭീഷണൻസുകൃതിസംഭാഷണൻ
അവനൊടുമരുത്തുനീയാഹവംചെയ്തതും.
അധികമവിവേകമെന്നോർത്തുകൊൾകസഖേ!
ഇനിയുമൊരെട്ടുപ്പുനീചെന്നുപോന്നീടണം
വിരവിനൊടുവീരനെക്കണ്ടുചൊല്ലീടണം
രജനിചരവൈരിയാംരാമചന്ദ്രൻമുദാ
രജിതസുഖമെന്നൊടുചൊല്ലിവിട്ടൂഹിതം
ജനഹൃദയരഞ്ജനൻജാനകീവല്ലഭൻ
മനസിജമനോഹരൻമാനഗാംഭീര്യവാൻ
ദശവദനഖണ്ഡനൻദ്വാരകാമന്ദിരേ
വിശദമെഴുന്നെള്ളിമേവുന്നഹോമാരുതേ!
ഇതികിമപിചൊല്ലിയാലിന്നുതന്നേവരാം
മതിഗുണമനോഹരൻമാരുതാത്മക...''
ഏവംകനിഞ്ഞുവാസുദേവനരുളിച്ചെയ്തു
ഭാവംതെളിഞ്ഞുവൈനതേയൻവണങ്ങിമെല്ലെ
പക്ഷിപറന്നുപലവൃക്ഷത്തിന്മീതേകൂടി
വിക്ഷിപ്തവേഗമോടെവീരൻഗമനംചെയ്തു
മാരുതിവസിക്കുന്നചാരുകദളീകാട്ടിൽ
പാരാതിറങ്ങിച്ചെന്നുചാരംകനിവിനോടെ
ശ്രീരാമഭകരൻതന്റെശ്രീപാദസന്നിധിയി-
ലാദരമൽഭക്തിയോടെനിന്നുപറഞ്ഞീവണ്ണം
"വീരവിജയഗുണധീരപവനസുത!
ശ്രീരാമദേവനുണ്ടുദ്വാരാവതിപുരിയിൽ
വീരാവസിച്ചീടുന്നുപാരാതെഴുന്നെള്ളണം!''
എന്നതുകേട്ടരുൾചെയ്തുഹനുമാ-
"നെന്നുടെനാഥൻരഘുകുലവരനെ
നിന്നുടെകണ്ണുകൊണ്ടീക്ഷിതനോ?
മുന്നമയോദ്ധ്യയിൽവാണൊരുനാഥൻ
പിന്നെയുമിങ്ങവതീർണ്ണനതാമോ?
ലക്ഷ്മണനുണ്ടോഭരതനുമുണ്ടോ?
ലക്ഷ്മണനാംശത്രുഘ്നനുമുണ്ടോ?
ലക്ഷ്മീഭഗവതിയാകിയസീതയു-
മക്ഷിതിപന്റെസമീപത്തുണ്ടോ''
പക്ഷികുലോത്തമനിദമരുൾചെയ്തു
"ലക്ഷ്മണനില്ലാഭരതനുമില്ലാ
ലക്ഷ്മണനാംശത്രുഘ്നനുമില്ലാ
ലക്ഷ്മീഭഗവതയാകിയസീതയു-
മക്ഷിതിപന്റെസമീപത്തില്ലാ''
"ജാനകിയില്ലസമീപത്തെങ്കിൽ
ഞാനങ്ങോട്ടുവരത്തില്ലിപ്പോൾ
നീയങ്ങോട്ടുനടന്നാലുംഹനു-
മാനങ്ങോട്ടുവരത്തില്ലുണ്ണി!
ഹനുമാനിങ്ങനെയുരചെയ്തെന്നു
മനുകുലവരനോടറിയിച്ചാലും''
എന്നതുകേട്ടുഗരുഡൻതാനും
പോന്നുപറന്നുതിരിച്ചവിടുന്നു
കാരണപുരുഷൻവാണരുളീടിന
ദ്വാരാവതിപുരിപുക്കഥമെല്ലെ
വന്ദനംചെയ്തിഹനിന്നൊരുസമയേ
നന്ദകുമാരൻചോദ്യംചെയ്തു;

"ഹനുമാനെങ്ങുവിഹംഗമവീരാ
ഹനുമാനങ്ങുമഹാഗിരിമുകളിൽ
ഇങ്ങോട്ടെന്തുവരാഞ്ഞൂഹനുമാൻ
ഇങ്ങോട്ടുവരത്തില്ലഹനുമാൻ
എന്തൊരുസംഗതിയിങ്ങനെപറവാൻ
എന്തെന്നടിയനറിഞ്ഞതുമില്ല
പരമാർത്ഥംനീയറിയിച്ചില്ലേ.
പരമാർത്ഥംഞാനറിയിച്ചത്രേ
രഘുപതിയെബ്ബഹുമാനമതില്ലേ?
രഘുപതിയെബ്ബഹുമാനമതുണ്ട്
കല്പിച്ചാലതുകേൾക്കരുതായോ
കല്പിച്ചാലതുകേൾക്കുംതാനും
അതിനെന്തൊരുവൈഷമ്യമിദാനീം
അതിനൊരുവൈഷമ്യംകുറയുണ്ട്
ആയതുമെന്നോടറിയിച്ചാലും
ആയതുമടിയനുണർത്തിച്ചീടാം!
ആയതമിഴിയാളാകിയജാനകി
ലക്ഷ്മീഭഗവതിയാകിയസീതാ
രക്ഷോവരരിപുവാകിയനൃപനുടെ
അന്തികഭാഗത്തില്ലെന്നാകിൽ
നിന്തിരുവടിയെക്കാണുകയില്ലെ-
ന്നന്തരഹീനമുരച്ചിതുഹനുമാൻ''
എന്നതുകേട്ടുമുകുന്ദൻതാനും
നന്നിതുകൊള്ളാമവനുടെഭാവം
"എന്നാലിനിയുമൊരിക്കൽക്കൂടെ
ചെന്നുവരേണംഭാഗ്യകുലേന്ദ്രാ!
ചാരുതയാജനകാത്മജയോടും
ദ്വാരകതന്നിൽവസിച്ചീടുന്നു
ശ്രീരഘുനായകനെന്നതുനമ്മുടെ
മാരുതിയോടുപറഞ്ഞീടുകപോയ്''
"കല്പനകേൾക്കാൻമടിയില്ലടിയന്
ചിൽപുരുഷോത്തമ! കൃഷ്ണമുരാരേ!
തവപദപങ്കജമല്ലാതൊരുഗതി
യിപ്പുരുഷസ്യില്ലഖിലജനേശ''
എന്നുപറഞ്ഞുപറന്നുതിരിച്ചു
പന്നഗഭൂഷണപക്ഷിശ്രേഷ്ഠൻ.
പങ്കജാക്ഷനതുനേരംതന്നുടെ
ഭക്തർകളെവിളിച്ചരുൾചെയ്തു
ലങ്കചുട്ടുപൊടിയാക്കിനിശാചര
സംഘമനൈപാട്ടുമുടിച്ചോരുഹനുമാൻ
ശങ്കരപ്രിയനശേഷജനങ്ങടെ
സങ്കടങ്ങളെയൊഴിച്ചുസുഖത്തെ
സംഘടിപ്പതിനുനല്ലസമർത്ഥൻ
ശങ്കവേണ്ടശശിനേർമുഖിമാരേ!
കല്യനാമവനെയിങ്ങുവരുത്താൻ
ചൊല്ലിവിട്ടുവിനതാത്മജനെഞാൻ
നല്ലവീര്യബലശാലിഹനുമാ-
നില്ലകില്ലിഹവരുംചിരവോടെ
രാമഭദ്രനൊടെനല്ലൊരുമേഘ-
ശ്യാമകോമളമുദാരശരീരം
ഞാനുമൻപൊടുധരിച്ചീടുന്നേൻ

ഭാഗ്യമുള്ള പതിനാറുസഹസ്രം
ഭാര്യമാരിലൊരു പങ്കജഗാത്രി
വേഗമിന്നു ജനകാത്മജതന്നുടെ
വേഷമൻപൊടു ധരിക്കണമിപ്പോൾ."
നാരായണനുടെ കല്പന കേട്ടഥ
നാരികൾ പതിനാറായിരമുള്ളതി-
ലൊരു നാരികളും ജനകാത്മജയുടെ
തിരുമേനിക്കു സമാനശരീരം
വിരവൊടു ഹന്ത ധരിപ്പാൻ കൌശല-
മൊരുതെല്ലും പുനരുണ്ടായില്ലാ;
പരവശമവരുടെ ഭാവമതിങ്ങനെ
മുരരിപു ഭഗവാൻ കണ്ടു ചിരിച്ചു
എട്ടു നതാംഗികൾ പിന്നെ വിശേഷി-
ച്ചൊട്ടുമവർക്കൊരു താഴ്ചയുമില്ലാ
എന്നതിചാരു വിലാസിനിമാരൊടു
നന്ദകുമാരനരുളിച്ചെയ്തു-
കാളിന്ദീജാംബവതീസത്യാ
കേളിയേറിന ഭാമ രുക്മിണി.
മിത്രവിന്ദയെന്നുള്ളൊരു ഭാര്യമാർ
തത്ര വന്നു വണങ്ങി പിന്നെവരും
നേത്രാംഗമെനിക്കിഹ നിങ്ങടെ
ഗാത്രരത്നമതു കണ്ടു സുഖിപ്പാൻ
ജാനകിതന്നുടെ വേഷമെടുപ്പാൻ
മാനിനിമാർക്കിഹ കൌശലമുണ്ടോ?
ഞാനതുകാരണമിങ്ങു വിളിച്ചു
ആനനമെന്തേ താഴ്ത്തീടുന്നു?
അംഗനമാരേവരും ചൊന്നാർ,
ഞങ്ങൾക്കിനിച്ചാലിന്നിതുമാത്രം
സാധിപ്പാനെളുതല്ല മുകുന്ദ!
ബോധിച്ചീടുക തിരുമനതാരിൽ
ഉദ്ബുദ്ധിതവും ചെയ്തു ഫലിക്കുക-
നന്ദിനിയോടരുൾചെയ്തു മുകുന്ദൻ
"രുക്മിണിബാലേ! മൈഥിലിതന്നുടെ
വേഷമതാശു ധരിക്കണമിപ്പോൾ
രഘുനായകനുടെ വേഷം ഞാനും
ലഘുതരമങ്ങു ധരിച്ചീടുന്നേൻ
വൈദർഭി! ശ്രുണു നീയും വിരവൊടു
വൈദേഹീവടിവാശു ധരിക്ക
ഹനുമാനിങ്ങു വരുന്നതിനുള്ളിൽ
തനുമാറിസ്ഥിതി ചെയ്യണമിപ്പോൾ"
എന്നതുകേട്ടു പുരമുറിതന്നിൽ
ചെന്നു കരേറിയിരുന്നു പതുക്കെ
കതകുമടച്ചു കണ്ണുമടച്ചു
മൌനമിയന്നു മനസ്സുമുറച്ചു
ജാനകിതന്നുടെ തടമുലതുടയിണ
കടിതടമുടലസ്ഫുടതരമുടലുടെ
ഗുണഗണമഹിമാവതുമുടനോർത്തും
ചേർത്തു ശരീരം പാർത്തു തരത്തിൽ
പണിപലതും ചെയ്താശു കരാഗ്രേ
മണിദർപ്പണവുമെടുത്തഥ നോക്കി
കനിഞ്ഞു നിവർന്നു തിരിഞ്ഞു വലഞ്ഞും

എളുതല്ലെന്നു മനസ്സിലുറച്ചു
കള്ളമൊഴി രുക്മിണി കതകു തുറന്നു
വെളിയിൽ പോന്നു മുകുന്ദസമീപേ
തെളിവില്ലാതവൾ മുഖവും താഴ്ത്തി
ക്ഷീണമിയന്നു വണങ്ങിച്ചൊന്നാൾ
"നാണക്കേടു നമുക്കു ഭവിച്ചു
രാഘവൻതന്റെ കളത്രമതാകിയ
കാമിനിമണിയുടെ വേഷമെടുപ്പാൻ
പലപല യത്നം ചെയ്തേനതിനൊരു
ഫലമുണ്ടായതുമില്ല മുരാരേ!
അണുമാത്രം കൃപയുണ്ടെന്നാകിൽ
ഇതുമാത്രം കല്പിച്ചീടരുതേ"
രുക്മിണിയിങ്ങനെ ചൊന്നതു കേട്ടൊരു
വിശ്വംഭരനാമംബുജനേത്രൻ
സത്യഭാമയെ വിളിച്ചരുൾചെയ്തു
"സത്യഭാഷിണി! നിനക്കു നിനച്ചാൽ
ജാനകിതന്നുടെ വേഷമെടുപ്പാൻ
മാനിനി! തവ ഹി കൌശലമുണ്ടോ
ഭൂമിയിതെങ്കിലതിസുന്ദരി തെല്ലും
താമസിക്കരുതു കാമിനിബാലേ!
സത്യഭാമയതു കേട്ടൊരു നേരം
സത്യസന്ധനെ വണങ്ങി നടന്നു
അഞ്ചു ചെന്നു ജനകാത്മജതന്നുടെ
അംഗഭംഗിവഴിപോലെ ചമഞ്ഞു
അഞ്ചു ചെന്നു മുകിൽവർണ്ണസമീപേ
ഇന്ദുബിംബമുഖി നിന്നു വണങ്ങി
കാർമുകിൽവർണ്ണനുമപ്പോൾ തന്നെ
കാർമുകവും തൃക്കൈയ്യിലെടുത്തു
അമ്പുമെടുത്തു പിടിച്ചു കരാഗ്രേ
വമ്പു പെരുത്ത ദശാനനവീരനെ
അന്തകപുരിയിലയച്ചു പുമാനുടെ
ചന്തമിയന്ന ശരീരവുമപ്പോൾ
പക്ഷീന്ദ്രനങ്ങു ചെന്നു പവനാത്മജനെക്കണ്ടു
പക്ഷമിളക്കിക്കൊണ്ടു പറഞ്ഞു സന്തോഷത്തോ- [ടെ
ശ്രീരാമദേവനുണ്ടു സീതാദേവിയും കൂടി
വീരാവസിച്ചീടുന്നു ദ്വാരാവതീപുരിയിൽ
പാരാതെ പോക നമുക്കാരോമൽ ഭക്തിയോടെ
നാരായണവാഹനനേവം പറഞ്ഞനേരം
പാരം പ്രസാദിച്ചരുൾചെയ്തു ഹനുമാനപ്പോൾ
"പോരുന്നതുണ്ടു ഞാനുമേതും സംശയം വേണ്ട
അഗ്രേ നടന്നാലും നീയധുനാ പക്ഷികുലേന്ദ്ര!
വ്യഗ്രതരം ഞാനഥ പിറകേ വരുന്നുണ്ടല്ലോ
ചിറകുള്ള നിനക്കങ്ങു പറന്നു ഗമിക്കാമല്ലോ
ചിറകില്ലാത്ത ഞാനങ്ങു നടന്നു നടന്നു ബഹു
കാടും മലയും കുന്നും തോടും കടന്നു ദേഹം
വാടി വലഞ്ഞു ബഹുനേരം കൂടിയേ പോരൂ
മുന്നേ നീയങ്ങു ചെന്നു രാമനോടറിയിക്ക
പിന്നാലെ വരുന്നുണ്ടു പിംഗാക്ഷനെന്നു ചൊല്ലൂ"
ഹനുമാൻ തന്നുടെ വാക്കുകൾ കേട്ടു
വിഹംഗമരാജൻ പോന്നൊരുശേഷം
ശ്രീഹനുമാനൊരു നൊടിനേരംകൊ-

ഞ്ഞതിവേഗാലമ്പൊടു കപിവരി
സീതാസഹിതനാകിയ രഘുകുല
നാഥൻതന്നുടെ ചരണസരോജേ
വീണുനമസ്കൃതി ചെയ്തു പതുക്കെ
പാണികൾ മൌലിയിൽ വച്ചഥ കൂപ്പി
വാണികൾകൊണ്ടു ബഹുസ്തുതി ചെയ്തു
നാണമൊഴിച്ചിതി മാരുതപുത്രൻ
"രാമ ഹരേ ജയ രഘുകുലനായക!
രാവണനാശന! രാഘവ ജയ ജയ!
ജനകതനുജേ ദേവി നമസ്തേ
കനകമനോഹരകോമളകായേ!
രഘുകുലപുംഗവമാനിനിമാരേ!"
ഇത്തരമനവധി നുതിഗിരമോതി
ചിത്രവിചിത്ര ചരിത്രനതാകിയ
സീതാപതിയൊടു യാത്രയുമോതി
പ്രീത്യാ യാത്രയതായ് ഹനുമാനും
പവനജനങ്ങു ഗമിച്ചൊരു ശേഷം
പതംഗകുലേന്ദ്രൻ വന്നു വണങ്ങി
"ഹനുമാനെങ്ങു വിഹംഗമവീരാ"
"ഹനുമാനുണ്ടിഹ പിറകെ വരുന്നു"
"അയ്യോ! ദോഷം നീയറിയാതെ—
ഞങ്ങളെനതന്നുടെ തനയനിദാനീം
കണ്ടുപറഞ്ഞു മറഞ്ഞിട്ടിപ്പോൾ
രണ്ടരനാഴിക യങ്ങു കഴിഞ്ഞു
മാരുതനേക്കാൾ വേഗമതുള്ളൊരു-
മാരുതസുതനെ ജയിപ്പാനിപ്പോൾ
പാരിലൊരുത്തരുമതിയാകില്ലാ
പോരും നിന്നുടെ ഗർവുകളെല്ലാം"
എന്നരുൾചെയ്തു മുകുന്ദൻ ഭഗവാൻ
രഘുവരരൂപമുപേക്ഷിച്ചുടനെ
ഉന്നതമായൊരു മണിഭവനാന്തേ
ചെന്നു വസിച്ചിതു വാസവസഹജൻ
ഗരുഡനുമേററം വിസ്മയമോടെ
മാരുതസുതനെ ബഹുമാനിച്ചു
ഹരിഹരമുരഹര ചരണം കൂപ്പി-
ത്തിരുവൈകുണ്ഠാത്തങ്ങു ഗമിച്ചു.

രാമാനുചരിതം ഓട്ടൻതുള്ളൽ, സമാപ്തം.

൧൩. ബാണയുദ്ധം.

ചണ്ഡമഹാബലിതന്നുടെ സുതരാ-
യുണ്ടായ് നൂറുകുമാരന്മാരിൽ
കണ്ടാലധികഭയങ്കരഗാത്രൻ
കൂറ്റൻ ബാണാസുരനെന്നൊരുവൻ
കണ്ടകനെങ്കിലുമതിശങ്കരൻതാൻ
കണ്ടോരതുലജബാഹുസഹസ്രൻ
കുട്ടിരവമൃഗപക്ഷികൾപോലും
രണ്ടടികൊൾവാൻ മതിയാകില്ലാ;
അമരവരൻമുതലഖിലജനങ്ങളു-
മിണ്ടലൊടവനെ വണങ്ങീടുന്നു;
അത്രമഹാഭുജവിക്രമമുള്ളവ-
നത്തൽവെടിഞ്ഞു മഹേശപദത്തെ
ചിത്തകുതൂഹലമോടനിശാവും
ശരണനിച്ചു സഹസ്രകരത്താൽ
മുല്ലശരാന്തികനുള്ളം തെളിഞ്ഞി-
ട്ടുല്ലാസേന പറഞ്ഞീവണ്ണം;
"നല്ലസമർത്ഥമഹോന്നീയതിനൊരു
തെല്ലുംസംശയമില്ല നിനച്ചാൽ
ചൊല്ലീടെടൊ കവരം വേണ്ടുന്നതു
കില്ലില്ലതിനതു തരുന്നിഹ ഞാൻ,"
എന്നതുകേട്ടു തെളിഞ്ഞഥ ബാണൻ
മന്ദസ്മിതവും തൂകിച്ചൊന്നാൻ
"എന്നേ വിസ്മയമെന്തൊരു വരമിതു
നിന്നോടിങ്ങു വരിച്ചീടേണ്ടൂ?
മുന്നം ഞാനൊന്നു കരുതിയതല്ലേ
നിന്നോടൊന്നു വരിക്കേണമെന്നും
ഇംഗിതമിങ്ങു വരേണ്ടതു ചൊല്ലാം
ഇന്നു ഭവാനും പാർവ്വതിതാനും
ഭംഗിയൊടെൻ ഗോപുരവാതുക്കൽ
പുംഗവവാഹന പുത്രരുമൊത്തു
ചേർത്തു നിതാന്തമുറക്കമിളച്ചിഹ
പാർത്തീടേണമിതെല്ലാനാളും
ശങ്കവെടിഞ്ഞതുടനരാബാണൻ
ഹുങ്കൃതിയോടിവണ്ണം ചൊന്നതു
പങ്കജശരരിപു കേട്ടവനുള്ളി-
ലഹങ്കാരം പെരുതുണ്ടിതിനിപ്പോൾ
നീക്കുവതിന്നൊരു കഴിവുണ്ടാമതു
നീങ്ങുകയും പുനരില്ല നിനച്ചാൽ
നീരജശരരിപു താനീവണ്ണം
നീതിയൊടും മനതാരിൽ കരുതി
നിർജ്ജരപുരധരനുള്ളിൽ വളർന്നൊരു
നീരസമൊന്നും കാട്ടീടാതെ
ശങ്കരശങ്കരിമാർ സുതരോടും,
ശങ്കവെടിഞ്ഞഥ ബാണാസുരനുടെ
കിങ്കരഭാവമിയന്നു നടന്നു
ഭയങ്കരമാകിന ഗോപുരവാതിൽ
ശങ്കാഹീനം കാത്തു നിതാന്തം
തിങ്കൾധരാദികൾ വാണിതു പലനാൾ.

പലദിനമിങ്ങിനെ ചെന്നൊരു കാലം
നലമൊടു ബാണാസുരനുമതപ്പോൾ
കലിതകുതൂഹലമൊടു ശിവപദ-
കമലം കൂപ്പിയുണർത്തിച്ചിങ്ങനെ
"പാണിസഹസ്രമെനിക്കുണ്ടതിനാൽ
കാണിയുമില്ലുപകാരം പാർത്താൽ
ബാണനു സമരമൊഴിഞ്ഞാലുള്ളൊരു
നാണക്കേടെന്തുരചെയ്യുന്നു?
ചീർത്ത മഹാഭുജവിക്രമനൊരുവൻ
നേർത്തു വരുന്നീലെന്തൊരു കഷ്ടം?
പാർത്താലെന്നോടു തുല്യനൊരുത്തൻ
പാർത്തലമതിലില്ലാഞ്ഞതുമോർക്ക.
ധൂർത്തുകളോർത്തു ഭയപ്പെട്ടൊരു ദിശി
പാർത്തു വിറച്ചു വസിച്ചീടുകയോ?
നേർത്തൊരു വിക്രമനോടു രണത്തിനു
പാർത്തു കൊതിച്ചു വസിക്കുന്നിഹ ഞാൻ'
നേർത്തിനി നമ്മിലുമിത്തിരി നേരം
കൂർത്ത ശരേണ കളിച്ചീടേണം"
എന്നീവചനം കേട്ടു മഹേശ്വര-
നന്നതമാകിന കോപമടക്കി
പന്നഗഭൂഷണനവനോടേ
നന്നായിട്ടരുൾ ചെയ്തീവണ്ണം;
ഉന്നതമാകിയ കേതുവിതൊരു നാൾ
ഖണ്ഡിച്ചാശു നിലത്തു പതിക്കും
അന്നൊരു പൂരുഷമകുടമഹാമണി
വന്നിഹ നിന്നോടു സമരം ചെയ്യും;
എന്നല്ലവനിഹ നിന്നുടെ ഹുങ്കൃതി
നന്നായിട്ടു ശമിപ്പിച്ചീടും;
എന്നതു കേട്ടു തെളിഞ്ഞിതു ബാണൻ
തന്നുടെ പുരമതു പുക്കു വസിച്ചാൻ
കൊടിമരമെന്നു മുറിഞ്ഞിടുമത്തു
കൊടിയ രണത്തിനു വൈകുന്നല്ലോ
[illegible] ചീടുകയോ
[illegible] പടിച്ചീടുകയോ
കെട്ട [illegible] സംഗതിയിഹ
പട്ടപാപ്പൂരുഷനെന്തു പറഞ്ഞു?
വിരുതേറുന്ന വിരോചനപൌത്രൻ
[illegible]തെരയീവക ഉള്ളിൽ നിനച്ചു
മരുവും കാലത്തൊരു നാളവനുടെ
മകളാമുഷയെന്നുള്ളൊരു തരുണി
ശീതളമായൊരു മാളികമുകളിൽ
കോമളയാം വെള്ളാട്ടികളോടും
കേളിവിനോദം ചെയ്തു സുഖിച്ചവൾ
മേളിയൊന്നൊരു നിദ്രാവേളയിൽ
നാളീകായുധനോടു സമാനൻ
കോമളരൂപൻ ശ്യാമളവർണ്ണൻ
നാളീകായതലോചനയാമവ-
ളോടിട ചേർന്നു ശയിച്ചൊരു പുരുഷൻ
ചലമിഴി തന്നെയണച്ചഥ മാർവ്വിൽ
നലമൊടു ഗാഢാശ്ലേഷം ചെയ്തു
കലിതസുഖേന മുഖാന്ധരാമൃത
രസമവളുടെ ഹൃദയത്തിനു നൽകി
അരുണോദയമുണ്ടായൊരു നേരം
കണവനെയാലിംഗനമിച്ഛിച്ചു
അണയുന്നോരം കാണാഞ്ഞവളും
അണയത്തെങ്ങും തപ്പി കരത്താൽ
ഗുണവാനാമവനണയത്തില്ലാ-
ഞ്ഞാകുലതയിലെല്ലാമൊരാഞ്ഞുടനേ
തരുണീമണിയാമവളുടെയുള്ളിൽ
ക്ഷണനേരം കൊണ്ടുളവാമഴലതു
ഫണിരാജനുമുള്ളവനമിതെന്നാൽ
പണിപണി പറവാനൊന്നേ വേണ്ടു.
സരസിജശരനാഥമുഴറി മുഴറി
ശരനികരങ്ങൾ പൊഴിച്ചു തുടങ്ങി
പരഭൃതമൊഴിയതുകൊണ്ടു മയങ്ങി
പരവശമോടുമിയന്നു തളർന്നു
പരിചോടു തല്പേ വീണുകരഞ്ഞി-
ട്ടരുവയർമണിയാമുഷയതുനേരം
"എന്തയ്യോ! ചെയ്യേണ്ടതു ഞാൻ
ചിന്തിക്കിലിവണ്ണമാർക്കും
സന്താപമുണ്ടായിട്ടുണ്ടോ
ഹന്ത കഷ്ടമെന്തിവണ്ണമരുളവ-
ബന്ധമിന്നിനിക്കുവന്നു ശിവ! ശിവ! (എന്ത)
എന്തെന്റെ കാന്ത! നീയെന്നെ
സന്താപിപ്പിച്ചീടുന്നേവം
കാര്യമെന്തു ന്യായമെന്തു നിന്നുടെ
മോഹമെല്ലാം സഹസങ്ങളീ ദ്രുതം (എന്തയ്യോ)
മായ കൊണ്ടു മാഞ്ഞേവം
ന്യായമോടു ദുഷിപ്പിപ്പതും
ന്യായമാണു കൈവെടിഞ്ഞു മറക
കാര്യമാശു പൂർവ്വതിന്നു ചരിക്കിൽ ഹ (എന്തയ്യോ)
യോഗ്യനാം ഭവാനിവണ്ണം
യോഗ്യമോ ചെയ്തീടുന്നതും
യോഗ്യമിന്നു [illegible]മായനോട്
തീർപ്പതിന്നു [illegible] (എന്തയ്യോ)
ദുഷ്ടതയോടെതീവണ്ണം
കഷ്ടമിന്നു ചെയ്തീടുന്നു
ദുഷ്ടനായീടുന്നതിനോ
ചേഷ്ടിതമിതെന്തു കഷ്ടം (എന്തയ്യോ)
കേൾക്കേ [illegible] കാമസുഖേച്ഛാനി
വീരനെന്നു ഭാവം കൊണ്ടോ!
നാരിയാമെന്നോടെയ്യുന്നു
വീരനാകിൽ നേരെ വന്നു മാനസ-
ചോരനോടു ബാണനെയ്തുകൊൾക കില (എന്തയ്യോ)
നാണമില്ലേ നാരിതന്നെ
ബാണമെയ്തീടുവാനിപ്പോൾ
കാണവേണമിന്നു ഞാനതും തവ
പാണിവിക്രമങ്ങളൊക്കെ വീര വെടു (എന്തയ്യോ)

അംഭോരുഹദളലോചനയാമവൾ
ജൃംഭിച്ചീടിന താപത്തോടെ
സംഭോഗാദി നിനച്ചു കരഞ്ഞു
കുംഭാണ്ഡാത്മജ കേട്ടിട്ടപ്പോൾ

തെരുതെരെയവടെ സമീപേ ചെന്നി-
ട്ടുരുവയർമണിയുമിവണ്ണം ചൊന്നാൾ
"എന്തൊരു കാരണമിന്നിവണ്ണം
സന്താപത്തിന്നു സംഗതിയെന്നും
എന്തെങ്കിലുമുരചെയ്യണമെന്നോടു
ചെന്താമരദളലോചനയാളേ!
ചിന്തിതമെന്തു നിനക്കെന്നാലതി-
നന്തരമില്ലതു സാധിപ്പിപ്പൻ
ഉണ്ടോ കണ്ടു കിനാവിൽ പുരുഷനെ?
ഉണ്ടെന്നാലതു പറക സുശീലേ!
വേണ്ട വിഷാദം ചെറുതുമിദാനീം
ഉണ്ടാക്കാമതിനുള്ളൊരുപായം
കുണ്ഠിതമെല്ലാമകലെ വെടിഞ്ഞി-
ട്ടുണ്ടായൊരു വൃത്താന്തമശേഷം
വണ്ടാർകുഴലാളേ! പറകെന്നോ-
ടുണ്ടാകരുതേ ശങ്കയതിന്നേതും"
കന്ദാരക്ഷതമാനസയാകും
സുന്ദരിയാമുഷ താനതുനേരം
ഇന്ദുമുഖീഗിരമേവം കേട്ടു
മന്ദാക്ഷിണി മന്ദാക്ഷരമൂചേ!
"ചിത്രലേഖേ! സഖി! കേൾക്ക
അത്ര എൻ ദുഃഖകാരണം
എത്ര ചിത്രമൊരു സ്വപ്നം കണ്ടു ഞാനിപ്പോൾ
സുന്ദരപൂരുഷനേകൻ വന്നിവിടെ എന്നരികിൽ
മന്ദമന്ദം തല്പം തന്നിൽ ചേർന്നു കൊണ്ടവൻ
ഗാഢഗാഢം പുണർന്നിതു രൂഢമോദമവനെന്നെ
പ്രൗഢനാകുമവൻ പിന്നെ ഗ്രഢനാശ്ലേന
പാരമുണ്ടു ചരിതാപം മാരബാണഗണമേറ്റു
നാരിമൗലേ! സഖി ഞാനുമെന്തഹോ ചെയ്‌വൂ
ദേഹമെല്ലാം തളരുന്നു മോഹമുള്ളിൽ വളരുന്നു
ദാഹവും വളർന്നിടുന്നു ഹന്ത! കഷ്ടം!
എന്തു വേണ്ടെന്നറിഞ്ഞീലാ ചിന്ത കൊണ്ടു വലഞ്ഞു [ഞാൻ
സിന്ധുരഗമനേ! തോഴി ബന്ധുരഗാത്രി'
ഇത്തരം പറയുന്നതിന്നുത്തരമായ് ചിത്രലേഖ
സത്വരം ചൊന്നതു കേട്ടാൽ എത്രയും ചിത്രം!
"കളക വിഷാദം കളമൊഴിമൗലേ!
കഴിവുണ്ടാക്കുവനഹമിതിനിപ്പോൾ
കളിയല്ലിഹ നിൻ വരനെയിദാനീം
ഒളിവിൽ വരുത്തുവനരികേ ഞാനും
കളഭാഷിണി നീ ദുഃഖിക്കരുതേ
കളകളമോഹനകുന്തളജാലേ!
തെളിവിനൊടിങ്ങിനെ ചൊന്നുടനവളും
കു[illegible]പലകയിൽ തൂലികകൊണ്ടു്
സുലളിതകോമളനാം സുരവരനെ
സരസിജലോചന എഴുതുന്നേരം
ഇന്ദ്രാകൃതി കണ്ടുടനേ സുന്ദരി
നിന്ദിച്ചവനല്ലെന്നുരചെയ്താൾ,
ചന്ദ്രനെയെഴുതിയതല്ലെന്നപ്പോൾ
സുന്ദരനാകും വരുണനെ എഴുതി;
ഭാവം കൊണ്ടല്ലെന്നവൾ കാട്ടി
ഭാമിനിയുടനേ നിരൃതിയെയെഴുതി;
ഭാസുരഗാത്രിയതല്ലെന്നപ്പോൾ
ഭാനുവിനെ ദ്രുതമെഴുതി മനോഹരി;
സരസിജസംഭവനെപ്പുനരെഴുതി
സരസിജമിഴിയാളതുമല്ലെന്നാൾ,
സുരലോകത്തെ അശേഷവുമപ്പോൾ
സരസപ്പെൺകൊടിയാളെഴുതീട്ടും
അനുസരണം പുനരില്ലാഞ്ഞുടനേ
സുരരിപുവരരെ അശേഷവുമെഴുതി
ബുദ്ധിയവൾക്കവരാരിലുമപ്പോൾ
ബദ്ധയതല്ലാഞ്ഞുടനേതന്നെ
സിദ്ധന്മാരെ വരച്ചു കിന്നര-
കിമ്പുരുഷന്മാരെയുമതുനേരം,
ഗന്ധർവന്മാർ പലരെയുമപ്പോൾ
ബന്ധുരഗാത്രിയുമെഴുതീട്ടുടനേ,
സിന്ധുരഗമനയ്ക്കുതുകൊന്നുള്ളിൽ
അന്ധത തീർന്നില്ലെന്നതു കണ്ടു
ബന്ധുരഗാത്രിയുമുടനേ മാനുഷ-
വരരെ വരച്ചു തുടങ്ങിയിദാനീം,
കുന്തളാഖ്യനൃപവീരരെയുട-
ലന്തരംഗകുതുകേന വരച്ചു;
ദന്തിവാജികൾ പെരുത്തൊരു മാഗധ-
ഭൂമിപാലനെ വരച്ചഥ കാട്ടി;
ചന്തമേറെയുളവായൊരു ചോളൻ
കേരളൻ ഗുണമിയന്ന കലിംഗൻ
കൊങ്കണേശനെ വരച്ചഥ കാട്ടി-
വങ്കണേശനെയുമങ്ങിനെ തന്നെ
പാണ്ഡ്യഭൂപനെ വരച്ചു മനോഹരി
പാണ്ഡുപുത്രനെയുമാശു വരച്ചു;
കുണ്ഡിനാഖ്യനൃപവീരശരീരം
ദണ്ഡമെന്നിയെ വരച്ചഥ കാട്ടി
ഒന്നുകൊണ്ടുമവൾ തന്നുടെ താപം
തീർന്നതില്ല പുനരെന്നതു കണ്ടു
സുന്ദരാംഗിയവൾ തൂലിക കൊണ്ടു
തീർത്തുമെല്ലെ യദുവംശമതപ്പോൾ;
കൃഷ്ണമായ മഷി കൊണ്ടതിവേഗാൽ
വൃഷ്ണിവംശകുലനായകനാകും
ജിഷ്ണുതന്റെ സഖി കൃഷ്ണനുടേയുടൽ
തൃഷ്ണയോടവൾ വരച്ചു മനോഹരി
ചേർച്ചയുണ്ടിവനുമാകൃതി കിഞ്ചിൽ
തീർത്തുരയ്ക്കിലിവനല്ലിതു നൂനം
ഓർത്തിവണ്ണമിനിയും ചിത്രരൂപം
തീർക്കപാർക്കരുതു ശീഘ്രമിദാനീം:
എന്നു കേട്ടു പ്രദ്യുമ്നനുടേ തനു-
സുന്ദരാകൃതി വരച്ചു മനോഹരി
ഇന്ദുബിംബമുഖിയാളുമുഷയും
സുന്ദരാംഗമതു പാർത്തു പറഞ്ഞു
കന്ദബാണനിവനെന്നതു ചൊല്ലാം
ഇന്നതിന്നു വിവാദമില്ല നിനച്ചാൽ
കാന്തിയേറെയുളവാമിവനെന്നുടെ
കാന്തനോടു സമനാകിലുമിപ്പോൾ

ഭ്രാന്തുകൊണ്ടുപറകല്ലാതകിഞ്ചന
പ്രാപ്തിഭേദമവരുണ്ടതുന്നതം,
ബുദ്ധിശാലിയതുകേട്ടുടനേയനി-
രുദ്ധനെഝടിതിതീർത്തതുകണ്ടു
ബുദ്ധിതന്നിലുടനേയുളവായൊരു
ലജ്ജകാരണമധോമുഖിയായി-
ട്ടത്രനിന്നുവിരൽകൊണ്ടുവരച്ചു
ചിത്രമെന്നതുമറന്നുടനേമദ
നാർത്തികൊണ്ടവൾമതിഭ്രമമോടെ
ചിത്രമായപതിതന്നുടെരൂപം
ചിത്രമൻപിനൊടെടുത്തിതുപുൽകാൻ;
ചിത്രലേഖയുടനേയുരചെയ്താൾ
ചിത്രമെന്നതുധരിക്കമനോജ്ഞേ
രാഗതോതിപരിതാപമതപ്പോൾ
നാരിമാർമണിതനിക്കുളവായി
ഭോഗവാഞ്ഛയിലഴിഞ്ഞമനസ്സോടു
ഭാസുരാംഗിമരുവുന്നതുകണ്ടു
ചിത്രലേഖയുരചെയ്തു 'സഖീതവ
ദുഃഖമൊക്കെയകലത്തുകളഞ്ഞതി-
സൌഖ്യമോടുമരുവീടാൻസംഗതി
കൂട്ടുവൻധ്രുവമഹോശൃണുബാലേ!
എന്നുചൊല്ലിയവൾമന്ദതയെന്യേ
സുന്ദരാംഗിനടകൊണ്ടതിവേഗാൽ
ഉന്നതാദ്രികൾകടന്നിതുകാടും
നാട്ടുതോട്ടുകൾമരങ്ങളിടങ്ങൾ
ചാരുകാനഗരികണ്ടുതെളിഞ്ഞവ-
ളാരുമാരുമറിയാതതുനേരം
ആശുരേണുഭവനങ്ങളുടേയിട-
കൂടിയമ്പൊടുനടന്നതിവേഗം
ബാലമോദമനിരുദ്ധനുറങ്ങും
ശുദ്ധമായപുരിപുക്കപതുക്കെ
ബുദ്ധിതന്നിലതികൌതുകമോടനി-
രുദ്ധനെഝടിതികൈക്കലതാക്കി
സിന്ധുരേന്ദ്രവരഗാമിനിയാകും
ബന്ധുകാധരിനടന്നതിവേഗം
സിന്ധുരാജിയുടെപൌത്രനെയപ്പോൾ
ബന്ധുരാംഗിയുഷയോടുചേർത്തു

കരുണാനിധിമാധവപൌത്രൻ
അരുണാക്ഷിയൊടുംകൂടക്കൂടി
അരുണാധരമാശുനുകന്നു
പരിണയവുമേററമിയന്നു
വിരവോടുകളിച്ചുപുളച്ചു
രസിച്ചുമദിച്ചുവസിച്ചുതദാ
കളഭാഷിണിതാനതുനേരം
തെളിവോടുപുണന്നതിവേഗം
കുളുർകോമളമാംകുചഭാരേ
തെളിവോടുടൽചേർത്തതുനേരം
കളഭങ്ങളണിഞ്ഞുതെളിഞ്ഞു
സുമങ്ങളണിഞ്ഞുവിളങ്ങിധ്രുവം;
കളിവാക്കുപറഞ്ഞുരസിച്ചും
കളിയല്ലപദങ്ങളുരച്ചും
തെളിവോടുസുമങ്ങൾധരിച്ചും
കളിവാക്കുപറഞ്ഞുചിരിച്ചും
പരിഹസിച്ചുവസിച്ചുസുഖിച്ചുതദാനീം
നല്ലവീടികമെല്ലെയുകന്നും
പല്ലവാധരമിടയ്ക്കുനുകന്നും
രതികലകളിടയ്ക്കുതുടന്നും
മതിമറന്നുതളന്നുകളന്നുവളന്നുഭൃശം
മലർബാണനണഞ്ഞുതുടങ്ങി
മലർകണകൾപൊഴിഞ്ഞുതുടങ്ങി
രതികണവനുകണകളൊട്ടു…
അതിവിവശതപൂണ്ടുമയങ്ങി
രതിമൂതിന്നുകിളന്നുതളന്നുഭൃശം;

ചൊല്ലേറുമുഷതന്നോടെല്ലാമീവണ്ണമേ
നല്ലവിലാസമാടിമെല്ലെരസിച്ചുകള-
വല്ലവലഞ്ഞതിക്കുവില്ലന്റെനന്ദനൻതാൻ
നല്ലമണിയറയിൽമല്ലാക്ഷിയോടുംകൂടി
മല്ലായുധവിലാസമെല്ലാംനടിച്ചുതത്ര
കല്യൻകമലബാണതുല്യൻമദനകണ
ശല്യംതറച്ചിട്ടുള്ളോരല്ലൽകെടുത്തുരതി
വല്ലിയാമുഷയോടുമെല്ലെവേദാരങ്ങളെ-
ന്നെല്ലാംപറഞ്ഞുകൊണ്ടുനല്ലപോലെസുഖിച്ചു
നല്ലാർമണിയാമുഷതാനുംകണവനുമായ്

ഇങ്ങിനെപലദിനമങ്ങുകഴിഞ്ഞു
മംഗലരൂപകളാംസഖിവൃന്ദം
ഒന്നൊഴിയാതെയടുത്തുപതുക്കെ
തങ്ങളിലിങ്ങിനെചൊന്നുതുടങ്ങി;
"ബാലികയാമുഷതന്റെവപുഃ
ചാലേധരിപ്പിനെല്ലാരും
ബാലികതന്നുടെയാനനപങ്കജം
മെല്ലെത്തെളിഞ്ഞുചമഞ്ഞുദിനംപ്രതി (ബാലി)
പങ്കജകോരകംപോലവേവളരുന്ന
കൊങ്കകൾചാരത്തുമെല്ലെന്നുംകാണുന്നു (ബാ)
പണ്ടൊന്നുംകാണാത്തഭൂഷണമൊണ്ടിന്നു
കണ്ഠോതരമവൾകണ്ഠത്തിൽകാണുന്നു (ബാലി)
ലീലകൾകോലുവാൻകാലംപുലരുമ്പോൾ
ചാലെനാമങ്ങുചെല്ലുന്നതുനേരം (ബാലിക)
കട്ടകംതന്നിൽനാമൊട്ടേടംചെല്ലുമ്പോൾ
പെട്ടെന്നുപെട്ടകംപൂട്ടിപ്പോരുന്നു (ബാലിക)
മങ്ങിമയങ്ങിച്ചമഞ്ഞുകാണാമപ്പോൾ
ചങ്ങാതിതന്നുടെകണ്ണുകൾരണ്ടും (ബാലിക)
രോഗമെന്നിങ്ങനെചൊല്ലുമാറുണ്ടവൾ
രോഗമല്ലേയതുരാഗമത്രേനൂനം (ബാലിക)
തേമ്പാതെയുള്ളൊരുദന്താംബരങ്ങളും
തെളിഞ്ഞല്ലേകാണുന്നതേന്മൊഴിതന്നുടെ-
(ബാലിക

ഇങ്ങിനെയുള്ളൊരുലക്ഷണംകാണുമ്പോൾ
എങ്ങിനെകന്യകയെന്നുപറയുന്നു?
(ബാലിക

ഇന്നിവൾതന്നുടെകാമുകനായി-
ട്ടന്യനൊരുത്തനകത്തുണ്ടിപ്പോൾ;
എന്നേവിസ്മയമെങ്ങിനെവന്നിവ-

അന്തരമതിലുകന്നേതിന്നുള്ളിൽ?
നമ്മളിതൊരുവരൊട്ടുംപായാഞ്ഞാൽ
ചെമ്മെവനുഭവിക്കുമബദ്ധം;
പക്ഷ്മളലോചനമാരിവണ്ണം
ലക്ഷണമോർത്തുനിരൂപിച്ചിട്ട്
അക്ഷതരാകിയരക്ഷികളോടേ
തൽക്ഷണമങ്ങുരചെയ്തുനേരം
രക്ഷികളീവണ്ണംബാണനോടപ്പോൾ
ശിക്ഷയിലങ്ങു പറഞ്ഞാരേവം;
“കന്യകട്ടുങ്കനായൊരുകാമുക-
നന്യനൊരുത്തനകത്തുണ്ടിപ്പോൾ,
ധന്യൻകേട്ടുകയർത്തിവേഗം
കന്യാഭവനെചെന്നുകരേറി,
ചൂതേലുംമുലയാളുന്നേരം
ചൂതുംപടവുമെടുത്തുനിരത്തി
ചൂതായുധസുതനോട്ടുംകൂടി
ചൂതുംപൊരുതുവസിച്ചീടുന്നു;
കണ്ടുകയർത്തിതുബാണൻസ്മരജനൊ-
ട്ടണ്ടടാമൊരുകോപത്തൊടപ്പോൾ
ശുണ്ഠിച്ചുടനെശരങ്ങൾപൊഴിച്ചിതു
കണ്ടുകയർത്തുമനോഭവപുത്രൻ
നന്നായിട്ടുശരങ്ങൾപൊഴിച്ചവ-
രൊന്നൊഴിയാതെകറഞ്ഞൊരുനേരം;
പന്നഗപാശംകൊണ്ടുമുറുക്കി
ചിന്നനതാമനിരുദ്ധനെയപ്പോൾ
അന്നൊരുപുരമുറിതന്നിലടച്ചു
ഉന്നതബാഹുസഹസ്രൻപോനാൻ
തന്നുടെഭവനേപുക്കതിവേഗം
നന്നായിട്ടുസുഖിച്ചുവസിച്ചാൻ.
ബദ്ധനായുള്ളൊരനിരുദ്ധനെക്കണ്ടനേരം
മുഗ്ദ്ധവിലോചനയാൾ ഭൂതലത്തിൽ
വീണുരുണ്ടുംപാണിമാറത്തുചേർത്തിട്ടു
ഏണവിലോചനയാളശ്രുകോണന്നുനേരം
തൈലത്തിൽകത്തീടുന്നവഹ്നിതന്നിലല്പം
സലിലംതളിക്കുംപോലെവന്നിതപ്പോൾ
ചലനലോചനതന്റെഖേദംമാറ്റീടുവാൻ
ചപലവാക്കുചൊന്നതെല്ലാമപ്പോൾ
ഫലമില്ലാതായിവന്നുവാരിധിയിൽമേഘം
വരിഷിക്കുംമാറുപോലെഎന്നേവേണ്ടു
നാണിച്ചുമാറാതവൾപിന്നെയുമങ്ങോരോരോ
വാണീവിശേഷങ്ങളെയോതിയോതി
ഏണാങ്കാനനതന്റെഖേദവുമൊട്ടുമാറി
വാണൊരുകോണിൽനാണിച്ചണഞ്ഞേത്രാ
പഞ്ജരംതന്നിൽഅനിരുദ്ധനായൊരുനല്ല
കുഞ്ജരവൈരിഎന്നപോലെതന്നെ
അന്ധനായുള്ളൊരനിരുദ്ധൻകോപിച്ചഥ
ബന്ധുവിരോധിയായ്നിന്നാകാലം
ഭോജന്മാരെല്ലാവരുംനിരുവെടിഞ്ഞുകൊണ്ടു
രാജകുമാരൻതന്നെക്കാണാഞ്ഞിട്ടു
എങ്ങുപോൽഗമിച്ചവനെന്നുകളുമാരു
മെങ്ങുംഗ്രഹിച്ചീടാതെപോവാനെന്തു?
ഇന്നുവന്നീടുമവനിന്നുവരുമല്ലി
ഇന്നുവരുമെന്നേവംചിന്തചെയ്തു,
സുന്ദരനാമവനെക്കാണാഞ്ഞിട്ടുനല്ല
സുന്ദരിമാരുംദുഃഖസാഗരത്തിൽ
മങ്ങിമയങ്ങിപൊരങ്ങിവീണുംകൊണ്ടു
തുംഗസ്തനങ്ങൾനോക്കിസന്താപിച്ചും
നാലുമാസമീവണ്ണംചെന്നാറെയുമെങ്ങും
ബാലകനെക്കാണാഞ്ഞുലോകരെല്ലാം
മാലുമുഴുത്തുമധുദ്വേഷിയൊടങ്ങുചെന്നു
ബാലന്റെവാർത്തചൊല്ലിവാഴുംകാലം
നാരദമാമുനിവീണയുമായി
ദ്വാരകതന്നിൽപുക്കൊരുനാളിൽ
നാരായണനുംവന്നുവണങ്ങി
സാദരമർഘ്യാദികളുംചെയ്തു
ദ്വാരകവാസികളെല്ലാംനാരദ
പാദസരോജേവീണുവണങ്ങി;
ശ്രീനാരദമുനിയപ്പോൾതന്നെ
ശ്രീമാധവനൊടുകല്പിച്ചേവം
ശ്രീപതിനിന്തിരുവടിയുടെപൌത്രൻ
ശ്രീദ്വാരകയതിലില്ലാഞ്ഞല്ലി-
ഖേദംപൂണ്ടുജഗദ്വാസികളതി
മോദംകൂടാതെമരുവുന്നു?
ബാണൻസമരാംഗണമതിലവനെ
നാണംകെട്ടുഭവിപ്പിച്ചനവധി
ക്ഷീണിപ്പിച്ചൊരുകോണിലിരുത്തി
പ്രാണൻപോകാഞ്ഞതുതൽഭാഗ്യം;
ആദ്യമതായുള്ളക്ഷരഹീനന-
താക്കിക്കമാരാസമരേബാണൻ;
അപ്പുരികാത്തുവസിച്ചീടുന്നതു
മുപ്പുരവൈരിയതെന്നറിയേണം,
നാരദനിങ്ങനെകല്പിച്ചുടനേ
യാദരവോടെവീണതെറിച്ചു
നാരായണശിവയെന്നുജപിച്ചു,
നേരെമീതെകിളർന്നുനടന്നു
വൃഷ്ണികളെല്ലാവരുമൊരുമിച്ചു
കൃഷ്ണൻതിരുവടിയോടുംകൂടി
ഉഷ്ണിച്ചസുരനെവെല്ലാനായി
കൃഷ്ണൻതിരുവടി യാത്രതുടങ്ങി.
നരകരിപുനളിനദളലോചനൻമാധവൻ
നരകുരിതെംഷ്ഠകാന്തിപ്രദൻകേശവൻ
നരജരകളാദിമദ്ധ്യാന്തമില്ലാത്തവൻ
കരിമുകിലൊടിടയുമൊരുരുചികരമൊരുമിച്ചുടൻ;
വിരവിനൊടുനെറുകയിൽക്കുഴൽബന്ധിച്ചുടൻ
സരസമൊടുനിറമധികമുള്ളപീലിതരം
സരസിജവിലോചനൻചേർത്തുചിലപുഷ്പം
മധുമഥനനതുപൊഴുതുനെറ്റിത്തടമതിൽ
മഹിമയൊടുഗോപിയുംചേർത്തുതിലകവും
ഗളമതിലണിഞ്ഞുതൻമാലഹാരങ്ങളും
തുളസികൃതമാലജാലങ്ങളണിഞ്ഞുടൻ
കരമതിലെടുത്തുശരചാപഖഡ്ഗാദിയും
കരുണാകരനമിതകുതുകേനപീതാംബരം

തിരുവുടയുമരയിലതികുതുകമൊടുചേർത്തുടൻ
പരിചിനൊടുപൊന്നരഞ്ഞാണുമിട്ടങ്ങസൌ
അരുണനൊടുസഹതരുണതരണിയുയരുന്നപോൽ
കരുണാനിധിമാധവൻതേരിൽകരേറിനാൻ
മുനികളുടെമനമതിലുംവനിതകടെമാറിലും
കനിവിനൊടുമമമതിയിലുംവിളങ്ങീടുന്ന
ആനന്ദമൂർത്തിയെക്കണ്ടുയദുവീരരും
ആനന്ദമോടുകൊണ്ടാടിപുറപ്പെട്ടു
ആനതേർകാലാൾകുതിരപ്പടകളും
അമിതകരബലമുടയയദുവരരൊക്കെയും
മാനംനടിച്ചവർതേരിൽകരേറിനാർ
മഹിമകളൊടത്തപൊഴുതുതെരുതെരെമേളിച്ചുടൻ
ആലവട്ടങ്ങളുംവെൺചാമരങ്ങളും
അഴകിനൊടുകൊടിതഴകൾപടലമിവയൊക്കെയും
ചുററുംപിടിപ്പിച്ചുകുററങ്ങൾകൂടാതെ
പററലരൊടേററുപടവെട്ടുവതിനായിട്ടു
കോട്ടങ്ങൾകൂടാതെകണ്ടങ്ങുനേരം
എട്ടുദിശിപൊട്ടുമളവിട്ടുചെറുഞാണൊലികൾ
ആരവാരങ്ങളുംസിംഹനാദങ്ങളും
അമിതകരബലമുടയയദുവരനിനാദവും
മറുശൃംഗങ്ങൾചക്രങ്ങൾതമ്മിട്ടവും
മധുരതരമദ്ദളരവവുംകുഴൽകാഹളം
ചെണ്ടമദ്ദളത്തൊടുകുംഭികൾനാദവും
പെരിയരഥമലറിയുടനിളകുമതിഘോഷവും
നാരദവീണാമനോഹരനാദവും
നരകരിപുകരഗളിതശംഖനിനദഘോഷവും
അങ്ങോട്ടുമിങ്ങോട്ടുമുന്തിയുംതള്ളിയും
ഹരിയുടെപടകളുടെപെരുതരനിനാദവും

അംബുധിശയനോത്തമപുരുഷൻഅഖിലജഗേശൻകൃഷ്ണൻ
തുംബുരുസനകാദികൾസേവിതനമിതനന്ദനൻ
തംബുരുകരതാരിലെടുത്തുകളിച്ചുചിരിച്ചുവിളിച്ചും
പട്ടരുപൊരുതൊരുപടനായകരുടെപടവെന്നിങ്ങറിയേണം
പടയതിനൊരുകുറവുവരാതെഭരിച്ചുവഹിച്ചീടേണം
നെട്ടരംകിനകൊടിമരമുകളിൽകൊടികളുശോഭിക്കേണം
പടഹങ്ങളടിപ്പിക്കേണംമതിപട്ടതകൾകാട്ടീടേണം
പടയുടെയിടകണ്ഠഘോഷാടകപാളിനിരത്തീടേണം
കല്ലുകൾകവിണത്തരമെന്നിവകയ്യിലെടുത്തൊരുതകാലാൾ
തെല്ലുംഭയമില്ലാതനവധിവന്നുപരന്നീടേണം
വെള്ളത്തിരതള്ളിവരുന്നതുപോലെപരക്കണമിപ്പോൾ

കള്ളമൊഴിഞ്ഞുള്ളോരുവെള്ളക്കുതിരകളുള്ളതശേഷം
കൊള്ളരുതാത്തുള്ളോരുധൂളിപ്പടകളകററീടേണം
കള്ളുകുടിച്ചാനകളിക്കുംപൊന്നുമാരിവരാരും .
കൊള്ളരുതുപടയ്ക്കിന്നിവരുടെചെള്ളയ്ക്കടികൊള്ളേണം
ഇത്തരമഖിലേശൻതന്നുടെകല്പനകേട്ടവരെല്ലാം
സത്വരമപ്പൊഴുതുവലംപിടകോപ്പുകൾകൂട്ടിത്തമനീം
തത്തിയിടക്കയ്യുടക്കുംതിമിലകൾ
ഒത്തുമദ്ദളമെത്രവിധത്തിൽ
കാളംചെങ്ങിലചേങ്ങലതിമിലകൾ
നീളംകുറയുംകൊമ്പുംകുഴലും
അമ്പിളിവളയുംതമ്പേറിന്നിവ
മേളംകൊണ്ടുജഗത്തുമുഴക്കി
ശക്തിപെരുത്തജനങ്ങളെടുക്കും
ശക്തികടുത്തിലമുൾത്തടിവാളും
വേലുംവെൺമഴുഗദയുംകുന്തം
ശൂലംപരശ്വപരശ്വധവട്ടക
ചക്രംനല്ലശതഘ്നികളനവധി
വക്രതരംചിലശസ്ത്രസമൂഹം
ചൊട്ടകൾനല്ലകടുത്തിലചുരികക-
ളീട്ടികളൊട്ടുളിചാട്ടുളിയെന്നിവ-
യൊക്കെയെടുത്തുതിരിച്ചവർതന്നുടെ
ചെക്കൻമാരൊടുകൂടിട്ടൊരുവക
വെക്കംദ്വാരകനഗരിയിൽനിന്നഥ
ചിക്കെന്നങ്ങുകടന്നുനടന്നു
പൊടിപടലങ്ങൾകിളർന്നുദിഗന്തം
പൊടിപെടുമാറുടനാർത്തുവിളിച്ചു
വട്ടപ്പരിശതടയ്ക്കിട്ടപ്പോൾ
പൊട്ടിജഗത്തുകൾഞെട്ടീടുന്നു
വെട്ടുമിടിക്കുസമാനംഘോരം
നിഷ്ഠുരരാർത്തുകളിച്ചുപുളച്ചും
ധൃഷ്ടന്മാരുനടന്നിട്ടപ്പോൾ
ഒട്ടുംപൊളിയല്ലവനികളുലഞ്ഞും
അഷ്ടഗജങ്ങടെചെവികളശേഷം
പൊട്ടിയണഞ്ഞുവലഞ്ഞുചമഞ്ഞു
കളിച്ചുംവീരോദ്ധൂതമൊരോജനം
വിളിച്ചുംപുളച്ചുംഹങ്കരിച്ചുമദിച്ചുടൻ
കഥിച്ചുമൊരോരോകഥരസിച്ചുമതുകേട്ടു
ഭ്രമിച്ചുചിലർപടഭരിച്ചുസന്തോഷിച്ചും,
തടിച്ചഗജത്തിന്റെകഴുത്തിൽകരയേറി
പൊടിച്ചുവില്ലുമമ്പുംധരിച്ചുവീരന്മാർ,
ചിരിച്ചുരാഗദ്വേഷംജ്വലിച്ചുമനതാരിൽ
സ്മരിച്ചുമുകുന്ദനെക്കഴിച്ചുബാണായുധം
തരത്തിലോരോവാജിവരത്തിൽതരംകണ്ടു
പരത്തിക്കരുത്തന്മാരൊരുത്തരൊഴിയാതെ
തരത്തിൽവില്ലുമമ്പുംകരത്തിലെടുത്തോരോ
രഥത്തിൽകരയേറിഉരത്തിലാവനാഴി
ധരിച്ചുവീരന്മാർമരിപ്പാൻപടിയെന്യേ
തരക്കേടായുള്ളോരെതിരിച്ചുനിർത്തിപ്പട
തിരിച്ചനേരംബാണനിരിക്കുംരാജ്യമെല്ലാം

വിറച്ചുപടകണ്ടുഭ്രമിച്ചുനാട്ടുവാസികൾ
തിരിച്ചുംസംഗരമുള്ളിൽകൊതിച്ചുംചിലർക്കൂട്ടരെ
വിളിച്ചുംകാട്ടുകൾതേടിച്ചരിച്ചുംകാട്ടിൽകരേറി
ഒളിച്ചുംകൂട്ടുപിരിഞ്ഞുവിളിച്ചുംകൂട്ടുകാർചിലർ
ചൊറിച്ചുംകഷ്ടമിതെന്നുവദിച്ചുംഒട്ടേടമോടി
തിരിച്ചുംകട്ടകൾതട്ടിപ്പതിച്ചുംകട്ടകാരങ്ങൾ
തറച്ചുംഒട്ടുപേർകണ്ടുചിരിച്ചുംദുഷ്ടന്മാർശൌര്യം
ജ്വലിച്ചുംഒട്ടല്ലഹോജനങ്ങൾവലഞ്ഞിതോർത്താൽ

പടവന്നിങ്ങുകരേറീനമ്മുടെ
വടിയിലൊട്ടെട്ടുകഞ്ഞിപ്പെണ്ണേ
വടിഞ്ഞാനിവിടെക്കണ്ടില്ലെന്നും
പിടലിക്കൊന്നുതരുന്നുണ്ടെന്നും
പുടവയുടുത്തുതെളിഞ്ഞുനടന്നാം-
ച്ചുടലച്ചുറിഞ്ഞുമരിക്കുമിതെന്നാം
പാളയമവിടെക്കണ്ടൊരുതടിയൻ
വാളുകളഞ്ഞുതിരിച്ചുനടന്നാ
കേളച്ചാരുത്തുനേരംനമ്മുടെ
കാളിപ്പെണ്ണുംകൂടിനടന്നു
ഇട്ടിക്കാളിയുമിട്ടീശ്വരരും
പെട്ടെന്നൊരുദിശിനോക്കിനടന്നു
കഷ്ടമിതെന്നുപറഞ്ഞുംകൊണ്ടു
മട്ടോലുംമൊഴിമാർചിലരപ്പോൾ
കെട്ടിയപുരുഷനെക്കാണാഞ്ഞിട്ടു
ഒട്ടുവിളിച്ചുകരഞ്ഞുവലഞ്ഞും
കുട്ടികളെച്ചിലരെളിയിലെടുത്തും
കുട്ടിപ്പെണ്ണേ! വാപായട്ടേ
കട്ടച്ചാരയമെങ്ങുഗമിച്ചു
ഒട്ടല്ലപ്പെട്ടതൊന്തോന്നിത്തം
കഷ്ടമിതേതോപറവാനുള്ളു
കൊച്ചുളയച്ചീ! കേട്ടില്ലേനീ
അച്ചുതനുടെപടവന്നുകരേറി
കൊച്ചുകളോടുകളിക്കാംപിന്നെ
നിച്ചിരിയത്തിവെക്കാംവാനീ?
കുഞ്ഞാച്ചാരെക്കണ്ടില്ലല്ലേ?
പഞ്ചാരയമെങ്ങുഗമിച്ചു.
കുഞ്ഞിപ്പെണ്ണിന്നുള്ളരഹസ്യം
പെണ്ണിനെയന്വേഷിച്ചുനടന്നു
നിത്യവുമിങ്ങിനെയിവിടെച്ചെന്നു
നിച്ചിരിയത്തംപുണരാമെന്നും
കൊച്ചുകാളിപറഞ്ഞുനമ്മോ-
ടിച്ചുയതില്ലെന്നിപ്പോളതോന്നി
മാച്ചാരന്നുള്ളൊരവിരുതൻ
കാടനിമൂലമാരാരോടുംകൂടി
പടിമേലേറിപ്പായുന്നേരം
പടയുടെവിരുതേകൽപ്പാനുള്ള
പടവന്നാപ്പോളോടിയൊളിച്ചൊരു
വിട്ടുമോഷച്ചാരെന്നോവേണ്ടു
കടിലാപാംഗികൾതന്നുടെവീട്ടിൽ
വിട്ടുപണിചെയ്തുവസിപ്പാനല്ലാ-
തൊരുഫലമില്ലാത്തടിയന്മാരുടെ
തടികൊണ്ടെന്നുധരിക്കവേണ്ടു

കെട്ടിയപന്തലിൽവന്നൊരുദുഷ്ടൻ
കുട്ടിക്കവണിമുറിച്ചുനമുക്കു
കഷ്ടമൊരുത്തനൊടൊന്നുപറഞ്ഞാൽ
പെട്ടെന്നടികൂട്ടീടുംതടിയൻ
വീട്ടിനകത്തൊരുപുരുഷൻവന്നാൽ
വെട്ടുവതിന്നുംമടിയില്ലെന്നും
ഒട്ടല്ലിങ്ങനെപാടുപെടുന്നതി-
നററമതില്ലപറഞ്ഞെന്നാകിൽ
കുട്ടികൾനാലഞ്ചുണ്ടായിട്ടും
ഒട്ടുംമറുമുഖമറിയുന്നില്ല
അങ്ങിനെയുള്ളസമർത്ഥനിതാപട
വന്നെന്നുള്ളതുകേട്ടൊരുനേരം
തിങ്ങിനഭീത്യാതെരുതെരെമണ്ടീ-
ട്ടെങ്ങാൻപോയതുകണ്ടോനിങ്ങൾ
കൊച്ചുകിടാങ്ങൾനാലഞ്ചുണ്ടതി-
ലശ്ശോൾകൊച്ചുകരഞ്ഞീടുന്നു
ഒന്നിനെയെളിയിലെടുക്കാംപിന്നെ
ഒന്നിനെകൈക്കുപിടിച്ചുനടത്താം
പിന്നുള്ളതിനെക്കൊണ്ടൊരുപായം
കണ്ടില്ലേഞാനെങ്ങിനെവേണ്ടു
ഇങ്ങിനെപലപലതുംഗസ്തനിമാ-
രങ്ങുപറഞ്ഞുനടന്നുതുടങ്ങി,
മങ്ങാടാ! താനെവിടെപ്പോന്നു?
ഇങ്ങോട്ടേക്കുനടന്നീടുകെടോ!
അക്കോട്ടീവഴിഓടിച്ചെന്നാൽ
തിങ്ങിനപടയിൽപെട്ടുമരിക്കാം,
കാലിനൊരേന്തുനമുക്കുണ്ടതിനാൽ
ഓടുവതിന്നുംവശമില്ലാതായ്,
പീലിക്കുന്തമെടുത്തൊരുവൻഗുരു
കാലിണവന്ദിച്ചങ്ങുനടന്നു,
തെക്കൻകത്തിയെടുത്തൊരുവിരുതൻ
വെക്കംതോളിലതേററിക്കൊണ്ടു
ചെക്കനെയങ്ങുമറിഞ്ഞഥനോക്കി
ചിക്കെന്നങ്ങുകടന്നുനടന്നു
വില്ലുംശരവുമെടുത്തവരരിയെ
കൊല്ലാമെന്നുനിനച്ചിട്ടൊരുവൻ
നല്ലൊരുവിരുതുകൾപലതുംചൊല്ലി
ച്ചെല്ലുന്നേരംപടകണ്ടായാൾ
വില്ലൊരുകാട്ടിലെറിഞ്ഞൊരുവണ്ണം
മെല്ലെപ്പോന്നിഹഭവനംപുക്കു
നാരായണനുംപടകളുമെല്ലാം
പാരാതവിടെച്ചെന്നുനിറഞ്ഞു
ധീരന്മാരവർബാണപുരത്തിൻ
ഗോപുരസീമനിചെന്നുകരേറി
കണ്ണൻതിരുവടിയൊരുബാണംകൊ-
ണ്ടുന്നതമാകിനകൊടിമരമെന്നു
മണ്ണിൽമുറിച്ചുമറിച്ചതുനേരം
പൊണ്ണൻബാണനുമൊന്നുവിറച്ചു
മതിലുകൾഗോപുരമെന്നിവയെല്ലാം-
മതിബലവാന്മാർകുത്തിയുടച്ചു
മതികലചൂടുമരൻകണ്ടുടനേ

ശകുനാംശരജന്മാവെന്നചൊന്നാൻ
ഒട്ടളിനംനാമിവിടെപ്പാർത്തി-
മുമുക്ഷുതയോടുഭജിച്ചീടുന്നു
മുമുക്ഷുന്മാരാംവൃഷ്ണികൾമൂലം
കഷ്ടംചോറുമുടങ്ങുകയുള്ളൂ;
യോഗ്യതയല്ലിനിനോക്കിയിരിപ്പതു-
മാക്കമൊടേറ്റുപിണങ്ങീടേണം
ഇങ്ങിനെകല്പിച്ചടനേതന്നുടെ
പുംഗവകേതുകേറിശിവൻഹരി-
തന്നോടുചെന്നുപിണങ്ങിത്തങ്ങളിൽ
അങ്ങിനെനിന്നുകരഞ്ഞൊരുനേരം
ആൺമയിലേറീഷൺമുഖനുംപ്ര-
ദ്യുമ്നനൊടേറ്റുശരങ്ങൾപൊഴിച്ചു
ചെറുവലഞ്ഞിതുരുക്മിണിനന്ദന
നേറവുതുണച്ചാരുഘവരപ്പോൾ
സിന്ധുരദാനവരിപുവായുള്ളോ-
രന്ധകവൈരിയുമന്ധകനാഥനു-
മന്ധതകൈവിട്ടടനേതന്നെ
ബന്ധുരമോദമിയന്നതുനേരം
അസ്ത്രംകൊണ്ടുകളിച്ചുംതങ്ങളി-
ലസ്ത്രവിശാരദരാമവർതമ്മിൽ
ഈരേഴുലകിനുകാരണരാകും
വീരന്മാരവർനേരിട്ടപ്പോ-
ളീരേഴുലകുംഞെട്ടിവിറച്ചു
വാരിധിപൂരവുമൊന്നുകലങ്ങി
ബാണനങ്ങുടൻസാത്യകിതന്നോടു
ബാണഗണംപൊഴിച്ചു,ഒരു-
ക്ഷീണംകൂടാതവൻതാനു-
മതുനേരംപ്രത്യസ്ത്രമെയ്തുനിന്നു
ചൊല്ലിനാൻബാണനേ സാ-
ട്ടല്പാസമോടവൻനല്പസമർത്ഥനെടാ,തട-
വില്ലാതടിതകർത്തിടുന്നതുണ്ടതിനില്ലവികല്പമേതും
നില്ലെടാവില്ലെട്ടആഹവംചെയ്കിൽനീ
ഇല്ലെന്നുവന്നുകൂട്ടംമദ-
മില്ലതിനിങ്ങൊരുചെല്ലുന്നിതെല്ലുമേകല്യ! കഠോര-
മുല്ലബാണാളിതൻ ... [൨൦
ഡംഭുകൊണ്ടല്ലേവോൻ മമ
മല്ലവിലോചനൻതന്നുടെപുത്രന്റെ
പുത്രനെബന്ധിച്ചതും
ചൊല്ലിയനോരനിരുദ്ധനെയിന്നു നീ
മല്ലാക്ഷിമെലിയോടുംകൂടെ
മല്ലാരിതൻമുമ്പിൽവച്ചുവണങ്ങുകിൽ
കൊല്ലാതയയ്ക്കുന്നിതിന്നു
ഇപ്രകാരംപറയുന്നൊരുസാത്യകി
തന്നോടതിരോഷത്താൽബാണൻ
ക്ഷിപ്രംശരങ്ങൾപൊഴിച്ചതുകണ്ടവ-
നപ്രിയംപൂണ്ടതിനാൽ
ബദ്ധരോഷത്തോടുരണ്ടുപരിഷയും
ക്രുദ്ധന്മാരായ്നിന്നുകൊണ്ടു
ബുദ്ധിമാന്മാരവർതങ്ങളിലുണ്ടായയുദ്ധമതെത്ര-
പലതരംപലവിധത്തിൽരണംതുടങ്ങി [ചിത്രം

മലയ്ക്കുന്നചത്തുരണ്ടുപുറത്തുമുള്ളോർ
ചലിക്കുന്നചിത്തംകാണുംജനങ്ങൾക്കെല്ലാം
ഒലിക്കുന്നുചോരപ്പുഴപലവഴിക്കും
കരുത്തന്മാർഗദകയ്യിലെടുത്തുകൊണ്ടു
കരുത്തേറുംകരികളെപ്പൊടിച്ചീടുന്നു
കരത്തിൽവാളിളക്കിക്കൊണ്ടടുത്തീടുന്നു ചിലർ
കഴുത്തുമുറിച്ചുകലെകളഞ്ഞീടുന്നു
ശരങ്ങൾഗളങ്ങളെച്ചേനടന്നീടുന്നുചില-
രൊത്തുക്കാംനോക്കിപ്പോരിൽകയർത്തീടുന്നു
സമരേവീണുമരിക്കുംജനങ്ങളെല്ലാ-
മമരസ്ത്രീകളോടൊത്തുരസിച്ചീടുന്നു
കലഹംഭയങ്കരമായ്ചമഞ്ഞിതപ്പോൾ
കലഹപ്രിയമുനിയുംരസിച്ചീടുന്നു
മലകളുലഞ്ഞിളകിച്ചമഞ്ഞീടുന്നു
കടൽകലങ്ങീടുന്നുപാരുകലുങ്ങീടുന്നു
ചിലർചിലരോടേറ്റുപിണങ്ങീടുന്നു
ചിലരൊഴിച്ചീടുന്നുചിലർമരിച്ചീടുന്നു
കുടകൊടിതഴകളുംമുറിച്ചീടുന്നു
താഴെപ്പതിച്ചീടുന്നുരക്തേകുഴച്ചീടുന്നു
കാളിക്കൂളിരക്തംകണ്ടുമദിച്ചീടുന്നു
ചോരകുടിച്ചീടുന്നുഅഹങ്കരിച്ചീടുന്നു
ഭയമുടയവരോടിത്തിരിച്ചീടുന്നു
പാരംഭയമില്ലാത്തവർകണ്ടുരസിച്ചീടുന്നു
മിടുക്കുള്ളവർകൾപാഞ്ഞടുത്തീടുന്നു
ബാണംപൊഴിച്ചീടുന്നുകണക്കഴിച്ചീടുന്നു,
വേലായുധനുംപ്രദ്യുമ്നനുമായ്
കോലാഹലമൊടുസംഗരമുണ്ടായ്
വേലുമുറിഞ്ഞതുനേരംസരസം
മേലാസംഗരമെന്നുമവാങ്ങി
ചോററിനുവേലയെടുത്തിതുഞാനും
കൂറാനല്ലിവനെന്നതുതന്നെ
ക്രൂരാനാംശ്രീനാരായണനോ-
ടേറ്റുപിണങ്ങാനെന്താവശ്യം?-
അച്ഛനുമാനസതാരിലിപ്പോ-
ളിച്ഛാഭംഗംവന്നിട്ടെന്നെ
സച്ഛമതാംമമദേഹംകീറി-
ട്ടയ്യോവേദനസഹിയാവല്ലോ
എന്നുനിനച്ചുഘനസുന്ദരഗാത്രൻ
പോന്നൊരുദിക്കിലിരിക്കുംനേരം
കുടവയറോനിനഗണനായകനും
കുടവയറുംകൊണ്ടോടിയണഞ്ഞു
അടലിടപൂക്കശരങ്ങൾതാച്ചി-
ട്ടുരുതരതെന്നുതിരിച്ചുനടന്നു
കളിക്കയുംചിലരൊളിക്കയുംചിലർ
വിളിക്കയുംചിലർപുളയ്ക്കയും
ചിലർചിരിക്കയുംമോദമിളയ്ക്കയും
ഖേദംപെരുക്കയുംപരിഹസിക്കയും
അട്ടഹസിക്കയുംരണംസ്തുതിക്കയും
ചിലരൊഴിക്കയുംചിലർപഴിക്കയും
പടുതയമുള്ളവർപിടിക്കയുംപട-
മറിക്കയുംകേറിഅടിക്കയും

അടങ്കലങ്ങളൊക്കെപ്പൊടിക്കയും വെട്ടി
നടുക്കയും ചിലർ തിരിക്കയും
കടുത്ത കരിപ്പടമുടച്ചും വെടി-
യെടുത്തു ചിലർ തച്ചുതകർക്കയും
ശരങ്ങൾ പലവിധമയച്ചും
തലതെറിക്കയും ഉടൽ മുറിക്കയും,
പരന്നപട കേട്ടു തിരിക്കയും ചോര,
പരന്നു പലവഴിയൊലിക്കയും
പാന്ന കുതിരകൾ മരിക്കയും ശരം,
നിരന്നു ജനമൊക്കെ മറക്കയും വില്ലു
മുറിച്ചു രഥികളും മരിക്കയും
പടസ്സന്നാഹം കണ്ടു കടുത്ത കോപം പൂണ്ടു
മിടുക്കനെന്നു ബാണനടുത്തു കൃഷ്ണനോടു
കടക്കണ്ണും ചുവത്തിക്കൊണ്ടടുത്തു ദാമോദരൻ
എടുത്തു ശരം വില്ലിൽ തൊടുത്തു പ്രയോഗിച്ചു
കടുത്തവിടത്തിൽ കൊടുത്താനതു നേരം
തൊടുത്തു ചില ബാണം തടുത്തിതസുരനും
കടുത്തൊരമ്പൻ തന്നൊക്കെടുത്ത ദേവൻ ദാമോദരൻ
തടിച്ച ബാണനെന്നു നിനച്ചിടാതെ കൃഷ്ണൻ
പൊടിച്ചു ബാണങ്ങളെപ്പെട്ടെന്നയച്ചു
പോൾ
പടസ്സുമിടുക്കൊന്നടുത്തങ്ങസുരനും
കടുത്ത രോഷത്തോടും മടിക്കാതെ തസ്സു ബാണം
തടിച്ച വൃത്രൻതാനും അമർത്ത്യനാഥൻതാനും
നടിച്ച പണ്ടുണ്ടായ സമരം കണ്ടൊക്കെയും
ശ്രീഹരി നാരായണൻ ശ്രീദശരഥപുത്രൻ
ശ്രീരാമദേവൻതാനും വീരനാം രാവണനും
മരണാന്തരം നേർത്തു തമ്മിൽ പൊരുതപോലെയും
ഘോരതരം സംഗരമുണ്ടായിതതു നേരം
ചൊല്ലെഴും പുരവൈരി ചൊല്ലിക്കൊണ്ടങ്ങയച്ചു
ശരനികരം മുക്തടിവാൾ
കുന്തങ്ങൾക്കും പരശു ഗദ വിശിഖം
ഒക്കെയെടുത്തതു നേരം
തക്കം നോക്കിച്ചുറ്റിഞ്ഞസുരേശ്വരൻ
ബാണങ്ങൾ വർഷിച്ചു
നാരായണനും പുനരതു ഖണ്ഡിച്ചു
ഖണ്ഡിച്ചു ഖണ്ഡിച്ചും
ഖണ്ഡലസംഹാരമടുത്തിതതു നേരം
തേരെസ്സുമഹീശക്കി
വാരിജനയനൻ സനാതനൻ കൃഷ്ണൻ
അശ്വങ്ങൾ കൊല ചെയ്തു
വിശപ്പെഴുമാല്പതയ നാല്പകരൻ
ചൊല്ലിക്കൊണ്ടതു നേരം
വില്ലും കുടയും മുറിച്ചു തഴ പലതും
കൊല്ലുന്നായതു നേരം
വില്ലും കഴിയെക്കലച്ചു വല്ലരി
ചെല്ലുന്നേരം ഫണീന്ദ്രൻ
മാതാവതിങ്ങിത്തിപ്പൂണ്ടുവന്നോടി
അംബുജനയനൻ തന്നുടെ മുമ്പിൽ
അംബരമംബരമാക്കീട്ടവളും
നിന്നതു കണ്ടു മുകുന്ദൻ തിരുവടി

നിന്നതു കണ്ടു മുകുന്ദൻ തിരുവടി
നിന്ദിച്ചുടനേ പിമ്പു തിരിഞ്ഞു
അന്നേരത്തുടനോടിച്ചാടി
ച്ചെന്നൊരു മുറിയിലൊളിച്ചിതു ബാണൻ
പുരനാശന ഭഗവാനതു നേരം
പരിചോടുടൻ പനി നിർമ്മിച്ചുടനേ
തെരുതെരെ വീണു വിറച്ചു തുടങ്ങി
കരികാലാൾ കുതിരപ്പടയെല്ലാം
വൃഷ്ണികളെല്ലാം പനി പൂണ്ടുടനേ
വീണു വിറച്ചീടുന്നതു കണ്ടു
ഉഷ്ണിച്ചുടനേ വൻപനി തന്നെ
കൃഷ്ണൻ തിരുവടിയും നിർമ്മിച്ചു
വിഷ്ണുജ്വരമതു വന്നു തുടങ്ങി
വൻപനി തന്നോടു സംഗരമപ്പോൾ
തോറ്റു തുടങ്ങി ശിവജ്വരമപ്പോ-
ളേറ്റു തടുപ്പതിനേതുമില്ലാഞ്ഞു
പോരുവതിന്നൊരുപായമില്ലാഞ്ഞു
പോററി വിളിച്ചു കരഞ്ഞതിവേഗം
നാരായണനുടെ പാദസരോജേ
അതിനുതി ചെയ്തിതതിഭയമോടെ
നാഥാ മുകുന്ദ ശൗരേ! പരിപാഹി നാഥ
മുകുന്ദ ശൗരേ നാഥാ നീയല്ലാതില്ലേ
പരാശ്രയം പാഥോജനേത്ര! ഭവാൻ
ഭീതിയൊഴിച്ചു പരിപാലിച്ചീടണം
ശ്രീപതേ പുരുഷോത്തമ കൃഷ്ണാ (നാഥാ)
അച്യുതാനന്ത ജയ ജയ ജയ!
സരസീരുഹലോചന സച്ചിൽസ്വരൂപ
സനാതനാ കൃഷ്ണാ
സത്യസ്വരൂപാ വിഭോ! (നാഥാ)
താവക പാദയുഗം ഗതി മമ
പാവനശീല! വിഭോ മാധവ!
നിൻകൃപാവൈഭവം കൊണ്ടെന്റെ
ആധിയും വ്യാധിയും നീക്കി രക്ഷിക്കണം-
സർവ്വലോകശരണ്യ പരാപര
ഗർവ്വികുലശമന സർവ്വസ്ഥിതികര
സർവ്വഭൂതാത്മക! സർവ്വദ പാഹി മാം
പാഹി ദയാലോ (നാഥാ)
ഇങ്ങിനെയുള്ളൊരു നുതി കേട്ടുടനേ
മംഗലമൂർത്തി മധുരിപു ഭഗവാൻ
തിങ്ങിന പരവശഭാവമിയന്നൊരു
വൻപനി തന്നാൽ ഭയമതു തള്ളി;
നിന്നീടുന്നതു നേരത്തിങ്കൽ
വന്നിതു പോരിന്നു വീണ്ടും ബാണൻ
നീണ്ടു തടിച്ച ഭുജങ്ങളൊരായിര-
മുള്ളതിൽ വില്ലും ശരവുമെടുത്തു
കുണ്ഠതയെന്ന്യേ ദശകണ്ഠൻ വൈ-
കുണ്ഠൻ തന്നൊടു നേർത്തതുപോലെ
ആർത്തു തിമിർത്തു കളിച്ചു പുളച്ചുട-
നാർത്തി വെടിഞ്ഞു പടക്കുന്നവരോടും
നേർത്തിട്ടു പടുവാക്യങ്ങൾ പറഞ്ഞതി
ധൂർത്തൻ ചേർത്തു മടുത്തതു നേരം

നേരേ ഗോകുലകീടാ നില്ലട
നേരെനമ്മോടുവാടാ പോരിനു
ക്രൂടാനിന്നുടെ വികൃതികളെന്നോടു
ഘോരമോദം പോരാടീടുക
നാകന്നല്ലുമുരമല്ലവാരണ-
മുഖരമല്ലകംസനല്ലിതതിബല
വേറെയുള്ളവീരനെന്നുകരുതുക
വിരുതുകളൊരുവകതെരുതെരെവളരുമ-
തഖിലമൊഴിപ്പാൻശരനിരതുരതുരെ
പരമതുവീരനെങ്കിൽനേരേനിന്നുസംഗര
ശൂരനാകമെന്നോടെയ്കവിക്രമ-
മൊക്കെയിന്നറികയെങ്കിലച്യുത!
കരുതിനിന്നുപൊരുതുകൊൾകമാധവ!
കൊടിയുംകുടയുംവിരുതുകൾവടിവിലെടുത്തു
നിന്നുടലടലിൽപൊടിപെടുത്തു
നിന്നുടെതടിതകർത്തുനിനവത്തി
വെക്കമിഹതസടിതികഴച്ചെന്നു
പിണ്ഡമതാക്കിവച്ചുമിഹമന്നോക
ണ്ഡമെന്നിയേവെണ്ണതിന്ന
പൊണ്ണനായനിന്നുടെചണ്ഡ -
ബാഹുവിക്രമങ്ങളൊക്കെയും
മുന്നിൽനിൽക്കിലോക്കയിന്നുസങ്കടം
വന്നുകൂടുമെന്നുധൂർത്തയാദവ!

എന്നുപറഞ്ഞുടനെയ്തുബാണങ്ങൾ
കുന്നിന്മേൽമഴപെയ്യുംപോലെ
പന്നഗശായിയുമതുകണ്ടപ്പോൾ
സന്തോഷത്തോടസുരൻമെ-
യ്യിലൊന്നൊഴിയാതെതറച്ചിതുബാണം
വന്നൊരുകോപംസഹിയാഞ്ഞപ്പോൾ
പേരാൽതന്നുടെവേരുകൾപോലെ
പെരുതായുള്ളകരങ്ങളശേഷം
നാരായണനഖിലേശൻകൃഷ്ണൻ
നേരേനിന്നുമുറിച്ചുതുടങ്ങി
പുരരിപുഭഗവാനതുകണ്ടുടനെ
മുരരിപുതന്റെസമീപംപുക്കു
അരുതരുതെന്നെക്കൊല്ലരുതെന്നു
തെരുതെരെഅരുളിച്ചെയ്താനപ്പോൾ
കരുണാകരനുടെപാദസരോജേ
ശരണംചൊല്ലിവണങ്ങീടഹോബാണ-
നിധിയായീടിനദേവൻഗണപതി
ജനകൻസ്തുതിചെയ്തിതുനേരം
"കൃഷ്ണമുകുന്ദമുരാന്തക!മാധവ!
ജിഷ്ണുമുഖാമരവന്ദിതകേശവ!
ജിഷ്ണുസഖേ!ജഗദീശമനോഹര!
വൃഷ്ണികുലോത്തമ!വിശ്വംഭര!ജയ!
കൃഷ്ണപയോദനിഭാംബുജലോചന!
തൃഷ്ണാരഹിതചിത്തമുനീനാം
തൃഷ്ണാശാന്തിദവിഗ്രഹഭഗവൻ!
വിഷ്ണോ!ജയജയ!വിശ്വാധിപ!കര
തലചരണാംബുജചിന്താവ്രത
നിശ്ചലബുദ്ധിമഹാബലിതനയൻ
മച്ചരണാർച്ചനകാരണതോഹളി
തൽകൃതദോഷമശേഷമിദാനീം
വിസ്മരണംചെയ്തിപ്പുരിപാലയ!
ഭക്തപരായണ!ദീനദയാലോ!",
കാലാന്തകനുടെകല്പനയിങ്ങിനെ
കോലാഹലമൊടുകേട്ടുടനപ്പോൾ
നീലക്കാർനിറമൊത്തമുകുന്ദൻ
കാലോചിതമരുളിച്ചെയ്തു,
"മൽഭക്തനതാമിവനിനിമേലിൽ
മൽഭക്തനതായ്‌വന്നീടട്ടേ!
മിഞ്ചിനപാണികൾനാലുംകൊണ്ടഥ
നിൻചരണങ്ങൾപണിഞ്ഞിഹപാർശ്വേ
കിഞ്ചനഭീതിഭവിക്കാതനിശം
സഞ്ചിതമോദംവാണീടട്ടേ"
നാരായണനുടെകല്പനയിങ്ങിനെ
മാരാന്തകനുംകേട്ടുതെളിഞ്ഞു
പാരാതടിമലർവീണുവണങ്ങി
നേരേപുരിപുക്കുടനേബാണൻ,
ശുഭതരനാമനിരുദ്ധൻതന്നെ
ചേലാനന്ദമുഷയെക്കൂടി
മുദവിലോചനഹസ്തേനൽകി
ബുദ്ധിയിൽമോദമിയന്നുവണങ്ങി

ദേവദേവമായാമയനിലയ!മധുസൂദന!കാപരിപാല
(ഹിമം
വേദസാരമാനന്ദഹരേ!ഗോപാലകാലനമോസ്തു
(തേ
ആഴിയിൽമകരാകൃതിപൂണ്ടുനിന്നോരു
പാരകൃതാംകളബരധര!ലോകനാഥ!നമോസ്തു-
(തേ
കോലാകലിതഭാനുകാനനവാസികലോചന
(ന
മലരശരമൊഴിച്ചുപാലയ!പങ്കജനാഭ!നമോസ്തു-
(തേ
നരകനാശനശങ്കിതാമരമുനിഭയമകരാണ-
(ന്ദമ
നാരസിംഹമൂർത്തിയായിപാലിച്ചിനമോസ്തു-
പണ്ടുമൂവടിയാചിച്ചുബലിയെവഞ്ചിച്ചുവാമനായ (തേ
ഭൂമികാന്തമനോഹര!ഭവനൈകനാഥനമോസ്തു-
(തേ
പരശുധരവടിവായതുംദശരഥനന്ദനനായതും
പരമപുരുഷനതാമിതുംബലദേവനായതുമിവനതും
വൃഷ്ണിവംശകുലോത്തമപുരുഷോത്തമനാഥനമോസ്തു
(തേ
ഉഗ്രകർമ്മമഹോഭവാനൊന്നോടൊന്നിഹചെയ്യരുതെ
കൃഷ്ണപാദംപറഞ്ഞതുംശോകപട്ടിടകിടയച്ചതും
ഭൈക്കനിതിരുമനിതമനക്കരിക്കിലോസതി-
(ളുമരം
നിങ്ങൾകനിരാമനിധിഃപാലനമനിസ്കപ
നാളിൽനാളിൽവരുംവിപത്തുകളൊക്കെമറന്നു-
ള്ളതോടൻ

നാളീകേക്ഷണനിത്യവുംവരമേകണംകരുണാനിധേ!
നീസചരിൽപ്രിയനീരജാനനസത്യരൂപനമോ- (സ്തുതേ
മാധവാമധുരാധരാമധുകൈടഭോന്മഥനാവിഭോ

ഈവണ്ണംസ്തുതിചെയ്തുബാണനൊരുനേരം
ഈരേഴുലകിന്നീശൻകാരുണ്യമാർന്നരുൾചെയ്തു
ബാണാ! വരികനല്ലവണ്ണംവരുംനിനക്കു
പെണ്ണുന്മാർവൈരികളാൽബന്ധമുണ്ടാകയില്ല
ശ്രീമഹാദേവൻതന്റെശ്രീപാദങ്ങളുംകുപ്പി
ശ്രീമാനായിവിടത്തിൽശോഭയിൽവാഴ്കനീയും.
ശ്രീപതിയേവംകല്പിച്ചുമോദത്തോടുകൂടെ
ശ്രീസുതാത്മജനോടുംശ്രീസമയുഷയോടും
ശ്രീമദ്ദ്വാരകാപുക്കനേരംജനങ്ങൾജയ
ശ്രീയോടുമൊരുമിച്ചുവാണുസുഖിച്ചിതപ്പോൾ.

ഇതി ബാണയുദ്ധം ഓട്ടൻതുള്ളൽ സമാപ്തം.

൫൦. സന്താനഗോപാലം.

വെള്ളിക്കുന്നിലമർന്നോഴുന്നഭഗവാൻ
വെള്ളപ്പുള്ളുകാരയും
വെള്ളംനല്ലൊരുവെള്ളെരുക്കിവജ്ര-
ക്കുള്ളിൽസദാചൂടുവോൻ
എള്ളോളംതിരുവുള്ളമെന്നിലധുനാ-
തുള്ളക്കഥയ്ക്കേകുവാൻ
കിള്ളിക്കുർശ്ശിയമർന്നദേവമനിശം
കള്ളംവിനാഭാവയേ.

സന്തതിധനധാന്യാദിസമസ്തം
ചിന്തിച്ചതുപോലാശുകൊടുക്കും
സന്താനദ്രുമമാകിയസന്തതി
ഗോപാലംകഥയതുകഥനീയം
അതിമോദത്തോടരചെയ്യുമതു
മതിമാന്മാർകേട്ടരുളുകവേണം
മത്കൃതികൾക്കൊരുപിഴവന്നാലും
സൽകൃതിയെന്നിഹവരുവതിനായി
സുകൃതികളാകിയകൃതികളെയിന്നു
നമസ്കൃതിചെയ്യുന്നെല്ലാവരെയും
വികൃതിപറഞ്ഞുനടക്കുംദുർജ്ജന
നികൃതികൾകൊണ്ടൊരുകൂശലുമില്ല,
നാരായണനുടെകഥപറയുമ്പോ-
ളാരൊരുദ്വേഷ്യംവന്നെന്നാലും
പോരായ്മകളില്ലെന്നതുകൊണ്ടോ-
ധീരതയുള്ളിൽവളർന്നിടുന്നു
കാരുണ്യപൂർണ്ണനാകിയഭഗവാ-
നാരണപൂജിതനതിസുകുമാരൻ
കാരുണ്യാലയനച്യുതനജ്ഞാന-
സാരഥിഭക്തപ്രിയനാംകൃഷ്ണൻ
ഈരെണ്ണായിരവുംപുനരെട്ടും
മാരകളതാംതരുണികളോടും
ദ്വാരകയെന്നമഹാപുരിതന്നിൽ
വൈഭവംവാണരുളീടിനകാലം

ശതമഖമുഖസുരവന്ദ്യൻകൃഷ്ണൻ
വിരവൊടുഹയമേധംചെയ്വാനായ്
ചിതമൊടുയജനപുരാദികൾതീർത്തി-
ട്ടതിനുപ്രയത്നംചെയ്തുതുടങ്ങി
ജ്യേഷ്ഠനതാംബലഭദ്രരൊടുംപരി-
ശുദ്ധന്മാരാംവൃഷ്ണികളോടും;
ശുദ്ധന്മാരിൽശ്രേഷ്ഠനതായ
യുധിഷ്ഠിരസോദരനാംസഖിയോടും
എട്ടുംനിജപതിനാറായിരവും
മട്ടോൽമൊഴിമാർപെറവുളവാകും
എട്ടുസഹസ്രംമക്കളൊടുംപരി-
ശുദ്ധ്യാഗേഹംപുക്കതിമോദാൽ.
സത്യശ്രമിപ്പാനതിരുദ്ധാദികൾ
തട്ടിശിപോകെന്നവരെയയച്ചു
ശ്ലാഘ്യതപെരുകിനമാമുനിവരരും
യോഗ്യതപോലെയിരുത്തിയഥാവൽ
യാഗത്തിനായ് വന്നൊരുനരവര
യോഗത്തോടുമിരുത്തിമുകുന്ദൻ
അന്തണവരരുമസംഖ്യംവന്നി-
ട്ടന്തികസീമ്നിയിരുന്നുതുടങ്ങി
അടിതിരിയക്കിത്തിരിചോമാതിരി
പട്ടേരുംപ്രാൺനംപൂതിരിയും
പട്ടന്മാരുംകുട്ടികളൊരുവക
വട്ടംപറവാൻകാലംപോരാ
മററുംപലപലസാധുജനങ്ങളു-
മററംകൂടാതസ്സഭതന്നുടെ
ചുററുംവന്നുനിറഞ്ഞുശശിയുടെ
ചുററുംനക്ഷത്രാളികണക്കേ,
ഏററംഘോഷിച്ചങ്ങിനെജഗതീ-
ചേററിയുമവിടെയിരുന്നരുളുമ്പോൾ
തത്രസമീപത്തുള്ളൊരുഭൂസുര-
സത്തമനുംപുനരന്തർജ്ജനവും
എത്രകൊതിച്ചിട്ടുണ്ടായ് വന്നൊരു

പുത്രൻചത്തുപിറന്നുധരായാം
അത്തലൊടേദ്വിജവരനുംതന്നുടെ
ഹസ്തതലത്തിലെടുത്തുകുമാരം
ഉത്തമപൂരുഷപാദാംബുജസേവക
സത്തമനാകിനവക്ഷസിതാഡി-
ച്ചത്യുച്ചത്തിലിവണ്ണംശിവശിവ!
പത്തിരുപതുവിലാപിച്ചിട്ടു
ചിത്തവിഷാദാൽചൊന്നാനപ്പോൾ

പദം.

ഹന്തഹന്ത!മുരാന്തകബന്ധുരാംഗദയാരാശേ
ബന്ധമെന്തെനിക്കിവണ്ണംസംഭവിപ്പാനും
വിപ്രകമ്മംപിഴയാതെകിൽബിഷാംശമണയാ-
ചിൽപുരുഷാച്ച്നസേവലുബ്ധനാകാതെ (തെ
കൃഷ്ണകൃഷ്ണ!എന്നല്ലാതെതൃഷ്ണയെന്യേയെന്മനസ്സി-
വൃഷ്ണിവംശശിഖാമണേ!ചിന്തയില്ലമേ, (ൽ
പാലയക്കൃപാലയലോകാലയഗുണാലയമാം
വേലയില്ലഭവാനോത്താൽപാലനമസ്സൽ
ഇത്ഥംദുഃഖിച്ചുപുനരുത്ഥാനംചെയ്തുവിപ്രൻ
പുത്രനെയുമെടുത്തുപ്രസ്ഥാനംചെയ്തുശീഘ്രം
പേത്തുശയിച്ചുദുഃഖമോത്തുശരീരംപാരം
നേത്തുംആനനംപാരംവീത്തുംകണ്ണുനോട്ട-
കയത്തുംകണ്ണുനീരൊട്ടുവാത്തുംകൈകൊണ്ടുകൂടേ
തൊത്തുംഭാര്യേടെദുഃഖമോത്തുംപാരാതെയാത്ര
പേത്തുംപറഞ്ഞുശീഘ്രംആത്തനായ്പുറപ്പെട്ടു
സത്യസച്ഛ്രുപനാംശ്രീകൃഷ്ണന്റെമുമ്പിൽകൊ-
[ണ്ടായ്
സത്വരംവച്ചുനിജപുത്രനെയുമദ്ദേഹം
നിരക്കുംപന്തിയിൽചെന്നങ്ങിരിക്കും നിമ്മലന്മാ-
[രാ
യിരിക്കുംമാലോകക്കുള്ളമെരിക്കുംകന്മഷത്തെസം-
ഹരിക്കുംമാലോകർമറവുള്ളവർക്കുംശ്രദ്ധമാനസ-
മിരിക്കുംശോകവഹ്നിയിൽമഹിക്കുംബ്രാഹ്മണനെ-
[ന്നു
നടിക്കുമാറെല്ലാവരുംഅടിക്കുംകൈകൊണ്ടുമാർച്ചു
അടിക്കുംപൊടിയാംവണ്ണമിരിക്കുംകൈകൾകൊ-
[ണ്ടും
നടുങ്ങുംപാരങ്ങുമിങ്ങുംനടക്കുംഉണ്ണിയെമാർച്ചു
തെടുക്കുംകണ്ണുനീർകൊണ്ടകൊടുക്കുംകാൽത്താരിൽ
[വിണ്ണു
കിടക്കുംകാലിണകെട്ടിപ്പിടിക്കുംഉണ്ണീടെജീവൻ
കിടയ്ക്കുംഎന്നുള്ളഭാവംനടിക്കുംഭൂസുരൻതന്റെ
തിട്ടക്കമിങ്ങിനെകഷ്ടം!
ദുഷ്ടമാനസരാകുംഭൂസുരരല്ലാവരും
ഞെട്ടുമാറുരചെയ്തിടിവെട്ടുംനാദംപോലെ
പാരംപാരവശമാമെൻപീഡകൾ
ഘോരംപാപക്കായ്ത്തീരുന്നിന്നാകും
മരണമടുത്തപുമാന്റെശ്വാസവി-
കാരംകണ്ടുരസിക്കുംപോലെ
നാരികൾനാലഞ്ചുണ്ടല്ലോതവ
പുത്രന്മാരുംമൂന്നാലില്ലേ
കർക്കശമാനസരങ്ങളുമിങ്ങനെ
ദുഃഖിച്ചിട്ടുകിടപ്പാറെന്തോ?
എണ്ണുകിലെത്രയുള്ളോരുനിന്നുടെ
പെണ്ണുങ്ങൾക്കുപ്രതിപ്രതിയനവധി-
യുണ്ണികളുംപെണ്ണുങ്ങളുമുള്ളതി-
ലൊന്നിനുമില്ലൊരുസൌഖ്യക്കേട്
കണ്ടാലമ്പതുമറുപതുമൊരുദിന-
മുണ്ടാകുന്നുനിനക്കുസുതന്മാർ
കൊണ്ടാടിക്കൊണ്ടവരെപ്പരിചോടു
കണ്ടുരസിച്ചുംകൈകളിലാക്കി
കുന്നാതരീനുവസിച്ചീടുംവൈ-
കുണ്ഠാ!നിന്നുടെനാട്യംകൊള്ളാം
വിപ്രന്മാരുടെദുഃഖംകണ്ടാൽ
ഉൾപ്പൂവിങ്കൽകൃപയില്ലാതൊരു
ദുഷ്പ്രഭുവേനീയേറെഞെളിഞ്ഞാൽ
ക്ഷിപ്രംനിന്നെശപിക്കുംഞാനും
കുഴലുവിളിച്ചുരസിപ്പാൻകൊള്ളാം
തോഴിയെവിളിച്ചുനടപ്പാൻകൊള്ളാം
ചേലകൾകട്ടുനടപ്പാൻകൊള്ളാം
പാലുകവന്നുഭുജിപ്പാൻകൊള്ളാം
അംഗനമാരെയൊളിപ്പാൻകൊള്ളാം,
ഇങ്ങിനെയുള്ളതിനൊക്കെക്കൊള്ളാം;
പാർത്ഥിവധർമ്മംതിരിയാത്തുള്ളൊരു
ധൂത്തമതേ!യീവണ്ണംരാജ്യ-
ത്താത്തിവളന്നുകാത്തുവസിച്ചാൽ
കീത്തികളുംതിറമായിത്തീരും
നാട്ടിലിരിക്കുന്നൊരുനാനാജനത്തിന്റെയും
പാട്ടിലിരിക്കുംദ്രവ്യംപാടേകരസ്ഥമാക്കി
വീട്ടിലിരുന്നോരോരോഗോഷ്ഠികൾകാട്ടുന്നി-
ആട്ടിക്കളവാനമീനാട്ടിലാരുമില്ലല്ലോ (ന്നെ
അന്യായംപലതിങ്ങനെബ്രാഹ്മണ-
നന്യായംവച്ചുരചെയ്തിട്ടും
മന്നവരനതിനുത്തരമായി-
ട്ടൊന്നുംതന്നെയുരിയാടീലാ
ഖിന്നതപൂണ്ടുവിഷണ്ണന്മാരായ്
നിന്നുപടത്തുമഹാജനമെല്ലാം
എന്തേചിന്തയമെന്നുവിചാരി-
ച്ചന്യോന്യംചിലവാക്കുതുടങ്ങി;
ഈരേഴുലകിനുവേരായ്മരുവിന
നാരായണനുംനരനുംകൂടി
പാരാതിവിടെയിരുന്നരുളുമ്പോൾ
നേരവനൊരുഭൂസുരനിങ്ങനെ
ചേരാത്തുള്ളതുചൊന്നതുനല്ലൊരു
നേരായ്‌വരുമോയെന്നുംചിലര്,
നീരസമേതാൻകാട്ടീട്ടുണ്ടോ
സാഹസവാദനമെന്നുംചിലര്
[illegible]
ബാലകമരണമിതെന്നുംചിലര്
മാരണദേവതകൊല്ലുന്നതിനു
നിവാരണമുണ്ടോഎന്നുംചിലര്
കുട്ടികൾചത്താലിവിടേക്കോമത
കെട്ടിക്കൊണ്ടുവരേണ്ടുശവത്തെ

ഭൂസുരവരരുടെ ചൊല്ലുകളല്ലയോ
ഭാസുരമാമിദ്വാരകാനഗരം
അതുമല്ലിതുമല്ലങ്ങിനെയല്ല
മതിസംശയമതുനിശ്ചയമാക്കാം
ആറുംരണ്ടും ചത്തസുതന്മാ-
രാരെക്കാട്ടിസ്സംശയമാററി
ബലഭദ്രാർജ്ജുനനാദികളാലെന്തു
ഫലമില്ലാതായ് വന്നെന്നും ചിലർ
പലതും പലവിധമുരചെയ്യുന്നതു
ബലമുംകേട്ടിട്ടറിയാടിലാം
കലിശായുധസമനാകിയ ഭൂപതി
കലധണിമകുടമഹാമണി വിജയൻ
കലിശംപോലെ കഠോരവചസ്സുകൾ
കലശലൊടിങ്ങിനെ കേട്ടളവായം;
വളരുംകോപമകക്കാതാരക-
തളിരുംകൂടെ വിറച്ചു തുടങ്ങി
വളരുംതോട്ടിയുമാമരിയാമെന്നു
കളഭംനിന്നു മദിക്കുംപോലെ
ബലവീര്യാംബുധി വിജയൻ നിജകല
ചിലയുംകയ്യിലെടുത്തുചതുക്കെ
പലപലവിരുതുകളിവിടെനടിച്ച
ഫല്ഗുനനാമമഹാരനാകിയ വിജയൻ
ദുഃഖംപൂണ്ടുകിടക്കും ദ്വിജനെ
കൈകൾപിടിച്ചെഴുന്നേല്പിച്ചുടനേ
ഭക്തിയോടെ ദ്വിജവരനെ തൊഴുതു
സ്വശക്തിനടിച്ചു പറഞ്ഞു തുടങ്ങി

ദുഃഖംകൊണ്ടുള്ളുപൊരുംമേലിൽ
സൌഖ്യംവരുത്താൻ ഞാൻപോരും
ഇക്കഥകേട്ടിട്ടാരുമിളകാതെ
നിൽക്കുന്നതെന്തിതുധിക്കാരമല്ലയോ (ദുഃഖം)
ഇനിയൊരുണ്ണിയുണ്ടാകുമെങ്കിൽ
വന്നുരക്ഷിച്ചുതരുന്നേൻ
പന്നഗഭൂഷണകാരുണ്യംകൊണ്ടിപ്പോൾ
ഒന്നുംനമുക്കു കഴിയാത്തതില്ലഹോ! (ദുഃഖം)
പാരംപരിതാപത്തോടേയുള്ള
ഗീരുകളിങ്ങനെ കേട്ടാൽ
പൂരുകുലത്തിൽ പിറന്നവനൊരു
പൂരുഷനെന്തും സഹിക്കയില്ലേതുമേ! (ദുഃഖം)
പാർത്ഥലമൊക്കെ നിറഞ്ഞോരെന്റെ
കീർത്തികൾ കേട്ടിട്ടില്ലയോ?
മൂർത്തികൾ മൂന്നും മറുപക്ഷത്തായാലും
രക്ഷിപ്പൻബാലനെന്റച്യുതനാണെ ഞാൻ (ദുഃഖം)

ഇത്തരമുള്ളോരു വാക്കുകൾ കേട്ടു
കയർത്തുപറഞ്ഞുടനർജ്ജുനനോടേ
മതിമതി നിന്നുടെ ഗർവുകളെല്ലാം
ചതിവുകളും ഞാനറിയും മൂഢാ!
ക്ഷിതിപതിമാരുടെ ദുസ്സാമർത്ഥ്യം
ക്ഷിതിസുരവരരോടു കൂടുകയില്ല;
അക്കടൽവർണ്ണനുമഗ്രജനും പുന-
രിക്കണ്ടാളുകൾ മറ്റുള്ളവരും
ദുർഘടമാകിയ കാര്യമതെന്നു
നിനച്ചിട്ടവരാൽ സാദ്ധ്യവുമല്ല
ആനപിടിച്ചാലിളകാത്തൊരു തടി
ശ്വാവിനു കൊണ്ടുഗമിക്കാവതുമോ
ഊററക്കാരന്മാരാം നിങ്ങളെ
നൂററുവരാട്ടിപ്പായിച്ചന്നു
ഊററം കാണേണ്ടതു ഫലമില്ലാതെ
തോററുമടങ്ങാനെന്തൊരു ബന്ധം
ഏണവിലോചനയാളാം നിന്നുടെ
മാനിനിയെപ്പിടിപെട്ടസമയം
ഹീനതയെന്യേ ദുശ്ശാസനനവ-
മാനമതോരോന്നേ ചെയ്യുമ്പോൾ
നാണംകൂടാതവിടെ വസിച്ചതു
ആണുങ്ങൾക്കിഹ യോഗ്യമതാമോ
അക്ഷൌണീസുരനാഥനിവണ്ണം
അധിക്ഷേപിച്ചു പറഞ്ഞതു കേട്ടു
വീര്യപരാക്രമശാലിയതാകിയ
കിരീടിയുമപ്പോളുവചൊന്നാൻ
"കേൾക്ക ഭൂസുര നിതമുരപ്പാ-
നൊട്ടും ചേരില്ലാത്തതുമെന്തേ
കേട്ടിട്ടില്ലേ ഭൂസുര ഞാനെന്റെ
വിശേഷിതമൊട്ടുമറിഞ്ഞിട്ടില്ലേ
മന്മഥനന്ദനസാരനായ
മഹാരഥനർജ്ജുനനെന്നറിയേണം
കാട്ടാളാകൃതി പൂണ്ടൊരു ഹരനോടു
കാട്ടിയ ഘോരപരാക്രമമെല്ലാം
കിട്ടി നമുക്കിഹ പാശുപതാസ്ത്രമ-
ക്കട്ടം ദ്വിജവര കേട്ടിട്ടില്ലേ
പാഞ്ചാലഭൂപാലനോടേറു രണം ചെ-
യ്തുംഗുരുജയിച്ചുപിടിച്ചഥ കെട്ടി
യേറ്റിച്ചിന്നുടെ ഗുരുവിനു
പൃഷ്ഠകശൃഘലദക്ഷിണ ചെയ്തു
വമ്പന്മാരാം ഭൂപതിമാരവർ
ഡംഭും കാട്ടിയെതിർത്തവരുടെ
ഡംഭത്തരവും വമ്പത്തരവും
കൊമ്പത്തരവും മുമ്പത്തരവും
പിമ്പിട്ടംശുമടക്കിദ്രൗപതി
തൻപാണിഗ്രഹണോത്സവകാലേ
യന്ത്രാക്ഷിതപാദവേളി കഴിച്ചതു-
മന്ത്രണനാഥ! കേട്ടിട്ടില്ലേ?
യാദവകേളിയതെന്ന മഹാവിധി
മധുപഹരണം കേട്ടിട്ടില്ലേ?
സുരലോകേ ചന്നമരാരികളാം
അരിയനിവാതകകവചന്മാരേ
വിരവിൽ വധിച്ചുടനവരെവരിച്ചു
വിവിശമൊഴിച്ചു പുരിയിലയച്ചു
കേൾക്ക ദ്വിജേന്ദ്ര! വിരാടനൃപന്റെ
പശുക്കളെയൊക്കെ ഹരിച്ചതു മൂലം
ഭീഷ്മദ്രോണകൃപാചാര്യന്മാർ
ഭീഷ്മപരാക്രമരാമവർ പലരും
പോരിനുവന്നവരോടു പിണങ്ങി
ധീരതയോടുടനവരെ മടക്കി.

അപ്പശുവൃന്ദമശേഷംവീണ്ടി-
ട്ടപ്പ് പൃഥിവീവരനാശുകൊടുത്തു!
ഭാരതമാകിനപോരതിലേറ്റം
ധീരതപൂണ്ടമഹീപതിമാരെ
തേരതിലേറിയെതിർത്തുജയിച്ചൊരു
വീരൻവിജയൻഞാനറിയേണം;
ലോകാധീശ്വരനാകിയഭഗവാൻ
ശ്രീകൃഷ്ണപ്രിയനാഹമറിയേണം
തന്റെവലുപ്പംതാൻപറയരുതു
കൊണ്ടുമിതിങ്ങറിയാഞ്ഞിട്ടല്ല
ധാത്രീസുരനുടെദുഃഖംകാൺമതു
ക്ഷത്രിയഭൂപർക്കുചിതവുമല്ല
അതിനുദ്യമിച്ചലയവരെദൂഷിപ്പതു-
മനുചിതമായിതവഭുവനസുരേശാ!
സംശയമൊട്ടുംവേണ്ടമഹേശ്വര
വംശപരാക്രമമൊപ്പൊയ്പോണ്ടാലും!
പത്താംതനയനെരക്ഷിപ്പൻഞാ-
നിത്ഥംചൊല്ലിയസത്യഗിരംമേ
വ്യർത്ഥതയാകിലനക്ഷണവുംബത
പാർത്തിരിയാതതിനുടനേഞാനും
കയ്യിലിരിക്കുംഗാണ്ഡീവമോടും
തീയ്യിൽചാടിമരിച്ചീടുന്നേൻ;
സത്യംഗുരുവരചരണത്താണെ
സത്യംപൂർവ്വജപാദത്താണെ
ശ്രീഗാണ്ഡീവമാംചാപത്താണെ
ശ്രീകൃഷ്ണൻശ്രീപാദത്താണെ
നിശ്ചയമായിമമുൾക്കൊണ്ടാലും
സജ്ജനനാഥപൊയ്പോണ്ടാലും"
മേദുരമഞ്ജുളവാക്കുകളിങ്ങനെ
ആദരവോടെകേട്ടൊരുവിപ്രൻ
ദുർജ്ജനരിപുവാംപാർത്ഥൻതന്നോടു
വിപ്രൻതാൻപുനരരുളിച്ചെയ്തു:—
"അറിവില്ലാതെഞാൻവല്ലതുംപറഞ്ഞു- (പോയെന്നിരിക്കിലും
അറിവുള്ളോരുഭവാനുള്ളിൽകരുതിവെക്കല്ലേ
സജ്ജനവന്ദിതനായൊരർജ്ജുനാ!നീയെ- (ന്യൊരു
ദുർജ്ജനത്തിനാരുമൊരുശരണവുമില്ലേ;
പുത്രന്മാരൊമ്പതുംക്ഷിപ്രംചത്തുപോയദുഃഖം- (കൊണ്ടു
ഇപ്രകാരംദുർഭാഷണംചെയ്തുപോയേൻഞാൻ;
എന്നതുകൊണ്ടൊന്നുമിന്നുമാനവ! നിന്നകതാ- (രിൽ
കന്മഷങ്ങൾതോന്നരുതേനിർമ്മലവൃത്തേ!'
ക്ഷീണവചസ്സുകളോരോന്നിങ്ങിനെ
കേണുപറഞ്ഞതുകേട്ടുകിരീടി
പാണിതലംകൊണ്ടദ്ദേഹത്തെ
താണുതലോടിപുനരതിസദയം
പോണംഭൂസുരനീയെന്നാണൊരു
വാണിയുമൻപൊടുയാത്രപറഞ്ഞു
മണ്ണിൽമരിച്ചുമലർന്നുകിടക്കുമൊ-
ഉണ്ണിയെവേഗാൽകോരിയെടുത്തൊരു-
വണ്ണംയാത്രപറഞ്ഞില്ലൊരു
ഉന്നതഗുണനിധിയാത്രതിരിച്ചു;
വില്ലുംനായിക്കൊണ്ടുഗമിച്ചഥ-
രപ്പോഷകിഹവിലചേരാഞ്ഞാൽ
അപ്പോഴതുടനെതിരിയെക്കൊണ്ടു-
ഗമിപ്പാൻഭാവിച്ചെന്നകണക്കെ
അരനാഴികകൊണ്ടില്ലത്തെത്തി
തെരുതെരവേഗമകായിൽപുക്ക്
ഉദകക്രിയവിധിയെല്ലാംചെയ്തി-
ട്ടുടനേതന്നുടെകാന്തസമീപേ
പരിതാപനവിമൂർച്ഛിതയായി-
ട്ടുരിയാടാതെകിടക്കുംപത്നിയെ
തരസാകോരിയെടുത്തുമനോഹര
ലാപമന്ത്രവുമാശുതുടങ്ങി:
"ഖേദമതി!മതിമുഖി!നീയിനി
മോദിച്ചിട്ടുടനെഴുനീറ്റാലും
നാഥനമ്മുടെകാര്യമിതെല്ലാം
സാധിപ്പാനൊരുയോഗംവന്നു;
പൊയ്പോയുള്ളൊരുദുഃഖംകണ്ടി-
ട്ടയ്യോ! കഷ്ടമിതെന്നുപറഞ്ഞു
കയ്യേറ്റാനിക്കാര്യംനമ്മുടെ
കൈയ്യൂക്കുള്ളൊരുപാർത്ഥനുമിപ്പോൾ
ചൊന്നതിനിന്നൊരുനീക്കംവന്നാൽ
മന്നവവരനതിനുടനേതന്നെ
കയ്യിലിരിക്കുംഗാണ്ഡീവമോടും
തീയിൽചാടിമരിക്കുമിദാനീം;
നമ്മുടെസുകൃതവിശേഷംകൊണ്ടു
മന്നവവരനുടനിങ്ങനെചെയ്തു;
നന്നായിവിടെവസിച്ചാലുംനീ
മന്ദതപെഴാതെവൃഥാമമലാലും"
ശാന്തിവചസ്സുകേട്ടൊരുനേരം
കാന്തയുമാശുതെളിഞ്ഞെഴുനീറ്റു
കാന്തനുമായിട്ടോരോരോവൃ-
ത്താന്തംതമ്മിലുരച്ചുതുടങ്ങി;
"കുഞ്ഞനെയുണ്ടോകണ്ടതാരും?
കുഞ്ഞനെയുംഞാനവിടെക്കണ്ടു;
ഉണ്ണിയെയുണ്ടോകണ്ടുമുകുന്ദൻ?
ഉണ്ണിയെയുംഞാൻകാട്ടിമുകുന്ദം
കല്പനയെന്തെല്ലാമുണ്ടായി?
കല്പനയൊന്നുംഞാൻകേട്ടില്ല;
കാരണപുരുഷൻനിന്ദാതതിനുടെ
കാരണമെന്തെന്നുണ്ടോകാന്താ!
കാരണപുരുഷൻനിന്ദാതതിനുടെ
കാരണമെന്തെന്നാർക്കറിയാവൂ?
ബലഭദ്രാദികളെന്തുപറഞ്ഞു?
ബലഭദ്രാദികളുരിയാടീല;
പാർത്ഥനുടെചരിതംകേൾക്കട്ടെ!
പാർത്ഥനുടെചരിതംകേട്ടാലും!
ഹേഹേ!പാർത്ഥനിതിന്നെളുതാമോ?
ഓഹോപാർത്ഥൻപോരുമിതിന്നു്

കുന്തീസുതന്മാരുടെസത്യത്തിന്ന-
ന്തരമുണ്ടായ്വരുമോനാഥ!"
കുന്തീസുതന്മരിപ്പാനുണ്ടോ
ഭ്രാന്തുപിടിച്ചുശിരസ്സിലെഴുത്തു്;
നിശ്ചലഹൃദയന്മാരായിട്ടവ-
രച്യുതപൂജകൾചെയ്തുവസിച്ചും
ഹരനുടെനാമവിശേഷമുരച്ചും
അവരുടനവിടെവസിച്ചുസുഖേന.

ഏവംകഴിഞ്ഞെല്ലാരുംമേവുന്നകാലമങ്ങു
ഭാവംതെളിഞ്ഞുതത്രഭൂസുരൻപത്നിയോടും,
തോഷമിയന്നോരോരോവിശേഷങ്ങൾചോദിച്ചു-
(ള്ളാൾ
യോഷമാർമൌലിതാനുംശേഷമതുള്ളിച്ചെയ്തു;

അങ്ങനെവളരെദ്ദിവസംചെന്ന-
ങ്ങംഗനമണിമാർമൌലിക്കങ്ങു
പത്താംഗർഭവുമുണ്ടായ്വന്നു
പത്താംമാസവുമങ്ങതികഞ്ഞു
ഭൂസുരവരനുംതാപമിയന്നു
കുന്തീസുതനെക്കണ്ടിഹവരുവാൻ
സത്വരമങ്ങുഗമിച്ചുനരവര-
പത്തനസീമനിചെന്നിതുകണ്ടു.

പദം,

"ഇന്ദ്രാത്മജ! ഇതുകേൾക്കമനോഹര
സാന്ദ്രവചനമിദം ഇന്ന-
ചന്ദ്രാന്വയോൽഭൂത! പോരികവൈകാതെ
മന്ദിരേമോദമോടും, (നീട്ടകന്നി
സൂതിസമയമടുത്തവിടെയെന്റെകൂടെപ്പോ-
കൂടലർകാലനാംകൃഷ്ണന്റെമുമ്പിനു
ചെയ്തസമയമിപ്പോൾ
അതിശൂരാ! ഇന്നിതോപോകനാംവൈകാതെ
മാനസേമോദമോടേ!
അയ്യോഎൻമാനിനിതാനേവസിക്കുന്നു
പൊയ്യല്ലപാർത്ഥവീരേന്ദ്രാ! ഒരു-
കല്മഷംകൊണ്ടുവലഞ്ഞുപരിതാപം
നന്ദസുതപ്രിയകേൾ;
കൂടലർകാലനാംകൃഷ്ണനോടുനിന്റെ
കൂടിപ്പിറന്നോരോടുംഇന്നു
കൂടിപ്പുറഞ്ഞുനീതേരിൽകരേറുക
പാടവശാലിൻവിഭോ!

എന്നുള്ളവാക്യംകേട്ടനേരായ്തെളിഞ്ഞു-
അഗ്രജപാദാംബുജംവ്യഗ്രതവിട്ടുകൂപ്പി (വീരൻ
ഭീമപാദാരവിന്ദംഭീമയാംഭക്തിയോടും
താണുതൊഴുതുനിജമാതൃപാദാംബുജവും
സോദരന്മാരെനന്നായാശ്ലേഷംചെയ്തുകൊണ്ടു
"ഖേദംകൂടാതെവാഴ്കസോദരന്മാരെ! നിങ്ങൾ
പാഞ്ചാലരാജകന്യേ! വന്നാലുമരികത്തു
പാഞ്ചാല്യംകൂടാതെനീമാതാവോടൊത്തുപാർക്ക
ഭദ്രേ! വരികത്തുളേ! ഭദ്രംഭവിച്ചീടുക!
ഭദ്രംഞാൻഭൂസുരന്റെപത്തനേഗമിക്കുന്നു.
നിന്നുടെസോദരന്റെകാരുണ്യമുണ്ടെന്നാകിൽ
കണ്ടിടാമല്ലെന്നാകിൽകണ്ടതുകാര്യംതന്നെ,

എന്നുപറഞ്ഞുപുറപ്പെട്ടുനിജ
മന്ദതവിട്ടുപരാക്രമശാലീ,
പോരികവിപ്രാപക്ഷേനമ്മുടെ
പോരുകൾകിഞ്ചനകാട്ടന്നുണ്ടു്
എന്നുപറഞ്ഞുരഥമതിലേറീ-
ട്ടുന്നതഗുണനിധിയാത്രതിരിച്ചു;
പൃച്ഛവിലങ്ങചാടുകയുംപല-
ദുശ്ശകുനംപുനരിങ്ങിനെകണ്ടു;
വാശ്ശുരുമങ്ങുഗമിച്ചീടാംപുന-
രീശ്വരവിധിപോലൊത്തുവരട്ടേ
എന്നുപറഞ്ഞുനടന്നുകടന്നു
മന്ദിരസീമനിചെന്നുകരേറി;
ഗർഭവിലാപവുമങ്ങുതുടങ്ങി
വിപ്രാംഗനമാർവരവുതുടങ്ങി
ഈശ്വരസേവകൾചെയ്യുന്നുജഗ-
ദീശ്വരനാമംചൊല്ലുന്നുചിലർ!
സതതാശ്രയമാകെന്നോതുന്നു,
വിബുധേശ്വരനാദിയെവാഴ്ത്തുന്നുചിലർ
തൽഗ്രഹനിലഗതിപാർക്കുന്നുചിലർ
നിഴലടിനോക്കിയളക്കുന്നുചിലർ
വിരലുകൾകൊണ്ടുപിടിക്കുന്നുചിലർ
മാറിടമാശുതലോടുന്നുചിലർ
ഭേഷജവരരെത്തേടുന്നുചിലർ
വേരുമുറിപ്പാനോടുന്നുചിലർ
ഘോഷമതിങ്ങനെകേട്ടതുദാമ-
ഘോഷസുതാരിസഖൻവിജയൻതാൻ
ഗാണ്ഡീവചാപമുടൻകുലപൂട്ടി
തൂണിയിലമ്പുനിറച്ചഥകെട്ടി
ഗ്ലസ്തുംകൈച്ചരടഴകൊടുകെട്ടി
പാണ്ഡവനാംശരക്രമംകെട്ടി
ഭൂതലവാസികളാകെഞെട്ടി,
ഭൂമിയുമൊന്നുവിറച്ചഥഞെട്ടി
ഉമ്പരിൽമുമ്പൻഗാംഭീര്യാംബുധി
ഉമ്പർകുലാധിപതനയൻവിജയൻ
ഉടനുടനെചെറുഞാണൊലിയിട്ടും
ഇടിനിനദങ്ങൾവിറച്ചഥഞെട്ടി
ഈററില്ലത്തിനകത്തുപുറത്തൊര-
ടത്തുകരത്തിൽധനുസ്സുമെടുത്തുവ-
ലത്തുകരത്തിലുരത്തമുരത്തക-
ത്തുചെരുതാരത്തെയുമേന്തി
അന്തകഭടരെവിരോധിച്ചഴകൊ-
ടന്തണബാലനെരക്ഷിക്കേണം.
ഏവമുരച്ചുകിരീടിവസിച്ചു
മഹീസുരമാനിനിയുംപ്രസവിച്ചു
അതിശയമായൊരുസുതനുണ്ടായതു
വധുകുലമണിമാർനോക്കിയിരിക്കെ
ഹാഹാ! കഷ്ടം! കഷ്ടം! ശിവശിവ!
ദേഹംതോട്ടുമറഞ്ഞുകുമാരൻ
"ഹന്തഹന്ത! മരിച്ചുകുമാരൻ
എന്തുചെയ്യുന്നുഞാനെന്റെദൈവമേ!
കുന്തീനന്ദനൻതാനുടെസത്യവും

ഹന്തപാഴിലാസ്ഥന്നുചമഞ്ഞല്ലോ
പാർത്ഥനല്ലയോ ഇല്ലത്തിരിക്കുന്നു
വാർത്തയേതുമറിഞ്ഞതുമില്ലയോ?
കർമ്മദോഷമിതെന്നുടെ ജാതകം
നിർമ്മലൻ പാർത്ഥൻ തന്റെ പരാക്രമം
ഒന്നുമിപ്പോൾ ഫലിക്കാഞ്ഞതെന്നുടെ
കർമ്മദോഷമതെന്നേ പറയാവൂ,
മൂന്നാമതെന്നുമേയീവണ്ണംകണ്ടതി-
ല്ലെന്നെ വഞ്ചിച്ചുപോയാനോ ബാലകൻ
അയ്യോ ബാലക! എന്തു നീയിങ്ങിനെ
മെയ്യോടെ പറയുന്നു കുമാരക!
ഒച്ചയെങ്കിലും കേൾപ്പാനില്ലായിതു
നിശ്ചയം കൃഷ്ണൻ തന്നുടെ മായകൾ
കൃഷ്ണനങ്ങു കൃപയേതുമില്ലാഞ്ഞാൽ
ജിഷ്ണു ഭാവിച്ചാൽ സാധിക്കുമോ കാര്യം?
കൃഷ്ണ കൃഷ്ണ! മുകുന്ദ മുരാന്തക!
പത്മനാഭ! പരമ്പുരുഷോത്തമ!"

മാനിനിമാരുടെ മുറവിളി കേട്ടഭി-
മാനികിരീടി മഹേന്ദ്രതനൂജൻ
എന്തിതി വാർത്തകൾ ചെവിപാർക്കുമ്പോൾ
അന്തണനോടി വരുന്നതു കണ്ടാൻ
നിർദ്ദയമാനസനാകിയ ഭൂസുര-
നർജ്ജുനനോടു പറഞ്ഞവയെല്ലാം
ഇജ്ജനമെങ്ങിനെ ചൊല്ലീടേണ്ടു
ലജ്ജയുമുണ്ടിസ്സഭയിൽ പറവാൻ
പാർത്ഥാ! ഗുണപടുധൂർത്താ! നിന്നുടെ
പാർത്ഥവൈഭവമതിശയമോർത്താൽ,
ശശികുലജാതനു പാർത്ഥൻ ഞാനെന്നും
ശചീരമണന്റെ സുതൻ ഞാനെന്നും,
ചൊല്ലിത്തെളിഞ്ഞു പറഞ്ഞതു നേരെ-
ന്നെന്നുള്ളത്തിൽ നിനച്ചതബദ്ധം,
അതിമാനവ്രതിവൻപും മുൻപും,
തവമാനസമതിലൻപും ഡംഭും
ചൊന്നവലിപ്പമതെവിടെപ്പോയി?
മന്നവരിൽ ജള! ഹീന ജളാഢ്യ!
തണ്ടും തപ്പി നടക്കും നിന്നോടു
പണ്ടേ ഞാൻ വന്നുരചെയ്തിട്ടോ?
എന്നുടെ മക്കൾ മരിച്ചോരു ദുഃഖം
നിന്നോടു ഞാൻ വന്നുരചെയ്തിട്ടോ?
സത്യം ചെയ്തതുമെന്തിനെടോ! നീ
മദ്യം സേവതുടങ്ങീട്ടുണ്ടോ?
ഭോഷാമിവകുത്സിതവചനം പല
ഭൂയോ ഭൂയോ ഭൂവനസുരേശൻ
വായിൽ തോന്നിയതഖിലമുരച്ചു
കായത്തിൽ കൊതി വിജയനൊഴിച്ചു,
ചേതസ്സിൽ പുനരേവമുറച്ചു
ശ്രീകൃഷ്ണൻ ദ്രോഹമെന്നെയൊഴിച്ചു
ഹാ! കഷ്ടം! ഘോരാത്മജവിച്ചു
കേട്ടിട്ടില്ലാത്തവമാനോക്തികൾ
കേട്ടു സഹിപ്പാനെളുതല്ലേതും
കായത്തോടെ ദ്വിജവരബാലക-
മായത്തോടേ കൊണ്ടുതിരിച്ചിതു
ഞായത്താലല്ലെന്നതുമന്ന-
മുപായത്താലെന്നാകിലുമുടനേ
പോയെത്തീടിനദേശത്തോളം
പോയിത്തിരവൻ കൊണ്ടിഹ വരുവാൻ
ഏവമുറച്ചു കിരീടി വസിച്ചു
ദേവവരാത്മജനതിശ്രമിച്ചു
അംബരായണമഹദദ്ഭുതദിവ്യാ-
ഡംബരമേറ്റ കപികേതനവീരൻ
ധർമ്മരാജപുരി നോക്കി നടന്നു
ധർമ്മജാനുജനുമീഷൽ കന്നു
കണ്ണടച്ചു ഝടമിഴിക്കുമിടയ്ക്കാ-
ഖണ്ഡലാത്മജനുമന്തകദേശേ
ചെന്നാട്ടത്തല്ലവു കാലഭടന്മാർ
നിന്നു തങ്ങളിലിവണ്ണമുരച്ചാർ,
"ഏവനിന്നൊരു നരൻ പടുധീരൻ
ഏകനായധികചാരുശരീരൻ
പ്രേതനായകപുരിക്കു വരുന്നു
ഭീതിഭാവമവനുള്ളിലകന്നു
ചെന്നു കൊണ്ടിഹ വരാതെയൊരുത്തൻ
ഇന്നു വന്നതു മതീവ വിചിത്രം
ആയുധങ്ങളൊടുമശ്രമമിപ്പോൾ
ആയവൻ വരുവതാശ്ചര്യമപ്പൻ
എന്നുരച്ചു ബത കാലഭടന്മാർ
നിന്നു ചാപവിശിഖാദികളോടും

അട്ടത്തു ഗോപുരദ്വാരമമർത്ത്യനായകസൂനു
എടുത്തു ഗാണ്ഡീവചാപം കലച്ചു പൂണിയുമേന്തി
ധിമുന്തിം ധിം ധിമന്തീമകത്തുത്തൊണൊലി
[പാർത്ഥൻ
അമന്ദസംഭ്രമം പൂണ്ടങ്ങുഴന്നാരന്തകഭൃത്യർ

ഹുങ്കാരരോമയചെയ്തൊരു ഞാണൊലിയും
ശംഖാരവവും കേട്ടു കൃതാന്തൻ
നമ്മുടെ തനയസഹോദരനാകിയ
വെൺമതികുലമണി ശക്രതനൂജൻ
അവനുടെ ശംഖധ്വനിയതു നിസ്സംശയ-
മവനെ വിരോധിക്കാവതിൻ വെറുതേ
ശോഷ്ടിക്കവനോടു കലഹിക്കാതേ
കൂട്ടിക്കൊണ്ടിഹ വരുവിൻ വിരവിൽ
അന്തകശാസന കേട്ടുടനവരും
കുന്തീസുതനെക്കൊണ്ടിഹ വരുവാൻ
നരനോടവരുരചെയ്തിതുമന്തം
സുരനാഥജനും കൂപ്പി കൃതാന്തം
വിരവിലനുഗ്രഹമരുളി മുദായമ-
നരുളിച്ചെയ്തു കപിദ്ധ്വജനോടു
കിമതോർത്തുണ്ണി ധനഞ്ജയ! വരുവതി-
നെന്തൊരു കാരണമുരചെയ്താലും!
ഹരിസഖനാകിയ ഹരിസുതനപ്പോൾ
യമവചനം കേട്ടിദമുരചെയ്തു.

മതിമതി മഹാമതേ മാധുര്യവാക്കുകൾ
ചതികളിഹ ചെയ്തതുമത്ഭുതമോർക്കിലേ
ധരണിസുരവരതനയബാലകൻ തന്നെ ഞാൻ

ധരണീസുരാലയേകാത്തുനിൽക്കുംവിധൌ
ശരപരതാരനികരക്കൂടങ്ങൾതളിച്ചു
പാർത്ഥബാലനെക്കൊണ്ടിങ്ങുപോന്നാലും
അമരവരതനയനഹമെന്നേയോർക്കായ്കിലെ-
ന്നഗ്രജൻതന്നെനീചിന്തചെയ്തീലയോ?
മധുമഥനനഖിലജഗദീശനാംകൃഷ്ണന്റെ
കാരുണ്യപീയൂഷമുണ്ടുനമുക്കഹോ
ശരികമമകരതളിരിലഴകൊടുകുമാരനെ
തല്പേഷ്യമായെന്റെഗംഭീരസത്യവും
ഓർത്തുകൊള്ളായ്കിലന്തകനെന്നുള്ള
ധൂർത്തുപോക്കീടുവാൻപാർത്ഥൻമടിക്കുമോ!
ചൊന്നകാതീരത്തൊരുഭൂസുരബാലന്മാരെ
പാരാതെതൻപത്നിയെപ്പാരാനിക്കൊണ്ടു-
[പോന്നു
പാരാതെതനയനെഞാൻരക്ഷിച്ചുകൊൾപ്പനായ്
സത്യവുംചെയ്തുകൊണ്ടുപാർത്ഥനേവസിക്കുമ്പോൾ
ചിത്തഭയംകൂടാതെപ്പൂതമാഭൂസുരസുതനെ
അഗ്നികൊണ്ടുപോന്നാനത്രയുംധിക്കാരമായ്
ആയതിനിന്നിന്റെനാശംവരുത്തുവാനായ്
ആശുഞാൻവന്നതെന്നക്രോശത്തെകേട്ടുകൊൾക
ശുഭനാംപാർത്ഥനെന്നത്രനീശങ്കിക്കേണ്ടാ
പാഷണ്ഡനേതിന്നായിപ്പക്ഷങ്ങൾകൂട്ടുന്നായ്
കുന്തീനന്ദനനെന്നുകേട്ടിട്ടില്ലയോഭൂപ!
അന്തകവൈരിതാനുമന്തകനെന്നോവേണ്ടു
കുത്തുള്ളോരംകൊണ്ടുപോക്കുംതന്നിൽനിന്റെ
ധൂർത്തുകളവാനിനുപാർത്ഥൻമടിക്കയില്ലാ
ഇത്തരമുള്ളൊരുവിജയൻതന്നുടെ
അത്തൽമുഴുത്തൊരുവാക്കുകൾകേട്ടു
ആധിപിടിച്ചുവിയർത്തുകൃതാന്തന-
മരേരവോടങ്ങരുളിച്ചെയ്തു—
"എന്തൊരുഭൂസുരനെന്തൊരുബാലക-
നെന്തൊരുമിക്കിനീകൊണ്ടുതിരിച്ചു
ഹേതുവതെന്തിതുവരുവാനെന്നും
ഒത്തുമറിഞ്ഞിട്ടില്ലേതൊന്നും
മതാടരാരംപോയിട്ടില്ലാ
മൽപ്പുരിയിൽകൊണ്ടുപോന്നിട്ടില്ലാ
നിന്നെക്കബളിപ്പിച്ചോരാനതി-
നൊന്നോടുകോപിച്ചാൽഫലമുണ്ടോ?
അങ്ങേട്ടിഞ്ഞൊരെന്നാചിങ്ങിതി-
നമ്മിയാനെന്നപഴഞ്ചൊല്ലാർത്തു
സംശയമുണ്ടെന്നാകിലഹോരിച്ചു
പരംപരാതപോരികകൂടെ"
എന്നുപറഞ്ഞുതുറന്നിതുയമനാം
തന്നുടെവന്നരകപുരകവാടം
പാപംചെയ്തൊരുജീവനയിങ്ങനെ
ദുഃഖിപ്പിപ്പതുകണ്ടുകിരീടി,
കണ്ടാലുമോരോമഹാപാപികൾകിടക്കുന്നു
കാട്ടുമരുത്തുകൊണ്ടുകസ്സിതംപ്രാപിക്കുന്നു
ദേവസ്വംബ്രഹ്മസ്വവുംകേവലമടക്കിക്കൊ-
ണ്ടോരോമൽപ്പൂമേനിയായുള്ളൊരുകാന്തയോടും
സാദരംപൂലത്തുന്നാമൂഢന്മാരുടെതൻ
താഡനംചെയ്തുകൊണ്ടുവാട്ടിവലിച്ചീടുന്നു
കള്ളുകുടിക്കുന്നോരുന്മാദരുടെ
പള്ളച്ചീട്ടുകൊടുക്കുന്നകണ്ടു,
വള്ളികൾകൊണ്ടുവരിഞ്ഞതുകണ്ടു,
പാശംകൊണ്ടുമുറുക്കുന്നകണ്ടു,
പിന്നെപ്പലപലജീവനെയിങ്ങിനെ
ദണ്ഡിപ്പിപ്പതുകണ്ടുജ്ജനനം,
അസ്ഥലമഖിലംപാർത്തുകിരീടി
നാസ്തികമാനിനതൊത്തുഴൽതേടി
തന്തൻപാദവുമാശ്രനമിച്ചു
ഖേദാദികളഖിലങ്ങളൊഴിച്ചു
അവിടെയുമില്ലെന്നുടനെവിധിച്ചു.
ദിക്പാലന്മാരുകളുവനംപുക്ക
തത്രതിരഞ്ഞുംകാണാഞ്ഞതിനാൽ
നാണംകെട്ടുമനസ്സുമടങ്ങി
മാനംകെട്ടുമഹീന്ദ്രതനൂജൻ,
നിശ്ചയമായിമനസ്സിലുറച്ചു
അച്യുതനെന്നെയുപേക്ഷിച്ചെന്നു;
മൽചരിതംപുനരഗ്നിയിൽവീണുമ-
ഹിച്ചെന്നവസ്ഥഗ്രഹിച്ചീടേണം
ഏവംനിജമനതാരിലുറച്ചു
ദേവപാരാത്മജനതിശ്രമിച്ചു;
അനവധിവിറകുവരുത്തിനിരച്ചു
മനമതിലതിശയഭക്തിയുറച്ചു
ആശുകുളിച്ചുവിഭൂതിധരിച്ചുവി-
ലേശപദേനിജഭക്തിയുറച്ചു
ഇന്ധനമാശുവരുത്തിയുയർത്തി
പ്പനാലുടയുംപുനരതിശയമോടെ
അഗ്രജജനകസഹായനതായോ-
രഗ്നിയെവിരവൊടുപിറകിൽനടുവേ
കത്തിയടുത്തുചുഴന്നുപിളർന്നു-
നാശ്രയമാശ്രുതമൊളമുയർത്തി
ദിക്പതിമാരെയുമാരാധിച്ചു-
ങ്ങഗ്നിയെമൂന്നുവലത്തുംവച്ചു
ശരവുംശരധിശരാസനസമയുഗ-
കരതലചാരിയോടഞ്ജലിചെയ്തു
ദേവകുമാരവരിഷ്ഠാധികനാം
പാവകദേവനോടറിയിച്ചു.
പാണ്ഡിയനാണെയ!പാതമമന്നായ
പാഹിയനാജെയമയമിഹഭഗവൻ
ത്പട്ടണംകതപാപസമേതം
ത്ഭദ്രമൊരോട്ടുചേരുന്നേൻഞാൻ
എന്നുടെകൃഷ്ണ!യെന്നുവിളിച്ചു
വഹ്നിപ്പാടുവേചെന്നുചതിപ്പാൻ
ആഞ്ഞിത്തുഞ്ഞിയമന്നുകുതിച്ചു
ജനാങ്ങൾക്കനവധിഭയവുമുറച്ചു
ഉഷ്ണസമേതേജനനിനികേതേ
കൃഷ്ണനറിഞ്ഞാൻജിഷ്ണുജസമയം
അയ്യോ!കഷ്ടംനമ്മുടെപാർത്ഥൻ
തീയിൽച്ചാടിദഹിക്കുമിദാനീം;
പേടിമുഴുത്താരുമോഹത്തോടെ

ഭാരീജനാൎത്തനനതിമതിമോദാൽ
മഞ്ഞപ്പട്ടുടെയൊത്തുകിഴിഞ്ഞും
മഞ്ജീരചലനിതത്രപൊഴിഞ്ഞും
മാടിവലഞ്ഞുംനാടികഴഞ്ഞും
വാടിയുലഞ്ഞുംമാറിവിളിച്ചും
വിജയാ!വിജയാ!യെന്നുവിളിച്ചും
അരുതെസാഹസമെന്നുപറഞ്ഞും
വിജയൻവഹ്നിയിൽവീഴുംമുൻപേ
തരസാചെന്നുപിടിച്ചുമുകുന്ദൻ
മുൻനോക്കീട്ടതിച്ചൊരുപാൎത്ഥൻ
പിൻനോക്കീട്ടറിഞ്ഞുമാധവനെ
അപ്പോഴത്തെയവസ്ഥനിനച്ചാ-
ലൽഭുതമെന്നേപറവാനുള്ളൂ!
വിഭ്രമമോടഥമാനമകന്നോരു
രുക്മിണിവരനെക്കണ്ടൻമാറായി
വ്രീളാവിവശതപൂണ്ടുകിരീടി
കാളാംഗനെവീണുവണങ്ങി
തൊണ്ടവിറച്ചുംനെഞ്ചുവിറച്ചും
മിണ്ടാതാതെവിയൎത്തുതളൎന്നും
അണ്ടർവരാത്മജനിങ്ങൽമുഴുത്തു-
കണ്ടുദയാനിധികാർമുകിൽവൎണ്ണൻ
പുഞ്ചിരിപൂണ്ടിതമരുളിച്ചെയ്തു:
സഞ്ചരിതംബഹുവിസ്മയമോൎത്താൽ.

ഹന്തകുമാരകാ!ഹീ!എന്തിനാതുണ്ടീവണ്ണം
ഹന്തനിനച്ചുചപ്പുതസ്ഥകാരോമയമേ?
ചെന്തീയിൽവീണുദേഹംവെന്തുമരിപ്പാനൊരു
ബന്ധംഭവിച്ചീടുവാൻകാരണമെന്തുപാൎത്ഥ!
ബുദ്ധിതെളിഞ്ഞുകേൾക്കതപലവിധമായതെല്ലാം
സിദ്ധമാക്കിയഞാൻപ്രസ്താവകാരിയായോ
ഭാരതായോധനത്തിൽതേരതിലേറിനിന്റെ
വീൎയ്യവുംപൂരിപ്പിപ്പാൻസാരഥിയായില്ലയോഞാൻ
പോരിനായാരംഭിച്ചവീരന്മാരതായ്നേരേ
പ്രേരിച്ചുനേരത്തുതീതേരിൽപരിപതിച്ചു
അന്നേരംമോഹംതീൎത്തുനന്നായുപദേശിച്ചു
അന്നോരുപനിഷത്തുവിനുമന്നുപോരായോ
ലോകങ്ങളേഴുരണ്ടുംകീഴ്മേൽമറിപ്പതിനു
ശാകലമില്ലചിത്തേമേവിചാരിച്ചീടുമ്പോൾ,
ഭൂസുരബാലപരിപാലനവീരവാദ-
ഹേതുവതെന്നോടുപറയാഞ്ഞതെന്തുപാൎത്ഥ!
പൃഥ്വീസുരേശൻതന്റെപത്തുകുമാരന്മാരിൽ
പത്തിലൊരുത്തനെനീകാത്തുതരുന്നെന്ന
സത്യവചനമിന്നുമൂൎഖമല്ലുന്നിതിപ്പോൾ
ബുദ്ധിക്ഷയവുംവേണ്ടാചിത്തഖേദവുംവേണ്ടാ
പത്തുകുമാരന്മാരെയുംധരിത്രീദേവ-
സത്തമനായിക്കൊണ്ടുകൊടുത്താലുമർജ്ജുന!നീ
മോഹകൎമ്മത്തിനിനിമേഹമുണ്ടായതുനിൻ
സാഹസമെന്നല്ലാതെ ഹാ!ഹാ!പറഞ്ഞീടാമോ!

ഇതിമാധവഗിരമമരാധിപസുത-
നതിമാധുൎയ്യസമേതംശ്രുതമാ-
നതമാമുരരിപുചരണസരോരുഹ-
മുകുളാഞ്ജലിസഹിതമരനേവം

കരുണാകരതവതരുണാരുണസമ-
ചരണാംബുജയുഗമാധാരംമമ
പിഴകളശേഷമൊഴിച്ചരുളേണം
അടിയനൊടിന്നുക്ഷമിച്ചീടേണം
മുട്ടീടുന്നീയഗ്നിജ്വാലയിൽ
പെട്ടീടുന്നഹരേപരിതാപം
മുട്ടീടുന്നവിവേകവുമകമേ
വൃഷ്ണിവംശജ!ജഗദീശമുരാരേ!
ഇതിനരപതിഗിരമഖിലംകേട്ടു
അതിമോദേനചിരിച്ചുമുകുന്ദൻ
അഗ്നിജ്വാലയിലുഷ്ണമകന്നു
ശക്രതനൂജനുടഖേദമകന്നു
മാരകനാംനിജസൂതനൊടന്നാ-
താരകനേകരഥീജഗദീശൻ;
രഥവുംകൊണ്ടഥവന്നവനന്നിജ
പദവുംവന്ദിച്ചുളളവുതമാനീം
നരനൊടുസഹിതംനാരായണനും
വിരവിനൊടൽഭുതരഥമതിലേറീ-
ട്ടംബരമാൎഗ്ഗേയാത്രതുടങ്ങി
ജവംബഹുതരമകന്നുതുടങ്ങി
രവിമണ്ഡലവുംശശിമണ്ഡലവും
ധ്രുവമണ്ഡലവുംതാഴെക്കാണായ്
വിബുധാധിപപുരിനിശാനായകപുരി
നവഖേചരഗതിസുരദീൎഘികയും
കല്പകവൃക്ഷംപുഷ്പോദ്യാനവു-
മബ്ധികളുംകനകാചലശിഖരം
ഏറത്താഴത്തൊരെത്താഴെ
ദൂരെദ്ദൂരെക്കാണായ്വന്നു;
ലോകാലോകവുമങ്ങുകടന്നു
ഹാഹാക്രൂരതമസ്സാധിമുഴുത്തു
കൺകാണാഞ്ഞുമുടൻകമലേശ
മുഖംകാണാഞ്ഞുവലഞ്ഞുകിരീടി
ശക്രതനൂജനുടഖേദമൊഴിപ്പാൻ
വിക്രമശാലിജഗൽഗുരുകൃഷ്ണൻ
ചക്രപരായണനക്കമലേനിജ-
ചക്രത്തെപ്പരിശീഘ്രംസ്മൃതമാ
ചൊല്ലൈകാഞ്ചിതദീപാകൃതിജഗ-
ദേകാശ്രിതസുദൎശനചക്രം
ഉന്നുദിച്ചുകേപാതമൊഴിച്ചു
പാണ്ഡവനുള്ളിൽവിഷണ്ണതമൊഴിച്ചു
വൃത്രവിനാശനപുത്രനൊടന്നു
ജഗത്ത്രയനായകനത്രവിനോദാൽ
എത്രയകന്നിതുപദമതിദൂരമതിൽ
ത്രിദശാലജനോൽത്തരംചെയ്തു,
യോജനദൂരമൊരൻപതിനായിര-
മനവധികൂടീട്ടപ്പുറമായിതു

ഓരോതരമിടമരുളിയനേര-
ത്തേറിയദൂരമകന്നിതുതേരും
ശ്രീപാൽക്കടലുടെതിരയടിനാദം
താപാൽകേട്ടുമഹാൽഭുതജാതം
വൈഷ്ണവരൂപമഹാൽഭുതപൂൎണ്ണ-

സുഖസ്ഥലമോഹനമാർഗ്ഗങ്ങളൂടെ
ചെന്നണയുമ്പോളമ്പോടു കണ്ടു
സുന്ദരമഞ്ജുളതേജോനിലയം
ശ്രീകണ്ഠാദിനിഷേവിതമാം ഹരി
വൈകുണ്ഠം ജഗദേകമനോജ്ഞം
ക്ഷീരാർണ്ണവമതിൽ നാഗാധിപന്റെ
ചാരുഫണാഞ്ചിതമണിവരതല്പേ
നാരായണനധിവാസം കണ്ടു
മുരാരി കിരീടിയൊടരുളിച്ചെയ്തു;
കണ്ടോ തരമിതു കണ്ടീടുക വൈ-
കുണ്ഠപുരം പുരുഷോത്തമവാസം,
എന്നു പറഞ്ഞഥ നന്ദസുതോപി പു-
രന്ദരനന്ദനനോടു സമേതം
സ്യന്ദനമതിൽനിന്നമ്പോടിറങ്ങി
ജഗന്നിലയസ്ഥലമാശു വണങ്ങി;
അതിമോദത്തോടു നോക്കുന്നേരം
അതിശയമനവധി കണ്ടു തുടങ്ങി;
കനകക്കൊടിമരമുയരെക്കണ്ടു
ഖഗസത്തമസുനിവാസം കണ്ടു
ഹേമസമാനശയപ്രഭ കണ്ടു
സോമസമാനമതിൽപ്രഭ കണ്ടു
നവരത്നോജ്ജ്വലപരിഭാസുരമാം
സുരവർദ്ധിതസോപാനം കണ്ടു
ഹരിപാദഭക്തജനത്തെക്കണ്ടു
സുരമുനിമാരെയുമഴകൊടു കണ്ടു
ഓരോതരമവർ സേവകൾ കണ്ടു
നാരദമുനിയെ വിശേഷാൽ കണ്ടു
മേരുസമാനകിരീടം കണ്ടു
ചാരുഗളോന്നതമാലകൾ കണ്ടു
പുഷ്പോദ്യാനവിശേഷം കണ്ടു
ഷട്പദജാലവിലാസം കണ്ടു
പീതാംബരമാം പട്ടാട കണ്ടു
പാദാംബുജയുഗമഴകൊടു കണ്ടു
ലക്ഷ്മീദേവിയെയരികേ കണ്ടു
അക്ഷ്മാപതിയുടെ വാസം കണ്ടു
ശ്രീവൈകുണ്ഠവിശേഷമുരപ്പാൻ
ആകാംക്ഷിതമെന്നാകിലുമിപ്പോൾ
ആവുന്നതിനേ മോഹിക്കാവൂ
ഭാവിച്ചാലെളുതല്ലുരപ്പാൻ;
നരനോടു സഹിതൻ നാരായണനും
ഹരിചരണാംബുജമാശു വണങ്ങി
ഭൂമാഭഗവതിമാരൊടു കൂടി
ആമോദേന വസിച്ചരുളുന്നൊരു
ഭഗവദ്രൂപവിലാസം കണ്ടു
പെരുകിന ഭക്ത്യാ ഹരിസ്തുതി ചെയ്തു
മുരഹരനരനതിഗിരമിതി വിവിധം
ഹരികരുണാകര ജഗദഖിലേശൻ
ശ്രുതപാകൃതപാമുഗ്ദ്ധസ്മിതമിള-
മുഖപാമധുരമനോഹരവാക്യം
രാമസഹോദര! ഭീമസഹോദര!
ഹേ മമ ചാരുകുമാരന്മാരേ!
ഭൂതലവാസം സുഖമല്ലേ തവ-
സാധുജനത്തിനുമിഹ നിങ്ങൾക്കും
ദുഷ്ടാനമ്മുടെ ശത്രുസുരാദികൾ
ദുഷ്ടാം സുഖമൊടു വാഴുന്നില്ലേ!
മുസലിക്കും തവ ജനനിക്കും മന-
മൊരുമിക്കുന്ന യദുപ്രവരർക്കും
ഉപജനകനുമുപമാതാവിനും
തവ സുഖവാസമതല്ലേ കൃഷ്ണ?
നിർമ്മലഹൃദയ! വിജയ! നമ്മുടെ
ധർമ്മതനുജനു സുഖമോ വാസം?
മാരുതസുതനും മാദ്രീസുതരും
ശ്രീരജസോദരി തവ മാതാവും
കുശലസമേതനിവാസരതല്ലേ?
വിശദമതേ! ശതമന്യുതനൂജ!
ശത്രുഹരായുധചിത്രരസോദയ
നിത്യസുഖേന വസിക്കുന്നില്ലേ?
ഇതി മധുസൂദനനതിമധുരോദയ-
മുചിതകുശലഹലമരുൾ ചെയ്യുമ്പോൾ,
ഭക്തി നിറഞ്ഞു വഴിഞ്ഞു പൊഴിഞ്ഞനു-
സൂക്തമുവാച ജഗല്പതി കൃഷ്ണൻ;
കുശലം സകലം കരുണാജലധേ
കുശലമതില്ലാരുമറിയുന്നില്ലേ
നിന്തിരുവടിയറിയാതഖിലാശയ!
കിഞ്ചിദുദന്തം നിന്നഹിതുപരേ
ഒന്നും പറവാൻ തോന്നാതെ ബത
നിന്നു കിരീടി മുകുന്ദസമീപേ;
അന്നേരം മധുകൈടഭനാശൻ
അന്യോന്യാദരമരുളിച്ചെയ്തു;
ഉർവ്വീതലചരിതം ഹാഹര! തവ
ദുർവ്വാരബലചരിതവുമപരം
സർവ്വവിശേഷമശേഷമറിഞ്ഞേൻ
വസുദേവാത്മജവിജയന്മാരേ!
നിങ്ങളെയുള്ളൊരു വാത്സല്യം പുന-
രിങ്ങു മുഴുത്തു ഭവിച്ചതുമൂലം,
ഇരുവരുമെന്നുടെ മുമ്പിൽ വരേണം
പരിഭവരഹിതം കണ്ടീടേണം
അതിനൊരുപായവഴിഞ്ഞാനിഹ കരുതി
ക്ഷിതിസുരസുതരെക്കൊണ്ടിഹ പോന്നു
ഇന്നു വരും ബത നിങ്ങളതും പുന-
രെന്നു നിനച്ചു വസിച്ചിതു ഞാനും
പുത്രകുമാരരെയാത്മവനീസുര-
സത്തമനാശു കൊടുത്തു സുഖേന
ദമ്പതിമാരൊടനുഗ്രഹവും ബഹു
സമ്പ്രതി വാങ്ങി വസിച്ചീടുക പോയ്!
അതു കേട്ടുളവഥ തൊഴുതു നിവർന്നള-
വതി കൗതുകമിഹ കാണായ്വന്നു;
പുത്രരിസുരനുടെ പുത്രകുമാരരു-
മത്ര കളിച്ചു വസിച്ചീടുന്നു;
അച്ഛന്മക്കളെയെന്നാകണക്കെ
ആശ്ചരിയം ബഹുമയാസഹിതം
വാഞ്ഛാസാകമൊരുണ്ണിയെ ഭഗവാൻ

ചാഞ്ചാടിച്ചുകളിപ്പിക്കുന്നു
പോക്കാക്കൊക്കൊക്കെയെന്നുപറഞ്ഞു
വിരലുംപിടിച്ചുനിവർത്തികുമാരൻ
ഇതിലീതിലതിലിതിലെന്നുപറഞ്ഞു
വിരലുകൾചെന്നുപിടിച്ചുനിവർത്തും
കൌസ്തുഭമാശുപിടിച്ചുവലിച്ചു
കഴുത്തിലുടൻകരമേറിയിരുന്നും
മടിയിൽപുക്കുസുഖമാശയിച്ചും
മകരകാതിലകണ്ടുരസിച്ചും
വിട്ടുവിടമുട്ടുകൾകുത്തിനടന്നും
ഫണിവരതല്പേവീണുമറിഞ്ഞും
വല്ലസാധികമാംവചനമുരത്തും
കലിതരസേനകളിച്ചുരസിച്ചും
ഇക്കൈകൊണ്ടുപിടിച്ചുമുറുക്കി
ശീഘ്രംനിറുകയിലാഘ്രാണിച്ചും
ലക്ഷ്മീഭഗവതിപാർത്താനാരായണനെ
യാശ്ലേഷിച്ചുകപോലകൊടുത്തും
അവനീദേവിയുമവനുടെപൂർവ്വജ-
മാരമോടഥതാലോലിച്ചും
ബാലകലീലാവിലസിതമപ്പത്തു-
ബാലകിരീടികൾകണ്ടുരസിച്ചും
പുഞ്ചിരിപൂണ്ടുപരൻപുരുഷൻപുന-
രഞ്ജിതരൂപൻകിഞ്ചിൽബഭാഷേ
വിശ്രുതവിപ്രകുമാരന്മാരേ
പശ്യമുരഹരവിജയന്മാരേ!
പത്തുശിശുക്കൾക്രമമേയുമവരുടെ
നിത്യവളർച്ചവയസ്സുകളുംബത
ഉണ്ണികളെപ്രതിപരിപാലിച്ചുട-
നബ്ജാക്ഷനിദമരുൾചെയ്തു;
സുഖമായങ്ങുഗമിച്ചുവസിപ്പിൻ
സുകുമാരാകൃതിമാരേനിങ്ങൾ
നിങ്ങൾക്കച്ഛനുമമ്മയുമുണ്ട്
നിങ്ങളെയോർത്തുവിലാപിക്കുന്നു;
എന്നതുകൊണ്ടിനിവൈകാതവരെ
ച്ചെന്നഥകണ്ടുവരേണമിദാനീം.

മധുകൈടഭാരിതന്റെമധുരമാംവാക്കുകേട്ടു
അധികസന്താപത്തോടുംകരയുന്നുബാലകന്മാർ
പൊഴിയുന്നകണ്ണുനീരുംകേഴുന്നമാനസവും
പതറുന്നഖേദത്തോടേപറയുന്നിതോരോതരം
വിയർക്കുന്നുദീർഘവീർപ്പുംപിളർത്തുന്നുചുണ്ടുരണ്ടും
തളരുന്നുപാരവശ്യാപറയുന്നിതോരോതരം
ജനകജനനിമാരുംഇവിടെയുണ്ടല്ലോഞങ്ങൾ-
ക്കിനിയെന്തൊരച്ഛനമ്മ! അറിയുന്നില്ലല്ലോ-
(ഞങ്ങൾ;
ഒരുനാളുംപോകയില്ലെന്നുരചെയ്തുനാഥൻതന്റെ
തിരുമുഖംനോക്കിനോക്കികരയുന്നുബാലകന്മാർ

മഹിമാഭഗവതിമാരതുകണ്ടുട-
നാമോദേനസമാശ്ലേഷിച്ചു
ദ്ദുഃഖമൊഴിച്ചിദമരുളിച്ചെയ്തു
മക്കളെ! യങ്ങുഗമിക്കസുഖേന,
നിങ്ങൾക്കച്ഛനുമമ്മയുമുണ്ട്
നിങ്ങളെയോർത്തുവിലാപിക്കുന്നു,
പിതൃമാതാക്കളെദുഃഖിപ്പിക്കരു-
തതിദോഷംവരുമതിനുണ്ണികളേ!
എന്നതുകേട്ടുകുമാരന്മാർക്കട-
നൊന്നുപകർന്നുചമഞ്ഞു സ്വഭാവം;
അങ്ങുള്ളവരെക്കണ്ടീടേണം
ഞങ്ങൾക്കങ്ങുഗമിച്ചീടേണം
അച്ഛനുമമ്മയുമുള്ളേടത്തേ-
ക്കിക്ഷണമിപ്പോളയച്ചീടേണം;
മായാമയനാംനാരായണനുടെ
മായാവൈഭവമതിശയമോർത്താൽ
നിശ്ചലമാനസനാകിയഭഗവാൻ
കുട്ടികളോടിദമരുളിച്ചെയ്തു,—
"എങ്കിൽസുഖമായങ്ങുഗമിപ്പിൻ
സങ്കടമുള്ളിലശേഷമൊഴിപ്പിൻ
ഓജസ്സോടെചെന്നുടനവരുടെ
തേജസ്സോടുവസിക്കനിങ്ങൾ,
ഇദമരുൾചെയ്തഥഭദ്രയോഭദ്രയോ
വിരവൊടുതഴുകിയനുഗ്രഹമേകി,
യാത്രയയച്ചുമുകുന്ദൻകൃഷ്ണനു-
മാസ്ഥയോടേദ്വിജബാലന്മാരെ
ത്തേരതിലേറിയുഴറ്റൊടുവേഗാൽ
ദ്വാരകതന്നിലിറങ്ങിവിളങ്ങി
ധരണീസുരനുടെഭവനേചെന്നാ-
കരുണാകരനുടെവചസാവിജയൻ
പൃഥ്വീദേവനെയാശുവിളിച്ചു
അപ്പൊഴുതുംകൃതമാശിശകാരം
വേണ്ടാപരിഭവഗിരമിനിഭൂസുര-
നിങ്ങളശേഷമൊഴിപ്പതിനായി
പങ്കജനയനൻശ്രീകൃഷ്ണൻവ-
ന്നങ്കണസീമനിമരുവീടുന്നു,
തിറമൊത്തോളംപരികളവാനിഹ
ക്കാറാംപോവാൻപിന്നെയുമാമേ,
എന്നതുകേട്ടുപുറത്തുമിറങ്ങി
മന്നിടദേവൻമഹിഷീസഹിതൻ
ശ്രീധരദേവനുമിദമരുൾചെയ്തു
ഭൂസുരനാഥനൊടയിദുണരാരേ!
മൃത്യുഭവിച്ചസുതന്മാരെത്തവ
പത്തിനെയുംബതപശ്യമഹാത്മൻ
ഒന്നിനെവിജയൻരക്ഷിച്ചതുമതിൻ-
മുന്നേപോയവരൊമ്പതുപേരും
കണ്ടുകൊൾകതവപുത്രരെയതിസുഖ-
മാണ്ടുകൊള്ളുകതവനിത്യനിവാസം.
എന്നരുൾചെയ്തഥനന്ദജനാശു
പുരന്ദരജന്തൻതന്നുടെകയ്യാൽ
നന്ദിച്ചൻപൊടുനന്ദനദശകം
മന്നിടദേവനുനൽകിപ്പിച്ചു
മേദിനിദേവൻമാനിനിയോടും
മോദമുളിച്ചതുചൊല്ലാവല്ലേ
അത്ഭുതമത്ഭുതമെന്നുമഹാജന-
മുല്പലനേത്രനെവാഴ്ത്തീടുന്നു,

ആലിംഗനമവർചുംബനമങ്ങവ-
രാവോളമവർചെയ്തീടുന്നു.
അവനീസുരന്മാർമണിസഹിതം
കമലാകാമുകവിജയന്മാരെ!
മകുടശ്രീയിച്ചൊന്നുള്ളോരെന്നിത്തമൈ-
നിക്കടവിച്ചൊരതിഭദ്രമിദം
ദുഷ്കൃതവചനമുരത്തവയെല്ലാം
സൽകൃതമെന്നോബോധിക്കാവൂ,
ഭൂസുരവരരുടെശീലമിതെന്നേ
ചേതസിനിങ്ങൾനിരൂപിക്കാവൂ,
ആത്മജഫലമോടവനപ്പോൾ
വാഴ്ത്തിമുരാന്തകവിജയന്മാരെ
മേദിനിതന്നിൽമാനിനിയോടും
സാദരമത്രസുഖിച്ചുവസിച്ചു

സന്താനഗോപാലം ഓട്ടൻതുള്ളൽ സമാപ്തം.

---

൨൮ കൃഷ്ണാർജ്ജുനവിജയം.

മുനിജനപാലൻമനസിജകാലൻ
മുരരിപുഭഗവാൻഗിരിവരനിലയൻ
ഹിമഗിരിസുതയൊടുമൊന്നിച്ചരികിൽവസം
കമലാസനസേവകൃതുകവികരൻ
കരിവരകരിണികളായിവനങ്ങിൽ
പരമേശ്വരനും പാർവ്വതിതാനും
പെരുകിനമോദമൊടൊരുതിരത്തും
ഗിരിവരസവിധേപെരുകിനവിപിനേ
കരികളനികരമൊടൊത്തുകളിച്ചും
തരുനിരകളിലിടത്തുപൊടിച്ചും
പ്രണയിനിയാകിയദേവിയെഭഗവാൻ
പ്രണയമിയന്നുപുണർന്നീടനേ
പലപലലീലകളോടിടചേർന്ന
മലയുടെതടഭുവിദേവുംകാലം
ഗർഭമുള്ളവൾ ശ്രീദേവിക്ക-
ങ്ങൾക്കനൊന്നുജനിച്ചുതേവിടെ
തുമ്പിക്കരവുംകൊമ്പുംപൂണ്ട
കുംഭോദരനാംഗണപതിഭഗവാൻ
ലക്ഷണനിധിയാംഗണനായകനുടെ
ഭക്ഷണനിറപ്പുനിനാതരുന്നേൻ,
അടപടലികളപ്പമസംഖ്യം
പടുതരമനവധിച്ചുടുകിഴങ്ങും
പൊരിയവലനവധിനറുനെയ്യുള്ളവും
പരിചൊടുലക്ഷംകദളിപ്പഴവും
പത്തുസഹസ്രംപൂവൻപഴവും
എട്ടുസഹസ്രംകൊട്ടത്തേങ്ങ
കുംഭസഹസ്രംപാലുംതേനും
അമ്പതുലക്ഷംനേന്ത്രപ്പഴവും
പായസപൂരിതകുംഭസഹസ്രം
മായമൊഴിഞ്ഞിഹനൽകീടുന്നേൻ
സതതമൊക്കെഭുജിച്ചുഗണേശൻ
സാപത്തയോടുവരംതരവേണം
നൽക്കവിയരുളുകവിശ്വേശ്വരനേ!
ഇക്കാലിണമമശരണംപോററി!

ഏണനയനേദേവി!വാണീടുകണാലയേ!
താണീടാതടിയന്റെനാവിന്മേൽവിളങ്ങേണം
മേളത്തോടൊത്തവതിലോലംകലർന്നതിര
മാലകൾപോലെകവിജാലങ്ങൾതോന്നീടേണം
വിരവോടുള്ളവയ്യൂർമരുവുംതമ്പുരാൻകൃഷ്ണൻ
കരുണയോടനുഗ്രഹംതരുവാനായ്പണിയുന്നേൻ
കനിവെന്നിലുണ്ടാകേണം ശിവനാരായണമൂർത്തേ
തനയൂരെമ്പുരാൻദേവനിതാകൈവണങ്ങു-
[ന്നേൻ
മുനിനാഥൻവ്യാസനാരദനിവാളവാല്മീകി-
[യും
ജനകാദിഭൂതരെൻമാരഖിലംനമസ്കാരം
കരുണാവാരിധേനിന്റെകൃപയെന്നിൽവിളയ-
[ിച്ചും
ഉരചെയ്യാൻകഥയെല്ലാംപരിചോടെതോന്നീടേ-
[ണം

എന്നാലിനിയൊരുകഥയുരചെയ്യാ-
മെന്നുടെഗുരുവരനരുളിയപോലെ
നാരായണനജനാമ്പുജനയനൻ
പോരായിരമുള്ളരവിന്ദാക്ഷൻ
സീരായുധനുടെസഹജൻകൃഷ്ണൻ
താരാർമകളുടെകണവനുദാരൻ
വാരാന്നിധിയുടെനടുവിൽവിളങ്ങിന
ദ്വാരാവതിപുരിതന്നിലുദാരം
പതിനാറായിരമെട്ടുംസ്ത്രീകള
മതിയായുള്ളൊരുതനയന്മാരും
ഉദ്ധവർസാത്യകികൃതവർമ്മാദിക-
ളുത്തമസചിവന്മാരൊടുകൂടി
പത്തനസീമനിപരമാനന്ദേ
സാനന്ദതയോടുവസിക്കുംകാലം
ഒരുദിനമക്കാലമിതാനേരം
വിരവൊടുഭഗവാനെഴുനേറവുടനേ
അമലതരമാംസുരസലിലേമുഴുകി-
ട്ടിനകൃത്യങ്ങൾതുടങ്ങിപ്പതുക്കെ
ത്തൃക്കയ്യിണയിൽജലവുംകോരി-
ട്ടർക്കനെനോക്കിജപിക്കുന്നേരം,
മുഷ്കരനായൊരുഗന്ധർവ്വേശൻ
പുഷ്കരമാർഗ്ഗേകുതിരയുമേറി

ധിക്കൃതമാനസനായവനാം
ദിക്പാലാധിപസഖ്യമദാന്ധൻ
ഉല്പലനേത്രൻനിന്നരുളുംമിതി
മേൽഭാഗത്തങ്ങെത്തിയനേരം
സത്വരഗതിയതുപോരെന്നോൎത്തവ-
നത്യുൽക്കടപദപ്രഹരംകൂട്ടി
അശ്വംതന്നുടെവായിലെനുരയും
അച്യുതകരഗതവാരിയിൽവീണു
അക്ഷിതുറന്നഥനോക്കിമുകുന്ദൻ
തൽക്ഷണമഞ്ജലിത്യജിച്ചിതുസലിലം
ആകാശാന്തേനോക്കിയനേരം
പോകുംഗയനെക്കണ്ടിതുനിമിഷം
പരമാൎത്ഥംപുനരുള്ളിലറിഞ്ഞു
തിരുമിഴിയൊന്നുചുവന്നുമറിഞ്ഞു
തിരുവുടലൊന്നുവിറച്ചുചിരിച്ചു
വിരവൊടുഭഗവാനരുളിച്ചെയ്തു:—
"ദുൎന്നയമാനസഗന്ധൎവേശ
നന്നിഹനിന്നുടെയജമാനത്വം
ഇന്ദ്രൻസഖിയെന്നോൎത്തിഹനീമേ
നിന്ദിച്ചതുമതികൗതുകംതന്നെ
ധിക്കാരത്തൊടുനമ്മുടെനേരേ
വക്കാണത്തിനുവന്നതുകൊള്ളാം
ഒട്ടുംസംശയമെന്നിയെനിയമം
മുട്ടിച്ചതുനീയെന്നതുമൂലം
കൎശമാനസനിൻതലനമ്മുടെ
ചക്രംകൊണ്ടേമുറിച്ചുവിടുന്നേൻ
മുട്ടിയനിയമംചെയ്യാൻനിൻതല
കിട്ടിയപിമ്പേമമചര്യമുള്ളൂ
ഇന്ദ്രൻതാനുംമററുള്ളോരും
വന്നുതടുപ്പതുകാണാമല്ലോ.
മിത്രംതവപുനരങ്ങെന്നാലതു
ശത്രുനമുക്കതുസംശയമില്ലാ,
വസുദേവാത്മജനായിട്ടിങ്ങിനെ
വസുമതിതന്നിൽവസിക്കുന്നാകിൽ
നിന്നെവധിച്ചേകൃഷ്ണനടങ്ങൂ
ഇന്ദുകലാധരപാദമതാണേ
സത്യവുമതുചെയ്തംബുജനയനൻ
പത്തനമതിലുടനാടെഴുന്നള്ളി
മുരരിപുതന്നുടെസത്യംകേട്ടു
പെരുകിനഭീതിമുഴുത്തിതുഗയനും
ഓടിയണഞ്ഞുസുരാധിപനഗരേ
തേടിനഭയവുംവാടിനമുഖവും
പൂണ്ടുവിറച്ചുവണങ്ങുംഗയനെ
കണ്ടുസുരാധിപനിങ്ങനെചൊന്നാൻ:—
"വത്സസഖേ!തവനിസ്സന്ദേഹം
ത്വത്സഖിസുരപതിഞാനുണ്ടല്ലോ
സങ്കടമെന്തുഭവാനുളവായതു
ശങ്കിക്കേണ്ടപറഞ്ഞാലുംനീ!
ശൌൎയ്യപരാക്രമമുള്ളഭവാനതി
ഭീരുവതാവാനെന്തവകാശം
ദുഃഖംവന്നതുതീൎപ്പാനല്ലോ
സഖ്യതയുള്ളവരുതകീടേണ്ടു
ദിക്പാലാധിപനാമിഹനിന്നുടെ
ദുഃഖമൊഴിപ്പാൻമതിയല്ലെന്നോ?
പുരുഹൂതൻമൊഴികേട്ടുഗയനും
പരിതാപങ്ങൾപറഞ്ഞുതുടങ്ങി
"ദേവാധിരാജനിന്നൊടുസ്സുവിച്ചുപോരുന്നോരാം
ദേവകീപുത്രൻകയ്യാൽചാവാനായ്തുടങ്ങുന്നു
ശിക്ഷിക്കുംകൃഷ്ണനെന്നെരക്ഷിച്ചുകൊണ്ടാലുംനീ
രക്ഷനീയല്ലാതാരുംക്ഷിതിതന്നിലില്ല
പെട്ടന്നങ്ങതുകേട്ടുഞെട്ടിമഹേന്ദ്രൻതാനും
ഇഷ്ടംവെടിഞ്ഞുമഹാകഷ്ടമെന്നുരചെയ്തു;
കാരുണ്യമൂൎത്തികൃഷ്ണൻകാരുണ്യലേശംകൊണ്ടു
പാരാതെഞങ്ങളേയുംപാലിച്ചുമേവീടുന്നു:
സഖ്യമുണ്ടെന്നാകിലുമിക്കാൎയ്യംചൊല്ലീടേണ്ട
നിൽക്കാതെവേഗംവേറെദിക്കുമാത്രമൊപ്പിക്കേ-
[ണം
വേഗംനീപോയീടങ്ങാലോകാൎയ്യമായിങ്ങുമാകാം
പാകാരിയെന്നപ്രൗഢിപോയാലുംവേണ്ടതില്ല
നാകജൻവരുംമുമ്പേനീനാണംപോയാലുംനീ!
എന്നൊട്ടുകേൾപ്പെരുമാറ്റംനിന്നോടുംകാണേന്നാകി-
സുത്രാമാവുരചെയ്തവൃത്താന്തംകേട്ടനേരം (ൽ
ചിത്രമെൻവിധിയെന്നങ്ങുൾത്താപാൽഗയൻതാ-
പങ്കജയോനിയോട്ടുസങ്കടമുണൎത്തിച്ചാൻ (നും
ശങ്കരഹിതമുരചെയ്തുവിരിഞ്ചനപ്പോൾ;
വൃന്ദാവനത്തിൽചെന്നുമുന്നമന്നൊരുനാളിൽ
നന്ദസുതനെന്നെനിന്ദിപ്പാൻഭാവിച്ചപ്പോൾ
വന്നിത്രകളെല്ലാമിന്നുംമറന്നീലനല്ല
നന്ദാത്മജനെൻകളിപവനീനുൾഭജിക്കുന്നോൻ.
മുഖ്യചൂഡനോട്ടുവൃത്താന്തംകല്പിച്ചാലും
നിഷ്ഫലമഥചന്ദ്രചൂഡൻരക്ഷിക്കുംനിന്നെയെന്നാ-
സാരസസംഭവൻചൊന്നവാക്കുകൾകേട്ടനേരം (ൽ
മാരാരിതിരുമുമ്പിൽപാരാതെഗയൻചെന്നുകൂപ്പി:
സത്യംഗയനുണൎത്തിച്ചവൃത്താന്തംകേട്ടശേഷം
മുഖ്യചൂഡൻമന്ദസ്മിതവുംചെയ്തു
സത്വരംഗയനോടങ്ങരുളിച്ചെയ്തു:—
"പാൎത്ഥൻതാനൊരുവ്രതിനാൎത്ഥിവന്നതുംകൃഷ്ണൻ
ബാണന്റെവാതിൽകയ്യേറ്റുവന്നിട്ടാകാമതിങ്കൽ
(ൽ
ബാണനെക്കൊണ്ടുകൃഷ്ണൻക്ഷീണിപ്പിച്ചിരിക്കുന്നു
പോയാലുമെന്നാലിതുസാധിക്കുന്നതുമല്ല
മായാമയനവനുപായങ്ങൾക്കറ്റമില്ല
ഏവംമഹേശനുടെഭാഷണങ്ങൾകേട്ടു
ജീവൻഗമിച്ചുകൊണ്ടുഗയൻനടകൊണ്ടു
"പുരാതനകുലജാതന്മാരാം
അരുതരുതെന്നുവെടിഞ്ഞാശയം
ശരണംനഹിനഹിഭുവനംതന്നിൽ
മരണംവരുവതുസത്യംതന്നെ
ഇങ്ങനെയോൎത്തുഗമിക്കുംഗയനഥ
ബഹുവിധമോഹംപെരികെക്ലേശങ്ങൾ;
പദ്ധതിതന്നിൽപതനംചെയ്തുപ-
നത്തൽമുഴുത്തുകരഞ്ഞീടുമ്പോൾ

വീണാധരമുനിനാരദനപ്പോൾ
ഏണാങ്കാദ്ഭുതസേവശ്യനായി
വീണാഗാനമൃദുസ്വരമോടെ
കാണ്മായവിടെവരുന്നതുമപ്പോൾ
പന്മാവതിലധികേണകിടക്കും
ഗന്ധർവ്വേശംകണ്ടുമുനീന്ദ്രൻ
പുഞ്ചിരിക്കൊണ്ടിദമരുളിച്ചെയ്തു
"ചഞ്ചലമെന്തുനിനക്കുഭവിപ്പാൻ
ധൈര്യമശേഷവുമെങ്ങുഗമിച്ചു
ഭീരുവതാവാനെന്തവകാശം?
ഖിന്നതയെന്നിയെരണ്ടേനാലും
ചെന്നാലായതുതീർക്കാമെല്ലാം
എന്നരുൾചെയ്തോരുനാരദമുനിയെ
വന്ദിച്ചാശുപറഞ്ഞിതുഗയനും
സുരപതിഞാനൊരുഹയഗളമേറി
സുരപതിസവിധേപോകുന്നേരം
അച്യുതകരഗതവാരിയിലെന്നുടെ
അശ്വംതന്നുടെമജ്ജപതിച്ചു
ധിക്കൃതമെന്നുനിനച്ചുമുകുന്ദൻ
ചക്രംകൊണ്ടുകഴുത്തുമുറിപ്പാൻ
ഉഗ്രതയോടൊരുസത്യംചെയ്തു
വ്യഗ്രതയിന്നതുതന്നെമുനീന്ദ്ര!
സുരപതിതാനുംപിതൃപതിതാനും
പുരഹരകമലജദേവന്മാരും
അരുതരുതെന്നുവെടിഞ്ഞിതുദൂരെ
കരുണാസാഗര!മാമുനിതിലക
ഗന്ധർവ്വാധിപവാക്കുകൾകേട്ടു
സന്തോഷിച്ചുചിരിച്ചുമുനീന്ദ്രൻ
വില്ലാളികളിൽചതുരതപെരുകിന
കല്യാണാലയനാകിയപാർത്ഥൻ
മല്ലാരാതിയുമായിട്ടിവിടെ
നല്ലൊരുസംഗരമുണ്ടാകേണം
സംഗരചതുരതകണ്ടുരസിപ്പാ-
നിന്നൊരുസംഗതിയുണ്ടെന്നോർത്തു
യുദ്ധവിദഗ്ദ്ധതകാണാമീപുനരാ-
ബാധംചെറുതുഭവിക്കയുമില്ലാ;
ഇത്തരമോർത്തുമുനീന്ദ്രൻഗയനൊടു
ചിത്തകുതൂഹലമോടരുൾചെയ്തു:—
"ഗന്ധർവ്വാധിപനിന്നെവരിക്കും
കുന്തീസുതനാമർജ്ജുനവീരൻ
പാണ്ഡുസുതന്മാരൈവരുമൊത്തിഹ
വാണരുളുന്നിതുദ്വൈതവനത്തിൽ.
അവിടെച്ചെന്നുടനവരെഭജിച്ചാ-
ശ്രയണംചെയ്യുമവർക്കുസാദ്ധ്യം.
സത്യംചെയ്യുന്നർജ്ജുനനെന്നോ
വൃത്താന്തംകേൾപറഞ്ഞീടപ്പോ;
പാശുപതാസ്ത്രംശരമുണ്ടവനൊരു
ക്ലേശലേശംകാണുകയില്ല;
എന്നാലെന്തിനുതാമസമിവിടെ
നന്നായ്ത്വരിതംഗമിച്ചാലുംനീ
എന്നരുൾചെയ്തുമുനീശ്വരനപ്പോൾ
നന്നായവിടെമറഞ്ഞൊരുശേഷം
കുന്ദതനീക്കിയെഴുന്നൊരുഗയനും
മണ്ടിയണഞ്ഞിതുദ്വൈതവനത്തിൽ
പാർത്ഥൻതന്നുടെപാദസമീപേ
പൃത്ഥ്വിയിൽവീണുകരഞ്ഞുതുടങ്ങി.

"വീരാവിമലഗുണധീരവിജയകേൾക്ക
പാരംഭീതനെയെന്നെപ്പാലിച്ചുകൊണ്ടീടേണം
ഗന്ധർവ്വനായൊരന്ധൻഞാനറിഞ്ഞാലും
ബന്ധംഭയത്തിനെന്റെയന്തംനിനച്ചുതന്നെ
ശിക്ഷിപ്പാൻശത്രുവന്നാൽരക്ഷിച്ചുകൊള്ളേണംനീ
രക്ഷകന്മാർമറ്റില്ലാരുംരക്ഷിപ്പാൻനിന്നെപ്പോലെ
ധർമ്മതനുജനിന്റെനിർമ്മലമനസ്സോടെ
നമ്മുടെജീവരക്ഷസമ്മാനംചെയ്തീടേണം
ഭീമനകുല!സഹദേവഞാൻവണങ്ങുന്നേൻ
ഭീമഭയംകളവാൻഭൂപാലവീരന്മാരേ!
പാണ്ഡുതനയവീര!ഗാണ്ഡീവധരജിഷ്ണോ
ഖാണ്ഡവദാഹംചെയ്തപാണ്ഡവനമസ്കാരം
ഏവംപറഞ്ഞുഗയൻദേവേന്ദ്രസുതൻതന്റെ
പാദംപിടിച്ചുകൊണ്ടുവീണുരുണ്ടീടുന്നേരം

ധർമ്മാത്മജനുംവിജയനെനോക്കി
നിർമ്മലമാനസനൊന്നരുൾചെയ്തു:—
"വാശ്ശുതുമിവനെപ്പാലിക്കേണം
സ്വാശ്രമധർമ്മങ്ങളിനെയുള്ള
ബന്ധമൊഴിച്ചുപരിപാലിപ്പാ-
ന്നീവിജയമടിക്കരുതേതും
ഭീമമിവനെപ്പാലിക്കാഞ്ഞാൽ
സോമകുലത്തിനുകുറവൊന്നായി
മാദ്രീതനയരുമിങ്ങിനെതന്നെ
ഭദ്രംരക്ഷണമെന്നരുൾചെയ്തു:
വിജയൻഗയനെയെടുത്തെഴുനീല്പി-
ച്ചുചിതമറിഞ്ഞുപറഞ്ഞാനപ്പോൾ;
"സന്താപംപുനരെന്തുകഥിക്ക
ബന്ധുഭവാനിഹഞാനുണ്ടല്ലോ
ശത്രുകരത്താലിക്കാലംതവ
മൃത്യുഭവിപ്പാനുണ്ടുപ്രയാസം
ആരിഹനിന്നുടെശത്രുവതെന്നും
നേരുരചെയ്ക നിമിത്തവുമെല്ലാം;
പരിതാപേനപറഞ്ഞിതുഗയനും
പരമാർത്ഥങ്ങൾകഥിക്കണമെങ്കിൽ
രക്ഷിച്ചീടുവനെന്നൊരുസത്യം
തൽക്ഷണമിങ്ങുതരേണംമുമ്പിൽ
എന്നാൽചിത്തമുറച്ചുകഥിക്കാം.
മെന്നുഭവാനിഹബോധിച്ചാലും
മന്ദസ്മിതവുംചെയ്തുകിരീടി
തന്നുടെവില്ലുംശരവുമെടുത്തു
ശത്രുജനാർദ്ദനനെന്നറിയാതെ
സത്യംചെയ്തുസുരപതിതനയൻ
യമനിയമാദിഗുണസ്ഥിതനാകിയ
യമസുതനാംമമപൂർവ്വജനാണെ
ഗുരുപാദാംബുജയുഗ്മത്താണെ

പുരഹരപാദസരോജത്താണ
ഖാണ്ഡവദാഹംചെയ്തുഭജിച്ചൊരു
ഗാണ്ഡീവംചാപമചാപത്താണ
നിന്നുടെജീവനെരക്ഷിച്ചീട്ടവ-
നിന്നതിനില്ലൊരുസംശയമേതും
ഉൾക്കമലത്തിൽവിളങ്ങുംനമ്മുടെ
ചക്രായുധനുടെപാദത്താണ
അല്പവുമീഷൽനമുക്കതിനില്ലാ
കെല്പോടുസത്യമുരച്ചാലുംനീ
അതുകേട്ടവനതിമോദത്തോടും
ചതുരൻവിജയനൊടിങ്ങനെചൊന്നാൻ
"വാജിയുമേറിവിയത്തിൽക്കൂടി
വാസവനഗരേപോകുംനേരം
അച്യുതകരഗതധോരിയിലെന്നുടെ
അശ്വംതന്നുടെമജ്ഞുപതിച്ചു
നിയമവിരോധംചെയ്തൊരുനമ്മെ
ശമനാപുരത്തിലയപ്പാൻകൃഷ്ണൻ
കൂട്ടനായങ്ങൊരുസത്യംചെയ്തു
ഝടിതിവരുംപുനരിവിടെയുമിപ്പോൾ
വിജയമഹാരഥവിവശതപോക്കി
നിജകുലധർമ്മംപാലിക്കേണം
എന്നുഗയോക്തികൾകേട്ടുകിരീടി
കുന്നുനടുങ്ങിനിലത്തുപതിച്ചാൻ;
വില്ലുംശരവുംപോയിത്തൂരെ
ഉല്ലാസങ്ങളുമൊട്ടുകുറഞ്ഞു
ജ്യേഷ്ഠനതാകിയധർമ്മാത്മജനും
ഞെട്ടിവിറച്ചുധരിത്രിയിൽവീണാൻ
ഭീമനുമെന്നുമപകന്നിളഭാവം
കോമളനാകിയനകുലൻതാനും
സഹദേവനുമതിസാഹസമോടെ
ഹാ!ഹാ!യെന്നുതുടങ്ങിനിനാദം
ദ്രൗപദിതാനുംമുറവിളികൂട്ടി
ദൈവവിരോധംവരുമെന്നോർത്തു
ഋജുമനതാകിയധർമ്മാത്മജനും
ബുദ്ധിപകർന്നുകരഞ്ഞുതുടങ്ങി
യമതനയരോദനംകേട്ടുഭീമൻതദാ
ശമനസുതസന്നിധൌചെന്നുചൊല്ലീടിനാൻ
അരുതരുതുപൂർവ്വജയോഗ്യമല്ലിത്തരം
ശിരസിവിധിലേഖനംപോലെവന്നീടുമേ
ഗയനിലൊരുകരുണയിനിയരുതുശമനാത്മജ
വഴിയിവനെബന്ധനംചെയ്കപാശങ്ങളാൽ
മുരമഥനസന്നിധൌകൊണ്ടുചെന്നീടുക
നരകരിപുകൃഷ്ണനുംസന്തോഷമായ്വരും
പവനസുതഭാഷിതംകേട്ടനന്തരം
സവിതൃസുതനന്ദനൻചൊല്ലിനാനിത്തരം
മുരിചപലമതുസംഗരംകോഗതിനിർണ്ണയം
വിജയനുടെശപഥമൊഴിയോർക്കവാതാത്മജ!
വിഫലമെന്നാകുമോസത്യവാക്കേകിനാൽ?
ശപഥമൊഴികൊണ്ടുനാംകാട്ടിൽവാഴുന്നതും
നരകരിപുമാധവൻശത്രുവായീടുകിൽ
രണ്ടുവിചചാവതുംയോഗ്യമെന്നോവരു"

ശമനസുതനിങ്ങിനെചൊല്ലിമേവുംവിധൌ
അമരമുനിനാരദൻവന്നുകേറീടിനാൻ
മുനിവരനുപീഠവുംനൽകിവന്ദിച്ചുടൻ
അനിലസുതപൂർവ്വജൻചൊല്ലിനാനിത്തരം.
"കമലോത്ഭവസുതനാകിയമുനിവര
വിമലഗുണാലയനാരദഭഗവാൻ!
സന്താപാതുരനാകിയസമയേ
നിന്തിരുവടിയെക്കണ്ടതുഭാഗ്യം
ഗയനാമിവനുംകൃഷ്ണൻതന്നുടെ
നിയമവിരോധംചെയ്കനിമിത്തം
ശമനപുരത്തിനയപ്പാൻമുരരിപു
ശപഥംചെയ്തിഹവരുവുണ്ടിപ്പോൾ
ഭുവനംതന്നിലൊരുത്തനുമിവനെ
അവനംചെയ്തതിനാളായീല
അക്കഥയൊന്നുംചൊല്ലാതിവിടെ
ദുഃഖത്തോടുമപേക്ഷിച്ചപ്പോൾ
ക്ഷത്രിയധർമ്മംലോപിക്കാതെ
രക്ഷിച്ചീടുവനെന്നൊരുസത്യം
സുരവരതനയൻചെയ്തുകൊടുത്തു
പരമാർത്ഥങ്ങൾപറഞ്ഞതുപിന്നെ
അപനയമെന്തതിലധികമിദാനീം
കൃപജലനിധിയാംനാരദസുമതേ!
സത്യമിളക്കുന്നവനോകൃഷ്ണൻ
സത്യവിരോധംമാധവനുണ്ടോ?
രണ്ടുപുറത്തുമുറപ്പുള്ളതിനാൽ
ശാപ്പാപിണഞ്ഞുമരിക്കുംവിജയൻ;
ഉല്പലനേത്രൻകരുണയൊഴിഞ്ഞൊരു
സ്വല്പസുഖപ്രദമെന്തുനമുക്ക്?
വീണാധരമുനിയരുളിച്ചെയ്തു—
'ക്ഷോണിപതീന്ദ്ര! ക്ഷീണതവേണ്ട
അച്യുതനാലൊരുനാളുംമരണം
അർജ്ജുനനങ്ങുഭവിക്കയുമില്ലാ.
മാധവവിജയന്മാരിവരോർത്താൽ
ബോധിച്ചീടുകരണ്ടല്ലരചാ!
പണ്ടൊരുദൈത്യൻദേവകുലാന്തക-
നുണ്ടായ്വന്നുസഹസ്രകവചൻ
കമലാസനനുടെവരബലമൂലം
സമരത്തിന്നവനെതിരില്ലാരും
ചട്ടസഹസ്രംപോകാതവനൊരു
നഷ്ടംവന്നുഭവിക്കയുമില്ലാ;
പന്തീരാണ്ടുതപസ്സുചെയ്തൊരു
പന്തീരാണ്ടുയുദ്ധംചെയ്താൽ
ഒരുകവചംപുനരുതിരുവതാം
പെരുകിനവരബലമോർത്താലുംനീ
പോരായിരമുള്ളവിന്ദക്ഷൻ
നാരായണനുംനരനുമതായി
രണ്ടായവനിയിലവതാരംപുന-
രണ്ടായവനെവധിപ്പാനപ്പോൾ
നരനുംചെന്നുതപസ്സുതുടങ്ങി
നാരായണനുംപൊരുതുതുടങ്ങി
പന്തീരാണ്ടുകഴിഞ്ഞൊരുശേഷം

അന്തംവന്നിട്ടു കവചവുമെന്നു
നരനും പിന്നെപ്പോരതുതുടങ്ങി
നാരായണനും തപസ്സാമേവി
ഏവംകഴിഞ്ഞു പലകാലം സമരം ചെയ്തു
ദേവാരികവചങ്ങളാവോളം നാശം ചെയ്തു
തൊള്ളായിരവും പിന്നെ തൊണ്ണൂറ്റെൺപത്തും പോയി
ക്കളമൊഴിഞ്ഞു പിന്നെയൊന്നേ കവചമുള്ളു
ബ്രഹ്മപ്രളയമപ്പോളുർവിയിലുണ്ടായ്വന്നു
ബ്രഹ്മാം വിഷ്ണുപദം നിർമ്മലന്മാരും ചേർന്നു
ദൈത്യൻ പോയാദിത്യനോടൈക്യവും പ്രാപിച്ചിട്ടു
ശേഷിച്ചുള്ള കർണ്ണനായ മാർത്താണ്ഡപുത്രനത്രേ
നേരത്രേ ഫൽഗുനനും നരകാരികൃഷ്ണൻതാനും
ഇതുവരം കൂടിവേണം വിജയനാകൊന്നീടുവാൻ
വനവാസം പന്തിരാണ്ടു തപസ്സായി വന്നുകൂടി
വനമാലിതന്റെ കളിയിവയെല്ലാമെന്നോർക്കേണ്ടു
പരിതാപമുണ്ടാകൊല്ലാ വഴികൊല്ലാ സത്യമാകം
പൊരുതാലും വേണ്ടതില്ലതരമല്ലെന്നൊഴികേണം
കുരുവീരാ പൂർവ്വന്മാരെല്ലാം പരിതാപമുണ്ടാകേണ്ട
പരമേശൻ തന്നാരസ്യം പരിചൊടു കൊള്ളിലില്ലേ
ഇത്ഥം പറഞ്ഞു മുനിസത്തമനെഴുന്നള്ളി
ചിരമോടും ഹസ്തിനപുരം പുക്ക

ദുര്യോധനനും മുനിയെ വണങ്ങി
പ്പെരിയൊരു പീഠം നൽകിയിരുത്തി
അർഘ്യാദികളാൽ പൂജകഴിച്ചു
സൽക്കാരങ്ങൾ പറഞ്ഞുതുടങ്ങി
"എന്തൊരു ഭാഗ്യമിന്നിങ്ങെഴുന്നള്ളി
പാദാബ്ജോദയമെന്തഹോ! ഭഗവൻ!
കാരിയമെന്തൊന്നുണ്ടായിട്ടോ
പാരാതിങ്ങെഴുന്നള്ളിയതിപ്പോൾ
ഞാനവകേൾക്കണമിതി സുയോധന
വചനത്തിന്നുള്ളൊരു ഹേതു കഥിക്കാം
വനത്തിൽനിന്നിങ്ങെഴുന്നള്ളിച്ചൊളിച്ചു കായ്കളുംതിന്നു
ചുള്ളും പാണ്ഡവന്മാർക്കാനർത്ഥം സംഭവിച്ചിപ്പോൾ
കഴിക്കും നിത്യകർമ്മാദ്യങ്ങൾ മാധവൻതന്റെ
ഹയത്തിൽ കണ്ഠാവുമരിച്ചത്തിൽ ചെന്നു ഭഗവാൻ
വധിപ്പാൻ സത്യവും കൃഷ്ണൻ നടിച്ചു ചെയ്തു ക്രോധാ
രിപ്പാനർജ്ജുനൻതാനും കഴിച്ചു സത്യമൊന്നിപ്പോൾ
അറിഞ്ഞു മാധവനുള്ളിൽ നിറഞ്ഞ രോഷവും പൂണ്ടു
പരന്ന സൈന്യമോടും പോയ്ത്തിണങ്ങും പാർത്ഥനോടിപ്പോൾ
ഇണങ്ങു നിങ്ങളും ചെന്നു പിണക്കം വേണ്ടതില്ലിപ്പോൾ
ഇണക്കം ധർമ്മജനോടു കൂടനാകെത്താമസിക്കേണ്ടാ
യുദ്ധംതന്നെ വേണമെങ്കിൽ വെക്കണം നിങ്ങൾ
പടുതാം നിങ്ങളിലേറുന്ന വക്കണ്ടോ രഹംഭാവം
ഇണപ്പാൻ നിങ്ങൾ ചെന്നാൽ പിണക്കാ കൃഷ്ണനുമേതും
നശിച്ചു പാണ്ഡവന്മാർക്കിൽ നമുക്കസൌഖ്യവും തീർന്നു
ജയിച്ചു ഫൽഗുനനെങ്കിലിണച്ചു വെന്നാലും വന്നു
കനക്കെത്താമസം വേണ്ടാ വിളിക്ക സോദരന്മാരെ
അനർത്ഥം വന്നിതു കർണ്ണനിരന്തം സോദരന്മാർക്കു
കരസ്ഥം വില്ലതാം ശൃംഗാരത്തിൽ കേറുക നീയും
എടുപ്പിൻ ശസ്ത്രജാലങ്ങൾ നടപ്പിൻ ദ്രോണനും ഭീഷ്മർ
മിടുക്കൻ കർണ്ണനും നീയും നടപ്പിൻ മുമ്പിനാൽ തന്നെ
ഒരുക്കിൻ തേരുകൾ വില്ലും വാഹത്തിൽ വാരണവൃന്ദം
നിരത്തിൻ പക്ഷിവ്യൂഹത്തെ മുഴക്കിൻ കാഹളം ശംഖം
ഉറക്കെ ഭേരിയും താക്കി നടപ്പിൻ വേഗമോടിപ്പോൾ
കടപ്പിൻ ഗിരിശൃംഗങ്ങൾ നടപ്പിൻ ചൈത്രകാന്താരം
മൃഗങ്ങൾ കൂട്ടമായ് വന്നാർപ്പിച്ചു ചീർച്ചയാകുമ്പോൾ
അടപ്പിൻ തേരസാഹിനി പരപ്പിൻ നിങ്ങളും ചെന്നു
കരപ്പിൻ! ശത്രുമെല്ലാം കിട്ടുകൻ സാത്യകി തന്നെ
വധിപ്പിൻ ഭോജനെയന്നു വധിപ്പിൻ സീരിയെയൊന്നു
കലപ്പിൻ സായകം കൊണ്ടു കെടുപ്പിൻ മാധവൻ വില്ലും
പിടിപ്പിൻ കല്ലുകളാണ്ടും കൊടുപ്പിൻ മുഷ്ടികൾ കൊണ്ടും
കിടക്കം തേരിലന്നേരം
അടുക്കും വൃഷ്ണികൾ പരന്നൊളിക്കും കാനനാന്തന്നിൽ
ഉറക്കെ ഭേരിയും താക്കി നടപ്പിൻ നിങ്ങളിപ്പോൾ
ശങ്കനീയെന്നുമുള്ളാത്തു സകലം സമ്മതമല്ലേ?
ഭക്തനം നന്നിതു കാലം സുഖം നിങ്ങടെ കാര്യം
സകലം സമ്മതമായാൽ നടപ്പിൻ നിങ്ങളുമുണ്ടോ
പൊരുക്കും കീർത്തിയും നിങ്ങൾ യശസ്സും പൂർത്തിയാമിപ്പോൾ
ചിന്തിച്ചു ധാർത്തരാഷ്ട്രൻ വെമ്പി സോദരന്മാരോടും കൂടി-
ട്ടന്തരം കൂടാതേവം ചന്തമോടുരചെയ്താൻ,

ക്ഷന്തിതനായവനാക്ഷവെസ്യവൃണ്ടതിയങ്ങൾ
ചിന്തിച്ചാലവരൊട്ടസാധിക്കാമെന്നേവേണ്ടു
നിന്തിരുവടിയെന്നാലങ്ങെഴുന്നള്ളിടണം
അന്തരമില്ലങ്ങെഴുന്നെള്ളീടുന്നിപ്പോൾതന്നെ
എന്നതുകേട്ടുമുനിനാരദനെഴുന്നള്ളി
പിന്നെസ്സുയോധനദുശ്ശാസനാദികളോടുംകൂട്ടി
ഭീഷ്മരമരാപഗാമാദ്രോണരുംകർണ്ണൻതാനും
ശാരദ്വതനാനിതമംപോരാളിവൃന്ദത്തോടും
വാരണവാജിരഥകാലാളുംപടയോടും
പാരാതെധർമ്മജന്റെപാരത്തുചെന്നുപുക്ക
പോരാളർകൃഷ്ണനിന്നുനാഗധ്വജനെക്കണ്ടു
മോദംകലർന്നുനൃപനാദരാലാശ്ലേഷിച്ചു
കണ്ണന്റെപാദത്തിങ്കൽവന്ദിച്ചുപാർത്ഥന്മാരും
കുന്തീതനയരാംതനയരുംകൈതൊഴുതു
ഭീഷ്മദ്രോണാദികളെക്കൂപ്പിനാർപിന്നെച്ചെന്നു
ഭീഷ്മപരാക്രമരാശേഷമെല്ലാംചെയ്തു
ഒത്തൊരുമിച്ചെല്ലാവരോടുംസൽകൃത്യംചെയ്തുകൊണ്ടു
യുദ്ധത്തിനൊരുമ്പെട്ടതന്ത്രെവപാഴുംകാലം,
അക്കാലത്തുപരതന്നിൽ
ചക്രായുധനാമരവിന്ദാക്ഷൻ
പക്ഷിശ്രേഷ്ഠനെയരികിൽവിളിച്ചു
തൽക്ഷണമരുളിച്ചെയ്തിതുഭഗവാൻ
"ഗയനെത്തിരവതിന്നുനമുക്ക
വിയത്തിൽകൂടിപോയിടേണം"
എന്നരുൾചെയ്തുഴനൽക്കുംനേരം
വന്നുകരേറിനാരദമുനിയും
പീഠംനൽകിയിരുത്തിമുകുന്ദൻ
ഗൂഢതരമായിട്ടൊരുതളിച്ചെയ്തു,
തപസ്സുകൾമണിമകുടമണേതവ
പാദസരോജംതൊഴുതേനടിയൻ
നിയമവിരോധംചെയ്യുന്നതുമൂഢ-
ന്മയനെവധിപ്പാൻസത്യംചെയ്തു
പക്ഷീന്ദ്രന്റെകഴുത്തിൽകേറി-
ട്ടിക്ഷണമിഹഞാൻപോകുന്നിപ്പോൾ
ഗന്ധർവ്വാധിപനാശ്രിതരെങ്ങും
നിന്തിരുവടിയുംകണ്ടില്ലല്ലീ?
മന്ദസ്മിതവുംചെയ്തുമുനീന്ദ്രൻ
നന്ദജനോടുപറഞ്ഞാനപ്പോൾ
"ഗയനുമൊളിച്ചിടംഞാൻപറയാം
വിയത്തിലെങ്ങുംകാണുകയില്ല
പാണ്ഡുസുതന്മാർമരുവീടിന
താണ്ഡവമോടുവസിക്കുന്നവനും
അർജ്ജുനനവനെപ്പാലിപ്പാനായ്
ഗർജ്ജനസഹിതംസമയംചെയ്തു
ഉള്ളിലവർക്കൊരുപേടിയുമില്ല
കള്ളകളവരൊട്ടുകൂട്ടുകയില്ല
പക്ഷീന്ദ്രന്റെഗളത്തിൽഭഗവാൻ
ബദ്ധപ്പെട്ടുഗമിച്ചീടേണ്ടാ;
[illegible]
[illegible]
പല്ലാളുള്ളോരതിരഥികളോടും
ചിലപാനംചിലസൈന്യവുമായി
ചെല്ലണമൊട്ടുംഭാവിക്കേണ്ടാ
എല്ലാവരുമിതുബോധിക്കേണം
ഊറ്റക്കാരാംഭീഷ്മാദികളും
ദ്രോണാചാര്യരുമങ്ങുസഹായം
വല്ലതുമേകിനിരോധിക്കേണ്ടാ
നല്ലതുമക്കെന്നോർത്തുവസിപ്പിൻ
ഇത്ഥംനാരദവാക്കുകൾകേട്ടി-
ട്ടിരിക്കിനിന്നുനിനച്ചുമുകുന്ദൻ
നാസികമേലാമവിരലുംവെച്ചു
ചേതസികോപമിയന്നരുൾചെയ്തു
"മിത്രദ്രോഹംചെയ്തതിനായി
ശത്രുജനങ്ങളുമെത്തുന്നിരന്നു
ശത്രുവിനെപ്പരിപാലിക്കുന്നതു
ചിത്രംചിത്രമിതെത്രയുമുചിതം
അധമന്മാർക്കുസഹായംചെയ്താൽ
വിധമിവണ്ണമിതെന്നുപ്രസിദ്ധം
എന്നരുൾചെയ്തുസുഭദ്രാനികടേ
ചെന്നരുൾചെയ്തുമുകുന്ദൻഭഗവാൻ
ഭദ്രേ!ഭഗിനിസുഭദ്രേ!നിന്നുടെ
ഭർത്തൃവിനാശമുണ്ടാമിപ്പോൾ
നമ്മുടെശത്രുവതാകിയഗയനെ
സ്സമ്മാനിച്ചുവസിച്ചിതുവിജയൻ
തെല്ലുംവൈകാതവനെവിടാഞ്ഞാൽ
കൊല്ലാംവിജയനെവല്ലനാളും,
തെല്ലുംശങ്കനമുക്കിതിനില്ലാ
ചൊല്ലുകനീചെന്നവനോടിതെല്ലാം"
ഇത്ഥംമുകുന്ദൻതന്റെക്രുദ്ധിച്ചവാക്കുകേട്ടു
ഭദ്രഭാഗിനിയുമത്യന്തംദുഃഖിതയോടെ
ചേർത്തുംനയനജലംവാർത്തുംകരഞ്ഞുംകൊണ്ടു
പാർത്ഥന്റെമുൻപിൽചെന്നാദരാതിയോടു-
"ഇന്ദ്രതനൂജ!കാന്ത!ചന്ദ്രവദന!ഭീമ!   [ചെയ്താൾ
നന്ദജൻവൈരിയാകുംമന്ദനാംഗയൻതന്നെ
പാലിപ്പതെന്തുവേണ്ടാ?ശീലക്കേടല്ലോനിന്റെ
ശീലമായ്വന്നതല്ലോപാലിപ്പാൻനമുക്കുള്ള
യോഗത്തിലവൻതന്നെദൂരത്തുവിട്ടീടാഞ്ഞാൽ
ആപത്തുവന്നുകൂടുംവേഗത്തിലല്ലെന്നാകിൽ
കൊല്ലുവാൻനിന്നെപ്പോലുംതെല്ലുമില്ലലംഭാവം
ചൊല്ലുവാൻനിന്നോടിതുതെല്ലുമല്ലാഞ്ഞതാണും
പാലിച്ചുപോരുന്നോരുസേവിച്ചുകൊള്ളുകകാന്ത
താലികെട്ടിയഭാഗ്യംമാനാഥൻപാത്രമല്ലോ
ഏവംസുഭദ്രതന്റെദീനപ്രലാപംകേട്ടു
ദേവേന്ദ്രസൂനുതാനുമേവമരുൾചെയ്തു
"കല്യാണതനയനേ!കാമിനി!
കമനിസുഭദ്രേകേട്ടീടുകെല്ലാം
മധുരിപുഭഗവാനെന്നെവധിപ്പാൻ
വിധിയുണ്ടെങ്കിലൊഴിക്കരുതാർക്കും
[illegible]
[illegible]
ക്ഷത്രിയധർമ്മമുപേക്ഷിച്ചീടുക

ഈക്ഷിതിതന്നിലിരുന്നീടുന്ന
സുന്ദരിമാർമണിമകുടമണേ നീ
ഖിന്നതയെന്തിതുപൊഴ്ത്തുണ്ടാലും
എന്നുടെസത്യമിളക്കവുമില്ല
നിന്നാണംബുജലോചനനാണ"
ഭ്രാവിൻമൊഴികേട്ടുസുഭദ്രയു-
ടനൽമുഴുത്തുഗമിച്ചുചതുരക്കെ
ദ്വാരാവതിപുരിപുക്കസുഭദ്ര
നാരായണനൊടുണർത്തിച്ചഖിലം
"അംബുജദളനയന വാസുദേവ കൃഷ്ണാ
നിർമ്മലഗുണനിലയ കേട്ടാലുംനീ
സാരസാക്ഷിശയൻതന്നെനൽകയില്ലായിന്നു
നായകനാംപാർത്ഥനുതരക്കേണ്ടം,
വിക്രമജലധിയാകുംചക്രപാണേകൃഷ്ണാ
ശക്രസുതതന്നെവധംചെയ്തീടൊല്ല,
ഉണ്ടെന്നീകോപിച്ചാലിന്നെങ്ങിനെയാമെന്റെ
മംഗല്യമാംസൂത്രഹാനിമംഗിയെന്നോ?
ഉല്ലലാക്ഷിമാർതൊഴുന്നമൽഭഗിനിയെവെ-
കല്പിതമങ്ങിനെയെന്നാലെന്തുചെയ്വൂ
ശ്വേതവാഹനനർജ്ജുനനെന്നൊക്കെയുണ്ടുകേളി
ഇക്കാലമിങ്ങിനെയുംവേണ്ടിവന്നു,
നാരായണനോടുമുള്ളോരാധിയോടുംകൂടി
സീരായുധൻതന്റെമുമ്പിൽചെന്നനേരം
നീലാംബരനാംനാരദമുനിയുടെ
കോലാഹലമാമേഷണികേട്ടു
തിരുമിഴിയെന്നുച്ചുവന്നുമറിഞ്ഞു
കുറിയുമെടുത്തുപിടിച്ചുകരത്തിൽ
കൃഷ്ണനെമുമ്പിൽകണ്ടൊരുനേരം
ഉഷ്ണിച്ചൊന്നുചിരിച്ചരുൾചെയ്തു
ചിത്രംചിത്രമിതെന്തിഹകൃഷ്ണാ?
പാർത്ഥൻതവസഖിപ്രാണസമാനൻ
വക്കാണതിനുവന്നതുകേട്ടോ
മുകിലൊളിച്ചുശയിക്കയുമല്ല
നാരദമുനിയുംസീരിയൊടപ്പോൾ
പാരാതെതാന്നരുൾചെയ്തുചതുരക്കെ
സാഹസമൊന്നിനുമരുതിക്കാലം
ആഹവകാര്യംസൂക്ഷിക്കേണം
ഭീമൻവഴിയെഗദയുമെടുത്തു
ഭൂമികലക്കിച്ചാടുന്നേരം
എതിരിട്ടവനിതിലാരാകുന്നു
പോരതുമുന്നിനച്ചാൽപോരാ
വല്ലതുമാമതുനിൽക്കട്ടെന്നാൽ
വില്ലാളികളിൽമുടിമണിവിജയൻ
ചല്ലകലച്ചുരണത്തിനടുത്താൽ
മല്ലാരാതിയുമിത്തിരിമണ്ടും;
ഭീഷ്മകൃപാദികൾപോക്കവരുമ്പോൾ
വൃഷ്ണികൾവന്നിടമാകെനിറയും
ഒറ്റൊന്നാവർകളുമിപ്പുരിതന്നുടെ
പൂരുംവന്നുവളഞ്ഞൊരിമക്കും
ഗോപുരമതിലുകളൊക്കെക്കളയും
ക്ഷുപാദികളുംത്തൂത്തനിരത്തും

മററുംപലപലകുമനുക്കൂട്ടം
കററംപലതുംവന്നുഭവിക്കും
വല്ലാത്മക്കിനിമോഹിക്കേണ്ട;
നല്ലതുക്ഷമയെന്നോർത്തുവസിപ്പിൻ!
മുരരിപുകേട്ടുചിരിച്ചവയെല്ലാം
സീരായുധനുംയാത്രമുതിർന്നു
ഉലവർസാത്യകികൃതവർമ്മാദിക-
ളൊക്കെവരുത്തിയൊരുക്കിനിറുത്തി
ന്നൂറുസഹസ്രംരഥവുംകൂട്ടി-
ട്ടുരുന്നൂറയുതംവാജിനിരത്തി
ഗിരിവരവടിവാംകരികളുമനവധി
പെരുകിനപടജനമുദധിസമാനം
ഭുജബലസഹിതൻബലദേവൻനിജ-
ജലധികടന്നുപടക്കനമോട്ടും
ഹരിയുംരഥമതിലേറിപതുക്കെ
മുനിവരനാകിയനാരദനപ്പോൾ
പരമാനന്ദകുതൂഹലമോട്ടും
പരിചൊടുയാത്രപറഞ്ഞെഴുനള്ളി.
യദുനികരമഖിലമഥമദസഹിതരായുടൻ
യാദവനാഥനോടൊന്നിച്ചുസത്വരം,
തകിൽമുരശുപറപടഹതുടികളോടുവീണയും
നാദംവളക്കുന്നശംഖധ്വനികളും
പടുനിനദവെടിപടഹഝടഝടനിനാദവും
പാരംതിമിർത്തുള്ളകുംഭികൾനാദവും
കരിതുരഗരഥനികരകാലാൾപ്പടകളും
പാരംവളർന്നുള്ളശംഖധ്വനികളും
ശരമുസലപരിഘഗദപരശുവധവജ്റവും
മുൽഗ്ഗരപിണ്ഡിപാലാദിശസ്ത്രങ്ങളും
നരകരിപുഹലിസഹിതരചിതബഹുസൈന്യ- (വും
പാരാതെദ്വൈതവനംപുക്കസത്വരം
തദനുശമനാത്മജൻസോദരൈരസ്സംയുതം
മർണ്ണഭയമെന്നിയേപോക്കൊരുമിച്ചുടൻ.
ഫണികുലവരനമിതുപണിപെരികെ- (വാഴ്ത്തുവാൻ
പാരിച്ചയുദ്ധകോലാഹലംവിസ്മയം
ശമനസുതപവനസുതവിജയബഹുഭൂപതേ
വീണ്ടുംവിളിച്ചരുൾചെയ്തുനാരായണൻ
നയവിനയഗുണമുടയയമതനയഭൂപതേ
നന്നുനന്നിതുംവിചാരങ്ങൾമന്നവ
മതിഗുണവുമതിവിനയമധികബഹുമാനവും
ഭക്തിവിശ്വാസവുംനന്നൊടോർത്തതേ
അയിവിജയതരികഗയമരുതരുതുതാമസം
ആയോധനംവേണമെന്നില്ലശൗര്യവും
സുരവരജനതുമപൊഴുതുതെരുതെരെനമസ്കരി
ച്ചാനന്ദമൂർത്തിയെകീർത്തിച്ചുചൊല്ലിനാൻ,
കമലദളനയന!ജയമധുമഥന!മാധവ!
ആലംബനംമറ്റെനിക്കില്ലദൈവമേ!
ഗയനിലൊരുകരുണമനഹിനഹിജഗല്പതേ
സത്യംപിഴപ്പിക്കയോഗ്യമോമാധവ!
തരുവരിഗയനൊഴമനസിചിതമല്ലിനി
എന്നുംതരുന്നീലതന്നെന്നുനിർണ്ണയം"

“പടപൊരുതകവിജയശരമതിമതിമുഖസ്ഥിതി
പാണ്ഡവരെല്ലാംകുറച്ചുവച്ചീടുവൻ”
മല്ലാന്തകനുംപോരിക്കൊരുമിച്ചു
വില്ലുകുലച്ചുവലിച്ചുപതുക്കെ
ബാണമലാന്തകനതിശയമായൊരു
ബാണമെടുത്തുതൊടുത്തരുൾചെയ്തു
“നിയമവിരോധംചെയ്യൊരുഗജനെ
അരികധനഞ്ജയമടിക്കൂടാതെ
വളരെപ്പറയുന്നെന്തിനുകൃഷ്ണ!
ഒരുനാളുംഞാൻതരികയുമില്ല,
ബാണംകണ്ടുഭയപ്പെട്ടോടാൻ
ആണല്ലാത്തവനല്ലകിരീടി
അച്യുതനപ്പോളർജ്ജുനമാർവ്വുള്ള
ലക്ഷ്യവുമാക്കിശ്ശരവുംവിട്ടു
മാവീരനുനേരെവരുന്നോരുവിശിഖം
ന്നായങ്ങുമുറിച്ചിതുവിജയൻ
പഞ്ചായുധരിപുതന്നെവണങ്ങി
ട്ടഞ്ചാറസ്ത്രമൊരിക്കലയച്ചു.
ചക്രായുധനവയൊക്കെമുറിച്ചു
വിക്രമമോടെശരങ്ങളയച്ചു
നീലാംബരനതുനേരമുഴറ്റൊടു
കോലാഹലമോടോടിയടുത്തു
ഭീമമൊരുഗദകയ്യിലെടുത്തു
ഭൂമികുലുക്കിയിളക്കിച്ചാടി;
സീരിയുമഥബലനാനിലാത്മജനും
പോരതിഘോരംചെയ്യുന്നേരം
ഭൂപന്മാരുംധർമ്മാത്മജനും
ചതികൂടാതെകഴിച്ചിതുകലഹം
പ്രദ്യുമ്നനുമഥപോരിനണഞ്ഞു
(ഉദ്യോഗത്തൊടുനകുലനുമേററു)
(ഉദ്ധവനോടുസുയോധനഭൂപൻ)
യുദ്ധംചെയ്തമരിച്ചകണക്കായ്
ലക്ഷ്മണനോടഥസാംബൻതാനും
ലക്ഷ്മീപതിസുതരഖിലരുമധുനാ
മാരുംയാദവസൈന്യമശേഷം
ന്നോരുവരോടുരണങ്ങൾതുടങ്ങി,
പാർത്ഥനുമംബുജനേത്രൻതാനും
പാർത്തലഗഗനംമൂടിശരത്താൽ
ക്രൂരമറന്നുമുകുന്ദൻതിരുവടി
നൂറുശരങ്ങളൊരിക്കലയച്ചു
നൂറുംഖണ്ഡിച്ചർജ്ജുനവീരൻ
നൂറുശതംശരമൊന്നായ്വിട്ടു
അവയുംഖണ്ഡിച്ചഖിലജനേശൻ
അയുതംബാണമൊരിക്കലയച്ചു
അയുതവുമെയ്തുമുറിച്ചുകിരീടി
നിയുതംശരനിരവർഷംചെയ്തു,
പട്ടതായോടവയുമൊഴിച്ചോരുകോടി
വിശിഖഗണത്താൽമൂടിമുകുന്ദൻ
തൽക്ഷണമർജ്ജുനനവയുംപോക്കി
ലക്ഷംകോടിശരങ്ങളയച്ചു
ശക്തിക്ഷയവുംപൂണ്ടുമുകുന്ദൻ
രക്തമണിഞ്ഞുകുഴഞ്ഞുവലഞ്ഞു
വില്ലുംവെച്ചുകരഞ്ഞൊരുനേരം
മെല്ലെത്തേരിലിരുന്നുമുകുന്ദൻ
സീരായുധനുംമാരുതിതാനും
പോരതിഘോരംചെയ്യുന്നേരം
പെരുമലസമനാംമാരുതിയപ്പോൾ
പടയുടെനടുവേപാച്ചിൽതുടങ്ങി,
കരികളെയനവധിതെരുതെരെയപ്പോൾ
പരിചൊടുതച്ചുമുടിച്ചുതുടങ്ങി,
തുരഗഗണങ്ങളെചരണംപിടിപെ-
ട്ടുദധിയിലോളംദൂരെയെറിഞ്ഞു,
കാലാൾപടകളെധൂളിപ്പിച്ചിഹ
ചോരയണിഞ്ഞുമടിച്ചുപുളച്ചും
സീരായുധനുടെരഥതുരഗത്തെ
പാരാതങ്ങുഹനിപ്പാൻചെന്നു
ഹലിയുംമുസലംകൊണ്ടുകുമച്ചു
പെരുമലപോലെപതിച്ചിതുഭീമൻ
കൃഷ്ണൻതിരുവടിമോഹമകന്നഥ
ജിഷ്ണുവിനോടുരണങ്ങൾതുടങ്ങി
പന്നഗജാലസമാനശരങ്ങളെ
യെണ്ണമൊഴിച്ചുപൊഴിച്ചുമുകുന്ദൻ
വൃത്രാരാതിസുതന്റെശരൗഘം
അസ്ത്രംകൊണ്ടുപിളർന്നുസമസ്തം
ശക്തികുറഞ്ഞുകിരീടിയുമപ്പോൾ
ബലവിമോഹംവീണിതുതേരിൽ
സാത്യകിതന്നോടഭിമന്യുവുമഥ
ഏററുമയങ്ങിയുറക്കവുമായി
ശയനംചെയ്യപ്പുനരെന്നരുൾചെയ്തു
മുരരിപുതാനുംവന്നുതുടങ്ങി
ഗംഗാസുതനുംനരകാന്തകനും
സംഗരമാശുതുടങ്ങിവിചിത്രം
സീരിയുമോടിയടുത്തീടുമ്പോൾ
ഗുരുവരനാകിയദ്രോണരുമേററു
തുംഗനതാകിയരുക്മിണിസുതനൊടു
മംഗേശ്വരനാംകർണ്ണനുമേററു
ദുശ്ശാസനനാംബലവർത്തനുടെ
ദുശ്ശാസ്ത്രങ്ങൾകളഞ്ഞനന്നപ്പോൾ
ചെന്താമരമലരായതനുദരൻ
ശന്തനുസുതനുടെവില്ലുമുറിച്ചു
തേററാനവനുടെതേരുലിരിക്കം
മറ്റൊരുചാപമെടുത്തുകുലച്ചു
മുരരിപുതന്നുടെതിരുവുടലെല്ലാം
ശരനിരകൊണ്ടുമുറിച്ചുചമച്ചു
അംബുജനയനൻകോപംസഹിയാ-
ഞ്ഞംബുജസംഭവബാണമയച്ചു
ഭീഷ്മരുമതിനെബ്ബഹുമാനിച്ചി-
ട്ടൂഷ്മായമൊടങ്ങുപതിച്ചിതുതേരിൽ
ഗുരുവരനുംചിലശരനികരത്താൽ
സീരിയെയപ്പോൾസമ്മാനിച്ചു
ക്രോധവുമൊന്നുജ്വലിച്ചതുകണ്ടു
ദ്രോണരുമിങ്ങുതിരിച്ചിതുമെല്ലെ

ഫൽഗുനനപ്പോൾമോഹമകന്നഥ
നിൽക്കമുരാരേയെന്നുരചെയ്തു
വിശിഖഗണംകൊണ്ടരവിന്ദാക്ഷനെ
വിധമല്ലാതെചമച്ചുകിരീടി,
ഭീമനുമപ്പോൾമോഹമകന്നഥ
രാമനെനോക്കിയുരച്ചുതുടങ്ങി
അർജ്ജുനകൃഷ്ണന്മാരുംഘരതര
ഗർജ്ജിതമോടുപിണങ്ങുംനേരം.

പലപലവിശിഖങ്ങളയച്ചീടുന്നു,
ഫലമില്ലെന്നിരുവരുംനിനച്ചീടുന്നു
യദുപതിമുഖമൊന്നുകറുത്തീടുന്നു
അതുകണ്ടുവിജയനുംചെറുത്തീടുന്നു
അനിലജനൊരുമയൊടണഞ്ഞീടുന്നു
അനവധിശരങ്ങളുംപൊഴിച്ചീടുന്നു
ധരണിജനാവയെല്ലാംമുറിച്ചീടുന്നു
സരസിജശരനെയുംവലച്ചീടുന്നു
അനവധികബന്ധങ്ങൾനിറഞ്ഞീടുന്നു
കഴുകുകളുംശുനികളുംനിറഞ്ഞീടുന്നു
ജലധിയുംകലങ്ങീട്ടുമറിഞ്ഞീടുന്നു
ഗിരികളുംവെടിപൊട്ടകലുന്നീടുന്നു
വനതലമൃഗമെല്ലാംഭ്രമിച്ചീടുന്നു
പടയുടെവിധമെല്ലാംപകന്നീടുന്നു
ഇടയിടെവിജയനുംവലഞ്ഞീടുന്നു
കഠിനമായ്മുകുന്ദനുംവലഞ്ഞീടുന്നു
സാത്യകിയൊരുശക്തിയയച്ചീടുന്നു
അഭിമന്യുവതുകണ്ടുപൊഴിച്ചീടുന്നു
കലഹത്തിൽമുനിതാനുംരസിച്ചീടുന്നു

ഇതെല്ലാംവിജയൻകരയറിഞ്ഞപ്പോൾ
വല്ലാതികവളർന്നിതുകോപം
ഗന്ധർവ്വാസ്ത്രമെടുത്തുതൊടുത്തു
കൗന്തേയന്റെശിരസ്സിലയച്ചു,
ഗുഹ്യകമസ്ത്രംകൊണ്ടുതടുത്തു
വിഫലമതാക്കിനായകിരീടി
പർവ്വതവിശിഖമയച്ചിതുകൃഷ്ണൻ
ഗർവ്വൊടുവജ്രശരത്താൽനീത്തി,
പവനശരംപുനരീശശരത്താൽ
ശമനംചെയ്തുതുകണ്ടൊരുഭഗവാൻ
നാഗാസ്ത്രത്തെയയച്ചിതുകൃഷ്ണൻ
ഗരുഡാസ്ത്രേണതടുത്തുകിരീടി,
ആഗ്നേയാസ്ത്രമയച്ചിതുകൃഷ്ണൻ
വരുണാസ്ത്രേണതടുത്തിതുവിജയൻ,
പലപലദിവ്യാസ്ത്രങ്ങളെയിങ്ങനെ
തുലിനതയോടെപ്രയോഗിച്ചതിനാൽ
ഫലമൊരുതെല്ലുംവന്നതുമില്ലാ
വലരിപുസുതനൊരുക്രൂസല്യമില്ലാ
കൃഷ്ണൻതിരുവടികോപമിയന്നഥ
വൈഷ്ണവചക്രമെടുത്തുകരത്തിൽ,
വിക്രമജലധേ!പാണ്ഡവനമ്മുടെ
ചക്രമിതാതുവരുന്നതുകാണ്ക!
വിക്രമമൊക്കയുമിവിടെക്കാണാം
ചക്രമിതാശുതടുക്കുന്നാകിൽ
എന്നരുൾചെയ്തുസുദർശനചക്രം
നന്ദാത്മജനുംവിട്ടൊരുനേരം
കോടിദിവാകരമണ്ഡലസദൃശം
ശോഭകലർന്നുജ്വലിച്ചുതുടങ്ങി
ദീപിച്ചുജ്ജ്വലജ്വാലകൾതന്നിൽ
ദീപംപുക്കൊരുശലഭംപോലെ
പടകളശേഷംവെന്തുതുടങ്ങി
പടുതരമൊന്നുനടുങ്ങിസുരന്മാർ
ശൌര്യപരാക്രമനാകിയവിജയൻ
ധൈര്യംപൂണ്ടുനമിച്ചുമഹേശം
പാശുപതാസ്ത്രമെടുത്തുതൊടുത്തു
ക്രുദ്ധൽവെടിഞ്ഞുപ്രയോഗിച്ചപ്പോൾ
ത്രിഭുവനമൊക്കെനശിച്ചുതുടങ്ങി
ദിനകരശോഭയുമില്ലാതായി
ചക്രാസ്ത്രങ്ങളടുത്തിടചേർന്നാ-
ലിക്കാണായപ്രപഞ്ചംനാസ്തി,
അംബരചാരികളൊക്കെയുമോടി
നാന്മുഖനപ്പോൾഭീതിമുഴുത്തു,
യുദ്ധാങ്കണമതിലങ്ങെഴുന്നള്ളി
സിദ്ധാന്തങ്ങൾപറഞ്ഞുതുടങ്ങി,
"നന്ദാത്മജഹരിനാരായണഹരി
നരകമുരാരേ!പങ്കജനേത്ര!
ചക്രമടക്കുകവേണംഭഗവാൻ
ഒക്കെനശിക്കുംത്രിഭുവനമിപ്പോൾ
പാണ്ഡവവീര!ധനഞ്ജയ!നീയും
ഉഗ്രംശരമുടനാവാഹിക്ക
ചക്രമടക്കിമഹേശ്വരനാൻമുഖ
മുഖ്യന്മാരെനമിച്ചിതുഭഗവാൻ
പാണ്ഡവനുംശരമാവാഹിച്ചു
തൽക്ഷണമങ്ങുകരസ്ഥിതമാക്കി
മദനാന്തകനെത്തൊഴുതുനമിച്ചഥ
നീരജസംഭവപാദംകൂപ്പി,
അംബുജഭവനുംസാധുപറഞ്ഞു
"നിർമ്മലമാനസവിജയ!കേൾക്ക
ഗയനാമിവനെനമുക്കുതരേണം
അപജയമൊന്നുംവരികയുമില്ല.
ഞാനങ്ങോട്ടിഹനൽകാംഗയനെ
ഊനംവരുമെന്നാധികൾവേണ്ടാ
ഉല്പലസംഭവനിന്നിരുവരുടെ
കല്പനകേൾപ്പാനിച്ഛയുമില്ലാ"
എന്നരുൾചെയ്തതുകേട്ടനന്തരം
ഒന്നരുൾചെയ്തുവിരിഞ്ചനൊടാദരം:
"നായകനടച്ചെന്നുകാണിവസിക്ക
ഗയനെത്തരുവൻവിരവിൽനിനക്ക
അർജ്ജുനനക്ഷിതപുരാമയം
അച്യുതനങ്ങുകൊടുത്തിതുഗയനെ
ത്തക്കൈകൊണ്ടുപിടിച്ചുമുകുന്ദൻ
ചക്രംകൊണ്ടുശിരസ്സുമുറിച്ചു
പൃഥ്വിയിലിട്ടുപതിച്ചിതുഭഗവാൻ
സത്യംസഫലംവന്നതുമൂലം
ഉല്പലസംഭവനവർകൾക്കെന്നും

ഉൾക്കനിവോടും യോജിപ്പിച്ചു
പ്രാണാവലങ്ങളുമറ്റുവരത്തി
ദീനത തീർന്നു തെളിഞ്ഞിതു ഗഗനം
"വീരധനഞ്ജയ! ഗഗനിതചാരേ
ആരും കൊല്ലുകയില്ലിനിയിവനെ
എന്നരുൾചെയ്തു മഹേശനൊടൊന്നോടും
നന്ദാത്മജനുടെ സവിധം പുക്കു
സന്ധിപറഞ്ഞു നിരുത്തി പുത്രരെ
ചന്തമൊടന്തർമ്മറഞ്ഞാനപ്പോൾ
ശന്തനുനന്ദനനാദികളൊക്കെ
സന്തോഷിച്ചു തെളിഞ്ഞു വിളങ്ങി
പാണ്ഡുസുതന്മാരംബുജനേത്രനെ
വീണുവണങ്ങി സ്തുതിയും ചെയ്തു,

"മല്ലാരിദേവ! പോററി! വല്ലാത്തവന്നതെല്ലാം
മെല്ലെന്നു ബോധിക്കേണം കല്യാണമൂർത്തേ! കൃഷ്ണ!
നിന്തിരുവടിയല്ലാതാധാരം ഞങ്ങൾക്കേതൊരാൾ
ബന്ധുവാരാംബുജാക്ഷ! സന്തതം വണങ്ങുന്നേൻ
ചെന്താരിൽ മാതു തന്റെ പന്തൊക്കും കൊങ്കത-
(ന്നിൽ
തങ്കുന്ന കുങ്കുമം കൊണ്ടങ്കിതമാറുള്ളോനേ!
കാരുണ്യമൂർത്തേ നിന്റെ കാരുണ്യമുണ്ടാവാനായ്
പാരിച്ച ഭക്തിയോടും പൂജിച്ചുവണങ്ങുന്നേൻ,
കുന്തീതനയന്മാരേ! സന്താപമുണ്ടാകേണ്ട
ബന്ധുതാനത്ര നിങ്ങൾക്കന്തരം തെല്ലുമില്ല
വത്സന്മാർ നിങ്ങളോടു മത്സരം വേണ്ടതല്ലാ
ഉത്സാഹം ചെയ്തു നിത്യസൌഖ്യമെന്നേ വേണ്ടൂ,
ധർമ്മതനയ! വീരാ വന്നാലുമരികത്തു
നിർമ്മലഭക്ത! നീയും സമ്മാനിച്ചിടയ്ക്കേണം
ഇന്ദ്രതനൂജവീര! വന്നാലുമരികത്തു
എന്നോടു ശങ്കതെല്ലും നിനക്കു തോന്നീടേണ്ട
സാരസ്യമൂർത്തേ കൃഷ്ണ! പാരുഷ്യം നിന്നോടൊരു-
കാലത്തുമുണ്ടാമെന്നൊരാലസ്യം തോന്നീടേണ്ടാ;
എന്നാലുമേറ്റതേടും മാധവ! നമസ്കാരം
വേണം നിൻ കൃപകൊണ്ടു രക്ഷിക്ക ഞങ്ങളെപ്പോ-
(ന്നംബാലേ!

ചൊല്ലിന ഭക്ത്യാ പാണ്ഡുസുതന്മാർ
തെരുതെരെ വീണു നമിച്ചൊരു ശേഷം
അതികുതുകത്തൊടു ഭഗവാനവരെ
അതിശയമായിയനുഗ്രഹമേകി
മലിനതപോവാൻ സ്നാനം ചെയ്തു
മലിനമകന്നൊരു യമുനാസലിലേ
സ്നാനം ചെയ്തവരൊക്കെക്കൂടി-
ട്ടൂനം കൂടാതൂണു കഴിച്ചു
ശോഭനപാത്രമഹാത്മാവഥ
ബഹുതരവിഭവാൽ സദ്യ കഴിച്ചു
പാണ്ഡവവൃഷ്ണികളൊന്നായപ്പോൾ
കണ്ണാടികളുടെ മുഞ്ഞി കറുത്തു;
ശൂരാസ്യന്നായക്കേളിവക്കിഹ
ചോറും വേണ്ട നമുക്കിനിയെന്നു
വേറായ് മറ്റു ശിബിരത്തന്മാരതി-
വേഗാൽ വാങ്ങിനിനച്ചിതു സഖ്യം
ബ്രഹ്മാത്മജനാം നാരദമുനിയുടെ
ഏഷണി കേട്ടതുമററംബരവം
കൃഷ്ണനു ശസ്ത്രവിശേഷിച്ചുണ്ടാം
തീക്ഷ്ണപരാക്രമനായ ഹലിക്കും
ശത്രുക്കൾക്കിവർ പാത്രവുമായി
അത്ഭുതമുഴുത്ത വൈരവുമായി;
ഇത്തരമോർത്തു കരുതുകളശേഷം
യാത്ര കഥിക്കാതങ്ങു ഗമിച്ചു
ധർമ്മജനാദികളോടിടചേർന്നൊരു
നിർമ്മലമാനസനാകിയ ഭഗവാൻ
വെൺമതിശോഭ ജയിച്ചൊരു ബലനും
നന്മയിലവരൊടു യാത്രപറഞ്ഞു
പോയതിനാൽ ഫല്ഗുനിയുന്നേരം
നാരദമുനിയും വന്നുകരേറി
മുനിവരനങ്ങിഹ ഹലായുധനപ്പോ-
ളിനിയെന്തുള്ളു ജഗത്ത്രയവാർത്ത?
കനിവേറും നാരദനിങ്ങിതിനെ
കനിവില്ലാതെയതൊരു കഷ്ടം
ഇങ്ങിനെ കേട്ടൊരു രാമനുമപ്പോൾ
മംഗലവാക്കുകൾ കൊണ്ടങ്ങവരെ
സംഗതിയവിടെ വരുത്തിച്ചിട്ടി-
ട്ടങ്ങു മറഞ്ഞു നാരദമുനിയും;
മംഗലദേവതകാമുകനോടും
മങ്ങിടാതൊരു ദേവകളോടും
മംഗലമാകിന ദ്വാരാപുരിയതി-
ലങ്ങുഗമിച്ചു ഹരിയും ഹലിയും.

കൃഷ്ണാർജ്ജുനവിജയം ഓട്ടൻതുള്ളൽ സമാപ്തം.

ശ്രീ. ചന്ദ്രാംഗദചരിതം.

ഒന്നാം ഭാഗം.

സ്മരഹരതനയൻകരധൃതരദനൻ
കരിതുണ്ഡൻഗണനായകഭഗവാൻ
ഉരുതരകരുണകലർന്നവധിതര
വരമരുളീടുകവേണമതിന്നൊരു
പിടിമലരിടിയവിലെള്ളിവകതിര-
വടിമലരിക്കലഹോമബഹുഭക്ഷ്യാ
പരിചൊടുവച്ചുവണങ്ങിടുന്നേൻ
അടിയൻമടികൂടാതിതുകാലം
കവിതാരസഭരവിരചനമാമഹ-
മവിവേകംചിലചെയ്കിലുമൊരുപരി-
ഭവമതുകരുതരുതിന്നുഭവാനൊരു
ലവലേശംപരിപൂർണ്ണകൃപാലോ
മംഗലമിങ്ങുഭവിക്കണമതിരമ-
മാംഗജരിപുസുതനിൻകൃപതെല്ലും
ഭംഗംകൂടാതെപ്പൊഴുമിവനിൽവി-
ളങ്ങണമധികംമംഗലമൂർത്തേ
വാണീഭഗവതിനാവിലിരുന്നിരു-
പാണീവളകൾകിലുക്കിബ്ബഹുമുദ
വീണയിൽവായിച്ചെന്നുടെഹൃദിമമ
വാണിട്ടക്ഷരബോധമുണർത്തി
ത്തരണംമമഹൃദിബഹുസുഖകരമാ-
സ്ഫുരണംഞാനതിനിന്നുസദാതവ-
ചരണസരോജേവീഴുന്നുമമ
ശരണംസാരസവാസിനിദേഹി
ഉന്നതമൂർത്തേനിസ്തുലസൽഗുണ
സുന്ദരമൂർത്തേ!മൽഗുരുവര!ഞാൻ
ഇന്നുഭവാനുടെനല്ലൊരുകഴലിണ
വന്ദിച്ചൊരുകഥയുരചെയ്യുന്നേൻ
ആര്യാവർത്തമിതിശ്രുതസുകൃതസു-
കാര്യമതാകിനനിർമ്മലദേശേ
ത്രൈയംബകഭഗവാനുടെസൽകൃപ
ചെയ്യുംവിധമതിവിസ്മയമോർത്താൽ
വെള്ളവെള്ളവിലസിനതടിനികളനവധി
കള്ളകളരവമൊടുചലചലമിക്കിലു-
മിളകിമറിഞ്ഞുകളിച്ചുകളകല-
മുളവാക്കുംപടികാണാകുന്നു
കന്ദശരാർത്തിവളർക്കുംരമണി
മന്ദസ്മിതയുതവദനമസംഖ്യം
സുന്ദരപ്രമലമനോജ്ഞവമുകുരം
തന്നിൽപ്രതിബിംബിക്കുംപോലെ
സ്ഫടികനിഭാമൃതസഞ്ചിതപീന-
തടാകങ്ങളിലിടമൂന്നുനിതാന്തം
അടലകന്നഥതെളിവൊടുകിഞ്ചിൽ
സ്ഫടികതലങ്ങൾവിളങ്ങിടുന്നു
ഒരുമണിനെല്ലുവിതച്ചാൽശതശത
ഗുരുമണിനെല്ലുവിളങ്ങിടുംവിധ-
മൊരുഗുണമുണ്ടവിടത്തിലഥാതീ-
യെരിയണനയനൻതൻകൃപയാലേ
അക്ഷിതിതന്നുടെകക്ഷിയിലതിശയ
നിക്ഷേപങ്ങളുമീക്ഷണസുഖതര-
ഭക്ഷണമരംബഹുലക്ഷണമൊത്തൊരു
ലക്ഷംസുവിമലരത്നവുമുണ്ട്
കാനനമുണ്ടതിലത്യുന്നതമര-
മാനകാസിംഹവ്യാഘ്രവുമുണ്ടു
മീനമകരവുമതിന്നതിരുചികര
പാനാദികളുംപലവിധമുണ്ട്
ഫലമൂലാദികളിച്ഛിക്കുന്നോ-
രളമലമെന്നുപറഞ്ഞിടുംപടി
സുലഭംസകലവുമെന്നുംധരണീ
തലമിതിവിലസീടുന്നവിടത്തിൽ
ജാതികളായമിതിസ്തുതപലപല
ജാതികളായതരുക്കളുമൊരുമിച്ചി
ജാതീമല്ലികയെന്നിങ്ങനെബഹു
ജാതിയതാമ്പലപൂക്കളുമുണ്ട്
മിളിതകുതൂഹലപൂവിൻപരിമള
മിളമുറ്റുപവനൻകൈക്കൊണ്ടരുളിന-
മലവില്ലാതവിടങ്ങളിലെല്ലാം
നിലയിടകൂടാതെത്തിക്കുന്നു
ഇങ്ങിനെബഹുലമഹാഗുണമെല്ലാം
തിങ്ങിനരാജ്യവിശേഷംഞാൻമമ
മങ്ങിനവാണീവൈഭവമോർത്താ-
ലെങ്ങിനെവർണ്ണിച്ചീടുമിദാനീം
സ്വർലോകത്തിൽസുകൃതികൾവന്നു
നിരക്കുകമൂലംവേറിട്ടൊരുചെറു
സുരലോകത്തെസൃഷ്ടിച്ചെന്നതു
നിരുപിച്ചീടുമതത്രവിചിത്രം

ഇത്രവിശേഷമതായധാത്രീമണ്ഡലേപണ്ടു
ചിത്രവർമ്മാവെന്നൊരുപാർത്ഥിവനുളവായി
നേത്രാഭിരാമമവൻഗാത്രംപണ്ടത്ഭുതശ്രീ
പുത്രൻത്രിനേത്രവീതിഹോത്രേദഹിച്ചശേഷം
ഉണ്ടായപുത്രൻരണ്ടാംതണ്ടാർബാണനെന്നുള്ളി- (ൽ
ഉണ്ടാമതാരുമൊന്നുകണ്ടാൽസന്ദേഹമില്ല
ബുദ്ധിശക്തിയുംമനഃശുദ്ധിസ്സൂക്തിയുംശാസ്ത്ര-
സിദ്ധിയുക്തിയുംദൈവഭക്തിസക്തിയുമെല്ലാം
വർണ്ണത്തിൽനിന്നുബഹുവർണ്ണത്തിൽപലതരം
ചണ്ഡപ്രഭകൾചിന്നുംവർണ്ണമവനിൽനിന്നു
ദണ്ഡംകൂടാതെനല്ലവർണ്ണത്തിൽശോഭിച്ചുഭൂ-
മണ്ഡലംതന്നിൽസദാവർണ്ണനീയമായ്ത്തീർന്നു
ധീമാനമ്മഹീപാലൻഭൂമിയെപ്പാലിക്കയാൽ
പൂമാതിൻവിലാസവുംക്ഷേമവുംപൊങ്ങിവന്നു

മുഷ്കരന്മാരും പലഭോഷ്കുരസിക്കുന്നവരും
തസ്കരന്മാരുമാരുമക്കാലമില്ലാതായി
സമ്പത്തുവഴിമരക്കൊമ്പത്തുകെട്ടിത്തൂക്കാം
കമ്പത്തെക്കളഞ്ഞുവരമ്പത്തുമിട്ടുപോകാം
അന്തണന്മാരും നിജസന്താനസമ്പത്തോടും
അന്തർജ്ജനങ്ങളോടും സന്തോഷം കൂടിവാണു
നാട്ടിൽപ്പുഷ്ടിവരുത്താനിഷ്ടിമുതലായവി-
ശിഷ്ടകർമ്മങ്ങൾ പലതുമിഷ്ടിയോടന്നവ-
രിഷ്ഠന്മാരെക്കൊണ്ടൊന്നും മുട്ടാതെ ഭൂവല്ലഭൻ
വട്ടങ്ങൾ വേണ്ടും വണ്ണം കൂട്ടിച്ചെയ്യിപ്പിക്കുന്നു.
ബാലമരണവും ദുഷ്കാലശക്തിയുമെന്നും
മേലിലില്ലെന്നുവന്നു കാലനും വേലപൊങ്ങി
ക്ലേശിച്ചു ഗൃഹത്തിൽ പ്രവേശിച്ചു തന്റെ താടി
മീശ കൊഴിഞ്ഞു നല്ല മോശക്കാരനായിവന്നു.
ശൂലവുമിരുമ്പുമുസലവും മണ്ണുതിന്നു
കോലായപ്പുറത്തൊരു മൂലയിലിരിപ്പായി
ദേവാലയവും മഹീദേവഗൃഹാവലിയും
ദ്യോവോടടുത്തുതിക്കും ഭാവത്തിൽ പൊങ്ങിടുന്നു
മട്ടും പകിട്ടും കണ്ടാൽ മട്ടും മനങ്ങളിൽ
മുട്ടും ഗർവ്വതിനിപ്പോളൊട്ടും സംശയമില്ല-
ഊട്ടുപുരയുണ്ടതിൽ വട്ടങ്ങൾ കൂട്ടി വിപ്ര-
ശ്രേഷ്ഠന്മാർക്കഹോ നിത്യം മൃഷ്ടാന്നം കൊടുക്കുന്നു
നാട്ടും നഗരം മലമൂട്ടും കടന്നു പാരം
കൂട്ടം ക്ഷീണത്തോടെത്തി കൂട്ടം പഥികന്മാർക്ക്
നാരേരത്തിലയുമുപ്പും കൂട്ടിയൊരുക്കിയ സം-
ഭാരം നൽകുന്നു പലൊരോരോരീതികളിലുണ്ട്
കൂട്ടം നാരകത്തില കൂട്ടാനൊരോചന്ന
പട്ടണക്കാർക്കും വേറേ ചട്ടം കെട്ടിയിരിപ്പുണ്ട്

ഇപ്രകാരമവനീന്ദ്രനാം ബഹു
സൽപ്രമോദമൊടു ചെയ്കനിമിത്തം
അപ്രദേശമഖിലാദ്ഭുതമേറ്റം
സുപ്രസന്നതരമായി വിളങ്ങി
ഇന്ദുതുല്യമുഖിമാരുടെ നാസിക
തന്നിൽനിന്നു വിലസുന്നൊരു വെൺമണി
ഖിന്നമാനസമൊടങ്ങു മൃദുസ്മിത-
വെണ്ണിലാവിൽ മറയുന്നതുപോലെ
ചന്ദ്രശാലപരിചണ്ഡതരദ്യുതി
മന്ദവാഞ്ജനയശശ്ച്ഛവി ലസതേ
എന്നുമുണ്ടിഹ ഫലിച്ചു കിടക്ക-
ന്നെന്നു തോന്നുമതിനില്ല വിവാദം
പാർത്ഥിവാവലിശിഖാമണി തന്നുടെ
മസ്തകത്തിലവനീസുരരൊക്കെയും
അത്ര കൌതുകമുദാരമനുഗ്രഹ-
മെന്നു നിന്നു പല ചെയ്തുതുടങ്ങി
ഇത്ര നല്ല ഗുണമുള്ള മഹീപതി
ധാത്രിതന്നിലൊരടിക്കിലുമില്ലെ-
ന്നൊത്തു സകലസമ്മതനാകി-
ട്ടത്ര വാണു സുഖമായ് ചിരകാലം
മരണപ്പൊഴുതുവന്നു നര-
വീരമാനസമതിങ്കലിരുന്നു
പാരമൊന്നു നിലവിട്ടിളകുംപടി
ഘോരമായിതു പിടിച്ചു കലക്ക
കീർത്തനീയസുകൃതാംബുധിയാകിയ
പാർത്ഥലാധിപനു വേളികഴിപ്പാൻ
ആർത്തിവന്നു മനതാരിലുദിച്ചു
ചിത്രമോദമൊടുമങ്ങുകഴിച്ചു
അല്ലൽവിടിത്തിച്ചെയ്തുമവിൽജഗ-
ജ്ജില്ലിയായസുതരങ്ങു ജനിച്ചു
നല്ലപല്ലവസമംമൃദുലംതാ-
വുള്ളോരാത്മജയുമൊന്നു ഭവിച്ചു
പുത്രകൗതുകമിയന്നവനപ്പെൺ-
കുട്ടിയെത്തുടിതികവ്വിലെടുത്തു
പ്രഷ്ടമാനസമൊടേ പലഗോഷ്ടികൾ
കാട്ടിഹർഷനയനാംബു ചൊരിഞ്ഞു
ബന്ധുരാംഗിമണിയാൾക്കു മുദാ സീ-
മന്തിനീതിയെന്നാഖ്യ കൊടുത്തു
സ്വാന്തമമ്പോടു കളിത്തു തുടങ്ങി വ-
സുന്ധരേശനുദിനംപ്രതി പാത-
പ്പക്ഷിപീഡമുതലായവയും ചില
യക്ഷിബാധയുമടുത്തുവരായ്വാൻ
അക്ഷിതീരനതിവേഗമൊടേപല
രക്ഷയന്ത്രമെഴുതിച്ചു വരുത്തി
കണ്ഠചാംകടകമെന്നുതുടങ്ങിയ
മണ്ഡനങ്ങൾ പണിചെയ്തുതുടങ്ങി
വർണ്ണമുള്ള പല പട്ടുകളും നൃപ-
നെണ്ണമെന്നിയെ വരുത്തി വശേഷാൽ
അമ്പലശമുഖിയാൾക്കിനിമേലിൽ
കിംഫലാനുഭവമെന്നറിയാനായ്
സാമ്പ്രതം ഗണിതശാസ്ത്രമതിൽക്കല-
കൊമ്പരാം ദ്വിജരെയങ്ങു വരുത്തി
ജാതനാമവനാത്മജതന്നുടെ
ജാതകത്തെ വിധാവോടു കൊടുത്തു
ജ്യോതിഷജ്ഞവസുധാസുരരോടിതി
വീതശങ്കമവനെന്നോടു ചൊല്ലു
പുത്രിയാകിയൊരിവൾക്കു ചിരായു-
സ്സുതലാഭമിവളെക്കുമുണ്ടോ
ഭർത്തൃപുത്രസുഖമെന്നതുമുണ്ടോ
പാർത്തു ചൊൽകവിരവോടു ഭവാന്മാർ
എത്തടം കളഞ്ഞു നൃപതി സന്തോഷമോടിക-
(ദ്രുതകാകളി

ഉത്തമദ്വിജേന്ദ്രനേകനിതമോതിനാൻ
പാർത്ഥലത്തിൽ നിന്റെ വിമലകീർത്തി വന്നുദിച്ചു-
വസ്തുവും വെളുത്തുവന്നു രാജവീരരേ! (സകല
ജ്ജനനിക്കു നിന്റെ കരുണയൊന്നൊഴിഞ്ഞൊ-
(മറ്റൊരാണ
മൊന്നുമില്ലയെന്നതോർത്തുകൊൾക ഭൂപതേ
മാനശീലമൊത്തമനസ്സിലിന്നമന്നു ചെന്നരാമസി
വാനവദ്രുമം കിടന്നതുണ്ടു കണ്ടിടും
ഭൃത്യമല്പനേരമവനുതിർത്തു ചിത്തതാരിൽ നൃപതി
ചിത്രമോദമങ്ങുദിച്ചു ചൊവ്വിൽ വിപ്രനും
ഒന്നുരണ്ടുകാശുമടിയിൽ വന്നു കൂട്ടിനുമടിയിൽ
ജഹ് അപുത്രിയുള്ളവന്റെ സൽകൃപാവശാൽ

ഞ്ഞുനരച്ചുവിപ്രനവിടെമന്നിടാധിപന്റെനി-
ളൂന്നിനിന്നുകെട്ടഴിച്ചുനോക്കിജാതകം (കടേ
ചെക്കമെപ്പാളോളന്നുതലകല്ക്കിവിപ്രനേവമുലകി
ലൊകമാന്യനാംക്ഷിതീശനോടുചൊല്ലിനാൻ:
ഹേഹേനൃപതേ!ശൃണു!തവസുതയുടെ
മഹിതഗുണാഢ്യയോതിശയപെര-
മഹിമാരംപൊറമാൻപിൺപുനരതി-
ശയമെന്നിന്നുളറിഞ്ഞീടുന്ന
ധാത്രിയിലിത്രമനോഹരഭാഗ്യവി-
ചിത്രതയുള്ളൊരുസുസ്ത്രീജനമപ-
വിത്രമൊരുത്തമമിത്രവയസ്സിന-
കത്തുരചെയ്യിണോകേട്ടറിവില്ല
അതൃതമിഴിമോളാകിയിവൾക്കു
ചിരായുസ്സുണ്ടതുമല്ലതികോമള-
ംഗിയിവളോപമനായൊരുവൻപതി-
യായിവരുന്നതുമുണ്ടറിയേണം
പത്തുസഹസ്രംവർഷമെവിട്ടു
ക്ഷത്യസുഖംതവപുത്രികണ്ടു
പുത്രനെയുട്ടജനിക്കുംനിരുപമ
കീർത്തിയൊടില്ലതിനിന്നുവിവാഹം
നൃപമേളമെങ്ങടെസോമനിയെക്കാൾ
ഞാനായുമിജനിക്കുമിവൾക്കു
ളൂന്നിവനിന്നുതപുത്രിയതായതു
ഞനാവുപരിചെരുതെന്നാമന്നോ
എന്നതുപോക്കിനൊരല്പംനീക്കം
പോനാലെന്നുടെകെവിടില്ലുബ്ധി
കാനനാരുകാട്ടിൽകളയാമെന്നതി
നിന്നിഹനെറ്റിൽകൊള്ളുംമൂക്കാം
ളുത്ഥാട്ടസുരവരവചനങ്കൾസ-
സ്തുംകേട്ടമഹീപതിതിലകൻ
ചിത്തകുതൂഹലമോടുടനവധി
വിത്തംവിപ്രനെട്ടത്തുകൊടുത്തു
പട്ടുകൾകട്ടിസ്സൌവൻപലകസ-
വിട്ടുമേലാക്കുംചാകലാസ്സം
കോട്ടുകനകടുക്കൻവളവിര-
ചെട്ടനിറച്ചുംപൊന്മോതിരവും
കവചകിവിഠാലംകൃതവെഴുമതി-
വചിപിലതകളകളനിനകുളമാര
മടിക്കുടായതാകൊടുത്തുമന്നമതി
മട്ടമേൾറമ്യസമനാംക്ഷിതിനാഥൻ
സമ്മാനങ്ങളസംഖ്യമിപ്പൂണ്ണമ-
പിന്മാനത്തൊടുവാങ്ങിദ്രുതമഥ
ചെന്മാനോമിഴിതന്റെഗുണത്തിര
സന്മാനസമോടനുഗ്രഹമേകി
ധാത്രപൊന്തുമിരിത്തുവിട്ടപര-
ധാത്രീസുരവരഗണകനൊരുത്തൻ
ചിത്തേഷ്വരചിന്തവിഷാദത്തൊടുസുപ-
സുതനോടെതിരിച്ചുപറഞ്ഞു
കഷ്ടംമൃപനബ്ദസുരതടെപച
പിട്ടുകൾകേട്ടുമയങ്ങിപ്പോയോ
ധാർഷ്ട്യംകൊണ്ടവനിന്നഭവാനെ
പറഞ്ഞുതുബഹുകഷ്ടംകഷ്ടം!
നാട്ടിന്നധിപതിയായഭവാനൊരു
പൊട്ടപ്പിട്ടിലകപ്പെട്ടൊരുകഥ
നാട്ടാരിൽചിലർകേൾക്കുമ്പോൾചിരി
പൊട്ടിച്ചുടനതുതീർത്തീടേണം
പാട്ടുള്ളവരതുവെളിച്ചപ്പാട്ടുകൾ
കോലേന്ദ്രനവർമരാമാരും
ചാലേകവടിയെടുക്കുന്നവരതി-
നാലേണങ്കരുടേനവരാമോ?
ധാർഷ്ട്യംകൂട്ടികയേന്നതെളിഞ്ഞൊരു
ക്കൂട്ടംപോല്യവനറിവില്ല
പിട്ടുകൾകൊണ്ടുപണംപലരോട്ടു
തട്ടുകയന്നെവനുള്ളൊരുവിദ്യ
ജാതകഫലമവനിന്നുപറഞ്ഞു
യാതൊന്നതിനേറല്ലറിയേണം
അതിദ്രുതമായവിപഞ്ചസ്ഥുതയ്ക്കിവ-
തിലിഹകാണുന്നുണ്ടെന്നാലും
വൈധവ്യത്തിനലക്ഷണമുണ്ടു
ബോധിച്ചാലുംസ്വാമിമലകീടെ
വേധാവിൻവിധിതന്റെകരത്തിനാ
ബാധിയ്ക്കുമതിയിരിപ്പൻവിഷമം
പുത്രിയ്ക്കുണ്ടുവയസ്സുപതിനാ-
ലെത്തുംമിനാപോൾതന്നോടേകാന്ത
പാർത്തലവാനമുപേക്ഷിച്ചന്തക-
പത്തനമതിലേയ്ക്കുണ്ടുഗമിക്കും
തങ്കലോരുത്തനസംഗനാക്കിപ്പല
ഭോഗ്യംചെയ്യുന്നവനില്ലഹമൊരു
ഭോഷ്ക്കുപറഞ്ഞീട്ടതിനേകാംഗ
നാക്കുവളിച്ചുമരിക്കുകനല്ലൂ
ഏവംസംശയഭാവം ക്ഷിതിതല
ദേവൻവിട്ടരചെയ്തുടുവാമുഖ-
ഭാവംമാറിനരാധിപനീശ്വര-
ദേവൻതാനെനിനക്കുരത്തു
ഹന്തപുരാന്തക!വന്നമമയ്പ്പു-
ഇന്ത്യാപതിനിസ്സുവന്നത്താൻ
എന്തൊരുബന്ധമഹോ!തവകാലടി
ചിന്തയിലാക്കിവസിക്കുന്നീലേ
കുന്നിൻകാതാസ്വഖപ്രദയാമെ
പെണ്ണിനെവൈധവ്യംവരമെന്നാൽ
ഭേദംമൊരുതല്ലീശപരഞ്ഞാനിനി
മണ്ണിലിതനിട്ടെന്തൊരുകാര്യം
കാനാണിനികൊതിച്ചുമായവ-
ളാണിവൾമ്മുൻമഹേശപരഞ്ഞാൻമമ
പ്രാണത്യാഗംചെയ്യു നിശ്ചയ-
മാണിനാഭാഷിവൾക്കവിച്ചാൽ
പതിമാത്രുള്ളപതിവ്രതമാർക്കൊരു
ഗതിയില്ലെന്നതുവിശ്രുതമല്ലോ
അതുമല്ലിഹസുഖവുംനാരിപാർക്കകി-
ലിതിലധികംപുനരെന്തൊരുകഷ്ടം
ലാളിച്ചുണ്ടുവളർത്തീടുംതളി-
രൊളിതനുവല്ലികിങ്ങനെവരികിൽ

കോളാമ്പിക്കിഹ ശുക്തിയൊരോടിനു
തുല്യം ജാല്യതയും വരുമല്ലോ
ഇങ്ങിനെയുള്ളൊരവസ്ഥയിലെന്മക-
ളിങ്ങിനെകാലം കളയും ശിവ! ശിവ!
എങ്ങിനെ ഞാനിതു കണ്ടു സഹിപ്പതു-
മെങ്ങാനും പോയ് ച്ചാവുകയുള്ളു
ഇത്ഥം പാർത്ഥിവനനവധാസംഗതി-
യേത്തഴൽ പൂണ്ടു കരഞ്ഞു വശായി
ചിത്താഹ്ലാദവുമന്നുമുതൽക്കൊരു-
വസ്തുവിലെങ്കിലുമില്ലാതായി
അത്യാകുലമുളവാകും നിജ
പുത്രിയുടെ ചിരികളികളിവയിൽ
നേത്രമുടക്കീരസം പ്രാപസത്താ-
നന്ദം പൊങ്ങുന്നിമിത്തത്താലേ
ആമോദാലിസന്തുഷ്ടവുമന്ന-
ളൈഹികമായഖിലത്തിലുമുള്ളൊരു
മോഹമുപേക്ഷിച്ചപ്പോഴന്തക
ഗേഹത്തിന്നിമുഖനായ് വാണു
മായാമോഹമഹാർണ്ണവതിരകളി-
ലുഴലാതേ സനകാദികളാലും
പായമമക്ഷ്യവിചാരം ശാശ്വത-
മായോരന്നിലയിൽ നിന്നിട്ടന്നോ
കാലം തെല്ലു കഴിഞ്ഞപ്പോളക-
മലേയൂപയരനൊന്നുകരഞ്ഞു
ബാലികയപ്പുരിലാളനവും നര-
പാലനവന്നിശമന്നു തുടങ്ങി
തൊട്ടിയിലിട്ടു കളിപ്പിച്ചും പല
മട്ടിലുമിക്കിളിയാക്കിയുമധുനാ
മുട്ടിലിഴത്തിച്ചാഞ്ചാടിച്ചും
കുട്ടിചിരിപ്പതുകണ്ടുരസിച്ചും
തക്കവയസ്സുണനാമുതലപ്പോ-
ന്നാക്കത്താക്കിനടക്കയുമിരയ-
പ്പൂക്കനിവുത്തിപ്പിച്ചകൾചാടി
ച്ചക്കത്തിരച്ചിരിയുളവാക്കുകയും
കുപ്പിപ്പാവകളപ്പാവകൾ ചില
പിച്ചിച്ചിരപ്പെൻചെങ്ങകളിങ്ങിനെ
കോപ്പുകൾപലതുംതൽപുത്രിക്കക-
ളിപ്പാനായിട്ടാപ്പിക്കുകയും
ഏതിലെതിൽമോഹംകാണായിതി
ചോദിച്ചുങ്ങുകളിച്ചുചിരിക്കയു-
മിതിപലദിനവും ഭൂതലശൂരൻ
ചെയ്തലുമൊന്നിച്ചങ്ങുകഴിച്ചു
കുട്ടിപ്രായം വിട്ടവൾതാനേ
മുറവരതാക്കെന്നതുടങ്ങി
മറവുകളുള്ളൊരുവകകൂട്ടരുകൂടി
ച്ചുട്ടവുമാട്ടവുമോട്ടവുമായി
എന്തിനിതെന്തയുമെന്തിതുതല്ലയു-
മെന്തിനകവുമുണർന്നാസതതം
പന്തുകളിച്ചാൽമതിയെന്നോർത്തവ
ളുന്തിത്തള്ളിനടന്നുതുടങ്ങി
തലയെന്നവരോടെനട്ടവിൽതാൻചൂതം

തലയുള്ളവളാണെന്നുനടിച്ചു
പലകളികളിലും നിലവിളിയെന്നിയെ
പലതരലഹളയമർത്തീടുകയും
ആളുകളിരുഭാഗത്തും സമരം-
യില്ലെന്നുള്ളൊരു തക്കം വന്നാൽ
കല്ലും പുല്ലും കൊണ്ടുവരാൻ വിധി
ചൊല്ലിപ്പുംതിരിച്ചീടുകയും
നീലാംബുജനിഭവേണികളണിയും
ബാലാപ്പൂണ്മണിയാമതിസുഖമാ-
യാളികളോടിടചേർന്നുകരഞ്ഞൊരു
കാലം തെളിച്ചങ്ങുകഴിച്ചു
ഇങ്ങിനെയുള്ളൊരുകളികളുപേക്ഷി-
ച്ചംഗജലീലാരംഗസ്ഥലമതിൽ
ഭംഗിയൊടാടുവതിന്നൊരുകാംക്ഷയു-
ടങ്ങാതുള്ളൊരുകാലമടുത്തു
കിളിവാലൻമുട്ടവെറിലയുംന-
ല്ലിളനിറമുടയകളിപ്പാക്കും പുന-
രേലത്തരികരയാമ്പൂവിടക-
ളുമവൾസമ്പാദിച്ചുതുടങ്ങി
കളഭംകുംകുമമക്ഷതമിവപല
കളഭസുഗന്ധിനികറിതൊടുവാനക-
തളിരതിൽ വളരും കൗതുകമോടെ
വളരെവരത്തിക്കൈവശമാക്കി
കണ്ണെഴുതുന്നതിനുള്ളൊരുവട്ടവു-
മണ്ണാജേക്ഷണവിരവിൽകൂട്ടി
സ്വർണ്ണപ്രഭയുംനവരത്നങ്ങടെ
വർണ്ണങ്ങളുമിടചേർന്നതിതാന്തം
ഇഴുകിക്കൊണ്ടുകുളിക്കുംപലസുവി-
മലതരമായകലാപാവലിയും
കളഹംസാഞ്ചിതനടയാളൊരുപടി
ചിലവിന്മേൽപണിചെയ്യിപ്പിച്ചു
പട്ടുകൾപുടവകൾ പാവാടകൾ പല
മട്ടിലുമുള്ളമുലപ്പുടബന്ധം
മട്ടൊലുംമുട്ടുകരാഞ്ചിനിവേഗമ-
കിട്ടുംപോലെ ശേഖരമാക്കി
ഇത്ഥം സകലപദാർത്ഥം വരതനു
ചിത്തംതന്നൊട്ടുചേരുംപടിനിജ
ഹസ്തംതന്നിൽവരുത്തിയൊരളവതി-
ലെത്തിയെയൗവ്വനമുന്തിത്തള്ളി.

അരിയയൗവനമിലടിയുമാറമുകിവടിവുകാണാകി-
ലാടലുണ്ടംമെടനാൻറെഴ്ജ്യ മുഖം
കലിമതുപടപേപതുതവിരിപൊടിയാക്കിട്ടും
നല്ലൊരുപഞ്ചമിച്ചന്ദ്രബിംബതിന
കാലനിയീയതിലനിന്നാലിളുകിമറിയുന്നതൽ
കാളലെത്തുല്യമാംചില്ലിവില്ലൊട്ടവും
കമലദളവിശദരുചികലരുമതിമോഹനം
കണ്മുനത്തെല്ലിനാലാരുമയങ്ങിടും
തിലകുസുമമതിനെയുമഭംഗതകാച്ചീടാൻ
തക്കൊരുഗർവുള്ളനാസികാഭംഗിയും
അതിമധുരമതുപൊടിയുമധരമലർസായകൻ
ആർത്തുജ്ജിക്കുന്നനല്ലചെത്തിപ്പൂഴം

മദനശരചയസദൃശരദനനിരമാലതീ
മൊട്ടിന്റെചന്തംകലർന്നുപതുക്കവേ
രതിരമണനുടയബഹുമതിക്കമിതുസമ്പൂർണ്ണം
രഞ്ജിച്ചിട്ടുംനല്ലഗണ്ഡപ്രദേശവും
കമനിമണികനകമണിചിരവിലണിയുന്നൊരു
കർണ്ണങ്ങൾകാമന്റെരജ്ജുണിതുല്യമാം
ചപലതമിതിവിശദതരഹാരമെന്നിവക
പണ്ടങ്ങൾകൊണ്ടുവിളങ്ങുന്നകണ്ഠവും
നിഖിലഗുണമുടയമൃദുകരയുഗളമോർക്കിലോ
നെന്മേനിവാകപ്രസൂനമാലാനിഭം
മദനരിപുസദനഗിരിയതിനൊടമർചെയ്തിട്ടു
മാവിടെതിക്കിത്തിരക്കുന്നകൊങ്കകൾ
അതിചതുരമുദരമതിനെതിർനിലപിടിക്കയാ-
ലാലിലക്കൂട്ടംവിറയ്ക്കുന്നുസർവ്വദാ
സ്തനഗിരികളുടെമുകളിലലർശരശരച്ചൂട്ട
തട്ടിനടക്കുന്നനേത്രഭൃംഗാവലി
നടുവിലെത്തുവരിചെറിയമരതകക്കല്ലിട്ടു
നിർമ്മിച്ചുവെച്ചുള്ളസോപാനപംക്തികൾ
നിമിഷമതിരസമൊടവരോഹണംചെയ്തഹോ
നാഭിവാപീജലേവന്നുമുങ്ങുന്നിതോ
പെരിയഘനമുടയകുചയുഗളമതുതാങ്ങുവാൻ
പോരാഞ്ഞുദുഃഖിച്ചുശോഷിച്ചമദ്ധ്യവും
മതികണ്ണവനിലയമതിനിരുപുറമലങ്കാര
രംഭോരുയുഗ്മംവിളങ്ങുന്നഭംഗിയിൽ
കളഭമെഴുമവളുടെകണങ്കാലുകാൺകിലോ
ക്ഷ്യാതകൈതമൊട്ടിന്നുവളർത്തിട്ടും
പരിമൃദുലതരകമഠമതിന്നുടെപുറത്തിനും
ചേരുമസ്മയ്യുണ്ടാംപുറങ്കാലുകാൺകിൽ.
തിങ്ങിനഭംഗിയിലിങ്ങിനെമൂത്തിനൊ-
രംഗനാതന്നുടെദേഹപ്രഭയും
എങ്ങുംമധുരിമചിന്നുംനവമാം
കനാപിഴിഞ്ഞൊരുകളമൃദുമൊഴിയും
ചന്ദ്രികപോലെവെളുത്തുകളുത്തൊരു
മന്ദസ്മിതവുംനല്ലമനസ്സും
സുന്ദരരാജമരാളകിശോര-
ത്തിന്നുടെഗതിയൊട്ടപൊരുതുംപടയിൽ
സംഗീതംസാഹിത്യംപുനരിതി
സംഗതിപലതിലുമുള്ളൊരുകോപ്പും
മങ്ങാതൊന്നിഹവർണ്ണിപ്പാൻവിരു-
തിങ്ങൊരുലേശവുമില്ലായേണം
സകലഗുണങ്ങളുമിങ്ങനെകണ്ടക-
മുഖിലംതീർന്നതികണ്ടൊരുസമയം
സകലൻമദനൻകളമൊഴിയാളെ
പകലുംരാവുമലട്ടുതുടങ്ങി
വിളികൊള്ളുന്നൊരുനിഷധകുലത്തിനു
തിലകനതാകിയചന്ദ്രാംഗദനിൽ
നളിനദളായതമിഴിയാൾക്കഭിരുചി
വളരെവളർന്നുവശായതുകാലം.
ചന്ദ്രികചന്ദനമിളമാരുതനാ-
യന്നപ്പിടനടയാൾക്കതുമൂലം
ഉന്നതചൂടുകലർന്നൊരുചെന്തീ-
യെന്നതുപോലെവന്നുഭവിച്ചു.
എങ്കിലുമുൾത്തളിരിങ്കലുദിച്ചൊരു
പങ്കജസായകസങ്കടമെല്ലാം
തങ്കലൊതുക്കിക്കൊണ്ടവളാരും
ശങ്കജനിപ്പിക്കാതെവസിച്ചു
അക്കാലത്തിംഗിതതരമായൊരു
ദുഷ്കാലമയസംഗതിമുഴുവൻ
തൽക്കാലംചിലസഖികൾപറഞ്ഞുധ-
രിക്കയാലവളൊന്നുനടുങ്ങി
ചെറിയൊരുമരമിടിവെട്ടേറ്റാടി
വരയുമെരിഞ്ഞുകരിഞ്ഞതുപോലെ
അരുവയർമണിയാൾതന്റെകളേബര-
മൊരുപോലൊന്നുകറുത്തുവാടായി
ദണ്ഡാംസഹിയാഞ്ഞവനിയിലമിതവി-
ഷണ്ണതപൂണ്ടുമറിഞ്ഞിഹവീണു
കണ്ണിണകളിൽനിന്നശ്രുചൊരിഞ്ഞവൾ
മണ്ണിലുരുണ്ടുപിരണ്ടുരൊഴിച്ചു
ഭക്ഷണമതിപലതിങ്കലുമാശപ-
ലക്ഷണമൊന്നുകുറഞ്ഞുതുടങ്ങി
സാക്ഷാൽത്ര്യക്ഷനൊഴിഞ്ഞൊരുവൻനിജ
രക്ഷണമതിനില്ലെന്നുറച്ചു
പൊൻകൊടിതന്റെവിശങ്കടസങ്കട-
വൻകടലിൻകരകേറാൻവേണ്ടി
ശങ്കാഹീനംശങ്കരപാദ-
ത്തിങ്കൽനമിച്ചിതിസങ്കടമോതി
ശങ്കരശങ്കരശംഭോശരണം
വൻകരുണാമൃതസിന്ധോ
നിങ്കഴൽനമിക്കുന്നോരടി-
യങ്കൽകൃപചൊരിയേണം
ഇത്രചെറുപ്പത്തിങ്കൽത്തന്നെ
വിപത്തിൽകഠിനമേ
എത്തുകിലെന്നുടെപാർത്തലവാ-
സസുഖത്തിനുവഴിയെന്തുള്ളു
ചത്തുമറിഞ്ഞൊരുദേഹത്തിൽപല
മൃത്തികകയറിയപോലെ
ധാത്രിയിലങ്ങുനടന്നുകഴിപ്പാ-
നോർത്താലൊരുസുഖമുണ്ടോ
ഹന്തകൃതാന്തൻതാന്തോന്നിത്തമ-
തെന്തിതിപലചെയ്യുന്നു.
നിന്തിരുവടിയുടെശാസനയിതുനാ-
ളന്തകനില്ലെന്നാകേ
ലക്ഷ്യംകൂടാതവനിതുചെയ്വാൻ
പക്ഷേനിയ്യറിവുണ്ടോ
ശിക്ഷയിലിങ്ങനെചെയ്വാൻതവദേഹ-
നേക്ഷണബഹുരസമെന്നോ
വൃക്ഷച്ഛായയിൽവിളയാട്ടംമൂഷിക-
ന്തുൽക്ഷിപ്തമായൊരുദണ്ഡാ
ളുള്ളപ്പോന്നതുപോലെന്തിനെനിക്കുവ-
ലച്ചിൽവരുത്തീടുന്നു
പൊയ്യല്ലീവകദുസ്സഹകദന
ക്കുള്ളകളെൻഭഗവാനെ

പൊയ്യുപ്പുസ്സഹിപ്പാനാള-
ല്ലയ്യോ നീയുരിയേണം
പാലയപാലയമല്ലികസായക
കാല! യമാന്തക! ശംഭോ!
ജ്വലനവിലോചന സലിലവിഭൂഷണ
പാലയമാം ബഹുകാലം
ഇത്ഥം ദുഃഖിച്ചപാരം മൃത്യുഞ്ജയനോടേറം
ഏത്തായും പരിതാപസത്തായും ചെയ്തുപല
ആവലാധികളെല്ലാം കേവലം നിഷ്ഫലമെ-
ന്നാവലാഹനി ഭദ്രവേണിയാളങ്ങുറച്ചു.
നിൽക്കാതെ ചെന്നു യാജ്ഞവൽക്യന്റെ പത്നി- (യായ
ചൊൽക്കൊള്ളും മൈത്രേയീദേവി തങ്കത്തിൽക്കം- (ണ്ടുചൊന്നാൾ
കൃത്തിവാസസ്സിന്റെ ഭക്തനാം താപസന്റെ
ഉത്തമപത്നിയായ മത്തേഭഗാമിനി നീ
ശ്രദ്ധയോടെന്റെ പരമാർത്ഥങ്ങൾ ഗ്രഹിച്ചാശു
കാത്തുകൊള്ളേണമതിന്നുൾത്താരിൽ കൃപവേണം
പത്തും നാലും വയസ്സെണ്ണത്തുന്നാളഹോ വൈധ-
വ്യത്തിലകപ്പെട്ടു ഞാനെത്രയുമരിഷ്ടിയ്ക്കും
എന്നെന്റെ ജാതകത്തിലൊന്നു പറഞ്ഞിരുപ്പു-
ണ്ടെന്നൊരു ഭൂമിദേവൻ എന്നോടു ചൊല്ലീട്ടുണ്ടു- (പോൽ
കത്തിക്കരിഞ്ഞിടുന്നു ചിത്തം മേ വിഷാദത്താൽ
എത്രഞാനപ്രകാരം യാത്രയിൽ കഴിക്കേണ്ടു
കൊല്ലാക്കൊല ചെയ്തീടിനല്ലോ വിരിഞ്ചനിപ്പോൾ
വല്ലാത്ത വട്ടം കൂട്ടിമെല്ലെന്നു വന്നീടുന്നു
ധാതാവെന്തി പ്രകാരം മാതാവിനോടും കൂടി
ചെയ്തിടാൻ ചോരകണ്ണിൽ ഏതുമില്ലാതെ പോയോ
യോഗമിന്നെന്റെ ദോഷയോഗമൊഴിപ്പാനുള്ള
മാർഗം ചിന്തിച്ചീടേണം യോഗിവല്ലഭേ ധന്യേ!
ഉള്ളനിറഞ്ഞു തിങ്ങിത്തള്ളിവരുന്നൊരു ദുഃഖം
എല്ലാമറിഞ്ഞു യോഗിവല്ലഭതാനും ചൊന്നാൾ
ഖേദങ്ങളൊഴിച്ചാലും ഏണാനിലശ്രീവേണി നീ
മോദിച്ചുവാഴ്ക നിത്യം മദിരാക്ഷി സീമന്തിനി
വൈധവ്യം വരുമെന്നു വിധികല്പിച്ചിരുന്നാലും
ഉഗ്രനെസ്സേവിച്ചെങ്കിലൊരു നാളും ബാധിക്കില്ലേ
വേഗം നീ സോമവാരവ്രതമങ്ങനുഷ്ഠിക്കേണം
ദൂരെത്തെറിച്ചുപോകും ദുരിതസഞ്ചയമെല്ലാം
ശീതാംശുവാരേ കാലേ ശുദ്ധയായ് സ്നാനം ചെയ്തു
മാരഹന്താവിനെയും മലമകളെയും ഭക്ത്യാ
ചേതസ്സിലാക്കിക്കൊണ്ടു ചിതമോടേ പട്ടുടുത്തു
പൂതാത്മാവായിക്കർമ്മം പതിവുള്ളതെല്ലാം ചെയ്തു
രുദ്രാക്ഷഭസ്മമെല്ലാം രമണീമണിയാളേ നീ
ഭദ്രമായ് ധരിക്കേണം ഫലമുണ്ടതിന്നു പാരം
ഈശപരൻ തനിക്കീശൻ ഇതി ചിത്തേ സങ്കല്പിച്ചു
ഈശാലക്ഷേത്രേ ചെന്നു ഭരുളിതഭക്തിയോടെ
പാടാതെ പഞ്ചാക്ഷരം വിരവിൽ ജപിച്ചീടേണം
പാടേ നിബിംബത്തെയും പരിചിൽ സംസ്കരി- (ക്കേണം
പുഷ്പങ്ങളോരോന്നായി ചിതതമങ്ങർച്ചിക്കേണം

ശംഖാഭിഷേകം പിന്നെ ശശിനേർവദനേ ചെയ്ക
ദീപാന്നനൈവേദ്യധൂപം ദിവസം പ്രതിയും വേണം
സാഷ്ടാംഗം ഭൂദേവരെ സഹസാ സേവനിച്ചുള്ളിൽ
അത്യന്തം ഭക്തിയോടേ അംബലേ നീ പൂജിക്കേണം
സങ്കീർത്തനങ്ങൾ പാടി സതതം പ്രദക്ഷിണങ്ങൾ
സംഖ്യ പിടിച്ചു പലസപാദി നീ വച്ചീടേണം
വിപ്രഭോജനം പല വിഭവമായ്ക്കഴിക്കേണം
വേണ്ടും ദക്ഷിണകളും വിധിപോലെ ചെയ്തിടേണം
അസ്തമിച്ചൊരു മൂന്നും അരയും നാഴിക ചെന്നാൽ
തന്നുടെ വീട്ടുപുക്കു ചരിതം പാരണ ചെയ്ക.
ഭദ്രേ സുകൃതസമുദ്രേ പുരഹര-
രുദ്രേ ബഹുഭയഭക്തിയൊടേ നീ
ചന്ദ്രവാരമഹാവ്രതമെന്ന-
തതിദൃഢമേവമനുഷ്ഠിച്ചെങ്കിൽ
അതിനൊഴിഞ്ഞു വസിക്കാം തവ പുരു-
ഷാർത്ഥചതുഷ്ടയസിദ്ധി ഭവിക്കും
വാർത്തൊരു കണ്ണീർ ദൂരെഗമിക്കുക
പാർത്ഥലപാലക കൗതുകപുത്രി
മാമുനിവരസഹധർമ്മിണി ചൊല്ലിയ
കോമളവാക്കുകളഖിലം കേട്ടു
യാമിനിവരവിനൊരല്പം മുമ്പിൽ
കാമിനിയാത്രപറഞ്ഞു തിരിച്ചു
ചാലെ ചെന്നു നിജാലയമതിലതി-
കാലേ ശങ്കരസേവയ്ക്കായി
പ്രാലേയാംശുസമാനന താൻവഴി-
പോലെ വേണ്ടതു സകലമൊരുക്കി
സൂനായുധരിപു ഭഗവാനെ ബഹു-
മാനിച്ചമ്പൊടു ചിത്തേ ചേർത്തു
മാനിനി പാരം ധ്യാനമുറപ്പി-
ച്ചൂനമകന്നാഥസേവ തുടങ്ങി
ഇങ്ങനെ പലദിനമംഗനമാർമണി
ഗംഗാധരനുടെ പാദസരോജേ
തിങ്ങിന ഭക്ത്യാ ഭജനമിരുന്നു ക-
ലുങ്ങാതങ്ങു വസിക്കും കാലം
പാരിൽ പാരം പേരു പരന്നൊരു
പൂരുഷവീരൻ നളസുതതന്നെ
പാരാതങ്ങു കൊടുക്കണമെന്നക-
താരിലുറച്ചു മഹീപതിവീരൻ
എങ്ങുമങ്ങിനെ പൊങ്ങും ഗുണമു-
തിങ്ങും പൂരുഷപുംഗവനൊന്ന്
മംഗലശീലൻ നരപതി രാത്രിയു-
റങ്ങീടാതെ വിചാരം ചെയ്തു
അതുപൊഴുതനവധി പൂരുഷരെ ക്ഷിതി-
പതി നിജമനസാ കണ്ടുതുടങ്ങി
ജാതിശ്രേഷ്ഠതയുള്ളവനൊരുവൻ
വ്യാധിപീഡിച്ചവനായിക്കണ്ടു
ആകൃതിഗുണമുണ്ടൊരുവനു പക്ഷേ
പ്രകൃതിഗുണം കണികാണ്മാനില്ലാ
പ്രകൃതിയുമാകൃതിയും നിരുപിച്ചാൽ
സുകൃതം കെട്ടൊരു വികൃതിയൊരുത്തൻ
നല്ലൊരു വിദ്വാനുണ്ടവനപ്പോൾ

തെല്ലുംവിനയമതില്ലതുമല്ലാ
പെല്ലുകൾനാലഞ്ചില്ലാശേഷി-
പ്പുള്ളവനല്ലൊരുഭാഷയുമല്ല
മന്നവനിങ്ങനെചിലരെക്കണ്ടു
തന്നുടെബുദ്ധിയുമൊന്നുമടുത്തു
പിന്നെയുമാലോചിച്ചുവിചാരം
ചന്ദ്രാംഗദനിൽചെന്നുപതിച്ചു.
ഇന്ദുകുലോത്ഭവനാമിവനത്ഭുത-
സുന്ദരഗാത്രൻനളനുടെപൌത്രൻ
ഇന്ദുകലാധരസേവകനാമനി-
ന്ദിതനാപുരന്ദരനുന്നതധീമാൻ
സമ്പത്തിനിധിയുടയവനുള്ളതിലും
സമ്പത്തുള്ളവനതിഗുണശീലൻ
അമ്പുംവില്ലുമെടുത്തൊരുവിദ്യയിൽ
മുമ്പൻവിക്രമിഗുണനെക്കാളും
ശാസ്ത്രങ്ങളിലതിനിപുണൻരിപുജന
ഗോത്രതമസ്സിനുരവിയൊരുമിത്രൻ
ആർത്തത്രാണനമെന്നതിനെപ്പൊഴു-
മാർത്താകർത്തുവസിക്കുന്നൊരുവൻ
പലപലഗുണമതിനാളുകളതിലകനിൽ
വിലസീടുന്നതുകണ്ടുനരേന്ദ്രൻ
കളൂമതിമുഖിയെവിവാഹംചെയ്യും-
നവനിവനെന്നുമനസ്സിലുറച്ചു,
ചന്ദ്രാംഗദനെക്കണ്ടുമനോരഥ
മെന്നൊഴിയാതറിയിച്ചുമറിഞ്ഞും
വാഴിടുന്നതിനാജ്ഞമഹീപതി
മന്നിടദേവന്മാർക്കുകൊടുത്തു
വിപ്രന്മാരുംകല്പനകേട്ടുവി-
കല്പംകൂടാതങ്ങുഗമിച്ചു
അല്പംകാലംകൊണ്ടവർനൈഷധ-
നല്പുരിതന്നിൽചെന്നുകരേറി
പൃഥ്വീപാലകസുതനെക്കണ്ടു
വസ്തുതസകലവുമങ്ങറിയിച്ചു
നലതനയൻമൊഴിയുടെസൌന്ദര്യംഭീസ-
മസ്തവിശേഷകലേശംപാർത്തി
ക്കീർത്തനമഖിലംശ്രുതപാരണനാം-
മൂർത്തിമഹീപതിസുതനഭജിച്ചു
പാർത്ഥിവയതിപാവനതരചരിതം-
മങ്ങലൊഴിഞ്ഞുപറഞ്ഞുരചെയ്തു
വിപ്രശ്രേഷ്ഠന്മാരെന്നിങ്ങനെ
നൽപ്രിയവചസാപറഞ്ഞൊരനന്തര-
സപ്രണയംബുധിതന്നിലകക്കാ-
മ്പപ്പടിമുഴുകിമറിഞ്ഞീടുന്നു
ആശ്ചര്യത്താൽമഹീപതികണ്ടൊരു
കാര്യമിതിനിക്കുംസമ്മതമെന്ന്
ആര്യന്മാരേകാലവിളംബം
ചെയ്യാതെപോയറിയിച്ചാലും
മംഗല്യക്രിയചെയ്യുന്നതിനൊരു
മംഗലദിവസംകണ്ടറിവിച്ചാൽ
അങ്ങുവരാനൊരുസംശയലേശവു-
മിങ്ങില്ലെന്നതുമറിയിക്കേണം

എന്നാലിങ്ങനെയാട്ടേസകലവു-
മെന്നുടെഭാഗ്യംപോലെവരട്ടേ
എന്നുപറഞ്ഞവനെഴുന്നേറ്റുടനേ
തന്നുടെമച്ചിൽചെന്നുപതിച്ചു
വിപ്രന്മാരുംതിരിയെപ്പോന്നുനൃ-
പപ്രവരൻതൻസമീപേചെന്നു
ക്ഷിപ്രംചന്ദ്രാംഗദനുടെനല്ലൊ-
രഭിപ്രായങ്ങൾപറഞ്ഞറിവിച്ചു
ശ്രോത്രപ്രിയതരവാർത്തകൾകേട്ടു
ധാത്രീപാലകനുള്ളംകുളുത്തു
ഓർത്തുസുതയ്ക്കുവിവാഹത്തിനുമു-
ഹൂർത്തംനോക്കിയുറച്ചുജവേന
മുമ്പുംപിമ്പുമതുമ്പടിയോടവ-
നമ്പൊടുചന്ദ്രാംഗദനെവരുത്തി
അമ്പത്തെട്ടുമഹീപതിമാരെയു-
മമ്പടികത്തുകളെഴുതിമുറയ്ക്ക്
കാര്യാന്വേഷണമതിനുടനേപല
കാര്യക്കാരെയുംനിയമിച്ചു
വര്യോലകളുംനൃപവരനെഴുതി
കാര്യാദികൾവിഭജിച്ചുകൊടുത്തു
ആര്യാവർത്തമഹീപതിനൽകിയ
വര്യോലകളൊരുകയ്യിലെടുത്ത്
കാര്യസ്ഥന്മാർവിരവിരിച്ചതി
ശൌര്യംകാട്ടിനടന്നുതുടങ്ങി
പിരിവുംതല്ലുകളുമുരുതരപലപല
പെരിയിൻപന്തൽവിതാനപ്പന്തൽ
വാരണവരരെക്കെട്ടുന്നതിനു-
ള്ളൊരുവകപന്തലുമിട്ടുതുടങ്ങി
ഘോടകശാലകൾമാളികമേൽകളി-
മാടമതില്ലുകളെഴുനിലമാടം
ധാടിക്കൊത്തവിധങ്ങളിലഹോബഹു
മോടികളിങ്ങുപണിച്ചുതുടങ്ങി
വഴികളടിച്ചുതുടങ്ങിക്കണ്ടും-
കുഴിയുമശേഷംതൂർത്തുനിരത്തി
വഴികളിലെല്ലാംതോരണമൈത്രയു-
മഴകിലസംഖ്യംകെട്ടിത്തൂക്കി
കാഴ്ചക്കാര്യംചെയ്യുന്നതിനതിവിരു-
തുള്ളൊരുകാര്യസ്ഥന്മാരിങ്ങനെ-
യുള്ളതരത്തിൽതങ്ങടെമുട്ടുക-
ളെല്ലാംതീർക്കാമെന്നുറച്ചു
ളുള്ളതിലെട്ടുംപത്തുംകൂട്ടി
കള്ളക്കത്തുകണക്കുകളെഴുതി
ഉള്ളിലെമോഹംപോലെദ്രവ്യം
കള്ളവഴിക്കുകരസ്ഥമാക്കി
ത്തുപണത്തിനുമൂല്യംപറവതി-
നാറുദിനംപ്രതിപലിശവരുംപടി
കുറയില്ലാത്തപണംപലിശയ്ക്കുവ.
രൊരുമടിക്കൂടാതൊരുപടിനൽകും
മിച്ചംകൊണ്ടവനച്ചിക്കുംനിജ
കൊച്ചിനുമാഭരണങ്ങളനേകം
ഇച്ഛക്കൊത്തവിധത്തിലഹോബഹു

ദൂർച്ചിലവിട്ടുടനേപണിയിസ്സും
പൊള്ളുരാചെയ്യുംകൊള്ളയടിസ്സും
ഉള്ള ഉദ്ദഴവാരമുണ്ടുമുടിസ്സും
കള്ളത്തങ്ങളിവണ്ണംചെയ്കില്ലു-
മുള്ളതിനെന്നുനടിച്ചുനരപതി
തന്നുടെതിരുമുമ്പിൽചെന്നിരുകര-
വിരലുകൾമൂക്കിൽതിരുകിക്കെട്ടി
തരസാനല്ലൊരുകല്ലവരുടെ
ചിരിയുംമൂളലുമങ്ങനെയും
ഏഷണികൂട്ടംമാറുള്ളവരെ
ദൂഷണവചസാദ്ദൂരെയകറ്റും
ഭീഷണികാട്ടിയുരുട്ടീടുംപോട്ടു
ഭോഷന്മാരെപ്പകലുംരാവും
ഈവകദുഷ്കൃതിചെയ്യുംദുർമ്മതി
സേവകരക്കാലത്തുചുരുക്കം
പാവനഹൃദയന്മാരെല്ലാമവർ
സേവകരെല്ലാംകോവിലകത്തു
എന്നല്ലായ്വാവർമഹീപതി
തന്നുടെമന്ത്രികളതിഗുണവാന്മാർ
പൊന്നുംപണവുംഗുണവുംസമ-
മവരെന്നുമസത്യംകാട്ടുകയില്ല
ഇങ്ങിനെയുള്ളവരെല്ലാം നളനൃപ-
പുംഗവപൌത്രൻതന്നുടെപരിണയ
സംഗതികൊണ്ടുപിടിപ്പാൻമനസാ
തങ്ങളിലൊത്തുനടന്നുതുടങ്ങി
കോപ്പുകളെല്ലാംകൃതകയായി-
ട്ടേല്പിക്കുന്നതുഗുണമെന്നോർത്തു
ചൊൽപ്പൊങ്ങീടുംവ്യാപാരികളെ
ക്ഷിപ്രംകല്പനവിട്ടുവരുത്തി
വേണ്ടതുസകലവുമേല്പിച്ചുവില-
കൊണ്ടുപറഞ്ഞുകരാറുംചെയ്തു
രണ്ടുദിനത്തിനകത്തിവയെല്ലാം
കൊണ്ടുവരുമ്പടിവരുതികൊടുത്തു
തിരിയെപ്പോന്നുകച്ചവടക്കാർ
സരഭസമെല്ലാംചട്ടംകെട്ടി
നരപതിതന്റെഗൃഹത്തിൻനേരേ
പരിചൊടുയാത്രയുമങ്ങുതുടങ്ങി
ചെട്ടികൾപട്ടുകൾതൂക്കച്ചീട്ടികൾ
കെട്ടിപ്പേറിയൊരുഭാണ്ഡത്തോള-
ക്കിട്ടുമുറുക്കിമുറുക്കിത്തലയിൽ
കെട്ടുംമൂലത്താറുംധൃതിയോട്
വാരിവലിച്ചൊരുമാറിൽകെട്ടി
പാരംനീണ്ടൊരുമീശപിരിച്ചു
ചേരുംപൊട്ടുകൾതൊട്ടുനൃപാലയ-
മോരോന്നായിച്ചെന്നുകരേറി
മുട്ടുകൾകച്ചകളെന്നിവപലവക
തണ്ടുകൾപൊക്കിക്കെട്ടിമുറുക്കി
തണ്ടുകളിട്ടുചുമപ്പിച്ചനവധി
പാണ്ടിപ്പട്ടന്മാരുടെകൂട്ടം
കറ്റിപിരിപ്പതിനുള്ളവിടാശാ ബത
യേറെക്കൂട്ടിത്തട്ടിയുരുട്ടി

സൃഷ്ടിച്ചൊരുവകപൊട്ടിപ്പൊരിയും
കട്ടികൾസഹിതമസംഖ്യംവന്നു
തോളിലുമരയിലുമിവയുടെയിടയിലു
മോരോലേസ്സുകൾകെട്ടിമുറുക്കി
പാളത്താറുമുടുത്തുപലാടേ
പാളിടാതൊരുപൊട്ടുംതൊട്ടു
കൊങ്ങിണിമാരുപസാരമവചന
ഭംഗിയിലേതാണ്ടെക്കിഞെരുക്കി
തങ്ങളിലോതിക്കശപീശക്കൂട്ടി-
ട്ടങ്ങിനെവേഗമണഞ്ഞുതുടങ്ങി
കറികൾക്കുള്ളപദാർത്ഥങ്ങൾക്കു
പറമുറികളിലവരൊക്കെനിറച്ചു
ചെറുതേൻഗുളമിതിമധുരതരംഉള്ള
ചെറുപഴങ്ങളുമൊരുവകവന്നു
ഗോരോചനയുംചന്ദനവുംപനി-
നീർകലിതമിവണ്ണംബഹുവിധ
സുരഭിലവസ്തുഗണമവിടങ്ങളി-
ലൊരുപോലെന്നുപറന്നുനിറന്നു
സാമാനങ്ങളനേകമിവണ്ണം
സീമാരഹിതംവന്നിഹചേർന്നു
സോമകുലോത്ഭവനാംനൃപനുടെനേ-
ല്ലോമനമകളുടെവേളിയടുത്തു
നാലാഴികളാൽചുഴപ്പെട്ടവി-
ശാലാവനിയതിൽവാഴുംനിർമ്മല-
ശീലന്മാരാംഭൂപതിമാർബഹു
കോലാഹലമൊടുവന്നുതുടങ്ങി
പാദ്യംകടലിൽതിരയൊടുപടുതയൊ-
ടിടയുംവെള്ളക്കുതിരപ്പടയും
കുടയുംകൊടിയുംകറിനാശിലരിയും
മുടയുംചെന്നരവമുടയൊരുവെടിയും
ദുന്ദുഭിഭേരിപെരുമ്പറനാകമി-
ടക്കതുടുക്കകൾകുഴൽകാഹളം
എന്നിവപലവകബഹുസവാദ്യമ-
തിനുവരുന്നൊരുഘോഷാരവവും
ഇങ്ങിനെയുള്ളൊരുഘോഷത്തോടുനൃപ-
പുംഗവരെല്ലാംവന്നിഹചേർന്നു
അംഗൻവംഗൻപാഞ്ചാലൻചിക-
ലംഗൻചേദിമഹീപതിസാല്വൻ
കുന്തളമാഗധപുണ്ഡ്രനൃപന്മാർ
ചെന്താർശരസമനൈഷധവീരൻ
സിന്ധുരഭൂപൻചോളൻപാണ്ഡ്യൻ
സന്തോഷാശയകാശികശൂരൻ
കേളിപരന്നൊരുകോളുകോസല
മാളവമാദ്രവിദേഹനൃപന്മാർ
കളുളവീരൻകൊങ്കണമന്നൻ
സൃഞ്ജയസുരഭവീരനൃപന്മാർ
എന്നല്ലിതിബഹുവിശ്രുതരാകിയ
മന്നവർപലരുംപുണ്യസ്ഥലനൃപ-
മന്ദിരമതിൽവന്നൊരുസമയ
മതിന്ദ്രസദസ്സിൽശരിയായ്‌വന്നു
ഭൂതലപാലകരാമമരേശം

പ്രാതൽകഴിച്ചീടാതിവിടേനിജ
പൈതങ്ങളുമായ് വന്നുചിരന്നതി-
സാദമിയന്നുവസിപ്പതുകണ്ടു
സംഭ്രമവുംമുറുകിച്ചിലരതു -
ല്ലുദ്യോഗിച്ചുനടന്നുതുടങ്ങി
അത്യുച്ചത്തിലമാത്യന്മാരുമു-
രത്തുതുടങ്ങികല്പനപലതും
പട്ടന്മാരെനിങ്ങടെവട്ടമി-
തെറ്റുമിനിക്കപിടിക്കുന്നീല
കുട്ടികൾപട്ടിണിമൂലംനിലവിളി-
ക്കുട്ടുകിലധുനാഭൂപതിമാരുടെ
മട്ടുകളൊന്നുപകർന്നീടുംപല
നീട്ടുകളങ്ങുപുറപ്പെട്ടപ്പോൾ
കെട്ടുകൾകെട്ടാറാവുംഞങ്ങൾ
കഷ്ടിക്കുള്ളോരുവഴിയുംമുട്ടും
നിങ്ങൾക്കുള്ളോരുമേന്മപ്പുണർമത്തു
പൊങ്ങുംപിന്നെയുമുണ്ടൊരുദോഷം
നിങ്ങളിലാരെയുമിങ്ങിനെയുള്ളൊരു
സംഗതികൾക്കുവരുത്തുകയില്ല
നേരംപോയതുകണ്ടില്ലേപുന
ഷ്ഷാരംവന്നുനിറഞ്ഞല്ലോക്ഷണ-
മാര ഭിക്കണമിലവെപ്പാൻപണി
തീരണമെല്ലാംനിമിഷംകൊണ്ടു്
തേങ്ങാപ്പൂണിയതിങ്ങവരൊക്കെയു-
റങ്ങിപ്പോയോവെള്ളമെടുത്തു
തെണ്ടന്മാരുടെതലയിലൊഴുക്കണ
മിങ്ങിനെചൊല്ലാലിങ്ങനെവേണം
അപ്പംവാങ്ങാനിപ്പോൾപോകണ-
മപ്പാക്കട്ടിപ്പട്ടരെനിങ്ങൾ
ഉപ്പുകണക്കിനുചേർക്കണംശിവ
ശ്ശുപ്പുപലതരമുപ്പേരികളിൽ
ലവണത്തിന്നുടെപാകംതെറ്റുകി-
ലെവനന്നാളുംമീശകളെല്ലാം
ചവണകൾകൂടാതങ്ങുപിടുങ്ങും
നിവനൊരുകല്പനയുണ്ടറിയേണം
വഞ്ചിപ്പട്ടരുനിങ്ങടെവൈശ്യ
സ്സഞ്ചിയുമായിട്ടിങ്ങുവരേണം
പാഞ്ചാലാധിപനന്തഃപുരവ-
മാഞ്ചാരായിതുടങ്ങീട്ടിപ്പോൾ
വല്ലാതങ്ങുകിതന്നുരുളുന്നു
പൊല്ലാപ്പൊക്കനമുക്കുവരുന്നു
നല്ലൊരൗഷധമുണ്ടാകാഞ്ഞാൽ
വല്ലാതങ്ങുകുഴങ്ങീടുംഞാൻ
തുള്ളിയൊഴിച്ചീടുന്നതനംമ്പ
നിപ്പിഹരാകരിയൊരല്പംപോലും
തുള്ളകഴിച്ചുവശ്യംഗൃഹമതി
ലുള്ളിൽതള്ളലുമുന്തലുമാവും
സുന്ദരിയാളാമമ്മെച്ചിക്കതിൽ
നിന്ദവരുന്നൊരുനാററമസഹ്യം
എന്നതുകൊണ്ടതിയങ്ങാംമടിനൃപ
തിന്നാതിനാലതുവർജ്ജിക്കേണം

ഗ്രന്ഥംനോക്കിയിരുന്നുചിരംനീ
ചിന്തിച്ചങ്ങുകഴിച്ചീടല്ലേ
ഹന്തമഹീപതിതാനവിടെക്കതു
കന്തംമറിയിണ്ടനാന്തുകിടന്നു
ഇങ്ങിനെപലപലകല്പനകൊണ്ടുക-
ലങ്ങീനരവരസദനമശേഷം
തിങ്ങിനൊരുത്സാഹംപൂണ്ടഖിലരു
മങ്ങുടനത്തിസ്സംഭ്രമവും
ചെറുമണിയരിയുടെചോറന്നവിടെ
പ്പെരിയൊരുവെള്ളിക്കുന്നുകണക്കേ
തരസാവച്ചുമറിച്ചിഹകൂട്ടീ
ട്ടുരുതരഭംഗ്യാപൊങ്ങിക്കണ്ടു
കറികൾചമച്ചുപുനരുടനെരിപൊരി
പാററകളെന്നിവയെല്ലാംതിന്നു
അരനിമിഷത്തിനകത്തിലവെപ്പാൻ
തരമല്ലെന്നനൃപശാസനയാൽ
കഞ്ചനരചിതവിശാലദലങ്ങളു
മഞ്ചാതങ്ങുനിരത്തികൃതമഥ
വാഞ്ഛരണ്ട്യുരത്തപദാർത്ഥംപലതും
പഞ്ചമകന്നുവിളമ്പിനിറച്ചു
പിന്നത്തേക്കഥയെല്ലാംപറവാൻ
നമ്മെക്കൊണ്ടുകഴിക്കാകില്ല
അന്നത്തിന്നുടെവൈഭവശക്ത്യാ
മന്നന്തംപലകാണാമ്പുന്നു
ധരണീദേവരിലൊരുവൻചോറും
ചേരുംകറിയുംചേർത്തിരുകൈകളിൽ
വാരിത്തെരുതെരെയങ്ങുചെലുത്തി
പ്പാരംകണ്ണുതുറിച്ചുവശായി
മറെറാരുവിപ്രനടപ്രഥമൻപല
വട്ടവുമങ്ങുകഴിച്ചിട്ടുംകൊതി
യററീടാഞ്ഞുകമന്നുകിടന്നതു
തട്ടുംമട്ടുകുടിച്ചുതുടങ്ങി
അടയടെവട്ടുവടിയെന്നിടവായിൽ
ഗ്ലുഡുഗ്ലുഡുവെന്നുടനേറാകവെനീ
വിടടാമറയാതടയന്നിയിലെ
ഉടമയുമൊന്നിടമാട്ടെയതല്ലാ
പാട്ടംതേടിനമുതലാനാൽനീ
കാട്ടാമൽകൊണ്ടോടിപ്പോലാം
നാട്ടാരെപ്പരിപാലിക്കിൻറവി-
രാട്ടാകിയവൻതേടിനസൊത്തു
എന്നിങ്ങനെപലചൊല്ലീട്ടൊരുവൻ
തന്നുടെതുള്ളയളന്നും കൊണ്ടു
മുന്നിൽപാൽപായസവുംകൊണ്ടുന-
ടന്നൊരുവൻറാപിറകെചെന്നു
ഗോഷ്ഠികൾപലതുമിവണ്ണംകാട്ടി
യൊരെട്ടുസഹസ്രംകോടിജനങ്ങൾ-
ക്കിഷ്ടംപോലേഭക്ഷണമനവധി
വട്ടത്തോടുകൊടുത്തൊരുശേഷം
നേരംപോക്കുകളുള്ളതുസകലവു-
മാരംഭിച്ചീടുന്നതിനായി
വീരൻഭൂപതിവരുതികൊടുത്തതു -

നേരംപലകളിയാണ്ടുതുടങ്ങി
കന്നേറുംപോരുകളുംചിലചില-
ചന്തേറുംഞാണിന്മേൽകളിയും
പനീരാൻമുച്ചാനെന്നീവക
പൊന്തിച്ചുള്ളൊരുതപ്പുംതടവും
ചെപ്പടിവിദ്യക്കാരത്ത്യാട്ടംപല
ചെപ്പുയടിച്ചുപൊളിയ്ക്കുംകളിയും
അല്പന്മാർക്കുരസിപ്പാൻനല്ലചെ-
റുപ്പക്കാരുടെമോഹിനിയാട്ടം
ഓട്ടൻതുള്ളൽവളർത്തിച്ചാട്ടം
ചാട്ടംപക്ഷികളായുള്ളാണ്ടിയാട്ടം
ഓട്ടംകുഴൽവിളിവീണമൃദംഗ-
ക്കൊട്ടുകൾപാട്ടുകൾമറ്റൊരുദിക്കിൽ
അമ്പൊടുകള്ളുകുടിച്ചൊരുകൂട്ടം
തുമ്പില്ലാത്തവരുടെചാഞ്ചാട്ടം
അമ്പടഞാനെന്നുള്ളൊരുനാട്യം
കമ്പുകൾകൊണ്ടടികൊണ്ടുള്ളാട്ടം
ഇത്തരമോരോതരംപോക്കുത-
കത്തുകൊണ്ടുസമസ്തജനങ്ങൾ
ചിത്താനന്ദരസാബ്ധിയിൽമുഴുകീ
ട്ടെത്തുനിരന്നാടാൻതുടങ്ങീ
രാജാക്കന്മാർക്കുരസിപ്പാൻ
രാജമരാളമനോഹരനടമാർ
യോജിച്ചങ്ങുകളിക്കേണംനി
വ്യാജംനാനാകോട്ടിക്കളിപലതും
എന്നതുസൂചികരതീടിനമന്ത്രിക-
ളുന്നതപീനപയോധരിമാരേ
ചെന്നുവിളിച്ചുവരുത്തിക്കൂട്ടി
ട്ടൊന്നുരചെയ്തുമനമിവണ്ണം
നിങ്ങടെപാട്ടുംകളിയുംകാണ്മാൻ
അങ്ങുകുതൂഹലമാന്നുമഹീപതി
പുംഗവരെല്ലാമുണ്ടുവസിക്കു-
ന്നങ്ങുഗമിക്കണമിന്നതിവേഗം
മന്ത്രികൾതങ്ങടെവചനംകേട്ടു
ചെന്താർനവദലമിഴിമാർമോടികൾ
ചന്തത്തിൽചലക്കൂട്ടുവതിന്നൊ-
രമന്താംക്രൂട്ടാനാരംഭിച്ചു.

തലമുടിമനോഹരവടിവിൽകെട്ടിട്ടു
മലർമാലയതിന്നുടെയിടയിൽചൂടീട്ടു
അളകങ്ങൾവിലസീട്ടുമള്ളികംതന്നിൽചില
തിലകങ്ങൾകുതുകമോടിളകിമിന്നി
വിധിപോലെനയനങ്ങളെഴുതിത്തീർന്നുപുന
രധരവുമധികമായ്ചുവന്നുവന്നു
കരകളുംകുറികളുംനിറഞ്ഞുതിങ്ങിപല
തരംപുടവയുമരയതിലിണങ്ങി
കനലൊത്തതനകത്തോപ്പുകളണിഞ്ഞുബഹു
ജനങ്ങളുമിതുകാണാനിന്നണഞ്ഞു
കുസവിട്ടുചെറുകുറിവസനത്താലേകുച
കലശങ്ങൾസുമുഖിമാർമറച്ചുചാലെ
കരയെല്ലാംശരിയായിട്ടിരിക്കുന്നില്ലേയെന്നു
തെരുതെരെനോക്കിക്കൊണ്ടുനടന്നുമെല്ലേ
താലപ്പൊന്നുപലതരംതൊട്ടുതൂക്കിചേർന്നമന-
മലസാതകമ്പടികൊട്ടുത്തുനിന്നു
കുളിർമുലതുളുമ്പിച്ചുംപരംമിളിച്ചും
ശിരകളിപോലങ്ങിളകുംഭ്രുകുടിയുലച്ചുംപല-
രസംപുലരുന്നകടക്കണ്ണടികൊണ്ടു
പലരെയുംവലപ്പിച്ചുംതകൃതിപാടി
മതിമുഖികുലമണിജനംഗമിക്കുംവിധ-
മതിശയമതിനാരംഭലേകൊട്ടുക്കും
ഇതിമതിയതിലതികുതുകമോടെപനി-
മതിമുഖിമണിമാരുംനൃപതിയുടെ
സദനത്തിലകംപുക്കവണക്കത്തോടെനിന്നു
മദനസുന്ദരനരവരനികടേ
നൃപതിയുമുരുതരരസസഹിതംഹിതം
സപദിയങ്ങവരോടുപറഞ്ഞാനിദം

പദം—ശങ്കരാഭരണം—ചെമ്പട.

പല്ലവി

സുന്ദരിമാർമണിമാരേ ശാരദ
ചന്ദ്രസുന്ദരതരാസ്യമാരേ

അനുപല്ലവി.

പൊന്നണിഞ്ഞുമോടികൂടി
ഇന്നുനിങ്ങളെല്ലാംകൂടി
മുന്നിൽവന്നുകാൺകമൂലം
വന്നുമജ്ജന്മസാഫല്യം (സുന്ദരിമാർ)

ചരണങ്ങൾ.

സത്വരകത്തുപൊടിച്ചുകഴിഞ്ഞില്ലേകണ്ണതിനോക
പുത്തരിയശ്ചലവട്ടവുമതിലില്ലേ
ചിത്തസുഖത്തൊടുഭക്ഷിനിറച്ചില്ലേ
മുല്ലപ്പൂമാലമേൽതരമൊത്തതിതൊക്കെലഭിച്ചില്ലേ
തിങ്ങുംജനത്തിരക്കുള്ളവഴിയിൽക്കൂടി
പൊങ്ങുംവെയിൽതട്ടിമുഖംകരിഞ്ഞുവാടി
അംഗങ്ങളിൽനിന്നുവിയർപ്പൊലിച്ചുചാടി
നിങ്ങൾക്കെന്നിലേറ്റംഭയഭക്തിയുംകൂടി
ഇന്നിതുപൊഴുതിഹവന്നതുമനമതി-
ലെന്നുമിരിക്കുമതറിയുകനിങ്ങൾ (സുന്ദരിമാർ)

൨

നിങ്ങടെചഞ്ചൽപുരികുഴൽനർത്തനവും
പല്ലവമൊത്ത
അംഗപ്രഭയുംതലമുടിയുംസ്മിതവും
ഭംഗികലർന്നൊരുചാടിയുംപലപടിയും
കാണുകമൂലംഞങ്ങൾവലഞ്ഞുഴലുന്നു
പലവിധവുംകേളിവിനോദംകാണ്മാൻകൊതി-
നാഴികശരശരംകയ്യിൽപതിച്ചിടുന്നു (ചീട്ടന്മ
മാളികതിരികത്തീട്ടുന്നെന്നുതോന്നുന്നു
കോളല്ലാതഘോഷമാനംപാറിടുന്നു
ആളിനികേളികളാടണമതിനൊത്ത
കാലവിളംബനമരുതരുതെല്ലാം (സുന്ദരി...

൩.

ആടലകന്നുനാട്ടകസംഗീതംപാടി...
ചോട്ടുകളുനവധിവസ്ത്രകപീഢരഹിതം
വടിവൊടുചുരികകൊക്കാടികട്ടിമിളകൊട്ടു
ചാടൊക്കകൊക്ക

ഹാടകമാല്യയെടുത്തുകളിക്കട്ടെ
കാലിലെചില നൂപുരകിലുങ്ങിടേണം
ചാലവേതിലകങ്ങൾവിലസീടേണം
നാലുമൊരങ്ങുംരസംനടിച്ചീടേണം
മാലോകരതുനേരംമയങ്ങിടേണം
മട്ടുകളിതിപലകണ്ടലർശരനിഹ
നട്ടംതിരിയണമവിരതമരം (സുന്ദരിമാർ)

ശ്ലോകം.

ശ്രുത്വാ ഭൂപാലവര്യാവലിമകുടലസ-
ത്കുങ്കുമാങ്കാനാരംഘ്രേ
വൽശ്രീ രാജവീരോക്തികളിതിപലതും
ചിത്തസന്തോഷപൂർവ്വം
മത്തേഭപ്രൗഢകുംഭസ്തനതതിപടപോരണത്തും
കൊങ്കമാർഭൂപ സമ്മോ
ദാന്തഃപുരമദ്ധ്യത്തിൽനിന്നങ്ങിനെസരസിമുദാ
നന്മയിൽകുമ്മിപാടി

കുമ്മി.

പുണ്യക്ഷിതിതലപാലകന്മാരേ ശരി
ഖണ്ഡധരപ്രിയവീരവിഭോ
വർണ്ണനീയരംഗാദേവർഗുണാ
രണ്യമെല്ലാതുയർന്നാതവകീർത്തി
വർണ്ണവുമങ്ങനസമാനരം
വിണ്ണിൽചലപൊണ്ണുംകരവർണ്ണംതവവർണ്ണംകരു
കണ്ണുകൾകാൺമാൻകൊതിച്ചീടുന്നു സ്മര
ബന്ധങ്ങൾകൊണ്ടു തപിച്ചീടുന്നു

൨

സുന്ദരരൂപിണിസീമന്തിനീചിരം
ചന്ദ്രാംഗദമമായ്മേലിലിനി
ഒന്നിച്ചുകൂടിച്ചലപിരം
സന്നാമായ്പാലിബഹുരസ
മന്ദിരന്നാരിസുന്ദര
ജന്യത്തിലാന്ദതാമിയന്നതലകന്നാൾതളിർ
തന്നിൽകളുകംചലന്തിരിപ്പുഹ്ലാദി
കന്നിടുംമേളമോടെചിരിയ്ക്കും

൩

പുളളിമൃഗാക്ഷികളോരോമേകം—നല്ലോ
രിളളകിടാങ്ങളുംജാതരാകും
തുളളിനടക്കുംപിപുക്കളെ
യെല്ലാംമുടിക്കുമരംഗശാര
മുളളിലടക്കുംജനപ്രീതി-
യ്ക്കുളളബഹുനല്ലവിധമുളളചലതെല്ലാം—ഭൂത
മെല്ലേളളംശങ്കിച്ചിടാതെചെയ്യും—കൃപാ
വെള്ളവുംധാരാളമായിപ്പെയ്യും

൪

കാലാരിപാദാരവിന്ദാർച്ചനം—ബഹു
കാലമായ്ചെയ്യു ഭവാനന്തനം
മേലിലശേഷംവരാപാപം
ജാലങ്ങൾതോഷംഫലംതവ
കാലാവശേഷംകല്യതാതെ
പാലിയ്ക്കുകശീലിച്ചതുമേലാല്യനിളാപാലക
പാലത്തെന്നുമനുഗ്രഹിക്കും—അതി

നാലേഴുണ്ണംവരുംസന്തതിയ്ക്കും.
അംഗനമാർമിന്നിമിന്നങ്ങിയഗാംഗേയാഭ-
(യിൽമുങ്ങി
ഭംഗിയിൽനൃപപുംഗവർതിങ്ങിവിളങ്ങുമരങ്ങ-
(ത്തണങ്ങി
ളങ്ങിനെബഹുതുംഗസുഖനാചിതശൃംഗാരാദി-
(യിണങ്ങി
സംഗീതംപാടണകേട്ടുനൃപന്മാർതലകൾകുണുങ്ങി
പൊൻമണിമാർകുമ്മിയടിച്ചിഹനന്മയിലാട്ട-
(ണകണ്ടു
അംബരമതിലംബരചാരികൾസമ്മോദാ-
(ബ്ധിയിലാണ്ടു
അമരശ്രീപുരിയതിലാരും താമരസേക്ഷണമാരും
സമരാവില്ലിവരൊട്ടുതാണെന്നുവരേനോക്ക-
(ണമാരും
പലപലകളിതളിരൊളികേമെളളമുറ്റുവകാളവര
(മാരും
കളർമുലയിണഭംഗിയിലിട്ടു തുളുമ്പിച്ചാടിയനേരം
മുല്ലശരൻഭ്രൂവല്ലഭരോല്ലസ്യംചെയ്തുതുടങ്ങി
വില്ലുകലച്ചുളളൊരു തല്ലുകളേറ്റവരെന്നുകുഴങ്ങി
ഭൂപതിനിജമഹിതമയംബുധിയാംമതിസപ-
(ദിതെളിഞ്ഞു
ആപാനിമതിമുഖിമാരോടിനിമതികളിയെന്നു
(പറഞ്ഞു
പിരിയൻവളതരിവളകുലശരമതിനിര
(വധിപടങ്ങം
നരപതിതാൻവാരിക്കോരിയവക്കുകൊടുത്തു-
(വിക്രമം
അംബുദനിഭസുകചിരവേണികൾപാണികെ-
ൾകൂപ്പിവണങ്ങി
സമ്മാനംവാങ്ങിമുദാനിജഗൃഹത്തിലേയ്ക്കുമടങ്ങി.
ഘോഷംപലതുകില്ലെന്നംകണ്ടശേഷം
വാഴ്ത്താൻമോഹിച്ചാലതി-
ലാഷംമാത്രംശേഷിച്ചിട്ടുമൊ-
ഴിമാലനിക്കതിനില്ലെന്നതെല്ലും
അത്രവിചിത്രതരംപലതുംനൃപ
പുത്രീപരിണയസംഗതിതന്നിൽ
ധാത്രീപാലകരവനേകണ്ടനി-
മിത്തംബഹുജനമോർത്തുതുടങ്ങി
ത്തുരമ്പലപലകോലാഹലമൊട്ടു
നാരത്തൻമൊഴിയാൾസീമന്തിനിയെ
കീർത്തിപ്പെട്ടൊരുചന്ദ്രാംഗദനൊട്ടു
ചേർത്തുവിവാഹവുമങ്ങുകഴിച്ചു
അന്തണവരരുമനന്താഖിലര-
മനന്തജനങ്ങളുമൊരോന്നായി
താന്താങ്ങളുടെഗൃഹത്തിൽചെന്നട-
ന്തർമ്മോദമോടിമേവാണു.
ചന്ദ്രാംഗദനന്തനുടെവല്ലഭ
സുന്ദരിസീമന്തിനിയുമനന്തര-
മൊന്നിച്ചുമലിനമലർശരലീലക-
ളുന്നതസുഖമൊട്ടുചെയ്തുവസിച്ചു.

൨൦. അംബരീഷചരിതം.

ഭാസുരശീലന്മാരാകുന്നമ-
ഹീസുരവരരുടെകൃപകൊണ്ടിഹാഹംഞാൻ
ആസുരനെങ്കിലുമുരചെയ്യാംഹരി-
വാസരമാഹാത്മ്യത്തിലൊരേടം
അംബുജാക്ഷചരണാംബുജസേവക-
നംബുജപ്രിയകുലാംബുധിചന്ദ്രൻ
അംബരീഷനിതിവിശ്രുതനായൊരു
സന്മഹീപതിപിറന്നുധരായാം
അംബുജന്മശരതുല്യശരീരൻ
ശർമ്മശീലനധികംസുകുമാരൻ
അംബുരാശിസമധീരഗഭീരൻ
സമ്പൽകൊണ്ടുപരിഭൂതകുബേരൻ
നിർമ്മലൻനിഖിലധർമ്മനിദാന-
കർമ്മനിർമ്മനധർമ്മവിഹീനൻ
ധർമ്മദാരധനസേവകരോടും
ശർമ്മണാചിരമരുവുന്നോരുകാലം
വിശ്വവിശ്രുതൻമേദിനീവല്ലഭ-
നശ്വമേധമയാഗമസംഖ്യം
വിശ്വസാക്ഷിഭഗവാനെന്നിജാത്മനി
വിശ്വസിച്ചുവിരവോടഥചെയ്തു
വിഷ്ണുപത്രയവിശിഷ്ടനധോക്ഷജ
തുഷ്ടിഹേതുരതിധൃഷ്ടമദാരൻ
എട്ടിലക്കമൊരുപോലെപ്രസിദ്ധ
പ്പെട്ടഭൂപനതുകാലമവന്നൊരു
കഷ്ടകാലമൊഴിവാനൊരുമാർഗ്ഗം
കിട്ടിഭൂപരുടെനഷ്ടവിശേഷാൽ
ശ്രേഷ്ഠതാപസവരിഷ്ഠനതായവ-
സിഷ്ഠനാൽസമുപദിഷ്ടമതാകും
ശ്രേഷ്ഠമായഹരിവാസരനോൻപതി-
നിഷ്ഠയോടുടനനുഷ്ഠതുടർന്നു
നാട്ടിലുള്ളധനപുഷ്ടികളുംബത
ചേഷ്ടവുംനൃപനതുല്യമതായി
നിഷ്ഠുരംഹരിതപസ്സതുചെയ്തപ-
വിഷ്ടനായ്മധുവനത്തിലവന്നും
സഞ്ചിതാഞ്ചിതഗൃഹാർത്ഥചമൂരഥ
മഞ്ചസഞ്ചയഹയാദികളുംബത
പഞ്ചസാരമധുപാനകമന്നിവ
വാഞ്ഛിതാസനപദാർത്ഥവുമെല്ലാം
കിഞ്ചിനാപിമടിയാതെവെടിഞ്ഞവ-
നഞ്ചവൃത്തിചിലവൃത്തികളേവം
ചഞ്ചലംവിനാചെയ്തമരുംമുനി
സഞ്ചയേപരമുഞ്ചിതയായൊരു
ഭക്തിമാൻദശമിനാളൊരുനേരം
ഭുക്തിചെയ്തുപവസിക്കമരുന്നും
ഭുക്തിനക്തമതിലില്ലൊരുതെല്ലും
യുക്തരോടേവനൃപഭക്തിവിശേഷം

വാരിജാക്ഷമിനമക്ഷിതിപാലനു
വാരിപാനമതുപോലുമഹോനാഹി
നീരജാഭനിഖിലേശനിരാമയ!
നാരദാദിനുതനാഥമുരാരേ!
വിശ്വനാഥപരമേശ്വരകേശവ!
വിശ്വവന്ദ്യജലജേക്ഷണവിഷ്ണോ!
ആശ്രിതാഖിലജനാവനതല്പര!
ശാശ്വതാച്യുതസരോജധരേതി
നാമസഞ്ചയമഹർന്നിശമോതിയു-
മാമയാപഹരമായൊരുസാള-
ഗ്രാമസേവകളുമേവമിതെന്യേ
ഭൂമിപാലനൊരുചിന്തനമില്ല
ദ്വാദശീസമയമാദരവോടഥ
മേദിനീന്ദ്രനഥപാദസരോജം
ആദരേണകഴുകിച്ചുഭുജിപ്പി-
ച്ചാദിനാഥപദതീർത്ഥമശിക്കും
അപ്രമേയനൃപകല്പനകൊണ്ടു-
നിപ്രപഞ്ചമതിലുള്ളവരെല്ലാം
അപ്രകാരമഖിലംഹരിവാസര-
മപ്രിയംവിനനോറ്റുതുടങ്ങി
സല്പ്രശാന്തിഭഗവാനതുകാലം
സുപ്രസന്നമതിയായിനൃപങ്കൽ
അത്ഭുതംപരമതത്ഭുതമോർക്കിലി-
തിൽപരംകിമിഹഭാഗ്യവിശേഷം
അത്രയല്ലപുരുഷോത്തമനെത്രയു-
മുത്തമതചരിയലുംനൃപസത്തമ-
ഗാത്രരക്ഷണമതിന്നുസുദർശന-
മത്യുദാരമവനാശുകൊടുത്തു।

അതിവിമലഭക്തിമാനേകമേകാദശീ
വ്രതമതുതുടങ്ങിനാൻഭക്തിയോടുംമുദാ
വിധിവദുപവാസവുംദ്വാദശീപാരണം
വ്രതനിയമശക്തിയുംചിത്രമത്രേതുലോം
ത്രിഭുവനവിരാജിതംവിഷ്ണുരൂപാമൃതം
ത്രിപുരഹരസേവിതംകുങ്കുമാലംകൃതം
ത്രിഗുണനിലയംബഹുശ്യാമളംകോമളം
ത്രിദശപതിസന്നിഭൻമേദിനീവല്ലഭൻ
നിജമനസിചേർത്തുടൻചിന്തചെയ്യുമ്പൊഴും
ഭജനമതുചെയ്കയുംഭക്തിപൂണ്ടെത്രയും
ശിരസിവിലസീടുമാപ്പൊന്നുംകിരീടവും
സരസിജദളോപമംചാരുനേത്രങ്ങളും
നിരവധിമണിപ്രഭാമിന്നുന്നകുണ്ഡലം
നിറമൊടുവിളങ്ങുന്നഗണ്ഡപ്രദേശവും
സുലളിതസുധാമിളന്മന്ദഹാസപ്രഭം
വിലസിതമുഖാബ്ജവുംനാസാവിലാസവും
ഗളകലിതകൌസ്തുഭംവന്യമാല്യങ്ങളും
തുളസിദളമാലയുംശ്രീവത്സവക്ഷസ്സും

ഘൃണരണിതകങ്കണശ്രേണിമിന്നുന്നൽ
മണിപതിയിളങ്ങളും നാലുതൃക്കൈകളും
സുരുചിരഗദാചക്രമുജ്ജ്വലശംഖവും
കരതലസരോജവും ചാരുരോമാളിയും
കടിതടസുശോഭിപീതാംബരപ്രൗഢിയും
ചടുലമണികാഞ്ചിയും ജംഘജാനുക്കളും
ഗുൽഫപദപത്മവും മഞ്ജുമഞ്ജീരവും
ഗുൽഫവരമിളക്കണംമനോമകേമനോരം
അതുപമപദാംബുജേ വീണുവന്ദിച്ചുതി-
നന്ദിച്ചുണർന്നിതസ്തുവേ പാണിയുഗ്മം മഹാരേ
മനമതുഭവത്തെ ധ്യാനമാകേണോചിതം
ജനയജഗതീപതേ സർവകാലം പിഭോ!
അവതുനിയമംവലംവച്ചതിനൊപ്പൊഴും
ഭവതു ചരണമേയം ചിന്തയേണേ!
തവചരിതവർണ്ണനേ തൽകഥാകർണ്ണനേ
ചെവിയുമധിജിഹ്വയും സംഭവിക്കേണമേ
ക്ഷിതിപതികളേതുമൻഭക്തിപൂണ്ടെപ്പൊഴും
ഇതിമൊഴികളോതിയും ഹന്ത ചിന്തിക്കയും
സതതമിവയെന്നിയേ നാസ്തിമറ്റൊന്നിലും
ഇതരനൃപകർമ്മബുദ്ധിക്കുമില്ലാഗ്രഹം
പലവകഫലങ്ങളും നല്ലമൂലങ്ങളും
കലിതജലാഹാരവും പാലിലുന്നീരതും
ചിലതുളസിക്കുമേകാദശീവാസരേ
ഫലമതുകഴിഞ്ഞുപോമെന്നറിഞ്ഞീടണം
അതമതഗോവരിച്ചൂമച്ചുമയ്യും
ദുരിതകരമെത്രയും ശാല്യന്നസന്നിഭം
പലതുമിതിന്ദ്രജലം തന്നിലുണ്ടായതിൽ
ചലനമൊരുതെല്ലുമില്ലാത്ത ഭ്രൂവല്ലഭൻ
മധുമയനവാസരം തന്നിലേവംവിധം
വിധിവിധിവ്രതം ചരിച്ചുത്രവാഴുംവിധൌ

ഏകദാശീയുടെനിയമപരിശോധന-
ത്തോടുകൂടിരിരിക്കുന്നുതുടങ്ങി
താകുശാലികരസന്ദേശം സം-
ഭോകാദോകവൃന്ദവെള്ളുത്തു
പാകനിഷ്ഠമനലോകത്തികല്പ-
മാകെച്ചൊന്നുപറന്നുതമാനീം
നാകാധിശൻമതിരേകംപൂണ്ടി
ശോകാതുരനായ് ചിന്തതുടങ്ങി
ഇങ്ങിനെനിയമമൊരുത്തിക്കുപ-
ച്ചാംഗലമെന്നാടെനാട്ടം പലവിധ-
മണ്ടുഹരിക്കും സംശയമില്ലതി
നൊടിനൊടിശേഷം ചെയ്തീടേണ്ടും
തുരംഗമങ്ങളിനിയാലചില്ലയമ-
ഭോഗംപൂർവ്വഹരനാട്ടുകൊട്ടത്തൽ
സംഗതിയിതിസ്വർഗ്ഗത്തിന്നുപ.
സംഗമനമിനിഞ്ഞിക്കിന്നതും
കാലേകുട്ടിക്കരമണമെന്നോ
ചാലേചന്ദ്രകരയ്ക്കുണയുള്ള
മൈക്കതവമാർഗ്ഗംകൊണ്ടിഹനൃപന്റെ
ധർമ്മപ്രഭജനവിരോധം ചെയ്വാൻ

പാരവശ്യമുള്ളവനാരുമിങ്ങുടെ
നാട്ടിലില്ലതുകൊണ്ടുനിനച്ചാൽ
താടിക്കാരിലൊരുത്തനെയിതിനായ്
ചാടിക്കേണമതെന്നൊരു പക്ഷം
ശരിരാണിമവണാം ശേഷനാകം
ദുർവ്വാസസ്സാംമുനിയെക്കൊണ്ടി-
ങ്ങവിവല്ലഭതിലകൻതന്നുടെ
ദുർവ്രതഭംഗം ചെയ്യിപ്പിക്കാം
ശ്രീപത്യാശ്രയനാകും നൃപനുടെ-
നാചാരം ശുചരത്നമെന്നാൽ
ശാപത്തിന്നൊരു തടവില്ലമ്മുനി-
കോപത്തിനുമിലയനമല്ലോ
എന്നിവപലതുംനിരൂപിക്കുമ്പോൾ
തന്നിവനെന്നാതുതെന്നീട്ടുന്ന
എന്നാലെതിനിനിയുമൊന്ന്
വന്നീടാതെമൃതിന്നീടേണം
തൽക്കാലത്തിലസംഹിച്ചുല-
ഭിക്കാമെന്നുനിനച്ചുവസിച്ചാൽ
തീക്കട്ടപോലും പണിവസിക്കി-
ല്ലക്കലെയെന്നൊരു ചൊല്ലുണ്ടല്ലോ
വാനവർനാഥനിവണ്ണമുറച്ചു-
മാനസമതിലതാപസവരനെ-
ധ്യാനം ചെയ്തരുതക്ഷണമാമുനി-
താനും തത്രസമാഗതനായി
ആഗമനിധിയാംമാമുനികുലതില-
കാഗമനത്തെക്കണ്ടാരനന്തരം
ആഗതമോദമോടമരാധിപനതി-
വേഗമൊടെഴുന്നേറ്റു വണങ്ങി
ശീഘ്രമൊരാസനമേകിയിരുത്തിയ-
നർഘ്യഗുണംബുധിദേവശ്രേഷ്ഠൻ
ദീർഘമുനിയെക്കണ്ടുകുസുമനാഥ-
നർഘ്യാദികളും ചെയ്തുരച്ചു
തംഗമമൂർത്തിദ്വാരസൗമ്യമുനി-
പുംഗവ! ഭവദീയശുഭാഗമനാൽ!
മംഗലമല്ലോഭവമാല്ലോകനസം-
സംഗതിസംഗതമായതുപാർത്താൽ
ഇങ്ങിനെയുള്ളൊരു നിന്നെക്കാണ്മാൻ
സംഗതിവരികനിമിത്തമിദാനീം
എങ്ങുമനോടപാർക്കിലെനിക്കപ-
മംഗലമെന്നും ഭവിക്കയുമില്ല
തിങ്ങിനഭക്തിഭവിച്ചുമദീയപു-
രങ്ങളിലെങ്ങും സംശയമില്ല
ഇങ്ങനെപലതും ചൊല്ലിത്താപസ-
പുംഗവനോടിൽതെളിവുവരുത്തി
അങ്ങനെതാനസ്സന്നിധിയിരിക്കവെ-
രിംഗിതമെങ്ങുപറഞ്ഞുസുരേശൻ
എങ്കിൽപറയാമൊരുകാര്യം ഞാ-
നെങ്കലുദിച്ചതുകേൾക്ക മഹാത്മൻ!
നിൻകരുണാലവമുണ്ടെന്നാലതു
സങ്കടമെന്നിയെസാധിച്ചീടും
പങ്കജഭവതുല്യൻതന്നില-

ലംകൃതനായനളംഗനപുത്രൻ
പങ്കജദളനയനൻ മുരരിപു
തങ്കലുറച്ചൊരുഭക്തിവിശേഷാൽ
ചുങ്കവുമങ്കവുമാഡംബരവും
കുങ്കുമപങ്കവിലേപനസുഖവും
തങ്കത്തിങ്കലെഴുന്ന ചിലമ്പും കിങ്കര-
സംഘവുമെന്നിവയൊക്കെവെടിഞ്ഞു
പങ്കജഹാരം ഹരിവാസരനോമ്പതു-
തങ്കംനറവരനങ്ങുതുടങ്ങി!
ശങ്കരശൂലികളെന്നിയെമറ്റൊരു-
ഹങ്കാരാദികളില്ലാതാകി
സപ്തതിഭാവമടക്കാമെന്നൊരു
തല്ലുറച്ചൊണ്ണുപോലമനിപ്പോൾ
ഉല്ലാസലോചനസേവതുടങ്ങിവി-
കല്പമതില്ലധരിക്കമുനീന്ദ്രാ!
എന്നതുചിന്തിച്ചെന്നുടെചേതസി
ഖിന്നതവല്ലതെവളർന്നിടുന്നു
ആടിയൊരാരതിന്നിന്നൊരുമാസം
മങ്ങാതെന്യേ നിരുപിക്കേണം
ഉണരികാരണമന്ദിരനാം നീ
മനനവസ്ഥിയതണലണഞ്ഞു
വൈകാതവരുടെനിയമത്തിന്നൊരു
വൈകല്യത്തെവരുത്തീടേണം
ലോകംമൂന്നിലുമോർത്തീടുമ്പോ-
ളേകമതിന്നുഭവാനെപ്പോലെ
പാകതയുള്ളവരില്ലിഹപണ്ടേ
പാകാന്തകനാം ഞാനറിയുന്നു
ഏകതവെളിവിക്കുള്ളവരോടെ
ശോകസുഖാദികളുരചെയ്യാവൂ
ആയതുകൊണ്ടുരചെയ്തേനിഹഞാ-
നായതബുദ്ധേ! ബോധിച്ചാലും;
മായമകന്നതുചെയ്യാമെങ്കി-
ലുപായം ഞാനുരചെയ്യാമിപ്പോൾ
മചലശിഖരത്തിലഗതരാകും
കേളിനിധിബുധന്മാർക്കവനധികം
സപാദസമന്വിതമോദനവും ബഹു
ഗോരസങ്ങളുമഴകൊടുചെയ്തഥ
മോദേനസിജനിപ്പിച്ചാശീ-
ർവാദവുമവരോടാശു ലഭിച്ചു
മചലശിസമയംതെറ്റാതുടനെ
സാദരമവരും പാരണ ചെയ്യും
ക്ഷേത്രമയായൊരുഭക്തിനപോത്ത-
നാളിപ്പുമാനിലുദിക്കനിമിത്തം
[illegible]
മേദിനിപാലനമുഷ്ടിക്കുന്നു.
കാലനിഷ്ഠനസമയംനീനര
പാലൻതന്നുടെസവിധേചെന്നു
കാലംകെഴിയാതവരുടെപാരണ-
കാലം പരിചൊടുതെററിക്കേണം
എല്ലാംചെയ്യാം മഹതാമെന്നൊരു
ചൊല്ലുണ്ടായതു നിരുപിക്കുമ്പോൾ
തെല്ലും [illegible] കൊണ്ടുണ്ടാ-
കില്ലുപൊന്നതു [illegible];
ഇത്ഥം വൃത്രാരിതന്റെ കഥനം കേട്ടു മുനി
സത്തമനത്രിപുത്രൻ പ്രീത്യാ സമ്മതം ചെയ്തു
ഗോത്രഭേദിയോടാശു യാത്രയുമുരചെയ്തു
സ്വസ്ഥാനത്തിങ്കൽനിന്നങ്ങസ്ഥയാതാപ-
(സേന്ദ്രൻ
പ്രസ്ഥാനം ചെയ്തുപിന്നെ സ്വസ്ഥാനം നോക്കി-
(യെല്ലാ
പത്തുദിവസം ചെന്നാലെത്തുമദ്ദ്വാദശിയെ
പാർത്തു പാർത്താശ്രമത്തിൽ പാർത്തുമാമുനിതാനും
അത്തല്ലിലന്നു കാർത്തികമാസത്തില-
ങ്ങുത്തമദ്വാദശിയെയോർത്തായിത്തരഭോഗം
സ്വസ്ഥതപൂണ്ടു മുനി സത്വരം പുറപ്പെട്ടു
പാർത്ഥിവശ്രേഷ്ഠൻതന്റെ പത്തനം പ്രവേ-
(ശിച്ചു
പൃത്ഥ്വീശൻ താനുമപ്പോളുത്തുംഗപ്രാഭവത്തോ-
ടുത്ഥാനം ചെയ്തു വന്ദിച്ചിത്തരമതൽ ചെയ്തു;
അത്രിനന്ദനൻ ഭവാനത്രവന്നതുചിന്തി-
ച്ചെത്രസന്തോഷം മമചിത്തേ വളർന്നിടുന്നു,
മത്താലതിഥിപൂജക്കെത്രയും പാത്രമാം നീ
സത്വരം കാളിന്ദീസരിത്തടം പുക്കുനിജ
കൃത്യങ്ങളെല്ലാം കഴിച്ചെത്തേണമത്രേ വനീ.
ഇതി ഭൂപതിയാത്രയയച്ചു
അതുപോലെതദാനുവദിച്ചു
സുമനാം മുനിയങ്ങു തിരിച്ചു
യമുനാതടമാശുഗമിച്ചു
കനിവോടഥമാമുനി കാളിന്ദീകരതന്നിൽകാ-
(ലാന്തകാംശജൻ നിരതിൽ നിവസിച്ചു
ത്രിദശാധിപവാക്കു നിനച്ചും
മുട്ടുകാവനയോർത്തു തിരിച്ചും
മെയ്മുള്ളിലതി പാലിച്ചും
വദനം വടിവോടു തുടച്ചും
അതിമോദം സമാചിതമഴക്കോടുകഴലിണക-
ഴുകിയും അപി മുഴുകിയും കരതന്നിലിരിക്കുകയും
കുടവിൽ കനിവോടു വസിച്ചു,
ഉടുചേലയഴിച്ചു നനച്ചു
നിജമൂർദ്ധനി ചാരി തളിച്ചു
നിജവൃദ്ധനിരന്തരമസിച്ചു
പുനരമ്പൊടു കിഞ്ചിദപൊഞ്ഞരതെ പുഴതന്നിൽ
(മുങ്ങിക്കിടന്നുമഹാനിന്ദ
ഇതികാലമതൊട്ടുകഴിഞ്ഞു
വ്രതപാരണകാലമണഞ്ഞു
മുനിപുംഗവനെന്നുവരാഞ്ഞു
മനുജാധിപനാധി പിണഞ്ഞു
[illegible]
(ഞ്ഞു [illegible]
ഗിരിജാംശജനവമാനം
വരുവാൻ പുനരെന്തൊരുബാധ
ഉരുകുന്നമലിയ ഹൃദന്തം
[illegible] റിവില്ലവനേതുമന്തം

ഞാനുകൊണ്ടുനിനയ്ക്കുകിലെന്തിഹചാരുകരേ-
ഷ്ടംദുരിതാപഹംനിജകൎമ്മനിവൃത്തിവഹം
ധരണീധരമാധവശൌരേ!
ധൃതപങ്കജശംഖഗദാരേ!
പരിവാദിതപഞ്ചശരാരേ!
പരിപാഹിമുകുന്ദമുരാരേ!
ഭഗവൻമമസംപ്രതികാരുണ്യംകരണീയംനാ-
(രായണ!തേനമോസ്തുനരകാരേ!
ഇതിഭൂപതിചിന്തതുടൎന്നു
സ്ഥിതിചെയ്യൊരുനേരമവന്നു
ചിതമായൊരുമംഗളമേൎന്നു
ഏളിചെറെറാരുതോഷമിയന്നു
നലമൊടുജലകണപാരണംവ്രതപൂരണംകര-
നരപാലകനേവമുറച്ചു (ണീയമതിവഗ്ഗണം
ജലലേശമെടുത്തുഭുജിച്ചു
മുനിനാഥനതാശുഗ്രഹിച്ചു
മൂഢാരാമ [illegible]കോപമുളിച്ചു
നരപാലകസീമനിചെയ്തനവം പരിതാരമാ-
(ചെന്നാനതിഘോരവാചമവനീശം
കേട്ടാലുംനൃപകീടകനിന്നുടെ
ചേഷ്ടിതമോൎക്കിലഹോബഹുകഷ്ടം
പെട്ടെന്നങ്ങുകളിപ്പാനെന്നെ-
ച്ചട്ടംകെട്ടിയയച്ചൊരുശേഷം
വാട്ടമകന്നതിമൃഷ്ടതരംപുന-
രഷ്ടികഴിച്ചുവസിച്ചതുമുചിതം
മട്ടോലുംമൊഴിമാരൊടുചേൎന്നതി-
തുഷ്ടികലൎന്നുവസിച്ചിട്ടുംനീ
കഷ്ടംവികൃതികളറിയില്ലെന്നൊരു
പൊട്ടതനിങ്കൽപെട്ടിതുകഥമത
പട്ടംവളയുംമോതിരമെന്നിവ
യിട്ടണിഞ്ഞുജളപ്രഭവംനീ
തൊട്ടതശേഷംഝടിതിമുടിപ്പാ-
നൊട്ടുംസംശയമില്ലദുരാത്മൻ
പുരഹരസംഭവനേവമുരച്ചും
നിരവധികോപംപൂണ്ടുവിറച്ചും
തിരുമിഴിവിരവിലുരുട്ടിമിഴിച്ചും
കരതലമഴകൊടുമണ്ണിലുരച്ചും
സുരുചിരജടമുടിധരണിതലമതി-
ലുരുതരരഭസമടിക്കുന്നേരം
പെരികെമയക്കരിയ്യാമൊരുകൃത്തിക
പൊരുകിനൊടുടനെതത്രജനിച്ചു
ഇടതുടവിലസുംനേത്രദ്വയവും
കടകടവികടപ്രകടരവനിയും
ജടകളുമനവധിസടകളുമുന്നത-
തടിയുംനഗവരകൊടുമുടിപോലെ
ഝടിലമതാകിനനേത്രംകണ്ടാൽ
കിടുകിടെനിന്നുവിറയ്ക്കുംലോകം
നടനംകൊണ്ടധരിത്രികുലുക്കി
മുടിനംചെയ്യുംസംശയമില്ല
കഠിനതചെയ്യുംധരണീപതിയെ
[illegible]ഷിലിടിപൊടിയാക്കിചമേണം

ചൊടിയൊടുപോകുന്നമുനിജരാൻ
ഝടിയൊടുചൊന്നതുകേട്ടതിരിച്ചു
ഉൽകടഘോരകരാളകൃപാണം
കൈക്കലെടുത്തൊരുമാരണദേവത
ഊക്കൊടുതത്രവരുന്നതുകണ്ടൊരു-
നക്കംനരവരനുണ്ടായില്ല
ചക്രായുധനുടെചാരുകളേബര-
മുൾക്കമലത്തിലുറപ്പിച്ചായവ-
നക്ഷികളമ്പൊടുചിമ്മിക്കൊണ്ടൊരു-
രക്ഷണമവിടെവസിച്ചൊരുസമയേ
ഭക്തജനാവനകൎമ്മണിപണ്ടുനി-
യുക്തമതാകിനചക്രംതാനും
രൂക്ഷതപെരുകിനതേജസ്സോടും
തൽക്ഷണമവിടെക്കാണാറായി
തൽകാലത്തക്കൃത്തികതന്റെമ-
ഹൽക്കിരണങ്ങളശേഷമടക്കി
അക്കാമിച്ചുവിളങ്ങുംപൊഴുതുവി-
ളക്കിനുഹന്തവിളക്കംവരുമോ?
പെരിയവനങ്ങളിലെരിയുംതീയതി-
ലെരിയുംവ്യാളികളെന്നകണക്കെ
അരികെവരുന്നൊരുകൃത്തികതന്നെയു-
മരനിമിഷേണദഹിപ്പിച്ചുടനേ
കോടിദിവാകരധാടികളങ്ങിട-
കൂടിവിളങ്ങുംതേജസ്സോടും
കൈടഭരിപുതൻചക്രമതുടനേ
മാമുനിയോടെതിരേററാരുസമയേ
ഇത്തരമഥകൃത്തികതന്നുടെ
ഘോരശരീരമശേഷം
ഉത്തമപൂരുഷന്റെമഹായുധ-
മഗ്നൌചെയ്തിച്ചൊരുശേഷം
ധാതകളത്തിലപ്പാമുള്ളതു
ചാഴ്ത്തുകിലെന്തുവിചിത്രം
സത്വരമൃഷിസത്തമനോടവ-
നെത്തിയടുത്തൊരുനേരം
അത്യധികഭയവശമിതിഹൃത്തി-
ലൊത്തുവിറച്ചുതുടങ്ങി
സത്വരമൃഷിസത്തമനിട്ടിശി
നിന്നഥപാഞ്ഞുതുടങ്ങി
കാടുകൾപലനാടുകളുരുതര
തോടുകളദ്രിതടങ്ങൾ
വാടികൾപലവീടുകളിങ്ങനെ-
യുള്ളൊരുതടിക്കുകളെല്ലാം
ഓടിയുമഴൽതേടിയുമത്തടി
വാടിയുമാടിയുമുള്ളം
നാടകമതിലൊരുമൊരാശ്രയ-
മില്ലമുനീന്ദ്രനുപാൎത്താൽ
ചെമ്പണിനിറമുടയൊരുജടമുടി
വടിവൊടഴിഞ്ഞുകിഴിഞ്ഞും
സംഭ്രമഗളമാലകൾചലക-
ളെന്നിവയാകെയഴിഞ്ഞും
സംഭ്രമമൊടുകിഞ്ചനവാരിയെ-

ട്ടുകയ്യുമൊട്ടുകളഞ്ഞും
കമ്പിതമതിയാകിനമുനിവര-
നോടിവലഞ്ഞുചമഞ്ഞു
പത്തുദിക്കുമതിങ്ങിനേബത
മണ്ടിമണ്ടിമുനീശ്വരൻ
ക്ഷുത്തുമഗ്നികണക്കിനേഹരി-
ചക്രവുംപിറകേരുഷാ
വേർത്തൊലിച്ചുകിതച്ചുയ്യുംനെട്ടു-
വീർപ്പിടച്ചുകുതിക്കയും
പാർത്തുകാണുകിലീശ്വരൻെറവി-
ലാസമാക്കിറിയാവളും
അംഗകേരളകാശിപാണ്ഡ്യക-
ലിംഗകേകയകോസലം
വംഗമാഗധകുന്തികുന്തള
ഭോജകൊങ്കണമങ്കണം
ഇങ്ങിനെ പുനരാറുമൊമ്പതും
മുള്ളടിക്കിലതെന്തുമേ
തുംഗതാപനിവാരണത്തിനൊ-
രുത്തരില്ലതുകാരണം
ഐശികൻമുനിപിന്നെയുംപല
ദേശമൊക്കെനടന്നുടൻ
കൌശികാദിമുനീശസഞ്ചയ
മാശ്രയിച്ചുപലായനം
ശംഭുസംഭവനംഭസാംനിധി-
തന്നിലാണുകിടക്കിലും
കമ്പമില്ലതരിമ്പുമായുധ-
മാശുതത്രഗമിച്ചിട്ടും
സംഭവിച്ചൊരുസങ്കടംസഹി-
യാഞ്ഞുടൻമുനിപുംഗവൻ
ജംഭവൈരിപുരംപ്രവിശ്യപ-
റഞ്ഞുസംഭ്രമചേതസാ
ദേവരാജ!ധരിക്കനിന്നുടെ
വാക്കുകേൾക്കനിമിത്തമായ്
ആവലാധികളിങ്ങുവന്നു
പിണഞ്ഞുഹന്തവലഞ്ഞുഞാൻ
സാവധാനമെനിക്കുചേതസി
ചെറുമില്ലഭവാനുടെ
ഭാവമെന്തറിഞ്ഞുവേണമെ-
നിക്കധാവതിചെയ്യുവാൻ
പിഷ്ണുപേക്ഷണമുച്ച്യല്ലൽപെ-
ട്ടത്തിടുന്നുസുദർശനം
വിട്ടുപോകയുമില്ലനല്ലദ-
യാഗുണങ്ങളുമില്ലഹോ
കഷ്ടമെന്നുടെപിന്നുവിട്ടുഗ-
മിച്ചിടാതെദിഗന്തരം
വട്ടമിട്ടുനടത്തിടുന്നുസു-
രേശകിന്നുകരോമ്യഹം
ഇത്തരംമുനിസത്തമൻെറവ-
ചസ്സു കേട്ടുവലാന്തകൻ
ചിത്തഭീതിയോടാശ്രുവീണന-
മസ്കരിച്ചിദമൂചിവാൻ

അത്രനിന്നുഗമിക്കതാപസ
താമസിക്കരുതേതുമേ
പത്തനംമമദഗ്ധമെന്നുവ-
രുത്തിടൊല്ലമഹാമുനേ!
പത്രിപത്രബലംതടുപ്പതി-
നാവതല്ലനമുക്കഹോ.
അത്രിമാമുനിപുത്ര!ഞാനൊരു-
പായമിന്നുരചെയ്തിടാം
സത്യലോകനിവാസിയായപി-
താമഹൻകമലാസനൻ
പാർത്തുകാണുകിലിന്നുമൂർത്തികൾ
മൂവരുള്ളതിലൊന്നവൻ
തത്രചെന്നുരചെയ്കിലാശുന-
ശിക്കുമാർത്തികളാകവേ
വൃത്രശത്രുനിയോഗമിങ്ങിനെ
കേട്ടുടൻമുനിപുംഗവൻ
തത്രതത്രസുദർശനംനിജ
പിന്നിലുണ്ടതികർഷണം
അത്രമാത്രമതല്ലസങ്കട-
മത്രിപുത്രനടിച്ചതും
എത്രതന്നെമനോഹരംപുരു-
ഷോത്തമൻെറപണിത്തരം
പാഞ്ഞുപാഞ്ഞുവലഞ്ഞുലഞ്ഞു ച-
മഞ്ഞുതാപസനഞ്ജസാ
കഞ്ജവാസനിവാസഗേഹമ-
ണഞ്ഞുവീണുവണങ്ങിനാൻ
പാഹിപാഹിപയോജസംഭവ
സങ്കടങ്ങളൊഴിക്കനീ
സാഹസേനനമുക്കുവന്നുപി-
ണഞ്ഞദുർഘടമുൽക്കടം
ജ്ഞാനഹീനതകൊണ്ടെനിക്കു
വന്നുകൂടിപിതാമഹാ
മാനദോഷമശേഷസൽഗുണ
നാശകാരണമേവനും
പുണ്യവാരിധിയംബരീഷന-
രാധിപൻഹരിവാസരേ
പുണ്ഡരീകവിലോചനപ്രിയ-
നംഭസാകൃതപാരണൻ
ദണ്ഡ്യനല്ലവനെങ്കിലുംമമ
കോപഗൌരവകാരണാൽ
ഖണ്ഡിതവ്രതനെന്നുനമ്മുടെ
മാനസത്തിലുറച്ചുടൻ
പൂജനാർഹതയുള്ളനമ്മുടെ
ഭോജനത്തിനുമുമ്പതേ
ഭോജനംകൃതവാൻഭവാനിതി
ശപ്തനായിട്ടുവ്യഥവഞാൻ
ഭോജനാധിപ!ദുർമ്മതേതവ
വംശമാശുനശിപ്പതി-
ന്നോജസാതുടരുന്നുഞാനതു
കാൺകയെന്നുരചെയ്തുഞാൻ
നന്മയോടൊരുകൃത്തികാംകൃത

പാനംഹംബഹുസാഹസാൽ
തിന്മയോടവളെഗ്രഹിച്ചുമു-
രാരിതന്റെസുദർശനം
അംബുജാസനകേൾക്കുമർത്തുട-
ഭൃത്യമല്ലുപിണഞ്ഞതും
നന്മയുംമൊഴതമസ്സമാക്കിവ-
ഴേണമെന്നുമുരാന്തകൻ
കൂടെവിട്ടസുദർശനംബഹു-
ചേടികാട്ടിയടുക്കയാൽ
നാട്ടുവിട്ടുകുതിച്ചുപാഞ്ഞുട-
നോടിയെട്ടുദിഗന്തവും
നാഡിയൊട്ടുതളർന്നുഴന്നതി
പാട്ടുപെട്ടുവരുന്നതാ-
നാടൽവിട്ടുമഹാംഗപീഡയൊ-
ഴിക്കവെല്ലവിധത്തിലും
കോടിയജ്ഞഫലംനിനക്കിതു-
കൊണ്ടുതന്നൊലഭിച്ചിട്ടും
താടിയുള്ളൊരുതാപസന്റെവി-
ഷാദമിങ്ങനെകേൾക്കയാൽ
വാരിജാസനനാശുവന്ദന
ചെയ്തുനിന്നതർച്ചെയ്തുടൻ
വാരിജാശുഗവൈരിസംഭവ
കേൾക്കനീമമഭാഷിതം
പൌരുഷംപുനരിക്കുന്നതിനു
നാസ്തിശക്തിവാരണേ
പൌരഷേണബലേനവാണവ-
തന്നുസാംപ്രതമിങ്ങിനെ
ചാരുരണ്ടുപരാർദ്ധമെന്നുടെ
കാലമായതുകൊണ്ടഹോ
തീരുമാറതിലപ്പുറംപുന-
രിപ്രജാപതിയല്ലകേൾ
ആരഹോമതിയാകുമച്യുത-
ചക്രശക്തിതടുക്കുവാൻ
ഘോരമായഘോരവുംനര-
സിംഹവുംഹരിചക്രവും
ശൗരവാലിവർണ്ണനമാക-
മതങ്കിലുംപ്രളയാഗമേ
പാരശേഷമശേഷദഹിപ്പതു
കാലചക്രമിതല്ലയോ
ഭൂരിശോഭകൾചേർന്നചക്രമ-
ഴിത്തുനമ്മുടെപത്തനേ
തീയിലാശുദഹിക്കുമെന്നുടെ
ദേഹമൊക്കെയുമോർക്കനീ
പത്മജാതവമാലൊഴിപ്പത-
നിങ്ങുകൌശലമില്ലെടോ
തൊഴുതുഴിച്ചുരിയുന്നതീയിലെം
അംബുധിതഫലിക്കുമോ
മൊഴുണഞ്ഞുമഹിപ്പതിനുവ-
ക്കനുവിഷ്ണുമഹായുധം
തീയാക്കുന്നാളുക്കുടുകി-
ലിതുമൊഴുവാനില്ലഹോ

ഇന്ദ്രാദിസമസ്തലോകസ-
മൂഹവുംമനുജാളിയും
ചന്ദ്രസൂര്യചരാചരംജഗ-
ദണ്ഡമണ്ഡലമൊക്കെയും
ഇന്ദ്രസോദരനായവിഷ്ണുജ-
നാർദ്ദനൻമധുസൂദനൻ
ഇന്ദിരാവരനേകനെന്നുധ-
രിക്കമാമുനിപുംഗവാ
വിശ്വസാക്ഷിമുകുന്ദനിങ്ങിനെ
വിശ്വമൊന്നുചമച്ചതിൽ
വിശ്വസിച്ചുകളിച്ചിടുന്നതു
ചാരുപാവകണക്കെഞാൻ
മായയാമയചരട്ടിലിട്ടുതി-
രിച്ചിടുന്നിതുനമ്മെയും
പ്രായമായഭവാനിതൊക്കെയ-
റിച്ചിരിപ്പവനല്ലയോ
ശോകശോകമഹാമുനേരജ-
താദ്രിശൃംഗനിവാസിനം
പാകശാസനദേവദാനവ-
സേവിതാംഘ്രിസരോരുഹം
ലോകനാഥമുമാസഹായമു-
പാശ്രയിക്കമഹേശ്വരം
ശോകസങ്കടമാശുതീർത്തരു-
ളീടുമീശനസംശയം
പത്മസംഭവവാക്കുകേട്ടു
തിരിച്ചുമാമുനിപുംഗവൻ
ശർമ്മമുത്തമമീശ്വരന്റെമ-
ഹാമഹീധരമാപ്പുവാൻ
ഭരമഹീനമണഞ്ഞുവീണുവ-
ണങ്ങിമാമുനിപുംഗവൻ
ആത്മസങ്കടമന്നശേഷമു-
ണർത്തിനാൻമുനിപുംഗവൻ
അംബുരാശികലാകലാപിയു-
മിപ്രകാരമുരച്ചുതേ
അംബരീഷമഹീശരക്ഷണ
ദക്ഷനാംശുഭലക്ഷണം
അംബുജേക്ഷണചക്രമേതര
സാരമല്ലനമുക്കഹോ
കിംവിദാമികരോമിഞാനിഹ
സാദ്ധ്യമല്ലനമുക്കെടോ
ഉഗ്രമാകിനചക്രവിക്രമ
ശാന്തിയാശുവരുത്തുവാൻ
വിഗ്രഹേണവികുണ്ഠലോകനി-
വാസിതാനൊരുവൻക്ഷമൻ
നിഗ്രഹത്തിനനുഗ്രഹത്തിനു
മീശ്വരൻധരണീധരൻ
വ്യഗ്രമെന്നിയനന്തസംപ്രതി
തത്രചെന്നുനമിക്കെടോ

ശ്ലോകം.

ഭാരതീശഗിരമിപ്രകാരമഴകോടുകേട്ടു
മുനിപുംഗവൻ

ഘോരമാമ്പരിതാപത്തോടുമരിയോടുമൊത്തു
  നടകൊണ്ടുടൻ
ക്ഷീരവാരിനിധിതീരത്തിനരികാന്തികം
  ബത മുരാന്തകം
ശൌരിവാഹനിഭചാരുരോമപിഞ്ഛവിശ്ര്യ
  മിളമമ്പരിൽ.

പാഹിപാഹി പങ്കജാക്ഷ പാഹിപാഹി പ-
  (ത്മേക്ഷണ!
പാഹിപാഹി പയോധിനിലയ ശൌരേ!
ദുർവ്വാസസ്സാമെന്നുടെ ദുർവ്വാസനകൊണ്ടു താനേ
ഇതുവിധംവലയുമാറായ്‌ദുർവ്വിധിയിങ്കൽ
ത്വൽപ്രിയനാമംബരീഷനൽപനെന്നു കല്പിച്ച-
പ്രിയം ഞാൻ ചെയ്തുപോയിളപ്പലനേത്രാ (ള്ളം
ക്രോധം കൊണ്ടു ചെയ്തൊരപരാധമൊക്കെ ക്ഷമിച്ചു
മാധവാ നിന്നാശ്രിതനെ ബാധതീർക്കണം (നീ

മുനിവരസങ്കടവചനമിവണ്ണം
കനിവോടു കേട്ടൊരു മുകിലണിവർണ്ണൻ
ഘനനിധിശയനൻ വാരിജവദനൻ
തരതരം പുഞ്ചിരിപൂണ്ടരുൾചെയ്തു
പരിഭവമഹാമുനിപുംഗവ സുമതേ
ബഹുഗുണവസതേ മാമകസവിധേ
പരിചൊടറിഞ്ഞു ഭവാനുടെ ചേതസി
ചെറുതൊരു പരിതാപമശേഷം
നിരുപിച്ചാലതിനൊന്നൊരു കഴിവി-
ല്ലറിയിക്കാമതിനുള്ളൊരു ദോഷം
നരവരപരിവൃഢനെങ്കലുറച്ചൊരു
നിരുപമഭക്തിവിശേഷം കൊണ്ടു
നിത്യം കനകകളത്രമുപേക്ഷി-
ച്ചത്ര തപസ്സുകൾ ചെയ്തീടുന്നൊരു
ധരിത്രീപതിയൊടു കാരണമെന്യേ
പാരുഷ്യം പല ചെയ്കനിമിത്തം
പാരം സങ്കടമിങ്ങനെ വന്നളി
ഭക്തന്മാരെന്നുടെ മുഖ്യം പക്ഷം
നിസ്തുലയായൊരു ഭക്തികലർന്നഥ
നിത്യവുമെന്നെസ്സേവിക്കുന്നൊരു
ഭക്തന്മാരുടെ ഭൃത്യൻ ഞാനതി-
നിത്തിരിഖേദം വരികയുമില്ല
അത്രയുമല്ലാ പുരത്രയമഥയതി-
ലത്താലിനിഹ നാഭാഗജനാം
ധാത്രീപതിയോടു തുല്യന്മാരാമെ
ഭക്തന്മാരിലൊരുത്തരുമില്ല.
അസ്സുസമസ്തം പിന്നെയുമുണ്ടു
വസ്തുതതക്കര ചെയ്തീടുന്നു,
വൃത്രനിഷൂദനവചനം കേട്ടു
ധാത്രീപതിയുടെ നിയമങ്ങൾക്കു
ഭൃത്യഹതത്വം വരുത്തുവതിന്നുസ-
മുദ്യോഗിപ്പാനെന്തവകാശം
അതൊഴിലെല്ലാം ചെയ്തതഹോ തവ
ചിത്തവിശുദ്ധിവിശേഷം തന്നെ
സംശുജനാതെ ഭേഷജന്നന-

രാധമുനിവഹങ്ങൾക്കു വസിപ്പാൻ
രോധം കൂടാതനവധി നരകം
ബോധിച്ചീടുക വർദ്ധിക്കുന്നു
അനസൂയാസുതനായ ഭവാനിതു
മനസാവാചാ നിരുപിച്ചാലും
അനഘന്മാരിലസൂയമതിന്നാം-
ലനുഭവയോഗ്യമിതെന്നറിയേണം
പലവിധമിങ്ങിനെ ചൊല്ലുകകൊണ്ടൊരു
ഫലമില്ലയി തവ സങ്കടമഖിലം
നലമൊടു തീർപ്പതിനുന്നിനച്ചാ-
ലലമല്ലായതുതീർത്തു ചെയ്യും
ഭുവനത്രയമതിലുത്തമനാകു-
ന്നവനീവരനവനെന്നുടെ ഭക്തൻ
അവനെശ്ശരണം പ്രാപിച്ചെന്നാ-
ലവനംചെയ്യും സംശയമില്ല
മുന്നം ചെയ്തൊരു വികൃതികളൊന്നും
മന്നവനുള്ളിൽ കരുതുകയില്ല
എന്നതുകൊണ്ടിനിവൈകാതവനുടെ
സന്നിധിതന്നിൽ ചെന്നാലും നീ
ചന്ദ്രനുമിന്ദ്രനുമിന്ദുകലാധര-
നെന്നല്ലരവിന്ദാസനനും പുന-
രെന്നിവരൊരുന്നിരുപിച്ചാലതി-
നിന്നൊരു കഴിവില്ലായതുമൂലം
എന്തിനു വളരെപ്പറയുന്നതു ബത
സന്താപങ്ങളൊഴിക്കണമെന്നാൽ
ബന്ധുരനരവരനെന്യേമറ്റൊരു
ബന്ധു നിനക്കു ഭവിക്കയുമില്ല
പരമപുമാനുടെ വചനം കേട്ടു
പരവശമുള്ളത്തിലൂണ്ടുമുനീന്ദ്രൻ
തിരുവടിതാരിൽത്തെളിവില്ലായതു-
രമില്ലതുകൊണ്ടവനീപതിയുടെ
പുരമതിലമ്പൊടു പോകെന്നോർത്തവ-
നങ്ങു കലർന്നു പുറപ്പെട്ടുടനേ
വിരമിക്കാതെ മുകുന്ദരഥാംഗവു-
മൊരുമിച്ചവനുടെ പിറകേ കൂടി
തരമെരസേക്ഷണചക്രത്തിന്നൊരു
കോകൂരമിത്തിന്മുനീന്ദ്രൻ
തമസമമന്യേ ഭൂരിപുരന്ദര-
സീമനിമംമുനിചെന്നൊരുശേഷം
മുന്നം മുനിവരനോടിയസമയേ
മന്നവമകുടമണിവീരൻ
നിന്നിടുന്നിലയ്ക്കൂരിളക്കം
വന്നില്ലവരുടെ ഭക്തിവിശേഷാൽ
മാമുനിതന്നുടെ വരവുനിനച്ചും
ഓമരംഗനുടെനാമമുരച്ചും
കാമകേളികളിയലാതമനസ്സി-
ലമയാകാരം കരുതിയുറച്ചും
കരവും കൂപ്പി വിനീതനതായ്‌ നി-
ല്ലൊരുധരണീപതിയെക്കണ്ടതിശയ-
മരവാഭരണകലാജാതൻമുനി
വരനും മനസാ ബഹുമാനിച്ചു

ക്ഷിതിമുഴുത്തുസുദർശനചാവേക
ഹോതിയടക്കാനഭ്യർത്ഥിച്ചു
ഭൂധരണിവര! ജീവചിരം! മമ
അപായക്കേട്ടുപൊറുത്തരുളീടുക!
ഭോഗികുലാമലമാനസമധുപസ-
രോരുഹമായമുകുന്ദൻതിരുവടി
കാരുണി കാത്തമനന്തഭവാനിഹ-
ന്തരതരംസന്തോഷിക്കയാൽ
ഈരേഴുലകിടവാസികളായവ-
രാരുംനിന്നോടുസമരായില്ല
ഘോരസുദർശനചക്രമടക്കി
പാരാതെന്നെപ്പാലിപ്പതിനും
വേദാത്മചിന്തിച്ചുലത്തുതി-
നാവിള്ളുന്നരുളീമുരരിപു
ഹേ! രാജാവേനിന്നുടെക്കൃപയാ
തീരേണംമമസങ്കടമധുനാ

നാരായണചക്രത്തെയടക്കണ-
മോരോപിഴകളറിഞ്ഞുപൊറുക്കണ-
മേവംനിന്നുകരഞ്ഞുപറഞ്ഞൊരു
താപസവാക്യംബഹുമാനിച്ചു
ഭൂപതിതാനുംവൈഷ്ണവചക്രമ-
താവാഹിച്ചുളികത്തിലടക്കി
ആശീർവാദംചെയ്തുമുറയ്ക്കുട
നാശുമുനീന്ദ്രനുമങ്ങുഗമിച്ചു
കേശവഭക്തൻനരവരസഞ്ചയ
കേശാലംകൃതമുകുരാരതനം
ഭാസ്വൽകലമണിമിഴിമാതാമമ-
ഹാശയനാമംബരീഷൻതാനും
ഹരിവാസരവ്രതവുംപാലിച്ചു
ഹരിചരണാംബുജവുംധ്യാനിച്ചു
സുരവരമന്ദിരസമമാകുംനിജ
പുരിയതിലത്രസുഖിച്ചുവസിച്ചു.

അംബരീഷചരിതം ഓട്ടൻതുള്ളൽ സമാപ്തം.

൨൧. ശീലാവതീചരിതം.

സരസിജഭവസുതനത്രിമുനീന്ദ്രൻ
പാരിൽ പാട്ടിലക്ഷണമറിയതാകും
ഗൃഹിണീമണിയനസൂയയെവേട്ടു
[illegible]
സുമഹിതമാകിനഭൃഗുവംശത്തിൽ
സുതപസ്സെന്നൊരുമുനിയുണ്ടായി
സുതപസ്സിന്നൊരുസുതനുണ്ടായി
സുതനുംകോപനനതിദുശ്ശീലൻ
ഉഗ്രതപെരുകിനമുനിതനയനപേ-
ത്യഗ്രതമസ്സെന്നാകിലുമുനീന്ദ്ര
വിഗ്രഹമേറിയതില്ലകുറുത്തൊരു
ദുർഗ്രഹപീഡിതനെന്നാകണമേ
ചേളരെവയസ്സുംചെന്നുനരച്ചൊരു
വെളിവില്ലാത്തൊരുവേഷമതായി
കളിവചനങ്ങളുമറിയപ്പോകാ
തെളിവില്ലാതെകുരുത്തൊരുഭാവാ
ലാക്കിനെയുള്ളമുഖക്കുമിക്കതി
മംഗലരൂപഗുണങ്ങളിണങ്ങും
അംഗനമാർമണിശീലാവതിയിതി
സംഗതമാകിനനാമത്തോടേ
ഭാഗികുലമതൊരുകന്യാമണിയെ
സംഗതിവന്നവിവാഹംചെയ്താൻ
ഉമ്മുലനാളേഗൃഹസ്ഥാന്മവളും
കാമിലഹോബഹുഭേദംകണ്ടാൽ
പ്പുരമണിയിടയിൽചേർത്തൊരു
കല്ലുന്നാക്കണക്കിനുകാന്തൻ
കുരുവിയാലെക്കുളളഗുണങ്ങൾ

പങ്കജ്ജംപുന്നാഗങ്ങളെയല്ല
പുരികുഴലഴകിയരുണ്ടുചുരുണ്ടുരു
പരിമളമെത്രമനോഹരമതുമൊരു
കരിമുകിൽകണ്ടാൽമണ്ടിയൊളിച്ചുമ
ഗിരിഗുഹപൂക്കക്കിടക്കേയുള്ളു
ചടുലവിശാലവിലോലവിലോചന
കലികടാക്ഷനിരീക്ഷണമേറ്റാൽ
അടവിയിലിയലുംമറിമാൻക്കൂട്ടം
നെട്ടവീർപ്പിട്ടുമുഖംതാഴ്ത്തിടും
പല്ലവതുല്യംതുടുതുടെയധരം
പക്വകദംബപ്പൂമലർപോലെ
നല്ലൊരുമുത്തുകൾചേർത്തൊരുവിദ്രു
മമ്രുമപോലെമനോഹരമധികം
ചലമിഴിയാളുടെചാരുമുഖത്തൊടു
തുലനംമോഹിക്കുന്നൊരുചന്ദ്രൻ
കലകളൊഴിച്ചുംചത്തുംശിവശിവ
പലതരിയുന്നിഹപണിചെയ്യുന്നു
പങ്കജമൊട്ടുകൾമട്ടോൽമിഴിയുടെ
കൊങ്കകളുടെവടിവാശുലഭിപ്പാൻ
കലിതരസനകുഴത്തോളംബഹു
സലിലേനിന്നുതപംചെയ്യുന്നു
മടവാർമണിയുടെപിടിയിലടങ്ങും
കൊരിനതുടിയൊടുപടപൊരുതുന്നു
കടിതടമുടനഥകരിമസ്തകരുചി
ഘടിതികലർന്നുവിളങ്ങീടുന്നു
കൊമ്പൻകരിയുടെതുമ്പിക്കരവും
ഹാപീടുമവളുടെതുടയിണകണ്ടാൽ

കാർകുഴലണികുഴലാളുടെപുറവടി
കൂർമ്മത്തേക്കാളധികമനോജ്ഞം
പാർമേലവളോടുസമമായിട്ടൊരു
പാർമൊഴിമാരെക്കാണ്മാനില്ല
അങ്ങിനെയുള്ളൊരുശീലവതിക്കിഹ
സംഗതിവന്നതുവൃദ്ധൻക്രുദ്ധൻ
എങ്ങാനൊരുപിഴകാട്ടാഞ്ഞാലും
ചങ്ങാതിക്കൊരുതെളിവില്ലൊട്ടും
പാണ്ടുപിടിച്ചുവെളുത്തശരീരം
നീണ്ടുകഴുത്തുംമുഞ്ഞിചുളിഞ്ഞു
കോലുകൾപോലെമെലിഞ്ഞുകഴന്നൊരു
കാലുംകയ്യുംകണ്ടാൽവികൃതം
എല്ലുമികച്ചുപല്ലുവമിച്ചു
കണ്ണുകുഴിഞ്ഞുകാഴ്ചകുറഞ്ഞു
കണ്ണുമടച്ചുകാലുപിടച്ചു
മൂക്കുംതാടിയുമൊന്നിച്ചിട്ടും
വാക്കിന്നുമൂർച്ചകുറഞ്ഞില്ലൊട്ടും
താടിയുമൊട്ടുകൊഴിഞ്ഞുതുടങ്ങീ
തലയിൽകാണ്മാനില്ലൊരുരോമം
കണ്ണാടിക്കുസമാനാനല്ല
കഷണ്ടിപിടിച്ചുമിനുത്തുശിരസ്സും
കണ്ണിൽപീളനിറഞ്ഞുനിറഞ്ഞൊരു
വെണ്ണക്കണക്കിനുകാണാംവെളിയിൽ
പൊയ്യല്ലിവനുടെവാനാററംകൊ-
ണ്ടയ്യോ! ശിവ! ശിവ! പാരമസഹ്യം
ചോറുംകറിയുംവെച്ചുകൊടുത്താൽ
നൂറുവിധത്തിൽകുററംപറയും
ആറിപ്പോയാലീറുക്കാച്ചൂ-
ടേറിപ്പോയാൽതിന്നരുചിക്കും
മാറിപ്പോയാലെല്ലതല്ലിവനെ
പ്പേറിക്കൊണ്ടുനടന്നോചോറു;
ചോറുംവിരവിൽപുളിയുംമുളകും
ചാറുംകൊണ്ടിഹചെല്ലുന്നേരം
ചീറുംനില്ലെടി! നിച്ചിരുത്തി!
കൂറില്ലാത്തവിലക്ഷണമിപ്പോൾ
ചോറുംകൊണ്ടുവരുന്നതുകൊള്ളാം
ചോറൊരുപറവുമിറങ്ങുകയില്ല
മോഹിക്കുമ്പോൾകഞ്ഞികുടിപ്പാൻ
മോഹമെനിക്കതുസാധിക്കില്ല
സ്നേഹിച്ചിട്ടൊരുപെണ്ണുണ്ടെങ്കിലെ
മോഹിക്കുന്നതുസാധിപ്പിക്കൂ
കറിവച്ചാലതിനുപ്പുംമുളകും
കണികാണ്മാനില്ലൊരുദിനമിങ്ങനെ
കളിയല്ലൊരുനാളുപ്പേരില്ലുമാം
മുളകെങ്കിലുമതിനൊരുകടുപ്പം
കയ്പുണ്യത്തിനുശീലവതിക്കതി-
രിപ്പോഴൊരുപെണ്ണുങ്ങളുമില്ല.
കയ്പുള്ളതുമധുരംമധുരിച്ചതു
കയ്പെന്നുംവരുമീയിവൾവച്ചാൽ
കററരിയായിട്ടൊരുദിനമന്നം
കററംപറകല്ലിതുപരമാർത്ഥം

പിറേറന്നാളതുചളപിളയങ്ങിനെ
പാററുംവെള്ളവുമൊന്നായ്കാണാം
മറെറാരുപെണ്ണിനെവേൾക്കാതിവിടെ
കൊററിനുസൌഖ്യമെനിക്കില്ലിനിമേൽ
അന്തകവീട്ടിനുയാത്രയടുത്തൊരു
തന്തക്കിഴവനുവേളികഴിപ്പാൻ
എന്തൊരുമോഹംപെണ്ണുകൊടുപ്പാൻ
ബന്ധുജനങ്ങളുമെന്തുകൊടിക്കും
പത്തുപണത്തിനുമുതലുണ്ടെന്നാൽ
വൃദ്ധന്മാർക്കുംപെണ്ണുകിടയ്ക്കും
അതൊഴിലിന്നെളുതല്ലനമുക്കൊരു
പുത്തൻപോലുംനാസ്തികരത്തിൽ
പട്ടിണിതന്നെകിടപ്പാനിന്നൊരു
വട്ടംക്രൂടിനമുക്കൊരുവസ്തു
കിട്ടുകയില്ലവിശക്കുന്നേരം
കിട്ടുകിലതിനൊരുരുചിയതുമില്ല
തലമുടിപലകുറിചിക്കിവിടുത്തും
തിലകംതൊട്ടുംപുടവഞൊറിഞ്ഞും
കണ്ണെഴുതിക്കണ്ണാടിയിൽനോക്കി
തുണ്ടംപല്ലുംചന്തംപാർത്തും
എണ്ണയെടുത്തുംതേച്ചുകുളിച്ചും
പെണ്ണുങ്ങളുമായ്നിന്നുകളിച്ചും
നമ്മുടെശീലവതിക്കൊരുനേരം
നമ്മളെനോക്കാനവസരമില്ലേ
രക്ഷിപ്പാനിവൾകൊള്ളരുതൊട്ടും
ഭക്ഷിപ്പാനിവൾകൊള്ളാംതാനും
ലക്ഷണമില്ലാത്തുള്ളൊരിവൾക്കിഹ
ഭക്ഷണമെന്നാൽപഞ്ചപ്രസ്ഥം
ഭിക്ഷയുമേറെലഭിച്ചതുശേഷം
ശിക്ഷയിൽവച്ചിവളപ്പികഴിക്കും
നിത്യവുമിങ്ങനെചട്ടമെനി-
ക്കരിവച്ചുകരിച്ചുപൊരിച്ചുപകച്ചുട-
നച്ചുയ്യോത്തിരിക്കൊണ്ടുപാനിലയും
വച്ചതിലിട്ടുചുരുട്ടിതിരിക്കും
കാച്ചിയമോരുംനീരുംവേണം
വാസ്സുതുമൊരുകൂട്ടാനുംവേണം
അത്രേയുള്ളുനമുക്കൊരുപഥ്യം
അതിനുമവൾക്കിഹദുർഘടമിപ്പോൾ
എന്തൊരുതൊഴിലെന്നേതുമറിഞ്ഞി-
ല്ലെന്നുടെമുമ്പിൽവരുന്നതുകുറയും
ചന്തംനോക്കിത്തെളിഞ്ഞുചിരിഞ്ഞുനട-
ന്നന്തസ്സാരമവൾക്കില്ലേതും
എന്തിനുകൊള്ളാംകഷ്ടമെനിക്കി
ജ്ജന്തുവിനെക്കൂടിവയ്പ്പാൻതോന്നി
താന്തോന്നിത്തംപാരംപെണ്ണിനു
താനാരെന്നൊരുഭേദവുമില്ല
വലിയവരിത്തിരിലാളിക്കുമ്പോൾ
തലയിൽകേറുംതരുണികളല്ലേ
തലയുംമുലയുംകണ്ണുംകാതും
നിലയുംനിറവുംകണ്ടുഭ്രമിച്ചിഹ
വലയുംനല്ലജമാനച്ചാരികൾ

മലയാളത്തും പരദേശത്തും
വിലയേറുന്നൊരു ശീലത്തരവഴി
കലിയൻ ചിലവിട്ടിങ്ങുവരുത്തി
കലിതാനന്ദമവൾക്കു കൊടുക്കും
പൊളിയല്ലിങ്ങനെ ചെയ്യുന്നാളും
തെളിയിപ്പാനെളുതല്ലൊരുനാളും
ഒളിവാർന്നവളുടെ സുഖമൊന്നും
വെളിവായവനുക്കൊത്തുകയില്ല
കളമൊഴിമാരുടെ കളവറിയാതെ
വളരെ ദ്രവ്യമവൾക്കു കൊടുക്കും
ജളനെക്കാൾ ഗുണദോഷങ്ങളിൽ
വിളവില്ലാത്തൊരു വിദ്യാഭോഷൻ
വളമതിൽനിന്നു വളർന്നൊരു വാഴകൾ
വളരെക്കിളരം പൂണ്ടു കുലച്ചാൽ
ഒരു വേലയിലൊരു തോപ്പത്തോ
ഫലമുണ്ടാമതു പൃച്ഛിയുമില്ല
കളമൊഴി ദിനകാമിനിമാരെ
കളവും പൂരുഷൻ ചെട്ടിക്കാരൻ
കളവറിയാഞ്ഞാൽ കണ്ടങ്ങളിലൊരു
വിളവില്ലാതാമെന്നറിയേണം
എന്നതു കൊണ്ടു പറഞ്ഞു നമ്മുടെ
പെണ്ണിനു നന്മക്കുറിപ്പോട്ടും
കണ്ണുതിരിയാതത്തും കേളാ
മന്ദം പൊരുതുന്നമുക്കു ഭവിച്ചു
കിന്നരപോലെ ശിരസ്സുമിതതൊരു
ഖണ്ഡം കൂഞ്ഞിനടക്കും കിഴവനി-
പ്പെണ്ണിന്നാശ മരിച്ചെന്നാൽ
പെണ്ണുങ്ങൾക്കൊരു ക്രൂരതയാമോ?
മുത്തിചുളിഞ്ഞു മുതുക്കന്മാരെ
കുത്തിപ്പെണ്ണിനു കശലുണ്ടാമോ?
പത്തിക ബന്ധിനതാടി വെളുത്താൽ
പരിഹാസത്തിനു കൊള്ളാം പൂരുഷൻ
മങ്കമാരികളൊട്ടു സംസാരിപ്പാ-
നക്കിഴവച്ചാർക്ക ചില്ലറതെണ്ടും
അക്കഥയറിയാഞ്ഞല്ല പറഞ്ഞു
മുക്കഥസങ്കടമെന്തോ വേണ്ടു
ശീലവതിക്കു ചെറുപ്പമവൾക്കൊരു
ബാലപ്പൂരുഷനെയല്ല ലഭിച്ചു
ശീലക്കേടുകൾ കാട്ടുന്നതുമമ
കാലക്കേടെന്നേ പറയാവൂ.
ജാതകദോഷമിനിക്കിതു വന്നതു
പാതകദോഷമവൾക്കിതു വന്നതു
ഏതാനൊരുത്തനെക്കുറ്റം പറവാൻ
ഓതുവതില്ലിതു തലയിലെഴുത്തു്
ഇത്ഥം പലപ്രകാരം ക്രൂദ്ധൻ പറഞ്ഞിട്ടന്നു
മുക്കണ്ണനിയമത്തിനൊരു ബലം പറകയില്ല
ചിത്തേ വിനയമോടെ മന്മഥഗമിനി തൻ
ഭക്തിയാലുള്ള ശുശ്രൂഷിച്ചു പാർത്താൽ കനിവിനോടെ
ഉത്തമോത്തമ ഭർത്താവിന്റെ കുറ്റമല്ലിവയൊന്നും
പൊറുക്കേണമെന്നതും ക്രൂരനു കാരുണ്യം കനാതും
എന്താകിലെനിക്കെൻ ഭർത്താവു ദൈവമെന്നും സർവ്വം;

ഉള്ളം തന്നിലെനിക്കു കള്ളം തെല്ലുമില്ല
ഉള്ളനിന്നാഥൻ തിരുവുള്ളം പ്രകാശിപ്പിപ്പാൻ
ഉള്ള പ്രയത്നത്തിനൊന്നുള്ളിലുപേക്ഷയില്ല
ഉള്ളിലഹങ്കാരവും ഭള്ളും നമുക്കില്ലേതും
വേഗമെൻ ഭർത്താവിന്റെ രോഗം ശമിപ്പാനുള്ള
യോഗം വരുമോ ദൈവയോഗാനുക്രിയാവു
നല്ല കഷായങ്ങളും നല്ല മുക്കടികളും
എല്ലാം കൊടുക്കുന്നതാനെല്ലാ നേരവുമിപ്പോൾ
തെല്ലും വിശേഷം കാണ്മാനില്ല പോരാ ഒരു പോരാം
ചെല്ലുന്നതില്ല രോഗം ചെല്ലുന്നൊരൗഷധജാലം
തെല്ലും നമുക്കു കഴിവില്ലെന്നു വന്നു കാന്ത-
നല്ലും പകലും കഴിവില്ലാതെ വലയുന്നു
നില്ലാതെ വിഷമങ്ങൾ വല്ലാതെ വന്നു നമു-
ക്കെല്ലാമേതാലൊരു തൂക്കം ചൊല്ലുന്നതാനിക്ലേശം
ഇല്ലങ്ങളിൽ നടന്നു നെല്ലരി യും തെണ്ടി
ചെല്ലുന്നപോലെ കഞ്ഞിക്കല്ലു കളഞ്ഞു വച്ചു്
നല്ല രചവും കറിയുമെല്ലാമുണ്ടാക്കി കൊണ്ടു്
ചെല്ലുന്നനേരമങ്ങു തെല്ലും രുചിയുമില്ല
കൊല്ലുന്നതിനേക്കാളും ശല്യമായിട്ടുള്ളൊരു
കൊള്ളിവാക്കല്ലാതൊന്നും ചൊല്ലുകയില്ല കുറ്റം
ഏട്ടത്തിനാലെത്തും കുറ്റം ഏറ്റുകൊണ്ടാലെത്തും കുറ്റം
കൊടുത്തെന്നാലെത്തും കുറ്റം കൊടുക്കാഞ്ഞാലെത്തും-
[കുറ്റം
അടുത്തെന്നാലെത്തും കുറ്റം അടുക്കാഞ്ഞാലെത്തും കുറ്റം
കുളിച്ചെങ്കിലെത്തും കുറ്റം കുളിക്കാഞ്ഞാലെത്തും കുറ്റം
പറഞ്ഞെങ്കിലെത്തും കുറ്റം പറയാഞ്ഞാലെത്തും കുറ്റം
എരിച്ചെങ്കിലെത്തും കുറ്റം എരിക്കാഞ്ഞാലെത്തും കുറ്റം
കുറവല്ലാതെനിക്കൊരു വസ്തു
പറവാനില്ല ജനിച്ചപ്പിന്നെ
മറിമായങ്ങളുമവിനയവും ഞാൻ
അറിയുന്നവളല്ല ച്യുതകൃഷ്ണ!
പിറവിയിലുള്ളൊരു ജാതകദോഷം
കുറയുന്നതുകൊണ്ടിങ്ങിനെ നമ്മെ
കോപം പറഞ്ഞു നാശിപ്പിക്കുന്നു
കുറവാറീടിന മുനികുലനാഥൻ;

പദം,

പാവനാ! വാസുദേവ! പരമബന്ധോ! ദേവ-
പദപുത്രീജീവനാഥ! പാലയമാം കൃഷ്ണ! (ദേവ
അച്യുതാനന്ദ! ഗോവിന്ദ! സച്ചിദാനന്ദ! ഗോപാല
നിശ്ചലാനുഭവാനിന്നെ കൈതൊഴുന്നേൻ ഞാൻ
വേഗമെൻ ഭർത്താവിന്റെ രോഗശാന്തി വന്നീടു-
മാറുപദേശിച്ചീടേണം ഭഗവാനേ! [വാൻ
ദൈവമാകുന്നതും ലോകേശനാകുന്നതും നാഥ
ജീവനാകുന്നതുമെന്റെ ജീവനാഥൻ താൻ
ആധികൊണ്ടുഴന്നീടുന്ന വ്യാധികൊണ്ടു മമ കാന്ത
[നാഥൻ
വ്യാധികളെല്ലാം നീക്കിത്തരേണം
ജന്മജന്മങ്ങളിൽ ചെയ്യും കന്മഷങ്ങളെല്ലാം കൂടി
ജന്തുകൾക്കു രോഗമായി സംഭവിക്കുന്നു [മാര
കർമ്മപാശം കൊണ്ടു കെട്ടിക്കളിപ്പിക്കുന്ന മർത്ത്യ
നിർമ്മലാകാര! നീയല്ലോ നിഖിലലോകേശ

വെന്തിടുന്നു, സംസാരാംബുരാശിതന്നിലെല്ലാരെ
നീന്തിക്കുന്നു നീതാനല്ലോ നീലക്കാർവർണ്ണ! [യും
വാസുദേവ! നീതാനെന്റെ പാതിവ്രത്യത്തി-
[ന്റെ ഭംഗം
വന്നിടാതെ പാലിക്കേണം വന്ദിച്ചീടുന്നേൻ
ഇന്ദിരാവല്ലഭ! നാഥ! ഇന്ദുബിംബാനനാ ശൌരേ!
ഇന്നുമെന്നും നിൻ കാരുണ്യമിങ്ങൊരാധാരം
ശീലമഹാഗുണശാലിനിയാകിയ
ശീലാവതി പുനരിങ്ങിനെ മനസാ
ധ്യാനം ചെയ്തു വസിക്കും കാലം
ജ്ഞാനം പെരുകിന മുനികുലവരരുടെ
ദീനം കിമപി ശമിച്ചു തുടങ്ങി
മൂലം മുരഹര കരുണാമൂലം
ഉഗ്രതപസ്വി നരകിമപി ഭുജിപ്പാൻ
ആഗ്രഹമുണ്ടെന്നുള്ളതു കേട്ടഥ
സൽഗൃഹമേധി മഹീസുരരെല്ലാം
സൽകൃതിപൂർവ്വം വന്നു ക്ഷണിച്ചു
നമ്മുടെ ഇല്ലത്തിന്നു പുറന്നാൾ
ഉണ്മാനവിടെ വരേണം മാമുനി
സമ്മാനിപ്പാൻ മാത്രമിതില്ലൊരു
സംഗതി മാത്രമതെന്നേയുള്ളൂ;
എന്നൊരു വിപ്രൻ വന്നു ക്ഷണിച്ചു
സന്തുഷ്ടനെന്നുഗ്രതപസ്സും
എന്നാലെന്നെ എടുത്തും കൊണ്ടുട-
നെന്നുടെ ഭാര്യയുമൊപ്പം വരുന്നു
പോയാലും താനെന്നു മുനീശ്വര-
നയാളെ ദ്രുതമങ്ങയച്ചു
ആയതമിഴി മണിയാകിയവരുടെ
ജായയെ വിരവിൽ വിളിച്ചു വരുത്തി
അവളുടെ കഴുത്തതിലേറിയിരുന്നാ-
നവികലമുഗ്രതപോമുനിവര്യൻ
അവയവമൊന്നുമനങ്ങാതെ തക-
ണ്ടവളും കൊണ്ടു തിരിച്ചു പതുക്കെ
ചെല്ലിയ സരസസ്ഥാനവരരുടെ
യില്ലം പുക്കു ഹ പടിമേൽത്തന്നെ
വല്ലഭമുനിയെയിറക്കി വണങ്ങി
പല്ലവമൃദുനിജപാണികളാൽ കൊണ്ടവൾ
മെല്ലെപ്പതിയുടെ കാൽ തലോടി
കല്യതയോടഥ തേച്ചു കുളിപ്പി-
ച്ചല്ലൽ വരാതെ തുടച്ചിരുത്തി
നല്ലൊരു ചോറും നെയ്യും തൈരും
തെല്ലുമങ്ങു ഭുജിപ്പിച്ചുടനെ
വല്ലഭനുടെ ഭോജനശേഷം കൊ-
ണ്ടുല്ലാസാലമൃതസമം നിജഭോജനം
എല്ലാമങ്ങു കഴിച്ചു കഴുത്തതിൽ
വല്ലഭനെയുമെടുത്തു കരേറി
കല്യാണീമണി വിരവൊടു തെരുവിൽ
ചെല്ലുന്നേരം പെരുവഴിമദ്ധ്യേ
വെള്ളമൊലിച്ചു വരുന്നതു കണ്ടു
കൊള്ളരുതീവഴി തെല്ലു വലത്തു
വളച്ചു തിരിച്ചു ഗമിക്കയുമുള്ളൂ;
നിശ്ചയമേവമുറച്ചു തിരിച്ചവ-
ളച്ചു നടന്നു തപോശ്രമമതു പ്രാ-
പിച്ചു സുഖിച്ചു വസിച്ചു തദാനീം
ചോദിച്ചാനഥ പിറ്റേന്നാൾ മുനി
മോദിച്ചുടനേ പറക സുശീലേ!
ഖേദിച്ചെന്നെയെടുത്തൊരു തെരുവിൽ
പാതിവഴിക്കിഹ ചെല്ലുന്നേരം
എന്തിനു വഴിവിട്ടൊരു കുന്നപ്പു-
റകലെ വളച്ചു ഗമിച്ചിതു നീയും
ബന്ധമതെന്തതു കേൾക്കാൻ കൌതുക-
മുണ്ടു നമുക്കതു ചൊല്ലീടുക നീ.
എന്നതിനുത്തരമവളുരചെയ്താൾ
ഉന്നതമാകിന മണിഗൃഹമവിടെ
സന്നിധിതന്നിൽ കാണതു വേശ്യാ-
മന്ദിരമെന്നു ധരിക്ക മുനീന്ദ്രാ!
"മണിമാണിക്ക" മതിങ്ങിനെ നല്ല
ഗണികാരത്നമവളുണ്ടവിടത്തിൽ
കണവന്മാരൊരു മുപ്പതു നാല്പതു
ഗുണവാന്മാരുണ്ടവിടെ സമീപേ
കിണറും കുളവും തെങ്ങു കമുങ്ങും,
മണമിയലും പല പൂമലർവാടികൾ
തണലും മണലും നല്ല പ്രദേശം
പണമുണ്ടെന്നാലെന്തരുതാത്തു
മണിമാണിക്കപ്പെണ്ണിനു പാർത്താൽ
പണവും ഗുണവും ഭേദമതില്ല
പണി ചെയ്യുന്ന ജനത്തിനുമെല്ലാം
പണവും വാരിക്കോരി വിതയ്ക്കും
അൻപതു രാശിയെടുത്തു കൊടുത്താ-
ലവളെക്കാണ്മാൻ സംഗതി കൂടാ
അവളെയൊരിക്കൽ പുണരണമെങ്കിൽ
ഭുവനമവൾക്കേകം പറയേണം
വൻപനതാകിന വൈശ്രവണൻ താൻ
ഒൻപതു നിധിയുമെടുത്തു കൊടുത്താൽ
ഒൻപതു ദിവസം കൂടെപ്പുണരാൻ
ഒരുകഴിവരികില്ലതു പരമാർത്ഥം
പണമുള്ളവരും ഗുണമുള്ളവരും
ഗണികാഭവനം പുക്കു വസിച്ചാൽ
പണമുള്ളവനെയകത്തു കരേറ്റും
ഗുണമുള്ളവനെത്തള്ളിയയയ്ക്കും
ധനികന്മാർ പലരവളുടെ വീട്ടിൽ
പനിയും കൊണ്ടു കുളിർന്നു വിറച്ചിഹ
പുറമുറ്റത്തു കിടക്കുന്നവർ
കനിവും പാർത്തിഹ പത്തും നൂറും
മണിമാണിക്കപ്പെൺകൊടിയാളുടെ
മണവാളന്മാർക്കില്ലൊരു നാണം
കണികാണാനല്ലവിടെ വിഴുപ്പും
തുണിയുമെടുപ്പാനവർ വേണം പോൽ
അങ്ങിനെയുള്ളൊരു വേശ്യകളിപ്പോ-
നണ്ടുതുടങ്ങും നേരം വൃഷലികൾ
വെള്ളമതങ്ങിനെ ചെമ്പുനിറച്ചതി-
ലുള്ളിൽ കുങ്കുമ കസ്തൂരിപ്പൊടി

ഇട്ടകലന്നൊരുപരിമളശബളം
കളമൊഴിമണിയുടെമെയ്യിലൊഴിച്ചഥ
കുളുർമുലയിണയുംകയ്യുംകാലും
തെളിവൊടുതേച്ചുകളിപ്പിക്കുന്നൊരു
കലശജലംനിച്ചലുമിങ്ങനെതന്നേ
പെരുകിനവെള്ളമതൊഴുകിപ്പരിചൊടു
പെരുവഴിതന്നിൽനിറഞ്ഞീടുന്നു
പെരുവഴിപോക്കർ ചവിട്ടിനടന്നു
പെരുകിപ്പലവഴിവന്നു പരന്നു.
അശുചിയതാകിയവെള്ളംതൊട്ടാൽ
ആശു കുളിച്ചാലുംമതിയല്ല
പുണ്യാഹംചെയ്തീടുകയോഗ്യം
പുണ്യക്ഷയമതുതന്നെജനാനാം
എന്നതുമൂലംഞാനതുകണ്ടുട-
നന്യപഥേനവളഞ്ഞിഹപോന്നു
എന്നുടെസുകൃതവുമങ്ങുസുകൃതവു-
മിന്നുനശിക്കുംജലമതുതൊട്ടാൽ
ഈശാപരകൃപയാലതുകൂടാതെ
വാസ്സുതമൊരുവഴിപോന്നിഹപാരി
വേശ്യാജനസമ്പർക്കമതുള്ളവർ
ശാശ്വതദുഷ്കൃതഭാജനമല്ലോ!

നൃപരിമണിയുടെസല്ലാപംകേട്ടുമുനി
വല്ലാതെകാമബാണശല്യംമനസ്സിലേറു
മല്ലാക്ഷിഗണികതന്റെയുല്ലാസമോർത്തുനിദ്ര
യില്ലാതെരജനികളിൽതെല്ലുംതെളിവുമില്ല
ഉഗ്രതപസ്സിനുടെവ്യഗ്രതകണ്ടുപാരം
ഖേദിച്ചുശീലവതിചോദിച്ചുഭർത്താവോടെ
ഇന്നെന്റെഭർത്താവിന്നുസന്താപമാകുന്നിപ്പോൾ
ചിന്താവൈഷമ്യങ്ങൾക്കുമെന്തൊന്നുമൂലംനാഥ
എന്നോടുതെൽചൊല്ലണമതുംകേൾക്കവേണ്ടു!
എന്നാലൊഴികയെങ്കിലെല്ലാമറിക്കണ്ടു
ഭക്ഷണമില്ലാതെയിപ്പാരംമെലിഞ്ഞുദേഹം
ലക്ഷണംകണ്ടാൽകാമസന്താപമെന്നേവേണ്ടു
സംഗതിയില്ലതിന്നുമെങ്ങുംനിനച്ചാൽസർവ്വ
സംഗനിവൃത്തിവന്നദേഹമല്ലോഭവാനും
കഷ്ടംപിടിച്ചുദേഹമൊട്ടുംവിധേയമല്ല
കഷ്ടംവയസ്സുംപിന്നെക്കൂവളരെച്ചെന്നു
ഏട്ടദിനത്തിലങ്ങുളിച്ചിട്ടുംപകൻപോകി
പെട്ടെന്നുദീനമെല്ലാമൊട്ടാശമിച്ചിരുന്നു
ഇഷ്ടമെന്തെന്നാലതുമൊട്ടുംമറയ്ക്കവേണ്ട
പുഷ്ടിവരുത്താമെങ്കിലാശുവരുത്തുന്നുണ്ട്
പത്നിവചനമതുകേട്ടുമുനീന്ദ്രൻതാനും
പാരാതെകണ്ടതന്റെമാരാർത്തിയറിയിച്ചു

ശീലഗുണോദയശീലനശാലിനി!
ശീലാവതി!ശൃണു!വചനമിദംമേ
ബാലജനങ്ങളെക്കൂട്ടമകക്കാരു
മാലകതാരിലിയന്നീടുന്നു
ആലസ്യങ്ങളുമരുചിയുമരതിയു-
മാലോലതയധികതയുംമേ
ശീലവിഭംഗവുമെന്നിവശിവശിവ!
നീലസരോരുഹനയനേബാലേ!
അനുചിതമാകുമൊരഭിലാഷംമമ
മനതളിരകമേവന്നിടകൂടി
മനസിജസായകപാവകശിഖയാ
ലനവരതംമമഹൃദയമിദാനീം
വെന്തുരുകുന്നിതുബന്ധുരവദനേ!
ബന്ധുതനീമമചെയ്തീടേണം
ഹന്തമനസ്സിലകപ്പെട്ടുഴലും
ബന്ധുജനത്തെപ്പരിചൊടുനല്ലൊരു
പന്തമെരിച്ചുപിടിച്ചുപതുക്കെ
പ്പന്ഥാവോടിടകൂട്ടിക്കാട്ടി
ചിന്തിതദേശംപ്രാപിപ്പിപ്പതി
നന്തരമില്ലാത്തവർബന്ധുക്കൾ
നിന്നോടുപറയരുതാത്തൊരുസംഗതികൾ
നിന്നോടുതന്നേപറകേയുള്ളൂ
പിന്നെനമുക്കിഹമറ്റൊരുഗതിയി-
ല്ലെന്നുധരിക്കുന്നില്ലേനീയും
ഒരുദിനമെന്നെയെടുത്തുകൊണ്ടൊരു
പെരുവഴിതന്നിൽചെല്ലുമന്നേരം
നിരുപമമാകിനവേശ്യാഭവനം
പരിചൊടുനീമമകാട്ടിത്തന്നു
നിരുപമമായിനമുക്കവിടത്തിൽ
സരസംമേവിനഗണികാമണിയുടെ
കരികുംഭാകൃതികുളുർമുലയുഗളം
ഒരുകുറിപുണരാൻസംഗതിവരുമോ
കരളിലെനിക്കതിമോഹംബാലേ!
അവളുടെതലയുംമുലയുംമുഖവും
കവിളിണചേരുംകുന്നാഭരണവും
അവയവഭംഗിയുമധരമുതുചവു-
മവയവപലതുംചിലവകപിന്നെയും
അവികലമോദംനെടുവീർപ്പിട്ടും
ദുഃഖിതനായീടുംദിശിദിശി
രവിരുചിസമമാംചന്ദ്രപ്രഭയാൽ.
അവശതപൂണ്ടുവിയർത്തുശരീരം
നയനജലങ്ങൾപൊഴിഞ്ഞുമഴിഞ്ഞും
ശയനാശനനിദ്രാദിവെടിഞ്ഞും
നിയമത്തിനുബഹുഭംഗമിയന്നും
നിയതിബലേനവലഞ്ഞിതുഞാനും
മണിമാണിക്യപ്പൊൻകൊടിയാളുടെ
മണിമാളികമേലെന്നെക്കൊണ്ടു
അണിമതിമുഖിയൊന്നെത്തിച്ചെല്ലുക
പണിപെട്ടെങ്കിലുമിന്നുനിശായാം
പാഴ്ക്കണക്കിലുമെന്നെക്കൊണ്ടാ
വേശ്യാസംഗമപരമാനന്ദം
സാധിപ്പിക്കനിനക്കതുകൊണ്ടു
സാധുഗുണങ്ങൾഭവിക്കുംമേലിൽ
ഭർത്താവെന്തുപറഞ്ഞാലതു
ഭാര്യാജനമുടനേകേൾക്കേണം
ഗുണദോഷങ്ങൾവിചാരിക്കേണ്ടാ
ഗുരുജനമൊന്നുനിയോഗിക്കുമ്പോൾ
മരണമടുത്തുകിടക്കുംകിഴവരു
തരുണന്മാരെപ്പോലെബാലേ.

തരുണികളോടുരമിപ്പാൻമോഹം
തരമില്ലിങ്ങനെവിസ്മൃതിയൊന്നും
വരമീവണ്ണമൊരാശതുടന്നാൽ
പരിഹാസത്തിനുനല്ലൊരുമാർഗ്ഗം
അറുപതിലാരാൻചുരികപയററു
തുടങ്ങാറുണ്ടോശിവശിവകഷ്ടം!
ഇങ്ങിനെയുള്ളവിചാരംഗുണമ-
ല്ലെങ്ങിനെഭർത്താവിൻെറനിയോഗം
അങ്ങിനെചെയ്ക പതിവ്രതമാരാ-
മംഗനമാക്കുളവാകിനധർമ്മം
ഇഹലോകസുഖംപരലോകസുഖം
ഗൃഹിണിനിനക്കുലഭിക്കണമെങ്കിൽ
ഗൃഹമേധിയതാമെന്നെഗ്ഗുണികാ
ഗൃഹമതിലാക്കുകസന്ധ്യകഴിഞ്ഞാൽ
ഇത്തരമുള്ളൊരുഭർത്തൃനിരംകേ-
ട്ടുത്തമതാപസിചിന്തതുടങ്ങി
വൃദ്ധനതാംകിനഭർത്താവിൻെറ
ബുദ്ധിമറിഞ്ഞതുപാരംകഷ്ടം!
നിശ്ചലശീലമഹാബ്രാഹ്മണരേ
പുംശ്ചലിവീട്ടിൽകയററിപ്പാൻ
ഇജ്ജനമെങ്ങിനെകയ്യേൽക്കേണ്ടു
സജ്ജനമെന്നുപറഞ്ഞാലുംശിവ
ദുർജ്ജനമെന്നതുപോലെനമുക്കതി
ദൂഷണമായ്വരുമിങ്ങിനെചെയ്താൽ
എങ്കിലതിങ്ങനെചെയ്തീടാഞ്ഞാൽ
ലംഘിതമാമഥഭർത്തൃനിയോഗം
സംഘടിതംബഹുപാതകമതിനാൽ
സങ്കടമെന്നേപറവാനുള്ളു
ച്ചരിതകാംക്ഷനിവൃത്തിവരുത്താൻ
ഉചിതമിതൊന്നുപറഞ്ഞപോരു
അതിനൊരുഭേദംവന്നില്ലെങ്കിൽ
പതിയുടെകല്പനകേൾക്കാംപിന്നെ
സുന്ദരിയിങ്ങനെചിന്തിച്ചുടനേ
വന്ദനചെയ്തുപറഞ്ഞുതുടങ്ങി
നിന്ദിതമാകിയവൃഷലീസംഗമ-
മെന്നതുപാരംദൂഷണമല്ലോ!
അന്തേവാസികൾഗുരുവരനേയും
കാന്താജനമഥഭർത്താവിനെയും
ശാന്തിവരുത്താൻശാസിക്കുന്നതു
ശാസ്ത്രവിരുദ്ധംവേദവിരുദ്ധം
ശ്രുതിയുംസ്മൃതികളുമാഗമവിധികളു-
മിതിഹാസങ്ങൾപുരാണാദികളും
മതിയിലശേഷംധാരണയുള്ളൊരു
മതിമാനല്ലോനിന്തിരുവടിതാൻ
ധർമ്മാധർമ്മമറിഞ്ഞുവസിക്കും
ധാർമ്മികവരനാംനിന്തിരുവടിയുമ-
ധർമ്മത്തിനുപുറപ്പെട്ടാലീ
ദുർമ്മതികൾക്കിനിനല്ലൊരുസൗഖ്യം
വൻപൻമാരൊരുപെരുവഴിയിട്ടാൽ
പിൻപിൽവരുസവരതിലിടകൂട്ടം
കൊമ്പൻപോയതുമേഴ്ക്കുംവഴി
കോലാഹലമിനിവേണ്ടതുകാട്ടാം
ആശാനക്ഷരമൊന്നുപിഴച്ചാൽ
അമ്പതൊന്നുപിഴയ്ക്കുംശിഷ്യനു
കളരിക്കാരനുചോടുപിഴച്ചാൽ
കാണികളൊക്കെപ്പുഴതിൽചാട്ടം
ഓതിക്കോനൊരുമന്ത്രമിളച്ചാൽ
ഒരുപന്തിക്കാരൊക്കെയിളയ്ക്കും
എമ്പ്രാനപ്പംകട്ടുഭുജിച്ചാൽ
അമ്പലവാസികളൊക്കെക്കക്കും
പടനായകനൊരുപടയിൽതോററാൽ
ഭടജനമെല്ലാമോടിയൊളിക്കും
അമരക്കാരുതലതെററുമ്പോൾ
അണിയക്കാരുടെതണ്ടുകൾതെററും
കാര്യക്കാരൻകളവുതുടങ്ങാൽ
കരമേല്യവള്ളർകട്ടുമുടിക്കും
താളക്കാരനുമാത്രപിഴച്ചാൽ
തകിലറയുന്നവനവതാളത്തിൽ
കാമംക്രോധംലോഭംമോഹം
പ്രേമംപ്രവണംരാഗദ്വേഷം
മാമുനികുലവരമാകിനനിങ്ങട
മാനസതാരിലിതൊന്നുംനഹിനഹി
ആചാരത്തിൽമികച്ചൊരുസാധന-
മാചാര്യന്മാർപറയുന്നല്ലോ.
നീചന്മാരുടെസംഗത്തെക്കാൾ
നിന്ദിതമായിട്ടില്ലൊരുവസ്തു
പലഗുണമുള്ളൊരുവേശ്യാസ്ത്രീകടെ
വക്ത്രാംബുജവുംരജകന്മാരുടെ
വസ്ത്രമലക്കാനുള്ളൊരുകല്ലും
വളരെശുദ്ധമതില്ലമുനീന്ദ്ര!
നരപതിമാരുടെനന്മപെരുത്തൊരു
തിരുവുടയാടകളാറുമതിന്മേൽ
നായന്മാരുടെകൈക്കോണകവും
നാർപ്പട്ടുംപുനരെററുമതിന്മേൽ
പട്ടന്മാരുടെനാറിക്കീറിയ
മുട്ടുംസോമനുമെററുമതിന്മേൽ
നമ്പൂരാരുടെമുണ്ടുംതോര-
ക്കോണകവുംപുനരെററുമതിന്മേൽ
അച്ചികളുടയചവുണ്ടുകറുത്തൊരു
കച്ചത്തുണികളുമെററുമതിന്മേൽ
എമ്പ്രാരുടെപുകനാറിപ്പുടവ-
കൌപീനങ്ങളുമെററുമതിന്മേൽ
നല്ലതുമാകാത്തതുമെററുമ്പോൾ
കല്ലിനുദോഷവിശേഷമതുണ്ടോ!
എന്നാകണക്കിനുവേശ്യാമുഖമതു-
മെന്നുധരിക്കണമെല്ലാജനവും
ഒരുപുരുഷൻചുംബിച്ചുതിരിച്ചാൽ
വരുമന്നേരംമററൊരുപുരുഷൻ
അവനുമതിന്മേൽത്തന്നാപ്രയോഗം
അവയവമതുതന്നെല്ലാവർക്കും
ഊററക്കാരനൊരുത്തനൊരുന്നാൾ
പിറേറന്നാളൊരുവാല്യക്കാരൻ

വിപ്രന്മാരന്നുശയിക്കെയൊരുന്നാൾ
വൃഷലൻവന്നുശയിക്കെയൊരുന്നാൾ
വിപ്രന്മാരുംവൃഷലന്മാരും
വൃദ്ധന്മാരുംവികലന്മാരും
ഭൈക്ഷലന്മാരുംബാലന്മാരും-
മൊരുത്തരത്തിലില്ലൊരുഭേദമവർക്ക
മുടിയന്മാരാമൊരുപുരുഷൻതന്നുടെ
മടിയിൽകാലിണകേറ്റുമൊരുത്തൻ
മടിയൻതന്നുടെമടിയിൽതന്നുടെ
മുടിയുംവെച്ചുകിടക്കുംവേശ്യം
മടിയില്ലാത്തൊരുമന്ദന്മാർകൾ-
കടിയന്മാരാമവർക്കൊരുപോലെ
തടമുലയിണയുംപല്ലുംചൊടിയും
തുടിയുടവടിവുംതലമുടിതുടയും
കുടിലകടാക്ഷവുമങ്ങുന്നന്മാർ
ഉടലുംവെളിഞ്ഞുംനെഞ്ഞുവീർപ്പിട്ടും
വിട്ടുപൂളിക്കവിമന്മാരായവർ
കടവുംകൊണ്ടുകഴുതയെക്കാൾ
കടകംപെറ്റതിനവർക്കൊപ്പുകൾ
ഉടനെതീർത്തുകൊടുത്തുപുറത്തെ
പ്പടിയതുകൊണ്ടുകടിച്ചുകിടക്കും
വിടഭോഷന്മാരെത്രതരത്തിൽ
ശുദ്ധമിതെന്നുമശുദ്ധമിതെന്നും
കൃത്യമിതെന്നുമകൃത്യമിതെന്നും
സത്യമിതെന്നുമസത്യമിതെന്നും
യുക്തമിതെന്നുമയുക്തമിതെന്നും
നിത്യമിതെന്നുമനിത്യമിതെന്നും
ബലമിതെന്നുമബലമിതെന്നും
ഒരുപോലൊന്നുമില്ലാത്തൊരുവേശ്യകൾ
മരുവുംദിക്കുകളെല്ലാമശുദ്ധം
ദുരിതസമൂഹമശേഷമെടുത്തിഹ
തരുണീരൂപംധരിച്ചുവിരിഞ്ചൻ
തരുണന്മാരെച്ചതിക്കുഴിയിൽ
തള്ളിമറിപ്പാനുള്ളൊരു
ചെറുവഴിയായതുതരുണീരൂപം
അതുപോയർത്ഥിതരേറമവലിയൊ-
രൊരുതരുണലുള്ളനടക്കാവിടയിൽ
സരസംഗമാകിനനാഭീകൂപം
മലമേറ്റുനടുവഴിക്കരപ്പുറവും
മുലയെന്നുള്ളൊരുപൊരുതിന്ന്
മുങ്ങിയതാകിനൊരമ്പലമവിടെ-
ക്കണ്ണിവുമുണ്ടധരാമൃതസംജ്ഞം
നാസികയാകിനചിറമേൽക്കൂടെ
നയനമതാകിനതോട്ടുകടന്നു
തലമുടിയാകിനകാട്ടിൽപുക്കാ-
[illegible]ണഞ്ഞുപ്പിലിരിക്കാൻ
ജാതകമൊടുകടന്നാൽകാണാം
[illegible]ജനംതൈവിട്ടുമടക്കൽ
നരകിനയുള്ളൊരുചെറുവഴിപോവാൻ
സാഹസിവരുവാനാഗ്രഹമെങ്കിൽ
ഏറ്റംനന്നാനിഴുനിന്നീടേണ്ടു

നിജമെന്നിതിനമുക്കറിയാമോ
കല്പ്പണമുള്ളൊരുവിപ്രന്മാർക്ക്
കലടാസംഗമമൊരുകുറിചെയ്താൽ
കലനാശംധനനാശംശൌച്യന
ബല്യനാശംഗുണനാശംസന്തതി
ബലനാശംപല്യനാശംപുത്രമിവ
തപസ്സിനുംയശസ്സിനുംതന്നുടെ
വപുസ്സിനുംവയസ്സിനുംഹാനികൾ
പരസ്ത്രീയെപ്പരിഗ്രഹിച്ചീടിന
ഗൃഹസ്ഥനാമനർത്ഥമെന്നുള്ളത്
നിവൃത്തിയില്ലൊരുത്തിതന്നൊന്നത്
മനസ്സിലോർത്തറക്കമില്ലാതിഹ
തപസ്സുചെയ്തീടിക്കണിമുനിവര!
മൂത്രമലാദിയതിപ്പുറമുള്ളൊരു
പാത്രമതാകിനമന്യസ്ത്രീകടെ
ഗാത്രംകണ്ടുകൊതിപ്പെന്തൊരു
ശാസ്ത്രംകൊണ്ടുപദേശിക്കുന്നു!
മണ്ണുകൾകൊണ്ടൊരുപിണ്ഡമുരുട്ടി
കണ്ണുംമൂക്കുംവായുംചെവിയു-
മിവണ്ണംചിലതുളയുണ്ടുളച്ചു
പെണ്ണെന്നൊരുനാമവുമാക്കി
പെണ്ണന്മാരുടെചിത്തമിളക്കാൻ
അണ്ഡജപദ്മജദേവൻപലപല
ഖണ്ഡമതാക്കിത്തീർത്തിഹവിട്ടതു
പണ്ഡിതരാകിയനിങ്ങടെചേതസി
നന്നെന്നുള്ളൊരു വ്യാമോഹത്തെ
തോന്നിക്കുന്നതുവിസ്മയമോർത്താൽ
എന്നല്ലവരുടെയുള്ളിതഞ്ഞളി-
ലൊന്നറിഞ്ഞുവിരക്തിവരുത്താൻ
കല്പ്പണമുള്ളൊരുവിപ്രന്മാർക്കിഹ
കലടാസംഗമമൊരുകുറിചെയ്താൽ
പലജന്മങ്ങളിലുള്ളൊരുസുചരിത
ഫലസമ്പത്തുനശിക്കുമശേഷം
നാലുംമൂന്നുംജന്മംമുഴുവൻ
നരകാലയംവേണ്ടിവരുംനിജ
നാരിയെയങ്ങുവെടിഞ്ഞുപരസ്ത്രീ
മാരിൽരമിക്കുംവിപ്രന്മാർക്ക്
എന്നതുകൊണ്ടിട്ടുവ്യവസായം
ഗുണമല്ലെന്നുനമുക്കിഹതോന്നി
എന്നുടെജ്ഞാനബോധതിലപ്പുറ-
മെന്നുമിനിക്കിഹപറവാനില്ലും
അരുളിച്ചെയ്തനുഗ്രഹപോതുമുനി
പരമാർത്ഥംനിരുപിച്ചതുശേഷം
പരനാരീജനസംഗംചെയ്താൽ
ദുരിതംപെരുകുംഗൃഹധർമ്മന്ത്രനാം
ഗുരുവാജ്ഞയെപ്പറഞ്ഞിതുഞാനും
മറിവാൻകുറ്റിയൊരിച്ചീടേണം
പറയാമെങ്കിൽമനുഷ്യജന്മങ്ങൾ-
ക്കറുപതുമറുപതുമായുസ്സല്ലേ
ആയതിലറുപതുറക്കംകൊണ്ടും
പോയതിലറുപതുപിന്നെശേഷിക്കും

വൃദ്ധതകൊണ്ടും ബാലതകൊണ്ടുമൊ-
ന്നുംബാലർവൃത്തിയിലുംകാണാം
ഷ്ടപ്പൂർവ്വർഷംമുഴുവൻകിട്ട-
മതിന്നപ്പുറമൊട്ടുംപോരായ്മയില്ലാ
അരപ്പാദംവേണംസുകൃതാഗമർക്കുന്ന
തല്ലതെൺപതിനുകർമ്മംചെയ്യാൻ
അക്കാലത്തെല്ലാംഗേഹത്തെ
ചൊൽക്കേൾക്കാമായിവിഴുപ്പുംകെട്ടര-
ലാസ്സ്യംപൂച്ചുകിടക്കയുമവരുടെ
മക്കൾക്കെല്ലായിലെടുത്തുനടക്കയും
ഇക്കാലംകൊണ്ടുപിറിഞ്ഞനാൾകൾ
പൊക്കമെഴുന്നൊരുസത്ഗതിമാർഗ്ഗം
ദുഃഖമതാംദുരിതംബാധിതനുടെ
യക്കരെപോരാൻക്രിയകയില്ല
അപ്പുറമർത്ഥമതെന്നാക്കണ്ടെങ്കിലു-
മിപ്പുറമഞ്ഞൊരുമോഹംതോന്നിയ-
തിപ്പോഴതാണുസാധിക്കാതെയൊ-
ഴിപ്പുറമാത്രംക്ഷമയില്ലുള്ളിൽ
കായത്തിന്നൊരുദോഷംവന്നാൽ
പ്രായശ്ചിത്തംകൊണ്ടതുനീക്കാം
ആയതുമെന്തതല്ലന്നാലെന്തിഹ
പ്രായശ്ചിത്തസ്മൃതിയുണ്ടാക്കി?
ആയിരമക്ഷികളുള്ളമഹേന്ദ്രന-
മായത്തിമിഴിയാളാമഹല്യയെ
മായംകൊണ്ടുലഭിച്ചുരസിച്ചൊരു-
പായംചെയ്തൊരുപാരാതെരമിച്ചു
മിത്രാവരുണന്മാരുർവ്വശിയെ
കുത്രചിൽനിന്നുപുണർന്നിതുപണ്ടും
ആയവരൊന്നുമൊരുനേരത്തെ
പ്രായശ്ചിത്തംചെയ്തതുമില്ലത്രെ
ആയതുപോലെനമുക്കുംപിന്നെ
പ്രായശ്ചിത്തംചെയ്യാമുടനെ
ചലമിഴിയാളെ! ചാന്ദ്രായണവിധി
നലമൊടുചെയ്തുവിശുദ്ധിവരുത്താം
നലമൊടുനമ്മൾഎടുത്തുകഴിഞ്ഞാൽ
കലിതാനന്ദമിരുത്തിക്കൊണ്ടു്
ആരുംഗ്രഹിയാതന്തികഴിഞ്ഞാൽ
വാരസ്ത്രീമണിഭവനംതന്നിൽ
കൊണ്ടിഹചെന്നൊന്നാഗ്രഹമവളെ-
കൊണ്ടുലഭിപ്പിച്ചീടുകവേണം.

ഏവംമുനീന്ദ്രനുടെഭാവമെന്നാകിലേതും
ആവതില്ലെന്നുകൊണ്ടുപോവാൻമടിക്കരുതു്
എന്നുരച്ചവളുമന്നുരാജനിതന്നിൽ
ചന്ദ്രഹാസിക്കുംമുമ്പെമന്ദംമുനിവരനെ
കുന്നത്തിലെടുത്തെറിക്കൊണ്ടങ്ങുപുറപ്പെട്ടു
വണ്ടുനിറത്തെപ്പോലിരുണ്ടുള്ളതിമിരങ്ങൾ
കൊണ്ടുനിറഞ്ഞവഴികണ്ടുകൂടാഞ്ഞുപാരം
കൊണ്ടുചെന്നുകൈതപ്പിക്കൊണ്ടുനടന്നുചെന്നു
കാട്ടിൽമങ്ങളുമൊട്ടിൽവഴിപിഴച്ചു
കല്ലിന്റിടയിൽകാലുംതല്ലിയലച്ചുകാട്ടു-
വള്ളികളിൽതടഞ്ഞുവല്ലാതെപോകുന്നേരം
കൊല്ലാതെകഴുവേറിക്കള്ളന്മാർകിടക്കുന്ന
കള്ളപ്പറമ്പിൽചെന്നുകേറിശീലാവതിയന്നു്

അക്കാലംകിമപിച്ചുതക്കിപ്പുറമേ
തസ്കരജാതികളങ്ങൊരുകൂട്ടം
തെക്കുവടക്കവർകൂപ്പാരെല്ലാരു
തക്കംനോക്കിനടക്കുന്നേരം
രാത്രിയിലാമരമനതന്നില-
കത്തുകരേറിക്കട്ടുതുടങ്ങി
കാത്തുകിടക്കുംകാവൽക്കാർക്കു
കള്ളുകുടിച്ചൊരുബോധവുമില്ല
ചത്തശവത്തെപ്പോലൊരുകൂട്ടം
ത്തിരുനിരകെട്ടുറങ്ങീടുന്നു
കള്ളന്മാരവർഭണ്ഡാരത്തെളി-
ലുള്ളതശേഷംമോഷ്ടിച്ചാർചില
വെള്ളിക്കുടവുംപൊന്നുംകുടവും
വെള്ളപ്പട്ടുകൾചകലാസുകളും
പൊന്നരിഞ്ഞാണംമുത്തുകടുക്കൻ
പൊന്നുംകിണ്ടികൾചങ്ങലവട്ടക
ഇത്തരമെല്ലാംകട്ടുകൊണ്ടവർ
സത്വരമങ്ങുഗമിച്ചൊരുശേഷം
ഭൃത്യന്മാർചിലർബോധിച്ചുടനെ
പൃഥ്വീപതിയോടുചെന്നറിയിച്ചു
കേട്ടവർകേട്ടവർകൂട്ടമെരിച്ചു
മോഷ്ടാക്കന്മാർവന്നുസമസ്തം
മോഷ്ടിച്ചുംകൊണ്ടങ്ങുതിരിച്ചതു
ചട്ടക്കാരിവർബോധിച്ചില്ലാ.
കട്ടജനത്തെപ്പിടിച്ചുചെന്നിഹ
കെട്ടിക്കൊണ്ടുവരാഞ്ഞാൽനിങ്ങടെ
അഷ്ടിമുടക്കംചാത്രക്കാരൻ
വീട്ടിലുമുള്ളതുകത്തിക്കവരും
പെട്ടെന്നിങ്ങനെഘോഷിച്ചുംകൊ-
ണ്ടൊട്ടുവഴിക്കിഹമണ്ടിഭടന്മാർ
തെക്കാലിക്കിതമണ്ടിവനത്തിൽ
പുക്കിതുതസ്കരരതിഭയമോടെ
അക്കാലത്തുവിളിച്ചുവിളിച്ചുമായിന-
മുക്കുതരക്കേടായ്‌വരുമെന്നവ-
രൊക്കെക്കൂടെയുഴന്നവിടത്തിൽ
നിൽക്കുംനേരംകാണായ്മുന്നിൽ
കണ്ണുമടച്ചുതപംചെയ്യുന്നൊരു
മാണ്ഡവ്യൻമുനിതന്നുടെനികടെ
സപ്തന്നംകെട്ടിയെടുത്തുവലത്തൊരു-
മണ്ണുമിരിക്കിക്കൊട്ടിപ്പെറി!ത്തൊ
തങ്ങടെപ്രാണനെയുംകൊണ്ടോടി
ത്വരസാചലാചലക്കുട്ടിലൊളിച്ചു
പാടവമേറിനൃപഭടരെല്ലാം
പോരിനടിഞ്ഞചർസന്നാഹത്തൊടു
ക്രൂരിപ്പലവകതോക്കുകൾവേലികൾ
ചാടിക്കൂക്കിവിളിച്ചുംകൊണ്ടട-
നോടിയടുത്തമ്പുറകേക്കൂടി.
ഓട്ടുകൾപൂകതിരിഞ്ഞൊരുനേരം.

കനകമഹാമണിഭൂഷണജാലവും

മനോവധിമാജ്ജനവാസനാളികളും
വനഭൂവിനിന്നു തപം ചെയ്തീടും
മുനിവരനികടേ കാണ്മാനായ് വന്നു
എല്ലാമായത്തു കെട്ടിയെടുത്തവ-
രുല്ലാസത്തോടു ചൊല്ലീടുന്നു
നല്ലവനല്ലിത്താടിക്കാരനി-
തെല്ലാമവനുടെ കാപട്യമതായ് വരു
മില്ലൊരു സംശയമിവനുടെ മുള്ളക
മെല്ലാമിന്നു ശമിപ്പിക്കേണം
എല്ലു നുറുങ്ങെത്തല്ലീടേണം
പല്ലുകൾ തച്ചുതകർത്തീടേണം
കൊല്ലാതിവനെ കഴുവേറ്റേണമി-
തെല്ലാം പുനരങ്ങറിയിച്ചീടാം
കല്ലാക്രമമരുതിതിലൊന്നും
സ്വല്പം നിങ്ങൾ ക്ഷമിച്ചീടേണം
കൊല്ലത്തുതിരിയേണമിനിയുമതെന്നാൽ
തൽപരമാർത്ഥമതെല്ലാമറിയാം
കല്പിതമിട്ടു തിരിഞ്ഞഥ പുനരപി
മങ്ങിനടന്നഥ കള്ളന്മാരെ
കണ്ടു പിടിച്ചഥ കോട്ടയ്ക്കുള്ളിൽ
കൊണ്ടുചെന്നവിടെ വിലങ്ങിലുമിട്ടു
തിരുവുള്ള കാര്യക്കാരന്മാർ
തിരുമുമ്പിൽ ചെന്നങ്ങറിയിച്ചു
തിരുപണ്ടാരപ്പെട്ടികളെല്ലാം
തിരുടിക്കൊണ്ടു തിരിച്ചവരാന്മാർ
തിരുകള്ളന്മാർ പലരുണ്ടവരെ
അരസാ ചെന്നു തിരഞ്ഞു പിടിച്ചു
തിരിയാത്താളുകളുടയവർക്കൊരു
തിരുവുള്ളം കൊണ്ടിവരെക്കിട്ടി
ചോരന്മാരെ കഴുവേറ്റാനട-
നാരാച്ചാരിൽ കല്പിച്ചിപ്പിൻ
പാരാതിങ്ങിനെ കല്പിച്ചു നൃപ-
നാരോഹണവും തീർത്തു ഭടന്മാർ
അന്നേരത്തൊരു കൈക്കാരനവിടെ
ചെന്നു വണങ്ങിയുണർത്തിക്കുന്നു.
കണ്ണുമടച്ചൊരു താടിക്കാരൻ
കാട്ടിൽ നടുവിലിരിക്കുന്നുണ്ടു്
ഞങ്ങളനേകം ചോദിച്ചിട്ടും
ചങ്ങാതിക്കൊരനക്കവുമില്ല
അവനെക്കൂടെ നമസ്കരിയാത-
ല്ലിങ്ങനെ കള്ളന്മാരിതു ചെയ്തു
എന്നതു കേട്ടരുൾ ചെയ്തു നരേന്ദ്രൻ
വന്നതു വന്നു വനത്തിലിരിപ്പൂ
മന്ദനതാമവനറിയാവല്ലിതു
വന്നതുമെന്നാലവനെക്കൂടെ
ക്കൊന്നില്ലെന്നാലിനിയും തസ്കര
വൃന്ദം വന്നിഹ മോഷണമുണ്ടാം
എന്നറിഞ്ഞീലേ നിങ്ങളെ
സന്നാഹം പോലെല്ലാം ചെയ്യിൻ
മന്നവനിങ്ങനെ മൗനം കൊണ്ടു പ-
പന്നമിതെന്നരുവാളം ചെയ്യാൻ

മന്നിൽ മഹീപതി ഭാവത്തോടെ
വന്നു പിറന്നു വളർന്നു ജനത്തിനു-
മിന്നിഹ കാര്യം കാര്യവിചാരമി-
ല്ലന്നു മഹീപതി പാരം തുച്ഛം
എന്നതു കൊണ്ടു വിവേകമൊരല്പവു-
മന്നുള്ളരചനുണ്ടായില്ല
തല്പം നൃപനിഹ കൊല്ലം സചിവൻ
കൊല്ലം നൃപനിഹ തിന്നും സചിവൻ
ഒന്നും മോക്ഷിക്കേണ്ട മുനിയെ-
ക്കൊന്നാൽ മതിയെന്നരചനു പക്ഷം
കൊല്ലാതെ കഴുവേറ്റാനവരോടു
ചൊല്ലിയയച്ചിതു കാര്യക്കാരൻ
ഉള്ളിലടങ്ങാ പലാർത്ഥങ്ങൾക്കട-
ങ്ങപ്പിലിരട്ടിപ്പുളിപ്പുണ്ടാകം
കൽപിച്ചതിലൊരു ചത്തുമടങ്ങ
കവിഞ്ഞു നടക്കും കാര്യക്കാരും
വമ്പു പറഞ്ഞു പിടിച്ചു പറിച്ചു ത-
ന്നിമ്പമടിക്കാതൊരു സാധുവൊട-
ങ്ങമ്പതു രാശി പിടിച്ചു പറിച്ചതി
ലൊമ്പതു രാശി നൃപനു കൊടുക്കും;
ഇത്ഥം നൃപനൊടു ഭോഷ്ക്കറിയിക്കും
ശുദ്ധൻ നൃപനതു ബോധിച്ചീടും
രണ്ടു ജനങ്ങൾ തമ്മിൽ കാര്യം
കൊണ്ടു വിവാദിച്ചരമനാപ്പുക്കാൽ
രണ്ടു ജനത്തിനുമരചനെയത്തി
കണ്ടറിയിപ്പാൻ സംഗതിക്രമം
കാര്യക്കാരുടെ മുമ്പിൽ ചെന്നവർ
കാര്യമതെല്ലാമങ്ങറിയിച്ചു
കയ്യൂണത്തിനു കാവുചതുമ്പോൾ
വക്കാണത്തിനു വട്ടം കൂട്ടും
നേരില്ലാത്തോൻ കാര്യക്കാരനു
ചേരും ദ്രവ്യമെടുത്തു കൊടുത്താൽ
നേരുള്ളവനെ സ്ഥാനന്നുള്ളൊരു
പേരും നാൾക്കിപ്പക്കിയയയ്ക്കും
അക്കഥയൊന്നും നൃപനെ ബോധി-
പ്പിക്കയുമില്ലവരിങ്ങനെ ചട്ടം
താഴത്തവരാണിവർ വരുന്നു
താഴത്തെ ജനങ്ങൾ വരുന്നു
രണ്ടുകടക്കാർ നാംപൂരാത്മര
കണ്ടു പടിപ്പുരക്കേറുന്നതുഞാൻ
രണ്ടുകടക്കൊരു തിട്ടിനു വന്നവ-
രുണ്ടും കൊണ്ടവരങ്ങു നടന്നു
ഇങ്ങിനെ പലപല കള്ളമറിയിക്കും
തങ്ങടെ നായകനാകിയ നൃപനെ
അങ്ങിനെയുള്ളവനിഹ ധരണിതല-
മെങ്ങുമൊരേടവുമില്ലെന്നാലും
ഇങ്ങിനെ മാണ്ഡവ്യൻ മുനിതിലകനു
സംഗതിവന്നവതന്നേ വന്നു
മതിനൊരു കാരണമുണ്ടതു മഹാവിസ-
കഥനം ചെയ്തിട്ടെന്തൊരു കാര്യം
മതിമാൻ മാമുനി തിലകൻ കഴുവേ-

ലതിബഹുകാലമലഞ്ഞുകിടന്നു
ശശിമുഖിയാമവളർദ്ധനിശായാം
അതിനുടെനേരെതപ്പിത്തപ്പി
പതിയെത്തോളിലെടുത്തുംകൊണ്ടു വ-
ളതിവേഗതയൊടു ചെന്നകമേറി
ഉഗ്രതപോമുനിതന്നുടെമസ്തക-
മഗ്രസ്ഥിതമായുള്ളൊരുശൂലേ
വ്യഗ്രതപൂണ്ടുകിടക്കുംവിപ്രകു-
ലാഗ്രേസരനാംമാണ്ഡവ്യന്റെ
കാലേലപ്പൊട്ടുതട്ടിയനേരം
ശൂലവുമൊന്നുകുലുങ്ങികനക്കെ
മുറിയിളകീട്ടൊരുവേദനവന്നു
കുറെയല്ലാഞ്ഞുപറഞ്ഞുമുനീന്ദ്രൻ
കഷ്ടംനമ്മുടെപാദേവന്നിഹ
മുട്ടുന്നവനിവനേതൊരുമൂഢൻ
പെട്ടെന്നാതുരനാകിനനമ്മെ
തൊട്ടെന്നല്ലകുലുക്കിശ്ശൂലം
ഒട്ടുശമിച്ചൊരുവേദനയിപ്പോൾ
മുട്ടുമടങ്ങുകടുത്തുകഠോരം
ഉഗ്രതപസ്സല്ലേനീ? നിന്നുടെ
വിഗ്രഹനാശംവരട്ടെമുതുക്ക!
നിന്നുടെചപലതഞാനറിയുന്നു
തന്നിതുവിസ്മയമെന്നതുപറയാം
വേളികഴിച്ചപതിവ്രതതന്നുടെ
തോളിൽകേറിയിരുന്നുംകൊണ്ടതി-
ധൂളിയതാകുംവേശ്യയിരിക്കും
മാളികകേറാനല്ലേഗമനം
അയ്യോകിഴവച്ചാരേതന്നുടെ
കല്ലോകാലോകണ്ണോമൂക്കോ
നെല്ലോമുഖമോനല്ലതുവേശ്യാ-
സംയോഗത്തിനുസാധനമിപ്പോൾ
മണിമാണിക്കത്തിന്നിഹനല്ലൊരു
മണിയായുള്ളരഹസ്യക്കാരൻ
ഇത്രമനോഹരനായൊരുപുരുഷനെ
യെത്രകൊതിച്ചുലഭിച്ചിതവൾക്കും
തഴുകീടുവതിനുതപ്പിത്തപ്പി
ക്കിഴവൻമെല്ലെച്ചെല്ലുന്നേരം
ഒഴുകീടുംചലമവളുടെമുലമേൽ
പിഴുകീടുംമണമേറിനനാടൻ
പുഴുവിന്നുള്ളൊരു പരിമളമൊക്കെ
പിഴുകിടുവതിനുംസംഗതിവന്നു
കഴുവേറീടിനനമ്മിനിയെന്തിനു
പഴുതേയവളെയുപേക്ഷിക്കുന്നു
നമ്മെത്തോളിലെടുപ്പാനിന്നൊരു
നന്മൊഴിയാളില്ലായതുഖേദം
ധാർമ്മികനായിവയോധികനായി
കാർമ്മികനാകിനതാനൊരുകുലടാ-
കാമുകനായതു കേട്ടാൽനാറിഹ
മാമുനിമാർക്കപഖ്യാതിയശേഷം
ഭാര്യയിലാഗ്രഹമുണ്ടെന്നല്ലവൾ
ഭാരംപോലെചുമന്നൊരുവൃഷലീ-
വീട്ടിലിറക്കിയതന്നോടവളെ
ക്കൂട്ടിയിണക്കിക്കുത്സിതമാകിന
ഗോഷ്ഠികളുള്ള ചടങ്ങുംകാട്ടി-
ക്കൂട്ടണമെന്നൊരുദുശ്ശീലത്തെ
കേട്ടുജനങ്ങൾചിരിക്കുംനമ്മുടെ
കൂട്ടക്കാരെക്കൂടെദുഷിക്കും
പൊട്ടപ്പാൽക്കുടിപോലെനേത്രമ-
ടച്ചുംകൊണ്ടിഹതാനിതുചെയ്താൽ
കാഷ്ഠക്കാരുടെപരിഹാസത്തിനു
താഴ്ചവരുത്താൻതാന്മതിയാമോ?
കാര്യംകൂടാതെന്തിനുപാഴിൽ
കലഹിക്കുന്നതുനീയിനിനാളെ
സൂര്യനുദിക്കുംമുമ്പേമരണം-
പ്രാപിക്കുംദൃഢമെന്നുശപിച്ചു
കോപിതനാകിനമാണ്ഡവ്യന്റെ

ശാപമതേറ്റുടനുഗ്രതപോമുനി
താപംപൂണ്ടുപറഞ്ഞുപതുക്കെ
ശാപംഹന്ത! ഫലിച്ചുസുശീലേ
നിന്നുടെവാക്കിനെലംഘിച്ചിട്ടിഹ
വന്നുഭവിച്ചുനമുക്കുവിനാശം
നിന്നുടെപാതിവ്രത്യബലംകൊ-
ണ്ടെന്നുടെജീവനെരക്ഷിച്ചെങ്കിൽ
നമ്മുടെഭാഗ്യമതല്ലെന്നാൽമമ
കർമ്മമതെന്നേപറവാനുള്ളൂ
ഇന്നിനിഗണികാസംഗംവേണ്ടന-
ടന്നാലുംപുറകോട്ടിനിവേഗാൽ
ഉത്തമയാകിനശീലവതീപുന-
രുത്തരമേവംകിമപിപറഞ്ഞു-
ഭർത്താവേതുംഖേദിക്കേണ്ടാ
പാർത്താലിതിനൊരുപായമതുണ്ടാം
മാർത്താണ്ഡൻമമവൈധവ്യത്തെവ-
രുത്താതേപരിപാലിക്കേണം.
അർക്കൻനാളെയുദിക്കരുതെന്നുവി-
ലക്കാൻഭാവമിനിക്കുണ്ടധുനാ.

തൽകൃപവരുവാനർക്കനെയിന്നുന-
മുക്കൊരുനിയമമെടുക്കണമുഗ്രം
ആശ്രമവാടംതന്നിൽചെന്നാൽ
വാസ്തവമൊരുകഴിവുണ്ടായീടും
വിശ്വാസംവരുമന്നേരംതവ
വിശ്വാധീശൻസാക്ഷിദിനേശൻ
എന്നുപറഞ്ഞുതിരിച്ചുനടന്നു
ചെന്നുനിജാശ്രമവാടംപുക്ക്
തന്നുടെപതിയെയത്രകിടത്തി
ചെന്നുകുളിച്ചുപതിവ്രതവേഗാൽ
തന്നുടെനെടുമംഗല്യവിശേഷം
വന്നിടരുതെന്നാദരവോടെ
വന്ദ്യന്മാരാമിന്ദ്രമരുൽസുര-
ചന്ദ്രവിരിഞ്ചമഹേന്ദ്രാദികളുടെ
വന്ദനമൻപൊടുചെയ്തുമിച്ചിരി
വന്ദനമാശുതുടങ്ങികൃശാംഗി.

പദം

വന്ദേഹം ഭാനോ! വന്ദേഹം
സന്ദേഹം കൂടാതെ നമ്മുടെ
സന്താപം ശമിപ്പിക്കേണം
സങ്കടവിശങ്കടം നിരാകരി
നിൻ കടാക്ഷമെങ്കൽ വേണമൻപൊടു — വന്ദേ
ഭക്തബന്ധോ! പാഹി ഭർത്താരം
ആർത്തികളകററി കാംക്ഷിത
പൂർത്തികൾ വരുത്തീടേണം
കീർത്തനീയമൂർത്തിയായ നിൻ പദ-
മോർത്തുകൊണ്ടു പാർത്തുകൊൾക മമ ഗതി — വന്ദേ
താപസേന്ദ്രന്റെ ശാപമേ
താപത്തിന്നു മൂലമുടൻ
ആപത്തിന്നു ഹേതുവായെൻ
പാപജാതപാതമായി വന്നിതു
പാവനാംഗ പാഹി! പാഹി! ദിനകര! — വന്ദേ
ഉദിക്കാതെ നാളെ വസിക്കേണം
ഉദിക്കുമ്പോളെന്നുടെ നാഥൻ
പതിക്കും പോലെന്നു മാണ്ഡവ്യൻ
വിധിച്ചു ഹന്ത! ചതിച്ചു നമ്മെ മുനി!
വധിച്ചുവെങ്കിലതിനു ഖേദമില്ലിഹ! — വന്ദേ
വൈഷമ്യം മമ വൈധവ്യം
വരാതെ ലോകേശാ നമ്മെ
പരാതെ പാലിച്ചീടേണം
പരമയോഗിവരരുമിന്നവനൊരു
ശരണഖേദമരണമഞ്ജസാ വിഭോ! — വന്ദേ
കല്യാണമൻപാഹി! കല്യാണം!
ഉല്ലാസമിയന്നു മമ
ശല്യങ്ങളൊഴിച്ചീടേണം
ഉദയശൈലമുപരി വന്നിരിക്കിലും
ഉദയമാവമരുതു ദേവ! ഭാസ്കര! — വന്ദേഹം

ശീലവതീ അതിവചനമതിങ്ങനെ
ത്തിങ്ങിന രസമൊടു കേട്ടു ദിനേശൻ
കാലവിധായകനെങ്കിലുമവളുടെ
ശീലഗുണാദികൾ മൂലമവൾക്കനു-
കൂലമതാകിന കാലവിളംബന-
മാലോലതയോടുദയശൈലവരന്റെ വി-
ശാലമതാകിന ശിഖരം തന്നിൽ
ബാലദിവാകരഭാവത്തോടെ
ശൂലാധിതനാം മുനിയും ശാപാൽ
കാലവശംഗതനാകിയ മുനിയുടെ
പാലനമൻപൊടു ചെയ്യുതിനായി
ശീലവതീഹിതപൂരണനിരതൻ
തത്ര മറഞ്ഞു വസിച്ചതുമൂലം
സച്ചരിത്രൻ മിത്രൻ ഭഗവാൻ
അക്കാലമുദിക്കാഞ്ഞതുകൊണ്ടു ജ-
ഗത്രയമൊക്കെപ്പരവശപ്പെട്ടു
രാത്രിയിലുള്ള ജനങ്ങളശേഷം
രാത്രിവിരാമം കാണാഞ്ഞത്രയു-
മാർത്തികലർന്നു മുറയ്ക്കുണർന്നും പു-
നരപി നികാമമുറങ്ങിന്നാരും
പുറത്തു പുറപ്പെട്ടവാൻ ഭയമേററം
ഉറത്തു കറുത്ത പരക്കുമിരുട്ടുകൾ
കൊണ്ടു വിരണ്ടും തങ്ങളിലാക്കും
കണ്ടും കൂടമഹാവൈഷമ്യം
കണ്ടും കനമറിഞ്ഞും കൂടതു
കൊണ്ടുമിറങ്ങി നടപ്പാൻ മേലാ
ഭൂമിയിലുള്ള മഹാബ്രാഹ്മണരും
മാമുനിമാരും മററുള്ളവരും
യാമിനി വിരതി വരാഞ്ഞതു മൂലം
കാമിതവിധിയുമിളച്ചു വസിച്ചു
നാമിനി നിയമമുപേക്ഷിച്ചതിനാൽ
നരകക്കുഴിയിൽ ചാടുകയായി
കാമിനിമാർക്കും പുരുഷന്മാർക്കും
കാമവിലാസം കൊണ്ടു മുഷിഞ്ഞു.
ഭൂരിമനോഹരമല്ലതെന്നാലും
കോരിക്കോരിയൊഴിച്ചാൽ മുഷിയും
അർക്കനുദിക്കാഞ്ഞപ്പോൾ ചന്ദ്രനു
മക്കാലങ്ങളിലുദയം നാസ്തി
നക്ഷത്രങ്ങൾക്കൊഗമനാഗമനം
തൽക്ഷണമില്ലാതായിതു കാലം
ഭൂതപ്രേതപിശാചാദികളും
ഭുവനം തന്നിൽ നിറഞ്ഞു ചമഞ്ഞു
കള്ളന്മാർക്കിഹ കൂട്ടമുടിപ്പാ-
നുള്ള പരാക്രമമെത്രയുമധികം
വേലിയവരുടെ ധർമ്മാധർമ്മം
വേദാദ്ധ്യയനം സന്ധ്യാവന്ദനം
ഓദനപാകം ശാസ്ത്രം തർപ്പണ-
മാദി സമസ്തം നാസ്തിയതായി
ദേവക്ഷേത്രേ പൂജകളീശ്വര-
സേവാവിധികൾ നമസ്കാരാദികൾ
നൈവേദ്യങ്ങൾ ജപങ്ങളുമെന്നിവ
കേവലമൊക്കെമുടങ്ങിതദാനീം
ധരണീസുരരുടെ യാഗാദികളും
കരണീയങ്ങൾ നശിച്ചതുമൂലം
സുരവൃന്ദങ്ങൾക്കഷ്ടിമുടങ്ങി
പരവശരവരുമന്നൊതുങ്ങി
അഷ്ടവസുക്കളുമശ്വിനികളുമമര-
ശ്രേഷ്ഠന്മാരും കിംപുരുഷാദികൾ
അഷ്ടദിഗീശന്മാരും കൂടി
ക്ലിഷ്ടതപൂണ്ടു മഹേന്ദ്രസമീപേ
ചെന്നഥ യോഗം കൂടി വിചാരി-
ക്കുന്നൊരു സമയേ നാരദമുനിയും
മന്ദസ്മിതവും തൂകിപ്പരിചൊടു
വന്നു വിശേഷം ബോധിപ്പിച്ചു.
ഉഗ്രതപസ്സുള്ളൊരു മുനിയുടെ
സദ്ഗൃഹിണിയാണാശീലാവതി തൻ ഭ-
ർത്തൃവിനാശഭയം കൊണ്ടവൾ തൻ ഭ-
ർത്തൃപ്രീതി വരുത്താൻ ചരിതമു-
ദിക്കരുതെന്നു വിലക്കുക കാരണ-
മർക്കനുദിക്കുന്നില്ലതുമൂലം
സൽക്കർമ്മങ്ങളശേഷം മുട്ടി

സ്വർഗ്ഗിജനങ്ങൾക്കപ്രിയമൂർഖം
അക്കളിച്ചാലവരുടെഭർത്താ-
വക്കജവീട്ടിൽപോമെന്നൊരുമുനി
കർക്കശമാകിയശാപംനൽകി
ദുർഘടമെല്ലാമായതുമൂലം
താപിക്കാരുടെകുസൃതികൾകണ്ടാൽ
താഡിക്കാത്തവർവിട്ടഭോഷന്മാർ
ഭേദിക്കാതവനങ്ങളിലെല്ലാം
കൂടിക്കൊണ്ടവർകണ്ടജനത്തെ
ശാപംകൊണ്ടുനശിപ്പിക്കുന്നു
കോപംകൊണ്ടൊരുപൊറുതിയുമില്ല.
താപസവരരുടെമുഷ്കപൊറാഞ്ഞൊരു
ഭൂപൻകല്പിച്ചൊരുതാപസനെ-
ക്കഴുവേററിച്ച പിന്നെയുമമ്മുനി
കഴുവേലങ്ങമലന്നുകിടന്നിഹ
വഴിപോകുന്നാജനത്തെത്താനൊരു-
പിഴകൂടാതെശപിച്ചുതുടങ്ങി
നമ്മുടെകൂട്ടക്കാരെപ്പോലെ
ദുർമ്മര്യാദംമററാർക്കുള്ളു?
തനിയേമരണമടുത്തമുതുക്കൻ
മുനിയേസപദിശപിക്കനിമിത്തം
മനുജസുരാസുരമുനിവൃന്ദത്തിനു-
മനുഭവമിങ്ങനെവന്നുഭവിച്ചു
നാരദവചനംകേട്ടുമഹേന്ദ്രൻ
നമ്മാലെളുതല്ലെന്നുരചെയ്തു
നീരജഭവനെക്കാണ്മാനന്നുടനെ
വാരണവരഗളമേറിനടന്നു
കുടതഴചാമരമെന്നിവചിഹ്നം
പടുപടഹധ്വനികൊമ്പുംകുഴലും
തുടിതകിൽതിമിലയിടയ്ക്കയുടുക്കുകൾ
ഝടഝടരവമൊടുവാനവർസേനാ-
ഭടജനമൊന്നിക്കെനടന്നിതുമുൻപിൽ
ചൊല്ലേറീടിനമുപ്പത്തുകോടികൾ
മുക്കോടിയുമമരന്മാരുടെകുല-
മൊന്നൊക്കക്കൂടിവിരിഞ്ചനികേതം
പുക്കുവിരിഞ്ചനെവന്ദനചെയ്തു
ജംഭനിഷൂദനനൻപൊടുപങ്കജ-
സംഭവനോടുവിശേഷമശേഷം
സംഭ്രമസഹിതംശീലാവതീവ്രത-
സംഭൃതംബതബോധിപ്പിച്ചു.
ഇങ്ങനെയുള്ളൊരുസങ്കടമെങ്കില-
തിങ്ങുന്നിനച്ചാലെളുതല്ലേതും
അംഗജനാശനനോടറിയിച്ചാൽ
സംഗതിവരുമീദുർഘടമൊഴിവാൻ
വിരവൊടുഞാനുംപോരാമെന്നു-
നരവിന്ദാസനനരുളിച്ചെയ്തു
അരയന്നപ്പുറമേറിനടന്നാം.
നരനാഴികപോകാതെതരസാ
നാലാനനനുംനാരദമുനിയും
കാലാനിലവരുണാദികളും
ബാലാമൃതശേഖരനമരും
കൈലാസാചലമൻപൊടണഞ്ഞു
കോലാഹലമൊടുമണിമയഗോപുര
ശാലാന്തികമേനിന്നാദരവായ്
ശൈലാധീശ്വരനീശ്വരനോടുമ-
ക്കൂലാചാരംതൊഴുതറിയിച്ചു
ഭൂതപ്രേതപിശാചാദികളും
ഭുവനംതന്നിൽനിറഞ്ഞുചമഞ്ഞു
കള്ളന്മാർക്കിതുകെട്ടുമുടിപ്പാൻ
ഉഗ്രപരാക്രമമൈത്രയുമധികം
മംഗലമൈചതമർക്കരുളിച്ചുവി-
ളങ്ങിനസമയംസപദിഭവിച്ചു.

ശീലാവതീചരിതം ഓട്ടൻതുള്ളൽ സമാപ്തം.

---

൨൨. അഹല്യാമോക്ഷം.

പണ്ടുമഹാഭുജവിക്രമനാംദശ-
കണ്ഠനിതെന്നൊരുരാക്ഷസരാജൻ
ഉണ്ടായ് വന്നുധരിത്രിയിലവനെ-
ക്കണ്ടാലഞ്ജനശൈലസമാനൻ
കണ്ഠതപെരുകിനരാക്ഷസരെക്കൊ-
ണ്ടങ്ങതിൽതുടങ്ങിസുരന്മാർക്കെല്ലാം
ശിക്ഷണമായവരൊക്കെക്കൂടി
ലക്ഷ്മീപതിയെച്ചെന്നുവണങ്ങി
ദക്ഷാചരനാലുള്ളൊരസഹ്യത
ശിക്ഷയിലങ്ങറിയിച്ചൊരുസമയേ
പക്ഷിദ്ധ്വജനാമീശ്വരനവരെ-
രക്ഷിപ്പതിനുമതിന്നരുൾചെയ്തു;—
"ഇക്ഷ്വാകുവംശേനരപുത്രൻകൃപയാ
രക്ഷോവരനതിബലവാനെങ്കിലു-
മക്ഷയഭുജബലനാകുമൊരവന
ശിക്ഷിച്ചിനിഞാൻനിങ്ങളെയെല്ലാം
രക്ഷിച്ചീടുവ"നെന്നരുൾചെയ്തു
മോക്ഷപ്രദനാംപങ്കജനയനൻ;
ഉത്തരകോസലരാജ്യേയത്രയു-
മുത്തമമായൊരയോദ്ധ്യാപുരിയിൽ
കീർത്തിപെരുത്തൊരുദശരഥനാകും
പാർത്ഥിവമകുടശിരോമണിതന്നുടെ

പുത്രനതായ് രാമാഭിധയോടും
പൃത്ഥ്വിയിൽവന്നവതാരംചെയ്തി-
ട്ടത്രവസിക്കുംകാലേകൗശിക-
സത്രവിരോധികളെക്കൊലചെയ്‌വാൻ
പ്രാർത്ഥിതനായതുകാരണമഹിപന്റെ
മൂത്ത്യംഗജനാംലക്ഷ്മണനോടും
ആശ്രിതരക്ഷകനാകിയഭഗവാൻ
വിശ്രുതമാകിയസിദ്ധാശ്രമഭുവി
പാത്തുമഹദ്വേഷികളെക്കൊലചെ-
യ്താർത്തികളഞ്ഞുമുനീന്ദ്രന്മാക്കും
ഭൂപകുമാരന്മാരുടനേഹര-
ചാപംകാൺമതിനാഗ്രഹമോടെ
വിശ്വാമിത്രമുനീശ്വരവചനാൽ
വിശ്വാസത്തൊടുപോയൊരുശേഷം

വീരൻശ്രീരാമചന്ദ്രൻധീരൻതരുണീജന-
മാരൻതരുണഗുണശീലൻസരസീരുഹ-
നേത്രൻമൃദുലതരഗാത്രൻപരിപാലിത-
സത്രൻപരിപഠിതശാസ്ത്രൻപ്രചലിതകാ-
മാസ്ത്രൻപൂർണ്ണേന്ദുനിഭവക്ത്രൻകുശികനൃപ-
പുത്രൻതന്നോടുകൂടിരസിച്ചുപോകുംകാലം

അഗ്രേകണ്ടൊരുകാനനമെത്രയു-
മുഗ്രതരംതരുപൂരംവിമലം
സർഗ്ഗസ്ഥിതിലയകാരണനാംനൃപ-
വർഗ്ഗശിരോമണിചോദിച്ചുടനേ;
"ഏതൊരുകാനനമിന്നുപുരോഭുവി-
ചേതോഹരമിതുകാണാകുന്നു?
പാതകനാശനമായതപോവന-
മേതൊരുമുനിയുടെയെന്നരുൾചെയ്ക,
ഹരികരിനരിമരമഗ്രേനടക്കും
ഹരികൂനരിഹരിണങ്ങളുമിവകൾ
പെരുകിനമോദാലിടചേർന്നിങ്ങിനെ
പരിഭവരഹിതംകാണാകുന്നു;
ഇങ്ങിനെയുള്ളമഹാസ്ഥലദർശന-
സംഗതിവരികയുമില്ലനരാണാം
പുണ്യവിശേഷംകൊണ്ടല്ലാതിതു
മന്യമതേയിടകൂട്ടുകയില്ലാ"
രാമചന്ദ്രഗിരമേവംകേട്ടൊരു
മാമുനീന്ദ്രനഴകോടരുൾചെയ്തു;
ശ്യാമകോമളകളേബര!നിന്നുടെ
കാമിതംരുചിരമെന്നുനമുക്കു
വാമദേവപദഭക്തനതാകിയ
സാമവേദനിധിഗൗതമനെന്നൊരു
മാമുനീശ്വരവരനുളവായി
ഭൂമിതന്നിലൊരുകാലംപണ്ടു
സോമബിംബമുഖിയായൊരഹല്യാ
കോമളാംഗിമൃദുഭാഷിണിയോടും
ശ്യാമകോമളകളേബര!വളരെ
ഭീമമായതപമായവർചെയ്തൊരു
പുണ്യദേശമിതുകാൺകരഘൂത്തമ
പുണ്ഡരീകവിമലായതനേത്ര"

താപസവരനുടെവാക്കുകൾകേട്ടു
ഭൂപകുമാരനുമരുളിച്ചെയ്തു
ശാപവരാധിപഗൗതമമുനിയുടെ
പാപവിമോചനവാസസ്ഥലമിതു
കണ്ടുവണങ്ങിഗമിക്കാനാഗ്രഹ-
മുണ്ടുനമുക്കുമനസ്സിലിദാനീം
ഇണ്ടലകന്നുഗമിച്ചെന്നാലതു-
കൊണ്ടുനമുക്കൊരുമംഗലമുണ്ടാം
എന്നരുൾചെയ്തുമുനീശ്വരസഹിതം
ചെന്നുമഹാവനദേശംപുക്കു
അന്നേരത്തൊരുമോഹനമാംശില
മുന്നിൽപരിചൊടുകാണായ്‌വന്നു
അതിമോദേനപറഞ്ഞാൻമാമുനി
"ഇതുകണ്ടീടുകരാജകുമാര!
മതിമുഖിയായൊരഹല്യാദേവിയെ
ഇതുകാലത്തൊരുശിലയായ്കാൺക
തവപാദകമലംകൊണ്ടുചവുട്ടുക-
യിവളുടെപാപവിമോചനമല്ലോ
അവൾബഹുകാലംദുഃഖിച്ചിങ്ങിനെ
അവനിയിലൊരുശിലയായ്സ്സതതം
ഭവാനുടെപാദസരോരുഹ
ചിന്തനകൊണ്ടതിവിമലാത്മാവാം
ചിന്തിതവിതരണസന്താപദ്രുമ-
നിന്തിരുവടിയുടെവരവുംപാർത്തു
പൂന്തേൻമൊഴിയവൾതന്റെയദൃഷ്ടമ-
തെന്തിഹഞാനുരചെയ്യുതിദാനീം
രാമരമാവരരാഘവവീര!
കാമഫലപ്രദ!കാരുണികോത്തമ!
മാമകദുഃഖനിവാരണമതിനൊരു
താമസമരുതിനിയരവിന്ദാക്ഷ!
ഇങ്ങിനെവളരെപ്രാർത്ഥിച്ചുംകൊ-
ണ്ടംഗനമണിയവളവാണീടുന്നു;
മംഗലനിലയയവൾക്കിനിവേഗാൽ
മംഗലമരുളുകകരുണാസിന്ധോ!
മാമുനിവചനംകേട്ടദശായാം
മനസിതെളിഞ്ഞിദമരുളിച്ചെയ്തു;
"കനിവൊടുമാമുനിപുംഗവവേഗാൽ
ഇതിനുടെകാരണമരുൾചെയ്താലും
മതിമുഖിയായൊരഹല്യാദേവി
സതിജനവംശശിരോമണിരത്നം
അതിസുഖമോടുതപസ്സുംചെയ്തു
പതിയൊടുകൂടിവസിക്കുംകാലം
സംഗതിയിങ്ങിനെവരുവാൻമുനികുല-
പുംഗവ!കാരണമരുൾചെയ്താലും;
മംഗലമൂർത്തിരഘൂത്തമവചനം
ഭംഗിയൊടിങ്ങിനെകേട്ടദശായാം
തിങ്ങിനമോദമൊടതിനുടെകാരണ-
മിങ്ങിനെമുനിവരനരുളിച്ചെയ്തു;
"അമരാധിപനൊരുനാളിഹകുതുകാൽ
ധരണീതലമതുകാൺമതിനായി
പരിചൊടുനല്ലവിമാനവുമേറി

സുരപതിമിഴികൾകണ്ടുരസിച്ചു;
അരികുലകാലനനേകംമിഴികൾ-
തരണംചെയ്തുഗമിക്കുംകാലം
ലോകമഹാമണിദീപമതായൊരു-
ളർക്കവുമബ്ധിയിലാശുമറഞ്ഞു;
താരഗണങ്ങളുദിച്ചുവിളങ്ങി
സാരസജാലവുമങ്ങഥമങ്ങി
ചന്ദ്രനുദിച്ചഴകോടഥപൊങ്ങി
ചന്ദ്രികയുലകിലശേഷംതിങ്ങി;
അംഗനമാരൊടുക്രീഡിച്ചിലജന-
മംഗജനാടകമാടുവതിന്നായ്
ഭംഗികലർന്നൊരുപുരകളിൽവാണവർ
ശൃംഗാരങ്ങൾനടിച്ചുതുടങ്ങി;
തിങ്ങിനമോദമൊടമരേശൻതാൻ
ഇങ്ങിനെയുള്ളൊരുരാത്രിയിൽവേഗാ-
ലങ്ങുഗമിക്കുന്നേരമധോഭുവി-
ഭംഗിയിലൊരുവനമവിടെക്കണ്ടു;
ഗൗതമമുനിയുടെയാശ്രമദേശം
കൗതുകമോടഥകണ്ടുമഹേന്ദ്രൻ
അതിശയമോടൊരുപൂങ്കാവുംപുന-
രതിലൊരുമതിമുഖിവിലസീടുവതും
പ്രതിമുഖമവിടെകണ്ടുസുരേശ്വര-
നതിമോദത്തൊടുനോക്കുംസമയേ
അതികുടിലഘനസദൃശനിറമുടയവേണിയും
അത്ഭുതമാകുംനിടിലപ്രദേശവും
രതിരമണകനകമലചാപത്തിനേററവും
ആതങ്കമേകുന്നചില്ലിവില്ലാട്ടവും
കമലദളവിമലരുചികണ്ണിണഭംഗിയും
കാമതൂണീരമോടൊത്തകർണ്ണങ്ങളും,
തിലകുസുമസമമുടയനാസികാഭംഗിയും
തിങ്കൾക്കുതുല്യംനിരങ്കമാംവക്ത്രവും
വനജസമഘനസുകുചകലശകുഡ്മളം
വക്ഷഃപ്രദേശംനിറഞ്ഞുതിങ്ങിത്തദാ
മൃദുലതരകരയുഗളവടിവുമതിമോഹനം
ആനന്ദമുണ്ടാംവലിത്രയശോഭയും
പുളിനമൊടുസമജഘനമതികൃശസുമദ്ധ്യവും
പൂന്തുകിൽചാർത്തുമക്കാഞ്ചിരത്നശോഭയും
കദളിയൊടുകലഹമതുദിനവുമഥചെയ്തീടും
കാമിനീമൗലിതന്നൂരുപ്രദേശവും
കമലകുലമനിശമപചൽപുറവടികൾകാണുകയാൽ
കാമഭംഗേനജലംപുക്കുമേവിനാർ
അരുതരുതുപറവതിനുനാഗാധിരാജനും
അത്ഭുതസൗന്ദര്യമോഹനാഡംബരം
സുരതരുണിജനമഖിലമപ്സരസ്ത്രീകളും
പരിചിനൊടുകാൺകിലോനാണമായോടിടും
കമലാക്ഷിയെയിങ്ങിനെകണ്ടു
കാമാസ്ത്രവുമാപ്പോഴേകൊണ്ടു
വലശാസനനൊന്നുവിരണ്ടു
ചലനാശയനായതുകൊണ്ടു
തലമുടികണ്ടുംമുലയിണകണ്ടും
കളിരുചികണ്ടുംമനമതുമാണ്ടും
സുമബാണനുമൊന്നുകടുത്തു
സുമസായകമൊക്കെയെടുത്തു
വിരവൊടതിലൊന്നുതൊടുത്തു
സുരനാഥനെയൊന്നുകൊടുത്തു
ശരമതെടുത്തുഗുണമൊടുചേർത്തു
സമയമതോർത്തു ചതിവതുപാർത്തു
പുരുഹൂതനുബുദ്ധിപകർന്നു
പരനാരിയിലാശവളർന്നു
സുരകാമിനിമാരെമറന്നു
സ്മരലീലയിൽമോഹമിയന്നു
ധൃതിയതകന്നുവിവശതചേർന്നു
തളരുതളർന്നുകാമമുയർന്നു.
ഉത്തമനായസുരാധിപനിങ്ങിനെ
ചിത്തവിചാരംവന്നുഭവിച്ചു
മത്തനതായസുരാധിപനപ്പോ-
ളുത്തൽവളർന്നുവിഷാദിച്ചുടനേ
കാമിനിമണികുലമകുടശിരോമണി
യാമിനിയതിലിവളേകയതായി
ഉല്പലലോചനയാരുടെഭാമിനി
പുഷ്പമിറുത്തുവസിച്ചീടുന്നു
നിഷ്ഫലമായിതുവരുമോനമ്മുടെ
പുഷ്പശരാർത്തികളിവളൊടുചൊന്നാൽ
എങ്കിലുമവളുടെസവിധേചെന്നി-
സ്സങ്കടമഖിലംപറകേയുള്ളു;
എന്നുമനസ്സിലുറച്ചുമഹേന്ദ്രൻ
മന്നിടമതിലവതരണംചെയ്തു;
സുന്ദരിമാർമണിതന്നുടെസവിധേ
ചെന്നവളോടുരചെയ്തിതുമന്ദം;
"പാരഭൂതമെഴിജനമടിപണിയുന്നൊരു
സരസിജദളമിഴിശശിവദനേകേൾ
പെരുകിനവചനമതിലിങ്ങനെതാനേ
പരിചൊടുവരുവാനെന്തൊരുമൂലം
വലുതായുള്ളൊരുസതാചകലംബാഹു
വിലസീടുന്നൊരുഗഹനേരാത്രൗ
ചലനമതെന്നിയേനടകൊള്ളുംതവ
കുലനാമങ്ങളുമുരചെയ്താലും
സുലളിതകോമളഗാത്രേനിൻവര-
കുലകിലതെന്തൊരുസുകൃതിയതെന്നും
പരിചൊടുചൊൽകമനോജ്ഞേ!നീയിഹ
പരമാർത്ഥങ്ങളശേഷവുമിപ്പോൾ
സുരകുലവരനുടെഗിരമതുകേട്ടഥ
സരസിജദളമിഴിചൊന്നാളേവം;
"മുനികുലമകുടശിരോമണിരത്നം
മമപതിഗൗതമമുനിയെന്നറിക!
നാമമഹല്യാഇതിപരമാർത്ഥം
മാമകമെന്നറിയേണമിതിപ്പോൾ,
കാമസമാനകളേബരനാംതവ
നാമമതെന്തെന്നുരചെയ്താലും'
ഇത്തരമവളുടെവാക്കുകളഖിലം
ചിത്തരസത്തൊടുകേട്ടമരേശൻ
സത്വരമത്തരുണാംഗിയൊടപ്പോൾ

ഉത്തരമരുൾചെയ്താനതിമോദാൽ
അമരാധിപനെന്നെന്നെപ്പരിചോടു
കമലാനനയാംനീയറിയേണം;
വിമലമതേ!തവകൊങ്കകൾകണ്ടി-
ട്ടമിതകുതൂഹലമുളവാകുന്നു
മട്ടോലുംമൊഴിയാളേ!നിൻമുല-
മൊട്ടുകൾരണ്ടുംനമ്മുടെമാറിൽ
പുഷ്ടാനന്ദംചേർത്തുപുണർന്നി-
ട്ടൊട്ടുശമിപ്പിച്ചീടുകതാപം;
കഷ്ടംമട്ടമലർശരനുടെബാണം
പെട്ടെന്നനവധികൊണ്ടിട്ടെന്നുടൽ
നഷ്ടംവന്നുഭവിക്കുംമുമ്പേ
തുഷ്ടിയൊടാശുപുണർന്നാലുംനീ;
രതിരമണാസ്ത്രമതേറ്റതിവിവശാൽ
മതിയുംകെട്ടുഭ്രമിക്കുന്നൊന്നോ
മതിമുഖിയാളേയൊന്നുപുണർന്നാ-
ലതിയായിട്ടൊരുദോഷവുമില്ല;
എന്നതുകേട്ടുമനോഹരഭാഷിണി
മന്ദസ്മിതമൊടുചൊന്നാളേവം,
ഉത്തമനായഭവാനുടെഹൃദയേ
ഇത്തരമുള്ളതുതോന്നീടുന്നതു
യുക്തമതല്ലെന്നറികമഹാമുനി
സത്തമനിന്നിതുബോധിച്ചെന്നാൽ
കോപിച്ചമ്മുനിവരനിഹനമ്മ-
ശ്ശാപവചസ്സുകളരുളുംനിയതം;
പാപവുമുണ്ടതിനെത്രയുമോർത്താൽ
താപവുമതിനാൽവന്നുഭവിക്കും;
അറിവില്ലാത്തജനത്തോടീവക
പറയണമറിവുള്ളാളുകളെല്ലാം
പറവാൻമാത്രമൊരറിവുനമുക്കി-
ല്ലറിയണമല്ലോസകലവുമോർത്താൽ
മറിമായങ്ങളെയറിയാതുള്ളൊരു
മറിമാൻമിഴിയുടെവചനമിതേവം
സ്മരശരവിവശനതായീടുന്നൊരു
സുരകുലനാഥൻകേട്ടൊരുനേരം
പെരുകിനചാപലവശമാനസനായി-
ട്ടുരുരുചിസരസിജമുഖിയൊടുചൊന്നാൻ
ഉരുതരഗുണഗണനിലയേനിന്നുടെ
ഗിരമെല്ലുട്ടുത്സാഹമെത്രയുമോർത്താൽ;
ഒരുഗതിയില്ലിഹനീയല്ലാതെ
പെരുകിനമലർശരതാപമൊഴിപ്പാൻ
എന്നുടെജീവനെരക്ഷിച്ചീടുക
സുന്ദരിമാർകുലമകുടമണേ!നീ
വരമതിയായൊരുമാടപ്രാവിൻ
ചരിതമതിന്നിഹചൊല്ലീടാംഞാൻ;
ഒരുദിനമൊരുവനതരുവിടമുകളിൽ
പരിചൊടുതാനുംപിടയുംകൂടി
മനസിജതാപമൊടാകഖഗമിഥുനം
മനമതഴിഞ്ഞുരമിക്കുംസമയേ
വന്നൊരുവ്യാധനുമതരുമൂലേ
നിന്നൊരുശരമെയ്താനതുമൂലം
പക്ഷിണിതന്നുടെവക്ഷസ്ഥലമതു-
ലക്ഷിതമാക്കിത്തീർത്തുശരത്തിന്ന
പക്ഷവുമറ്റുവിലാപിച്ചവളും
തൽക്ഷണമവനിയിലാശുപതിച്ചു
ചെന്നതെടുത്തക്കാട്ടാളൻതാൻ
പിന്നെയുമവിടെച്ചെന്നുവസിച്ചു;
തന്നുടെപിടയേരതിയുടെമദ്ധ്യേ
കൊന്നൊരുതാപംസഹിയാഞ്ഞിട്ടതി-
ഉന്നതമാകിനതരുശാഖായാം
ഖിന്നതപൂണ്ടുവസിക്കുന്നേരം
പരവശനായകിരാതൻതന്നെ
പരിചൊടുകണ്ടപ്പാരാവതവും
പെരുകിനകൃപയവനുള്ളിലുദിച്ചു
പരിഭവമേതുംതോന്നീലപ്പോൾ,
പട്ടിണിയിട്ടുകിടന്നീടുന്നൊരു
കാട്ടാളന്നുലഭിച്ചൊരുമാംസം
ചുട്ടുഭുജിപ്പാനഗ്നിയുമുടനേ
പെട്ടെന്നവിടെക്കൊത്തിക്കൊണ്ട-
ന്നിട്ടുകൊടുത്തവനാദരവോടെ
തുഷ്ടനതായകിരാതനുമുടനെ
ചുട്ടുഭുജിച്ചുകപോതിയെവേഗാൽ
ഒട്ടുംതൃപ്തിവരാഞ്ഞിട്ടവനും
ദൃഷ്ടിമിഴിച്ചഥനോക്കുന്നേരം
ശിഷ്ടനതാമൊരുപാരാവതവും
കഷ്ടമിതെന്നുമനസ്സിലുറച്ചു
തന്നുടെദേഹവുമവനുഭുജിപ്പാൻ
ഖിന്നതയെന്നിയേദാനംചെയ്തു,
വഹ്നിയിൽവീണുമരിച്ചാനുടനേ
ധന്യനതായകപോതപ്പക്ഷി
ചെന്നതെടുത്തുഭുജിച്ചൊരുസമയേ
വന്നിതുതൃപ്തിയുമായവനേറ്റം
ഉന്നതമതിയായുള്ളജനങ്ങൾ-
ക്കിന്നതുചെയ്യാമെന്നില്ലല്ലോ.

സുരകുലവരനുടെഗിരമഖിലം
പരിചൊടുശ്രവിച്ചൊരുചലമിഴിയും
സ്മരശരവിവശയതായവളേറ്റം
വിരവൊടുനിരൂപിച്ചുശശിവദനാ
മരതകമണിമയതനുലലനാ;
സരസിജമിഴികളോടിടകലർന്നു
വരസുമതതികൊണ്ടുചമച്ചതല്ലേ
പെരുകിനസുഖമൊടുരമിച്ചുവാഴും
ഹരിയുടെമൂർത്തനുതനുസംഗമം
തരുണിമാർക്കതുപാർത്താലതിദുർല്ലഭം;
കരമതിലിഹവന്നതതിസുകൃതം
തരുണിമാർസുഖലീലവെടിഞ്ഞീടുമോ?
കരമതിലകപ്പെട്ടുകനകക്കട്ട
പരിചൊടുകളയുന്നതുചിതമല്ല;
ഇതിനാലൊരുദോഷംവന്നാലുടനേ
വിധിയെന്നോർത്താളഥശശിമുഖിയും.

സുന്ദരനായസുരേശൻതന്നോടു
നന്ദികലർന്നുപറഞ്ഞാളേവം

പരികമനോഹരരൂപനിന്നുടെ
കരളിലുദിച്ചൊരു കാമിതമെല്ലാം
പരിചൊടു സാധിച്ചീടുക വേഗാ-
ലതിനിയതിനൊരു താമസമെട്ടും
മതിമുഖിയാളുടെ വചനമിതേവം
മതിതളിർതെളിവൊടു കേട്ടൊരു നേരം
സുതനുവതായൊരഹല്യയെ വേഗാ-
ലതിവേഗത്തൊടു പ്രാപിച്ചിന്ദ്രൻ
പലവിധലീലകൾ ചെയ്തു തുടങ്ങി;
രതിപതികരമതിൽ ബാണമൊടുങ്ങി
കുതിരവനുദയത്തിന്നു തുടങ്ങി
പനിമതിബിംബവുമങ്ങു മങ്ങി
സുഖമൊടു കൂടി രമിച്ചു സുരേശൻ
മതിമുഖിമണിയൊടു കൂടിയശേഷം
രതിയുടെ വിരതി ഭവിച്ചൊരു സമയേ
രതിരമണോപമനായ സുരേശൻ
മന്ദസ്മിതവും ചെയ്തു പുണർന്നു
മന്ദേതരമവളോടുരചെയ്തു;
"എന്നാലെങ്ങു ഗമിക്കുന്നിഹ ഞാൻ
നിന്നോടതിനൊരു വിഷമമതുണ്ടാം
നിന്നുടെ വല്ലഭനിവിടെ വരുമ്പോൾ
എന്നെയുമിവിടെക്കണ്ടെന്നാകിൽ
ഉന്നതമതിയാമവനുടെ ഹൃദയേ
കുന്നിന തന്നെ ധരിക്കും നിയതം
ആകയതിനൊന്നിനുമിട കൂടാതെ
ആയതമിഴി! ഞാൻ പോയിടുന്നേൻ;
ഇന്നും രാത്രിയിലിവിടെ വരും ഞാൻ
ഒന്നും ഭ്രാന്തി ഭവിച്ചതുമില്ല
എന്നവളോടുരചെയ്തതിമോദാൽ
ചെന്നു പുണർന്നു നടന്നു മഹേന്ദ്രൻ
സുന്ദരിമാർകുലമൗലിയുമന്നേ
ചെന്നു കുളിച്ചുടനാശ്രമദേശേ
വന്നു വസിച്ചു മുനീന്ദ്രനു വേണ്ടുവ-
തൊന്നൊഴിയാതെയൊരുക്കിയിരുന്നു
അന്നു തുടങ്ങീട്ടമരാധിപനിൽ
സുന്ദരഗാത്രിക്കാശമുഴുത്തു
ഏറ്റമതന്നെയുമല്ല മുനീന്ദ്രനിൽ
നിന്ദയുമന്നുമുതൽക്കു തുടങ്ങി,
അന്നും രാത്രിയിലമരാധീശൻ
സുന്ദരിമണിയുടെ സവിധേ ചെന്നു
നന്ദിച്ചതിസുഖമോടു വസിച്ചു
പിന്നെയുമങ്ങിനെ നിത്യമതായി
പല നാളിങ്ങനെ പുരുഹൂതൻതാ-
നലസാക്ഷീസമനായ് രസിച്ചു;
പലകാലം വലയാനൊരു സംഗതി
ഫലമിഴിയാൾക്കതുകൊണ്ടു ഭവിച്ചു,
അമരാധിപനിൽ കാംക്ഷമുഴുത്തു
കമലവിലോചനയാൾക്കു ദിനംപ്രതി
വിമലാത്മാവാം മാമുനി താനൊരു
കമനിയതെന്നു മനസ്സിലുറച്ചു
ഒരുനാൾ വെള്ളപ്പാറാകും നേരമമരവരൻ
പാരത്തു ചെന്നു പരിചോടു കുക്കുടശബ്ദം
പാരം പുറപ്പെടീക്കും നേരം
വഴുകിതെന്നതിരം ഗമിക്കും മുനി
സാരംഗാക്ഷിയുമപ്പോൾ
പാരാതെ ചെന്നു സുരവീരനോടൊത്തു പല-
നേരംപോക്കരസ്യം മാരമാലോടെ പരി-
ചോടെ രമിച്ചു മുനി പിന്നെ നിയമത്തിന്നു
പാരത്തു വരുന്നേരം ദൂരത്തു ഗമിക്കയും

കേഴക്കണ്ണീസംഗമമേവമത്തവ-
നേഴരനാഴികരാവുള്ളപ്പോൾ
കോഴികരഞ്ഞു തുടങ്ങി മഹേന്ദ്രൻ
കോഴകളഞ്ഞു മുനീന്ദ്രനുമപ്പോൾ
പ്രീതനതായെഴുന്നേറ്റുടനെ
പ്രാതസ്സ്നാനത്തിനു ഗമിക്കും
മാമുനി പോയതറിഞ്ഞാലുടനേ
വാമവിലോചനയാളൊടു കൂടി
കാമമഹോത്സവമാടീട്ടധികം
പ്രേമമിയന്നു രമിക്കും നിത്യം
ഇങ്ങിനെ പലനാൾ പുരുഹൂതൻതാൻ
മംഗലഗാത്രിയൊടൊത്തു രമിച്ചു
തിങ്ങിന മോദാൽ വാണൊരു കാലം
പണ്ടച്ചാക്കൊരു ചെണ്ട പിണഞ്ഞു,
രാത്രിയിലൊരുനാൾ കുക്കുടശബ്ദം
പാർത്തിടിയാതെ ശ്രവിച്ചു മഹാമുനി
മാർത്താണ്ഡോദയസമയമിതെന്നാ-
ണോർത്തു നടന്നു കുളിപ്പാൻ വേഗം
ഗംഗാപുളിനേ ചെന്നൊരു നേരം
ഗംഗയുണർന്നതുമില്ലസ്സമയേ
സംഗതിയെന്തെന്നോർത്തു മഹാമുനി-
പുംഗവനത്ര തപോവിഭവത്താൽ
ഒന്നൊഴിയാതെയറിഞ്ഞു ചരിത്രം
നന്നിതൊഴിലെന്നോർത്തു ഗമിച്ചു.
അന്നേരം പുരുഹൂതനുമവളോ-
ടൊന്നിച്ചോരോ കഥകൾ പറഞ്ഞു
നന്ദിച്ചവർ രമിക്കുന്നേരം
ചെന്നു കരേറി മുനീന്ദ്രനുമവിടെ
സുന്ദരിയോടൊരുമിച്ചു രമിക്കും
സുന്ദരനാം സുരേശൻതന്നെ
ദൃഷ്ടനതായൊരു നേരത്തവനുടെ
ദൃഷ്ടികളൊന്നു കലങ്ങി മറിഞ്ഞു.
മാമുനിവരനെക്കണ്ടൊരു നേര-
ത്താമയമോടു സുരാധിപനുടനേ
ഭാമിനിയാമവളെയുപേക്ഷിച്ചൊരു
താമസമെന്നിയെ ഓടി ഭയേന;
വന്നൊരു കോപാൽ ദേവാധിപനോ-
ടൊന്നു വിളിച്ചുരചെയ്തു മുനീന്ദ്രൻ
"സുകൃതിയതായ സുരേശാ നിന്നുടെ
വികൃതികൾ കണ്ടു രസിച്ചേനിഹ ഞാൻ
യാഗം ചെയ്തു ഫലങ്ങളെയിന്നൊരു
ഭോഗം കൊണ്ടു നിവൃത്തിയതാക്കി
വേഗം പോക നന്നതിനനി-

ന്നവിവേകംകൊണ്ടൊരുകോപവുമില്ല
എന്നെക്കണ്ടതിനാലൊരുസമ്പ-
ത്തിനുഭവാനുലഭിച്ചീടേണം
പത്തുശതംസുരനാരികളോട-
ങ്ങൊത്തുരമിപ്പാനായിനിനക്കു
പുത്തനതായൊരുലിംഗസഹസ്രം
ഉത്തമനാകിയനിന്റെശരീരേ
ഒത്തുമുളയ്ക്കണമെന്റെതപസ്സൊരു
സത്യമതെന്നാലെന്നുടെശാപാൽ
എന്നുശപിച്ചുപുരന്ദരനെപ്പുന-
രൊന്നുപറഞ്ഞിതഹല്യയൊടപ്പോൾ
കഷ്ടമൊനിനിമൌലേനിന്നുടെ
ചേഷ്ടിതമെത്രജുഗുപ്സിതമോർത്താൽ
ഇഷ്ടനതായൊരുവരനില്ലാഞ്ഞി-
ട്ടൊട്ടുകൊതിച്ചധമത്വംസമയേ
കിട്ടിയവരനൊടുകൂടിപ്പരിചിനൊ-
ടിഷ്ടസുഖങ്ങൾഭുജിച്ചാലുംനീ!
കുവലയനയനേനിന്റെമനസ്സിൽ
കപടമതിങ്ങനെതോന്നുകമൂലം
കപികളുമംഗനമാരുംസമമെ-
ന്നുപമിക്കുന്നതുസൂക്ഷ്മമതോർത്താൽ
കുടിലവധൂജനമകുടമണേനിൻ
കുടിലതകാരണമിന്നുമുതൽക്കു
കഠിനമതായൊരുശിലയായ്പ്പോക
കഠിനമതിങ്ങനെകാട്ടുകമൂലം
താപസവരനതികോപമിയന്നു
പാവകനെന്നതുപോലെജ്വലിച്ചു
ശാപമതിങ്ങനെകൂടിയനേരം
താപമിയന്നുവിറച്ചിതഹല്യ
എന്നൊരുമോചനമിതിനെന്നോർത്തി-
ഖിന്നതപൂണ്ടുവിലാപിച്ചവളും
തന്നുടെപതിയുടെചരണസരോജേ
ഖിന്നതപൂണ്ടുകരഞ്ഞുവസിച്ചു:
  "കരുണാജലരാശിയാംമാമുനിപ്രവിഭോ!
കരുണമയിതോന്നുവാനാശുനമിക്കുന്നേൻ
ശരണമിഹാത്വൽകൃപയെന്നിയേമററില്ല
ശരണമിഹശാപമോക്ഷംഭവാനിന്നുമേ
കരളിൽമരുവുന്നമേതാപമിന്നേററവും
ഒരുപറകല്ലുഞാൻമാമുനിരത്നമേ!"
തരുണീമണിയിങ്ങനെകേണുതൻനാഥനെ
പരിചിനൊടുവീണുകൈകൂപ്പിനമിക്കയാൽ
  പ്രീതനതായിമഹാമുനിതാനും
കാതരമിഴിയോടരുൾചെയ്തേവം:
*"ഇന്നിനൊരുമോക്ഷംതരുവൻഞാനിഹ
മതിമുഖിയാളേകേട്ടാലുംനീ,
പാരാവാരസുതാരമണൻഭൂ-
ഭാരശമംതീർപ്പതിനായി
ഉത്തരകോസലരാജ്യേദശരഥ-
പുത്രശിരോമണിയായുളവാകും
ഒരുകാലത്തഖിലേശൻതന്നുടെ
തൃക്കാൽകൊണ്ടുചവിട്ടുംനിന്നെ

നീക്കാമതിന്നുടെദോഷവുമപ്പോൾ
ഭോഷ്ക്കായിട്ടുകയില്ലെൻവചനം;
ഇക്കാലത്തിതു തീരുകയില്ല
ധിക്കാരംനീകാട്ടുകമൂലം,
മൈക്കണ്ണാളേ!യെന്തിനുനിന്നുടെ
ഉൾക്കാമ്പിൽപരിതാപംപാഴതേ?
എന്നൊരുമോക്ഷവുമരുളിനടന്നു
ധന്യനതായമഹാമുനിതാനും
കനൽമിഴിയാളായൊരഹല്യയു-
മന്നേയൊരുശിലയായിതീർന്നു;
പിന്നീടിസ്സുരനാഥൻതന്നുടെ
ഖിന്നതമാരണമോർത്തിതുഖേലാൽ
  മലിച്ചുദേവനുശാപംഭവിച്ചുതാപവുമങ്ങു-
വഹിച്ചുസങ്കടമേറെനിറച്ചുമേനിയിലൊക്കെ
നിറച്ചുലിംഗവുംവന്നുമുളച്ചുതാൻതന്നെനോക്കി
രസിച്ചുവേഗത്തിലങ്ങുഗമിച്ചുസ്വർഗ്ഗത്തിൽപോയി
ചിരിച്ചുകട്ടിന്മേൽകയറിശയിച്ചുമുണ്ടുകൾകൊണ്ടു
പുതച്ചുശീലകൾകൊണ്ടുമറച്ചുവാതലുമൊക്കെ-
യടച്ചുനിദ്രയുംമന്ദമിളിച്ചു
തന്നത്താനോർത്തുരസിച്ചുവസിച്ചു

  ഗീർവാണേശനെവന്ദിപ്പാനം-
യുർവ്വശിചെന്നുവെളുപ്പാനേരം
വാതൽതുറന്നുകടന്നൊരുസമയേ
ശതോദരിയോടുചൊന്നാനേവം.
"അമരനിതംബിനിമാരേ!യിപ്പോൾ
സമയമതില്ലിഹകാണ്മാനൊട്ടും;
പനിമതിവദനേ!ഇന്നുനമുക്കൊരു
പനിയുടെലീനമിതെന്നേവേണ്ടു;
ആയതുകൊണ്ടുകിടക്കുന്നേൻഞാൻ
മായമതല്ലപറഞ്ഞീടുന്നു
പോയാലുംസുഖമില്ലനമുക്കിഹ
ന്യായമറിഞ്ഞവളല്ലോനീയും
അല്പംഭേദംവന്നാലുടനേ
ഉല്പലനയനേ!ആളെയയച്ചാം
കെല്പൊടുനിന്നുടെഭവനേചെന്നി-
ട്ടല്പേതരസുഖമോടുവസിക്ക"
എന്നതുകേട്ടുരചെയ്തുസുഭാഷിണി
"നന്നുഭവാന്റെവാക്കുകളെല്ലാം
മുന്നമൊരിക്കലുമുരചെയ്യാത്തതു-
മിന്നുരചെയ്യുന്നെന്തൊരുമൂലം
നന്നായ്ബോധിച്ചില്ലനമുക്കതു
വന്നിട്ടുംഞാനരികിലിടാനീം"
ഇത്ഥമുരചെയ്തായവൾചെന്നു-
സ്സത്വരമാത്രപുതച്ചപുതപ്പതു
സത്വരമങ്ങുവലിച്ചുകളഞ്ഞു
ചിത്തരസത്തൊടുനോക്കുംനേരം
അഭിനവമായൊരുലിംഗസഹസ്രം
സുഭഗമതാവയൾകണ്ടൊരുനേരം
അതികൗതുകംപുനരുണ്ടായ്വന്നു
മതിമുഖിയാളുടെമനതാരിങ്കൽ

നിർജ്ജരനാഥസുമതേ! അതി-
ലജ്ജയാകുന്നിതുകണ്ടാൽ
സജ്ജനങ്ങൾക്കേവമുണ്ടാവാനെന്തഹോ
ദുർജ്ജനവാസനകൊണ്ടോകഥിച്ചാലും (നി)
എന്തൊരബദ്ധത്തിൽചാടിഎന്നും
എന്തൊരുകാരണമെന്നും
എന്തിനിനല്ലൊരുപായംഎന്നുള്ളതും
ചിന്തിച്ചരുളുകഹന്തഭവാനിഹ (നിർജ്ജ)
ഇങ്ങിനെയുള്ളവനെഞാൻമുമ്പിൽ
എങ്ങുമേകണ്ടിട്ടുമില്ല
തൽക്കാലശാന്തിവരുത്താനിനി
ഞങ്ങൾക്കുൾക്കാമ്പിലോർത്താൽ
കഴിയുമറിഞ്ഞാലും (നിർജ്ജ)
എങ്കിലുമുണ്ടുവിഷമംകിഞ്ചിൽ
മങ്കമാരായിരംവേണം
ശങ്കകൂടാതെയതിനുമതിനാലും
പങ്കജനാഭസഹോദരവീര! (നിർജ്ജ)
പത്തുശതംവലജമാരുംപെ-
ണ്ണൊത്തുവിനോദിക്കുന്നേരം
ചിത്തത്തിലേറവുംനാണമുണ്ടായ് വരും
മത്തേഭഗാമിനിമാർക്കുമസംശയം (നിർജ്ജ)
ഞാനിതപോകുന്നെന്നുംചൊല്ലി
മാനിനിതാൻനടകൊണ്ടൊരുസമയേ
ഒന്നുവിളിച്ചുപറഞ്ഞുമഹേന്ദ്രൻ
"വന്നാലുംനീഉർവ്വശിബാലേ!
നിന്നോടിതിനുടെമൂലമശേഷം
ഒന്നൊഴിയാതെപറഞ്ഞറിയിക്കാം
നാരീമണിയായുള്ളൊരഹല്യയെ
ആരോമൽക്കണ്ടിന്നലെഞാനും
മാരശരാർത്തിയൊടവളോടുകൂടി
സ്വൈരമതായിരമിക്കുംസമയേ
പാരാതവളുടെകണവൻകണ്ടഥ
പാരംകോപിച്ചാശുശപിച്ചു
സാരംഗാക്ഷി! നീയിനിയിക്കഥ-
യാരോടുംപറയരുതേബാലേ!
ഒരുവനറിഞ്ഞാലപ്പോൾതന്നെ
പരചിനൊടറിയുംമറ്റുള്ളവരും
പരിഹാസങ്ങളുമാരംഭിക്കും
വിരുതന്മാർചിലരന്നേരത്തു;
നാണംകെട്ടുവസിക്കുന്നതിലും
പ്രാണൻകളകയതേറ്റംനല്ലൂ;
ഏണാങ്കാനനയാളേഞാനൊരു
കോണിലൊളിച്ചുവസിക്കുന്നായി
നിന്നോടാരാൻചോദിച്ചെങ്കിൽ
എന്നെക്കണ്ടില്ലെന്നുരചെയ്ക
സുന്ദരഗാത്രി! നീയിനിവേഗാൽ
നിന്നുടെഭവനേചെന്നുവസിക്ക"
എന്നതുകേട്ടവൾപുഞ്ചിരിയോടെ
മന്ദമിറങ്ങിനടന്നുതുടങ്ങി
ചെന്നവളക്കഥതന്നുടെഭവനേ
വർണ്ണിച്ചൻപൊടുവാണീടുന്നാൾ;

മേനകഉർവ്വശിതന്നുടെഭവനേ
ആനന്ദേനഗമിച്ചൊരുനേരം
ആയവൾമേനകതന്നൊടുസരസം
മായമൊഴിഞ്ഞുപറഞ്ഞുതുടങ്ങി.
വൃന്ദാരകനാഥൻതന്നുടെവാർത്തകളൊക്കെയ-
(റിഞ്ഞോൻ
പെണ്ണായിരമൊരുമിച്ചരികിൽചെല്ലണമെന്നരു-
(ൾചെയ്തു
ആയതിനൊരുകാരണമുണ്ടതുകേൾക്കമനോഹ-
(രശീലേ
ആയതമിഴിയായൊരഹല്യയിലാശമുഴുത്തതുമൂലം
പോയവനവൾസവിധേചെന്നുരമിച്ചാരിരുവരു
(മായി
ആയതുകണ്ടവളുടെകണവനുമൊന്നുകയർത്തുശ-
(പിച്ചു
ശൃംഗമതായുള്ളൊരുലിംഗമൊരായിരമിപ്പോൾ-
(വിശേഷം
ലത്യുന്നതമായോരേണിക്കമ്പുകൾപോലെഭവിച്ചു
ആയതുകേട്ടാശുപറഞ്ഞുമേനകയതിനുടെശേഷം
ആയതുവരണംഭോഷനുമതുനന്നിഹനന്മയ
(ശേഷം
നിന്ദമുഴുത്തതിനാൽവന്നതുമിന്നുനമുക്കതി-
(തോഷം
പോയവനുടെസവിധേചെന്നിനിയവമായു-
(ള്ളൊരുവേഷം
കണ്ടീടണമെന്നുപറഞ്ഞവളൊന്നുചിരിച്ചുനടന്നു
അരയന്നപ്പിടതന്നോടിടയും
തരുണീമണിയുടെനടയുംപിന്നെ
കരിവരതുമ്പിക്കരമതിനഖിലം
പരിഭവമുളവാക്കീടിനതുടയും
അടിമുടിയിടയിലെഅഴകുകളെല്ലാം
വടിവൊടുപാവതിനിന്നുനമുക്കൊരു
പടുതയതില്ലൊരുപുരുഷൻകണ്ടാൽ
ഉടനേകാമഭ്രാന്തുപിടിക്കും;
അത്രമനോഹരയാകിയപങ്കജ-
പത്രവിലോചനമേനകതാനും
സുത്രാമാവുപുതച്ചുകിടക്കും
ചിത്രമതായൊരുഭവനംപുക്കു
കതകുതുറന്നൊരുസമയേവാസവ-
നതിപരുഷംപൂണ്ടിതംചൊന്നാൻ;
"ആരവരുന്നിതുചൊല്ലുകവേഗാൽ?
നേരമ്പോക്കിനുസമയമിതല്ല;
ദൂരെപ്പോകണമല്ലെന്നാൽചില
വൈരക്കേടുഭവിക്കുമിദാനീം
കാൺമാൻനമ്മുടെയരികത്തിങ്കൽ
മാനിനിമാരുവരണ്ടായിപ്പോൾ
മാനക്കേടുഭവിക്കേണ്ടായ്കിൽ
മാനിനിമാരെപ്പൊയ്ക്കൊണ്ടാലും"
ഹരിയുടെവാക്കുകൾകേട്ടവളുടനേ
പരിഹാസത്തോടുമവനോടുചൊന്നാൾ
"ഇത്രകലമ്പുന്നെന്തിനുപാഴിൽ

അത്രവരുന്നതുമില്ലിഹയിപ്പോൾ
വൃത്രനിഷൂദന! നിന്തിരുവടിയുടെ
വൃത്തമശേഷമറിഞ്ഞേനിഹ ഞാൻ,
അമ്മുനിശാപം കൂടിയതിന്നു
നാമെന്തൊന്നു പിഴച്ചു ഭവാങ്കൽ?
അങ്ങാടിന്നൊരു തോലിപിണഞ്ഞാൽ
അങ്ങടെ അമ്മയൊടെന്നുണ്ടല്ലോ
ലക്ഷണമുള്ളൊരു നാരികളിന്നു
ലക്ഷമതല്ല ഭവാനുടെ നാട്ടിൽ
ലക്ഷണതായ ഭവാനതിലൊന്നും
ലക്ഷ്യമതായില്ലയതുപോട്ടെ
സുരവര! നിന്നുടെ ഭാര്യയതാകും
പരഭൃതമൊഴിയാമിന്ദ്രാണിയെയും
പരിചിനൊടാശ്രമമന്നാതിമോദാൽ
ധരണിയിലൊക്കെ നടന്നു തിരഞ്ഞു
ചെറുകിന്നനിയമമഹാനിധിയായൊരു
പരമുനിപത്നിയിലാശമുഴത്തു;
പലനാളതിനായുദ്യോഗിച്ചു
ചലമിഴിയാളൊടു കൂടിരമിച്ചു
സതിയാമവളുടെ ഹൃദയേയിതൊഴിൽ
ചിതമല്ലെന്നതു തോന്നിലപ്പോൾ
പതിവ്രതമാരുടെ ധർമ്മമൊഴിച്ചാ-
ലതിനൊരു പാപം വരുവാനുള്ളതു
വലുതായിന്നു ഭവാനുടെ ദേഹേ
നലമൊടു വന്നു മുളച്ചു നാരികൾ;
കഞ്ജമിഴിയിലൊരുവരമപ്പൊളൊരു
ദുർമ്മുഖനിങ്ങിനെ വന്നതു കേൾക്ക
പെരിയൊരു വൃക്ഷമരപ്പതിനുള്ളിൽ
പരിചിനൊടാപ്പുമടിച്ചുകരേറി.
ഈർച്ചവാളുമുടന്തരികൊണ്ട-
ങ്ങച്ചനങ്ങു നടകൊണ്ടൊരു സമയേ
മൊച്ചവനാ വിരവോടത്തടിമേൽ
ഇച്ഛയോടുകരയേറിയിരുന്നു
അണ്ഡം രണ്ടും തടിയുടെ ഇടയിൽ
പൊണ്ണക്കപിയവനിട്ടുംകൊണ്ടു
ആപ്പുപിടിങ്ങിയെറിഞ്ഞൊരു സമയേ
കൊല്ലൊടു വന്നിട ചേർന്നിതു തടിയും
എണ്ണയരിക്കും പോലേയവനുടെ
അണ്ഡം പെട്ടുമരത്തിനതുള്ളിൽ
ദണ്ഡപ്പെട്ടു വിലാപിച്ചവനും
ദണ്ഡധരന്നുടെ ഭവനം പൂകാൻ;
എന്നതുപോലെയിന്നു ഭവാനും
വന്നു ഭവിച്ചൊരനർത്ഥമതോർത്താൽ
തന്നുടെ ദോഷം കാരണമിന്നതു-
ധന്യമതെന്നതാരിലുരയ്ക്കു
ന്നനംകണ്ടജനങ്ങൾക്കെല്ലാ-
മാനകളിപ്പാനൊരു വകയായി
സ്ഥാനത്തുള്ളജനങ്ങൾക്കെല്ലാം
മാനക്കേടു ഭവിച്ചാൽ വിഷമം
മുറവും നിന്റെ രഹിതത്തെച്ചെയ്യാൻ
മനോറവും കൊണ്ടു വസിക്കും ഞങ്ങടെ

ഏററം നിന്ദമുഴത്തതിനായൊരു-
ന്നേററിക്കാൾക്കവരാത്തതുവന്നു"
ഇങ്ങിനെ പരിഹാസോക്തികൾ ചൊല്ലി
അംഗനമണിയവൾ പോയൊരു ശേഷം
തിങ്ങ് നശോകാൽ വാണു പുരന്ദര-
നൊങ്ങും പ്രതിവിധി കാണാഞ്ഞതിനാൽ;
ഖണ്ഡം കാൺമാനായി പലപല
പെണ്ണുങ്ങളുമഥയാത്ര തുടങ്ങി;
വിണ്ണവർനാഥനു കാഴ്ചകളവരൊരു-
വണ്ണം പലവക സമ്പാദിച്ചു
വെററില പുകയില ജാതിക്കായും
മാറ്റും പലവക കാഴ്ചദ്രവ്യം
തെറെറന്നിവ കൈകളിലെടുത്തഥ
കുററൽക്കുഴൽമണിമാരു നടന്നു
സുരപതിതാനേ വാണരുളീടും
പെരിയൊരു മണിയറതന്നിൽ ചെന്നു
സരസിജമുഖിമാർ പുരവാതുക്കൽ
പരിചൊടു ചെന്നു കടന്നൊരു സമയേ
അംഗമശേഷം തിങ്ങിമുളച്ചതി
ഭംഗികലർന്നൊരു ലിംഗസഹസ്രം
അംഗനമാരവർ കണ്ടൊരു നേരം
തിങ്ങിന ലജ്ജ കലർന്നു ഹസിച്ചു;
മൂക്കേൽ വിരലും വച്ചു പതുക്കെ
ചിക്കെന്നങ്ങു പുറത്തു കടന്നു
കളമൊഴിമാരവർ പലരും കൂടി
കളിവചനങ്ങൾ പറഞ്ഞു തുടങ്ങി.
ഗീർവ്വാണനാരിമാർ കേട്ടുകൊൾവിൻ;
ഗീർവാണരാജന്റെ വൃത്തമെല്ലാം
സർവ്വമറിഞ്ഞു ഞാനുർവ്വശി ചൊൽകയാൽ
ഗർവ്വമതിന്നു നിദാനമല്ലോ
വൃന്ദാരകാധിപൻ മോദമോടെ
മന്ദാരപുഷ്പമലങ്കരിച്ചു
സുന്ദരരൂപം ധരിച്ചു വനേ കദാ
മന്നിടം തന്നിൽ ഗമിക്കുന്നേരം
ആമുനിയാകുന്ന ഗൌതമന്റെ
കാമിനിയാകുമഹല്യതന്നെ
യാമിനിയിൽ തത്ര കണ്ടു ഭ്രമിച്ചവൻ
കാമിനി തന്നുടെ മുമ്പിൽ ചെന്നു
വണ്ടാർകുഴലിയെപ്പാട്ടിലാക്കി
തണ്ടാർശരലീലയാടിമോദാൽ
ഉണ്ടതിനാലകപ്പെട്ടുവെന്നതു
രണ്ടുനാളായ് ശ്രവിച്ചിട്ടുഞാൻ
മംഗലഗാത്രിയഹല്യയോടും
സംഗമം ചെയ്തുടനേ തന്നെ
ഇങ്ങിനെ വന്നു ഭവിച്ചതിനെന്തൊരു
സംഗതിയെന്നു പറകബാലേ!
ഇങ്ങിനെ പണ്ടുഞാൻ കേട്ടിട്ടില്ല
എങ്ങുമൊരേടത്തും നിർണ്ണയം താൻ
അംഗനമാരോടു കൂടി വിനോദിച്ചാൽ
ലിംഗം വളരെ ഭവിക്ക. പോലും
അല്പമൊരു ഭേദമുണ്ടതിന്നു

ഉല്പലനേത്രയെപ്പുൽകുന്നേരം
തല്പതിയായമുനിവരൻകണ്ടുടൻ
കെല്പോടനുഗ്രഹിച്ചെന്നുകേട്ടു"
ഇങ്ങിനെപലപലപരിഹാസംപുന-
രംഗനമാർകളുമങ്ങുതുടങ്ങി;
അങ്ങതുകേട്ടുസുരന്മാരുംസുര-
പുംഗവനെവന്ദിപ്പാനായി
തക്കത്തിൽചെന്നളവേമേനിയി-
ലൊക്കെക്കാണായെന്നേവേണ്ടു
ആലുംമുകളിലണഞ്ഞുകിടക്കും
പൂരവലതെന്നതുപോലെനിരക്കെ
ശക്രന്തന്നുടെദേഹത്തിങ്കൽ
ഒക്കെനിറഞ്ഞതുകാണാകുന്നു;
ആയതുകണ്ടൊരുവിബുധന്മാരവർ
വായുംപൊത്തിക്കൊണ്ടുചിരിച്ചു
പോയവരോരോരോകോണിൽചെന്നി-
ക്കാര്യംകൊണ്ടുപറഞ്ഞുതുടങ്ങി
"നമ്മുടെസ്വാമിക്കിങ്ങനെവരുവാൻ
സംഗതിയെന്തിതുവിബുധന്മാരേ!
ഇന്നലെയോളംഇങ്ങിനെയില്ല
ഇന്നിതുവരുവാനെന്തൊരുമൂലം
ഇന്നുവെളുപ്പിനുഞാനെഴുന്നേറ്റു
ഇന്ദ്രനെവന്ദിപ്പാൻചെന്നപ്പോൾ
എന്തെന്നേതുമറിഞ്ഞിലവനുടെ
ചന്തമിയന്നശരീരത്തിന്മേൽ
അവയവമൊന്നുംകാണ്മാനില്ല
അപജയമായ്വന്നല്ലോകാര്യം
കണ്ണുംകാലുംകയ്യുംചുണ്ടും
കണ്ണാന്തോന്താടിയുമെല്ലാം
സൂക്ഷിച്ചങ്ങിനെനോക്കിക്കണ്ടാ-
ലാസകലംകോശാകൃതിയത്രേ
തൃക്കോശാകൃതികണ്ടതുതന്നെ
ചിക്കെന്നിങ്ങുവന്നതിപ്പോൾ ഞാൻ
ശക്രനിവണ്ണംവരുവാനെന്തൊ-
രതിക്രമമേതാൻചെയ്തിട്ടുണ്ടോ
വിക്രമമൊന്നുനിനച്ചേനാല്ലാ
വക്രമനസ്സോടുവാണീടുന്നു;
നാരായണനാപലഭക്തനതാകിയ
നാരദമാമുനിയിക്കഥയെല്ലാം
പാരംകൗതുകമോടഥകേട്ടു
പാരിടമൊക്കെനടത്തിചരിത്രം;
കേട്ടവർകേട്ടവരൊക്കെക്കൂടി-
ക്കൂട്ടംകൂടിവസിച്ചുതുടങ്ങി
ഇട്ടിച്ചേട്ടാദേവേന്ദ്രനൊരു
വിദ്ധ്വിതമായ്വന്നതുനീകേട്ടോ?
കേട്ടില്ലനുജാ!അങ്ങിനെയെന്തൊരു
കോട്ടംവന്നുഭവിച്ചതിദാനീം
മോട്ടനതായോരവനുടെചരിതം
കേട്ടാൽചിരിയാമെന്നേവേണ്ടു:
കാറകുഴൽമണിയായൊരഹല്യയി-
ലേറാമൊരഭിരുചിയുണ്ടായതിനാൽ
ചുററിക്കൂടിനടന്നക്കാര്യം
പററിയവന്നുപലകുറിയവളേ
കഷ്ടംമാമുനിവരനുടെവേദനേ
മുട്ടാതവനുംകരിതേപ്പിക്കും
മട്ടോൽമൊഴിയെക്കൂട്ടുരമിപ്പാൻ
പെട്ടെന്നവനുലകിങ്കൽനടക്കും
കിട്ടിയസമയമതിന്നായവനും
മട്ടലർബാണവിനോദംചെയ്തോൻ
ഇങ്ങിനെപലനാൾചെന്നൊരുശേഷം
മംഗലശീലനതായമുനീന്ദ്രൻ
ഇങ്ങിനെയുള്ളൊരുതൊഴിലുഗ്രഹിച്ചി-
ട്ടങ്ങോർനല്ലൊരനുഗ്രഹമരുളി
അംഗത്തേലൊരുപത്തുസഹസ്രം
ലിംഗംവന്നുമുളച്ചിതുപോലും
എങ്ങാനുംപുനരിങ്ങനെയൊരുകഥ
ചങ്ങാതികളേകേട്ടിട്ടുണ്ടോ
ഇങ്ങിനെയുള്ളോരവതാളന്മാ-
രെങ്ങിനെവെളിവിൽനടന്നിടുന്നു
കാട്ടുരുതാതതുകാട്ടിനടന്നാൽ
കൂട്ടംപരിഹാസംപലർപ്പോൾ,
വാട്ടമതിന്നില്ലെന്നതുവന്നാൽ
കോട്ടംവന്നുഭവിക്കുംനൂനം
ഇന്ദ്രൻതാനെന്നാകിലുമിന്നീ-
ദുർന്നയമിങ്ങനെകാട്ടീടാമോ?
മന്ദിരമതിലൊരുകോണിലിരുന്നാൽ
വന്ദ്യനതെന്നുനടിച്ചുവസിക്കാം
ശങ്കര!ശിവശിവഇങ്ങനെപണ്ടൊരു
പെൺകൊതിയന്മാർതീർന്നിട്ടില്ല
എങ്കിലുമിന്നിതുപോലുംപണ്ടൊരു
വൻകപടത്തൊഴിൽകാട്ടിയതോർത്താൽ,
സൂര്യൻതന്നുടെതേരതിൽപ്പുറൻ
സാരഥിയായോരരുണൻമുന്നം
പാരാതവനുടെമുമ്പിൽചെന്നൊരു
വാരിജലോചനയെന്നതുപോലെ
സ്ത്രീയുടെവേഷംകണ്ടപ്പോളാ-
സ്ത്രീണനുകാമഭ്രാന്തുപിടിച്ചു
നാരിയതെന്നതുതന്നെനിനച്ചു-
ക്കാര്യപ്പാടുകഴിച്ചിതുപോലും
പുരുഷന്മാരൊടുക്രീഡിരമിക്കും
പുരുഷനെയെങ്ങാൻകേട്ടിട്ടുണ്ടോ?
വൃഷളന്മാരുടെതൊഴിലുകൾചെയ്താൽ
വൃഷളരായിട്ടുഭവിക്കയുള്ളു
ഇങ്ങിനെപലവകമനുജന്മാരുടെ
തിങ്ങിനപരിഹാസങ്ങൾഭവിച്ചു,
മങ്ങിനമുഖമൊടുവാണപുരന്ദര-
നെങ്ങുംപ്രതിവിധികാണാത്തതിനാൽ
അക്കാലത്തുബൃഹസ്പതിയാകിയ
ചൊൽക്കൊണ്ടീടുംദേവാചാര്യൻ
ഇക്കഥയഖിലംകേട്ടൊരുനേര-
ത്തുൾക്കമലത്തിൽവളർന്നവിഷാദം
വെക്കംചെന്നുസുധർമ്മയതാംസഭ-

പുക്കസുരന്മാരോടൊരുമിച്ചു,
"വല്ലാതിങ്ങനെനമ്മുടെസ്വാമി
ക്കല്ലൽപിണഞ്ഞതുതീർപ്പാൻചൊല്ലിൻ!
നല്ലൊരുമാർഗ്ഗംചിന്തിച്ചീടേണ-
മെല്ലാവരുമിന്നിദേവന്മാരേ!
ധർമ്മവിരോധമതായിട്ടുള്ളൊരു-
കർമ്മമനുഷ്ഠിച്ചീടുകമൂലം,
ദുർമ്മതിയാമിവനോർത്താലിതിനൊരു-
ശർമ്മംവന്നുഭവിപ്പാൻവിഷമം
എങ്കിലുമതിനൊരുപായമിദാനീ-
മെങ്കലുദിച്ചതുഞാനുരചെയ്യാം,
ശങ്കവെടിഞ്ഞിനിനമ്മളശേഷം
ശങ്കരഭക്തനതാകുംമുനിപദ-
പങ്കജമതിൽവീണാശ്രുനമിപ്പാൻ
തൻകൃപകൊണ്ടുനമുക്കിനിമേലിൽ
സങ്കടമൊഴിവാൻകഴിവുണ്ടാകും,
എങ്കിൽനമുക്കഗമിക്കല്ലല്ലീ?
ശങ്കമനസ്സിൽതോന്നീടേണ്ട
ഇങ്ങിനെപുരുഗിരമേവംകേട്ടവ-
രൊക്കെനടന്നുമുനീന്ദ്രസമീപേ
മംഗലശീലന്മാരവർമുനികുല-
പുംഗവനാകിയഗൌതമമുനിയുടെ
പാദസരോജംവന്ദിച്ചുടനവ-
രാദരവോടുനമസ്കൃതിചെയ്തു
ഇരുപത്തുമഞ്ചുമൊരെട്ടുംകോടി
പൊരുകിനശോഭകലർന്നകിരീടം
വിരവൊടുതന്നുടെപാദസരോജേ
ഒരുമിച്ചങ്ങനെകണ്ടദശായാം
പരമദയാലുവതായമുനീശ്വര-
നരുതരമവരോടരുളിച്ചെയ്തു:
"സുരവരരഖിലരുമെന്നുടെസവിധേ-
പരിചൊടുവരുവാനെന്തൊരുമൂലം
പെരുതായിട്ടൊരുകാരണമുണ്ടതു-
മുരചെയ്യുമതിനില്ലവിവാദം
കരണീയംപുനരെന്നാലെന്തോ-
ന്നുരചെയ്യിൽകഴിയുന്നതുചെയ്യാം,"
എന്നതുകേട്ടുസുരന്മാരെല്ലാം
വന്ദനചെയ്തുപറഞ്ഞാരേവം,
നിർജ്ജരരാജൻതന്നെക്കണ്ടതി-
ലജ്ജിതരായിഹവന്നുഞങ്ങൾ
സജ്ജനമാനിതനായഭവാനാൽ
വർജ്ജിതനായവനവനുടെദോഷാൽ
ഊർജ്ജിതഭുജബലനാമവനപ്പോ-
ളൂർജ്ജിതമായിതുലിംഗസഹസ്രം,
ധൂർത്തുകളൊക്കെവെടിഞ്ഞരനിമിഷാ-
ലത്തിവളർന്നുതളർന്നുശരീരം
ചടുലവിലോചനയാളാംശചിയുടെ
നടുവുമുറിഞ്ഞുകിടപ്പാനുള്ളൊരു
ഇടയാമെന്നതുതന്നെനിനച്ചു
വിടകൊണ്ടേനിഹകരുണാസിന്ധോ!
ജ്ഞാനിയതായഭവാനുടെയുള്ളിൽ
ജ്ഞാനമുദിച്ചതുകാരവുമല്ല,
ജലമതിൽനിൽക്കുംകമലദലത്തിനു-
വലിയൊരുബന്ധുവതല്ലോപാർത്താൽ
ജലപതിതാനുംസൂര്യനുമെന്നതു-
പലപലശാസ്ത്രംഘോഷിക്കുന്നു;
സ്ഥാനഭ്രംശംവന്നുഭവിച്ചാൽ-
ന്നൂനമിളക്കിക്കളയുംസൂര്യൻ
വരുണൻതാനതുപോഷിപ്പിക്കും
കരുണയവക്കരിമ്പില്ലപ്പോൾ
ഗോവുകൾവളരെഘോഷിച്ചാലതു
സേവയ്ക്കുന്നുനടിക്കുംചിലരു
ഭാവിയതെങ്കിൽവിഷാദിക്കേണ്ട-
ഏവനുമായതൊഴിപ്പാൻമേലാ-
അടിമലരിങ്കൽനമിച്ചുകിടക്കും
അടിയങ്ങൾക്കൊരുവരമരുളേണം
കുടിലതപെരികിനഞങ്ങളെസ്വാമി-
ക്കടലിൽമുളച്ചൊരുലിംഗസഹസ്രം
വടിവൊടുപോമതിനായികൃപയാൽ
ഉടനൊരുകല്പനയുണ്ടാകേണം
സുരവരരഖിലവുമഴകൊടുചൊല്ലിയ
ഗിരമതുസകലംകേട്ടൊരുനേരം
പരമദയാലുവതായമുനീശ്വര-
നൊരുഗിരമവരോടരുൾചെയ്തേവം
"എന്നുടെശാപംനിഷ്ഫലമെന്നതു
വന്നുഭവിക്കയുമില്ലെന്നറിക,
ലിംഗസഹസ്രംമറെറാന്നാക്കാം
നിങ്ങളിലുള്ളൊരുവാത്സല്യത്താൽ
അംഗങ്ങളിലൊന്നാക്കണമവനിനി
എങ്ങുംകാട്ടരുതിത്തൊഴിൽമേലിൽ,
വിണ്ണവരഖിലരുമരുൾചെയ്തപ്പോൾ
കണ്ണുകളാകണമെങ്കിലതെല്ലാം
അങ്ങിനെയെങ്കിലതങ്ങിനെതന്നെ
നിങ്ങടെയഭിരുചിപോലെഭവിക്കും
മംഗലനിലയനതായമുനീന്ദ്രൻ
ഇങ്ങിനെമോക്ഷവുമരുളിയശേഷം
തിങ്ങിനമോദമൊടാശുസുരന്മാ-
രങ്ങുസുരോത്തമസവിധേചെന്നു
ലിംഗസഹസ്രംപോയിട്ടവനുടെ
അംഗംതന്നിൽനിറഞ്ഞിതുനയനം
തുംഗമനസ്സൊടുവാണിതുസുരകുല-
പുംഗവനഖിലസുരന്മാരോടും
ദേവാധിപനുടെശാപാനുഗ്രഹ-
മേവമിതെന്നുധരിക്കുകമാരേ!
നിന്തിരുമലരടിവെച്ചിനിയിവളുടെ
സന്താപത്തെയൊഴിച്ചീടേണം,
മാമുനിവരനുടെവാക്കുകളിങ്ങിനെ
മാനവവീരൻകേട്ടദശായാം
താനങ്ങിനെമന്ദംപോയ്ചെന്നഥ
സാനന്ദംനിജപാദസരോജം
ഉഗ്രതപസ്സൊടിരിക്കുംശിലമേ-
ലഗ്രേവച്ചരുളീടിനനേരം

മാനവവരനാംരാഘവരമഗ്രേ
മാനിനിയാൾക്കഥകാണായ്വന്നു
ശ്യാമളമാംഘനരുചിതടവിനതലമുടി
കോമളമാകിനനെറ്റിത്തടവും
അഞ്ചിതമാകിനകമലങ്ങളെത്തി-
രഞ്ചൽവളർത്തുംനയനപ്രഭയും
സഞ്ചിതശോഭകലർന്നൊരുതിലകസു-
മാഞ്ചിതവന്ദിതനാസാപുടവും
ചഞ്ചലമിഴികളെമന്മതഴിക്കും
പുഞ്ചിരിയാംചന്ദ്രികയുംവടിവും
തൊണ്ടിപ്പഴരുചിതേടിനൊരധരം
നീണ്ടുതടിച്ചൊരുപാണിദ്വയവും
വിസ്തൃതമാകിനതിരുമാറിടവും
തത്രമനോഹരഹാരാവലിയും
എത്രയുമത്ഭുതമായോരുദരേ
ചാർത്തിനപൂന്തുകിലതിനുടെമീതേ
ചേർത്തൊരുകാഞ്ചനകാഞ്ചിവടിവും
ചാർത്താൽവിശ്രുതമൂരുദ്വയവും
ആർത്തരതായസുരന്മാർക്കാർത്തികൾ
തീർത്തുപരിത്രാണത്തിനുവാമന-
മൂർത്തിയതായമഹാബലിതന്നുടെ
ചീർത്തൊരുഗർവുകുറപ്പാൻമൂന്നടി
ധാത്രിയെയാചിച്ചീടിനസമയേ
പാത്രതകൊണ്ടുകൊടുത്തന്നവനും
എത്രയുമുഗ്രമതായൊരുരൂപം
തത്രധരിച്ചിട്ടീരടിയാക്കി-
ട്ടിത്രൈലോക്യമളന്നൊരുപാദം
മൂർത്തിയിലങ്ങിനെചേർത്തൊരുനേര-
ത്തോർത്തുപുരാമുനിചൊല്ലിയവചനം,
അതിശയഭക്തിയതായസമുദ്രേ
മതിമുഖിയാളവൾമുങ്ങിപ്പൊങ്ങീ
കതിരവവംശജമങ്ഘ്രിയുഗംപാരേ
പതിതയതായിനമസ്കൃതിചെയ്തു
അതിവിനയത്തൊടുകൂപ്പിസ്തുതിഗിര-
മതിമോദേനതുടർന്നാളവളും

രാമരാമദയാസിന്ധോ! ശ്യാമളവിഗ്രഹ താവ
നാമവുംജപിച്ചുവനസീമനിതാനും
ഭീമമായശിലയായിമാമുനിതൻശാപത്താൽ
ആമയമോടാശ്രുവാണേൻകോമളഗാത്ര!
നിന്നുടയപാദരേണുഎന്നുടെമൂർദ്ധനിവീഴ്ക-
ധന്യയായെനിന്നുഞാനുംപുണ്ഡരീകാക്ഷ! [യാൽ
എന്നുടെജന്മസാഫല്യംവന്നുനിന്നെക്കാൺകയാ-
ലൊന്നപേക്ഷിക്കുന്നേനഹമിന്നുരാഘവ! [ലെ
അച്യുതനിൻനാമങ്ങളെയുച്ചരിക്കാറായ്വരേണം
നിത്യവുമെൻനാവുകൊണ്ടുവിശ്വനായക!
കർണ്ണങ്ങളുംനിന്റെഗുണവർണ്ണനംശ്രവിപ്പാനായ്
അർണ്ണോജാക്ഷ! ശ്രദ്ധിക്കേണംചിത്തമോഹന!
പാണികളാലർച്ചനത്തെക്ഷോണിനാഥ! ചെയ്യു
വേണമെങ്കിൽകൃപയിന്നുക്ഷീണപുണ്യദ! [ത്തിന്നു
പുണ്ഡരീകായതനേത്ര! പൂർണ്ണചന്ദ്രനിഭവക്ത്ര!
ഖണ്ഡിതനിഖിലാമിത്ര! കാരുണ്യപാത്ര!
ചാപബാണധരവന്ദേ! ഭൂപബാലവേഷവന്ദേ
പാപനാശകരവന്ദേപാവന! വന്ദേ"

ഇത്തരമതിശയമാംസ്തുതികേട്ടി-
ട്ടുത്തമപുരുഷൻരാമൻതിരുവടി
സത്വരമായവളോടുരചെയ്തു;
സ്വസ്തിനിനക്കുഭവിക്കുംമേലിൽ
തുച്ഛമതാകുംവിഷയങ്ങളിലൊരു
ഇച്ഛഭവിക്കയുമരുതിനിമേലിൽ
സച്ചിന്മയനാമെന്നുടെപാദേ
നിശ്ചലമായ്വരേണംചിത്തം
അതിശയഭക്തിയുമെങ്കൽസതതം.
മതിമുഖിയായനിനക്കുളവാകും
പതിശുശ്രൂഷപരായണയായി
പ്രതിദിവസംനീവാഴ്കസുഖേന
നരവരശിശുവാനാരായണനൊടു
പരമഭിലാഷംവാങ്ങിയശേഷം
സരസിജനയനപ്രദക്ഷിണവുംവ-
ച്ചുരുതരഭക്ത്യാവീണുവണങ്ങി
അതുകൊണ്ടഖിലഗുണങ്ങളുമുണ്ടാം
പതിവ്രതമാർക്കതിനില്ലവിവാദം;
വിശ്വാമിത്രനെവന്ദിച്ചുടനേ
വിശ്വാസത്തൊടുപോയാളവളും
ഉത്തമനാകിയഹിമവാൻതന്നുടെ
പാർശ്വേതപസാവാണീടുന്നൊരു
ഭർത്തൃപദത്തെച്ചെന്നുനമിച്ചി-
ട്ടുത്രവസിച്ചവനോടുസമേതം
അതിഗംഭുഷനാംരാമൻതിരുവടി
മതിമാനാകിയകൗശികനോടും
അതിമോദേനഗമിച്ചിതുതരസാ
മതിചൂഡനുടെചാപംകാൺമാൻ.

അഹല്യാമോക്ഷം ഓട്ടൻതുള്ളൽ സമാപ്തം.

൨൩. സീതാസ്വയംവരം.

വിശ്വാനന്ദകരാകൃതിയാകിയ
വിശ്വാധീശൻവീരശിരോമണി
വിശ്വാമിത്രമഹാമുനിയോടും
വിശ്വാസേനഗമിപ്പാനായി
വില്ലുംശരവുമെടുത്തുംകൊണ്ടഥ
തെല്ലാമടികൂടാതെമഹാമതി
ചൊല്ലേറീടിനരാമനുമനുജനു-
മുല്ലാസേനപുറപ്പെട്ടടനെ
ദശരഥനന്ദനനാകിനരാമൻ
ദശമുഖരാവണകിങ്കരരാകിയ
നിശിചരരെക്കൊലചെയ്വാനുള്ളൊരു
വിശിഖംകയ്യിലെടുത്തൊരുസമയെ
ത്രിശിരസ്സുംഖരനുംദൂഷണനും
നിശിചരവരനാംദശകണ്ഠനുമഥ
ഭൃശതരമാധിമനസ്സിൽവളൎന്നു
വിശദമറിഞ്ഞതുമില്ലവരാരും
ലക്ഷ്മണസഹിതൻശ്രീരാമൻശുഭ
ലക്ഷണസമമേമുനിയൊടുകൂടെ
തൽക്ഷണമടവിയിൽനടനംചെയ്തഥ
താടകയെക്കൊലചെയ്തുതദാനീം
സിദ്ധാശ്രമമതുവിൽചെന്നുവസിച്ചുട-
നിദ്ധാടേപംമുനിവരയാഗ
പ്രധ്വംസത്തിനുവന്നനിശാചര
വിധ്വംസനത്തെച്ചെയ്തുമഹാമതി
യാഗംരക്ഷിച്ചുടനെനടന്നഥ
വേഗംഗംഗകടന്നുനടന്നുവി-
ദേഹമഹീപതിജനകൻതന്നുടെ
ഗേഹസമീപേചെന്നുപതുക്കെ
ത്വരിതമഹല്യാമോക്ഷംപുനരേകി
പ്പരിചൊടുപഥിപഥിപാരമനന്ദം
പെരികസുഖേനരമിച്ചുംകൊണ്ടഥ
പുരിയുടെനികടംതന്നിലണഞ്ഞു
അഥജനകനൃപന്റെപുരത്തിൽ
പ്പൃഥുകനകഗൃഹങ്ങൾനിരത്തി
ബഹുജനമവിടത്തിൽവരുത്തി
ബഹുമതിയൊടുസാകമിരുത്തി
പുനരണിയറമണിയറകലവറ
നിലവറപണിയറതുണിയറയും
നിലമൊക്കെയടിച്ചുതളിച്ചു
ചിലശില്പിജനത്തെവിളിച്ചു
ഉപകല്പനയവരൊടുരച്ചു
നലമേറിനകല്ലുപൊളിച്ചു
പലതറകളുമറകളുമിറകളും
മുറകളുമതിബഹുമതിലുകളും
കൊടിമരമൊരുപന്തിനിറച്ചു
പടികളുമിവിടത്തിലുറച്ചു

പൊടിപടലവുമൊക്കെമറച്ചു
പടുചിലവുകളൊട്ടുകുറച്ചു
പടകുടികളുമുടനുടനിടയിടെ
വടിവിനൊടുടനുടനിടികലരും
മണിമേടകൾപലവകതീൎത്തു
മണികാഞ്ചനമാലകൾകോൎത്തു
പണിതട്ടുകളിട്ടഥചേൎത്തു
പലകണ്ടുകളൻപൊടുമുൎത്തു
നരവരനുടെപുരമതുസുരവര-
പുരിയൊടുപരിഭവതരമതുലം
കട്ടിലുകൊട്ടിലുകോട്ടകളും
തടവുകളിടവുകൾകിണറുംകുളവും
കെട്ടുകൾതട്ടുകൾപലകൊത്തളവും
ഘനമൊടുവിലസിനകനകത്തളവും
മടപ്പുരകളുമങ്ങാടികളും
മതിലുംഗോപുരമതിലുംവിസ്മയം
ആട്ടിൻകുടിലുകളാനപ്പന്തിക-
ളതിരമണീയംകുതിരപ്പന്തികൾ
അണിതഞ്ചുംപലമണിമഞ്ചങ്ങളു-
മണിമതിമുഖികടെമണിയറതുണിയറ-
മറങ്ങളുംപുനരിടങ്ങളുംപുര-
തടങ്ങളുംതരുപടങ്ങളും
ബഹുതരമിഹവിരവൊടുനരവര-
പുരവരമതിലണവധിജനതതി
മനതളിരിളകിനഘനതരമനുപമ
മുത്തരമിത്തരമുത്തമമുത്തമ
പത്തനപംക്തികൾതത്രതത്രചിത്രമെത്രയുംചിരം
ജനകമഹീപതിതനയാമകളുടെ
ഘനതരകല്യാണോത്സവഘോഷം
കനിവൊടുതത്രതുടങ്ങിനൊരുസമയേ
മനസികുതൂഹലമഖിലജനാനാം
വിപ്രക്ഷത്രിയവൈശ്യന്മാരും
വിവിധതരംബഹുശൂദ്രജനങ്ങളു-
മല്ലേതരമഥനാനാജാതിക-
ളെല്ലാരുംബതമിഥിലാപുരമതിൽ
വന്നുനിറഞ്ഞുതുടങ്ങിപതുക്കെ
തങ്ങടെതങ്ങടെവിഭവത്തോടെ
ആനകൾതേരുകളനവധിജനതതി
മാനികളുംമെജമാനന്മാരും
മേനോക്കികളുംസേനാപതികളു-
മധിപന്മാരുമമാത്യന്മാരും
മാനിനിമാരുംവൃഷലികളുംബഹു-
മാനിക്കേണ്ടുംരാജസ്ത്രീകൾ
ആനന്ദിച്ചുകളിച്ചുചിരിച്ചുട-
ന്നാനകനന്നുപരന്നുവരുന്നൊരു
മാനുഷഘോഷവിശേഷമതിങ്ങിനെ

ഞാനരചെസ്സുധരിപ്പിക്കേണ്ടു?
ആനനമായിരമുള്ളഫണീന്ദ്രൻ
താനരചെയ്കിലുമില്ലവസാനം
അങ്ങാടിത്തെരുവുകളങ്ങാശു കെട്ടിത്തീർത്തു
മങ്ങാതെകൊണ്ടങ്ങിണികൾചെങ്ങാതിമാരുംവന്നു
കെട്ടുംചുമടുകളുംഒട്ടുംകുറക്കാതെ
കെട്ടിച്ചുമന്നുവച്ചു ചട്ടിപ്പരിഷകൾകോ-
മട്ടിപ്പരിഷകളും ചെട്ടിച്ചിമാരും കൊച്ചു-
കുട്ടികളേയും ചിലചട്ടികലങ്ങൾപല
വട്ടിയുംകുട്ടകളും, കട്ടിക്കവണിതെരുത്തു
കെട്ടിപ്പുടവസാമാൻ കോട്ടക്കച്ചകൾ പല
കൂട്ടങ്ങളെന്നുവേണ്ടാ
കപ്പാസുകൂട്ടങ്ങൾമണപ്പാടൻമുണ്ടുവക
തുപ്പട്ടുറുമാൽചെഞ്ഞിപ്പട്ടാവീരവാളിയും
തൊപ്പിചകലാസുകൾകുപ്പികണ്ണാടികളും
ചെപ്പുംചിമിഴുകൾകറുപ്പുംകരിമ്പടവും
തപ്പുകൊണ്ടങ്കികൾവിരിപ്പുംകോസടികൾചെ-
രിപ്പുംപലവിധംപരിപ്പുപയറുഴുന്നും
ഇത്തരമനവധിവാണിഭമവിടെ
സ്സതചരമങ്ങുതുടങ്ങിപലേടവു-
മെത്രമനോഹരമരചപുരത്തിൽ
വിചിത്രവിശേഷമഹോബഹുഘോഷം
പട്ടന്മാരുടെവാണിഭമൊരുവക
പട്ടുകൾരട്ടുകൾതിച്ചളമച്ചടി
തട്ടുകൾതോറുംതെക്കൻപുടവ
ക്കെട്ടുകൾപലതുമഴിച്ചുനിരത്തി
പത്തുപണത്തിനെടുത്തൊരുമുണ്ടിനു
പതിനഞ്ചുപണംവിലപറയുംചില
പുത്തൻകവണിപണത്തിന്നുപത്തു
പുത്തൻവിലവെച്ചുമെന്നൊരുവർ
ഉപടാപ്പെട്ടുവായപ്പടിനമ്മൊട്ടു
കൂടാതെപോഷാണൊരുവിപ്രൻ
ആറുത്തുകെട്ടിപ്പുടവകളൊരുവക
തെരുത്തുകെട്ടിത്തെരുവുകളിരുപുറ-
മൊരുത്തിരിക്കെച്ചൊരളിശിവിരവൊട്ടു
നിരത്തിവച്ചുംഞെറിച്ചുവിററും
തരത്തിലർത്ഥംകരസ്ഥമാക്കി
പുരാക്കവാങ്ങിപ്പുരക്കെവാണിഭ-
നിരക്കെവർഷിച്ചിരിക്കുമനവധി
പാരദേശികളുടെപലപലഘോഷം
നാനാരികളുടെരവുംകലശലു-
മൊരുവകകശുപിശപറയുകവാണിഭ-
മെടുക്കയുംചിലർകൊടുക്കയുംചിലരു-
ട്ടുക്കയുംചിലർനടക്കയുംചില-
[illegible]കയുംചിലർപാടുകയുംചില
[illegible]കയുംചിലർചാടുകയുംചിലർ
[illegible]ചുനടിച്ചുരസിച്ചു
[illegible]മഹാനലമൊട്ടുനരവര-
[illegible]തിലതിശയമിതിജാതം
കനകനരവരനുടയകനകമണിമന്ദിരേ
[illegible]നകീകല്യാണഘോഷംമനോഹരം
അരചർവരുവൊരുവഴികൾതെരുവുകളുമൊക്ക
യാടകൾകൊണ്ടുവിതാനിച്ചുഭംഗിയിൽ (വേ-
മണികനകരജതശതമണിയുമണിപന്തലിൽ
മാലകൾതൂക്കിവിളക്കുവച്ചാദരാൽ
നിറമുടയകനകമണിനിറപറകൾവച്ചുടൻ
നിളവേചന്ദനച്ചാറുംകളഭവും
കനിവിനൊടുപനിജലവുമതിസുരഭികുങ്കുമം
കസ്തൂരിയുംതളിച്ചേറുംപരിമളം
നടനടികളുടെനടനചതുരവവിലാസവും
നല്ലൊരുവേണുവീണാദിനാദങ്ങളും
കിടുമുടികളുടെചടുലചടചടരവങ്ങളും
കിങ്കരന്മാരുടെഹുങ്കാരഘോഷവും
കുളികൾനിലവിളികളിളകിളികളുടെലീലയും
കസ്തൂരികുങ്കുമാമോദസംഭാരവും
നരപതികളുടെവരവുമവിരതമതങ്ങിനെ
നാല്പുറികിന്നുതിരക്കുംപരക്കവേ
കുടതഴകൾകൊടികൾബഹുതുടിപടഹശബ്ദവും
കൊമ്പുംകുഴൽവിളികാളവുംതാളവും
തകിൽമുരശുമദ്ദളംതപ്പുംതിമിലയും
ചെണ്ടപ്രയോഗങ്ങൾപാണ്ടിമേളങ്ങളും.
ഇത്തരമനവധികോലാഹലമിഹ
ചതുരവാടികൾതോറുമുദാരം
പത്തരമാററുള്ളാഭരണങ്ങൾമ-
ഹത്തരമുടലിലണിഞ്ഞുവരുന്നൊരു
പെണ്ണുങ്ങളെയുംകൊണ്ടുവരുന്നൊരു
പൊന്നന്മാർപലകുശ്ശക്കാരും
ഔച്ചന്നംപലപട്ടന്മാരുമി-
വണ്ണംവിസ്മയമെങ്ങാനുണ്ടോ?
അച്ചികളൊരുവകമുത്തുവേശ്യകളാ-
മച്ചികൾകിഴവികൾമക്കളുമൊക്കെ
കാഴ്ചകൾകാണ്മാൻവട്ടംകൂട്ടി
താഴ്ചവരാതെചമഞ്ഞുതുടങ്ങി
കച്ചഞൊറിഞ്ഞുമുടുത്തുംപിറകിൽ
പിച്ചളമോതിരമിയ്യൻമോതിരം
ഇത്തരമോരോരോകൊച്ചുകളിട്ടുക
ഴുത്തിൽപൊന്മണിതാലികൾകെട്ടി
കണ്ണിൽകരിയുംതേച്ചുമിനുക്കി
കണ്ണാടിയെടുത്തതിൽനോക്കി
കുറിയുംതിലകവുമിട്ടുവെളുത്തൊരു
മുറിമുണ്ടിങ്ങനെതോളിലുമിട്ടു
വെററിലപാക്കുംപുകയിലയെന്നു-
മിവററയതെല്ലാംമടിയിലുമാക്കി
കുട്ടി! കമ്മിണികുഞ്ഞിപ്പെണ്ണേ
ഇട്ടിളയച്ചികോതേചിരുതേ!
ചക്കിമാധവികാളിനീലി
ചക്കച്ചിരുതേ [illegible]
ചന്തമോലുകിഞെളിഞ്ഞു [illegible]
മണിഞ്ഞുകുനിഞ്ഞുമലഞ്ഞുമുലഞ്ഞും
കാലംപോയതുകാണുന്നീലേ
കാഴ്ചകളെല്ലാംകഴിയുംമുമ്പേ
വെക്കംചെന്നൊരുദിക്കിൽപാർത്തിരി-

രിക്കാഞ്ഞാലക്കോയിക്കൽപല
തിക്കുംവലിയതിരക്കുംപലരുടെ
മുഷ്ക്കുംകലാശൽപെരുക്കുമ്പോളൊരു
മിക്കനമുക്കലഭിക്കയുമില്ലവ-
സിക്കണമെങ്കിലിതൊക്കെയരിപ്പിൻ
മുഞ്ഞിനരച്ചവെളുത്തൊരുനല്ലൊരു
പാഞ്ഞികണക്കിനെമുതുകിഴവച്ചാർ
കുഞ്ഞിപ്പെണ്ണിനുകാഴ്ചകൾകാണ്മാൻ
കൂട്ടിക്കൊണ്ടുതിരിച്ചുതുടങ്ങി
കഞ്ഞികുടിപ്പാനില്ലെന്നാലും
കണ്ടാൽവക്കത്തുള്ളവനെന്നാ-
ലിങ്ങിനെകൊള്ളാമത്രമില്ലാഞ്ഞാ-
ലെങ്ങിനെപെണ്ണിനുതലപൊറാഞ്ഞേണ്ടു
നിങ്ങളിതാരുംബോധിച്ചീലേ
സംഗതിയെന്നൊരുനാരിപറഞ്ഞു
മറ്റൊരുനാരിപറഞ്ഞാളപ്പോൾ
മാക്കോച്ചാരുടെമകളൊട്ടുകൂടെ
കാക്കരനായരുചേർച്ചതുടങ്ങി
പോക്കിരിയവനൊരുചെണ്ടപിണഞ്ഞു
പത്തുപണത്തിനുപാതിപ്പുടവയെ-
ടുത്തുകൊടുത്തുപടസ്സുംപോയി
പത്താംതീയതിപണമുണ്ടാക്കി
പ്പട്ടർക്കങ്ങുകൊടുത്തില്ലെങ്കിൽ
പതിനുരണ്ടരപലിശപ്പണമെ-
ന്നൊന്നുപറഞ്ഞുപിരിഞ്ഞിതുപോലും
പത്താംതീയതിപുലരുന്നേരം
പട്ടർതളത്തിൽപാട്ടകിടന്നു.
കാക്കരയാനവനെങ്കപ്പോനാൻ
കച്ചയെടുത്തപണത്തെത്താരും
പണമില്ലാട്ടാപ്പണയംതാരും
പട്ടരുകിട്ടേവാരുംപെണ്ണേ
ഒമ്മെത്താനൊരുപണയംതന്നാ-
ലൊരുകറിപാത്രവാങ്ങിക്കൊൾവ
ഇങ്ങനെപട്ടരുപട്ടിണിയിട്ടു
പാട്ടകിടക്കുന്നെന്നതുകേട്ടു
കൊച്ചനുജത്തിയൊളിച്ചുപതുക്കെ-
ക്കച്ചയെടുത്തുപുതച്ചുംകൊണ്ടു
തച്ചൻനായരെമുമ്പിൽനടത്തി
കാഴ്ചകൾകാണ്മാനങ്ങുതിരിച്ചു
കാഴ്ചപ്പുറലിപെരുത്തുംപോലൊരു
താഴ്ചവരാതങ്ങിങ്ങനുജത്തി
നല്ലവെളുത്തൊരുപുടവയുടുപ്പാ-
നില്ലതുകൊണ്ടുനമുക്കുവിചാരം
മണിയുംതാലിയുമെന്തിനുനല്ലൊരു
തുണിയുണ്ടെന്നാലായതുപോരും
കണികാണ്മാനൊരുപണമില്ലാത്തവ-
ളണിവാനോത്താലെന്തൊരുകാര്യം
ഉമ്മാൻവകയില്ലാത്തൊരുതൊമ്മൻ
സമ്മാനിപ്പാനാളായുരുമോ
നമ്മുടെവീട്ടിൽപണ്ടൊരുമാതാ-
മമ്മാത്രംമുതൽതേടിയതെല്ലാം

അമ്മാവിക്കുകൊടുത്തുകൊടുത്തുട-
നമ്മാവൻതാനൊക്കെമുടിച്ചു
അമ്മാമക്കളൊരഞ്ചെട്ടുണ്ടവ-
രുമ്മാനല്ലാതൊന്നിനുപോരാ
അമ്മാപാപികൾരാവുംപകലും
ഉമ്മാനിലയുംവച്ചനിരക്കെ
കോലെറയത്തുമടുക്കളയില്ലൊരു
കോപ്പാഹലമേകേൾപ്പാനുള്ളു
ചോറുവിളമ്പെടികോതേ! ചിരുതേ
മോരുവിളമ്പെടിമാധവിനിങ്ങടെ
വെണ്ണെല്ലാംചിതമയ്യോകറികളി-
ലുപ്പുംമുളകുംചേർത്തിട്ടില്ലാ
കയ്പുണ്ട്യംചിതമൊരുപുളിയെങ്ങനെ
കയ്പുണ്ടാവാൻസംഗതിവന്നു
കുട്ടികളിങ്ങനെപിശകിപ്പിശകി
ക്കിട്ടിയതൊന്നുംമതിയില്ലിനിയും
ചട്ടിയിലുള്ളൊരുചോറുംകറിയും
കൊട്ടിവിളമ്പണമല്ലെന്നാകിൽ
പട്ടികൾപോലവർപാഞ്ഞുകരേറി-
ച്ചട്ടികലങ്ങളുടപ്പാനുംമതി
മുട്ടിനമുക്കുമനസ്സുംപലപല
മുട്ടികണക്കിനുതിന്നുതടിച്ചൊരു
കൂട്ടക്കാരുടെമൂലംനമ്മുടെ
വീട്ടിലിരുന്നുപൊറുപ്പാൻമേലാ
ചേട്ടക്കാക്കരിവെച്ചുവിളമ്പി
ച്ചേട്ടത്തിക്കുമെനിക്കുംഭാരം
കോട്ടമൊരിക്കൽകഞ്ഞികുടിപ്പാൻ
കൂട്ടകയില്ലൊരുനേരംപോലും
കോയിക്കൽപോയ്ക്കാഴ്ചകൾകാണ്മാൻ
സ്ഥായിക്കാർചിലരുണ്ടെന്നാകിൽ
പോയിക്കൊണ്ടുവരേണമിനിക്കതി-
നായിക്കൊണ്ടുപുറപ്പെട്ടപ്പോൾ
അമ്മാവിക്കതുസമ്മതമെല്ലാം
അമ്മാവനുമൊട്ടങ്ങിനെതന്നെ
അമ്മയ്ക്കുല്ലാതിട്ടിക്കിലെടോ
നമ്മെക്കൂതരിമ്പില്ലാർക്കും
മോദിച്ചീടിനനാരികൾതമ്മിൽ
ചോദിച്ചങ്ങുപറഞ്ഞുതുടങ്ങി
കല്യാണാംഗിവിദേഹാത്മജയുടെ
കല്യാണോത്സവഘോഷംകാണ്മാൻ
ഉല്ലാസേനധരിത്രിയിലുള്ളവ-
രെല്ലാവരുമിഹപോയീടുന്നു
എല്ലാവരുമിഹപോയതുകൊള്ളാം
തെല്ലുവിരോധംകേൾപ്പാനുണ്ടു
വില്ലാളികളാംവീരനൃപന്മാ-
ർക്കില്ലാതവളെക്കിട്ടുകയില്ല
വില്ലുവലിച്ചുകലച്ചുമുറിച്ചേ
വേളികഴിപ്പാൻസംഗതികൂടൂ
വില്ലെന്നുള്ളൊരുപണയംചൊന്നതു
വില്ലങ്കമതായ്വന്നുഭവിച്ചു
നല്ലസമർത്ഥന്മാരായുള്ളോർ

നരപതിവിരുതന്മാർവന്നുപലർ
വില്ലുമെടുത്തുവീണുമുറിഞ്ഞു
പല്ലുതകർന്നുഎല്ലുഞെരിഞ്ഞവ–
രെല്ലാംപരവശരെന്നേവേണ്ടു
പെണ്ണിനെമോഹിച്ചയ്യോശിവശിവ!
പെണ്ണുങ്ങൾക്കുണ്ടോമല്ലിപിണഞ്ഞതി-
വണ്ണമിതെന്നുപറഞ്ഞറിയിപ്പാൻ
ഖണ്ഡമെനിക്കെൻകൊച്ചുജന്തി
ഇങ്ങനെപണയംപറവാനെന്തൊരു
സംഗതിയായതുകേട്ടോതാനും
നിങ്ങടെചെവിയിൽപുക്കാലവിടെയു-
ണ്ടുകയില്ലപരക്കംനാട്ടിൽ
നിന്നാണെന്നുടെകണ്ണാണെന്തും-
നിന്നിയൊരുത്തരെയറിയിക്കില്ല
എന്നാൽപറയാമച്ഛനുമമ്മയു-
മൊന്നുതുടങ്ങിപ്പലരുംകൂടെ
മുഷ്കരമായൊരുപണയംചൊല്ലി
ദുർഘടമാക്കിത്തീർത്തുവിവാഹം
പെണ്ണിനെയച്ഛനുകൂറില്ലെന്നോ
പെണ്ണിനുണ്ടോഅച്ഛനുമമ്മയും
അച്ഛനുമമ്മയുമില്ലാതെങ്ങിനെ
കൊച്ചുകുമാരിപിറന്നുണ്ടായി?
എങ്ങിനെയുണ്ടായെന്നതറിഞ്ഞി-
ല്ലെങ്ങിനെകിട്ടിയതെന്നേവേണ്ടു
കഞ്ഞികുടിപ്പാൻവകയില്ലാഞ്ഞാൽ
കുഞ്ഞിനെവിറ്റുംപാപികളുണ്ടാം
പിള്ളേവിറ്റുംപണമുണ്ടാക്കി
പുള്ളപൊറുപ്പിപ്പാൻമുതിരുന്നൊരു
തള്ളയിരിക്കുംനാട്ടുനശിക്കും
കൊള്ളരുതീവകജാതികളൊന്നും
അങ്ങിനെയങ്ങാൻകിട്ടിയപിള്ള-
യ്ക്കിങ്ങിനെയരുളവമെന്നായ്വരുമോ
കഞ്ഞുതനിക്കില്ലാഞ്ഞാൽമറുകി-
ഴിഞ്ഞൊരുജാതിയിലുള്ളൊരുശിശുവെ,
കുഴിയതിൽവെച്ചുമെട്ടുകാമെന്നൊരു
പഴമൊഴിയുണ്ടതുകേൾക്കിൽ
വലിയതമ്പുരാനിങ്ങനെവന്നൊരു
വഴിയിൽവന്നവൈദേഹിയതാകിയ
മകളെവളർത്തിന്നതുകൊണ്ടൊരു
മകളെക്കൂറില്ലാതെവച്ചോ
എന്തൊരുകഷ്ടംസാധിക്കാതൊരു
പന്തിപിടിച്ചൊരുപന്തിരുപന്മാർ
ചന്തമിയന്നിഹവന്നവരെല്ലാം
ദന്തമൊടിഞ്ഞുമടങ്ങിപ്പോയി
എന്നുടെജാനകിതരളാരായി
യെന്നിനിയവളുടെവേളികഴിപ്പൂ
പതിയായിട്ടൊരുമന്നവവീരൻ
പതിയായിട്ടുപ്രയത്നംചെയ്താൽ
പതിയായിട്ടുവരാനുംവിഷമം
പതിയായിട്ടൊരുപണയംമൂലം
ഇങ്ങിനെജാതകമല്ലോജാനകി-
യിങ്ങനെതന്നെയിരുന്നുനരക്കും
പല്ലാത്തുള്ളൊരുരാശിയിലല്ലോ
വന്നുപിറന്നൊരുവൈദേഹിക്കു
കല്യാണത്തിനുവേണ്ടുംഭാഗ്യമ-
തില്ലാഞ്ഞാൽപുനരെന്തിഹചെയ്യാം

എന്നേനിർമ്മരിയാദമെന്നേപറവാനുള്ളു
എന്നേവേണ്ടുകിലെന്റെകഞ്ചംപിഴകേണം [താൻ
എന്നുള്ളസംസാരംപോൽവന്നുകൊള്ളുന്നതെല്ലാം
ഒന്നുംകണക്കിലാക്കില്ലെന്നുനമുക്കുപക്ഷം
വില്ലുകുലയ്ക്കുന്നോർക്കുവേളിലഭിക്കുവെന്നു
തെല്ലുംമടിക്കൂടാതെചൊല്ലുന്നതമ്പുരാനെ
കല്യാണിസീതയുടെകല്യാണംവേണമെന്ന-
തെല്ലോളമാശയില്ലെന്നല്ലോതോന്നിക്കണ്ടായ
നല്ലൊരുപെണ്ണിതുനരച്ചുപോകയേയുള്ളു
വല്ലോരുംവന്നുവേട്ടുകൊണ്ടുപോയില്ലെന്നാകിൽ
നല്ലതലമുടിയുംകാതുംമുഖവുംനല്ല
പല്ലുംചൊടിയുംകണ്ണുംകണ്ടാലെത്രമനോജ്ഞം
ചാലേപകിടച്ചൂതുപോലെമുലകൾരണ്ടും
ബാലയാംവൈദേഹിക്കുവന്നുകരുത്തീടുന്നു
ആലാപഭംഗികളുംലീലാകടാക്ഷങ്ങളും
പ്രാലേയരുചിബിംബംപോലെവദനംപിന്നെ
നീലേന്ദീവരംപോലെനീണ്ടുള്ളനേത്രങ്ങളും
മല്ലീശരന്റെചാപവില്ലിന്റെവൈഭവത്തെ
തല്ലിമണ്ടിക്കുന്നൊരുചില്ലീയുഗവുംനല്ല
മുല്ലമൊട്ടുകളുംപോലെപല്ലുംമന്ദസ്മിതവും
ബാലേന്ദുകലപോലെഫാലതിലകങ്ങളും
എല്ലാമിവണ്ണംകണ്ടുംകേട്ടുംനൃപവരന്മാർ
എല്ലാംമലരമ്പന്റെമുല്ലക്കണകളേറ്റു
വല്ലാതുഴന്നുദേഹമെല്ലാംതളർന്നുഖേദ-
മല്ലാതൊരുനേരവുമില്ലാതെനാടുംവീടു-
മെല്ലാംവെടിഞ്ഞുവെക്കമെല്ലാരുംകൂടിസ്സീത
കല്യാണപ്പന്തൽകളിൽചെല്ലുന്നനേരംകേട്ടു
വില്ലുകുലയ്ക്കാമെന്നുവില്ലന്മാരൊത്തുചെന്നു
വില്ലുമെടുത്തുവീണുപല്ലുംതകർന്നുപാരം
അല്ലൽപിണഞ്ഞുസാധിക്കില്ലെന്നാച്ചുമണ്ടി
നല്ലാർമണിയുടെയകല്യാണമൂർഘടമായി
വല്ലാത്തകാലമെന്നേചൊല്ലാവൂയെന്നിവണ്ണം
എല്ലാംസ്ത്രീകളുംതമ്മിൽസല്ലാപംചെയ്യുന്നേരം

മണിവർണ്ണനൊരുമനോഹരരൂപിണി
കുണ്ടിവാൻകുഴലിതാമരച്ചെയ്യാൾ
കുജ്ജിതംകളകകാമിനിമാരെ
കണ്ടുകൊൾവിനിഹവേളിമഹോത്സവം
രണ്ടുപക്ഷമതിനില്ലവിവാഹം
രണ്ടുനാളികകൾശുഭവിക്കും
രണ്ടുസുന്ദരനരേന്ദ്രസുതന്മാ-
രുണ്ടുപോന്നിഹപുരേമരുവുന്നു
കണ്ടുതാനവരെയിന്നിഹകണ്ടാൽ
രണ്ടുപേരുമതിവിസ്മയരൂപികൾ
പാണ്ടുശാംഭവചാപതികോപാ-
കൊണ്ടുഫാലമിഴിതന്നിലെരിച്ചോരു

പണ്ടുണ്ടായൊരുയജ്ഞമതിങ്കൽ
രണ്ടുവിഗ്രഹമിയന്നിഹവന്നു
കണ്ടിവർകുഴലിസീതയെവേട്ടും
കൊണ്ടുപോകുവതിന്നിഹതോന്നും
രണ്ടുപേരിലൊരുവൻവിരവോടെ
കുന്തരാകിയനൃപന്മാർപലരും
കണ്ടിരിക്കവെവില്ലുകുലച്ചും
കൊണ്ടുജാനകിയെവേളികഴിച്ചിഹ
കൊണ്ടുപോയിടുമായതുനിശ്ചയ-
മുണ്ടിനിക്കുമമകൊച്ചുമജിത്തി
തണ്ടുതപ്പികടകുസ്ഥിതഭാവം
കണ്ടിരുന്നിഹനമുക്കുചിരിക്കാം
രാമനെന്നവനുലക്ഷ്മണനെന്നും
നാമധേയമവർക്കിഹകേട്ടു
കാമദേവനുടെകാന്തിയെവെല്ലും
കോമളാകൃതിമനോഹരനാകിയ
രാമനെന്നശിശുവില്ലുകുലപ്പാൻ
ആമുനീന്ദ്രനരുൾചെയ്തിതുപോലും.
അപ്പോൾശിവശിവകൊച്ചുകുമാരനു
കയ്യുംകാലുംപോകാതുള്ളൊരു
ത്ര്യംബകത്തെകുലച്ചൊരുമുനി-
വര്യനെയിപ്പോൾഭ്രാന്തുപിടിച്ചോ
വമ്പൻവാഴകുണക്കുതടിച്ചൊരു
കൊമ്പന്മാർചിലർവന്നവിടെത്തു
ണ്ടേറ്റുമെടുത്തുകുലപ്പാൻവളരെ
ദണ്ഡിച്ചുപൂരുഷരതായെന്നല്ലീ
കണ്ണുംപൊടിഞ്ഞുകാലുമൊടിഞ്ഞു
മണ്ണിൽമറിഞ്ഞുമുറിഞ്ഞുശരീരം
മന്നിലിരിക്കുന്നവരന്നവരി
ഖിന്നതപൂണ്ടിഹമറിപ്പോന്നു
അങ്ങിനെയുള്ളൊരുവില്ലുകുലപ്പാ-
നിങ്ങനെശിശുവാംദശരഥതനയൻ
പോരുന്നെന്നാരിയാകുന്നതികഠിനമി-
താന്തന്മാരേനിങ്ങൾധരിപ്പിൻ
ആനവലിക്കാതുള്ളമരത്തടി
പൂനവലിപ്പാനാളായ്‌വരുമോ
ജാനകിമൂലംമനുകുലജാലം
മാനക്കേടുവരുത്തുംമാമുനി
വിശ്വാമിത്രൻകല്പിച്ചാലതു
വിശ്വാസമിനിക്കില്ലമജിത്തി
വിശ്വംമൂന്നിലുമെത്രയുമേറ്റം
വിശ്രുതമാകിയസൂര്യകുലത്തിൽ
വന്നുപിറന്നനൃപന്മാർക്കൊരുപിഴ-
വന്നെന്നുള്ളതുകേൾപ്പാനില്ല
ഇന്നിതുകേൾക്കാറാകുമല്ലി
ഖിന്നതയുണ്ടായ്‌വരുമെന്നിട്ടൊരു
നമ്മുടെസ്വാമിവിദേഹനരേന്ദ്ര-
നുള്ളതുഞങ്ങളിഹചൊല്ലാമിപ്പോൾ
വില്ലിന്നുള്ളൊരുപണയംചൊന്നതു
വില്ലുകഠതെവെടിഞ്ഞുപൊട്ടുക്കനെ
പല്ലവമാരകനാകിയരാമനെ
മെല്ലെവിളിച്ചുവരുത്തിക്കനിവൊടു
കല്യാണാംഗിയതാകിയമകളുടെ
കല്യാണംവഴിപോലെകഴിച്ചഥ
ആരുംവളരെഗ്രഹിയാതങ്ങൊരു
തേരിന്മുകളിൽകേറ്റിയയോദ്ധ്യാ-
പുരിയിലയയ്ക്കണമിരുവരെയുംപുന-
രതുതാനത്രെസമയമതിനിപ്പോൾ
നാമിവരചൊന്നതുചെയ്യേണ്ടാലെൻ-
സ്വാമിക്കേതുംദൂഷണമില്ല
രാമനുമാകട്ടേന്നുംചെയ്യുന്നത്
ഭൂമിയിൽനല്ലൊരുകീർത്തിനടക്കാം.
ചാർച്ചയുമുണ്ടേംചേർച്ചയുമുണ്ടാം
താഴ്ചയുമെന്തുംവരികയുമില്ല
കാഴ്ചകളോരോതരമുണ്ടാകിൽ
വാഴ്ത്തുമിങ്ങനെചെയ്താലിപ്പോൾ
പോയിനിന്നിടസംസാരമത്.
പോകാംവിരവൊടുകാഴ്ചകൾകാണ്മാൻ
കെട്ടിച്ചമയിച്ചുനിൽക്കുന്നാക്കിയ
കോപ്പുകളെല്ലാമങ്ങിടിയെല്ലാം.
കോപ്പുകളെല്ലാംപണയംവെച്ചു
കുറുപ്പുകളെല്ലാംകൊണ്ടുമുടിച്ചൊരു
മുടിയന്മാരാംനമുക്കൊരുമുണ്ടും
പുടവയുമിപ്പോളൊരുമാറില്ല
കണ്ടെന്നുള്ളതുതലയിൽകേറി
കാട്ടിലൊളിച്ചുനടക്കുന്നിപ്പോൾ
ഉമ്മിണിയച്ചീപാതിനിന്നുടെ
പൊന്മണിയിന്നുനമുക്കുതരാമോ
പൊന്മണിവിററുകടത്തെപ്പോക്കി
പൊളിയല്ലിങ്ങനെസംഗതിവന്നു
പൊന്നുംവെള്ളിയുമെന്നുടെവീട്ടില-
തൊന്നുംകണികാണ്മാനുമതില്ലാ
രാമച്ചാരുടെമകനുടെകഴുത്തിലെ-
താലിക്കുടക്കുന്നുണ്ട്
ആയതുകിട്ടുംചോദിച്ചെന്നാ-
ലായവനാരാമെന്നുടെപക്ഷം
അവരൊടുപോന്നില്ലേകാഴ്ചകൾകാണ്മാൻ
അവരുടെപോന്നില്ലൊത്തുപോവാൻമേലാ
ഇങ്ങനെയോരോരോവാക്കുപറഞ്ഞും
തങ്ങടെവീടുവരുത്തിക്കൊണ്ടും
പെട്ടിതുറന്നുകോപ്പുകളെല്ലാം
കെട്ടിയണിഞ്ഞുംപുടവയുടുത്തും
കണ്ണുകളെഴുതിതിലകംതൊട്ടും
മോതിരമിട്ടുംകൈവളയിട്ടും
താലിയണിഞ്ഞുംമാലയണിഞ്ഞും
നാടൻപുഴവുമുഖത്തുമിറക്കി
ക്രൂരതലമുടിചിക്കിവിടർത്തു
വെററിലകളെത്തുംകയ്യിലെടുത്തും
മറവുള്ളവർകളെമാടിവിളിച്ചും
കൊഞ്ചിനെയേളിയിലെടുത്തുംചിലതരു-
മച്ചികളങ്ങനെതുടങ്ങി
തെക്കുവടക്കുകിഴക്കുപടിഞ്ഞാറ്

റൊക്കനിറഞ്ഞുകവിഞ്ഞുവരുന്നൊരു
വിപ്രന്മാരുടെതിക്കുതിരക്കനി-
രപ്പൊട്ടത്രവിചിത്രമിതല്ലോ.
ഹേഹേതന്നൊട്ടചോദിക്കുന്നവി-
ദേഹേശൻറമക്കൾക്കുസ്വയംബര-
ഘോഷമിതെന്നുതുടങ്ങിജനങ്ങളു-
ശേഷവുമവിടെച്ചെന്നുനിറഞ്ഞു
തത്രനമുക്കുപ്രതിഗ്രഹമവിടെ-
ട്ടെത്രലഭിക്കുമതുണ്ടോകേട്ടു
നംപൂതിരിമാർക്കമ്പതുമറുപതു-
മാർക്കാശ്ശുണ്ടെന്നങ്ങിനെകേട്ടു
ഓരോപാത്തിപ്പട്ടുംകിട്ടും
നേരാംപൊളിയോകണ്ടാലറിയാം
ധീരതപൂണ്ടൊരുനല്ലമഹീപതി
പാരിൽധനവാന്മാരിലധീശൻ
ഭൂരിദ്രവ്യമതുള്ളതശേഷം
വാരിക്കോരിച്ചിലവിട്ടപ്പോൾ
ദാരിദ്ര്യംകണ്ടീകാൺമാനില്ലാ-
തായ്‌വരുമെന്നാലിപ്പരിഷക്കു
പോരികവിപ്രാസദ്യയടുത്തു
കോരികകൊണ്ടുവിളമ്പുംപ്രഥമൻ
പപ്പടവുംപഴവുംപഞ്ചാരയു-
മപ്പംവടകളുമുപ്പേരികളും,
നെയ്യുംനല്ലപരിപ്പുംപാലും
പച്ചടികിച്ചടിവേപ്പിലമാങ്ങാ
നാരങ്ങാക്കറിപുളിയിഞ്ചികളും
ചക്കപ്രഥമനടപ്രഥമൻപുന-
രൊക്കയുമോലോലക്കറിയിങ്ങനെ
ശർക്കരചേർത്തുവറുത്തുപദാർത്ഥം
മുഷ്കരമാകിനനേന്ത്രപ്പഴവും
കുന്നൻപഴവുംവണ്ണൻപഴവും
കാളിപ്പഴവുംകദളിപ്പഴവും
കന്നിൻതൈരുംകാച്ചിയമോരുമി-
തൊന്നുംകുറവില്ലെത്രചെലുത്താം
മുന്നാലായതിലേറെവിളമ്പും
ഇലയിലിടംപോരാതായ്‌വരുമേ
എല്ലാമിലയിൽശേഷിപ്പവരൊട്ടു-
വല്ലാതങ്ങുശകാരിക്കുന്നു
[illegible]രിപ്പനടത്തുംപരദേശികടെ
വല്ലപ്പുമവിടെക്കാണുകയില്ല
വസ്ത്രമനല്ലമടപ്പള്ളിക്കാ-
രല്പമതല്ലൊരുപത്തുസഹസ്രം
കല്പനകേട്ടുനടക്കുന്നവരുടെ
കൈക്കുപിടിച്ചുപുറത്തുംതള്ളും
ചന്ദ്രാകാരന്മാരേറെഞെളിഞ്ഞാൽ
ചന്തംകെട്ടുവരുത്തിയതല്ലാം
കൊള്ളാവുന്നജനങ്ങൾപിഴച്ചാൽ
കൊല്ലാൻകല്പനവരുമെന്നറിക
കൊല്ലരുതാത്തവരെക്കൂട്ടത്തിൽ
കൊള്ളരുതാത്തവഴിക്കുംകൂട്ടും.
ചമ്പുകുള്ളാരജമാനൻമീശ-
കൊമ്പുള്ളവനൊന്നാകിലുമുടനേ
സംഭാരങ്ങൾവരുത്താത്തവരെ
സ്തംഭത്തോട്ടുവരിഞ്ഞിഹകെട്ടും
നംപൂതിരിമാർചോമാതിരിമാ-
രെംപ്രാന്തിരിമാർപരദേശികളും
നമ്പിബ്രാഹ്മണരെന്നുള്ളവരുടെ
മുമ്പിൽവരുമ്പോൾവഴിതിരിയാഞ്ഞാൽ
വമ്പന്മാരവരധികാരികളെയു-
മമ്പൊട്ടരചതിപിഴചെയ്യിക്കും
സംപ്രതിജനകപുരത്തിലൊരുത്തനു
സംഭ്രമമെന്നതുകാണ്മാനില്ലാ.

ഇത്ഥംനാലുദിക്കിന്നുമെത്തുംമഹീസുരന്മാർ
ചിത്തംതെളിഞ്ഞുപലവൃത്താന്തംപറഞ്ഞുകൊണ്ടു
മത്രാവിശാലിയുമാമത്രനഗരിതന്നിൽ
ചിത്രമായുള്ളബഹുസത്രങ്ങൾകണ്ടുകണ്ടു-
ണ്ടെത്രയുംമോദമോടെയാത്രീശൻജനകൻെറ
പുത്രിവിവാഹഘോഷാത്രസുഖിച്ചുവാണു

ഇത്തരമനവധിഘോഷംമേൽമേലിഹ
ചിത്തരസങ്ങളനേകമനേകം
പത്തനമൊക്കെനിറഞ്ഞുജനങ്ങടെ
പലപലവിദ്യകളങ്ങുതുടങ്ങി
ആട്ടംപരിശിപാട്ടുംകളികളു-
മോട്ടംതുള്ളലുംകൊമ്പുംകുഴൽവിളി
തട്ടുമ്മേൽകളിതറയിൽചാട്ടവു-
മൊട്ടുംകുറയാതമ്മാനാട്ടം
കമ്പക്കൂത്തുകൾതോണിമേൽകളി
കമ്പമകന്നൊരുദണ്ഡിപ്പുകളും
കൊമ്പുകളുംകിടുപിടിയുംതകിലുമൊ-
രമ്പതുലക്ഷംതിമിലക്കാരും
പാണ്ടിവിധംമലയാളവിധങ്ങളു-
മാണ്ടിക്കളികളുമായുധവിദ്യകൾ
ചെണ്ടകൂട്ടുന്നുടിമദ്ദളഘോഷവു-
മുണ്ടിഹദിശിദിശികേൾക്കാകുന്നു
ശാസ്ത്രിബ്രാഹ്മണരവരുടെകളിയും
മാത്രക്കോലുംവാളുംവടിയും
ചെപ്പടിവിദ്യകൾതപ്പടികോലടി
കൈപ്പൊട്ടപൊട്ടുപടാടവെടികളുമിടയിടെ
യിപ്പടിബഹുവിധമത്രയുമൽഭുത-
കല്പവരമതിലങ്ങുനിറഞ്ഞു.

വിശ്വാമിത്രമഹാമുനിതാനും
വിരവൊടുരഘുസുതരോടുസമേതം
വിശ്വാസംബഹുമാനംഭക്തിയു-
മാശ്വാസവുമിയലുംജനകേന്ദ്രനെ
വേറെവിളിച്ചുവരുത്തിസാദര-
മേറെതെളിവൊടുതിരുമുറചെയ്തു

വീരപുംഗവധീരമഹീപാലാ
ശൌര്യപരാക്രമധൈര്യകൾക്കിരിപ്പിടമേ
സൂര്യവംശതിലകൻദശരഥൻ
ഭാര്യമാരുമായ്മേവുന്നകാലം
പുത്രരില്ലാഞ്ഞുദുഃഖംമുഴുക്കയാൽ
പുത്രകാമമഖവുംതുടങ്ങിച്ചു

ഋശ്യശൃംഗമുനിയുടെവൈഭവാൽ
വിശ്രുതന്മാരാംപുത്രന്മാരുണ്ടായി
കോസലനൃപൻതന്റെമകളായ
കൌസല്യയ്ക്കുപിറന്നിതുരാമനും
കേകയനൃപൻതന്റെമകളായ
കൈകേയിക്കുപിറന്നുഭരതനും
മാഗധന്റെകുമാരിയായുള്ളൊരു
ധന്യശീലസുമിത്രയ്ക്കുമപ്പൊൾ
ലക്ഷ്മണശത്രുഘ്നന്മാരെന്നിങ്ങിനെ
ലക്ഷണമുള്ളപുത്രന്മാരുണ്ടായി
നാലുവേദവുമാറുശാസ്ത്രങ്ങളും
നാലുനന്ദനന്മാരുംഗ്രഹിച്ചു
ആയുധവിദ്യയാദികളൊക്കയു-
മായവണ്ണംഗ്രഹിച്ചാരവരും
മൂത്തവനായരാമൻമനോഹരൻ
മൂന്നാമൻബതലക്ഷ്മണനവനും
നമ്മോടൊന്നിച്ചുപോന്നിതുയാഗവും
ചെമ്മെരക്ഷിച്ചിതിചതുരന്മാർ
പാടവമുള്ളരാമൻവഴിതന്നിൽ
താടകയെക്കൊലചെയ്തുവേഗം
പ്രൌഢരാകിയരാക്ഷസവീരരെ
താഡനംചെയ്തുബാണങ്ങൾകൊണ്ടു
ശ്രീപാലബാലൻപിന്നെയഹല്യയ്ക്കു
ശാപമോക്ഷവുമന്പൊടുനൽകി
ശ്രീപവിത്ര്യയാംനിന്റെപുരശിവ-
ചാപമുണ്ടെന്നുകേട്ടുകാണ്മാൻ
ജാതമോദമിവിടേക്കുവന്നിവർ
ഏതുംവൈകാതെകാണിക്കചാപം.
ഇത്തരമുരചെയ്തിടിനമുനിയോ-
ടുത്തരമുരചെയ്താനഥജനകൻ
അയ്യോശിവശിവശിശുവാമിവനി-
ത്ര്യംബകമാംവില്ലുകുലപ്പാൻ
കയ്യുകൊണ്ടാസാഹസമാമിതു
ചെയ്യിപ്പിക്കനമുക്കുചിതമോ
അയ്യായിരംവന്ദ്യന്മാരിതു
ചെയ്യാമെന്നുനടിച്ചിഹവന്നി
ത്ര്യംബകമെടുത്തേറവുമടങ്ങി
ക്കയ്യുംകാലുമൊടിഞ്ഞുചിലർക്കിഹ
മെയ്യുവളഞ്ഞുകണ്ണുകളുന്തി
പൊയ്യല്ലുത്തരംകേട്ടാരവർ
ആയാളുകളിലൊരുത്തരുമെത്താൽ
വയ്യാതുള്ളൊരുദുർഘടകാര്യം
ചെയ്യുമെന്നിക്കുഞ്ഞുങ്ങൾക്കും
ചെയ്യിപ്പിക്കാമെന്നുനമുക്കും
ദുർമ്മോഹംകൊണ്ടതിനുതുനിഞ്ഞാൽ
ധർമ്മാപക്ഷയമെന്നിഹതീരും
ത്രിപുരന്മാരെച്ചുട്ടുമുടിപ്പാൻ
ത്രിദശന്മാരുണ്ടാക്കിയവില്ലിതു
സ്ഥവരന്മാർക്കുംസൂക്ഷ്മകലത്തിൽ
അപരന്മാർക്കെടുത്തുകുലപ്പാൻ
സാധിക്കാതൊരുകാര്യമിതറിക

ബോധിക്കാഞ്ഞതാപണയംചൊന്നതു
അധികംകഷ്ടമശേഷജനത്തിനു-
മധികമുള്ളൊരുതൊഴിലായ്വന്നു.
സുഖക്കേടുചാരമെന്റെമകൾക്കുവയസ്സുപ- (ത്തായ്
പൊട്ടുകെന്നോരുത്സാഹത്തിനുകൊട്ടുകേന്നുള്ളതി- (നൊരു
മുടക്കമിക്കല്യാണത്തിനുമുടക്കംവരുന്നതാകിൽപു- (ന
രൊട്ടുക്കംതെക്കുവടക്കുംകിഴക്കുംപടിഞ്ഞാറുംവഴി-
നടക്കുംജനങ്ങൾനമ്മെപഴിക്കുന്നുണ്ടെന്നുപല
വഴിക്കുംകേൾപ്പാറുമുണ്ടൊഴിക്കുംപ്രകാരംകാര്യം
കഴിക്കുന്നാകിലോസൌഖ്യംഭവിക്കുംനമുക്കുംപി- (ന്നെ
ചെവിക്കുപുത്തരിയായിട്ടുരസ്യംദുഷ്കീർത്തികേട്ടു-
ഞ്ഞിരിക്കുന്നതിനെക്കാട്ടിൽമരിക്കുന്നതത്രേനല്ലു
തെരിക്കെന്നുകാശിക്കുതിരിക്കാമെന്നതേവച്ചു
ഒരിക്കൽചാക്കുമുണ്ടല്ലോയിരിക്കെന്റെവിശ്വാമി-
ത്രരെക്കേട്ടുവന്നുനമ്മെചരക്കെദുഷിവാക്കുകൾ [ത്രു
ഉരയ്ക്കുന്നിതുപോൽനാട്ടിലിരിക്കുംമനുഷരെല്ലാം
ചിരിക്കുന്നതുകൊണ്ടുതൽപെരുകുന്നുനിങ്ങൾ- (ക്കെല്ലാം
നിരക്കുന്നതുപോൽചെയ്വാൻഎനിക്കുംമോഹമു- (ണ്ടു
മുനിക്കുസമ്മതമെങ്കിൽകനക്കേടുചിന്തിയാതെ
കനക്കെഗുണമുള്ളൊരുപുരുഷനെക്കൊണ്ടുവേളി
പരിചിൽകഴിപ്പിച്ചുകൊണ്ടുരിയാടാതെപോയാ (ലും
വൈരാഗ്യംകൊണ്ടിങ്ങനെപലമൊഴി
വൈദേഹൻപറയുന്നതുകേട്ടു
ഗൌതമനായശതാനന്ദമുനി
വീതവിശങ്കംപുനരുരചെയ്തു
സീരധ്വജനരപാലസഖേതവ
ധീരതപൂണ്ടരെങ്ങുഗമിച്ചു
വീരപരീക്ഷയ്ക്കുള്ളൊരുപണയം
വിരവൊടുപണ്ടുഭവാനുരചെയ്തതു
ഭംഗംവരികയുമില്ലവിവാഹം
സംഗതിവരുമതിനില്ലവിവാദം
പുംഗവകേതനചാപംദ്രുതമഥ
രംഗതലത്തിൽവരുത്തീടേണം
രാമൻവില്ലുകുലയ്ക്കുമതിനൊരു
താമസമില്ലതരിമ്പുമിദാനീം
മാമുനിവിശ്വാമിത്രൻതിരുവടി
രാമനുഗുരുവെന്നറികമഹീശ
ജൃംഭകമാദിമഹാസ്ത്രമശേഷം
സംഭൃതമോദംകൌശികമാമുനി
സംപ്രതിരാമനുദാനംചെയ്തു
സരസമതേനീബോധിച്ചീലാ
താടകയെക്കൊലചെയ്തുസുബാഹു
നിശാടനമുഖ്യവധത്തെച്ചെയ്തു
നാടകമല്ലിതുസകലത്രിഭുവന-
നാടകമഖിലംപാലിച്ചിടാൻ

പാടവമുള്ളോരു രാമനു കാർമ്മുക
പാടനമതിനിന്നെന്തൊരു ബന്ധം
മൂഢജനങ്ങൾക്കെന്തറിയാമിതു
ഗാഢപരാക്രമനേഷ കുമാരൻ
ശിശിരേതരകരകുലമതിലുളവാം
ശിശുവെന്നാലും വൈരികുലത്തെ
പ്രശമിതമാക്കാൻ മതിയാമെന്നതു
വിശദമതേ! നീ ബോധിച്ചാലും
പൊക്കമിയന്ന മരങ്ങൾ നിറഞ്ഞതി-
ദുഷ്കരമാകിയ കാടുകളെല്ലാം
ഒക്കെച്ചുട്ടുമുടിപ്പാനല്ലം
തീക്കനൽമാത്രം മതിയാകില്ലേ
തെല്ലുവിഷാദം വേണ്ട സഖേ തവ
നല്ലൊരു ചാർച്ചക്കാരനിവൻ തട-
വില്ലിഹ വിരവൊടു ചാരമശേഷരുടെ
വില്ലുവലിച്ചു കുലച്ചു മുറിച്ചഥ
ഉല്ലാസത്തൊടു ജനകാത്മജയുടെ
കല്യാണോത്സവമാശു കഴിച്ചഥ
കല്യനതാകിയ തവ ഹൃദി പെരുകിന
ശല്യമൊഴിക്കും ദശരഥതനയൻ

മുനിവരസാരം മുദാ കേട്ടു സീരധ്വജൻ
മനതളിർ തെളിഞ്ഞുടൻ മാനശാലീ നൃപൻ
പുരഹരശരാസനം കൊണ്ടുവന്നീടുവാൻ
പുരുഷജനമായിരം യാത്രയാക്കീടിനാൻ
തദനു പുനരായിരം കിങ്കരന്മാർ ചെന്നു
മദനരിപുകാർമുകം ചെന്നു കണ്ടീടിനാർ
പെരിയൊരു മഹാമലപ്പോലെ ശൂലികാർമ്മുകം
വിരവൊടു ചുമന്നു കൊണ്ടങ്ങു ചെൽവാൻ പണി
ഇനിയുമുടനായിരം നായരുണ്ടെങ്കിലെ
ഇതുതലയിലേറ്റുവാനാളായിനാമെടോ
വലിയമലയെച്ചുമന്നീടുവാനെങ്കിലും
ജനമിങ്ങു കല്പിച്ചയച്ചാലതും
ഒരു മടിയിലിന്നു നാം ചെയ്കയെന്നേവരു
കുറവുപറയും വിധിയേതു കുറവുമായ് വരും
അരചനുടെ ചെവിയിലെച്ചോറു തിന്നും നമ്മ-
ക്കൊരു ശരണമില്ലെടോ തമ്പുരാനെന്നിയേ
തിരുമനസി കല്പിച്ച വേലയെല്ലാം നമു-
ക്കൊരു കുറവു കൂടാതെ ചെയ്കയെന്നേവരു
മതികവിരവോടു നാം വില്ലെടുത്തീടുക
പരവശതവരും ഫലംവാശ്ശുതെന്നാകിലും
ചലമിഴികൾ കൂപ്പുമാജ്ജാനകിപ്പെണ്ണിന്റെ
ചുല്ലയിന്നാം കൊതിച്ചുവന്നീടുന്നവർക്കഹോ
മലകളെമറിപ്പതിന്നും മടിയില്ലഹോ
ഫലമിനിവരുന്നതാർക്കെന്നറിഞ്ഞീല ഞാൻ
...നരാധിപൻതന്നുടെ പുത്രനായ്
...പതി രാമനെന്നിങ്ങനെ പേരായ
...നാകൊച്ചു ഭൂപാലനിക്കാർമ്മുകം
...വോടു കുലപ്പതിനായ് തുടങ്ങുന്നുപോൽ
...ശിവ മഹാകഷ്ടമക്കുഞ്ഞു രാമനീ
...ന്നുടെ ശരാസനത്തെക്കുലച്ചീടുമോ?
...ത്രിപുരവധത്തിനായ് നമ്മുടെ തമ്പുരാൻ
തിരുമനസി കല്പിച്ചിതയ്യോ ശിവശിവ!
ഇത്തരമോരോന്നുരചെയ്തുടനെ
മഹത്തരമാകിയ കാർമ്മുകമമ്പൊടു
സത്വരമായിരമാളുകൾ കൂടിയെ-
ടുത്തുപിടിച്ചിഹ കൊണ്ടന്നുടനെ
തുംഗമതാകിയ രംഗത്തിന്നൊരു
ഭംഗം കൂടാതഴകൊടു വച്ചു
മംഗലസമയേ രഘുകുലനരവര
പുംഗവനന്ദനനാകിയ രാമൻ
കുശികാത്മജനുടെ ശാസനകൊണ്ടതി-
കുശലമതാകിന കർമ്മം ചെയ്വാൻ
ദൃശകുതുകേന പുറപ്പെട്ടപ്പോൾ
സുശകുനമഖിലവുമങ്ങുളവായി
ദക്ഷിണലോചനമിളകിത ദാശു
ലക്ഷണമാമതു പുരുഷന്മാർക്കു
ദക്ഷിണബാഹുപ്രചലനവും പുന-
രക്ഷണമേവ ഭവിച്ചു വിശേഷാൽ
പക്ഷികൾ നല്ല ചകോരാളികളും
ദക്ഷിണദിശി ശബ്ദിച്ചു തുടങ്ങി
ലക്ഷ്മണപൂർവ്വജനാകിയ രാമൻ
തൽക്ഷണ ഗുരുവാം കുശികാത്മജനെ
പ്രദക്ഷിണവും വച്ചാശു വണങ്ങി
ദക്ഷിണനാകിയ ജനകാധിപനാ-
മക്ഷിതിപതിയെ നമിച്ചു സ്വചേതസി-
ചക്ഷണനാകിയ ലക്ഷ്മണസഹിതനാ-
രക്ഷണമവിടെത്താമസിയാതുട-
നക്ഷിതിപതിസുതനാശു നടന്നു
ഖണ്ഡാമൃതകരമണ്ഡനനുടെ കോ-
ദണ്ഡമിരിക്കും മണ്ഡപസീമനി
മദകലഭബാലൻ ചെന്നു കരേറി
കനമേറീടിന കോദണ്ഡത്തിനു
കനിവൊടു മൂന്നു വലം വച്ചുടനേ
മനസാ വാചാ മദനാന്തകനെ
പുനരപി പുനരപി തൊഴുതു വണങ്ങി
ഘനതരകഠിനമതാകിയ ചാപം
വിവശതയെന്ന്യേ എടുത്തുടൻ പൊക്കി
അനവധി നൃപതികൾ നോക്കിയിരിക്കെ
ധനുരാരോപണമാരംഭിച്ചു
വില്ലിൻമുന പുനരവനിയിലൂന്നി
തെല്ലും താമസിയാതെ വളച്ചഥ
നല്ലൊരു ഞാണു പിടിച്ചു മുറുക്കി
പാണിതലംകൊണ്ടുടവു പിടിച്ചു
പത്രക്കെ താഴ്ത്തിയടി തികച്ചു
പടുതരമാകിന ചെറുഞാണൊലിയും
പൊട്ടുപൊടവടിവൊടു സപദി മുഴക്കി
കച്ചകെട്ടിയതിലമന്റൊരു നിലയുമു-
റച്ചഥ നിന്നു വലിച്ചു കരേറി
പററുഞാണവലഞ്ചുചിയററം
പറിച്ചീടിന സമയത്തിങ്കൽ
ചട്ടറ്റീടിന ചാപം നടുവെ
പൊട്ടിമുറിഞ്ഞു മറിഞ്ഞു പതിച്ചു

പെട്ടെന്നേരമുടിച്ചോരുശബ്ദം
ഒട്ടുംകുറവല്ലാഴിയുമൂഴിയു-
മെട്ടുദിഗന്തരമെന്നുകലുങ്ങി
അഷ്ടദിഗന്തരദന്തികളുടെ ചെവി-
പൊട്ടിയലഞ്ഞവർഞെട്ടിയുഴന്നു
സപ്തകുലാചലകുഹരേമതവിന
സപ്തമതാകിനസിംഹസമൂഹം
സത്വരമഖിലമുണർന്നതിവേഗം
ഖേദപ്പെട്ടുഭ്രമിച്ചുനടന്നു.
നരവീരശിഖാമണിരാമൻ
ചാരകാമിനിമാർക്കൊരുകാമൻ
അതിസുന്ദരനാകിയബാലൻ
അരിവൃന്ദകുലത്തിനുകാലൻ
അതിചതുരൻമധുരൻമഹിതൻ
സുഭഗൻസുരുചിരസരസതരൻ
ഹരചാപമെടുത്തുകുലച്ചു
പരിചോടുപിടിച്ചുവലിച്ചു
ധരണീതലമൊന്നുവിറച്ചു
ധരണീശമനങ്ങളിളച്ചു
സുഖമുടിച്ചുരസിച്ചിതുസാധുജനം
അഥകാർമ്മുകമായതുപൊട്ടി
അതുകേട്ടവരന്നൊട്ടുഞെട്ടി
ജനകേന്ദ്രനനല്പതുഷ്ടിസു-
ചനിതക്കസുഖബലപുഷ്ടി
അതിതുംഗമംഗലസമ്പലിസമന്വിതം
വരവാണിമതാകിയസീതാ
വനമാലികയോടുസമേതാ
വരനാകിയരാമനുപേതാ
വരവാണീമണിസുവനിതാ
വരനുടെഗളതലവിവിരവൊട്ടുമാല-
വച്ചുമാലൊഴിച്ചുവാണുസുഖം
നരവരസുതനഥവില്ലുകുലച്ചു
വരതനുഗളതലമതിൽമാലയുമിട്ടു
ധരണീസുരരതുകണ്ടുരസിച്ചു
പെരുകിനസഭകളിലവിടെവസിച്ചു
ജനകമഹീപതിഗൗതമമുനിയോടു
ജനിതകുതുഹലമിമ്മുരചെയ്തു
മുനികുലപുംഗവനിന്തിരുവടിതാൻ
കനിവൊടുമമമൊഴികേട്ടരുളേണം
ഇനിഹവിരവിലയോദ്ധ്യാനഗരേ
ചെന്നിഹവിരവൊടുദശരഥനേയും
നന്ദനഭരതൻശത്രുഘ്നനെയും
നന്ദിച്ചിങ്ങുവരുത്തിടേണം
കൗസല്യാദികൈകേയിസുമിത്രാ
ദേവികളുംവരുമവരുടെസഖിമാർ
ദാസികളെന്നിവർസകലജനത്തോടും
ദശരഥനരപതിനാശുവരേണം
തരണികുലത്തിലുപാദ്ധ്യായൻമുനി
ധരണീസുരോത്തമനായവസിഷ്ഠൻ
തിരുവടിതാനുമെഴുന്നള്ളേണം
പുരഭൃത്യന്മാരപരന്മാരും
ശ്രീരാമൻബതവില്ലുകുലച്ചു
സീതാമമമകൾമാലയുമിട്ടു
പത്തുദിനത്തിനകത്തുവിവാഹമു-
ഹൂർത്തവുമവിടെകല്പിച്ചെന്നതി
നെത്തുകവേണംജനനികൾജനകനു
മിത്ഥംചെന്നുധരിപ്പിക്കേണം
കുറിയെഴുതീട്ടൊരുപുരുഷനെവിട്ടാൽ
കുറയത്താമസമുണ്ടാമായതു
തരമില്ലിപ്പോൾനിന്തിരുവടിതാൻ
കനിവൊടുദണ്ഡിച്ചേമതിയാവൂ
തേരുംകുതിരയുമാശ്രുപരത്തം
ഭേരിമകമ്പടികൂടെയയക്കാം
പേരുപുകഴ്ന്നൊരുമേനോക്കിച്ച-
ന്മാരുംനാലുപണിക്കന്മാരും
പോരുന്നാളുകൾപലരുംകൂടെ
പ്പോരുംനിന്തിരുവടിയുടെകൂടെ
കാരുണ്യാംബുധിയായഭവാനുപ-
കാരംചെയ്യണമിന്നിതുമാത്രം
എന്നുള്ളവാക്കുകേട്ടുനന്നായ്തെളിഞ്ഞുശതാ
നന്ദൻമുനീന്ദ്രനാശ്വസ്യന്ദനമേറിക്കൊണ്ടു
കായക്ലേശംകൂടാതെരാവുംപകലുംവീട്ടിൽ
പായുംവിരിച്ചുകൊണ്ടുവായുംപിളർന്നുറങ്ങും
നായന്മാർകുറുപ്പന്മാർകാര്യസ്ഥന്മാരുംവൈക-
മായുധംതപ്പിയെടുത്താശുകണ്ണുംതിരുമ്മി
തിരിച്ചുതേരിൻറപിമ്പേചരിച്ചുകാണികൾ
കണ്ടു
തിരിച്ചുതോക്കുംകുന്തവുംധരിച്ചുകൊണ്ടൊരുകൂട്ടം
കാടുംമലയുംകുന്നുംതോടുംപുഴകൾമല
മൂടുംകടന്നയോദ്ധ്യാപുരിയിലകത്തുപുക്കു
ജനകമഹീപതിനഗരംതന്നിൽ
ജനിതമതാകിനവൃത്താന്തത്തെ
മുനിവരനാകിയഗൗതമനഖിലം
കനിവൊടുതത്രപറഞ്ഞറിയിച്ചു
തനുടെതനയൻവില്ലുകുലച്ചതു
വന്നുപറഞ്ഞഭടന്മാർക്കെല്ലാം
പൊന്നുംപണവുംപട്ടുംവളയും
മന്നവനവധിസമ്മാനിച്ചു
വീഴ്ചമുള്ളയജമാനന്മാർക്കും
വീരചങ്ങലകൊടുത്തുനരേന്ദ്രൻ
കാര്യമിങ്ങനെശ്രവിച്ചുതന്നുടെ
ഭാര്യമാരൊടുപറഞ്ഞറിയിച്ചു
മിത്രവംശമണിദശരഥനരപതി
മിത്രബന്ധുജനമൊക്കെവരുത്തി
തത്രനിന്നുഷസിയാത്രപുറപ്പെ
ട്ടെത്രയുംകുതുകമോടുനടന്നു
ആനപ്പടയുംകുതിരപ്പടയും
സേനാപതികളമാത്യന്മാരും
മാനത്തോളമുയർന്നരഥങ്ങളു
മാനകദുന്ദുഭിവാദ്യക്കാരും
നായന്മാരൊരുകോടിസഹസ്രം
കാര്യസ്ഥന്മാരെജമാനന്മാരും

ആയുധപാണികളായിരമായിര
മായതിനോരോയജമാനന്മാരും.
കൊട്ടുംവെടിയുംകൊമ്പുംകുഴലും
തട്ടുംമുട്ടുംതിക്കുംതിരക്കും
ചട്ടറ്റീടിനകടുതരചാമര-
മൊട്ടല്ലനവധിഭയഗംകൂടി
കേളച്ചാരേക്രുവാനമ്മുടെ
ചാളുംപരിചയുമിങ്ങുതരാമോ
ആയതുകൊള്ളാംനിന്നുടെകയ്യിലൊ
രായുധമില്ലേരാമജ്യേഷ്ഠാ!
എന്നുടെകുന്തംപണയംവെച്ചു
എന്തിനുതാനതുപണയംവെച്ചു
വെററിലപുകയിലകൊൾവാനിങ്ങൊരു
വകയില്ലാഞ്ഞതുപണയംവെച്ചു
അയ്യോതാനിന്നകമ്പടികൂടാൻ
കയ്യുംവീശിപ്പോകയുമല്ലേ
അമ്മാവനമെന്നമ്മായിയുമായ്
ചുമ്മാവീട്ടിലിരിക്കുന്നുണ്ടു
അങ്ങേലുണ്ടൊരുപീലിക്കുന്തം
എങ്കിലുമമ്മാകാട്ടുകയില്ല
പൂമടപുമപ്പാൻപോരുംപോലെ
കമരിച്ചുട്ടരമങ്ങുനടന്നു
നായന്മാരായ് വന്നുപിറന്നാൽ
ആയുധമെല്ലാംകയ്യിലിരിക്കണ-
മായതുകൂടാതുള്ളവരമ്മ
നായരിലില്ലൊരുബഹുമാനമെടോ
നാട്ടിലിരുന്നുപൊറുക്കണമെന്നാൽ
നരവരകല്പനകേട്ടേതീരു
വീട്ടിലിരുന്നുകടംകൊണ്ടാലതു
വീട്ടിക്കൊൾവാൻവകയുംനാസ്തി
ആട്ടക്കാരുടെപെട്ടിചുമപ്പാൻ
ചെട്ടികൾക്കൊരുനാണവുമില്ല
കൂട്ടക്കാരെജമാനന്മാരൊട്ടു
കൂടിനടപ്പാനായുധവുംകൊ
ണ്ടതിസാഹസിപ്പിക്കുന്നതുകണ്ടാൽ
ഇത്തിരിയത്തിരിതരിമ്പില്ലെന്നാൽ
പത്തുകണക്കെവിലപിടിയാത്തവ
മർത്ത്യന്മാരിവരെന്തിനുകൊള്ളാം
ഇപ്പോളെന്തൊരുസംഗതിചേട്ടാ
ഇപ്പുരുഷാരത്തെസ്വരൂപിപ്പാൻ
ഘോഷന്മാരതുകേട്ടില്ലേബഹു-
ഹർഷിച്ചുള്ളൊരുവേളിമഹോത്സവം
ഞാനതുകേട്ടില്ലാരുടെവേളി
ഞാനല്ലാതവരൊക്കെക്കേട്ടു
മക്കളിൽമൂപ്പിലെവേളിമഹോത്സവം
മക്കയങ്ങുവിദേഹപുരത്തിൽ
ജാനകിയെന്നൊരുകന്യാമണിയുടെ
പാണിഗ്രഹണംചെയ്യാൻനമ്മുടെ
രാമസ്വാമിയുമനുജന്മാരൊരു
മാമുനിവരനുമതായെഴുന്നള്ളി
ഹരന്റെവില്ലുകലച്ചുമുറിച്ചതു
കേട്ടില്ലേപടനായന്മാരേ
വില്ലുകലച്ചുമുറിച്ചുമഹാരഥ-
നല്ലാതൊരുവനവരുവോനല്ല
നല്ലാർകുഴലിജനകാത്മജയുടെ
കല്യാണോത്സവമാശുലഭിപ്പാൻ.

അച്ഛൻതമ്പുരാൻതന്റെകൊച്ചുകുമാരന്മാ [രിൽ
വച്ചുമൂപ്പിനുവില്ലുമുറിച്ചുസീതയുംമാല
വച്ചുവേളിയുംവേഗംവെച്ചുതമ്പുരാൻതാനുംഗ്ര-
ഹിച്ചുനന്നായിസന്തോഷിച്ചു
എഴുന്നള്ളത്തുമുറച്ചുഎല്ലാടികളിലും
അറിയിച്ചുഎല്ലാവരുമൊരുങ്ങിതിരിച്ചു
എന്നുള്ളതാത്ത്രധരിച്ചുകൊണ്ടാലുംനിങ്ങൾ

പള്ളിക്കെട്ടുറിയിക്കണമെന്നാ
പള്ളിത്രാമ്പികൊട്ടുന്നുപാലൻ
ഉള്ളിൽതള്ളിനകൌതുകമോടും
ചൊല്ലിയയച്ചിതുഭട്ടന്മാരെ

സന്തോഷംപൂണ്ടുപടനായകന്മാരൊക്കയേ!
അന്തോളംതന്നിലേറിക്കൊണ്ടിങ്ങുപോന്നീ

ഭണ്ണം

ചന്തത്തിലകമ്പടിക്കാരരായുധക്കാരും
ചന്തമോടൊരുമിച്ചുമുമ്പിട്ടുപോയീടണം

ഒന്തിപ്പടകൾതിരപ്പടയെന്നിവ
പന്തിനിരന്നുനടന്നീടണം
ഇങ്ങിനെതങ്ങളിലോരോവാക്കുക
ളങ്ങുരചെയ്തുപ്രധാനന്മാരും
ഭംഗിയിലധികമയോദ്ധ്യാപുരിയിൽ
തിങ്ങിനപടയൊട്ടുവന്നുനിറഞ്ഞു.
ദശരഥനരപതിരഥവരമേറി
ദശദിക്കുകളിൽനിറഞ്ഞുകവിഞ്ഞൊരു
പുരുഷാരങ്ങളുമംഗനമാരും
പരിവാരങ്ങളുമന്തണവരരും
ഭരതൻശത്രുഘ്നനുമനുഗമനം
പരിചൊടുചെയ്യാനായിമുതിർന്നു
കോസലപതിയുടെപത്നികളാകിയ
കൌസല്യാകൈകേയിസുമിത്രയു
മാശുനിരന്തരമന്തോളങ്ങളി-
ലധിരോഹിച്ചുഗമിച്ചുതുടങ്ങി
അനവധിവിപ്രസമൂഹത്തോടും
കനിവേറീടിനഗൌതമമുനിയും
മംഗലവരരുടെമുമ്പിൽനടന്നു
വേളിക്കാത്തുവിളിച്ചുവരുമ്പോൾ
പടലിപടിപ്പുരകല്പാലകളും
മതിലുകൾകുത്തിയിടിച്ചുതകർത്തും
അതിനൊരുദുഃഖമില്ലതരംനവും
തെങ്ങുകവുങ്ങുംമാവുംപ്ലാവും
എങ്ങുംമടികൂടാതെനശിപ്പി-
ച്ചങ്ങുകടന്നുപുരത്തിൽനിറഞ്ഞിതു
തിങ്ങിനബഹുപുരുഷാരമസംഖ്യം
ജനകമഹീപതിയെതിരേല്പാനഥ
കനകത്തളികകൾവെള്ളിത്തളികകൾ
മണിദീപങ്ങളുമവിലരിപ്പൂക്കുല

മണിമയകല്ലുംകുസുമങ്ങളുമിങ്ങനെ
മംഗല്യങ്ങളെടുത്തുംകൊണ്ടുട-
നംഗനമാരെനിയോഗിച്ചവരുടെ]
കനകകളത്രമനോഹരമതിനൊരു
കുറവുവരാതെനിരപ്പിച്ചുടങ്ങി
നിറമൊടുരണ്ടുപുറത്തുംപെരുകിന
നിറപറവെച്ചഥകനകപ്പാലികൾ
നിറച്ചുചൊരിഞ്ഞുവിളക്കുകൾതൂക്കി
തംഭങ്ങളിൽമീതെപട്ടുവിതാനി-
ച്ചാകളിലുരുതരമതിരമണീയം
അരിന്ദ്രവുകൾകൊണ്ടങ്ങണിയിച്ചു
അങ്കണസീമനികലവാഴകളും
കുങ്കുമകളഭംകസ്തൂരികളും
കൊണ്ടുതളിച്ചുമനോഹരമാകിന
പങ്കജമാലകൾമാലതിപിച്ചക
കുറുമൊഴിമല്ലികകേതകിചെമ്പക
നവമലരല്ലികളെന്നിവനെല്ലിൻകതിരും
എല്ലാമേനവധിസമ്പാദിച്ചു
വല്ലാത്തുള്ളൊരുവേളിമഹോത്സവം
സീരധ്വജനരപാലനുമങ്ങു
കുശധ്വജനൃപനുംകൂടെച്ചെന്നു
ദശരഥനൃപനൊടുകുശലപ്രശ്നവു-
മുരചെയ്തുഴകൊടുമണിപീഠത്തിലിരുത്തിവണങ്ങി
പ്രണയിനിമാരാംകൌസല്യാദികൾ
രാജസ്ത്രീകളെയെല്ലാംതന്നുടെ
രാജസ്ത്രീഭവനങ്ങളിലാക്കി
സ്നാനാനന്തരമുടനെല്ലാപ്പരിഷയു-
മാനാദേനകഴിപ്പിച്ചുടനെ
നായന്മാരുടെസദ്യകഴിപ്പാൻ
കാര്യസ്ഥന്മാരധികാരികളും
കാര്യസ്ഥന്മാരങ്ങുശ്രമിച്ചു
പന്തൽനിറഞ്ഞുകൊട്ടിൽനിറഞ്ഞു
നെടുമ്പുരകെട്ടിയതൊക്കെനിറഞ്ഞു
പന്തിനിരക്കെയിരുന്നൊരുശേഷം
ഒരുപന്തിക്കിലവച്ചുതുടങ്ങി
ചെറിയരിവെള്ളിവാളെയുമുള്ളൊരുചോറും
കറിനാലുംപപ്പടവുംപഴവും
ഉപ്പിച്ചുചുടുനാരങ്ങാക്കറി
പച്ചടിക്കറിചേനക്കറിയും
കന്നംതൈരുംകാച്ചിയമോരും
ഒന്നുംകുറകൂടാതെവിളമ്പി
മതിമതിയെന്നാർത്തുവിളിച്ചഥ
മേളിച്ചുടനേസദ്യകഴിച്ചു
അന്നാഴത്തിനുനായന്മാർക്കുപു-
റത്തൊരുകാട്ടിലിലവെച്ചുണ്ണാം
മറ്റൊരുകൂട്ടംകറികൂടാതെ
കൊറ്റിയമോടിവരുത്തിക്കൂടാ
അതുകാട്ടിലുമുണ്ടുകടലിലുമുണ്ടു
കായലിലുണ്ടുകളത്തിലുമുണ്ടു
കറിവെപ്പാനുണ്ടൊരുവകസാധന-
മറിയപ്പോൾകാതലതമിതറിയാം
കൂട്ടംനല്ലൂരിക്കൂട്ടാഞ്ഞാലൊരു
കൂട്ടക്കാർക്കുകണക്കിനുകൂടാ
കുക്കടമൊന്നൊരുസാധനമുണ്ടതു
ദുർഘടമില്ലവരുത്തിക്കൂട്ടാൻ
പന്നിത്തടിയനെവെട്ടിക്കൊന്നി-
ട്ടതുകൊണ്ടൊരുകറിവെപ്പാനുണ്ട്
ഇത്തിരിവിഷമംനായാട്ടിന്നുസ-
മർത്ഥന്മാരേയതുസാധിപ്പൂ
നായാട്ടിന്നൊരുപത്തുസഹസ്രം
നായന്മാരെനിയോഗിച്ചുനൃപൻ
ആയവർചെന്നിഹപന്നികൾമാനുക-
ളാവകവളരെവരുത്തീടണം
കറിവെപ്പാനായ്നായന്മാരിപ-
ട്ടുകളെവെപ്പാൻതടവില്ലാത്തവർ
അക്കരെയുള്ളവരിക്കരെയുള്ളവ-
രൊക്കെയടുക്കളപുക്കപതുക്കെ
ചട്ടുകവുംപലകലവുംകുടവും
കട്ടകവുംതവിചട്ടുകമീവിധ-
മെല്ലാംപരിചൊടുവട്ടംകൂട്ടി
കറിയുംചോറുംവെച്ചുവിളമ്പി
ഭക്ഷണമാത്രകഴിപ്പിച്ചവരും
പട്ടുംമുണ്ടുംവാങ്ങിക്കൊണ്ടവർ
ഇങ്ങിനെയൊരുളിശികോലാഹലമീ
യെങ്ങിനെയൊന്നുവർണ്ണിക്കേണ്ടു
ഗണിതക്കാരൊരുദിക്കിൽഗണിതം
പരിചിൽഗണേശഗണാധനമസ്തു
എന്നുഗണിച്ചുവേളിമുഹൂർത്തം
അന്നേരങ്കല്പിച്ചുംശ്രുവസിച്ചു
സീരധ്വജനുമപ്പോൾമകളെക്കൊടുപ്പാൻ-
സകലസംഭാരങ്ങളെസമ്പാദിച്ചുടനേ (വേണ്ടും
ജനകന്റെപുരോഹിതൻശതാനന്ദമാമുനിയും
ദശരഥപുരോഹിതവര്യൻവസിഷ്ഠൻതാനും
വൈവാഹക്രിയയെല്ലാംവേദക്രമാതെചെയ്തു
വിദേഹൻപുത്രീസീതെചിരവോടുദാനംചെയ്തു
എണക്കോടിപ്പുടവയുമുടുത്തുകാപ്പുകളിട്ടു
മണിപ്പാടൻമുണ്ടുകൊണ്ടുപുതച്ചുശിരംമൂടി
ശരവുംകണ്ണാടിയുംതാൻകരത്തിലെടുത്തുംകൊണ്ടു
വരവുതുടങ്ങിവേളിമണിപ്പന്തൽപൂക്കപിന്നെ
ശ്രീരാമനുമഥദശരഥനൃപനെ
പരിചൊടുവീണുവണങ്ങിപദാന്തേ
വിശ്വാമിത്രമുനീന്ദ്രനെയുംബഹു-
വിശ്വാസേനനമസ്കൃതിചെയ്തു
കുലഗുരുവായവസിഷ്ഠമഹാമുനി
തിരുകനനലമൊടുനമനംചെയ്തു
ഗൌതമകാശ്യപനാരദമുനിവര
വര്യന്മാരെവണങ്ങിത്തന്നുടെ
മാതൃജനത്തെയുമൃഷിപത്നികളെയു
മാദരവോടുനമിച്ചെഴുന്നേറ്റു
ദാനമുഹൂർത്താദികളുംചെയ്തു
ആനന്ദേനവിവാഹോചിതമാം
നാനാകർമ്മവിശേഷമശേഷം

ഊനംകൂടാതെപൊട്ടിച്ചു
നാളീകാക്ഷിവിദേഹാത്മജയുടെ
വേളികഴിച്ചുരഘൂത്തമവീരൻ
മേളിതമാംവിധിഹോമാദികളും
മേളമിയന്നുകഴിഞ്ഞാദരവായും
വിപ്രന്മാൎക്കുപ്രതിഗ്രഹമവിടെ
ക്ഷിപ്രംചെയ്തുദശരഥനൃവരൻ
ഇരുകൈകൊണ്ടുംവാരിക്കോരി
തെരുതെരെയങ്ങുകൊടുത്തുതുടങ്ങി
കറിമുണ്ടുവിരിച്ചായതിലാക്കി
കറക്കൂടാതതുകെട്ടിപ്പേറി
പിറകേപിറകേപുനരപിപുനരപി
തിക്കിയിടഞ്ഞുതടഞ്ഞുകുടഞ്ഞു
തിരക്കിത്തിക്കിനടന്നുഗമിച്ചു
ധരണീസുരോത്തമരെന്നേവേണ്ടൂ
ധാൎമ്മികനാകിയജനകൻപിന്നെ
ഊൎമ്മിളയെന്നൊരുമകളുണ്ടവളെ
തൽക്ഷണമേവമഹീപതിജനകൻ
ലക്ഷ്മണനെക്കൊണ്ടഥവേൾപ്പിച്ചു.
ഇളമയതായകുശധ്വജനൃപതി
ക്കിരുവർകുമാരികളുണ്ടതിലഗ്രജ
മാണ്ഡവിയെന്നുള്ളവളെബ്ഭരതൻ
മന്നവവീരൻദാനംചെയ്തു
അവളുടെയനുജശ്രുതകീൎത്തി
അവളെശത്രുഘ്നനുമഥനൽകി
നാലുകുമാരികമാരെയുമങ്ങിനെ
നാലുകുമാരന്മാർവേട്ടു
നാലുവിവാഹോത്സവമതികൗതുകം
നാലുദിനമങ്ങുകഴിച്ചുതദാനീം
മിഥിലാപുരമതിൽനിന്നുമഹീപതി
ദശരഥകൌസല്യാദിയുമന്നേ
ഋഷിവരനായവസിഷ്ഠൻതാനും
ദേവിയരുന്ധതിജാനകിയോടും
തേരിൽകേറിയാത്രതുടങ്ങി.

സീതാസ്വയംബരം ഓട്ടൻതുള്ളൽ സമാപ്തം.

൨൪. ലങ്കാമൎദ്ദനം.

പരമലോചനം ഭജേ ഭവപ്രീതിമോചനം ഭജേ
പവനതനയഹൃദയകമലലീനഭാസ്വതം ഭജേ
പാപനാശനം ഭജേ പരാപരം ഹരിം ഭജേ
ഭുവനഭരണദുരിതഹരണചരണപങ്കജം ഭജേ
സപ്തരാജതല്പശയനമുൾപ്പുലോൽഭവാദിസേവ്യ
മുൽപ്രയത്നമദ്ഭുതംഗ്രഹമബ്ജരോചിഷം ഭജേ
രാമരാഘവം ഭജേ താപഹരം ഹരിം ഭജേ
രഘുകുലേശ! നിശിചരേശദലിതമനുജം ഭജേ
അഖിലജിതമഖിലനാഥമചലമമൃതമതുലഭാസ
മസദൃശം പരം സദൈവ ദശരഥാത്മജം ഭജേ-
ദ്ദാരഹരകരലോകപാ
ദ്ദതേശനിഷേവിതപാദ!
ശോകാപഹര പരാപര!
ലോകേശമുഖാമരതാപഹര!
സീതാവരപാഹികരുണാകര!
രണശൂരവരഖരചാപഹര!
ശ്രീരാഘവ! ദേവദേവാബ്ധിധീര!
നാരായണനാഥ! നരാധിപര!
കല്യാണമൂലികളിൻപ്രതിമ
ചിൽചലനായകപാലയമാം.
ദേവന്മാൎക്കൊരുകാരണനാകിയ
നാന്മുഖഗണപതിവന്ദിതനജിതൻ
ഭക്തജനങ്ങൾക്കനുവാരംജഗദീ-
ശാദ്യങ്ങൾക്കുവിശേഷണമൂൎത്തി
ഭൂതങ്ങൾക്കുവിശേഷിച്ചധിപതി
ലോകങ്ങൾക്കുസദാഗതിഭഗവാൻ
പാപങ്ങൾക്കുവിനാശകരൻപരി-
താപങ്ങൾക്കൊരവതിപുരാരി
ബോധങ്ങൾക്കുഗുണപ്രദനാംഹര-
നാതങ്കാപഹനംബികയോടും
മാതംഗാഞ്ചിതപെരുവടിവാകിന
മാതംഗാകൃതിയായുമപിടിയായ്
ബോധങ്ങൾക്കതിതൃപ്തിവരുത്തിമു-
ദാഹംകൃതിയോടുമരുവിനകാലം
സാരംഗാഞ്ചിതപാണികൃപാനിധി
ശ്രീഗംഗാധരദേവൻസുതനായ്
മാതംഗിനിവടിവായയോനിയി-
ലേറുംഗുണമൊട്ടുവന്നുപിറന്നൊരു
ദേവൻഗണപതിനാമാഗുണപതി
ശ്രീമൽഗജവരഭാസുരവദനൻ
മാതംഗാനനനായഗണേശ്വര-
പാദങ്ങൾക്കിഹഞാൻപണിയുന്നേൻ—
വരദേഭാരതിചാരുചരിതേസകലലോക-
ഭരിതേ! കവിതയ്ക്കതിവിരുതേസന്താപപാരം
പെരുതെന്നിലേവംഭാഷാതെരുതെരെതോന്നാ-
(യ്കയാൽ
ഒരുതെല്ലുംനാണിയാതെഒരുനേരംവേർവിടാതെ
ഇരിതേതിലെന്നപോലെന്നകമേകവിമാതാവേ!
ചലതിസകലംസാരജലധൌദുൎബ്ബോധചേത-
രഹിതേസൽബോധരൂപലസിതേയെന്നാവിട-
(ത്തിൽ
പരിശോഭിച്ചീടേണമേ! ഗുരുദേവീനിൻകടാക്ഷം

കടൽവർണ്ണൻലോകത്രയപരിപൂർണ്ണൻകാളമേഘ-
കരവർണ്ണൻകൃഷ്ണനെന്നിൽമരുവുന്നമോഹം ചെ
ഒഴിവിന്നന്ധകാരമാലിഴകുന്നതോയരാശി ഭ്രമേ
ളുളയുന്നോർക്കാതങ്കബന്ധുപൂഴകുന്നഗോവർദ്ധന
മമരുന്നദേവനെന്നിൽപെരുകുന്നതാപംതീർത്തു
മിടതെന്നുമാമൂമിത്തമിടരെന്യേചേർന്നിപ്പം-
നരവിന്ദമന്ദിരാലിസുരവൃന്ദവന്ദിതനാം
മരവിന്ദസുന്ദരാക്ഷൻശരദിന്ദുബിംബാനനൻ,
മുകുന്ദനാനന്ദിയൻഗുരുനന്ദിതാശയനാം
വരന്ദിരാരമണൻകനിവിന്നരുളേണമേ.

ഗുരുപവനാഞ്ചിതാപുരവരനാമമ
ഗുരുവരനാംസുരമുനിവരനും
മറയവരായമഹത്തുകളുംബത
മറവടിപോറ്റപകരുവരും
സുരതോയാഞ്ചിതപുരവരനാമമ
ഹരിഗീതാലയപതിഗുഹനും
കരുണതരേണംപിഴകൾവിടേണം
മെമരതരോടനവാസരമെന്നുടെ
ചേതസ്സിൽകുടികൊണ്ടരുളീടിന
ശ്രീതപാഞ്ചിതമാഖ്യമഹീവര-
പാദപാശബലമാശ്രയമായി
ശ്രീരാമായണമായമഹാകഥ
സാരാമൃതമതിലിദമെന്തഭാഗം
ലങ്കാമർദ്ദനനാമകഥാഗുണ-
സംഖ്യാശയമിദമൊട്ടുരചെയ്യാം
രാമൻജഗദഭിരാമൻദൂരപരി-
ധാമൻനിരഞ്ജിതകാമൻക്ഷിതിസുതാ-
രാമൻപ്രുതപരധാമൻജലധര-
ധാമൻവിപുലബലഭീമൻധൃതപഥ-
യാമൻബുധപതികാമൻജിതഭൃഗു-
രാമൻസുകലിതഹേമൻരണഭുവി
ക്ഷേമൻബലകലധാമൻവിരഹിത
ധീമൻഗതപരിണാമൻബഹുവിധ-
നാമൻരവികുലസോമൻദശരഥ-
രാമൻമഹേളിരാമൻ —

ശ്രീരാമസുകൃതാരാമൻനിജ
താതൻകല്പാംജാനകിയോടും
സോദരനാകിയലക്ഷ്മണനോടും
താതനിയോഗംകാരണമായി
കാനനസീമനിമേവീനകാല-
ത്താനനമൊരണ്ടാമമരാരി
രാവണനായനിശാചരനൊരുനാൾ
പാവനയാകിയജാനകിതന്നെ
മോഷ്ടിച്ചുംകൊണ്ടവനുടെകസുമ
ക്കാട്ടിൽശിംശിപാതരുഹമൂലേ
പാർപ്പിച്ചന്നഥശ്രീരാമച്ചവനാ-
മഹസ്സുതിപുത്രനെമിത്രവുമാക്കി
തണ്ടാർമകളെക്കണ്ടുവരേണ്ടതി-
ന്നണ്ടർകുലാധിപപൌത്രാദികളും
തെക്കേക്കടലിനടുക്കൽചെന്നവ-
ടെക്കേക്കരമേൽവസിച്ചൊരുശേഷം
മർക്കടസംഖ്യയമർക്കടൽകണ്ടഥ
ഉൾക്കടഭീതിഭവിച്ചിതനേകം
ദുർഘടമിക്കടലക്കരെപൂക
നമുക്കനിനസ്സിലശക്യമശക്യം
വീരതയുംരണശൂരതയുംപരി-
ഘോരതയുംഅതിസാരതയും
അതിധീരതയുംഭയദൂരതയും
തരുചാരുതയുംബലപൂരതയും
ബഹുമോടികലർന്നവളർന്ന പലാദിക-
ളാടലെഴുന്നശരീരികളായി
നൂറുസഹസ്രംവാനരവരരും
തുംഗശരീരപ്ലവഗകുലാധിപ-
നംഗദനാവരിലടക്കമധീശൻ
നാൻമുഖസൂനുമഹാകപിവീരൻ
ജാംബവനത്രവയസ്സൻദ്വിവിദൻ
ബലപതികുമുദൻശതബലിപനസൻ
ഗണപതിവിനതൻമൈവരസഹിതൻ
സുചിതൻസുഭടൻവിശദൻവികടൻ
വൃഷഭൻശരഭൻവിമുഖൻസുമുഖൻ
വിപുലൻസുബലൻബഹുലൻപ്രബലൻ
ജ്യോതിർമ്മുഖനുംദുർമ്മുഖനുംബലി-
ശോഭിതൻബല മുഖനഗ്നിമുഖാഖ്യൻ
നീലൻനളനുംതദനുസുഷേണൻ
കാലാനസമാനസുതനഗവാക്ഷൻ
കേസരിതാരൻഗവയൻശൂരൻ
സുമതിപ്രമധിവിശാലൻശോഭിതൻ
മാരുതസുതനാംശ്രീഹനുമാനതി
മേരുസമാനശരീരികൾപലരും

പാരാവാരിധിതന്നുടെതീരേ
നിരന്നിരുന്നുനിരൂപണമാന്നു
അംഭോനിധിയുടെഗംഭീരാരവ
വൻഭാവാകൃതികണ്ടഭയം
വമ്പന്മാരാംവാനരവരരുടെ
ഡംഭമശേഷവുമപ്പൊഴെനശിച്ചു

കായംവളർന്നുനിജവായുംപിളർന്നുചെമ്പ-
ല്ലായങ്കലന്നുവസിച്ചായങ്കലന്നുനീളേ
മേയുംതലക്കൂട്ടംതോയനിധിയിൽകളി-
പ്പായുന്നനേരമുള്ളംപായുംഭയപ്പെട്ടുകം-
കായുംജനങ്ങൾക്കെല്ലാംകണ്ടീടുംനേരംഭയം
പൂണ്ടീടുംവട്ടമൊത്തവണ്ടിപ്പുരിചചോരലെ
തെണ്ടിക്കളിക്കുന്നതിരണ്ടിക്കലങ്ങൾചില
കണ്ടിൽകിടപ്പവർപുരണ്ടിട്ടെഴുന്നേറ്റുപ-
രണ്ടിച്ചിറക്കുമായിമണ്ടിപ്പുളച്ചുവേഗം
കണ്ടിക്കുംകണക്കുകണ്ടിക്കൊണ്ടീടിൽപ്രാണൻ
പോമതുകൊണ്ടീക്ഷലില്ലുനം,
ഹുംകാരനാദത്തോടുംസംഘേനസംഘംവളർ
ശംഖവരന്മാരുടെസംഘോഷഘോഷാരംകണ്ടു
മീനക്കലേശരുടെയാനവിശേഷംവാരി-
യാനക്കലേശരുടെമേനിയാരായ്ത്തുംകണ്ടു
വമ്പുംനികത്തിനിജകൊമ്പുംപരത്തിക്കൊണ്ടു
പമ്പൻചിറകുമായിചെമ്പൻചിറാകിൻകൂട്ടം

ഡംഭംനടിച്ചധികംവമ്പുകാണിപ്പാനായി
ഇമ്പത്തോടേവമുണ്ടോരെൻപത്തീരായിരങ്ങൾ
ഭീമാകൃതികൾകടലാമസ്സമൂഹംഭയ-
മാമതിനില്ലഭേദംപോമക്കാലത്തുമോദം.
കാളനിറത്തൊട്ടുനീളമെഴും ഫണി
പാളികളുംജലധൂളികളുംകട
ലാളകളുംചിലതേളുകളുംവളർ
തോളരമായ് മുതുകാളിമയായ് ചില
വാളുകളുണ്ടവർപല്ലുകളീർച്ചകൾ
വാളുകൾപോലെനികന്നുജലോപരി
ക്രൂളികളിച്ചുപുളച്ചുമദിച്ചുട-
നോളമതിൽസുഖകേളികളോടും
കടിപെട്ടുമാരണകെർട്ടുപടലികൾനിജ-
പെടകളൊടൊരുമയൊടിടകലരുംപടി
കടലടിതിരയുടെനടുവെമറിഞ്ഞും
ഇടരൊട്ടുമിടിതെരപ്പെട്ടുമിട്ടോട-
ത്തോടുപിടിപെട്ടുമതിരതിനടനീന്തും
തുടുനിറവുമുടയകളിരാവലിയും
ഇടരൊട്ടുമിടിപ്പെടരവണിശനാല
കടലടിതിരയുടെനടുവെമറിഞ്ഞും
തുടുനിറയുയരമേൻഡിതിധിമിധിംധി
പിംഗലവർണ്ണമിയന്നുവളർന്നതി
പിംഗലജാലവിധങ്ങളുമേവം
വാരാന്നിധിയുടെഘോരാഡംബര-
മോരോന്നീവകകണ്ടഭയായം
ധീരതപൂണ്ടമഹാകവിവരതതി-
ഭീരുതപൂണ്ടുമനസ്സുമടങ്ങി
അംഭോനിധിയതിനക്കരെലങ്കയി
ലംഭോജാക്ഷിമനോഹരിസീതാ
സംഭ്രമതാപാകുലന്വസിപ്പതു
സംപാതീവചനേനധരിച്ചു,
അക്കരെപുക്കൊരുമക്കടവരനിഹ
പുഷ്കരമാഴിയെക്കണ്ടുപാഞ്ഞൊരു
ദുർഗ്ഗപ്പെടവുംപിണയാതെകടന്നി
ട്ടിക്കരെവരുവാനാക്കെല്ലൂതാവൂ?
എന്നുനിരൂപിച്ചംഗദനായകപു-
രന്ദരനന്ദനനന്ദനനേവം
ശിഷ്ടന്മാരാംവാനരവരിൽ
ശ്രേഷ്ഠന്മാരെവിളിച്ചുരചെയ്താൻ—
"അവ്യാജംവന്നൊന്നൊട്ടുപറവിൻ
വെവ്വേറെവിവരംബലവേഗം,
ചാടീടേണംജലനിധിയതിനാഴൽ-
ഉതടിതാതവരാരെന്നറിവാൻ
നിജനിജമാനസമതമെല്ലാവിരവൊടു
ഉടവലവാനരനികരാധിപരേ!'
അംഗദനിങ്ങനെചൊന്നതുകേട്ടവർ
അങ്ങടെതങ്ങടെബലമുരചെയ്തു.
[illegible]യോജനചാടാമെന്നു-
ങ്ങൊരുകപിതന്നുടെനിനവുപറഞ്ഞു,
നീചാട്ടംപടിയിരുപതുയോജന
ഞാൻചാടാമെന്നപരനുരച്ചാൻ,
മുപ്പതുചാടാമെന്നൊരുവൻദൃഢ-
മപ്പുറമല്പവുമെന്നാൽകഴിയാ,
നാല്പതുചാടാമെന്നൊരുകപിവര-
നബ്ധിയിൽവീണുമരിക്കാംപക്ഷേ,
അൻപതുചാടാമറുപതുമെഴുപതു-
മെൺപതുമാംപുനരഥതൊണ്ണൂറും,
നൂറേയോജനലങ്കയിലണവാൻ
നൂറുംചാടാനാരുംപോരാ,
പോരാതെവരുമെന്നുനിനച്ചഥ
ധീരാത്മാധിസഹിക്കരുതാഞ്ഞു
താരാസുതനാമംഗദനവരൊടു
പാരാതെനയഗിരമുരചെയ്താൻ—
"അരയോജനവഴിചാടുന്നവരും
അരയുംതൊണ്ണൂറൊറാമ്പതുമവരും
ഒപ്പംസ്വല്പവികല്പംനാസ്തി
കല്പംജലധിയിൽവീണുമറിഞ്ഞും
കപ്പിക്കപ്പിത്തുപ്പിത്തുപ്പി
ചപ്പിച്ചപ്പിത്തപ്പിത്തപ്പി
ബബ്ബബ്ബംഗ്ഗുഡുഗ്ഗുഡുവെന്നും
ഉപ്പുപ്പുപ്പുപ്പുംപെപ്പെപ്പേയാം
എന്തിനുവെറുതെചാവാൻപോണു
നീന്തിനടപ്പാൻമുതലകളല്ല
അഷ്ടിമുട്ടിവിശന്നുതളർന്നഥ
പട്ടിണിയിട്ടുവലഞ്ഞുകഴഞ്ഞതി-
നഷ്ടിഭുജിച്ചുപടച്ചുനശിച്ചതി
ചുട്ടമല്പരിതിട്ടമതേവം
പാട്ടുകിടന്നുമരിപ്പതിനിശ്ചര
നിഷ്ഠമതാകിലനമുക്കതുകർമ്മം,
എന്നുടെമതവുംചൊല്ലീടാമിനി
എന്നുടെഭഗവാൻതന്നുടെകൃപയാൽ
ഉദ്യോഗേനകതിച്ചീടുന്നോൻ
സത്വരമക്കരെപുക്കീടുന്നോൻ
അതിനുടനേപുനരിങ്ങോട്ടെത്തു-
മതിനുബലംമതിയാകയുമില്ല,
തങ്ങൾക്കുളാംജനകിലങ്കയി-
ലുണ്ടെന്നാകിൽകണ്ടീടുന്നോൻ
ഉണ്ടെന്നാലുംകണ്ടെന്നാലും
രണ്ടെന്നാലുമിതാരറിയുന്നു;
അംഗദവാക്യമിതംഗദമുഖ്യം
സമ്മതയോഗ്യംജാംബവമുഖ്യൻ
കേട്ടുകനിഞ്ഞുപറഞ്ഞിതു"വെറുതേ
കൂട്ടമതെന്തിനുകൂട്ടീടുന്നു?
അംഗദനേൽത്താൽവിഷമംനാസ്തി
ഞങ്ങൾക്കതിനൊരുസുഖവുംനാസ്തി
ആമെന്നാലുംപോമെന്നാലും
ചാമെന്നാലുംസമ്മതമല്ല,
ലക്ഷ്മണപൂർവ്വഗപ്രവരിരിക്കെ
തൽക്കുലമുഖ്യൻകിഷ്കിന്ധേശൻ
ഇളമയതായസ്വാശ്രുപതിതക്ക
ഒഴിനല്ലതുമനുചിതമോർത്താൽ
അങ്ങോട്ടിങ്ങോട്ടുശ്രമസുഖഗതി

യങ്ങിനെയൊരുവനിതിന്നുതകേണം
എന്നാലോ ഞാനെങ്ങിനെവേണ്ടു?
എന്നാലൊന്നുംകഴികയുമില്ല
മൂന്നുലകിന്നുമൂന്നടിയാക്കിയ-
ളന്നാൻപണ്ടുത്രിവിക്രമമൂർത്തി
അക്കാലം ഞാൻപറയുംകൊട്ടി
ച്ചുഗ്രാരോഗ്യമദാത്മപസഹിതം
വലത്തുവച്ചേനിരുപത്തൊന്നും
ജഗത്ത്രയംദശമാത്രകളാലേ
അങ്ങിനെമുന്നം ചെയ്തോരുഞാനി
ന്നിങ്ങിനെയായിവയസ്സുംപുക്കു
രാക്ഷസപുരിയിൽ ജാനകിയുള്ളതു
സൂക്ഷ്മമായോട്ടുധരിച്ചാൽപിന്നെ
കാണാതെപോയാലപവാദം
പ്രാണൻപോയാലുംപോയിടാ
ഇക്കൂട്ടത്തിലൊരുത്തൻവിരവിനൊ
ടിക്കാര്യത്തിന്നുമതിയാകേണം,
മരുദാത്മജനാംഹനുമാനെന്നൊ
ന്നറിയാതെവസിച്ചീടുന്നു"

"പവനനന്ദനമാന്യഭുവനവിക്രമസിന്ധോ!
തപനനന്ദനനെന്നാമവനാം ചെയ്തതിനായി
ലവണവാരിധി ചാടിക്കടന്നുലങ്കയിൽപുക്കി
ട്ടവനീനന്ദിനീസീതാചരണപങ്കജം കൂപ്പീ
ട്ടിവിടെയെത്തുവാൻശക്തരിവരിലാരുമില്ലി
(പ്പോൾ
അവിടെയുണ്ടുവൈദേഹിസുദൃഢംകേൾക്കയും
(ചെയ്യു
നിനയ്ക്കു മാരുതസൂനോ നിനക്കുസാദ്ധ്യമായീടും
തുണയ്ക്കുംമാരുതദേവൻതനിക്കുപുത്രനല്ലോനീ,
ശിവനാമീശ്വരൻമുന്നംശിവയാമീശ്വരിയോടു
വിപിനേവാനരാകാരംധരിച്ചുസഞ്ചരിക്കു
[മ്പോൾ,
പതിച്ചരേതസാംഗംധരിച്ചുദേവിസന്തോഷം
കരച്ചുകാരണംകല്പിച്ചയച്ചിതാശുഗവീരം
എടുത്തുഗർഭപിണ്ഡംക്ഷണത്തിലഞ്ജനാഗർഭേ
കൊടുത്തിട്ടഞ്ജനാപെറുഭവിച്ചുനീയുമന്നേരം
ഉടുത്തസൂര്യബിംബം കണ്ടെടുത്തുചാടിയനേരം
പഴത്തെയെന്നുഭാവിച്ചുണ്ടെടുത്തുഭക്ഷണംചെ
[യ്യാൻ
ഭവിക്കുമെന്നതുചിന്തിച്ചയച്ചുശക്രനുംവജ്രം
പടുത്വംവിട്ടുനീഭൂമൌപതിച്ചുമാരുതനപ്പോൾ
കരത്തിൽനിന്നെയുംപൂണ്ടുവിലത്തിന്നുള്ളിലു
(ൾപുക്കു
ജഗത്തിലാർക്കുമില്ലാതെഭവിച്ചുവായുവുമപ്പോൾ
കമലാവല്ലഭൻശംഭുകമലസംഭവൻമുമ്പാ-
മമരസഞ്ചയത്തോടുമതികൌതുകംനിന്റെ
തലയിൽപാണികൾവെച്ചിട്ടരുളിനവരംകല്പ-
പ്രളയകാലമാമന്നുമരണമില്ലയെന്നേവം
ശിവനാലുത്ഭവിച്ചോരുസുതനാംനീയെടോവീര
ഭുവനംമൂന്നിലുംനിന്നെജയിപ്പാനാരുമില്ലല്ലോ

അതിലുംകേവലമിപ്പോളധികംവിസ്മയമല്ലോ
മതിമാനായനീകേട്ടുതെളിഞ്ഞുസമ്മതിച്ചാലും
ആദരവോടിതൊക്കെമോതിരംരാമദേവൻ
വാതജ!നിൻകലല്ലോമോദേനതന്നയച്ചു
ഒട്ടുംവിഷാദംവേണ്ടാ പെട്ടെന്നെഴുന്നേറ്റാലും
മുട്ടുംസമയത്തിങ്കലൊട്ടുംസംശയിക്കാതെ
ചാടിഗ്ഗമിച്ചുകൊൾകനാഥന്റെകാര്യവും
കൂടിഗ്ഗമിക്കുമെന്നാൽപേടിപ്പാനാരെവീര
അഞ്ഞൂറുയോജനചെററന്നുചാടിയനിൻ
കഞ്ജസമപാദത്തെകണ്ടാലിന്നിതിനെന്തുണ്ടാം
ഭാസുരഗാത്രിയായഭൂസുതസീതതന്റെ
പാദസരോജത്തേയുംചേതസ്സിലാക്കിക്കൊണ്ടു
ശ്രീരാമപാദത്തേയുംധ്യാനിച്ചുചാടിക്കൊൾക
മാരുതൻകൂടെപ്പോരുംമേൽ തിന്നാധാരമായ്
സർവ്വംശുഭംഭവിക്കുംശർവ്വൻപരിപാലിക്കും
സർവ്വജ്ഞനല്ലോനീയുംഗർവ്വേണപോയ്വന്നാലും"
ഇതിപവനനന്ദനൻവിക്രമാംഭോധിനി
വിധിതനയഭാഷിതംകേട്ടുസംപ്രീതനായ്
ഹരിചരണമാത്മനാചിന്തചെയ്തുശ്രമം
ത്വരിതമെഴുന്നേറ്റുവന്ദിച്ചുബ്രഹ്മാത്മജം
ഉലകിടെമിപ്പുരിന്നുന്നിയായ്മാധവൻ
വിലയരഹിതൻവളർന്നീടുമപ്പൊന്നമേ
കുലഗിരിസമാനനായ്സിംഹനാദംപൊഴി-
ച്ചുലകിലശേഷവുംകേട്ടുഞെട്ടിത്തരി
ഉടയമമതമ്പുരാൻരാഘവസ്വാമിത-
ന്നുടയകരുണാബലംകൊണ്ടുഞാനിക്ഷണം
ജലധിയിതുചാടുവൻലങ്കപുക്കീടുവെൻ
രംഭകല്പവരപ്രിയദേവിയെത്തേടുവെൻ
അറിവെനടിപങ്കജംകണ്ടുകൂപ്പീടുവെൻ
വിരവിലടയാളവുംമുദ്രയുംനൽകുവെൻ;
അവനിസുതചോരനെതച്ചുകൊന്നീടുവെൻ
അവനുടെപുരത്തെയുംഭസ്മമാക്കീടുവെൻ
രജനിചരവംശവുംനഷ്ടമാക്കീടുവെൻ
ജനകസുതതന്നെയുംകൊണ്ടുപോന്നീടുവെൻ
അനിശമവനീസുതാവല്ലഭൻപാർത്തുമാം
മനസിമമചഞ്ചലംനാസ്തികിംശേഷമേ!,"
അതുപൊഴുതുചൊല്ലിനാൻജാംബവാൻപിന്നെ
"അതിനൊരിടവന്നുകൂട്ടന്നതല്ലോമെടോ! (യും
ദശമുഖനെരാഘവൻകൊല്ലുമായോധനേ
ഭുജബലപരാക്രമമന്നുകാട്ടാമെടോ!
അബലമണിസീതയെക്കണ്ടുവന്നീടുക
പ്രബലതകൾകാട്ടുവാനിന്നുവേണ്ടാസഖേ!
വചനമിവകേട്ടുമാനിച്ചുവാതാത്മജൻ
പ്രചുരതരവിക്രമൻവീര്യവാരാന്നിധി
പ്ലവഗവരരോടുചൊല്ലുന്നതന്നേരം
ഇവിടെമരുവീടുവിൻനിങ്ങളെല്ലാവരും"
വിരവിലിതിമാത്രയുംചൊല്ലിമഹേന്ദ്രമാം
ഗിരിമുകളിലേറിനാൻവായുപുത്രൻതദാ
സ്മരിച്ചുരാഘവപാദംപ്രതിഷ്ഠാചേതസി
(ചെയ്തു
ധരിച്ചുകൂടവേയുള്ളിൽധരിത്രീനന്ദിനീപാദം

ശിരസ്സിൽസ്വാമിതൻനാമംവരച്ചമുദ്രയുംചേർത്തു
കുരുത്തൻമാരുതിലങ്കാപുരത്തിൽചിത്തവുംചേർത്തു
ചരത്തിപാണികൾരണ്ടുമുയർത്തിദീർഘമാംവാലും
കനത്തകൈവെടിഞ്ഞുനിന്നമർത്തുകാലുകൾ രണ്ടും
ചിറയ്ക്കുകൈകണക്കിട്ടുകണക്കൊരുതിലങ്കാ-
പുരിക്കുനേത്രമാംതൂലുംപിടിച്ചുസൂത്രവുംപാർത്തു
നിനച്ചുമാരുതംഭക്ത്യാ നിനച്ചിതാശുഗൻവന്നു
പിടിച്ചുകൂടിനാൻകൂടക്കുതിച്ചു ചാടിനാൻ
ദിശിക്കുദൃഷ്ടിയുംചേർത്തുളച്ചഭാസ്കരൻ- [തെക്കേ
മസ്തമിപ്പാനെ വന്നതുപോലെ
ചരിത്രമിപ്രകാരത്തെഗ്രഹിച്ചുനിർജ്ജരനാഥൻ
വരുത്തിഗീഷ്പതിമുമ്പാംസുരശ്രേഷ്ഠോത്തമന്മാരെ
നിനച്ചിതേവരുംനന്നായ് പിടിച്ചുപല്പരീക്ഷാ
[ർത്ഥം
ഗമിച്ചീടേണമിന്നെന്നോമനസ്സിൽസൌഖ്യവുമുള്ള
അവൻറവിക്രമശക്തിയറിഞ്ഞുകൂട്ടുവാനായി
ജവംപോയ്നില്ക്കണംവിദ്ഭാൻവരുംമാർഗ്ഗ-
(ത്തിന്നമദ്ധ്യേ
സുരസായെന്നുപേരായോരുരഗകാമിനിതന്നെ
സുരലോകാധിപൻകല്പിച്ചയച്ചുപോന്നവൾ
(വേഗാൽ
പവനനന്ദനൻപോന്നുവരുന്നമാർഗ്ഗമുൾപ്പുക്കു
ഭുവനംമൂന്നിലുംഭീതിവരുന്നഗാത്രവുംപൂണ്ടു
സരസംമാരുതപുത്രൻവരുന്നഭാവവുംനോക്കി
സുരസാകാമിനിനിന്നാളധികംധീരതയോടും
നിർഭയമപ്പൊഴുതപ്പവനാത്മജ-
നത്ഭുതവേഗാലപ്പഥിയൂടെ
തടവുവരാതെഗമിച്ചിടുന്നതി-
നിടയിലൊരുത്തിഭയങ്കരഗാത്രി
പടുതരഗൌരവമൊച്ചപൊഴിച്ചു
പ്പവനജനോടുതടുത്തുരചെയ്താൾ;
"മാമിഹലംഘിച്ചേവനൊരുത്തൻ
വ്യോമനിപോവതിനിച്ഛിക്കുന്നു
നിൽക്കഗമിക്കയിലുൾക്കൊതിവേണ്ടനി-
നക്കിഹനല്ലകുടുക്കഭവിച്ചു;
ചാവാൻവന്നൊരുനീയിനിയിപ്പോൾ
പോവതിനെന്തിനുമോഹിക്കുന്നു
വഴിയതിലൂടെനടക്കുന്നവരെ
പ്പുഴതിൽവിടാതെഭുജിക്കുന്നേരം
വിധികല്പനയാൽനിന്നെഭുജിപ്പാ-
നധികപ്രിയമൊടുസംഗതിവന്നു;
ജീവനിലുള്ളൊരുമോഹത്താലെ
ഈവഴിയാരുംപോകത്തില്ല
പെരിയകാലംകൂടിലഭിച്ചൊരു
കാഴ്ചമിന്നിതൊഴിക്കയുമില്ല
വിശപ്പുകൊണ്ടുംദാഹംകൊണ്ടും
സഹിപ്പതിന്നുംപാത്രവുമല്ല
എന്നുടെവായിൽപുക്കോണ്ടാട്ടെ!
നിന്നുടെവിധിയെന്നോർത്തോണ്ടാണ്ടെ
ജീവനിമോഹമൊഴിച്ചേച്ചാട്ടെ
വഴിയിന്നേരെകൊതിച്ചേച്ചാട്ടെ'

അംഹസാസുരസാസരസവചസ്സുതി
സഹസാസരസംകേട്ടുകപീന്ദ്രൻ
'ഹന്തവിചിത്രാവഴിതടയുന്നവ-
ളെന്തൊരുവേഷമിതെന്തൊരുജാതി
പെരുവഴിപോകുന്നവരെവിലക്കി
കരബലമോടുഭുജിക്കുന്നവളിവ-
ളെങ്കിലുമിവളോടുസംഗതിചൊൽവാ-
തിങ്കളൊഴിക്കിലിതങ്ങിനെപോട്ടെ
ഇതിമനതാരിൽനിനച്ചുമരുൽസുത-
നതിനയമോടവളോടുരചെയ്താൻ.—
"ശ്രീരാമസ്വാമിതൻറെദൂതൻഞാൻവായു
[പുത്രൻ
താരാർമകളാംസീതാദേവിയെയന്വേഷിപ്പാൻ
രാക്ഷസരാജ്യത്തിന്നായ് ശീഘ്രംഗമിക്കുന്നു നി-
ന്നാഗ്രഹംസാധിപ്പിപ്പൻഞാനങ്ങുപോയ്വരട്ടെ
ലങ്കാപുരിയിൽപുക്കുശങ്കാരഹിതംമലർ-
മങ്കയാംജാനകിയെപങ്കവിഹീനംകണ്ടു
സങ്കടംതീർത്തുപോന്നുപങ്കജനേത്രൻരാമൻ
തങ്കഴൽകൂപ്പിവൃത്താന്തമറിയിച്ചാൽഞാൻ,
താമസിക്കാതെനിൻറവായിൽപുക്കിട്ടുണ്ടു
താമസിച്ചീടുകനീയേവമിവിടെത്തന്നെ
വ്യാജംഞാൻചെയ്കയില്ലചേതസ്സിലോർക്കയില്ല
വ്യാജംപറകയില്ലവേഗംവഴിതരേണം"
ആശുഗാത്മജൻറസരസവാചകങ്ങൾകേട്ടു
[സുരസ
ആശുഗാശമേവിതാശങ്കമാത്രംചൊല്ലിനാൾ
ഫണിവരൻറവായിൽവന്നതുവല്ലതെന്നി
(നവുപോലെ
പഴുതിലായിവന്നുനിൻറമോഹമഖിലമിന്നൊടു
അരനിമിഷമാത്രമതിനൊരിടതരികയില്ലഞാൻ
അത്തുനിനച്ചുപേപറഞ്ഞുകാര്യമില്ലെടോ!
നിന്നുടുക്കൽഞാൻവരുമ്പോൾനിൻറശാസ്യ
(മായിരക്കാം
എന്നടുക്കെനീവരുമ്പോളെൻറരാസ്യവും
മരണവിഭ്രമംനിനക്കുപെരുത്തപാരമെങ്കിലുതിരു
വിരവിലുച്ചരിച്ചുകൊൾകരാമനാമകീർത്തനം,
തുരിതമെൻറവായിൽവന്നുപൂകനീമടിച്ചിടേ
യെരിപൊരിഞ്ഞിട്ടുന്നുപെരികെക്ഷുത്തു- (ണ്ടു-
(ധാശയാലഹം
ഉരഗനാരിതൻറഘോരമൊഴികൾകേട്ടുവാ-
(യുസൂനു
രഘുകുലേശമോർത്തുചൊല്ലിവിരവിലുത്തരംഗിരം
"അനുചിതമിവകളുരചെയ്യല്ലം-
നതിഹിതമിന്നുനിനക്കെന്നാകിൽ
എന്നുടെകർമ്മമതിങ്ങനെയാട്ടെ
നിന്നുടെവയറുനിറഞ്ഞുപോട്ടെ
എന്നെത്തിന്നുരസിപ്പതിനായ്കൊതി
യുന്നിച്ചതുഞാൻതീർത്തുതരുന്നേൻ,
തെരുക്കനേരമനേരനിന്നിഹ
ഉറക്കവാനിതാമസിയാതെ
ഉടൽക്കപാകംനോക്കികൊണ്ടഥ

പിളൎക്കവക്ത്രംഭീഷണഗാത്രേ'
എന്നുപറഞ്ഞാരുമാരുതിയോജന
വണ്ണവുമായിവളൎന്നഥനിന്നാൻ
ഹനുമാൻതന്നുടെശരീരമൊടപ്പു-
മതുപോലത്തോടരിഞ്ഞിഹനാരി
നിന്നുടെഗാത്രംതിന്നുനിറപ്പതി-
നെന്നുടെവക്ത്രമതിയായീടും
വണ്ണംപെരുകിനനിന്നുടെയുടലി-
ന്നുണ്ണാക്കിൽത്തടയാതെഭുജിപ്പാൻ
പിന്നാക്കാംബലിപൂജകൊടുത്താൽ
പൊണ്ണാംദേവതമാറുകയില്ല;
അല്പപ്രജ്ഞെദുൎബ്ബലജാതേ!
ദുൎബ്ബലനിന്നുടെയാൎഷ്ട്രിമിതെല്ലാം
എന്നുടെദന്തരേകൊണ്ടുവരേണ്ടാ
നിന്നുടെപകിടകളെന്നൊടുകൂടാ;
ഇതുമുരച്ചവരരണ്ടുംമൂന്നാം
വിസ്തൃതയോജനവക്ത്രവുമായി
നേരേനിന്നളവഞ്ജനാനന്ദന-
നീരഞ്ചായിതുയോജനവണ്ണം;
ഒരുപതുയോജനവണ്ണംകണ്ടവ-
ളിരുപതുയോജനവായുപിളൎന്നു;
അപ്പോളതുകണ്ടപ്പവനജനാം
മുപ്പതുയോജനയാക്കിശരീരം
വെൻപതിൽമുമ്പനിവൻബഹുധീര-
നിരംഭയഹീനനകംപരിലാവധ്യൻ
കിംപറയാവതുമലമലമെ"ന്നവ-
ളൻപതുയോജനവായ്പിളൎന്നപ്പോൾ
ചുരുക്കിമാരുതിദേഹവുമുടൽചെറു-
വിരൽക്കുസമമായ് സംശയഹീനം
ക്ഷണത്തിലവളുടെവായിൽപുക്കഥ
പുറത്തുപോന്നാൻശ്രവണദ്വാരാൽ
"അഹിമാതാവേ! ശരണംവിരവൊടു
വഴിമേദേവിവിളംബനമരുതേ!
ഭൂയോഭൂയോവന്ദേഹംതവ
പാദേദേവി! ഹേ സുരസാഖ്യേ"
എന്നുപറഞ്ഞുവണങ്ങിയമാരുത-
നന്ദനനോടുപറഞ്ഞിതുസുരസാ
"വീര! പവനകുമാര! ഭൂമാരി
ധീരംഗുണശൂര! വചനം
താവകവീൎയ്യബലങ്ങളെയറിവാൻ
ദേവകൾനായകനായമഹേന്ദ്രൻ
സംശയമാനനിതീപ്പതിനായി
ട്ടാശുനിയോഗിച്ചെന്നെയയച്ചു,
ശ്രേയംവന്നുതഖലംതീൎന്നു
ക്ഷേമംതേഭവനിതവബാലത്തുലം,
സുഖമേപോകനിശാചരപുരിയതി-
ലകമേപോകവിദേഹാത്മജതൻ
ചരിതമറിഞ്ഞുമടങ്ങിവിളിച്ചഥ
ഝടിതിരഘൂത്തമനിങ്ങെഴുന്നള്ളി,
നക്തഞ്ചരവംശമൊടുക്കമശേഷവു-
മുക്ഷകലേശ! ഭവാനിതിനാഢ്യൻ,
വൃന്ദാരകവരനിഷ്ഫലമൊഴിപ്പാൻ
മന്ദേതരമിഹപോകനേരുന്നേൻ
ജയിക്കസൎവ്വംപവനതനൂജനീ
ഗമിക്കയെന്നവൾയാത്രപറഞ്ഞു
സുരേശനാദികളോടുരചെയ്തു
സുഖംനിനച്ചുവരങ്ങുരസിച്ചു,
മരുതമണ്ഡലമാൎഗ്ഗത്തൂടേ
മരുതസുതനാംശ്രീഹനുമാനും
വിരവിലമിനൻചപലവിഹീനൻ
ഗരുഡസമാനൻപോകുന്നേരം
സുരനാഥൻതന്നെരപ്പടി
ച്ചുളകനിധിയിൽവാഴും
ഗിരിനാഥൻമൈനാകത്താ
ദരൾചെയ്താനാഴിനാഥൻ
തുഹിനാചലാധിനാഥ
തനയ! മേനകാസൂനോ!
കപിനാഥൻശ്രീഹനുമാൻ
പവമാനപുത്രനിപ്പോൾ
രഘുനാഥസ്യാജ്ഞയാലേ
ദശകണ്ഠരാജ്യത്തിന്നായ്
ഖഗനാഥൻയാനംപോലെ
വരുമിങ്ങിട്ടുക്ഷണമിപ്പോൾ
വിരവോടെചെന്നവനെ
കനിവോടെസമ്മാനിച്ചു
പരിശോടെയാത്രയാക്കി
വരികമൈനാകമേ! നീ,
സഗരഭൂപാലകന്മാർ
വലുതാക്കിനമ്മെമുന്നം
അതിനാലെസാഗരമെ-
ന്നുളവായിനാമധേയം
സഗരകുലത്തിലല്ലോ
സകലൈകനാഥൻവിഷ്ണു
ഖഗകേതുരാഘവൻദാശ
രഥിയായവതരിച്ചു,
രഘുനാഥൻകാൎയ്യത്തിന്നായ്
കപിനാഥൻപോകുന്നിപ്പോൾ
ഒരുനൂറുയോജനയു
ണ്ടകലംലങ്കയിൽചെല്ലാൻ
ഇരിപ്പാനൊരേടമില്ല
കുതിപ്പാനുമൊന്നുമില്ല
ഭുജിപ്പാനുമില്ലദാഹം
കെടുപ്പാനുമേതുമില്ല
മടിക്കാതെചെന്നവന്റെ
മതിക്കുചേരുന്നതെല്ലാം
കൊടുത്തുസന്തോഷിപ്പിച്ചു
സുഖമോടെയയച്ചിടേണം
ജലധീശവാക്യംകേട്ടു
ഗുണധീരതുംഗമൂൎത്തി
ജലധേൎമ്മൈനാകംമേല്പെ
ട്ടുടനേപൊങ്ങിനാൻനേരേ
അമിതമധുരസഫലപാകങ്ങളു

മൃതസമാനമായവിമലസുഖോദകവും
നിറയപ്പെട്ടൊരുതേജ
സ്സിഴകംശ്രീമൈനാകവും
വിരവിൽപവനജൻത-
ന്നരികിൽപ്രത്യക്ഷനായാൻ
അനല്പസന്തോഷത്തോടു
കഥിച്ചുമൈനാകമേവം

പദം.

"വാതകുമാരവീര! പാഥോനിധിവരൻെറ
ശാസനയാലെവന്നുഞാനെടൊകപിവീര
ഏറ്റമേലിതന്നുകൊണ്ടുനിന്മെയ് തളർച്ചതീർത്തു
സമ്മോദംപൂണ്ടുപോയാലും
വാതതനൂനോ! സമ്മോദംപൂണ്ടുപോയാലും!
പകമധുഫലങ്ങൾഭക്ഷിക്കമോഹം തീർത്തു
സൗഖ്യമുൾക്കൊൾകസാദരം
പവനവീര! സൌഖ്യമുൾക്കൊൾകസാദരം
ഇഷ്ടമായുള്ളതെല്ലാംമൃഷ്ടമായശിച്ചുചെയ്തു
ഹൃഷ്ടനായ്പോയീടണമേരാമചന്ദ്രദൂത!
ഹൃഷ്ടനായ്പോയീടണമേ"

തുഹിനഗിരിപുത്രനാമദ്രിസംഭാഷിതം
സുഖസംഹിതമാശുകേട്ടാശുഗേയൻതദാ
കുതുകമൊടുപുഞ്ചിരിപൂണ്ടുസംപ്രീതനായ്
ഗിരിവരനൊടുത്തരംസത്വരംചൊല്ലിനാൻ
"അയിശ്രുണുധരാധരാധീശരാമാജ്ഞയാ-
അബലാമണിസീതയെക്കണ്ടുവന്നീടുവാൻ
ലങ്കാപുരിപുക്കുഞാനിന്നുപോകുന്നിതു
വഴിയിലൊരുതാമസംയോഗ്യമല്ലോർക്കമേ
കവകളുജിക്കതാനോക്കമറെറാന്നുതാ
നാകളിശികിടക്കതാനിന്നിതൊന്നുസഖേ!
രാഘവസ്വാമികാര്യാന്തരേ
ചലമലമലംകുലാദ്രീന്ദ്രചൂഡാമണേ
പ്രീതികരുണയാഭവാൻചെയ്തസൽക്കാരമി
ന്നാവമനുഭവിച്ചുസന്തുഷ്ടനായേൻതുലോം
പൊങ്ങിയെഴുമിച്ഛയൊടുമച്ഛനെനമിച്ചുടനു
പുടയവാച്ചുഥപുളച്ചുതിഴച്ചധികം
മതിമാരുതിഗിരിശചരമണച്ചുടൽപി
ച്ചുതഴകിപ്പുരിരസിച്ചുസുഖയാത്രയുമ
ചിരവിൽബതതിരിച്ചുരജനി
ചരപുരിക്കുപവനാത്മജൻ
ഗഗനമണ്ഡലമാർഗ്ഗഗതഡസന്നിഭൻവേഗാൽ
പവനനന്ദൻചാടിഗ്ഗമനംചെയ്യുമന്നേരം
അംഗമാത്രവുമേററംതുടുത്തനേത്രവുമായ്ക്കാ
ണത്തിഭീഷണഗാത്രികരത്തിമായികാരത്തി
ചാവദലപോലെജലത്തിവാസിനിനിത്യം
ദുഷ്ടതനിഛായാഗ്രാഹണിസിംഹികനാം-
(മ്നാ

ക്കടമിതിലേപോവോർനിഴൽക്കമർദ്ദനം-
(ചെയ്തു

ച്ചുഭക്ഷണംചെയ്തുവസിപ്പുവാരിധിമദ്ധ്യ
ചാരക്കരീതിലായപ്പോൾനിഴൽക്കമർദ്ദനം-
(ചെയ്തു

നിഴലൊക്കെപ്പിടിപെട്ടുപിടിച്ചുനിർത്തിയനേരം
ചൊടിച്ചുമാരുതികീഴേച്ചുഴിച്ചുനോക്കിയനേരം
ഗ്രഹിച്ചുസിംഹികതന്നെചവിട്ടിദുഷ്ടയെപ്പെട്ട-
ന്നയച്ചിതന്തകരാജ്യമാരുതസംഭ്രതനാംവീരൻ
വരിഷ്ഠൻരാമചന്ദ്രേഷ്ടൻബലിഷ്ഠൻമാരുതസൂനു
കതിച്ചിതാശരാധീശപുരിക്കുനേർവഴിനോക്കി
ഝടിച്ചുഭാസ്കരനുമസ്തമിച്ചനേരമായപ്പോൾ
മിടുക്കൻശ്രീഹനുമാനംമദശ്രീവാലയത്തിൻെറ
വടക്കേഗോപുരവാതിൽക്കടുത്തുമേരുമുൾപ്പുക്കു,
അവിടെനിന്നുടൻനോക്കിയറിഞ്ഞിതസ്ഥലാവം-
(സ്ഥ

ഇതളില്ലാതിശിസപ്താനാവരണോജചലാഭാസം
ഉയർന്നുഗോപുരംനാലുംവിളങ്ങുംപൊന്മതിലേഴും
അതിന്നുചുഴമായേഴുകിടങ്ങുണ്ടത്യഗാധമായ
കനകനിർമ്മിതംസർവ്വംജഗദേകാൽഭുതഭാവം
ഘനകൗതൂഹലംയന്ത്രപ്പണികൾവിസ്മയമേററം
അടച്ചുഗോപുരമെല്ലാമകത്തുപോവതിനേററം
തടച്ചൽകണ്ടുനേരംനിനച്ചുമാരുതപുത്രൻ,
"ഒളിച്ചുചെൽകയുമല്ലചതിച്ചുചെൽകയുമില്ല
വഴിക്കവാതലൂടെന്നെയകത്തുകേറുകവേണം
നമസ്തേരാഘവസ്വാമി! നമസ്തേപാഹിമാംനാഥ
നമസ്തേമൈഥിലീദേവി! തുണയ്ക്കലോകമാതാ-
(വേ"

ഇവണ്ണംപ്രാർത്ഥനചെയ്തുനിവർന്നുനോക്കിയനേ-
(രം

ഉയർന്നഗോപുരാഗ്രാന്തേതുറന്നുവാതിൽകാണാ
(യി,

ക്ലേശമെന്യേവാതിലുൾപ്പൂകാൻകൃശനായങ്ങെനാസൂനു
വിജനമസ്ഥലംപ്രാപിച്ചുനിലനന്ദനവീരൻ
ഇടത്തുപാദവുമുള്ളിൽകടത്തിദക്ഷിണപാദ
മെടുത്തുവെപ്പതിനുമ്പതട്ടത്തിതേകഘോര-
ഹുംകാരത്തോടുശങ്കാരഹിതം [രാഗി..

മകാലക്ഷ്മിഭയങ്കരഗാത്രി
സംഘോരാരവഭീഷിണി
സംഘോഷാരവരോഷിണിതരസാ,
എട്ടുലക്ഷംചെലുത്തെട്ടുമുടൻതട-
വൊട്ടുവരാതിടിവെട്ടിനസാമവ-
മട്ടഹസിച്ചുഘട്ടഷ്ടിമിഴിച്ചതി-
നിഷ്ഠുരഭാവമൊടിത്ഥമുരച്ചാൾ,
"ആരാടാരെടക്രൂരചരാശരനിശി
വരാനിഥമതിപോരാതവനെ!
ഘോരാകാരമഹാരാക്ഷസവര
രാമാങ്കംകണ്ടെങ്കിലിനിക്കൊരു
പോരായ്മക്കൊരുപോരായോനെ
രോഷംകെട്ട! ക്രൂരെനിൽക്കെട
മാറെപ്പോഥാസുരമൂഢകിടാ!
വാനരചത്രഫണിവാനവഖഗമൃഗ
മാനവരിവകജാതികളാരും
ഞാനറിയാതെകടന്നുവരാമ്പലം
മാനമെഴുംദശകണ്ഠപുരാന്തേ,
കടക്കമൊന്നിതാൻപറയാതെ

വിടപ്പുവീണ ചഞ്ചലമ്പുദേ!
കടക്കിൽനിന്നെസ്സമ്മതമേററം
മിട്ടക്കനത്രേസംശയമില്ല
അടിച്ചുനിന്നുടെമസ്തകമിപ്പോൾ
പൊടിച്ചുവാരിധിതന്നുടെമദ്ധ്യേ
കലക്കുവൻഞാനില്ലവിവാദം
നിലയ്ക്കുനിന്നോനീയതുനല്ല-
നിലയ്ക്കുമല്ലാനാകിലിദാനീം
കൊലയ്ക്കുവേചരുംകശ്മലഹൃദയ!
ചൊടിച്ചിലുംനിൻധാർഷ്ട്യവുമെല്ലാം
മിടിച്ചിലാകുംസംശയമില്ല
എന്നിവഘോഷംകേട്ടുകപീശ്വര
നൊന്നുമിളക്കാതങ്ങിനെനിന്നാൻ,
പടത്തലമോടഥലങ്കാലക്ഷ്മിയു
മടുത്തുചെന്നഥമാരുതസുതനുടെ
ഇടത്തുചെവിക്കടുമുടയുംചരിച്ചടി
കൊടുത്തിതപ്പോൾശ്രീഹനുമാനും
തടുത്തുതല്ലതിടത്തുഭുജത്താൽ
കൊടുത്തൊന്നല്ലോരുതാഡനമുടനേ
അടിയുംകൊണ്ടവൾവീണിതുഭൂമിയി
ലുടനേചോരയുമൊട്ടുവമിച്ചു,
ത്വരിതമെഴുന്നവൾമാരുതാത്മജനൊടു
തരസാപുഞ്ചിരിപൂണ്ടുപറഞ്ഞു,
'അത്ഭുതമത്ഭുതമയിതവകരബല-
മിമ്പ്ഭുവനത്രയവിശ്രുതവീര!
കേട്ടാലുംമമചരിതമശേഷം
കേട്ടാനാസ്ഥിലുറച്ചീടേണം,
പണ്ടുജനങ്ങൾക്കുലാന്തകനാംമല-
കാസനുവേണ്ടിമയനാചിതമൻ
ലങ്കാനഗരകവാടംകാപ്പാൻ
പങ്കേരുഹഭവനെന്നെയയച്ചു,
ഞാനിപ്പുരിയിൽവസിക്കുന്നളവൊരു
ഹാനിവരാനഗരേകപിവീര!
സരസംചിന്തിച്ചരുളിച്ചെയ്തിതു
സരസീരുഹഭവനെന്നോടുഗൂഢം
സീതാന്വേഷണകാരണമായി
ശ്രീരാമാജ്ഞയൊടൊരുകപിരാത്രൗ,
ഖലവരപുരിയതിൽവന്നുകടക്കും
കലഹംനിങ്ങളിലവിടെഭവിക്കും
ഇടർകൊള്ളുംപരിചവനൊടുനീയുമൊ-
രടികൊള്ളുംപുനരതിനുടനേനീ
മനക്കുരുന്നതിലാദരപൂർവ്വക
മനുഗ്രഹിക്കണമവനെജവേന,
ജാനകിദേവിവസിച്ചരുളുന്നൊരു
സ്ഥാനവുമവിടെച്ചെൽവതിനുള്ളൊരു
വഴികളുമാശുപറഞ്ഞുകൊടുത്തുട-
നൊഴികവിടുന്നുവിളംബനരഹിതം
അത്രവസിച്ചേൻബഹുകാലംശത-
പത്രസമുൽഭവകല്പനയാലേ
അടികൊണ്ടിങ്ങൊരുസങ്കടമില്ലും
നടകൊണ്ടാലുമശങ്കമശേഷം

സമവിസ്താരമതെഴുന്തുണ്ടിതു
സുമതേയോജനലങ്കാനഗരം
ഏഴുണ്ടേമതിൽചൂഴുംചൂഴും
ഏഴിനുമുണ്ടുകിടങ്ങുകൾപുറവും
ഉന്നതഗോപുരമോരോന്നതിലിഹ
നന്നാലുണ്ടിഹനടനാലിനുമായ്
പെരികെപ്പുഷ്കലസൽപരിനിർമ്മിത-
മിതുപത്തേഗോപുരമഖിലം
രത്നമയ്യുനിറത്തൊടുകാണാം
പത്തുമുഖൻമരുവുംമണിഭവനം
കാൺകനീനിളേനടന്നുപുരാളകൾ
പൂങ്കാവുണ്ടതിനോടുസമീപേ
ഉദ്യാനാടവിമദ്ധ്യേനില്പിതു-
മത്യുന്നതമാംശിംശപവൃക്ഷം
അതിനുടെകീഴേമരുവീടുന്നിതു
മതിമുഖിജാനകിമതിദുഃഖിതയായ്,
അവിടെച്ചെന്നാൽക്കണ്ടാലുംനീ.
അവനിതനൂജാമനിലതനൂജ!
രാക്ഷസനാരികൾകാവലുമുണ്ട്
രാക്ഷസരുദ്യാനത്തിലുമുണ്ട്
കണ്ടനിശാചരർമണ്ടിയണഞ്ഞാൽ
ശങ്കയില്ലവരെയൊടുക്കിജയിക്കും
വിശേഷമതേനീചെയ്തതുസകലവു
മുചിതമതെന്നേവമനുഭവിക്ക!
സർവ്വംജയമാശ്ശരികഭവാനപ-
ഗർവ്വംപാവനപവനതനൂജ!
നന്നായ് വരികനിനക്കിനിമേന്മേൽ
നിന്നാലേജിതലങ്കാനഗരീ
സീതാവസ്ഥകളങ്ങറിയിച്ചഥ
ശ്രീരാമാദികളിങ്ങുകടന്നു
ആശരവംശമൊടുക്കമതിദ്രുത-
മാശുഗസൂനോഹേകപിവീര!
എന്നാലേഞാൻപോയിടുന്നേൻ'
എന്നുമറഞ്ഞിതുലങ്കാലക്ഷ്മീ.

തദനുകപികുലതിലകനഞ്ജനാനന്ദൻ
തണ്ടാരിൽമാതിനെക്കണ്ടറിഞ്ഞീടുവാൻ
അരിപുരിയിലഖിലനിശിതിരവതിനുവാതജ-
ന്മാമലക്രോഡസന്നിഭഗാത്രനായ്
അവിടവിടെയിടയിടയഥധടിതിനടമാടിനാ-
നാലോകനംചെയ്തുചാരുലങ്കാപുരം
സകുരപുരനികരജിതമിരുപതുഭുജാലയം
സാനന്ദമാമ്മാറുകണ്ടുവാതാത്മജൻ.

അപ്പുരിതന്നിൽവസിച്ചോരുരാവണ-
നപ്പോഴതൊരുദുർല്ലക്ഷണമുണ്ടായ്
ഇടത്തുഭാഗംദേഹമഹോതോ-
ളെടുത്തുതട്ടിവിറച്ചുതരിച്ചു-
നിമിത്തമാകുംപുരുഷന്മാർക്കിതു
മമിത്രവൃന്ദംവന്നുകരേറും
ബലത്തിനുംനിജഹാനിഭവിക്കും
കുലത്തിനുംബതനാശമുദിക്കും
അനർത്ഥമേവംവരുമിതുസുദൃഢം

മനസ്സിലാക്കിനിശാചരനാഥൻ
തഥാപിവിരച്ചിതു ജാനകിതന്നുടെ-
ചതീവിസ്മയമത്രമിടഭാഗം
സപദിവിരച്യത്തമനസ്സുളവിൽതന്റെ
പാദമേതരുമുടനൊന്നുവിറച്ചു
ദക്ഷിണഭാഗംപുരുഷന്മാർക്കു
സൂക്ഷ്മംഭേദമതിവിജയനിമിത്തം
അനന്തരംപുനരനിലതനൂജൻ
മനംതെളിച്ചതിഹരിഭക്ത്യാ
അനന്തരംസുരമപ്പുരമഖിലം
ഉണ്ണാന്തരങ്ങൾപാർത്തുലഭിച്ചാൻ,
മണിയറമച്ചുകൾമാളികയുംപല
പണികളുമത്ഭുതഗോപാനസിയും
നികരനികേതനചാളികളുംചില
സുരുചിരലാഞ്ഛിതതൂണുകളും
സുരശയനോന്നതമേടകളുംപല
വലപതിമാരുടെവീടുകളും
ബഹുവിധമത്ഭുതമോലികളുംപുന-
രിടയിടയിൽചിലതോട്ടകളും
പടിവെട്ടുകിണറുകൾവാപികളും
സ്ഫടികമയംഞ്ചിതഭിത്തികൾമണിയറ
കേളിയലഴകിയമേത്തളവും
കനകമണിത്തറപൊന്മതിലുംപല
പുന്നകത്തുകോജപലവെൺകളും
നിരമണിഗോപുരനിലകളേയും
നൂവരസഭാതലനിരകളേയും
നടവഴിയിടവഴിതെരുവുകളും
പടിവെട്ടനെട്ടകൊടികൊടിമരവും
തോരണപംക്തിസുകോണികളും
വാരണപന്തികൾകോണകളും
നാടകശാലനടപ്പുരയും
ചിലമ്മേളകശാലചടിപ്പുരയും
മേടികലന്നകളപ്പുരയുംബഹു
മാട്ടകൾശാലപണിപ്പുരയും
ചിലവീട്ടുകളാളികളപ്പുരയുംബഹു-
രൂപനാണിഭശാലമുടിപ്പുരയുംബഹു-
ഭോജനശാലമണിപ്പുരയുംപത
ഭാജനശാലഭട്ടപ്പുരയും
നാഴി[illegible]മണി[illegible]ചാഗനിനാദം
നാഴിക[illegible]ന രൂപവിലാസം
ദി[illegible]ചെയ്ത[illegible]നിന്നവധി
ചതുരാകാരസമുന്നതഭവനം
പലലാവെട്ടിപ്പുരിശകഴിപ്പാൻ
പലവകപലതിരിപട്ടഭവനങ്ങൾ
പത്തനന്നടെപത്തനശോഭപു-
കഴ്ത്താനരുതുസഹസ്രാനനനും
വൻപച്ചാരാംകുംഭച്ചെവിയൻ
ജൃംഭിച്ചനിശമുറങ്ങുംഭവനം
ഉത്തമനായവിഭീഷണഭവനം
തസ്വിധേസുഹോസ്ഥലമോരാം
രാവണനസുതനാംമേഘനിനാദൻ
ദേവകുലാധിപജിത്തിൻഭവനം
തസ്യസഹോദരനാമതികായൻ
തത്സഹജൻതലമൂന്നുള്ളവനും
നാലാംനന്ദനനക്ഷകുമാരൻ
ആദായമിവരുടെബഹുലവിലാസം
കുംഭച്ചെവിയൻതൻപുത്രന്മാർ
കുംഭൻതദനുനികുംഭനുമേവം.
ഖരസുതനാംമകരാക്ഷനുമിവരുടെ
പുരശോഭകൾപറവാൻപണിപാർത്താൽ
യൂപാക്ഷനധൂമ്രേക്ഷണധൂമ്രവി-
രൂപാക്ഷനകലശേക്ഷണപുരവും
ഫാലേക്ഷണനുംകാലേക്ഷണനും
ബാലേക്ഷണനുംസ്ഥൂലേക്ഷണനും
ദൂരേക്ഷണനുംദ്രുതേക്ഷണനും
ശോണേക്ഷണനുംതദനുനരകാന്തക-
നേവംവജ്രസമുന്നതദംഷ്ട്രൻ
മത്തോന്മത്തന്മാരുടെഭവനം
സുപ്തഘ്നമഖവിഘ്നരകാഖ്യൻ
അമ്പുർകമ്പസുപാർശ്വമഹോദര
ജംബുമാലിപ്രജംഘവിശങ്കൻ
എന്നിവരാദികൾമന്ദിരമനവധി
ഒന്നൊഴിയാതെകപീന്ദ്രനുമപ്പോൾ
കടന്നുസകലംനോക്കിക്കൊണ്ടഥ
നടന്നുപിന്നെയുമോരോദിശിയിൽ
ജാനകീദേവിവസിച്ചവിടംപുന-
മനോതനൂജൻകണ്ടതുമില്ല,
ദശമുഖനാകിയരാവണനനിശം
ഭൂശസുഖമോടെശയനംചെയ്യും
മണിയറതന്നിൽവസിപ്പതിനല്ലോ
മതിമുഖിജാനകിസംഗതിയാവൂ
പൂങ്കാവിൽസ്ഥിതിയെന്നുപറഞ്ഞൊരു
ലങ്കാവചനംനിശ്ചയമാമോ?
ഇത്ഥമുറച്ചുനൊരാസ്യനുറങ്ങും
വിസ്തൃതമണിമയപത്തനമഖിലം
പാർക്കാനുളവിൽപതിനൊന്നുവിധം
ക്രൂർക്കുംവലിയെക്കേട്ടുകപീന്ദ്രൻ
ആരുംനാല്പംമൃക്കാണ്ടൊരുപാരു
വേറെയരികേയൊരൊരുപെണ്ണും
ഇങ്ങിനെവകപതിനൊന്നുവിധത്തിൽ
സംഗതിയായതുശാപസപ്രകൃതി
ദിപ്രഷച്ചിസനിഷ്പ്പേഷോതസ്നി
ജങ്ങ്മദ്ദോഞ്ചതധാതധജദെമ
വികൃതംശാപസപ്രകൃതികൾകേട്ടിതു
രഘുതിലകപ്രിയജാനകിയിതിലി-
ല്ലെന്നുമനസ്സിലുറച്ചുതിരിച്ചഥ
ഭല്ലൂകാധിപസംഘവരിഷ്ഠൻ;
ലങ്കാനാരിപറഞ്ഞുകാട്ടത്തൊരു
പൂങ്കാവാശുതിരഞ്ഞു തുടങ്ങി;
മലർമയമഴകിനപാദപമിളകിനൊ-
രിളമുള്ളപവനാത്മപാചിതാഗ്രധം
തടഞ്ഞുകൂടെപ്പെരുവഴിയൂടെ

ക്ഷണം ജഗന്മോഹനമാടവിയക്കു:
ബഹുലഫലമൂല സൂനദലാഞ്ചിത
വിപുലതര വിടപിലതികമനോജ്ഞ
വളർന്നപൂമരനിരനിരകളിലെ
ളുയരാം ശിംശപാനാമകവൃക്ഷം
അതിന്മേലുരുമിയന്തികമേവിന
ജനിമുഖിയാം ഭഗവതി സീതാ
ദൂഷിതഭാഷാമുഷിഞ്ഞ ചേലയുടു-
ത്താകിജടചേർന്നാഞ്ഞ ശിരോ
ളൂണും പരിശ്രമവും നെഞ്ചിൽ പ്രഭ
ക്ഷീണം പൂണ്ടു തേങ്ങിത്തളർന്നു
താമസ്സരമായ ശോകാംബുധിയിൽ
താമമരിക്കു മുപക്ഷിക്കാതെ
താപമൊന്നിനിയണ്ടലപ്പു-
ക്കു മഞ്ഞ പോർക്കുന്നതായാം
മനസാ ചിന്തിച്ചുമ്മരക്കുളതിൽ
ലമിതമതരഞ്ഞരുളുന്നോ.
രപ്പോളപ്പുറമഞ്ഞിമിഴിതന്റെജന
ജനത്ത്രപാംഗിപരുതിയായോ
ജഗത്രയേശനിനാടകംഗതന്റെ
ക്ഷുദ്രാത്മാ പന്തിനനതേജോടിതൻ
ജടമുഖ്യം ശംകാലമുഖിതി
ചരിത്രതേരം ഒഴിഞ്ഞുമില്ല;
ക്ഷമിക്കൊഴിഞ്ഞ വെപ്പുണ്ടോ?
ഗുഹാകാരമണിയുവിശേഷം
നിശാചരഗണങ്ങളോടെ ചൊല്ലം
ചൊല്ലുന്നതും പല്ലുകൾ കൂടും
ജലമാനിനി വിചത്ത്രിതമാവു
മാനാക്കളരുകിക്കണ്ടറിവാനായ്
പ്പിംഗാപുംഗവനാകിയ ഹനുമാൻ
പ്രത്യക്ഷനായ് ജനകജനന്തരായൻ
ചാടിയ മാമരങ്ങളിൽമരമുകളിൽ
പ്രചണ്ഡവിക്രമനപ്പിൽ പതുങ്ങിനിൽ.
അപ്പോൾ രാവണനുടയ്പിന്നാൽ ക്രൗ-
ദ്ധനായ് മനസ്സിൽ നന്നായനന്ന
അതിമോഹം ദുസ്സഹമായൊന്ന
അരമനയ്ക്കുള്ളിലാക്കിവച്ചു
സ്വയമുഴുകിനൊന്നു കാമുകിരതി-
ലങ്കേശൻ ചിന്താക്കുലിതനായൻ
ഹേമഗൃഹത്തിൽ പള്ളിക്കുമേൽ
മയങ്ങുമ്പോൾ ഒരു സ്വപ്നം കണ്ടു;
രവികുലനായകൻ പുയുക്തനായവൻ
ഭരതഭ്രാതാ വന്നിവനപാനൻ
ശരചാപധരനായ് തന്നെ നിന്നു ഭയം
കണ്ടു പിടിക്കാതെ തന്റെ ഭവനെ
ശീഘ്രം വന്നിവൻ ചാരത്തിങ്കൽ
ചാരിത്രരമാനപുരത്തേ

ഇപ്പോൾ നിൽക്കവനോർക്കിനടക്കും
പുഷ്പവനത്തിൽ പുക്കു വസിക്കും
പൃഥ്വീസുതയെ കണ്ടു ഭയക്കും
ഉഗ്രരാക്ഷസരാജ്ഞരകോട്ടകം
ശ്രദ്ധം പൊന്നുവച്ചോരു ലക്ഷ്യം
ചൂഡാരത്നം പൂവയക്കോട്ടകം
മുല്ലപ്പൂനാദനും വിരചിക്കും
ക്ഷിപ്രജലനിധി ചാടിക്കടക്കും
സംഗതിക്കിവനെത്ര സാധിക്കും പ-
ശ്ചിമപുരങ്ങളിൽ വസിക്കുന്നു,
സ്വപ്നങ്ങൾ കണ്ടുണർന്നു ഭാഗ്യം
സപ്തസ്വർണ്ണങ്ങൾ ചിന്തവിചാരം
തമ്പുരാൻ വരണമെന്നു
പൂർവ്വരമണമുഖ്യരാം ദേവൻ:
ശ്രീഹരിപുരമശ്രീ വൈകുണ്ഠം
ഗോപുരസീമകാവൽ വസിക്കും
ജയവിജയന്മാർ പതിവായി
ജയനാമാവും ഭൂമിയിൽ പിറന്നു;
സഹജൻ പിന്നെ കൂട്ടായവൻ
സഹജൻ വിജയൻ പിറന്നു ഹിരണ്യാദൻ
ഹിരണ്യകശിപു ഭൂമിയിലെന്നു
ഹിരണ്യകശിപുവായതെന്നുമന്നാ
ഴിഞ്ഞു മനം പതിഞ്ഞിതെന്നിൽ
ച്ചുഴിഞ്ഞുപിന്നെയും ജനിച്ചു പിറന്നു;
രാക്ഷസകുലേ രാവണനായോരു
രാക്ഷസപതി രാമനുവനായോര്
ശ്രവണിപുരമന്ദിരം വാഴുമനാഥൻ
വിപിനതലം പ്രാപിച്ചീടുന്നു
അതിനുടയോരു പതു മുവതിനാം-
മവനിവന്നും ഒരു സിംഹാസനം
മോക്ഷണമുരുളുമെഴുന്നുള്ളുന്ന നതി-
ല്ലൂഷണം മനുജമാനവനില്ല;
മരപ്പൂമരണം കോട്ടവിനിയമ-
നാരോ പുരുഷന്മാരെ ഭംഗമില്ലാത്ത
ചന്ദ്രക്കുട്ടംതന്നെ ബഹിരപ്പാ-
നിനിക്കും തോന്നിടുകയില്ല,
അതുമനോഹരമാനവജനമൂന്ന്
രിക്കുന്നതിനിനി ദുഃഖമാമോ?
എങ്കിലുമിന്നൊരുപണിചെയ്യേണം
സങ്കടമായതൊക്കെയും ചെയ്തീടേണം
സ്വപ്നം കണ്ടത് ചിന്തിക്കുന്നേരം
ലോകർക്കു സന്തോഷം ദുഃഖവുമുണ്ട്:
അപ്പോൾ ഭ്രമിച്ചു പോകിലപ്പോൾ
പൂർവ്വം ഭയം പറഞ്ഞീടുമവർ
ഇപ്പോൾ രാവണനുള്ളിൽ സുഖതര-
പുഷ്പാഞ്ജലി മനസ്സിലാക്കേണം
ചന്ദ്രനിഭനാം കോമളപ്പൂമേനി
ശീഘ്രമപ്പോൾ പരിചരിച്ചിട്ടവൻ
എന്നുടെ ഗൗരികൾ നിദ്രയാലുള്ള-
മൊന്നൊഴിയാതെ പൊൻമയിലാക്കും
ചെന്നവനന്നിങ്ങു രാവണനോടേ
ചൊന്നതിവിംശതിനയനാദികൾ തൻ
രാക്ഷസഗണമെല്ലാം പോരുമ്പോൾ
സംഘമൊലികൾ മുഴക്കിയ ദശാസ്യൻ

സീതാദേവിവസിപ്പതത്ത
ക്കാലത്തെപ്പോട്ടുപുറപ്പെട്ടായി.

അധികംസുന്ദരമായിട്ടൊരുകംസുന്ദരരാമായോ
തിശൃംഗേരാദ്യംധരിച്ചൊരുരാക്ഷസരാജൻ
കനകമതിൽക്കുള്ളവകലിതമാഹാദാര
ചൂന്തസന്തോഷതരസ്ഥകസ്തൂമനോലികാജാലം
വളകൾമേലതിന്മേൽ ഭ്രതിലകാപാളികൾമെയ്യി
ലിളകംകൊഞ്ചനാവലസ്യമോഹനനാദം
വിളങ്ങുംപൊന്നഞ്ഞാണോടിണങ്ങുംമിന്നുരത്ത
(ങ്ങൾ
നിറങ്ങൾകാണുമപ്പോൾനിറഞ്ഞകാന്തിയുംപൂ
(ണ്ടു
നിറമേറീടിനപട്ടിൽപുറമേവിസ്മയമായോ
ത്തുമൽഭംഗിയിൽകെട്ടിത്തുടർമാലാവലിയിങ്ങു
ഇളയഭാസ്കരബിംബമുദയംചെയ്യുമ്പോളും
വിളങ്ങുംഭാസുരമാമഞ്ഞകരണ്ഡലത്താട്ടം
അട്ടത്തെസേവകന്മാരമാത്യന്മാരികൾകയ്യി
ലെട്ടത്തിലാടിയുംതമ്മിനഞ്ചിതമായമേളത്താൽ
തരത്തിൽകാമിനീവൃന്ദംകരത്തിൽപൊന്നാണി
(ത്തുലം
നിരത്തിരച്ചത്തുടൻനന്ദനിറത്തിൽകാഞ്ചനമി
(ച്ചം
കെട്ടത്തിലകൗതുകംപാരംനിരത്തിലീപാലാലം
മുഖത്തിലകോമളകൃതംവരത്തിവാസ്സുരാലയ
മുരത്തിൽകീർത്തനംചൊല്ലിപ്പുകഴ്ത്തിസൈന്യസമൂ
(ദയ്യും
വളർത്തികാമുകന്മാരെ ഉത്തികമനെനിന്ദി
ച്ചകത്തിഭൂഷണം ചെമ്മത്തിത്തുപ്രകാരമെല്ലാം
തരത്തിൽസുന്ദരിവൃന്ദംനിപ്പിച്ചിൻനല്ലവരെല്ലാം
ഇടക്കമദ്ദളതാളമേളംപോണിമേളത്തോ
ടിണക്കംതേടിനനാദസ്വരസ്ഥായിസംഗീതം
സുഖവീണാരവമടക്കഴലുംതിത്തികനാദം
മുഖവീണാവലിശംഖധ്വനിയുംമറ്റുംപിന്നും
അമരാധീശനെപ്പോലെനടവിട്ടഹോഷംവും
(ണ്ടെം
രമരാരാതികൾമുമ്പനഴകംരാവണവീരൻ
തെളിഞ്ഞുനിന്നുടൻനോക്കി,
പറഞ്ഞീതേവരുമന്നായറിഞ്ഞുകേളേവിൻ
(നാനാ
വിധങ്ങൾകാട്ടുംതങ്ങളെപ്പിൻപെട്ടികൾപി
(ളർ
കട്ടപ്പിൻചെട്ടകംകെട്ടിൻവെടിപ്പിലായിരം
(പെട്ടി
നിറച്ചിൻകാഞ്ചനംതാം ചൂടുപിന്നാലെതങ്ങൾ
ഉറപ്പിച്ചിൻകുടിപ്പിൻപുഷ്പംമറിപ്പിച്ചിനാപ്പക്ഷം
(നമ്മെ
സ്തുതിപ്പിച്ചിൻസേവകപൂരം;
മുഷിപ്പിൻശിലകൾകണ്ടാൽതൊഴിപ്പിൻസംശ
(യംവേണ്ട;
മിപുരത്തെലകളുംമുഴുപ്പൂപ്പന്തുമാറക്കണം

വളർപ്പിൻവാടികാമെയ്യിൽധരിപ്പിൻഭൂഷണ
(മെല്ലാം
കൊട്ടപ്പിൻവാണവക്കല്ലാം
ഗമിപ്പിൻമാനമില്ലാ കളിപ്പിൻനോക്കുകൾ
(കണ്ടാൽ
കൊട്ടപ്പിൻതാഡനംനന്നായ്നടപ്പിൻകൂടവേ
ചുറ്റും
കൊട്ടപ്പിൻമാഹാവുംകൂത്തുംതട്ടപ്പിൻദുശ്ശകന
(ങ്ങൾ
തകപ്പിൻമോഹനാദംപൊഴിപ്പിൻവേണവി
ൻനാദം
ഒഴിപ്പിൻദിക്കുകൾമുമ്പിന്നൊഴിപ്പിൻകശ്മലന്മാരേ
ചരിപ്പിൻനല്ലവർമുമ്പിൽനിരപ്പിൽമാനസമെ
(ത്തു
രമിപ്പിൻനാരിമാർമുമ്പിൽകളിപ്പിൻമോഹിനി
(യാട്ടം
നടിപ്പിൻഭാവമെല്ലാംവെടിപ്പിൻവർണ്ണിയിട്ടു
നടപ്പിൻമന്ദമെന്നതറപ്പിൻകാര്യമൊക്കെ
അടിപ്പിൻഭൂതലമെല്ലാംതടിപ്പിൻകാമിനിവൃന്ദം
വഹിപ്പിനാപാവെട്ടംകൈവിളക്കുപോരജാലം
മണപ്പുറത്തെത്തിച്ചൊരെത്തൃപ്പുന്നഞ്ചായംപോരി
വിരപ്പിടനന്ദടാമെയ്യിൽപൊന്നിപ്പംനിമസംശ്ര
അതോമനിനിമാരന്ദുരാജനിപ്പാത (കരം
കരമൊരുക്ഷന്നാടൊപ്പംസുരസാമാനന്ദീമഞം
വളകൾകാതിലമാലതളകൾചൂടലർമാലാ
വലികരുനാലികാരത്തിൽമംകൊമ്പികാഹളം
ഇളക്കത്താലിയുംമിന്നുംതക്കത്താലിയുംനുലും
പതക്കംതോൾവളമുത്തുവിരൽക്കുമോതിരജാലം
ധരിപ്പിനിവകമറ്റുംമഹാദിവ്യാഭരണങ്ങൾ
ചരിപ്പിൻകറമുണ്ടാക്കാതിരിപ്പിൻമാനിനീമാ
വെള്ളക്കുപ്പല്ലുകൾതേച്ചുമുറുക്കാൻകണ്ടുകൊപ്പിച്ചു(ര
കരിക്കുട്ടമിന്നുകൂശിനിരകൊള്ളുവിപൂണ്ടു
കളിക്കുംമാനസത്തോടുംപുറപ്പെട്ടീടുവിൻവേഗം
ചിലക്കുതാമരക്കണ്ടാലലക്കുംചൂരൽകൊണ്ടു
(ഞാൻ,
മുത്തുമാമേറിനവസ്ത്രംധരിച്ചീടണമെല്ലാം
മെത്തുകളുള്ളവരിനിക്കുന്നത്തെസ്സമുത്കണ്ഠണം
മഹിക്കനമ്പിവീതരൻമതിക്കാകൗതുകംപാരം
മുതിക്കമേവമല്ലുംഞായർദൂഷികംസംശയമില്ല
ഇവണ്ണംകല്പനചെയ്തുനിന്നുരാക്ഷസരാജൻ
സുവണ്ണഭൂഷണാകീർണ്ണൻതുടങ്ങിയാത്രയുംമന്ദം

മധുവാണിജനംകണ്ടുമയങ്ങുംവണ്ണം
മലരമ്പൻനാണംപൂണ്ടുവണങ്ങുംവണ്ണം
മുഖപൊണ്ണാമലതിരാറാംവിളങ്ങുംവണ്ണം
സുഖംചേരുംതന്നെയുമകളിക്കുംവണ്ണം;
നയനങ്ങളിൽചെപ്പുമിളക്കിക്കൊണ്ടു
നവരസാവഹാരികളിക്കത്തിണക്കിക്കൊണ്ടു
നവസുഖരസഗിരമുരച്ചുംകൊണ്ടു
നവമകർചാരിതമുധരിച്ചുംകൊണ്ടു,

ശതമഖമുഖസുഖവിഗതകരൻ
ദശമുഖനഴകിയപുരുഷവരൻ
വളകൾമോതിരംപൂണ്ടകരനികരൻ
വനിതമാർകളികണ്ടുകുതുകധരൻ;
മുറുക്കിക്കൊല്ലികൾപത്തുംമുഴപ്പിക്കുന്നു
കുറുക്കുകാൽവച്ചുമന്ദംഗമിപ്പിക്കുന്നു
മനസ്സിൽദേവിയെധ്യാനിച്ചുറപ്പിക്കുന്നു
മദത്തെമന്മഥനുള്ളിൽകുറപ്പിക്കുന്നു;
ദശമുഖനേവംവേഷംധരിച്ചുംകൊണ്ടു്
ട്ടശമുഖംനിനച്ചുടൻഗ്രഹിച്ചുംകൊണ്ടു്
നിറഞ്ഞപൂമലക്കാവിലടുത്തുമന്ദം
ബഹുതപമാംജനത്തെയൊട്ടുകററിനന്നായ്
ജഗന്മാതാവായദേവിയമർന്നീടുന്ന
പുകഴ്‌ന്നപൂമലക്കാവിൽനികന്നീടുന്ന
നിറന്തേട്ടമകിൽമരമണിത്തറയ്ക്കൽ
സുഖംതേടിരാവണൻചെന്നടുക്കടുക്കെ
നിശിചരവരന്തന്റെവരവീവണ്ണം,
ശശിമുഖിസീതകേട്ടുവിറച്ചുള്ളന്നം,
മുലരണ്ടുംതുടകളാൽമറച്ചണച്ചു
മുഖപങ്കേരുഹംകമ്പിട്ടിരുന്നിരുണ്ടു
തലമുടിയടിക്കീഴെവിരിച്ചഴിച്ചു
സുലളിതചാരുഗാത്രംമറച്ചുറച്ചു;
മഞ്ജുളതരനേത്രമടച്ചുടച്ചു
മനസ്സിൽശ്രീരാമധ്യാനമുറച്ചുറച്ചു
വാർത്തുംകൊണ്ടവിടത്തിലിരുന്നു
വിസ്തൃതമായ നഭസ്ഥലമാർഗ്ഗം
ഇത്ര കടന്നു നടന്നിതു തേരും
എത്രയുമധികം വേഗത്തോടെ
പൃഥ്വീചക്രം തന്നിലിറങ്ങി
ലങ്കാനായകനങ്ങുടനേറ്റ-
മഹങ്കാരത്തൊടു പുത്രസമേതൻ
സംക്രന്ദനനെ കെട്ടിക്കൊണ്ടഥ
ലങ്കാപുരിയിൽ ചെന്നു കടന്നു
ശങ്കാരഹിതം സുരതതി തന്നെ
തങ്കക്കൊടിമരമൂലത്തിങ്കൽ
ശൃംഖലകൊണ്ടു തളച്ചക്കാനായ്
കിങ്കരവരരെ വിളിച്ചുര ചെയ്തു
ഭൃത്യന്മാരവരിങ്ങിനെയാപൗ-
ലസ്ത്യൻ തന്നുടെ കല്പനയതു കേ-
ട്ടുദ്യോഗിച്ചു പുറപ്പെട്ടാരഥ
സദ്യോ ബഹുതരമദമത്തന്മാർ
വിദ്യുന്മാല്യോബാണാസനനാ-
മദ്ദേഹത്തെബ്ബന്ധിപ്പാനതി
ഹൃദ്യമതാമൊരു ചങ്ങലയും കൊ-
ണ്ടത്യാടോപമടുത്തു പിടിച്ചു
വാനവവരനെച്ചങ്ങല വച്ചൊരു
വാനരവരനെപ്പോലെ ചമച്ചു
മാനികളാമവരങ്ങു തിരിച്ചു
ദശാനനനോടും ചെന്നറിയിച്ചു
മാനസതാരിൽ പ്രീതികലർന്നഭി-
മാനിയതാം ദശകണ്ഠൻ തന്നുടെ
മാനിനിയോടും മക്കളുമായ് പര-
മാനന്ദിച്ചങ്ങവിടെ വസിച്ചു.

ഓർത്താൽ വിചിത്രമയ്യോ ഗോത്രാരിദേവരുടെ
വാർത്താവിശേഷമതിമാത്രം കഠിനം തന്നെ
ഗാത്രങ്ങളെല്ലാം മലമൂത്രങ്ങൾകൊണ്ടണിഞ്ഞു
ധാത്രിയിൽ കിടന്നഹോരാത്രങ്ങൾ കഴിയുന്നു
രാത്രിഞ്ചരന്മാരുടെ ചിത്തവൈരങ്ങൾ തീർപ്പാൻ
പാത്രമായ്തീർന്നു ദേവഗോത്രാധിരാജൻ താനും
സ്നാനവുമില്ല ജലപാനവുമില്ല കഷ്ടം
മേനിയും മെലിഞ്ഞതി ദീനനായിതു യാതു-
ധാനന്മാർ ചെയ്തിട്ടു നാനാവിധങ്ങൾകൊണ്ടു
വാനവകുലപതി താനും മനസ്സു മുട്ടി
ജ്ഞാതന്മാരിൽ ചില മിശക്കാരിങ്ങു വന്നി-
ക്കീശായമാനനോടും ചോദിത്തുടങ്ങി മന്ദം
ദേവാധിരാജ നിന്റെ സേവന്മാരിന്നു ഞങ്ങൾ
കേവലം നിന്നെ കാൺമാനേവം വന്നിതെ
(ന്നോർക്ക
കേട്ടാലുമെടോ നിന്റെ ദുഷ്ടികൾ സർവ്വാംഗമി-
ക്കൂട്ടത്തിലൊരുത്തനോ കൂട്ടക്കാർക്കൊക്കെയുണ്ടോ
കഷ്ടമിങ്ങിനെയുള്ള ഗോഷ്ഠികൾ ഞങ്ങളുടെ
നാട്ടിന്നകത്തു മുന്നം കേട്ടുകണ്ടറിവില്ല
ഒട്ടും കുറവുമില്ലാ കിട്ടേണമീ വസ്തുക്കൾ
വിഷ്ടപാധിപനു വിശിഷ്ടവസ്തുക്കൾ ചേരും
വിഷ്ടരശ്രവസ്സാം നിൻ ദിഷ്ടനോടായിപ്പോൾ
പെട്ടെന്നു നിന്നുടെയിച്ചട്ടങ്ങൾ ഗ്രഹിച്ചീലേ
എത്രനാളായി മലമൂത്രാദികളിൽ തന്നെ
മൂത്രപ്പുഴുക്കൾ പോലെ ധാത്രിയിൽ കിടക്കുന്നു
ചിത്തത്തിൽ സ്നേഹമുള്ളൊരുത്തനെങ്കിലുമിന്നു
മിത്രമായിട്ടില്ലേ നിൻ ഗോത്രത്തിലൊരേടത്തും
ശക്രനാം നിനക്കിന്നു വിക്രമികളായ് ചില
മക്കളുണ്ടെന്നു ഞങ്ങൾ കേൾക്കുന്നു പണ്ടേ തന്നെ
അക്കൂട്ടരിലൊരുവനിക്കോട്ടം തീർത്തീടുവാ-
നിക്കൂട്ടത്തോടു വന്നു നേർക്കെട്ടമറിയാതെ
എന്തഹോ കഷ്ടമസ്സന്താനം വന്നില്ലല്ലോ
തന്തയാം നിന്നുടെ താന്തോന്നിത്തത്തിനിനി
ബന്ധനമുചിതമെന്നന്തരമവർക്കുള്ളിൽ
ചിന്തിച്ചു കേഴുന്നീയെന്തിന്നു പാഴിൽ തന്നെ
ഉച്ചയ്ക്കുമുഷസ്സിന്നുമിച്ഛയ്ക്കു ചേരുംവണ്ണം
വച്ചു ചോറും കറിയും കാച്ചിയ പാലിവയെല്ലാം
നിച്ചലും മുടങ്ങാതെ മെച്ചത്തിൽ കൊടുത്തേറ്റം
സ്വച്ഛമാം മെത്തമേൽ വിരിച്ചു കിടത്തിത്തന്റെ
കൊച്ചിനെച്ചൊല്ലിപ്പാരം ദുഃഖിച്ചു പോരുന്നത-
ന്റച്ഛനെക്കൂറില്ലാത്ത കൊച്ചുകിടാങ്ങളായാൽ
വച്ചേയ്ക്കുതു പിന്നെയച്ചു കൊല്ലണമിപ്പോൾ
ഇച്ചാപല്യങ്ങളെന്നുമിക്കൂട്ടങ്ങളിൽ കാണാം
ക്രുദ്ധൻ നിന്നോടു ദശകണ്ഠൻ തുടങ്ങിയതു
കണ്ടു രാവണിയേറ്റം ശുണ്ഠിച്ചു വന്നു നിന്റെ
തണ്ടുതപ്പിത്തമെല്ലാം കൊണ്ടുവയ്പിച്ചു വെടി-
ഞ്ഞോണ്ടനാം നിന്നെ കെട്ടിക്കൊണ്ടിങ്ങു പോ-
(ന്നവന്നി
ക്കണ്ടജനങ്ങളെല്ലാം കണ്ടുനില്ക്കെ ചങ്ങല
കൊണ്ടു ബന്ധിച്ചതും നീ കണ്ടില്ലേ ദേവരാജ
മക്കളെന്നാകിലവരിക്കണക്കിരിക്കേണം
ഭോഷ്കണക്കേട്ടു നിന്റെ പോക്കുവാൻതക
(ച്ചോളെ
വിക്രമശാലിയായിരിക്കുന്ന പുത്രൻ നിന-
ക്കിക്കാലം പൊക്കാതെന്നോർക്ക കാലം നിക്കാവ
[തെ
രാക്ഷസക്ഷോഭിച്ചാൽ ദക്ഷതയുണ്ടാമേറ്റം
അക്ഷീണബലത്തോടും ദക്ഷനായ് തിരുമവൻ
ലക്ഷം സുതന്മാർ സഹസ്രാക്ഷ നിനക്കെന്നാ
(ലും
രക്ഷോചരന്മാരോടു കാൽക്ഷണം നിൽക്കയില്ല
എന്നതുകൊണ്ടു തവ നന്ദനനായ് വരുവാൻ വഴി-

യൊന്നുഞാനേരചെയ്യാമെന്നങ്ങുബോധിച്ചാലും.
ഇന്നുത്തരമററാരോടുംചെന്നുപ്രസംഗിയ്ക്കുണ്ടോ
എന്നാലതിന്നുവിഘ്നംവന്നുപോമറിഞ്ഞാലും
ഇന്ദ്രനാംനിന്റെനല്ലസുന്ദരിമാരെയെല്ലാ
മൊന്നൊഴിയാതെകണ്ടീമന്ദിരേവരുത്തുക
എന്നാൽനിനക്കുനല്ലസുന്ദരന്മാരായ് ചില
നന്ദനന്മാരുണ്ടാകുമെന്നോപറവാനുള്ളൂ
ആയതിൽചിലരിന്നീമായാവികളെവെന്നു-
പായേനനിന്നെക്കൊണ്ടുപോയീടുംബോധി-
(ച്ചാലും
അല്ലാതൊരുവനിന്നീവല്ലാത്തക്കൂട്ടങ്ങളെ
വെല്ലുവതിന്നുപോരുകില്ലെന്നറിഞ്ഞാലുംനീ
മുള്ളുകൊത്തിയാൽമററുമുള്ളുകൊണ്ടെടുക്കേണം
രാക്ഷസരെജ്ജയിപ്പാൻരാക്ഷസന്മാരെനല്ലു
ഇങ്ങനെയവരുടെതിങ്ങിനപരിഹാസ-
ങ്ങളിന്നെകേട്ടുകേട്ടുമങ്ങിന്നമനസ്സോടെ
ദാനവാരിയാംഭഗവാനെസ്മരിച്ചു ചിത്തേ
ദാനവാരികൾപതിതാനുംവാണിതുതത്ര
അക്കാലംനാരദൻതാനക്കഥയെല്ലാംചെന്നു
വെക്കമങ്ങറിയിച്ചാനക്കമലാസനനെ
ശക്രന്റെവർത്തമാനമൊക്കെഗ്രഹിച്ചുബ്രഹ്മാ-
വാക്കമോദോടിച്ചെന്നരക്കന്റെമന്ദിരത്തിൽ
ര[illegible]ാലോചിതമായസല്ക്കാരംചെയ്തുനിൽക്കും
വിക്രമമേറുംദശവക്ത്രനോടരുൾചെയ്തു.
രാത്രിഞ്ചരകുലപുംഗവരാവണ
യുഷ്മാനുടെതൊഴില്കളെല്ലാം
ശക്രൻദശമുഖനെന്നുവരുത്താം-
നിത്തൊഴിലോർത്തപാർത്താലുചിതം?
പുത്രയുമുത്തമനാകുംനമ്മുടെ
സുത്രാമാവിനെബന്ധിച്ചിങ്ങിനെ
അത്രകിടത്തീടുന്നതുപാർത്താൽ
ചിത്രമതെന്നേപറവാനുള്ളൂ
പണ്ടുംപലപലരാക്ഷസരിവരൊട്ടു
ശണ്ഠതുടങ്ങിമടങ്ങീദേവകൾ
മണ്ടുംനേരത്തായതുരണ്ടുവി
കണ്ടുംകൊണ്ടവരിങ്ങിഹപോരും
ഉണ്ടായിട്ടില്ലന്നുമിവ്വക
വേണ്ടാസനകർമ്മങ്ങളിലൊന്നും
ഉണ്ടിതിനിഹമേചിലതൊഴില്കൾമറേറ
കണ്ടാനീയതുബോധിച്ചാലും
ചെങ്ങക്കാരൻഞാനിഹനിന്നെ
ക്കൊണ്ടാടീടുകകൊണ്ടല്ലേനീ
കണ്ടവരോടെറക്കെച്ചെന്നിങ്ങനെ
ശുണ്ഠികടിച്ചുനടന്നിടുന്നു
വേണ്ടാനിന്നുടെവികൃതികളേററം
ചെണ്ടതപോവിണയുംതവമൂഢാ
വിഷ്ടപനായകനായിട്ടൊന്നൊരു
സൃഷ്ടാവഹമെന്നാകിനിശാചര
ഒട്ടുംമടിയാതമരാധിപനെ
പ്പെട്ടന്നമ്പൊടുബന്ധമഴിച്ചു
വിട്ടീടണമതുകൊണ്ടുനിനക്കും
പുഷ്ടിഭവിക്കുംലങ്കാധിപതേ!
ഇത്തരമുള്ളപിതാമഹവചനാ
ചിത്തഭയത്തോടുകേട്ടുനിതാന്തം
കാൽത്തളിരിണയതിൽവീണുവണങ്ങീ-
ട്ടുത്തരമിത്ഥമുരത്തുദശാസ്യൻ
നിന്തിരുവടിയുടെകല്പനയെന്നാ
ലെന്തൊന്നുമുക്കിഹചെയ്യരുതാത്തു
ചെന്തീക്കനലതിൽവെന്തുമരിപ്പാ-
നന്തരമില്ലഭവാനരുൾചെയ്താൽ
എന്തിനുപഴുതേകലഹിക്കുന്നു
ഹന്തഭവാനീസുരനായകനുടെ
ബന്ധനകർമ്മമിതിന്നെന്മകനുടെ
തന്തോന്നിത്തമതെന്നറിയേണം
നിച്ചലുമിവനുടെതൊഴിലുകളീവക
ദുശ്ശീലത്തിനൊരവധിയുമില്ല
കൊച്ചുകിടാങ്ങടെവികൃതികളെല്ലാം
മച്ഛൻകുററമതെന്നുംചൊല്ലും
വാശ്ശത്രുമസ്സുനമുക്കൊരുനന്ദന
നീശ്വരകൃപകൊണ്ടുളവായല്ലൊ
വിശ്വപ്രഭുവാകുന്നഭവാനുടെ
ഐശ്വര്യംമമജീവിതമെല്ലാം
അരികളൊടമർചെയ്തവരുടെബന്ധനമ-
മരുതെന്നിന്നുഭവാനരുൾചെയ്തു
പരമാർത്ഥമതെന്നാകിലുമിപ്പോൾ
കരളിലതടിയനുപററീല്ലേതും
എങ്കിലുമടിയൻമടിക്കൂടാതെ
പങ്കജഭവ!തവശാസനമൂലം
ശങ്കവെടിഞ്ഞീസുരനായകനെ
ശൃംഖലവിരവിലഴിച്ചുവിടുന്നേൻ
ശത്രുക്കളിൽനിന്നപമാനാദിക-
ളത്രവരാതെയിരിപ്പാനിന്നതി
ചിത്രമതായൊരുവരമിഹനമ്മുടെ
പുത്രനുനൽകീടുകനലമോടെ
രാവണനിങ്ങനെചൊല്ലിത്തരസാ
രാവണിയേയുംതത്രവിളിച്ചു
ദേവാധിപനെബ്ബന്ധമഴിച്ചു
പോവാനങ്ങിഹയാത്രയയച്ചു
സ്രഷ്ടാവിന്റെപദാബ്ജേവീണഥ
സാഷ്ടാംഗേനനമസ്കൃതിചെയ്തു
തുഷ്ടനതായിവിരിഞ്ചനുമപ്പോൾ
തൊട്ടുശിരസ്സിലനുഗ്രഹമേകി
രാവണിതന്നെവിളിച്ചേവമരുളിനാഥൻ-
രാവണനന്ദനാനിൻഭാവങ്ങളെല്ലാംചൊൽകം
താവകവിക്രമംകണ്ടാവോളംപ്രസാദിച്ചേൻ
കേവലംവരമൊന്നുഭാവിച്ചിട്ടൊണ്ടുതാനും
ആയതുമേടിച്ചാലുമാമോദത്തോടുഭവാൻ
ഹോമമുണ്ടൊരുവിധമാമെങ്കിൽചെയ്തുകൊൾക
എന്നതുമുടങ്ങാതെയിന്നുസാധിച്ചെന്നാകിൽ
പിന്നെശ്ശത്രുക്കളൊരുംനിന്നെക്കാണുകയുമില്ല
ചന്തമോടിന്നുഹോമംസാധിക്കുംമുമ്പെയൊരു
അന്തരായംവരികിലന്തകൻവീട്ടുപൂകും.

ഇന്ദ്രനെജയിക്കകൊണ്ടിന്ദ്രജിത്തെന്നുനാമ-
മൊന്നുവിശേഷിച്ചിന്നുതന്നേനെന്നറിഞ്ഞാലും
എന്നെല്ലാമരുൾചെയ്തനന്നായനുഗ്രഹിച്ചു
ഇന്ദ്രജിത്തിനെഏററംനന്ദിച്ചുവിധാതാവും
പംക്തികണ്ഠനെയുംനിതാന്തമനുഗ്രഹിച്ചു
സന്തോഷത്തോടുബ്രഹ്മാവന്തർദ്ധാനവുംചെയ്തു
ലങ്കാനായകനേററംഹുങ്കാരത്തോടുംകൂടി
ശങ്കാരഹിതംതന്റെലങ്കയിൽസ്വൈരംവാണു
പാകവൈരിതൻനാകലോകത്തിൽചെന്നുപാര-
മാകലമാനസനായഹന്തവാഴുന്നേരം
നാരദമുനിവരൻനീരദവാഹനന്റെ
ചാരത്തുകടന്നുചെന്നാദരാന്നിവണ്ണംചൊന്നാൻ

പാദംമുറിയടന്ത

ഉമ്പർകുലാധിപവമ്പനാമഖേശൃണു
ജംഭരിപോമഘവൻ,
ഭവാനംഭോജസംഭവനന്ദനനാകുമെൻ
സംഭാഷണങ്ങളെല്ലാം
ഇങ്ങനെസംഗതിവന്നതുകൊണ്ടുട-
നിങ്ങുവിഷാദിക്കേണ്ടാനിങ്ങൾ
തങ്ങളിലുള്ളൊരുശക്തിഭേദങ്ങള-
തെങ്ങനെയംപോയിട്ടഹോ
ബ്രഹ്മവരബലംകൊണ്ടുഭവാനെയാ-
ജിഹ്മൻപിടിച്ചുകെട്ടിഎന്നു
സമ്മതമെല്ലാർക്കുമെന്നുധരിച്ചാലു
മംബുദവാഹന നീ
എങ്കിലുമുണ്ടൊരുപായമവനുടെ
ഹുങ്കൃതിപോക്കീടുവാനെങ്കൽ
ലങ്കരിച്ചീടുന്നലങ്കേശനെക്കൊണ്ടു
ശങ്കകളിപ്പിച്ചീടാം
അങ്ങർക്കലേശചരന്നുടെപുത്രനാ-
യുണ്ടൊരുവാനരത്താൻചെന്നു
കണ്ടാൽകൃതാന്തനുമിണ്ടലകപ്പെട്ടു
മണ്ടീടുമിന്നവനെ
കണ്ഠോരബലനാകിയബാലിയെ
കൊണ്ടുകഴിയ്ക്കാംകാര്യംമേദാ-
കണ്ഠനെലാംഗൂലംകൊണ്ടുബന്ധിപ്പിച്ചു
കണ്ടുരസിയ്ക്കുന്നൊണ്ടു
ഇണ്ടലോടെദശകണ്ഠനൊരുപന്തി
രാണ്ടുകിടന്നീടേണംതത്ര
ചെണ്ടപിണയ്ക്കുവാൻനമ്മെക്കണ്ടൊക്കെയി
ക്കണ്ടതിലൊരുമില്ല

ഏവംമുനിവാക്കുകൾകേട്ടഥ
വാഴുംവലശാസനനുംനിജ
ഭാവങ്ങൾപറഞ്ഞുതെളിഞ്ഞഥ
ദേവമുനീശ്വരനൊടുകുതുകാൽ
കരുണാമയവരുണനികേതന
കരുണാകരചരണനിഷേവണ
കരുണാദൃതമുനിവര!നിയ്യിഹ
കാരണമാമപുനരിതുസമയേ
ഭാഗ്യമതിരാവണനനവധി
ചതിചെയ്തന്നോടുചെയ്തിതുരണഭുവി
മതിയായതുമില്ലജയിപ്പതിനു;
നിതികലയമഹാഗുണരാശേ
അതുകണ്ടുകയർത്തഥരാവണനി
ചതികൊണ്ടുജയിച്ചവനെന്നായു
മതിവേഗംകൊണ്ടുതിരിച്ചവർ
പുരിയതിലൊരുദിശിബന്ധിച്ചു

ദുഷ്ടന്മാരുടെപുരിയതിലേററം
കഷ്ടപ്പെട്ടടനവരുടെതല്ലും
കൊട്ടുംകൊണ്ടുടനങ്ങിനെവലയിൽ
പെട്ടകരങ്ങുകണക്കെവസിച്ചു
ചട്ടമതെല്ലാമനുഗ്രഹിച്ചാം
സ്രഷ്ടാവവിടെയെഴുന്നള്ളിപ്പല-
വട്ടംരാവണനോടുപറഞ്ഞതി-
രുഷ്ടനതായിവിരിഞ്ചനുമപ്പോൾ
ചെട്ടെന്നെന്നെയഴിച്ചുവിടാനാ-
സ്ഥടംകൂട്ടിയടുത്തുദശാസ്യൻ
കെട്ടിമുറുക്കിപ്പൂട്ടിയചങ്ങല
വെട്ടിയറുത്തുകളഞ്ഞവനൻപൊടു
മുഷ്ടിചുരുട്ടിക്കൊണ്ടുതലയ്ക്കൊരു
കൊട്ടുംതന്നവനെന്നെയയച്ചു
കഷ്ടംകള്ളന്മാരുടെതൊഴിലുക-
ളൊട്ടല്ലെന്നങ്ങറികമുനീന്ദ്രാ
വാട്ടമകന്നുഭവാനിന്നാക്കപി
കൂട്ടങ്ങൾക്കെജമാനനതാമെ-
ന്റിഷ്ടകുമാരൻബാലിയൊടവനുടെ
ചേഷ്ടിതമൊക്കെയുമുരചെയ്യേണം
കൂട്ടണമവനെക്കൊണ്ടിഹചിലപണി
കോട്ടംദശമുഖനങ്ങുവരേണം
നിഷ്ഠുരതരനാംരാവണനവിടെ
ക്കേട്ടുപിണഞ്ഞുകിടന്നീടേണം
പെട്ടന്നായതുകൊണ്ടിഹനമ്മുടെ
വാട്ടംതീരുമതെന്നറിയേണം
ഒട്ടുംതാമസിയാതെകണ്ടുപു
റപ്പെട്ടാലുമിതിന്നുമുനീന്ദ്രാ

ദേവാധിരാജനുടെഭാവങ്ങളെല്ലാംകേട്ടു
ദേവമുനിഞാനിതാപായുന്നുഎന്നുംചൊല്ലി
തോഷംകലന്നോരോരോഭാഷണംചെയ്തുപോ
[ക്കം
വേഷംവിചാരിച്ചാൽവിശേഷമന്നതേവേണ്ടു
കാഷായവസ്ത്രധാരിശേഷന്റെഭക്തിശാലി
ഏഷണിയ്ക്കേറ്റുനല്ലശേഷിയായ് നടക്കുന്നു
നാരദമുനിവരൻവീരൻബാലിയെക്കണ്ടു
സാരമങ്ങറിയിച്ചുപാരാതെപുറപ്പെട്ടു
വീണാപാണിയാംമുനികാണെ'നേരംകൊണ്ടു-
(ങ്ങു
ചേണാർന്നലങ്കാപുരേചെന്നുകരേറിനാൻമെല്ലെ
നക്തഞ്ചരേന്ദ്രനപ്പോൾഭക്തിനടിച്ചുപാരം
ഭക്തനാംമുനിതന്നെസ്സൽക്കരിച്ചിരുത്തിനാൻ
ധിക്കാരമേറുംദശവക്ത്രൻമാമുനിയൊടു
തക്കത്തിലുരചെയ്തുതൽക്കാലോചിതമെല്ലാം

നാരദമുനിവരനിന്തിരുവടിതാ-

നേരെന്തരുളിശനിന്നിപ്പോൾവരുന്നു?
ആദരവോടരുൾചെയ്തീടുകഭവ–
ദാഗമനത്തിനുമെന്തൊരുമൂലം?
വൃത്രാരിയുടെചരിത്രവിചിത്രം
ശ്രോത്രഗതങ്ങളതല്ലേസ്സുമതേ!
എത്രസമർത്ഥനതാകുംനമ്മുടെ
പുത്രൻരിപുകുലമർദ്ദനശീലൻ
വാസ്തോഷ്പതിയെസ്സമരംതന്നി–
ലമർത്ഥബന്ധിച്ചാത്തരുഷാപുരി
ചേർത്തുകിടത്തിയിതെന്നിങ്ങിനെചില
വാർത്തകൾനീളെനടക്കുന്നില്ലേ
പങ്കേരുഹഭവനായവിരിഞ്ചൻ
ലങ്കാപുരിയിൽവന്നിഹനമ്മൊടു
സങ്കടമേകിയകാരണമവനെ
ശൃംഖലയിന്നിഹമോചിച്ചിതുടൻ
ലങ്കാനായകനാകുംനമ്മെ
ശങ്കിക്കാതിന്നൊരുവൻപോല–
മഹങ്കാരങ്ങൾതുടങ്ങീട്ടുണ്ടുട–
നെങ്കിൽനമുക്കതുകേൾക്കണമിപ്പോൾ
ത്രിഭുവനവാസികളെല്ലാന്നമ്മുടെ
പ്രഭുതകൾകേട്ടുപുകഴ്ത്തുന്നില്ലേ?
വിമതജനങ്ങളതെങ്ങാനുംമമ
സമതനടിച്ചുനടക്കുന്നുണ്ടോ
തങ്ങൾശരനെപ്പണ്ടൊരുനാൾശിതി
കണ്ഠൻചുട്ടുകരിച്ചൊരുശേഷം
രണ്ടാംകാമൻതന്നുടെജനിമമ
കുണ്ഠാനിതെന്നുധരിച്ചീടേണം
കണ്ടാലഴകേറുന്നൊരുനമ്മുടെ
തൊണ്ടിതൊഴുന്നൊരുചുണ്ടുംമുഖവും
കണ്ടാലാഗ്രഹമുണ്ടാവാത്തൊരു
വണ്ടാർകുഴലികളുണ്ടോഭുവനേ
ചഞ്ചലമിഴിമാരെന്നെനിനച്ചവർ
പഞ്ചശരാർത്തികൾപൂണ്ടുമയങ്ങി
പ്പഞ്ചതവരുമാറായിക്കിമപിച
ചാഞ്ചല്യത്തൊടുമാവുന്നില്ലേ
ഈരേഴുലകിലുമിന്നുനിനച്ചാം
ലീരാവണനെക്കൊണ്ടുദ്ദൂഷിപ്പവ–
രാരാനുംപുനരുണ്ടോനാലതു
നേരോടുപറഞ്ഞീടുകഭഗവൻ
പങ്ക്തിഗളന്റെവചസ്സുകൾകേട്ടതി
സന്തോഷേണപറഞ്ഞുമുനീന്ദ്രൻ
ഹന്തഭവാനുടെകരബലവിരുതുകൾ
ചിന്തിച്ചാൽബഹുവിസ്മയമല്ലോ
സിന്ധുരബലനിൻസൂനുസുരേന്ദ്രനെ
ബന്ധിക്കുന്നതുകണ്ടുസുരന്മാ–
രന്ധന്മാരവരോടിയൊളിച്ചൊരു–
മന്ദമിതിന്നാരറിയാതൊള്ളൂ
രാവണനെന്നതുകേൾക്കുന്നേരം
ദേവകളൊക്കെവിറച്ചീടുന്നു
കേവലമിഹഞാൻഭേദംപറക–
ല്ലെവർക്കുംഭയമുണ്ടിഹനിന്നെ
ക്കെങ്കിലുമുണ്ടൊരുവാർത്തകളിപ്പോൾ
ലങ്കാധിപതേനിന്നോടുണർത്താൻ
ശങ്കയുമുണ്ടതുപാർവതിയുംശിവ
ശങ്കരനെന്നതുമാത്രംപറയാം
വാനവർവരനുടെമകനായിട്ടൊരു
വാനരനുണ്ടിഭുവനതലത്തിൽ
നാനാജനവുംമാനിക്കുന്നഭ–
വാനെക്കൊണ്ടുദ്ദൂഷിച്ചീടുന്നു
ആശരവരനാംനിന്നെക്കൊണ്ടൊരു
കീശൻവല്ലാതെഹസിച്ചീടുന്നു.
നാശമവനുവരുത്തീടാഞ്ഞാൽ
മോശംനിന്നുടെകാര്യമശേഷം
കല്യനവൻപറയുംമൊഴിനിന്നൊടു
ചൊല്ലുവതിനുഭയംകുറെയുണ്ട്
പുല്ലുമിനിക്കുളശാസ്യമതൊക്കമി–
തെല്ലാമവനുരച്ചീടുന്നു
നല്ലൊരുവടികൊണ്ടവനൊരുതല്ലി
പ്പല്ലുകളൊക്കെയുതിർത്തീടവനുടെ
എല്ലുകളുള്ളതിടിച്ചുനുറുക്കി
കൊല്ലാക്കൊലചെയ്തവനുടെയരയിൽ
നല്ലൊരുവള്ളിവലിച്ചുമുറുക്കി–
ട്ടെല്ലായിടവുംകൊണ്ടുനടക്കണ–
മല്ലാതെകണ്ടവനുടെഗർവ്വുക–
ളെല്ലാമിന്നുശമിക്കുകയില്ല
ഇക്കഥപലരുംകേൾക്കുംമുമ്പേ
വെക്കംചെന്നുപിടിച്ചുനമുക്കാ–
മർക്കടകീടനെനമ്മുടെലങ്കയി–
ലാക്കണമതിനുഗമിക്കണമധുനാ
മൂക്കുതുളച്ചൊരുചരടുംകോർത്ത–
ക്കാൽക്കുമരയ്ക്കും ചങ്ങലയിട്ടൊരു
മൂക്കിൽപെരിയൊരുകുറ്റിതറച്ചു
തള്ളേണമെന്നോമതിയായുള്ള
ളുക്കണ്ടകിടാങ്ങൾക്കുകളിപ്പാ–
നക്കപികൊള്ളാമെന്നുധരിക്കാ
ഇക്ഷണമതിനുപുറപ്പെട്ടീടുക
രക്ഷസകുലമൌലേ!മടിയാതെ
സുരോത്തമൻമുനിയുരത്തവാക്കുകൾ
പെരുത്തകോപമൊടേതോത്സവം
കരുത്തനാശരകുലോത്തമൻമുനി–
യൊടുത്തരംപുനരുരത്തിതേവം
കുടക്കണംബതപൊട്ടക്കമെന്നഥ
നടക്കണംചപലമർക്കടത്തിനെ–
ടടുക്കണംമലമടക്കണംപുന–
രൊടുക്കണംസകലമർക്കടങ്ങളെ
കരുത്തനെന്നുടെരഥത്തിലിന്നുട–
നൊരുത്തനന്പിനോടെതിർക്കിലന്തക–
പുരത്തിലവനുടെയിരുത്തമെന്നതു
വരുത്തുമിന്നതിസമർത്ഥനാംഞാൻ
വെറുത്തനമ്മളെമറുത്തുസാമ്പ്രതി
കറുത്തവാക്കുകളുരത്തവൻതല
യറുത്തുതീയിതാൽവറുത്തവനുടെ

പൊരുതങ്ങവ്വുമമത്തിട്ടുംഞാൻ
ഇത്ഥംബഹുപരാക്രമമുള്ളൊരു
നക്തഞ്ചരനാമെന്നോടുപേക്ഷിക്കെ—
ശക്തനതാകുംവാനരവരനോ-
ട്ടുത്തരമിന്നിഹ ചൊല്ലിക്കേണം
കൊണ്ടാതേരുംകുതിരയുമാശര
കുഞ്ജരമേരേഝടിതികടപ്പിൻ
വേണ്ടുംപടയുടെകോപ്പുമെടുത്തഥ
മണ്ടിനടപ്പിൻമടികൂടാതെ
അണ്ടർകുലേശ്വരനന്ദനനായി-
ട്ടുണ്ടൊരുവാനരനൊരുദിശിയിലശ-
ങ്കാൻതന്നെക്കൂട്ടാക്കാതെ
തണ്ടുകളോരോന്നരചെയ്യുന്നു
ശണ്ഠതുടങ്ങണമവനൊടുവാനര-
കണ്ടകനെക്കൊലചെയ്യണമിപ്പോൾ
വെക്കംരാക്ഷസരൊക്കെനടപ്പിൻ
തക്കംനോക്കീട്ടവനൊടടുപ്പിൻ
മർക്കടവരനെത്തല്ലിക്കൊന്നുതി-
രിക്കണമതിനുഗമിക്കണമധുനാ
ഇത്തരമുരചെയ്തലകനുക-
രത്തിലെടുത്തുപിടിച്ചുകൃപാണം
ഉത്ഥാനംചെയ്യുമ്പോളവനോ-
ടിത്ഥംകിമപിപറഞ്ഞുമുനീന്ദ്രൻ
എന്തൊരുവിധമിതുപങ്ക്തിമുഖാതവ
ഭ്രാന്തുപിടിച്ചവനെന്നാകുന്നോ
സ്വാന്തേതങ്ങടെകരബലമൊന്നും
ചിന്തിക്കാതെപറഞ്ഞിടുന്നു
ഉൽക്കടവീര്യനതെങ്കിലുമിന്നൊരു
മർക്കടകീടനെയങ്ങുജയിപ്പാൻ
രാക്ഷസരൊക്കെനടക്കണമെന്നതി
രൂക്ഷതയോടുപറഞ്ഞതുമുചിതം
ആയുധപാണികളായിട്ടൊരുപതി-
നായിരമാളുകളോടിച്ചെന്നു
പോയിടുന്നതുകൊള്ളാംപുനരട-
നായോധനമൊരുവാനരനോടു
ഈവകയൊന്നുംപാരാതെമമ
രാവണചേരുകയില്ലഭവാനും
സേവന്മാരാംഞങ്ങൾക്കുംപുന-
രേവംവാക്കുകളുചിതവുമല്ലാ
വില്ലുംവേണ്ടാശരവുംവേണ്ടാ
വില്ലാളികളിവരാരുംവേണ്ടാ
നല്ലപരാക്രമമുള്ളഭവാനൊരു
പുല്ലുംസംപ്രതിബാലിയുമൊക്കും
കീശനൊടേല്പാനായുധമായതു
പാശമതെന്നുധരിച്ചീടേണം
കാശിനുപോലുംവിലപിടിയാത്തവ-
രാശുധരിക്കവലീമുഖരെല്ലാം
തായംനോക്കിച്ചെന്നങ്ങവരുടെ
കായമതിങ്കുപിടിക്കണമതിനൊരു-
പായമതുണ്ടാമതിനുനിരാക്ഷസ-
ഹായംഞാനുംകൂടെപ്പോരാം

അല്ലാതേകണ്ടവനുടെനേരേ
എല്ലാമൊരുമിച്ചങ്ങിനെചെന്നാൽ
ഭല്ലൂകച്ചാരങ്ങതുകണ്ടാൽ
പല്ലുമിളിച്ചൊരുഭാവംകാട്ടി
ത്തെല്ലുംതാമസിയാതെധാവതി
ചെയ്യുംസംശയമില്ലതിനേതും
ചൊല്ലാംപിന്നെമനോരാജ്യങ്ങള-
തെല്ലാമിന്നിഹപൊക്കംതന്നെ.
ഇത്തരമുരചെയ്തൊരുമുനിയുടെ
യുക്തികൾകേട്ടുദശാസ്യൻ
സത്വരമൊരുതേർത്തടമതിലുടനാത്തസുഖത്തോടു
[കേറി
നാരദമുനിവീരനുമതുപൊഴുതാശരവരനൊടു-
(കൂടി
തേരതിലുടനങ്ങുകടന്നുകരേറിയതുന്നിതുമന്ദം
രാവണനാഥദേവമുനീശ്വരസേവകനാഹവശൂ-
(രൻ
ഭാവനമതുചെയ്തിതുസരഭസമവനതിധീരോ-
(ദാരൻ
അടവികൾചിലവിടപികളുടനഥകടലുകടന്നു
(നടന്നു
കടുതരബലമുടയൊരുകപിവരനികടമണഞ്ഞു-
(പതുക്കെ
ദക്ഷിണജലനിധിയുടെതടഭുവിരൂക്ഷതയോടു
(നിതാന്തം
തൽക്ഷണകൃതതർപ്പണവരനായിരിക്കുന്നി-
(ശാചരവീരൻ
വലുതായൊരുകലഹിരിയെന്നിതിനിജഹൃദി
(കരുതിയസമയേ
കലഹകുതുകിനാരദനവനൊടുനലമൊടുവചന-
(മുരത്തു
കണ്ടാലുംനീബാലിയെവിരവൊടു
വേണ്ടാമനസിഭയംദശകണ്ഠാ
നീണ്ടുതടിച്ചുവളർന്നൊരുവാലും
കണ്ടാലധികഭയങ്കരമുഖവും
കണ്ടതുകൊണ്ടൊരുസാരവുമില്ലാ
തൊണ്ടനവൻകരുതീടുകനമ്മെ-
ക്കണ്ടാൽവാലുംപൊക്കിക്കൊണ്ടഥ
മണ്ടുംരണ്ടതിനില്ലിഹപക്ഷം
ഉണ്ടൊരുപായമതിന്നിഹപിമ്പെ
മിണ്ടാതെചെന്നരികിൽകരമതു
കൊണ്ടുപിടിക്കണമെന്നാലായതി-
നിണ്ടലകപ്പെട്ടുമുടനേതന്നെ
എന്തിനുതാമസമതിനിഹപഴുതേ
ചിന്തിക്കേണ്ടഭവാനൊരുതെല്ലും
ചന്തമൊടിങ്ങനെചൊല്ലീടുമുനിയൊടു
പങ്ക്തിമുഖൻതാനിദമുരചെയ്തു
അക്കപിവരനവനെങ്ങെൻനാരദ
ഭോഷ്കുപറഞ്ഞുഫലിപ്പിക്കുന്നോൻ
ഇക്കാണുന്നൊരുപർവ്വതമതിനുടെ
തെക്കേപ്പുറത്തേബാലിവസിപ്പൂ

ചൊൽക്കൊള്ളും ദശകണ്ഠൻ പറയും
വാക്കുകളിങ്ങിനെ കേട്ടു മുനീന്ദ്രൻ
ഉൾക്കാമ്പിങ്കൽ പുഞ്ചിരി തൂകി
യരക്കൻ തന്നോടു പിന്നെയുമോതി
പർവ്വതമല്ലയിതയ്യോ നമ്മുടെ
ഗർവ്വിതഹൃദയൻ ബാലിയതല്ലോ
ശർവ്വതപോധന നീയിന്നവനെ
പർവ്വതസമനായ്ക്കാണുകയത്രേ
മുമ്പേ തന്നെ പറഞ്ഞില്ലേ ഞാൻ
ജൃംഭിതകായൻ ബാലിയതെന്നും
സംഭ്രമമേതും വേണ്ട മനസ്സിൽ
സംപ്രതി ചെന്നു പിടിച്ചേച്ചാലും
അൻപോടിങ്ങിനെ കണ്ടാലവനതി-
ഗംഭീരനതെന്നാങ്ങിനെ തോന്നും
വമ്പേറുന്നവനെക്കണ്ടാൽ
കമ്പമിയന്നൊരു കൊമ്പേലേറും
സാമ്പ്രതമതു കൊണ്ടങ്ങവനറിയും
മുമ്പേ ചെന്നാ വാലു കടന്നഥ
പിമ്പേ ചെന്നു പിടിച്ചോണ്ടാലും
ഞാൻ പുനരത്ര വസിച്ചീടുന്നേൻ
ഉമ്പർമുനീശ്വര വാക്കുകൾ കേട്ടവ-
നമ്പർകുലേശൻ തന്റെ മകന്റെ
ജൃംഭിച്ചുള്ള ശരീരം വഴിയെ
സംഭാവനമതു ചെയ്തൊരു സമയെ
ചെമ്പിച്ചീടിന താടിയുമവനുടെ
ചെമ്പുകിടാരം പോൽ നയനങ്ങളു-
മമ്പിളി പോലെ വളഞ്ഞൊരു പല്ലും
വമ്പിച്ചീടിന നാസാകുഹരം
പാതാളോപമമായൊരു വായും
ചേതോഭയമുണ്ടാകും മുഖവും
നീണ്ടു തടിച്ചു വളർന്ന കരാംഗുലികൾ
രണ്ടും നെടുതായുള്ളൊരു വാലും
കണ്ടു വിരണ്ടതി ഭീതനതാം ദശ-
കണ്ഠൻ മാമുനിയോടുരചെയ്തു.

ഇപ്പോൾശരമില്ലിനിയിത്തെപ്പം കഴിയട്ടേ
സ്വല്പം താമസിച്ചേ പിടിപ്പാൻ തരമാവൊള്ളൂ
മല്ലരെ ചെന്നു പൊരാനല്പം സമയമൊണ്ടെ-
ന്നല്പവുമില്ലുറച്ചാലും കെല്പേറും മഹാമുനേ!
മറ്റൊന്നുമുണ്ടായിട്ടല്ലേറ്റം ഞാൻ പറയുന്ന
തെറ്റെന്നെന്റുണ്ണികളെ മുറ്റും കാൺമതിനത്രേ
അക്ഷനെക്കാണാതൊരു കാൽക്ഷണം പൊറുക്ക [വാൻ
ദക്ഷനല്ലഹമെന്നും ശിക്ഷയോടറിഞ്ഞാലും
പക്ഷേ ചെന്നൊരു നോക്കെന്നക്ഷനെക്കണ്ടും [വച്ചു
തൽക്ഷണം പോന്നേക്കാം ഞാനുക്ഷനെ ബന്ധി- [ച്ചേക്കാം
ആടലില്ലിനിയിന്നീ മൂഢനെജ്ജയിപ്പാനെ-
ന്നൊടു പിന്നെ മറ്റാരും കൂടെ വേണമെന്നി-
തോന്നു നാകനാദശകണ്ഠന്റെ വാക്കു കേട്ടു (ല്ല
ചൊങ്കക്കാരനാം മുനി വീണ്ടുമുരുളിച്ചെയ്തു.

അൽഭുതവിക്രമ നിന്നുടെ വാക്കുക-
ളൽഭുതമെന്നേ പറവാനുള്ളു
അർഭകനെക്കണ്ടേച്ചു വരാനൊരു
തല്പര്യം പുനരിപ്പോളുചിതം
കെല്പേറുന്ന ഭവാനിവയൊന്നും
കല്പിക്കുന്നതു യോഗ്യതയല്ലാ
ഉൾപ്പൂവിൽ ഭയമുണ്ടെന്നാളുകൾ
ജല്പിക്കും ചിലരിങ്ങനെയായാൽ
അച്ഛൻ തന്നുടെ വരവും നോക്കി
കൊച്ചുകിടാങ്ങളിരിക്കുന്നേരം
തുച്ഛപദാർത്ഥമതെങ്കിലുമിന്നൊരു
കാഴ്ചയവർക്കു കൊടുക്കണമിപ്പോൾ
അല്ലാതെ കണ്ടവരുടെ മുമ്പിൽ
ചെല്ലാനൊരു സുഖമില്ല നിനച്ചാൽ
നല്ല പദാർത്ഥമതിന്നിവനിപ്പോൾ
നല്ലൊരു സമയം ചെന്നു പിടിപ്പാൻ
വല്ലാതെ ശങ്കിച്ചും കൊണ്ടിഹ
നില്ലാതെ ചെന്നങ്ങു പിടിപ്പാൻ
ചൊല്ലേറുന്ന ഭവാന്റെ മനസ്സിൽ
കില്ലുവരാനിതിനെന്തൊരു മൂലം.

പ്രൗഢനാം നാരദന്റെ ചാടുമൊഴികൾ കേട്ടു
മൂഢമതിയാമവൻ രൂഢമദനായ്ത്തീർന്നു
പ്രൗഢബലൻ ബാലീടെ പാടവമോർത്തിടാതെ
ചാടിച്ചെന്നു കപീന്ദ്രനോടടുത്തു മെല്ലെ
കൂടക്കൂടവേ മുനിയോടു കടാക്ഷിയ്ക്കയും
ഓടിച്ചെന്നടുക്കയും പേടിച്ചിട്ടൊഴിക്കയും
ഇങ്ങിനെ പലവട്ടമോങ്ങിയുമടനിങ്ങു
വാങ്ങിയുമുള്ളിൽ ഭയം വിങ്ങിയുമത്ര കണ്ടാൽ
ചെങ്ങാതിയാകും മുനി തിങ്ങിന രസം പൂണ്ടു
ഭംഗിയിൽ പറയുന്നു ലാംഗൂലം പിടിയെന്നും
തെണ്ടൻ രാവണനൊന്നും മിണ്ടാതടുത്തു പിമ്പേ
നീണ്ടു തടിച്ച വാൽ കരം കൊണ്ടു പിടിച്ചു പോയി

ഒരു കൈ കൊണ്ടാ വാനരവരനുടെ
പെരിയൊരു വാലു പിടിച്ചൊരു സമയേ
ഹരിവരനൊരു സംശയമെന്യേ കത്തു
വരിയുന്നതു നിജ വാലതു കൊണ്ടു
അത്തു നേരം ദശകന്ധരനവനൊരു
ചതിവു പിണഞ്ഞൊരു ഭാവത്തോടെ
ചതുരൻ മുനിയുടെ മുഖത്തു നോക്കി
ഗതിയിനിയെന്തെന്നിതി കാട്ടുന്നു
ഇനി മറ്റേ കൈ കൊണ്ടു പിടിപ്പാൻ
മുനി തെറ്റെന്നു വിളിച്ചു പറഞ്ഞു
നിനവേറും കരയുന്നൊരു രാവണ-
മനമേറ്റം പുനരൊന്നു തെളിഞ്ഞു
രണ്ടാമത്തെ കൈ കൊണ്ടഥ ദശ-
കണ്ഠൻ വാലു പിടിച്ചൊരു സമയേ
രണ്ടു കരങ്ങളുമൊരുമിച്ചഥ വാൽ
കൊണ്ടു മുറുക്കി വരിഞ്ഞിതു ബാലി
രണ്ടു കരം പിണയത്തിലതായതു
കണ്ടില്ലേയിന്നെന്റെ മുനീന്ദ്രാ!
ചെണ്ട പിണഞ്ഞിപ്പോൾ തന്നെ നമ്മെ

ക്കൊണ്ടിഹപോന്നു ഭവാനിവിടേയ്ക്കു
ഇങ്ങലൊടിങ്ങനെ രാവണഭാവം
കണ്ടുരസിച്ചു മുനീശ്വരനുച്ചേ
നീണ്ടുതടിച്ചൊരു കൈകളതിരുപതു-
കൊണ്ടും തെരുതെരെയങ്ങു പിടിയ്ക്കു
നാരദമുനിയുടെ വാക്കുകൾ കേട്ടതി
നീരസികൻ നിശിചരകുലേന്ദ്രൻ
ഇരുപതു കൈകൾ കൊണ്ടും പരിചോടു
തെരുതെരെ വാലു പിടിച്ചൊരു സമയേ
രാത്രിഞ്ചരനുടെ ഗാത്രമശേഷം
കോർത്തുവലിച്ചു വരിഞ്ഞിതു വാലാൽ
തീർത്ഥസ്നാനം ചെയ്യിപ്പിച്ചു
കൃതാർത്ഥനതായിതു ബാലിയുമപ്പോൾ
ചിത്താനന്ദം പൂണ്ടു മുനീശ്വര-
നിത്ഥം നിന്നു വിളിച്ചു പറഞ്ഞു
ഭോ ഭോ രാവണ ലങ്കാധിപതേ!
പോകുന്നേനഹമമ്പോടു നൃപതേ
ശോകമതേതും വേണ്ട ഭവാനവി-
വേകമൊരല്പം വേണം താനും
വൈകാതിഹ ഞാൻ ചെന്നു ഭവാനുടെ
നാകാധിപനെ ജയിച്ച കുമാരനൊ-
ടാകെച്ചെന്നിവ കണ്ടു പറഞ്ഞതി
വേഗം കൂട്ടിക്കൊണ്ടു വരുന്നേൻ
എന്നിങ്ങനെ പരിഹാസമതാമയ-
രോന്നു പറഞ്ഞു നടന്നു മുനീന്ദ്രൻ
നക്തഞ്ചരവരനക്കപിതന്നുടെ
സക്ഥിയതിങ്കൽ ബദ്ധനതായി
ബുഭുക്ഷയവും പൂണ്ടു കിടന്നവ-
നതൽ മുഴുത്തു കരച്ചിൽ തുടങ്ങി

പദം (മെക്കൽ

പാഹിപാഹി പരമേശ! ദേഹിദേഹി മയാ-
സാഹസങ്ങൾകൊണ്ടു വന്ന സങ്കടം തീർക്കാ
ഇന്ദുചൂടും ഭഗവാനേ! ഇന്നു ഞാനിക്കുരങ്ങിന്റെ
പിന്നിൽ വന്നകപ്പെട്ടു പോയെന്നതേ വേണ്ടു
ഇന്നി ഞാനെത്ര നാളിഹ ഖിന്നനായിക്കിടക്കേണ്ടു
ധന്യശീല! പ്രസാദിക്ക കിന്നരപൂജ്യാ
ഉപ്പുവെള്ളം കുടിച്ചിട്ടു വീർപ്പുതെല്ലും പോവാഞ്ഞി
അല്പമല്ലെന്നുടെ ഖേദം മുപ്പുരാരാതേ (ട്ടും
ധിക്കാരമേറാമെന്നാലതൊക്കയും നീ പൊറുക്കും
മർക്കടനെക്കൊണ്ടെന്തിന്നു മർദ്ദിപ്പിക്കുന്നു (തെ
നിന്തിരുവടിയല്ലാതെ പങ്ക്തികണ്ഠനൊരു
ബന്ധുവില്ലെന്നറിഞ്ഞാലും ബന്ധുരമൂർത്തേ!

ഇങ്ങനെ നിശിചരപുംഗവനവനുടെ
ഭംഗമതിങ്ങു പ്രസംഗം ചൊല്ലുമ-
നങ്ങാൻ മേലാഞ്ഞംഗജരിപുവിനെ
യങ്ങു വിളിച്ചു കരഞ്ഞതുകൊണ്ടും
എങ്ങുമൊരല്പം ഭേദമതിന്നൊരു
ഭംഗം വരികയുമുണ്ടായില്ലാ
തുംഗമതായ ശരീരം വന്നിഹ
വീങ്ങുന്നിതുളിവ സംപ്രതിയധികം
ഊക്കേറുന്നൊരു ബാലിയുമവനെ
തൂക്കിക്കൊണ്ടഥ വാലധിതന്നിൽ
തക്കം നോക്കീട്ടു കടലിന്നു പാ-
ട്ടക്കന്നമ്പൊടു ചാടിയ സമയേ
പൊണ്ണൻ രാവണനവനുടെ പിമ്പൊരു
ഭാണ്ഡം തൂക്കിയതെന്ന കണക്കെ
കണ്ണുകളൊക്കെ മിഴിച്ചു തുറിച്ചതി
ദണ്ഡം പൂണ്ടഥ കൂടെച്ചാടി
പശ്ചിമജലനിധി തീരേ ചെന്നവ-
സിച്ചിതു ബാലിയുമുടനേ തന്നെ
നിശ്ചലഹൃദയൻ തല്പ്പണമവിടെയു-
മിച്ഛയൊടങ്ങു തുടങ്ങി പതുക്കെ
പുച്ഛം കൂടക്കൂടെ ജലത്തിൽ ന-
നച്ചുംകൊണ്ടു കളിച്ചു രസിച്ചും
മച്ഛങ്ങൾക്കെല്ലാമധിപതിയാമവ-
നിച്ഛമത്സ്യത്തുപോലെ നിതാന്തം
നാലു സമുദ്രങ്ങളിലുമിവണ്ണം
കോലാഹലമായ് തല്പ്പണമനവധി
കാലം ബാലി ദശാസ്യനെ വിരവൊടു
വാലേൽ കെട്ടിക്കൊണ്ടു കഴിച്ചു
ഉപ്പുജലങ്ങൾ കുടിച്ചു കുടിച്ചു വി-
ശപ്പും ദാഹവുമറിവാൻ മേലാ-
ഞ്ഞപ്പൊഴുമവനൊരു പൊറുതിയുമില്ലാ-
ഞ്ഞപ്പടി നല്ല കഴപ്പം തന്നെ

അക്കാലത്താലങ്കാപുരിയിൽ
ചൊൽക്കൊണ്ടീടിന ശക്രജിതാഖ്യൻ
നിഷ്കണ്ടകരായുള്ള നിശാചരർ
നില്ക്കും സഭയിലിരുന്നുംകൊണ്ട-
ങ്ങച്ഛൻ തന്നുടെ വാർത്തകളറിയാ-
നിച്ഛിച്ചൊരുവനെയിങ്ങു വിളിച്ചു
പുച്ഛമതങ്ങു മടക്കിക്കൊണ്ടവ-
നോച്ഛാനിച്ചു പുരോഭുവി ചെന്നു
രാവണിയവനോടുരചെയ്തിതു മമ
സേവകനീയിഹ വരികസമീപേ
രാവണവാർത്തകളറിയാഞ്ഞിട്ടിഹ
രാവും പകലുമതൊരു സുഖമില്ലാ
നാരദമുനിയൊരു നാളിഹ വന്നു
നാഥനിരിക്കുന്നൊരു ദിശി ചെന്നു
സാരമതായ് ചില കഥകൾ പറഞ്ഞു
സാദരമച്ഛനുമൊന്നു തെളിഞ്ഞു
ഇരുവരുമൊത്തു പുറപ്പെട്ടൊരു
ഹരിയെ ജയിപ്പാനെന്നും കേട്ടു
പെരികെക്കാലമതായിട്ടും ബത
തിരിയെ വരുന്നതു കാണുന്നില്ല
നാരദമുനിയുടെ കപടത്തൊഴിലിനു
നേരറിയാതെ പുറപ്പെട്ടെന്നാ-
ലാരെങ്കിലുമൊരു ചെണ്ട പിണെയ്ക്കും
പോരാത്തവനിഹ നാരദനല്ല
കണ്ണിൽ കാണും ജനങ്ങളെയെല്ലാ-
മെണ്ണിക്കൊണ്ടു ചതിച്ചു നടക്കും
ഖണ്ഡിച്ചുരചെയ്യുമിവയൊന്നും
വിണ്ണിലൊരുത്തരുമറിയാതില്ല

മുന്നമിവൻതാൻഹേഹയനൃപനോടു
ചെന്നണഞ്ഞൊരുവിധംധർഷണിക്കുട്ടി
ല്പോന്നിഹനമ്മുടെതാതനിരിക്കും
മന്ദിരസീമനിവന്നുപത്തുകൈ
ഒന്നുമറിഞ്ഞിടാത്തൊരുതാതനെ
ബന്ധിപ്പിച്ചഥകൊണ്ടുതിരിച്ചു
മന്നവവരനൊടുസന്നാഹത്തിനു
പിന്നൊത്താരതമമാരംഭിച്ചു
ആയോധനമതിലച്ഛനെമന്നവ-
നായുധപാണിയമർക്കിജയിച്ചാ-
കാരാഗൃഹമതിലാക്കിയവൻബഹു
കാലംതത്രകിടന്നിതുജനകൻ
ബന്ധനമാശുഭവിപ്പിച്ചുപുന-
രന്നുപിതാവിനെമഹിക്കൂടാതെ
അന്നിക്കണ്ടജനങ്ങളതില്ലാ
ഞങ്ങളിനെയച്ഛനനുഭവിച്ചു
അങ്ങിനെയുള്ളൊരുസംഗതിയിനിയുമി-
യുണ്ണിയിരിക്കെവരുന്നതുമല്ല
എന്നാലുംകരുതീടുകവേണ-
മെന്നാലൊന്നുമസാദ്ധ്യവുമല്ല
വാനരവരനായീടുമവന്നുടെ
വാലുപിടിച്ചുടനവനെക്കെട്ടി
കോലാഹലമായാർത്തുവിളിച്ചിഹ
കൊണ്ടുവരാനായ്പോയൊരുതാതൻ
അൻപിനൊടിന്നുഭവാൻചെന്നവിടെ
ബന്ധനമാശുകഴിഞ്ഞോഎന്നും
എന്തൊരുതാമസമങ്ങതിന്നെന്നുമു
ദന്തമതൊക്കെയറിഞ്ഞുവരേണം
ചാലേചെന്നുവരാനായ്വളരെ
കാലവിളംബംവന്നാൽനിന്നെ-
ക്കാലപുരത്തിനയപ്പാനച്ഛൻ
കാലാണൊന്നുംസംശയമില്ല

ഉണ്ണിത്തമ്പുരാനിത്ഥംബന്ധിച്ചുകല്പിച്ചൊരു
ദണ്ഡത്തെക്കേട്ടപ്പൊഴുന്നൻതിണ്ണെന്നുനടകൊ-
(ണ്ടാൻ
പ്രാണഭയംകൊണ്ടവൻകാണിയുംവൈകീടാതെ
പാണികൾവീശിക്കൊണ്ടുപാഞ്ഞുനടക്കുന്നേരം
തെക്കേസമുദ്രത്തിന്റെവക്കത്തങ്ങൊരുദിക്കിൽ
വിക്രമമേറുംബാലിനിത്യംവസിക്കുന്നു
അക്കപിവീരൻതന്നെനോക്കുമ്പോളവനുടെ
പിന്നിലമ്മാറുകണ്ടുതന്നുടെതമ്പുരാനെ
വാലുകൊണ്ടരചന്റെകോലങ്ങളെല്ലാംചുററി
കാലുംകയ്യുമനക്കാൻമേലാതെവലയുന്ന
വീണാധരനുമില്ലകാണാനരികത്തെങ്ങും
ചേണൊന്നുരാവണന്റെനാണക്കേടെന്തുചൊല്ലേണ്ടു
ഊണുമുറക്കമിവകാണിയുമില്ലകഷ്ടം
പ്രാണരക്ഷണമെത്രവേണമെന്നാലുംകിട്ടും
രാവണവർത്തമാനമേവമറിഞ്ഞുകൊണ്ടു
രാവണിതന്റെദൂതൻരാത്രിഞ്ചരൻനടന്നു
ഇന്നുമാറവനുണ്ണിത്തമ്പുരാൻതന്റെതിരു
മുമ്പിലമ്മാറുചെന്നുകുമ്പിട്ടുകൂപ്പിനിന്നാൻ
ദൂതനെക്കണ്ടധികംപ്രീതനാംമേഘനാദൻ
യാതുധാനനോടാശുചോദിച്ചുവൃത്താന്തങ്ങൾ

രാവണനെങ്ങുനിശാചരവീരാ
രാവണനങ്ങുപയോനിധിതീരേ
ആയവിടെപ്പുനരെന്തുവിശേഷം
ആയവിടെബതനല്ലവിശേഷം
ബന്ധനമാശുകഴിഞ്ഞോദൂതാ
ബന്ധനമാശുകഴിഞ്ഞോനാഥാ
എന്തൊരുതാമസമിനിയവിടത്തിൽ
എന്തെന്നേതുമറിഞ്ഞില്ലടിയൻ
അന്തികസീമനിനാരദനുണ്ടോ
അന്തികസീമനിനാരദനില്ലാ
പന്തിയതല്ലെന്നാകിൽകാര്യം
പന്തിയതല്ലെന്നടിയനുമുണ്ടു്
പരമാർത്ഥംനീബോധിച്ചില്ലേ
പരമാർത്ഥംബോധിച്ചേനടിയൻ
എന്നാലായതുകേൾക്കണമിപ്പോ-
ളെന്നാലടിയനുണർത്തിച്ചീടാം
അന്തകതുല്യനതായിട്ടൊരുവന-
ജന്തുവവൻനിജവാലതുകൊണ്ടു
പങ്ക്തിമുഖപ്പെരുമാളെപ്പേർത്തും
ബന്ധിച്ചുംകൊണ്ടംഗമശേഷം
വാരാന്നിധിയുടെതീരേദ്ദൂരെ
പ്പോരാതടിയനുമങ്ങിനെകണ്ടു
പാരംഭീതികലർന്നുമനസ്സി-
ന്നാരലടിയനുമോടിപ്പോന്നു
വട്ടക്കണ്ണുംവലിയൊരുമുഖവും
ഒട്ടുവളഞ്ഞൊരുദംഷ്ട്രാദികളും
ചുട്ടററിടിനപെരിയൊരുമൂക്കും
നിഷ്ഠുരതരമായുള്ളൊരുനോക്കും
പെട്ടെന്നിങ്ങിനെകാണുന്നേരം
വിഷ്ടപവാസികളെല്ലാംഞെട്ടും
ഒട്ടല്ലവനുടെവിക്രമമോർത്താ-
ലൊട്ടേയടിയനുണർത്തിച്ചോളൂ.
ദുഷ്ടനവൻബഹുപുഷ്ടമദൻനിജ-
പൃഷ്ഠംതന്നിൽകെട്ടിമുറുക്കി
പ്പെട്ടുകിടക്കുംനമ്മുടെമൂപ്പരെ
ഒട്ടുമവന്നൊരുകരുണയുമില്ല
കെട്ടുപിണഞ്ഞുകിടന്നാൽവീർപ്പും
മുട്ടുമതിന്നുംസംശയമില്ല
ഒട്ടുദിനങ്ങൾകഴിഞ്ഞാലച്ഛനെ
വിട്ടുഗമിക്കുംപ്രാണനുമുടനെ
വട്ടംപന്തിയതല്ലപിതാവിനു
കോട്ടംവരുവാൻകാലമടുത്തു

നിശിചരഭടനുടെവചനമിദം
നിജഹൃദികരുതിയസമയമതിൽ
ദശമുഖസുതനിദമരുളിഗിരം
ദശദിശിമുഴങ്ങുമാറധികതരം
ശതമഖസുതനുടെചതിവതിലും
ശതഗുണമധികമെൻചതുരതകൾ
സുരപതിപിതൃപതിജലപതിയും

ധനപതിയനവധിജനതതിയും
വിധിയുമംജലനിധിമകൾപതിയും
രതിപതിയെക്കരിച്ചപശുപതിയും
ഇങ്ങിനെയുള്ളവരൊക്കെയുമിന്നാ-
ചെങ്ങാതിക്കസഹായമതെന്നാ-
ലിങ്ങൊരുകൊണ്ടൊരുകോട്ടവുമില്ലവി-
ധങ്ങളിതേതുംകോട്ടവുമില്ല
സംഗതികൂടാതെന്നുടെജനകനു
ഭംഗമതിന്നിടകൂട്ടുകിലവനെ
സംഗരസീമനികൊല്ലുവതിന്നുപ്ര-
സംഗംസംശയമില്ലനമുക്കും
പേടിപെരുത്തുവനങ്ങളിലെല്ലാ-
മോടിച്ചാടിനടക്കുന്നമര
ന്മാടിയവനുടെനേരെകൊണ്ട-
ച്ചാടിപ്പിച്ചതുനാരദനത്രേ
താടിക്കാരൻനമ്മോടിന്നിഹ
മേടിയ്ക്കുംചിലസമ്മാനങ്ങൾ
മോടിപെരുത്തൊരുവീണയുമായി
പ്പാടിപ്പലപലദിക്കുംസ്തുതികൾ
തേടിക്കൊണ്ടുനടക്കുമവനുടെ
താടികരിച്ചുവിടുന്നൊണ്ടുടനെ
ഇത്ഥംപലപലവാക്കുപറഞ്ഞവ-
നത്തരുഷാശരചാപമെടുത്തു
ത്തത്തടസീമനിചെന്നുകരേറി
ചിത്തമദത്തൊടുയാത്രയുമായി
ബദ്ധപ്പെട്ടുമയാസുരനപ്പോ-
ളെത്തിയടുത്തുതടുത്തിതുതെരു-
പൌത്രൻതന്നുടെപാണിപിടിച്ചുനി-
ലത്തെയ്ക്കിങ്ങുപതുക്കെയിറക്കി
ഉണ്ണീസാഹസമരുതരുതെന്നീ-
വണ്ണമൊരോന്നുപറഞ്ഞുതുടങ്ങി
വിണ്ണിലൊരുത്തനുമിന്നു നിനച്ചാൽ
നിന്നൊടുമവനൊട്ടുനിൽക്കുകയില്ല
കേവലമവനൊരുവാനരനെന്നും
രാവണിനീകരുതീടുകവേണ്ടാ
രാവണനവനൊടുപോരിനുപോരാ
ഏവമവൻറെപരാക്രമമെല്ലാം
പണ്ടൊരുനാളസുരവരപുരിയിൽ
കണ്ടുരസിപ്പാനിന്ദ്രൻതന്നുടെ
വണ്ടാർകുഴലികളാംതരുണികളെ
കൊണ്ടൊരുനാടകമാടിപ്പിച്ചു
ആയതമിഴിമാർക്കെല്ലാമൊരുച-
ക്കാമതുകാണ്മാൻകല്പനയില്ലാ
ഞായമതൊക്കെയറിഞ്ഞൊരുകാശ്യപി
ആയതുകാണണമെന്നുമുറച്ചു
മായമിയന്നൊരുമാനിനിതന്നുടെ
കായവുമങ്ങുധരിച്ചുനടന്നാ
ലേഖാലയമതിലങ്ങുകടന്നു
ലേഖസ്ത്രീകടെനടനംകാണ്മാൻ
അരുണൻതരുണീവടിവുചമഞ്ഞാ
വിരുതൻമുന്നിൽകണ്ടുനിന്നാരം

അലർശരശരമേററമരാധിപനുടെ
അലസതയൊന്നുംപറവാൻമേലാ
ചലമിഴിയാളെക്കണ്ടൊരുവലഹര
നലമലമിക്കൂത്തെന്നുവിലക്കി
തരുണീമണിയുടെവടിവുചമഞ്ഞോ-
രരുണനെയരികിൽവിളിച്ചുസുരേന്ദ്രൻ
മഞ്ജുളഭാഷിണിയോടൊരുമിച്ചഥ
കുഞ്ജശരോത്സവനാടകമാടീ
മഞ്ജുളനായൊരുബാലനുമവിടെ
സഞ്ജാതനതായ്തീർന്നതമാനീം
കല്യനതായകുമാരനെയിന്ദ്രന-
ഹല്യയ്ക്കായിക്കൊണ്ടുകൊടുത്തു
ഗൌതമമുനിയുടെപത്നിയുമവനെ
കൌതുകമോടുവളർത്തുംകാലം
ഗൌതമനൊരുനാളങ്ങവനെനിജ
ചേതസികോപംപൂണ്ടുശപിച്ചു
മുനിയുടെശാപംകാരണമവനൊരു
വനമൃഗമായിത്തീർന്നിതുബാലീ
കിഷ്കിന്ധാപുരിതന്നിലനേകം
മുഷ്കരനൊരുമർക്കടവരനതി
ലൊക്കസ്സുംയജമാനനതായി
ശക്രസുതൻമരുവീടുംകാലം
വിക്രമമേറുംനമ്മുടെനന്ദന-
നാക്രമശീലനതാകിയദുന്ദുഭി
ദിക്കുകളൊക്കെജയിച്ചുനടന്നൊരു
ധിക്കാരങ്ങളടക്കരുതാഞ്ഞവ-
നക്കപിവരനെച്ചെന്നുവിളിച്ചാ
നുക്കേറുന്നൊരുമാനവവീരൻ
മർക്കടവരനവനുൽക്കടകോപാൽ
വെക്കമെടുത്തങ്ങവനുടലമ്പൊടു
ഞെക്കിക്കൊന്നുകളഞ്ഞതിവീരൻ
വെക്കംപൊലിതിരിച്ചുനടന്നു
ശക്രസുതൻറെപരാക്രമമെല്ലാം
ഓർക്കുന്നേരംവേർക്കുംദേഹം
വിണ്ണവർപണ്ടമൃതത്തിനുവാരിധി-
ച്ചുണ്ണവ്യമഥനംചെയ്യാനായി
പ്പൊണ്ണൻവാസുകിപാശമതായി
തിണ്ണംരണ്ടുവശത്തുംനിന്നാ
മന്ദരപർവ്വതമെന്നതുകൊണ്ടൊരു
മത്തുംതീർത്തുപിടിച്ചുവലിപ്പാൻ
അങ്ങൊരുതലയതുദൈത്യന്മാരും
ഇങ്ങൊരുതലയതുമർത്ത്യന്മാരും
രണ്ടുവശാന്നങ്ങുപിടിച്ചുവലി-
ച്ചുടനങ്ങുവലിച്ചുവലിച്ചവ-
രിണ്ടൽമുഴുത്തപരെല്ലാംപരിചൊടു
കുണ്ഠിതഹൃദയന്മാരായ്നിന്നു
കുണ്ഠരബലനാകിയബാലീ
രണ്ടുകരംകൊണ്ടങ്ങുപിടിച്ചൊരു
രണ്ടുവലിച്ചുതിരിച്ചവനമ്പൊടു
കണ്ടതതിന്നിഹനിന്നൊരുസമയേ
പമ്പരമെന്നാകണ്ടക്കപർവ്വത-

മന്ദ്രോടങ്ങുതിരിഞ്ഞുതിരിച്ചിലെം–
രമ്പതുനാഴികനേരംനിന്നു
അംഭസ്സൊന്നുകലങ്ങിമറിഞ്ഞുട–
നംഭോനിധിതടമങ്ങുകവിഞ്ഞു
ജംഭാരാതിപ്രഭൃതികളായതു
സംഭാവനവുംചെയ്തുതെളിഞ്ഞു
അടിയിലടിഞ്ഞുകിടന്നവരെല്ലാ–
മുടനുടനങ്ങിനെവന്നിഹപൊങ്ങി
തടിയൻവൃക്ഷശമിസ്സൂരഞ്ഞിട്ട–
ക്കടകോൽമുഹുരപിനിന്നുതിരിഞ്ഞു
പാശമതാകിനവാസുകിവലിയൊരു
കീശൻതന്നുടെകരമർദ്ദനമതി–
ലാശുതളർന്നുമലർന്നവനങ്ങൊരു
കാശിനുകൊള്ളരുതാതചമഞ്ഞു
ഘോരവിഷത്തെച്ഛർദ്ദിച്ചുബഹു
ഘോരയുമതിനൊടുകൂടിത്തന്നെ
നാരായണനുംപരമേശ്വരനും
നാന്മുഖനുംനിജനാനാജനവും
വാനരവരനുടെവിരുതുകൾകണ്ടുട–
നാനന്ദിച്ചുരസിച്ചുനിതാന്തം
ദുഗ്ദ്ധാംഭോധിയിൽനിന്നുജനിച്ചൊരു
മുഗ്ദ്ധാപാംഗിരമാകിയതാരയെ
ദുഗ്ദ്ധാംഭോധിശയൻമടിയാതെ
വിദഗ്ദ്ധൻബാലിക്കങ്ങുകൊടുത്തു
അത്രമഹാബലനാകിയബാലിയെ–
ത്ത്രജവാനാചെന്നൊററീടൊല്ലാ
ശത്രുതയെല്ലാംനികലഹോമശ
വക്ത്രൻതന്നിലതല്ലറിയേണം
വൃത്രാന്തകനൊബന്ധിച്ചൊരുപക
ഏത്രയുമുണ്ടവരുള്ളിലിടാനിം
പൌത്രനിനക്കിന്നിവനൊടെതിർപ്പാൻ
മാത്രംശക്തിയുമുളവായില്ല
വിണ്ണവവരനെജയിക്കകൊണ്ടാ–
പ്പൊണ്ണൻകണ്ണിനനിന്നെക്കണ്ടാൽ
ഖണ്ഡധരൻറെപുരത്തിലയയ്ക്കും
നിർണ്ണയമതിനൊരുസംശയമില്ല
ഉണ്ണീനീയിന്നെന്തിനുപെഴുതേ
ഖണ്ഡിപ്പതിനുതുനിഞ്ഞിടുന്നു
കണ്ണില്ലാത്തൊരുപൊണ്ണൻകാഴ്ചകൾ
കാണാനിച്ഛിക്കുന്നതുപോലെ
കതിപയദിവസംചെല്ലുന്നേരം
മതിയിലൊരാർദ്രതബാലിക്കുണ്ടാം
അതിനിടയിൽചിലഗോഷ്ഠിതുടന്നാ–
ലപജയമുണ്ടതുമോർത്തീടേണം
ശിതിഗളസേവകനാംതവജനകനു–
മതുവരെയുംപുനരവിടെത്തന്നെ
പതിവുപിണങ്ങിക്കിടന്നീടട്ടെ
ഗതികേടിനുപുനരെന്തിഹചെയ്യാം
ഇങ്ങിനെപലപലയുക്തികൾകൊണ്ടു
തുടങ്ങിയയത്രയുമവിടെമുടക്കി
അങ്ങുമയൻതനകൊണ്ടൊരുശേഷമ–
ടങ്ങിയിരുന്നാൻരാവണിതാനും

അക്കാലംകിഷ്കിന്ധയിൽമുഷ്കരന്മാരായുള്ള
മർക്കടന്മാർപലരുൾക്കടരവത്തോടെ
ശക്രസുതനാംബാലിമർക്കടാധിപൻപോയ
തക്കത്തിലവരൊക്കെത്തക്കെയിരുന്നുംകൊണ്ടു
കുട്ടിക്കുരങ്ങുകടെക്കൂട്ടത്തെവിളിച്ചിട്ടു
ചാട്ടംപഠിപ്പിക്കുന്നുഓട്ടംപഠിപ്പിക്കുന്നു
ചാട്ടത്തിൽപിഴച്ചെന്നാൽക്കൂട്ടത്തിലാരുംപിന്നെ
കൂട്ടുകയില്ലവനെനാട്ടാടെയറിഞ്ഞാലും
പെട്ടെന്നീജാതികൾക്കുചട്ടങ്ങളേവമല്ലോ
കുട്ടികളാകുംനിങ്ങൾകേട്ടുകൊള്ളുവിനെല്ലാം
ചട്ടറാളാവംപലകാട്ടേണംചല്ലിളിച്ചു
കൂട്ടേണംകടിചിലചേട്ടക്കൂട്ടങ്ങളേയും
വേട്ടയ്ക്കുവരുംചിലപട്ടികളുമായ്പല
രാട്ടിയടുക്കുന്നേരംകാട്ടിടെയൊളിക്കേണം
വാട്ടമകന്നുമരക്കൂട്ടത്തിൽചാടുന്നേരം
പൊട്ടിച്ചാടിയാലൊരുകോട്ടംഭവിക്കരുത്
ഇങ്ങനെപലപലസംഗതിയുള്ളതെല്ലാം
നിങ്ങളറിഞ്ഞുനല്ലഭംഗിയിൽപഠിക്കേണം
വൃദ്ധകുരങ്ങന്മാരിത്ഥംകുട്ടികൾക്കേറെ
ബുദ്ധിപറഞ്ഞുസഭാമദ്ധ്യേവസിക്കുന്നേരം

ചൊല്ലേണ്ടുന്നൊരുബാലിയുമത്തുനാൾ
തർപ്പണമങ്ങുകഴിച്ചുപതുക്കെ
കിഷ്കിന്ധാപുരിഗോപുരസീമനി
പുക്കനേങ്ങുകടന്നൊരുസമയേ
ചൊൽക്കൊള്ളുന്നൊരുമർക്കടവരരുട–
തിക്കംമുഴുക്കുംധിക്കാരങ്ങളു–
മൊക്കെയൊഴിച്ചുതെരിക്കുന്നവരവർ
മിക്കിയപാറിവസിച്ചുതുടങ്ങി
ദിക്കുകളൊക്കെജയിക്കുംവിക്രമി
ശക്രസുതൻദശവക്ത്രനെവാലിൽ
ഞെക്കിക്കൊണ്ടുടനക്കപിവീരരി–
രിക്കുംസഭയിൽചെന്നുകടന്നു
ഖേദാനന്ദംപൂണ്ടവരപ്പോ–
ളുത്ഥാനംചെയ്താശുവണങ്ങി
ഉദ്ധതബലനാംബാലിവസിച്ചാൻ
മദ്ധ്യേസഭമൊരുമണിപീഠത്തിൽ
പുച്ഛേശചരനെപ്പോഴുംതന്നിൽ
രാക്ഷസരാജൻതന്നെക്കണ്ടതി
രൂക്ഷന്മാരായീട്ടന്നൊരുപിം–
ഗാക്ഷന്മാരവർതമ്മിലുരത്തു
ഗോഷ്ഠികളെമൃതാക്കരങ്ങച്ഛന്റെ
കാല്ക്കിടയിൽപുനരെന്തൊരുവസ്തു
മർക്കടവരരേകാണാവിന്നുപുന–
രക്കലിനുകിടച്ചതുപോലും
അംഭോനിധിയുടെനടുവിൽപലപല
ഗംഭീരന്മാരുണ്ടൊരുകൂട്ടം
വമ്പിച്ചീടിനവായുപൊളിച്ചുട–
നംഭസ്സിങ്കൽപാഞ്ഞുനടക്കും
അങ്ങിനെയുള്ളൊരുജലജന്തുക്കളി–
ലങ്ങൊരുവൻപുനരിവനെന്നറിക

ഭംഗികലന്നൊരുതല്പ്പണസമയേ
ലാംഗ്ഗൂലത്തിനുവന്നുകടിച്ചു
ചെണ്ടാതികളേവരുമിനിവന്നുമു-
ഖങ്ങളുനകംകാൺമാനുണ്ടു
നിങ്ങളുമതുമറിഞ്ഞിടാതെ
പറഞ്ഞിടരുതേപൊളിവചനങ്ങൾ
സിന്ധുവിലുള്ളൊരുജന്തുവതല്ലിവ-
നെന്തിനുപഴതേ ചിന്തിക്കുന്നു
സിന്ധുരഗമനാംനമ്മുടെബാലി
യ്യുത്തംചെയ്‌വാനുള്ളൊരുബന്ധം
വ്യാധിവിശേഷമതെന്നുമനസ്സിൽ
ബോധിച്ചീടുകനിങ്ങളിദാനീം
സാധുജനത്തെബ്ബാധിച്ചീടും
വ്യാധിയിതഖിലവിരോധിയതല്ലേ
ചത്തുമുഖങ്ങളുമെല്ലാരുചരുവിതു
വിത്തുമനന്തിതുലാംഗ്ഗൂലാഗ്രേ
തീത്തുരചെയ്യുമതിന്നിപ്പുരുവിനു
പത്തിനുപത്തുകണ്ണുംപുനരുണ്ടു
ഉത്തമചിലതുപറഞ്ഞിതൊരുത്തൻ
രാവണനിവനെന്നാപരനൊരുത്തൻ
കേവലമിങ്ങനെകപികടെഘോഷമയേ
ഭാവംപലതായങ്ങുസമയേ
കുട്ടികളായകുരങ്ങന്മാർപലർ
കൂട്ടംകൂടിയടുത്തുചതുക്കെ
നിഷ്ഠുരതേനാംബാലിവസിക്കും
പുഷ്ടിപെരുത്തൊരുവിഷ്ടരമതിനുടെ
പൃഷ്ഠേചെന്നുമറഞ്ഞഥനിന്നൊരു
കൂട്ടംഗോഷ്ഠികളങ്ങുതുടങ്ങി
പൊട്ടനായതുകണ്ടുമഹാസ്യമു-
മെട്ടങ്ങളുമാട്ടുതുടങ്ങി
പല്ലുമിളിച്ചുംതല്ലുകടിച്ചും
പുല്ലുവലിച്ചുമുഖങ്ങളിലിട്ടും
കൊല്ലുവനെന്നൊരുചൊല്ലുമിടയ്ക്കിടെ
നല്ലൊരുവടിയാൽതല്ലുകൊടുത്തും
കില്ലുകളങ്ങൊരുകല്ലുവലിച്ചുട-
നെല്ലുകളൊടിയുംമാറുടനിട്ടും
എല്ലാമിന്നിഹചൊല്ലാനരുത-
ബ്‌ഭല്ലുകരുടെവല്ലായ്മകളും
ചിലചിനകാരല്ലകരങ്ങ-
ച്ചിലചാനങ്ങളുമെന്നറിയേണം
നല്ലൊരുബലവന്മാരോടും
ചെല്ലാനേതുംകുസലുമില്ലാ
ധിക്കാരികളവരുക്കേറുന്നുദശ-
ഗ്രീവന്റെസമീപെചെന്ന-
ങ്ങിക്കിളികുത്തിലെടുത്തവനുടെ
മൂക്കിലുമങ്ങുകടത്തീടുന്നു
നിഷ്കണ്ടകരവരുടെമുഷ്കുകൾകൊണ്ടുപൊ-
റുക്കരുതാഞ്ഞൊരരക്കൻരാവണനാ-
ക്കാലംബാലനൊക്കാരുംപുന-
രുക്കില്ലാതെവലഞ്ഞുചമഞ്ഞു
ഉപ്പുജലത്തിൽനനച്ചൊരുവേത്ര

യല്പവുമങ്ങുപൊറുക്കരുതാഞ്ഞു
ചൊല്ലൊഞ്ഞുംമലകൾകാപ്പുരുമം-
ഉപ്പോളുച്ചകരച്ചിൽതുടങ്ങി
രാവണമുറവിളികേട്ടൊരുനേരം
ഭാവമതൊന്നുപകന്നുകപീന്ദ്രൻ
രാവണബന്ധമഴിച്ചുകളഞ്ഞുട-
നേവംപുനരവനോടുരചെയ്തു
എത്രയുമുത്തമനാംമമജനകൻ
സുത്രാമാവാമമേഹാതത
യുദ്ധംതന്നിലമത്രജയിച്ചസ-
മർത്ഥൻതന്റെഹിതാവോനീഷ്ടിഹ
കൈലാസാചലമന്പോടിളക്കി
കയ്യിലെടുത്തൊരുവീരനതോനീ!
എട്ടുദിഗന്തരപാലന്മാരും
വിഷ്ടപവാസികളൊക്കെയുമിന്നതി
ധൃഷ്ടതയുള്ളഭവാനുടെശൌര്യം
കേട്ടാൽഞെട്ടുമതെന്നുംകേട്ടു
തുംഗപരാക്രമനായഭവാനീ
പിംഗാക്ഷനതാമെന്നുടെപൃഷ്ഠേ
ലാംഗ്ഗൂലത്തിലകപ്പെട്ടവാനൊരു
സംഗതിയെന്തെന്നുരചെയ്താലും
എന്തുമനസിവിഷാദംവേണ്ട
ഭംഗംവരികയുമില്ലഭവാനും
എത്രദിനങ്ങൾകഴിഞ്ഞൂനീപുന-
രത്രഗമിച്ചിട്ടെന്നുടെപൃഷ്ഠേ
എത്രമഹാകഷ്ടംഞാനിന്നുടെ
വാർത്തകൾമുന്നറിഞ്ഞില്ലല്ലോ
ശത്രുതയൊന്നുംകരുതരുതയിദശ-
വക്ത്രഭവാന്റെമനസ്സിലിദാനീം
മന്ത്രിജനവരനായനിനക്കിതു
മന്ത്രംവരുവാനെന്തൊരുമൂലം?
ഇത്ഥംബാലിപറഞ്ഞതുകേട്ടതി
ശുദ്ധൻരാവണനെത്രവിനീതൻ
ബുദ്ധിക്ഷയവുംപൂണ്ടുപതുക്കെനി-
ബദ്ധാഞ്ജലിയായ്നിന്നുരചെയ്തു.

വാനരകുലവീരാവാനരേശ്വരസൂനോ!
ദീനനാമെന്നൊടുഭവാൻമാനിച്ചയച്ചീടേണം
ഏതുമോഗ്രഹിയാതെഞാൻചെയ്തോരപരാധങ്ങൾ
ചേതസിനിനയ്ക്കൊല്ലചേതോഹരാകൃതേ
സാധുവായുള്ളഞാനസാധുവാംനാരദന്റെ
സാരപ്രയോഗംകൊണ്ടുപാരമതെപോന്നുവന്നു
ധീരനാംകുന്നഭവാനാരെന്നറിഞ്ഞിടാതെ
ചാരത്തടുത്തുവന്നനേരത്തേവംപിണഞ്ഞു
കാലത്തുച്ചയ്ക്കുംസായങ്കാലത്തുംമുടങ്ങാതെ
നാലുസമുദ്രങ്ങളുംപോയലതപ്പിപ്പാനായ്
ബാലിയാകുന്നഭവാൻചാലനടക്കുന്നേരം
വാലേൽകിടന്നുഞാനുംഹേലാലംകളിച്ചുന്നു
തുച്ഛമനാതികൻഞാനങ്ങുപ്പുവെള്ളത്തിൽചാടു
മച്ചൂരത്തെതിലൊന്നുമല്പംബോധിക്കമില്ലാ
അപ്പോൾദേഹത്തിൽവന്നുകപ്പുംജലജന്തുക-
ളപ്രാണസങ്കടങ്ങളിപ്പോളാരറിയുന്നു

ആറുകളെല്ലാംമാറിമാറികുടിച്ചുകൊണ്ട-
ങ്ങൊരുവത്സരമല്ലാമേറിയനാളിങ്ങനെ
ചോറുചെല്ലുന്നാളിക്കിൽചോറുചൊന്നടിക്കയും
നാറുന്നജന്തുക്കളുമേലേറിക്രീഡിക്കയും
ഏറക്കാട്ടത്തിലപാറമേൽതട്ടിതല
കീറിപ്പൊളിഞ്ഞുപാരംനീറുന്നനേരത്തുപ്പു-
വെള്ളത്തിൽതട്ടിത്തിരതള്ളിത്തെറ്റുന്നനേര-
ത്തുള്ളലേറ്റകങ്ങളെല്ലാമുള്ളത്തിൽകാണാറാകും
കള്ളംപറകയല്ലെൻ്റുള്ളംതകർന്നിടുന്നു
വെള്ളംകുടിച്ചുപാരംപള്ളയുംവലുതായി
ഗളത്തിലങ്ങുകെട്ടുംതാളത്തിൽതുള്ളിക്കൊണ്ടി-
ത്രനാളുഞാൻകഴിച്ചതിന്നാളല്ലാചൊല്ലുവാനും
അത്രവന്നതെല്ലാമബദ്ധംപിന്നെഞ്ഞുമമ
ബുദ്ധിമോശത്താൽവന്നതത്രയുംക്ഷമിക്കണം
ഈവണ്ണംരാവണന്റെതാപവാർത്തികൾകേട്ടു
ബാലിയാംവാനരേന്ദ്രൻചാലവേയുരചെയ്തു

കേൾക്കസഖേദശങ്കാ!ഭവാനുടെ
ധിക്കാരങ്ങൾകുറച്ചീടേണം
ശക്രാദികളെപ്പട്ടവക്കരണത്തിനു
പോരായ്കയുള്ളതുഭവാനിനിമേലാൽ
ചൊൽക്കൊള്ളുന്നൊരുനിന്നുടെവാക്കുകൾ
കാര്യമുള്ളതുമുണ്ടഹമധുനാ
പൊയ്യുള്ളകനിന്നുടെഭവനേ
നോക്കിനടക്കണമൊക്കയുമിനിമേൽ
കാലംദേശാവസ്ഥകൾമൂന്നിവ
കാലേതന്നെയറിഞ്ഞീടേണം
ബാലകവൃദ്ധന്മാരുമതിന്നൊരു
പോലെയതിന്നൊരുഭേദവുമില്ല
മൂലോകങ്ങളിലുള്ളജനങ്ങടെ
ശീലഗുണങ്ങളറിഞ്ഞീടേണം
നല്ലജനങ്ങടെനടുവിൽചെന്നാൽ
നാനാവിധമൂക്കാട്ടരുതവിടെ
കാര്യാകാര്യവിവേകംവേണം
മര്യാദകളുടെയറിവുംവേണം
ശൌര്യംവേണംചതുരതവേണം
വീര്യംവേണംവിബുധതവേണം
അല്പാത്തുള്ളജനങ്ങൾക്കെല്ലാം
ദുഷ്പാത്തുള്ളതുവന്നുഭവിക്കും
കല്യനതാംനിന്നോടിവരാരും
തുല്യന്മാരല്ലെന്നതുനിയതം
സുന്ദരീമണിയാംകന്നൊരുകൈകസി
നന്ദന!നമ്മുടെമനതാരിങ്കൽ
സന്ദേഹംപുനരൊന്നുണ്ടായതു
നിന്നോടിന്നിഹചോദിക്കുന്നു
അംബരവാസികന്മാരൊട്ടുരച്ചു
ഗുണഗണദോഷമറിഞ്ഞീടാവൂ
വനമൃഗപുരന്ദരനാമെന്നപ്പോഴു
അതലേനോപാസമസഹ്യതയാമോ
കണ്ണാൽകണ്ടവയെല്ലാംകൊണ്ടിഹ
ഖണ്ഡിച്ചിങ്ങുചെല്ലുന്നാറില്ലും
കുന്നൻപഴവുംതൈതരംചോറും
വെണ്ണയുമീവകയന്നങ്ങളിലെ
വിണ്ണവവരരുടെമകനാമിന്നി
ഉണ്ണിയിനിക്കഭിലാഷമതൊള്ള
പിന്നെപ്പിന്നിലിരിപ്പാനെന്തൊരു
ബന്ധംബന്ധാരികമിതാവേ?
മർക്കടജാതികളിന്നനിനച്ചാൽ
ദുർല്ലഭജാതികളൊക്കത്തന്നെ
മർക്കടകാലിപ്രഹരംകൊണ്ടവ
രുൾക്കടഗർവ്വമടക്കീടുന്നു
പുൽക്കടപോലെയവർക്കുസമസ്തവു-
മക്കടുകോപികളിക്കൂട്ടങ്ങടെ
ഉൽക്കർഷങ്ങളതെല്ലാമിന്നി
ചൊൽക്കൊള്ളുന്നൊരുവാലിനതത്രേ
ഇങ്ങനെയുള്ളപ്ലവംഗമപുംഗവ
ലാംഗൂലത്തിലണഞ്ഞുകിടപ്പാൻ
സംഗതിവന്നതുകൊണ്ടുഭവാനൊരു
ഭംഗികേടുഭവിക്കയുമില്ല
ബാലിയതാംനമ്മോടുനിനക്കിഹ
തോലിപിണഞ്ഞതുകൊണ്ടുമനസ്സിനു
മാലിന്യംകരുതീടുകവേണ്ടസു
മാലീനിശാചരപുത്രീതനയാ

വാസവാത്മജപരിഹാസവാക്കുകളേവ
മാസകലംകേട്ടുകൊണ്ടാസഭാമദ്ധ്യത്തിങ്കൽ
ഹാസലാഘവംപൂണ്ടങ്ങാസിക്കുംകപികളെ
ത്രാസഭാവേനനിജനാസയുംവായുംപൊത്തി
ലജ്ജിച്ചുപണ്ടു്കതികസ്സാന്മർജ്ജിച്ചുകണ്ണുനീരാൽ
വർജ്ജിച്ചുവൈരമെല്ലാംനിർജ്ജരാരിപ്രവീരൻ
ശക്രസുതനാകുന്നമർക്കടാധിപൻമുമ്പിൽ
വക്രതമായിനിജവക്ത്രവുംതാഴ്ത്തി
(ചൊന്നാൻ

ബാലിമഹാബലശാലിഭവാനൊടു
തോലിപിണഞ്ഞതിനാലിഹചെറു-
മലൌകികമില്ലസുശീലഭവാനാരു
വേലമിനിയിക്കനുകൂലംവേണം
കാലാരാതിവസിച്ചരുളുന്നൊരു
കൈലാസത്തെയിളക്കിയനമ്മുടെ
ശീലമതൊക്കെയറിഞ്ഞഭവാനുടെ
കാലുപിടിച്ചുപറഞ്ഞേക്കാംഞാൻ
ബാലതകൊണ്ടീനാനാവിധമിനി
മേലാലൊന്നുംവെളികയുമില്ലാ
നാളെയൊരിക്കലിതിന്നഘമൊന്നിഹ
മാളല്ലായതുകൊണ്ടുഭവാനും
കേൾപ്പില്ലാതെതുടങ്ങീടരുതൊരു
നാളുംചിലതിനിഎന്നുടെനേരേ
എന്നതിനിന്നൊരുസഖ്യംതങ്ങളി-
ലന്യോന്യംകരണീയമിദാനീം
എന്നൊരപേക്ഷയിനിക്കുണ്ടായതി
നിന്നുഭവാനൊരുകൃപയരുളേണം
രാക്ഷസരാജനപേക്ഷിച്ചതുകേ
ട്ടക്ഷണമൃക്ഷേശചരനാംബാലി
രക്ഷോവരനോടുപാണിപിടിച്ചുതി

ദക്ഷൻതൽക്ഷണമിദമുരചെയ്തു
അക്ഷയവീരനതായഭവൽപ്രതി
പക്ഷംതോന്നീഹനിഷ്ഫലമില്ലതു
ശിക്ഷയൊടങ്ങുധരിക്കമനസ്സിലെ
വിക്ഷേപണമതുവേണ്ടാതതെല്ലാം
ആക്ഷേപാദികളുംഭേദിയപ-
രാക്ഷംതോന്നീഹചെയ്കയുമില്ല
അക്ഷപിതാവേണ്ടാമരചെയ്തതു
സൂക്ഷ്മമതെന്നുധരിച്ചാലുംനീ
ഇങ്ങിനെവാനരപുംഗവനാശര
പുംഗവനോടഥസമയംചെയ്തു
അങ്ങുദശാനനപോകട്ടവാനിനി
യങ്ങു പുരത്തിന്നമാന്തിയാതെ
വൃത്രാരാതിതനൂജൻകപികല
ഗോത്രമതിന്നുശിരോമണിതാം
രാത്രിഞ്ചരവരനാംരാവണനെ
യാത്രയയച്ചുജഗത്ത്രയവീരൻ
മിത്രാത്മജനാമവരജനോടും
മിത്രകളത്രസുതന്മാരോടും
കീർത്തിപെരുത്തൊരുതന്നുടെപുരിയതി-
ലെത്രയുമാനന്ദിച്ചുവസിച്ചു.

ബാലിവിജയം ഓട്ടൻതുള്ളൽ സമാപ്തം.

---

൨൦. കാർത്തവീര്യാർജ്ജുനവിജയം.

അക്കാലങ്ങളിലതിഭുജവിക്രമ
ധിക്കൃതശക്രപരാക്രമനാകിയ
നക്തഞ്ചരപതിരാവണനെന്നൊരു
ശക്തൻവന്നുപിറന്നധരായാം;
പത്തുമുഖങ്ങളുമിരുപതുകൈകളു-
മത്യുന്നതഗിരിസന്നിഭമാകിയ
ഗാത്രവുമതിഭീഷണമിരുപതു
നേത്രവുമുൾക്കടദംഷ്ട്രാനികരം
എത്രഭയങ്കരമാകൃതികണ്ടാൽ
മിത്രതനൂജനുമാശുഭയപ്പെട്ടു
അത്രമഹാബലനാകിയ ദശമുഖ
നത്താൽ വെടിഞ്ഞു തപം ചെയ്തുടനേ
പങ്കജഭവനൊടുവരവുംവാങ്ങി
കിങ്കരസംഘസമേതംവീരനൊടു
ലങ്കാനഗരമടക്കിവസിച്ചഥ
ശങ്കാരഹിതംധനപതിതന്നുടെ
ഉങ്കാരത്തെയടക്കിജയിച്ചാ-
ഹങ്കാരങ്ങൾനിലയ്ക്കുംഞാൻപോ
ശങ്കരഭഗവാൻവാണരുളുന്ന
ത്തുംഗമതാകിയകൈലാസത്തെ
ക്കത്തിയെടുത്തുകരങ്ങളിലാക്കി
സത്വരമമ്മാനക്കളിയാടി
പത്തിരുപതുതവണകളിയെറിഞ്ഞും
ശങ്കാവിഹീനതകരങ്ങളിലേറ്റും
മുപ്പുരവൈരിക്കതുകൊണ്ടവനൊടെള്ളു
ലപ്രിയമുണ്ടായില്ലവിശേഷി
ച്ചുജ്ജ്വലതരമായൊരുവാളുംനൽകി
ക്കിപ്രാനുഗ്രഹമേകിയയച്ചു
പുഷ്പകമായവിമാനവുമേറി
പുഷ്പശരാരിയെവന്ദിച്ചുടനെ
ഭൂതലവുംപാതാളംസ്വർഗ്ഗം
വീതഭയേനജയിച്ചുദശാസ്യൻ
സമരാങ്കണമതിലമരാധിപനുടെ
സമരാടോപവുമാശുശമിപ്പി-
ച്ചമരാംഗനമാരെക്കൊണ്ടഥവെൺ-
ചാമരവ്യജനംവീശിപ്പിച്ചു
നന്ദനവിപിനേകല്പദ്രുമപാരി-
ചന്ദനമന്ദാരാദിമരങ്ങടെ
വൃന്ദമശേഷംപിഴുതുപതുക്കെ
സ്യന്ദനമേറിക്കൊണ്ടുതിരിച്ചഥ
കുന്ദേതരഭുജവിക്രമനാംദശ
കന്ധരൻതന്നുടെലങ്കാനഗരേ
കൊണ്ടിഹവന്നാരാമോദ്യാനങ്ങളു
മുണ്ടാക്കിപ്പുനരത്രവസിച്ചു
ശാരദനീരദസന്നിഭനാകിയ
നാരദമാമുനിവീണയുമായി
ചാരുതരാനിധികലഹപ്രീതിവി
ശാരദനാകിയഭഗവാനൊരുനാൾ
ധീരനതാകിയനക്തഞ്ചരപതി
വീരനിരിക്കുംമണിമാളികമേൽ
പാരമയൻ [illegible] ടിങ്ങനെ
പരമാത്മാവൊടെഴുന്നള്ളിതദാനീം
ഉന്നതനാകിയരാവണനപ്പോ
ളുത്ഥാനംചെയ്തുവണങ്ങി
ഭക്തിപുരസ്സരമർഘ്യാദികൾകൊ
ണ്ടത്യാദരമാരാധനചെയ്തു

ഭദ്രാസനവുംനൽകിയിരുത്തി
ഭദ്രതരംകുശലപ്രശ്നാദികൾ
സമുദാചാരംചെയ്തുപതുക്കെ
സംസൽക്കരണവുമാശുകഴിച്ചു
"കമലാസനസുതനാകിയമുനിവര
വിമലഗുണാലയനാരദഭഗവാൻ
ഭവദാഗമനംകൊണ്ടുമദീയം
ഭവനംപാവനമാക്കിവിശേഷാൽ
ഭുവനംമൂന്നിലുമുള്ളജനാനാ-
മവനംചെയ്യുംനിന്തിരുവടിയെ
ക്കണ്ടതുകൊണ്ടിഹകളിയല്ലേമമ-
കണ്ടമമമനസിമഹാസന്തോഷം
കണ്ടിതസുകൃതന്മാക്കമവാനെ
ക്കണ്ടുരസിപ്പാനെളുതല്ലേതും
നമ്മുടെവിക്രമമല്പമിതല്ലോ
രഹമ്മതിഞാൻപറകല്ലമുനീന്ദ്ര!
നമ്മെക്കൊണ്ടുജഗത്ത്രയവാസികൾ
ചെമ്മെകിമപിപറഞ്ഞീടുന്നു
ധാർമ്മികരാകിയനിങ്ങൾക്കെന്തിഹ
ധാരണയില്ലയുബോധിച്ചാലും
ത്രിഭുവനവാസികളെല്ലാംനമ്മുടെ
വിഭുതതകൊണ്ടുപുകഴ്ത്തുന്നില്ലേ
"സുഭഗൻദശമുഖ"നെന്നൊരുനാണയ-
മഹഹോ!ദിശിദിശികേൾക്കുന്നില്ലേ
മന്നിലിരിക്കുംമാനിനിമാർപുന-
രെന്നെക്കൊണ്ടുപുകഴ്ത്തുന്നില്ലേ?
എന്നെക്കാണാഞ്ഞംഗനമാരഥ
ഖിന്നതപൂണ്ടുവസിക്കുന്നില്ലേ?
നമ്മുടെഗുണമിതുമറെറാരുകൂട്ട-
ക്കാർക്കലഭിപ്പാനതിവൈഷമ്യം
ഉള്ളിലസൂയനിറഞ്ഞുകവിഞ്ഞഥ
തുള്ളിനടക്കുംകുസൃതിക്കാരു
കൊള്ളരുതാതെനുദൂഷിക്കുന്നതുകൊ-
ണ്ടെള്ളോളംഭയമില്ലനമുക്കു
ള്ളതുപറഞ്ഞുഫലിപ്പിക്കയുമ-
ല്ലുള്ളതുതന്നെകഥിച്ചീടുന്നേൻ
തീർത്തുരചെയ്യാമിന്നിഹനമ്മോട്
നേർത്തുവരുന്നവരൊക്കെമടങ്ങും
ധൂർത്തുകൾനമ്മോടുകൂടുകയില്ലെ-
ന്നോർത്തുമഹേന്ദ്രനടങ്ങിപ്പാർത്തു
ജംഭാന്തകനുടെകുംഭിപ്രവരൻ
കൊമ്പുകൾനാലുമുയർത്തിക്കൊണ്ടഥ
തുമ്പിക്കരമതിൽമുസലവുമേന്തി
ജൃംഭിച്ചാശുവരുന്നേരംഞാൻ
മുമ്പിൽച്ചെന്നഥകൊമ്പുപിടിച്ചുത-
രിമ്പുവിടാതെകരിമ്പുകണക്കെ
കൊമ്പുകൾനാലുമൊരമ്പതുഖണ്ഡി-
ച്ചൻപൊടുകുംഭമിടിച്ചുപിളർന്നു
ഇമ്പമകന്നതികമ്പമിയന്നട-
നമ്പർകുലങ്ങളിൽമുമ്പനതാകിയ
വമ്പൻമണ്ടിനിലിമ്പപുരത്തി

നകംപൂകാനതിസംഭ്രമസരസൻ
കുംഭമുലച്ചികളാകിയസുരകല
ശംഭളിമാരെവിളിച്ചുവരുത്തി
സംഭോഗാദിസുഖത്തെലഭിച്ചിതു
സരസംഞാനതുബോധിച്ചാലും
വെള്ളിക്കുന്നുപറിച്ചുകരത്തിൽ
തുള്ളിക്കുന്നൊരുനേരമതിന്മേൽ
പള്ളിയുറങ്ങുംപരമേശനുടെ
പുള്ളിമൃഗാക്ഷിമൃഡാനീദേവി-
ക്കുള്ളിലിരിക്കുംകലഹംതീർപ്പാ-
നുള്ളൊരുസംഗതിവന്നതുമൂലം
കൊള്ളാമിവനുടെതൊഴിലെന്നൊരുതിരു
വുള്ളംഭഗവാനെങ്കലുറച്ചു;
ശക്രനുമഗ്നിയുമന്തകവീരന-
രക്കൻവരുണൻവായുധനേശൻ
മുക്കണ്ണരുമിവരെട്ടുവസുക്കളു-
മൊക്കെക്കപ്പമെനിക്കുതരുന്നു;
സർവ്വസുരാംഗനമാരിൽമികച്ചൊരു
ഉർവ്വശിമേനകരംഭതിലോത്തമ
നിത്യവുമിവർവന്നെന്നുടെലക്കയി-
ലച്ചികളായവർവേലയെടുപ്പാൻ
നമ്മുടെഭവനംതൂക്കുതളിക്കപ
ടിക്കെട്ടുകപ്പടിപ്പുരമെഴുകുക
മണ്ഡോദരിയുടെതലമുടിയിൽപ്പൂ
ന്നെണ്ണകളൊക്കത്തേപ്പിപ്പാനും
താലിയുമിഞ്ചയുമുണ്ടാക്കാനും,
ആലികളെപ്പരിപാലിപ്പാനും
മാളികമേൽമണിമെത്തവിരിപ്പാൻ
കേളീഗൃഹങ്ങളടിച്ചുതളിപ്പാൻ
ഇങ്ങനെവിടുപണിയൊക്കെയെടുപ്പാ
നിന്ദ്രസുരാംഗനമാരാകുന്നു
ഞങ്ങിനെനമ്മുടെകല്പനയായതി-
നെങ്ങുമൊരല്പംകോവുമതില്ല,
ഇന്ദ്രജിതാഖ്യൻനമ്മുടെനന്ദന-
നിന്ദ്രനെയുദ്ധംചെയ്തുജയിച്ചു
എന്നാലവനെബന്ധിച്ചുംകൊ-
ണ്ടെന്നുടെമുമ്പിൽകൊണ്ടിഹവന്നു;
ലങ്കാപുരിയുടെഗോപുരമൂലേ
ശൃംഖലകൊണ്ടുതളച്ചേച്ചാലും!
ഇങ്ങിനെനമ്മുടെകല്പനകേട്ടവ-
നങ്ങിനെചെയ്താനന്നിസമർത്ഥൻ
കണ്ണുകളായിരമുള്ളവനവിടെ
കണ്ണീർകൊണ്ടൊരുനദിയുണ്ടാക്കി
വിണ്ണവർനാട്ടുവെടിഞ്ഞുവരുന്നൊരു
പെണ്ണുങ്ങൾക്കുകുളിപ്പാൻകൊള്ളാം
ഇക്കഥയുംഭുവനത്രയവാസിക-
ളൊക്കെപ്പരിചൊടുബോധിക്കുന്നു
ഭുവനതലങ്ങൾജയിച്ചവിശേഷം
മാമുനിപുംഗവനറിയുന്നില്ലേ?
പുക്കിപെരുതായൊരുനരവരവീര-
ശ്രേഷ്ഠന്മാരുടെനാട്ടുംനഗരവും.

മൊക്കെച്ചുട്ടുപൊടിച്ചുംപിന്നെ
കിട്ടുന്നവരെയടിച്ചുമുടിച്ചും
ഒട്ടുംകൃപയില്ലാത്തനിശാചര-
ദ്ദുഷ്ടന്മാരുടെകരുമനമൂലം
നഷ്ടമതായിമഹീതലമതൊഴിൽ
ചട്ടമിതെന്നുനമുക്കില്ലേതും,
ദുഷ്ടന്മാരാമവരുടിനംപ്രതി
കഷ്ടമിതോർത്താലത്ഭുതമല്ലോ
പട്ടിണിയിട്ടുവരുന്നാജനത്തി-
ന്നൂട്ടികൊടുക്കാതവനീശന്മാർ
കെട്ടിസ്വരൂപിക്കുന്നുസുവർണ്ണം
പട്ടുംപൊന്നുംപണവുമിതെല്ലാം
പെട്ടെന്നൊത്തു പിടിച്ചുപറിപ്പാ-
നൊട്ടുംക്ലേശമതില്ലനമുക്ക്
പട്ടന്മാരാട്ടുകടവുംകൊണ്ടവെ
രക്ഷികഴിച്ചുകിടന്നീടുന്നു,
ഗാന്ധാരീപതിതന്നുടെരാജ്യം
കാന്താരത്തിനുസദൃശമതായി
സിംഹളഭൂപതിതന്നുടെനാട്ടിൽ
സിംഹംപുലിയുംചെന്നുനിറഞ്ഞു,
ചേരനരാധിപനങ്ങുവനത്തിൽ
താളുംതകരയുമശനമതായി
ചോളമഹീശനുകൊറ്റിനുകമ്പ-
ച്ചോളമതല്ലാതില്ലൊരുവസ്തു,
കുരുരാജാക്കന്മാർക്കിഹചക്ക
ക്കുരുവല്ലാതില്ലൊന്നുഭുജിപ്പാൻ
കാശ്മീരാവനിവല്ലഭനിപ്പോൾ
ക്ലേശംതിന്നുകിടന്നീടുന്നു,
ചാമ്പേയാവനിവല്ലഭനിപ്പോൾ
ചേമ്പുകിഴങ്ങുംപഴയരിയായി
കൊങ്കണരാജൻതൻപ്രിയമാരുടെ
കൊങ്കകളോർത്തു രമിപ്പാറായി
കൊങ്കണഭൂപതിപണമുള്ളവരുടെ
അങ്കണമെല്ലാമായനം പോട്ടേ;
ഭോജനരാധിപനിക്കാലിന്നും
ഭോജനമെങ്ങുംകിടയാതായി;
അംഗമഹേശനുമക്ഷികളിക്കാ-
ഞ്ഞംഗമശേഷംകൃശതമമായി
കാലിംഗേശനുമേറവുനടപ്പാൻ
കാലുകളൊക്കെവിറച്ചുതുടങ്ങി
കാശിനരേന്ദ്രനുമിക്കാലത്തൊരു
കാശിനുമുതലില്ലാതെചമഞ്ഞു
കന്നൂജനരപതികത്തിക്കവരാൻ
കന്നുപൂമേയിനാനെത്തുടങ്ങി,
എന്തിനുചാലവിധമുരചെയ്യുന്നു
പംക്തിവരൻറെപരാക്രമപുഷ്ടികൾ
ചിന്തിച്ചാലവസാനവുമില്ല.
നിന്തിരുവടിയറിയാത്തതുമല്ല;
ഭൂതലവുംനാകംപാതാളം
ഭുവനംമൂന്നിലുമിന്നിഹപാർത്താൽ
രാവണനോടുസമാനപരാക്രമ-

നേവനൊരധിപതിയുള്ളുമുനീന്ദ്ര!
എങ്ങാനൊരുദിശിമത്സമനൊരുവൻ
തുംഗാഹംകൃതിഭാവത്തോടെ
സംഗരശൂരനതുണ്ടെന്നാല-
ച്ചെങ്ങാതിക്കുമനർത്ഥമടുത്തു,
ഉണ്ടെന്നാലുമതുൾചെയ്യേണം
ചെണ്ടക്കാരുടെമരണത്തിന്നൊരു
രണ്ടുനാലുദിവസംതാമസ-
മുണ്ടാമായതിലേറ്റംവേണ്ട,
ക്ഷ്മാതരപ്രാണന്മാരെട്ടുമശേ-
കസ്സാരപൊരുവാനാഗ്രഹിക്കു,
ക്ഷുദ്രന്മാരിവരല്ലോനമ്മുടെ
രണ്ടടികൊൾവാനാരുംപോരാ"

ഉരഗാനനന്നേരംനാരദ-
നൊരുത്തൻനിന്നോടുപോരിനു
സമർത്ഥനില്ലെന്നോരാവണ!
കുരുത്തൻമന്നവൻനിന്നുടെ
മദത്തെശമിപ്പിച്ചില്ലേ?
തരത്തിൽജയിച്ചുവെന്നതു
പരത്തില്ലേപ്പാന്നില്ലേനീ? അതി
സമർത്ഥൻ പൌരുഷമിങ്ങിനെ
കിമർത്ഥംഘോഷിക്കുന്നുവൃഥാ
അനർത്ഥംനിന്നുടെവാക്കുകൾ
സമസ്തം,നിരൂപിച്ചുചൊന്നാൽ.

എങ്കിൽപാരംനിന്നുടെഹുങ്കൃതി
ലംഘിപ്പതിനിഹമതിയായുള്ള
ഭയങ്കരഭുജബലമുള്ളൊരുപുരുഷൻ
ലങ്കാധിപതേ! കേട്ടാലുംനീ
ഹേഹയനൃപവരനാകുവസിപ്പോൻ
മാഹിഷ്മതിയെന്നൊരുനഗരി-
ക്കതിവിശ്രുതജനജ്ഞനനെന്നൊരു
മതിമാൻഭൂപതിതത്രജനിച്ചു
നിഭൃതടിച്ചുഭുജങ്ങളൊരായിര-
മുണ്ടർജ്ജുനനതുബോധിച്ചാലും!
പമ്പനാതാക്കിയനിൻറെഭുജങ്ങളി-
ലൊമ്പതുമാത്രവുമൊരെൺപതുമേറും,
നിന്നെക്കാൾഭുജവിക്രമമേറും
നിന്നെക്കാൾ ഭുജശക്തിയുമേറും
പിന്നെയുമുണ്ടുവിശേഷമിതോർത്താൽ
സങ്കടദുഷ്ടജനാർജ്ജനമില്ല,
അവനുടെജനവുംനിന്നുടെജനവും
ശിവശിവ! വളരെവിശേഷമതോർത്താൽ
അവനിയിലുള്ളമനുഷ്യരെയെല്ലാം
അവികലമവനിഹരക്ഷിക്കുന്നു
തവഭൃത്യന്മാരവനിയിലുള്ളമ-
നുഷ്യരെയെല്ലാംഭക്ഷിക്കുന്നു
അക്കൂട്ടംപുനരവനിസുരന്മാ-
ക്കില്ലംവളരെപ്പണിയിക്കുന്നു
ഇക്കൂട്ടംപുനരങ്ങവരുടെ
ഇല്ലംചുട്ടുമുടിച്ചീടുന്നു,
അജ്ഞനഗിക്ഷിതുടങ്ങിക്കുന്നു

ഇജ്ജുനമിക്ഷ്മിമുടക്കിക്കുന്നു
അവർബഹുധൎമ്മംസാധിക്കുന്നു
ഇവർബഹുധൎമ്മംബാധിക്കുന്നു,
അൎജ്ജുനനുംരാവണനുംതമ്മിൽ
ആനയുമാടുംപോലെവിശേഷം
അൎജ്ജുനമിങ്ങനെപറയിക്കുന്നു
ലജ്ജനിനക്കുതരിമ്പുണ്ടെങ്കിൽ
അൎജ്ജുനനൃപനെവധിക്കണമെന്നോ
ദുൎജ്ജനഭൂഷണവാക്കുശമിപ്പൂ
നിന്നൊടുസ്നേഹമെനിക്കുണ്ടതുകൊ
ണ്ടെന്നോടുവൈരമവൎക്കെല്ലാൎക്കും,
കേവലമിന്നിഹലങ്കാപതിയുടെ
സേവകനായതുനാരദനെന്നു
ദേവകൾഋഷികൾമനുഷ്യജനങ്ങളു
മെന്നെക്കൊണ്ടുദ്വേഷിച്ചീടുന്നു,
ദൂഷണിക്കൂട്ടംനാരദനെന്നൊരു
ദൂഷണമുണ്ടുനമുക്കിഹപാരം
ദോഷമതൊരുത്തുപറയുംചെറുവി
ശേഷജ്ഞന്മാർപറകയുമില്ല,
അതുകൊണ്ടതുംഭേദമിനിക്കി
ല്ലിതുകൊണ്ടധികവിഷാദവുമുണ്ടു;
കശ്മലനാകിയകൃതവീൎയ്യസുതൻ
വിശ്വപ്രഭുവാകുന്നഭവാനെ
പുല്ലോടുപോലെനിനിക്കാതെ
നിക്കുസഹിക്കുന്നില്ലദശാസ്യ!
ബാഹുജവംശംതന്നിലധീശൻ
ബാഹുസഹസ്രംകൊണ്ടുപ്രസിദ്ധൻ
ഹേഹയമന്നവനുന്നതവീരൻ
ആഹവശൂരനതിഗംഭീരൻ
ഇങ്ങിനെസൎവ്വജനങ്ങൾപുകഴ്ത്തി
തിങ്ങിനഗൎവ്വുമുഴുത്തുചമഞ്ഞു,
അങ്ങിനെയുള്ളമഹാമണ്ഡവനെ
സംഗരസീമനിസപദിജയിച്ചാൽ
തുംഗമതാകിനകീൎത്തിവിളങ്ങും
മങ്ങലവാനലഭിക്കുംനിയതം,
ഭംഗംവരികയുമില്ലഭവാനിഹ
സംഗതിയുണ്ടുംബോധിപ്പാനു,,

നാരദനുടെഗിരമെന്നുകേട്ടഥ
ഘോരഘോരതരക്രോധമിയന്നു
ആരവേണഭുവനംമുഴക്കി
ക്രൂരദൃഷ്ടികൾതുറിച്ചുമിഴിച്ചഥ
ചന്ദ്രഹാസവുമെടുത്തുകരത്തിൽ
മന്ദവേഗമെഴുന്നേറ്റുദശാസ്യൻ
ഇന്ദ്രവൈരിദശകണ്ഠനമങ്ങര-
വിന്ദവാസസുതനോടതുചെയ്തു
ജംഭവൈരിയുടെവാഹനമാകിയ
കുംഭിരാജനുടെകുംഭതടങ്ങള-
മിമ്പമോടുതാടിച്ചുപൊടിച്ചൊരു
കുംഭകൎണ്ണസഹജാവണനെന്നൊരു
വമ്പനിങ്ങുനിവസിക്കയുമങ്ങൊരു
ഡംഭമോടുമക്ഷകുലാധമനിങ്ങനെ
ഡംഭുകാട്ടിവിളയാടുകയുംഭുവി
സംഭവിപ്പതിഹകഷ്ടമഹോബത!
കുന്നിൻമകളുടെനാഥനിരിക്കും
കുന്നെടുത്തുടനെറിഞ്ഞുപിടിക്കാം
ഇന്ദ്രനാദിസുരവൃന്ദമശേഷം
മന്ദിരമമപിടിച്ചുതടുക്കാം
ചണ്ഡചണ്ഡമുടനന്തകദണ്ഡം
ദണ്ഡമെന്നിയെവലിച്ചുമുറിക്കാം
വമ്പനാമമരകുംഭിവരൻെറ
കൊമ്പുനാലുമഥതല്ലിയൊടിക്കാം
ഇത്ഥമത്ഭുതമനേകമെടുപ്പാൻ
ശക്തനായൊരുദശാനനനിപ്പോൾ
മൎത്ത്യമൂഢനിധനത്തിനുമാത്രം
പാത്രമല്ലകൃശനെന്നുവരാമോ
കണ്ടുകൊൾകമമവിക്രമമിപ്പോൾ
രണ്ടുപക്ഷമതിനില്ലമുനീന്ദ്ര!
രണ്ടുനാലുദിവസത്തിനകത്താ
തണ്ടുതപ്പിയുടെഡംഭുശമിക്കും
അൎജ്ജുനൻെറഭുജദണ്ഡസഹസ്രം
രജ്ജുകൊണ്ടഥവരിഞ്ഞുമുറുക്കി
പുഷ്പകാഖ്യകൊടിമരത്തൊടുകെട്ടി
ദൃഷ്ടപ്രഭുതചമുടയോടവനെട്ടതും
അത്രകൊണ്ടുവരവേണമതിന്നിഹ
ചിത്രയോധിമമമന്ത്രിവരിഷ്ഠനു
ശത്രുമാത്രമമരാരിസമമൊരു
മാത്രകൊണ്ടുടനൊരുങ്ങിവരേണം
ഇത്തരംമൊഴിപറഞ്ഞുദശാസ്യൻ
തത്രനിന്നുനിജപുഷ്പകമേറി
ചിത്രയോധിയെവിളിച്ചുവരുത്തി
ചിത്രമോടുടനെയാത്രതുടങ്ങി
ചന്ദ്രഹാസവുമെടുത്തുപിടിച്ചു
ങ്ങിന്ദ്രവൈരിസഹനാരദനോടു
ചന്തമോടുടനയന്നുതിരിച്ചു
ന്ധനായദശകന്ധരവീരൻ

സത്വരമൻപൊടുപുഷ്പകമപ്പോൾ
ഉത്തരദിക്കിനുധാവതിചെയ്തു
ഹിതംകൊണ്ടുചിരിച്ചഥനാരദ-
നിത്ഥംനിന്നുപറഞ്ഞുതുടങ്ങി
„അൎജ്ജുനനൃപനെക്കൊടിമരമൂലേ
രജ്ജുവെടുത്തുവരിഞ്ഞുമുറുക്കി-
ക്കൊണ്ടുവരുന്നമഹോത്സവഘോഷം
കണ്ടുരസിപ്പാനഥമിഹമാൎഗ്ഗേ
ശ്രദ്ധമതായിവസിച്ചീടുന്നോൻ
കൂടെപ്പോന്നിട്ടെന്തൊരുകാൎയ്യം?
മൂഢന്മാരിവനേഷണികൂട്ടാൻ
കൂടെനടക്കുന്നെന്നുകഥിക്കും.
ഹേഹയനരവരപുരമേതുസുരവര-
ഗേഹസമാനംഭുവിവിലസിതമാം
മാഹിഷ്മതിയെന്നതിനുടെപേർബഹു-
മാഹാത്മ്യംബഹുമഹനീയംബഹു
രമണീയംബഹുകമനീയംബഹു-

കമനീകലമണിമണിമാടങ്ങളും
അമലസലിലനവകമലവിമലതര
ശമലഹരണജനപട്ടതമമതിരുചി
നർമ്മദയാകിയതീർത്ഥവിശേഷം
ശർമ്മദമാകിനപുളിനവിശേഷം
ധർമ്മദയാനിധിനൃപതിവിശേഷം
ധർമ്മപരായണപുരുഷവിശേഷം
രജതവിശേഷം രത്നവിശേഷം
കമനിവിശേഷം കാന്തിവിശേഷം
സുകൃതിവിശേഷം സൂത്രവിശേഷം
സുമതിവിശേഷം സൂക്തിവിശേഷം
ഇങ്ങനെയുള്ള പുരത്തിലിറങ്ങി
സംഗതിപോലെ സമീഹിതകാര്യം
സാധിച്ചീടുക സാഹസമരുതു
ബോധിച്ചീടുക ലങ്കാധിപതേ!
ഇത്തരമരുൾചെയ്തീടിന നാരദ-
നത്രമറഞ്ഞാരു ശേഷം ദശമുഖ-
നത്തരനാരവരപത്തനദേശേ
സത്വരമവിടെയിറങ്ങി വിമൂഢൻ
നർമ്മദതന്നുടെ പുളിനം തന്നിൽ
ദുർമ്മദശാലി ദശാനനവീരൻ
ചിത്രയോധിയൊടുകൂടിയതിങ്ങിനെ
തത്രനല്ലമണലുള്ള പ്രദേശേ
വസ്ത്രംകൊണ്ടൊരു പാളയമവിടെ
ചിത്രമതാക്കിത്തീർത്തു ദശാസ്യൻ
രേവാസലിലേ ചെന്നു കുളിച്ചു
ദേവാരാധനകോപ്പുകൾ കൂട്ടി
ശിവലിംഗത്തെയെടുത്തു നിരത്തി
ശിവപൂജയ്ക്കു തുടങ്ങി പതുക്കെ;
ജലഗന്ധാക്ഷതപുഷ്പാളികളും
ഫലമൂലം പുനരവിലും മലരും
ഗുളവും കദളിപ്പഴവും പങ്കജ-
ദളവും ഗുൽഗ്ഗുലുധൂപം ദീപം
വെള്ളിവിളക്കുകൾ പൊന്നിൻതളികകൾ
വെള്ളിക്കുടവും മണിതാലങ്ങളിൽ
വെള്ളരിവെററിലപാക്കും വെള്ളവെള്ളെ-
യുള്ളചെങ്കിമാലകളവധി
മുല്ലപ്പൂമലർ ചെത്തിപ്പൂവും
വിലചമ്മങ്ങളെരിക്കിൻപൂവും
ചെമ്പകമലർ ചേമന്തിപ്പൂവും
വെൺതുളസിപ്പൂ തുമ്പപ്പൂവും
മണമിയലും കളഭം കർപ്പൂരം
തണുതണമലയജ കുങ്കുമഗന്ധം
ഘണഘണഘോഷം മണിയുടെ ഘോഷം
ഗണപതിബിംബം ഫണിപതിബിംബം
ഗുണമിയലുന്ന ഷഡാനനബിംബം
ശങ്കരശങ്കരിമാരുടെ വിഗ്രഹ-
സംഘവുമവിടെ നിരത്തിപ്പരിചൊടു
പുഷ്പാഞ്ജലിയും മന്ത്രജപങ്ങളു-
മീവകപൂജകൾ ചെയ്തു വസിച്ചാ-
നവികലഭക്തൻ നക്തഞ്ചരപതി

ചിത്രയോധിയെ വിളിച്ചരുൾചെയ്തു
"അത്ര ചെന്നു കൃതവീര്യജനാകും
ക്ഷത്രിയാധമനെ വേറെ വിളിച്ചുട
വർത്തമാനമറിയിച്ചു വരേണം;
ഇപ്പടിനിന്നുടെതാതനൊന്നിതുമ-
തിപ്പൊഴുതിവിടെ നടക്കയുമില്ല;
ചൊല്ലേറുന്ന ദശകണ്ഠമഹേന്ദ്രൻ
കല്പിക്കുന്നതു കേട്ടേ പോവൂ
കപ്പം തരണം നമ്മുടെ നാട്ടി-
ലിരിപ്പാനാഗ്രഹമുണ്ടെന്നാകിൽ
മുപ്പറയും പുനരെട്ടാനും പല
വെപ്പുകളുണ്ടതു തന്നില്ലെങ്കിൽ
വെക്കം നിന്നുടെ നാട്ടും നഗരവു-
മൊക്കെപ്പാടെയടക്കും നിന്നുടെ
ധിക്കാരങ്ങളഹങ്കാരങ്ങളു-
മിക്കാലങ്ങളിൽ നമ്മൊടു കൂടാ
യുദ്ധം ചെയ്തു ജയിക്കാമെന്നൊരു
ബുദ്ധിനിനക്കു തരിമ്പുണ്ടെങ്കിൽ
പത്തുരഥംകരമുള്ളതിൽ വില്ലുമെ-
ടുത്തു പടയ്ക്കു പുറപ്പെട്ടാലും!
ഇപ്രകാരമവനോടുരചെയ്തട-
നല്പബുദ്ധിയുടെ ഭാവമറിഞ്ഞിഹ
സത്വരം വരിക സാധുമതേ! നീ"
ചിത്രയോധി സചിവൻ സഹസാ ദശ-
വക്ത്രനെത്തൊഴുതുകൊണ്ടു നടന്നു;
തത്ര ഹൈഹയനരേന്ദ്രനിരിക്കും
ചിത്രകാഞ്ചനമഹാപുരി പുക്കാൻ
ധാർമ്മികനാകിയ നരവരനപ്പോൾ
നർമ്മദനദിയുടെ സലിലം തന്നിൽ
പെണ്മണിമാരോടൊരുമിച്ചൻപൊടു
വെണ്മകലർന്നു കളിച്ചീടുന്നു
നാരിമാരുമവർജ്ജനനൃപതി-
ക്കായിരമുണ്ടു മഹാസുന്ദരിമാർ
ആയിരമുണ്ടു കരങ്ങളുമതിസുഖ-
മായിരമിപ്പാനതുമനുകൂലം
മുഴുകിപ്പൊങ്ങും കാമിനിമാരെ
തഴുകിക്കൊണ്ടു രമിക്കും മുലകളിൽ
ഇഴുകും കുങ്കുമകളഭം നാടൻ
പുഴുകും നർമ്മദതന്നിൽ ദ്രുതതര-
മിഴുകും തലമുടി വടിവിലഴിഞ്ഞും
മലർനിര പാരമിയഴിഞ്ഞുകവിഞ്ഞും
ചലമിഴിമാരുടെ തലയും മുലയും
തടഭുവിവാരിയഴിഞ്ഞുകവിഞ്ഞും
കമനികൾ തമ്മിലിടഞ്ഞു തടഞ്ഞും
മുഴുകിത്തത്തിമറിഞ്ഞു വലഞ്ഞും
നീന്തി വലഞ്ഞും തിരയിലുലഞ്ഞും
താലികളഞ്ഞും തമ്മിൽതിരഞ്ഞും
തങ്ങൾപിരിഞ്ഞും തോണികളിച്ചും
താനുകളിച്ചും നാണമിളച്ചും
വേണിയഴിഞ്ഞും പാണികുഴഞ്ഞും
ക്ഷോണീപതിയുടെ പാണിപിടിച്ചു

ചലമിഴിമാരുടെമാർവിലണച്ചും
ജലമൊഴുകീടിനമുലകൾപുണർന്നും
മുഖചുംബനവുംചലപലവിലസിത
കലിതലളിതകളികളുമതിചതുരം
അമലകമലമുഖിമാരൊട്ടുകൂടി
ബഹുവിധമാരമഹോത്സവഘോഷത്തോടെ
നരപതിവീരൻക്രീഡിച്ചങ്ങിനെ
കനിവൊടുപയസികളിക്കുന്നേരം
രാത്രിഞ്ചരവരദൃപ്തനതാകിയ
ചിത്രയോധിവിരവൊടുതിരഞ്ഞഥ
തത്രചെന്നുതടിനീതടഭാഗേ
മുഖശംഖമുരചെയ്തുതുടങ്ങി
ഈരേഴുലകിന്നധീശനതാകിയ
വീരൻവാരാന്നിധിയുടെമദ്ധ്യേ
ലങ്കാനഗരേസ്വൈരമതായി
വാണരുളുംദശകണ്ഠപ്രഭുമാൽ
ഹൈഹയനൃപതേ!നിന്നെക്കാണ്മാൻ
മാഹിഷ്മതിയിലെഴുന്നരുളുന്നു.
സാഹസമെത്തിപ്പെരുത്തുള്ളമാ-
യ് മോഹമിയന്നുകളിക്കുന്നോനിഹ
ഝടിതിഭവാൻചെന്നൻപൊടുതന്തിരു-
വടിയുടെചരണസരോജേബഹുധന-
മടിയറയുംവെച്ചാശ്രയണംതുക
മുടിയതതേതവനാടുംനഗരവു-
മടിയാർകുടിയാരക്കാപ്പുകം
പടയുംകോട്ടയുംശൃംഗികളുമെന്നും
മുടിയതതാകിലശങ്കംനിന്നുടെ
മുടിമേൽതന്തിരുവടിയുടെചെമ്മലർ
പൊടിയേറാവിടെവന്നിച്ചീടുകനീ
പിഴപാടില്ലതിനൊന്നൊരുകാലും!
പിടിയാരായവരൊടുപടവെട്ടിച്ചില
പിടിയാനകളുപിടിക്കുതിരകളു-
മുടനേകിട്ടിയതോർത്തുതിമത്തിഹ
ചുടുഭാവത്തെനടിച്ചീടുന്നൊരു
വിടുഭോഷൻനീ,രാമമുഖചരിതം
വീരവൊടുബോധിച്ചില്ലനിയതം?
ചടുലവിലോചനമാരുടെമുല
ഉടലിലണച്ചുപുണർന്നുകൊണ്ടിഹ
നടനംചെയ്യുംകാമിജനാധമ—
നാട്ടിലെവാർത്തകളെന്തറിയുന്നു
മട്ടലർശരനെച്ചുട്ടുപൊടിച്ചൊരു
നിടിലതടത്തോൻവാണരുളുന്നോ
കൈലഗിരിവരനെക്കുത്തിയെടുത്തു
കയ്യിലിളക്കിയെറിഞ്ഞുപിടിച്ചൊരു
കരബലജലനിധിയാകുംരാവണ-
നലകജയിച്ചുജഗത്ത്രയമന്നൻ
ശ്രീമദുദാരശ്രീദശകണ്ഠ-
സ്വാമിഭവാനോടരുൾചെയ്യുന്നു
കല്പനയായതിനൊന്നുമുരചെയ്യാം
കപ്പംതരണംകാലംതോറും
വിളവിൽപാതിനമുക്കുതരേണം
മുളകുസമസ്തവുമേൽപ്പിക്കേണം
തെങ്ങുകവുങ്ങുകൾമാവുംപ്ലാവും
എങ്ങുമെനിക്കിഹകണ്ടെഴുതേണം
മാടമ്പികളുടെപദവികളൊന്നും
കൂട്ടുകയില്ലാനമ്മുടെനാട്ടിൽ
വീടന്മാരുംചിലവുകൾനെല്ലുകൾ
വിത്തിലിരട്ടിനമുക്കുതരേണം
നാട്ടിലിരിക്കുംപട്ടന്മാരും
നാലാലൊന്നുനമുക്കുതരേണം
വീട്ടിലിരിക്കുംനായന്മാർപട-
വില്ലുംകുന്തവുമേന്തിച്ചൊല്ലും
വേലയെടുത്തുപൊറുക്കണമെല്ലാ-
നാളുംപാർത്താദശമുഖഭവനേ,
കള്ളുകുടിക്കുന്നായന്മാർക്കടി-
കൊള്ളണമതുമതമോർത്തിടേണം;
ഉള്ളിൽക്കൂറില്ലാതജനത്തെ
കൊല്ലിക്കണമജമാനന്മാരൊരു
കൊള്ളിക്കുംവിലപിടിയാതവരെ
ത്തുള്ളിക്കുംദശകണ്ഠപ്രഭുമാൽ
ഇങ്ങിനെയുള്ളജനപ്രഭുമന്ത്രിക-
ളെങ്ങുംചേരുകയില്ലതുകൊണ്ട്
ഹൈഹയനൃപതേ!നിന്നുടെമന്ത്രിക-
ളാംഹവശത്രുവരന്മാരായുള്ളവ-
രെല്ലാമുടനെലങ്കാപുരിയിൽ
ചെല്ലാനരുളിച്ചെയ്തുദശാസ്യൻ
നെല്ലുംപണവുംപൊന്നുംപാത്രവു-
മുള്ളതശേഷവുമങ്ങുകൊടുത്താൽ
തെല്ലുംദുർഘടമില്ലനിനക്കു
നല്ലനരന്മാർക്കിക്കാലങ്ങളിൽ
വല്ലാത്തുള്ളൊരശാന്തതുടങ്ങാൻ
വല്ലതിയുമിഹവന്നുഭവിക്കും
നല്ലൊരുചെറുവഴിഞാനിഹനിന്നോടു
ചൊല്ലുന്നതുനീമാനിക്കാഞ്ഞാൽ
വെട്ടെന്നിവിടെക്കാണാമനവധി
ദുഷ്ടന്മാർദശമുഖഭടന്മാർ
വട്ടക്കണ്ണാംചെമ്പൻതലയും
വായിൽനിറഞ്ഞുവളഞ്ഞൊരുപല്ലും
അഞ്ജനശൈലംപോലെശരീരവു-
മതിതീവ്രനഖമുഖവുംകണ്ടാൽ
മർത്ത്യന്മാരമർത്ത്യന്മാരും
മൃത്യുഭയത്തെപ്രാപിച്ചീടും;
യൂപാക്ഷൻമകരാക്ഷൻപിശാചി-
രൂപാക്ഷൻധൂമ്രാക്ഷൻദുർമ്മുഖ-
നതികായൻപ്രതികായൻപ്രഹരൻ
വരദൻപിന്നെനികുംഭൻവീരൻ
കുംഭൻകുംഭോദരനുംപുനരഥ
വമ്പുപെരുത്തമഹാപാർശ്വകനും
കമ്പനമിവകൾരക്ഷസവൃന്ദം
വന്നുകരേറിമനുഷ്യരെയെല്ലാം
കൊന്നുംതിന്നുംചോരകുടിച്ചും
സുന്ദരിമാരുടെതലമുടിപിടിപെ-

ട്ടാണൊഴിയാതവർകൊണ്ടുതിരിച്ചു
അമ്പലമൊക്കെത്തീണ്ടിത്തൊട്ടും
നംപൂരാരുടെദേവനംചുട്ടും
എംബ്രാന്തിരിയെത്താഡിച്ചുംപുന-
രമ്പലവാസികളെക്കൊലചെയ്തും
കലശലുപലതുംകൂട്ടംനിന്നുടെ
കലഹാവേശത്തെവരുത്തുംനൃപതേ!
ഇങ്ങിനെവല്ലരെയനർത്ഥംവരുമതു
നിങ്ങൾനിനച്ചാലൊഴികയുമില്ല;
അങ്ങൊഴിലൊന്നുംക്രൂരാതിവിടെ
സ്വസ്ഥതയോടെവസിക്കണമെങ്കിൽ
ചൊല്ലാണ്ടുംശശകുംഭമഹേന്ദ്രൻ
കല്പാന്തരണംകാലന്തോറും
കല്പനകേട്ടുവസിച്ചെന്നാൽപുന-
രല്പമൊരല്ലൽഭവിക്കയുമില്ല".

ഇത്ഥംഘോഷിച്ചചിത്രയോധിപറയുന്നോര-
വലവചനമതുകേട്ടുഹൈഹയനൃപൻ
പൊട്ടുന്നകൈകളെല്ലാംകൊട്ടിച്ചിരിച്ചുകൊണ്ടു
മട്ടോലുംമൊഴിമാരെക്കെട്ടിത്തഴുകിക്കൊണ്ടും
ഉത്തരമൊന്നുമുരിയാടാതെവാരിധിയിൽ
സത്വരമങ്ങിറങ്ങിക്രീഡതുടങ്ങിമെല്ലെ.
മുങ്ങുമങ്ങൊരുടിക്കിൽപൊങ്ങുമങ്ങൊരുടിക്കിൽ
മാനിനിയെവിളിക്കുംആഴത്തിലങ്ങൊളിക്കും
മെല്ലെമെല്ലെക്കുളിക്കുംമോളത്തിൽചെന്നുചാടും
മേളത്തിലാട്ടമാടുംസുന്ദരിമാരൊത്തിടും
ക്രീഡകളൊന്നുമൊക്കെയോരിയിലങ്ങുനോക്കും
മുങ്ങിയുംമന്ദമാക്കുംവെററിലനല്ലപാക്കും
അകന്നുകളിവാക്കുംപറഞ്ഞുതമ്മിൽനോക്കും
തിരയിൽചാടിനീന്തുംനൊററിമേൽക്കേറിച്ചന്തും
തഴുകികാമഭ്രാന്തുപിടിച്ചപോലെകാന്താ
നാരീജനങ്ങളോടുവാരിയിൽക്രീഡകളും
പൂന്തുംപോകല്ലാതൊരുനേരമിളക്കമില്ല;

ചിത്രയോധിപുനരിത്തൊഴിലെല്ലാം
തത്രനിന്നവരുകണ്ടുകയർത്തും
കൊണ്ടുപോന്നുമഠകന്നനിരിക്കും
പാളയത്തിലധിപുക്കവനങ്ങി
വത്മനോമറിയിച്ചൊരുനേരം
ക്രുദ്ധനാകിയദശാനനവീരൻ
രോഷംകൊണ്ടുശിവപൂജനമദ്ധ്യേ
ഭാഷണംവലിയദൂഷണമിങ്ങനെ
ചിത്രയോധിയൊടുസംസ്കൃതമായി
ട്ടുത്തരമരുൾചെയ്തുദശാസ്യൻ
"അർജ്ജുനസ്യമഹികിംബഹുമാനം
നാസ്തിതസ്യബഹുകഷ്ടമിദാനീം
ദുർമ്മദസ്യഗുണദോഷവിചാരം
ദുർല്ലഭംജഗതികിംകഥനീയം!
ശാസനംമമനിശമ്യദുരാത്മാ
ഹാസമേവകൃതവാനവിവേകീ
വസ്തുതസ്യഭവനാദിസമസ്തം
അസ്തുനാശമുപയാസ്യതിനൂനം
പാകശാസനമുഖാന്തകമന്ദം
നാകവാസിനിഖിലാസുരവൃന്ദം
യേനഹസ്തവിജിതംസദശാസ്യോ
മാനുഷാദപിചകിന്നുബിഭേതി?
താംസമർപ്പ്യപരമേശപരപൂജാം
തത്സമീപമുപഗമ്യചശീഘ്രം
ചന്ദ്രഹാസഭുജഗാമിഷമേനം
കല്പയാമിനഹിസംശയമല്പ'
ഇങ്ങിനെസംസ്കൃതവാക്കുപറഞ്ഞും
തിങ്ങിനഭക്ത്യാപൂജകൾചെയ്തും
കണ്ണുമടച്ചുജപിച്ചുവസിക്കും
പൊണ്ണനിരിക്കുംപട്ടുകഴിതന്നിൽ
വെള്ളംവന്നുകടന്നുതുടങ്ങി
വെള്ളപ്പട്ടുനനഞ്ഞുതുടങ്ങി
വെള്ളിവിളക്കുകൾപൊന്നിൻതളികക-
ളുള്ളതശേഷവുമൊഴുകിപ്പത്തുക്കെ
മുങ്ങിസമസ്തംശിവലിംഗാദികൾ
പൊങ്ങിയൊലിച്ചിതുപുഷ്പാദികളും
കെട്ടുവിളക്കുകളവിലുംമലരും
കൊട്ടത്തേങ്ങാകദളിപ്പഴവും
പെട്ടെന്നിട്ടുനിറച്ചൊരുവെള്ളി-
ത്തട്ടുകൾമുഴുകിപ്പെട്ടികളൊഴുകി
ആറുനിറഞ്ഞുജലങ്ങൾകവിഞ്ഞു
കാറുംമഴയുംകാൺമാനില്ല,
ആററിലെവെള്ളംപൊങ്ങിവരുന്നൊരു-
കാററുമതില്ലതിനെന്തൊരുസംബന്ധം
ഏററംനാലിത്രവരാമോ?
ഊററമൊഴുക്കുംനിലയില്ലാതായ്
തള്ളിവരുന്നൊരുവെള്ളത്തിരയിൽ
തുള്ളിയലഞ്ഞുവലഞ്ഞുദശാസ്യൻ
വെള്ളവുമൊട്ടുകുടിച്ചുതടിച്ചു
പള്ളയുമൻപൊട്ടുവീർത്തുതുടങ്ങി,
ഇരുപതുകൈകൊണ്ടൊത്തുതുഴഞ്ഞു
കരപററാഞ്ഞുകരങ്ങൾകുഴഞ്ഞു
ഇരുപതുതണ്ടുകൾവച്ചുമുറുക്കിയ
പെരിയൊരുവഞ്ചികണക്കേരാവണ-
നൊരുവണ്ണംകരപററിക്കയറി
ത്തെരുതെരെയങ്ങിനെദൂരെനടന്നഥ
നോക്കുന്നേരംകാണാകുന്നു
നരപതികൃതവിഭ്രമജവീരൻ
തിറവിയബാഹുസഹസ്രംകൊണ്ടൊരു
ചിറയുംകെട്ടിയുറപ്പിച്ചങ്ങിനെ
കുത്തിയൊലിച്ചുവരുംജലമങ്ങുത-
ടുത്തുംകൊണ്ടാനദിയുടെമദ്ധ്യേ
മട്ടോലുംമിഴിമാരെത്തന്നുടെ
അരികിൽനിറുത്തിക്കൊണ്ടുകളിച്ചും
സ്വസ്ഥതയിൽചിലവാക്കുപറഞ്ഞുമ-
താർത്ഥതപൂണ്ടഥമരുവീടുന്നു
ഇപ്പോംവലവുമൊരഞ്ഞൂറഞ്ഞൂ-
റിടതിങ്ങീടിനകൈകളശേഷം
തടികൾകണക്കെനിരത്തിക്കൊണ്ടഥ
നടുവിൽതാനൊരുകററികണക്കേ

തടവുവരുത്തിത്തത്രവസിക്കും
പടുമതിയാകിയപാർത്ഥിവവരനെ
തടമുല്കൊണ്ടഥമടവാർമണിമാർ
വടിവൊടവൻമുൻപിടചേർന്നങ്ങിനെ
ദൃഢതരമാലിംഗനവുംചെയ്തു
ചടുലവിലാസേമരുവീടുന്നു
ള്ളതൊഴിൽകണ്ടുകയർത്തുദശാസ്യൻ
ഇത്ഥംനിന്നുപറഞ്ഞുതുടങ്ങി
"നോക്കെടമൂഢാ! നിന്നുടെവികൃതിക
ളാക്കസഹിക്ക! മിനിക്കിതുകണ്ടാൽ
ഖഡ്ഗമെടുത്തുകരങ്ങളശേഷം
ഖണ്ഡിക്കാതെയിരിപ്പാൻമേലാ
ചിറകെട്ടീടിനപാണികൾവെട്ടി
ക്കൂകറനെന്നുമുറിക്കുന്നേരം
ചിറകററിടിനശൈലംപോലിഹ
മറിയുംനീയെട! മാനുഷകീട!
ചിറകിലിരിക്കുംപെൺകൂട്ടത്തിനു
ചിറകിനുകൊള്ളാംനിന്റെകരങ്ങൾ
ഉള്ളംതന്നിൽകള്ളംബഹുവിധം
മുള്ളൊരുനീമകരന്ദനെയിങ്ങിനെ
വെള്ളംതന്നിൽചാടിച്ചതുഞാ-
നുള്ളംതന്നിൽമറന്നീടുവനോ?
പോടാനിന്നുടെവികൃതികൾനമ്മോടു
ക്രൂരാ! കേളേമാനുഷകീടാ!
നിന്നുടെനാടായുള്ളതശേഷം
വലിയൊരുകാടായ്‌വരുമതിമൂഢ!
വാക്കിടങ്ങുകളങ്ങാടികളും
മേടകൾനാടകശാലകളെന്നിവ
ദൃഢതരമിടിപൊടിയാക്കിമുടിപ്പാൻ
പടുതനമുണ്ടർജ്ജുനകീട!
മത്തഗജങ്ങടെമദജലമിയലിന
മസ്തകദാരമടിച്ചുപിളർന്നതിൽ
മുത്തുകളുള്ളതുകത്തിയെടുത്തൊരു
മാലചമച്ചണിതിശയമായക-
ളത്രമതാകിയമണ്ഡോദരിയുടെ
കുത്തുമുലത്തടയിടയിലണച്ചൊരു
നക്തഞ്ചരപതിതിലകൻഞാനതി
ശക്തൻസാധുവിരക്തൻഭുജബല
യുക്തൻമധുവിലസക്തൻസംഗര-
രക്തൻനിന്നുടെപത്തുശതംകര-
മുള്ളതശേഷവുമൊത്തുതകർത്തി-
ട്ടില്ലാതങ്ങുമുടിച്ചീടുന്നതു
കണ്ടുവിരഞ്ഞുകരഞ്ഞുചിരിഞ്ഞിഹ
രണ്ടുംനിൻമഹിഷികളെല്ലാമര-
കണ്ടനുചേതസികാന്തിയെന്നുള്ളതു
ചൊണ്ണെന്നില്ലതുബോധിച്ചാലും!
തന്നൊപ്പോലുംകനിവില്ലാതൊരു
സന്നാഹൻഞാൻവല്ലരെക്കാളും
നിന്നുതപംചെയ്തിട്ടുംനാന്മുഖ-
നെന്നുടെമുമ്പിൽവരാഞ്ഞതുമൂലം
അമ്പൊടുഖഡ്ഗമെടുത്തുശിരസ്സുക-
ളൊമ്പതുമുടനേഖണ്ഡിച്ചീടിന
വമ്പൻധീരതയുള്ളജനങ്ങളിൽ
മുമ്പൻഞാനതിധൂർത്ത! മദാൽനീ
കിംപുനരെന്നോടുകാട്ടുമിനിക്കത-
രിമ്പുഭയംനഹിയെന്നതുമറിക.
പലപലമീശക്കൊമ്പന്മാരെ
ക്കൊന്നൊരുയാതുകുലാധീശൻഞാൻ
ഹേഹയമാനുഷകീടാ! നമ്മോടു
നേരേനിന്നിഹപോരാടീടുക
ദൂരമാനിനിമാരുടെനടുവിൽ
പ്രിയമിയലുന്നതുകണ്ടെന്നാകിൽ
ഭീരുജനങ്ങളിൽമുഖ്യനെന്നൊരു
പേരുനിനക്കുണ്ടെന്നതുതോന്നും
ഒരായിരമിക്കൈകൾനിനക്കോ-
രാമതായിത്തീർന്നുചമഞ്ഞു
മാനിനിമാരെപ്പുണരാൻമാത്രം
മററൊരുപോരിനുപോരാതാനും
പോരാൽതന്നുടെവേരുകണക്കേ
പൊരുതെങ്കിലുമൊരുഫലമില്ലേതും,
ചെവിക്കസഹ്യതചേരുകിയവാക്കുകൾ
ശ്രവിച്ചുഭൂപതിവിരവൊടുകൈകളി-
ലെടുത്തുവില്ലുംകണകളുമനവധി
തൊടുത്തുചെന്നിഹനിശിചരവരനെ
തടുത്തുകൊണ്ടൊരുസമരംചെയ്തു
കെടുത്തവർകൾമതിമതിഭുവനം
കെടുത്തനിന്നുടെകരതലവിരുതുകൾ
അടക്കിവയ്ക്കുന്നുണ്ടതിനൊരുശര
മുടക്കിവിരവിനൊടയച്ചുനിന്നുടൽ
മുടക്കിമൂഢനെമുഹുരപിമുഹുരപി
മടക്കിമങ്ങിക്കുന്നതുമുണ്ടിഹ
പടയ്ക്കുവന്നൊരുബഹുതലമമ്പൊടു
ചെറുത്തുമൂഢനെയടുത്തുവടികൊ-
ണ്ടടിച്ചുപല്ലുകൾപൊഴിച്ചുഞാനും
പിടിച്ചുകെട്ടിയിരുപതുകൈകളും
മെടിച്ചുയക്ഷണമെന്നൊരുപക്ഷം;
ഒരിക്കൽനിന്നുടെയിരുപതുമീശകൾ
കരിച്ചുവയ്ക്കണമെന്നുവിചാരി
ച്ചിരിക്കവേനീവന്നിഹചാടിയ
തെനിക്കനല്ലൊരുകൗതുകമധികം,
മടിക്കകൊണ്ടുംപലപലചപലത
കഥിക്കകൊണ്ടുംസുരകുലമേറേ
ച്ചതിക്കകൊണ്ടുംകുലതരുണികളെ
പ്പിടിക്കകൊണ്ടുംകള്ളകൾവല്ലരെ
ക്കൊടിക്കകൊണ്ടുംഭള്ളുകൾപലവക
നടിക്കകൊണ്ടുംനാടുകളഖിലം
മുടിക്കകൊണ്ടുംനതാംഗിമാരെ
പിടിക്കകൊണ്ടുംവന്നൊരുപാതകം
അപവാദത്തിനുമൂലമതിങ്ങിനെ
വിപദേവനുഭവിച്ചതുമിപ്പോൾ
ഝടിതിനിന്നുടെ, തടിയടിച്ചു
പൊടിപൊടിച്ചുമുടിയിഴച്ചു

പടയിലുടയപടുതപലതു
ഝടിതിതുടങ്ങുകസപദിമടങ്ങുക!
കരതിനിന്നുപൊഴുതെങ്കൊൾകരാവണ!
പൊരുതുനിൻെറവിരുതുസമസ്തനാനാം
ബലചരിതമൊക്കെദ്ദൂരിതമാക്കിയൊരുബഹു
ദുരിതരാശിഭരിതനായകാരണം
ഇത്ഥമിന്നുവന്നുകൂടിസംഗതി
രൂക്ഷഹൃദയ!രാക്ഷസാധമ!തവ,
തൽക്ഷണത്തിലിത്ഥമോതിരോഷമോ
ടർജ്ജുനൻരണത്തിനായ്തുടന്നിതു,
നൃപതികുലനാഥനുംനിരൃതികുലനാഥനും
സപദിബതതങ്ങളിൽസമരമിടകൂടിനാർ
പഞ്ചശതപാണികളിലഞ്ചിതമതാകമൊരു
പഞ്ചശതചാപശരസഞ്ചയമെടുത്തൊരുവ-
നഞ്ചുമടനഞ്ചുമൊരുപാണികളിൽവില്ലുകളു
മമ്പുകളുമമ്പൊടുധരിച്ചപരനുംമുദാ
സംഗരവിധങ്ങളവർതങ്ങളിലനംഗതര-
മങ്ങവർതുടങ്ങിയിടരോടതിഗഭീരം
ഘോരശരമാരികളുതിർത്തഥതിമിർത്തുബത
പൊരുതുതുടങ്ങിനിശിചരനൃപവീരൻ
പലപൊഴുതുമവർകരുതിക്കറവതു വരരുതിവിടെ
നിരവധികനിശിതശരമരിവരനിലരിശമൊടു
വിട്ടുപടവെട്ടുവതിനൊട്ടുംഞെട്ടുവതിനില്ല
വടിവിനൊടുമവരുടയഝടഝടതയിങ്ങനെ
ഝടിതിഗുരുവിപുലവാളുടനുടനുയർന്നു
തുരുതുരെവരുന്നുവെള്ളശരനിരകലർന്നിതു!
പരരധികവരനധികാരകലിതനതായി,
അഗ്ന്യസ്ത്രംവരുണാസ്ത്രംചൈത്ര്യാസ്ത്രം
ലംഘ്യതരമഥപ്രത്യസ്ത്രംത്ര്യക്ഷാസ്ത്രംഇത്ഥവിധം
പലവകയിൽഅവരുടയകുശലതുപറവതിനു
ഫണിപതിയുമതിനുമതിയല്ലെന്നതുംഭേദം.
ക്ഷിതിപതിയുംനിശിചരപതിയുമങ്ങിനെ
തങ്ങളിൽസംഗരംചെയ്യോരനന്തരം
വീര്യംപെരുത്തകൃതവീര്യാത്മജൻെറബാഹു
ദണ്ഡപ്രയുക്തശരഷണ്ഡങ്ങൾകൊണ്ടുദശ-
കണ്ഠൻെറവീര്യമതുകുണ്ഠതചാന്നുവിധി
കണ്ടിച്ചവില്ലുമതുമിണ്ടൽക്കുമൂലമായ്
മണ്ടിത്തിരിപ്പതിനുമാർഗ്ഗത്തെനോക്കിയതു
കണ്ടിട്ടുനിൽക്കുന്നകാർത്തവീര്യാർജ്ജുനൻ
ഝടിതിദശമുഖനുടെമുടികളവിടെപ്പൊട്ടിട
നങ്ങോട്ടുമിങ്ങോട്ടുമുന്തിയുംതള്ളിയും
ഝടിതിഝടിതിയുടനടിയുമിടികളുംകൊണ്ടുടൻ
ചാകാതെചത്തുരാകെട്ടുരാവണൻ
ചപലമതിയവനുടയപുഷ്പകവിമാനവും
ചന്ദ്രഹാസാദിയുംകൈക്കലാക്കിനൃപൻ
കരചരണമുപചരണമിതുപലകരങ്ങളും
ചങ്ങലകൊണ്ടുബന്ധിച്ചുലങ്കേശനെ
കരചരണചലചലനരഹിതമിഹകൊണ്ടുപോ
യ്ക്കാരാഗൃഹംതന്നിലിട്ടുപൂട്ടീടിനാൻ,
പത്തുമുഖങ്ങളിൽനിന്നുപുറപ്പെട്ട
മത്യുന്നതതരമുറവിളിഘോഷം
പത്തുദിഗന്തരമൊക്കെമുഴങ്ങി
പാതാളസ്വർഗ്ഗങ്ങളിലെത്തി
"എന്തൊരുമുറവിളിയായിതു കൂവേ!"
"പേക്കതിഗളൻെറകരച്ചിലുപോലും
"എന്തൊരുസങ്കടമങ്ങവനിപ്പോൾ"
ബന്ധനമാശുഭവിച്ചിതുപോലും
മററുള്ളവരെക്കെട്ടിയടിച്ചു
പിടിച്ചുപറിച്ചുവലയ്ക്കുന്നവനെ
കെട്ടിയടിപ്പാനേതൊരുവമ്പൻ
നാട്ടിലിദാനീമുണ്ടായ്വന്നു,,
"കേട്ടില്ലേതാനർജ്ജുനനെന്നൊരു
ക്ഷോണിപെരുത്തധരിത്രീപാലൻ
അദ്ദേഹംതാനാശരവരനാ-
മിദ്ദേഹത്തെബന്ധിച്ചതുപോൽ
"ബന്ധിപ്പാനൊരുബന്ധംവേണം
തെന്തെന്നേതുമറിഞ്ഞോഹേതാൻ,,
"എന്തെന്നേതുമറഞ്ഞീലവരുടെ
"താന്തോന്നിത്തമതെന്നേവേണ്ടൂ
"താന്തോന്നിതപ്പിതർജ്ജുനനോദശ-
കന്ധരനോടങ്ങതുബോധിച്ചോതാൻ?,,
"ബോധിപ്പാനെന്തൊരുവൈഷമ്യം!
ചോദിച്ചറിയണമെന്നില്ലല്ലോ
സുരകുലനാരീപീഡകൾചെയ്തും
കുലതരുണികളെച്ചെന്നുപിടിച്ചും
പലമുനിമാരെക്കെട്ടിയടിച്ചും
ബലരിപുഭവനമിടിച്ചുപൊടിച്ചും
വലനംചെയ്യുംനാകഞ്ചരവര
ഖലനിതുവന്നുഭവിച്ചിതിദാനീം;
ബലവാനാകിയകൃതവീര്യജനൊടു
കലഹിപ്പാനായ്ചെന്നൊരുശേഷം
പാരാതവനുംഖലനെക്കെട്ടി
കാരാഗൃഹമതിലാക്കിയടച്ചാൻ
ഇങ്ങിനെയനുഭവമേറെനടിച്ചും
ലിങ്ങിനെയനുഭവമുടനേകൂട്ടും
"കൊലചെയ്യാത്തതുമെന്തേകൂവേ"
"കൊലചെയ്താൽമതിയാമോ! ഭോഷാ!
പലനാളിങ്ങനെപട്ടിണിയിട്ടും
പലരുംകണ്ടുടനാനകളിച്ചും
വലയിൽപെട്ടുകരഞ്ഞുകുഴങ്ങേ
വലയണമെന്നേമതിയാവുള്ളു.
കൊലചെയ്താൽപുനരന്തകനവനെ
വലയ്ക്കുന്നതിഹനമുക്കറിയാമോ?
"അത്തരനാണിഹനമ്മെക്കാളും
അതികാരുണ്യംപെരുതതനിക്ക്
രാവണമുറവിളികേട്ടിട്ടിങ്ങനെ
രാവുംപകലുംഘോഷിക്കുന്നു,
ദേവകളെത്രപ്രസാദിക്കുന്നു
ദേവസ്ത്രീകൾക്കതിലുംമോദം,
ഓജസ്സുംതേജസ്സുംപലനാ
ളായുസ്സുംശ്രേയസ്സുംവരുവതി
നന്തണവരരുംമുനിവരരുംമിഹി

സന്തതവും ഹൈഹയനൃപവരനെ
പാരമനുഗ്രഹമേകിനടന്നു
പാരിലതിക്രമമേറിയിരുന്നഥ
ഭീതികലർന്നു ജഗത്ത്രയവാസികൾ
ഭീതിവെടിഞ്ഞു വസിച്ചീടുന്നു
ദേഹം മെലിഞ്ഞു പാരം കാരാഗൃഹം തന്നുള്ളിൽ
ദാഹം വിശപ്പുകൊണ്ടു മോഹം വളർന്നു തത്ര
സ്നേഹം തിരിമ്പുമുള്ള ദേഹങ്ങളാരുമില്ല
ആഹന്ത കഷ്ടം! ദശകണ്ഠന്റെ വർത്തമാനം
സ്നാനവുമില്ല മദ്യപാനവുമില്ല പാരം
നാണവും പൂണ്ടു ദേഹക്ഷീണവുമകപ്പെട്ടു
കൂറില്ലാത്തവരോടു ചോറുമേടിച്ചു തിന്നു
കീറത്തുണിയുടുത്തു ചേറുമണിഞ്ഞങ്ങനെ
ആറുമാസം കഴിഞ്ഞിട്ടൊരുമൊരുത്തൻ കാറം
തീരുവാൻ ശ്രമിക്കുന്നില്ലേറുന്നു സന്താപങ്ങൾ,
പിണ്ഡമുരുട്ടിയോരോരോ കിണ്ണത്തിൽ വച്ചുകൊണ്ടു
പെണ്ണുങ്ങൾ വന്നു നിന്നീവണ്ണം പറഞ്ഞീടുന്നു
ലങ്കാധിപതേ! നിന്റെ കാൽമേൽ കിടക്കും നല്ല
ശൃംഖലകളിലുള്ളോരുരു മണികളിളച്ചെന്നാകിൽ
പാക്കുവെറ്റില നല്ലൊരു പുകയിലയും
പാക്കാതെ തരുന്നുണ്ടു ഭോഷ്കല്ല പംക്തികണ്ഠ!
പത്തുമുഖങ്ങൾകൊണ്ടു പത്തുപാദങ്ങൾ പാടി
ത്തിത്തിത്തൈ എന്നു ചാടി നൃത്തം വയ്ക്ക രാവണ!
മത്തഗജങ്ങളുടെ മസ്തകം തകർക്കുന്ന
ഹസ്തങ്ങളെങ്ങു നിന്റെ നക്തഞ്ചരാധിനാഥ!
ഏണമിഴിമാരുടെ പാണി പിടിച്ചിഴച്ചും
പാണികൾകൊണ്ടു നമ്മൾ രണ്ടെന്നു തൊഴുതു-
[കൊണ്ടു
കോണകമൊന്നിടാതെ വാണെന്നീയെങ്കിൽ നല്ല
ചോറും കറിയും പുളിഞ്ചാറും കാച്ചിയ മോരും
ആറുനാഴിയമുൻപെക്കുള്ള ഞാൻ തരുവൻ
കണ്ഠമേറിയൊന്നൊരു പെണ്ണു നിനക്കുണ്ടെന്നു
മന്നിടം തന്നിൽ ബഹു പെണ്ണുങ്ങൾ ചൊല്ലിക്കേട്ടു
സന്ദേഹമെന്നുണ്ടുള്ളിൽ നിന്നോടു ചോദിക്കുന്നു
ഒന്നാണോ പത്തുമുഖമുള്ളെന്നു കേട്ടു ഞങ്ങൾ
ഒന്നല്ല മുഖം നിനക്കഞ്ചുമഞ്ചുമുണ്ടല്ലോ
എന്നാലെങ്ങിനെയവൾ നിന്നോടു രമിക്കുന്നു
പത്തുപുരുഷന്മാരോടൊത്തു രമിക്കുന്ന
പുളിപ്പെണ്ണുങ്ങളുടെ കേൾവിയവൾക്കു വന്നു
ചോദി! മഹാരാജേന്ദ്രനോടീവിശേഷം ചെന്നു
ചോദിച്ചിട്ടെന്താവശ്യം ചോദിച്ചാലെന്തു ചേതം
കാലാളിവസം മുഖമോരോന്നു ചുംബിച്ചുകൊ-
ണ്ടോരോന്നൽ ക്രീഡിക്കുന്നതാരോടു കേൾപ്പിക്കു-
[ന്നു?

ഇത്ഥം വന്നൊരു കൂട്ടം സ്ത്രീകളു-
ടെ ചേലം പറയുന്നതു കേട്ടപ്പോൾ
നാണം പൂണ്ടു കിടന്നു ദശാസ്യൻ
പ്രാണൻ പോകാഞ്ഞതു തൽഭാഗ്യം,
എത്രയും പാരം സന്താപമിളച്ചു
ഇത്രപോണ ദിവസങ്ങൾ കഴിച്ചു
ചിത്രയോധി ദശകന്ധരനോടഥ
യാത്ര ചൊല്ലിയവനങ്ങു ഗമിച്ചു;
തത്ര ചെന്നഥ പുലസ്ത്യനിരിക്കും
ആശ്രമപദത്തിങ്കലണഞ്ഞു;
തൃക്കഴലഥ വണങ്ങിയവൻ പുന-
രിക്കഥകളമപി പറഞ്ഞറിയിച്ചു:
ഏവമെന്തു വരുവാനവകാശം?
രാവണന്റെ ചരിതം ബഹുകഷ്ടം;
ആവതെന്തു ശിവശങ്കര പാർത്താൽ
ദൈവകല്പിതമിതാർക്കറിയാവൂ
ചീർത്തവൈരമൊടു ചെന്നു ദശാസ്യൻ
കാർത്തവീര്യനൊടു നേർത്തു പിണങ്ങി
ആർത്തിപൂണ്ടു സമരാർത്തി ലഭിച്ചതു
പാർത്തിടാതെയിഹ ബന്ധിതനായി;
ബന്ധുവാരുമില്ലാഞ്ഞതുകൊണ്ടവൻ
ഹന്ത! ഖേദമരുവുന്നിതു താപാൽ
അന്തരംഗമതിലാധിമുഴുത്തു
സന്തതം ബത വിശന്നു വലഞ്ഞു
പാണികാലുകളമർന്നു പൂട്ടിക്കെട്ടി
ക്ഷോണിതന്നിലിളകാതെ കിടന്നു
പ്രാണനാശമവനാശു കൊതിച്ചു
വാണിടുന്നു ബലമോടു ഗിമാനീ;
അഞ്ചുമാസമിതുപോലെ കഴിഞ്ഞിതു
വഞ്ചനാവചനമല്ല മുനീന്ദ്ര!
നെഞ്ചകത്തിലടിയനൊരുപായം
കിഞ്ചനാസ്തിയിഹ നിൻകൃപയെന്യേ.
മാമുനീശ്വര! ഭവാൻ വിരവോടു
മന്നവേന്ദ്രനൊടു ചെന്നറിയിച്ചാൽ
സ്വാമിതന്നെ വിടുവാൻ കല്പിക്കും
താമസിക്കരുതെഴുന്നരുളേണം."

ഇത്തരമുള്ളൊരു വചനം കേട്ടു പു-
ലസ്ത്യമുനീന്ദ്രനതിപ്പോളധികം
പൌത്രസ്നേഹവശാൽ വിവശതയാ-
ചിത്തം തന്നിൽ വിഷാദം പൂണ്ടു
എത്രയുമപചാരമല്ലോ നമ്മുടെ
പൌത്രനു സംഗതി വന്നതു ശിവശിവ!
ഹൈഹയനരപതി വാസം ചെയ്യും
ഗേഹം വിരവൊടു ഞാനും പോരാം;
ധീരതയേറും മന്നവനോടു
ശാന്തം പറഞ്ഞു മടക്കിയയക്കാം
വാശ്ശുമവനൊടു ക്ലേശിക്കാം പുന-
രീശ്വരകല്പിതമാർക്കറിയാവൂ;
എന്നരുൾചെയ്തു കുടയുമെടുത്തു ന-
ടന്നു തുടങ്ങി പുലസ്ത്യമുനീന്ദ്രൻ
മന്ത്രീശ്വരനോടു കൂടി നടന്നു
മാഹിഷ്മതിപുരി തന്നിൽ ചെന്നു
കൃതവീര്യജനെ കണ്ടൊരപ്പോൾ
കൃതവീര്യാത്മജനാശു വണങ്ങി
അർഘ്യാദികളും ചെയ്തു മഹീപതി
സരസമുവാച "മുനീന്ദ്ര നമസ്തേ
എന്തൊരു സംഗതിയാഗമനത്തിനു
ഹന്ത ഭവാനരുൾചെയ്തീടേണം;

നിന്തിരുവടിമമകലുഷബലധനസുഖ
സന്തതിപുഷ്ടിവരുത്തീടേണം;
നിന്തിരുവടിയെന്നരുളിച്ചെയ്യു-
ലെന്തെങ്കിലുമതുസാധിക്കുന്നേൻ"
ഇത്ഥംനരവരഗീരുകൾകേട്ടതി-
ശാന്തരമരുളിച്ചെയ്തുമുനീന്ദ്രൻ—
സൽഗുണമതേ!തവഭൂതികൾകാണ്മാൻ
സിദ്ധാന്തിച്ചിഹവന്നതുഞാനും;
സിദ്ധന്മാരൊടുകൂടിവസിപ്പാ-
നെത്രയുമാഗ്രഹമുണ്ടുനമുക്കു;
ഉദ്ധതഗതിയാംനമ്മുടെപൌത്രന-
ബദ്ധമതല്ലാതില്ലൊരുനാളും
മൃത്യുഞ്ജയനുടെവാസഗിരീന്ദ്രം
കത്തിയെടുത്തവനെന്തൊരുതാന്ത്രു!
അത്രപെരുത്തദുരാചാരത്തെനി-
വൃത്തിവരുത്താനിത്തൊഴിൽകൊള്ളാം;
എന്നാലവനെയഴിച്ചുവിടേണം
നന്നായ്വരുമിതുകൊണ്ടുനിനക്കു
ചെമ്മേനിൻകൃപകൊണ്ടിതുചെയ്താൽ
നന്മനിനക്കിനിമേന്മേലുണ്ടാം"
മാമുനിവചനംകേട്ടുനരേന്ദ്രൻ
മനസിഹിതംപൂണ്ടിദമരുൾചെയ്തു
"ഇപ്പോൾതന്നെയഴിച്ചുവിടുന്നേ-
നപ്രിയമതുകൊണ്ടുണ്ടാകേണ്ട;
അപ്പോളവനൊരുകിങ്കരഭടനെ
കല്പിച്ചൻപൊടയച്ചുനരേന്ദ്രൻ

കിങ്കരഭടനേചെന്നതുനേരം
ലങ്കാപതിയുടെകൈകാൽകളിലെ
ശൃംഖലവിരവൊടഴിച്ചുപതുക്കെ
തൻകരയുഗളംകൊണ്ടുതലോടി;
വെളിയിൽകൊണ്ടന്നർജ്ജുനനികടേ
തെളിവിൽനിറുത്തിവണങ്ങിയിരുന്നു
നാണംപൂണ്ടുമുഖാവലിതാഴ്ത്തി
ക്ഷീണംപൂണ്ടുവസിക്കുന്നവനൊടു
നരപതിയരുളിച്ചെയ്തിതുനിന്നൊടു-
പരിഭവമൊക്കെത്തീർന്നുനമുക്കു;
ലങ്കാധിപതേ!പോയാലുംനീ
ശങ്കരസേവചെയ്തിനിമേലില-
ഹങ്കരിയാതെയിരിക്കിൽകൊള്ളാം"
എന്നുപറഞ്ഞുകൊടുത്തിതുപുഷ്പക-
മെന്നുള്ളൊരുരമണീയവിമാനം
ഉന്നതഗുണഗണമിയലിനവാളും
സന്നാഹംശക്ത്യാദിനൽകി
കുത്സിതമൊക്കെത്തീർന്നുനൃപൻദശ-
കണ്ഠനെവിരവിലയച്ചുവസിച്ചു
കിങ്കരസംഘവുമവനൊടുസഹിതം
ലങ്കാനഗരേചെന്നുവസിച്ചു
തുംഗസുഖേനപുലസ്ത്യമുനീന്ദ്രനു-
മങ്ങുഗമിച്ചുസുഖിച്ചുവസിച്ചു
കൃതവീര്യാത്മജനാകിയനരപതി
പുംഗവനുംബഹുമംഗലമതുലം.

കാർത്തവീര്യാർജ്ജുനവിജയം ഓട്ടൻതുള്ളൽ സമാപ്തം.

൨൮. ഐരാവണവധം.

എങ്കിൽകിഞ്ചനകഥയുരചെയ്യാം
പങ്കജനാഭചരിത്രംതന്നിൽ
പങ്കഹരംപരിചോടതുകേൾക്കിൽ
ശങ്കവെടിഞ്ഞുശ്രവിക്കസമസ്തം
ചഞ്ചലമിഴിയാംലക്ഷ്മീഭഗവതി
വാഞ്ഛിതമൻപോടഖിലംനൽകും
പഞ്ചശരീരിയുമഭിമോദിക്കു-
ഞ്ചിതകുതുകാലമരന്മാരും
പങ്കജയോനിയുമമരശചരനാം
സംക്രന്ദനനുംസന്തോഷിക്കും
പങ്കജനയനകഥാസാരങ്ങൾവി-
ശങ്കടരുച്യാകേൾക്കുന്നാകിൽ
പങ്കവുമഖിലമകന്നീടുംഖലു
സങ്കടമൊരുനാളുംവരികയുമില്ല
പങ്കജഭവമുഖസുരവൃന്ദത്താൽ
സന്തതമഥപരിസേവിതനാകിയ

ചെന്താമരദളനയനൻമാധവ-
നന്താദികളില്ലാതജഗൽഗുരു
പഞ്ചശരാരിപ്രിയനഭിരാമൻ
പഞ്ചമിചന്ദ്രകലാഞ്ചിതഫാലൻ
പങ്കജയോനിപ്രഭൃതികൾതന്നുടെ
സങ്കടമഖിലമൊഴിപ്പാനായി
പങ്കജബാന്ധവഗോത്രംതന്നിൽ
പങ്ക്തിരഥാത്മജഭാവത്തോടും
സന്തോഷേണജനിച്ചൊരുരാമൻ
സന്താനദ്രുമസദൃശനുദാരൻ
ചെന്താർമാതിൻമാനസരാമൻ
ചെന്താർശരനെപ്പോലഭിരാമൻ
അവരജനാകിയലക്ഷ്മണനോടും
കപിവരനിവഹത്തോടുംകൂടെ
ലവണാംഭോനിധിലംഘിച്ചാശര-
ഭവനമതാകിയലങ്കാപുരിയിൽ

ചെന്നുകടന്നുദശാനനനെന്നവ്രത
കൊന്നുജഗത്ത്രയശോകമടക്കി
തന്വംഗീമണിയാംജാനകിയെ
വഹ്നൌനിപതിപ്പിച്ചിട്ടുഘോരം
രാവണനിലയെവാണെങ്കിലുമതി-
പാവനയാണവളെന്നഖിലർക്കും
ബോധംചെയ്തുവിഭീഷണനായനി-
ശീഘ്രനിശാചരകുലനായകനോടും
സോദരനാകിയലക്ഷ്മണനോടും
മറ്റുള്ളാംകപിനായകരോടും
ചേതോമോഹനരൂപിണിയാകിയ
സീതാദേവിയെവാമാങ്കേപരി
ജാതാനന്ദമിതത്തിൽത്തൻപു-
ഭൂതലമണവാൻപുഷ്പകമേറി
ശ്രീരാമൻനഗരംപോയ്‌തന്നുടെ
പുരദ്വാരമുണ്ടായമഹാജന
കോലാഹലനിസ്വനമതുകൊണ്ടി
ഷ്ഭൂലോകംസർവ്വത്രമുഴക്കി
താപ്പ്വവരുടെമൈതിയടികളെയുരുതര-
ഭാസുരമാകിയകനകാസനമതിൽ
ആശ്രുസമർപ്പിച്ചനുജനെന്നുനി-
ജരാജമതിലോർത്തികസീമനി
ഭക്ത്യാസേവിച്ചനിശംനിന്നക-
നിഷ്ഠനതാകിയഭരതനെരാമൻ
പുഷ്ട്രാമോദംമൂർദ്ധ്നിമുകർന്നിട്ടു
ശിഷ്ടാളിഷ്ടതനിർമ്മലചരിതൻ
പുരവാസികളൊട്ടുക്കുടിത്തരസാ
പരമേഷ്ഠിസുതനായവസിഷ്ഠൻ
പരമാനന്ദസമേതൻരഘുവര-
നഭിഷേകംശുഭലഗ്നേചെയ്തു.
അതിമോദത്തോടുസുരതരുകസുമ-
ങ്ങളകൾചൊരിഞ്ഞുസുരന്മാരപ്പോൾ
വലുതായുള്ളൊരുദുന്ദുഭിരവവും
നലമൊടുമേഘകളാശുമുഴക്കി
ഹരിയേഹരയെന്നഖിലരുമുരചെ-
യ്തൃഷികളുമാശിസ്സനവധിനൽകി
ക്ഷിതിസുരനികരത്തിന്നതുനേരം
ക്ഷിതിപതിയഭിരുചിസകലംനൽകി
വിബുധാധിപമുഖവാനോരെല്ലാം
സ്തുതിയുംചെയ്തമരാവതിപുക്കാർ
കനകവിഭൂഷണമമിതമണിഞ്ഞാ-
ജ്ഞാനകാത്മജയൊടുസംയുതനായി
ഭരതാദികളാമവരജരാലും
അരുണാത്മജമുഖഹരിവരരാലും
പരിസേവിതനാംപരമാനന്ദൻ
കനകാസനമതിൽമരുവുംനേരം
കനിവൊടുമുനിവരർകാൺമതിനായി
പെരുകിനമോദാൽവരവുതുടങ്ങി
അത്രിമഹാമുനിവിശ്വാമിത്രൻ
ഉജ്ജ്വലനായൊരഗസ്ത്യൻകണ്വൻ
ഉൾത്താരിൽകൃപയുള്ളപുലസ്ത്യൻ

സത്വഗുണാംബുധിയായവസിഷ്ഠൻ
വത്സൻകുത്സൻഗൌതമമുനിയും
ആഭസ്തംഭനാപസ്തംഭൻതാൻ
ശതപുഷ്ടലനുംജാബാലിമുനി
സവിതാകശ്യപനായതപോധന
നമിതാദരവാക്കുംത്രിശിരസ്സും
സൽഗുണനായശതാനന്ദാഖ്യൻ
മുക്തിയട്ടുത്തൊരുശക്തിമഹാമുനി
മുക്തകളേബരനായൊരുവ്യാസൻ
സത്യപരായണനായപരാശര-
നത്യുത്തമനാംഭൃഗുമുനിവരനും
ഇത്തരമുള്ളമുനീന്ദ്രന്മാർനിജ
പുത്രരുമനവധിശിഷ്യന്മാരും
ഒത്തുസകൗതുകംവന്നുകരേറി
ഉത്തമപൂരുഷരാജസഭായാം
ദിക്കുകളൊക്കെനിറഞ്ഞൊരുതേജോ-
വ്യക്തികളവരെക്കണ്ടുരഘൂണാം-
മുത്തംസാലംകാരമഹാമണി
മുകുരാകാരൻരാമൻതിരുവടി
ഉത്ഥാനംചെയ്തുനിജവരരൊടെ
അർഘ്യാദികളാൽസംപൂജിച്ചഥ
നതപാണിജജനകാത്മജയോടും
ഭക്ത്യാഭഗവാൻനിൽക്കുംസമയേ
അത്യുൽക്കടതപസാംനിധിയായൊര
ഗസ്ത്യൻസസ്മിതമരുളിച്ചെയ്തു
സത്യപരായണ!സ്വാസ്ഥ്യമശേഷ
മസ്തുസമസ്തജഗൽപരിപാലക!
സാത്വികമുഖ്യസുരാരാധിതപദ
പത്മഭവൽപദപത്മസന്തത
മുക്തന്മാരാംമുനികൾക്കുംക-
ണ്ടെത്താൻകഴിവില്ലെന്നുള്ളപ്പോൾ
അല്പന്മാരാമജ്ഞാനികളാടെ
പത്തുകളാരാധിച്ചെഴുനേററിഹ
നില്പതുനിരുപിച്ചോളമിനിക്കതി-
ലത്ഭുതമുരുതരമുണ്ടാകുന്നു
മാനുഷഭാവംപൂണ്ടമരുന്നഭ-
വാനിതുചേരാതില്ലെന്നാലും
മാനിനിയോടുംസിംഹാസനമതി-
ലാനന്ദാത്മകവാണരുളേണം
മായാമാനുഷനായഭവാൻതവ
മായയുമായിവസിച്ചരുളുന്നതു
മാംസേക്ഷണമതിനാലീക്ഷിപ്പാൻ
മാംസാശനനാശനവിടകൊണ്ടേൻ
കായാംപൂനിറമേറീട്ടുംനിജ
കായപ്രഭയുംമന്ദസ്മിതവും
ഭൂ[illegible]
തോയജനയന!കാലേകാലേ
രാകാചന്ദ്രസമാനനരഘുവര
രാജീവഭവപ്രമുഖനിഷേവിത
രാജാധീശ്വര!രാമദയാപര!
രഞ്ജിതചാരുകളേബര!ഭൂധര!

ദുഗ്ദ്ധാംബോനിധിതന്നിൽനിതാന്തം
മുഗ്ദ്ധഭുജംഗമതല്പത്തിന്മേൽ
നിത്യസുഖേനവസിച്ചരുളുന്നൊരു
സത്യപരായണനിന്തിരുവടിയുടെ
വിക്രമമഖിലവുമോർത്തീടുംപോൾ
വിസ്മയമെന്നേപറവാനുള്ളൂ
നക്തഞ്ചരവരനായിട്ടുംദശ-
വക്ത്രൻതന്നുടെനിധനത്താലേ
വിശ്വംഭരമുതലായിട്ടുന്നച-
തുർദ്ദശലോകവുമതിസുഖമായി
വിശ്രുതമായൊരുയജ്ഞമശേഷം
വിശ്വേശപരിരക്ഷിച്ചിതുഞങ്ങൾ
ഭക്ത്യാഭഗവതിസേവയുമുണ്ട്
സാഫല്യംഞങ്ങളുമിപ്പോളുണ്ട്
പട്ടാഭിഷേകവുമെന്നുപകന്നു
ഒട്ടല്ലനവധിഗുണമുളവായി
നഷ്ടദരിദ്രതയിങ്ങിബ്ഭുവനേ
ദുഷ്ടന്മാരുമശേഷമൊടുങ്ങി
കഷ്ടവിചേഷ്ടിതമില്ലാതായി
ശിഷ്ടതയുംപുനരിന്നതുപോലെ
പുഷ്ടിയുമങ്ങതിവൃഷ്ടിയുമില്ല
തുഷ്ടിയൊടേവരുമുന്നുജനങ്ങൾ
അഷ്ടിലഭിക്കുംവഴിപോക്കർക്കതി-
നൊട്ടുംഭേദമൊരേടവുമില്ല
ദുർഭഗരായിട്ടൊരുവരുമില്ല
കുട്ടികളുടെമൃതികേൾപ്പാനില്ല
പുഷ്ടിഭവിക്കാത്താളുകളില്ല
നിഷ്ഠുരഭാഷണരില്ലനീതികൾ
വിട്ടുനടക്കുംപുരുഷരുമില്ല
അച്യുതഭക്തിയുമങ്ങഖിലർക്കും
അളവായനാമസ്മരണയുമുണ്ട്
വിസ്മയമത്രേലോകചരിത്രം
സസ്മിതവദനേ! സത്യമിതെല്ലാം
ആശ്രിതവത്സലനായഭവാൻമമ
വാക്യംകിമപിശ്രവിച്ചീടേണം
ആശ്രയമഖിലർക്കുംഭഗവാൻജഗ-
ദാശ്രയനീയറിയാതെന്തുള്ളൂ
ആശ്രിതരായീടുന്നജനാനാം
ആഗ്രഹമഖിലംദാനംചെയ്വതു
ധാത്രീശ്വരകുലധർമ്മമിതല്ലോ
ധാത്രീരമണ! രമേശ! സുമതേ!
കീർത്തിലഭിപ്പതിനോർത്താലിങ്ങനെ
പാർത്തലമതിൽമററില്ലൊരുകാര്യം
പോർക്കൊരുമിച്ചുതിമർത്തുചരിച്ചൊരു
രാത്രിഞ്ചരവരനിവഹത്തോടു
രാത്രിയുമങ്ങിനെപകലുംപരിചൊടു
നേരായ്പോർചെയ്തവർമൂർത്തികളാശു ത-
കർത്തുപൊടിച്ചുമുടിച്ചുമുരസ്സു-
മ്മാർത്താണ്ഡാത്മജപുരമതിലാക്കിയ
മാർത്താണ്ഡാത്മജമുഖ്യകപീശ്വര-
രോർത്താലത്രപരാക്രമശാലികൾ
മാർത്താണ്ഡാന്വയമണിനീയാഗ്രഹ-
പൂർത്തിയവർക്കുവരുത്തീടേണം
ഇത്ഥമഗസ്ത്യമുനീശ്വരഗീരുകൾ
ശ്രുത്വാമുദസ്മിതമൊടുരാമൻ
ഭക്തശിരോമണിയാകിയഭരതനെ-
യഗ്രേനോക്കീട്ടരുളിച്ചെയ്താൻ
കോശാധിപനൊടുചെന്നുപറഞ്ഞിനി
യാശുവരുത്തുകമണികനകാദികൾ
കാശുവരാഹൻരാശികൾതക-
ക്കാശുപണംപലപാത്രങ്ങളും
പേശലതരമാമാഭരണാവലി
ശോഭകലർന്നൊരുദിവ്യാംബരവും
മാനസമോദമൊടാശുവരുത്തുക
വാനരവീരന്മാർക്കുകൊടുപ്പാൻ
ഇങ്ങിനെകല്പനയായതുകേട്ടഥ
തിങ്ങിനഭക്ത്യാൽഭരതൻതാനും
ഒന്നിനുമൊരുകുറവില്ലാതവിടെ
ചെന്നവയൊക്കെവരുത്തിനിരത്തി
മന്നവർമന്നവനാകിയരഘുകുല-
പുംഗവസവിധേപാരമലപോലെ
തന്നുടെതൃക്കൈകൊണ്ടതുനേരം
മന്നവർമണിയൊരുമുക്താഹാരം
നന്നായ് നോക്കിയെടുത്തിട്ടുദാരം
ചിന്നുംരശ്മിഗണാഞ്ചിതമഗ്രം
ഇന്നിതുചാർത്താൻയോഗ്യതയുള്ളവ-
നിന്നിക്കനകപീന്ദ്രന്മാരിൽ
ഇന്നവനാണെന്നറിയാഞ്ഞധികം
സന്ദേഹംമനതാരിലിദാനീം
ധന്യമുനീശ്വര! നിന്തിരുവടിമമ
സന്ദേഹത്തെത്തീർത്തരുളേണം
നന്മണിമാലയണിഞ്ഞീടുന്നൊരു
സന്മതിമാൻസകലൈശ്വര്യത്തോടു-
യിമ്മഹിതന്നിൽവിളങ്ങുംനക്ഷ-
ത്രങ്ങടെയിടയിൽചന്ദ്രൻപോലെ.

രാഘവന്റെഗിരമിങ്ങനെകേട്ടൊരു
താപസസത്തമരചെയ്തുതദാനീം
ദേവദേവ! തവവസ്തവബോധാ-
ഭാവമെങ്ങിനെഭവിക്കുംഭഗവൻ
എങ്കിലുംതവനിയോഗത്താലറി-
വെങ്കലുള്ളതുചെയ്തീടുന്നേൻ.
പങ്കജാക്ഷതവസേവകരായഭ-
യങ്കരാകൃതികളായിട്ടമിക്കപി
സംഘമുള്ളവരിലുൾക്കടശക്തികൾ
തങ്ങിടുന്നകപിനിൻപ്രിയനല്ലോ
വാനരപ്രവരരവരിലുംപവ-
മാനസൂനുവൊടുസന്നിഭനായി
ഞാനൊരുത്തനെയുമിന്നിഹകാണ്മീ-
ല്ലാനതാംഘ്രിതലരാജസമൂഹ!
ശൂരരായനിശിചാരികളഞ്ചിത
പോരിലേറുകൊലചെയ്തുമുടിച്ചൊരു
മാരുതാത്മജഗുണാന്നുമുക്കം-

ഹാരമിന്നുചിതമെന്നിഹപക്ഷം
ഇത്ഥമുള്ളമധുരോക്തികൾകേട്ടതി
വൃദ്ധനാഥകമലോത്ഭവനന്ദന
നൃക്ഷവര്യനഥജാംബവദാഖ്യനു-
മിപ്രകാരമുരചെയ്തു തദാനീം.
രാജരാജരമണീയകളേബര!
രാജശേഖരജഗന്മയചിന്മയ
പൂജനീയപുരുപുണ്യനിധേ! മമ
വാചികംകിമപി കേട്ടരുളീടുക
സൂര്യസൂനുമുതലായ കപീശ്വര
വീരരിൽഭുജബലംപെരുകുംപല
പേരുമുണ്ടവരെയൊക്കെയഥാമതി
പേരുകൊണ്ടുപറയാമധുനാ ഞാൻ.
അർക്കനന്ദനവര! നിന്നുടെസവിധേ
നിൽക്കുമർക്കടപതിപ്ലവഗനാകിയ
സുഗ്രീവൻ; തത്സവിധഗനായക-
ശ്രീവംപീഡാനത്തിതപദ-
ഷഗ്രൻപനസൻശരഭൻഗവയൻ
വിഗ്രഹംചതുരതപൂണ്ടസുഷേണൻ
രൗദ്രതയേറുംപൃഥുരോമാവതി
ദീർഘകളേബരനാംകുമുദാക്ഷൻ
ദക്ഷതപെരുകിയമൈന്ദൻദ്വിവിദൻ
രാക്ഷസനാശനനായൊരുകേസരി
താരൻനല്ലഗവാക്ഷൻശതബലി
വീരനതാകിയകുമുദൻതാനും
ശൂരരിൽവരനാംനളനുംഗജനും
വാരിദവാഹനപുത്രാത്മജനും
പാരംശൗരികലനാംവലീമുഖ-
വീരന്മാരിവരെല്ലാംപേരും
സാദരമംഗതടത്തിൽചാർത്തിന
ഹാരസമാനൻപവമാനജനും
ശക്തിപെരുത്തൊരുശാഖാമൃഗതതി-
യെത്രയുമനവധിനില്പവരിൽബഹു-
ശക്തികലർന്നസമീരണപുത്രനൊ-
ടൊത്തവരാരിത്രൈലോക്യത്തിൽ
പശ്യവിലോപശുപതിയുടെയംശസ-
മുത്ഭവനാകുംശ്രീഹനുമാനെ
യുദ്ധേനേർപ്പാൻശക്രജനാകിയ
മർക്കടവരനുംമതിയായില്ല
ഹസ്തികൾപത്തുസഹസ്രംപരിചോ-
ടൊത്തുതിമിർത്തഥവന്നീടുകിലും
ശക്തിപെരുത്തമരുത്തിൻമകനുടെ
ഹസ്താംഗുലികളിലൊന്നിനുപോരാ
മത്തഗജങ്ങളിലേറിമദത്തൊടു
യുദ്ധംചെയ്‌വതിനായ്‌വന്നീടിന
നക്തഞ്ചരവരപടലിയെയഖിലം
ക്രുദ്ധിച്ചൻപിലടിച്ചുപൊടിച്ചഥ
മൃത്യുപുരത്തിനയച്ചോരുമാരുതി
മൃത്യുഞ്ജയനുടെബീജംതന്നെ
വൃത്രാന്തകരിപുവായദശാസ്യൻ
യുദ്ധാങ്കണമതിൽനിന്നീടുമ്പോൾ
പത്തുകവിൾത്തടമുടയുംമട്ടിടി
വെട്ടീട്ടുംപടിയടികൂട്ടീടിന
ശക്തൻഭുജബലയുക്തൻതവപാദ
ഭക്തൻമാരുതപുത്രൻതന്നുടെ
ഹസ്താനൽക്കകമുക്താഹാരം
അത്തലതന്നില്ലിങ്ങോരവക്കും
ചിത്രതരംശ്രീഹനുമാൻതന്നുടെ
വൃത്തംകിമപിശ്രാവിപ്പാനീശം
സത്തിലിരിക്കുംസത്തുകളുരുതര
മിച്ഛിക്കാമതിനപുരസ്ത്യം
ഐരാവണനെന്നുണ്ടൊരുരാക്ഷസ
നൈരാവണനിയുതാധികശക്തൻ
ത്രൈലോക്യങ്ങളിലിങ്ങനെമറ്റൊരു
ക്രവ്യാത്തുകളുണ്ടായിട്ടില്ല
ദുർവ്യാപാരത്തിനാസ്പദമതി
സർവോപദ്രവകാരിദുരാത്മാ
പർവതസന്നിഭനതിമായാവീ
ഗർവിതമതിപാതാളനിവാസി
അങ്ങനെയുള്ളൊരുരക്ഷോവരനെ
കൊന്നതുമാരുതതനയൻതന്നെ
എന്നതുനേരംരഘുവരനരുളീ
നന്നതുകേൾപ്പാനുണ്ടഭിലാഷം
ഇത്ഥംദശരഥസുതനുടെവാക്യം
ശ്രുത്വാവിധിസുതനിതിഗിരമൂചേ
എങ്കിൽകേൾക്കദശഗ്രീവനുടെ
ലങ്കവളഞ്ഞമർചെയ്യുംനാളിൽ
ഹുങ്കാരത്തൊടുമേഘനിനാദൻ
ശംഭുപ്രീതിവരുത്താനായിനി
കുംഭിലപുക്കവിശേഷമറിഞ്ഞാ
വമ്പുറ്റീടിനകപിവീരന്മാർ
ഗംഭീരാരവമോടുകടന്നഥ
സംഭാരങ്ങളെടുത്തുകളഞ്ഞു
വമ്പൻമേഘനിനാദൻചീറിവ
ന്നമ്പോൾമതിലുകളേറിമറിഞ്ഞു
ദുർഘടമായൊരുപദ്രവമിദമെ
ന്നുൾക്കമലത്തിലുറച്ചവനുഗ്രത
മുൾക്കടരോഷാലായുധമാവതു
മൊക്കെയെടുത്തുരണത്തിനടുത്തു
ലക്ഷ്മണനോടമർചെയ്തുവലഞ്ഞഥ
ദക്ഷിണദിക്കിനയസ്ത്രതിരിച്ചു
തൽക്ഷണമിക്കഥകേട്ടുദശാസ്യൻ
വൃക്ഷംപോലെധരിത്രിയിൽവീണു
ഞെട്ടിവിറച്ചുകരഞ്ഞുവിളിച്ചൊരു
മട്ടിൽതാപമകറ്റിയിരുന്നു
അത്ഭുതബലനാംലക്ഷ്മണനുടെഭുജ-
വിക്രമമോർത്തുമനസ്സുചടഞ്ഞു
ശക്രാദികളാംശത്രുജനങ്ങടെ
ശുക്രദശാപരിപാകമിതെന്നാപ
ദുൾക്കമലത്തിലടങ്ങീടാതമ-
നസ്താപത്താൽമുഞ്ഞികരിഞ്ഞു
മിത്രജനങ്ങളെയൊക്കെവരുത്തി

ശത്രുജയത്തിനു മോഹമിറക്കി
മർത്ത്യശിശുക്കളെയാശു വധിപ്പതി-
നദ്യമതത്ര തുടങ്ങീടേണം
വിസ്തൃതമാകിയ നമ്മുടെ തേജമൊ-
തക്കിമുറയ്ക്കു വരുത്തീടേണം
ഭൃത്യഗണങ്ങളകമ്പടിവേണമ-
മാത്യന്മാരും കൂടെ വരേണം
പൊക്കത്തിൽക്കൊടി പൊക്കിപ്പടഹ-
മടിപ്പിച്ചാശു മുഴക്കീടേണം
ഇങ്ങനെ യുദ്ധത്തിന്നു പുറപ്പാ-
ടങ്ങു തുടങ്ങിയ രാവണവീരൻ
നന്ദനതാപം കൊണ്ടു തളർന്നു ചൊ-
ട്ടന്നനവേ മൂർച്ഛിച്ചു പതിച്ചു
മോഹം തീർന്നെഴുന്നേറ്റളവിന്നിനി.
യാഹവപാടവമില്ലെന്നുരുതര-
മൂഹം തോന്നി ഭൃത്യഗണങ്ങളെ
യാഹ്വാനം ചെയ്തേവമുരച്ചു
കിങ്കരവരരേ! നിങ്ങൾക്കെന്നില-
നങ്കുരമായെഴുമുരുബഹുമാനം
ശങ്കാരഹിതം പ്രകടിപ്പിപ്പാൻ
സങ്കടമുള്ളവസരമാണിപ്പോൾ
നേരത്തോറാലുണ്ടൊരു നിയമം
നേരില്ലാത്ത ജനങ്ങൾക്കൊക്കെ
പൂരിപ്പിക്കണമുദരം മാത്രം
ഭൂരിഗുണങ്ങളിലൊന്നും വേണ്ടാ
ജൂപ്പടിതിന്നുമടിച്ചാശ്ചോരാ
ക്ഷിപ്രം നാലുവഴി പോകണമിപ്പോൾ
ദൃഷ്ടിപ്രാഭവമങ്ങൊട്ടും വേണ്ടാ
ദുർബോധികളേ! ബോധിച്ചാലും
നമ്മുടെ മാതുലനായീടുന്നൊരു
സന്മതിയങ്ങു വസിച്ചീടുന്നു
നന്മവരുത്താനിന്നവനല്ലാ-
തന്യനിനിക്കു സഹായവുമില്ല
ഐരാവണനെന്ന പേരുടയോനാം
പൈദാഹാദികളില്ലവനോർക്കിൽ
പൊയ്യല്ലവനതി ദിവ്യൻ തന്നേ
ദേവന്മാർക്കും സമ്മതമിങ്ങനെ
അവ്യാജം ബത മാതുലനാമ-
ക്രവ്യാദേന്ദ്രപുരേ പോകേണം
ദിവ്യാംബരവും ദ്രവ്യങ്ങളുമഥ
ദിവ്യൻ വേണ്ടതു തരുമെല്ലാർക്കും
സമ്മോദത്തൊടുമവനൊടു നമ്മുടെ
തിന്മകളൊക്കെയുരച്ചീടേണം
എന്നല്ലിത്രമെന്നുവരാൻ പറ-
യുന്നു ദശാനനനെന്നോരോന്നും
നമ്മുടെ കല്പനയിങ്ങനെയെന്നതു
ചെന്നറിയിച്ചാലുടനേ പോരും
എന്നാലാശു ഗമിപ്പിൻ! പോയാൽ
വന്നീടാമവനൊരു വകയൊട്ടും
ഇങ്ങനെ കല്പന കേട്ടന്നവർ
ചെന്നാരൈരാവണനുടെ സവിധേ

ഉന്നതമോദം പൂണ്ടു നമിച്ചവ-
രൊന്നൊഴിയാതെ പറഞ്ഞറിയിച്ചു
ഒന്നിച്ചവരേത്തിന്നൊത്തണ-
ഞ്ഞന്നു ദശാനനകല്പനയുണ്ടതു
വന്നു പറഞ്ഞാൽ താമസമുണ്ടിവ-
ടെന്നു പറഞ്ഞാലുടനേ തന്നെ
ചെന്നു പറഞ്ഞീടണമെന്നങ്ങളെ-
ടെന്നു പറഞ്ഞു പുറപ്പെട്ടപ്പോൾ
ഇങ്ങനെയവരുടെ വാക്കുകൾ കേട്ടള-
വുന്നതനായിട്ടൈരാവണനും
തന്നുടെ പരിവാരാദികളോടും
ചെന്നു തുലങ്കാനഗരിയിലപ്പോൾ
വന്നെതിരേറ്റിതു ലങ്കാധിപനും
കണ്ണുനിറഞ്ഞു കവിഞ്ഞൊഴുകീടിന
കണ്ണീരോടും കാലിണതൊഴുതുട-
നൊന്നൊന്നൊഴിയാതെ പറഞ്ഞു തുടങ്ങി
പുരന്ദരരിപുവാം പുണ്യജനേശൻ
അല്ലേ! മാതുല! മാംപരിപാലയ!
ചൊല്ലേറുന്നപരാക്രമസിന്ധോ!
അല്ലലിൽ വീണുഴലുന്നോരെന്നിൽ
തെല്ലൊരു കനിവിന്നുളവാകേണം
വല്ലായ്മകളിന്നെല്ലാം വന്നു
നല്ലൊരു മക്കളുമൊക്കെ മരിച്ചു
ഭല്ലൂകാധിപരായീടുന്നൊരു
വൈരികൾ വന്നിപ്പുര വളഞ്ഞു
വല്ലതുമൊന്നു തുടങ്ങാനിനിയിഹ
വല്ലഭമുള്ളവരില്ലാതായി
വില്ലാളികൾ കുലമുടിമണിയാകിയ
മല്ലായുധസുകുമാരൻ രാമൻ
വില്ലുകുലച്ചു രണത്തിനടുത്തള-
വല്ലൽപ്പെട്ടു തളർന്നു വലഞ്ഞിഹ
വല്ലാതോടിപ്പോരാതൊരു കഴി-
വില്ലാതായി വല്ലാതായി
വല്ലസഹായം ചെയ്യാനും കഴി-
വുള്ള സഹായികളില്ലാതായി
വല്ലതുമല്പം പിടിപാടുള്ളവ-
രെല്ലാം യമപുരിയാത്രയുമായി
കാലാതിക്രമമെന്നേ വേണ്ടൂ
കാലാരിക്കും പ്രീതികുറഞ്ഞു
അപ്പുകളിൽ പ്ലവമെന്നതുപോലെനി-
ലഞ്ഞകരിക്കല്ലൊഴുകാറായി
ദുർബ്ബലരാകിയ മാനുഷരിപ്പോൾ
കർബ്ബുരവരരെക്കൊല്ലാറായി
ഭക്ഷണമാകിയ തവള തിരിഞ്ഞഥ
ചക്ഷുശ്ശ്രവണനെ വധിപ്പാറായി
ശരഭപ്പെരുത്തൊരു കേസരിവരനെ
ശശകപ്പോതു ഹനിപ്പാറായി
കുഴിയാനക്കുഴിയൻ മദമാർന്നൊരു
കലഭാനയൊടമരം ചെയ്യാറായി
പുത്രൻ മേഘനിനാദൻ ചത്തതു
ശത്രുക്കൾക്കുടെ ഭാഗ്യം തന്നെ

അത്ര്യമല്ലമരുൽസുതനെന്നൊരു
ശക്തിവരമുണ്ടുഗ്രപരാക്രമ-
ത്ത്യാധമനാംരാമൻതന്നുടെ
പ്രത്യേകക്കാരൻപോലവനും
നാമംശ്രീഹനുമാനെന്നിങ്ങനെ
കാമം ചിലർഘോഷിപ്പതുകേൾക്കാം
ആമയമെന്ന്യേവന്നവനൊരുനാൾ
യാമിനിതന്നിലകത്തുകടന്നിഹ
ജാനകിതന്നെക്കണ്ടുപറഞ്ഞൊരു
ദീനരയെന്ന്യേപോയിട്ടമ്പോൾ
ആരുംരാക്ഷസർകണ്ടീടാഞ്ഞു
കാരിയമെന്നുകണക്കാക്കാതെ
കേറിയവൻപൂങ്കാവുമഴിച്ചുമ-
ഹാരികൾപലരെത്തല്ലിക്കൊന്നു
തൽക്ഷണമുക്കോടക്കൂത്തട്ടത്തൊരു
ദക്ഷിണനാമന്നക്ഷകുമാരനെ
ദക്ഷതവീര്യമിയന്നകരങ്ങന-
രക്ഷണമാത്രംകൊണ്ടുവധിച്ചു
രക്ഷസ്സുകളിൽപലരെമുടിച്ചു
ലക്ഷണമുള്ളൊരുലങ്കപൊടിച്ചു
ലക്ഷ്മീഭഗവതിയാംകുലലങ്കാ-
ലക്ഷ്മിയെവീരനടിച്ചോടിച്ചു
ഇത്തരമനവധികരുമനചെയ്തുള-
വുഗ്രൻമമസുതനഭ്രനിനാദൻ
അബ്ജോത്ഭവബാണംകൊണ്ടവനെ
കെട്ടിയെടുത്തന്നരികേവച്ചു
നിർഭയമുടനെനിരവധിനമ്മെയ-
ധിക്ഷേപിച്ചതുകേട്ടുപകച്ചു
രക്ഷോവരരം വാലിന്മേൽത്തുണി
ചുററിത്തരസാതീകത്തിച്ചു
അൽക്ഷണമൊന്നുകുതിച്ചുപുരപ്പുറ-
മെത്തിമുറയ്ക്കുടചുററിയടിച്ചു
അഗ്നിപരക്കെയലന്നുപിടിച്ചഥ
പററിക്കേറിപ്പുഞ്ഞുദഹിച്ചു
അക്കപിവീരനുമൊന്നുകുതിച്ചു
അക്കരപററിച്ചിരുന്നരസിച്ചു
വിഷ്ടപനാഥന്മാരായുള്ളര-
ച്യുതമരോടഥനേരിട്ടൊരുകരി
യുദ്ധംചെയ്തുജയംപ്രാപിപ്പാൻ
മുക്കുയുജ്ജയംമതിയാകില്ല
അത്രമഹാബലനാകിയനമ്മുടെ
ശത്രുവിനെക്കൊലചെയ്യാനിപ്പോൾ
വൃദ്ധനതായഭവാൻനിരുപിച്ചൊരു
ബുദ്ധിപറഞ്ഞുതരേണംതൂർണം
ഇത്ഥംരാവണഗീരുകൾകേട്ടതി-
ശത്തരമൈരാവണനുംചൊന്നാൻ-

ഭാഗധേയനിധിയായഭാഗിനേയ!ശ്രവിച്ചാ-
[ലും
ലോകനാഥനായീടുന്നരാഘവൻനിസ്തുലവീര്യൻ
നീതിമാനാമിക്ഷ്വാകുവംശകലശാംഭോനിധിചന്ദ്രൻ
ഭൂതിമാൻഭൂപതിശ്രേഷ്ഠൻഭൂതിഭൂഷാനതപാ-
[ദൻ
യാതുധാനാധിപ!നിന്റെരിപുവായിവരാനെ-
[ന്തേ
ഹേതുവെന്നുകഥിച്ചാലുംഹേഗുണാംഭോനിധേ-
[വീര!
ഭോഗിശായിയായിടുന്നഭഗവാൻഭക്തദാസൻ-
[ലോ-
കാധിനാഥൻമഹാലക്ഷ്മീവല്ലഭൻവാരിജനേത്ര-
[ൻ
ധാതൃമുഖ്യന്മാരാമമരർത്ഥിക്കയാലേവം
സൂര്യവംശേനരനായിജ്ജനിച്ചെന്നുധരിച്ചാലും
രാവണനിഗ്രഹംചെയ്തുസാധുലോകാവനംചെയ്തു
മേദിനീതാപസംഹാരംചെയ്യുവാൻവന്നുളവായി
ആദിശേഷൻതന്നെയല്ലോലക്ഷ്മണൻശംഖച-
[ക്രങ്ങൾ
സോദരന്മാർഭരതശത്രുഘ്നരെന്നുധരിക്കേണം
സീതയല്ലോമഹാമായാദേവിനിൻനിഗ്രഹത്തിന്നു
ഹേതുഭൂതയായിവന്നുപിറന്നുരാജവംശത്തിൽ
ഭൂതനാഥബീജജാതൻശ്രീഹനുമാനഹോനി-
[ന്റെ
രാജധാനിചുട്ടെരിച്ചവീര്യവാനകപിശ്രേഷ്ഠൻ
വധ്യനല്ലവനൊട്ടുംനിത്യബ്രഹ്മചാരിയാം
മുഗ്ദ്ധൻശ്രീരാമഭക്തൻനിത്യൻനീതിശാസ്ത്ര-
[ജ്ഞൻ
ഉൾത്താരിലിവയെല്ലാമോർത്തുരാഘവപാദ-
പത്മങ്ങൾവഴിപോലെസേവിച്ചുവസിക്കേണം
ഇത്ഥംമാതുലൻതന്റെതത്വോപദേശമെല്ലാം
നക്തംചരാധിനാഥൻകേട്ടുചൊല്ലിനാനേവം
ബുദ്ധിമാൻഭവാനേവംശത്രുകക്ഷിയെപ്പററി
യത്യർത്ഥംപ്രശംസിപ്പതത്രവിസ്മയംതന്നെ
നക്തഞ്ചരാന്വയത്തിലല്ലോജനിച്ചുനമ്മൾ
പ്രത്യർത്ഥിജനംതന്നെദേവന്മാരെന്നുസിദ്ധം
ശക്തന്മാരവരെന്നുശങ്കിക്കുന്നതുപിന്നെ
ഭക്തന്മാരെന്നപോലെചെന്നുസേവിക്കുന്നതും
യുക്തമായ്വരികയില്ലനമ്മൾക്കപിണക്കത്താൽ
ചത്തുപോകിലുംവീര്യസ്വർഗ്ഗംകൈവരുമല്ലോ
തത്തജ്ജാതീയമല്ലാത്തുള്ളദുർവ്യാചാരം
സത്യത്തിൽനിഷിദ്ധമാണാകെപ്പാർക്കിലതിനാൽ
നിത്യസാപത്ന്യനേകംകൽപസ്ഥനെന്നാ-
[കിലും
ചിത്തത്തിലൊരുബഹുമാനമിങ്ങിനിക്കില്ല
അസ്മൽസോദരിമുന്നമുത്സാഹംപൂണ്ടൊരുനാൾ
ഉഗ്രകാനനങ്ങളിൽചുററിസ്സഞ്ചരിക്കുമ്പോൾ
ലക്ഷ്മണൻകണ്ടുശഠനായിട്ടുമൂക്കുംമുലയും
ഒക്കെച്ഛേദിച്ചുവിട്ടവൃത്താന്തംശ്രവിച്ചുടൻ
മാററലരാകലകാലന്മാരായഖരാദിക-
ളററമില്ലാത്തസൈന്യത്തോടുംയുദ്ധത്തിനായി
ബദ്ധരോഷേണചെന്നനേരംരാഘവൻപ്രഹ-
രാർദ്ധംകൊണ്ടവർകളെയൊക്കെനിഗ്രഹ-
[ചെയ്താൻ

അത്യർത്ഥം ഭ്രമപ്പെട്ടുമൻഭഗിനിയുമപ്പോൾ
ക്ഷിപ്രമിവിടെവന്നുവൃത്താന്തമറിയിച്ചു
അപ്രിയം ചെയ്തുരഘുവീരപത്നിയെഞാനും
വിദ്രുതംകൊണ്ടുവന്നിപ്പുരംവനിൽകുടിവച്ചു
കിഷ്കിന്ധാധിപനായസുഗ്രീവൻതന്നെക്കണ്ടു
സഖ്യവുംചെയ്തുകപിസേനയോടൊരുമിച്ചു
അബ്ധിമദ്ധ്യത്തിൽചിറകെട്ടിലങ്കയിലെത്തി
യുദ്ധംകൊടിയുംതുടക്കിയുദ്ധത്തിന്നൊരുമ്പെട്ട
ശക്രന്മാരായപലനക്തഞ്ചരന്മാരേയും
നിഗ്രഹിച്ചിപ്പോഴിന്ദ്രജിത്താംവീരനെക്കൊന്നു
 എന്താരുകഴിവിനിയെന്നുനിനച്ചിഹ
നിന്തിരുവടിയെവരുത്തിയതിപ്പോൾ
സന്തോഷിച്ചുവസിപ്പാൻസംഗതി-
സന്തതമിങ്ങുഭവിക്കുന്നാകിൽ
ചിന്തിക്കാംഗുണദോഷമശേഷവു-
മെന്തിനിഞാനിഹവേണ്ടതുചൊൽത്താൽ
എന്നതുകേട്ടൊരുരാവണനല്പം
മന്ദസ്മിതമൊട്ടുമൊന്നുപറഞ്ഞു
വന്നുഭവിക്കാനുള്ളവിപത്തുകൾ
നമ്മൾക്കിന്നുതടുപ്പാനെളുതോ
തന്നാൽമണിയാംജനകാത്മജയെ
പ്പൊന്നുംപല്ലക്കേററിയെടുപ്പിച്ചു-
ന്നതഭക്ത്യാരാഘവനുടെപദ-
കഞ്ജത്താരിണയതിലർപ്പിച്ചു
വന്നപരാധമറിഞ്ഞുപൊറുക്കണ-
മെന്നുപറഞ്ഞടിവീണപേക്ഷിക്കിൽ
നിന്നെക്കനിവൊടുപാലിക്കുംരഘു-
പുംഗവനാശ്രിതവത്സലനല്ലോ.
സമ്മതമല്ലതിനെങ്കിൽനിനക്കൊരു-
ദമ്മതിയുള്ളതുതീരുംനൂനം
വാഗ്ഗുത്തമസ്ഥനമുക്കെന്തതിനാ-
ലീശ്വരകല്പനനീക്കാവല്ലിഹ
എന്നാലാവതുചെയ്യാഞ്ഞെന്നതി-
നെന്നോടിന്നുവരോധംവേണ്ട
നിന്നുടെബുദ്ധിമറിഞ്ഞുവരാന്നര-
വിന്ദജനോക്കിലുമാകത്തില്ല
മതിമുഖിസീതയിലഭിരുചിവന്നതു
വിധിവിഹിതംതവദശവദനാകേൾ
അതുമമമനസിനിനച്ചീടാതിവ
കഥനംചെയ്തതുകഥകേടത്രേ
അവരിപ്പുവാകിയരഘുപതിയെഞാ-
നവരജനാകിയലക്ഷ്മണനോടും
രജനിയിലെത്തിയെടുത്തുരസാതല
ഭജനംചെയ്യിക്കുന്നുണ്ടല്ലോ.
രതിതെളിവോടുവസിച്ചീടുകനീ
ക്ഷിതിപതിയെന്തിനുചഴതേതാപം
ചതിവിലെടുത്തുകടത്തിക്കളയാം
കപികളൊരുത്തരുബോധിക്കില്ല
മായാവൈഭവമുള്ളനമുക്കിതി-
നായാസംവരുവാനില്ലല്ലോ
പോയാലുംനീമണിയറയിൽപോ-

യോയാലുകളുംവേണ്ടനമുക്ക്
രാത്രിയിലിട്ടുവരുന്നേരംമമ
യാത്രാസമയമതെന്നറിയേണം
പാർത്താൽപിന്നിരഘുപുംഗവരെ
ധരിത്രാതലമതിലെങ്ങുംകാണാ
പാർത്താലുംനിസ്സംശയവരായ് നീ
താമത്തൊഴിയാംജാനകിയോടും
രഹസ്യമായവരിങ്ങനെചൊന്നതു
ശ്രവിച്ചുരാവണസോദരവീരൻ
രഹസ്സിലിക്കഥതന്നുടെസ്വാമിയെ-
ട്ടണത്തിനാനവനുള്ളതുപോലെ
മനസ്സിലുരുതരസങ്കടമോടഥ
മനസ്വിയായവിഭീഷണവീരൻ
കഥിച്ചുനമ്മൊടുരാഘവാപഹരണ
വിധിപ്രകാരമശേഷവുമപ്പോൾ
ഇരുട്ടിലത്രേമായാശകതികൾ
കരുത്തരാംരാക്ഷസർകാണിപ്പു
നിരസ്തഖേദംനാമതിനുരുതര
തപസ്സിപിന്നിതുസൂക്ഷിക്കേണം
 ഇങ്ങനെവന്നുവിഭീഷണനെന്നോടു
സംഗതിയൊക്കെയുമുരചെയ്തപ്പോൾ
എങ്ങനെയിതിനെന്നോർത്തുകഴിഞ്ഞഥ
ഞങ്ങൾവിചാരംപൂണ്ടുവസിച്ചു
ഈരേഴുലകിന്നധീശ്വരനാകിയ
നാരായണനാംരഘുപുംഗവനെ
പ്പാരാതിന്നുചതിച്ചുഹരിപ്പതി-
നാരാണുള്ളതുവെറുതേതന്നെവി-
ചാരാദികളെന്നോർത്തതിനൊരുപരി-
ഹാരാദികളും ചിന്തിച്ചില്ലേ
രാജിനെയവിടെയിരിക്കുന്നേരം
വന്നിതുമാരുതതനയൻതാനും
വന്നിതുഞങ്ങൾക്കാനന്ദവുമിനി
യൊന്നുംപേടിക്കാനില്ലെന്നും
നിസ്സംശയമുള്ളിലുറച്ചെരാവണ
സന്നാഹംങ്ങളശേഷമുരച്ചു
മുന്നുവനിതിഥിതന്നിൽപരിചൊടു
വന്നരംപൂത്തമർതന്നെയെടുത്തുക-
ടന്നുരസാതലമെത്തിച്ചീടണ-
മെന്നുദശാനനകല്പനപോലും!
മൂന്നായനായിട്ടുമൈരാവണനാ-
കുന്നുപിന്നിയാളെന്നുംകേട്ടു
നികഷാത്മജവരമാതുലനാകിയ
പുരുഷാധമനവരമായകളാലെ
പുരുഷോത്തമനെഹരിക്കുകിലെന്തിഹ
പുരുഷന്മാരായ് നാംവാഴുന്നു
മാരുതികേട്ടുചിരിച്ചവരെല്ലാം
സാരഗിരംപുനരരുളിച്ചെയ്തു
സാരസനേത്രനെവഞ്ചിപ്പാൻനിശി-
ചാരിനിനച്ചുസാധിച്ചാലും
കാരിയമൊന്നുഭവിക്കയുമില്ലവി-
ചാരിതമൊട്ടുനടക്കയുമില്ല

മാരുതിയാമെൻകയ്യാലവനെ
സ്സുരജഭവനേകടിപ്പാർപ്പിക്കുവൻ
കാരണപൂരുഷൻകല്പിച്ചതിനൊരു
കാരണമായിതുവന്നുഭവിക്കാം
എങ്കിലുമക്കപിപാശയവിക്രുതികൾ
കിംകരരാകിയനമ്മൾതടുത്തുനി-
രംകുശനിർമ്മലകീർത്തിപരത്തണ-
മെങ്കിൽതന്നെമതിവരുവെള്ളം.
കമനീയാംഗൻനമ്മുടെനാഥൻ
കമലാക്ഷൻവിമലാശയനമലൻ
കമലാകാന്തൻസോദരനോടും
സുഖമായ്ത്തന്നെയുറങ്ങീടുമ്പോൾ
ചതിവിലെടുത്തുകടത്താമെന്നു
നിരൂപിച്ചവനതിവിരുതൻതന്നെ
മദമൊടുമരുവുംസിംഹത്തിനെയൊരു
മശകംചെന്നുപിടിപ്പാനെളുതോ
പിടിയാത്തവരുടെവാക്കുകൾകേട്ടാൽ
പിടിപാടായിക്കരുതീടാമോ?
പിടുവംപറയുന്നവരെട്ടനേരി-
ട്ടരിയാടാതെയിരിപ്പതുനല്ല
കടിയാപ്പട്ടികുരയ്ക്കുമ്പോളൊരു
വടിയാൽനിൽക്കുമതല്ലാതുണ്ടോ
പാവനിതന്നുടെവാക്കുകൾകേട്ടഥ
രാവണസഹജനുമെന്നുരചെയ്തു
പാവനചരിത!പവമാനാത്മജ
രാവണമാതുലനുഗ്രൻതന്നേ
പടുതകലർന്നനിശാചരനൊട്ടുനീ
യടലിലടുപ്പാനാളാകില്ല
ഉപവനമല്ലതകർത്തുപൊടിപ്പതി-
നവികലവിക്രമിയാകിയരക്ഷോ-
വരനൊടുനേർത്താൽത്രിഭുവനവാസിക-
ളരനൊടിയിടയിൽമടങ്ങുംനിയതം
പരിചൊടുമവനുടെയാക്രുതികണ്ടാൽ
ഹര!ഹര!യെന്നേപറവാനുള്ളു
ഇങ്ങനെയാക്ഷേപോക്തിളോതിയ
ധന്യനതായവിഭീഷണവീരനെ
നന്ദിച്ചഥമാരുതിയുംസുദ്ധമതി-
യെന്നമനോബലമുന്നിച്ചൊന്നാൻ

പദം—ഏകതാളം മോഹനം രാഗം.

യാതുധാനേന്ദ്രസഹജ! ഭവാനോതിയനിന്ദനം
[പോരും
സാദരമല്പംക്ഷമിക്കരക്ഷോവരനീചനെഞാൻ
(ഹരിക്കുന്നേൻ (യാതുധാ
സാക്ഷാൽജഗന്നായകകമലേക്ഷണൻതൻക്രുപാ-
[യാലെ
ഈക്ഷണഗോചരനായിഭവിക്കണം രാക്ഷസ-
(നെടുന്നവേണ്ട (യാതുധാ)
ചക്ഷുഃശ്രവണേന്ദ്രനായിട്ടനലക്ഷ്മണൻതന്നോ-
[ടുകൂടെ
പക്ഷിദ്ധ്വജനാമരാമനെമോക്ഷിപ്പാൻ ശക്ത-
[നാംരാക്ഷസംകാട്ടിത്തരേണമേ (യാതുധാ
ഇക്ഷ്വാകുവംശതിലകൻറകടാക്ഷമുണ്ടെന്നി-
[ലെന്നാകിൽ
രക്ഷഃകുലത്തെദഹിപ്പിക്കുവാനാശുശുക്ഷണി-
[താനിപ്പവനജൻതന്നെ
യാതുധാനേന്ദ്രസഹജ! ഭവാനോതിയനിന്ദനം
[പോരും
രൂക്ഷപ്രവര!ഭവാൻറകോപമൊക്കെയടക്കണ-
[മെങ്കിൽ
മൃത്യുഞ്ജയോരുഭവനായഭവാനുടെ ശക്തിധരി-
[ച്ചിരിക്കുന്നേൻ (രൂക്ഷ)
അക്ഷയവീര്യ! ഹനുമൻ! വിഭോ ഉൾക്രോധമു-
[ണ്ടാകരുതേ
ആക്ഷേപവാക്യങ്ങൾഞാൻചൊന്നതു തവരൂ-
[ക്ഷതചേർക്കുവാനല്ലോ
രൂക്ഷപ്രവരഭവാൻറകോപമൊക്കെയടക്കണ-
[മെന്നിൽ

ധന്യനതായവിഭീഷണവാക്കുക-
ളിങ്ങനെകേട്ടുപവനതനൂജൻ
മന്ദസ്മിതവുംചെയ്തുപറഞ്ഞു
മന്ദേതരമിതുകേട്ടാലുംനീ
സിന്ധുഗഭീരൻരാമൻതിരുവടി
സിന്ധുവുമതിലംഘിച്ചിഹവന്നു
വിന്ധ്യമഹാജലസന്നിഭരാകിയ
ജംഭാന്തകരിപുസംഘമശേഷം
ഹന്ത!ക്രുതാന്തസമീപേചേർത്തഥ
സന്ധ്യയുമൂത്തുശയിച്ചീടുമ്പോൾ
ഹന്തവരുംപരിപന്ഥികളെന്ത
ന്തകപുരിയിലയച്ചിടാതരി
കുന്തനചതുരമടങ്ങിടുമോ ഞാ-
നെന്തതിനെഞ്ഞൊരുകറവുള്ളിപ്പോൾ
ചെന്താർമാതിൻകണവ!ക്രുപാകണ-
മെങ്കലുടിപ്പതുകൊണ്ടിക്കാലം
ഡംഭുനടിച്ചുവരുന്നരിപുക്കടെ
നെഞ്ചുപിളർന്നുവധിപ്പാനേതുമൊ-
രന്തരമില്ലവരിങ്ങുവരട്ടെനി-
രന്തരമായവിക്രുതിപടുക്കൾ
എന്നതുകേട്ടുപറഞ്ഞുവിഭീഷണ-
നിന്നിതുവാസ്തവമാണെന്നാലും
മന്മഥവൈരിയുമൈരാവണനൊടു
സംഗരസീമനിനില്ലുകയില്ല
ദുർമ്മതിമായാശക്തികൾകൊണ്ടൊരു-
ഹമ്മതിയുള്ളവനല്ലോതാനും
ദുർന്നയനിധിയാമഗ്രജനോടു
ദുർമ്മന്ത്രങ്ങളറിഞ്ഞുമിരിപ്പു
ശർമ്മമവന്നുവരാട്ടവധമെങ്കിലു-
മിന്നുനമുക്കതുസൂക്ഷിക്കേണം
ദിക്കുകളൊക്കെബ്ബന്ധിക്കേണം
ദിക്പാലകരെപ്രാർത്ഥിക്കേണം
പ്രത്യേകിച്ചുമംബരമാർഗ്ഗംപോലുമേ
പ്രത്യേകിച്ചുനിരോധിക്കേണം
ശത്രുക്കൾക്കുകടപ്പാനൊരുവഴി-

യോൎത്താലിവിടെക്കണ്ടീടരുതു
വിത്രസ്തന്മാരാമെന്നമ്മുടെ
മൎക്കടവരനെക്കണ്ടന്നേരം
വൃത്രാന്തകനുടെപൌത്രൻതാനും
ഭീത്യാധാവതിചെയ്കില്ലല്ലീ
ഇത്ഥംകേട്ടുസമീരണപുത്രൻ
ചിത്രതരംനിജലാംഗൂലത്താൽ
മൎക്കടസേനാമദ്ധ്യേദശരഥ
പുത്രന്മാരുടെചുററുംദൃഢതര-
വപ്രംപോലെവളഞ്ഞൊരുകോട്ട ച-
മച്ചഥനോക്കിവസിക്കുംനേരം
രാത്രിയുമിത്തിരിചെന്നളവവിടെ
രാത്രിഞ്ചരവരനൈരാവണനും
പാൎത്തുടനെത്തിസൂക്ഷിച്ചപ്പോൾ
വാൎത്തകളൊക്കെയുമറിയാറായീ
നേത്രമടച്ചുനിരച്ചേനിസ്തുല-
മൂൎത്തികളായകരങ്ങളതാന്മാർ
വാൎദ്ധിയിൽനിന്നുവരുന്നൊരുശീത-
ക്കാററുംകൊണ്ടുമണൽത്തിട്ടകളിൽ
കാത്തുകിടപ്പതുമാശുഗപുത്രൻ
കോട്ടചമച്ചതുമെല്ലാംകണ്ടൊരു
മാൎഗ്ഗവുമില്ലകടപ്പാനെന്നഥ
ചിത്തവിഷാദാൽനിന്നുതിരിഞ്ഞു
അംബരമാൎഗ്ഗമണഞ്ഞുതിരിഞ്ഞു
ദുൎമ്മതിചുററിനടന്നുവിരഞ്ഞു
ചെമ്മേപഴുതില്ലാഞ്ഞുവലഞ്ഞവ-
നംബുധിതന്നിലിറങ്ങിയിരുന്നു
എന്തൊരുകൌശലമിതിനെന്നുള്ളതു
ചിന്തിച്ചിത്തിരിയങ്ങുകഴിഞ്ഞു
ഹന്തമഹീയവചസ്സുകളാൽദശ-
കന്ധരനെന്നുതെളിഞ്ഞുകഴിഞ്ഞു
പന്തിയിലിതുസാധിക്കാഞ്ഞാലവ-
നെന്തൊരുഗതിയെന്നോൎത്തുകുഴഞ്ഞു.

ഇതിമനസിചിന്തയരാത്രിഞ്ചരേശ്വര-
നിത്തിരിനേരമിരുന്നൊരനന്തരം
ചതിവിനൊരുവഴികരുതിയംബുദരാലവൻ
ചാഞ്ചല്യമെന്യേപുറപ്പെട്ടുവന്നുടൻ
പവനസുതവിപുലതരദുൎഗ്ഗാന്തികംപുക്കു
പാപിയാംപാതാളവാസിയൈരാവണൻ
പരമഗുണനിലയനനതായ വിഭീഷണൻ
പാവനൻതന്റെരൂപംധരിച്ചീടിനാൻ
രഘുകുലജരാമരാമേതിനാമത്തൊടും
രാത്രിയിൽചെന്നുകോട്ടയ്ക്കുതട്ടീടിനാൻ
അമലമതിമമസഖിവിഭീഷണൻതാനെന്ന-
താശുഗപുത്രൻവിചാരിച്ചുതൽക്ഷണം
അതുസമയമത്യയതസ്ഥൂലമാംവാലതു
മത്രചാക്കിപ്പഴുതേകിക്കടത്തിനാൻ
രഘുകുലജരിരുവരെയുമലിവൊടുഗ്രഹിച്ചിതു
രക്ഷസാംനാഥനതിമായിനാംവരൻ
നിഭൃതമഥവെളിയിലുമുടൻകടന്നാൻപരം
നീതിജ്ഞനായവിഭീഷണനെന്നപോൽ
ജവമൊടഥനിജസദനമെത്തിവാണീടിനാൻ
ജാനകീചോരന്റെവാക്കുമാനിക്കയാൽ
കമലദലനയനനഖിലാനന്ദപൂൎണ്ണനാം
കാരുണ്യശാലിയെക്കൌശലത്താലഹോ
അതിദുരിതചരിതവരനാകുമൈരാവണ
നാശുഗപുത്രനാലാശുകൊള്ളിക്കുവാൻ
നിജഗ്രഹണമതിനനുവദിച്ചെന്നല്ലാതെ
നിത്യനാമീശനെക്കൈക്കലാക്കാവതോ?
തദനുദശവദനസഹജൻസാരബോധിതാൻ
തത്വങ്ങൾചാരവാക്യത്താൽഗ്രഹിച്ചുടൻ
പവനസുതസവിധഭുവിചെന്നുചൊന്നാനെന്തു
പാപമയ്യോ പവമാനജനെവന്നിതും
നിഖിലജഗദധിപതിസനാതനൻചിന്മയൻ
നിത്യൻനിരഞ്ജനൻനിശ്ചഞ്ചലാത്മകൻ
നിരവധികഗുണനിലയനീശ്വരൻശാശ്വതൻ
നീളെനിറഞ്ഞുമറഞ്ഞുനിൽക്കുന്നവൻ
രഘുകുലജനറികതിനുസന്ദേഹമില്ലൊരു
രക്ഷസ്സവനെഗ്രഹിപ്പാനുമൊല്ലല്ല
സുദൃഢമിതിമമമനസിതോന്നുന്നതെങ്കിലും
സൂക്ഷിച്ചതൊട്ടുംഫലിച്ചില്ലപാവനേ!
ദശരഥജരിരുവരെയുമങ്ങുഗ്രഹിച്ചുടൻ
ദശവദനമാതുലൻപോയാനശങ്കിതം
തവഭുജബലംകണ്ടുകൊൾവാനുമെന്നല്ല
താവകംഗർവംകുറയ്ക്കുവാനിങ്ങനെ
ജഗദധിപനമരപരിവൃഢനസുരനാശനൻ
ജാനകിവല്ലഭൻചെയ്യിച്ചുനിൎണ്ണയം
ഇതിവിവിധമമലമതിയാംരാക്ഷസേന്ദ്രന്റെ
ഈരിതംകേട്ടുകലാപചൂഡാംശജൻ
ചതിവുകളുൾക്കതളിരിലോൎത്തറിഞ്ഞത്രയും
ചാഞ്ചല്യമുൾക്കൊണ്ടുപാൎത്താനരക്ഷണം

ഭാവംകിമപിപകൎന്നുരാഘവ
സേവൻമാരുതിയങ്ങെഴുന്നേററു
കോപംകൊണ്ടുചുവന്നുകണ്ണുകൾ
ദീപംപോലെവിളങ്ങീവദനം
ഭ്രൂവല്ലരികൾഞെളിഞ്ഞുചുളിഞ്ഞു
ഭ്രൂവഞ്ചുംപടിതമ്മിലിടഞ്ഞു
കരദണ്ഡങ്ങളുഴിച്ചുഞെരിച്ചഥ
പരിചണ്ഡാകൃതിനിന്നുപറഞ്ഞു
അരിഷണ്ഡത്തെയടിച്ചുപൊടിപ്പാ-
നൊരുദണ്ഡംമാരുതസുതനില്ല
തരുതുടയങ്ങനെരാക്ഷസപാളികൾ
പൊരുവതിനായുധപാണികളായി
വരികിലുമെത്തിയടിച്ചുമുടിപ്പതി-
നൊരുകുറവില്ലസമീരണസുതനു
കുറുനരിയായിരമൊരുമിച്ചാലൊരു
ചെറുപുലിയോട്ടുകയൎപ്പാൻമതിയോ
കഴിയാനകളൊരുലക്ഷംചെന്നാൽ
മലയാനയെഹിംസിപ്പാൻമതിയോ
വരികവിഭീഷണവൈകാതവനുടെ
പുരമെത്താനൊരുവഴിയരുളേണം.
പുരവിസ്താരവുമവനുടെബലവും

പരിവാരങ്ങടെതാമസനിലവും
പരിചോടെന്നോടു വഴിയെ ചൊല്ലുകി-
ലരനിമിഷത്താലവിടെച്ചെന്നാ-
ശരവരകീടനെമുക്കിച്ചുരുട്ടി
ഞെരുതെരെയങ്ങുകൊട്ടുത്തുപിടിച്ചു-
കരവുംകാലും കൂട്ടിവരിഞ്ഞു-
ച്ചുരവുമെരിച്ചതിലിട്ടുകരിച്ചും-
ബുധഹേക്ഷണനെയെടുത്തുകഴുത്തി
ലിരുത്തിപ്പടഹമടിപ്പിച്ചിഹകൊ-
ണ്ടരുവൻശക്തിനമുക്കെന്നുതിനഹ-
മൊരുവൻമതിയെന്നൊരുസംശയമില്ല.
ആശരവരനുടെകഥകളശേഷവു-
മാശുനമുക്കുപറഞ്ഞുതരേണം
നാശമടുത്തവനെന്നുകരുതുക
കീശവരൻവീശത്തിലുവിട്ടോ
മീശപിടിച്ചുവലിച്ചുധരിത്രിയി-
ലാശുമറിച്ചുനിരപ്പേയിഴച്ചുട-
നാശരവരനെയടിച്ചുപൊടിക്കാം
ദാശരഥിക്കൊരുകുറവുവരാതെ
പൂശകനെക്കണ്ടെലിയെപ്പോലവ-
നാശുകരഞ്ഞുവിളിച്ചുകടക്കിലു-
മാശുഗവേഗാലെത്തിയമപ്പുരി-
നാശുഗസുതനൊരുസംശയമില്ല.
ഏവമൊരുതനന്ദനഗീരുകൾ
രാവണസഹജൻകേട്ടൊരുനേരം
മോദമകന്നുപറഞ്ഞുതുടങ്ങി
പാതകിയാമൈരാവണചരിതം
പണ്ടൊരുകാലംരാക്ഷസവംശേ
രണ്ടുനിശാചരരുണ്ടായ്വന്നു
കണ്ടകരാമവർമൂലംത്രിഭുവന-
മിണ്ടൽകലർന്നുവലഞ്ഞുവശായി
ഹേതിയുമങ്ങുപ്രഹേതിയുമിങ്ങനെ
ജാതകുതൂഹലമമരുംകാലം
അഗ്രജനാകിയഹേതിമഹാബല-
നഗ്രൻകാലസഹോദരിയാകിയ
കന്യാമണിയെക്കൈക്കൊണ്ടാനതിൽ
നന്ദനരും പുനരുളവായ് വന്നു
ബാലനുനാമംവിദ്യുത്കേശൻ
ചാലേയങ്ങുവളർന്നൊരുശേഷം
സാലകടംകടയെന്നൊരുരാക്ഷസ
ബാലാമണിയെവിവാഹംചെയ്തു
മന്ദേതരമവരാനന്ദത്തൊടു
കന്ദരഗിരികാന്താരങ്ങളിലും
കന്ദർപ്പക്കളിയോടമരുന്നാൾ
നന്ദനനൊന്നുജനിച്ചാനവിടെ
കുട്ടിയെയേറുവളർത്താനുതര-
മിഷ്ടവിരോധംകാരണമന്നവർ
മൊട്ടമ്പാർത്തിയിൽമുഴുകിക്കാനന
ദുസ്ഥലമതിലങ്ങിട്ടുകളഞ്ഞു
പരമേശ്വരനുംപാർവ്വതിയുംസുര-
സരണൌകൂടിപ്പോകുന്നേരം
അരുണോദയമെന്നോണംകാനന
ധരിണിയിലച്ചെറിയതിനെക്കണ്ടു
കാരുണ്യത്താൽദേവിയുമുന്നേ
തേരുംതാഴ്ത്തിയിറങ്ങിയെടുത്തു
ആരുംരക്ഷയിവന്നില്ലെന്നവി-
ചാരത്താലേമുലകൾകൊടുത്തു

ഐരാവണവധം ഓട്ടൻതുള്ളൽ സമാപ്തം.

൨൯. നളചരിതം.

പുരരിപുവാകിയഭഗവാൻതന്നുടെ
തിരുമടിതന്നിൽവസിക്കും പാർവ്വതി
തിരുമുടിജടയിൽസുരവാഹിനിയുടെ
തിരുമുഖവുംകുളുർകൊങ്കചയവും
പരിചൊടുകണ്ടുസഹിക്കരുതാഞ്ഞു
പുരഹരനോടഥചോദ്യംചെയ്തു,
തിരുമുടിജടയുടെനടുവിൽവിളങ്ങി-
പ്പരിചൊടുകാണുന്നെന്തൊരുവസ്തു?
ഹരനരുൾചെയ്തിതുനമ്മുടെജടയിൽ
പെരുകിനവെള്ളംവേർപെടുകില്ല
കരളുകലിക്കരുതെന്നോടുനാഥ!
സരസമുഖമിഹകാണാകുന്നു
മുഖമല്ലതുഹേജലമതിലുളവാം
വികസസരോജമിതെന്നുവരേണം
വികസസരോജേകുറുനിരനികരം
പരിചൊടുകാണ്മാനെന്തവകാശം?
കുറുനിരയല്ലതുമധുപാനത്തിനു
വരിവണ്ടുകൾവന്നിണകൂടുന്നു
പുരികക്കൊടിമുനയുഗളമിദാനീം
പരിചൊടുകാണ്മാനെന്തവകാശം
പുരികക്കൊടിയല്ലവിരളമിളക്കം
ചെറുതിരയത്രേ അചലതനൂജേ!
സുരസമതാകിനലോചനയുഗളം
പരിചൊടുകാണ്മാനെന്തവകാശം?
ഗിരിവരതനയേ! ലോചനമല്ലതു
കരിമീനിണകളിയാടുകയത്രേ!
കരികുംഭാകൃതികുളുർമുലയുഗളം
പരിചൊടുകാണ്മാനെന്തവകാശം?
കുളുർമുലയല്ലതുകോകദ്വന്ദ്വം
നളിനസമീപേവിളയാടുന്നു,
കളിവചനംവാകാശ്ശിദംവാ
കരളിലെനിക്കുവിവാദമിദാനീം

ങ്ങിനെകപടഗിരാഗിരിവരസുത-
തന്നുടെമാനസവഞ്ചനചെയ്യും
ഗംഗാധരനാംകിള്ളിക്കുറിശ്ശിയ-
മന്നമഹേശൻകാത്തരുളേണം.
ഉലകുടെപെരുമാൾമന്ത്രികളോടും
കലിയുടെകൂട്ടതവിചാരിക്കുമ്പോൾ
വലിയൊരുവൃദ്ധൻതൊഴുതുരചെയ്തു
കലിയുടെശക്തികുറയ്ക്കുമുപായം
നളചരിതാമൃതമുരചെയ്താലും
തെളിവൊടുകേട്ടുരസിച്ചെന്നാലും
പൊളിയല്ലവരുടെകലിമലദോഷം
ജളനെന്നാകിലുമാശുനശിക്കും,
കലിയുഗശക്തിമുഴുത്തുജനാനാം
തലയിൽകേറിമനസ്സുമുട്ടി
പാപികൾപകിടകളൊരുപതിനായി
ഗോപികൾകൊണ്ടുവരച്ചുതുടങ്ങും
കഷ്ടം! സാളഗ്രാമസ്ഥാനേ
കുട്ടിച്ചാത്തനമർന്നുതുടങ്ങും
വിളവുകളൊന്നുകുറഞ്ഞുതുടങ്ങും
കളവുകളൊന്നുമുഴുത്തുതുടങ്ങും
വിലയുംപാരമിടിഞ്ഞുതുടങ്ങും
മലയുംകാട്ടുമുരത്തുതുടങ്ങും
നിലയുംവിട്ടുമനുഷ്യരശേഷം
വലയുംകലിയുഗമേറെമുഴുത്താൽ
കളമൊഴിമാരുടെതലയുംമുലയും
വളയുംതളയുംകളിയുംചിരിയും
വളയുംപുരികക്കൊടിയുംകണ്ടിഹ
വലയുംവലയതിൽമാനുഷരെല്ലാം
യജമാനനൊരുചെകതിപിണ്ണപ്പൻ
പ്രജകൾക്കൊക്കെമനസ്സുതുടങ്ങും,
യജനംചെയ്തുജഗത്തുപുലർത്തും
ദ്വിജവരവൃത്തികൾചെയ്തുതുടങ്ങും
രാജസമീപേചെന്നൊരുകൂട്ടം
ഏഷണിപറവാനാളുകളേറും
ഭോജനമാത്രംകിട്ടുന്നവനൊരു
രാജാവെന്നുനടിച്ചുതുടങ്ങും,
ഭീഷണമുള്ളൊരുസ്വപ്നംകണ്ടാൽ
ഭാഷിപ്പാനങ്ങാർത്തുതുടങ്ങും
ഭൂഷണമണിവാൻവകയില്ലാഞ്ഞാൽ
മോഷണമൊരുവകചെയ്തുതുടങ്ങും;
വല്ലഭിമാരുടെവീട്ടുപുലർത്താൻ
ഇല്ലംപണയംവച്ചുതുടങ്ങും
നെല്ലുംപണവുംപൊന്നുംപാത്രവു-
മില്ലെന്നാമിനിമിടിവസേലിവരസ
ചൊല്ലുംപലവിധമപരാധംപലർ
കൊല്ലുംപശുവിനെമടികൂടാതെ
തെല്ലുംനല്ലൊരുസാധുജനത്തെ
തെല്ലുംദയവുംമാനുഷനില്ല;
പുല്ലുംപുഴുവുംഭൂമിയിലിങ്ങു
മെല്ലെന്നങ്ങുനടന്നുതുടങ്ങും;
ചൊല്ലുന്നതിനെകേട്ടുനടപ്പാൻ
വല്ലഭമുള്ളവരില്ലെന്നാമേ;
മൂത്തുതുടങ്ങുംകപടതയിന്നിമേ-
ലോത്തുതുടങ്ങുംശൂദ്രാളികളും
ഓത്തുതുടങ്ങുംവിപ്രന്മാരു
പേത്തുതുടങ്ങുംമററുള്ളവരും
ചേത്തുതുടങ്ങുംവികടസരസ്വതി
കൂത്തുതുടങ്ങുംമോഹാളികളും
ചേത്തുതുടങ്ങുംദ്രവ്യത്തിൽകൊതി
പാത്തുതുടങ്ങുംവരവുംചിലവും
പാത്തുതുടങ്ങുംനെല്ലുംപണവും
ആത്തുതുടങ്ങുംപലരുംകൂടി-
പ്പാത്തുതുടങ്ങുംകത്തികവരാൻ
ചീത്തുതുടങ്ങുംദുഷ്കപികെട്ടി
തീർത്തുതുടങ്ങുംദുഷ്ടജനങ്ങൾ
ആർത്തിവളർന്നുംപൂർത്തിതളർന്നും
കീർത്തികുറഞ്ഞുംപൂർത്തമറിഞ്ഞും
വൃത്തിപെരുത്തുംകത്തിയെടുത്തും
തത്രജഗത്തുവിയർത്തുകയർത്തും
ക്രുത്തുവരുന്നൊരുജാതികളിനിമേൽ
വ്യാധിപിടിച്ചുകിടക്കുംചിലരുടെ
നാഡിപിടിച്ചുനടക്കുംപലരും
സാധിക്കരുതാതുള്ളതിമോഹം
ബാധിക്കുംചിലമർത്ത്യജനാനാം,
അപമൃത്യുക്കളുമവതാളങ്ങളു-
മപമാനങ്ങളുമുണ്ടായ് വരുമേ
വിശ്വജനത്തിനുമീശ്വരനെന്നൊരു
വിശ്വാസത്തിനുകുറവുതുടങ്ങും
കുടിലന്മാരും ജടിലന്മാരും
കുരുടന്മാരുംജരഠന്മാരും
കുരയന്മാരും കുനയന്മാരും
പലവിധമുണ്ടായ് വരുമിനിമേലിൽ,
ഈശ്വരകോപമറിഞ്ഞാൽപിന്നെ
വാശ്ശുള്ളൊരുപേക്ഷതുടങ്ങും
വരവുംതരവുംജനവുംധനവും
മനുജരിൽവച്ചുതിനീചന്മാരും,
മനുജപുഴുക്കൾകേറിച്ചമയും
മതിയുംകൊതിയുംഅതികപടങ്ങളു-
മതിമായിട്ടുബുധന്മാർക്കുളവാം;
ഗതിയില്ലാത്തജനങ്ങളിലൊരുകൃപ
മതിമാന്മാർക്കിനിവരികില്ലരച!
അമ്പലമെന്നുമറന്നതിനുള്ളിൽ
തമ്പലമിട്ടുമിന്നിമടിക്കൂടാതെ
ചെമ്പുപൊളിച്ചുപചിരാവുതുടങ്ങും
അമ്പലമുടയവർപുകയിലതിന്മാൻ;
ലന്തപറങ്കിയുമിങ്കിരിയേസും
ബന്ധുവതാമിനിയരചന്മാർക്കും
ഗ്രന്ഥികളൊന്നുകുറഞ്ഞുതുടങ്ങും
ഗ്രന്ഥമെഴുത്തുംനാസ്തിയതാമേ!
ശാസ്ത്രികളെന്നൊരുഭാവത്തോടേ
ശാസ്ത്രമെടുക്കുംപകൽകഴിവോളം
രാത്രിയടുത്താലവരെപ്പിന്നെ

ക്ഷേത്രംതന്നിലൊരേടം കാണാം
ഇത്രയുമനിഷ്ടഫലപ്രദകലിബല-
മത്രജനങ്ങളുണർത്തിച്ചീടാം;
ഉലകുടെപൊരുമാള്ളൊന്നറിയേണം
കലിയുടെദോഷംതീരണമെങ്കിൽ
വലിയൊരുകഥയിതുനളനുടെചരിതം
കലിതകുതൂഹലമുരചെയ്തീടാം,
ഫലിതംകേറയുമതെങ്കിലുമോർത്താൽ
കലിമലഹരമെന്നൊരുഗുണമധികം
പലരുമെനിക്കുസഹായിച്ചീടിൽ
ഫലമിതുകേട്ടുചുരുക്കിപ്പറയാം.
കരുണാമൃതരുചിവദനമരേശൻ
തരുണാരുണഗുണഗുരുകരസാരൻ
തരുണാംബുജദളനയനൻസുരവര
തരുണാസമധനവിതരണശീലൻ
കരുണാമലജലവരുണാവാസൻ
ഹരിണാന്തകബലഹരിണാംവാസൻ
ഹരിണാങ്കാടക പരിണീശോഭിത
ചരണായംഭുവിഹരിണാസദൃശൻ
ചരണാംബുജയുഗശരണാഗതജന
ശരണായ തനവകരുണാധരണൻ
മരണംഭവഭയഹരണാലികരൻ
കരുണാകരഗുരുകരുണാശരണൻ
ധരണീപതികുലധരണീയരുടെ
ധരണിധരിപ്പോരുധരണീപാലൻ
ധരണീവിലസിതതരുണീമാനസ
ഹരണീകൃതതനുധരണീമദനൻ,
അളകാപതിസമ്പന്നതരവിഭവൻ
അളകാഞ്ചിതസ്ഫുടനിടിലകലാപൻ
നളകുബരനെക്കാളതിസുഭഗൻ
നളനെന്നൊരുനൃപനുളവായ്‌വന്നു,
നളിനകുലാരികുലാലംകരണൻ
കളമധുരാകൃതിനിഷധനരേന്ദ്രൻ
കളകളരവധനദാംബരഭൂഷണ-
ലളിതകളേബരനതിസുകുമാരൻ
കളിയൊടുനിഷധപുരേപുരമോദാൽ
കളിരുചിതേടിവളർന്നതുകാലം
കളമൊഴിമാരുടെകരളിൽപരിചൊടു
കമലാരാത്തിവളർന്നുതുടങ്ങി,
മെല്ലത്തെളിവിലാസിനാപനിമതിരുചിയാൽ
വെളുവെളെവിളയാടീടിനഗാത്രേ
തളിരുളമകടമണിഞ്ഞുനരേന്ദ്രൻ
കളികൾക്കാടിനടക്കുന്നേരം,
നളിനസരസ്സിന്നരികേനല്ലൊരു
പുളിനാന്തത്തിൽചെല്ലുന്നേരം
നളിനംതന്നിലുറങ്ങീടുന്നൊരു
കളഹംസത്തെക്കണ്ടുനരപൻ,
പങ്കമകന്നൊരുതങ്കംപൊന്നിനൊ-
ടങ്കംപൊരുതുമൊരംഗപ്രഭയും
കുങ്കുമനിറമാംചിറകുംകൊക്കും
പങ്കജരുചിരംചരണദ്വയവും

കണ്ടതുനേരംനൃപനകുതൂഹല-
മുണ്ടായ്‌വന്നുമനതാരിങ്കൽ;
കൊണ്ടാടിയവൻകരകമലത്താ-
ലൊണ്ടുപിടിച്ചുമുറുക്കിക്കൊണ്ടാൻ
അരചൻചെന്നിഹതൊട്ടതുനേരം
അരയന്നംതാൻസംഭീതിയൊടന്നു
“അരുതരുതെന്നെക്കൊല്ലരുതേ,” നാം
തെരുതെരെയരയന്നംപറഞ്ഞുതുടങ്ങി,
അപരാധത്തെച്ചെയ്യാത്തവനെ
കൃപകൂടാതെവധിച്ചെന്നാകിൽ
നൃപതേ! നിന്നുടെനാട്ടുംധനവും
സപദിനശിക്കുമതോർത്തീടേണം.
പക്ഷികളെക്കൊലചെയ്തൊരുമാംസം
ഭക്ഷിപ്പാനൊരുകൊതിയുണ്ടെങ്കിൽ
ഇക്ഷിതിയിൽപലപക്ഷികളുണ്ടു
ഭക്ഷിച്ചാലുംമതിവരുവോളം
മാനത്തങ്ങുപറന്നുനടക്കും
ഞാനെന്തൊരുപിഴചെയ്തുനിങ്കൽ?
മാനസകുലവരമകുടമണേ! നീ
ഹാനിനമുക്കുവരുത്തീടൊല്ല
എല്ലുംതോലുംചിറകുംകൊക്കുമി-
തെല്ലാംനീക്കിയെടുക്കുണ്ടാൽ
തെല്ലുഭുജിപ്പാനുണ്ടെന്നാം ഫല-
മില്ലെന്നുംവരുമെന്നുടെമാംസം,
എന്നുടെമാതാവിന്നുവയസ്സോ
മുന്നൂറെറുപതിലിപ്പുറമല്ല
എന്നുവരുമ്പോളവളുടെദുഃഖ-
മതെന്നുരചിക്കാംനിഷധനരേന്ദ്ര!
നിന്നുടെകയ്യാൽമരണംവരുമെന്നി-
എന്നശിരസ്സിൽനമുക്കുണ്ടെങ്കിൽ
എന്നുമൊരുത്തനുമാവതുമില്ലതു
വന്നുഭവിച്ചാൽഖേദവുമില്ലാ,
എന്നുടെപിടയുംതനയന്മാരും
നമ്മുടെകുലവുംബന്ധുജനങ്ങളും
അമ്മയുമച്ഛനുമെന്നിജനന്മാരും
കർമ്മബലാലീതുകാലമൊടുങ്ങും,
അന്നത്തരുണികൾപരിചിയുംനമ്മുടെ
കന്നൽക്കുളുർമൊഴികാന്തയുമിപ്പോൾ
എന്നുടെവരവുംനോക്കിപ്പരിചിനൊ-
ടുന്നതശിഖിയിലിരുന്നീടുന്നു,
അയ്യോ! നരവര! സാഹസമിങ്ങിനെ
ചെയ്യരുതേദുരിതംവരുമെന്നാൽ
പൊയ്യല്ലെന്നുരപൊഴുതതിലുപരിഭവ-
മിയ്യൽകണ്ണാകെനനക്കുമൊരെങ്കൽ
കെന്നാലുപചിതിന്നാൽപോലുട-
നെന്നൊരുവല്ലതുംമൂഢതയുണ്ടെ-
ന്നിന്നുടെകരളിലതുകരുത്തും
മനസിൽമികച്ചൊരുബുധനല്ലേനീ?
അവനുടെവാക്കുകളിങ്ങനെകേട്ടു
കുവലയനയനൻനളനരപാലൻ
ശിവശിവയെന്നുനരയന്നത്തെ

ജവമൊടുവിട്ടരചെയ്താളക്കാ
കനകമയാകൃതി യാകിയനിന്നെ
കനിവൊടു കണ്ടതുകൊണ്ടകതാരിൽ
പ്രീനതരമായൊരു കൗതുകമുള്ളവനായ്
മനസാ വാചാ സത്യം തന്നെ,
ക്ഷോണീതലങ്ങളിലിങ്ങിനെയൊരു പക-
കാണുന്നില്ലിതുകൊണ്ടു ഭവാനെ
പാണിതലത്തിലെടുപ്പാൻ മോഹം
പ്രാണവധത്തിനു ഭാവിച്ചില്ലേ
മന്നവനിങ്ങിനെയുരചെയ്തപ്പോൾ
അന്നം ധരണിയിൽ നിന്നെഴുന്നീറ്റു,
ഒന്നു കുടഞ്ഞു ശരീരമശേഷം
തന്നുടെ ചിറകം വീശിയിരുന്നു
ചിറകിന്നകത്തു കടിച്ചു കിടക്കും
ചെറുപേൻ കൊതുകുകൾ ഈച്ചകൾ പുഴുവും
തിറവിയ കൊക്കുകൾ കൊണ്ടു കടിച്ചു
കൊറുകൊറെയങ്ങു കെറിച്ചുതുടങ്ങി
ഒരു കാൽ കൊണ്ടു ശിരസ്സിൽ പാരിച്ചൊട്ട
ചൊറികിത്തത്തിനടന്നുതുടങ്ങി
നരവരനാകിയ നളനുടെ മുമ്പിൽ
തരസാ നിന്നു പറഞ്ഞുതുടങ്ങി.

ശ്രീമൻ! നൈഷധഭൂപതേ! തവ യശോ
ഗായന്തി ദേവാംഗനാഃ
ഹേമാംഭോജരജോവിരാജിതഗണൈ-
രാകാശഗംഗാതടേ
യാവത്താവദസാവമന്ദവിലസ
ന്മന്ദാക്ഷമന്ദാകൃതാ
മന്ദാരദ്രുമവാടികാഹിദയതഃ
കാരുണ്യവാരാന്നിധേ!

പാർത്ഥിവ! നിന്നുടെ വാക്കുകൾ കേട്ടു
കൃതാർത്ഥതയിങ്ങു വരുത്തീടേണം
ആർത്തിജനത്തിനു മതിയാംവണ്ണം
അർത്ഥമെടുത്തു കൊടുക്കണനിന്നുടെ
കീർത്തി വളർന്നു വളർന്നു പരക്കെ
പാർത്തലമാകെ നിറഞ്ഞു സമന്താൽ
പാർത്തിരിയാതെ വളർന്നു സുരേന്ദ്ര
തീർത്ഥമതാകിയ ഗംഗാപുളിനേ
വാർക്കളിവക കീർത്തനമാക്കി
ന്നീർത്തുതുടങ്ങീ സുരനാരികളും
പാർത്തലവാസികൾ മറ്റുള്ളവരുടെ
കീർത്തികളെല്ലാം നേർത്തു ചമഞ്ഞു
ധൂർത്തുള്ളതു പൊഴുതമരതരുക്കൾ
ക്കാർത്തി പിടിച്ചുതുടങ്ങി പരക്കെ
ചീർത്തൊരു നാണം കൊണ്ടു ശിരസ്സുകൾ
താഴ്ത്തിക്കാമചിവാണീടുന്നു.
പൂർത്തം പെരുത്തൊരു ചാരുതയാമല
മൂർത്തേ! ജയ ജയ നള നരപാല
രാജസ്തുതിയുടെ പൊരുളീവണ്ണം
യോജിപ്പിച്ചു പറഞ്ഞരയന്നം
രാജമനസ്സു കളിപ്പാൻ പുനരിഹ
വ്യാജവിഹീനം കഥനം ചെയ്തു.

നിഷധകുലകമലവനദിവാകര ഭൂപതേ!
നീതിശാസ്ത്രാംബുധേ കേൾക്ക മമ വാക്കുകൾ
വിഭവമൊടു വിലസിന വിദർഭമണ്ഡലേ
വീരനാം ഭൂമിപാലൻ തന്റെ പുത്രിയായ്
സുദതി ദമയന്തിയെന്നുണ്ടൊരു കന്യകാ
സുന്ദരികളിന്നവളെ വന്ദിക്കുമാകവേ
നിറമുടയ തലമുടി ചുരുണ്ടു നീണ്ടങ്ങിനെ
നീലമേഘങ്ങൾക്കു തോലിനൽകുന്നിതേ
കുറുനിരയുമൊരു കുറിയുമൊരു നിടിലഭംഗിയും
കുത്താട്ടുമോമനച്ചില്ലിവില്ലാട്ടവും
കമലദളവിമലചലലോചനദ്വന്ദ്വവും
കാമാസ്ത്രതുല്യകടാക്ഷവീക്ഷണങ്ങളും
തിലകുസുമസമസുഷമനാസികാശോഭയും
തിങ്കളോടൊക്കും കപോലസ്ഥലങ്ങളും
മധുമധുരമൃദുലതരമധരസൗഭാഗ്യവും
മാതളീമൊട്ടിനോടൊത്ത ദന്തങ്ങളും
വലയകലകിലുകിലിതകരയുഗളവല്ലിയും
വാഴ്ത്തിസ്തുതിപ്പാൻ നമുക്കെളുതല്ലെടോ!
കൊങ്കനടുവുമതിചികുരകചിതവിലാസവും
കോമളാഡംബരം കാഞ്ചീകലാപവും
കദളിയൊടുമുട്ടതയൊടുകലഹമിക്കുന്ന
കാതുണ്ടു ഭാവിതോ! കണ്ടാൽ മനോഹരം
ശശിയൊടെതിർപൊരുതു ചിതമേറുന്നവക്ത്രവും
ശംഖിനോടൊക്കുന്ന കണ്ഠപ്രദേശവും
മലകളോടു ചല പൊരുതു കലഹം ചിതേടുന്ന
മാറത്തു തിങ്ങും കുചങ്ങടെ ഭംഗിയും
കിളികളോടു കളിവചനമിളിയുമൊരു വാണി
കീർത്തിപ്പതിന്നു ഞാൻ ശക്തനല്ലെടോ! [ധ്രുവം
ചലവടിവും വന്നു ചമഞ്ഞു
തലമുടിയും വന്നു തികഞ്ഞു
മുലയിണയും മാറു കവിഞ്ഞു
മലർശരനും മെല്ലെയണഞ്ഞു
ശിശുതകഴിഞ്ഞു വശതകഴിഞ്ഞു
മറവുമൊഴിഞ്ഞു മനമതഴിഞ്ഞു
കിളിമൊഴി താനൊന്നു ചകന്നു
വള്ളിപുതുമല്ലാശുതവളർന്നു
കളിവചനമപ്രൗഢിമുതിർന്നു
നളനുചരിതകഥയുയർന്നു
മിഴികൾ വിടർന്നു വഴിയിചമഞ്ഞു
അഴകകലർന്നു കഴലിണചേർന്നു
പ്രിയസഖിമാരോടു മിണങ്ങി
പ്രിയതമനെച്ചിന്ത തുടങ്ങി
പ്രിയമധുരം വാക്കിലിണങ്ങി
പ്രിയമിഥുനമോർത്തു വണങ്ങി
കഥകൾ തുടങ്ങി കാപട്യമടങ്ങി
കളികൾ തുടങ്ങി കമനി വിളങ്ങി
പലചരിതം കേട്ടു രസിച്ചും
പലസുഖവും വന്നനുഭവിച്ചും
പലപദവും കേട്ടു രസിച്ചും

പലഗുണവുംചേൎന്നുവസിച്ചും
മദനനുമിച്ചുമദമതിളച്ചു
മനസിരസിച്ചങ്ങവിടെമറച്ചും.
　　മന്നുടെസോദരിയാകിയകന്യ
ദമയന്തിക്കുവിവാഹമടുത്തു
കമലവിലോചനയാളെനിനച്ചാൽ
ഭുവിയിലതിന്നൊരുപുരുഷരുമില്ല
മലർശരപരവശരായ്പുനീടിന
പലപലനൃപതികളുമവളെലഭിപ്പാൻ
പരതരമങ്ങുപ്രയത്നംചെയ്തു
ഫലമതുപിന്നെക്കണ്ടാലറിയാം
ഒരുവൻകൊണ്ടുതിരിക്കുംമുമ്പേ
തരസാചെന്നവശത്താക്കേണം,
തരുണിമണിക്കിഹതരമായിട്ടൊരു
പുരുഷൻധരണിയിലില്ലചുരുക്കം
മന്നിൽപലപലമന്നവരുണ്ടതി-
ലൊന്നുമവൾക്കിഹസമ്മതമല്ല
നിന്നോടുകൂടിരമിപ്പാനിന്നാ ഭഗതി
വന്നുഭവിക്കിലതവളുടെഭാഗ്യം.
ഇത്തരമുരചെയ്തരയന്നത്തോടു
ഉത്തരമരുളീനളനരപാലൻ
"ഉത്തമനാകിയകളഹംസസഖേ!
ചിത്തസുഖംമമനിന്നുടെവാർത്താ
കനകാഭമനാകളേബരനാംനീ
കനിവൊടതിങ്കലിറങ്ങീടേണം
പനിമതിമുഖിയെനമുക്കുലഭിപ്പാൻ
മനംതെളിഞ്ഞിഹപണിചെയ്താലും,
നിന്നുടെകൃപയുണ്ടെന്നുവരുമ്പോൾ
ഒന്നുമെനിക്കുവരാത്തതുമില്ലാ
എന്നുടെവാർത്തകളിന്നവളോടു
ചെന്നുപറഞ്ഞുധരിപ്പിക്കേണം'
നന്നിമനസ്സുതെളിഞ്ഞരയന്നം
മന്നവനോടുരചെയ്തുതുടങ്ങി
നിന്നുടെവചനംകേട്ടുനടപ്പാ-
നെന്നുമിനിക്കൊരുസംശയമില്ല.
അറിയാംനാലുദിനത്തിലതപ്പുറ-
മറിവുള്ളരചാപൊളിയല്ലേതും,
കൂനാലുകഴികേകാണാമെന്നൊരു
കുറിയുംവെച്ചുതിരിച്ചിതുഹംസം
കുണ്ഡിനനഗരംനോക്കിപ്പരിചിനൊ-
ടണ്ഡജനാശുപറന്നുതുടങ്ങി
അണ്ഡജഗമനംകണ്ടാലൊരുശശി-
മണ്ഡലമെന്നിഹതോന്നുംഗഗനേ
　　പിടിച്ചുഗഗനത്തിൽതിരിച്ചുകളഹംസം
സ്മരിച്ചുനളനെയുംധരിച്ചുഹൃദയത്തിൽ.
കടന്നുപലദിക്കുംനടന്നുഖിരവോടെ
എങ്ങുംനഗരങ്ങൾമരങ്ങൾകിടങ്ങുകൾ
പടങ്ങൾവിപിനങ്ങൾതടങ്ങൾതടാകങ്ങൾ
തുടങ്ങിപ്പലവസ്തുകടന്നുപറക്കുമ്പോൾ.
　　നാടുകൾകണ്ടുവീടുകൾകണ്ടു
കുടികൾകണ്ടുകോട്ടകൾകണ്ടു
ചാടുകൾകണ്ടുപോടുകൾകണ്ടു
ചോടുകൾകണ്ടുവീടുകൾകണ്ടു
വീടുകളിൽചിലനായന്മാരുടെ
മൂഢതകൊണ്ടൊരുഘോഷംകണ്ടു
അച്ചികളോടുകലമ്പിച്ചിലകല-
മ്പെച്ചിലിലിട്ടുതകർക്കിണകണ്ടു
കച്ചകൾപുടവകളൊരുവൻചെന്നു
വലിച്ചുകരിച്ചുതിരിച്ചതുകണ്ടു,
ഇല്ലംകൊണ്ടൊന്നവളെത്തല്ലി
പല്ലുതകർത്തൊരുപങ്ങച്ചാരുടെ
തള്ളകയർത്തൊരുലക്കയെടുത്തു
ചെല്ലയ്യോന്നുചിമുക്കിണകണ്ടു
മറ്റൊരിടത്തൊരുഘോഷംകണ്ടു
തെറ്റെന്നവിടെച്ചെന്നരയന്നം
മുറ്റത്തുള്ളൊരുതെങ്ങിൻമുകളിൽ
പാറിച്ചെവിയുംപാർത്തുവസിച്ചു
നായർവിശന്നുവലഞ്ഞുവരുമ്പോൾ
കായക്കഞ്ഞിക്കരിയിട്ടില്ല
ആയതുകേട്ടുകലമ്പിച്ചെന്നാ-
ണായുധമുടനേകാട്ടിലെറിഞ്ഞു
ചുട്ടുതിളയ്ക്കുംവെള്ളമശേഷം
കുട്ടികൾതന്നുടെതലയിലൊഴിച്ചു
കെട്ടിയപെണ്ണിനെമടികൂടാതെ
കിട്ടിയവടികൊണ്ടൊന്നുകിടച്ചു
ഉരുളികൾകിണ്ടികളൊക്കെയുടച്ചു
ഉരലുവലിച്ചുകിണറ്റിൽമറിച്ചു
ചിരവയെടുത്തഥതീയിലെരിച്ചു
അരകല്ലങ്ങുകുളത്തിലെറിഞ്ഞു
ഒരുത്തൊന്നരിശംതീരാഞ്ഞവന-
പ്പുരയുടെചുറ്റുംമണ്ടിനടന്നു,
അരയന്നംപുനരതുകണ്ടുടനേ
ഹരഹര!ശിവശിവ!യെന്നുപറഞ്ഞു
ഒരുനാഴികവഴിചെല്ലുന്നേര-
ത്തരികേനല്ലൊരുപെരുവഴികണ്ടു,
അരയാലുകളുംപേരാലുകളും
അരമനതെരുവുകളങ്ങാടികളും
മരവുംനല്ലനടക്കാവുകളും
പുരവുംപുഴയുംവഴിയമ്പലവും
നറുമലർവിലസിനപൂങ്കാവുകളും
തറകളുമന്തണമത്താണികളും
കിണറുംതളവുംതളവുംകുളവും
തണലുംമണലുംമണിഗോപുരവും
അണയുംതോറുംതുളസിത്തലങ്ങളെ
മണവുംഗുണവുമിതെത്രമനോജ്ഞം
അമ്പലമവിടെക്കണ്ടുതുടങ്ങി
വൻപടഹധ്വനികേട്ടുതുടങ്ങി
കമ്പവിളക്കുകൊളുത്തിവിളങ്ങീ
വമ്പുരപലതുംകണ്ടുതുടങ്ങീ,
കൊടിയേറുണ്ടിഹവിഷ്ണുക്ഷേത്രേ
കൊടിമരമുയരെക്കാണാകുന്നു
തടിയന്മാർപലരുണ്ടുവരുന്നു

കൊട്ടിയമഹോത്സവഘോഷംകാൺമാൻ
എന്നുമനസ്സിലുറച്ചരയന്നം
ചെന്നരയാലിൻമുകളിലിരുന്നു
അന്നേരംപലദിക്കീന്നുംചിലർ
വന്നുതുടങ്ങിനിരന്നുതുടങ്ങി,
ആൽത്തറമേൽചിലർവന്നുകരേറി
പാർത്തുതുടങ്ങീഘോഷംകാൺമാൻ,
ആർത്തുവിളിച്ചുകളിച്ചുപുളച്ചിഹ
പാത്തലവാസികൾവന്നുനിറഞ്ഞു
ഇളകിനനരവരപടയുംചില
വെള്ളവെളെവിലാസിനകടയുംപല
കളമൊഴിമാരുടെനടയുംചെറു
കിളികളുമവരുടെപിടയുംചില
കരികളുമവരുടെപിടിയുംപല
പരിമളമിളകിനമുടിയുംചില
കലഹവുമുടനുടനടിയുംചില
പുരികളിലനവധികൊടിയുംപല
പലദിശിപൊട്ടുപൊടിവെടിയുംനറു
മലരതിലതിമുട്ടുപൊടിയുംപുന-
രൊരുവകതടവടിപിടിയും
കൊട്ടുംകുഴൽവിളിയുംമുട്ടുംകുറവില്ലുരം
ഞ്ചിട്ടുമന്നജർചെവിപൊട്ടുംപരിചിനോടേ
തട്ടുംമുകളിൽചിലകോതികിട്ടുംപ്രയോഗംകണ്ടി-
ട്ടൊട്ടുംവിരുതുചിലരിട്ടുംപഴുതുകില്ലാ,
പട്ടുംപുടവമലർമൊട്ടുംതരിവളയു-
മിട്ടുംകൊണ്ടൊരുകൂട്ടംവാട്ടംകലരുമാല-
വട്ടംകുടതഴയുംവട്ടംപടവാളികൾ
ചട്ടംപലതരങ്ങൾചട്ടംതെളിഞ്ഞരിയും
വെട്ടങ്ങളുടെനല്ലവട്ടങ്ങളൊരുദിശി
പട്ടന്മാരുടെപലകൂട്ടങ്ങളോരോദിശി
ബാലതരുണികളുടെനീലതലമുടിയും
ചേലൊത്തമുലകളുംഫാലതിലകങ്ങളും
ചേലുതരങ്ങളുട്ടത്താലോലമിഴികളും
ആലാപവടിവുകളുംമേലേകണ്ടൊരുകൂട്ടം
ബാലപ്പുരുഷർചെന്നുനാലുവശത്തുംനിന്നു
ആലോകിച്ചോരോരോകേളീജാലങ്ങളോരോദിശി
ആനക്കഴുത്തിൽഭഗവാനെഎഴുന്നള്ളിച്ചു
നാനാപടഹങ്ങളുംസേനാപടജ്ജനവും
ആനന്ദംവരുത്തുന്നഗാനങ്ങളോരോദിശി.
ഇങ്ങനെപലവിധമുത്സവഘോഷം
തിങ്ങിനമോദാൽകണ്ടരയന്നം
അംഗനമാരുംപുരുഷന്മാരും
അങ്ങൊരുദിക്കിൽവന്നതുകണ്ടാൻ
നെടുതായുള്ളമണപ്പാടൻമു-
ണ്ടടികവിയോളംഞൊറിയുടുത്തൊരു
വടിയുംകയ്യിലെടുത്തുവരുന്നൊരു
തടിയൻപുറകെഒരുത്തിയുമുണ്ടു്
ചെണ്ടക്കാരൊടുകല്പനപറകയു-
മുണ്ടൊരുദിക്കിൽകേൾക്കാകുന്നു,
"മാരായന്മാരൊന്നറിയേണം
നാരായണനുടെകൊടിയേറുന്നാൾ
നേരായുള്ളൊരുപാണിപിഴച്ചാൽ
തീരാത്തുള്ളൊരുകുറ്റംവരുമേ
ശങ്കിപ്പുരിഷകൾപലരുംകൂടി
ശങ്കതുടങ്ങിമടങ്ങിപ്പോയാൽ
ചെണ്ടക്കാരേ!നിങ്ങടെകൈവിരൽ
കണ്ടിച്ചെറിവാൻകല്പനവരുമേ
തിമിലയെടുത്തുനടപ്പവൻനമ്മുടെ
കോമരിക്കിന്നിഹശരിയല്ലാരും
കുഴലുവിളിച്ചുഫലിപ്പിക്കുന്നതു
കിഴവച്ചാരതുമതിയാക്കേണം
നമ്പൻവേണംകൊമ്പുവിളിപ്പാൻ
വമ്പനതിന്നൊരുമുൻപൻതന്നെ
കാളമെടുത്തുവിളിക്കണമെന്നാൽ
കേളനെവച്ചിട്ടൊരുവകയില്ല
മേളംകൂട്ടുകിലങ്ങവനല്പം
താളംതെറ്റുമതുണ്ടൊരുദോഷം
ചേങ്ങലകൊണ്ടൊരുവട്ടംനില്പാൻ
ചങ്ങോതിക്കൊരുവാസനയില്ലാ,
സകലജനങ്ങടെനടുവിൽചെന്നഥ
തകിലുതകർത്തുതുടങ്ങുന്നേരം
അകലെപ്പോമവർതങ്ങടെചെവിയിൽ
തുകിലുംതുറുവിറച്ചുതുടങ്ങും
പുതുവാളെന്നൊരുചിലപാവമുണ്ടു
പുതുതായുള്ളവിധങ്ങളെടുപ്പാൻ
പുതുവന്മാരുടെയാളായതിനാൽ
പുതുവാളെന്നൊരുപേരവനുളവായ്
അതിയായിട്ടവനിവിടെപ്പോരേണ്ടാ
മതിയാമവനുടെവിരുതുകളെല്ലാം
കൊച്ചൻനിന്നിഹശംഖുവിളിച്ചാൽ
അതിനുംപിന്നെവിരോധംവേണ്ട
പാട്ടിനുപേചരമിടയ്ക്കക്കാരെ
കൂട്ടിക്കൊള്ളണമവരേവേണ്ടൂ
ഊട്ടിന്നവനുകിടക്കുന്നവരുടെ
കൂട്ടക്കാരെച്ചാർത്തുകയില്ല
മട്ടളമെന്നതുമൂന്നാലേറ
തല്ലുംവേണമതെട്ടോപത്തോ
അപ്പുറമുള്ളതുതിരിയെനടക്കാം,
തുടിയുംപടയുമുടുക്കുംവേണം
തടിയനതിങ്കൽമിടുക്കുംവേണം
ചെണ്ടക്കാരനടക്കംവേണം
കൊട്ടിനുനല്ലൊരുതട്ടകംവേണം
ഇങ്ങനെപലവിധമുത്സവഘോഷം
ഭംഗിയൊടവിടെക്കണ്ടരയന്നം
തിങ്ങിനകൗതുകമിയന്നുപറന്നു
അങ്ങുതിരിച്ചുപുനരതിവേഗം.
വിദഗ്ധനാകിയനളന്റെദൂതൻ
വിദർഭനൽപുരമടുത്തുകണ്ടു,
മദിച്ചുദന്തികൾനിറഞ്ഞുകണ്ടു
കുതിച്ചുചാടുംകുതിരകൾകണ്ടു,
മണിപ്പുരങ്ങളുമുയർന്നുകണ്ടു,
മണിഗൃഹങ്ങളുമണഞ്ഞുകണ്ടു,

തണ്ണീർചന്ദനമരങ്ങൾകണ്ടു,
മണ്ണത്തമേറിനവനങ്ങൾകണ്ടു
സ്ഥലങ്ങളുംതരുഫലങ്ങളും
ജലങ്ങളുംമണിനിലങ്ങളും
ബിലങ്ങളുംബലകലങ്ങളും
ധനങ്ങളുംമുനിജനങ്ങളും
മൃഗങ്ങളുംചിലനഗങ്ങളും
ശുകങ്ങളുംചിലപികങ്ങളും
ഝരങ്ങളുംപലനിരങ്ങളും
പാങ്ങളുംമണിപിറങ്ങളും
അഖണ്ഡിതായുധമുഖങ്ങളും
പറന്നുചെന്നുടനനേകവസ്തു
നിറഞ്ഞുകണ്ടിനവിഭൂതികൾ
ദമയന്തീടെസോദരിസഖിമാരോടും
കമലാസംസ്ഥിതനിശകനല്ലൊരു
രമണീയംകണ്ണമണിശിലമുകളിൽ
കാമിനികളിച്ചുവാപിസ്ഥന്നേരം
കളഹംസംചെന്നവളുടെമുമ്പിൽ
കളമധുരാകൃതിമെല്ലെയിറങ്ങി,
കളമൊഴിയോടുകളിച്ചുവസിച്ചഥ
കിളിയെപ്പോലെപറഞ്ഞുതുടങ്ങി.

പദം എരിക്കിലകാമോദരി.

"കല്യാണശീലേ! ബാലേ! നല്ലാരിൽമൌലി- [മാലേ!
ചൊല്ലുവൻഭീമനന്ദനേ!
മല്ലീശരസേനവില്ലിനെവെല്ലിന
ചില്ലീ! നിസ്തുലാംഗുലതേ! കേൾ
നല്ലവിശേഷംധന്യഗുണപതിവ്രതകന്യേ!
നളനെന്നൊരുസുന്ദരനുണ്ടു ഭൂതലേ
മന്നരിലവനോടുസദൃശനാമൊരു
മന്നവനില്ലസുശീലേ (കല്യാ)
ഈരേഴുലോകങ്ങളിലീരാജാവിനെപ്പോലെ
വീരനായാരുമില്ലെടോ!
നാരികളവരുടെഗുണഗണങ്ങൾസംകേട്ടു
പാരംമയങ്ങീടുന്നു
വില്ലാളിവീരനാകുന്നല്ലൊരുനളനുടെ
സല്ലാപപാകമോഹം
പല്ലവമല്ലതരമധുരമധുരതയും
അധരിതവിധുരിതവിധുവാംമുഖവും (കല്യാ)
മട്ടോലുംമിഴിയാളുഞാനേറവുംചിന്തിക്കുന്നു
മാനിയാംനൈഷധേശ്വരൻ
മാനിനി! നിന്നുടെവരനായിവരികി-
ലുരുതരസുകൃതമവനുംനിനക്കും (കല്യാ)
ചന്തോലുംമുലമാർക്കസന്താപംവളർക്കുന്ന
കാന്തികൾചൊല്ലാവല്ലെടോ!
സന്തതംപരിമളമിളകിനതലമുടി
ബന്ധനമതിഘനബന്ധുരമല്ലോ
കാമനുരതിപോലെരാമനുസീതപോലെ
സോമനുരോഹിണിപോലെ
കോമളവദനനാംനളനരപാലനു
ഭീമസുതേ! നീപ്രിയയായീടേണം (കല്യാ)

"കളഹംസംഞാനംബരചാരീ
നളനുടെദൂതനതോർത്തീടേണം
കളമൊഴിനിന്നുടെചരിതംകേട്ടിഹ
ചൊല്ലിയല്ലരചൻപരവശനായി
കാമശരാർത്തിപിടിച്ചുദഹിച്ചൊരു
കോമളതനുവാംനളനരപാലൻ,
താമരയിലകൾവിരിച്ചുശയിച്ചഥ
ഭൂമിയിലനിശമുറങ്ങീടുന്നു,
മട്ടുമലർപരിമളമേൽക്കുന്നേരം
കിട്ടുകിടെമേനിവിറച്ചീടുന്നു;
ഉടലിൽചന്ദനമണിയുന്നേരം—
ചുട്ടകനലെന്നുവന്നോർത്തീടുന്നു,
ശശിയുടെകാന്തികളാന്തിവരുമ്പോൾ
വിശറിയെടുത്തഥവീശീടുന്നു,
ആശ്രയപനിധിയാംസുന്ദരനൃപനെ
ശശിവദനേ! നീയോർത്തീടേണം,
അയ്യോ! കഷ്ടമവസ്ഥയിതൊന്നും
നീയറിയാഞ്ഞതിനെന്തിഹബന്ധം?
അവനുടെരൂപഗുണങ്ങൾനിനച്ചാൽ
ശിവശിവ! എന്തുമാത്രംപറയാം,
ഭുവനംമൂന്നിലുമോർത്തുവരുമ്പോൾ
അവനോടുസമമിന്നവനേയുള്ളൂ,
ആണുങ്ങളൊരുത്തരുമലർശരനിപ്പോൾ
നാണംകെട്ടൊരുകോണിലൊളിക്കും
ഏണാങ്കൻപുനരംബുദപടലേ
നൂണുനടപ്പതുകാണുന്നില്ലേ?
നളനുടെമുഖവുംചന്ദ്രനുമോർത്താൽ
വളരെവിശേഷംകാണ്മാനുണ്ടു
അളിനിറമായകളങ്കംകൊണ്ടൊരു
വെളിവൊരുനേരവുമിന്ദുവിനില്ല;
ഒളിമിന്നീടുമൊരധരപ്രഭയാൽ
നളനുടെവദനമിതെത്രമനോജ്ഞം!"
"ചഞ്ചൽപുരികുഴൽതഞ്ചുംനളനുടെ
കൊഞ്ചൽപൂണ്ടുമയൊടഞ്ചിതമാകിന
പുഞ്ചിരികണ്ടുടനഞ്ചിമയങ്ങിന
ചഞ്ചലമിഴികൾനെഞ്ചിൽപരിചൊടു
പഞ്ചായുധനുടെചഞ്ചൽക്കണകളു-
മഞ്ചുംകൊണ്ടുടനഞ്ചുംവിഷരസ
സഞ്ചിതപാവകവഞ്ചനയാലെരി-
യഞ്ചിതയുംചിലർവാഞ്ഛിക്കുന്നു,
ഏറാംപടകളിലൂറ്റതയുള്ളൊരു
മാറ്റാർപടയുംമറ്റങ്ങവരുടെ
ക്രൂരാർപടയുംമുറ്റുംനളനുടെ
ചുറ്റുംനിന്നുടനേറ്റുപിണങ്ങും
മാറ്റികളെല്ലാംതോറ്റുശരങ്ങളു
മേറ്റുമറിഞ്ഞങ്ങേറ്റംഭയമൊടു
കാറ്റത്തിളകിനപാറ്റകൾപോലെ
തെറ്റന്നടവികൾപാറീടുന്നു,
എട്ടുദിഗന്തരവട്ടംപൊരുതും
ദുഷ്ടരിപുക്കടെകോട്ടകളെല്ലാം
തട്ടിനിരത്തികെട്ടുകൾപലതും

മുട്ടിമുറിച്ചുടനിട്ടാലവയും
ചുട്ടുജയക്കഴനാട്ടിക്കാട്ടുകൾ
വെട്ടിമുറിച്ചും നാട്ടിൽ വിളങ്ങിന
പുഷ്ടികളുളവരുടെ വെട്ടിയടക്കി-
ച്ചട്ടം കെട്ടി നശിക്കുന്നൻ നളനുടെ
ചട്ടം കണ്ടവർ കൂട്ടത്തോടെ!
കെട്ടും കെട്ടി ക്കെട്ടിയ പെണ്ണും
കട്ടികളും ചില ചട്ടികളും ചില
പെട്ടികളും ചില പൊട്ടിയ കലവും
ചട്ടകവും ചില വട്ടികളും ചില
കൊട്ടകളെന്നിവ കെട്ടിപ്പേറി
കാട്ടിൽ പലപല കോട്ടിൽ നടന്നും
പട്ടികൾ പോലെ പട്ടിണിയിട്ടും
കഷ്ടമനർത്ഥപ്പെട്ടിടുന്നു,
അത്രപരാക്രമമുള്ളൊരു നളനാം
ധാത്രീപതികുലമകുടശിരോമണി
തത്രമനോഭവബന്ധം കൊണ്ടതി
മാത്രം പരവശനായീ സരസിജ-
പത്രേ വീണുമയങ്ങിടുന്നു
ഗാത്രം പോയി മെലിഞ്ഞിടുന്നു
മാത്രം ഭക്ഷണമെന്നതുമില്ലാ
അത്ര പകൽ നിഷധനരേന്ദ്രൻ
ധാത്രിയിലായീ ശയനവുമിപ്പോൾ
രാത്രിയിലല്പമുറക്കവുമില്ല
നേത്രജലങ്ങൾ പൊഴിഞ്ഞു വഴിഞ്ഞു
ഗാത്രം മുഴുവൻ മുഴുകീടുന്നു,
നളിനാസനനുടെ വാഹനമാകിന
കളഹംസം ഞാനംബുജനയനേ!
പൊളിവചനങ്ങൾ പറഞ്ഞിട്ടില്ലേ
കളമൊഴിയാളേ കരുതുകിതെല്ലാം.
പരിചോടരയന്നം പറഞ്ഞ മൊഴിയെല്ലാം
തരസാ ദമയന്തീ ധരിച്ചു ഹൃദയത്തിൽ
നളിനമുഖനാകും നളനെ നിരൂപിച്ചു
വളർന്നു കാമരസം തളർന്നു ശരീരവും
ഗളിച്ച കണ്ണുനീരിൽ കളിച്ചു വഴിപോലെ
മുളച്ചു കൗതൂഹലം ഇളച്ചു കളിയെല്ലാം
വിറച്ചു മുലരണ്ടും തറച്ചു മലർശരം
ഉറച്ചു പരിതാപം ഉണർച്ചക്ഷണനേരം
കയർത്തു മലരമ്പൻ വിയർത്തു മുഖമപ്പോൾ
നിറഞ്ഞ ലജ്ജയോടെ പറഞ്ഞു തുടങ്ങിനാൾ.
"കനകപക്ഷയാരുഹംസയുവാനാം ച
സ്സുനാവധി സുഖമൊടു സുരലോകങ്ങളിൽ
അനവരതം മരുവീടും നിന്നുടെ
കനിവു നിനച്ചുഹമുരചെയ്യുന്നേൻ:
മനസിജസുന്ദരനാകിയ നളനെ-
ന്മനസി കരേറി വസിച്ചീടുന്നു
മനുജശിരോമണിമാണിക്യം മമ
മനസിജതാപവുമുളവാക്കുന്നു;
നളനല്ലാതൊരു പുരുഷനിലെന്മന-
മിളകുകയില്ലതു ബോധിച്ചാലും!
നളനുടെ ഗളമതിൽ മാലയിടുന്നതി-
നെളുതായൊരു വഴി നിരൂപിച്ചാലും
ജനകനിതിങ്കലിരക്കീലെങ്കിലു-
മിനി മറ്റൊരുവനിനിക്കിഹ വേണ്ടാ;
കനകം കോരിച്ചൊരിയുന്നവനെയു-
മനുരാഗം മമ മനമതിലില്ലാ
എന്നുടെ പ്രാണനുമവനുടെ പ്രാണനു-
മിന്നു തുടങ്ങിയതൊന്നായ്വന്നു
സുന്ദരനാകിയ നളനെക്കാണ്മാ-
നെന്നു നമുക്കിഹ സംഗതിയുള്ളൂ?
അന്നപ്പരിഷയിൽ മികവുള്ളവനേ!
നിന്നെയൊഴിഞ്ഞൊരു ഗതിയില്ലഹമേ
എന്നുടെ വാർത്തകളൊന്നൊഴിയാതെ
മന്നവർമണിയോടറിയിച്ചാലും
എന്നെക്കാൾ ഗുണമേറും തരുണികൾ
മന്നിൽ പലവിധമുണ്ടെന്നാലും
എന്നെ വെടിഞ്ഞീടരുതെന്നരചനോ-
ടിന്നു ഭവാൻ ചെന്നുരചെയ്യേണം
ശരണം നീ മമ നളനെ വരുത്തി-
ത്തരണം വിരവൊടു മടികൂടാതെ
മരണമിനിക്കു വരുത്തും മുൻപേ
വരണം നരപതി വരണം ചെയ്വാൻ,
കരുമനപൊരുകിന കാമക്കള്ളനു
കരളിലൊരല്പം കരുണയുമില്ല
നരപതി വിരവിൽ വരവില്ലെങ്കിൽ
മരണമനംഗനെനിക്കു വരുത്തും.

പദം

"കളഹംസ കാരുണ്യരാശേ!
ലളിതാകൃതേ കളങ്കമെല്ലാമൊഴിക്കണേ
നളനാലെന്നെക്കൊടുക്കണേ
വിളംബിതത്തെക്കളഞ്ഞു നീ
തെളിഞ്ഞു നമ്മെത്തുണച്ചു നീ (കളഹംസ)
മനക്കുരുന്നു വെന്തുരുകീടുന്നു
നളനെത്തന്നെ നിനയ്ക്കുകമൂലം
മാൽ പെരുകീടുന്നു പിരിഞ്ഞിരിപ്പാൻ
ഇനിക്കു ധൈര്യം പോരം നേർത്തീടുന്നു മനസി മമ
നിനച്ചതെല്ലാം വരുത്തുവാൻ (കളഹംസ)
നിനക്കുപായം പെരുകയാൽ
തനിച്ചു നിന്നോടിരന്നു ഞാ-
നിനിച്ചിതം നീ വരുത്തുക (കളഹംസ)
അടുത്തു വന്നു നിന്നു കാമദേവൻ കുസുമബാണം
തൊടുത്തു കൊണ്ടൊന്നു തോന്നുന്നു
അതിനെയിന്നു തടുത്തു നിർത്ത-
നല്ല ഞാൻ പരമബന്ധോ? (കളഹംസ)
പടുതമേറും നരേന്ദ്രനോ-
ടടുത്തിവണ്ണം പറഞ്ഞു നീ
അടുത്ത നാളേക്കും പാരം
കടുത്ത താപം കുറയ്ക്കണേ (കളഹംസ)
നിറഞ്ഞ കാന്തികൾ കലർന്ന കാന്തൻ തന്റെ രൂപസൗ-
[ന്ദര്യം
പറഞ്ഞു കേട്ടു നേരം തന്നെ ഞാൻ കണ്ടതു പോ-
[ലെ.

അറിഞ്ഞിതെല്ലാമിന്നുരാജഹംസമേ! (കളഹംസ
അവന്റെ ചിത്തം മറിഞ്ഞുപോവാം;
തറിഞ്ഞവണ്ണമുണർത്തു നീ
പറഞ്ഞവാക്കിലൊരേടവും
കുറഞ്ഞുപോകാതുരയ്ക്കു നീ
കളഹംസകാരുണ്യരാശേ ചലിതാങ്കൃതേ!
ഭീമാത്മജയുടെവചനം കേട്ടതി
ധീമാനാമരയന്നം ചൊന്നാൻ,
"ഭൂമീപതിവരനായനളങ്കൽ
പ്രേമമുറച്ചോ? ശശധരവദനേ!
നിങ്കലുറപ്പുണ്ടെന്നതു വന്നാൽ
സങ്കടമില്ലിനിയൊഴിക്കുന്നേൻ താൻ
പങ്കജനയനേ നളനരപാലനു
നിങ്കൽകനിവിനുകുറവില്ലേതും
സ്ത്രീപുരുഷന്മാർക്കന്യോന്യം ഭാവി
ച്ചുപഗ്രഹണം രതികണ്ടുവരുമ്പോൾ
സന്ധിപറഞ്ഞിഹ ചേർച്ചവരുത്തും
ബന്ധുക്കൾക്കൊരു ക്ലേശവുമില്ല;
നീററിലിരിക്കും വെള്ളംതൻകൊരു
കാററുകണക്കെപിടിച്ചെന്നാകിൽ
തണ്ടുവലിക്കുന്നാളുകളെല്ലാം
രണ്ടാതേടെയിരുന്നാൽ പോരും
അമരക്കാരൻതലതെററാതെ
കിംചിത്സഹായം ചെയ്യാൽ കൊള്ളാം
ചാരത്തിനളയുഗളംചേർപ്പാൻ
ശ്രമമില്ലേതുമെനിക്കവിശേഷാൽ
ചുട്ടുപഴുപ്പിച്ചീടിനകനകം
കൂട്ടിവിളക്കാമെന്നുവരുമ്പോൾ
തട്ടാനരികിലിരുന്നതുതമ്മിൽ
കൂട്ടുകമാത്രം ചെയ്യാർപോരും,
എന്നതുപോലെന്തായതിതിങ്കൽ
സുന്ദരവദനേ പാണിചെയ്യുന്നാൻ
ഇങ്ങിനെനിന്നുടെഹൃദയമറിഞ്ഞാൽ
ചാതുരിക്കിനിയില്ലൊരുവികൃതി
ഇത്തരമുരചെയ്തരയന്നംതാൻ
സത്വരമങ്ങുപറന്നുതിരിച്ചു
ഉത്തമനാകിയനളനുടെമുമ്പിൽ
എത്തികഥകൾപറഞ്ഞറിയിച്ചു
ചൊൽക്കൊണ്ടീടിനഭീമനരാധിപ
നക്കാലംനിജകന്യകതന്നുടെ
യോഗ്യമതായസ്വയംവരഘോഷം
ശീഘ്രമുണ്ടോത്തമനാരംഭിച്ചു;
പത്തുമൊരെട്ടുംദ്വീപുകളുള്ളൊരു
ധാത്രിക്കോണുകൾവാണവസിക്കും
ധാത്രീപതികൾക്കെല്ലാംവിരവൊടു
പത്രികയെഴുതിയയച്ചുതുടങ്ങി,
നാരായണനുടെഭക്തരിൽമുമ്പാം
നാരദമുനിയുംപർവ്വതമുനിയും
പാരിടമഖിലംപുനരതുകാലം
പാരാതിരഞ്ഞുനടക്കുംസമയേ,
കലിടതടവിനധരണിയിലെങ്ങും
പടയുടെനാമംകേൾപ്പാനില്ല
ഉടനേമുനിവരരിരുവരുമങ്ങിനെ
നെട്ടവീർപ്പിട്ടുതിരിച്ചുനടന്നു
ഇരുവരുതമ്മിൽകലഹിക്കാഞ്ഞാൽ
ഒരുസമമെന്നതുനാരദനില്ല;
ഒരുവിധമേഷണിക്കൂട്ടുവതിന്നൊരു
പെരുവഴിനോക്കിനടക്കുന്നേരം
സരസിജമുഖിദമയന്തിനിമിത്തം
പരവശരാമിനിമന്നവരെല്ലാം
തരമിതുകൊള്ളാമിവിടെവരുത്തി
സ്സുരപതിയെക്കൊണ്ടൊന്നുമറിയ്ക്കാം
പലപലനൃപതികൾതമ്മിൽപെരുകിന
കലശലുമിവിടെവരുത്തീടാംഞാൻ
ഫലമിനിയവളുടെചരിതമിതെല്ലാം
വലരിപുതന്നോടറിയിക്കേണം
എന്നുമനസ്സിൽകരുതിമുനിമാർ
ചെന്നുസുരേശപുരാഗരംപുക്കു
ഇന്ദ്രനിരുന്നരുളുന്നൊരുസഭയിൽ
നന്ദികലർന്നെഴുന്നെള്ളിമുനിമാർ
ഝടുതിസുരോത്തമനെഴുന്നേററവരുടെ
അടിമലർതൊഴുതുവണക്കത്തോടെ
അടിമലർപൊടിനിജമുടിയിലണിഞ്ഞു
പട്ടതരപൂജകളുടനേചെയ്തു
കനകാസനമതിലവരെയിരുത്തി
കനിവൊടുവിശറിയെടുത്തഥവീശി
മുനിയുടെവചസാതാന്തമിരുന്നു
മനസിതെളിഞ്ഞുപറഞ്ഞുമഹേന്ദ്രൻ,
"നിങ്ങളെയവിടെക്കാണ്മാനധുനാ-
സംഗതിവരുമെന്നോർത്തില്ലേതും
ഞങ്ങടെസുകൃതംകൊണ്ടിനിമേലിൽ
മംഗലമനവധിവരുമിഹനൂനം
കണ്ണുകളായിരമുള്ളതുമിപ്പോൾ
നിർണ്ണയമഖിലംസഫലമതായി
പൂർണ്ണാനന്ദംമനസിഭവിച്ചു
കർണ്ണാനന്ദംപറകയുമല്ല,
അന്തകരിപുപദഭക്തമണേ! ഞാ
നന്ധതകൊണ്ടൊന്നുരചെയ്യുന്നേൻ
നിന്തിരുവടിയൊടുചോദിച്ചെന്നാൽ
അന്തരമില്ലിതുബോധിച്ചീടും
മന്നിലിരിക്കുംമന്നവരിപ്പോൾ
എന്നുടെനഗരേവരുമാറില്ലാ,
മുന്നംപലരുംഭൂമിയിൽനിന്നിഹ
വന്നുസുഖിച്ചുവസിപ്പാറുണ്ട്,
പെരുവഴിപോക്കരുഭവനമതായി
പെരുകിനസാധനസമ്പത്തുകളാൽ
ഒരുഫലമില്ലനമുക്കിതുകാലം
ഒരുവനുമില്ലതുകൊണ്ടുസുഖിപ്പാൻ
അർത്ഥംവളരെസമ്പാദിച്ച—
തനർത്ഥത്തിന്നൊരുപെരുവഴിയായി
അർത്ഥികളൊരുവനുമിങ്ങുവരാഞ്ഞാൽ
വ്യർത്ഥമിതെന്തിനുരക്ഷിക്കുന്നു!

ദാനവരിപുതന്റെക്കാലാണെ-
ദാനം ചെയ്യാൻ മടിയല്ലടിയനു
മേനിക്കാഗ്രഹമുണ്ടായാൽ ചില
ദാനം ചെയ്യുമെനിക്കതുമില്ല.
ചുങ്കമെടുത്തും പിഴ ചെയ്യിച്ചും
ശങ്കവെടിഞ്ഞു ഗൃഹങ്ങൾ കവർന്നും
വങ്കരമേൽ മരുവുന്ന ജനത്തിനു
സങ്കടമെന്നതുളവാക്കിച്ചും
കമ്പോളത്തിലിരിക്കുന്നവരോടു
വമ്പു പറഞ്ഞു പിടിച്ചു പറിച്ചും
വമ്പെഴുതിച്ചും വിരൽ മുക്കിച്ചും
മുമ്പിൽ വരുത്തിപ്പണമെണ്ണിച്ചും
കയ്യൂക്കാണതിനു കൺമുനയിട്ടും
കയ്യൂൽ വരുത്തിയതല്ലവയൊന്നും
കല്പകവൃക്ഷം തന്നിൽ വിളഞ്ഞോരു-
നല്പധനങ്ങൾ മുനീന്ദ്രന്മാരേ!
യജമാനന്നുപശുക്കണ്ടായാൽ
പ്രജകൾ പൊറുപ്പാനെളുതല്ലേതും;
സുജനങ്ങൾക്കു കൊടുത്തതു കൊണ്ടും
സുജനങ്ങൾക്കിഹ മതിയാകില്ല.
കൂറുള്ളവരെ വിളിച്ചു വരുത്തി
ചോറു കൊടുത്തു പുലർത്തീടുകയും
വേറുതിരിക്കയുമന്യജനത്തോടു
മാറീടുകയും ചില വിദ്വാന്മാ-
രോടു കടന്നൊരസൂയാളികളും
കേടുവരുന്നോരു ഭാവനയും
വിദ്യ പഠിച്ചുള വിരുതു ദൂഷിക്കയും
ഇട്ടിക്കകളിലൊരേടവുമില്ല
ആശ്രിതപാലകനിഹ ഞാനതുമിഹ
വിശ്രുതവിദ്വാന്മാർക്കും ബോധം
കാര്യമശേഷം ബോധിപ്പാനൊരു
കാര്യക്കാരനെ ഞാൻ കല്പിക്കും
വൈരമവർകളിലൊരുത്തനുമില്ല
വൈരികളവനെശ്ശങ്കിക്കേണം
ശേഷം പ്രജകളിലൊരുവനവന്നോടു
ദ്വേഷണമുള്ളതു പറവുകയില്ലാ;
ഭൂഷണി കൊണ്ടു ദിനങ്ങൾ കഴിക്കും
ഭോഷജനങ്ങളുമില്ലിഹ നാട്ടിൽ;
അരുതാത്തുള്ള വിധങ്ങളിലൊന്നും
സുരലോകങ്ങളിലില്ല മുനീന്ദ്ര!
എന്നായിട്ടു സുഖിപ്പാൻ നാളുകൾ
ചെന്നു വരുന്നില്ലെന്തൊരു കഷ്ടം?
ചടയുടെ നടുവിലണഞ്ഞു പിണഞ്ഞും
കടകം മോതിരമെന്നിവ പലതര-
പടവുകൾ കൊണ്ടു തടുത്തും വെട്ടി
ന്ധാതികടുത്തു മുറിക്കുന്നേരം
കാലുകൾ മുറിഞ്ഞും പൊടികളണിഞ്ഞും വ-
ങ്ങടനദേവകളായി വരുമ്പോൾ
മടവാർമണികളുമിന്നിഹ ഞങ്ങളും-
നിടണം മാല കഴുത്തിലിതെന്നോ-
ത്തുല്യകളത്രമിലിടഞ്ഞു തടാത്തും

തടമുലയിണ പുനരൊന്നുകളുന്നും
പൊട്ടപ്പോലെ മാലകൾ പൊട്ടിയുതിർന്നും
മുടികളഴിഞ്ഞു കിഴിഞ്ഞുമുതിർന്നും
പരിചൊടു വീഴ്യ്മെഴുന്നൊരു പുരുഷരെ
വിരവിൽ ചെന്നു വരിച്ചു വരുന്നൊരു
വടിവുകളൊന്നു കണ്ടു രസിപ്പാ-
നടിയനു കണ്ണുകളിനിയുമൊരായിര-
മിടകൂടുകിലേ മതിയാവുള്ളു!
സമരമതിങ്കൽ മരിച്ചു നരന്മാ-
രമരന്മാരാമുടനേ തന്നെ
അമരവധുക്കൾക്കവരെ വരിപ്പാൻ
അമിതമൊരാഗ്രഹമുണ്ടു വിശേഷാൽ
പുതുപുരുഷന്മാരോടു രമിപ്പാൻ
മതിമുഖിമാർക്കിഹ കൗതുകമേറും
മുതുപുരുഷന്മാരായി സുരന്മാ-
രതു കൊണ്ടവരുപേക്ഷിക്കുന്നു,
അരുളിച്ചെയ്തതു കേൾക്കേണമെല്ലാം
കരളിലെനിക്കൊരു വെളിവില്ലേതും
പണ്ടേക്കപ്പാമെ ഞങ്ങടെ ലീലകൾ
കണ്ടു രസിക്കണമെന്നില്ലാർക്കും
മന്നിൽ വസിക്കും യജമാനന്മാ-
ർക്കിന്നു പതുക്കെയുപേക്ഷ തുടങ്ങി;
എന്നുടെ കുറവിതെങ്കിൽ പലരുടെ
മുന്നിലുടൻ പരമാർത്ഥം ചെയ്യാം
ഇന്ദ്രവചസ്സുകൾ കേട്ടു മുനീന്ദ്രൻ
മന്ദസ്മിതമുഖനരുളിച്ചെയ്തു
"സകലസുധാശനമകുടമണേ! നീ
സകലമഹീതലചരിതം കേൾക്ക
സകലവിദർഭനരേന്ദ്രൻ ഭീമൻ
സുഖമൊടു നഗരേ വാഴും കാലം
സന്തതിയില്ലാഞ്ഞവനു മുഹുർമ്മുഹു-
രന്തസ്താപം പെരുതായ് വന്നു,
സന്തതമേറെ സൽകൃതിയും ചെ-
യ്തന്തണവരരെ വണങ്ങി വസിച്ചു
ദമനമുനീശ്വരവരവചനത്താൽ
ദമനെന്നൊരു സുതനുളവായ് വന്നു
കമലശരാസനജയലക്ഷ്മിയതാം
ദമയന്തിക്കുമാരിയുമുളവായ്
ഈരേഴുലകിലുമവളെപ്പോലൊരു
നാരീമണിയെക്കാണ്മാനില്ലാ,
വാരിജഭവനിന്നഖിലചരാചര
സാരമെടുത്തുടനവളെത്തീർത്തു,
കൂരിരുൾ കൊണ്ടവളുടെ പുരികുഴൽ തീർത്തു
വാരിരുഹം കൊണ്ടക്ഷികൾ തീർത്തു
വാരിജസായകചാപം കൊണ്ടു
സരസിജമിഴി തൻ പുരികം തീർത്തു
കാമശരേണ കടാക്ഷം തീർത്തു
സോമനെയവളുടെ വദനവുമാക്കി
ബിംബഫലം കൊണ്ടധരം തീർത്തു
കംബുവിനാൽ ഗളതലവും തീർത്തു
കനകപയോരുഹമുകുളം കൊണ്ടു

നാരമപകളുൎമുലയുഗളംതീൎത്തു:
അരയാലിലകൊണ്ടുദരംതീൎത്തു
നവമാലികയാൽകരവുംതീൎത്തു
പുളിനംകൊണ്ടുജഘനംതീൎത്തു
നളിനംകൊണ്ടുപദങ്ങൾചമച്ചു
മദനശരാസനമനസ്സുചമച്ചു
ചെമ്പകമൊട്ടിന്നിതളാലികൊണ്ടുട-
നിമ്പമൊടംഗപ്രഭയുംതീൎത്തു
രംഭതിലോത്തമയെന്നിവരെല്ലാം
കമ്പിട്ടവളെക്കാണുന്നേരം
ഇന്ദ്രന്തന്നുടെവല്ലഭയാകും
ഇന്ദ്രാണിക്കുമിളപ്പംതട്ടും,
കണ്ടജനങ്ങടെകണ്ണുംമനവും
വണ്ടാർകുഴലികവൎന്നീടുന്നു
ഏഴുസമുദ്രദ്വീപുകളധുനാ
വാഴുംനൃപതികളിവിടെവിശേഷം
ചാരന്മാരുപറഞ്ഞുധരിച്ചും
മാരശരാതുരമാനസരായി,
ദമയന്തിയുടെവിശേഷമതൊന്നേ
ദേശാദികളിൽകേൾപ്പാനുള്ളൂ
ഇങ്ങുലഭിക്കണമിങ്ങുലഭിക്കണ
മെന്നിഹസവജനത്തിന്നുമാഗ്രഹം
എങ്ങുമൊരേടമടങ്ങിയിരിപ്പാ-
നംഗജനിപ്പോളവസരമില്ല,
വില്ലുവലിച്ചുകുലച്ചുപിടിച്ചവ-
നെല്ലാരിക്കിലുമോടീടുന്നു
അമ്പുകൾപോരാഞ്ഞിരവുംപകലും
ചെമ്പകബാണനുഴന്നീടുന്നു
ആയോധനകലഹാദികൾതങ്ങളിൽ
ആയതുമെന്നിഹകേൾപ്പാനില്ല,
ആയതമിഴിയെനിനച്ചുനൃപന്മാർ
ആയുധവിദ്യകളൊക്കെമറന്നു,
പടയെന്നുള്ളവിധങ്ങളിതൊന്നും
തടിയന്മാൎക്കുംസമ്മതമില്ല,
തടിയുടെഭംഗിവരുത്തിത്തന്നെ
മുടിവാരുള്ളൊരുപെരുവഴികൂടി,
ചലമിഴിയാൾക്കമനസ്സിലിണങ്ങും
പലതരമോരോകോപ്പുകൾതീൎത്തും
എന്തൊരുവസ്തുവിലഭിലാഷംദമ-
യന്തിക്കുള്ളിലതറിവാനായി
സ്സന്തതമാരുംബോധിക്കാതെ
ബന്ധുജനങ്ങളെയാത്രയുമാക്കി,
ഒരുവനവൾക്കുതരത്തിനുചേരും
തരിവളതീൎപ്പിച്ചങ്ങിനെപാൎത്തു
ഗ്രന്ഥികളെല്ലാമൂന്നമവൾക്കു
ണ്ടന്തരമില്ലെന്നറിയുന്നേരം
ഗ്രന്ഥമഴിച്ചുപഠിച്ചുതുടങ്ങും
ചിന്തിച്ചർത്ഥമുരച്ചുതുടങ്ങും
സ്വരമുള്ളവനിൽകൗതുകമെന്നാൽ
സരിഗമപധനിസഎന്നുതുടങ്ങും,
ആട്ടക്കാരിൽകനിവുണ്ടതുകേ-
ട്ടാട്ടവുമങ്ങുതുടങ്ങുംതാനും,
ചതുരംഗപ്പോരുള്ളൊരുപുരുഷൻ
ഹിതമെന്നിവിടെമനസ്സുണ്ടെങ്കിൽ
ചതുരംഗത്തിനുവിരുതുണ്ടാവാൻ
കൊതിയൊടിരുന്നുപ്രയത്നംചെയ്യും
മാലയിലാഗ്രഹമെന്നതുകേട്ടാൽ
മാലകൾതീൎത്തുകൊടുക്കുമൊരുത്തൻ
നാലുദിഗന്തരവാസികളാംക്ഷിതി-
പാലന്മാരുടെതൊഴിലിവ്വണ്ണം
സംഗരമെന്നതുഭൂമിയിലെങ്ങും
സംഗതിവരുവാനിനിയെളുതല്ല
എട്ടുക്കുംതലയിൽപുലിവീണാലും
പൊഴകോടാലിവലിച്ചെന്നാലും
പിഴയുള്ളവനെക്കണ്ടെന്നാലും
വഴിയിൽവിരോധംചെയ്തെന്നാലും
നാടൊരുദിക്കുതകൎത്തെന്നാലും
വാടയിടിച്ചുമുടിച്ചെന്നാലും
മൂഢന്മാൎക്കൊരിളക്കവുമില്ല
കൂടലരോടുപിണക്കവുമില്ല.
പാൎത്തലവാസികളാകിയനൃപരുടെ
വാൎത്തകളെല്ലാമങ്ങിനെതന്നെ
ധൂൎത്തനതാകിയമദനൻതന്നുടെ
കൂൎത്തശരംകൊണ്ടാതുരരായി,
മതിമുഖിമാരിലുമതിപടുവാകിയ
മതിമുഖിമാരുടെമടിയിലിരിപ്പാൻ
മതിയാംവണ്ണംപുണ്യംചെയ്തൊരു
മതിമാനുണ്ടൊരുദിക്കിലിദാനീം
വിശ്വത്തിങ്കലൊരേടത്തുണ്ടു
ഈശ്വരനറിയാമാരെന്നുള്ളതു
വാസ്തുതമാട്ടതുമെന്തിനിദാനീം
വേശ്യകൾവൃത്തിനമുക്കറിയേണ്ടാ
യുദ്ധംകാണ്മാൻവകയില്ലാഞ്ഞു
ബുദ്ധിക്കൊരുതെളിവില്ലിഹയിപ്പോൾ
ഉദ്ധതമാകിനദേവാസുരമാം
യുദ്ധമിദാനീമുണ്ടാസ്സുരമോ?
എന്നതുകേട്ടുസുരേന്ദ്രൻചൊന്നാൻ
„എന്നൊട്ടുമുനിയതുക്ലേശിക്കേണ്ടാ
എന്നുടെഅനുജൻകമലാകാന്തൻ
തന്നുടെഘോരസുദൎശനചക്രം
നിന്നമരാപുരിരക്ഷിക്കുമ്പോൾ
എന്നുംദാനവർവരികയുമില്ല
നമ്മുടെവജ്രംനിഷ്ഫലമാക്കി
അംബുജലോചനനെന്നുടെസഹജൻ
ചണ്ഡമതാകിനകോദണ്ഡംമമ
മണ്ഡനമാക്കിമേഘങ്ങൾക്കു
ദേവാസുരരണമില്ലമുനീന്ദ്ര!
കേവലമിതുമനബോധിക്കേണ്ടാ
ദേവാധിപനുടെവചനംകേട്ടു
ദേവമുനീന്ദ്രൻപുനരരുൾചെയ്തു
„ഇങ്ങുഗ്രഹപ്പിഴയുള്ളൊരുകാലം
നിങ്ങടെകാറാമതല്ലസുരേന്ദ്ര!

ഞങ്ങളിദാനീം പോകുന്നു തവ
മംഗലമസ്തു! സമീഹിതമസ്തു!
നാരദപർവ്വതരേവം ചൊല്ലി
ധീരതയോടു ഗമിച്ചൊരു ശേഷം
സപ്തതിയാകിയ വാസവനുടനേ
ദിക്പതിമാരെ വിളിച്ചരുൾ ചെയ്തു"
"ശ്രീമദ്ഭീമജയുടെ കല്യാണത്തെ
കണ്ടീടാനഭിരുചി നിങ്ങൾക്കുണ്ടോ
നമ്മിനിയവിടെച്ചെല്ലുന്നേരം
കാമിനി നമ്മെ വരിക്കില്ലല്ലീ?
എന്നതു കേട്ടുടനഗ്നിയുമിളകി
പിന്നെക്കാലനുമൊന്നു ചകന്നു!
തരുണീമണിയെക്കേട്ടതുനേരം
വരുണനുമിരുണ്ടു മുമ്പിൽ നടന്നു
ധനദനുമപ്പൊഴുതിന്നാഗ്രഹമുണ്ടു
ഖനിവിട്ടിട്ടു ഗമിപ്പാൻ മേലാ
പവനനൊരിക്കലുമവസരമില്ല;
ഭുവനതലത്തിൽ നടക്കനിമിത്തം
മനുജന്മാരിൽ ചേരുകയില്ല
മനുജന്മാരിതി നിർവൃതിയടങ്ങി,
ഗിരിജകൾതന്നെക്കൂക്കിച്ചിട്ടു
ഗിരിശനുമങ്ങു പുറപ്പെട്ടില്ലാ,
ഇന്ദ്രനുമഗ്നിയമാന്തകനപ്പതി
നന്ദികലർന്നവർ നാൽവരുമുടനേ
ഒന്നിച്ചനവധി കൌതുകമോടെ
മന്ദമിറങ്ങി നടന്നുതുടങ്ങി
ഉർവശി മേനക രംഭ തിലോത്തമ
സർവ്വസുരാംഗനമാരതുനേരം
പർവ്വതശാസനഗമനം കണ്ടവർ
ദുർവ്വചനങ്ങൾ പറഞ്ഞുതുടങ്ങി,
"സുരപതി പിതൃപതി ജലപതി വഹ്നിയു-
മൊരു നരതരുണിയിലാഗ്രഹമോടേ
തെരുതെരെയങ്ങു തിരിച്ചതു കണ്ടോ
വരുവിൻ! വരുവിൻ! സുരനാരികളേ!
വിണ്ണവർനാട്ടിൽ തരമായിട്ടൊരു
പെണ്ണില്ലാഞ്ഞവരങ്ങു ഗമിച്ചു
തന്നുടെ നാട്ടിലെയംഗനമാരെ
യിങ്ങൊരു തിക്കുതരം പോരാഞ്ഞി-
ട്ടങ്ങൊരു ദിക്കിൽ ചെന്നൊരു പെണ്ണിനെ
ഇങ്ങുവരുത്താനെന്തൊരു മോഹം
ഇന്ദ്രനുമിന്നു വിചാരിക്കുമ്പോൾ
ഇന്നുതുടങ്ങിയ ശീലവുമല്ലാ
സുന്ദരിയാകുമഹല്യയിലഭിരുചി
വന്നു ഭവിച്ചൊരു ഗോഷ്ഠികൾകൊണ്ടുട-
നന്നു പിണഞ്ഞ ജളത്വമതോർത്താൽ
ഇന്നിതിനൊട്ടും സംഗതിയില്ല,
മുറ്റും സുരവരനിങ്ങിനെയുള്ള
ചെറ്റവരെന്തിനു കൂടെപ്പോയി?
കുറ്റാർകുഴലിയതൊന്നേയുള്ളു
തെറ്റെന്നവളിതിലാരെ വരിപ്പൂ?
ഏറ്റവുമല്ലൽ കേട്ടൊന്നുരചെയ്തു

"കുറ്റം വരുമവർ കേട്ടെന്നാകിൽ
മുറ്റും മനസിയസൂയമുഴുത്തി-
ട്ടുററവരെക്കൊണ്ടിതു പറയുമ്പോൾ
അററം വിട്ടന്യാമരനാരികൾ
തെറ്റന്നങ്ങു പറഞ്ഞുതുടങ്ങി,
"നാരദമുനിയുടെ കപടത്തൊഴിലുക-
ളാരറിയാത്തതു വിശ്വത്തിങ്കൽ
വീരന്മാരതു ബോധിച്ചുള്ളിൽ
നേരെന്നോർത്തു തിരിച്ചു നടന്നു.
ധീരതയുള്ളിലവർക്കില്ലെന്നതു
പാരാതിന്നതികച്ചുരചെയ്യാം
കാണാമുടനേ നമ്മുടെയാളുകൾ
ഏണാപാംഗിയെ ലഭിയാഞ്ഞിട്ടു
വീണാധരനെ മുഷിയും ചൊല്ലി
നാണം കെട്ടു തിരിച്ചുവരുന്നതു,"
ഏണവിലോചനമാരതിലൊരുത്തി
നാണമിളച്ചുവളുരചെയ്തപ്പോൾ
നല്ലൊരു തരുണികൾ നമ്മുടെ നാട്ടിലു-
മില്ലാഞ്ഞിട്ടവർ ഖണ്ഡിക്കുന്നു
യജമാനന്മാരെന്തിനു പോയി
നിജഭർത്തന്മാരില്ലാഞ്ഞിട്ടോ?
മാനക്കേടു വരുത്തിക്കൊൾവാൻ
താനേ ചെന്നോമതിയാമുള്ള
മാനവാധീശന്മാരിൽ വിശേഷ-
ജ്ഞാനമതുള്ളവനവളെ ലഭിക്കും
വാനോക്കീശൻ മുതലായുള്ളവർ
മാനമുപേക്ഷിച്ചിങ്ങു ഗമിക്കും"
ഇങ്ങനെയൊരു വിധമമരസ്ത്രീകടെ
തിങ്ങിന പരിഹാസങ്ങൾ ഭവിച്ചു
അങ്ങൊരു കാലം ഭീമനരേന്ദ്രൻ
മംഗലസമയമടുത്തൊരു സമയേ
നല്ലനൃപതിക്കുടനൊരു കുറിയെഴുതി
തെളിവൊടു ദൂതനെ യാത്രയുമാക്കി
നല്ലനഗരത്തിൽ ചെന്നഥ ദൂതൻ
നളനെ വണങ്ങിക്കുറിയും നൽകി
അറിവു വരുത്തണമെന്നവനപ്പോൾ
കുറിയിലെ വാചകമങ്ങു വായിച്ചു,
ഭീമനരേശ്വരനെഴുതിയ വടിവിതു
സോമകുലേശ്വരനറിയണമെന്നാൽ:—
"ധനുമാസം പതിനാറാം തീയതി
ശനിവാരത്തമകരം രാശി
നമ്മുടെ മകൾ ദമയന്തിയതാകിയ
കന്യകതന്റെ വിവാഹമുഹൂർത്തം
അതിനു ഭവാനും മന്ത്രികളാലും
ചതുരംഗിണിയാം സേനയുമായി
നിഷധപതേ! പതിനഞ്ചാം തീയതി
ഉത്സാഹിച്ചിങ്ങിവിടെ വരേണം
ശേഷമവസ്ഥകളെല്ലാം നമ്മുടെ
ദൂതൻ പറയുമിതേവമെഴുത്തു"
വാചകമിങ്ങനെ കേട്ടു നരേന്ദ്രൻ
വാഞ്ഛിതമഖിലം വരുമെന്നാക്കി

ഉത്തമപട്ടുംവളയുംനൽകി
പ്രീതിവരുത്തിയയച്ചുപുരത്തിൽ,
കളമൊഴിയാളെക്കാണാമെന്നഥ
വളരെമനസ്സിൽകൌതുകമോടെ
നളനരപാലൻതെളിവൊടുചെന്നു
കളിയുംഭക്ഷണമാശുകഴിച്ചു
പുരുഷാരത്തെവരുത്താനായൊരു
പുരുഷനെനിഷധനരേന്ദ്രനയച്ചു
പരിചൊടുപെരികിനനായന്മാരവർ
പുരമതിൽവന്നുനിറഞ്ഞൊരുസമയേ
ഭടജനമുടനിളകിനമദമൊടുപടുതരവാരവുമു-
[ടങ്ങി
കടലിടനെടുതടമുടനിടിപൊടിപൊടികൾപാറ
[ന്നുടങ്ങി
തെളിവൊടുപലവാളുകൾകക്കടതേരുകൾ-
[വില്ലുകൾശൂലം
വെള്ളവെള്ളവളയുന്നകടുത്തിലശക്തികൾപാത്രി-
[ക്കൃപാണം
ശരധികൾപലപരശ്ശുമുസ്സുണ്ടികൾവില്ലുകൾ-
[ചുരികകൾകുന്തം
പരിചകൾഗുരുപരിഘംതോമരപട്ടസമീട്ടികൾ-
[പോള-
ച്ചുരികകൾഎമതാടകൾവെൺമഴകത്തികൾവേ-
[ല്ലുകൾമറവും
പെരുകിനപലകാളംതോക്കുകൾചക്രവുമുൽക്കട-
[കന്തം
ഉലവാളുകൾപടവാളുകളിവയൊടുവാളുകളിവ-
[പലതും
പടയാളികൾവടിവാടാശുപിടിച്ചവരവിടെ-
[നിറഞ്ഞു
നളനൃപനുടെപുരമതിൽവിരവൊടുപെരുകിന-
[പുരുഷസമൂഹം
കളകളമൊടുപലതരമൊരുവകമന്ത്രികൾമാട-
[മ്പികളും
പലപലകൊലയാനകൾകുതിരകൾതേരുകൾ-
[കാലാളുകളും
പലതരമണിചാമരകുടതഴപൂങ്കൊടിവെള്ള-
[ക്കൊടിയും
പരിചൊടുപലനായന്മാരവർവന്നൊരുമിക്കി-
[ലിരുന്നു
നരവരപുരസീമനികൂട്ടമിരുന്നുപറഞ്ഞുതുടങ്ങി
"കുണ്ഡിനനരപതിതന്നുടെമകളാം
പെണ്ണിനെവേൾപ്പാനെഴുന്നള്ളുന്നു
നമ്മുടെസ്വാമിജഗത്ത്രയവീരൻ
സമ്മതമായിതുനായന്മാരേ!
പെരിയപടക്കുന്നാഞായമാനസ-
മറിയണമെന്നിട്ടുരചെയ്യുന്നു
ഒരുവരുസമ്മതമല്ലെന്നാലതു
ശരിയേകേൾക്കണമെന്നരുൾചെയ്തു,
തന്തിരുവടിയുടെകല്പനയെന്നാ-
ലൊന്നിനുമൊരുവനുസംശയമില്ലാ!

മന്ത്രികളൊന്നിച്ചമൃതിരുനേര-
ത്തന്ത്രികളൊന്നുമുടിപ്പാൻനോക്കും
തങ്ങടെകാര്യംനോക്കിനടക്കും
ചങ്ങാതികൾപലരുണ്ടിഹനാട്ടിൽ
ഇങ്ങൊരുകൂട്ടംവന്നുരചെയ്യും
അങ്ങുരചെയ്യുംമറ്റൊരുകൂട്ടം
ഇരുവരുതമ്മിൽകുടിപിടികൂട്ടി
പരിചൊടുകണ്ടുരസിക്കുമൊരുത്തൻ
കരളുപറഞ്ഞുനടക്കുമൊരുത്തൻ
പരിഹാസങ്ങൾനടത്തുമൊരുത്തൻ;
ചോറുകൊടുത്തൊരുകൈക്കുകടിക്കു-
ന്നോരുംപലവിധമേറിവരുന്നു;
തോന്നികടന്നാൽതൊഴകൊണ്ടെന്തൊരു-
നാണയമുണ്ടതുപോലെസമസ്തം
ആണിനുചേരുമവസ്ഥകളല്ലേ.
കാണുന്നുചിലവസ്തുതകൊണ്ടും
സന്ധിച്ചവനെത്തന്നെപിടിച്ചഥ
ബന്ധിപ്പാനൊരുമടിയില്ലേതും
ബന്ധുതചെയ്യുംമതിമന്മാർക്കൊരു-
പതിപിണപ്പാൻവഴിയുണ്ടാക്കും;
പടയെന്നുള്ളതുകേൾക്കുമ്പോളവർ
പാലിൽചാടിയൊളിച്ചുകിടക്കും
ഇടയില്ലാഞ്ഞൊരുകൂട്ടംപലവക
തടിയന്മാരവരെന്തിനുകൊള്ളാം?
മറുനാട്ടിന്നുഗമിക്കുന്നേരം
കുറവുവരാതെയിരിപ്പാനീവക
പായുന്നുഞാനെന്നുടെവാർത്തകൾ
അറിവുക്കുള്ളകളറിയുമശേഷം
വൻപുപെരുത്തകരക്കാരെല്ലാം
മുമ്പിലകമ്പടികൂടീടേണം
കൊമ്പുംകുഴലുംതകിലുംമുരശും
വൻപടഹങ്ങളുമനവധിവേണം."
"കരങ്ങൾ പിരിക്കൊണ്ടുവരുന്നതെന്തടോ!
[തന്റേ!
ശരങ്ങൾചൊരിപ്പാനോ? മരുന്നുപറിപ്പാനോ?
കരത്തിലായുധങ്ങൾതരത്തിൽകരുതാതെ
ഗുരുത്വമില്ലാത്തനീപുരത്തിൽവരുന്നാകിൽ
അടിച്ചുചെപ്പുരണ്ടുംപൊളിച്ചേമതിയാവൂ
കുടിച്ചുബോധമില്ലാതടിച്ചനിനക്കിപ്പോൾ
കടുത്തിലയുംതോക്കുംകൊടുത്തുപണയംനീ
അടുത്തനാളിലതുതടുത്തുമേടിച്ചേക്കാം;
ഉടനേപറയാതെനടക്കുന്താനങ്ങോട്ടു
മിടുക്കുപറഞ്ഞെന്നാലൊടുക്കുംതനിക്കില്ലാ;
കുറുപ്പുസഞ്ചിക്കുള്ളിൽകുറുപ്പുനിറച്ചുടൻ
കുറുതപുകയിലതെറുത്തുപിടിച്ചുകൊ-
ണ്ടൊരുച്ചുരുക്കിത്തുക്കിവിറച്ചുവരുന്നൊരു
നരച്ചകിഴവനെതറച്ചുമരിച്ചാലും!
ഇണങ്ങരുതുതമ്മിൽപിണങ്ങിത്തുടങ്ങല്ല
പണക്കാരോടുകൊതിക്കല്ല ഗുണത്തെത്യജിക്കല്ല
സ്വയംവരത്തിൽചെന്നാകൂകാക്കതിച്ചുനാറ-
[കിൽ

ശേഷംവരുത്തുവാൻഞാൻ മതിയെന്നറിഞ്ഞാലും
കോയിക്കൽചെല്ലുന്നേരംവായിൽകൈപൊത്തണ്ണ-
ണം
ഒരു വിചാരിതിരുന്നാൽസേവയ്ക്കുമതിയല്ലോ
അവിടെവരുംചിലരാജമാന്യന്മാ-
രവരെപ്പാരിച്ചൊട്ടുശങ്കിക്കേണം
അവസരമറിയാതവരോടൊരുപാ-
മവതാളങ്ങൾതുടങ്ങീടൊല്ലാ;
ഗണിതക്കാരുംകവിതക്കാരും
ഗണികാജനവുംവൈദ്യന്മാരും
മണിഹാരന്മാരെന്നുതുടങ്ങി
ഗുണമുള്ളാളുകൾവല്ലരെവരുമ്പോൾ
നമ്മുടെയാളുകളൊന്നിച്ചൊരുദിശി
സമ്മുഖമവിടെപ്പാർത്തീടേണം
ന്യൂനിവരെന്നതുവന്നാജനത്തിനു
തോന്നിക്കേണംനായന്മാരേ
പട്ടുംമുണ്ടുംപണവുംപുടവ-
ക്കെട്ടുംപലവിധമവിടെക്കണ്ടാൽ
ഒട്ടുംകൊതിയതിലുണ്ടാകൊല്ലാ
കിട്ടുന്നതിലേമോഹമിതാവൂ
കട്ടുനടക്കുമിരുവാളികളുടെ
ചട്ടമതിൽചിലരറിയുന്നില്ലേ!
കൂട്ടക്കാർചിലരതിനുതുനിഞ്ഞാൽ
കിട്ടുംവെട്ടതുബോധിച്ചാലും
ഒരുവൻപണ്ടൊരബദ്ധംകാട്ടീ-
ട്ടരചനറിഞ്ഞുപിടിച്ചുവരിഞ്ഞാൽ
വിരവൊടുവീണ്ടുവരുത്തിക്കൊൾവാൻ
വിരുതുനമുക്കിഹമതിയാകില്ല;
മനമതിൽനല്ലൊരടക്കംവേണം
കനിവൊടുചെന്നിട്ടക്കംവേണം
ധനികളിലവിടെവണക്കംവേണം
കനിവൊടുതമ്മിലിണക്കംവേണം
സരസതവേണംധീരതവേണം
തരസാസമയോചിതവുംവേണം
കളമൊഴിമാരെത്തേടിനടന്നൊരു
കളിചിരിജല്പനതുടങ്ങുന്നവനെ
കളവാൻകുറവില്ലെന്നതുമറിക
തളയിലിടുന്നുണ്ടെന്നതുമറിവിൻ?
ഇങ്ങനെയൊരുവൻകല്പനയുരചെ-
യ്തങ്ങുനടന്നുതുടങ്ങിതദാനീം
തിങ്ങിനപടയുംപരിചൊടുനളനെവ-
ണങ്ങിനിരന്നുവരുന്നൊരുസമയേ
നളനൃപനപ്പൊഴുതതികുതുകാൽ
വളതളമകുടമണിഞ്ഞുതരം,
തെളിവൊടുവലിയൊരുകരിവരന്റെ
ഗളമതിലെഴുന്നെള്ളിയിരുന്നരുളി;
കുടകൊടിതഴവെൺചാമരികൾകെട്ടി
പടഹങ്ങൾകിടുമുടിതുടിമുഖങ്ങൾ
ഇടിയൊടുപടപൊരുതടിമുഴക്കി
പൊങ്ങപ്പൊറകെവെളകളിമിടയിൽ
പടഹനപലലവുമിവകയും
നടവിടചടപടരടിതങ്ങളും
തടമുപതടവിനതരുണികളും
ഉട്ടമതടയൊരുപരിമളവും
നടകളിലിളകിനകരിഘടയും
പടകടെകലശലുംനിലവിളിയും
പട്ടരവട്ടവുകളിചപലതും -
ഝടിതിപുറപ്പെട്ടുനടനംചെയ്തു
ജയജയനരവരനളനൃപതേ
ജയജയവിഹരണചതുരമതേ!
ജയജയഗുരുതരഗുണനൃപതേ!
ജയജയകരിവരസരസഗതേ!
ഇങ്ങനെപാടിസ്തുതിചെയ്യുന്നൊരു
മംഗികലന്നൊരുവിപ്രന്മാരി-
തിങ്ങിനപടയൊടുകൂടിനരേന്ദ്രൻ
മംഗലസംഘയമൊത്തുതുടങ്ങി
സുരപതിവരുണാന്തകനഗ്നിയു-
മൊരുമിച്ചവിടെക്ഷിതിയിലിറങ്ങി
കരളിൽപെരുകിനകൗതുകമോടെ
തരസാതമ്മിലുരച്ചുതുടങ്ങി
ഭുവനമനോഹരസുന്ദരവരനാം
ഇവനെക്കന്യകകണ്ടെന്നാകിൽ
ഇവനെത്തന്നെവരിക്കേയുള്ളൂ.
ശിവശിവകണ്ടാലെത്രമനോജ്ഞൻ!
രണ്ടുപ്രകാരംനിരുപിച്ചാലും
തണ്ടാർമിഴിയെനമുക്കിഹവേണ്ടാ
കണ്ടാലഴകുള്ളിവനെവരിച്ചാ-
ലുണ്ടോപിന്നെനമുക്കുവരുന്നു?
പ്രണയിനിയിവനെവരിച്ചില്ലെങ്കിൽ
ഗുണമറിയാത്തവളവളെന്നുവരും
ഗുണമറിയാത്തതിതംബിനിമാരും
തൃണവുംസമമെന്നുണ്ടൊരുപക്ഷം;
അതുകൊണ്ടിവിടെവിചാരിക്കുമ്പോൾ
ചതികൊണ്ടിവനെയൊട്ടുമറിക്കാം
അതിനുപദേശംഞാനുരചെയ്യാം
മതിമുഖിയാളെക്കാട്ടരുതിവനെ
ദൂതുചെയ്യുന്നവനെയയയ്ക്കണ-
മതുമതിയെന്നതിൽസംശയമില്ല,
കാന്തരമിഴിയെലഭിക്കണമെന്നാൽ
കൈതവമൊട്ടുതുടങ്ങേണ്ടിവരും
പഞ്ചശരോപമനാംനളഭൂപനെ
വഞ്ചിപ്പതിനായ്നാൽവരുമുടനേ
നെഞ്ചിലുറച്ചുനരേന്ദ്രാഗമനം
കിഞ്ചിൽപാർത്തുവസിക്കുന്നേരം
നളനുംപടയുംകടയുംതേരും
പരിചൊടുചെറുവഴിതന്നിലിറങ്ങി
കളവുമനസ്സിൽകരുതിനാലേവർകൾ
തെളിവിൽചെന്നവർമന്നിലിറങ്ങി
ദിവ്യന്മാരെക്കണ്ടൊരുനേരം
ഭവ്യമതാകിനനളനരപാലൻ
കരിവരഗളമതിൽനിന്നുനിതാന്തം
ത്വരിതമിറങ്ങിച്ചെന്നുവണങ്ങി;

അരുളിച്ചെയ്തു സുരവരന്മാരപ്പോൾ
"നരവരപുംഗവ നളനൃപനേ!
പെരുവഴിമദ്ധ്യേ നിന്നെക്കണ്ടതു
പരിചൊടു ഞങ്ങടെ ഭാഗ്യം തന്നെ
ഒരുകാര്യം ഞാൻ നിന്നോടിരന്നാൽ
തരുവതിനെളുതോ? നളനരപാല!
വിരവൊടു തരണം മടികൂടാതെ
അരുതെന്നാകിലതും കേൾക്കേണം"
കളവും പൊളിയുമറിഞ്ഞിടാത്തൊരു
നളനരപാലൻ തൊഴുതുരചെയ്തു
"അടിയനനിങ്ങടെ കല്പന കേൾപ്പാൻ
മടിയില്ലറിയണമമരന്മാരേ!
തിരുമനതാരിൽ നിനച്ചതുപോലെ-
ന്നരുളിച്ചെയ്തിലെന്തു വിവാദം?
വാനരനാകിലനിങ്ങൾക്കെന്തിഹ
മാനവനാകിയ ഞാനുതകേണ്ടൂ?
ഞാനതു ചെയ്വാൻ മതിയാമെങ്കിൽ
മാനം ചെയ്വാൻ മടിയില്ലടിയനു"
ക്ഷിതിപതിവചനം കേട്ടരുൾ ചെയ്തു
ചതികരരീടിനദേവശ്രേഷ്ഠൻ,
"മതിമുഖിയാം ദമയന്തിയിലധികം
പ്രതിദിനമാശ വളർന്നീടുന്നു
അതുകാരണമിഹ ഞങ്ങളിദാനീം
ക്ഷിതിയിലിറങ്ങി നടന്നീടുന്നു
അതിനായിട്ടു പ്രയത്നം ചെയ്വാൻ
മതിയായിട്ടൊരു ബന്ധുവുമില്ല
ആതുരരാകിയ ഞങ്ങടെ വചസാ
ദ്ദൂതുപറഞ്ഞും തോദരിയുടെ
ചേതസി ഞങ്ങളിലനുരാഗം പരി-
ചോടവിളംബിതമുളവാക്കേണം;
നാലുജനങ്ങളിലൊരുവനെയിന്നവൾ
മാലയിടേണം മടികൂടാതെ
നീലക്കാർകുഴലാളൊടിതെല്ലാം
ചാലേ ചെന്നു പറഞ്ഞീടുക നീ"
വലരിപുവചനം കേട്ടു നരേന്ദ്രൻ
വലിയ വിഷാദം പൂണ്ടുരചെയ്തു:—
"മട്ടലർമിഴിയെ വിവാഹം ചെയ്വാൻ
അടിയനുമധുനാ വിടകൊള്ളുന്നേൻ,
പന്തണിമുലയാളാമവളെന്നെ
ച്ചിന്തയിലാക്കി മരിച്ചിതുപോലും
കാന്തയെനിക്കിവളെന്നിഹ ഞാനും
കാന്തനെനിക്കിവനെന്നുടനവളും
ചിന്തയൊടന്തഃകരണവിവാഹം
ഹന്ത! കഴിച്ചിതു പണ്ടേ തന്നെ,
പൂന്തേൻമൊഴിയൊട്ടാസാധി പറഞ്ഞിഹ
സാധിപ്പിപ്പാനിങ്ങളെളുതല്ലം
കൊതിയന്മാരെല്ലതിനായപ്പോൾ
ചിതമായ് വരുമോ വിബുധന്മാരേ?
അതിനെക്കാളുണ്ടൊരു വൈഷമ്യം
അതുമുരചെയ്യാം മതിമന്മാരേ!
മതിലുകളുള്ളകടന്നാംഭോ

മതിമുഖി തന്നുടെ ഭവനേ ചെല്ലു
അതിനിടയിൽ ചില കാവൽക്കാരു-
ണ്ടതിയായിട്ടു കയർത്തു തടുപ്പാൻ
അവരിൽ ചിലരെക്കൊലചെയ്യാതെ
അവിടെച്ചെന്നു കടപ്പാൻ വിഷമം
കത്തുകളൂടിയും വെട്ടും മുട്ടും
കൂടിവരുന്നൊരു രണനേക്കണ്ടാൽ
പെട്ടെന്നവിടെ വസിച്ചീടുന്നൊരു
മട്ടോൽമിഴിമാരോടിയൊളിക്കും,
വൈരസ്യം പലകാട്ടും പൂരുഷനെ
സാരസ്യത്തിനു കൊള്ളരുതേതും,
ചോരകളില്ലെന്നല്ലവളധുനാ
വൈരമകല്ലൂറച്ചതൊരു
കാവൽക്കാരറിയാതെ പതുക്കെ
കേവലമവളുടെ മുന്നിൽ ചെല്ലാം
എന്നാലും പുനരുണ്ടൊരു ദോഷം
ഇന്ദ്രാദികളതു ബോധിക്കേണം
കളമൊഴിയാളെക്കാണുന്നേരത്തി-
ക്കിപ്പോൾ മമ മാനസധൈര്യം
നളനെന്നുള്ളതുമവൾ ബോധിച്ചാൽ
തെളിവൊടു മാലയുമിട്ടവളെന്നെ
എന്നെത്തന്നെ വാഴ്ത്തുകയല്ലോ-
ന്നിന്നുകനിഞ്ഞോർത്തരുളീടേണം
ഇന്നിവ ചലപല ദുർഘടമുണ്ട്
എന്നതുകൊണ്ടു പറഞ്ഞീടുന്നു
ദുസ്സാദ്ധ്യങ്ങളിലടിയനെവിട്ടവ-
നസഹിക്കരുതമരന്മാരേ!
വത്സലയാമവൾ നിങ്ങൾ നിനച്ചാൽ
ഉത്സംഗേ വരുമെന്നേ തന്നെ"
വിണ്ണവർവരനതു കേട്ടുതദാനീം
കണ്ണുകളായിരമൊന്നു ചുവന്നു
ദണ്ഡു കരത്തിലെടുത്തു യമനും
തിണ്ണം വരുണനുമൊന്നു പകന്നു
അനലനുമൊന്നു ജ്വലിച്ചു തുടങ്ങി
കനലെഴുകണ്ണു തുറന്നു മിഴിച്ചു
മനസി കയർത്തു സുരോത്തമനപ്പോൾ
കനിവു വെടിഞ്ഞു പകന്നു തുടങ്ങി;
ദേവതകളോരോന്നുരചെയ്യുന്നൊരു
കഠിനമനസ്സും പടുവചനം നീ
കുടിലതമനസി നിനച്ചു നിറച്ചൊരു
പടുതനടിച്ചു പറഞ്ഞതറിഞ്ഞു;
സോമകുലത്തിൽ പിറവി ലഭിച്ചൊരു
ഭൂമിപതിക്കിഹ പൊളി പറയാമോ!
ഭീമാത്മജയാം കന്യക തന്നിൽ
പ്രേമം കൊണ്ടു പറഞ്ഞതിതെല്ലാം
സാധിപ്പിക്കാമെന്നു പറഞ്ഞു
ബോധിച്ചപ്പോളെളുതല്ലെന്നും
ഒരുനാഴികയുടെയിടയിൽ പലവാ-
ക്കുരചെയ്യുന്നതുചിതമോ? മൂഢാ!
തിരിയാതൊരുകാര്യങ്ങളിലൊന്നൊരു
പരിഹാസത്തിനിതുന്നിയുന്നു;

മൎയ്യാദയ്ക്കൊരുനീക്കംവന്നാൽ
ഭൂമിയിലീയിഷ്ടിയിലെങ്ങും
സുന്ദരനാകിയനളനെക്കണ്ടാൽ
സുന്ദരിമാനിഹമതിയിൽകേറും
എന്നിവകണ്ടുജളത്വംപറവാൻ
എന്തുപറഞ്ഞിട!മനുജകിശോര!
നളനെന്നുള്ളൊരുനിനക്കിന്നാമം
ജളനെന്നുള്ളതുബോധിച്ചാലും
കളവുംപൊളിയുംതെളിവുമിതെല്ലാം
അളവില്ലാതെമനസ്സിലുറച്ചു
ഭേദിപറഞ്ഞാൽമറ്റുള്ളവർബഹു-
മാനിച്ചീടുമതെന്നൊരുപക്ഷം
നീയാരെന്നുംഞാനാരെന്നും
താനറിയാതെവനെത്രകബുദ്ധി!
തന്നെത്താനറിയുന്നതിനേക്കാൾ
പിന്നെവിശേഷിച്ചൊരുഗുണമില്ല;
നിന്നുടെവൃത്തികൾഞാനറിയുന്നു
എന്നുടെവൃത്തികൾനീയറിവീലാ
ധാർമ്മികനാകിയധരണിപതിക്കിഹ
ധർമ്മത്തിന്നൊരുനീക്കംവന്നാൽ
കർമ്മികളാകിയവിപ്രന്മാരുടെ
കർമ്മത്തിന്നുംകുറവുഭവിക്കും"
കണ്ണുകൾരണ്ടുമുരുട്ടിമിഴിച്ചു
ദണ്ഡുംകയറുമെടുത്തുപിടിച്ചു
ചണ്ഡതരാകിനമീശവിറച്ചു
ദണ്ഡധരൻയമനരുളിച്ചെയ്തു;
"എന്തുപറഞ്ഞെടമനുജപ്പുഴുവേ
ബന്ധുതചെയ്യാനെളുതല്ലെന്നോ?
അന്തകനാകിയനമ്മുടെവാർത്തകൾ
ചിന്തിക്കാതെപറഞ്ഞിടുകയോ?
ചെമ്പുകിടാരംചുട്ടുപഴുപ്പി-
ച്ചമ്പതുചോരനെയതിലിളപ്പി-
ച്ചമ്പതുലക്ഷംകിങ്കരജനമു-
ണ്ടെൻപുരിതന്നിൽവസിച്ചീടുന്നു
ദുഷ്ടതകാട്ടുംമനുജരെയിന്നിതി-
ലിട്ടുവറുത്തുപൊരിച്ചീടുന്നു
ചേട്ടത്തങ്ങൾപറഞ്ഞെന്നാൽതവ
പെട്ടിടുംചിലസങ്കടമിപ്പോൾ
പലപലദുരിതംചെയ്യുന്നവരുടെ
തലയിലടിച്ചുപിളർപ്പാനുള്ളൊരു
വലിയൊരുദണ്ഡിതുകണ്ടാലും നീ
നല്ലൂർബ്ബുദ്ധേ!പാശവുമുണ്ടേ
കണ്ടജനങ്ങളെകണ്ഠംതന്നിൽ
കഠിനതരമായ്കെട്ടിമുറുക്കി
കണ്ടങ്ങളിലുംകണ്ടകമതിലും
കാടുകളിലുമിട്ടുവലിച്ചുപലേടം
കൊണ്ടുനടന്നുംകൊടുകണ്ണാശികൾ
കുത്തിച്ചുംകുടുചോരപുരണ്ടും
നീറുപൊടിച്ചുതുടങ്ങുമവരെ-
കണ്ടിട്ടുള്ളൊരുകൗതുകമില്ലേ?
ശുദ്ധികെടുക്കുംനരന്മാർക്കുണ്ടോരു

ശാന്തയിടീപ്പാൻവകയുണ്ടാക്കിയ
ചെണ്ടക്കാരാ!ശാന്തപറഞ്ഞാൽ
ഉണ്ടൽപിന്നെപ്പാൻഞാൻമതിയാകും'
വരുണനനഞ്ഞുപറഞ്ഞുതുടങ്ങി;
"കരുണനമുക്കുതരിമ്പില്ലൊട്ടും
തരുണീമണിയിൽകൊതികൊണ്ടല്ലേ
വരുണൻനമ്മോടുപൊളിപറയുന്നു;
കോപമെനിക്കുമനസ്സിലുദിച്ചാൽ
ശാപംതരുവാൻസംശയമില്ല
ആപത്തൊന്നുവരുത്തിക്കൊണ്ടാൽ
താപമൊഴിപ്പാനെളുതല്ലേതും"
അഗ്നിയുമരുളിച്ചെയ്തുതരുണിയിൽ
"മഗ്നതകൊണ്ടുകണക്കില്ലാപ-
കശ്മലവൃത്തിപറഞ്ഞാൽനിന്നെ
ഭസ്മിതമാക്കുംഞാനധുനാനീം"
ഇത്തരമവരുടെവാക്കുകൾകേട്ടട-
നന്തരമുഴറ്റൊരുനളനരുൾചെയ്തു
"ഭക്തനതാകുമൊരടിയനിലിവക
യുക്തമതല്ലസുരേന്ദ്രന്മാരേ
നിങ്ങടെശാസനമെന്തെന്നാലതു
മംഗലശാസ്ത്രമധികജനാനാം
കല്പിക്കുന്നതുകേൾക്കാമതിനുവി-
കല്പവുമില്ലിഹകനിവരുളേണം"
എന്നതുകേട്ടുമനസ്സുതെളിഞ്ഞുസ-
മന്ദസ്മിതമരുൾചെയ്തുസുരേന്ദ്രൻ
"നല്ലതുചരികനിനക്കുനരേന്ദ്ര!
ചൊല്ലിയവണ്ണംബോധിച്ചാലും
സാധിക്കുംതവകാര്യമശേഷം
ബോധിക്കയുമില്ലാരുംനിന്നെ
ദമയടെസോദരിയെന്ന്യേമറ്റൊരു
സുമുഖികൾപോലുംനിന്നെക്കാണും
കളഭാഷിണിയുംനിന്നെക്കണ്ടാൽ
നളനെന്നുള്ളതുബോധിച്ചീടാ;
നിങ്ങളുതമ്മിൽപറയുംവാക്കുക-
ളങ്ങൊരുത്തരുംകേൾക്കയുമില്ലാ-
എന്നാൽഞങ്ങടെകാര്യമശേഷം
നിന്നുടെപക്കലുറപ്പിക്കുന്നേൻ;
ചെന്നുപറഞ്ഞുമനസ്സുമിളക്കി
സുന്ദരിഞങ്ങടെപാട്ടിൽവരേണം;
അഞ്ചല്ലോശരമമ്പുജബാണന-
തഞ്ചുമെടുത്തുതൊടുത്തിടുന്നു
[illegible]ഞ്ചുജനങ്ങടെനെഞ്ചുപിളർപ്പാൻ
[illegible]
[illegible]
[illegible]
[illegible]ഞ്ചാലത്തെക്കൊണ്ടെന്നെ
ചഞ്ചലമിഴിയെപ്പ്രഹരിക്കേണം
ഗുണഗണസിന്ധോ!നിഷധനരേന്ദ്ര!
ക്ഷണനേരംനീവൈകിക്കരുതേ
പ്രണയിനിയാംദമയന്തിയോടേവം
ഗതിമോഹങ്ങൾപറഞ്ഞീടുകപോ-

യണിമതിമുഖിയുടെമണിമയഭവനേ
രണചണനരവര! ശ്ലാഘ്യാന്തേനീ;
നല്ലതുവരികനിനക്കനഘരേന്ദ്ര!
ചൊല്ലിയവണ്ണംഭണ്ഡിച്ചാലും"
ശചിപതികല്പനനടത്തുവാനും
മുഖദർശനംക്ഷണമകപ്പെടാനും
ഉറച്ചുചേതസിനളക്ഷിതീശൻ
മറച്ചുതന്നുടെമനോവികാരം
പടജ്ജനങ്ങളെവനത്തിലപ്പോൾ
അടക്കിവച്ചഥനടന്നു ധീരൻ
കടന്നുകുണ്ഡിനപുരത്തിനുള്ളിൽ
കിടങ്ങുഗോപുരമതിൽകടന്നു,
നിറഞ്ഞമാനുഷജനങ്ങളാരും
അറിഞ്ഞതില്ലിഹനളന്റെയാനം
മറഞ്ഞുഭൂപതിനടന്നുമെല്ലെ
പറഞ്ഞലിക്കിലുമട്ടത്തുചെന്നു
ഏണാക്ഷികളൊരുപത്തുസഹസ്രം
വാണീടുന്നതുകാണായ്വന്നു
ആണായിട്ടൊരുഭൃത്യരെയവിടെ
കാണാനില്ലൊരുകോണിൽപോലും
നാളീകാക്ഷിവിഭജിതാനും
ആളിപാളികളോടുംകൂടി
കേളിവിനോദവിശാരദഗതിയാ-
ള്ളാളികമുകളിൽവസിക്കുന്നേരം
കോമളഗാത്രൻസോമകുലേശൻ,
മേളമിയന്നമനോഭവചിത്തൻ
താപമകററിദ്ദേവാദികളുടെ
കാമനിവൃത്തിക്കാഗ്രഹമോടെ
മാനവവീരൻമതിമുഖിതന്നുടെ
മണിമഞ്ചത്തിനടുത്തൊരുസമയേ
ശ്യാമവിഹീനസുകോമളമാർഗ്ഗേ
പാവനമാകിനപഞ്ചദശിനാൾ
നക്ഷത്രങ്ങടെനടുവിൽവിളങ്ങും
സാക്ഷാൽപനിമതിബിംബംപോലെ
ലക്ഷണയുതമാംദമയന്തീമുഖ-
മക്ഷിതിപാലനുകാണായ്വന്നു,
അടിമലർതുടയിണകടിതടമോടും
പടകൊടീനടുതലമുടിവടിവുകളും
മുടിയടിയുടലുകളുമെകളുടനേത്രി
പടുതരമരചനുകാണായ്വന്നു
വാഞ്ഛിയലയ്ക്കുമൊരമൃതസമുദ്രേ
മുങ്ങിയപോലെമനസ്സുതണുത്തു
അംഗനമാർമണിമകുടപ്പൂമണി
മംഗലദീപികശുകകലവാണി
എങ്ങിനെയിവളുടെമുമ്പിൽചെന്നാൽ
തിങ്ങിനവികൃതിമറച്ചീടേണ്ടു?
ഇങ്ങിനെയുള്ളൊരുപെൺകൊടിയാളുടെ
സംഗമസുഖകരമാക്കലഭിപ്പൂ?
ക്രൂരപെരുത്തോരന്നംചൊന്നതിൽ
നൂറുമടങ്ങുമഹാഗുണമേറും
കാറൊളിതലമുടിവടിവുംമുഖവും
മാറണിമുലകളുമിങ്ങിനെകണ്ടിഹ
നീറുന്നുമമഹൃദയമിദാനീം
ഏറുന്നുപുനരലർശരതാപം
മാറണികുഴൽമണിയാളൊടെനിക്കിഹ
വേറുപിരിഞ്ഞുവസിപ്പാൻദണ്ഡം
ഇത്ഥംപലവകനളനരപാലൻ
ചിത്തംകൊണ്ടുവിചാരിച്ചുടനേ
മത്തമതംഗജഗാമിനിതന്നുടെ
പത്തനസീമനിചെന്നുകരേറി
അതിസുന്ദരനാംപുരുഷനെയരികിൽ
പ്രതിമുഖമവിടെക്കണ്ടതുനേരം
മതിമുഖിതന്നുടെമനതളിരിൽപുന-
രതിയായിട്ടൊരുവിസ്മയമുളവായ്
എഴുനേററവളൊരുമണിപീഠത്തെയു-
മഴകൊടുനല്കിയിരുത്തിയതിന്മേൽ
ശശിമുഖിമൃദുതരകുശലപ്രശ്നം
വിശദമറിഞ്ഞുപറഞ്ഞാളേവം,
"മാരസമാനശരീരഭവാൻപുന
രാരെന്നുള്ളതുചൊല്ലീടേണം
കാരണമെന്തിഹവരുവാനെന്നും
സാരമതാംതവകുലമേതെന്നും
ആരിഹനിന്നുടെജനകനതെന്നും
പാരതിലെങ്ങധിവാസമിതെന്നും
പേരെന്തെന്നുംകഥയ! മഹാത്മൻ!
പാരംകൌതുകമിങ്ങുളവായി,"
കളമൊഴിയാളുടെവാക്കുകൾകേട്ടു
നളനരപാലൻപുനരരുൾചെയ്തു:
"നളിനദളായതനയനേ! കാമിനി!
കളിയല്ലിതുകേൾഞാനൊരുദൂതൻ,
കുലനാമാദികളുരചെയ്തിട്ടൊരു
ഫലമില്ലല്ലോകുവലയനയനേ!
അലർശരപരവശരായിട്ടിന്നിഹ
ചിലയജമാനന്മാരിതുകാലം
നിന്നുടെഭാഗ്യമിതതിശയമത്രേ
മന്നിലൊരംഗനമാർക്കിതുലഭിയാ
ഇന്ദ്രനുനിങ്കൽകാംക്ഷതുടങ്ങി
സുന്ദരിനിന്നുടെസുകൃതംതന്നെ,
എന്നതുമല്ലപ്രേതാധിപനും
പിന്നെദ്ദഹനനുമംഭോനിധിയും
എന്നിവർനാലുമഹാപുരുഷന്മാർ
നിന്നെനിനച്ചുമരിപ്പാറായി
ഇന്നിതിലൊരുവനെമാലയിടേണം
നിന്നുടെമാനമതിലൊത്തതുപോലെ
സുരപതിപാരംപരവശനായി
വരുണനുമഗ്നിയുമങ്ങിനെതന്നെ
അന്തകനതിനായിട്ടനുരാഗം
അന്തമറ്റുള്ളകടുത്തൊരുതാപാൽ
അമരാവതിയിലിരുന്നുരമിപ്പാൻ
ദമയന്തീതവകൌതുകമില്ലേ?
അമരാധിപനെവരിച്ചെന്നാകിൽ
അമരസ്ത്രീകളുമമരുംനിങ്കൽ

ഗംഗാസലിലേ സ്നാനം ചെയ്യാം
ഗംഗാപുളിനേ കളികളുമാടാം
ശൃംഗാരാദിരസങ്ങൾ നടിച്ചമ-
രാംഗനമാരുടെ നൃത്തം കാണാം
കല്പകപുഷ്പം കൊണ്ടു ചമച്ചൊരു
തല്പം തന്നിൽ നിനക്കു ശയിക്കാം
അല്പമിതല്ല സുഖങ്ങൾ നിനച്ചാ-
ലുല്പലനയനേ! ഹരിയെ വരിക്കാം
വരുണനെയോർത്താലവനെത്തന്നെ
വരണം ചെയ്യണമെന്നും തോന്നും
തരണം വളരെ ദ്രവ്യമിതെന്നാൽ
വരുണനു ചെറുതും സംശയമില്ല,
തരുണിമണിക്കിഹ യമനെ വരിപ്പാൻ
കരുണ മനസ്സിലുദിച്ചെന്നാകിൽ
മരണഭയം പുനരൊട്ടും വേണ്ടാ
പെരിയ ബ്രഹ്മൻ കാലമിരിക്കാം
തേജസ്സുള്ള ജനങ്ങളിലത്രെ
തേന്മൊഴിമാർക്കനുരാഗമിരിപ്പു
എന്നാലഗ്നിയെ മാലയിടേണം
നന്നായിട്ടവനുണ്ടു പ്രകാശം

പൂന്തേൻമൃദുവാണീ! ദമയന്തീ!
ചിന്തിതമെന്തിഹ തേ?
ചിന്താമണിയാകും സുരേന്ദ്രന്റെ
കാന്തയായീടണം നീ! കൃശോദരി!
പൂന്തേൻമൃദുവാണി ദമയന്തീ
ചിന്തിതമെന്തിഹ തേ?
പങ്കജബാണന്റെ ബാണങ്ങളേറ്റവ-
നംഗം തളർന്നിട്ടു പിന്നെ
തിങ്ങളിച്ചു വരുന്ന സങ്കടം
പാരം വളർന്നിട്ടു, തവ
കുങ്കുമപങ്കം പനിനീരു ചന്ദനം
മേനിമേഹിച്ചീടുന്നിനി
നിൻകൃപയില്ലെങ്കിലെങ്ങനെ വാസവൻ
പ്രാണൻ വഹിച്ചീടുന്നു കൃശോദരി! (പൂന്തേൻ)
നന്ദനകാനനം തന്നിലിരുന്നാലു-
മില്ലൊരു ചിത്തസുഖം ഹരി
ചന്ദനവൃക്ഷത്തണലിൽ കിടന്നാലും
മനനന്ദമില്ലധുനാ നിജ
മന്ദിരം തന്നിലിരിപ്പാനും മേലാ
പുരന്ദരനെന്നു വന്നു സുര
സുന്ദരിമാരുടെ നൃത്തിലും പാട്ടിലും കൗതുക-
മില്ല പോലും കൃശോദരി! (പൂന്തേൻ)
നിന്നുടെ നാമം ജപിക്കും കളിക്കും
ചിരിക്കും തിരിക്കുമുടൻ പിന്നെ
നിന്നുടെ രൂപം സ്മരിക്കും ചിരിക്കും
ഇരിക്കും മരിക്കും പോലെ നല്ല-
മന്ദിരം തോറും നടക്കും കിടക്കും
മടക്കാമനോഭവനൻ
സ്മരൻ തന്റെ ബാണം തറയ്ക്കും പിറയ്ക്കും
കരയ്ക്കും മറക്കുമുടൻ കൃശോദരി (പൂന്തേൻ)
അങ്ങിനെ തന്നെ വരുണനുമഗ്നിയും
അന്തകദേവൻ താനുമവർ
തങ്ങടെ സങ്കടമിങ്ങനെ ചൊല്ലുകിൽ
ഇല്ലൊരൊടുക്കമഹോ നര-
പുംഗവനന്ദിനി സുന്ദരി നീയതു
നന്ദിച്ചയയ്ക്കണമേ പല
ഭംഗി പറഞ്ഞു മയക്കിച്ചയയ്ക്കരു-
തെന്നെയുമിന്നിഹ നീ കൃശോദരീ!
പൂന്തേൻമൃദുവാണി! ദമയന്തി!
ചിന്തിതമെന്തിഹ തേ?

നളനുടെ വചനം കേട്ടളവായം
കളമൊഴി മുഖവും താഴ്ത്തിച്ചൊന്നാൾ
വളരെപ്പറയരുതെന്നോടു ദൂതാ!
കളിവചനങ്ങൾ കുറച്ചാലും നീ
ഹൃദയം കൊണ്ടൊരു പുരുഷനെ മുന്നം
സദയം ഞാനിഹ വരണം ചെയ്തു
അവനല്ലാതൊരു പുരുഷനെ ഞാനി-
ഹ ഭുവനം മൂന്നിലുമിച്ഛിച്ചീടാ
ദൃഢമതിയായ പതിവ്രതമാർ ദൃഢ-
വ്രതി വൃഥാ പലരെക്കാംക്ഷിച്ചീടാ,
പടുമതിയാം മമ വല്ലഭനിപ്പോൾ
ഝടിതി വരും മമ വേളി കഴിപ്പാൻ
എന്നുടെ രമണനു സദൃശനായിട്ടൊരു
സുന്ദരനില്ല ജഗത്ത്രയമാകേ
നിന്നുടെ ചെവിയിൽ കേളാഞ്ഞതോ?
മന്നവമണിയാം നിഷധേശ്വരനെ
കളമധുരാകൃതി നളനരപാലൻ
നളിനവിലോചനനളിരുചികേശൻ
തെളിവൊടു മുന്നിൽ വരുന്നാളവരുടെ
ഗളമതിൽ മാലകളേറി വരിക്കും
ഇന്ദ്രാണികളും ചന്ദ്രാണികളും
ചന്ദ്രമുഖന്മാർ മറ്റുള്ളവരും
കന്നിച്ചീടിന പണമുള്ളവരും
സുന്ദരനെന്നു നടിക്കുന്നവരും
ഈരേഴുലകിലുമരുമപുരുഷന്മാ-
രാരുമെനിക്കിഹ വരനാകേണ്ടാ,
വീരശിരോമണി നളഭൂപാലൻ
ചാരുഗുണാകരനെന്നുടെ കാന്തൻ
നളനുടെ രൂപം വഴിയാം വണ്ണം
നളിനദലത്തിൽ നഖം കൊണ്ടെഴുതി
തെളിവൊടു തന്നു കളഹംസം മമ
കളിയല്ലതു ഹൃദി മരുവീടുന്നു,
നിന്നുടെ രൂപമുമെഴുതിയ രൂപവു-
മിന്നൊരുപോലെ തോന്നീടുന്നു,
എന്തൊരു കാരണമതിനെന്നുള്ളതു
ചിന്തിച്ചിട്ടതു കാണുന്നില്ല
കോടിസഹസ്രം മദനന്മാരുടെ
മോടികലർന്നൊരു ഭാവമൊത്തിര
ചാലിച്ചുവരുമെന്നതു തോന്നുകയില്ലേ
ശുദ്ധമനസ്സാൽ ഞാൻ പറയുന്നു
മറ്റുള്ളവരുടെ കാര്യമതിപ്പോളേ;
[illegible]

ഈശ്വരകൃപയുണ്ടെങ്കിലുടൻനിഷ-
ധേശ്വരവരനേവരണം ചെയ്യും
നളനൃപനെന്നുടെവരനാസ്സുതവാൻ
തെളിവൊടുദേവവരന്മാർമമ-
പെരുകിനകൃപയോടുവരമരുളേണം
വരമിദമേവഹിദേവന്മാരേ!
സുരവധുമാരുടെനടുവിലിദാനീം
നരവധുചേരുകയില്ലേ
ഉച്ച്ശ്രയകാഞ്ചനവള്ളയുടെനടുവിൽ
പിച്ചളവള്ളയതുപോലെ
പൊന്മയഹംസികൾതന്നുടെയിടയിൽ
പെണ്മയിൽപിടയതുപോലെ
മറിമാൻപിടകൾതന്നുടെയിടയിൽ
കുറുനരിതൻപിടപോലേ
അഴകിയഹരിണികളരികിൽചെല്ലും
കഴുതപ്പെൺകൊടിപോലെ
നിഷധനരാധിപനെന്നുടെരമണൻ
ഇഷുധരബാഹുനേരഞ്ഞൻ
മദനമനോഹരസുന്ദരവദനൻ
മദകളകോമളശീലൻ
സരസശിരീഷശരീരസുകുമാരൻ
സരസിജസുലോചനനല്ലോ
സുരവരസേവകനായഭവാനും
നരവരനളനുമിദാനീം
ഇരുവരുമൊരുവൻതന്നുടെസുതരാം
കരളിൽവിചാരമിദംമേ
ഇതിലധികംമമനിന്നൊടുപറവാൻ
മതിബലമില്ലിഹദൂത!
അതുകേട്ടുടനെനളനരുൾചെയ്തു
അതുമതിയായില്ലംബുജനയനേ!
അതിസുന്ദരനാമിന്ദ്രനുകൽതവ-
കൊതിയില്ലെന്നുപറഞ്ഞതുമോർപ്പൂ
ഇന്ദ്രൻതന്നുടെരസമുണ്ടാവാൻ
സുന്ദരിമാർപലരിച്ഛിക്കുന്നു
ഇന്നതുസാധിക്കില്ലെന്നോർത്തു ച-
രെന്നുമനങ്ങുന്നില്ലെന്നത്രേ
അണ്ടർകുലത്തിൽമികച്ചൊരുവമ്പനെ
വേണ്ടെന്നിനക്കെന്നുരചെയ്യാമോ?
കൊണ്ടൽക്കുഴൽമണിയാളേ!നിന്നുടെ
ചെണ്ടത്താമരപൂനരാധികാന്തനെ
നളനെന്നുള്ളൊരുപുരുഷൻമോഷൻ
ജളനെന്നുള്ളതുബോധിച്ചാലും
പൊളിയല്ലവനെക്കാണുന്നേരം
തെളികയുമില്ലഹിനക്കുസുശീലേ
മനസിനളൻനളനെന്നുനിനച്ചി-
ട്ടുഷസിനമിങ്ങുവസിച്ചനിനക്കും
അവനെക്കണ്ണിൽകാണുന്നേരം
ഇവനൊഴിഞ്ഞൊരുനിന്ദയുമുണ്ടാം
കയ്യിൽകിട്ടിയകനകമുപേക്ഷി-
ച്ചിയംകൊൾവാനിച്ഛിക്കുന്നു
അയ്യോമോഷിനിയെന്തിങ്ങനെ

കാര്യാകാര്യംതിരിയാത്തവരല്ലോ
മംഗലശീലനീയുംനളനും
തങ്ങളിലൊട്ടുംചേരുകയില്ലാ,
നല്ലമിന്നുതകഷണിക്കാരൻ
മുല്ലപ്പൂമലർചൂടിയപോലെ
കുന്നിക്കുരുവുംപവിഴവുമിടചേ-
ർത്തുന്നതമുലകളിലണിയുംപോലെ
കൊന്നപ്പൂവുംമാറുമുള്ളൊരു
പൊന്നുംതമ്മിൽചേരുംപോലെ
കാഞ്ചനമുട്ടകിനനടുവിലണിഞ്ഞൊരു
മഞ്ചാടിക്കുരുവെന്നതുപോലെ
കോപമെനിക്കുമനസ്സിലുദിച്ചാൽ
ശാപംതരുവാൻസംശയമില്ല
ചലഞ്ചനായനേസുന്ദരിനിന്നുടെ
നെഞ്ചിൽനിനച്ചതുചിതമല്ലൊട്ടും,
സകലകലാമലശീലാശയയേ!
ശുകമൊഴി!നിന്നുടെലീലകളറിവാൻ
വികൃതിജളൻനളനാംപുരുഷൻമോ?
വികൃതികളെന്തിനുചിന്തിക്കുന്നു!
കുവലയമലരുടെപരിമളസാരം
തവളകളറിവാൻസംഗതിവരുമോ?
പെണ്ണിൻഭാവവിശേഷമശേഷം
കണ്ണില്ലാത്തവനനുഭവമാമോ?
നല്ലൊരുപാട്ടുംകൊട്ടുംകേട്ടാൽ
കല്ലിനുഭാവവികാരമതുണ്ടോ?
ശ്ലോകംചൊല്ലിപ്പൊരുൾപറയുമ്പോൾ
കാകനതിംകലൊരിടയുണ്ടാമോ
മാണിമുലമാർമധുരതയറിവാൻ
മാടപ്രാവിനുസംഗതിവരുമോ
മൂഢനതാകിനനളനീവകയിൽ
പ്രൗഢതയില്ലതുബോധിച്ചാലും!
സുരപതിമിതുതൻനല്ലൊരുരസികൻ
സുരതരസങ്ങളറിഞ്ഞൊരുവിരുതൻ!
ഒരുവനെമാലയിടേണമതെന്നാൽ
പുരുഷോത്തമനാമിന്ദ്രനെവേണം,
തരുണീമണിയാളതുകേട്ടപ്പോൾ
ചെവിമൂടിപൊത്തിട്ടുന്നുരചെയ്തു
മതി!മതി!നിന്നുടെകടുവചനങ്ങൾ
മതിതാപംമമപെരുകിടുന്നു
മതിമുഖനാകിയനളനരപാലനെ
അതിയായിട്ടുദുഷിച്ചതുമതിമതി!
തിരിയെനടക്കാമിനിയുമൊരക്ഷരം
മുരിയാടുകിൽഞാനങ്ങുഗമിക്കും
പരിഹാസാളികൾപറയുന്നവരും
അരികിലിരുന്നതുകേൾക്കുന്നവരും
ദുരിതാനുഭവംസമമായ്വരുമെ-
ന്നുരചെയ്യുന്നുമുനിതിലകന്മാർ
തരുണീതരുണന്മാരന്യോന്യം
തരമായ്വരുവാൻദുർഘടമത്രേ,
ഒരുവനിലാഗ്രഹമൊരുനാരിക്കു
പുരുഷനുമവളെയുമൊപ്പിക്കേണ്ടാ

ഇരുവരുതമ്മിൽചേർന്നുവരുമ്പോൾ
പരമാനന്ദമവർക്കുലഭിക്കും
മററുള്ളവരുപറഞ്ഞാലുംഫലമി
പററുകയില്ലകുലുക്കവുമില്ല
കുററംനളനൃപനുണ്ടെന്നാലു-
മേററമവരിൽനമുക്കഭിലാഷം
മററെന്തിനുവളരെപ്പറയുന്നു
പെററുപിറന്നൊരുജനനിയുമെന്നെ
പോററിവളർത്തൊരുജനകൻതാനും
മറെറാരുപുരുഷനെമാലയിടിപ്പാൻ
മുററുംവന്നുപ്രയത്നംചെയ്താൽ
തെററന്നവിടെമരിക്കുംഞാനതി-
ലേററംമറെറാരുപായവുമില്ല'
ഇത്തരമവളുടെവാക്കുകൾകേട്ടതി-
നുത്തരമില്ലെന്നോർത്തുനരേന്ദ്രൻ
"സ്വസ്തിനിനക്കെന്നരുൾചെയ്തവളുടെ
പത്തനമതിൽനിന്നാശുഗമിച്ചു
നിർജ്ജരവരരുടെമുൻപിൽചെന്നതി-
ലജ്ജിതനായിത്തൊഴുതുരചെയ്തു"
ഇജ്ജനമോർത്താലിതിനെളുതല്ല
സജ്ജനനികരശിരോമണിമാരേ
ദൃഢതരമവളുടെചിത്തമിളക്കാ-
നടിയനുമതിബലമില്ലെന്നറിവിൻ!
ചതിവുപറഞ്ഞുമനസ്സുമറിപ്പാൻ
ചടുതപെരുത്തൊരുപെൺകൊടിയാളവൾ
മതിമുഖിതാനൊരുപുരുഷനെമനസാ
പതിയായിട്ടുവരിച്ചിതുപോലും
അതിനായിട്ടിഹക്ലേശിച്ചാലും
സതിയാമവളൊട്ടുക്രുട്ടുകയില്ല,
അടിയൻവളരെക്ലേശംചെയ്തു
മടിയെന്നുള്ളതുബോധിക്കേണ-
മറിവുണ്ടെങ്കിലിതെല്ലാംനിങ്ങൾ-
ക്കറിയാമല്ലോവിബുധന്മാരേ!
സകലജനങ്ങടെഹൃദയമശേഷം
മുകുരതലത്തിൽകാണുംപോലെ
അകതാരിങ്കൽവിചാരിച്ചറിവാൻ
മികവുളവാന്മാർക്കെന്നുപ്രസിദ്ധം
ഭക്തമഹാനിധിയാകിയനളനുടെ
യുക്തികൾകേട്ടുതെളിഞ്ഞമരന്മാർ
യുക്തമിതവനുടെദോഷമതല്ലെ-
ന്നോർത്തുജവേനമറഞ്ഞാരവരും.

നളനുമതുനേരംകളഭവരനുടെ
ഗളമതിങ്കലേറിത്തെളിഞ്ഞുപുറപ്പെട്ടു
കളിച്ചുപടജ്ജനംവിളിച്ചുപുറപ്പെട്ടു
വളച്ചുവഴിവെട്ടിത്തെളിച്ചുജലംകൊണ്ടു
തളിച്ചുപടകളുംചിളിച്ചുകുഴൽകൊമ്പും
വിളിച്ചുപടഹങ്ങളടിച്ചുവിരുതന്മാർ
പിടിച്ചുകളിച്ചോക്കൊടിച്ചുനടകൊണ്ടു

ഭൂപശിരോമണിനളനുംപടയും
താപമകന്നഥകുണ്ഡിനപുരിയുടെ
സവിധേചെന്നുടനവിടെനിറഞ്ഞതു-
ഭൂപംനൃപനെവണങ്ങിഭടന്മാർ
പരിചൊടുനിഷധനരേന്ദ്രൻതരസാ
കരിവരഗളമതിൽനിന്നുചതുക്കെ-
പ്പരിജനകരതലമവലംബിച്ചുട-
നരുതരകൗതുകംക്ഷിതിയിലിറങ്ങി
മുപ്പതുനാല്പതുനായന്മാരും
കെല്പേറ്റുന്നൊരുലജമാനന്മാരും
ഉല്പലനയൻനളഭൂപാലൻ
അപ്പുരിപുക്കനൃപനെക്കണ്ടു
ഭീമനരേന്ദ്രൻവിരവൊടുനളനെ
പ്രേമമുയർന്നുപിടിച്ചഥതഴുകി
കോമളമാകിനമണിമാളികമേൽ
ആമോദേനകരേററിയിരുത്തി,
പാർത്തലസീമനിമരുവീടുന്നൊരു
പാർത്ഥിവവരരുംവന്നുതുടങ്ങി
തങ്ങടെതങ്ങടെപരിവാരത്തൊടു
മങ്ങിനെനൃപകുലവീരന്മാരും
ഭംഗിവരുത്തിയണിഞ്ഞുതുനിഞ്ഞുമ-
തംഗജമഞ്ജുളഗാമിനിയാളുടെ
ശോണാധരസുഖപാനാമലനി-
ർവ്വാണാനന്ദമനസ്സചിമഹീശൻ
താനാരാൽമുന്നാണിയായ്കുണ്ഡിന-
ലീനാത്മാവായ്യാത്രതിരിച്ചു
മധുരസമഞ്ജിമവാണൊന്നൊഴുകീടിന
മധുരാധരിയുടെമടിയിലിരിപ്പാൻ
മധുരാകൃതിഞാൻമതിയാംഭുവിനു
മധിരാട്ടാണെൻസമതവഹിപ്പാൻ
പാർത്താലതിലാരുള്ളെന്നിങ്ങനെ
ധൂർത്തനുമോർത്തുഗമിച്ചുതുടങ്ങി
പിൻപിൽനടക്കുംനൃപനതുനേരം
തുമ്പികണക്കെപറന്നുതുടങ്ങി
പടയുംവേണ്ടാകുടയുംവേണ്ടാ
മട്ടുമലർമിഴിയെലഭിച്ചാൽപോരും
ഉടലുമുറിഞ്ഞാലന്തരമുണ്ടോ?
തടമുലപുൽകാൻസൌഖ്യംകുറയും
മന്നവർപലരുംപോരുന്നെന്തിനു
കന്യകനമ്മുടെകയ്യിൽപോരും
എന്നെപ്പോലെസുന്ദരനായി
ട്ടിന്നെയൊരുത്തൻഭൂമിയിലില്ല
അരുമല്ലെന്നുടെകോപ്പുകളിട്ടാൽ
അതിലൊരുശോഭനമുക്കേയുള്ളൂ
ചാപല്യംകൊണ്ടുപരീക്ഷിച്ചെന്നാൽ
ആയതുനമ്മൊടുപോരെന്നില്ല
വിരുതന്മാരിൽകൗതുകമേറും
നാരീമണിമാർക്കെന്നുപ്രസിദ്ധം
ജാതിശ്രേഷ്ഠതയുള്ളജനത്തെ
കാതരമിഴിമാർകാമിച്ചീടും
ജാതിവലിപ്പംനിരുപിച്ചെന്നാൽ
ഏഴുംകുറവുനമുക്കില്ലിപ്പോൾ
ഇട്ടിക്കിൽപുനരെന്നിൽമികച്ചൊരു
വിദ്വാനില്ലതികച്ചുരചെയ്യാം

വിദ്വാനാകിയവരനെവരിപ്പാൻ
ഉദ്യോഗിക്കുംദമസോദരിയും
കവികളിലേററംകൌതുകമേറും
കുവലയമിഴിമാർക്കില്ലവിവാദം
കവിതക്കാരിഹപലരുണ്ടെങ്കിൽ
അവരിൽമികച്ചതുഞാനിഹതന്നെ
അംഗനമാർക്കുമനസ്സുതണുപ്പാൻ
സംഗീതത്തിനുശരിയല്ലൊന്നും
സംഗീതങ്ങടെഭംഗിവരുത്താൻ
ഇങ്ങൊരുകൂട്ടംവാസനയേറും
ഇങ്ങിനെയോരോന്നോർത്തുനൃപന്മാർ
അംഗജബാണംകൊണ്ടുമയങ്ങി
തങ്ങടെതങ്ങടെപൌരുഷചിന്തു-
ങ്ങളിക്ഷിതിപതിഭവനംപുക്കാർ
ഇന്ദ്രാദികളവർനാലുജനംനള-
ചന്ദ്രനുനാലുവരങ്ങൾകൊടുപ്പാൻ
സാന്ദ്രകുതൂഹലസരസന്മാരവർ
സവിധേവന്നരുചെയ്തുതുടങ്ങി;
ഇന്ദുബിംബമുഖിയാംദമയന്തി-
ക്കിന്നുനീരമണനായതുമൂലം
നന്നുനന്നുസുകൃതംപരിപൂർണ്ണം
പൂർണ്ണചന്ദ്രസുമുഖനരവീര!
നിന്നുടെദൃഢമനസ്സറിവാനായ്
വന്നുഞങ്ങളിഹനാൽവരുമായി
മന്നിടത്തിൽമഹിളാമണിയാകിയ
കന്യകയെഝടിതികൈക്കലതാക്കാൻ
മോഹമില്ലദമയന്തിയിലേററം
സ്നേഹമുണ്ടതിനുമില്ലവിവാദം
മുഗ്ദ്ധഗാമിനികുലോത്തമതന്നുടെ
ചിത്തസാരമറിയുന്നതിനായി
അത്രമാത്രമിഹചെയ്തുഞങ്ങളും
അത്രതന്നെപോകുന്നുനരേന്ദ്ര

ശ്ലോകം

കല്യാണീകമലാലയാഭഗവതീകാന്താ
പ്രപേദേഹരിം
കല്യാസാചലബാലികാഭഗവതീചാർദ്ധേ
ന്ദുചൂഡംയഥാ
മല്ലീപുഷ്പസുഹാസിനീരതിരപിപ്രാപ്താ
യഥാചിത്തജം
മല്ലാക്ഷീദമസോദരീവൃതവതീകാന്തം
ഭവന്തംതഥാ

പദ്യമതിങ്ങനെകേട്ടാലുടനെ
വിദ്വാന്മാർക്കിഹപൊരുളുണ്ടാകും
വിദ്യാരഹിതന്മാർക്കുഗ്രഹിപ്പാൻ
വിരവൊടുപൊരുളുരചെയ്തീടുന്നേൻ
നളനൃപതേനീനമ്മുടെവചനം
നലമൊടുകേട്ടുരസിച്ചീടേണം
നളിനംതന്നിൽപണ്ടുപിറന്നൊരു
കളമൊഴികുലമണിലക്ഷ്മീഭഗവതി
നരകാന്തകനാംനാരായണനെ
തരസാചെന്നുവരിച്ചതുപോലെ

വരവർണ്ണിനിദമയന്തിഭവന്തം
വരനായ്വരണംചെയ്തിതുഭദ്രം
യമനിയമാദിഗുണങ്ങൾനിറഞ്ഞൊരു
സുമശരരിപുവാംപരമേശ്വരനെ
ഹിമഗിരിവരസുതവരണംചെയ്തൊരു
സുമഹിതമംഗലകർമ്മംപോലെ
കമിതാവായിശ്രീരതിയുംപുന-
രമിതരസാഞ്ചിതനാകിയമദനം
രമണനതാക്കിവരിച്ചതുപോലെ
ദമയന്ത്യാസഹനിഷധപതേ!നീ
നിഷധപതേ!കേൾനിന്നുടെയാഗേ
നിഖിലസുരന്മാരോടുംകൂടെ
നിജനിജരൂപത്തോടുംവന്നു
നൃപവരസഭയിലിറങ്ങിക്കൊണ്ടു
മർത്ത്യപരിഷകൾകാൺകെത്തന്നെ
പ്രത്യക്ഷേണഹവിർഭാഗത്തെ
ഭുക്തികഴിക്കനുമിഹഞാൻതവ
ഭക്തിമഹത്വകൾബോധിക്കേണം
വരുണൻഭഗവാനരുളിച്ചെയ്തു
വരികസഖേ!നളനൃപതികുലേന്ദ്ര!
പുരുഗുണരാശേമരുഭൂമിയിലും
പെരിയമഹാമലയുടെതടമതിലും
ഒരുനാളൊരുദിശിചെന്നുഭവാനും
മരുവുംനേരംനന്മക്കനിവൊടു
നിരുപിക്കുമ്പോളവിടെവരുന്നേൻ
ഒരുദിക്കിലുമിഹജലമില്ലെന്നു
പരവശഭാവംവേണ്ടനിനക്കു
പെരുകിനവാർപ്പുംചെമ്പുചരക്കുകൾ
വരിചൊടടുപ്പിൽകേററിക്കൊണ്ടതിൽ
അരിയുംപോട്ടാലധികമവററിൽ
പെരികെജലവുംതനിയെനിറയും
എരിയുംതീയെന്നഗ്നിയുമരുളി
അരിയുംകറികളുമമൃതിനുസമമെ-
ന്നരുളിച്ചെയ്താനന്തകഭഗവാൻ;
പെരുകിനസുഖമിനിദമയന്ത്യാസഹ
പുരിയിൽചെന്നുവസിച്ചീടുകനീ.

ഏവമരുളിച്ചെയ്തുദേവന്മാർനാലുപേരും
ദേവലോകത്തെനോക്കിപ്പോവാൻമുതിർന്നുതത്ര
മറഞ്ഞുമഞ്ചങ്ങൾതോറുംനിറഞ്ഞുമേവുംനൃപന്മാർ
പറഞ്ഞുതുടങ്ങിഭാഗ്യംകുറഞ്ഞുസംസാരവായ്പു
കറിഞ്ഞുകൂടാതെദൈവംചതിച്ചുപെണ്ണിനെവേ [ൾപ്പാൻ
കൊതിച്ചവനൊരുനന്മത്യജിച്ചുവൈരസേ- [നിയെ
വരിച്ചുദമയന്തിയുംധരിച്ചുവിപ്രന്മാരെല്ലാം
തിരിച്ചുസപർണ്ണവുംകെട്ടിത്തിരിച്ചുകൊണ്ടങ്ങുമിങ്ങും
ഭ്രമിച്ചവരൊരുനന്മശ്രമിച്ചുനിൽക്കയോ- [വേണ്ടു
ഗമിച്ചുകോൾക്കുള്ളയാവേണ്ടുന്നടപ്പിൽഭൂപാലന്മാ- [രും

കടപ്പിൻ കണ്ഡിനം തന്നിൽ കടപ്പിൻ ഭീമനെ-
[ച്ചെന്നു
പിടിപ്പിൻ! കന്യകെപ്പാഞ്ഞടുപ്പിൻ കാർമ്മു-
[കം കയ്യി-
ലെടുപ്പിൻ ഘോരബാണങ്ങൾ തൊടുപ്പിൻ ഒത്തു-
[കൊണ്ടെല്ലാം-
മടപ്പിൻ പക്ഷനം കുത്തിത്തകർപ്പിൻ സർവ്വത്ര·
[ചെന്നു
ഹരിപ്പിൻ! പേടിയുള്ളോരിങ്ങിരിപ്പിൻ പെണ്ണു-
[നെച്ചൊല്ലി
മരിപ്പിൻ മന്നവന്മാരേ! സ്മരിപ്പിൻ നാണക്കേടെ-
[ല്ലാം

പടഹമെങ്ങു പടകളെങ്ങു നമ്മുടെ
കൊടികളെങ്ങു കുടകളെങ്ങു സംഗര-
ഘട്ടനേ ഘോഷമുടനേ വേണം അരികുല
മടിപെടുക്ക പൊടിപൊടിക്ക നല്ലൊരു
മിടുമിടുക്കനുടനെടുക്ക വിരവൊടു
നലമൊടു വിലസിന ചലമിഴിമണിയുടെ
തലമുടിവടിവൊടു പിടിപെടുവതിനൊരു
മടിയുടരുതിഹ പടുതരനരവര
പരിഷകളുടെയൊരു പുരിയതിൽ വിരവൊടു
ഉരുതരമിതുബത കരുതിയ പുരുഷരെ
വിരവൊടു ശരവരനിരകൾക്കിരയാ-
ക്കീടവേണമടലെന്നു സംപ്രതി
മൂഢമാംവമൂഢമായതെന്തിഹ!
ഗൂഢമല്ല ഗാഢവൈരമിന്നതി
ഗൂഢമായിരൂഢമായി ശിവശിവ!
ഇത്ഥം നൃപതിസമൂഹമശേഷം
യുദ്ധമതായിതു കുണ്ഡിനനൃപനൊടു
യുദ്ധം ചെയ്യതിനെത്തി നിറഞ്ഞവ-
രദ്ഭുതകളകളഘോഷത്തോടും
അംഗൻ നൃപതി കലിംഗൻ നരപതി
വംഗൻ വരഗുണതുംഗൻ ദ്രമിളൻ
കുന്തളനരപതി കുരുകുലഭൂപതി
കുന്തിമഹീപതി വിന്ധ്യനരേന്ദ്രൻ!
പൂണ്ഡ്രകനരപതി പുഷ്കരനരപതി
പാണ്ഡ്യമഹീപതി പാഞ്ചാലനൃപൻ
ചോളക്ഷിതിപതി ലാടനരേന്ദ്രൻ
സിന്ധുമഹീപതി സിംഹളഭൂപതി
കർണ്ണാടപ്രഭു കാശ്മീരപ്രഭു
കാശിമഹീപതി കാമപുരപ്രഭു
ഭദ്രമഹീപതി ഭദ്രപുരേശൻ
ഇങ്ങനെയുള്ള നൃപന്മാരനവധി
തിങ്ങിന പുരുഷാരങ്ങളുമിളകി
തങ്ങടെ തങ്ങടെ നായന്മാരെയു-
മങ്ങു സ്വരൂപിച്ചിങ്ങു തുടങ്ങി
ചന്ത്രക്കാരൻ രാമച്ചാരൊരു
കുന്തമെടുത്തു പിടിച്ചു കരത്തിൽ
വാളുമെടുത്തു താളത്തിൽ ച്ചില
മേളം കൂട്ടിച്ചോടുകൾ വെച്ചു
കാക്കരനായർ കടുത്തില കയ്യി-
ലെടുത്തു പിടിച്ചു നടന്നു തുടങ്ങി,
ലന്തക്കുഴലും തോളിലെടുത്തൊരു
കുന്തക്കാരണിയിട്ടു തുടങ്ങി;
കാപ്പിരിയെന്നൊരു ഭാഷ പറഞ്ഞു
കലശലൊരേടത്തങ്ങു തുടങ്ങി,
കുണ്ടച്ചാരേ! കുറുപ്പാതന്നുടെ
കയ്യിലൊരായുധമില്ലാത്തതെന്ത്യേ
ചെണ്ടക്കാര്യമിനിക്ക പിണഞ്ഞു
ജ്യേഷ്ഠൻ താനതു ബോധിച്ചില്ലേ
നമ്മുടെ വീട്ടിൽ പത്തുപണത്തിന
ചൊല്ലുള്ളതുമില്ലെന്നാകെ നശിച്ചു
അമ്മാമരിച്ചപ്പിന്നെക്കാര്യം
അമ്മാവൻ ക്ലേശിച്ചു തുടങ്ങി
അമ്മായിക്കും മക്കൾക്കും പുന-
രമ്മാനമുടുപ്പാനും വെററില
തിമ്മാനും തേപ്പാനും പുനര-
ങ്ങമ്മാത്രം ചിലതീപ്പിപ്പുറവും
അമ്മുതലെല്ലാം ചിലവിട്ടിപ്പോൾ
ഉമ്മാനും വകയില്ലതാക്കി
അമ്മാം പാപ്പികടം കൊണ്ടതുമിഹ
നമ്മാലോർത്താൽ പോക്കുകവിഷമം;
ഗണപതിപട്ടർക്കമ്പതു പണവും
പലിശയുമങ്ങു കൊടുപ്പാനുണ്ടു;
പണമില്ലാഞ്ഞിട്ടെന്നുടെ കുന്തം
പണയം വെച്ചു പലിശ കൊടുപ്പാൻ
കേളിപെരുത്തൊരു കന്യകമണിയുടെ
വേളിക്കോളമെഴുന്നള്ളുന്നു
ആയതു കേട്ടവർ കേട്ടവരെല്ലാം
ആയുധമേന്തി നടന്നു തുടങ്ങി,
ആയുധമില്ല നമുക്കെന്നുള്ളതു
നായന്മാർക്കു പറഞ്ഞീടാമോ;
ആയതു മൂലം മിണ്ടാതെ ഞാൻ
കയ്യും വീശിക്കൊണ്ടു തിരിച്ചു
കേട്ടോ താനാ കന്യകയെപ്പോയ്
വേട്ടോ നമ്മുടെ സ്വാമിയുമിപ്പോൾ?
നമ്മുടെ സ്വാമിക്കവളെ ലഭിപ്പാൻ
കർമ്മമതില്ല തനിക്കെന്തറിയാം,
നമ്മുടെ രാജാവെന്തൊരു കാര്യം
നമ്മളെയൊക്കെ സ്വരൂപിക്കുന്നു
മലകുഴതെക്കേലേററനൃപന്റെ
മൂലവിനാശം ചെയ്തിതിപ്പോൾ
നാലംബുധിയുടെ നടുവിലിയന്നൊരു
നായന്മാരവരൊക്കെയുമിന്നു
ആയതുപാരം നിർമ്മരിയാദം
ആയവനെന്തു പിഴച്ചു നരേന്ദ്ര-
ക്കായവൾ തന്നെ വരിപ്പാൻ ചെന്നാൽ
ആയതുപേക്ഷിച്ചീടുകയുണ്ടോ
ആയിരമൻപതു കോടി നൃപന്മാർ
ആയവളൊരുവളെ മോഹിച്ചെന്നാൽ
ആയവളെങ്ങിനെ വേണ്ടൂ മേഹം
കണ്ടിച്ചെല്ലാം വിഭജിക്കേണോ?

മെല്ലെപ്പറകനൃപന്മാർകേട്ടാൽ
കൊല്ലുംതന്നൊത്താലസിയാതെ
മല്ലമിഴിലോചനമാരെക്കാമി-
ച്ചുള്ളമലിഞ്ഞുഴലുന്നനൃപന്മാ-
ർക്കുള്ളിൽവിചാരംചെല്ലുകയില്ല;
അല്ലേതാനതറിഞ്ഞിട്ടില്ലേ;
വല്ലതുമവിടൊരുപായമതുണ്ടോ
ചൊല്ലുകമീജനമൊന്നേവേണ്ടൂ
പടയിൽചെന്നുമരിപ്പാനൊട്ടും
മടിയില്ലിങ്ങതുബോധിച്ചാലും
ഇടയില്ലാതെകഥിക്കയുമല്ലി-
പ്പടമാവിച്ചതുചിതമല്ലിപ്പോൾ
ഒരുപെൺകൊടിയിൽകൊതികൊണ്ടൊരുവക
നിരുപണമില്ലാതുള്ളനൃപന്മാർ
നരപതിഭീമജകാരമതാക്കിയ
തൊഴിലവൻകേട്ടാലാനകളിക്കും,
അങ്ങാടികളിൽതോലിപിണഞ്ഞാൽ
അമ്മയൊടപ്രിയമെന്നതുപോലെ,
ചെറ്റാതികടെജളതചമതിങ്ങനെ
എന്തൊന്നുണ്ടോപണ്ടുള്ളവായി,
ഇത്തരമോരോരോവാക്കുപറഞ്ഞവർ
എത്തിനിറഞ്ഞിതുനായന്മാരും
സതാരമനവധിനൃപതികൾബന്ധിന-
പത്തനമൊക്കെയടിച്ചുതകർപ്പാൻ
വട്ടംകൂട്ടിയവാർത്തകളൻപൊടു
കേട്ടുമഹീപതിഭീമൻനളനും
എന്തിഹസമുചിതമെന്നുമനസ്സിൽ
ചിന്തിച്ചവിടെവസിച്ചീടുമ്പോൾ
ഭാരതവംശാധിപനാംനളനൊടു
ഭാരതിഭഗവതിയരുളിച്ചെയ്തു,
"വീരനൃപകുലമകുടമണേ! തവ
ധീരതകൊണ്ടുശമിക്കുമനർത്ഥം
നൃപതിജനങ്ങടെകലഹാരംഭം
സപദിശമിപ്പാനുണ്ടൊരുപായം
വിപദമൊഴിപ്പാനിന്ദ്രാണിക്കൊരു
വിരുതുണ്ടവളെസ്സേവിക്കേണം

ഇന്ദ്രന്റെഭാര്യയാകുമിന്ദ്രാണിദേവിയെന-
രേന്ദ്രഭവാൻമനസ്സിൽനന്നായിഭജിച്ചാലും,
എന്നാലുംനേരത്തെനന്നായിവരുംഭവാ-
നെന്നരുളിച്ചെയ്തുമറഞ്ഞുദേവി
എന്നുള്ളതുള്ളപ്പോട്ടുകേട്ടുനരേന്ദ്രൻതാനും
ചെന്നുകുളിച്ചുവേഗംവന്നുപുലോമജയെ
പുഷ്പങ്ങൾകൊണ്ടുവന്നുപൂജിച്ചുവിധിയോടെ
നിഷ്പന്ദഭാവത്തോടെനിന്നുസ്തുതിതുടങ്ങി

വന്ദേഹംദേവിവന്ദേഹംദേവി!

സന്ദേഹംകൂടാതെയെന്നെ
സന്തോഷിപ്പിക്കേണം
ദേവീസങ്കടംദേവീസങ്കടംനമുക്കിഹ
ശങ്കയൊഴിച്ചുനിൻകടാക്ഷമേഗതി-

(വന്ദേഹം)

ഭൂപന്മാർബഹുകോപന്മാർ
ഭൂപാലൻഭീമന്റെനാട്ടിൽ
ആപത്തുവരുത്തീടാതെ
കലഹാദിവകലുഷഭാവമൻപൊടുശമയദേവി
ശതമഖപ്രിയേ!തവകരുണവേണം

(വന്ദേഹം)

ദുർല്ലഭദേശക്രവല്ലഭേ!
വല്ലാതെനൃപന്മാർനമ്മെ
വെല്ലാതെശമിപ്പതിന്നു
കല്യാണംദിശകല്യാണി
കല്യാണംമുടങ്ങീടാതെ
കല്യേനീകാത്തരുളീടേണം
കമലലോചനേ!മലമോചനേ!
തവകരുണവേണംഅരുണപല്ലവാധരി
കല്യാണംദിശ!ദിശ!കല്യാണി!
വന്ദേഹംദേവിവന്ദേഹംദേവി!

ജംഭാന്തകാരടെവല്ലഭതന്നുടെ
സംഭാവനകൊണ്ടഖിലനൃപാണാം
ജൃംഭിതകോപവികാരമശേഷം
സാമ്പ്രതമൻപൊടുസംഹൃതമാകാൽ
സംഭ്രമമാശുശമിച്ചുനൃപന്മാർ
സംപ്രീതിവന്നുസുഖേനപറഞ്ഞു,
എന്തുപിഴച്ചുഭീമനരേന്ദ്രൻ?
എന്തുപിഴച്ചുമഹാമതിനളനും?
എന്തിക്കുവലയദളമിഴിയാംദമ-
യന്തിക്കുംപുനരപരാധമെടോ!
മാച്ചിലനമ്മുടെനിർഭാഗ്യത്തെ
മാററിക്കൊൾവാനൊക്കില്ലതാവു,
പോററിക്കുംകൃപയില്ലിനിനമ്മെ
മാററികളാകിനഭൂപതിമാരിൽ
നൂററിലൊരുത്തനുതോന്നിയതില്ലി-
ഗ്ഗോഷ്ഠികൾകാട്ടരുതെന്നുമനസ്സിൽ
നീററിൽനടക്കുംമുതലകൾപോലെ
ചീററിയടുപ്പാനെന്തവകാശം?
നളിനശശിമുഖസന്നിഭമുഖനാകിയ
നളനൃപവരനെക്കണ്ടാൽനല്ലൊരു
കളമൊഴികലമണിമററൊരുനൃപരുടെ
ഗളമതിൽമാലനിബന്ധിപ്പവളോ!
പലനൃപവരന്മാരുണ്ടെങ്കിലുമിഹ
നളനൊടുതുല്യമൊരുത്തനുമില്ല,
തെളിവൊടുമവനെവരിച്ചില്ലെങ്കിൽ
കുളുർമൊഴിയാൾക്കൊരുവകതിരുവി-
ല്ലെന്നൊരുകുറവുഭവിച്ചേനേഅതു
വന്നില്ലവളുടെഭാഗ്യവിശേഷാൽ
നളനെത്തന്നെസംഗതമിങ്ങിനെ
നരവരവൃന്ദമശേഷവുമപ്പോൾ
തെളിവൊടുവാഴ്ത്തിസ്തുതിചെയ്യുന്നതു
നരപതിഭീമൻകേട്ടതിമോദാൽ
പൌലോമിയുടെകൃപാബലമൽഭുതം
ആലോകിതമിതിമനസ്സിലുറച്ചു
കാലോചിതമാമുപചാരത്തെ
കനിവൊടുചെയ്തുതുടങ്ങിനരേന്ദ്രൻ!

സ്വർണ്ണാഭരണം രത്നാഭരണം
കുണ്ഡലവും കങ്കണവും തോൾവള
കാഞ്ചിദുകൂലം തരിവള പിരിവള
കാഞ്ചനകുംഭം കനകച്ഛത്രം
പൂഞ്ചേലകളും കർപ്പൂരം ബഹു
വാഞ്ഛിതമൊക്കെ പല്ലക്കുകളും
അശ്വവധിപണവും മണിഗണവും ബഹു
കനകപ്പാറിയും വാരിക്കോരി
ധനപതി സകലനരേന്ദ്രന്മാർക്കും
കനിവൊടു ഝടിതി കൊടുത്തു തുടങ്ങി
ദമയന്തിയുടെ സഖിമാരാമവർ
കമനീയാംഗികൾ കോടിസഹസ്രം
ഓരോരോ നരവീരന്മാർക്കിതിൽ
ഓരോ സഖിമാരെ പ്രത്യേകം;
ആദരമോടു കനിവൊടു കൊടുത്താൻ
ധീരോദാത്തൻ ഭീമനരേന്ദ്രൻ,
ദമയന്തിക്കു സമാനമതാകിയ
കന്യാരത്നം കിട്ടുകമൂലം
പ്രമുദിതഹൃദയന്മാരായ് നൃപതികൾ
സ്വഗൃഹയാത്ര പറഞ്ഞു തിരിച്ചു.
കല്യാണീയതാം ദമസോദരിയുടെ
കല്യാണോത്സവകോലാഹലമഥ
നല്ലമുഹൂർത്തേ നലമൊടു ചെയ്വാൻ
ഉഗ്രസേനതുടങ്ങിനരേന്ദ്രൻ

നളചരിതം, ഒന്നാംസ്വയംബരം ഓട്ടൻതുള്ളൽ, സമാപ്തം.

൩൦. നളചരിതം.

രണ്ടാംസ്വയംബരം.

അക്കാലങ്ങളിലധികപരാക്രമ
യുക്തനതാകിയ നരപതി ഭീമൻ
ചൊൽക്കൊണ്ടീടിന കുണ്ഡിനപുരമതിൽ
വിഖ്യാതഗുണൻ വാണീടുമ്പോൾ
മുഖ്യനതായൊരു നളനരപാലൻ
തൽക്കമനീമണി ദമയന്തിയൊടും
അക്കലിമലദോഷത്താലടവിയി-
ലത്രഗമിച്ചെന്നുള്ളൊരു വാർത്തകൾ
ശ്രുതവാൻ ഭീമനരമഴൽപിടിപെട്ടഥ
ക്ലതചാദമിനിയും പുനരധികം
ഉക്ഷ്യാപലതരമവശതയോടും
നക്തംകാമിനികമിതാവോടും
എന്നുടെമകളെവിടെപ്പോയെന്നഥ
ചെന്നറിവാനിഹഭൂതഗണങ്ങളെ
മന്നവ! നിമിഷമയച്ചീടേണം-
മിന്നുള്ളിവസിമടിക്കരുതേതും
ഭാമിനിവചനം കേട്ടുദശായാം
ഭീമനരേന്ദ്രനനവധിദ്വിജരെ
സാമോദത്തൊടു ചിലവിനുനൽകി
സ്സോമകുലോത്ഭവനും പറയുന്നു
ഭൂമിസുരേന്ദ്രന്മാരേ! നിങ്ങൾ
കോമളരൂപയതാം മമപുത്രിയെ
ഭൂമിയിലൊക്കെ നടന്നു തിരഞ്ഞഥ
താമസമെന്ന്യേ കൊണ്ടുവരേണം
നളനരപാലനെയും തിരയേണം
തെളിവൊടു ഭൂസുരവരരേ! നിങ്ങൾ
കളിപറകല്ലനവധികധനം ഞാൻ
വിളഭൂമികളും തരുവനിദാനീം
ഇങ്ങിനെ ഭൂപതിചാരന്മാരെ
സംഗതിപോലെയയച്ചു ധരായാം
തിങ്ങിനമോദത്തോടവരന്നേ
അങ്ങു നടന്നു നാലുദശായാം
കോസലകേകയവംഗകലിംഗം
ചേട്ടനുംപട്ടരച്ചന്റെപടിക്കൽ
ചെന്നുപിടിപ്പാൻതുടങ്ങുമ്പോൾ
പട്ടരെച്ചഞ്ചോടിയോടിത്തിരിച്ചു
ചിരിച്ചുപതുക്കവേകാണികളൊക്കെയും
ചേട്ടനതിൽപിന്നെനമ്മെത്തിരുവാണ
ഇട്ടങ്ങുവീട്ടീന്നിറക്കിപ്പുറത്താക്കി
പെട്ടെന്നുനമ്മുടെതോക്കുമക്കുന്തവും
തട്ടിപ്പറിച്ചെന്നുംവിറെറന്നുംകേട്ടുഞാൻ
വില്ലുവലിച്ചുകുലച്ചാനൊരുത്തൻ
പല്ലുകടിച്ചുചൊടിച്ചാനൊരുത്തൻ
പന്നിയെപ്പാഞ്ഞങ്ങെടുത്താനൊരുത്തൻ
ചെന്നായെച്ചെന്നുതടുത്താനൊരുത്തൻ
വെട്ടുനായ്പോത്തോടടുത്താനൊരുത്തൻ
വെട്ടൊന്നുകൊണ്ടുമരിച്ചാനൊരുത്തൻ
പെട്ടെന്നുപന്നിയെവെട്ടിയോടിച്ചൊരു
പൊട്ടക്കിണററിൽപതിച്ചാനൊരുത്തൻ
ചന്തംപെരിയശബരിമൃഗങ്ങളെ
കുന്തത്തിലമ്പോട്ടുകോർത്തൊരുഘോഷമെ
കൊമ്പിന്മേൽകോർത്തൊരുകുംഭിപ്രവീരന്റെ
തുമ്പിക്കൈവെട്ടിമുറിച്ചാനൊരുത്തൻ
വള്ളിക്കുടിലിൽപതുങ്ങിയിരുന്നൊരു
തള്ളപ്പുലിക്കിട്ടുവെച്ചവെടിയൊന്നു
കള്ളുകുടിച്ചുകിടക്കുംമുളുക്കന്റെ
പള്ളയ്ക്കുകൊണ്ടുമരിച്ചാൻമുളുക്കൻ
തുടിവെള്ളത്തൊരുഭിക്ഷക്കാരൻനായർ
താനേപടലിലൊളിച്ചിരിക്കുന്നേരം
താടിവെള്ളക്കനെക്കണ്ടൊരുത്തൻമരം.
ചാടിക്കരഞ്ഞെന്നെനോർത്തുവെടിവെച്ചു
ചെന്നങ്ങുനോക്കുമ്പോളയ്യോയെന്റമ്മാവ-
നെന്നുടെകയ്യാലറുതിക്കവകാശം
വന്നുപോയെന്നുപറഞ്ഞുശവത്തെയും
ചെന്നെടുത്തങ്ങുതിരിച്ചാനൊരുത്തൻ
കറുത്തതാടിയുംമെയ്യിൽനിറച്ചുരോമവുമങ്ങു
കുറുപ്പുമുണ്ടുടുത്തുംകൊണ്ടൊരുത്തൻവേട്ടയാട്ടു-
[മ്പോൾ
വമ്പനാംപുലിയൊന്നുചാടിവന്നതുകണ്ടു
വിരണ്ടുകാനനേമണ്ടിത്തിരിച്ചുമേനിയുംപാരം
വിയർത്തുതൻവലയ്ക്കുള്ളിൽപതിച്ചപ്പോളൊരു-
[വേടൻ
കാടിയെന്നവനോർത്തുശരമൊന്നുപ്രയോഗിച്ചു
തലയ്ക്കിട്ടമ്പുകൊണ്ടങ്ങുവലക്കെട്ടിൽചത്തുവീണു
വിളിച്ചിട്ടുംതെളിച്ചിട്ടുംകളിച്ചിട്ടുംകയർത്തിട്ടും
തിമർത്തിട്ടുംമഹാകോലാഹലംനായാട്ടഘോരാത്രം
മുടങ്ങാതെപടക്കൂട്ടങ്ങളുംകാട്ടിൽനടക്കുന്ന
വിധംകണ്ടുപൊട്ടക്കെന്നുപ്രസാദിച്ചുമഹാവേടൻ
ശംവലിംഗംകരംതന്നിൽഎടുത്തുംകൊണ്ടുതന്നേ-
[രം
നൃപന്തന്റെസമീപത്തുചെന്നുവന്ദിച്ചുരചെയ്തു
തമ്പുരാനേനമസ്കാരംസിംഹകേതോനമസ്കാ-
[രം
ഇമ്പമോടേതിരുവുള്ളംതെളിഞ്ഞെന്നോർത്തുണ-
[ർത്തേണം
ദിവ്യമായശിവലിംഗംകാനനത്തിലിന്നുകിട്ടി
ദിവ്യസാരമതുകൊണ്ടുനല്ലതോതീയതോമേലിൽ
നല്ലതെങ്കിൽഭജിക്കേണംതീയതെങ്കിൽത്യജി-
[ക്കേണം
ഇല്ലരണ്ടെങ്കിലുംഭേദംമോദമോടേകഥിക്കേണം
നീചജാതിക്കടുത്തൊരുപൂജയുണ്ടോയുക്തമെന്നാൽ
നീചനാമെന്നുടെഭാഗ്യംയോഗ്യമെങ്കിൽഭജിക്കേ-
[ണം
മന്ത്രമൊന്നുംജപിക്കാതെമാനസധ്യാനവുംപി-
[ന്നെ
തന്ത്രവുംയോഗ്യമെന്നാകിൽതൽപ്രകാരംഗ്രഹി-
[ക്കേണം
ശബരന്റെഗിരംകേട്ടുതെളിഞ്ഞുമന്നവൻചൊ-
[ന്നാൻ
പ്രബലക്രൂരനീചന്മാർക്കൊരുമാർഗ്ഗംവിധിയുണ്ടു
വനത്തിൽപാറമേൽവച്ചുശിവലിംഗംവഴിപോ-
[ലെ
മനസ്സിൽഭക്തിയുംചേർത്തുചോലവെള്ളംകൊണ്ടു-
[വന്നു
കുളിപ്പിച്ചീടുകവേണംതന്നുടെവസ്ത്രവുംപല്ലും
വെളിപ്പിച്ചീടുകവേണംവിശുദ്ധിപാരമാവശ്യം
ശവംചുട്ടോരുഭസ്മംകൊണ്ടംഗലേപങ്ങളുംചെ-
[യ്ക
ശിവപ്രീതിവരുത്തുവാൻചുടലഭസ്മമേനല്ലു

ഫലമൂലംവരിച്ചോറും ചർമ്മയുംമാംസവും കൂട്ടി
കലർന്നാശു നിവേദിക്കുന്നിച്ചാതിരിത്തുപൂജ
ശഷ്പമെന്നാകിലും നല്ലപുഷ്പമെന്നാകിലും കൊണ്ടു-
ണ്ടൊപ്പൊഴുമർച്ചന ചെയ്തുകൊൾകനീ ചണ്ഡകം- [വേടാ
ഇത്ഥമാരാധന ചെയ്താലിന്ദുചൂഡൻ പ്രസാദിക്കും
ഭക്തിതന്നെ വിശേഷിച്ചു മുക്തിമൂലം ധരിച്ചാലും
ശൈവപൂജകഴിയാതെ ഭോജനം ചെയ്കൊലാ- [വേടാ
ശൈവകാരുണ്യമുണ്ടാവാൻ നിഷ്ഠതന്നെ വരംകൊ. [ള്ളും
ഭൂമിപൻറെ ഗിരം കേട്ടു തെളിഞ്ഞു വേടനന്നേരം
താമസിക്കാതവൻ കാട്ടിൽ ചെന്നിരുന്നു വഴിപോ [ലെ
ഭക്തിയോടെ ശിവലിംഗം പാറതന്നിൽ പ്രതിഷ്ഠി- [ച്ചു
മുക്തിമാർഗ്ഗം പിഴയാതെ പൂജ ചെയ്വാനൊരുമ്പെ [ട്ടു
ചുടലഭസ്മവും തേണ്ടിക്കൊണ്ടുവന്നു വശത്താക്കി
കൊട്ടിലും കെട്ടിയുണ്ടാക്കി കുളിച്ചു ഭസ്മവും തേച്ചു
ഒലിക്കും ചോലവെള്ളം കൊണ്ടഭിഷേകങ്ങളും ചെയ്തു
ജ്വലിക്കും വഹ്നിയിൽ ചുട്ട മാംസവും കന്ദവും കൂട്ടി
പുലിത്തോലിട്ടിരുന്നും കൊണ്ടാശു പുഷ്പാഞ്ജലി [ചെയ്തു
ഫലത്തെക്കൊണ്ടു മന്നാശു കഴിച്ചിട്ടു പഴുപ്പിച്ചു
ദിനന്തോറും മനക്കാമ്പിലനംഗദ്വേഷിയെ ച്ചിന്തി-
ച്ചനങ്ങാതെ മുടങ്ങാതെ തുടങ്ങി പൂജനം വേടൻ
അവന്റെ ഭാര്യയാകുന്ന പുളിന്ദീതാനുമവ്വണ്ണം
ശിവന്റെ പാദമുൾക്കാമ്പിൽ സ്മരിച്ചു സേവിനാൾകാ- [ലം
നിത്യവും ചണ്ഡകവേടൻ ശൈവപൂജകഴിയ്ക്കു- [മ്പോൾ
സതപരം ഭാര്യയെക്കൂടെ വിളിക്കും വന്ദനം ചെയ്വാ-
ചുടലഭസ്മവും പൂവും തീർത്ഥവും തന്നിടെന്നു [ൻ
ക്കടനേനാൽ കമീവണ്ണം പലമാസം തപം ചെയ്തു
ഒരുനാളിൽ ശവഭസ്മമൊട്ടുങ്ങിപ്പോകയാൽ വേടൻ
തിരഞ്ഞു കാനനംതോറും നടന്നു കുണ്ഠിതത്തോടെ
ഉരചെയ്തു മഹാശൂദ്രൻ പുളിന്ദി ഞാനെന്തുവേണ്ടു
ഒരുദിക്കിൽ തിരഞ്ഞിട്ടും ലഭിച്ചില്ല ശവഭസ്മം
അതുകൂടാതെ തന്നെ മഹീപാലനരുൾ ചെയ്തു
ഗതിയെന്തു നമുക്കിപ്പോൾ മുടങ്ങി നമ്മുടെ കൃത്യം
അതു കേട്ടു തെളിവോടു പുളിന്ദീതാനുരുൾ ചെയ്തു
അതുകൊണ്ടു വിഷാദിച്ചീടൊലാ കാന്ത മഹാത്മാ [വെ!
ഭവാനെ ഖേദിപ്പിച്ചിട്ടതിലെന്റെ ശരീരത്തെ
ശിവപൂജാർത്ഥമായ് കൂട്ടാമപേക്ഷിക്കുന്നു ഞാൻ [ദേഹം
ശബരൻ ചൊല്ലിനാനപ്പോളതു നന്നല്ലെടോ ബാ- [ലേ!
കബരീഭാരവും നിന്റെ മുഖവും പുഞ്ചിരിയും
നീബാരിസാലിലാളിത്യം കലരുന്ന കടാക്ഷവും

സരസസംസ്പ്രകാശവും സവിലാസഗമനവും
കരപാദങ്ങടെ ഭംഗി കമനീയാകൃതി ഭംഗി
ഇവയെല്ലാം നിരൂപിച്ചിട്ടെനിക്കൊന്നിൻ വിയോ- [ഗത്തെ
ശിവനാണപൊളിയല്ല സഹിച്ചു കൂടുകയില്ല
നിന്നംഗം പിരിഞ്ഞു ഞാനിരിക്കുന്നെന്തിനബാ
തനാംഗീ തവാരംഭമിതു മാത്രം ചിതമല്ലാ [ലെ
അങ്ങു പോയിരുന്നാലും പുളിന്ദീ പൂർവ്വരാഗത്തെ
മങ്ങാതെ പരിപാലിച്ചിടേണം നീ ചിരകാലം.

ഇത്തരം പറയുന്ന ചണ്ഡകവേടനോടു പതുക്ക- [വേ
ഇത്തരം മൊഴി ചൊല്ലിനാളഥ പുണ്യശീല പുളിന്ദി- [യും
ചിത്തതാരിൽ വിചാരമുള്ള ജനത്തിനിങ്ങത- [ന്നുടെ
തത്വമെങ്കിലറയെന്നറിഞ്ഞിടുവാൻ പ്രയത്നമി-
തല്ലയോ?
മർത്ത്യദേഹമിതെത്ര കഷ്ടമശുദ്ധികൾക്കൊരിരി- [പ്പിടം
മൂത്രവും മലവും നിറഞ്ഞൊരു പാത്രമാത്രമിതല്ല- [യോ
നേത്രമെന്നതിലിഞ്ഞു പീളനിറഞ്ഞുവരിപൊഴി- [ഞ്ഞുപോം
ശ്രോത്രമെന്നതിലും മലം വരുമൊത്തു കാൺകമ- [ഹമതേ
ഗാത്രമൊക്കെ വിയർത്തു വെള്ളമലിച്ചൊലിച്ചൊരു [നാററവും
വക്ത്രമെന്നൊരു പൊട്ടുമുണ്ടതുമെത്ര തന്നെ ജു- [ഗുപ്സിതം
ഉദരമെന്നതിലവിലനവധി വിരകളനവധി കൃ- [മികളും
രുധിരവും പുറങ്ങളിലിളകിനുള്ളുള്ളെച്ചിലാശ- [ബ്ദവും
മണ്ണുകൊണ്ടൊരു പിണ്ഡമിങ്ങനെ പൊണ്ണിയാം പു [നരാണിയം
പുണ്ണുവന്നു പുഴുക്കളൊരു മുറിവേറവു വെങ്കിപ്പത- [പ്പൊഴു
കണ്ണുരണ്ടുമടച്ചിരുന്നു നിനച്ചു കാൺകിലന്നാഹോ
പെണ്ണിയുള്ള ശരീരവികൃതികളെന്നിയെണ്ണിയറി- [ഞ്ഞിടാം
മൂക്കിൽ നിന്നു വരുന്ന ശ്ലേഷ്മമിതാർക്കനല്ലതു- [ചൊല്ലണം
നാക്കിൽ നിന്നു വരും ജലത്തിനു നീക്കമില്ലൊരുനേ- (രവും
കാക്കരിച്ചവർ തുപ്പുമക്കഫമന്നതിന്നള്ളൊരുനാ [റവും
ഓക്കിലാരുമടുക്കയില്ല കൊടുക്കയില്ലൊരു പീശവും
പല്ലുതേക്കണമേരമപ്പോൾ പരവശം, പരിഹാസവാ- [ക്കു-
ക്കല്ലദോജലവും കൊഴുത്തു കഴുത്തിലോളമൊലിക്ക- [യും

വല്ലഭൻബത കണ്ടുവെങ്കിലൊളിച്ചുമണ്ടുമസംശ- [യം
മുലരണ്ടുംകിഴപ്പോട്ടങ്ങുചയുമ്പോളവൾക്കുള്ള
പിലപാരമിടിഞ്ഞുപോംനിലച്ചീടുമഹാഭാവം,
മലരംപനാവള്ളോടുയാത്ര ചൊല്ലിപ്പോകുമന്നു
തലകമ്പിട്ടിരിക്കേണ്ടുതരുണിക്കില്ലൊരാധാരം
മുലയുംമുന്തിയുംകാതുംതലയുംകണ്ടുകാമികൾ
പലയുംകാമുകൻതന്റെനിലയുംനിഷ്ഠയുംക്രൂരം
തുലയുംയൌവനംവന്നുതലയിൽകേറുമന്നേരം
പലരുംചെന്നവളോടുതലകാട്ടുന്നതുംപോയി
കഴവിപോൽമുലവീണുകിഴവിയായ് വരുന്നേരം
അഴകില്ലെന്നല്ലകണ്ടാലഴലുണ്ടാംനരന്മാർക്ക്
തഴകിപ്പുണർന്നിരിക്കുന്നോമ്പിഴകിപ്പോയൊരുകാ- [ലം
കൊട്ടക്കില്ലെന്നല്ലവൻവാലെടുക്കുംകൊഞ്ഞനം [കാട്ടും
അടുക്കുമ്പോൾപിഴനാററംപറയുമ്പോൾവായ് [നാററം
ഒടുക്കംപട്ടിണിതന്നെകിടക്കുമപ്പുഴന്തള്ള
എന്നതുകൊണ്ടുരചെയ്യുഎന്നുടെവല്ലഭായിപ്പോൾ
എന്നുടെയൌവ്വനംപോകുംമുന്നമെൻറശരീര- [ത്തെ
വഹ്നിതന്നിലെരിച്ചാശുപന്നഗഭൂഷണപ്രീതി-
ക്കിന്നുഞാൻപാത്രമാകുന്നോന്നെന്നുടെവല്ലഭനേ- [ത്തും
ഖിന്നഭാവംനിനക്കേണ്ട
ശരീരംകൊണ്ടുപകാരമൊരിക്കൽസംഭവിച്ചീടും
പരിരംഭംനിനച്ചിച്ചുപാഴിലാക്കീടൊലാജന്മം
ജരയുംമൃദ്ധതാപാത്രംമൂത്രകുംഭംമലാധാരം
മുരിതുംവ്യാധിസങ്കേതംമാംസപിണ്ഡംമഹാഘോരം [സാ
പരന്മാർക്കുപകാരംവരുമ്പോൾതാൻത്യജി- [ക്കേണം
അധമജാതിയിൽവന്നുപിറക്കകൊണ്ടൊരുപു- [ണ്യ
വിധമൊന്നും വിശേഷിച്ചുനമുക്കില്ലെന്നറിഞ്ഞാലും
നമുക്കുകൃത്യമെന്തുള്ളൂ? ദാനമുണ്ടോയാഗമുണ്ടോ
ഗമിക്കുംദിക്കിനുകൂടെപോരുവാൻനേരുവാക്കു- [ണ്ടോ
ഹോമമുണ്ടോ? പൂജയുണ്ടോ? നാമസങ്കീർത്തനമു- [ണ്ടോ
രാമനാമംശിവനാമംമുഖചിന്തിക്കുമാറുണ്ടോ?
മൃതക്കൾക്കുംപിതൃക്കൾക്കുംഗതിവന്നിട്ടുവാന്ത- [ന്റെ
സുതന്റെസൽക്രിയവേണമതുമില്ലനമുക്കിപ്പോൾ
എന്തുകൊണ്ടുഗതിയുള്ളജന്തുഹിംസാരതന്മാർക്കു
ചിന്തിയാതെകഴിക്കൊല്ലുവിഗ്രഹംഞാൻത്യജി- [ക്കുന്നേൻ

ഇത്ഥമോരോന്നുരചെയ്തുപുളിന്ദിപൂണ്ടസന്തോ- [ഷാൽ
സത്വരംതന്നുടെവീടുകൊള്ളിവെച്ചുപിടിപ്പിച്ചു
വഹ്നിയേയുംവേടനേയുംമൂന്നുവട്ടംവലംവെച്ചു
ജഹ്നുജാമൌലിയെച്ചിത്തേസ്മരിച്ചുചാടിനാൾ [തീയിൽ
പുളിന്ദിതന്നുടെദേഹംദഹിച്ചുഭസ്മമായപ്പോൾ
പുളിന്ദൻസ്നാനവുംചെയ്തുശൈവപൂജകൊരു- [മ്പെട്ടു
ശവഭസ്മമെടുത്താശുശിവലിംഗേവിലേപിച്ചു
ഭുവനേശൻപ്രസാദിപ്പാനക്കുംപൂജയുംചെയ്തു
വിളിച്ചുഭാര്യയെപൂജാവസാനംതന്നിലന്ന്യാസൽ
കുളിച്ചുഭാര്യയുംവന്നുവണങ്ങിനിന്നിതുമുമ്പിൽ
കനത്തസംഭ്രമത്തോടെപറഞ്ഞുവേടനന്നേരം
മനസ്സിൽഭ്രാന്തിയോ? മായാമോഹമോസ്വപ്നമോ [ബാലേ
സാക്ഷേഗന്ധമാംനിന്റെനല്ലദേഹംദഹിപ്പോ- [ലേ
നമുക്കുകാൺമതിനിപ്പോളെന്തൊരുകാരണം [കാന്തേ
കരിഞ്ഞുഭസ്മമായൊരുദേഹവുംപുതുതായ് തീർന്നു
പിരിഞ്ഞുകാണുന്നിനേരംഞാനിതെന്നില്ലൊരാ- [ശ്ചര്യം
അതുകേട്ടുതെളിവോടെപുളിന്ദിതാനുരചെയ്തു
അതുലംവിസ്മയംകാന്താനമുക്കില്ലപരമാർത്ഥം
വഹ്നിയിൽചാടിയനേരംചൂടെനിക്കുഭവിച്ചില്ല
പിന്നെയൊന്നുംപരമാർത്ഥമെനിക്കില്ലമനക്കാ- [മ്പിൽ
ഉറങ്ങീട്ടങ്ങുണർന്നോരുഭാവമിപ്പോളെനിക്കുള്ളിൽ
കുറഞ്ഞൊന്നുണ്ടതെയുള്ളുപറഞ്ഞാലാക്കുവിശ്വാ- [സം
ശിവലിംഗാർച്ചനത്തിന്റെഫലംതന്നെനമുക്കി- [പ്പോൾ
ഇവണ്ണംസംഗതിവന്നുനമസ്തേപാർവ്വതീനാഥ!
ഇത്ഥമോരോന്നുരചെയ്തുവേടനുംഭാര്യയുംകൂടെ
ബുദ്ധിയിൽഭക്തിവിശ്വാസംമുഴുത്തുസേവിനകാ- [ലം
നാലുപേരിന്ദുചൂഡന്റെസേവകന്മാർവിമാന- [ത്തിൽ
ചാലവേചതുരവേഷന്മാരവന്നിറങ്ങിഭൂമിതന്നി- [ൽ
ദമ്പതിമാരുടെപാണിപിടിച്ചാശുവിമാനത്തിൽ
ഇമ്പമോടെകരയേററീട്ടംബരാന്തേനടകൊണ്ടാർ
കിങ്കരന്മാരുടെപാണിതൊട്ടനേരത്തിരുവർക്കും
ശങ്കരീശങ്കരന്മാരെപ്പോലെശോഭിച്ചിതുദേഹം
പാർവ്വതീവല്ലഭൻതന്റെപാദമൂലേപ്രവേശിച്ചു
സർവ്വകാലംഭാര്യയോടുസുഖിച്ചുവാണിതുവേടൻ

പുളിന്ദീമോക്ഷം പറയൻതുള്ളൽ സമാപ്തം.

൩. പാഞ്ചാലിസ്വയംവരം.

ഭീമസേനസഹോദരൻഗുണശീലശാലിധന- [ഞ്ജയൻ
ഭൂമിപാലമഹാപ്രധാനികളൊക്കെനോക്കിയിരി [ക്കവേ
ഭീമമാകിനവില്ലെടുത്തുകുലച്ചുലാക്കുമുറിച്ചുടൻ
ഭൂമിപാലകരെജ്ജയിച്ചഥഭീമസേനസഹായവാ- [ൻ
ധീമതാംവരനായധർമ്മതനൂജനെപ്രണമിച്ചുടൻ
കാമിനീകുലരത്നമാംദ്രുപദാത്മജാപതിയായവൻ
ധാമമായകുലാലവീട്ടിലകത്തുപുക്കഥാസുഖം
കോമളാകൃതിസുന്ദരൻനകുലൻതദാസഹദേവ- [നും
അമ്മയാകിയകുന്തിദേവിയുമന്തിനേരമൊരാല- [യേ
ധർമ്മജാദികൾ ഭിക്ഷയേറ്റുശരീരവൃത്തികഴിച്ചു- [ടൻ
ചിന്മയന്മുകിൽവർണ്ണനമ്പൊടുതത്രവന്നഥരാമനും
നന്മമേലിൽവരുംപ്രകാരമശേഷമങ്ങരുൾചെയ്തു- [ടൻ
ദ്വാരകാപുരിനോക്കിയങ്ങുഗമിച്ചശേഷമശേഷ- [മേ
വീരരഞ്ചുരുമമ്മയുംദ്രുപദന്റെപുത്രിയുമായുടൻ
സ്വൈരമമ്പൊടുകുംഭകാരഗൃഹത്തിലാത്തകുതൂഹ [ലാൽ
ചാരുസൽകഥയുംകഥിച്ചുരസിച്ചുവാണുദശാന്തരേ!

ദൃഷ്ടജാപംപേരുകീട്ടുംധൃഷ്ടദ്യുമ്നനന്നേരം
പെട്ടെന്നക്കുലാലന്റെവീട്ടിൽചെന്നിരംപാർത്തു
കഷ്ടംപാണ്ഡുപുത്രന്മാരിഷ്ടന്മാരിവരെന്നു
ചട്ടറചരിതങ്ങൾകേട്ടുനിശ്ചയംപൂണ്ടു
തുഷ്ടനായ് പുരംപുക്കാശിഷ്ടനാംജനകനോ-
ടിഷ്ടമങ്ങറിയിച്ചുപുഷ്ടകൌതുകത്തോടെ
ഒട്ടുംതാമസിക്കാതെകൂട്ടിക്കൊണ്ടുപോരുവാൻ
വിട്ടുതാനുമുപാദ്ധ്യായശ്രേഷ്ഠനെക്കനിവോടെ
ഓതിക്കോനതുനേരമാദിക്കലെഴുന്നള്ളി
ചോദിച്ചുപരമാർത്ഥംബോധിച്ചുവഴിപോലെ
മോദിച്ചുപുരാണങ്ങൾവാദിച്ചുവസിക്കുമ്പോൾ
ആനകൾകുതിരകൾസേനകൾസചിവന്മാർ
നാനാരാജചിഹ്നങ്ങൾനാനാമാനുഷന്മാരും
മാനിച്ചകുലാലന്റെസ്ഥാനത്തെപ്രവേശിച്ചു
മാനവവരന്മാരെയാനത്തിൽകരേറിക്കൊ-
ണ്ടാനന്ദാകുലന്നാശ്രയാനംചെയ്തിതുമെല്ല
പാർത്ഥിവന്മാരിരിക്കുന്നപള്ളിത്രാമ്പിന്മേൽ- (ചെന്നു
പാർത്ഥന്മാർകരയേറികൃതാർത്ഥന്മാരിവരെല്ലാം
പാഞ്ചാലാധിപനാകുംപാർഷതനരേന്ദ്രന്റെ
കാൽത്തളിർപണിഞ്ഞാശുപാർത്ഥനാദരവോടെ
കുന്തീനന്ദനന്മാരെക്കണ്ടുഭൂപതിപാരം
സന്തോഷിച്ചവരോടുചോദിച്ചുകനിവോടെ
പഞ്ചസായകൻതാനങ്ങഞ്ചുംവിഗ്രഹത്തോടെ
സഞ്ചരിക്കയോനിങ്ങളഞ്ചുപേരുമാരെന്നു
നെഞ്ചിൽസംശയംപാരമഞ്ചാതെപരമാർത്ഥം
എഞ്ചാരുകുമാരന്മാരെന്നോടുപറഞ്ഞാലും
വാഞ്ഛിക്കുന്നതുപോലെവന്നുകൂടുവാനുള്ള
ലാഞ്ഛനംപലതുണ്ടുകാണുന്നുവഴിപോലെ
കുന്തിനന്ദനന്മാരങ്ങരക്കില്ലത്തിലുൾപ്പുക്കു
വെന്തുപോയെന്നതുകേട്ടുവിഷാദിച്ചുവസിക്കുന്നു
അന്തണനൊരുവനിക്കോദണ്ഡംകുലച്ചാശു
യന്ത്രത്തെമുറിച്ചതുചിന്തിച്ചാൽചിത്രംപാരം
എന്തെന്നുപരമാർത്ഥംതോന്നുന്നില്ലിനിക്കേതും
ചിന്തയിലൊരുവഴിയുറയ്ക്കുന്നില്ലിനിക്കോർത്താൽ
ഭൂപന്റെഗിരംകേട്ടുപറഞ്ഞുധർമ്മജനപ്പോൾ
നൃപതേ!നീപരമാർത്ഥംഗ്രഹിച്ചാലുംവഴിപോ- [ലെ
പനിമതികുലത്തിങ്കൽജനിച്ചപാണ്ഡുഭൂപന്റെ
തനയന്മാരടിയങ്ങൾഅവനീവല്ലഭ!സത്യം
അനുജൻഫൽഗുനൻവില്ലുകുലച്ചുലാക്കഖണ്ഡി- [ച്ചു
കനിവോടെകളത്തിനിലുടനേമാലയുമേറ്റു
കുരുക്കൾഞങ്ങളെക്കൊൽവാനരക്കില്ലംപണിചെ [യ്തു
തരക്കേടുവരുത്തുന്നുണ്ടോരിക്കലെന്നരുൾചെയ്തു
ഗുരുക്കന്മാരുടെയുള്ളിലിരിക്കുന്നകൃപകൊണ്ടു
തരക്കേടുവരാതിങ്ങുതെരിക്കെന്നുപോന്നുഞങ്ങ- (ൾ
മരിച്ചുഞങ്ങളെന്നോർത്തിങ്ങിരിക്കുന്നുരസിക്കുന്നു
ചിരിക്കുന്നുകളിക്കുന്നുകുരുക്കൾനൂറുപേരിപ്പോ- [ൾ
ഒരിക്കൽസംഗതിയുണ്ടെന്നിരിക്കിലശരന്മാരെ
അരമക്കാതെന്നനുജന്മാരനങ്ങാതെവസിക്കുന്നു
കുടുത്തകോപമുൾക്കാമ്പിലമർക്കാമെന്നിനിക്കോ- (ത്താ-
ലടുത്താലുംക്ഷമിക്കയില്ലടുത്തസോദരൻഭീമൻ
പൊട്ടക്കെന്നുഗദകയ്യിലെടുക്കുംനൂറുപേരെന്താ-
നൊടുക്കുന്നുണ്ടെന്നുചൊല്ലിനടക്കുംഭീമനന്നേരം
പിടിക്കുംകൈക്കുത്താനുണ്ണിമുടിക്കൊല്ലുന്നുരചെ- [യ്യും
തടുക്കായതുകണ്ടാക്കടക്കണ്ണുംചുവത്തിക്കൊ-
ണ്ടടുക്കുംജ്യേഷ്ഠനിച്ഛണ്ണമുടക്കുമ്പോളവിവേകം
അടങ്ങുന്നില്ലെന്നുവെച്ചുതുടങ്ങുന്നുപണിപ്പെട്ടു
മടങ്ങുംമഹാവീരനമടക്കമുള്ളിലില്ലേതും
ഇപ്രകാരംപറഞ്ഞിട്ടുമിപ്പോഴേതുംഫലമില്ല
വിപ്രവേഷംധരിച്ചുംകൊണ്ടിപ്രകാരംനടന്നീടും
ഇപ്രദേശത്തിലവനിട്ടിപ്രകാരമനുഷ്ഠിച്ചു
വിപ്രനെന്നുനടിപ്പത്രേവിപ്രനല്ലാശരാസത്തെ

ക്ഷിപ്രമങ്ങുകലച്ചതും സൂക്ഷ്മലക്ഷ്യമ്മുറിച്ചതും
ഇപ്രകാരം ധർമ്മജന്റെ സുപ്രലാപം കേട്ടനേരം
സുപ്രസാദശാലികൾ ചെയ്തിതപ്രമേയൻ മഹീപാലൻ
എന്തൊരു വിസ്മയമെന്റെ ധർമ്മസൂനോ ധരിച്ചാലും
അന്തരംഗപ്രകാരത്തിലന്തമില്ലാതിനിയ്ക്കുമ്പോൾ
അർജ്ജുനനു കൊടുപ്പാനായാഗ്രഹിച്ചു തപം ചെയ്തി-
ട്ടിജ്ജനത്തിനൊരു പുത്രി ദൈവയോഗാലുളവായി
ദുർജ്ജനങ്ങളൊരുപോലെ പാണ്ഡവന്മാർ മഹിച്ചെന്നു
ഗർജ്ജനം ചെയ്തു കേട്ടു കഞ്ജിതം പൂണ്ടിരിക്കുന്നു
ജന്മലാഭം പാഴിലെന്നു നിശ്ചയിച്ചു തപം ചെയ്തു
കർമ്മശേഷം നാശിക്കാതെ മരിപ്പാനുമെളുതല്ലാ
അല്പമേതും സഹായമാത്തിട്ടു നുജീവൻ കളഞ്ഞെങ്കിൽ
നല്പചെണ്ടക്കാരനെന്നു മിന്നു തന്നെ വന്നു കൂട്ടം
വല്ലതെന്നാകിലും ഭാഗ്യമുണ്ടിനിക്കു വഴിപോലെ
നല്ലവണ്ണം നിരൂപിച്ചാൽ കാര്യമെല്ലാം ലഭിച്ചീടും
എങ്കിൽ നീ യജ്ഞനാം ചെന്നു കളിച്ചു പോരികവേഗം
ശങ്കിയാതെ നമ്മകളുടെ വേളിയിന്നു കഴിച്ചാലും
ഇത്ഥമപ്പോൾ ദ്രുപദന്റെ വാക്കു കേട്ടു യുധിഷ്ഠിരൻ
ബുദ്ധിശാലി വിരവോടെ ഉത്തരമൊന്നുരചെയ്തു
ജ്യേഷ്ഠനാമെന്നുടെ വേളി കഴിയാതെ അനുജന്മാർ
വേട്ടുകൊൾവാൻ വിധിയുണ്ടോ വിചാരിച്ചീടുക രാജൻ
എന്നതു കേട്ടുരചെയ്തു യജ്ഞസേനൻ മഹാപ്രാജ്ഞൻ
നന്നുനന്നു നമുക്കൊരു പ്രസാദമതിനെയായാൽ
ഇന്നു പാഞ്ചാലിയെ ക്ഷിപ്രം വേട്ടുകൊൾക ഭവാൻതന്നെ
ചെന്നു വേഗം കളിച്ചാലും നന്നുനേരമിതുതന്നെ
ധർമ്മജൻ ചൊല്ലിനാനപ്പോളിമ്മതം സമ്മതമിങ്ങു
ധർമ്മമോർത്താലതുതന്നെ ധർമ്മമെന്നാലിതുമിപ്പോൾ
ചഞ്ചലാക്ഷിമണിയാളെ കണ്ടനേരത്തുടൻ ഞങ്ങൾ
കഞ്ജുപേക്ഷമനുരാഗമൊന്നുപോലെ വളരുന്നു
അഞ്ചുപേരും ക്രമത്താലെ വിവാഹം ചെയ്യുമാറെന്നു
നെഞ്ചകത്തു വിചാരിച്ചു നിശ്ചയിച്ചീടിനേൻ ഞങ്ങൾ
ഭൂപന്റെ ഗിരം കേട്ടു ഭൂപാലൻ ദ്രുപദൻ താൻ
വാപൊത്തി ചിരിച്ചുകൊണ്ടുള്ളത്തിൽ വിചാരിച്ചു
ആപത്തു വലിച്ചിട്ടതിനിയും പോന്നവക്കിക്ഷു-
പാപത്തെക്കുലക്കൂട്ടി നടക്കുന്നാ മഹാപാപി
താപത്തിന്നൊരു മാർഗ്ഗമവർക്കിപ്പോൾ വന്നുകൂടി
പാപത്തെ നടത്തുവാൻ നമുക്കിന്നു ഭാവമില്ലാ
ശോകിക്കില്ലിതെന്നപ്പോളുരചെയ്തു ഭീമസേനൻ
കോപിക്കാമതു കൊണ്ടു മനക്കാമ്പിലിനിക്കിപ്പോൾ
ധർമ്മത്തെയനുഷ്ഠിച്ചു യുധിഷ്ഠിരൻ താനുമിപ്പോൾ
ദുർമ്മരിയാദമീവണ്ണം പറവാനെന്തൊരു മൂലം
ധർമ്മത്തെലൊരു ബാണം പ്രയോഗിച്ചു കാമദേവൻ
കർമ്മത്തെയൊഴിപ്പാനുമബുദ്ധന്മാരുമെളുതല്ലാ
ഇത്തരം താൻ വിചാരിച്ചു ധർമ്മജനോടുരചെയ്തു
ഉത്തരമൊന്നുരതോന്നുന്നില്ലിനിക്കിപ്പോളുരചെയ്വാൻ
ബുദ്ധിമാനാം ഭവാൻ തന്റെ ബുദ്ധികൊണ്ടു വിചാരിക്ക
ശുദ്ധമാർഗ്ഗമില്ലിതെന്നും നമ്മുടെ പക്ഷമാകുന്ന
ധർമ്മശാസ്ത്രം ശസ്ത്രശാസ്ത്രം കാമശാസ്ത്രം
കർമ്മശാസ്ത്രം മോക്ഷശാസ്ത്രം ബൌദ്ധശാസ്ത്രം
നാലുവേദം പതിനെട്ടു പുരാണങ്ങളിതിഹാസം
നാലുജാതിക്കനുഷ്ഠേയ പ്രതിഷ്ഠാവിശ്രുതഗ്രന്ഥം
ഇങ്ങിനെയുള്ളതിലൊന്നും വിധിക്കാത്ത വിവാഹം ഞാൻ
എങ്ങിനെ സമ്മതിക്കേണ്ടു സങ്കടമെന്നുരചെയ്തു
ഒരുത്തനു പലഭാര്യമാർക്കുണ്ടായാലതുകൊണ്ടി-
ട്ടൊരുത്തൽ ദൂഷണം ചൊല്ലീടുമാറില്ലറിഞ്ഞാലും
ഒരുത്തിക്കു പലഭർത്താക്കളെന്നുള്ളതിത്രനാളും
ഒരിടത്താകിലോ ഞാനും ഗ്രഹിച്ചിട്ടില്ലവനീശ!
ബ്രാഹ്മണൻ ക്ഷത്രിയൻ വൈശ്യൻ ശൂദ്രനിനാലുജാതിക്കും
ബ്രാഹ്മണന്മാർ വിധിക്കേണം ധർമ്മകർമ്മാദികളെല്ലാം
ധർമ്മസാരജ്ഞനായുള്ള ഭവാൻ തന്നെ പറഞ്ഞാലും
ധർമ്മമല്ലാത്തതു ചെയ്വാൻ നമുക്കും സമ്മതമല്ലാ
വേശ്യമാർക്കുള്ള ധൂർത്തതപമെന്മകൾ കാംക്ഷിച്ചില്ല
വാശ്ശതെന്നാകിലുമിപ്പോളിപ്രസംഗം തുടങ്ങൊല്ല
ശാസ്ത്രസിദ്ധമെങ്കിലിന്നു ലോകസിദ്ധമുപേക്ഷിക്കാം
ലോകസിദ്ധമെങ്കിലിന്നു ശാസ്ത്രസിദ്ധമുപേക്ഷിക്കാം
ലോകസിദ്ധമതുമല്ല ശാസ്ത്രസിദ്ധമതുമല്ല
ഓർത്തു കണ്ടാലീ വിവാഹം കണ്ടതും കേട്ടതുമല്ല
വമ്പന്മാരനാചാരം ചെയ്യെന്നാലതു തന്നെ
സമ്പന്നം വഴിവീഴുമേറെയുള്ള ജനങ്ങൾക്കും
കൊമ്പൻ പോയതുതന്നെ മോഴയ്ക്കു വഴിയാകും
സമ്പത്തില്ലയെന്നല്ല ആപത്തേ ഭവിച്ചിട്ടു
നീക്കമില്ലതി മോഹം ചക്രത്തെച്ചുമക്കമെ-
ന്നിക്കണ്ട ജനാപവാദം ചൊല്ലുന്നില്ലയോ രാജൻ
ഉൾക്കാമ്പിലുള്ളവായോരിക്കണ്ട വികാരങ്ങൾ
ഒക്കെയും ക്ഷമിക്കേണമിക്കാലം ബുധന്മാരേ
ധാർമ്മികവരനായ ധർമ്മജനരുൾചെയ്തു
ധർമ്മത്തെ വെടിഞ്ഞുള്ള ദുർമ്മാർഗ്ഗം നമുക്കില്ലാ
നമ്മുടെ മനതാരിൽ തോന്നിയതിതു തന്നെ
ധർമ്മമായതും മേലിലെന്നതിൽ പരമെന്റെ
അമ്മയുമരുൾചെയ്തു ചെമ്മേ താനറിയാതെ

എന്മകളഞ്ചുപേരും അനുഭവിക്കണമെന്നു
ധന്മാർഗ്ഗത്തും പിന്നൊ ദൈവകല്പിതമല്ലൊ
സമ്മോദിച്ചതൽ ചെയ്ക സന്ദേഹം നമുക്കില്ല
ഇങ്ങിനെ ധർമ്മങ്ങൾ പറയുന്ന വാക്കുകളെ ഒ-
(ക്കയു-
മങ്ങുമിങ്ങുമിരുന്നു കേട്ടൊരു ഘോഷമായിപ്പുരങ്ങ-
(ളിൽ
അംഗജന്റെ ശരങ്ങളഞ്ചിനു മഞ്ജുലാക്ഷി നിരക്ക-
(വേ
ശംഗിചേർന്ന കണ്ണകൈവന്നിട്ടു കൂടി പാണ്ഡവ-
(രൈവരും
അഞ്ചുപത്തുവെള്ളപ്പിനോറുകളിച്ചു ഭസ്മവുമിട്ടുടൻ
നെഞ്ചുറപ്പൊടു യോഗപട്ടവുമിട്ടിരുന്നു ജപി-
(ച്ചു,യ്യും
ചഞ്ചലാക്ഷികളെക്കുറിച്ചു കതാവിലുള്ളൊരു നിന്ദ-
(യും
ചഞ്ചലത്തെ വെടിഞ്ഞു വേദപുരാണമന്ത്രജപങ്ങ-
(ളും
ഇത്തരം പലതുള്ള കാട്ടിയിരുന്ന ധർമ്മതനൂജനെ
തിത്തെയെന്നുടനെ പിടിച്ചു മറിച്ചു നമ്മുടെ മന്മ-
(ഥൻ
ബുദ്ധിയുള്ളവനെങ്കിലും കുലശുദ്ധിയുള്ളവനെങ്കി-
(ലും
ശക്തിയുള്ളവനെങ്കിലും ഹരിഭക്തിയുള്ളവനെ-
(ങ്കിലും
ധൈര്യമുള്ളവനെങ്കിലും ബഹുവീര്യമുള്ളവനെ-
(ങ്കിലും
ശാന്തയുള്ളവനെങ്കിലും ബഹുദൃഢതയുള്ളവനെ-
(ങ്കിലും
ഭാരമുള്ളവനെങ്കിലും ഗുണമേറെയുള്ളവനെങ്കിലും
മത്തകാശിനിമാർകളിച്ചു രസിച്ചു കൺമുനകൊ-
(ണ്ടുടൻ
ചിത്തമൊന്നു മയക്കമപ്പൊഴതെത്രയും ജളനാക്കു-
(രും
മത്തനാക്കുമശക്തനാക്കുമഭക്തനാക്കുമയുക്തനാ-
(ക്കു-
ബദ്ധനാക്കുമശുദ്ധനാക്കും വികൃതി പലതുമുടൻ തു-
(ടങ്ങും

സുകൃതിജനമുടനെടങ്ങും
ചടുലകുസുമശരന്തരസ്സും
ചിരവുമനവധിവന്നിരിക്കും
ചതിയുമുടനടനങ്കരിക്കും
ഗതികുറയ്ക്കും ചതിനിറയ്ക്കും
സകലധനവുമപൻമുടിക്കും
തരുണിമാരുടെ വദനം സ്മരിക്കും
പരിഹസിക്കും പരിചയിക്കും
പലതുമാശുഭപാൻ ധരിക്കും
ഇതെല്ലാം ബോധമുള്ളോരു ഹിമജമ്മൻ ധർമ്മജ
(നിപ്പോൾ
ചിതമല്ലൊന്നുമോർഗ്ഗേ അതിമോഹം തുടങ്ങും-
(ദു
ഇതുകൊണ്ടു കഴിഞ്ഞില്ല വിധങ്ങളിനിയുമുണ്ടു
മതിലോറം പ്രയോഗിക്കാമതു നാളെ ശ്രമിച്ചിടാം
രവിയുമസ്തമിപ്പാറായതു കൊണ്ടിക്കഥയിപ്പോ-
ളിവിടെ നിർത്തുവാനുള്ള സംഗതിയുണ്ടറിഞ്ഞാലും
ശ്രുചികേണ കഥാശേഷം നമുക്കങ്കിലടുത്തനാൾ
ഇവിടത്തിലടുക്കണം ഗമിക്കനാമിതു നേരം
പ്രവിശ്യേമമുരാചക്ഷുശ്രുപാൽ ധർമ്മജനോട്ടം
അടുത്തനാൾ പലർ കൂടി വിചാരിച്ചിട്ടുരയ്ക്കണം
പൊട്ടക്കെന്നു വിവാഹത്തെ കഴിച്ചാൽ ദൂഷണ-
(മുണ്ടാം
അടുക്കുന്ന വിധിയെന്നു പലർ കൂടി വിധിച്ചെങ്കിൽ
മടിയാതെ മകളെ ഞാൻ തരുന്നുണ്ടു യുധിഷ്ഠിര
അടുത്തു സന്ധ്യയുമിപ്പോളടുത്തനാളിനി ശ്ലേഷം
കടുത്ത കൂരിരുട്ടും വന്നടുത്തു നേരമില്ലിപ്പോൾ
പടുത്വമേറും വൃദ്ധന്മാർ പറഞ്ഞു ദ്രുപദരാജനോ-
ന്നറിഞ്ഞു പോരണമെന്നു പറഞ്ഞൊരു നൃപനോട്ടു
പിരിഞ്ഞു യാത്രയും ചെയ്തു പിരിഞ്ഞു കൗരവരപ്പോ-
(ൾ
വിരഞ്ഞവർകളെല്ലാം നിറഞ്ഞു വാപികൾ തോ-
(റും
സന്ധ്യാവന്ദനം ചെയ്തു രസിച്ചു വേദിയന്മാരോ-
ടടുത്തു മൃഷ്ടമാം വണ്ണമശനം കഴിഞ്ഞോരോ
പത്തനമതും പൂക്കു ചിത്തകൗതുകത്തോടെ
മെത്തമേൽ ചരിഞ്ഞു ശ്രീനിദ്രയും തുടങ്ങിനാർ

പാഞ്ചാലീസ്വയംബരം പറയന്തുള്ളൽ സമാപ്തം.

---

൬. നാളായണീചരിതം.

ശ്രീഗണേശാനമസ്കാരം! ശ്രീഗുരവേനമ-
(സ്കാരം
ശ്രീമഹേശാനമസ്കാരം! ശ്രീമുകുന്ദാനമസ്കാരം
ശ്രീമഹാഭാരതീവന്ദേ! ശ്രീമഹാലക്ഷ്മീഹവന്ദേ
ശ്രീഗിരീന്ദ്രാത്മജേവന്ദേ! ശ്രീമഹാഭൈരവി-
(വന്ദേ

അമ്പലപ്പുഴമേവുമംബുജനേത്ര! കൃഷ്ണാനമോസ്തുതേ
അമലഗുണഗണനിലയ ജയ ജയ! കമലനാഭന-
(മോസ്തുതേ!
പന്നഗനായകിരീടിതനൃകടൈസാരഥേ! മധുസൂദന!
വരദമുരഹരനരകവിമഥനനരസുരേന്ദ്യനമോ-
(സ്തുതേ

തകഴിയിൽകുടികൊള്ളുമീശ്വരഹരിഹരാത്മജ- [പ്രാഹിമാം
സകലസുരനരമനുജഭുജഗനികരവിതായനമോ- [സ്തുതേ
ശുകപുരമതവുമാശങ്കരശ്ശൂലമൃഗധരപാഹി- [മാം
സുകവിതഗുണമേശുവാൻമമസുകൃതവരമരുളേ- [ണമേ
സുകൃതനിധിഹൃദയരണീസുരകുലമകുടമണിമമ- [മാനസേ
സുചിരതരമുരുകരുണയൊടുവിലസേണമേ പര- [ദൈവമേ

പാക്കനാരുടെ വംശമാകിന
പാൽക്കടൽക്കു പിറന്ന ഞാൻ
വാക്കിനാരൊരു തിരകിഞ്ചന
തോൽക്കയില്ലൊരു നിശ്ചയം,
നിക്കൊരില്ല പുരാണകഥകൾ
കഥിപ്പതിനു നമുക്കഹോ
തീക്കനൽക്കകമേതുഴുത്തു
വെയിലുതട്ടുകിൽ വാട്ടമോ
തീക്കനൽക്കു മടക്കമില്ല
വനങ്ങൾക്കന്തമതു കേവലൻ
മൂപ്പരായുള്ളവരനവധി
മഹാമഹിമജനങ്ങളും
നിർമ്മിതന്നുയർന്നില്ല
സമർത്ഥബുദ്ധികളെങ്കിലും
കറുപ്പുപറയതിനധികവിരുതു
പെരുതുർജ്ജനസന്നിധൌ
നിറമൊടൊരു കഥപറയുതിനു
പണിപറമെങ്കിലും ഞാൻ
ചെറിയ കഥകളിലൊരു കഥ
കഥയറിയ സാധുജനങ്ങളും
അറിയുമഖിലവുമടിയനടൈഗരി
വടിവിലേക്കുവണങ്ങിടുന്നേൻ
പിമ്പറന്നാളുകളിലൊരുവേലപാണ്ഡവ- [ന്മാരും
മറുള്ളൊരു പന്മാരും യോഗിനിർമ്മന്മാരും
അന്നറവിനീതയുള്ള പൌരന്മാർസചിവന്മാർ
സേനാനായകന്മാരും വന്നിങ്ങു സഭതന്നിൽ
നാനാജാതികളെവരുന്നിങ്ങു നിന്നൊരു ശേഷം
മാനിച്ചു മണിപീഠേ ഇരുന്നിതു പാർത്ഥൻതാനും
സാനന്ദം പലിജന്മാരും പറഞ്ഞു നന്ദനന്മാരും
നാനാദിക്കിലെ വാർത്താഭേദങ്ങളുരചെയ്തു
നാനാഭംഗിവാക്കുകൾ പറഞ്ഞുകൊണ്ടിരിക്കു- [മ്പോൾ
ആനന്ദസച്ചിദാനന്ദമുനിവരൻ വ്യാസൻ
താനങ്ങു പ്രകാശിച്ചു കാണായിസഭതന്നിൽ
കാണിച്ചു കിടന്നൊരു വേദത്തെ പഴിപോലെ
വന്ദിച്ചു മാനാലായ് വർണ്ണിച്ചു മഹാഭാഗൻ
ധന്യൻ ധാർമ്മികൻ പീഠത്തിനു ദ്രൗപദീശൻ
സന്യാസവ്രതപാലൻ സാധുക്കൾക്കനുകൂലൻ

കരകമലങ്ങളമാകിന ചെഞ്ചിടയും
കമണ്ഡലുകരാക്ഷസുധാപ്പടിയും
കുളിർപുഞ്ചിരി തഞ്ചിന ഭാവസം
കമനമനോഹരശാന്തരസം
കടിസീമനിപാടലവല്ക്കലവും
വടിവേറിന സജ്ജകനൽഫലവും
ഘനസഞ്ചയസന്നിഭകാന്തികളും
കനിവേറിനമാനസകാന്തികളും
മധുസൂദനമാധവകൃഷ്ണഹരേ
മധുരാനനകോമളരാമഹരേ
രംഭ്യനന്ദനരാമകുമാരഹരേ
രഘുപംഗജപാലകലോകപതേ!
മഹ്യവാൻജ്ഞാനവചാതമതേ
സുഖമാകഹേതുണവാരിനിധേ!
ഹരിനാമസഹസ്രമിതെത്രസുഖം
പരിചോട്ടു ജപിച്ചു ജപിച്ചു മുദാ
പരിചോട്ടു പരാശരനന്ദനനാം
മുനിപുംഗവനത്ര വിളങ്ങി മുദാ. [ഗിപോലെ
അർഘ്യപാദ്യങ്ങളെക്കൊണ്ടു സല്ക്കരിച്ചു വ
ന്നർഘസിംഹാസനം തന്നിലിരുത്തി വ്യാസനെ- [പ്പോൾ
ധീരഖണ്ഡന മസ്കരിച്ചു ചൊല്ലിനാനെല്ലാം. [നിരു
ധീരന്മാരായ ഭവാന്മാരെക്കാണ്മതിനുള്ള കാലം
പൂർവ്വജന്മസുകൃതം കൊണ്ടിന്നിങ്ങളെക്കാ- [ണ്മാൻ
ഇവിടെന്നിൽ വസിക്കുന്ന നമുക്കസംഗതി വന്നു
ഇതു ഭാഗ്യമത്രേ നമുക്കു ജന്മത്തിലും സൌഖ്യം
ജന്തുക്കൾക്കിനിക്കില്ലിതു ഭാഗ്യമേ സംശയമില്ല,
മരുതലയിനിവ സകലതുമറിഞ്ഞാലും
മതിയാകില്ലിവിടെജയിപ്പാനെന്നതു വന്നു
വെറുതെ വൈരികളാൽ വിപരീതങ്ങളുണ്ടെന്ന
പൊരുതിയ്യുന്നൊരു കോമളനിരുന്നകൊൾകയ [നല്ലൂ
പറഞ്ഞിട്ടൊരു കാര്യം കൊണ്ടൊരു ധർമ്മജനും
കരുതുന്നു വിചാരിച്ചു രസമില്ലാതിരിക്കുന്നു
അറിവുള്ള പരിഷ്കാരം നേരെ വന്നു പോമല്ലോ
നിവുള്ളവർ ലോകത്തിൽ ചെന്നു ചാടുന്നു നേരത്തു
മറിവും മായവുമൊന്നും ഗ്രഹിച്ചിട്ടില്ല ഞാനെന്നു
ഗരിപ്പുറമായ്ക്കണ്ടോരു കണ്ടോരു ബന്ധുനരന്നു
ഉയിസ്ഥിരൻ പറഞ്ഞു ധർമ്മകളോരു വചസ്സുകൂടി
വിധിക്കുതക്കപോലിന്നു വിവാഹമങ്ങൊഴിക്ക [ണം
അവിടുന്നൊരു ദോഷമില്ലെന്നു തീർച്ചപ്പെടുത്തുരചെയ്തു
അതിനു സമ്മതമില്ലെന്നിദമുരചെയ്തു
അദ്ദേഹത്തിനോടു ചോദിച്ചു പിന്നെ ധർമ്മജനെല്ലാം
തപോധനന്മാർ വിധിച്ചാൽ സമ്മതിക്കാമെന്നിങ്ങ [പക്ഷം
ഉണ്ടിപ്പോൾ നമുക്കൊരു ദോഷമില്ല ഭവാൻ ചൊ [ന്നാൽ
ഇതിനു സമ്മതമെന്നാലിനിക്കു സമ്മതം തന്നെ

അനർത്ഥങ്ങളൊഴിച്ചിപ്പോളനുഗ്രഹിച്ചരുളേണം
മുനിശ്രേഷ്ഠാ ഭവാൻശ്രീമാൻമഹാത്മാവേണമ
[സ്കാരം

വേദവ്യാസനുമപ്പോളരുൾചെയ്തുകനിവോടേ
ഖേദവ്യാകുലതചങ്ങൾകളഞ്ഞാലുംമഹീപാല
ആദിവർത്തമാനങ്ങളറിഞ്ഞാൽബോധമുണ്ടാകും
ആദരാലിളകാതെശ്രവിക്കനീപരമാർത്ഥം
ഷൾകർമ്മം ചിതമല്ലരഹസ്യങ്ങളുരചെയ്വാൻ
ഇക്കണ്ടജനമാരുംഗ്രഹിക്കാതെധരിപ്പിക്കാം
ശ്രദ്ധമായൊരുദിക്കിൽഗമിക്കനാമിന്നുമെല്ലെ
ത്യാടോപാലരുൾചെയ്തുദ്രുപദന്റെകൈപിടിച്ചു
രാജധാനിയിലങ്ങുശ്രദ്ധമാംപ്രദേശത്തു
രാജാവുംമുനിതാനുംചെന്നുപുക്കുടൻമെല്ലെ
വെക്കമെക്കതകുകളടച്ചുകൊണ്ടരുൾചെയ്തു
കേൾക്കനിന്റെമകളുടെപൂർവ്വജന്മപ്രകാരങ്ങൾ
ചന്ദ്രബിംബമുഖിയാം നിൻനന്ദിനിക്കനാദേജന്മം
ഇന്ദ്രസേനയെന്നനാമംപിന്നെനാളായണിയെ
[ന്നും
രണ്ടുനാമങ്ങളുള്ളോരുകന്യകയ്ക്കുകണവനായ്
ഉണ്ടുമൌൽഗല്യനെന്നോരുമാമുനീന്ദ്രനള-
(വായി
മംഗലാംഗീമണിയാളാകുന്നനാളായണിതന്റെ
അംഗസൌന്ദര്യമോർത്താൽമററംഗനമാരെതി
[രില്ല,
അംഗജന്റെരമണിക്കുംഭംഗമുണ്ടായ് വരുംക-
[ണ്ടാൽ
അംഗജാരിപ്രിയസർവ്വമംഗലയ്ക്കുംമങ്ങലുണ്ടാം
ഇന്ദിരാദേവിയുംപിന്നെഇന്ദ്രഭാര്യശചിതാനും
ഇന്ദ്രസേനയ്ക്കെതിരായിഗണിക്കേണ്ടുംഗുണം
പോരാ
അത്രയെല്ലാംഗുണമുള്ളോരിന്ദ്രസേനയ്ക്കുതുകാലം
മൈത്രയുംകുത്സിതനായ് സംഭവിച്ചോരുജീവനാ
[ഥൻ
നരച്ചുരോമമെപ്പേരുംജരച്ചുതോലുകൾചുക്കി-
ച്ചുളിഞ്ഞുകണ്ണുകൾരണ്ടുമിളിഞ്ഞുമാവിടംപാരം
കിഴിഞ്ഞുമൂക്കിനോടൊത്തിക്കഴിഞ്ഞുതാടിയുംപൃ-
[ണ്ടും
കുഴഞ്ഞുകാലുകൾരണ്ടുംതലയിൽരോമമില്ലെന്നാ-
ല്ലുമവേകണ്ണാടികാണാംവലിയകുഷ്ഠവുംവന്നു
പിടിച്ചുസന്ധുക്കൾതോറുംപഴുത്തുഭൂരിദുർഗ്ഗന്ധം
മുഴുത്തുമൂക്കിലെശ്ലേഷ്മംകൊഴുത്തുചഞ്ചലമായി
കുഴത്തുംമുഞ്ഞിയുംപിന്നെകുഴിഞ്ഞുദേഹവുംചേരെ
യണിഞ്ഞുകൈവിരലൊട്ടുമുറിഞ്ഞുവീണുമക്കാ-
(ലം
അറിഞ്ഞുതൽപ്രകാരങ്ങൾപറഞ്ഞുകേൾക്കവൈ-
(ഷമ്യം
ച്ചുമയ്ക്കുന്നേരമെജീവൻഗമിക്കുമെന്നുതോന്നീട്ടും
ക്ഷമിക്കാതെവടികുത്തിഗ്ഗമിക്കുമപ്പോഴേയങ്ങു
പിടച്ചുവീഴുമന്നേരംപിടിച്ചുനിർത്തുമാഭാര്യ;
ഉച്ചാടിച്ചുഭാര്യയെക്കൈകൊണ്ടടിച്ചുശാഠ്യവുംകൂട്ടും

പതുക്കെപ്പോണമെന്നില്ലേനിനക്കേതുംമനക്കാ-
[മ്പിൽ
മുതുക്കൻചത്തുപോയെങ്കിൽഅനർത്ഥംതീർന്നു-
(പോയെന്നു
കൊതിക്കുന്നുമഹാദുഷ്ടേ! ചതിക്കുംനീതരംവ-
(ന്നാൽ
അതുകേട്ടാലവൾക്കുള്ളിൽതരിമ്പുംകോപിതമില്ല
പതുക്കെക്കൈപിടിച്ചാശ്രുകൊണ്ടുപോയിവഴി-
(പോലെ
അനച്ചുള്ളവെള്ളംകൊണ്ടുശേഷംകുളിപ്പിച്ചു—
(ചെയ്തു
പതിയെപ്പിന്നെയങ്ങുതുപ്പതകൊണ്ടുവ്രണമെ-
(ല്ലാം
ചിതമായിശോധനചെയ്തതിലുള്ളക്രിമിയെല്ലാം
കളഞ്ഞാശ്രുകളിപ്പിച്ചുഹിതമോടാശ്രമംതന്നി-
ലിരുത്തിദേവകാര്യത്തിനടുത്തപുഷ്പഗന്ധാദി
കൊടുത്തുവന്ദനംചെയ്യുംഅടുത്തവെണ്ണമാപ്പത്നീ;
വരിനെല്ലുകൊണ്ടുവന്നിട്ടുരലിലിട്ടുകുത്തി-
യരിയാക്കിവെളുപ്പിച്ചുപരിചിൽപാകവുംചെയ്തു
ചെറിയ ചൂടോടുകൂടിവിരവോടങ്ങിലതന്നി-
ലുരിമാത്രംവിളമ്പിക്കൊണ്ടരികേനില്ക്കുമാഭാര്യ
ഒരുകൈവാരിയുണ്ടിട്ടാക്കിഴവച്ചാർശകാരിക്കും
"കരിഞ്ഞിട്ടുംപുകഞ്ഞിട്ടുംകിടക്കുംചോറിനിക്കാ-
(യി
കരുതിവച്ചിതോദുഷ്ടേ!കരുണയില്ലാത്തമൂഢേ!
കുരുട്ടുകണ്ണിനുവെളിച്ചംപിഴയ്ക്കില്ലെന്നുറച്ചോനീ;
മരിപ്പാറായ്ക്കിടക്കുന്നോർക്കിത്രമാത്രംകൊടുത്തേക്കാം
കല്ലെങ്കിലതുംതിന്നുംനെല്ലെങ്കിലതുംതിന്നും
വല്ലതിയെന്നൊഴിയട്ടെയെന്നഭാവംനിനക്കിപ്പോൾ
കൊല്ലുവാനാഗ്രഹമെങ്കിൽവിഷമെന്ത്യേതരാത്തൂ
(നീ
വല്ലാകഷ്ടമിതിനീയാർക്കുവേണ്ടീട്ടെടുക്കുന്നു?
കൊള്ളരുതാതെചെയ്താൽനാളിക്കുംനീധരിച്ചാ-
(ലും
ദാഹിച്ചുവരുന്നേരംകഞ്ഞിവച്ചുതരാൻമാത്രം
സ്നേഹിച്ചിട്ടൊരുത്തിയെവേൾക്കാഞ്ഞിട്ടിതുവന്നു.
രോഗങ്ങൾപിടിപെട്ടുകിടക്കുന്നപുമാനിപ്പോൾ
സൌഭാഗ്യങ്ങളുംനിന്റെവിലാസമൊക്കയുംകാ-
(ണാം
ഷൾഭാവങ്ങളുംനിന്റെഅഹംഭാവങ്ങളുംകണ്ടാൽ
അപ്പോഴെതലയ്ക്കിട്ടൊന്നൊഴിപ്പാനെന്നിതേതോ-
(ന്നും
വെടിപ്പുള്ളൊരുചിതംവായിൽവെപ്പാനൊന്നുനന്നല്ല
കൈപ്പുണ്ടാംകറിവെച്ചാലുപ്പില്ലുമുളകില്ല
കൈപ്പുണ്യംകണികാണ്മാൻനിനക്കില്ലെൻറിന്ദ്ര-
(സേനേ
ശില്പമിയ്യിടെയെല്ലാംമുടിപ്പാനിങ്ങനെതീർന്നു;
ഒപ്പിപ്പാൻചിലവസ്തുപ്രവൃത്തിക്കുന്നുനീയിപ്പോൾ
കല്പിച്ചതനുഭവംനിയതങ്ങുനടന്നാലും
തന്നത്താനറിയാഞ്ഞാൽപിന്നെത്താനറിഞ്ഞീടും
എന്നപ്പോളിനിമൈചേനിന്നെയുംവലച്ചിട്ടും.

അന്നേരം നിരൂപിക്കുമന്നത്തെയവസ്ഥകൾ
അന്നേരം വിചാരിച്ചാൽ പിന്നെയെത്തും കണക്കില്ല
കാലത്തുതുഴയുന്നതാൽ കടവിൽ ചെന്നടുക്കില്ല
കാലൻ വന്നടുക്കുമ്പോൾ കടാക്ഷിച്ചാൽ ഫലമില്ല
മാമാങ്കമടുക്കുമ്പോൾ കടാക്ഷിച്ചാൽ ഫലമില്ല
ആകെക്കിൽ നടേ ജന്മം ഗ്രഹണം ചെയ്യപ്പെട്ടൊരുക്കേണം
കൊള്ളിവാക്കുകളിങ്ങിനേ മുറനീ ചൊന്നതു പൊട്ടക്കേട്ടവൻ
ഉള്ളിലാധിമുഴുത്തുടൻ ചെവിപൊത്തിനിന്നിതു സുന്ദരി
കള്ളമില്ല മനസ്സിലൊട്ടുമവൾക്കു നിന്ദയുമില്ലതാ-
നല്ലനാളിലൊരപ്രിയം പറകില്ല നല്ല പതിവ്രത
ഇഷ്ടമൊക്കെയുമന്തരിക്കുമതിന്നു മൊത്തുകയില്ലവൾ
പക്ഷമൊക്കെയുമവർ കൊടുക്കുമുപേക്ഷ കാട്ടുകയില്ലവൾ
രക്ഷയൊക്കെയുമവർ വരുത്തുമരക്ഷ ചെയ്കയുമില്ലവൾ
വിരലഗ്രശേഷമുടൻ പഴുത്തുപുഴുത്തു ചാരിഞ്ഞകത്തിനാൽ
വിരകിവെച്ചൊരു ചോറെടുത്തു ഭുജിക്കുമായവളുമുരാൽ
അരികിലമ്പൊടു ചെന്നിരുന്നു കരങ്ങൾ കൊണ്ടു തലോടിയും
ചരണയുഗളമെടുത്തു തൻമടിതന്നിലാക്കി വസിക്കയും
ഇച്ഛയൊക്കെയുമനുസരിച്ചു വളിച്ചയാട്ടി വസിക്കയും
അച്ഛനായതുമമ്മയായതുമിവനിതെന്നു നിനക്കയും
ഉച്ചനേരവുമന്തിനേരവുമതിഥികൾക്കുടനോദയായ്
വെച്ചു ചോറു കൊടുക്കയും പതിയോടു ചേർന്നു ശയിക്കയും
ഏവമാശു പതിവ്രതാകുലധർമ്മമൻപൊടു ചെയ്തുടൻ
ലൗകികത്തിനു ഭംഗമൊന്നുമകപ്പെടാതെ വസിക്കയും
ആവലാധി പറഞ്ഞു ശുണ്ഠികടിച്ചു ശണ്ഠയിടുന്നതന്നുടെ
ജീവനാഥനൊടപ്രിയം പറയാതെ കണ്ടു വസിനാൽ
എടുത്താലങ്ങതും കുറ്റം എടുക്കാഞ്ഞാലതും കുറ്റം
കൊടുത്താലങ്ങതും കുറ്റം കൊടുക്കാഞ്ഞാലതും കുറ്റം
വിളിച്ചാലങ്ങതും കുറ്റം വിളിക്കാഞ്ഞാലതും കുറ്റം
ചൊടിച്ചാലങ്ങതും കുറ്റം ചൊടിക്കാഞ്ഞാലതും കുറ്റം
ചോദിച്ചാലതും കുറ്റം ചോദിയാഞ്ഞാലതും കുറ്റം
മൊഴിച്ചാലതും കുറ്റം മൊഴിയാഞ്ഞാലതും കുറ്റം

പരിഹസിച്ചാലതും കുറ്റം പരിചരിച്ചാലതും കുറ്റം
ഗുണമുരച്ചാലതും കുറ്റം ഗുണമിളച്ചാലതും കുറ്റം
കളിച്ചാലങ്ങതും കുറ്റം കളിക്കാഞ്ഞാലതും കുറ്റം
ഉണ്ടാലങ്ങതും കുറ്റം ഉണ്ണാഞ്ഞാലതും കുറ്റം
കണ്ടാലങ്ങതും കുറ്റം കാണാഞ്ഞാലതും കുറ്റം
കുറ്റമല്ലാതവൾക്കില്ല ചെറുതുപോലും സുഖമില്ല
ഉറ്റവരുമവൾക്കില്ല മറ്റു സംസാരവുമില്ല,
ചെറുനേരം സുഖമില്ല മുഖമുള്ളിൽ തെളിവില്ല
മറയാർക്കൊരു കുറവില്ല സുന്ദരിക്കൊരു ഖേദമില്ല
നിന്ദയൊട്ടുമവൾക്കില്ല മന്ദഭാവന്തരിമ്പില്ല
നന്ദിയില്ലായ്കയുമില്ല വന്ദനയ്ക്കൊരു കുറവില്ല
ദുർന്നിലയ്ക്കൊരു ഭാവമില്ല നാഥനു കൊണ്ടല്ലലില്ല
അറപ്പില്ലാ കാരണത്താൽ വെറുപ്പില്ല മനക്കാമ്പിൽ
നന്നിവൾക്കൊരു ലോഭമില്ല കാമമില്ല കോപമില്ല
ലോഭമില്ല മോഹമില്ല ദീനമില്ല മാനമില്ല,
കള്ളമില്ല കലശലില്ല തള്ളലില്ല താപമില്ല,
തുള്ളലില്ല ദുഃഖമില്ല ഉള്ളഭാവമതുമില്ല,
കറുപ്പില്ല മുഖത്തിനു മിനുപ്പില്ലായ്കയുമില്ല
ചലനമില്ല ചാപലമില്ല ശങ്കയും മനോന്ദ്യവുമില്ല;
കനിവോടിങ്ങനെ നാളുകളങ്ങിനെ താനുമമ്പൊടു കാലം
മുനിമൗൽഗല്യനെ ശുശ്രൂഷണം ചെയ്തങ്ങിരിക്കുമ്പോൾ
ഒരു നാളങ്ങിരിക്കുമ്പോൾ കുഷ്ഠിതന്റെ വിരലൊന്നു
മുറിഞ്ഞുവീണിതു ചോറ്റിലെട്ടുപത്തു കൃമികളും
വിരവോടങ്ങെഴുന്നീറ്റു മുനി താനുമതു നേരം
വിരലും കൃമികളും എടുത്തൊഴിഞ്ഞിലയാക്കി
തരസാ ഭോജ്യന്താനശ്ശേഷം ചോറ്റോട്ടു തദശേഷമുണ്ടാൾ
അതുകൊണ്ടു പ്രസാദിച്ചു മുനിയും തന്നുടെ രൂപം
ചിരമോടെ പ്രകാശിപ്പിച്ചിരുന്നാനെത്രയും ചിത്രം
മതിബിംബത്തിനോടൊക്കും മുഖവും മന്ദഹാസവും
അതിരമ്യശരീരവും അധികമാം സുഗന്ധവും
അതിദീർഘങ്ങളായുള്ള ഭുജങ്ങൾ രണ്ടും പ്രകാശിപ്പി-
ച്ചിരുണ്ടഗ്രം ചുരുണ്ടുള്ള തലമുടി ചടിപോടെ
ഉരുണ്ടുള്ള കരിവീരകരം പോലെ തുടകളും
പരന്നമാറിടം പാരം ചുരുങ്ങുമരയിടഭംഗി
കലർന്നാൽ കടിപാദയുഗളത്താമരപ്പൂവും
കനകകാഞ്ചി പൂഞ്ചേലകനകകുണ്ഡലങ്ങളും
അണിഞ്ഞു സുന്ദരനായി മുനിമൗൽഗല്യനന്നേരം
അണഞ്ഞനുരാഗവാനായിപ്പുണർന്നു ഭാര്യയെമെല്ലെ
വരികവല്ലഭേ! നാളായങ്ങിനിന്റെ രമണൻ ഞാൻ
വിരസനല്ലതോമലേ! സരസനെന്നറിഞ്ഞാലും
തരുണീ നിന്നനുരാഗം പരീക്ഷിപ്പാനിതുനാളും
തരസാ വ്യാധിവേഷത്തെ ധരിച്ചേനെന്നറിഞ്ഞാലും
വരശീലേ നിന്റെ ശീലം കണ്ടു ഞാനും പ്രസാദിച്ചു
വരമെന്തു നിനക്കു വേണ്ടതു ചൊൽക മടിയാതെ
തരുന്നുണ്ടു വേണ്ടതെല്ലാം തരുണിമാർകുലമൗലേ

തത്സാനീപറഞ്ഞാലുംതരിമ്പുംകുററിതംവേണ്ടാ.
അതുകേട്ടൊരുസുന്ദരിനാളായണി
അതികൌതുകരാഗപ്രമോദങ്ങളാൽ
മതിയിങ്കൽകളത്രമനക്കാമ്പുമായി
പതിയോടുപറഞ്ഞുപതിവ്രതയും
അതികൌതുകമുണ്ടിഹമേഹിവരം;
പഞ്ചബാണശരങ്ങളേററുമനമെയങ്ങുകകാര-
[ണാൽ
ചഞ്ചലാക്ഷിപറഞ്ഞവാക്കുകൾകേട്ടുമാമുനിപും
ഗവൻ
അഞ്ചുരൂപമുടൻധരിച്ചിതുപഞ്ചസായകസന്നി
ഭൻ
സഞ്ചരിച്ചുതുടങ്ങിനാനവളോടുക്രീഡിവാനിശം
അമരവരരുടെനഗരമതിലുടനവരുമവരുടെഭാ
ഗ്യ്യം
അമരപതിപുനരവരെവിരവൊടുസല്ക്കരിച്ചുവ
[രിച്ചുടൻ
അമരപുരിവിശുകിരണപരിണതമന്ദിരത്തിലി
[രുത്തിനാൻ
കല്പപാദപകുസുമമാലകൾചൂടിയുംമോടിയുംക്രീ-
(ട്ടീ-
ട്ടല്ലമല്ലൊരുമഹിമബലാഹരിപാടിയുംആടിയും.
പിന്നെ
ഉല്ലലാക്ഷിയെയൊത്തുമാമുനിമദനകേളിയിൽമു
ഴുകിയും
ശില്പമാകിനപകിടചൂതുകളാടിയുംതേടിയുംവാ-
(ണു
അഞ്ചിതാംഗീമണിയാളുംഅഞ്ചുപേർവല്ലഭന്മാ-
(രും
പഞ്ചബാണാതുരന്മാരായ്സഞ്ചരിച്ചാരിന്ദ്രലോ-
(കം
അപ്സരസ്ത്രീകളുംവന്നുതത്സപത്രാപമൃതംകണ്ടു
മത്സരംപൂണ്ടുരചെയ്തുതങ്ങളിൽതങ്ങളിൽനോക്കി
ധാത്രിതന്നിൽപാർത്തുകണ്ടാലിത്രനല്ലസ്ത്രീകളു
[ണ്ടെ-
ന്നിത്രനാളുംഞാൻഗ്രഹിച്ചിട്ടില്ലെടോ;സുന്ദരിമാ-
(രേ!
എന്തിനായിട്ടിവരെല്ലാംവന്നുചാടിയിവിടത്തിൽ
ചന്തമുള്ളകളത്രത്തെനമ്മെയൊക്കെക്കാട്ടുവാനോ
അഞ്ചുപേർവന്നതിലേവൻഇവളുടെകാന്തനെ-
[ന്നുണ്ടോ
അഞ്ചുപേരുമിവളുടെവല്ലഭന്മാരെന്നുകേട്ടു
അഞ്ചിലേറെപ്പുരുഷന്മാരില്ലയോഭൂമിയിലെങ്ങും
അഞ്ചുമാത്രംപോരുമെന്നീനാരിവെച്ചാനെന്തു-
(മൂലം
സഞ്ചരിപ്പാൻസുഖമില്ലപലരെക്കൊണ്ടുപോ-
(ന്നെന്നാൽ
നെഞ്ചിലേവംകരുതിനാംചഞ്ചുപേരെക്കൊണ്ടു
[പോന്നു
പുരമുറിയെയൊഴിച്ചങ്ങുകൊട്ടത്തുതമ്പുരാനിന്ദ്രൻ
തിരുവുള്ളമൊഴിപോലെയുണ്ണിപുരിൽതമ്പുരാന്റെ

നിരൂപിക്കാതുരചെയ്യാലനർത്ഥങ്ങൾഭവിച്ചേ-
[ക്കാം
മനുഷ്യസ്ത്രീകളിൽപണ്ടേകനിവേറുംനമ്മുടൊക്ക
നിനക്കുണ്ടോപരമാർത്ഥംനിനക്കെന്തൊരുബോ
[ധമിപ്പോൾ
അഹല്യാകാമുകനിപ്പോൾഅവൾക്കുംഅത്രമാത്രം-
[പോൽ
സഹായിക്കാമെന്നുമോഹംകരഞ്ഞൊന്നുണ്ടറി-
[ഞ്ഞാലും
അഹോകഷ്ടമൊരുധൂളിനമ്മുടെനാട്ടിലുംവന്നി-
തഹോരാത്രമിരുന്നോരോഗോഷ്ഠികാട്ടുന്നൊരു-
[മ്പെട്ടു
ഒരുത്തന്റെമടിതന്നിൽക്കിടക്കുമായവളപ്പോൾ
ഒരുത്തൻചെന്നവളുടെതലമുടിവേർപെടുക്കും [ട്ടും
ഒരുത്തൻകാലടിഞെക്കുംഒരുത്തൻകൈതിരുമ്മി-
ഒരുത്തൻവെററിലമെല്ലെത്തെറുത്തങ്ങുകൊടുത്തി-
ശ്ലരുഭ്രതരെന്നാലാവംജളന്മാരാമിവരഞ്ചും [ട്ടും
ഒരുപസ്സുതിരിയാത്തകശ്മലന്മാരിവരല്ലോ;
സുരന്മാരെന്തനക്കാത്തൂതരത്തിൽപാളെട്ടങ്ങു
മറിക്കേണംതെരിക്കെന്നുകനക്കേടുവരുത്തേണം.
ഇനിക്കാത്രയജമാനസ്ഥാനമെങ്കിലതിന്മുമ്പേ
കനക്കേടിജളന്മാർക്കു വരുത്താൻസംശയമില്ല,
പിടലിക്കുപിടിച്ചുന്തിപ്പുറത്തോട്ടേക്കിറക്കുവാൻ
മടിയില്ലനമുക്കേതുംഅഹിയുംക്രൂരമോരോന്നു
തടിയന്മാരിവരഞ്ചുംപിട്ടധൂളിയിവരാരും,
മുടിപ്പാനിപ്രദേശത്തുവന്നുചാടിധരിച്ചാലും
അരഭ്രാന്തിയുമുഴുഭ്രാന്തെന്നുപണ്ടേപറയുന്നു
അരപ്രാണനുള്ളവർക്കുസഹിക്കാവോന്നല്ലിതൊ-
[ന്നും
ഇരിക്കുന്നജനമെല്ലാംചിരിക്കുംനമ്മൾപ്പോഷി-
(ച്ചാൽ
പരക്കെബോധമുണ്ടായാൽശമിക്കുമെന്നുവെച്ചാ-
[ലും
ഈവണ്ണംസുരസ്ത്രീകൾപരമാർത്ഥമറിയാതെ
ഭാവങ്ങൾപലവട്ടംപറഞ്ഞുകൊണ്ടിരിക്കുമ്പോൾ
ആകാംക്ഷയ്ക്കനുകൂലംഅഞ്ചുപേരുംതരുണിയും
ആകാശഗംഗതന്നിലിറങ്ങിക്രീഡചെയ്യുമ്പോൾ
മുങ്ങുമമ്മൊരുദിക്കിൽപൊങ്ങുംനല്ലവെള്ളത്തി-
ലെങ്ങുംലേഖനംചെയ്യുംക്രൂട്ടുകളേറിച്ചാട്ടും
പാട്ടുമോരോന്നേപാടുംസ്വർണ്ണപത്മങ്ങൾചൂട്ടും
തീരഭാഗത്തങ്ങോട്ടുംമജ്ജനവുംചെയ്തിട്ടും
കാമിനീമണിയോടുംക്രീഡചേകളിയാട്ടും,
ഇങ്ങിനെമോദമോടുസുഖിച്ചുമേവിനകാലം
യക്ഷനായ്മാമുനീന്ദ്രൻയക്ഷിയായ്കാമിനിയും
കിന്നരനായിഭർത്താവുകിന്നരിയായിതുഭാര്യാ-
ചാരണനായ്മുനിശ്രേഷ്ഠൻചാരണിയായ്മുനി
(പത്നി
അശ്വമുഖനായികാന്തൻഅശ്വമുഖിയായികാ-
[ന്താ
മുനിവിദ്യാധരനായിജായവിദ്യാധരിയായി
നന്ദനവനംതന്നിൽചാരുനവനംതന്നിൽ

ഇന്ദുമണ്ഡലംതന്നിൽഇന്ദ്രമണ്ഡലംതന്നിൽ
ഒന്നിച്ചുപല്ലകാലംനന്ദിച്ചുരമിച്ചാശ്ശു
മന്നിടമതിൽതന്നെപിന്നെയുംവന്നിറങ്ങി,
മുന്നേപ്പോലാശ്രമത്തിൽവന്നുമേവിനാരപ്പോൾ
ആഢ്യബ്രാഹ്മണനായിചമഞ്ഞുമാമുനിശ്രേഷ്ഠൻ
മൌഢ്യമെന്നിയേഅന്തർജ്ജനമായാളിന്ദ്രസേ
[നാ
ബ്രാഹ്മണൻപുലർകാലേകളിച്ചുഭസ്മവുമിട്ടു
ബ്രാഹ്മണിയോടുമെല്ലെസംസ്കൃതമായുരചെയ്തു;
"ഹേഹേദേവകാര്യസ്യജലംനാസ്തിസുമംനാസ്തി
ഗേഹംപ്രോക്ഷിതംനാസ്തിദാസീകുത്രഹേകഷ്ടം!
ദീപംകുത്രകുത്രേലംപാവനസഢവിർനാസ്തി
കോപംജാതമസ്മാകംകൃതപാദക്ഷാളനംഗതപാ
ക്ഷേത്രേകുത്രഗന്ധഃപാത്രംതണ്ഡുലംകുത്ര
ഈവണ്ണംഒരുഘോഷംഗൃഹസ്ഥബ്രാഹ്മണനായി-
ട്ടാമാർഗ്ഗങ്ങളിലുള്ളസുഖത്തെയുംലഭിപ്പിച്ചു
കേരളത്തിൽനിന്നുവാങ്ങിപ്പരദേശത്തേക്കുപോ-
(ന്നി-
ട്ടാരസങ്ങൾനടിക്കണമെന്നുനാരായണിചൊ-
[ന്നാൾ
ധീരനായമുനിതാനുംഭാര്യയുമായ്പുറപ്പെട്ടു
സ്വൈരമായ്പാണ്ടിയിൽചെന്നൊരുപട്ടരായി
[നടകൊണ്ടു
മാനിയിക്കേവാറുംസാപ്പാടെങ്കയാനാൽകിടയാ-
[തോ
സാകരണ്ടുപേക്ഷരാതംകൊണ്ടുവാരുംശീഘ്രമയ്യ
ശുത്തുബാമൈതെറംഭമയ്യാശൈത്തയാവത്തുകൊടാ-
[വിട്ടാൽ
ശത്തുപോമേനാങ്കള്ളിപ്പോത്തുഉങ്കരംശൊല്ലാത്ത-
[തെന്നാ
ശാപ്പാട്ടിക്കിറുമയ്യാശാറുംശാതവുംതാറേൻ
ഇങ്ങിനെതമിഴവാക്കെല്ലാംപറഞ്ഞുമറെറാരുദി-
[ക്കിൽ
തങ്ങിനമോദമോടെതെലുങ്കുരാജ്യവുംപുക്കു
മൌൽഗല്യൻതെലുങ്കുബ്രാഹ്മണനായിച്ചമഞ്ഞ-
[പ്പോൾ
മാനിനിതെലുങ്കുബ്രാഹ്മണിയായിനടകൊണ്ടാൾ,
മാനിച്ചുഗൃഹസ്ഥൻെറപുരംപുക്കങ്ങിരുവരും
മാനസംതെളിഞ്ഞാശുതെലുങ്കുബ്രാഹ്മണൻചൊ-
[ന്നാൻ
ഇല്ലിസ്നാനംആടിബൊഹുഹല്ലിഹുള്ളാഹുളമുമുണ്ടോ
സ്നാനമാടിപവന്ദനേവൈം
പിന്നെമെല്ലെപ്പുറപ്പെട്ടുകൊങ്കണരാജ്യവുംപുക്കു
കൊങ്കണച്ചിയോടുകൂടികൊങ്കണൻെറഗൃഹംപു-
(ക്കു
കൊങ്കണിയുമവർതമ്മിൽകൂടിയങ്ങൊരുദിനം
കൊങ്കണിഭാഷയിൽതന്നെപറയുന്നപലവാക്കു
ഹ്ണുംബുദതെകഞ്ചിവാണാഹമുക്കുജാതാകളുനാ
മൊതിരുമൊതിനാകതഗൊഅമുക്കുഗാമാഅമി-
(ച്ചുഗാമാ
ഉപാദികൊച്ചുതങ്ങാദിഎമഞ്ഞുഗോരണ്ടുവാച

തിങ്ങെത്രഖിങ്ങമൂനയോഹന്താഹമുക്കുതീവല്ലി
പിന്നെമെല്ലെപ്പുറപ്പെട്ടുലാടദേശേവസിക്കുമ്പോ
[ൾ
ലാടജാതികൾപലർകൂടിലാടഭാഷപറയുന്നു
ഉന്നുനൃകംഹര്യ്യഹംഹന്നനോഹംശിജാത്യാഹം
ഹത്യഹായിതാപിജായിഹമുക്കഭോജനകജാ-
ഹമാരോത്തുംജാതഭാണോ [ണോ
മുനിക്ഷത്രിയനായപ്പോൾകാമിനീക്ഷത്രിയാസ്സ-
(ന്നു
മാമുനിശൂദ്രനായപ്പോൾകാമിനിയച്ചിയായ്വന്നു
മുനിയുംകള്ളനായിക്കുടിച്ചുഭാവവുംമെല്ലെ
നടിച്ചുകാമിനിമുന്നിൽപിടിച്ചുവീണരുണ്ടപ്പോൾ
അടുത്തുഅച്ചിയുംകൈക്രൂപിടിച്ചാളൊന്നരുണ്ടോ
(ന്നു
കിടച്ചുനായരപ്പോൾമടിക്കാതെഉലക്കയും
വലിച്ചുകൊണ്ടുചെന്നങ്ങുകൊടുത്തുതാഡനംന-
(ന്നായ്
കടുത്തമറവമാലോകർനടക്കനായരേ!തൻെറ
കിടക്കാരോടുചെന്നുചേർന്നടിക്കപ്പെണ്ണിനോടല്ലീ
മിടുക്കെല്ലാംതുടങ്ങേണ്ടുപുലിക്കൂട്ടിൽവലിച്ചിട്ടു
വലയ്ക്കുംതമ്പുരാൻകേട്ടാൽകൊലയ്ക്കുംതെല്ലുമേ-
[യില്ലാ
നിലയ്ക്കുനിന്നീലെന്നാകിൽതടിച്ചനായരേത-
[ന്നെ
പിടിച്ചുകെട്ടുവാനായിചൊടിച്ചുകൊണ്ടിവിടത്തി
[ൽ
കിടക്കുന്നാളുകൾപോരുംപിടിച്ചുകൊണ്ടുചെന്നാ
[ശ്ശുകടത്തുന്നുണ്ടുഞാൻ കൂവാ
ഇങ്ങനെയുമൊരുകൂട്ടംഘോഷമുണ്ടാക്കിനാര-
[പ്പോൾ
തിങ്ങിനമോദമോടങ്ങുസുഖിച്ചുമേവിനകാലം
ചെമ്പുകൊട്ടിക്കലംതന്നൽചെന്നുകൂടിമുനിശ്രേ
[ഷ്ഠൻ
ചന്തമോടേമുനിപത്നിചെമ്പുകൊട്ടിച്ചിയായ്വന്നു
ആശാരിയായ്മുനിശ്രേഷ്ഠൻആശാരിച്ചിയായി-
(പത്നീ
മൂശാരിയായിമുനിമൂശാരിച്ചിയായിവന്നുപത്നി
പരിചോടേതാപസേന്ദ്രൻപലിശക്കൊല്ലനായ-
(പ്പോൾ
പരിതോഷിച്ചിന്ദ്രസേനാപലിശക്കൊല്ലത്തിയാ-
(യി;
പെട്ടെന്നുതാപസേന്ദ്രൻതട്ടാനായ്ചമഞ്ഞപ്പോ-
(ൾ
മട്ടോലുംമൊഴിയാളൊരുതട്ടാത്തിയായ്ചമ-
(ഞ്ഞു
ചൊല്ലേറുംതാപസേന്ദ്രൻകൊല്ലനായിച്ചമഞ്ഞ-
[പ്പോൾ
നല്ലാരിൽമണിയാളൊരുകൊല്ലത്തിയായ്ചമഞ്ഞു
കിരാതനായ്മുനിശ്രേഷ്ഠൻകിരാതിയായ്മു-
(നിപത്നി
കണിയാരക്കുറുപ്പായിച്ചമഞ്ഞുമാമുനിശ്രേഷ്ഠൻ

കണ്ണിയൊരക്കൂപ്പത്തിയായിനാളായണി താനും
എന്നുവേണ്ടാസമസ്തമാമിവിധക്രീഡാമയിയല്ലോ [കെ
ചേൻക്രീഡയാടിയപ്പോൾവന്നുതൃപ്തിനാമുനിക്കു
ജളതാപംകൈവെടിഞ്ഞൊരുജല്പകമത്സ്യങ്ങൾതി- [ന്നു
ജലത്തിൽഞണ്ടുനീർക്കോലിമുതലാകച്ഛപങ്ങളും
കടല്പന്നികടലാനകടൽമാനുംകടൽസ്രാവും
കടല്പോത്തുംകടുവായുംകടമാനുംകാട്ടുപോത്തും
കടലുഴികളിലുള്ളജീവജന്തുസമൂഹത്തെ
പൊട്ടക്കെന്നുധരിച്ചാശ്ശ്വസിച്ചാളുമാമോദം
ഒട്ടകത്തിന്നുമാസ്സസ്തൃപ്തിയുംവന്നതുമില്ല
കട്ടക്കെന്നുമനമാൽകട്ടുണ്ടുകാമിനിയായി
താപംപൂണ്ടടുത്താശു ടുത്താളുമൊരുമാടെ
കോപംപൂണ്ടവൾചെയ്തുവിദ്യനായമുനിശ്രേ- [ഷ്ഠൻ
കാമത്തിന്നൊരുനാളും തൃപ്തിയില്ലാഞ്ഞിപ്പോയി
ഭൂമിയിൽപിറന്നാലും ദ്രുപദൻറെപുത്രിയായി
കാമിനിനിനക്കഞ്ചുവല്ലഭന്മാരുണ്ടാകും
കാമത്തെവേണ്ടുവോളംശമേഷിച്ചുനാലും.

കേളല്ലെന്റിന്ദ്രസേനേ നിന്റെധൂളിതഗാത്ര- [ത്തെ നാൽ
അല്ലാഞ്ഞുരമിപ്പോൾവല്ലഭേ!നീനടന്നാലും!
പോളഞ്ചോറാറിസകറിനാരകത്തിന്റിലേ വേണം
ധൂളിതമുള്ളവൾക്കവിടന്മാരേചെച്ചുള്ളൂ;
പാല്പാകച്ചപാംപെണ്ണേപിന്നെയുംപിന്നെയും- [ചെന്നാൽ
നാലിനുംഗുണംപോരാകൊതിയേറെപ്രകാശി- [ച്ചാൽ
കാമമേറെപ്പിടിപെട്ടാൽവേശ്യതാനുംകരാളകം
അല്പധാരകന്മാരല്ലവല്ലതുംനല്ലതെന്നല്ല
ഊർദ്ധ്വപാകംപാദംതന്നെനിനക്കും സംഗതിയി- [പ്പോൾ
ഊർദ്ധ്വപാദംസംഗതിക്കിപ്പോൾതാപംചെയ്തതു [വാഴ ക
ഏവമമ്മുനിനാളായണിയേയും ശപിച്ചേച്ചു
കേവലമൊരുമ്പെട്ടുതപസ്സിനായതുനേരം
അത്യന്തംശുദ്ധിയുള്ളകാനനത്തെഴുകപൂക
ത്തിപ്പോൾമുടങ്ങാതെതപംചെയ്തു പാൺ

നാളായണീചരിതം പറയൻതുള്ളൽ സമാപ്തം.

വ്യ. പഞ്ചേന്ദ്രോപാഖ്യാനം.

നിനയ്ക്കുന്നരസമെല്ലാം
എനിക്കനുപ്രയോഗിക്കം
മനക്കാമ്പിലസൂയകൊണ്ടനകംതെവസിക്കുന്ന
ജനത്തെപ്പേടിയില്ലേതുംനമുക്കെന്നുധരിക്കേണം
കനക്കെക്കൗതുകത്തോടെകഥകേൾപ്പാനിരിക്കു- [ന്ന
തനിക്കുംപാന്നവർവനവാസിക്കുംരംഗദേശത്തു
മിനക്കെന്നിയേനിന്നുകഥിക്കുന്നാവിലാസന്മാർ
ഇനിക്കുമേശിക്കന്മാരാമവർക്കാഞാൻവണങ്ങുന്നേ- [ൻ
പറഞ്ഞതിനുടെശേഷംപറയാൻഞാൻതുടങ്ങുന്നു
കരുണയോടുകടാക്ഷിച്ചീടുവിൻനിങ്ങൾബുധ- [ന്മാരേ
അറിഞ്ഞവണ്ണമിന്നെല്ലാംപറഞ്ഞെന്നാലിതിനി- [ന്നു
മറിഞ്ഞുപോകാതവണ്ണംഗുരുക്കന്മാർതുണയ്ക്കു- [ണം
താപസപ്രവരൻകൊട്ടുതൊരുശാപവാക്കു- [കൾകേട്ടടൻ
താപസകടകിന്നയാകിയതാപസപ്രിയവല്ലഭേ;
താപശാന്തിവരുത്തിനല്ലവരംലഭിപ്പതിനാള- [രാൽ
പാർവ്വതീപതിയെക്കുറിച്ചുതപസ്സുചെയ്തുതുടങ്ങി- [നാൻ

ധ്യാനവുംജപതർപ്പണങ്ങളാച്ചിനംചിലഹോമവും
ഗാനവുംചിലനൃത്തവുംപലകീർത്തനസ്തുതിഘോഷ- [വും
സ്നാനമൻപൊടുമൂന്നുസന്ധ്യകൾതോറുമേത്രയു- [മാസ്ഥയം
പാനഭോജനവുംവെടിഞ്ഞുമനസ്സുറപ്പുവരുത്തി- [നാൾ
ഭക്തിഭാവമുറച്ചുമന്ത്രജപംതുടങ്ങിമനോഹരി
ശങ്കരീപൂജവിധിച്ചവണ്ണമിരുന്നുകൊണ്ടുതുടങ്ങി- [നാൾ
ശക്തിവല്ലഭനായശങ്കരനാശുതുഷ്ടിവരുത്തു- [വാൻ
ശങ്കരീപൂജയൊഴിഞ്ഞുമറ്റൊരുസേവയില്ലറി- [കേവരും
ചെമ്പരത്തിചുവന്നതാമരചെത്തിയെന്നിവപു- [ഷ്പവും
സംഭരിച്ചുവരുത്തിമല്ല്യവുമാസ്ഥയാമധുമാംസവും
ഉമ്പരിൽപാനാകമെന്നുതെമ്പുരാൻപുരനാ- [ശനൻ
അമ്പിളിക്കലചൂടുമീശ്വരനിമ്പമൻപൊടുനൽ- [കുവോൻ
ജ്ഞതമുള്ളില്ലുറച്ചുതാപസിതാപസങ്ങഗതിതീ- [ങ്ങുവാൻ
അർദ്ധചന്ദ്രകലാകലാപനമദ്രിരാജകുമാരിയും

ശശിധരപൂജപരിഗ്രഹിച്ചരുളേണമെന്നുമനസ്സിലും
ശക്തിയുള്ളൊരുഭക്തിവന്നിതുസക്തിയുക്തിവി-
[മുക്തിയും
പരമശിവശിവശങ്കരാപരിതോഷിലശിവങ്ക-
[രാ
സങ്കടസംഘടിസ്ക്കാരയ് വരൻനിൻകടാക്ഷങ്ങളും-
[വാശ്യം
ഉരഗമണിഗണകുണ്ഡലാ! ചരണനതസുരമണ്ഡ-
[ലാ
കുണ്ഡലിമണ്ഡലിഭൂഷാഖണ്ഡിതാഖണ്ഡലാടോ-
[പം
ത്രിപുരദഹനസുതപ്താതകാസപാദിപരിഹൃതപാ-
[തകം
കാതരമാതുരമെന്നോജാതുഹേപാതുഹേശംഭോ
സകലകലനവിചക്ഷണാവികടവിഷയദ-
[ക്ഷണാ!
തൽക്ഷണംരക്ഷണംചെയ്യാനിക്ഷണംഭിക്ഷണം
(ശ്ശേൻ
ഇപ്രകാരംഭഗവാനസ്തുതിച്ചുവന്ദനംചെയ്തു
സുപ്രകാരംതപംചെയ്താളിന്ദ്രസേനാചിരകാലം
സുപ്രസാദംകലന്നാശുഭഗവാൻപാർവ്വതീകാ-
(ന്തൻ
തൽപ്രദേശത്തുവന്നങ്ങുസുപ്രകാശിച്ചരുൾചെയ്തു
അന്തമെന്യേപ്രസാദിച്ചേനിന്ദ്രസേനേനിന-
[ക്കിപ്പോൾ
എന്തുവേണ്ടു വരമെന്നു പറഞ്ഞാലുമടിക്കാതെ
അന്തരമില്ലപേക്ഷിച്ചാലാകവേഞാൻതരുന്നുണ്ടു
അന്തരംഗംപ്രസാദിച്ചാലന്തരായംനമുക്കില്ലാ
അന്തകാന്തകഭഗവാന്റെ അരുളപ്പാടതുകേട്ടു
ബന്ധുരാംഗിവഴിപോലെവന്ദനംചെയ്തുചൊല്ലിനാളി-
[പ്പോൾ
ചിന്തയിലുള്ളമോഹംഞാനരുണത്തിക്കാംജഗന്നാ-
[ഥാ
നിന്തിരുപ്പാദമല്ലാതെമറ്റെനിക്കുഗതിയില്ലാ
വല്ലഭൻവല്ലഭൻവേണംവല്ലഭൻവല്ലഭൻവേണം
വല്ലഭൻവേണമെന്നിത്ഥംചൊല്ലിനാൾവല്ലഭ-
[ത്തോടെ
പഞ്ചബാണാരിയുമപ്പോൾപുഞ്ചിരിപൂണ്ടരുൾ-
[ചെയ്തു
അഞ്ചുഭർത്താക്കളുണ്ടാകുംചഞ്ചലാക്ഷിനിനക്കി-
(പ്പോൾ
അഞ്ചുപേരുംപ്രസിദ്ധന്മാരഞ്ചിതാകാരശീല-
(ന്മാർ
പഞ്ചബാണോപമന്മാരാമഞ്ചുഭൂപാലരത്നങ്ങൾ
അഞ്ചുഭർത്താക്കളുണ്ടാവാൻവാഞ്ഛയില്ലെൻ-
[ഭഗവാനേ
വഞ്ചനമാസ്തരുംപോററീ! വരമല്ലതിനൊമായാൽ
നെഞ്ചിലിപ്പോളഭിലാഷംവല്ലഭത്താവൊരുത്തൻ-
[താൻ
നിഞ്ചരണംശരിപ്പാനുമതുമൂലംമഹാദേവ
ഒരുത്തിക്കുനാഥനായിട്ടൊരുത്തൻമാത്രമേനല്ലൂ
പരസ്ത്രീയല്ലടിയനെന്നറിഞ്ഞല്ലോചരിക്കുന്നു
മരിച്ചുവല്ലഭൻപുത്രൻജനിച്ചീലെന്നുവന്നാൽമ-
റെറാരുത്തൻപുത്രനുണ്ടാകാൻമാത്രമാമെന്നതേ
![യുള്ളൂ
ഒരുത്തിക്കുംവിധിയില്ലനാലുപേരഞ്ചുപേരൊത്തൻ
വരുത്തിട്ടുകുലസ്ത്രീക്കുകുലത്തിൽഭ്രഷ്ടുവന്നിടും
അതുകൊണ്ടിന്നടിയനെച്ചതിപ്പാൻതന്നെ
(നോക്കുന്നു
അതിയായകൃപയുള്ളഭവാന്മമെൻതമ്പുരാനേ
അതുകേട്ടുമന്ദഹാസംപൂണ്ടുദേവനരുൾചെയ്തു,—
മതിമുഖികലഹിച്ചുകഥിക്കൊല്ലാമഹാഭാഗേ!
നെഞ്ചിലുള്ളാഗ്രഹംകൊണ്ടുവല്ലഭൻവല്ലഭനെന്നു
അഞ്ചെട്ടുപ്പുംപറഞ്ഞുനീയിനിയോർത്താൽഫലമില്ല
അഞ്ചുഭർത്താക്കളുണ്ടാകുംനിനക്കെന്നുമുനിതാനും
കിഞ്ചനക്രോധേനനിന്നോടുരചെയ്തീലയോബാ-
പാത്രക്കാരരഞ്ചായാൽകുലസ്ത്രീകൾക്കടുക്കുന്ന(ലേ
പാതിവ്രത്യമില്ലാതയാംനിനക്കെന്നുഭയംവേണ്ടാ
പാതിവ്രത്യഭംഗവുംവരികയില്ലെടോബാലേ!
ജാതിശ്രേഷ്ഠതയ്ക്കൊട്ടുംകുറവുമുണ്ടാകയില്ലാ,
ആദിസംഭോഗമത്തിങ്കൽഐവർക്കുംനവോഢയാ-
(യ
മോദിപ്പാനവകാശംവരുമെന്റെവരംകൊണ്ടു
മേലിനീശവരന്മാരോടൊരുമിച്ചുരമിച്ചുടൻ
വേദാന്തജ്ഞരെപ്പോലെമോക്ഷവുംലഭിക്കുംനീ,
ഒന്നുചെയ്കവേണംനീഇന്നുനൈമിശാരണ്യ
തന്നിലുണ്ടൊരുയാഗംഎന്നുകേട്ടിതുഞാനും
ഇന്ദ്രനുംസുരന്മാരുംവന്നിട്ടുണ്ടവിടത്തിൽ
എന്നാൽനീയവിടത്തിൽചെന്നാലുംവിരവോടേ
മന്ദാകിനിയിൽചെന്നുനിന്നുകൊണ്ടതിയായി-
ട്ടിന്ദ്രന്റെമനക്കാമ്പെന്നിളക്കിമെല്ലവേയിങ്ങു
കൊണ്ടുപോരികനിന്നെക്കണ്ടാലിന്ദ്രനുമോഹ-
മുണ്ടാകുമറികനീവണ്ടാർപൂംകുഴലാളേ,
ചെണ്ടത്തംപിണയുന്നചെങ്ങാതിക്കൊരുപാതി
കണ്ടപെണ്ണിനെയെല്ലാംകാംക്ഷയുണ്ടൊരുപോ-
തണ്ടാർബാണവൈരിതന്നരുളപ്പാടതുകേട്ടു (ലേ
തണ്ടാരിൽമിഴിയാളുംതൊഴുതങ്ങുപുറപ്പെട്ടു
പെട്ടെന്നുനടന്നങ്ങുഗംഗാതീരവുംപുക്കു
മുട്ടോളംജലംതന്നിലിറങ്ങിനിന്നതുനേരം
മുട്ടാതെജലംതന്നിൽപതിക്കുംകണ്ണുനീരെല്ലാം
ചട്ടററകനകത്താമരപ്പൂവായ്ഭവിക്കുന്നു
ഇന്ദ്രനുമതുകണ്ടുവിസ്മയംപൂണ്ടടുക്കത്തു
ചെന്നുനിന്നങ്ങരുൾചെയ്താനിന്ദ്രസേനയോടേ-
[വം
ആരുനീയെടോബാലേചാരുലോചനേചൊൽക
ആരുടെകുമാരിനീപേരുമെന്തതുംചൊൽക,
വാരിയിൽവന്നുനിന്നുകരയുന്നതെന്തിനിപ്പോൾ
ആരെക്കാണ്മതിനിപ്പോളഭിലാഷംനിനക്കുള്ളിൽ
നേരുചൊൽകെടോനിങ്കൽപാരമുണ്ടനുരാഗം
വാരണനടയാളേവരികവാരിജനേത്രേ
ഈരേഴുലകിൽനിന്നെപ്പോലെസുന്ദരിയാകും
നാരിമാരെഞാൻകണ്ടില്ലെങ്ങുമെൻമൃഗലാംഗി

മാരന്റെ ശരമേററു പാരം സങ്കടം പോലേ
പാരാതെ പരമാർത്ഥം പറഞ്ഞെന്നെ സുഖിപ്പിക്ക
എന്നതു കേട്ടുരചെയ്താളിന്ദ്രസേനാ കനിവോടെ
എന്നുടെ വാർത്തകളെല്ലാം ഉരചെയ്യാം വഴിപോലെ
ഭാഗ്യവാനാം ഭവാനാരെന്നതും ചൊല്ലണമെ—
(ന്നാം
യോഗ്യമോർത്താലതുതന്നെ മുഖ്യമെന്നു വന്നു കൂട്ടം
ആഗ്രഹമെൻ മനക്കാമ്പിൽ ഏററമിപ്പോളുള്ളവാ—
(യ്‌നിൻ
വിഗ്രഹശ്രീവിശേഷങ്ങൾ കാൺകയാലെന്നറി—
(ഞ്ഞാലും
ഇന്ദ്രനപ്പോളതു ചെയ്തു കേട്ടുകൊൾക പരമാ—
(ർത്ഥം
ഇന്ദ്രനെന്നൊരുവനെക്കേട്ടറിയുന്നീലയോ നീ
ഇന്ദ്രനിന്ദ്രനെന്നു ലോകപ്രസിദ്ധൻ ഞാൻ മഹാ—
(വീരൻ
ചന്ദ്രബിംബാനനേ നമ്മെ ഗ്രഹിക്കാതെങ്ങുമില്ല.
ധാത്രിയിൽ ഞാൻ വരുവാനും കാരണമുണ്ടതും—
(ചൊല്ലാം
നേത്രരമ്യാംഗി ഗിയാം നിന്നോടെന്തിനു ഞാൻ മ—
(ശ്ശുന്നു?
മിത്രപുത്രൻ ധർമ്മരാജൻ തത്ര ചൊന്നു സമാ—
(രംഭി—
ച്ചൈത്രനാളുണ്ടവൻ ദീക്ഷിച്ചത്ര തന്നെ വസിക്കുന്നു
ധാത്രിവാസിജനങ്ങൾക്കു മരണവും നാസ്തിയായി
പാർത്തുകണ്ടാലെത്ര കഷ്ടം കാലനേതും കൂട്ടമില്ലാ
സത്രശാലയ്ക്കു പുക്കു യാഗവും ചെയ്തിരിക്കുന്നു
പത്തുനൂറായിരം വർഷമിപ്രകാരം ധർമ്മരാജൻ
വൃദ്ധന്മാരൊരു കൂട്ടം നിറഞ്ഞു ഭൂതലം തന്നിൽ
ചത്തുകൊൾവതിനേതും കഴിവില്ല കാലനില്ലാ
മുത്തച്ഛൻ മുതുക്കന്റെ മുത്തച്ഛനിരിക്കുന്നു
മുത്തച്ഛനവനുള്ള മുത്തച്ഛൻ മരിച്ചീലാ
അഞ്ഞൂറു വയസ്സുള്ളോരപ്പൂപ്പന്മാരുമിപ്പോൾ
കുഞ്ഞായിട്ടിരിക്കുന്നു അപ്പൂപ്പൻ അവർക്കുണ്ട്,
കുഞ്ഞിക്കുവകയില്ലാ വീടുകളിലൊരേടത്തും
കുഞ്ഞുങ്ങൾക്കിട്ടു പത്തുപറ അരികൊണ്ടു ചോറു
പത്തുനൂറുപറ വെച്ചാൽ മുതുക്കന്മാർക്കതുകൊണ്ട-
ങ്ങത്രമാത്രം രണ്ടുപറ വിളമ്പുമ്പോളെത്തുമെല്ലാം
പത്തുകോടിയും നമുണ്ടു പല്ലുപോയിട്ടൊരു വീട്ടിൽ
കുത്തിവച്ച പാവ പോലെ തിങ്ങിവിങ്ങിക്കിടക്കുന്നു
കണ്ണിലേപ്പോളകൾക്കു കൂടി നരച്ചുള്ള നരന്മാർക്ക-
ങ്ങെണ്ണമില്ലീവണ്ണമുള്ള പെണ്ണുങ്ങൾക്കുമില്ലെണ്ണം
കണ്ണുകാണാത്തവർ പിന്നെ കാതുകേളാത്തവർ—
(പിന്നെ
കണ്ണിനേക്കാൾ മിനുപ്പുള്ള കഷണ്ടിക്കാരേറെയുണ്ടു
അസ്ഥിയല്ലാതൊരു വസ്തു ശരീരത്തിലവർക്കില്ല
ദുഃസ്ഥിതിക്കും കുറവില്ലാ, നിഷ്ഠയ്ക്കും കുറവില്ല
പത്തുനാൾ ഭക്ഷിയാഞ്ഞാലും ചത്തുപോകയെന്നതു—
(മില്ല
ജനങ്ങൾക്കിടം പോരാഞ്ഞെത്ര ദുഃഖം മനുഷ്യ—
(ർക്കു

ഉന്നതത്തിൽ കിടക്കുന്നോരുരുണ്ടു പാറമേൽ വീഴും
ഭിന്നമാകുമതുനേരം മസ്തകം ഹസ്തവും കാലും
ഒന്നുരണ്ടല്ലൊരു ലക്ഷം മുതുക്കന്മാർ പതിക്കുന്നു.
ഒന്നുകൊണ്ടും പ്രാണനാശം വരുന്നീലിന്നൊരു—
(ത്തർക്കും
ഉള്ളത്തിൽ സങ്കടമോർത്താൽ നാട്ടുവാഴി പ്രഭുക്കൾക്കു'
കള്ളനെക്കൊല്ലുവാൻ മേലാ വെട്ടിയാൽ ചാക—
(യില്ലേതും
ഉള്ള വസ്തുക്കളെപ്പേരും കട്ടുതിന്മാനൊരു കൂട്ടം
തള്ളലോടെ നടക്കുന്നു തെല്ലു പേടിയവർക്കില്ല
രാജധാനിക്കകം പുക്കു രാജഭണ്ഡാരവും കട്ടു
വ്യാജമെന്ന്യേ പകൽ കൂടെ തസ്കരന്മാർ നടക്കുന്നു
രാജശിക്ഷ കുറഞ്ഞപ്പോൾ അമ്പലത്തിൽ പൂജമുട്ടി
പൂജ കൊണ്ടു പുറം മാറി തിരിച്ചയെമ്പിറാന്മാരും
മന്ത്രികൾക്കു തമ്പുരാനെപ്പേടിയില്ലതുണ്ണത്തോളം
മന്ത്രികളെ പ്രജകൾക്കും ശങ്കയില്ലാ മനക്കാമ്പിൽ
അന്തമില്ലാ ദുരാചാരം മുഴുത്തു ഭൂമിയിലെല്ലാം
അന്തകന്റെ യാഗമിപ്പോളനർത്ഥത്തിനൊക്ക—
അന്തണർക്കു യാഗമില്ല കർമ്മമില്ല ധർമ്മമില്ലാ' (മൂലം
ശാന്തി ചെയ്വാൻ ക്ഷേത്രമില്ല ശാന്തരായിട്ടാരുമില്ല
എന്തുപിന്നെ നിനക്കിന്നാഹ്ലം കൂതി കേൾക്കാത്ത—
(വണ്ണം
ജന്തുധർമ്മത്തിനും പിന്നെ വ്യവസ്ഥയില്ലെന്നായി—
(വന്നു
ഉത്തമസ്ത്രീകടെ പാതിവ്രത്യമെല്ലാമസ്തമിച്ചു
ഒത്തവണ്ണം പുരുഷന്മാർ സഞ്ചരിപ്പാനൊരുമ്പെട്ടു
ചത്തുപോമെന്നൊരു ഭീതി ദുർജ്ജനങ്ങൾക്കില്ല—
(യെന്നാ-
ലിത്തരം കൂട്ടുവാനാരും മടിക്കില്ലെന്നറിഞ്ഞാലും.
ഉടപ്പിറന്നും കൂടിപ്പിറന്നും കൊടുക്കുന്ന പുരുഷന്മാ-
രടുക്കാൻ സമ്മതിക്കാതായ് ചമഞ്ഞു വേശ്യമാരി—
(പ്പോൾ
കൊടുക്കുന്ന പുരുഷന്മാരടുക്കുമ്പോൾ മിടുക്കന്മാർ
കൊടുക്കും താഡനം പാരം കടുക്കുന്നു ദുരാചാരം
കലികാലത്തിലെക്കാളും കഷ്ടകാലമായി വന്നു
ഉലകിൽ കാലനില്ലാഞ്ഞു വലഞ്ഞു സർവ്വജന്തുക്കൾ
കലദോഷം വരുത്തുന്നോർ കുല ചെയ്താൽ മരിക്കാ—
(ഞ്ഞാൽ
കലഹാനി വരുമെന്നു കലനം ചെയ്ക നീ ബാലേ
പെററുപെററു വളരുന്ന ജീവജന്തുക്കൾക്കു പാ—
(ർത്താൽ
അററമില്ലാ പാരിടത്തിലൊരുമിക്കുമൊഴിവില്ല
മററു മാംസം ഭുജിക്കുന്ന ജനങ്ങൾക്കുമിതു കാലം
കൊററു പോലും നാസ്തിയായി മരിപ്പാനുമെളുതല്ല
മെച്ചമോടെ പുലി പന്നി സിംഹവും തങ്ങളിൽ ത—
(ന്നെ
പച്ചമാംസം കടിച്ചു ഭുജിക്കുന്നു സർവ്വകാലം;
കൊച്ചുമത്സ്യങ്ങളെപ്പേടെ വിഴുങ്ങും ഘോരമത്സ്യ—
(ങ്ങൾ
സ്വച്ഛമായ് മറെറാരു ചാരത്തുടെ ചോരമവ—
(യെല്ലാം

ദുഷ്ടജന്തുക്കളെക്കൊണ്ടു നിറഞ്ഞു ഭൂതലമെല്ലാം
ഒരു തുള്ളിമാത്രം പോലുമാരും കൊടുപ്പാനില്ലെന്നു-
(വന്നു
പട്ടിണിക്കു വഴിവിണ്ണ വഴിപോക്കരെക്കെത്ര കഷ്ടം
പട്ടണത്തിലെങ്ങുമിപ്പോൾ പണവും കാശുമില്ലാ-
(തായ്
ഊട്ടുതെണ്ടി നടന്നെഷ്ടികഴിക്കും ബ്രാഹ്മണനക്കി-
(പ്പോൾ
ഊട്ടിലെങ്ങും ചോറുകിട്ടാ പുരുഷാരത്തിൻെറ മൂലം
ആട്ടമാടി നടക്കുന്നോരാട്ടമെല്ലാമുപേക്ഷിച്ചു
കൂട്ടരെക്കൊപ്പിരിഞ്ഞോരോരോ കോട്ടിലയ്യിരിക്കുന്നു
പാട്ടുകാർക്കു വിശന്നിട്ടു സ്വരവും ബേദമായി
നാട്ടിലെങ്ങുമൊരു കാശു ലഭിപ്പാനും വകയില്ലാ
പാട്ടുകേട്ടാലാർക്കു സൌഖ്യം പട്ടിണിയായ് കിടക്ക-
(മ്പോ-
ഴ്ട്ടുകേട്ടാൽ തലപൊക്കമതുകേൾപ്പാനെങ്ങുമില്ല;
ചെട്ടനെന്നും തമ്പിയെന്നും തങ്ങളിലുള്ള രാഗം
ചേട്ടകൾക്കു നാസ്തിയായി കൂട്ടമേറിച്ചമകയാൽ
ചേട്ടനെന്നാലെന്നുണ്ടല്ലൻപു ളുംതുരുമഞ്ഞും
കൂട്ടമായിപ്പിലകൊൾവാനെന്തു ബന്ധം പാക്കമില്ല
നാട്ടുവാഴിക്കുമില്ലാകപ്പമില്ലാ ചുങ്കമില്ലാ
കാട്ടുവാഴിക്കിപ്പോൾ നല്ലവല്ലഭും തിന്നു പാർത്തിടാം
മോടിക്കൂട്ടി നടക്കുന്ന പുരുഷന്മാർ നാസ്തിയായി
തേടിവച്ചു പണം വിറ്റുതിന്നശേഷം വകയായി;
കാരിയക്കാരനായ് പണ്ടു കോലകത്തുമാളികമേൽ
നാരിയെ കൊണ്ടുപോയ് വച്ചു സുഖിച്ചു വാണവ-
(നിപ്പോൾ
ആരിയച്ചെട്ടിയെച്ചെന്നു കാൽ പിടിച്ചു കിടക്കുന്നു
കാരിയം രണ്ടു പറെറങ്ങാൻ കിടച്ചെങ്കിലതു ത-
(ന്നെ
പാരിലുള്ള വർത്തമാനം കഷ്ടമെന്നേ പറയാവൂ
നിരസങ്ങൾ വിസ്തരിച്ചിട്ടെന്തു കാര്യം നമുക്കി-
(പ്പോൾ
കവടിക്കാരനായുള്ള ഗണിതക്കാരനുമിപ്പോൾ
കപടങ്ങൾ പറഞ്ഞൊന്നും ഫലിപ്പിപ്പാൻ വകയില്ല
ഗണിതഗ്രന്ഥവും കെട്ടി തലയ്ക്കും വെച്ചൊരുങ്ങിക്കി-
(ടൽ
കണിശന്മാർ വിശന്നങ്ങു ശയിക്കുന്നു പലർ കൂടി
ഗുണദോഷം വിചാരിച്ചു പറഞ്ഞാലെങ്കിലുമാരു
പണം കിട്ടാൻ തടവില്ല പണ്ടതിപ്പോളുർദ്ധ്വപമാ-
ഗുണമെന്തു ദോഷമെന്തു മരണമില്ലൊരു നാളും (യി
ഗണിതം കൊണ്ടൊരു വസ്തു ഗ്രഹിപ്പാനില്ലെന്നു പ-
[ന്നു
ചികിത്സിപ്പാനെങ്ങുമാർക്കും രോഗമില്ലാ ശരീരത്തെ
രോഗമെല്ലാമന്തകൻെറ സചിവന്മാരവർ പി-
[ന്നെ
യോഗമങ്ങു ശ്രമിക്കുന്നു നടപ്പാൻ കല്പനയില്ല
യോഗഗ്രന്ഥവും നല്ലോരഷ്ടാംഗഹൃദയവും
ആകക്കൂടെ വേഷങ്ങു കെട്ടിവെച്ചു വൈദ്യരെല്ലാം
രോഗം കൊണ്ടുഴലുന്ന ജനത്തിൻെറ ഗൃഹത്തിൽ-
(ച്ചെ

ന്നാകുന്നും ഭുജിപ്പാനും കൊതിക്കേണ്ട വൈദ്യരു-
(ന്നം
ആസനവിലപാമിട്ടും ദുർഗന്ധമലകാമിയെണ്ണ കാച്ചി
വ്യസനം ചെയ്തൊരു കാശും കൈക്കലാക്കാനിനി-
(ക്കൂടാ
രസികച്ചാരെന്നഭാവം നടിച്ചു സഞ്ചിയുമായി-
ട്ടുസുരന്മാരെന്നപോലെ രോഗിവീട്ടിൽ ചെന്നു-
[കുടി
ഗുളികയും കഷായവും കൊടുത്തു ചാക്കടുക്കുമ്പോൾ
കളവുവല്ലതും ചൊല്ലിത്തിരിക്കും വൈദ്യനിക്കാലം
തര കെട്ടു തനിക്കു ഭക്ഷണത്തിന്നു വകയില്ലാ-
ഞ്ഞിരന്നുണ്ടു നടക്കുന്നു ചിലരുണ്ടാണെങ്ങുമില്ലാ;
"ഏലാചന്ദനശുണ്ഠ്യംബുപൽപ്പ രോഗശിരസാധിതം"
മനസ്സിലുണ്ടിവയെല്ലാം പ്രയോഗിപ്പാനെങ്ങുമില്ലാ
യമനും വൈദ്യനും തമ്മിൽ പ്രാണവിശ്വാസമെ-
(ന്നാലും
യമനെക്കൂടാതെ കൊൽവാൻ വൈദ്യനേകനെള്ളു-
(തല്ലാ
അനർത്ഥം മന്ത്രവാദികൾക്കും കാമക്കേസ്സും ഭവിക്കുന്നു
സമർത്ഥനെങ്ങുമേ ചെന്നാലൊരർത്ഥം കിട്ടുകയി-
(ല്ലാ
യക്ഷിപീഡ്യോകക്ഷിപീഡാ ദേവതാപീഡയും-
(ബ്രഹ്മര-
രാക്ഷസബ്രഹ്മഹത്യയില്ല കാലനില്ലാതുള്ള നാട്ടിൽ
സാക്ഷിയായിട്ടിവർക്കെല്ലാമീശ്വരാന്തകനല്ലോ
ദീക്ഷിതനായിരുന്നേരമിവയെല്ലാമടങ്ങിപ്പോയ്;
മനുഷ്യം തുള്ളുവാനുള്ള മനുഷ്യർക്കിതു കാലം
മനസ്സുമുട്ടതിയായിട്ടുകപ്പെട്ടു വിശപ്പോട്ടും
സഹിക്കാതെ വെളിച്ചപ്പാടൊളിച്ചു പാർശയിക്കുന്നു.
വഹിയാവാളെടുപ്പാനും തുള്ളലേതും ഫലിക്കാതാ-
(യ്
തിട്ടക്കങ്ങളിവ ചൊന്നാലൊടുക്കമില്ലെടോ-
(ബാലേ!
കിടക്കുന്നു പലക്കൂട്ടം പറവാനിന്നിയും മേലിൽ
മുടക്കങ്ങൾ പലതുണ്ടു നമുക്കു യോഗമില്ലാഞ്ഞി-
ട്ടൊടുക്കം ഞാൻ പുറപ്പെട്ടു പതമജന്മാവിനെക്കാ-
(ണ്മാൻ
അവസ്ഥകളറിയിച്ചിട്ടവൻെറ കല്പനപോലെ
അവിടത്തിലന്തകനെക്കാണ്മതിന്നാശു ഞാൻ പ-
[ന്നു
അന്തകൻെറ ശാസനത്താലനർത്ഥം നീങ്ങുവാനു-
(ള്ള
ബന്ധമിപ്പോളുള്ളവാക്കി മനുഷ്യത്തെയാത്രയാക്കിത്ത
നമ്മുടെ നാട്ടിനു പോവാൻ പുറപ്പെട്ടോരു നേര-
(ത്തു
പെൺമണി ബാലികേ നിന്നെക്കാണ്മതിന്നിങ്ങ-
(നേ ബന്ധം
ചൊല്ലെടോ നിന്നുടെ പേരും ഇല്ലെടോ നമ്മുടെ-
(മുമ്പിൽ
ഇല്ലെടോ! ധൈര്യവും കള്ളമല്ലെടോ കൈതുക്കം
(പേരേ

പല്ലവത്തെക്കാൾമൃദുതപൂണ്ടുള്ളനിന്മെയ്‌ അണ-
(ച്ചെന്നു
മെല്ലവേപുൽകുവാൻമോഹംപാരമെന്നാരിമാർ
(മൌലേ
കുറഞ്ഞൊന്നിങ്ങുപോന്നാലുംപറയാതെക്കവേ-
[ണ്ടാനും
കുറഞ്ഞൊന്നങ്ങിനിക്കുള്ളിൽനിറഞ്ഞുകൌതുകമേ
(വം
പറഞ്ഞുകൺമുനത്തെൽകൊണ്ടെറിഞ്ഞുകാംക്ഷി
[തമേതും
മറിഞ്ഞുപോകാതവണ്ണംഅറിഞ്ഞുഭാവവുംമെല്ലേ
പുറംമാറിപ്പുറംമാറിത്തിരിച്ചാളിന്ദ്രസേനതാൻ
പറഞ്ഞാലുംപറഞ്ഞാലുമെന്നുചൊല്ലിസഹസ്രാ-
(ക്ഷൻ
പറഞ്ഞിടാം!പറഞ്ഞിടാം!എന്നുനാളീകനേത്രാ-
(അം
പറഞ്ഞുംകൊണ്ടണർകോനെച്ചെണ്ടകൊട്ടിപ്പതി
(നായി
കുറഞ്ഞൊന്നല്ലെട്ടുപത്തുകാതമങ്ങുകൊണ്ടുപോ-
(യാൾ
അറിഞ്ഞീലത്തൊഴിലൊന്നുംകാമിയാംദേവരാ-
(ജാവും
അതുപൊഴുതുപുനരചലതനയയുമഖിലപു-
രിപുവൈരിയും
അതുലസുഖമൊട്ടുഹിമഗിരിയുടെനികടസീമ-
(നിമേവിനാർ
അതിരുസുന്ദരപുരുഷവേഷമുടൻവഹിച്ചുമഹേ-
(ശ്വരൻ
അതിരുചിതമൊരുവേശ്യകാമിനിയായ്ചമ-
(ഞ്ഞിതുഗൌരിയും
പകിടയുംപടവുംവരുത്തിനിരത്തിവെച്ചുകളിക്ക-
(യും
പകിടിവാക്കുപറഞ്ഞുകൊണ്ടുരസിക്കയുംപ്രഹ-
(സിക്കയും
പാക്കുവെററിലപൊട്ടുകൊണ്ടുപലങ്ങൾപാടിവ-
(സിക്കയും
ത്തുകപുകയിലതിന്നുതേനിവിയത്തുവിശറിയെടു-
(ക്കയും
രണ്ടുകാതുനിറച്ചുനല്ലകടുക്കനുംമണിമാലയും
രണ്ടുകൈകൾനിറച്ചുനന്മണികങ്കണംവലയങ്ങ-
(ളും
നല്ലമുണ്ടുവിളമ്പുകെട്ടിയെടുത്തുടുത്തരഞാണവും
നല്ലമോടിവരുത്തിചാർത്തിജുമുല്ലബാണവിനാശന
(ൻ
കാതിലാവിരൽമോതിരംമണിതാലിമാലപതക്ക
(വും
ജാതികേതകിമുല്ലമാലയുമിത്തരങ്ങളണിഞ്ഞുടൻ
ചൂതുപൊരുതുതുടങ്ങിനാളഥശൈലരാജകുമാരി-
(യും
ചൂതസായകവൈരിയുംപുനരതിനുതന്നെതു-
(ടങ്ങിനാൻ

പന്തിരണ്ടുകളിച്ചുനിന്നുടെചൂതുവെട്ടുവതിന്നു-
(ഞാൻ
ഹന്തതൊപ്പിനിനക്കകിട്ടുമതിന്നുസംശയമില്ല-
(ഹോ
എട്ടെറിഞ്ഞുടനിന്നുപെട്ടയെടുപ്പതിന്നുപറഞ്ഞ-
(വൾ
എട്ടുതന്നെയെറിഞ്ഞുപെട്ടയെടുപ്പതിന്നു-
(തുടങ്ങിനാൾ
മട്ടലർകണവൈരിയെന്നുകയർത്തുപോലതുള്ളിടി-
(നാൻ
കട്ടുമെന്നോടുക്രൂടുകില്ലതടുക്കെറിഞ്ഞുതുടങ്ങിയാൾ
എടുത്തുനീയുരുട്ടേണംമടുത്തുകാമമൊഴിയാളേ!
അടുക്കകൊണ്ടുകാട്ടുന്നമിടുക്കേതുംതരമല്ലാ
"കടുക്കംതൊല്പതിന്നായടുക്കബോധപോൻ-
(മണ്ടും
കടുകമിങ്ങനെയേററംശഠത"യെന്നുമാചൊ-
(ന്നാൾ
ഏവമോരോരസത്തോടെദേവനുംദേവിയുംക്രീഡാ
സാവധാനംചൂതുകൊണ്ടുവിനോദിച്ചുരസിക്കു-
[മ്പോൾ
ദേവരാജൻസമീപത്തുചെന്നുനോക്കികണ്ടനേ-
[രം
